# ഫിലോകാലിയ

## ( അദ്ധ്യാത്മപ്രേമം)

### വാല്യം 1

ഇ-ബുക്ക്: കുരിശുമല ആശ്രമം

www.malankaralibrary.com

# PHILOKALIA

**Volume One**

**Authors**

**Christian Spiritual Fathers**

**who lived in the Holymount Athos of Greece and in the desert of Egypt, from 3rd Century till 14th Century**

**Compiled by**

**St. Nikodimose of the Holy Mountain**
**and**
**St. Makarios of Corinth**

**E-Book Edited, Published & Distributed by**

**ROY International Childrens Foundation**

RIC
ROY INTERNATIONAL CHILDREN'S MISSION

From
Kurisumala Ashram
Vagamon.P.O , Kerala,
S. India. 685503.

October,2, 2017

www.malankaralibrary.com

| | |
|---|---|
| *എക്സിക്യൂട്ടീവ് എഡിറ്റർ:* | *Executive Editor:* |
| **ഡോ. ചെറിയാൻ ഈപ്പൻ** | **Dr. Cherian Eapen** |
| *വിവർത്തകർ:* | *Translators:* |
| ഗ്രീക്കിൽനിന്ന് ഇംഗ്ലീലേക്ക്: | Translation from Greek to English: |
| **വന്ദ്യ ബിഷപ്പ് ജി.ഇ.എച്ച്. പാൽമർ** | **H. G. Bishop G. E. H. Palmer** |
| **വന്ദ്യ ബിഷപ്പ് കാലിസ്തോസ് വേർ** | **H. G. Bishop Kalistos Ware** |
| **വന്ദ്യ ഫിലിപ്പ് ഷെറാർഡ്** | **Rev. Philip Sherrard** |
| ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക്: | Translators from English to Malayalam |
| **സ്വാമി സിദ്ധിനാഥാനന്ദ** | **Swami Sidhinadhananda** |
| **പ്രൊഫ. ഡോ. പ്രമീളാദേവി** | **Prof. Dr. Prameeladevi** |
| **ശ്രീ. എം. കുര്യൻ** | **Mr. M. Kurian** |
| **സന്ന്യാസിനി അൽഫോൻസാ** | **Sannyasini Alphonsa** |
| **സന്ന്യാസിനി സച്ചിദാനന്ദ** | **Sannyasini Sachidananda** |
| *എഡിറ്റർ/പ്രൂഫ്:* | *Editor/Proof:* |
| **ഫാ. സിറിയക് കണിച്ചായി** | **Fr. Syriac Kanichayi** |
| **ശ്രീ. ഏബ്രഹാം പാറേക്കുന്നേൽ** | **Mr. Abraham Parekkunnel** |
| **ശ്രീ. സുനിൽ സി. ജേക്കബ്** | **Mr. Sunil C. Jacob** |
| **ഉത്ഥാനാശ്രമത്തിലെ സന്ന്യാസിനികൾ** | **Nuns of Udhanashram** |
| *പ്രിന്റിംഗ്:* | *Printed in India:* |
| **ഇംപ്രഷൻസ്** | at **Impressions** |
| കോട്ടയം 686 001 | Kottayam 686 001 |
| *പ്രസാധകർ:* | *Published by:* |
| **ഡോ. ചെറിയാൻ ഈപ്പൻ** | **Dr. Cherian Eapen** |
| പ്രസിഡന്റ് | President |
| ആർ. ഐ. സി. ഫൗണ്ടേഷൻ | R. I. C. Foundation |
| 5-B, സെഞ്ചുറി ടവേഴ്സ് | 5-B, Century Towers |
| കോട്ടയം –686 001 | Kottayam - 686 001 |
| കേരള, ഇൻഡ്യ | Kerala, India |
| *വിതരണം:* | *Copy Right &Distribution:* |
| **ആർ. ഐ. സി. ഫൗണ്ടേഷൻ** | **R. I. C. Foundation** |
| *വില:* | *Price:* |
| **സൗജന്യവിതരണം** | **Free distribution** |

ISBN: 81-903089-0-4


www.malankaralibrary.com

# ഫിലോകാലിയ

വാല്യം ഒന്ന്

മൂലഗ്രന്ഥകാരന്മാർ

**3 – ാം നൂറ്റാണ്ടു മുതൽ 14 – ാം നൂറ്റാണ്ടുവരെ
ഗ്രീസിലെ വിശുദ്ധ ആഥോസ് മലകളിലും
ഈജിപ്ഷ്യൻ മണലാരണ്യത്തിലും ജീവിച്ചിരുന്ന
ക്രിസ്തീയ സന്യാസിവര്യന്മാർ**

സമാഹരണം

**വി. ആഥോസ് ഗിരിയിലെ വി. നിക്കോദിമോസും
കൊരിന്തിലെ വി. മക്കാറിയോസും**

എഡിറ്റിംഗും, പ്രസിദ്ധീകരണവും, വിതരണവും

RIC
ROY INTERNATIONAL CHILDREN'S MISSION

റോയി ഇന്റർനാഷണൽ ചിൽഡ്രൻസ് ഫൗണ്ടേഷൻ

www.malankaralibrary.com

ഗ്രീസിലെ ആഥോസ് പർവ്വതങ്ങളിലെ
സിമോണോസ് പെട്രോസ് മൊണാസ്റ്ററിയുടെ അന്തർഗുഹാ
ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന ഫിലോക്കാലിയയുടെ
മൂലകൃതിയുടെ (കൈയെഴുത്ത്) പുറംചട്ട. ഈ ചിത്രം എടുക്കുന്ന
തിന് അനുമതി കിട്ടിയ മുഹൂർത്തത്തിൽ, ഭാരതീയ ഭാഷയിലേ
ക്കുള്ള വിവർത്തനത്തിനും പ്രസിദ്ധീകരണത്തിനുമുള്ള
ആത്മീയാനുമതികൂടി ആർ. ഐ. സി. ഫൗണ്ടേഷനു നൽകപ്പെട്ടു.

The front cover of the original (hand written) Philokalia,
kept in the inner cave library of Simonos Petros Monastery in
Mount Athos, Greece. While this photography was taken
spiritual permission to translate into the Indian Languages
were also given to RIC Foundation.

www.malankaralibrary.com

# ΦΙΛΟΚΑΛΙΑ

## ΤΩΝ ΙΕΡΩΝ ΝΗΠΤΙΚΩΝ

ΣΥΝΕΡΑΝΙΣΘΕΙΣΑ

ΠΑΡΑ ΤΩΝ ΑΓΙΩΝ ΚΑΙ ΘΕΟΦΟΡΩΝ ΠΑΤΕΡΩΝ ΗΜΩΝ

ΕΝ Ἧ

Διὰ τῆς κατὰ τὴν πρᾶξιν καὶ θεωρίαν ἠθικῆς φιλοσοφίας ὁ νοῦς καθαίρεται φωτίζεται καὶ τελειοῦται

καὶ εἰς ἣν προσετέθησαν τὰ ἐκ τῆς ἐν Βενετίᾳ ἐκδόσεως ἐλλείποντα κεφάλαια τοῦ μακαρίου Πατριάρχου Καλλίστου

ΤΟΜΟΣ ΠΡΩΤΟΣ

ΕΚΔΟΤΙΚΟΣ ΟΙΚΟΣ «ΑΣΤΗΡ»

ΑΛ. & Ε. ΠΑΠΑΔΗΜΗΤΡΙΟΥ

ΕΝ ΑΘΗΝΑΙΣ ͵ΑϠΝΖ'

www.malankaralibrary.com

ഫിലോക്കാലിയ ആദ്യമായി പ്രസിദ്ധീകരിക്കുന്നതിന്, ഇറ്റലിയിലെ വെനീസിൽ, 1782-ൽ ജീവകാരുണ്യപ്രവർത്തന ത്തിലും ഏർപ്പെട്ടിരുന്ന ഒരു ബിസിനസ്സുകാരന് നൽകിയ ലൈസൻസ്.

(ഗ്രീസ് അന്ന് തുർക്കിയുടെ അടിമത്വത്തിലായിരുന്നു)

---

The license given to a businessman who was also involved in the philonthropic activities, in Venice, Italy, in 1782 to publish Philokalia for the first time.

(Greece was under siege by Turkey, at that time)

www.malankaralibrary.com

# ΦΙΛΟΚΑΛΙΑ

ΤΩΝ ΙΕΡΩΝ

## ΝΗΠΤΙΚΩΝ

ΣΥΝΕΡΑΝΙΣΘΕΙΣΑ

ΠΑΡΑ ΤΩΝ ΑΓΙΩΝ ΚΑΙ ΘΕΟΦΟΡΩΝ

## ΠΑΤΕΡΩΝ ΗΜΩΝ

ἘΝ Ἧ,

Διὰ τῆς κατὰ τὴν Πρᾶξιν καὶ Θεωρίαν Ἠθικῆς Φιλοσοφίας ὁ νοῦς καθαίρεται, φωτίζεται, καὶ τελειοῦται

ΕΠΙΜΕΛΕΙΑ ΜΕΝ ΟΤΙ ΠΛΕΙΣΤΗ ΔΙΟΡΘΩΘΕΙΣΑ·

ΝΥΝ ΔΕ ΠΡΩΤΟΝ ΤΥΠΟΙΣ ἘΚΔΟΘΕΙΣΑ

ΔΙΑ ΔΑΠΑΝΗΣ

ΤΟΥ ΤΙΜΙΩΤΑΤΟΥ, ΚΑΙ ΘΕΟΣΕΒΕΣΤΑΤΟΥ ΚΥΡΙΟΥ

ἸΩΑΝΝΟΥ ΜΑΥΡΟΓΟΡΔΑΤΟΥ

ΕΙΣ ΚΟΙΝΗΝ ΤΩΝ ΟΡΘΟΔΟΞΩΝ ὨΦΕΛΕΙΑΝ.

αψπβ. ἘΝΕΤΙΗΣΙΝ. 1782.

ΠΑΡΑ ἈΝΤΩΝΙΩ ΤΩ ΒΟΡΤΟΛΙ.

*CON LICENZA DE' SUPERIORI, E PRIVILEGIO.*

Τὸ ἐξώφυλλον τῆς Α΄ ἐκδόσεως.

www.malankaralibrary.com

## പ്രസാധകക്കുറിപ്പ്

റോയി ഇന്റർനാഷണൽ ചിൽഡ്രൻസ് ഫൗണ്ടേഷൻ ഏറ്റെടുത്ത ഏറ്റവും പ്രാധാന്യമർഹിക്കുന്നതും ബൃഹത്തും ബുദ്ധിമുട്ടേറിയതുമായ, ആത്മീയ ശുശ്രൂഷയാണ് ഫിലോക്കാലിയയുടെ പ്രസിദ്ധീകരണം. 'ഒരു സാധകന്റെ സഞ്ചാരം' എന്ന കൃതിയുടെ പ്രസിദ്ധീകരണത്തിലൂടെ ഞങ്ങൾക്കു ലഭിച്ച പ്രോത്സാഹനമാണ്, സാധകൻ സദാ നെഞ്ചോടു ചേർത്തുകൊണ്ടു നടന്ന ഫിലോകാലിയയുടെ അഞ്ചു വാല്യങ്ങളും മലയാളത്തിലേക്കും പിന്നീട് ഇതര ഇന്ത്യൻ ഭാഷകളിലേക്കും തർജ്ജമ ചെയ്തു പ്രസിദ്ധീകരിക്കുക എന്ന ബഹുവത്സരപദ്ധതിക്ക് ഞങ്ങളെ കർമ്മനിരതരാക്കുന്നത്.

1983-ൽ കുരിശുമല ആശ്രമത്തിൽനിന്നും ഫിലോകാലിയയുടെ പ്രസിദ്ധീകരണത്തിനൊരു സംരംഭം നടന്നു. അന്നു പ്രസിദ്ധീകരിച്ച പുസ്തകം, ഫിലോകാലിയയിലെ ഏതാനും ചില വിശുദ്ധന്മാരുടെ തിരഞ്ഞെടുത്ത പാഠങ്ങൾ മാത്രം ഉൾക്കൊള്ളിച്ച് 'അദ്ധ്യാത്മപ്രേമം' എന്ന പേരിലാണ് പുറത്തിറങ്ങിയത്. ആ കൃതിയുടെ പ്രസാധകനായ വന്ദ്യ ഫ്രാൻസിസ് ആചാര്യ തന്റെ പ്രസാധകക്കുറിപ്പിൽ ഇങ്ങനെ പറയുന്നു:

"അദ്ധ്യാത്മപ്രേമം യഥാർത്ഥത്തിൽ ഒരു സദ്വാർത്തയാണ്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ, വിശേഷിച്ചു കേരളത്തിൽ, വ്യത്യസ്ത മതവിഭാഗങ്ങൾ തമ്മിൽ ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്ന ഈ കാലത്തു 'ഫിലോകാലിയ' അഥവാ 'Love of the Good and Beautiful' എന്ന ഗ്രന്ഥത്തെക്കുറിച്ചു കേൾക്കുന്നതു സന്തോഷപ്രദമല്ലേ? ആദിമ നൂറ്റാണ്ടുകളിലെ ക്രൈസ്തവാദ്ധ്യാത്മികതയെപ്പറ്റി പ്രതിപാദിക്കുന്ന ഒരു വിശിഷ്ട ഗ്രന്ഥമാണിത്. വിവർത്തനം ചെയ്തതോ ഒരു പ്രമുഖ ഹിന്ദുസന്യാസിയും." (വന്ദ്യ ആചാര്യയുടെ പൂർണ്ണമായ പ്രസാധകക്കുറിപ്പ്, അനുബന്ധമായി ഈ വാല്യത്തിൽ, ഒടുവിലായി ചേർത്തിരിക്കുന്നു).

www.malankaralibrary.com

ഫിലോക്കാലിയയുടെ മൂലഭാഷ ഗ്രീക്കായിരുന്നു. അധിക നാളുകൾ കഴിയുന്നതിനു മുമ്പുതന്നെ അതു റഷ്യൻഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെട്ടു. റഷ്യൻ ഭാഷയിലുള്ള വിവർത്തനത്തിലൂടെയാണ് ഈ ഗ്രന്ഥത്തിന് ഈ നൂറ്റാണ്ടിൽ ലഭിച്ചിട്ടുള്ള അംഗീകാരം കൈവന്നത്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം മിക്ക പാശ്ചാത്യ ഭാഷകളിലേക്കും അതു ഭാഷാന്തരപ്പെടുത്തിയിട്ടുണ്ട്. ഫിലോക്കാലിയയിൽനിന്നു തെരഞ്ഞെടുത്ത ഭാഗങ്ങൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുകയും 'Writings from the Philokalia' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അതിന്റെ മലയാള വിവർത്തനമാണ് 'അദ്ധ്യാത്മപ്രേമം'.

ആദ്ധ്യാത്മിക ഔന്നത്യം പ്രാപിച്ച ക്രൈസ്തവ ആത്മീയ പിതാക്കന്മാരുടെ എഴുത്തുകളിലെ തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങളാണ് 'അദ്ധ്യാത്മപ്രേമ'ത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ അവതാരികയിൽ പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ പറയുന്നതുപോലെ, 'തിന്മ ഉപേക്ഷിച്ച് നന്മ ആർജ്ജിക്കുവാൻ മനുഷ്യന് എങ്ങനെ സാധിക്കുമെന്നുള്ളതായിരുന്നു പുരാതന ക്രൈസ്തവ പിതാക്കന്മാരുടെ ചിന്തയുടെ പ്രധാന ഘടകം'. അവരുടെ സൂക്തങ്ങൾ ശേഖരിച്ച് അവയുടെ പൊരുൾ ജനങ്ങൾ ധ്യാനിക്കുവാൻ തുടങ്ങി. അങ്ങനെയുള്ള സൂക്തങ്ങളുടെ ശേഖരം പിന്നീടു പ്രസിദ്ധപ്പെടുത്തി. ഈ ശ്രമങ്ങളുടെയെല്ലാം പരിണതഫലമാണ് ഫിലോക്കാലിയ.

ശ്രുതിഗ്രന്ഥങ്ങൾ എന്നു പറയാവുന്ന സുവിശേഷങ്ങൾക്ക് ഇന്ത്യയിൽ നല്ല പ്രചാരം ലഭിച്ചിട്ടുണ്ട്. എന്നാൽ സ്മൃതിഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താവുന്ന ഫിലോക്കാലിയപോലെയുള്ള ഗ്രന്ഥങ്ങൾക്ക് അത്ര പ്രചാരം ലഭിച്ചിട്ടില്ല. ഈ ഗ്രന്ഥം കത്തോലിക്കരുടെയോ ഓർത്തഡോക്സുകാരുടെയോ മാത്രം സ്വകാര്യ സ്വത്തായി കണക്കാക്കുവാൻ പാടില്ല. ഇതിലടങ്ങിയിരിക്കുന്നതു ക്രിസ്തീയ വിശുദ്ധന്മാരുടെ ജീവിതത്തിലൂടെ വെളിപ്പെട്ടിരിക്കുന്ന, ബൈബിളിനെ ആസ്പദമാക്കിയുള്ള, ഉൾക്കാഴ്ചതന്നെയാണ്.

'അദ്ധ്യാത്മപ്രേമം' വിവർത്തനം ചെയ്ത സ്വാമി സിദ്ധിനാഥാനന്ദജി, രാമകൃഷ്ണ മിഷനിലെ ഒരു പ്രമുഖ സന്ന്യാസിയായിരുന്നു. മതങ്ങൾ തമ്മിലുള്ള സംവാദത്തിന്റെ മേഖലയിലുള്ള ഈ അമൂല്യ സംഭാവനയ്ക്ക് ഇന്ത്യാക്കാർ, വിശേഷിച്ചും കേരളീയർ, സിദ്ധിനാഥാനന്ദജിയോടു കടപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

ക്രിസ്തീയ ആദ്ധ്യാത്മിക പാരമ്പര്യങ്ങളെ സംബന്ധിച്ചിട ത്തോളം അദ്ദേഹം ഒരു പുതുമുഖമല്ല. അദ്ദേഹം വിവർത്തനം ചെയ്ത 'ഒരു സാധകന്റെ സഞ്ചാരം' എന്ന ഗ്രന്ഥം 1969-ൽ പ്രസിദ്ധപ്പെടുത്തി. അന്നു മുതൽ അതിന്റെ ധാരാളം കോപ്പികൾ വിറ്റഴിഞ്ഞുകൊണ്ടിരി ക്കുന്നു. അദ്ധ്യാത്മപ്രേമത്തിന്റെ ഇംഗ്ലീഷ് മൂലഗ്രന്ഥം വായിച്ചപ്പോൾ ഉണ്ടായ പ്രേരണമൂലം ക്രിസ്തീയ സഹോദരരെ ആദ്ധ്യാത്മിക തയിലേക്ക് ഉണർത്തുന്നതിനുവേണ്ടി അദ്ദേഹം അതു കുറേശ്ശെയായി ദിവസംതോറും മനോഹരമായ സ്വന്തം ഭാഷയിൽ വിവർത്തനം ചെയ്തുവന്നു. ആ പരിശ്രമത്തിന്റെ ഫലമാണ് മലയാള വിവർത്തന മായ അദ്ധ്യാത്മപ്രേമം. ആദ്ധ്യാത്മികതയുടെ സഞ്ചിതനിധിയായ ഈ കൃതി വായിക്കുകയും ചിന്തിക്കുകയും ചെയ്യുന്നവർക്ക് അദ്ധ്യാത്മ ജീവിതത്തിന്റെ ഉയർന്ന പടികൾ ചവിട്ടിക്കയറുക എളുപ്പമാണെന്ന് കണ്ടെത്തുവാൻ സാധിക്കും. മാത്രമല്ല, കേരളത്തിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ഹൈന്ദവ-ക്രിസ്തീയ സൗഹാർദ്ദം വീണ്ടെടുക്കുന്ന തിനും കാത്തുസൂക്ഷിക്കുന്നതിനും ഉള്ള പ്രചോദനം ലഭിക്കുകയും ചെയ്യും. ആ സൗഹാർദ്ദം നമ്മുടെ ഇടയിൽ സജീവമാക്കുന്നതിന് ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം സഹായിക്കും എന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. സംഭാഷണത്തിലൂടെ സാധിക്കാവുന്ന മത സൗഹാർദ്ദത്തിന്റെ ഒരു സാക്ഷ്യം എന്നതിനു പുറമെ അനുദിന ജീവിതത്തിൽ പരസ്പരം സംശയദൃഷ്ടിയോടെ വീക്ഷിച്ചിരുന്ന ക്രിസ്തീയ സഭാവിഭാഗങ്ങൾ തമ്മിലുള്ള ഐക്യത്തിന്റെ ഒരു പ്രതീകംകൂടിയാണിത്.

വേദപുസ്തകപാരമ്പര്യത്തിൽ, 'ഒട്ടിച്ചുചേർക്കുന്ന പ്രക്രിയ' യോടാണ് (budding) രക്ഷയെ സാദൃശ്യപ്പെടുത്തിയിട്ടുള്ളത്. അത് ഒരു പുതിയ സൃഷ്ടിയാണ്. ഈ കാഴ്ചപ്പാടിൽനിന്നു നോക്കിയാൽ മനുഷ്യന്റെ ദൈവീകരണം അല്ലെങ്കിൽ എല്ലാ മതങ്ങളും ആവശ്യ പ്പെടുന്ന ആത്യന്തികപരിണാമമെന്നത് വ്യക്തികളോ സമൂഹങ്ങളോ ആകട്ടെ സകലരും നമുക്കു ലഭിച്ചിട്ടുള്ള സാഹചര്യങ്ങൾക്കു മീതെ ഉയരണമെന്നതാണ്."

ഫിലോകാലിയയിലെ (ആദ്ധ്യാത്മപ്രേമം) ഏതാനും ഭാഗത്തിന്റെ ആദ്യ വിവർത്തകൻ എന്ന നിലയിൽ, കുരിശുമലയിൽനിന്ന് പ്രസിദ്ധ പ്പെടുത്തിയ 'അദ്ധ്യാത്മപ്രേമം' എന്ന കൃതിക്ക് സിദ്ധിനാഥാനന്ദസ്വാമി വളരെ മനോഹരവും ഗഹനവുമായ ഒരു ആമുഖം എഴുതിയിട്ടുണ്ട്.

www.malankaralibrary.com

ഈ ആമുഖം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥ ത്തിൽ അദ്ദേഹത്തിന്റെ തർജ്ജമ ഫിലോക്കാലിയയുടെ 2, 3, 4, വാല്യ ങ്ങളിലെ ഏതാനും ഭാഗങ്ങളിൽനിന്നുള്ളതാണ്.

കിഴക്കൻ ക്രിസ്തീയ പാരമ്പര്യത്തിൽപെട്ട ആദ്ധ്യാത്മിക ഗുരുക്ക ന്മാർ നാലാം നൂറ്റാണ്ടിനും പതിനഞ്ചാം നൂറ്റാണ്ടിനും ഇടയ്ക്ക് ഒരായിരം വർഷം നീണ്ടുകിടക്കുന്ന കാലയളവിൽ വിവിധ കാലഘട്ട ങ്ങളിൽ എഴുതിയ പാഠങ്ങളുടെ സമാഹാരമാണ് ഫിലോകാലിയ. പതിനെട്ടാം നൂറ്റാണ്ടിൽ രണ്ടു ഗ്രീക്ക് സന്യാസിമാർ അവ സമാഹരിച്ചു - വിശുദ്ധ ആഥോസ് പർവ്വതത്തിലെ വിശുദ്ധ നിക്കോദീമോസും (1749–1809) കൊരിന്തിലെ വിശുദ്ധ മക്കാറിയോസും (1731–1805) ആണ് അവർ. 1782-ൽ വെനീസിൽ ഇത് ആദ്യമായി പ്രസിദ്ധീകരിച്ചു. രണ്ടാമ തൊരു പതിപ്പ് ആതൻസിൽ 1893-ൽ പ്രസിദ്ധീകരിച്ചു. ആദ്യത്തെ പതിപ്പിൽ ഇല്ലാതിരുന്നതും കലിസ്റ്റോസ് പാത്രിയർക്കീസ് രചിച്ചതു മായ പ്രാർത്ഥനയെപ്പറ്റിയുള്ള ചില പാഠങ്ങൾ ഇതിൽ ഉൾപ്പെടുത്തി യിരിക്കുന്നു. മൂന്നാമതൊരു പതിപ്പ്, അഞ്ചു വാല്യങ്ങളിൽ 1957-നും 1963-നും ഇടയ്ക്ക് ആസ്റ്റിർ പബ്ലീഷിങ് കമ്പനി ആതൻസിൽ പ്രസിദ്ധീ കരിച്ചു. ഇംഗ്ലീഷിലുള്ള ഈ ആസ്റ്റിർ പതിപ്പിനെ ആധാരമാക്കിയാണ് ഞങ്ങൾ ഈ പുസ്തകം മലയാളഭാഷയിലേക്ക് തർജ്ജമ ചെയ്തിരി ക്കുന്നത്. ഇതുപോലെ, അഞ്ചു വാല്യങ്ങളിലായി പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്ന നമ്മുടെ തർജ്ജമയിൽ മൂന്നു ഗ്രീക്ക് പതിപ്പുകളിൽ പുറത്തുവന്നിട്ടുള്ള എല്ലാ പാഠങ്ങളും ഉൾക്കൊള്ളും.

രണ്ടു പാഠങ്ങളൊഴിച്ച് ഫിലോകാലിയയിലെ മറ്റെല്ലാ പാഠങ്ങളും ഗ്രീക്കിലാണ് എഴുതപ്പെട്ടത് (ആ രണ്ടെണ്ണം ലാറ്റിൻ ഭാഷയിൽ എഴുത പ്പെട്ടതാണ്). അവ ബൈസന്റൈൻ കാലഘട്ടത്തിൽ ഗ്രീക്കിലേക്കു തർജ്ജമ ചെയ്യപ്പെട്ടു. ആ ജോലിയുടെ സ്വാധീനം ഗ്രീക്ക് സംസാരി ക്കുന്ന ലോകത്തിൽ മാത്രമായി ഒതുങ്ങിനിന്നില്ല. ആഥോസ് സന്ദർശി ക്കുകയും പിൽക്കാലത്ത് മൊൾദാവിയയിൽ താമസമുറപ്പിക്കുകയും ചെയ്ത റഷ്യൻ സന്ന്യാസിയായ പൈസി വെലിച്ച്കോവ്സ്കി (1722–1794)യാണ് ചില പ്രത്യേക ഭാഗങ്ങൾ തെരഞ്ഞെടുത്തു സ്ലാവോ ണിക് ഭാഷയിലേക്കു തർജ്ജമചെയ്ത്, 1793-ൽ മോസ്കോയിൽവച്ച് 'ദോബ്രത്തലുബിയേ' എന്ന പേരിൽ പ്രസിദ്ധീകരിച്ചത്. ആ ഗ്രന്ഥം 1822-ൽ പുനർപ്രസിദ്ധീകരിച്ചു. 'ഒരു സാധകന്റെ സഞ്ചാരം' എന്ന

www.malankaralibrary.com

ഗ്രന്ഥത്തിലെ സാധകൻ കൊണ്ടുനടന്ന ഗ്രന്ഥമാണ് ഈ ഫിലോ കാലിയ. റഷ്യൻ ആദ്ധ്യാത്മികതയിന്മേലും 19-ാം നൂറ്റാണ്ടിലെ റഷ്യൻ സംസ്കാരത്തിന്മേലും ഫിലോകാലിയ ചെലുത്തിയ സ്വാധീനം മഹത്തരമാണ്. പ്രശസ്ത എഴുത്തുകാരനായ ദോസ്തോയേവ്സ്കി യെപ്പോലെ ജാഗ്രതയോടുകൂടിയ ഒരു വായനക്കാരൻ മാത്രം മതി ഇതിനു വേണ്ടത്ര തെളിവു നല്കാൻ. ഇഗ്നാത്തി ബ്രയാൻജാനിനോവ് (1807-1867) ഈ ഗ്രന്ഥം റഷ്യൻ ഭാഷയിലേക്കു തർജ്ജമ ചെയ്തു; 1857-ൽ പ്രസിദ്ധീകരിച്ചു. ഇനിയും മറ്റൊരു റഷ്യൻ തർജ്ജമ 'ദോബ്ര ത്തലുബിയേ' എന്ന ശീർഷകത്തിൽതന്നെ സന്ന്യാസിയായ വന്ദ്യ ബിഷപ്പ് തിയോഫാൻ റിക്ലൂസ് (1815-1894) പ്രസിദ്ധീകരിച്ചു. ആദ്യത്തെ ഗ്രീക്ക് പതിപ്പിൽ ഉൾപ്പെടുത്താത്തതും ചില ഗ്രീക്കു പതിപ്പു കളിൽനിന്നു മനഃപൂർവ്വം വിട്ടുകളഞ്ഞതോ, പരാവർത്തനം ചെയ്യാ ത്തതോ ആയ ചില ഭാഗങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബിഷപ്പ് തിയോഫാന്റെ തർജ്ജമ അഞ്ചു വാല്യങ്ങളിലായി മോസ്കോയിൽ 1877-ൽ പ്രസിദ്ധീകരിച്ചു. മൗണ്ട് ആതോസിലെ സെന്റ് പാന്റലി മോണോസ്സ് എന്ന റഷ്യൻ മൊണാസ്ട്രിയാണ് ഇതിന്റെ ചെലവു വഹിച്ചത്. ആ പരമ്പരയിലെ ആദ്യത്തെ വാല്യം 1877-ൽ പുറത്തുവന്നു.

വന്ദ്യ ബിഷപ്പ് തെയോഫാൻ, ബൃഹത്തായ രണ്ടു രൂപതകളുടെ മെത്രാപ്പോലീത്താ സ്ഥാനവും, സെന്റ് പീറ്റേഴ്സ് ബർഗിലെ തിയോള ജിക്കൽ അക്കാദമിയുടെയും, തിയോളജിക്കൽ സെമിനാരിയുടെയും റെക്ടർ സ്ഥാനങ്ങളും ഉപേക്ഷിച്ച് 27 സംവത്സരം വീഷെ എന്ന സ്ഥലത്തെ മൊണാസ്റ്ററിയിലെ അദ്ദേഹത്തിന്റെതന്നെ സ്വന്തം കൈകൊണ്ടുകൂടി നിർമ്മിച്ച കേലിയോടു (സെൽ) ചേർന്ന ഒരു അൾത്താരയുമായി ഏകാന്തത പാലിച്ച് ആയിരം ദൈവശാസ്ത്ര കൃതികൾ പൂർത്തിയാക്കി. അതിനാലാണ് അദ്ദേഹത്തെ തെയോ ഫാൻ റിക്ലൂസ് എന്ന് വിളിക്കുന്നത്. അതിലൊന്നാണ് ഫിലോക്കാ ലിയയുടെ അഞ്ചു വാല്യമുള്ള തർജ്ജമ. റഷ്യൻ ഭാഷയിലെ അദ്ദേഹ ത്തിന്റെ തർജ്ജമ 1877-ൽ പ്രസിദ്ധീകരിച്ചു, പിന്നീട് 1883, 1885, 1905, 1913 എന്നീ വർഷങ്ങളിൽ അത് പുനഃപ്രസിദ്ധീകരിക്കപ്പെട്ടു. ജോർജൻവില്ലയിലെ (ന്യൂയോർക്ക്) ഹോളി ട്രിനിറ്റി മോണാസ്ട്രി 1883-ലെ പതിപ്പിന്റെ ഒരു ഫോട്ടോഗ്രാഫിക് റീപ്രിന്റ് ആരംഭിച്ചു. കൂടുതൽ ഭാഗങ്ങൾ ഉൾപ്പെടുത്തി ഒരു റുമേനിയൻ തർജ്ജമ ഫാദർ

www.malankaralibrary.com

ഡ്മിട്രി സ്റ്റാനിലോവെയുടെ എഡിറ്റർഷിപ്പിൽ 1946-ൽ പ്രസിദ്ധപ്പെടുത്തി. 1976-ൽ ഈ എഡിഷന്റെ അഞ്ചാമത്തെ വാല്യം പുറത്തിറങ്ങി. എട്ടു വാല്യങ്ങളിലായി അതു പൂർത്തിയാക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പൂർണ്ണമായ ഒരു ഫ്രഞ്ചുവിവർത്തനവും പുരോഗമിക്കുന്നു. റുമേനിയൻ തർജ്ജമയും ഫ്രഞ്ചു തർജ്ജമയും ഗ്രീക്ക് മൂലകൃതിയെ ആശ്രയിച്ചു ചെയ്തതാണ്. ബൈലോ റഷ്യൻ ഭാഷയിൽ മിൻസ്ക്കിൽ നിന്നും നാലു വാല്യം 2003-ൽ പ്രസിദ്ധീകരിച്ചു. 2005-ൽ നാലു വാല്യം ഇറ്റാലിയൻ ഭാഷയിലും പ്രസിദ്ധീകരിക്കപ്പെട്ടു.

ഫിലോകാലിയ ആദ്യമായി ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തത് ഇ. കാഡ്ലുബോവ്സ്കിയും ജി. ഇ. എച്ച്. പാൽമറുമാണ് - രണ്ടു വാല്യങ്ങളിലായി, "Writings from the Philokalia on Prayer of the Heart" and "Early Fathers from the Philokalia" എന്ന ശീർഷകത്തിൽ 1951-ലും 1954-ലുമായിട്ടാണ് ഇവ പ്രസിദ്ധീകരിച്ചത്. ഈ വിവർത്തനം ഗ്രീക്ക് മൂലഭാഷയിൽനിന്നായിരുന്നില്ല, ബിഷപ്പ് തിയോഫാൻ റിക്ലൂസിന്റെ റഷ്യൻ തർജ്ജമയിൽനിന്നാണ്. പൂർണമായ ഒരു ഇംഗ്ലീഷ് പരിഭാഷ നടത്തുന്നതിനായി G.E.H. പാൽമർ, ഫിലിപ്പ് ഷെറാർഡ്, കലിസ്തോസ് വെർ എന്നീ ഗ്രീക്ക് വേദശാസ്ത്രജ്ഞന്മാർ 1977 മുതൽ നടത്തിയ ശ്രമഫലമായി നാലു വാല്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. ഇന്ന് ബിഷപ്പ് കലിസ്തോസ് വെർ മാത്രമേ ജീവിച്ചിരിപ്പുള്ളൂ. അവരുടെ അഞ്ചാമത്തെ വാല്യം പുറത്തിറക്കാനായി അദ്ദേഹത്തോടൊപ്പം നാം സഹകരിക്കുന്നു. നമ്മുടെ മലയാള വിവർത്തനത്തോടൊപ്പം ഇംഗ്ലീഷ് പരിഭാഷയും ഉൾപ്പെടുത്താൻ അദ്ദേഹവും നമ്മെ സഹായിക്കുന്നുണ്ട്. ഉടൻതന്നെ മാനുസ്ക്രിപ്റ്റ് പൂർത്തിയാകുമെന്നു പറയുന്നു. ദൈവാനുഗ്രഹത്താൽ മലയാളത്തിലുള്ള നമ്മുടെ അഞ്ചു വാല്യങ്ങളും 2009 മാർച്ചിൽ പ്രസിദ്ധീകരിക്കപ്പെട്ടു.

ഇനി, സെന്റ് നിക്കോദീമോസും സെന്റ് മക്കാറിയോസും പാഠങ്ങൾ തെരഞ്ഞെടുക്കുന്നതിലും അവ സമാഹരിക്കുന്നതിലും ആദ്യതീരുമാനമെടുത്തതെങ്ങനെയാണെന്ന് നമുക്കു പരിശോധിക്കാം. ഫിലോകാലിയ എന്നു പറഞ്ഞാൽതന്നെ സുന്ദരവും ഉൽകൃഷ്ടവും അതിവിശിഷ്ടവുമായതിനെ സ്നേഹിക്കുകയെന്നാണ്. ജീവന്റെ അതീന്ദ്രിയപ്രഭാവവും സത്യത്തിന്റെ വെളിപാടുമായി അത് കണക്കാക്കപ്പെടുമ്പോൾ, പ്രത്യേകിച്ച് ഇത്തരത്തിലുള്ള സ്നേഹത്തിലൂടെ

www.malankaralibrary.com

-ആദ്യപതിപ്പിന്റെ ഉപശീർഷകം പറയുമ്പോലെ- 'ബുദ്ധിശക്തി പരിപാവനമാക്കപ്പെടുന്നു, പ്രകാശപൂരിതമാകുന്നു, പരിപൂർണ്ണത കൈവരിക്കുന്നു'. അങ്ങനെ പവിത്രീകരണവും പ്രകാശമാനമാക്കലും പരിപൂർത്തിയാക്കലും ലക്ഷ്യമാക്കിയാണ് അവർ പാഠങ്ങൾ തെര ഞ്ഞെടുത്തിട്ടുള്ളത്. ഏകാഗ്രതയും അന്തർബോധവും ഉണർത്തു കയും വികസിപ്പിക്കുകയും ചെയ്യുന്നതിനും പരിപാവനതയുടെ മുദ്രയായ ജാഗ്രത പ്രാപിക്കുന്നതിനുമുള്ള മാർഗ്ഗം അവ കാണിക്കുന്നു. കലകളുടെ കലയെന്നും ശാസ്ത്രങ്ങളുടെ ശാസ്ത്രമെന്നും ഗ്രന്ഥ കാരന്മാർ വിളിക്കുന്ന വിജ്ഞാനശാഖകൾ പഠിക്കാൻ ഏറ്റവും ഫല പ്രദമായ വ്യവസ്ഥകളാണവ വിശദീകരിക്കുന്നത്. ഈ പഠനമെന്നത് കേവലം വിശദീകരണമോ മനസ്സിന്റെ ചടുലതയോ അല്ല മറിച്ച്, മനുഷ്യന്റെ മുമ്പിൽ തുറക്കപ്പെട്ടിട്ടുള്ള ഏറ്റവും ഉന്നതമായ സാദ്ധ്യത കളിലേക്ക് അവനെ നയിക്കുകയും അവന്റെ അസ്ഥിത്വത്തിന്റെ അദൃശ്യഭാവങ്ങളെ രൂപപ്പെടുത്തുകയും പരിപോഷിപ്പിക്കുകയും ആത്മീയ പരിപൂർണ്ണതയിലേക്ക് ദൈവൈക്യത്തിലേക്കും ആനയി ക്കുകയും ചെയ്യുന്ന ഹൃദയത്തിന്റെയും ഇച്ഛാശക്തിയുടെയും മൗലിക പരിവർത്തനമാണത്.

ഫിലോകാലിയ ഒരു യാത്രാവിവരണമാണ്. സമയത്തിന്റെ ഒരു ദുർഘടമാർഗം! ഉള്ളിൽ പ്രവേശിച്ചാൽ വെളിയിൽ വരാൻ അനുവദി ക്കാതെ ചുറ്റിക്കുന്ന കുഴഞ്ഞ അവസ്ഥ. ജീവിതത്തിന്റെ, പ്രത്യേകിച്ച് ആധുനിക ജീവിതത്തിന്റെ, അർത്ഥശൂന്യതയിലൂടെയും മണലാരണ്യ ത്തിലൂടെയും നീണ്ടുകിടക്കുന്ന സ്നേഹത്തിന്റെയും ജ്ഞാനത്തി ന്റെയും നിശ്ശബ്ദമായ വഴിത്താര. ചൈതന്യപൂർണവും മങ്ങാത്തതു മായ ഒരു സാന്നിദ്ധ്യം. അതൊരു സജീവശക്തിയാണ് – ഒരു ആദ്ധ്യാ ത്മിക പാത വെളിപ്പെടുത്തി, അതു പിന്തുടരുന്നതിനു മനുഷ്യനെ ഉത്തേജിപ്പിക്കുന്ന ശക്തിവിശേഷം. തന്റെ വിദ്യാവിഹീനത തരണം ചെയ്ത് ഉള്ളിലെ ജ്ഞാനം അനാച്ഛാദനം ചെയ്യാനുള്ള ഒരു ആഹ്വാനം, വ്യാമോഹം (മിഥ്യാബോധം) ഇല്ലായ്മ ചെയ്യാനുള്ള വിളി. എല്ലാ കാര്യങ്ങളും പഠിപ്പിക്കുകയും ഓർമ്മയിൽ കൊണ്ടുവരുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ കൃപ സ്വീകരിക്കാൻ അതു നമ്മെ ക്ഷണിക്കുന്നു.

അപ്പോൾ, ഫിലോകാലിയയിലെ പാഠങ്ങൾ ധ്യാനാത്മക ജീവിത ത്തിനുള്ള മാർഗ്ഗനിർദ്ദേശകരേഖകൾകൂടിയാണ്. വിശുദ്ധ നിക്കോദി മോസ് ആമുഖത്തിൽ പറയുന്നതുപോലെ 'അവ ആന്തരിക പ്രാർത്ഥ

www.malankaralibrary.com

നയുടെ ഒരു മിസ്റ്റിക്കൽ വിദ്യാലയമായി വർത്തിക്കുന്നു. അവിടെ പഠിക്കുന്നവർ, മാമോദീസായുടെ സമയത്തു ഹൃദയങ്ങളിൽ ബീജാവാപം ചെയ്തുകിട്ടിയ, ദൈവികമായ വിത്ത് വളർത്തി വികസിപ്പിക്കുകയും അങ്ങനെ ആത്മാവിൽ വളർന്ന് ദൈവമക്കളായിത്തീരുകയും ചെയ്യുന്നു' (യോഹ 1:12). ഇങ്ങനെയുള്ള ദൈവീകരണത്തിലൂടെ അവർ ദൈവപുത്രനെക്കുറിച്ചുള്ള അറിവ് സമ്പാദിച്ച് ക്രിസ്തുവിന്റെ പരിപൂർണതയിൽ (എഫേ 4:13) എത്തി പക്വതയാർജ്ജിക്കുന്നു. ഇവിടെ ശ്രദ്ധേയമായ ഊന്നൽ കൊടുത്തിട്ടുള്ളത് ആന്തരിക പ്രവർത്തനത്തിന്, അതായത് ചഷകങ്ങളുടെയും തളികകളുടെയും പുറംകൂടി വൃത്തിയാകുന്നതിനുവേണ്ടി ആദ്യം നടത്തുന്ന അവയുടെ ഉൾഭാഗത്തിന്റെ ശുദ്ധീകരണത്തിനാണ് (മത്താ 23:26). ബാഹ്യമായ ജോലിയെന്നു നാം വിളിക്കുന്ന, കല്പനകളുടെ പാലനവും ധാർമ്മിക ജീവിതചര്യകളും അപ്രധാനമെന്ന് ഇവിടെ വിവക്ഷയില്ല. നേരെമറിച്ച് ഇത്തരം പ്രവർത്തനങ്ങൾ, പവിത്രീകരണത്തിന്റെ ഒരു മുൻ ഉപാധിയാണ്. ഇവ കൂടാതെ ആന്തരിക യത്നങ്ങളിൽ യഥാർത്ഥ പുരോഗതി നേടുക സാദ്ധ്യമല്ല. ആന്തരികപ്രവർത്തനവും ബാഹ്യപ്രവർത്തനവും പരിപൂരകമായി വർത്തിക്കുന്നു. ഒരു പരാജയമോ അപചയമോ പ്രകടമാകുന്നത് ബാഹ്യപ്രവർത്തനം അതിൽത്തന്നെ ഒരു ലക്ഷ്യമായി ഉന്നംവയ്ക്കുകയോ, വാസ്തവത്തിൽ ആവശ്യമായ ഒരു സംഗതി -ബുദ്ധിയെയും പവിത്രമായ പ്രാർത്ഥനയെയും കാക്കുന്ന ആന്തരിക പരിശീലനം- അവഗണിക്കുകയോ ചെയ്യുമ്പോഴാണ്. ഇത്തരം അവഗണന അതിസാധാരണമാണെന്ന് വിശുദ്ധ നിക്കോദിമോസ് തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. ജീവിതം മുഴുവൻ ബാഹ്യപ്രവർത്തനങ്ങളിൽ വൃഥാ ചെലവഴിച്ച് തങ്ങളിലുള്ള കൃപ കുറച്ചുകളയുന്ന അനേകം പേരുണ്ട്. അതിന്റെ ഫലമായി, ഫിലോക്കാലിയ നമുക്കായി ആലേഖനം ചെയ്തിട്ടുള്ള ആത്മീയപാതയുടെ ലക്ഷ്യങ്ങളായ ബോധസത്തയുടെ പ്രകാശീകരണവും ഹൃദയത്തിന്റെ പവിത്രതയും ആർജ്ജിക്കാൻ അവർക്ക് കഴിയാതെ പോകുന്നു.

ഈ പാതയിലൂടെ യാത്ര ചെയ്താൽ ആർജ്ജിക്കാവുന്ന ഔന്നത്യമേറിയ ഒരവസ്ഥയ്ക്കു 'ഹെസിക്യ' (Hesychia) എന്നാണു പറയുക. പ്രശാന്തതയുടെയും നിശ്ചലതയുടെയും ഒരു ബോധം മാത്രമല്ല ഈ പദംകൊണ്ട് അർത്ഥമാക്കുന്നത്. ആ പദത്തിന്റെ ഗ്രീക്ക് മൂലരൂപത്തിലൂടെ ഉപവിഷ്ടമായ, ഉറപ്പിച്ച, ആ വിധത്തിൽ ഏകാഗ്രമാക്കിയ എന്ന

www.malankaralibrary.com

അർത്ഥകല്പനകൂടി അതിന് കൈവരുന്നു. അതുകൊണ്ടാണ് ഈ പദത്തിൽനിന്ന് 'ഹെസിക്കാസം' എന്ന പദം ഉണ്ടായി വന്നത്. സമുചിതമായി, പാതയെത്തന്നെ രൂപവല്ക്കരിക്കുന്ന, തത്വത്തിന്റെയും പ്രയോഗത്തിന്റെയും സമസ്തമേഖലയ്ക്കും ഉപയുക്തമായ - എന്ന അർത്ഥംകൂടി ഹെസിക്കാസത്തിനു ലഭിച്ചിട്ടുണ്ട്. ഇവിടെ ഒരു മുൻകരുതലോ താക്കീതോ ആവശ്യമായി വരാം. ചില ആധുനിക ചരിത്രകാരന്മാർ 'ഹെസിക്കാസം' പില്ക്കാല ബൈസന്റൈൻ ലോകത്തിന്റെ ഒരു പ്രതിഭാസമാണെന്ന രീതിയിൽ ലഘൂകരിച്ചു കാണാനും ആ ആരാധന ക്രമത്തിൽപെട്ടതാണെന്ന് കാണിക്കാനും ശ്രമിക്കാറുണ്ട്. മൗണ്ട് ആഥോസിൽനിന്നു പതിമൂന്നും പതിനാലും നൂറ്റാണ്ടുകളിൽ സമീപരാജ്യങ്ങളായ ബൾഗേറിയ, സെർബിയ, റഷ്യ എന്നിവയിലേക്കു പ്രചരിച്ച ആദ്ധ്യാത്മിക നവോത്ഥാനത്തെയാണവർ ഉദ്ദേശിക്കുന്നത്. എന്നാൽ 'ഹെസിക്കാസം' ഒരു തദ്ദേശീയ ചരിത്രപ്രസ്ഥാനത്തെക്കാൾ വളരെ വിപുലമാണ്. പുരാതന കാലത്തിന്റെ മുഴുവൻ ആദ്ധ്യാത്മിക പാരമ്പര്യം ഉൾക്കൊള്ളുന്നതും ഫിലോകാലിയയിൽ പരാമർശിച്ചിട്ടുള്ളതുമാണത്. തെളിവു വേണമെന്നുണ്ടെങ്കിൽ, ഹെസിക്കാസത്തിനു രൂപഭാവങ്ങൾ കൊടുത്ത കലാ, ശാസ്ത്ര കേന്ദ്രരൂപങ്ങളിൽ അതു കാണാം. 'യേശുപ്രാർത്ഥന' നമ്മുടെ ആദ്ധ്യാത്മിക വിന്യാസങ്ങൾ മിക്കതിനും ഉൾക്കരുത്തു നല്കുന്നതായി ഈ ഒന്നാം വാല്യത്തിൽതന്നെ ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യമാണ് -അതിലധികവും ഒമ്പതാം നൂറ്റാണ്ടിനു മുമ്പ് രചിച്ചവയാണ്. ഫിലോകാലിയയിൽ ഒട്ടേറെ കാര്യങ്ങൾ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും, 'യേശുപ്രാർത്ഥന' ആവർത്തിച്ചു പരാമർശിച്ചിട്ടുള്ളത് മറ്റെന്തിനെക്കാളും കൂടുതലായി അതിന്റെ ആന്തരിക ഐക്യത്തിനു നിദാനമായി വർത്തിച്ചു.

'ഹെസിക്കാസം' എന്നറിയപ്പെടുന്ന ഈ ആദ്ധ്യാത്മിക പാതയിൽക്കൂടി ഒരു ശൂന്യാന്തരീക്ഷത്തിൽ നിന്നുകൊണ്ട് പിന്തുടരുവാൻ ആർക്കും സാദ്ധ്യമല്ല എന്ന് ഊന്നിപ്പറയട്ടെ. ഫിലോകാലിയയിലെ പാഠങ്ങളെല്ലാം തികച്ചും സഭാസിദ്ധാന്തങ്ങളെ പരാമർശിക്കുന്നതല്ലെങ്കിലും, എടുത്തു പറയാത്തപ്പോൾപോലും സഭാസിദ്ധാന്തങ്ങൾ അവയ്ക്ക് ഉൾക്കരുത്തു നൽകുന്നു. മാത്രമല്ല, ഈ സഭാസിദ്ധാന്തം ഒരു സഭാശാസ്ത്രത്തെ അനിവാര്യമാക്കുന്നുണ്ട്. കൂദാശാപരവും ലിറ്റർജിപരവുമായ ജീവിതവുമായി വേർപരിയാനാവാത്തവിധം

www.malankaralibrary.com

ബന്ധപ്പെട്ട് സഭയെപ്പറ്റിയുള്ള സർവ്വപ്രധാനമായ അറിവും രക്ഷയെ പ്പറ്റിയുള്ള കാഴ്ചപ്പാടും അത് സ്വായത്തമാക്കിയിരിക്കുന്നു. ഇതിന്റെ അർത്ഥം 'ഹെസിക്കാസം' സഭയുടെ കൂദാശാപരവും ലിറ്റർജി പരവുമായ ജീവിതത്തിൽനിന്നു സ്വതന്ത്രമായി വികസിച്ചുവന്നതല്ല, അതിനു സമാന്തരമായി പൊട്ടിമുളച്ചതുമല്ല, അതിന്റെ അവിഭാജ്യ ഭാഗമാണത് എന്നാണ്. അതും സഭാപാരമ്പര്യത്തിൽപെട്ടതുതന്നെ. അക്കാരണത്താൽ കൂദാശാപരവും ലിറ്റർജിപരവുമായ സജീവ പങ്കാളിത്തത്തിൽനിന്നു വിട്ടുമാറി അതു പ്രായോഗികമാക്കാൻ ശ്രമിക്കുക അതിനെ അതിന്റെ ജീവനുള്ള വേരുകളിൽനിന്നു വെട്ടിയ കറ്റുന്നതിനു തുല്യമായിരിക്കും. അതിന്റെ പ്രയോക്താക്കളുടെയും തത്വോപദേഷ്ടാക്കളുടെയും ഉദ്ദേശ്യങ്ങളെ ദുർവിനിയോഗം ചെയ്യു കയുമായിരിക്കും.

ഇതിനോടു ബന്ധപ്പെട്ട മറ്റൊരു കാര്യവുമുണ്ട്. ഫിലോക്കാലിയ യിലെ പാഠങ്ങൾ ഈസ്റ്റേൺ ഓർത്തഡോക്സ് സഭയുടെ കൂദാശാ പരവും ലിറ്റർജിപരവുമായ ചട്ടക്കൂട്ടിനകത്തു ജീവിക്കുന്നവർക്കു വേണ്ടി മാത്രമല്ല, എല്ലാ സന്ന്യാസപാരമ്പര്യത്തിലും കഴിയുന്നവർക്കു കൂടി ഉപയോഗിക്കാൻ രചിച്ചതാണ്. അക്കാരണത്താൽ, ഈ ഇംഗ്ലീഷ്/ മലയാളം വിവർത്തനം ഉപയോഗിക്കുന്നവരിൽ അധികപങ്കും നേരത്തെ ചൂണ്ടിക്കാണിച്ച പശ്ചാത്തലത്തിൽനിന്നു വിഭിന്നമായ സാഹചര്യത്തിൽ ജീവിക്കുന്നവരാകാനാണു സാദ്ധ്യത. അങ്ങനെ യെങ്കിൽ ഇവിടെ പറയുന്ന ഉപദേശങ്ങൾ സന്യാസാശ്രമങ്ങളുടെ ആവൃതിക്കുള്ളിൽ മാത്രം ഉപയോഗിക്കുവാനുള്ളതാണോ എന്നുള്ള ചോദ്യം വായനക്കാർക്കുണ്ടായേക്കാം. ഹെസിക്കാസത്തിന്റെ ലേഖകരിൽ പലരും അങ്ങനെയല്ലെന്ന് ഊന്നിപ്പറയുന്നു. വിശുദ്ധ നിക്കോദിമോസുതന്നെ ആദ്യത്തെ ഫിലോകാലിയയ്ക്ക് എഴുതിയ ആമുഖത്തിൽ നിരന്തര പ്രാർത്ഥന എല്ലാവരും പരിശീലിച്ചിരിക്കണ മെന്ന് ഊന്നിപ്പറയുന്നു. സ്വാഭാവികമായും സന്ന്യാസജീവിതം ഇതിനുള്ള സാഹചര്യം പ്രദാനം ചെയ്യുന്നുണ്ട്. നിശ്ശബ്ദത, ഏകാന്തത, ക്രമമായ ജീവിതചര്യ എന്നിവ ഏകാഗ്രതയ്ക്ക് അനിവാര്യമാണ്. ഏകാഗ്രതകൂടാതെ ആദ്ധ്യാത്മിക പാതയിൽ പുരോഗമിക്കുക ദുഷ്കരമാണ്. എന്നാൽ സഭയുടെ കൂദാശാപരവും കുർബ്ബാനക്രമ പരവുമായ സജീവപങ്കാളിത്തത്തിനുള്ള അടിസ്ഥാന മാനദണ്ഡങ്ങൾ അംഗീകരിച്ചുകഴിഞ്ഞാൽ, സ്ത്രീപുരുഷന്മാരോരുത്തരുടേയും

www.malankaralibrary.com

കഴിവനുസരിച്ചും അവരുടെ സാഹചര്യങ്ങൾക്ക് പരമാവധി ചേർന്ന വിധത്തിലും ഈ പാത ഏവർക്കും പിൻതുടാരാവുന്നതേയുള്ളൂ. അങ്ങനെ വരുമ്പോൾ സന്ന്യാസജീവിതവും ലോകജീവിതവും തമ്മിലുള്ള വ്യത്യാസം വളരെ ലളിതമാണ്. ഓരോ മനുഷ്യനും ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട സ്ഥിതിക്ക് കുറ്റമറ്റവരായിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഹൃദയംകൊണ്ടും ആത്മാവുകൊണ്ടും മനസ്സുകൊണ്ടും ദൈവത്തെ സ്നേഹിക്കാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. ഈ അർത്ഥത്തിൽ എല്ലാവരുടെയും ജീവിതവിളി ഒന്നുതന്നെ. എല്ലാവരും ഒരേ ആത്മീയപാത പിന്തുടരണം. ചിലർ മറ്റു ചിലരെക്കാൾ കൂടുതൽ ദൂരം സഞ്ചരിക്കും. സംശയമില്ല. ആത്മീയ പാത പിൻതുടരുവാനുള്ള ആഗ്രഹതീവ്രത ചിലരെ അതിന്റെ അനുശാസനങ്ങളുമായി ലയിച്ചുചേരുന്ന ജീവിതമാതൃക ആശ്ലേഷിക്കുവാൻ പ്രേരിപ്പിക്കുന്നു. ഈ മാതൃക നൽകാൻ സർവഥാ യോഗ്യമാണ് സന്ന്യാസജീവിതം. സന്ന്യാസാവൃതിക്ക് അകത്തായാലും പുറത്തായാലും പാതയും ലക്ഷ്യവും ഒന്നുതന്നെ. പ്രധാനപ്പെട്ട സംഗതി അനിയന്ത്രിതമോ അറിവില്ലാത്തതോ ആയ രീതിയിൽ അതു പിന്തുടരരുതെന്നു മാത്രം. യോഗ്യനായ ഒരു ഗുരുവിൽനിന്നു വ്യക്തിഗതമായ നേതൃത്വം കിട്ടാൻ ശ്രമിക്കണം. ഇങ്ങനെയൊരു നേതൃത്വം കിട്ടാനില്ലെങ്കിൽ, ആദ്ധ്യാത്മിക സ്വഭാവമുള്ള ഏതന്വേഷണത്തിലും സഹജമായ തടസ്സങ്ങളും അപകടങ്ങളും തരണം ചെയ്യാൻവേണ്ടി സഭയുടെ കൂദാശാപരവും കുർബ്ബാനക്രമപരവുമായ സജീവപങ്കാളിത്വം -ഇതെപ്പോഴും ആവശ്യമാണ്- ആവശ്യകമാണ്.

ഈ ഹെസിക്കാസ്റ്റിക് എഴുത്തുകളിൽ ചില പ്രധാന പദങ്ങൾ ഉണ്ട്. അവ ആവർത്തിക്കപ്പെടുകയും ചെയ്യുന്നു. അവയിൽ പ്രധാനപ്പെട്ടവ ഉൾപ്പെടുത്തി ഞങ്ങൾ ഒരു ലഘുനിഘണ്ടു അവസാനം ചേർത്തിട്ടുണ്ട്. തർജ്ജമയിൽ ഉപയോഗിച്ചിട്ടുള്ള പദങ്ങളും അവയ്ക്കു നല്കിയിട്ടുള്ള അർത്ഥകല്പനയും അവിടെ കൊടുക്കുന്നു. എന്നാൽ അവയുടെ വാസ്തവത്തിലുള്ള അർത്ഥം, വായനക്കാരൻ പാഠഭാഗത്തേക്കു ആഴത്തിൽ പ്രവേശിക്കുന്നതോടുകൂടി മാത്രമേ മനസ്സിലാകൂ. അതെ, വായനക്കാരൻ ആദ്ധ്യാത്മിക പാതയുടെ തത്വത്തിലേക്കും പ്രായോഗികതയിലേക്കും കൂടുതൽ കൂടുതൽ ആഴത്തിൽ തുളച്ചു കയറുന്നതോടുകൂടി മാത്രമേ പാഠഭാഗങ്ങളുടെ സൂചിതാർത്ഥവും പൊരുളും ഗ്രഹിക്കാൻ കഴിയൂ.

www.malankaralibrary.com

മനഃശാസ്ത്രപരമായ ധാരണകളെ സംബന്ധിച്ച്, ഉദ്ദേശിക്കപ്പെടുകയും വ്യക്തമാക്കപ്പെടുകയും ചെയ്യുന്ന ഈ പാഠങ്ങൾ, ചില സമാന കാര്യങ്ങൾ പ്രസക്തമാക്കുന്നു. ഫലത്തിൽ, ഒരു മനഃശാസ്ത്രമോ അഥവാ ആത്മാവിന്റെ ശാസ്ത്രമോ നാം അഭിമുഖീകരിക്കുന്നു. ഇവയിൽ പലതിന്റെയും മൗലികലക്ഷണങ്ങൾ -പ്രത്യേകിച്ച് പിശാചുക്കളുടെ പ്രവർത്തനം സംബന്ധിച്ചവ- ആധുനിക മനഃശാസ്ത്രജ്ഞന്മാർ അംഗീകരിക്കാത്തവയോ അവരുടെ തത്വങ്ങൾക്കു നിരക്കാത്തവയോ ആയിരിക്കാം. ആധുനിക വായനക്കാരൻ, പ്രത്യക്ഷമായോ പരോക്ഷമായോ സമീപകാല മനഃശാസ്ത്രത്താൽ സ്വാധീനിക്കപ്പെട്ട ഹെസിക്കാസ്സിയ മനഃശാസ്ത്രത്തെ ഒന്നടങ്കം തിരസ്ക്കരിക്കാൻ പ്രലോഭിതനായേക്കാം. എന്നാൽ ഇതര മാർഗമായി ആദ്യമേതന്നെ അയാൾ സ്വന്തം വീക്ഷണങ്ങളും അനുമാനങ്ങളും ചോദ്യംചെയ്യാൻ പ്രേരിതനായേക്കാം. അതിനെത്തുടർന്ന് അവയെ ഭേദഗതി ചെയ്യുന്നതിനോ താൻ പുതുതായി അഭിമുഖീകരിക്കുന്ന ധാരണകളുടെ വെളിച്ചത്തിൽ അവയെ പാടെ നിരാകരിക്കുന്നതിനോ നിർബന്ധിതനുമായേക്കാം. അതെങ്ങനെയായാലും, അയാൾ എങ്ങനെ പ്രതികരിക്കുന്നുവെന്നത് താത്വികതലത്തിൽ മാത്രമല്ല, സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിലും അയാൾ ആന്തരികസംയോഗത്തെ എങ്ങനെ വീക്ഷിക്കുന്നു എന്നതിനെയും ധാരണാശേഷിയുടെ പ്രസക്തിയെയും ഒരു വലിയ അളവിൽ ആശ്രയിച്ചിരിക്കും. ഈ സന്ദർഭത്തിൽ നാം ഒരു കാര്യം ഓർത്തിരിക്കണം. ലോകത്തിന്റെ ബാഹ്യലക്ഷണങ്ങളും അവസ്ഥകളും എത്രമാത്രം പരിവർത്തനവിധേയമായാലും, മനുഷ്യാവസ്ഥയുടെയും ദൈവവുമായുള്ള മനുഷ്യബന്ധത്തിന്റെയും പ്രബല സാദ്ധ്യതകളെ പാടെ പറിച്ചെറിയാൻ ഈ പരിവർത്തനങ്ങൾക്കു ഒരിക്കലും കഴിയില്ല. ദൈവവുമായുള്ള മനുഷ്യബന്ധം സംബന്ധിച്ചാണ് ഫിലോകാലിയയിലെ പ്രബോധനങ്ങളും രീതികളും ബന്ധപ്പെട്ടിരിക്കുന്നതെന്നതിനാൽ, അവ ഉൾക്കൊള്ളുന്ന ഉപദേശങ്ങൾ അവ എഴുതിയ കാലത്തെപ്പോലെതന്നെ ഇന്നും സാധുവും ഫലപ്രദവുമാണ്.

ഫിലോക്കാലിയയിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ വിശുദ്ധന്മാരും പാശ്ചാത്യ ക്രിസ്തീയ സഭകൾക്കും പൗരസ്ത്യ ക്രിസ്തീയസഭകൾക്കും ഒരുപോലെ അംഗീകരിക്കപ്പെട്ട വിശുദ്ധന്മാരാകണമെന്നില്ല. എന്നാൽ അവരുടെ ദീർഘകാല പ്രാർത്ഥനയുടെയും തപസ്സിന്റെയും ഫലമായി അവർക്ക് ലഭിച്ച ആഴമേറിയ വിചിന്തനങ്ങൾ, എല്ലാ

www.malankaralibrary.com

ക്രിസ്തീയസഭകൾക്കും ഇതര മതവിശ്വാസികൾക്കും പുതിയ ആത്മീയ ദർശനങ്ങൾ നൽകുന്നവയാണ് എന്ന വിശ്വാസമാണ് ഞങ്ങളുടെ ഈ സംരംഭത്തെ മുമ്പോട്ടു കൊണ്ടുപോകുന്നത്.

സിദ്ധിനാഥാനന്ദസ്വാമിജിയുടെ ഏതാനും പാഠങ്ങളുടെ തർജ്ജമ കൂടാതെ ശ്രീമതി ഡോ. പ്രമീളാദേവി ആദ്യതർജ്ജമ ഇംഗ്ലീഷിൽ നിന്നും നടത്തി. ശ്രീ. എം. കുര്യൻ, ഫാദർ സിറിയക് കണിച്ചായി, ശ്രീ. ഏബ്രഹാം പാറേക്കുന്നേൽ, ചെറിയാൻ ഈപ്പൻ എന്നിവർ പല ഘട്ടങ്ങളിലായി ആദ്യത്തെ മലയാള-ഇംഗ്ലീഷ് പതിപ്പിന്റെ എഡിറ്റിംഗും പ്രൂഫ്റീഡിംഗും നടത്തി. റഷ്യൻ ഭാഷയിലെ ദോബ്രത്തലൂബിയേ ആണ് പരിഭാഷയുടെ പരിപൂർണതയ്ക്കായി അവസാനം പറഞ്ഞ രണ്ടുപേർ ആശ്രയിച്ചത്. റഷ്യയിലെ മി. മാക്സിം ക്രൂഷ്കോവ് ഗ്രീക്ക് -റഷ്യൻ ഭാഷാപ്രസിദ്ധീകരണവുമായി താരതമ്യപ്പെടുത്തി തർജ്ജമയ്ക്കും സമാഹരണത്തിനും എന്നെ സഹായിച്ചു. കുമളി ഉത്ഥാനാശ്രമത്തിലെ സന്ന്യാസിനിമാരായ സിസ്റ്റർ അൽഫോൻസായും സിസ്റ്റർ സച്ചിദാനന്ദയും ഹിയറോമങ്ക് ലോറൻസിന്റെ മേൽനോട്ടത്തിൽ, ഗ്രീക്ക് മൂലകൃതി അടിസ്ഥാനമാക്കി പുനർപരിശോധന നടത്തി വിവർത്തനം ഭേദപ്പെടുത്തി. ഈ പാവനകർമ്മത്തിന്റെ ഫലം ഏവർക്കും ഈ പുതിയ പതിപ്പുകളിൽ ദർശിക്കുവാൻ സാധിക്കും. ആദ്യത്തെ ഒന്നും രണ്ടും എഡിഷനിൽ മലയാളത്തിന്റെയും രണ്ടാമത്തെ എഡിഷനിൽ ഇംഗ്ലീഷ്-മലയാളത്തിന്റെയും പ്രൂഫ് റീഡിംഗ് അമ്മ മരിയ മഗ്ദലേനയുടെ സഹായത്തോടെ ഉത്ഥാനാശ്രമത്തിലെ സന്ന്യാസിനികൾ നിർവഹിച്ചു. 'ഇംപ്രഷൻസ്' ഈ ഗ്രന്ഥം ഭംഗിയായി പ്രിന്റുചെയ്തു. അവർക്കെല്ലാം ദൈവനാമത്തിൽ ഞങ്ങൾക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഏകതാനമായ ഒരു ശൈലി അടിച്ചേല്പിക്കാതിരിക്കാൻ ഞങ്ങൾ ശ്രമിച്ചുവെങ്കിലും, ഞങ്ങളുടെ വിവർത്തനത്തിൽ മൂലകൃതിയിലേക്കാൾ ശൈലിയിൽ വൈവിധ്യം കുറഞ്ഞിരിക്കുക അനിവാര്യമാണ്. ഈ പാഠങ്ങൾ എഴുതപ്പെട്ടത് ഒരായിരം വർഷം നീണ്ടുകിടക്കുന്ന കാലയളവിൽ പല ഘട്ടങ്ങളിലായിട്ടാണ്. എഴുതിയവരാകട്ടെ, വിഭിന്നമായ പല സാംസ്കാരിക സാഹചര്യങ്ങളിൽനിന്നു വന്നവരാണ്. ഞങ്ങളുടെ വിവർത്തനംതന്നെ ഏതാണ്ട് മൂന്നുവർഷം കൊണ്ടാണു പൂർത്തിയാകുന്നത്. ഇങ്ങനെയൊക്കെയാണെങ്കിലും

www.malankaralibrary.com

മൂലകൃതികളിൽ ഞങ്ങൾ പറയത്തക്ക മാറ്റമൊന്നും വരുത്തിയിട്ടില്ലെന്നു പ്രതീക്ഷിക്കുന്നു. പ്രാരംഭ പരിഭാഷകളിൽ ഞങ്ങൾ കാതലായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഈ മാറ്റങ്ങൾ ഞങ്ങൾ വരുത്തിയെങ്കിലും അവരോടു ഞങ്ങൾക്കുള്ള കൃതജ്ഞതയ്ക്കു യാതൊരു കുറവുമില്ല.

ഫിലോക്കാലിയയിലെ വിശുദ്ധന്മാർ ഉപയോഗിച്ചിരിക്കുന്ന ബൈബിൾ ഉദ്ധരണികൾ, സെപ്തുവാജിന്റ് (ഗ്രീക്ക്) ബൈബിളിൽ നിന്നാണ്. എന്നാൽ മലയാളവിവർത്തനത്തിൽ തത്തുല്യമായി ഉപയോഗിച്ചിരിക്കുന്ന ബൈബിൾ ഉദ്ധരണികൾ, 'പി. ഒ. സി. ബൈബിളിൽ'നിന്നും, ഇന്ത്യൻ ബൈബിൾ സൊസൈറ്റിയുടെ വിശുദ്ധബൈബിളിൽനിന്നും എടുത്തിട്ടുള്ളതാണ്.

മൗണ്ട് ആഥോസിൽ എവ്റോൺ മൊണാസ്റ്ററിയിലെ ഇഗുമെൻ (ആബോട്ട്) വസിലെയോസ് റമ്പാൻ, സന്ന്യാസിവര്യനായ ജറമ്യ, സിമോണോസ് പെത്രോസ് മൊണാസ്റ്ററിയിലെ ഫാദർ പലാമാസ്സ്, പെന്റലിമോണോസ് മൊണാസ്റ്ററിയിലെ ഇഗുമൻ (ആബോട്ട്) ഇരെമി, സന്ന്യാസി ഫിലോസോഫ് തുടങ്ങിയവരോടും, മേല്പറഞ്ഞ മൊണാസ്റ്ററികളിലെ സന്ന്യാസിമാർ നൽകിയ ആതിഥ്യത്തിനും, ലൈബ്രറി ഉപയോഗിക്കാനുള്ള അനുവാദത്തിനും, ഏർപ്പെടുത്തിത്തന്ന മറ്റു പഠനസൗകര്യങ്ങൾക്കും എനിയ്ക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

മലയാള മനോരമ ചീഫ് എഡിറ്റർ യശ്ശശരീരനായ ശ്രീ. കെ. എം. മാത്യുവിനോടും മറ്റു ജീവനക്കാരോടും പ്രകാശനചടങ്ങ് ഒരു ആത്മീയ കർമ്മമായി മാറ്റിയ റിസപ്ഷൻ കമ്മറ്റിയോടും ഞങ്ങൾക്കുള്ള അകൈതവമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തട്ടെ.

ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പൽ, റവ. ഫാ. ഡോ. കെ. എം. ജോർജിനോടും സെമിനാരിയോടും അവരുടെ സഹകരണത്തിന്റെ പേരിൽ നന്ദി പ്രകാശിപ്പിക്കുന്നു.

അതുപോലെ സെന്റ്. എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനോടും യശ്ശശരീരനായ റവ. ഫാ. ഗീവർഗീസ് പണിക്കരോടും, ഡയറക്ടർ റവ. ഫാ. ജേക്കബ് തെക്കേപ്പറമ്പിലിനോടും ഞങ്ങൾക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തട്ടെ.

www.malankaralibrary.com

ഈ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് തലക്കോട് സെന്റ് മേരീസ് ബോയിസ്ഹോമിലെ ശ്രീ. ഷാജി മലയനും ശ്രീ. ജോൺസണും വളരെ സഹായിച്ചിട്ടുണ്ട്. അവരോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

ഈ ഗ്രന്ഥം സൗജന്യമായാണ് വിതരണം ചെയ്യുന്നത്.

മലയാളത്തിലേക്കുള്ള ഫിലോക്കാലിയയുടെ ഈ തർജ്ജമപദ്ധതി പൂർത്തിയാക്കാനും പ്രകാശിപ്പിക്കാനുമായി പല ഭൂഖണ്ഡങ്ങളിലായി പ്രാർത്ഥിക്കുന്ന ഞങ്ങളുടെ കുഞ്ഞുങ്ങളോടുള്ള ഫൗണ്ടേഷന്റെ കടപ്പാട് ഇവിടെ രേഖപ്പെടുത്താൻ വാക്കുകളില്ല.

ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അവർ ഞങ്ങളോടു ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു. ദൈവംതമ്പുരാൻ തന്റെ കലവറയില്ലാത്ത സ്നേഹത്താൽ എല്ലാവരെയും പ്രത്യേകിച്ച്, ഈ സംരംഭം പൂർത്തിയാക്കുവാൻ പ്രാർത്ഥിച്ച ഓരോരുത്തരെയും, കുരിശുമല ആശ്രമത്തെയും മറ്റ് ആശ്രമങ്ങളെയും അവിടുത്തെ അന്തേവാസികളെയും അനുഗ്രഹിക്കട്ടെ.

ഫിലോക്കാലിയ ലോകത്താരെല്ലാം എവിടെയെല്ലാം തർജ്ജമ ചെയ്തിട്ടുണ്ടോ അവരെല്ലാവരും അനുഭവിച്ച, അനുഭവിക്കുന്ന തടസ്സങ്ങളും പരീക്ഷണങ്ങളും നേരിട്ടുകൊണ്ടാണ് ഞങ്ങളും മുമ്പോട്ടു പോകുന്നത്. ദൈവകൃപയാൽ ഞങ്ങൾ ഈ സംരംഭത്തിന്റെ അന്ത്യഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്നു.

സ്രഷ്ടാവിനു മുമ്പിൽ വണങ്ങിക്കൊണ്ട്, ഫിലോക്കാലിയയുടെ ആദ്യവാല്യത്തിന്റെ മലയാളപതിപ്പ് നിങ്ങളുടെ ആത്മീയ ഉണർവ്വിനായി സമർപ്പിക്കുന്നു. ദൈവം നിങ്ങളോരോരുത്തരെയും അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

കോട്ടയം
മാർച്ച്, 2011

**ഡോ. ചെറിയാൻ ഈപ്പൻ**
പ്രസിഡന്റ്
റോയി ഇന്റർനാഷണൽ ചിൽഡ്രൻസ് ഫൗണ്ടേഷൻ
5-B, സെഞ്ചുറി ടവേഴ്സ്
എം. സി. റോഡ്, കോട്ടയം - 686 001
കേരള, ഇന്ത്യ

www.malankaralibrary.com

# അവതാരിക*

നല്ലതിനെ സ്നേഹിക്കുക! മനുഷ്യനെ സംബന്ധിച്ചിടത്തോളം അതിനെക്കാൾ പ്രധാനമായി മറ്റൊന്നുംതന്നെയില്ല.

പക്ഷേ പ്രാരംഭത്തിൽ തോന്നുന്നതുപോലെ അത്ര എളുപ്പമല്ല അത്. ഒന്നാമത് നല്ലതേതാണെന്നു വിവേചിച്ചറിയാൻ കഴിയണം. മനുഷ്യന് ഈശ്വരദത്തമായ ഒരു പ്രത്യേകശക്തിയാണത്. പക്ഷേ അഭ്യാസം കൊണ്ടും നിധിന്യാസംകൊണ്ടും വളർത്തിയെടുത്തെങ്കിലേ ഈ കഴിവ് ആവശ്യത്തിനുപകരിക്കൂ. നല്ലതാണെന്നു തോന്നുന്ന പലതും യഥാർത്ഥത്തിൽ നല്ലതല്ലെന്നു പലപ്പോഴും അനുഭവംകൊണ്ടേ മനുഷ്യർ പഠിക്കുന്നുള്ളൂ. അനുഭവംകൊണ്ടുപോലും പഠിക്കാത്ത വരാണ് അധികവും. പണം നല്ലതാണെന്നു തോന്നുന്നതും സ്വാദുള്ള ഭക്ഷണം നല്ലതാണെന്നു തോന്നുന്നതും ലഹരിപിടിപ്പിക്കുന്ന മദ്യം നല്ലതാണെന്നു തോന്നുന്നതും നിലനിൽക്കുന്ന തോന്നലുകളല്ലല്ലോ.

പക്ഷേ നല്ലതേതാണെന്ന് അറിഞ്ഞാലും തിന്മയെ പ്രേമിക്കാനുള്ള ഒരു പ്രവണതയാണ് പല മനുഷ്യരിലും കണ്ടുവരുന്നത്. അറിയുന്ന തിന്മയെ അനുധാവനം ചെയ്യാനുള്ള മനഃശക്തികൂടി ഉണ്ടാകുമ്പോഴേ യഥാർത്ഥ സത്പ്രേമിയായി ഒരാൾ തീരുന്നുള്ളൂ. അങ്ങനെയുള്ളവരെ യാണു നാം സിദ്ധന്മാരും പരിശുദ്ധന്മാരുമായി പരിഗണിക്കുന്നത്.

തിന്മയെ കൈവെടിഞ്ഞു നന്മയെ പ്രേമിക്കാനുള്ള ശക്തി മനുഷ്യ നെങ്ങനെ ലഭിക്കുമെന്നതായിരുന്നു പുരാതന ക്രൈസ്തവ പിതാക്ക ന്മാരുടെ ചിന്തയിലെ പ്രധാന ഭാഗം. അതേക്കുറിച്ചുള്ള ആ സിദ്ധാന്ത

---

*ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് 1983-ൽ കുരിശുമല ആശ്രമത്തിൽനിന്നും പ്രസിദ്ധീ കരിച്ച ഫിലോക്കാലിയയുടെ ഏതാനും ഭാഗങ്ങൾ അടങ്ങിയ അദ്ധ്യാത്മപ്രേമത്തിന് എഴുതിയ അവതാരികയാണിത്. ഈ അവതാരികയുടെ പ്രസക്തിയും, ഈ പ്രസിദ്ധീകരണത്തിന്റെ എല്ലാ വശങ്ങളിലുമുള്ള പാണ്ഡിത്യമേറിയ അദ്ദേഹത്തിന്റെ ആത്മീയവിചിന്തനങ്ങളും കണക്കിലെടു ത്താണ് ഞങ്ങൾ ഈ അവതാരിക, പൂർണരൂപത്തിൽ പ്രസിദ്ധീകരിക്കുന്ന ഫിലോക്കാലിയ യിലും ആദ്യവാല്യത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചത്.

www.malankaralibrary.com

സൂക്തങ്ങളെ സമാഹരിച്ച് എഴുതിവെച്ചു ധ്യാനിക്കുവാൻ പല സത്പ്രേമികളും ഉദ്യമിച്ചു. നാലാം ശതാബ്ദത്തിൽ ആസ്യയിൽ ജീവിച്ചിരുന്ന പരിശുദ്ധനായ മാർ ബസേലിയോസ് ഇങ്ങനെയൊരു സമാഹാരമുണ്ടാക്കിയതിന്റെ പേരുതന്നെ 'സത്പ്രേമം' എന്നായിരുന്നു. ഗ്രീക്കിൽ ഫിലോക്കാലിയ (Philokalia) എന്നു പറഞ്ഞാൽ നന്മയോടുള്ള സ്നേഹം എന്നുതന്നെയാണ് അർത്ഥം. താപസവര്യന്മാരായ അന്തോനിയോസിന്റെയും മറ്റും സൂക്തങ്ങളെ സമാഹരിച്ചു ധ്യാനിക്കുകയെന്നത് ആദിമ ക്രൈസ്തവ സന്യാസികളുടെ നിരന്തര പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു.

എന്നാൽ ഗ്രീസിലെ ആഥോസ് ഗിരിയിലുള്ള സന്യാസാശ്രമങ്ങളിൽ ഈ പ്രവർത്തനം പത്താം ശതാബ്ദത്തിനുശേഷം വളരെ ശക്തിപ്രാപിച്ചു. ആഥോസ് ഗിരിയിലെ സന്യാസാശ്രമങ്ങളിൽ ഗ്രീക്കുകാരെക്കാൾ ഭക്തിപ്രിയന്മാരായ സ്ലാവ് വർഗക്കാർ (ഇന്നത്തെ റഷ്യാക്കാർ, യുഗോസ്ലാവിയാക്കാർ, ബൾഗേറിയർ മുതലായവർ) ഇങ്ങനെയുള്ള അനേകം സത്സൂക്തസമാഹാരങ്ങൾ രചിച്ചു. പ്രാചീന സ്ലാവോണിക് ഭാഷയിൽ 'ദോബ്റത്തലൂബിയേ' (Dobrotolubiye) എന്നുള്ളത് ഗ്രീക്കിലെ ഫിലോക്കാലിയായുടെ പരിഭാഷയാണ്. ഇന്ന് ഈ വിധത്തിലുള്ള രണ്ടു സത്സൂക്തസമാഹാരങ്ങൾ റഷ്യൻ ഭാഷയിൽനിന്ന് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

ഗ്രീക്കു ഫിലോക്കാലിയ സമ്പാദിച്ചതു താപസരായ കൊരിന്തിലെ മക്കാറിയോസും ആഥോസിലെ നിക്കോദീമോസും ആയിരുന്നു. 1782–ലാണ് ആ സമാഹാരമുണ്ടായത്. റഷ്യൻ ദോബ്റത്തലൂബിയേ 1877–ൽ ഏകാന്തവാസിയായ തെയോഫാൻ എന്ന റഷ്യൻ സന്യാസി സമാഹരിച്ചു. രണ്ടു സമാഹാരങ്ങളും തമ്മിൽ കുറെയേറെ വ്യത്യാസങ്ങളുണ്ട്. രണ്ടിലും പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമാണ് മുഖ്യസ്ഥാനം. രണ്ടിലും നാലാം ശതാബ്ദം മുതൽ ഏതാണ്ടു പതിനൊന്നാം ശതാബ്ദം വരെയുള്ള ക്രൈസ്തവ സന്യാസികളുടെ വചനങ്ങളാണ് സമാഹരിച്ചിരിക്കുന്നതെങ്കിലും ഉള്ളടക്കത്തിൽ കാര്യമായ അന്തരം ഉണ്ട്. ഇപ്പോൾ ഇവിടെ നമ്മുടെ സിദ്ധിനാഥാനന്ദജി തന്മയത്വത്തോടുകൂടി ഇംഗ്ലീഷിൽനിന്നു മലയാളത്തിലേക്കു വിവർത്തനം ചെയ്ത് അവതരിപ്പിക്കുന്നത് തെയോഫാന്റെ റഷ്യൻ ദോബ്റത്തലൂബിയയിലെ പ്രധാന ഭാഗങ്ങളാണ്.

www.malankaralibrary.com

ക്രൈസ്തവ താപസരുടെ ഉപദേശങ്ങളുടെ സിംഹഭാഗവും ഹൈന്ദവ താപസർക്കു സ്വീകാര്യമായി അനുഭവപ്പെടുന്നു എന്നുള്ളതു നമ്മുടെ ശ്രദ്ധയെ പ്രത്യേകം ആകർഷിക്കേണ്ടുന്ന കാര്യമാണ്. ഈശ്വര സാക്ഷാത്കാരം അല്ലെങ്കിൽ ഭഗവാനോട് ഭഗവത്കൃപമൂലവും മനുഷ്യന്റെ ഭക്തിമൂലവും ഉണ്ടാകുന്ന ഐക്യം ആണ് എല്ലാ താപസരും തേടുന്നത്. അതുകൊണ്ടാണ് ഗ്രീക്കിൽനിന്നു റഷ്യൻ ഭാഷയിലേക്കും റഷ്യനിൽനിന്ന് ഇംഗ്ലീഷിലേക്കും ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്കുമുള്ള മൂന്നു വിവർത്തനങ്ങൾ കഴിഞ്ഞിട്ടും ഹൈന്ദവരും ക്രൈസ്തവരുമായ ഭാരതീയർക്കും ഈ സൂക്തങ്ങൾ ഇന്നും അതിഹൃദ്യമായി അനുഭവപ്പെടുന്നത്. നമ്മുടെ മലയാളത്തിലെ ആദ്ധ്യാത്മിക പാരമ്പര്യത്തിന് സുപ്രധാനമായ ഒരു സംഭാവനയാണ് സിദ്ധിനാഥാനന്ദജി ഇപ്പോൾ കാഴ്ചവയ്ക്കുന്നത്.

1782-ൽ രണ്ടു ഗ്രീക്കു താപസർ സമാഹരിച്ച ഈ സത്പ്രേമസൂക്തങ്ങളുടെ പിറകിലുള്ളത് പതിനാലാം ശതകത്തിൽ ആഥോസിലെ സന്യാസാശ്രമങ്ങളിലൊന്നിൽ വസിച്ചിരുന്ന നിക്കോഫോറസ് എന്ന ഗ്രീക്ക് സന്യാസി ഉണ്ടാക്കിയ സൂക്തശൃംഖലയായിരുന്നു. നിക്കേഫോറസ് ആയുസ്സിന്റെ സിംഹഭാഗവും ആഥോസ് ക്രമമനുസരിച്ചുള്ള നിശ്ശബ്ദ താപസവൃത്തി നിർവഹിച്ചു സിദ്ധനായിത്തീർന്നു. ഈശ്വരനുമായി, മനസ്സും ഹൃദയവും ഒരുമിച്ചുള്ള പ്രാർത്ഥനകൊണ്ട് ഉറ്റ ഐക്യത്തിൽ വരുന്നതിനുള്ള മാർഗമാണ് നിക്കോഫോറസ് തന്റെ ശിഷ്യരെ പഠിപ്പിച്ചത്.

ക്രൈസ്തവ ശൈലിയിലെ പല പ്രയോഗങ്ങളും ഹൈന്ദവസുഹൃത്തുക്കൾക്കു പുത്തരിയായിരിക്കാൻ വഴിയുണ്ട്. ക്രൈസ്തവ താപസരുടെ ചിന്തയിലെ രണ്ടു പ്രധാന ആശയങ്ങൾ -ഒന്ന് നന്മയുടെ ശത്രുവാണ് സാത്താനെന്നുള്ളത്. രണ്ടാമത്തേത്, ഈശ്വരസാക്ഷാത്കാരമാർഗങ്ങളായ മാമ്മോദീസ, കുർബാന മുതലായ സത്കർമ്മങ്ങളെക്കുറിച്ചുള്ള വിചിന്തനം- ഈ രണ്ട് ആശയങ്ങളും ക്രൈസ്തവ താപസരുടെ ചിന്തയിൽ മൗലികവും കേന്ദ്രഭൂതവുമായി കണ്ടുവരുന്നു. ഈ ഫിലോക്കാലിയയിൽ അങ്ങനെയുള്ള ആശയങ്ങൾ പൊന്തിവരുന്ന സന്ദർഭങ്ങളിൽ സിദ്ധിനാഥാനന്ദജി, അവയെ ചുരുക്കുകയോ ഒഴിവാക്കുകയോ ചെയ്യാൻ ശ്രമിച്ചിട്ടുണ്ടെന്നു തോന്നുന്നു. ഒരു ഹൈന്ദവ താപസനെ സംബന്ധിച്ചിടത്തോളം അതു തികച്ചും സ്വാഭാവികമാണ്.

www.malankaralibrary.com

അടുത്ത പതിപ്പിൽ ഇങ്ങനെയുള്ള ഭാഗങ്ങൾ വിശദമായിത്തന്നെ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കുന്നതു മൂലകൃതിയുടെ സ്വഭാവം മനസ്സിലാക്കുന്നതിനു സഹായിക്കും.

സിദ്ധിനാഥാനന്ദജി നൽകിയിട്ടുള്ള ഈ അമൂല്യ സംഭാവനയ്ക്ക് അദ്ദേഹത്തോടു വളരെയധികം കടപ്പെട്ടവരാണ് മലയാളത്തിലുള്ള സത്പ്രേമികൾ. മുമ്പ് അദ്ദേഹം നമുക്കു 'സാധകന്റെ സഞ്ചാരം' (The Way of a Pilgrim) ഇംഗ്ലീഷിൽനിന്നു വിവർത്തനം ചെയ്തു നൽകി. ഇപ്പോഴിതാ അതിലും മഹത്തായ ഒന്ന് ആദ്ധ്യാത്മിക ഭണ്ഡാരങ്ങളിൽ നിന്നു പൊടി കുടഞ്ഞെടുത്തു നമുക്കു സംഭാവന ചെയ്തിരിക്കുന്നു. ഇതുപോലുള്ള അനേകം സേവനങ്ങൾ ഭാവിയിലും മലയാളത്തിലുള്ള ആദ്ധ്യാത്മിക സാഹിത്യത്തിനു കാഴ്ചവെയ്ക്കുവാനുള്ള ആരോഗ്യവും ആദ്ധ്യാത്മിക ചൈതന്യവും ഈശ്വരൻ അദ്ദേഹത്തിനു നൽകട്ടെ.

കേരളത്തിലെ ഓർത്തഡോക്സ് സഭയെ സംബന്ധിച്ചിടത്തോളം ഈ പിതാക്കന്മാർ പലരും പാരമ്പര്യത്തിലുള്ളവരല്ല. ഇതിന്റെ ആദ്യ ഭാഗത്തു കാണുന്ന അന്തോനിയോസ്, മക്കാറിയോസ്, മർക്കോസ്, എവാഗ്രിയസ് മുതലായ താപസവര്യന്മാർ ഏഷ്യൻ ആഫ്രിക്കൻ സഭയും യൂറോപ്യൻ സഭയും തമ്മിൽ അഞ്ചാം ശതാബ്ദത്തിലുണ്ടായ പിരിയലിനുമുമ്പ് ജീവിച്ചിരുന്നവരും ഏഷ്യയിലും ആഫ്രിക്കയിലും യൂറോപ്പിലും ഒരേപോലെ അംഗീകരിക്കപ്പെട്ടവരുമാണ്. നിക്കോ ഫോറസും (14-ാം ശതാബ്ദം) സീനായിലെ ഗ്രിഗോറിയോസും (14-ാം ശതാബ്ദം) നവവേദശാസ്ത്രി ശിമെയോനും (10-ാം ശതാബ്ദം) കാലിസ്തോസും (14-ാം ശതാബ്ദം) മറ്റു പലരും പൗരസ്ത്യസഭ (അർമ്മേനിയൻ, ഈജിപ്ഷ്യൻ, എത്യോപ്യൻ, സിറിയൻ, ഇന്ത്യൻ സഭകൾ) അംഗീകരിക്കുന്ന പിതാക്കന്മാരല്ല. അതുകൊണ്ട് അവരുടെ ഉപദേശം നിഷിദ്ധമാണെന്ന് അർത്ഥമില്ല. പുരാതന പൗരസ്ത്യ സഭ യിലെ ഒരു പ്രത്യേക താപസ പാരമ്പര്യം വളർത്തിയെടുത്തു പുഷ്ടി പ്പെടുത്തിയ താപസവര്യന്മാരുടെ ഈ ഉപദേശം ഇന്നത്തെ ഭഗവത്ഭക്ത ന്മാർക്കു വളരെയധികം പ്രയോജനം ചെയ്യാവുന്നവയാണ്. ഈ പ്രത്യേക പാരമ്പര്യത്തിന്റെ സവിശേഷത ആന്തരിക നിശ്ശബ്ദത എന്നുള്ളതാണ്. സെൻ (zen) ബുദ്ധമത ദർശനത്തിലുള്ള ജ്ഞാനാ ന്വേഷണം തന്നെയാണ് ഇവിടെയും കേന്ദ്രമായിട്ടുള്ളത്. നമ്മുടെ ഉള്ളിലലയ്ക്കുന്ന വികാരവിചാരങ്ങളുടെ ഓട്ടംതുള്ളൽ നിർത്തിയിട്ട്,

www.malankaralibrary.com

നിശ്ചല ജലനിരപ്പുപോലുള്ള, കണ്ണാടിപോലുള്ള, വിശുദ്ധത ആന്തരികമായി നേടുമ്പോൾ ഈശ്വരസന്നിധാനത്തിൽ മനുഷ്യർ എത്തുന്നു എന്ന ചിന്തയാണ് നിശ്ശബ്ദസന്യാസത്തിന്റെ (hesychia) അടിസ്ഥാനം. 'നിശ്ശബ്ദതയാണ് ആത്മശുദ്ധീകരണത്തിന്റെ നാന്ദി; നിശ്ശബ്ദതയുടെ നിശ്ചിതലക്ഷ്യം എല്ലാ അലട്ടലിൽനിന്നുമുള്ള സ്വാതന്ത്ര്യം, അലസതയില്ലാത്ത അനുസ്യൂതധ്യാനാർച്ചന, ആരും കവർന്നുകൊണ്ടുപോകാത്ത ആന്തരികചൈതന്യം ഈ മൂന്നുമാണ്. ഇവയാണ് നിശ്ശബ്ദതാധ്യാനശൈലിയിലെ പ്രധാന ഘടകങ്ങൾ.

വായ്കൊണ്ടു സംസാരിക്കുകയില്ലെന്നു മാത്രമല്ല, വിചാരം കൊണ്ടുള്ള ആന്തരികമായ ചിലയ്ക്കലും നിൽക്കണം. മനസ്സ് അച്ഛ സ്ഫടികസമാനം നിഷ്കളങ്കവും ഹൃദയം മുകുരസമാനം കറയില്ലാ ത്തതുമായിത്തീരണം. അന്തരംഗം സദാ യേശുനാമം ജപിച്ചുകൊണ്ടിരി ക്കണം. യാതൊന്നിനെക്കുറിച്ചും ആകാംക്ഷയോ ഉത്കണ്ഠയോ അരുത്. ആവശ്യങ്ങൾ ഒന്നും ഉണ്ടാകരുത്. വികാരങ്ങളെല്ലാം ആത്മ നിയന്ത്രണത്തിൽ ഒതുങ്ങണം. ശാന്തി, സ്നേഹം, പ്രാർത്ഥന ഇവ മൂന്നും തമ്മിലിണങ്ങി സന്യാസിയിൽ കാണണം.

പതിനാലും പതിനഞ്ചും ശതകങ്ങളിൽ യൂറോപ്യൻ സഭയിലെ ഗ്രീക്കുകാരും ലത്തീൻകാരും തമ്മിൽ വികാരക്ഷുബ്ധിതമായ വാഗ്വാദ ത്തിനു വഴിതെളിച്ച ഒന്നായിരുന്നു ഈ നിശ്ശബ്ദതാ സന്യാസപ്രസ്ഥാനം (hesychast movement) പിന്നീടു 'ചുമ്മായിരുപ്പ്' (quietism) എന്നു പറഞ്ഞു ലത്തീൻകാർ ഈ സന്യാസപ്രസ്ഥാനത്തെ കളിയാക്കി. മനുഷ്യൻ പൂർണത പ്രാപിക്കണമെങ്കിൽ ഇച്ഛാശക്തിയെ ഇല്ലാതാക്കി, പൂർണനിഷ്ക്രിയത്വം പ്രാപിച്ചു സ്വത്വത്തെ മുഴുവനായി പരിത്യജിച്ച്, സർവ്വത്തെയും ഈശ്വരന് അധീനമാക്കി, സ്വർഗത്തെയോ നരക ത്തെയോ കാംക്ഷിക്കാതെ, നന്മയ്ക്കായോ തിന്മയ്ക്കായോ ദാഹി ക്കാതെ, നിഷ്കാമത മാത്രമല്ല നിഷ്കർമ്മതയും ഈശ്വരപ്രവൃത്തി യിലും ലയിച്ചിരിക്കണമെന്നുള്ള തത്വത്തെയാണ് 'ക്വയറ്റിസം' (quiet- ism) എന്നു പേർ പറയുന്നത്. 1687-ൽ റോമ്മായിലെ ഇന്നസന്റ് പതിനൊന്നാമൻ പാപ്പാ ഈ പ്രസ്ഥാനത്തെ കത്തോലിക്കാ സഭയിൽ ഔദ്യോഗിക പ്രഖ്യാപനംമൂലം നിരോധിച്ചു.

ആദ്ധ്യാത്മികതയെ സംബന്ധിച്ചിടത്തോളം കിഴക്കായാലും പടിഞ്ഞാറായാലും ഹിന്ദുവോ, മുസ്ലീമോ, ബൗദ്ധനോ, ക്രിസ്ത്യാനിയോ

www.malankaralibrary.com

ആരായാലും ഈശ്വരസേവനം വാഞ്ഛിക്കുന്നവർ പ്രത്യേകം ചിന്തിക്കേണ്ടുന്ന ഒരു പ്രശ്നം ഇതിൽ അന്തർഗതമായിരിക്കുന്നു. ഞാൻ പൂർണതയെ പ്രാപിച്ചാൽ മറ്റു പ്രശ്നങ്ങൾ താനേ പരിഹരിക്കപ്പെട്ടുകൊള്ളും എന്ന ചിന്താഗതി ഹൈന്ദവചിന്തയിൽ ശ്രീ ശങ്കരാചാര്യരുടെ വ്യാഖ്യാനപ്രകാരമുള്ള വേദാന്തത്തിൽ കാണുന്നുണ്ട്.

"ഓം പൂർണമദഃ പൂർണമിദം
പൂർണാത് പൂർണമുദച്യതേ
പൂർണസ്യ പൂർണമാദായ
പൂർണമേവാവശിഷ്യതേ"

എല്ലാവരും ഒരുമിച്ചു ശ്രേയസ്സിലേക്ക് ഉയരുന്നതാണ് നല്ലതെന്ന സർവോദയചിന്തയും അന്ത്യോദയചിന്തയും ഒരു വശത്തും, സകല പ്രശ്നങ്ങളുടെയും മൂലം നാനാത്വബോധമായതുകൊണ്ട് ബോധതലത്തിൽ മാത്രമേ പ്രശ്നമുള്ളുവെന്നും ബോധത്തിൽ 'അഹം ബ്രഹ്മാസ്മി' എന്ന പ്രജ്ഞയുയരുമ്പോൾ അന്യപ്രശ്നങ്ങൾ സിദ്ധനെ സംബന്ധിച്ചിടത്തോളം താനേ തിരോധാനം ചെയ്തുകൊള്ളുമെന്നുമുള്ള ശങ്കരചിന്ത മറുവശത്തും ഉള്ളതുകൊണ്ട് രണ്ടും തമ്മിൽ പൊരുത്തപ്പെടുത്തിക്കൊണ്ടു പോകാൻ പ്രയാസമാണ്.

ക്രിസ്തീയ പാരമ്പര്യത്തിലുള്ള സമീപനം ഇവ രണ്ടും ഒരുപോലെ ആവശ്യമാണെന്നുള്ളതാണ്. രാത്രി മുഴുവൻ നിശ്ശബ്ദനായിരുന്നു പ്രാർത്ഥിക്കുകയും പകൽ ഉദയം മുതൽ അസ്തമയം വരെ അദ്ധ്വാനിച്ച് ദരിദ്രരെ പോഷിപ്പിക്കുകയും രോഗികളെ രോഗമുക്തരാക്കുകയും അറിവില്ലാത്തവരെ പഠിപ്പിക്കുകയുമാണ് ക്രിസ്തുഭഗവാൻ ചെയ്തത്. തന്റെ ശിഷ്യന്മാരെയും അതുതന്നെയാണ് പഠിപ്പിച്ചത്.

സഭ എന്ന ക്രിസ്തുവിന്റെ ശരീരത്തിൽ ഇതു രണ്ടും നടക്കണം. നിശ്ശബ്ദധ്യാനവും നിരന്തരപ്രാർത്ഥനയും ഒരു വശത്തും തളർച്ചയില്ലാത്ത മനുഷ്യസേവനം മറുവശത്തും ഉണ്ടായിരിക്കണം. സഭ എന്ന ക്രിസ്തുശരീരത്തിൽ ചിലർ പ്രാർത്ഥനയുടെ സേവനത്തിനായി പ്രത്യേകം വിളിക്കപ്പെട്ടവരും, മറ്റു ചിലർ മനുഷ്യാവകാശങ്ങളെ സേവിക്കുന്നതിനുവേണ്ടി വിളിക്കപ്പെട്ടവരുമാണ്. പക്ഷേ തികച്ചും വ്യതിരിക്തമായ ഒരു 'ജോലിതിരിക്കൽ' (division of labour) അല്ലിത്. പ്രാർത്ഥനയ്ക്ക് പ്രാധാന്യം കൊടുക്കുന്നവൻ മനുഷ്യസേവനം ചെയ്യേണ്ടതില്ല. മനുഷ്യ

www.malankaralibrary.com

സേവനത്തിനു പ്രാധാന്യം കൊടുക്കുന്നവൻ പ്രാർത്ഥിക്കേണ്ട ആവശ്യമില്ല എന്നു പഠിപ്പിക്കുന്നില്ലല്ലോ.

ക്രിസ്തുഭഗവാൻതന്നെയാണു ക്രൈസ്തവർക്കു മാർഗദർശക മായ ഉദാഹരണം. പ്രാർത്ഥനയും പ്രവൃത്തിയും ഒരാളുടെ രണ്ടു കൈകൾ പോലെ പ്രവർത്തിക്കണം. സ്നേഹമില്ലെങ്കിൽ പ്രാർത്ഥന കൊണ്ടും പ്രവർത്തനംകൊണ്ടും ഫലമൊന്നുമില്ലെന്നു പൗലോസ് അപ്പോസ്തോലൻ പറയുന്നു.

ഹെസിക്കാസ പ്രസ്ഥാനത്തിൽ സ്നേഹത്തിനു വലിയ സ്ഥാനം തന്നെ കൊടുക്കുന്നുണ്ടെന്ന് ഈ പുസ്തകത്തിൽനിന്നു വ്യക്തമാകും. ലോകത്തെ പിറകിൽ തള്ളിയിട്ട ആഥോസിലെ വിശുദ്ധ ഗിരിയിലെ താപസവര്യന്മാർ കരുപ്പിടിപ്പിച്ച ഈ ഹെസിക്കാസ പ്രസ്ഥാനം അനേകരെ ഭഗവത്ദർശനത്തിലേക്കു വഴികാണിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ഈ പ്രസ്ഥാനത്തിന്റെ അന്തരാത്മാവു ശങ്കരവേദാന്ത ത്തിന്റെ ആത്മാവിനോടു വളരെയടുത്താണ്. പക്ഷേ ഇന്നത്തെ ഭാരത ത്തിൽ എട്ടാം ശതാബ്ദത്തിലെ ആദിശങ്കരന്റെയും പതിനാലാം ശതക ത്തിലെ ആഥോസ് സന്യാസികളുടെയും ആദ്ധ്യാത്മികത അതേപടി പകർത്താനൊക്കുമോ എന്നു സംശയമാണ്. ഈ സംശയത്തിന്റെ പിറകിൽക്കിടക്കുന്നത് 'സത്യമെന്താണ്' എന്നു പീലാത്തോസ് ചോദിച്ച ചോദ്യംതന്നെയാണ്. പിന്നീടുണ്ടാകുന്ന അനുഭവംകൊണ്ടു പരിവർത്തനം ഭവിക്കാത്തതേതോ അതാണു സത്യം എന്നാണു ശങ്കര വേദാന്തത്തിലെ നിർവചനം. പരിവർത്തനമുള്ളതു സത്യമല്ലെങ്കിൽ പ്രപഞ്ചവും ചരിത്രവും മുഴുവൻ അസത്യമാണെന്നു വരും.

പാരമാർത്ഥികസത്തയും വ്യാവഹാരികസത്തയും തമ്മിൽ വേർ തിരിക്കുന്നതുമൂലം ശങ്കരവേദാന്തം ഈ പ്രശ്നം പരിഹരിക്കാൻ ശ്രമി ക്കുന്നു. പക്ഷേ, പാരമാർത്ഥികസത്തയാകുന്ന ബ്രഹ്മം മായാവിക്ഷേ പവും അവിദ്യാവരണവുംകൊണ്ടു വ്യാവഹാരികസത്തയായി കാണ പ്പെടുന്നതു മാത്രമേയുള്ളുവെങ്കിൽ, ചരിത്രം, കാലം, ലോകം മുഴുവൻ അസത്യമാണെന്നുവരും. കാരണം മായയും അവിദ്യയും നീങ്ങി ക്കഴിയുമ്പോൾ ഈവകയൊന്നും പിന്നെ കാണുകയില്ലല്ലോ.

ഏറെക്കുറെ ഈ ചിന്തതന്നെയാണു ഹെസിക്കാസത്തിന്റെ (നിശ്ശബ്ദതാ സന്യാസപ്രസ്ഥാനത്തിന്റെ) അടിത്തറയെന്നു

www.malankaralibrary.com

തോന്നുന്നു. ഇന്ന് ഏതു മതത്തിലായാലും ആദ്ധ്യാത്മികതയെ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം പരമാർത്ഥികസത്തയെയും വ്യാവഹാരികസത്തയെയും സത്യത്തോടു ഘടിപ്പിച്ച്, കാലികവും കാലാതീതവുമായ സത്യങ്ങളെ പരസ്പരം ബന്ധപ്പെടുത്തുകയെന്നതാണ്. ഈ പരസ്പരബന്ധം ഒട്ടും ഇല്ലാത്ത മതം മനുഷ്യരെ വഴിതെറ്റിക്കുന്നതാകാൻ വഴിയുണ്ട്.

ഇതു സംബന്ധമായ ഒരു നല്ല ചർച്ചയിലേക്കും ധ്യാനത്തിലേക്കും നയിക്കുവാൻ ഈ ഉത്തമഗ്രന്ഥം സഹായിക്കട്ടെ.

**ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്**

കോട്ടയം
മെയ് 10, 1983

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| 1. | **മഹാനായ വിശുദ്ധ അന്തോണി** | 32 |
| | മനുഷ്യസ്വഭാവത്തെയും ധർമ്മനിഷ്ഠമായ ജീവിതത്തെയും കുറിച്ച് 170 പാഠങ്ങൾ | 35 |
| 2. | **ഏകാന്തതാപസനായ വിശുദ്ധ യശയ്യ** | 79 |
| | മനസ്സിനെ സുരക്ഷിതമാക്കുന്നതു സംബന്ധിച്ച ഇരുപത്തിയേഴ് പാഠങ്ങൾ | 81 |
| 3. | **താപസനായ ഇവാഗ്രിയോസ്** | 91 |
| | ഏകാന്തജീവിതത്തിൽ സന്ന്യാസത്തെയും നിശ്ശബ്ദതയെയുംപറ്റിയുള്ള പഠനം | 95 |
| | വികാരങ്ങളുടെയും വിചാരങ്ങളുടെയും വിവേചനത്തെക്കുറിച്ചുള്ള ലേഖനങ്ങൾ | 107 |
| | ജാഗ്രതയെക്കുറിച്ചുള്ള ലേഖനങ്ങളിൽനിന്ന് ചില ഭാഗങ്ങൾ | 130 |
| | പ്രാർത്ഥനയെക്കുറിച്ചുള്ള നൂറ്റിയമ്പത്തിമൂന്ന് പാഠങ്ങൾ | 132 |
| 4. | **വിശുദ്ധ ജോൺ കാസിയാനോസ്** | **159** |
| | എട്ടു തിന്മകളെക്കുറിച്ച് ബിഷപ്പ് കാസ്റ്ററിനുവേണ്ടി എഴുതപ്പെട്ടത് | 161 |
| | സ്കെറ്റിസിലെ വിശുദ്ധ പിതാക്കന്മാരെക്കുറിച്ചും വിവേചനത്തെക്കുറിച്ചും | 194 |
| 5. | **വിശുദ്ധ മർക്കോസ് എന്ന താപസശ്രേഷ്ഠൻ** | 219 |
| | ആത്മീയനിയമത്തെക്കുറിച്ച് ഇരുനൂറു പാഠങ്ങൾ | 221 |
| | പ്രവൃത്തികളിലൂടെ തങ്ങൾ നീതിമാന്മാരായിരിക്കുന്നു എന്നു കരുതുന്നവരെക്കുറിച്ച്: 226 പാഠങ്ങൾ | 245 |
| | നിക്കൊളാസ് എന്ന ഏകാന്ത താപസ്വിക്കുള്ള കത്ത് | 282 |
| 6. | **വിശുദ്ധ ഹെസിക്കിയോസ് എന്ന പുരോഹിതൻ** | 305 |
| | ആത്മീയ ജാഗരണത്തെയും വിശുദ്ധിയെയും കുറിച്ച് തിയോഡുലസിനുവേണ്ടി എഴുതപ്പെട്ടത് | 307 |
| 7. | **വിശുദ്ധ നെയ്ലോസ് എന്ന താപസ ശ്രേഷ്ഠൻ** | 366 |
| | തപോജീവിതസമീക്ഷ | 367 |
| 8. | **ഫോതികിയിലെ വിശുദ്ധ ഡയഡോക്കസ്** | 445 |
| | ആത്മീയജ്ഞാനവും വിവേചനശക്തിയും നൂറു പാഠങ്ങൾ | 448 |
| 9. | **കാർപതോസിലെ വിശുദ്ധ യോഹന്നാൻ** | 514 |
| | തനിക്ക് എഴുതിയ ഇന്ത്യയിലെ സന്ന്യാസിമാർക്ക് പ്രോത്സാഹനം നല്കുന്നതിനുവേണ്ടി: നൂറ് പാഠങ്ങൾ | 515 |
| | ഇന്ത്യയിൽനിന്നുള്ള മേല്പറഞ്ഞ സന്ന്യാസിമാരുടെ അപേക്ഷയനുസരിച്ച് നല്കപ്പെട്ട ആത്മീയോപദേശം | 553 |
| 10. | **ലഘുനിഘണ്ടു** | 561 |


www.malankaralibrary.com



**St. Antony the Great**

**മഹാനായ വിശുദ്ധ അന്തോണി**

www.malankaralibrary.com

# മഹാനായ വിശുദ്ധ അന്തോണി

## ആമുഖക്കുറിപ്പ്

'സന്ന്യാസികളുടെ പിതാവ്' എന്ന് അറിയപ്പെടുന്ന മഹാനായ വിശുദ്ധ അന്തോണി, ഏകദേശം എ. ഡി. 251-ാം ആണ്ടോടുകൂടി മദ്ധ്യ ഈജിപ്തിൽ ജനിച്ചു. ക്രിസ്ത്യാനികളായിരുന്ന കൃഷീവലന്മാരായിരുന്നു മാതാപിതാക്കൾ. എ. ഡി. 269-ൽ, അദ്ദേഹത്തിന് 18 വയസ്സുണ്ടായിരുന്നപ്പോൾ പള്ളിയിൽവച്ച് വായിച്ചുകേട്ട സുവിശേഷഭാഗം, തന്നോട് ഇപ്രകാരം പറയുന്നതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു: 'പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക, പിന്നെ വന്ന് എന്നെ അനുഗമിക്കുക'. ആദ്യം അദ്ദേഹം തന്റെ ഗ്രാമത്തിനു സമീപം ജീവിച്ചിരുന്ന ഒരു ഏകാന്തവാസിയുടെ മാർഗ്ഗനിർദ്ദേശത്തിനു കീഴിൽ തപശ്ചര്യയുടെ ഒരു ജീവിതം ആരംഭിച്ചു. പിന്നീട് പരിപൂർണ്ണമായ ഏകാന്തതയിൽ ജീവിക്കുന്നതിനുവേണ്ടി 33-ാം വയസ്സിൽ ഒറ്റയ്ക്കു മരുഭൂമിയിലേക്കു പോയി. അദ്ദേഹത്തിന്റെ കീർത്തി ഒട്ടേറെ അനുയായികളെ ആകർഷിച്ചു. അവർ അദ്ദേഹത്തിനു സമീപം വന്ന് താവളമടിച്ചു. അവരുടെ ആദ്ധ്യാത്മികപിതാവായി സേവനം അനുഷ്ഠിക്കുന്നതിനുവേണ്ടി 21 വർഷങ്ങൾക്കുശേഷം അതായത് എ. ഡി. 305-ൽ അദ്ദേഹം തന്റെ ഏകാന്തവസതിയിൽനിന്നു പുറത്തുവന്നു. എന്നാൽ പിന്നീട് അഞ്ചു വർഷങ്ങൾക്കുശേഷം വീണ്ടും ഏകാന്തതയിലേക്കു തന്നെ പിൻവാങ്ങുകയാണുണ്ടായത്. രണ്ടു പ്രാവശ്യമെങ്കിലും അദ്ദേഹം അലക്സാണ്ഡ്രിയാ സന്ദർശിച്ചതായി കാണുന്നുണ്ട്. ക്രിസ്ത്യാനികൾക്കെതിരെയുണ്ടായ മതപീഡനകാലത്തും, അത്തനേഷ്യസ് മെത്രാനെ പാഷാണ്ഡതയ്ക്ക് എതിരായി പിന്താങ്ങുന്നതിനുവേണ്ടിയും. എ. ഡി. 356-ൽ 105-ാമത്തെ വയസ്സിൽ അദ്ദേഹം മൃതിയടഞ്ഞു. വിശുദ്ധ അത്തനേഷ്യസ് ആണ് അദ്ദേഹത്തിന്റെ ജീവചരിത്രം രചിച്ചത്. സന്ന്യാസ

www.malankaralibrary.com

ജീവിതത്തിന്റെ ആദർശങ്ങൾ ക്രിസ്തീയലോകത്തിൽ ഉടനീളം പ്രചരിപ്പിക്കുന്നതിൽ ഈ ജീവചരിത്രം വളരെയേറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

മനുഷ്യസ്വഭാവത്തെയും ധർമ്മനിഷ്ഠമായ ജീവിതത്തെയും കുറിച്ച് എന്ന രചന ഈജിപ്തിൽ ജീവിച്ചിരുന്ന വിശുദ്ധ അന്തോണി തന്നെ (251–356) എഴുതിയതാണെന്ന് വിശുദ്ധ നിക്കോദിമോസ് കരുതുന്നു; കാലഗണന അനുസരിച്ച് ഗ്രീക്ക് ഫിലോകാലിയായുടെ തുടക്കത്തിൽ ചേർത്തിരിക്കുന്നതും ഈ ലേഖനംതന്നെയാണ്. അഗാധമായ ആത്മീയചിന്ത വെളിപ്പെടുത്തുന്ന നിരവധി ഭാഗങ്ങളുണ്ട് ഈ ലേഖനത്തിൽ. അതുകൊണ്ടാവാം വിശുദ്ധ നിക്കോദിമോസ് ഈ കൃതിയെ ഫിലോകാലിയായിൽ ചേർത്തിരിക്കുന്നത്. (ഇതിന്റെ ഉത്ഭവം ക്രിസ്ത്യൻ ചിന്തയിൽനിന്നല്ല എന്നും സ്റ്റോയിക്, പ്ലേറ്റോനിക് തത്ത്വചിന്തകരുടെ ആശയങ്ങൾ സംഗ്രഹിച്ച് രൂപപ്പെടുത്തിയിട്ടുള്ള ഒന്നാണിതെന്നും സെനക്കെ, എപ്പിക്ടെറ്റസ്, മാർക്കസ് ഒറേലിയസ്, സലസ്റ്റിയസ് തുടങ്ങിയ ഒന്നാം നൂറ്റാണ്ടു മുതൽ നാലാം നൂറ്റാണ്ടു വരെയുള്ള തത്വചിന്തകരുടെ ചിന്തകളുമായി ഇവയ്ക്ക് അടുത്ത ബന്ധമുണ്ടെന്നു കരുതുന്നവരുമുണ്ട്.)

ഈ ലേഖനത്തിലുടനീളം കാണുന്ന മാനവദർശനം ക്രിസ്തീയതയെക്കാൾ സ്റ്റോയിക് അഥവാ പ്ലേറ്റോനിക് സമ്പ്രദായത്തിലുള്ളതാണ്. മനുഷ്യന്റെ പതനത്തെക്കുറിച്ചോ ദൈവകൃപയിലുള്ള മനുഷ്യന്റെ ആശ്രയത്തെക്കുറിച്ചോ ഇവിടെ പ്രതിപാദിക്കുന്നില്ല; ആത്മാവിന് മോചനത്തിന്റെ ആവശ്യമില്ല, മറിച്ച് തന്നിലുള്ള ദൈവിക ശക്തിയാൽ അതിന് സ്വയമേവ ദൈവത്തിലേക്ക് അടുക്കാൻ കഴിയുമെന്നാണ് ഈ ദർശനത്തിന്റെ സാരം. ശരീരം ആത്മാവിന് വിരുദ്ധമാണെന്നും അത് മനുഷ്യന്റെ യഥാർത്ഥ ഭാഗമല്ല, മറിച്ച് ഒരു വസ്ത്രമെന്നപോലെ ഉരിഞ്ഞു കളയേണ്ടതാണെന്നും (പാഠം 81) അവസാനം ശരീരവും രക്ഷിക്കപ്പെടും എന്ന പരോക്ഷസൂചനയുണ്ടെങ്കിലും അത് വെറുക്കപ്പെടേണ്ട എതിരാളിയാണെന്നും അദ്ദേഹം കരുതുന്നു. അന്തർലീനമായ ദുഷ്ടതയായി പദാർത്ഥങ്ങളെ അദ്ദേഹം കണക്കാക്കുന്നു (പാഠം 50,89).

www.malankaralibrary.com

## മനുഷ്യസ്വഭാവത്തെയും ധർമ്മനിഷ്ഠമായ ജീവിതത്തെയും കുറിച്ച് നൂറ്റിയെഴുപത് പാഠങ്ങൾ

1. മനുഷ്യരെ പലപ്പോഴും ബുദ്ധിമാന്മാരെന്ന് വിശേഷിപ്പിക്കുന്നത് തെറ്റായാണ്. ധാരാളം അറിവ് നേടിയിട്ടുള്ളവരോ പുരാതനജ്ഞാനികളുടെ ഗ്രന്ഥം വായിച്ചിട്ടുള്ളവരോ അല്ല ബുദ്ധിമാന്മാർ; മറിച്ച് ബുദ്ധിയുള്ള ആത്മാവും, നന്മയും തിന്മയും തിരിച്ചറിയാനുള്ള കഴിവുമുള്ളവരാണ് ബുദ്ധിമാന്മാർ. അവർ പാപകരമായ പ്രവൃത്തികളിൽ നിന്നും ആത്മാവിന് ദോഷം ചെയ്യുന്ന കാര്യങ്ങളിൽനിന്നും അകന്നു നിൽക്കുന്നു. അവർ ദൈവത്തോട് കൃതജ്ഞത പുലർത്തുകയും നന്മ നിറഞ്ഞതും ആത്മാവിന് ഗുണകരവുമായ പ്രവൃത്തികളിൽ ഉറച്ചു നിൽക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ ഇവരെയാണ് ബുദ്ധിമാന്മാരെന്ന് വിളിക്കേണ്ടത്.

2. വാസ്തവത്തിൽ ബുദ്ധിമാനായ ഒരാൾക്ക് ഒരേയൊരു കാര്യത്തിലായിരിക്കും താല്പര്യമുണ്ടായിരിക്കുക; എല്ലാത്തിന്റെയും കർത്താവായ ദൈവത്തെ അനുസരിക്കുകയും അവിടുത്തോട് അനുരൂപമാകുകയും ചെയ്യുക എന്ന കാര്യത്തിൽ. ഈ ഒരൊറ്റ ലക്ഷ്യത്തോടെ അയാൾ തന്റെ ആത്മാവിനെ അച്ചടക്കം പരിശീലിപ്പിക്കുകയും തന്റെ ജീവിതയാത്രയിൽ എന്തൊക്കെ പ്രതിസന്ധികളുണ്ടായാലും ദൈവം തന്റെ പരിപാലനയാൽ വസ്തുക്കളെ ക്രമീകരിച്ചതിന് അവിടുത്തേക്ക് നന്ദി പറയുകയും ചെയ്യുന്നു. അരുചികരമായ മരുന്നുകൾ നൽകി ശരീരത്തിന്റെ രോഗം ഭേദമാക്കുന്ന ഭിഷഗ്വരന്മാരോട് നന്ദിയുണ്ടായിരിക്കുകയും അതേസമയം അസുഖകരമാണെന്നു തോന്നുമെങ്കിലും നമ്മുടെ നന്മയ്ക്കുവേണ്ടി അവിടുത്തെ പരിപാലനയാൽ, സംഭവിക്കുന്ന പല കാര്യങ്ങളുടെയും പേരിൽ ദൈവത്തോട് കൃതഘ്നത കാട്ടുകയും ചെയ്യുന്നത് ശരിയല്ല. ദൈവത്തെക്കുറിച്ചുള്ള അറിവും അവിടുന്നിലുള്ള വിശ്വാസവുമാണ് ആത്മാവിന്റെ രക്ഷയും പരിപൂർണ്ണതയും.

3. നാം ദൈവത്തിൽനിന്നും സ്വീകരിച്ച ആത്മനിയന്ത്രണം, സഹനശക്തി, മിതത്വം, ആത്മധൈര്യം, ക്ഷമ തുടങ്ങിയ മഹത്തരവും

www.malankaralibrary.com

വിശുദ്ധവുമായ കഴിവുകൾ ശത്രുവിന്റെ ആക്രമണത്തെ ചെറുത്തു നിൽക്കാൻ നമ്മെ സഹായിക്കുന്നവയാണ്. ഈ സദ്ഗുണങ്ങൾ നാം വളർത്തിയെടുക്കുകയും അവ നമ്മുടെ അധീനതയിലാവുകയും ചെയ്താൽ നമുക്കു സംഭവിക്കുന്ന യാതൊന്നും വേദനാജനകമോ ദുഃഖകരമോ അസഹ്യമോ ആയിരിക്കുകയില്ല. അവയെല്ലാം മാനുഷിക മായ ബലഹീനതകൊണ്ടു സംഭവിക്കുന്നതാണെന്നും നമ്മിലുള്ള സുകൃതംകൊണ്ട് അവയെ കീഴടക്കാൻ സാധിക്കുമെന്നുള്ള ഉൾക്കാഴ്ച നമുക്കുണ്ടാവുകയും ചെയ്യും. അല്പബുദ്ധികൾ ഇതൊന്നും കാര്യ മാക്കുകയില്ല. നമുക്കു സംഭവിക്കുന്നവയെല്ലാം നമ്മുടെ നന്മയ്ക്കാ യിട്ടുള്ളതാണെന്നും, നമ്മുടെ സുകൃതങ്ങൾ കൂടുതൽ തിളക്കമാർന്ന വയാകാനും ദൈവത്താൽ കിരീടമണിയിക്കപ്പെടാനും അവ ഉപകരിക്കു മെന്നും ഇക്കൂട്ടർ മനസ്സിലാക്കുന്നില്ല.

4. ഭൗതികസമ്പത്തുക്കൾ നേടുക, അവ ധാരാളിത്തത്തോടെ ഉപയോഗിക്കുക തുടങ്ങിയ കാര്യങ്ങൾ വെറുമൊരു താൽക്കാലിക ഭ്രമം മാത്രമാണ് എന്ന് നിങ്ങൾ അറിഞ്ഞിരിക്കണം; ദൈവഹിതത്തോട് അനുരൂപപ്പെട്ടുകൊണ്ടുള്ള സുകൃതസമ്പന്നമായ ജീവിതം സർവ്വ സമ്പത്തിനെയും അതിശയിക്കുന്നതാണ്. നിങ്ങൾ ഇതേക്കുറിച്ച് ഗഹനമായി ചിന്തിക്കുകയും അത് മനസ്സിൽ നിരന്തരം കാത്തുസൂക്ഷി ക്കുകയും ചെയ്താൽ, അതൃപ്തി പ്രകടിപ്പിക്കുകയോ ആവലാതി പ്പെടുകയോ ആരെയും പഴിക്കുകയോ ചെയ്യുകയില്ല. പിന്നെയോ, കീർത്തിയിലും സമ്പത്തിലും ആശ്രയിക്കുന്നവർ നിങ്ങളെക്കാൾ മോശക്കാരാണെന്നു കണ്ടുകൊണ്ട് എല്ലാറ്റിനും ദൈവത്തിന് നന്ദി പറയുകയായിരിക്കും ചെയ്യുക. സമ്പത്തിനോടുള്ള ആഗ്രഹം, പ്രശസ്തിയിലുള്ള താല്പര്യം, അജ്ഞത എന്നിവ ആത്മാവിനെ ദുഷിപ്പിക്കുമെന്ന് നാം മനസ്സിലാക്കണം.

5. ബുദ്ധിമാനായ മനുഷ്യൻ സ്വയം പരിശോധിച്ചുകൊണ്ട്, തന്റെ ആത്മാവിന് അനുയോജ്യവും പ്രയോജനകരവുമായ കാര്യങ്ങൾ ഏവയെന്നും അനുയോജ്യമല്ലാത്തവ ഏവയെന്നും നിർണയിക്കും. അങ്ങനെ തന്റെ ആത്മാവിന് അന്യവും ഉപദ്രവകരവും, തന്നെ അന ശ്വരതയിൽനിന്നും വേർപെടുത്തുന്നതുമായവയെ അവൻ ഒഴിവാക്കും.

6. ഒരുവൻ എത്രമാത്രം ലളിതജീവിതം നയിക്കുന്നുവോ അയാൾ അത്രമാത്രം സന്തുഷ്ടനായിരിക്കും. എന്തെന്നാൽ അടിമകൾ, കൃഷി

www.malankaralibrary.com

വലന്മാർ, കന്നുകാലിപ്പറ്റങ്ങൾ മുതലായവയുടെ ചുമതലകൾ അയാളെ അലട്ടുകയില്ല. എന്നാൽ, ഇത്തരം കാര്യങ്ങളോട് ബന്ധപ്പെട്ടിരിക്കുകയും അവയിൽനിന്നും ഉളവാകുന്ന പ്രശ്നങ്ങളാൽ തളരുകയും ചെയ്യുമ്പോൾ നാം ദൈവത്തെ പഴിക്കും. അങ്ങനെ നമ്മുടെ യഥാർത്ഥ സത്ത എന്താണെന്നറിയാതെ, നമ്മുടെ ദുശ്ശാഠ്യം നിറഞ്ഞ ആഗ്രഹങ്ങളാൽ മരണത്തെ വളർത്തിയെടുക്കുകയും പാപപൂർണ്ണമായ ഒരു ജീവിതത്തിന്റെ അന്ധകാരത്തിൽ ലക്ഷ്യമില്ലാതെ അലഞ്ഞുതിരിയുകയും ചെയ്യും.

7. സുകൃതസമ്പന്നമായ ജീവിതത്തിൽ എത്തിച്ചേരുക അസാദ്ധ്യമാണെന്ന് ആരും പറയരുത്; അതത്ര എളുപ്പമല്ല എന്നുവേണം പറയുവാൻ. അതിൽ എത്തിച്ചേരുന്നവർക്കുപോലും അത് നിലനിർത്തുക ബുദ്ധിമുട്ടാണ്. അർപ്പണബോധമുള്ളവരും ദൈവസ്നേഹം ആസ്വദിക്കുന്ന മനസ്സോടുകൂടിയവരുമാണ് സുകൃതജീവിതത്തിൽ പങ്കുചേരുന്നവർ. സാധാരണ ബുദ്ധി, ലൗകികവും ചഞ്ചലവുമാണ്. അതിനാൽ അത് സദ്ചിന്തകളെയും ദുശ്ചിന്തകളെയും പുറപ്പെടുവിക്കുന്നു. കാരണം അത് പ്രകൃത്യാ അസ്ഥിരമായതിനാൽ ഭൗതികവസ്തുക്കളിലേക്ക് തിരിയുന്നതാണ്. എന്നാൽ, ദൈവസ്നേഹം ആസ്വദിക്കുന്ന മനസ്സാകട്ടെ, മനുഷ്യന്റെ ഉപേക്ഷമൂലം സ്വമേധയാ ഉയർന്നുവരുന്ന തിന്മയെ നിഗ്രഹിക്കുന്നു.

8. നിരക്ഷരരും മണ്ടന്മാരുമായവർ ബോധനത്തെ പരിഹസിക്കുന്നവരാണ്, അത് സ്വീകരിക്കാൻ അവർ ആഗ്രഹിക്കുന്നുമില്ല. കാരണം അവരുടെ സംസ്കാരശൂന്യതയെ അത് വെളിപ്പെടുത്തും. അതിനാൽ എല്ലാവരും തങ്ങളെപ്പോലെ ആകണമെന്നാണ് അവരുടെ ആഗ്രഹം. അതുപോലെതന്നെ, തങ്ങളുടെ ജീവിതവാസനകളാൽ ദുരാചാരികളായവർ, മറ്റുള്ളവർ തങ്ങളെക്കാൾ മോശക്കാരാണെന്നു തെളിയിക്കാൻ വ്യഗ്രതപ്പെടുന്നവരാണ്. തങ്ങൾക്കു ചുറ്റുമുള്ള പാപികളെ അപേക്ഷിച്ച് തങ്ങൾ നിഷ്കളങ്കരാണെന്നാണ് അവരുടെ ഭാവം. ശിഥിലമായ ആത്മാവ് കലുഷമായതാണ്. അതിന്റെ ദുഷ്ടതയാൽ അത് നശിച്ചുപോകുന്നു. എന്തെന്നാൽ ദുരാചാരം, അഹങ്കാരം, അതിമോഹം, രോഷം, കടുംകോപം, ചിത്തഭ്രമം, കൊലപാതകം, അസംതൃപ്തി, അസൂയ, ദുരാഗ്രഹം, അത്യാഗ്രഹം, തന്നോടുതന്നെയുള്ള സഹതാപം, കള്ളംപറയൽ, വിഷയാസക്തി, അലസത, വൈമനസ്യം,

www.malankaralibrary.com

അധൈര്യം, ദൂഷിതാവസ്ഥ, വെറുപ്പ്, ആക്ഷേപസ്വഭാവം, ദൗർബല്യം, വ്യാമോഹം, അജ്ഞത, വഞ്ചന, ദൈവസ്മൃതിലോപം എന്നിവയാണ് അതിന്റെ ഉള്ളിലുള്ളത്. നികൃഷ്ടമായ ആത്മാവ് ദൈവത്തിൽനിന്ന് അകലുമ്പോൾ ഈവക തിന്മകളാൽ പീഡിപ്പിക്കപ്പെടുന്നു.

9. സുകൃതസമ്പന്നവും വിശുദ്ധവുമായ ജീവിതപരിശീലനം ലക്ഷ്യം വച്ചിട്ടുള്ളവർ, തങ്ങൾക്കില്ലാത്ത ഭക്തിയുണ്ടെന്നു ഭാവിച്ച് ശിക്ഷാവിധിക്കു പാത്രമാകരുത്. ചിത്രകാരന്മാരെയും ശില്പികളെയും പോലെ, അവർ തങ്ങളുടെ പ്രവൃത്തിയിലൂടെ അവരുടെ സുകൃതവും വിശുദ്ധിയും വെളിപ്പെടുത്തുകയും, കെണികളിൽ നിന്നെന്നപോലെ ദുഷിച്ച അഭിലാഷങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കുകയും വേണം.

10. സമ്പന്നകുടുംബത്തിലെ ഒരാൾക്ക് ആന്തരികമായ അച്ചടക്കവും തന്റെ ജീവിതവീഥിയിൽ യാതൊരു നന്മയുമില്ലെങ്കിൽ, അയാൾ തിന്മയുടെ സ്വാധീനത്തിലാണെന്ന് ആത്മീയജ്ഞാനമുള്ളവർ പറയും; എന്നാൽ ആത്മാവിന് അച്ചടക്കവും തന്റെ ജീവിതത്തിൽ നന്മയുമുള്ള, ദരിദ്രനോ അടിമയോ ആയ ഒരാൾ അനുഗൃഹീതനാണെന്ന് കരുതാം. അപരിചിതമായ പ്രദേശങ്ങളിൽ സഞ്ചരിക്കുന്നവർക്ക് വഴിതെറ്റുന്നതു പോലെ ധർമ്മിഷ്ഠമായ ജീവിതശൈലിയില്ലാത്തവർ ആഗ്രഹങ്ങളാൽ വഴിതെറ്റിക്കപ്പെടുകയും അങ്ങനെ പൂർണ്ണമായി നശിക്കുകയും ചെയ്യും.

11. അറിവില്ലാത്തവർക്ക് പരിശീലനം നല്കുകയും ബോധനം ഇഷ്ടപ്പെടാൻ അവരെ പ്രേരിപ്പിക്കുകയും അവർക്ക് ശിക്ഷണം നല്കുകയും ചെയ്യുന്നവരെ, മനുഷ്യരാശിയെ രൂപപ്പെടുത്തുന്നവർ എന്നു വിളിക്കാം. അതുപോലെതന്നെ, ദുർമാർഗ്ഗികളെ നവീകരിച്ച് ദൈവഹിതത്തിന് അനുരൂപമായ രീതിയിൽ സുകൃതസമ്പന്നമായ ജീവിതത്തിലേക്ക് അവരെ പരിവർത്തനം ചെയ്യിക്കുന്നവരെയും ഇപ്രകാരംതന്നെ വിളിക്കുവാൻ സാധിക്കും. എന്തെന്നാൽ സൗമ്യശീലവും ആത്മനിയന്ത്രണവുമാണ് മനുഷ്യാത്മാക്കൾക്കുള്ള അനുഗ്രഹവും ഭഗ്ദമായ പ്രത്യാശയും.

12. ഒരുവൻ, കലർപ്പില്ലാത്ത രീതിയിൽ സുകൃതസമ്പന്നമായ ജീവിതം പരിശീലിക്കാൻ ശ്രമിക്കണം. കാരണം അതു നേടിക്കഴിയുമ്പോൾ ദൈവജ്ഞാനം ആർജ്ജിക്കാൻ അയാൾക്കു സാധിക്കും. ഒരുവൻ പൂർണ്ണഹൃദയത്തോടെ വിശ്വാസപൂർവ്വം ദൈവത്തെ ആരാധിക്കുമ്പോൾ, ദൈവപരിപാലനയാൽ, കോപത്തെയും മോഹത്തെയും

www.malankaralibrary.com

നിയന്ത്രിക്കാനുള്ള കഴിവു നേടുന്നു. എന്തെന്നാൽ, കോപവും മോഹവുമാണ് എല്ലാ തിന്മകളുടെയും കാരണം.

13. ആത്മീയവിവേകം സ്വായത്തമാക്കുകയോ തിരുത്തപ്പെടാൻ ആഗ്രഹിക്കുയോ ചെയ്യുന്നവനാണ് മനുഷ്യൻ. തിരുത്തപ്പെടാത്തവൻ മനുഷ്യനല്ല. അത്തരക്കാരെ ഒഴിവാക്കണം. കാരണം അവർ ദുർവൃത്തിയിൽ ജീവിക്കുന്നവരാണ്. അതിനാൽ അനശ്വരത കൈവരിക്കാൻ അവർക്കൊരിക്കലും സാധിക്കുകയില്ല.

14. ബുദ്ധിവൈഭവം, യഥാർത്ഥത്തിൽ പ്രവർത്തനനിരതമായിരിക്കുമ്പോഴാണ് നാം പരമാർത്ഥത്തിൽ മനുഷ്യനെന്നു വിളിക്കപ്പെടുന്നത്. അത് പ്രവർത്തനനിരതമാകാത്തപ്പോൾ, നമ്മുടെ ശരീരപ്രകൃതത്തിലും സംസാരശേഷിയിലും മാത്രമാണ് നാം മൃഗങ്ങളിൽനിന്നും വ്യത്യസ്തരായിരിക്കുന്നത്. ബുദ്ധിമാനായ മനുഷ്യൻ, താൻ അനശ്വരനാണെന്നു മനസ്സിലാക്കി മനുഷ്യനിൽ മരണത്തിനു കാരണമാകുന്ന ലജ്ജാകരമായ സകല ആഗ്രഹങ്ങളെയും വെറുക്കുന്നു.

15. ഓരോ കൈത്തൊഴിൽ വിദഗ്ദ്ധനും താൻ ഉപയോഗിക്കുന്ന വസ്തുവിലൂടെയാണ് സ്വന്തം വൈദഗ്ദ്ധ്യം തെളിയിക്കുന്നത്; ഒരാൾ തടിയിലാണെങ്കിൽ മറ്റൊരാൾ ചെമ്പിലും മൂന്നാമതൊരാൾ സ്വർണ്ണത്തിലും വെള്ളിയിലും തങ്ങളുടെ കഴിവ് പ്രകടമാക്കുന്നു. ഇതുപോലെ തന്നെ, വിശുദ്ധജീവിതത്തെക്കുറിച്ച് പഠിച്ചിട്ടുള്ളവരായ നാം കേവലം ബാഹ്യപ്രകടനത്തിലൂടെയല്ല മനുഷ്യരാണെന്നു കാണിക്കേണ്ടത്. പ്രത്യുത, നമ്മുടെ ആത്മാവിന്റെ ബുദ്ധിവൈഭവത്തിലൂടെയാണ്. യഥാർത്ഥത്തിൽ ബുദ്ധിവൈഭവമുള്ള, ദൈവസ്നേഹം ആസ്വദിക്കുന്ന ആത്മാവ് ജീവിതത്തിലെ എല്ലാക്കാര്യങ്ങളും ഞൊടിയിടയിൽ നേർവഴിക്കു മനസ്സിലാക്കുന്നു. അത് സ്നേഹപൂർവ്വം ദൈവപ്രീതി നേടാൻ യത്നിക്കുകയും ആത്മാർത്ഥമായി അവിടുത്തേക്കു നന്ദി പറയുകയും പൂർണ്ണശക്തിയോടെ ദൈവത്തെ കാംക്ഷിക്കുകയും ചെയ്യുന്നു.

16. കപ്പലോടിക്കുമ്പോൾ, മണൽത്തട്ടിലും പാറയിടുക്കുകളിലും ചെന്ന് ഇടിക്കാതിരിക്കാൻവേണ്ടി നാവികർ ചില ചിഹ്നങ്ങൾ ഉപയോഗിക്കാറുണ്ട്. ഇപ്രകാരംതന്നെ, പരിശുദ്ധമായ ഒരു ജീവിതം ആഗ്രഹിക്കുന്നവരും, എന്തൊക്കെ ചെയ്യണം, എന്തൊക്കെ ഉപേക്ഷിക്കണം

www.malankaralibrary.com

എന്നതിനെക്കുറിച്ച് ശ്രദ്ധാപൂർവ്വം വിലയിരുത്തേണ്ടത് ആവശ്യമാണ്. തങ്ങളുടെ ആത്മാവിൽനിന്നും ദുശ്ചിന്തകളെ വിച്ഛേദിച്ചുകൊണ്ട്, തങ്ങളുടെ ഉന്നമനത്തിനുവേണ്ടി ശരിയും ദിവ്യവുമായ നിയമങ്ങൾ നിലവിലുണ്ടെന്ന് അവർ ഗ്രഹിക്കണം.

17. കപ്പിത്താന്മാരും തേര് ഓടിക്കുന്നവരും പരിശീലനത്തിലൂടെയും പരിശ്രമത്തിലൂടെയുമാണ് തങ്ങളുടെ ജോലിയിൽ വൈദഗ്ദ്ധ്യം നേടുന്നത്. ഇതേരീതിയിൽ വിശുദ്ധജീവിതം ആഗ്രഹിക്കുന്നവരും ദൈവത്തിന്റെ ഇച്ഛയ്ക്കനുസൃതമായ കാര്യങ്ങൾ ചെയ്യാൻ പഠിക്കുകയും പരിശീലിക്കുകയും വേണം. ഇതു സാദ്ധ്യമാണെന്നു ഗ്രഹിച്ചുകൊണ്ട്, അതിനായി അഭിലഷിക്കുന്നവന് ഈ വിശ്വാസം വഴി അനശ്വരത നേടാനാവും.

18. ഉയർന്ന പദവികൾമൂലം പുറമെ സ്വതന്ത്രമായി കാണപ്പെടുന്നവരെയല്ല യഥാർത്ഥത്തിൽ സ്വതന്ത്രരെന്നു കരുതേണ്ടത്; മറിച്ച്, സ്വഭാവത്തിലും മാർഗ്ഗദർശനത്തിലും സ്വതന്ത്രരായവരെയാണ്. അധികാരപദവിയിലിരിക്കുന്ന ദുഷ്ടരും ദുർമാർഗ്ഗികളുമായവരെ നാം സ്വതന്ത്രർ എന്നു വിളിക്കാൻ പാടില്ല, കാരണം ലൗകികവികാരങ്ങൾക്ക് അടിമപ്പെട്ടവരാണവർ. കലർപ്പില്ലാത്ത ശുദ്ധതയിലും നശ്വരവസ്തുക്കളിൽനിന്നുള്ള വിരക്തിയിലുമാണ് ആത്മാവിന്റെ സ്വാതന്ത്ര്യവും സന്തോഷവും അടങ്ങിയിരിക്കുന്നത്.

19. നിങ്ങളുടെ ധാർമ്മികമായ ജീവിതത്തിലൂടെയും പ്രവൃത്തിയിലൂടെയും നിങ്ങൾ മറ്റുള്ളവർക്ക് മാതൃകയായിരിക്കണം എന്ന വസ്തുത നിരന്തരം ഓർമ്മിക്കണം. രോഗികൾ കഴിവുള്ള ഭിഷഗ്വരന്മാരെ കണ്ടെത്തുകയും തിരിച്ചറിയുകയും ചെയ്യുന്നത് അവരുടെ വാക്കുകളിൽനിന്നല്ല; മറിച്ച് പ്രവൃത്തിയിൽനിന്നാണ്.

20. ഒരുവന്റെ നോട്ടം, നടപ്പ്, സംഭാഷണം, ചിരി, അയാൾ സമയം ചെലവഴിക്കുന്ന വിധം, അയാളുടെ സുഹൃത്തുക്കൾ എന്നിവയിൽനിന്നും അയാളുടെ ആത്മാവിന്റെ വിശുദ്ധിയും വിവേകവും മനസ്സിലാക്കാം. ഇവ ഓരോന്നും മാറ്റത്തിനു വിധേയമാവുകയും ആന്തരിക സൗന്ദര്യത്തെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ സ്നേഹം അനുഭവിക്കുന്ന മനസ്സ് ശ്രദ്ധാലുവായ കാവൽക്കാരനാണ്; അത് തിന്മയ്ക്കും അശുദ്ധചിന്തകൾക്കും പ്രവേശനം നിഷേധിക്കുന്നു.

www.malankaralibrary.com

21. നിങ്ങളുടെ ആന്തരികസ്വഭാവത്തെ പരിശോധിക്കുക; മാനുഷിക അധികാരികൾക്ക് ശരീരത്തിന്മേലല്ലാതെ ആത്മാവിന്റെമേൽ യാതൊരു അധികാരവും ഇല്ലെന്ന വസ്തുത എപ്പോഴും ഓർമ്മിക്കുക. ആയതിനാൽ, കൊലപാതകമോ ദുഷ്ടതയോ, അനീതിയോ ആത്മാവിനെ ദുഷിപ്പിക്കുന്നതോ ആയ എന്തെങ്കിലും ചെയ്യാൻ അവർ നിങ്ങളോട് ആജ്ഞാപിച്ചാൽ, അവർ നിങ്ങളുടെ ശരീരത്തെ പീഡിപ്പിച്ചാൽ പോലും, നിങ്ങൾ അവരെ അനുസരിക്കേണ്ടതില്ല. എന്തെന്നാൽ, ദൈവം ആത്മാവിനെ സ്വതന്ത്രമായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്, നന്മയും തിന്മയും തിരിച്ചറിയാനുള്ള കഴിവും അതിനു നല്കിയിട്ടുണ്ട്.

22. ബുദ്ധിശാലിയായ ആത്മാവ്, പിശാചിന്റെ പ്രവർത്തനങ്ങളും മനുഷ്യന്റെ ദുരുദ്ദേശങ്ങളുമായ അപഥം, വ്യാമോഹം, അഹന്ത, വഞ്ചന, അസൂയ, അത്യാഗ്രഹം തുടങ്ങിയവയിൽനിന്നെല്ലാം സ്വതന്ത്രമാകാൻ പരിശ്രമിക്കും. ഒരുവന്റെ ആഗ്രഹം ദുർമോഹങ്ങളിലേക്ക് തിരിയാതിരിക്കുമ്പോൾ നിരന്തരമായ പഠനത്തിലൂടെയും പരിശീലനത്തിലൂടെയും എല്ലാക്കാര്യങ്ങളും വിജയകരമായി ആർജ്ജിക്കുവാൻ അയാൾക്കു സാധിക്കും.

23. സ്വയം താഴ്ത്തിക്കൊണ്ടുള്ള ലളിതമായ ജീവിതം നയിക്കുന്നവർ അപകടങ്ങളിൽനിന്നും മോചിതരായിത്തീരുന്നു. അവർക്ക് ഒരു സംരക്ഷണത്തിന്റെയും ആവശ്യമില്ല. എല്ലാ ആഗ്രഹങ്ങളെയും കീഴടക്കുന്നതിലൂടെ, ദൈവത്തിലേക്കു നയിക്കുന്ന പാത എളുപ്പത്തിൽ കണ്ടെത്താൻ അവർക്കു സാധിക്കുന്നു.

24. ബുദ്ധിമാന്മാരായവർക്ക് അധികം സംഭാഷണം കേൾക്കേണ്ട ആവശ്യമില്ല. തങ്ങൾക്ക് പ്രയോജനപ്രദവും ദൈവഹിതത്തിന് അനുയോജ്യവുമായ കാര്യങ്ങൾ മാത്രമേ അവർ കേൾക്കേണ്ടതുള്ളൂ. എന്തെന്നാൽ, ഇപ്രകാരം ചെയ്യുന്നതിലൂടെ മാത്രമേ മനുഷ്യർക്കു ജീവനും നിത്യവെളിച്ചവും വീണ്ടെടുക്കുവാൻ സാധിക്കുകയുള്ളൂ.

25. ദൈവത്തിന്റെ സ്നേഹം ആസ്വദിച്ചുകൊണ്ട് വിശുദ്ധജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവർ വ്യർത്ഥാഭിമാനത്തിൽനിന്നും പൊള്ളയും മിഥ്യയുമായ അഹന്തയിൽനിന്നും തങ്ങളെത്തന്നെ വിടുവിക്കണം. തങ്ങളുടെ ജീവിതശൈലിയെയും ചിന്തയെയും നേർവഴിക്കു കൊണ്ടുവരാൻ അവർ ശ്രമിക്കേണ്ടതുണ്ട്. കാരണം

www.malankaralibrary.com

ദൈവസ്നേഹം നിശ്ചലതയോടെ ആസ്വദിക്കുന്ന മനസ്സ്, ദൈവത്തിലേക്ക് ആരോഹണം ചെയ്യാനുള്ള മാർഗ്ഗമായിത്തീരുന്നു.

26. ദൈവഹിതത്തിനു വിധേയവും സ്വീകാര്യവുമാണ് ഒരുവന്റെ ആത്മാവിന്റെ പ്രവൃത്തികൾ എന്നുണ്ടെങ്കിൽ മാത്രമേ അയാൾ തത്ത്വശാസ്ത്രവും മറ്റും പഠിക്കുന്നതുകൊണ്ട് പ്രയോജനമുണ്ടാകൂ. എല്ലാ തിന്മയുടെയും കാരണം മിഥ്യാബോധവും ആത്മവഞ്ചനയും ദൈവത്തെക്കുറിച്ചുള്ള അജ്ഞതയുമാണ്.

27. ജീവിതവിശുദ്ധിയെക്കുറിച്ചുള്ള ശ്രദ്ധയും ഒപ്പം ആത്മാവിനെക്കുറിച്ചുള്ള ജാഗരൂകതയുമാണ് ഒരുവനെ നന്മയിലേക്കും ദൈവത്തിലേക്കും നയിക്കുന്നത്. ദൈവത്തെ അന്വേഷിക്കുന്നവൻ, നിരന്തരമായ പ്രാർത്ഥനയിലൂടെ സർവ്വ ആഗ്രഹങ്ങളെയും കീഴടക്കുന്നതുവഴി അവിടുത്തെ കണ്ടെത്തുന്നു. അങ്ങനെയുള്ള ഒരാൾ പിശാചുക്കളെ ഭയപ്പെടുന്നില്ല.

28. ലൗകികമായ പ്രതീക്ഷകളാൽ വ്യാമോഹിതരായിത്തീർന്നവരും വിശുദ്ധമായ ജീവിതം തത്ത്വപരമായി മാത്രം പരിശീലിക്കാനറിയാവുന്നവരും ഔഷധങ്ങളും വൈദ്യോപകരണങ്ങളും എങ്ങനെ ഉപയോഗിക്കണമെന്ന് അറിയാതെ, അതേക്കുറിച്ചു പഠിക്കാൻ പരിശ്രമിക്കാതെ, അവയെ കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നവരെപ്പോലെയാണ്. അതിനാൽ നമ്മുടെ പാപകരമായ പ്രവൃത്തികൾക്ക്, നമ്മുടെ ജന്മത്തെയോ മറ്റാരെയെങ്കിലുമോ കുറ്റപ്പെടുത്താൻ പാടില്ല, നമ്മെത്തന്നെയാണ് നാം കുറ്റപ്പെടുത്തേണ്ടത്. എന്തെന്നാൽ, ഉദാസീനത തിരഞ്ഞെടുക്കുന്ന ആത്മാവിന് പ്രലോഭനത്തെ അതിജീവിക്കാൻ സാധിക്കുകയില്ല.

29. നന്മയെയും തിന്മയെയും തമ്മിൽ വേർതിരിച്ചറിയാൻ കഴിയാത്ത ഒരാൾക്ക് മറ്റുള്ളവരെ നല്ലവരെന്നും ചീത്തയാളുകളെന്നും വിധിക്കാൻ അവകാശമില്ല. ദൈവത്തെക്കുറിച്ച് അറിയുന്നവനാണ് നല്ല ആൾ. ഒരാൾ നല്ലതല്ലെങ്കിൽ അയാൾ ദൈവത്തെക്കുറിച്ച് ഒരിക്കലും അറിയുകയില്ല; എന്തെന്നാൽ ദൈവത്തെ അറിയാനുള്ള വഴി നന്മയാണ്.

30. ദൈവസ്നേഹം അനുഭവിക്കുന്നവരും നല്ലവരുമായ ആളുകൾ ദുഷ്പ്രവൃത്തികൾ ചെയ്യുന്നവരെ മുഖംനോക്കി ശകാരിക്കുന്നു. എന്നാൽ അവരുടെ അസാന്നിദ്ധ്യത്തിൽ നല്ല ആളുകൾ അവരെ കുറ്റപ്പെടുത്തുകയോ, കുറ്റപ്പെടുത്താൻ മറ്റുള്ളവരെ അനുവദിക്കുകയോ ഇല്ല.

www.malankaralibrary.com

31. മറ്റുള്ളവരുമായി സംസാരിക്കുമ്പോൾ യാതൊരു കാരണ വശാലും നമ്മുടെ സംഭാഷണം പരുക്കനാകരുത്; എന്തെന്നാൽ, വിനയവും ആത്മനിയന്ത്രണവും, ഒരു പെൺകുട്ടിയെ എന്നതിനെ ക്കാൾ അധികമായി, ബുദ്ധിമാനായ മനുഷ്യനെ അഴകുള്ളവനാക്കുന്നു. ശരീരത്തിൽ പ്രശോഭിക്കുന്ന സൂര്യപ്രകാശം എന്നപോലെ, ദൈവ സ്നേഹം ആസ്വദിക്കുന്ന മനസ്സ്, ആത്മാവിന്റെ മേൽ ജ്വലിക്കുന്ന പ്രകാശമായിത്തീരുന്നു.

32. നിങ്ങളുടെ ആത്മാവിൽ ഏതു തരത്തിലുള്ള വികാരം ഉയർന്നു വന്നാലും, ശരിയായ തീരുമാനമെടുക്കുന്നവരും തങ്ങൾക്കുള്ളവ സുരക്ഷിതമായി കാത്തുസൂക്ഷിക്കാൻ ആഗ്രഹിക്കുന്നവരും നശ്വരമായ ഭൗതികവസ്തുക്കൾ നേടുന്നതിലല്ല, പ്രത്യുത ശരിയായ വിശ്വാസ പ്രമാണങ്ങളിലാണ് ആനന്ദിക്കുന്നതെന്ന് ഓർമ്മിക്കണം. ഇതാണ് അവരെ സന്തോഷഭരിതരാക്കുന്നത്. എന്തെന്നാൽ, കൂടുതൽ ശക്ത ന്മാരായ ആളുകൾക്കേ ഒരാളിന്റെ സ്വത്ത് ബലമായി പിടിച്ചെടുത്ത് അപഹരിക്കാൻ കഴിയൂ; അതേസമയം ആത്മാവിന്റെ വിശുദ്ധിയാകട്ടെ, അപഹരിക്കപ്പെടാനാവാത്തതും, മരണാനന്തരം നമ്മെ രക്ഷിക്കുന്നതു മായ ഏക സ്വത്താണ്. ഈ സത്യം മനസ്സിലാക്കുന്നവരെ, സമ്പത്തിനെ ക്കുറിച്ചുള്ള സങ്കല്പങ്ങളും മറ്റു സന്തോഷങ്ങളും വഞ്ചിക്കുകയില്ല.

33. ചപലസ്വഭാവമുള്ളവരും ആത്മീയപരിശീലനം കിട്ടാത്തവരു മായ ആളുകൾ ബുദ്ധിമാന്മാരുമായി യുക്തിവാദം നടത്തരുത്. ബുദ്ധി മാനായ ഒരാൾ ദൈവത്തോട് അനുരൂപനാവുകയും അധികസമയവും നിശ്ശബ്ദനായിരിക്കുകയും ചെയ്യും, സംസാരിക്കുമ്പോഴാകട്ടെ ആവശ്യ മുള്ളതും ദൈവത്തിന് സ്വീകാര്യമായതുമായ വളരെക്കുറച്ചു വാക്കുകൾ മാത്രമായിരിക്കും അയാൾ സംസാരിക്കുന്നത്.

34. ദൈവസ്നേഹം ആസ്വദിച്ചുകൊണ്ട് വിശുദ്ധ ജീവിതത്തിന്റെ പാത പിന്തുടരുന്നവർ ആത്മാവിന്റെ സുകൃതങ്ങളെ പോഷിപ്പിക്കുന്നു. കാരണം ആത്മാവാണ് അവരുടെ സമ്പന്നതയും അനന്തമായ സന്തോഷവും. ദൈവഹിതമനുസരിച്ച് തങ്ങൾക്കു ലഭിക്കുന്ന താൽക്കാലിക സന്തോഷങ്ങളെ അവർ സ്വീകരിക്കുന്നു. ഇവ അപൂർവ്വ മാണെങ്കിലും അവർ സന്തോഷത്തോടും കൃതജ്ഞതയോടും കൂടെ യാണ് സ്വീകരിക്കുന്നത്. രുചികരമായ ഭക്ഷണം ശരീരത്തെ പോഷിപ്പി ക്കുന്നു. എന്നാൽ ദൈവത്തെക്കുറിച്ചുള്ള അറിവ്, ആത്മനിയന്ത്രണം,

www.malankaralibrary.com

നന്മ, കാരുണ്യം, ഭക്തി, സൗമ്യത എന്നീ സദ്ഗുണങ്ങൾ ആത്മാവിനെ ദൈവീകരിക്കുന്നു.

35. ദുഷിച്ചതും ആത്മനാശകവുമായ പ്രവൃത്തികൾ ചെയ്യാൻ ആളുകളെ നിർബ്ബന്ധിക്കുന്ന ഭരണാധികാരികൾക്ക് വാസ്തവത്തിൽ ആത്മാവിന്റെ മേൽ യാതൊരു അധികാരവുമില്ല; സ്വന്തമായ ഇച്ഛാശക്തിയോടെയാണ് ആത്മാവ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അവർക്ക് ശരീരത്തെ ബന്ധിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ തീരുമാനം എടുക്കുവാനുള്ള പ്രാപ്തിയെ തടയാനാവില്ല. സ്രഷ്ടാവായ ദൈവം മാത്രമാണ് തന്റെ ആത്മാവിനെ നിയന്ത്രിക്കുന്നതെന്ന് വിവേകശാലിയായ ഒരുവൻ കരുതുന്നു. അതിനാൽ അയാളാണ് ഏതൊരു ഭരണാധികാരിയേക്കാളും ശക്തനും ബലവാനും.

36. തങ്ങളുടെ കുട്ടികൾ, പരിചാരകർ, പണം, സ്വത്ത് തുടങ്ങിയവയൊക്കെ നഷ്ടപ്പെടുന്നത് നിർഭാഗ്യമാണെന്നു കരുതുന്നവർ ആദ്യം മനസ്സിലാക്കേണ്ടത് ദൈവം നൽകുന്നതെന്തോ അതിൽ സംതൃപ്തരായിരിക്കേണ്ടവരാണ് തങ്ങൾ എന്നാണ്; അങ്ങനെ തങ്ങൾക്കു ലഭിച്ചത് തിരികെ നല്കേണ്ടിവരുമ്പോൾ, അത് തങ്ങളിൽനിന്നും തിരികെ എടുക്കുന്നതിൽ അല്പംപോലും കോപിക്കാതെ കൃതജ്ഞതാപൂർവ്വം തിരികെ നല്കുന്നതിന് അവർ സന്നദ്ധരാകണം. തങ്ങൾക്ക് സ്വന്തമല്ലാത്തത്, ഇത്രയുംകാലം അനുഭവിക്കാൻ നല്കപ്പെട്ടവ, ഇപ്പോൾ അവർ തിരികെ നല്കുകയാണ്.

37. നല്ലവനായ ഒരാൾ എത്ര വലിയ തുക വാഗ്ദാനം ചെയ്താലും തന്റെ ആന്തരികസ്വാതന്ത്ര്യം വില്ക്കാൻ തയ്യാറാവില്ല. ഈ ലോകജീവിതത്തിലെ വസ്തുക്കളെല്ലാം ഒരു സ്വപ്നം മാത്രമാണ്. സ്വത്തിനെക്കുറിച്ചുള്ള സങ്കല്പങ്ങൾ അനിശ്ചിതവും വളരെ പെട്ടെന്ന് നശിക്കുന്നതുമാണ്.

38. യഥാർത്ഥ മനുഷ്യത്വമുള്ളവർ തങ്ങളുടെ വിശുദ്ധജീവിതം മറ്റുള്ളവർക്ക് മാതൃകയാക്കുന്നതിനുവേണ്ടി വിശുദ്ധിയും ദൈവസ്നേഹവും നേടാനായി പ്രയത്നിക്കണം. വെളുത്ത കുപ്പായങ്ങൾ ധരിക്കുന്നവർ അതിന്മേൽ മറ്റുള്ളവരെ പെട്ടെന്ന് ആകർഷിക്കുന്ന ചുവപ്പ് വള്ളികളും നാടകളും വെച്ചുപിടിപ്പിക്കാറുണ്ട്. എങ്കിൽ, അതിലും എത്രയോ കൂടുതലായി ആത്മാവിന്റെ സുകൃതങ്ങളെ അവർ പോഷിപ്പിക്കേണ്ടതുണ്ട്.

www.malankaralibrary.com

39. വിവേകമതികളായ ആളുകൾ തങ്ങളുടെ കരുത്തിനെയും ആത്മാവിന്റെ ജാഗ്രതയെയും ശ്രദ്ധാപൂർവ്വം പരിശോധിക്കണം. ഇപ്രകാരം ദൈവം അവരുടെ പ്രകൃതത്തിൽ നിക്ഷേപിച്ചിരിക്കുന്ന കരുത്തിനനുസരിച്ച് അവർ വികാരങ്ങളെ ചെറുത്തുനിൽക്കണം. സൗന്ദര്യത്തെയും ആത്മാവിനു ഹാനികരമായ സകല ആഗ്രഹ ങ്ങളെയും ചെറുത്തുനിൽക്കുന്നത് ആത്മനിയന്ത്രണമാണ്. ഉറച്ച മനസ്സാണ് വേദനയെയും അഭിലാഷങ്ങളെയും ചെറുത്തുനിൽക്കു ന്നത്; സഹിഷ്ണുതയാണ് അപമാനത്തെയും കോപത്തെയും ചെറുത്തുനിൽക്കുന്നത്.

40. ഒരാൾക്ക് വളരെ പെട്ടെന്ന് നല്ലവനും വിവേകിയുമാകാനാവില്ല. കഠിനമായ പരിശ്രമം, ചിന്ത, പരിചയസമ്പത്ത്, സമയം, പരിശീലനം, സദ്കൃത്യങ്ങൾക്കായിട്ടുള്ള ആഗ്രഹം എന്നിവയിലൂടെ മാത്രമേ അതു നേടാനാവൂ. നല്ലവനും ദൈവസ്നേഹം അനുഭവിക്കുകയും ദൈവത്തെ യഥാർത്ഥത്തിൽ അറിയുകയും ചെയ്യുന്നവൻ ദൈവഹിത ത്തിന് അനുയോജ്യമായവ സസന്തോഷം നിർവ്വഹിക്കുന്നതിൽനിന്ന് ഒരിക്കലും വിരമിക്കുന്നില്ല. അത്തരം ആളുകൾ അപൂർവ്വമാണ്.

41. സൂക്ഷ്മബുദ്ധിയില്ലാത്തവർ നിരാശപ്പെടുകയോ ദൈവ സ്നേഹവും നന്മയും നിറഞ്ഞ ജീവിതം തങ്ങൾക്ക് ദുർഗ്രഹവും അപ്രാപ്യവുമാണെന്നു കരുതി വിഷമിക്കുകയോ ചെയ്യരുത്. പകരം തങ്ങളിലുള്ള കഴിവുകൾ വികസിപ്പിച്ചെടുക്കുവാനാണ് ശ്രമിക്കേണ്ടത്. പരിശീലനത്തിലൂടെയും ഉത്കർഷേച്ഛയിലൂടെയും നന്മയുടെയും രക്ഷയുടെയും ഏറ്റവും ഉയർന്ന തലത്തിലെത്താൻ കഴിഞ്ഞില്ലെ ങ്കിലും തങ്ങളുടെ അവസ്ഥ കുറച്ചെങ്കിലും മെച്ചപ്പെടുത്താൻ അങ്ങനെ അവർക്കു സാധിക്കും. ഇത് ആത്മാവിനെ സംബന്ധിച്ച് നിസ്സാരമായ നേട്ടമല്ല.

42. തന്റെ ബുദ്ധിവൈഭവംവഴി മനുഷ്യൻ അവാച്യവും ദിവ്യവു മായ ശക്തിയോട് ബന്ധപ്പെട്ടിരിക്കുന്നു; തന്റെ ശാരീരിക പ്രകൃത ത്തിലാകട്ടെ അവൻ മൃഗങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. വളരെ കുറച്ചുപേർക്കു മാത്രമേ -പരിപൂർണ്ണരും ബുദ്ധിശാലികളുമായവർ- തങ്ങളുടെ മനസ്സിനെ രക്ഷകനായ ദൈവത്തിൽ രൂഢമൂലമാക്കാനും അവിടുന്നുമായി ഐക്യപ്പെടാനും സാധിക്കുന്നുള്ളൂ. അവരുടെ പ്രവൃത്തികളിലൂടെയും ജീവിതവിശുദ്ധിയിലൂടെയും ഇതു വെളി പ്പെടുന്നു. എന്നാൽ ആത്മാവിൽ ഭോഷന്മാരായ പലരും ദിവ്യവും

www.malankaralibrary.com

അനശ്വരവുമായ പുത്രത്വം ഉപേക്ഷിച്ച്, ശരീരവുമായി മരണകരവും ഹ്രസ്വവും അപകടകരവുമായ ബന്ധത്തിൽ ഏർപ്പെടുന്നു. അവർ മൃഗങ്ങളെപ്പോലെ, ഭൗതികവസ്തുക്കളിൽ ശ്രദ്ധാലുക്കളായി, വിഷയാസക്തിക്ക് അടിമകളായി, ദൈവത്തിൽനിന്നും തങ്ങളെത്തന്നെ വേർപെടുത്തുന്നു. അവർ തങ്ങളുടെ മോഹങ്ങളാൽ ആത്മാവിനെ സ്വർഗ്ഗത്തിൽനിന്നും നരകത്തിലേക്കു വലിച്ചിടുന്നു.

43. ദിവ്യമായതിൽ ഭാഗഭാക്കായി അതിനോട് ഒന്നായിത്തീരുവാൻ അതീവശ്രദ്ധ പുലർത്തുന്ന ബുദ്ധിമാനായ മനുഷ്യൻ, ഒരിക്കലും ഭൗതികമോ നികൃഷ്ടമോ ആയ ഒരു കാര്യത്തിലും വ്യാപൃതനാവുകയില്ല. അയാളുടെ മനസ്സ് എപ്പോഴും സ്വർഗ്ഗീയവും നിത്യവുമായ കാര്യങ്ങളിലേക്ക് തിരിഞ്ഞിരിക്കും. മനുഷ്യൻ രക്ഷിക്കപ്പെടണമെന്നത് ദൈവത്തിന്റെ ഹിതമാകുന്നു എന്നും, അവിടുത്തെ ദിവ്യമായ ഈ ഹിതമാണ് സർവ്വ നന്മകളുടെയും, മനുഷ്യനു നല്കപ്പെട്ടിരിക്കുന്ന ശാശ്വതമായ അനുഗ്രഹങ്ങളുടെയും കാരണവും ഉറവിടവുമെന്ന് അയാൾക്ക് അറിയാം.

44. സത്യവും സ്വയം വെളിപ്പെടുത്തുന്നതുമായ കാര്യങ്ങളെക്കുറിച്ച് ആരെങ്കിലും തർക്കിക്കുകയും എതിർവാദം ഉന്നയിക്കുകയും ചെയ്യുന്നത് കാണുകയാണെങ്കിൽ, തർക്കം അവസാനിപ്പിച്ച് അവനെ വിട്ടുപോവുക. എന്തെന്നാൽ, അയാളുടെ ബുദ്ധി മരവിച്ചതാണ്. മലിന ജലം നല്ല വീഞ്ഞിനെ ചീത്തയാക്കുന്നതുപോലെ ഉപദ്രവകരമായ സംഭാഷണം സുകൃതസമ്പന്നമായ ജീവിതം നയിക്കുന്നവരെയും അവരുടെ സ്വഭാവത്തെയും ദുഷിപ്പിക്കും.

45. ശരീരത്തെ മരണത്തിൽനിന്നു രക്ഷിക്കാൻ നാം കഠിനമായി പരിശ്രമിക്കുന്ന നിലയ്ക്ക് ആത്മാവിനെ നാശത്തിൽനിന്നു രക്ഷിക്കാൻ നാം എത്രമാത്രം പ്രയത്നിക്കണം! രക്ഷിക്കപ്പെടാൻ ആഗ്രഹിക്കുന്ന മനുഷ്യന് അവഗണനയും ആത്മാവിന്റെ അലസതയുമല്ലാതെ മറ്റൊന്നും തടസ്സമായി നില്ക്കുന്നില്ല.

46. പ്രയോജനകരവും ഗുണകരവുമായ കാര്യങ്ങൾ ഉൾക്കൊള്ളാൻ മടിക്കുന്നവർ രോഗികളാണ്. എന്നാൽ അവ ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടും അനാവശ്യമായി തർക്കിക്കുന്നവരുടെ മനസ്സ് മരവിച്ചതാണ്. അവരുടെ പെരുമാറ്റം മൃഗീയമായിരിക്കും. അവർ ദൈവത്തെ അറിയുന്നില്ല. അവരുടെ ആത്മാവിന് പ്രകാശവുമില്ല.

www.malankaralibrary.com

47. നമ്മുടെ വ്യത്യസ്തമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടിയാണ് ദൈവം തന്റെ ലോഗൊസിലൂടെ (വചനത്തിലൂടെ) വിവിധ ഇനത്തിൽപ്പെട്ട മൃഗങ്ങളെ സൃഷ്ടിച്ചിട്ടുള്ളത്. ചിലത് നമുക്ക് ഭക്ഷണം നൽകുന്നു, മറ്റു ചിലത് നമുക്കുവേണ്ടി പണിയെടുക്കുന്നു. അവിടുന്നു മനുഷ്യനെ സൃഷ്ടിച്ചത്, അവയെയും അവയുടെ പ്രവർത്തനങ്ങളെയും നിരൂപിച്ച്, കൃതജ്ഞതയോടെ അവയുടെ മൂല്യം നിർണ്ണയിക്കുന്നതിനുവേണ്ടിയാണ്. അതിനാൽ ദൈവത്തെക്കുറിച്ചും അവിടുത്തെ പ്രവർത്തനത്തെക്കുറിച്ചും മനസ്സിലാക്കാതെ, ബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെ മനുഷ്യൻ മരിക്കാൻ ഇടയാവരുത്. ദൈവം സർവ്വശക്തനാണെന്നും ആർക്കും ദൈവത്തെ എതിർക്കാനാവില്ലെന്നും മനുഷ്യരക്ഷയ്ക്കുവേണ്ടി താൻ ഇച്ഛിക്കുന്നതെല്ലാം ദൈവം തന്റെ ലോഗൊസ് (വചനം) വഴി സൃഷ്ടിക്കുന്നുവെന്നും ഒരുവൻ മനസ്സിലാക്കണം.

48. സ്വർഗ്ഗവാസികൾ തങ്ങളിലുള്ള നന്മ നിമിത്തം അനശ്വരരാണ്, എന്നാൽ ഭൂവാസികളാകട്ടെ, തങ്ങൾ സ്വയം വരുത്തിവച്ച തിന്മ നിമിത്തം നശ്വരരായിത്തീർന്നു. ചിന്താശൂന്യരായ മനുഷ്യരിലേക്ക് തിന്മ കടന്നുവരുന്നത് അവരുടെ അലസതയിലൂടെയും ദൈവത്തെക്കുറിച്ചുള്ള അജ്ഞതയിലൂടെയുമാണ്.

49. മരണം, മനുഷ്യരാൽ മനസ്സിലാക്കപ്പെടുമ്പോൾ മരണമല്ല; എന്നാൽ, ഭോഷന്മാരാൽ മനസ്സിലാക്കപ്പെടാത്തപ്പോൾ അത് മരണമായിത്തീരുന്നു. ഈ മരണത്തെയല്ല, ദൈവത്തെക്കുറിച്ചുള്ള അജ്ഞതയാകുന്ന ആത്മനഷ്ടത്തെയാണ് നാം ഭയപ്പെടേണ്ടത്. ആത്മാവിന് സമൂലനാശം വരുത്തുന്നതാണിത്.

50. തിന്മയെന്നത് ഓരോ വസ്തുവിലും കാണപ്പെടുന്ന വികാരമാണ്; അതിനാൽ, തിന്മയേശാതെ ഒരു വ്യക്തിത്വം രൂപപ്പെടുക അസാദ്ധ്യമാണ്. ബുദ്ധിശാലിയായ ആത്മാവ്, ഇതു മനസ്സിലാക്കിക്കൊണ്ട് വസ്തുക്കളുടെ തിന്മനിറഞ്ഞ ഭാരത്തിൽനിന്നും തന്നെത്തന്നെ മോചിപ്പിക്കാൻ പരിശ്രമിക്കും. ഈ ഭാരത്തിൽനിന്നും അത് മോചിതമായിക്കഴിയുമ്പോൾ സർവ്വതിന്റെയും ദൈവത്തെ അറിയാൻ തുടങ്ങും, ശത്രുവിന് എന്നപോലെ ശരീരത്തിന് കീഴടങ്ങാതിരിക്കാൻ അത് ശ്രദ്ധിക്കും. അപ്പോൾ ശരീരത്തിന്റെ ദുർവ്വികാരങ്ങളെ തോല്പിച്ചതിന് ദൈവം ആത്മാവിനെ കിരീടമണിയിക്കും.

www.malankaralibrary.com

51. തിന്മയെ തിരിച്ചറിയാൻ തുടങ്ങുമ്പോൾ, ഒരു വൃത്തികെട്ട മൃഗത്തിന്റെ ഗന്ധത്തെയെന്നവണ്ണം ആത്മാവ് അതിനെ വെറുക്കാൻ തുടങ്ങുന്നു. എന്നാൽ തിന്മയെ തിരിച്ചറിയാൻ കഴിയാത്ത ഒരുവൻ അതിനെ സ്നേഹിക്കുകയും അതിന്റെ അടിമയായിരിക്കുകയും ചെയ്യുന്നു. നിർഭാഗ്യവാനും നികൃഷ്ടനുമായ മനുഷ്യൻ തന്റെ യഥാർത്ഥ താല്പര്യം എന്താണെന്നു കാണുകയോ മനസ്സിലാക്കുകയോ ചെയ്യാതെ തിന്മയെ അലങ്കാരമായി കരുതി സന്തോഷിക്കുന്നു.

52. ശുദ്ധമായ ആത്മാവ് അതിന്റെ ഉള്ളിലുള്ള നന്മയാൽ പ്രശോഭിക്കുന്നു, ദൈവം അതിനെ പ്രകാശിപ്പിക്കുന്നു. അപ്പോൾ മനസ്സ് നന്മയെന്തെന്ന് പൂർണ്ണമായി ഗ്രഹിക്കുകയും ദൈവഹിതത്തിനനുസൃതമായി ചിന്തിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു. എന്നാൽ ആത്മാവ് തിന്മയാൽ മലിനപ്പെടുമ്പോൾ, ദൈവം അതിൽനിന്നും അകന്നുപോകുന്നു. കൂടുതൽ ശരിയായി പറഞ്ഞാൽ ദൈവത്തിൽനിന്നും ആത്മാവ് തന്നെത്തന്നെ വേർപെടുത്തുന്നു. അപ്പോൾ പിശാചുക്കൾ അതിന്റെ ചിന്താധാരയിലേക്കു കടന്നുവന്ന് വ്യഭിചാരം, കൊലപാതകം, മോഷണം, ധർമ്മലംഘനം തുടങ്ങിയ പൈശാചിക പ്രവൃത്തികൾക്ക് വഴിയൊരുക്കുകയും അവ ചെയ്യാൻ ആത്മാവിനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

53. ദൈവത്തെ അറിയുന്നവരിൽ നല്ല ചിന്തകളാണ് ഉണ്ടാവുന്നത്; സ്വർഗ്ഗീയമായതിനെ ആഗ്രഹിക്കുന്ന അവർ ലൗകികവസ്തുക്കളെ വെറുക്കുന്നു. അവരെ അധികമാളുകളും ഇഷ്ടപ്പെടുന്നില്ല. അവരും കൂടുതൽ ആളുകളെ ഇഷ്ടപ്പെടുന്നില്ല. വിഡ്ഢികൾ ഇത്തരക്കാരെ വെറുക്കുകയും പരിഹസിക്കുകയും ചെയ്യുന്നു. ഇത്തരക്കാരുടെ ദരിദ്രാവസ്ഥയിൽനിന്നും സംഭവിക്കുന്നവയെല്ലാം ക്ഷമയോടെ സഹിച്ച് മറ്റുള്ളവർക്ക് മോശമെന്നു തോന്നുന്നതിനെ നല്ലതായി അവർ സ്വീകരിക്കുകയും ചെയ്യുന്നു. സർവ്വവും അവിടുത്തെ ഇച്ഛയുടെ സൃഷ്ടികളാണെന്നറിഞ്ഞ് സ്വർഗ്ഗീയമായതിനെക്കുറിച്ച് മനസ്സിലാക്കുന്നവൻ ദൈവത്തിൽ വിശ്വസിക്കുന്നു. സ്വർഗ്ഗീയമായതിനെക്കുറിച്ച് മനസ്സിലാക്കാത്തവൻ, ലോകം ദൈവത്തിന്റെ കരവേലയാണെന്നും അത് മനുഷ്യരക്ഷയ്ക്കായി സൃഷ്ടിക്കപ്പെട്ടതാണെന്നും ഒരിക്കലും വിശ്വസിക്കുകയില്ല.

54. തിന്മയുള്ളവരും അജ്ഞതയാൽ മത്തുപിടിച്ചവരും ദൈവത്തെ അറിയുന്നില്ല. അവരുടെ ആത്മാവ് ജാഗ്രത പുലർത്തുന്നുമില്ല. ദൈവം

www.malankaralibrary.com

ആത്മീയനാണ്; ആത്മാവ് ശരീരത്തിൽ വെളിപ്പെടുത്തുന്നതുപോലെ, ദൈവം അദൃശ്യനാണെങ്കിലും ദൃശ്യമായ വസ്തുക്കളിലൂടെ വെളിവാക്കപ്പെടുന്നുണ്ട്. ആത്മാവില്ലാതെ നിലനിൽക്കുക ശരീരത്തിനു അസാദ്ധ്യമാണെന്നതുപോലെ ദൃശ്യമായ വസ്തുക്കൾക്ക് അദൃശ്യനായ ദൈവത്തെക്കൂടാതെ നിലനിൽക്കാനാവില്ല.

55. എന്തിനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്? മനുഷ്യരാശിക്കുവേണ്ടി അവിടുന്ന് സൃഷ്ടിച്ച ജീവജാലങ്ങളെ കണ്ട് ദൈവത്തിന്റെ മഹത്ത്വം ഉദ്ഘോഷിക്കുന്നതിനുവേണ്ടിയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. ദൈവസ്നേഹത്തിനു പ്രത്യുത്തരം നല്കുന്ന മനസ്സാണ്, സദ്ഗുണങ്ങൾ നിറഞ്ഞ തങ്ങളുടെ ജീവിതത്തെ ദൈവത്തിനു നല്കുന്നവർക്ക് അവിടുന്നു നല്കുന്ന അദൃശ്യമായ അനുഗ്രഹം.

56. ശാരീരികസുഖങ്ങൾക്ക് അടിമപ്പെടാത്ത ഒരുവൻ സ്വതന്ത്രനാണ്; ശരിയായ ചിന്തയിലൂടെയും ആത്മനിയന്ത്രണത്തിലൂടെയും അയാൾ ശരീരത്തെ അടക്കിനിർത്തുകയും ശരിയായ കൃതജ്ഞതയിലൂടെ ദൈവം നൽകിയ വരദാനങ്ങളിൽ -അവ വളരെ കുറച്ചാണെങ്കിൽ പോലും- സംതൃപ്തിയടയുകയും ചെയ്യുന്നു. ദൈവസ്നേഹം അനുഭവിക്കുന്ന ബുദ്ധിയും ആത്മാവും ഒന്നിച്ചു നിൽക്കുമ്പോൾ തന്റെ ഇച്ഛയ്ക്കു വിപരീതമായവയിൽപോലും ശരീരം സമാധാനം അനുഭവിക്കുന്നു. ആത്മാവ് ഇച്ഛിക്കുന്നുവെങ്കിൽ ശാരീരിക ആവേശങ്ങളെ ഉന്മൂലനം ചെയ്യുവാൻ സാധിക്കും.

57. തങ്ങൾക്കു കേവലം നിലനില്പിനുവേണ്ടതു മാത്രംകൊണ്ട് ആളുകൾ തൃപ്തിപ്പെടാതെ കൂടുതൽ ആഗ്രഹിക്കുമ്പോൾ, അവർ ആത്മാവിനെ അസ്വസ്ഥമാക്കുന്ന വികാരങ്ങളുടെ അടിമകളായിത്തീരുന്നു. തങ്ങൾക്കുള്ളത് തീരെ അപര്യാപ്തമാണെന്ന ചിന്ത അവരെ അലട്ടുന്നു. ഓട്ടമത്സരത്തിൽ പങ്കെടുക്കുന്നവർക്ക് നീണ്ട കുപ്പായങ്ങൾ തടസ്സം സൃഷ്ടിക്കുന്നതുപോലെ ആവശ്യത്തിലധികം ലഭിക്കണമെന്ന ആഗ്രഹം പോരാടുന്നതിനോ രക്ഷിക്കപ്പെടുന്നതിനോ ഒരുവന്റെ ആത്മാവിനെ അനുവദിക്കുകയില്ല.

58. തനിക്ക് താല്പര്യമില്ലാത്ത ഏതു സാഹചര്യവും ഒരു മനുഷ്യന് തടവറയും ശിക്ഷയുമാണ്. അതിനാൽ നിങ്ങളിപ്പോൾ ഏതു സാഹചര്യത്തിലാണോ അതിൽ സംതൃപ്തിയടയുക. അല്ലാത്തപക്ഷം

www.malankaralibrary.com

കൃതഘ്നനായിരിക്കുന്നതുവഴി നിങ്ങൾ അറിയാതെതന്നെ നിങ്ങളെ ശിക്ഷിക്കുകയായിരിക്കും ചെയ്യുക. ഈ സംതൃപ്താവസ്ഥ നേടിയെടുക്കാൻ ഒരേയൊരു മാർഗ്ഗമേയുള്ളൂ: ലൗകികവസ്തുക്കളോടുള്ള വിരക്തി.

59. ദൃശ്യമായ വസ്തുക്കളെ തിരിച്ചറിയാൻവേണ്ടിയാണ് ദൈവം നമുക്ക് കാഴ്ചശക്തി തന്നിരിക്കുന്നത് -കറുപ്പ് എന്താണെന്നും വെളുപ്പ് എന്താണെന്നുമൊക്കെ- ഇതുപോലെതന്നെ, ആത്മാവിന് പ്രയോജനപ്രദമായവ തിരിച്ചറിയാനാണ് ദൈവം നമുക്ക് ബുദ്ധി തന്നിരിക്കുന്നത്. മനസ്സിനു നിരക്കാത്ത ആഗ്രഹങ്ങൾ വിഷയസുഖങ്ങളുണ്ടാക്കുന്നു, അത് രക്ഷയിൽനിന്നും ദൈവത്തോടുള്ള ഐക്യത്തിൽനിന്നും ആത്മാവിനെ തടയുന്നു.

60. പ്രകൃതിസഹജമായി സംഭവിക്കുന്നതൊന്നും പാപകരമല്ല; മനുഷ്യന്റെ ബോധപൂർവ്വമായ തിരഞ്ഞെടുപ്പിലൂടെയാണ് പാപമുണ്ടാകുന്നത്. ഭക്ഷണം കഴിക്കുന്നത് പാപമല്ല, നന്ദികൂടാതെ ഭക്ഷിക്കുന്നതും ദുശ്ചിന്തകളാൽ സ്വാധീനിക്കപ്പെടാതെ ശരീരത്തെ സജീവമായി കാത്തുസംരക്ഷിക്കാൻ പര്യാപ്തമായ വിധത്തിൽ ക്രമമായും മിതമായും ഭക്ഷിക്കാതിരിക്കുന്നതും പാപമാണ്. തന്റെ കണ്ണുകൾ ശുദ്ധമായ രീതിയിൽ ഉപയോഗിച്ച് കാഴ്ച കാണുന്നത് പാപമല്ല; എന്നാൽ അസൂയ, അഹന്ത, മതിവരാത്ത ആഗ്രഹങ്ങൾ എന്നീ വികാരങ്ങളോടെ എന്തിനെയെങ്കിലും നോക്കുന്നത് പാപമാണ്. സമാധാനപൂർവ്വമായി കേൾക്കുന്നത് പാപമല്ല; എന്നാൽ കോപത്തോടെ കേൾക്കുന്നതാകട്ടെ പാപവും. നാവുപയോഗിച്ച് പ്രാർത്ഥിക്കുകയും നന്ദിപറയുകയും ചെയ്യുന്നതിനു പകരം, പരദൂഷണത്തിലേക്ക് അതിനെ തിരിച്ചുവിട്ടാൽ അതു പാപമാണ്. കൈകൾ ഉപയോഗിച്ച് കാരുണ്യപ്രവൃത്തികൾക്കു പകരം കൊലപാതകമോ, മോഷണമോ ചെയ്യുന്നത് പാപമാണ്. ചുരുക്കിപ്പറഞ്ഞാൽ, ശരീരത്തിലെ ഓരോ അവയവത്തിന്റെയും പ്രവർത്തനം പാപകരമാവുന്നത്, മനുഷ്യന്റെ സ്വന്തം തിരഞ്ഞെടുപ്പിനാൽ, നന്മ ചെയ്യാതെ ദൈവഹിതത്തിനെതിരായി തിന്മ ചെയ്യുമ്പോഴാണ്.

61. ദൈവം നിങ്ങളുടെ ഓരോ പ്രവൃത്തിയും കാണുന്നുണ്ടെന്ന കാര്യത്തിൽ സംശയമുള്ളവർ ഒന്നു മനസ്സിലാക്കുക; നിങ്ങൾ ഒരു മനുഷ്യനും എന്നാൽ പൊടിയുമായിരുന്നിട്ടും എന്തുമാത്രം സ്ഥലങ്ങൾ ഒരേ സമയം കണ്ടു മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്.

www.malankaralibrary.com

ആ നിലയ്ക്ക്, മനുഷ്യന് കടുകുമണി ദൃഷ്ടിഗോചരമാവുന്ന തെങ്ങനെയോ അതുപോലെ സർവ്വ വസ്തുക്കളും ദൃഷ്ടിഗോചര മാകുന്ന ദൈവത്തിന് എത്രയോ അധികമായി എല്ലാറ്റിനെയും വീക്ഷി ക്കുവാൻ സാധിക്കും? അവിടുന്നുതന്നെയാണല്ലോ തന്റെ ഹിതാനു സാരം എല്ലാ സൃഷ്ടികൾക്കും ജീവനും ആഹാരവും നല്കുന്നത്.

62. വീടിന്റെ വാതിൽ അടച്ച് ഒറ്റയ്ക്കിരിക്കുമ്പോഴും നിങ്ങൾ ഒറ്റയ്ക്കല്ല, മറിച്ച് ദൈവം നിങ്ങൾക്കായി നിയോഗിച്ച മാലാഖ നിങ്ങ ളോടൊപ്പം ഉണ്ടെന്ന് അറിയുക; ഗ്രീക്കുകാർ ഓരോ വ്യക്തിയുടെയും ദേവത എന്നാണ് ഈ മാലാഖയെ വിളിക്കുന്നത്. ഉറക്കമില്ലാത്ത ഈ മാലാഖയെ കബളിപ്പിക്കാൻ സാധിക്കുകയില്ല. അവൻ സദാ നിങ്ങളോ ടൊപ്പമുണ്ട്; അവൻ എല്ലാം കാണുന്നു, അന്ധകാരത്താൽ യാതൊന്നും അവന്റെ ദൃഷ്ടിയിൽനിന്നും മറയ്ക്കപ്പെടുന്നില്ല. ദൈവം അവനോടു കൂടെയുമുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. അവിടുന്ന് സർവ്വവ്യാപി യാണ്. ദൈവസാന്നിദ്ധ്യമില്ലാത്ത ഒരു സ്ഥലവും ഒരു വസ്തുവും ഇല്ല. എന്തെന്നാൽ, അവിടുന്നാണ് എല്ലാറ്റിനെക്കാളും വലിയവൻ, മാനവ രാശിയെ ഒന്നാകെ അവിടുന്നു തന്റെ കൈക്കുമ്പിളിൽ വഹിക്കുന്നു.

63. തങ്ങളെ പോറ്റുന്ന സീസറിനോട് പട്ടാളക്കാർ വിശ്വസ്തരാ യിരിക്കുന്നെങ്കിൽ, നമുക്കുവേണ്ടി എല്ലാം സൃഷ്ടിച്ച ദൈവത്തിന് നിരന്തരം നന്ദിപറയാനും നിലയ്ക്കാത്ത ശബ്ദത്തോടെ അവിടുത്തെ സ്തുതിക്കാനും നാം എത്രമാത്രം ബദ്ധശ്രദ്ധരാകണം?

64. ദൈവത്തിനു പ്രീതികരനായ മനുഷ്യൻ പുറപ്പെടുവിക്കുന്ന ഫലങ്ങളാണ് സദ്ഗുണങ്ങൾ നിറഞ്ഞ ജീവിതവും ദൈവത്തോടുള്ള കൃതജ്ഞതയും. ഭൂമിയിലെ ഫലങ്ങൾ ഒരുനിമിഷംകൊണ്ടല്ല പാകമാ കുന്നത്. അതിന് സമയവും മഴയും ശ്രദ്ധയുമെല്ലാം ആവശ്യമാണ്. അതുപോലെതന്നെ മനുഷ്യരിലെ ഫലങ്ങളും തപശ്ചര്യ, പഠനം, സമയം, വിശ്വസ്തത, ആത്മനിയന്ത്രണം, ക്ഷമ എന്നിവയിലൂടെയാണ് പാകമാകുന്നത്. നിങ്ങളുടെ പ്രവൃത്തിപഥത്തിലൂടെ നിങ്ങൾ ഒരു ഭക്തനാണെന്ന് ആർക്കെങ്കിലും തോന്നുന്നുണ്ടെങ്കിൽ, നിങ്ങൾ ശരീര ത്തിൽ ആയിരിക്കുന്നിടത്തോളം കാലം അതു വിശ്വസിക്കരുത്, പ്രത്യുത, ദൈവത്തിനു പ്രീതികരമായി യാതൊന്നും നിങ്ങളിലില്ല എന്നുവേണം ചിന്തിക്കുവാൻ. കാരണം, അവസാനംവരെ പാപരഹിത നായിരിക്കുക ആർക്കും എളുപ്പമല്ല എന്നു നിങ്ങൾ മനസ്സിലാക്കണം.

www.malankaralibrary.com

65. വിവേകത്തെക്കാൾ മനുഷ്യനു വിലപ്പെട്ടതായി മറ്റൊന്നുമില്ല. വിവേകപൂർണ്ണമായ സംഭാഷണത്തിലൂടെയും കൃതജ്ഞതയിലൂടെയും ദൈവത്തെ ആരാധിക്കാൻ അതു നമ്മെ കഴിവുറ്റവരാക്കുന്നു. എന്നാൽ ദുഷിച്ചതോ അപവാദം പരത്തുന്നതോ ആയ സംസാരത്തിലൂടെ നാം നമ്മുടെ ആത്മാവിനെ ദുഷിപ്പിക്കുന്നു. ഒരുവന്റെ വാക്കുകളും പ്രവൃത്തികളും ദുഷിച്ചതായിരിക്കുന്നത് അവന്റെ സ്വന്തം തിരഞ്ഞെടുപ്പിന്റെ ഫലമായിരിക്കെ, തന്റെ പാപത്തിന്, താൻ പിറന്നുവീണ അവസ്ഥയെയോ മറ്റെന്തിനെയെങ്കിലുമോ പഴിക്കുന്നത് മന്ദബുദ്ധിയായ മനുഷ്യന്റെ സ്വഭാവ സവിശേഷതയാണ്.

66. നാം കണ്ടുമുട്ടുവാൻ സാദ്ധ്യതയുള്ള മനുഷ്യരുടെ പരിഹാസത്തിൽനിന്നും രക്ഷനേടുന്നതിനായി ശരീരത്തിന്റെ വികാരങ്ങളെ നാം നിയന്ത്രിക്കുന്നുവെങ്കിൽ ന്യായവിധിക്കായി ദൈവത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ, നാം അയോഗ്യരും പരിഹാസകരുമായി കാണപ്പെടാതിരിക്കാൻവേണ്ടി, എത്രയോ അധികമായി നാം നമ്മുടെ ആത്മാവിന്റെ വികാരങ്ങളെ നിയന്ത്രിക്കേണ്ടതുണ്ട്. നമുക്ക് സ്വതന്ത്രമായ ഇച്ഛാശക്തിയുള്ളതിനാൽ, ദുഷ്പ്രവൃത്തികൾ ചെയ്യാൻ ആഗ്രഹമുണ്ടായാലും അത് അവഗണിക്കാൻ നമുക്കു സാധിക്കും; ദൈവഹിതമനുസരിച്ച് ജീവിക്കാനുള്ള കഴിവ് നമ്മിലാണ് നിക്ഷിപ്തമായിരിക്കുന്നത്. നമ്മുടെ ഇച്ഛാശക്തിക്കെതിരായി പാപം ചെയ്യാൻ ആർക്കും നമ്മെ പ്രേരിപ്പിക്കാനാവില്ല. പാപത്തിനെതിരെയുള്ള ഈ പോരാട്ടത്തിലൂടെയാണ് ദൈവത്തെ സേവിക്കാനും സ്വർഗ്ഗത്തിലെ മാലാഖമാരെപ്പോലെ ജീവിക്കാനുമുള്ള അർഹത നാം നേടുന്നത്.

67. നിങ്ങൾക്കു വേണമെങ്കിൽ വികാരങ്ങളുടെ അടിമയായിക്കഴിയാം; വേണമെങ്കിൽ വികാരങ്ങൾക്ക് കീഴടങ്ങാതെ അതിൽനിന്നും മോചിതരാകാം. എന്തെന്നാൽ സ്വതന്ത്രമായ ഇച്ഛാശക്തിയോടെയാണ് ദൈവം നിങ്ങളെ സൃഷ്ടിച്ചിരിക്കുന്നത്, മാംസത്തിന്റെ വികാരങ്ങളെ അതിജീവിക്കുന്നവന് അനശ്വരതയുടെ കിരീടം ലഭിക്കും. ദുർവ്വികാരങ്ങൾ ഇല്ലായിരുന്നുവെങ്കിൽ സുകൃതങ്ങളും ഉണ്ടാകുമായിരുന്നില്ല. എങ്കിൽ, അർഹരായവർക്ക് സമ്മാനമായി ദൈവത്തിൽനിന്നും കിരീടം ലഭിക്കുമായിരുന്നില്ല.

68. നല്ലതാണെന്ന് അറിയാമെങ്കിലും തങ്ങൾക്കു പ്രയോജനം ചെയ്യുന്നതിനെ തിരിച്ചറിയാൻ കഴിയാത്തവർ ആത്മാവിൽ അന്ധ

www.malankaralibrary.com

ന്മാരാണ്. അവരുടെ വിവേചനാശക്തി മരവിച്ചതാണ്. അതിനാൽ നാം അത്തരക്കാരെ ശ്രദ്ധിക്കരുത്, അല്ലാത്തപക്ഷം നാമും അവരെപ്പോലെ അന്ധരായിത്തീരുകയും നമ്മുടെ ഉദാസീനതയാൽ അവരുടെ അതേ തെറ്റുകളിൽ വീഴാൻ നിർബ്ബന്ധിതരായിത്തീരുകയും ചെയ്യും.

69. പാപം ചെയ്യുന്നവരോട്, അവർ ക്രൂരകൃത്യം ചെയ്ത് ശിക്ഷ അർഹിക്കുന്നവരാണെങ്കിൽപോലും നാം കോപിക്കരുത്. എന്നാൽ നീതിക്കുവേണ്ടി അവരെ തിരുത്തുകയോ ആവശ്യമെങ്കിൽ നമുക്ക് നേരിട്ടോ മറ്റുള്ളവർ മുഖാന്തരമോ ശിക്ഷിക്കുകയോ ചെയ്യാം. എന്നാൽ നാം കോപിക്കുകയോ ക്ഷോഭിക്കുകയോ ചെയ്യരുത്. എന്തെന്നാൽ കോപംനിറഞ്ഞ പ്രവൃത്തികൾ വികാരങ്ങളുടെ കൂട്ടത്തിൽ പെടുന്നവയാണ്, അത് ശരിയായ വിധിക്കും നീതിക്കും അനുസൃതമുള്ളതല്ല. അതുപോലെതന്നെ ആവശ്യത്തിലധികം ദയ കാണിക്കുന്നവരെ നാം അംഗീകരിക്കരുത്. ദുഷ്ടൻ നന്മയെയും നീതിയെയും പ്രതി ശിക്ഷിക്കപ്പെടണം, എന്നാൽ അത് വ്യക്തിപരമായ കോപവികാരത്തിന്റെ ഫലമായിരിക്കരുത്.

70. തന്റെ ആത്മാവിനെ നേടുകയെന്നതു മാത്രമാണ് ഭദ്രവും അവമതിക്കാൻ പാടില്ലാത്തതുമായ സമ്പത്ത്. വിശുദ്ധവും ദൈവഹിതമനുസരിച്ചുള്ളതുമായ ജീവിതത്തിലൂടെയും ആത്മീയജ്ഞാനത്തിലൂടെയും നല്ല പ്രവൃത്തികൾ പരിശീലിക്കുന്നതിലൂടെയുമാണ് അത് സാദ്ധ്യമാകുന്നത്. നേരെമറിച്ച്, സമ്പത്ത് അന്ധനായ വഴികാട്ടിയും ഭോഷനായ ഉപദേഷ്ടാവുമാണ്. തിന്മനിറഞ്ഞതും ദുഷിച്ചതുമായ മാർഗ്ഗങ്ങളിലൂടെ പണം ചെലവഴിക്കുന്നവൻ തന്റെ തീക്ഷ്ണതയില്ലാത്ത ആത്മാവിനെ നഷ്ടപ്പെടുത്തുകയായിരിക്കും ചെയ്യുക.

71. ആവശ്യത്തിലധികമായി യാതൊന്നും മനുഷ്യർ സമ്പാദിക്കരുത്; സ്വത്ത് സമ്പാദിക്കുന്നവർ, ഈ ലോകത്തിലെ സർവ്വ വസ്തുക്കളും പ്രകൃത്യാ നശ്വരങ്ങളും എളുപ്പത്തിൽ മോഷ്ടിക്കപ്പെടാവുന്നവയും, നഷ്ടപ്പെടാവുന്നവയോ തകർക്കപ്പെടാവുന്നവയോ ആണെന്നും മനസ്സിലാക്കണം. എന്തു സംഭവിച്ചാലും അവർ അതിനെക്കുറിച്ച് അധൈര്യപ്പെടരുത്.

72. ശരീരം യാതന അനുഭവിക്കുക എന്നത് സ്വാഭാവികമാണെന്നു നിങ്ങൾ അറിഞ്ഞിരിക്കണം. എന്തെന്നാൽ അത് ഭൗതികവും നശ്വരവുമാണ്. അച്ചടക്കമുള്ള ആത്മാവ് കൃതജ്ഞതാപൂർവ്വം

www.malankaralibrary.com

ക്ഷമയോടെ യാതനകൾ സഹിക്കുകയും ശരീരത്തെ സൃഷ്ടിച്ചതിന് ദൈവത്തെ കുറ്റപ്പെടുത്താതിരിക്കുകയുമാണ് വേണ്ടത്.

73. ഒളിമ്പിക്സ് മത്സരത്തിൽ പങ്കെടുക്കുന്നവർ ആദ്യത്തെ ഒന്നോ രണ്ടോ മൂന്നോ എതിരാളികളെ തോല്പിക്കുമ്പോൾ വിജയികളായി പ്രഖ്യാപിക്കപ്പെടുന്നില്ല; മറിച്ച് മുഴുവൻ പേരെയും തോല്പിക്കുമ്പോഴാണ് അവർ കിരീടം നേടുന്നത്. ഇതുപോലെതന്നെ ദൈവത്തിൽനിന്നും കിരീടം ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവർ ശാരീരിക വാസനകളെ മാത്രമല്ല, ലാഭക്കൊതി, അത്യാഗ്രഹം, ജീവിതരീതി, അസൂയ, അഹന്ത, പരദൂഷണം, മരണം തുടങ്ങി എല്ലാ എതിരാളികളെയും തോല്പിക്കേണ്ടതുണ്ട്.

74. മനുഷ്യരുടെ പ്രശംസ കിട്ടുന്നതിനുവേണ്ടിയാവരുത് നാം സുകൃതവും ഭക്തിയും നിറഞ്ഞ ജീവിതം നയിക്കുന്നത്; മറിച്ച് നമ്മുടെ ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടിയായിരിക്കണം. മരണം ഓരോ ദിവസവും നമ്മുടെ കൺമുമ്പിലുണ്ട്, മനുഷ്യരുടെ പ്രവൃത്തികളെല്ലാം അനിശ്ചിതസ്വഭാവമുള്ളവയാണ്.

75. അച്ചടക്കത്തോടെ ജീവിക്കുന്നതിനു നമ്മുടെ തീരുമാനം മതി; എന്നാൽ തീരുമാനംകൊണ്ടു മാത്രം നാം സമ്പന്നരാകില്ല. അങ്ങനെയെങ്കിൽ, സ്വന്തം തീരുമാനംകൊണ്ടു നേടാനാവാത്തതും അല്പകാലം മാത്രം നിലനിൽക്കുന്നതും കേവലം സങ്കല്പം മാത്രവുമായ സ്വത്ത് ആഗ്രഹിച്ചുകൊണ്ട്, നമ്മുടെ ആത്മാവിനെ ശിക്ഷിക്കേണ്ടതുണ്ടോ? ദുർഗുണങ്ങളിൽ ആദ്യത്തേത് കൊതിയും ലൗകികവസ്തുക്കളോടുള്ള താല്പര്യവും ആയിരിക്കുന്നതുപോലെ, സദ്ഗുണങ്ങളിൽ ആദ്യത്തേത് എളിമയാണെന്ന് തിരിച്ചറിയാതെ നാം ഭോഷത്തം കാട്ടുകയാണ് ചെയ്യാറുള്ളത്.

76. ബുദ്ധിമാന്മാരായ ആളുകൾ നിരന്തരം ഓർത്തിരിക്കേണ്ട ഒരു കാര്യമുണ്ട്: ഈ ജീവിതത്തിൽ അവഗണനയും കടന്നുപോകുന്ന കഷ്ടപ്പാടുകളും സഹിക്കുന്നതിലൂടെ, ഏറ്റവും വലിയ സന്തോഷവും മരണാനന്തരം മോക്ഷാനന്ദവും നേടിയെടുക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ, ദൈവത്താൽ കിരീടം അണിയിക്കപ്പെടാൻ ആഗ്രഹിച്ച് വികാരങ്ങൾക്കെതിരെ നടത്തുന്ന പോരാട്ടത്തിൽ ഒരുവൻ നിലംപതിച്ചാൽ, അവൻ നിരാശപ്പെടുകയോ വീണ സ്ഥലത്തുതന്നെ

www.malankaralibrary.com

കിടക്കുകയോ ചെയ്യേണ്ടതില്ല. അവൻ എണീറ്റ് കിരീടം നേടുന്നതിനായി വീണ്ടും പോരാടട്ടെ. എപ്പോഴൊക്കെ അവൻ വീണുപോയാലും അവന്റെ അവസാനശ്വാസംവരെ അവൻ വീണ്ടും എഴുന്നേല്ക്കണം; ശാരീരികക്ലേശമാണ് ആത്മാവിനു രക്ഷ നല്കുന്ന സുകൃതത്തിന്റെ ആയുധം.

77. സാധാരണക്കാരും സന്ന്യസ്തരുമായ ആളുകൾക്ക്, അവർ അർഹരാണെങ്കിൽ, അവരുടെ ജീവിതസാഹചര്യങ്ങളിൽത്തന്നെ, ദൈവത്താൽ കിരീടം ധരിപ്പിക്കപ്പെടുവാനുള്ള അവസരം ലഭിക്കുന്നവരാണ്. അതിനാൽ ഈ ജീവിതകാലത്ത് അവർ തങ്ങളുടെ കഴിവുകളെ ലൗകിക വസ്തുക്കൾക്ക് മൃതമാക്കിതീർക്കണം; മരിച്ചുപോയ ഒരാൾക്ക് ലൗകികസുഖങ്ങളിൽ താല്പര്യം കാട്ടാനാവില്ലല്ലോ.

78. ആത്മീയപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ആത്മാവ്, അസുന്ദരമായിരിക്കെ, ഭയത്താൽ വികാരങ്ങളെ മറച്ചുവയ്ക്കരുത്. അല്ലാത്തപക്ഷം, ഭീരുത്വം നിമിത്തം അത് പരിഹാസപാത്രമായിത്തീരും. ലൗകികവിഷയങ്ങളെക്കുറിച്ചുള്ള സങ്കല്പങ്ങളാൽ അത് അസ്വസ്ഥമായിരിക്കുന്നതിനാൽ ആത്മാവ് അതിന്റെ സഞ്ചാരപഥത്തിൽനിന്നും വ്യതിചലിക്കുന്നു. നമ്മുടെ ദുർവ്വാസനകൾ നമ്മെ നിത്യശിക്ഷയിലേക്കു നയിക്കുമ്പോൾ, ആത്മാവിന്റെ സുകൃതങ്ങൾ നമ്മെ നിത്യമായ അനുഗ്രഹങ്ങളിലേക്കു നയിക്കുന്നു.

79. ആത്മവികാരങ്ങളിലൂടെ ഇന്ദ്രിയങ്ങൾ മനുഷ്യനെ ആക്രമിക്കുന്നു. കാഴ്ച, ഗന്ധം, കേൾവി, രുചി, സ്പർശം എന്നിവയാണ് അഞ്ച് ഇന്ദ്രിയാനുഭവങ്ങൾ. ഇവയിലൂടെ അസന്തുഷ്ടമായ ആത്മാവ്, അതിന്റെ നാലു വികാരങ്ങൾക്ക് കീഴ്പ്പെടുന്നു. അഹന്ത, മനഃശ്ചാഞ്ചല്യം, കോപം, ഭീരുത്വം എന്നിവയാണ് ഈ നാലു വികാരങ്ങൾ. ഉറച്ച തീരുമാനത്തിലൂടെയും ആലോചനയിലൂടെയും തന്റെ നൈപുണ്യം പ്രകടമാക്കുന്ന ഒരാൾക്ക് ഇവയെ നിയന്ത്രിച്ചു കീഴടക്കാനാവും. അപ്പോൾ അയാളുടെ ആത്മാവ് വികാരങ്ങളാൽ ആക്രമിക്കപ്പെടാതെ സ്വസ്ഥത അനുഭവിക്കും. അയാൾ വികാരങ്ങളെ കീഴടക്കിയതിനാൽ ദൈവം അയാളെ കിരീടം അണിയിക്കും.

80. ഒരു സത്രത്തിലെത്തുന്ന ആളുകളിൽ ചിലർക്ക് കിടക്ക ലഭിക്കുന്നു. മറ്റു ചിലർക്കാകട്ടെ നിലത്തു കിടന്നുറങ്ങേണ്ടിവരുന്നു.

www.malankaralibrary.com

നിലത്തുകിടന്നുറങ്ങുന്നവരും കിടക്കയിൽ കിടക്കുന്നവരും ഒരേ പോലെ കൂർക്കംവലിച്ചുറങ്ങുകയും ചെയ്യുന്നു. പിറ്റേന്നു കാലത്ത് അവനവന്റെ സാധനങ്ങൾ മാത്രം എടുത്തുകൊണ്ട് ഓരോരുത്തരും തിരിച്ചുപോകുന്നു. ഇതുപോലെതന്നെ, ഈ ജീവിതത്തിലേക്ക് വരുന്നവരിൽ എളിമയോടെ ജീവിക്കുന്നവരും സമ്പത്തിലും ആഡംബരത്തിലും ജീവിക്കുന്നവരും ഏതാനും വർഷങ്ങൾക്കുശേഷം ഒരു സത്രത്തിൽനിന്നെന്നതുപോലെ ഈ ജീവിതത്തിൽനിന്നു തിരിച്ചുപോകുന്നു. ഈ ലോകത്തിന്റെ സുഖങ്ങളും സന്തോഷങ്ങളും ആർക്കും കൊണ്ടുപോകാൻ കഴിയുന്നില്ല. മറിച്ച് നല്ലതോ ചീത്തയോ ആയ തന്റെ കഴിഞ്ഞകാല പ്രവൃത്തികൾ മാത്രമാണ് ഓരോരുത്തരും കൂടെ കൊണ്ടുപോകുന്നത്.

81. നിങ്ങൾ ഉന്നതമായ അധികാരപദവിയുള്ള ആളാണെങ്കിൽ, ആരെയും മരണശിക്ഷ നല്കി ഭീഷണിപ്പെടുത്തരുത്. എന്തെന്നാൽ, പ്രകൃത്യാ, നിങ്ങളും മരണത്തിന് അധീനനാണെന്നും ആത്മാവ് പഴയ വസ്ത്രത്തെ എന്നപോലെ ശരീരത്തെ ഉപേക്ഷിച്ചുപോകുമെന്നും അറിഞ്ഞിരിക്കുക. ഇക്കാര്യം ഗ്രഹിച്ചുകൊണ്ട് എല്ലാവരോടും സൗമ്യതയോടും കാരുണ്യത്തോടുംകൂടെ പെരുമാറുക. എല്ലായ്പ്പോഴും ദൈവത്തിന് നന്ദി പറയുക. എന്തെന്നാൽ കാരുണ്യമില്ലാത്തവരിൽ നന്മയില്ല.

82. ആർക്കും മരണത്തിൽനിന്നു രക്ഷപ്പെടാനാവില്ല. ഈ സത്യം മനസ്സിലാക്കുന്ന വിവേകമതികളും സുകൃതസമ്പന്നരും, ആത്മീയ ജ്ഞാനം ഉള്ളവരുമായ ആളുകൾ ഇത് ഒഴിച്ചുകൂടാനാവാത്തതാണെന്നും ഈ ലോകജീവിതത്തിലെ തിന്മകളിൽനിന്നും ഇതു തങ്ങളെ മോചിപ്പിക്കുമെന്നുമുള്ള വിശ്വാസത്തോടെ ഭയമോ ദുഃഖമോ, പരാതിയോ കൂടാതെ മരണത്തെ സ്വീകരിക്കുന്നു.

83. നല്ലതും ദൈവഹിതത്തിന് അനുസൃതവുമായ ജീവിതരീതിയെക്കുറിച്ച് അജ്ഞരായിരിക്കുകയും ശരിയായതും ദിവ്യവുമായ പ്രബോധനത്തെ ഗൗനിക്കാതിരിക്കുകയും ചെയ്യുന്നവരെ നാം വെറുക്കരുത്. നേരെമറിച്ച്, വിവേചനശക്തിയിൽ ദുർബലരും ഹൃദയത്തിലും മനസ്സിലും അന്ധരുമായ അത്തരക്കാരോട് നാം കാരുണ്യം കാട്ടുകയാണ് വേണ്ടത്. തിന്മയെ നന്മയെന്നു കരുതി സ്വീകരിച്ച് അജ്ഞതയാൽ അവർ നശിച്ചുപോകുന്നു. ദുർബ്ബലരും ആത്മാവിൽ മന്ദതയുമുള്ള ഇക്കൂട്ടർ ദൈവത്തെ അറിയുന്നില്ല.

www.malankaralibrary.com

84. ഭക്തിയെക്കുറിച്ചും ശരിയായ ജീവിതരീതിയെക്കുറിച്ചും ആളുകളെ അധികം പഠിപ്പിക്കാൻ ശ്രമിക്കേണ്ടതില്ല; ഇത്തരത്തിലുള്ള പഠിപ്പിക്കലിനോട് എനിക്ക് വിമുഖതയുള്ളതുകൊണ്ടല്ല ഞാനിപ്രകാരം പറയുന്നത്, ബുദ്ധിയില്ലാത്തവരെ പഠിപ്പിക്കാൻ ശ്രമിച്ചാൽ നിങ്ങൾ പരിഹാസ്യരായിത്തീരും എന്നതിനാലാണ്. തങ്ങൾക്ക് അനുയോജ്യമായ വിഷയങ്ങളിൽ മാത്രമേ ആളുകൾക്ക് താല്പര്യമുണ്ടായിരിക്കുകയുള്ളൂ. അതുകൊണ്ട് ഇത്തരത്തിലുള്ള പ്രബോധനം ശ്രവിക്കുന്നവർ വിരളമാണ്. അതിനാൽ മനുഷ്യന്റെ രക്ഷയ്ക്കായി ദൈവം ചൂണ്ടിക്കാട്ടിയ വഴിയെക്കുറിച്ച് വിവേകമില്ലാത്തവരോട് പറഞ്ഞിട്ട് പ്രയോജനമില്ല.

85. ശരീരം യാതന അനുഭവിക്കുമ്പോൾ ആത്മാവും യാതന അനുഭവിക്കും; എന്നാൽ ആത്മാവ് യാതന അനുഭവിക്കുമ്പോൾ ശരീരം അനുഭവിക്കുന്നില്ല. ശരീരത്തിന് മുറിവേറ്റാൽ ആത്മാവ് വേദനിക്കുന്നു. ശരീരം ഊർജ്ജസ്വലവും ആരോഗ്യമുള്ളതുമായിരിക്കുമ്പോൾ ആത്മാവ് സന്തോഷിക്കുന്നു. എന്നാൽ ആത്മാവ് ചിന്തിക്കുമ്പോൾ ശരീരം ചിന്തിക്കുന്നില്ല. ചിന്തിക്കുക എന്നത് ആത്മാവിന്റെ ഗുണവിശേഷമാണ്. അതുപോലെതന്നെ അജ്ഞത, അഹന്ത, അവിശ്വാസം, അത്യാഗ്രഹം, വെറുപ്പ്, അസൂയ, കോപം, ക്രൂരത, ആത്മപ്രശംസ, പ്രശംസയോടുള്ള താല്പര്യം, കലഹം, നന്മയെക്കുറിച്ചുള്ള പ്രത്യക്ഷബോധം തുടങ്ങിയവയെല്ലാം ആത്മാവിന്റെ ശീലങ്ങളാണ്.

86. ദിവ്യമായ യാഥാർത്ഥ്യങ്ങളെക്കുറിച്ചു ധ്യാനിക്കുമ്പോൾ അസൂയയിൽനിന്നും സ്വതന്ത്രരായി ഭക്തി, അടക്കം, സൗമ്യത, ഔദാര്യശീലം, ദയ, സ്വസ്ഥത തുടങ്ങിയ നന്മകളാൽ നിറഞ്ഞിരിക്കണം. ഈ ഗുണവിശേഷങ്ങളിലൂടെ ദൈവത്തിന് അനുരൂപരായിത്തീരുന്നതിന്, ആരെയും വിധിക്കുകയോ അവൻ പാപിയാണ്, ദുഷ്ടനാണ് എന്നൊക്കെ പറയുകയോ ചെയ്യാതെ ആത്മാവിനെ അഭംഗുരം കാത്തുസൂക്ഷിക്കേണ്ടതുണ്ട്. ഒരുവൻ സ്വന്തം തെറ്റുകളെയാണ് കണ്ടുപിടിക്കേണ്ടത്. തന്റെ ജീവിതരീതി ദൈവത്തിന് അനുരൂപമാണോ എന്നറിയാൻ അവൻ അതിനെ സൂക്ഷ്മമായി പരിശോധിക്കണം. ഒരു മനുഷ്യൻ ദുഷ്ടനാണെങ്കിൽ, അതേക്കുറിച്ച് നാം എന്തിനു ചിന്തിക്കണം?

87. ഒരു യഥാർത്ഥ മനുഷ്യൻ ഉറച്ച ഈശ്വരവിശ്വാസിയായിരിക്കും. ഉറച്ച വിശ്വാസിയായ ഒരുവൻ തനിക്ക് അന്യമായതൊന്നും ആഗ്രഹിക്കുന്നില്ല. സൃഷ്ടിക്കപ്പെട്ട മറ്റെല്ലാ വസ്തുക്കളും മനുഷ്യന് അന്യമാണ്.

www.malankaralibrary.com

ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനാണ് മറ്റെല്ലാ ജീവജാലങ്ങളെക്കാളും ശ്രേഷ്ഠൻ. മനുഷ്യൻ നേരായ മാർഗ്ഗത്തിൽ, ദൈവത്തിന് അനുരൂപനായി ജീവിക്കുമ്പോഴാണ് ദൈവത്തിന്റെ സാദൃശ്യത്തിൽ ആയിരിക്കുന്നത്. എന്നാൽ, ലൗകികമായ കാര്യങ്ങളിൽനിന്നും അവൻ വിരക്തി നേടുന്നില്ലെങ്കിൽ അവന് ഇപ്രകാരം ജീവിക്കുവാൻ സാധിക്കുകയില്ല. ദൈവസ്നേഹം ആസ്വദിക്കുന്ന മനുഷ്യന്റെ മനസ്സ്, ഭക്തിയും തന്റെ ആത്മാവിനു പ്രയോജനപ്രദവുമായ കാര്യങ്ങളെല്ലാം ഉളവാകുന്നത് ഈ വിരക്തിയിൽനിന്നുമാണ് എന്ന് പൂർണ്ണമായും മനസ്സിലാക്കുന്നു. തന്റെ പാപങ്ങളുടെ പേരിൽ അയാൾ മറ്റൊരാളെ കുറ്റപ്പെടുത്തുകയില്ല, രക്ഷ നേടിക്കൊണ്ടിരിക്കുന്ന ആത്മാവിന്റെ ലക്ഷണമാണിത്.

88. താത്ക്കാലികമായ സമ്പത്തുകൾ ബലം പ്രയോഗിച്ച് നേടാൻ ശ്രമിക്കുന്നവർ തങ്ങളുടെ ആഗ്രഹങ്ങൾമൂലം അധാർമ്മികമായി പ്രവർത്തിക്കുന്നു. അവർ മരണത്തെയും ആത്മനാശത്തെയും കുറിച്ച് ചിന്തിക്കുന്നില്ല. ദുഷ്ടതമൂലം മരണാനന്തരം മനുഷ്യന് അനുഭവിക്കേണ്ടി വരുന്ന ശിക്ഷയെക്കുറിച്ച് അവർ മനസ്സിലാക്കുന്നില്ല.

89. തിന്മ വസ്തുക്കളുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ തിന്മയ്ക്ക് കാരണം ദൈവമല്ല. ജ്ഞാനവും വിവേകവും തിന്മയെയും നന്മയെയും വേർതിരിച്ചറിയാനുള്ള കഴിവും സ്വതന്ത്രമായ ഇച്ഛയും ദൈവം മനുഷ്യനു നല്കിയിട്ടുണ്ട്. മനുഷ്യന്റെ അഹന്തയും അവഗണനയുമാണ് ദുർവ്വിചാരങ്ങൾക്ക് ജന്മം നല്കുന്നത്. ദൈവം അതിനു കാരണമാകുന്നില്ല. പല മനുഷ്യരെയുംപോലെതന്നെ പിശാചുക്കളും ബോധപൂർവ്വം തിന്മ തിരഞ്ഞെടുത്തവരാണ്.

90. ഭക്തിയോടെ ജീവിക്കുന്ന ഒരുവൻ തന്റെ ആത്മാവിൽ തിന്മയ്ക്ക് പ്രവേശനം അനുവദിക്കുകയില്ല; തിന്മയില്ലാത്തതിനാൽ അയാളുടെ ആത്മാവ് അപകടത്തിൽനിന്നും ഉപദ്രവത്തിൽനിന്നും സുരക്ഷിതമായിരിക്കും. പിശാചുക്കൾക്കോ വിധിക്കോ അയാളെ കീഴ്പ്പെടുത്താനാവില്ല; സകല തിന്മകളിൽനിന്നും ദൈവം അവനെ മോചിപ്പിച്ച് ഒരു ദൈവമെന്നപോലെ സംരക്ഷിക്കുന്നു, അങ്ങനെ അവന് ഉപദ്രവലേശമെന്യേ ജീവിക്കാൻ സാധിക്കുന്നു. ആരെങ്കിലും അയാളെ പ്രശംസിച്ചാൽ അയാൾ അവരെക്കുറിച്ചോർത്ത് ഉള്ളാലെ പൊട്ടിച്ചിരിക്കുന്നു. ആരെങ്കിലും പരിഹസിച്ചാൽ അവർക്കെതിരെ തന്നെത്തന്നെ

www.malankaralibrary.com

സാധൂകരിക്കുന്നില്ല. അവരുടെ വാക്കുകൾക്കെതിരെ അയാൾ കോപിക്കുകയുമില്ല.

91. ചെമ്പിൽ ക്ലാവ് എന്നതുപോലെയും ശരീരത്തിൽ അഴുക്കെന്നതുപോലെയും തിന്മ ഒരുവന്റെ സ്വഭാവത്തിൽ പറ്റിപ്പിടിച്ചിരിക്കുന്നു. ചെമ്പുപാത്രം നിർമ്മിക്കുന്ന ആളല്ല ക്ലാവുണ്ടാക്കിയത്; ഒരു കുട്ടിയുടെ മാതാപിതാക്കളല്ല അവന്റെ ദേഹത്തെ അഴുക്കിന് കാരണക്കാർ. ഇതുപോലെ തിന്മയെ സൃഷ്ടിച്ചതു ദൈവമല്ല. തിന്മ തനിക്കു ശിക്ഷാകരവും ഹാനികരവുമാണെന്നു മനസ്സിലാക്കി അതിനെ ഒഴിവാക്കേണ്ടതിന് ദൈവം മനുഷ്യന് അറിവും വിവേകവും നല്കിയിട്ടുണ്ട്. അതിനാൽ സമ്പത്തും അധികാരവും അനുഭവിക്കുന്നവരെ കാണുമ്പോൾ അവർ സന്തോഷവാന്മാരാണെന്നു കരുതി അത്തരത്തിലുള്ള പിശാചിനാൽ ഒരിക്കലും വ്യാമോഹിതനാകാതിരിക്കുവാൻ ശ്രദ്ധിക്കുക. ഉടൻതന്നെ മരണത്തെ നിങ്ങളുടെ കൺമുമ്പിൽ കൊണ്ടുവരിക, അപ്പോൾ നിങ്ങൾ തിന്മയെയോ ലൗകികവസ്തുക്കളെയോ ആഗ്രഹിക്കുകയില്ല.

92. സ്വർഗ്ഗത്തിൽ കഴിയുന്നവർക്ക് ദൈവം അനശ്വരത നല്കിയിരിക്കുന്നു; എന്നാൽ ഭൂമിയിലുള്ളവർക്കാകട്ടെ മാറ്റങ്ങൾക്കു വിധേയമാകുന്ന അവസ്ഥയാണ് നല്കിയിരിക്കുന്നത്. സർവ്വ ജീവജാലങ്ങൾക്കും അവിടുന്ന് ജീവനും ചലനശേഷിയും നല്കിയിരിക്കുന്നത് മനുഷ്യനെ ഉദ്ദേശിച്ചാണ്. അതുകൊണ്ട്, ആത്മാവിലേക്ക് തിന്മയുടെ സ്മരണ കടത്തിക്കൊണ്ടുവരുന്ന പിശാചിന്റെ ലൗകികമായ സാങ്കല്പികതയിൽ ചെന്നുപെടരുത്. സ്വർഗ്ഗീയമായ അനുഗ്രഹങ്ങളെക്കുറിച്ചോർത്ത് നിങ്ങളോടുതന്നെ ഇപ്രകാരം പറയുക: 'എനിക്ക് മനസ്സുണ്ടെങ്കിൽ, വികാരത്തിനെതിരായ ഈ പോരാട്ടത്തിൽപോലും എനിക്കു വിജയം വരിക്കാൻ സാധിക്കും; എന്നാൽ എന്റെ സ്വന്തം ആഗ്രഹം ഞാൻ പൂർത്തിയാക്കുകയാണെങ്കിൽ എനിക്കിതിൽ വിജയിക്കാൻ സാധിക്കുകയില്ല'. ഈ രീതിയിൽ പോരാടുക, അത് നിങ്ങളുടെ ആത്മാവിനെ രക്ഷിക്കും.

93. ബുദ്ധിയും ആത്മാവും ശരീരവും തമ്മിലുള്ള കൂടിച്ചേരലാണ് ജീവിതം; ഇപ്രകാരം സംയോജിക്കപ്പെട്ട ഈ അംശങ്ങളുടെ നാശമല്ല, മരണം. മറിച്ച്, അവയുടെ ആന്തരികബന്ധത്തിന്റെ ശിഥിലീകരണമാണ്; എന്തെന്നാൽ ഈ ശിഥിലീകരണത്തിനുശേഷവും അവയെല്ലാം ദൈവത്തിലൂടെയും ദൈവത്തിലും രക്ഷിക്കപ്പെടും.

www.malankaralibrary.com

94. ബുദ്ധി ആത്മാവല്ല, മറിച്ച് ആത്മാവിനെ രക്ഷിക്കുന്നതിനായി ദൈവം മനുഷ്യന് നല്കിയിട്ടുള്ള വരദാനമാണ്; ദൈവഹിതത്തിനു വഴങ്ങുന്ന ബുദ്ധി ആത്മാവിനെ നയിക്കുകയും കടന്നുപോകുന്ന നശ്വരങ്ങളായ ഭൗതികവസ്തുക്കളെ അവഗണിക്കാൻ അതിനെ ഉപദേശിക്കുകയും നിത്യമായവയിലേക്ക്, അനശ്വരവും അഭൗതികവുമായ അനുഗ്രഹങ്ങളിലേക്ക്, അതിന്റെ ആഗ്രഹത്തെ തിരിച്ചുവിടുകയും ചെയ്യുന്നു. ജീവിച്ചിരിക്കുമ്പോൾതന്നെ ദൈവീകവും സ്വർഗ്ഗീയവുമായ യാഥാർത്ഥ്യങ്ങളെക്കുറിച്ച് ഗ്രഹിക്കാനും ധ്യാനിക്കാനും ബുദ്ധി മനുഷ്യനെ പഠിപ്പിക്കുന്നു. ഇതുപോലുള്ള മറ്റു പല കാര്യങ്ങളും അത് മനുഷ്യനെ പഠിപ്പിക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, ദൈവസ്നേഹം അനുഭവിക്കുന്ന ബുദ്ധി, മനുഷ്യാത്മാവിന്റെ ഉപകാരിയും രക്ഷകനുമാണ്.

95. ആത്മാവ് ശരീരത്തിലായിരിക്കുമ്പോൾ സുഖദുഃഖങ്ങൾ അതിനെ ആക്രമിക്കുകയും അന്ധകാരത്തിലാഴ്ത്തുകയും ചെയ്യുന്നു. ശരീരത്തിന്റെ അവസ്ഥാഭേദങ്ങൾപോലെയാണ് സുഖദുഃഖങ്ങളും. എന്നാൽ ദൈവസ്നേഹം അനുഭവിക്കുന്ന ബുദ്ധിയാകട്ടെ, ശരീരത്തെ കീറിമുറിച്ച് രോഗശുശ്രൂഷ നടത്തുന്ന ഭിഷഗ്വരനെപ്പോലെ പ്രത്യാക്രമണം നടത്തി ശരീരത്തിന് വേദന നല്കിയിട്ട് ആത്മാവിനെ രക്ഷിക്കുന്നു.

96. ബുദ്ധിവൈഭവത്താൽ നിയന്ത്രിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യാത്ത ചില ആത്മാക്കളുണ്ട്. അത്തരക്കാരുടെ വികാരങ്ങളെ –വേദനയും സന്തോഷവും– പരിശോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന മനസ്സിനാലല്ല അവർ ഭരിക്കപ്പെടുന്നത്. അത്തരം ആത്മാക്കൾ ചിന്താശൂന്യരായ മൃഗങ്ങളെപ്പോലെ നശിച്ചുപോകുന്നു. കുതിരകളെ നിയന്ത്രിക്കാനാവാത്ത തേരാളിയെപ്പോലെ വികാരങ്ങളെ നിയന്ത്രിക്കാനാവാതെ ബുദ്ധി പരാജയപ്പെടുന്നു.

97. മനുഷ്യനുവേണ്ടി മറ്റെല്ലാ ജീവജാലങ്ങളെയും സൃഷ്ടിക്കുകയും ബുദ്ധിയും വിവേകവും നല്കി മനുഷ്യനെ അനുഗ്രഹിക്കുകയും ചെയ്ത ദൈവത്തെ അറിയാതിരിക്കുകയെന്നതാണ് ആത്മാവിന്റെ ഏറ്റവും വലിയ രോഗവും അധഃപതനവും വിനാശവും. ബുദ്ധിയും വിവേകവുമെന്ന രണ്ടു ചിറകുകളാൽ മനുഷ്യൻ ദൈവവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു; അവന് ദൈവത്തെ അറിയാനും സ്തുതിക്കാനും കഴിയുന്നു.

www.malankaralibrary.com

98. ആത്മാവ് ശരീരത്തിലും ബുദ്ധി ആത്മാവിലും വിവേകം ബുദ്ധിയിലും സ്ഥിതിചെയ്യുന്നു. ഇവ ഓരോന്നും ദൈവത്തെ സ്തുതിക്കുമ്പോൾ അനശ്വരതയും നിത്യമായ ആനന്ദവും നല്കിക്കൊണ്ട് അവിടുന്ന് ആത്മാവിനെ അമർത്യമാക്കിത്തീർക്കുന്നു. എന്തെന്നാൽ തന്റെ നന്മയിലൂടെ എല്ലാ ജീവജാലങ്ങൾക്കും ജീവൻ നല്കിയത് ദൈവമാണ്.

99. നന്മനിറഞ്ഞവനും ഉദാരമതിയുമായ ദൈവം, സ്വതന്ത്രമായ ഇച്ഛയോടെ മാത്രമല്ല, മറിച്ച്, മനസ്സാകുന്നുവെങ്കിൽ ദൈവത്തോട് അനുരൂപപ്പെടാനുള്ള കഴിവും നല്കിയാണ് മനുഷ്യനെ സൃഷ്ടിച്ചത്. മനുഷ്യനിലുള്ള തിന്മയുടെ അഭാവമാണ് അവനെ ദൈവത്തോട് അനുരൂപനാക്കുന്നത്. മനുഷ്യൻ, ദൈവസ്നേഹം ആസ്വദിക്കുന്ന വിശുദ്ധമായ ആത്മാവിന്റെ സത്പ്രവൃത്തികളെയും സുകൃതങ്ങളെയും പുകഴ്ത്തുകയും, ദുഷ്പ്രവൃത്തികളെ പുച്ഛിക്കുകയും ചെയ്യുന്നുവെങ്കിൽ, മനുഷ്യന്റെ രക്ഷ ആഗ്രഹിക്കുന്ന ദൈവം അതിലും എത്രയോ അധികം അവനിൽ പ്രവർത്തിക്കുകയില്ല.

100. മനുഷ്യനിലുള്ള നന്മ മുഴുവനും ദൈവത്തിൽനിന്നു കിട്ടിയിട്ടുള്ളതാണ്, എന്തെന്നാൽ ദൈവം നന്മയാണ്. മനുഷ്യൻ ദൈവത്താൽ സൃഷ്ടിക്കപ്പെടാനുള്ള കാരണവും അതുതന്നെ. എന്നാൽ, ഒരുവനിലുള്ള ദുഷ്ടതയുടെയും ദുഷിച്ച ആഗ്രഹത്തിന്റെയും മന്ദതയുടെയും ഫലമായിട്ടാണ് അവൻ തിന്മയിലേക്ക് ആകൃഷ്ടനാകുന്നത്.

101. വിവേകശൂന്യമായ ആത്മാവ് അനശ്വരവും ശരീരത്തിന്റെ തലവനും ആണെങ്കിൽപോലും വിഷയസുഖങ്ങളിലൂടെ ശരീരത്തിന്റെ അടിമയായിത്തീരുന്നു. ശരീരത്തെ സന്തോഷിപ്പിക്കുന്നത് എന്തൊക്കെയാണോ അതെല്ലാം ആത്മാവിനെ ഉപദ്രവിക്കുന്നുവെന്ന് അത് അറിയുന്നില്ല. അതിനാൽ വിഡ്ഢിയും ബുദ്ധിഹീനയുമായ അത് ശരീരത്തിന്റെ സുഖമാണ് ആഗ്രഹിക്കുന്നത്.

102. ദൈവം നന്മയും മനുഷ്യൻ ദുഷ്ടനുമാണ്. സ്വർഗ്ഗത്തിൽ തിന്മയില്ലാത്തതുപോലെ ഭൂമിയിൽ നന്മയുമില്ല. അതിനാൽ വിവേകശാലിയായ മനുഷ്യൻ നല്ല ഭാഗം തിരഞ്ഞെടുക്കുകയും എല്ലാറ്റിന്റെയും ദൈവത്തെ അറിയുകയും ചെയ്യുന്നു. അയാൾ ദൈവത്തിനു നന്ദി പറയുകയും അവിടുത്തെ സ്തുതിക്കുകയും തന്റെ മരണത്തിനു മുമ്പേ ശരീരത്തെ വെറുക്കുകയും ചെയ്യുന്നു. ദുഷിച്ച ഇന്ദ്രിയങ്ങളുടെ

www.malankaralibrary.com

വിനാശകരമായ ശക്തി എത്രമാത്രമാണെന്നറിഞ്ഞുകൊണ്ട്, അവയുടെ ആഗ്രഹം അനുവർത്തിക്കാൻ അവൻ തയ്യാറാവുകയില്ല.

103. തിന്മയുള്ള മനുഷ്യൻ അതിക്രമത്തിൽ സന്തോഷിക്കുകയും നീതിയെ അവഗണിക്കുകയും ചെയ്യുന്നു. ജീവിതം ഇത്രയേറെ ഹ്രസ്വമാണെന്നും അസ്ഥിരവും അനിശ്ചിതവുമാണെന്നും മരണം കൈക്കൂലി കൊടുത്തു സ്വാധീനിക്കാവുന്നതല്ലെന്നും അത് ആർക്കും വഴങ്ങാത്ത ഒരു യാഥാർത്ഥ്യമാണെന്നും അവൻ മനസ്സിലാക്കുന്നില്ല. ലജ്ജാഹീനനും വിഡ്ഢിയുമായ ഒരു വൃദ്ധൻ അഴുകിയ തടിക്കഷണംപോലെ ഉപയോഗശൂന്യനാണ്.

104. എത്രമാത്രം ബുദ്ധിമുട്ടു നാം സഹിച്ചുവോ അത്രമാത്രം സന്തോഷവും ആനന്ദവും നാം അനുഭവിക്കും. ഒരുവൻ ദാഹം ഇല്ലാതെ സന്തുഷ്ടിയോടെ വെള്ളം കുടിക്കുകയോ വിശപ്പില്ലാതെ സംതൃപ്തിയോടെ ഭക്ഷണം കഴിക്കുകയോ ഉറക്കം വരാതെ സുഖമായി ഉറങ്ങുകയോ ദുഃഖമില്ലാതെ സന്തോഷം അനുഭവിക്കുകയോ ഇല്ല. ഇതുപോലെതന്നെ ലൗകികവസ്തുക്കളെ വെറുത്തെങ്കിൽ മാത്രമേ അനശ്വരമായ വരദാനങ്ങൾ അനുഭവിക്കാൻ നമുക്കു കഴിയുകയുള്ളൂ.

105. വിവേകം ബുദ്ധിയുടെ ദാസനാണ്; ബുദ്ധിയെന്തു തീരുമാനിക്കുന്നുവോ, അത് വിവേകം ഉൾക്കൊള്ളുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നു.

106. സ്വർഗ്ഗീയമായവ ഉൾപ്പെടെ എല്ലാം കാണാൻ ബുദ്ധിക്കു കഴിയുന്നു. പാപം മാത്രമാണ് അതിനെ ഇരുട്ടിലാഴ്ത്തുന്നത്. നിർമ്മലമായ ബുദ്ധിക്ക് മനസ്സിലാകാത്തതായി ഒന്നുമില്ല. ബുദ്ധിക്ക് പ്രകടിപ്പിക്കാനാവാത്തതായി ഒന്നുമില്ല.

107. മനുഷ്യൻ തന്റെ ശരീരംമൂലം നശ്വരനും; വിവേകം, ബുദ്ധി എന്നിവയാൽ അനശ്വരനുമാണ്. നിശ്ശബ്ദതയിലൂടെ നിങ്ങൾ മനസ്സിലാക്കുന്നു; മനസ്സിലായതിനെ നിങ്ങൾ പ്രകാശിപ്പിക്കുന്നു. നിശ്ശബ്ദതയിലാണ് ബുദ്ധി വിവേകത്തിനു ജന്മം നല്കുന്നത്; ദൈവത്തിനു സമർപ്പിക്കപ്പെട്ട കൃതജ്ഞതാഭരിതമായ വിവേകമാണ് മനുഷ്യന്റെ രക്ഷ.

108. വിവരക്കേട് സംസാരിക്കുന്ന ഒരുവന് ബുദ്ധിയില്ല; എന്തെന്നാൽ അയാൾ കാര്യങ്ങൾ മനസ്സിലാക്കാതെയാണ് സംസാരിക്കുന്നത്. നിങ്ങളുടെ ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി എന്താണു ചെയ്യേണ്ടതെന്ന് പഠിക്കുക.

www.malankaralibrary.com

109. ബുദ്ധിയോട് ഒന്നായിത്തീരുന്ന ആത്മാവിന് ഗുണപ്രദമായ വിവേകം, ദൈവത്തിന്റെ വരദാനമാണ്. എന്നാൽ വായാടിയും ആകാശവും ഭൂമിയും തമ്മിലുള്ള ദൂരം, സൂര്യന്റെയും നക്ഷത്ര ങ്ങളുടെയും വലിപ്പം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ചിന്തിച്ച് സമയം പാഴാക്കുകയും ചെയ്യുന്ന ബുദ്ധി വൃഥാ അദ്ധ്വാനിക്കുന്ന മനുഷ്യനെ യാണ് സൂചിപ്പിക്കുന്നത്. അരിപ്പയിൽ വെള്ളം കോരാൻ ശ്രമിക്കുന്നതു പോലെ നിഷ്പ്രയോജനമാണത്; എന്തെന്നാൽ മനുഷ്യർക്ക് കണ്ടെ ത്താൻ കഴിയുന്നതല്ല ഇമ്മാതിരി കാര്യങ്ങൾ.

110. വിശുദ്ധജീവിതം നയിക്കുകയും രക്ഷയ്ക്കും ജീവനുംവേണ്ടി തന്നെ സൃഷ്ടിച്ച ദൈവത്തെ അറിയുകയും സ്തുതിക്കുകയും ചെയ്യുന്ന ഒരാൾക്കു മാത്രമേ സ്വർഗ്ഗത്തെയും സ്വർഗ്ഗീയവസ്തുക്കളെയും മനസ്സി ലാക്കാനാകൂ. ദൈവത്തിന്റെ സ്നേഹം അനുഭവിക്കുന്ന ഒരാൾക്ക്, ദൈവത്തിന്റെ സഹായമില്ലാതെ യാതൊരു വസ്തുവും നിലനിൽക്കു ന്നില്ലെന്ന് അറിയാം. ദൈവം അനന്തനായതിനാൽ എല്ലായിടത്തും എല്ലാ വസ്തുക്കളിലും നിറഞ്ഞിരിക്കുന്നുവെന്നും അയാൾക്കറിയാം.

111. അമ്മയുടെ ഗർഭപാത്രത്തിൽനിന്നു പിറന്നുവീഴുന്ന കുട്ടി നഗ്നനാണ്. അതുപോലെതന്നെ ശരീരത്തിൽനിന്ന് ഇറങ്ങിവരുന്ന ആത്മാവും നഗ്നമാണ്. ഒരാത്മാവ് പരിശുദ്ധവും തേജോമയവുമാണ്. എന്നാൽ മറ്റൊരാത്മാവ് തെറ്റുകളാൽ കളങ്കിതമാണ്; മൂന്നാമതൊന്ന് പാപങ്ങളാൽ കറുത്തിരുണ്ടതാണ്. ദൈവത്തിന്റെ സ്നേഹം അനു ഭവിക്കുന്ന വിവേകശാലിയായ ആത്മാവ് മരണത്തോടൊപ്പമുള്ള അപകടങ്ങളെക്കുറിച്ച് ചിന്തിക്കുകയും അവയുടെ ആക്രമണം ഉണ്ടാ കാതിരിക്കാനായി ദൈവത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കു കയും ചെയ്യുന്നു. എന്നാൽ വിഡ്ഢികളായ അവിശ്വാസികളാകട്ടെ, വരാൻ പോകുന്ന അപകടങ്ങളെ അവഗണിച്ചുകൊണ്ട് അധാർമ്മി കവും പാപകരവുമായ പ്രവൃത്തികൾ ചെയ്യുന്നു.

112. നിങ്ങൾ അമ്മയുടെ ഉദരത്തിൽനിന്നും പുറത്തേയ്ക്കു വന്നതിനുശേഷം അമ്മയുടെ ഉദരത്തിലെ നിങ്ങളുടെ ജീവിതത്തെ ക്കുറിച്ചു യാതൊന്നും ഓർമ്മിക്കാത്തതുപോലെ, നിങ്ങൾ ശരീരത്തെ ഉപേക്ഷിച്ചുപോകുമ്പോൾ ശാരീരികമായ കാര്യങ്ങളെക്കുറിച്ചൊന്നും ഓർമ്മിക്കുകയില്ല.

www.malankaralibrary.com

113. ഉദരത്തിൽനിന്നും പുറത്തുവന്നതിനുശേഷമാണ് നിങ്ങൾ കരുത്തും ശ്രേയസ്സും നേടി വളർന്നു വലുതായത്; അതുപോലെ തന്നെ, ഈ ശരീരം ഉപേക്ഷിച്ചുപോകുമ്പോൾ, നിങ്ങൾ നിർമ്മലനും നിഷ്കളങ്കനുമാണെങ്കിൽ, അനശ്വരതയിൽ കരുത്താർജ്ജിച്ച് സ്വർഗ്ഗത്തിൽ ജീവിക്കും.

114. ഗർഭപാത്രത്തിനുള്ളിലെ വളർച്ച പൂർത്തിയായ ശിശുവിന് അവിടം വിട്ടുപോരേണ്ടതുണ്ട്; അതുപോലെതന്നെ ശരീരത്തിനുള്ളിലെ നിലനില്പ് പൂർത്തിയാവുകയും ദൈവം നിശ്ചയിച്ച സമയമെത്തുകയും ചെയ്യുമ്പോൾ ആത്മാവ് ശരീരം വിട്ടുപോകേണ്ടതുണ്ട്.

115. ആത്മാവ് ശരീരത്തിനുള്ളിലായിരിക്കുമ്പോൾ നിങ്ങൾ അതിനോട് എങ്ങനെ പെരുമാറുന്നുവെന്നതിനെ ആശ്രയിച്ചായിരിക്കും, ശരീരം വിട്ടുപോയതിനുശേഷം ആത്മാവ് നിങ്ങളോട് പെരുമാറുന്നത്. ശരീരത്തിന്റെ താല്പര്യങ്ങൾക്ക് വഴങ്ങി മയമായി അതിനോടു പെരുമാറുന്ന ഒരാൾ മരണാനന്തരം വിഷമിക്കേണ്ടിവരുന്നു. എന്തെന്നാൽ ഒരു ഭോഷനെപ്പോലെ അയാൾ തന്റെ ആത്മാവിനെ ശിക്ഷിക്കുകയാണ് ചെയ്തത്.

116. ഗർഭപാത്രത്തിൽനിന്നു വൈകല്യങ്ങളോടെ പുറത്തുവരുന്ന ശരീരത്തിന് പൂർണ്ണവളർച്ച നേടാനാവില്ലെന്നതുപോലെ, സംശുദ്ധമായ ജീവിതത്തിലൂടെ ദൈവത്തെ അറിയാൻ ശ്രമിക്കാതെ ശരീരം വിട്ടുപോകുന്ന ആത്മാവിന് രക്ഷനേടാനോ ദൈവത്തിൽ ലയിച്ചുചേരാനോ കഴിയില്ല.

117. ശരീരം, ആത്മാവിനോട് ചേർന്നിരിക്കുമ്പോൾ, ഗർഭപാത്രത്തിലെ ഇരുട്ടറയിൽനിന്നും വെളിച്ചത്തിലേക്കു വരുന്നു. എന്നാൽ ആത്മാവാകട്ടെ, ശരീരവുമായി ചേരുന്നതോടെ അതിന്റെ ഇരുട്ടറയിൽ ബന്ധിക്കപ്പെടുന്നു. അതിനാൽ ആത്മാവിനെതിരെ പോരാടുന്ന ശത്രുവെന്ന നിലയിൽ ശരീരത്തെ കാണുകയും അതിനെ വെറുക്കുകയും ശിക്ഷിക്കുകയുമാണ് നാം ചെയ്യേണ്ടത്. രുചികരമായ ഭക്ഷണങ്ങളും സുഖഭോഗങ്ങളും മനുഷ്യനിൽ ദുർവ്വികാരങ്ങൾ ഉജ്ജ്വലിപ്പിക്കുന്നു. എന്നാൽ വയറിനുമേലുള്ള നിയന്ത്രണം വികാരങ്ങളെ നിയന്ത്രിച്ച് ആത്മാവിന് രക്ഷയേകുന്നു.

www.malankaralibrary.com

118. ശരീരം കാണുന്നത് കണ്ണുകളിലൂടെയാണ്, ആത്മാവ് ബുദ്ധിയിലൂടെയും, കാഴ്ചയില്ലെങ്കിൽ ശരീരം അന്ധമാണെന്നതു പോലെ ശുദ്ധമായ ബുദ്ധിയുടെ അഭാവത്തിൽ ആത്മാവും അന്ധമാണ്. കാഴ്ചയില്ലാത്ത ഒരാൾക്ക് ഭൂമിയിൽ പ്രകാശിക്കുന്ന സൂര്യനെയും, സമുദ്രത്തെയും പ്രകാശത്തെയും ഒന്നും കാണാൻ കഴിയാത്തതു പോലെ, തെളിമയാർന്ന ബുദ്ധിയും വിശുദ്ധമായ ജീവിതരീതിയും ഇല്ലാത്ത ആത്മാവും അന്ധമാണ്. സർവ്വത്തിന്റെയും സ്രഷ്ടാവും പരിപാലകനുമായ ദൈവത്തെ കാണാനോ, അവിടുത്തെ സ്തുതിക്കാനോ, അവിടുത്തെ അനശ്വരതയും നിത്യമായ അനുഗ്രഹങ്ങളും ആസ്വദിക്കാനോ അതിനു കഴിയുകയില്ല.

119. ദൈവത്തെക്കുറിച്ചുള്ള അജ്ഞത ആത്മാവിന്റെ വിഡ്ഢിത്തവും മഠയത്തരവുമാണ്. ദൈവത്തെക്കുറിച്ചുള്ള അറിവിൽനിന്നും ആത്മാവിനെ രക്ഷിക്കുന്ന നന്മയുണ്ടാകുമ്പോൾ, അജ്ഞത തിന്മയെയാണ് ഉല്പാദിപ്പിക്കുന്നത്. ദൈവത്തെക്കുറിച്ചുള്ള അറിവ്, ജാഗ്രത എന്നിവയിലൂടെ ആഗ്രഹങ്ങളെ മുറിച്ചുമാറ്റാൻ നിങ്ങൾക്കു താല്പര്യമുണ്ടെങ്കിൽ നിങ്ങളുടെ മനസ്സ് സുകൃതത്തിൽ ഉറപ്പിക്കപ്പെടും. നേരെമറിച്ച്, ദൈവത്തെക്കുറിച്ചുള്ള അജ്ഞതയിലൂടെ സ്വന്തം ഇച്ഛയെ നിയന്ത്രിക്കാതെ നിങ്ങളുടെ ദുരാഗ്രഹങ്ങൾ നിലനിർത്താൻ ശ്രമിക്കുകയാണെങ്കിൽ, മൃഗത്തെപോലെ നിങ്ങളും നശിച്ചുപോകും. കാരണം, തിന്മയെ നിങ്ങൾ നിസ്സാരമായി കരുതിയതിനാൽ നിങ്ങളുടെ മരണശേഷം അത് നിങ്ങളുടെ മേൽ പതിക്കും.

120. ദൈവികമായ ആവശ്യങ്ങൾ നിറവേറ്റുന്നതിലൂടെയാണ് ദൈവ പരിപാലന വെളിപ്പെടുന്നത് -സൂര്യോദയം, സൂര്യാസ്തമയം, കായ്കനികൾ ഉണ്ടാവുക തുടങ്ങിയ കാര്യങ്ങളെല്ലാം ഇതിന് ഉദാഹരണമാണ്- മനുഷ്യന്റെ ആവശ്യങ്ങളിലൂടെയാണ് നിയമങ്ങൾ വെളിവാക്കപ്പെടുന്നത്. ഭൂമിയിലുള്ളവയെല്ലാം മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടവയുമാണ്.

121. ദൈവം നല്ലവനാകയാൽ അവിടുന്നു ചെയ്യുന്നതെന്തും മനുഷ്യനുവേണ്ടിയുള്ളതാണ്. എന്നാൽ മനുഷ്യൻ നന്മയും തിന്മയും പ്രവർത്തിക്കുന്നത് സ്വന്തം താല്പര്യത്തിനുവേണ്ടിയാണ്. ദുഷ്ടന്മാർ സുഖമായി ജീവിക്കുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. ഭരണകൂടങ്ങൾ ആരാച്ചാരന്മാരുടെ ബീഭത്സമായ തൊഴിലിനെ പ്രശംസിക്കുന്നി

www.malankaralibrary.com

ല്ലെങ്കിലും കുറ്റക്കാരെ ശിക്ഷിക്കുന്നതിനുവേണ്ടി അവരെ നിയമിക്കുന്നതുപോലെ, അധർമ്മികളെ ശിക്ഷിക്കുന്നതിന് ദൈവം ദുഷ്ടന്മാരെ അനുവദിക്കുന്നു. അതിനുശേഷം ദൈവം ദുഷ്ടന്മാരെയും വിധിക്കും. കാരണം, ദൈവത്തെ സേവിക്കാതെ തങ്ങളുടെ ദുഷ്ടത അനുകരിക്കാൻവേണ്ടി അവർ ജനത്തെ പീഡിപ്പിച്ചു.

122. വിഗ്രഹങ്ങളെ ആരാധിക്കുന്നവർ എന്തിനെയാണു തങ്ങൾ ആരാധിക്കുന്നതെന്നു മനസ്സിലാക്കിയിരുന്നെങ്കിൽ, യഥാർത്ഥ ആരാധനയിൽനിന്നു വ്യതിചലിക്കുമായിരുന്നില്ല. മറിച്ച് ദൈവം തന്റെ പരിപാലനയാൽ സൃഷ്ടിച്ചവയുടെയെല്ലാം സൗന്ദര്യവും ചിട്ടയും കണ്ട് ഇവയെല്ലാം മനുഷ്യനുവേണ്ടി സൃഷ്ടിച്ചവനെ മനസ്സിലാക്കുമായിരുന്നു.

123. അധമനും നീതികെട്ടവനുമായ മനുഷ്യൻ കൊലനടത്താൻ തയ്യാറാണ്. എന്നാൽ അർഹതയില്ലാത്തവർക്കുകൂടി ജീവൻ നല്കുന്നതിൽനിന്നും ദൈവം ഒരിക്കലും വിരമിക്കുന്നില്ല. നന്മ നിറഞ്ഞവനും സമൃദ്ധമായി ദാനം ചെയ്യുന്നവനുമായ ദൈവം ലോകമുണ്ടാകട്ടെ എന്ന് കല്പിച്ചു, അത് ഉണ്ടാവുകയും ചെയ്തു. ലോകം നിർമ്മിക്കപ്പെട്ടത് മനുഷ്യനുവേണ്ടിയും അവന്റെ രക്ഷയ്ക്കുവേണ്ടിയുമാണ്.

124. ശരീരം ദുഷിക്കുന്നതും വളരെ കുറച്ചുകാലം മാത്രം ജീവിക്കുന്നതുമാണെന്നും ആത്മാവ് ദൈവീകവും അനശ്വരവുമാണെന്നും ദൈവത്തിന്റെ പ്രാണവായു ശരീരത്തോട് ചേർക്കപ്പെട്ടിരിക്കുന്നത് ആത്മാവ് പരീക്ഷിക്കപ്പെടുന്നതിനും മഹത്ത്വവല്ക്കരിക്കപ്പെടുന്നതിനുംവേണ്ടിയാണ് എന്നും, ആത്മാവ് നീതിപൂർണ്ണവും ദൈവത്തിന് അനുരൂപവുമായ വിധത്തിൽ തന്റെ ജീവിതത്തെ ക്രമീകരിക്കുന്നുവെന്നും മനസ്സിലാക്കുന്നവൻ ശരീരത്തിനു കീഴ്പ്പെടാതെ, തന്റെ മനസ്സുകൊണ്ട് ദൈവത്തെ കാണുകയും ദൈവം ആത്മാവിനു നല്കിയിട്ടുള്ള വരദാനങ്ങൾ മാനസികമായി ദർശിക്കുകയും ചെയ്യും.

125. നന്മയുടെ ഇരിപ്പിടമായ ദൈവം നന്മയുടെയും തിന്മയുടെയും മേൽ മനുഷ്യന് അധികാരം നല്കിയിട്ടുണ്ട്. ലോകത്തെയും അതിലുള്ള വസ്തുക്കളെയും കാണുന്നതിലൂടെ, മനുഷ്യനെപ്രതി അവയെല്ലാം സൃഷ്ടിച്ചവനെക്കുറിച്ചുള്ള അറിവിൽ മനുഷ്യൻ എത്തിച്ചേരുന്നതിനുവേണ്ടി അവിടുന്ന് ആത്മീയജ്ഞാനത്തിന്റെ വരം അവനു

www.malankaralibrary.com

നല്കിയിരിക്കുന്നു. എന്നാൽ അധർമ്മികൾ ഇതു മനസ്സിലാക്കാതെ ഇതിലൊന്നും വിശ്വസിക്കാതെ സത്യവിരുദ്ധവും തെറ്റായതുമായ ആശയങ്ങളിൽ ചെന്നുചാടുന്നു. ഇത്തരത്തിൽ നന്മയോ തിന്മയോ തിരഞ്ഞെടുക്കാനുള്ള കഴിവ് മനുഷ്യനു നല്കപ്പെട്ടിരിക്കുന്നു.

126. ശരീരം വളരുന്നതിനനുസരിച്ച് ആത്മാവ് വിവേകം നേടുകയും നന്മയിൽനിന്നും തിന്മയിൽനിന്നും ദൈവത്തിന് അനുരൂപമായത് തിരഞ്ഞെടുക്കുകയും ചെയ്യണമെന്നാണ് ദൈവത്തിന്റെ ഇച്ഛ. നന്മയെ തിരഞ്ഞെടുക്കാത്ത ആത്മാവിന് വിവേകമില്ല; എല്ലാ ശരീരങ്ങളിലും ആത്മാവുണ്ടെങ്കിലും എല്ലാ ആത്മാക്കൾക്കും വിവേകമില്ലെന്ന് അർത്ഥം. ദൈവത്തിന്റെ സ്നേഹം അനുഭവിക്കുന്ന മനസ്സ്, ആത്മ നിയന്ത്രണവും വിശുദ്ധിയും നന്മയും നീതിബോധവും ശുദ്ധതയും കാരുണ്യവും ഭക്തിയുമുള്ള മനുഷ്യരിൽ സ്ഥിതിചെയ്യുന്നു. വിവേക മുള്ള ആത്മാവ് മനുഷ്യനെ ദൈവത്തിലേക്ക് നയിക്കുന്നു.

127. മനുഷ്യന് അസാദ്ധ്യമായത് ഒന്നുമാത്രമാണ്: മരണമില്ലാ തിരിക്കുക. എന്നാൽ അവന് ദൈവവുമായി കൂടിച്ചേരാൻ കഴിയും. തനിക്കിതു സാധിക്കും എന്ന ബോദ്ധ്യത്തിൽനിന്നുമാണ് അവനിതു ലഭ്യമാകുന്നത്. തന്റെ വിവേകത്തിലൂടെ ദൈവത്തെ തിരയുന്ന ഒരാൾ വിശ്വാസം, സ്നേഹം, വിശുദ്ധി എന്നിവ നിറഞ്ഞ ജീവിതത്തിലൂടെ ദൈവത്തിൽ എത്തിച്ചേരുന്നു.

128. ദൃശ്യമായതിനെ മാത്രമേ കണ്ണിനു കാണാൻ കഴിയൂ. എന്നാൽ, അദൃശ്യമായതിനെ മനസ്സിലാക്കാൻ ബുദ്ധിക്കു കഴിയുന്നു. ദൈവ ത്തിന്റെ സ്നേഹം അനുഭവിക്കുന്ന ബുദ്ധി ആത്മാവിന്റെ വെളിച്ചമാണ്. അത്തരം ബുദ്ധി ആരിലുണ്ടോ അയാളുടെ ഹൃദയം പ്രകാശപൂരിത മാണ്, അയാൾ തന്റെ മനസ്സുകൊണ്ട് ദൈവത്തെ കാണുന്നു.

129. നല്ല മനുഷ്യൻ സദാചാരവിരുദ്ധനല്ല; നല്ലവനല്ലാത്തവൻ ദുഷ്ക്കർമ്മിയും ശരീരത്തെ സ്നേഹിക്കുന്നവനുമാണ്. ശരീരത്തിന്റെ താല്പര്യങ്ങളെ തള്ളിക്കളയുക എന്നതാണ് നാം ആദ്യം ചെയ്യേണ്ടത്. അവയിൽ രമിക്കുന്നതിനുള്ള മാർഗ്ഗങ്ങളില്ലാത്തതുകൊണ്ടല്ല, സ്വന്തം ഇഷ്ടപ്രകാരംതന്നെ, താല്ക്കാലികവും ദുഷിപ്പിക്കുന്നതുമായ ലൗകിക വസ്തുക്കളിൽനിന്ന് അകന്നു നിൽക്കുന്നതോടെ നാം നിത്യമായ, നാശമില്ലാത്ത അനുഗ്രഹങ്ങൾ നേടുന്നു.

www.malankaralibrary.com

130. വിവേകശാലിയായ ഒരുവൻ സ്വയം തിരിച്ചറിയുകയും മനുഷ്യൻ നശ്വരതയ്ക്ക് അടിപ്പെട്ടവനാണെന്നു മനസ്സിലാക്കുകയും ചെയ്യുന്നു. സ്വയം അറിയുന്നവൻ എല്ലാം അറിയുന്നു. എല്ലാത്തിന്റെയും സ്രഷ്ടാവ് ദൈവമാണെന്നും മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടിയാണ് എല്ലാം സൃഷ്ടിക്കപ്പെട്ടതെന്നും അയാൾ മനസ്സിലാക്കുന്നു. എല്ലാം തിരിച്ചറിഞ്ഞ് ശരിയായ പ്രമാണം സ്വീകരിക്കാനുള്ള കഴിവ് മനുഷ്യനുണ്ട്. ഭൗതികജീവിതത്തിൽനിന്നു വിരക്തി നേടുന്നവർ കഷ്ടപ്പാടുകൾ സഹിക്കാൻ തയ്യാറാവണമെന്നും മരണാനന്തരം ദൈവികമായ അനുഗ്രഹവും ശാന്തിയും അയാൾ നേടുമെന്നും ഇത്തരത്തിലുള്ള മനുഷ്യന് അറിയുവാൻ സാധിക്കുന്നു.

131. ആത്മാവില്ലാത്ത ശരീരം മൃതമാണെന്നതുപോലെ വിവേകമില്ലാത്ത ആത്മാവ് നിർജ്ജീവമാണ്, ദൈവത്തെ സ്വീകരിക്കാനതിനു കഴിയില്ല.

132. മനുഷ്യനെ മാത്രമാണ് ദൈവം ശ്രവിക്കുന്നത്. മനുഷ്യനു മാത്രമേ ദൈവം സ്വയം വെളിപ്പെടുത്തുന്നുള്ളൂ. ദൈവം മനുഷ്യനെയാണ് സ്നേഹിക്കുന്നത്. മനുഷ്യർ എവിടെയാണോ, അവിടെ ദൈവമുണ്ട്; ദൈവത്തെ ആരാധിക്കാൻ യോഗ്യതയുള്ളത് മനുഷ്യന് മാത്രമാണ്. മനുഷ്യനുവേണ്ടിയാണ് ദൈവം തന്നെത്തന്നെ രൂപാന്തരപ്പെടുത്തുന്നത്.

133. മനുഷ്യനുവേണ്ടിയാണ് ഭൂമിയും സ്വർഗ്ഗവും സുന്ദരമായ നക്ഷത്രങ്ങളുമെല്ലാം ദൈവം സൃഷ്ടിച്ചത്. മനുഷ്യൻ തനിക്കുവേണ്ടിത്തന്നെയാണ് ഭൂമിയിൽ കൃഷി ചെയ്യുന്നത്. എന്നാൽ ദൈവപരിപാലന എത്രയോ മഹത്തരമാണെന്ന് മനസ്സിലാക്കാൻ മനുഷ്യനു കഴിയുന്നില്ലെങ്കിൽ അവരുടെ ആത്മാവിൽ ആത്മീയജ്ഞാനം ഉണ്ടായിരിക്കുകയില്ല.

134. സ്വർഗ്ഗീയമായ വസ്തുക്കളെപ്പോലെ നന്മയും മറച്ചുവയ്ക്കപ്പെട്ടിരിക്കുന്നു. ഭൗതിവസ്തുക്കളെപോലെതന്നെ തിന്മയും പ്രത്യക്ഷത്തിൽ വരുന്നു. നന്മയ്ക്കു തുല്യം മറ്റൊന്നുമില്ല. വിവേകശാലിയായ മനുഷ്യൻ ഏറ്റവും നല്ലതു തിരഞ്ഞെടുക്കുന്നു. ദൈവത്തെയും അവിടുത്തെ സൃഷ്ടികളെയും കുറിച്ച് മനസ്സിലാക്കാൻ കഴിയുന്നത് മനുഷ്യനു മാത്രമാണ്.

www.malankaralibrary.com

135. വിവേകം ആത്മാവിലൂടെയും പ്രകൃതി ശരീരത്തിലൂടെയും വെളിവാകുന്നു. വിവേകത്തിലൂടെ ആത്മാവ് ദൈവീകത നേടുന്നു. എന്നാൽ ശരീരപ്രകൃതം ആത്മാവിനെ മന്ദഗതിയിലാക്കുന്നു. പ്രകൃതി സഹജമായ സ്വഭാവം എല്ലാ ശരീരങ്ങളിലുമുണ്ട്. എന്നാൽ എല്ലാ ആത്മാക്കളിലും വിവേകമില്ലാത്തതിനാൽ എല്ലാ ആത്മാക്കളും രക്ഷ പ്പെടുന്നില്ല.

136. സൃഷ്ടിക്കപ്പെട്ടതിനാൽ ആത്മാവ് ഈ ലോകത്തിൽ സ്ഥിതി ചെയ്യുന്നു. എന്നാൽ സൃഷ്ടിക്കപ്പെട്ടതല്ലാത്തതിനാൽ വിവേകം ഈ ലോകത്തിനും അപ്പുറത്തുള്ളതാണ്. ലോകത്തെ മനസ്സിലാക്കുകയും നിരന്തരം രക്ഷിക്കപ്പെടാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ആത്മാവ്, തന്റെ അലംഘനീയമായ നിയമമെന്ന നിലയിൽ ഇതു പ്രതിഫലി പ്പിക്കും: പോരാട്ടത്തിനും പരീക്ഷണത്തിനുമുള്ള സമയമാണിത്. ന്യായാധിപനെ കോഴകൊടുത്തു വശപ്പെടുത്തുവാൻ സാധിക്കുകയില്ല. മനുഷ്യാത്മാവ് ഒന്നുകിൽ രക്ഷിക്കപ്പെടും, അല്ലെങ്കിൽ ചെറുതും അതേ സമയം ലജ്ജാകരവുമായ പ്രവൃത്തികളിലുള്ള അസംയമനംമൂലം അത് നഷ്ടപ്പെട്ടുപോകും.

137. ഭൂമിയിൽ ദൈവം ജനനവും മരണവും നടപ്പിലാക്കിയിരിക്കുന്നു. സ്വർഗ്ഗത്തിലാകട്ടെ ദൈവാധീനതയും ദൈവപരിപാലനയുമാണുള്ളത്. എല്ലാം മനുഷ്യനുവേണ്ടിയും അവന്റെ രക്ഷയ്ക്കുവേണ്ടിയുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തിന് യാതൊന്നിന്റെയും ആവശ്യ മില്ലാത്തതിനാൽ, സ്വർഗ്ഗവും ഭൂമിയും നാലു മൂലഭൂതങ്ങളും മനുഷ്യനു വേണ്ടിയാണ് ദൈവം സൃഷ്ടിച്ചത്. ഇപ്രകാരം എല്ലാവരദാനങ്ങളും, മനുഷ്യന് ആസ്വദിക്കാൻവേണ്ടി അവിടുന്നു നൽകിയിരിക്കുന്നു.

138. നശ്വരമായത് അനശ്വരമായതിനെക്കാൾ താഴെയാണ്; എന്നാൽ അനശ്വരമായത് നശ്വരമായതിനെ സേവിക്കുന്നു. ദൈവ ത്തിന്റെ സഹജമായ നന്മയിലൂടെയും സ്രഷ്ടാവിന് മനുഷ്യനോടുള്ള സ്നേഹത്തിലൂടെയും നാലു മൂലഭൂതങ്ങളും അവനെ സേവിക്കുന്നു.

139. ഒരുവന്റെ നിർദ്ധനാവസ്ഥയാണ് ഒരുവനെ തിന്മയിൽനിന്നും പിന്തിരിപ്പിക്കുന്നതെങ്കിൽ, അതുകൊണ്ടുമാത്രം അവനെ വിശുദ്ധനായി കണക്കാക്കേണ്ടതില്ല. ദൈവത്തോടുള്ള ആദരവിനാൽ ദുർബ്ബലരോട് കരുണ കാണിക്കുകയും കഴിവുണ്ടായിട്ടും തിന്മ ചെയ്യാതിരിക്കുകയും

www.malankaralibrary.com

ചെയ്യുന്നവനാണ് വിശുദ്ധൻ; അയാൾക്ക് മരണാനന്തരം വലിയ പ്രതിഫലം നല്കപ്പെടും.

140. നമ്മുടെ സ്രഷ്ടാവായ ദൈവത്തിന്റെ സ്നേഹത്താൽ വിവിധ മാർഗ്ഗങ്ങളിലൂടെ മനുഷ്യർ രക്ഷ നേടുകയും അവരുടെ ആത്മാക്കൾ മാനസാന്തരപ്പെട്ട് സ്വർഗ്ഗത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യുന്നു. നന്മയുടെ പേരിൽ മനുഷ്യാത്മാക്കൾക്ക് പ്രതിഫലവും പാപത്തിന്റെ പേരിൽ ശിക്ഷയും ലഭിക്കുന്നു.

141. പുത്രൻ പിതാവിലും, പരിശുദ്ധാത്മാവ് പുത്രനിലും പിതാവ് ഇവർ രണ്ടുപേരിലും വസിക്കുന്നു. അദൃശ്യമായ ഇത്തരം കാര്യങ്ങൾ വിശ്വാസത്തിലൂടെ മനുഷ്യന് മനസ്സിലാക്കാൻ കഴിയുന്നു. ആത്മാവിന്റെ ബോധപൂർവ്വമായ സമ്മതമാണ് വിശ്വാസം.

142. സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ ഒരു വലിയ നദി കുറുകെ നീന്തിക്കടക്കേണ്ടിവരുന്ന ആളുകൾ ജാഗ്രതയോടെയും ഗൗരവ ബുദ്ധിയോടെയുമാണ് അതു ചെയ്യുന്നതെങ്കിൽ സുരക്ഷിതരായി മറുകര യെത്തുന്നു; ശക്തമായ ചുഴികളും ഒഴുക്കും ഉണ്ടെങ്കിൽകൂടി, ഇടയ്ക്ക് അവർ മുങ്ങിത്താണുപോയാലും കരയിൽ നിൽക്കുന്ന ചെടികളിൽ അള്ളിപ്പിടിച്ചാണെങ്കിലും അവർ കരപറ്റും. എന്നാൽ മദ്യപിച്ചു ലക്കു കെട്ടാണ് നദി കടക്കാനൊരുങ്ങുന്നതെങ്കിൽ, എത്ര വിദഗ്ദ്ധരായ നീന്തൽക്കാരാണെങ്കിൽകൂടി മദ്യലഹരിയിൽ ജലത്തിൽ മുങ്ങി ത്താണ് ഒഴുക്കിലകപ്പെടുന്നു. അങ്ങനെ അവർക്ക് ജീവൻ നഷ്ട പ്പെടുന്നു. ഇതുപോലെതന്നെ ലൗകികജീവിതത്തിന്റെ ഒഴുക്കിൽപെട്ട് വിഷമിക്കുന്ന ആത്മാവിന് പാപകരമായ താല്പര്യങ്ങളിൽനിന്നും സുബോധത്തിൽ എത്തിച്ചേരാൻ കഴിഞ്ഞെങ്കിൽ മാത്രമേ രക്ഷ പ്രാപിക്കാൻ സാധിക്കുകയുള്ളൂ. സ്വയം തിരിച്ചറിയാൻ ആത്മാവിന് കഴിയണം. ആത്മാവ് ദൈവികവും അനശ്വരവും ആണെങ്കിൽകൂടി അതിനെ പരീക്ഷിക്കുന്നതിനുവേണ്ടി ദൈവം നശ്വരവും അല്പകാലം മാത്രം ജീവിക്കുന്നതും വികാരങ്ങൾക്കു വിധേയവുമായ ശരീരത്തോട് അതിനെകൂട്ടി ചേർത്തിരിക്കുകയാണെന്ന സത്യം ആത്മാവ് മനസ്സി ലാക്കണം. എന്നാൽ തന്റെ യഥാർത്ഥ സത്തയ്ക്കു വിപരീതമായി അജ്ഞതയാൽ മത്തുപിടിച്ച ആത്മാവ് താൻ എന്താണെന്ന് മനസ്സി ലാക്കാതെ ലൗകികസുഖങ്ങളുടെ ചുഴിയിൽപെട്ട് മുങ്ങിത്താഴുന്നു.

www.malankaralibrary.com

അങ്ങനെ രക്ഷ നഷ്ടപ്പെട്ട് അത് നശിച്ചുപോകുന്നു. നദിയിലെ ഒഴുക്കു പോലെ നമ്മുടെ ശരീരവും നമ്മെ അപമാനകരമായ സുഖങ്ങളിലേ ക്കാണ് വലിച്ചു താഴ്ത്തുന്നത്.

143. വിവേകശാലിയായ ആത്മാവ് തന്റെ ഇച്ഛാശക്തി വേണ്ട രീതിയിൽ വിനിയോഗിക്കുകയും തന്നിലെ പ്രാകൃതവും വികാര പരവുമായ താല്പര്യങ്ങളെ സമർത്ഥനായ ഒരു തേരാളിയെപ്പോലെ നിയന്ത്രിക്കുകയും ചെയ്യുമ്പോൾ അതിന് വിജയകിരീടമണിയാൻ കഴിയുന്നു. അതിന്റെ കഠിനപ്രയത്നങ്ങളുടെപേരിൽ സ്രഷ്ടാവായ ദൈവം ആത്മാവിന് സ്വർഗ്ഗീയജീവിതം നൽകുന്നു.

144. ദുഷ്ടന്മാർ വിജയിക്കുകയും അർഹരല്ലാത്തവർ സമ്പത്തു നേടുകയും ചെയ്യുന്നത് കാണുമ്പോൾ വിവേകശാലിയായ ആത്മാവ് അസ്വസ്ഥമാകുന്നില്ല. ഒരു വിഡ്ഢിയെപ്പോലെ, ഇത്തരക്കാരുടെ സുഖസൗകര്യങ്ങൾ കണ്ട് അത് വ്യാമോഹിക്കപ്പെടുന്നില്ല. അവ താത്ക്കാലികം മാത്രമാണെന്നും ജീവിതം അനിശ്ചിതവും ഹ്രസ്വവു മാണെന്നും യഥാർത്ഥ ന്യായാധിപനായ ദൈവം ഉറച്ച നീതിനിഷ്ഠ യുള്ളവനാണെന്നും അത് അറിയുന്നു. തനിക്കാവശ്യമായതൊക്കെ ദൈവം നല്കിക്കൊള്ളുമെന്ന വിശ്വാസം വിവേകശാലിയായ ആത്മാ വിനുണ്ട്.

145. ശരീരത്തിന്റെ ജീവിതം, ലൗകികസമ്പത്ത്, അധികാരം തുടങ്ങിയവയെല്ലാം ആത്മാവിനെ സംബന്ധിച്ചിടത്തോളം മരണ തുല്യമാണ്. എന്നാൽ കഷ്ടപ്പാടുകൾ, ക്ഷമാപൂർവ്വമായ സഹനം, കൃത ജ്ഞതയോടെ സ്വീകരിക്കപ്പെടുന്ന ദാരിദ്ര്യം, ശരീരത്തിന്റെ മരണം എന്നിവയാകട്ടെ, ആത്മാവിനെ സംബന്ധിച്ച് അനശ്വരജീവിതവും നിത്യമായ സന്തോഷവുമാകുന്നു.

146. വിവേകശാലിയായ ആത്മാവ് ലോകത്തെയും എളുപ്പം അവസാനിക്കുന്ന ജീവിതത്തെയും കുറിച്ച് താല്പര്യം കാട്ടുന്നില്ല. മറിച്ച്, തന്റെ വിശുദ്ധി നിമിത്തം ദൈവം തനിക്കു ദാനമായി നല്കുന്ന സ്വർഗ്ഗീയസന്തോഷവും നിത്യജീവനുമാണ് അത് അഭിലഷിക്കുന്നത്.

147. അഴുക്കു പുരണ്ട വസ്ത്രങ്ങൾ ധരിച്ച ആളുകളെ സ്പർശി ക്കുന്ന ആളുകളുടെ ദേഹത്തും അഴുക്കു പറ്റുന്നു. ഇതുപോലെതന്നെ സദാചാരവിരുദ്ധരും ദുഷ്ടന്മാരുമായ ആളുകൾ, തങ്ങളുമായി

www.malankaralibrary.com

സമ്പർക്കത്തിലേർപ്പെടുകയും സംസാരിക്കുകയും ചെയ്യുന്ന ശുദ്ധ ഹൃദയരുടെ മനസ്സിൽ തിന്മയുടെ അഴുക്കു പുരട്ടുന്നു.

148. പാപത്തിന്റെ ആരംഭമായ ആഗ്രഹം നമ്മുടെ ആത്മാവിനെ നശിപ്പിക്കുന്നു. രക്ഷയുടെയും സ്വർഗ്ഗരാജ്യത്തിന്റെയും ആരംഭമാവട്ടെ സ്നേഹമാണ്.

149. വളരെക്കാലം ഉപയോഗിക്കാതെ കിടക്കുന്ന ചെമ്പുതകിടിൽ ശ്രദ്ധക്കുറവുമൂലം ക്ലാവുപിടിച്ച് അത് വിരൂപമായിത്തീരുന്നതുപോലെ, ജീവിതവിശുദ്ധിയും മാനസാന്തരവും അവഗണിക്കുന്ന അലസമായ ആത്മാവും വിരൂപമായിത്തീരുന്നു. തന്റെ ദുഷ്പ്രവൃത്തികളാൽ ആത്മാവിന് ദൈവത്തിന്റെ സംരക്ഷണം നഷ്ടമാകുന്നു; ക്ലാവുപിടിക്കുന്നതിനാൽ ചെമ്പ് നശിച്ചുപോകുന്നതുപോലെ, അലസത മൂലം ശരീരത്തിലുണ്ടാകുന്ന തിന്മയാൽ ആത്മാവും വിരൂപവും ഉപയോഗശൂന്യവുമായിത്തീരുകയും രക്ഷയാർജ്ജിക്കാൻ കഴിവില്ലാത്തതായിത്തീരുകയും ചെയ്യുന്നു.

150. ദൈവം നല്ലവനും നിർവ്വികാരനും മാറ്റമില്ലാത്തവനുമാണ്. ദൈവം മാറ്റമില്ലാത്തവനാണ് എന്നത് ന്യായവും സത്യവുമാണ് എന്ന് ആരെങ്കിലും ചിന്തിച്ചേക്കാം. ആ നിലയ്ക്ക്, തന്നെ ബഹുമാനിക്കുന്നവരിൽ അവിടുന്ന് സംപ്രീതനാവുകയും അവരോട് കരുണ കാണിക്കുകയും, അതേസമയം, ദുഷ്ടന്മാരിൽനിന്നും അവിടുന്നു മുഖം തിരിക്കുകയും പാപികൾക്കു നേരെ കോപിക്കുകയും ചെയ്യുന്നുവെന്ന് എങ്ങനെയാണ് ദൈവത്തെക്കുറിച്ചു പറയുവാൻ സാധിക്കുക എന്ന് ഇക്കൂട്ടർ ചോദിച്ചേക്കാം. ഇതിനുള്ള ഉത്തരം, ദൈവം സന്തോഷിക്കുകയോ കോപിക്കുകയോ ചെയ്യുന്നില്ല എന്നതാണ്. കാരണം സന്തോഷവും കോപവും വികാരങ്ങളാണല്ലോ. അവിടുത്തെ ബഹുമാനിക്കുന്നവരുടെ കാഴ്ചവസ്തുവിൽ അവിടുന്നു കുടിയിരിക്കുന്നില്ല, അല്ലെങ്കിൽ അവിടുന്ന് സന്തോഷത്താൽ ചാഞ്ചാടുന്നവനാകുമായിരുന്നു. ദൈവത്തിന് സന്തോഷമോ അതൃപ്തിയോ തോന്നുന്നുവെന്ന് മാനുഷികമായ രീതിയിൽ സങ്കല്പിക്കുന്നത് ശരിയല്ല. അവിടുന്ന് നല്ലവനാണ്. അവിടുന്ന് എല്ലായ്പ്പോഴും അനുഗ്രഹങ്ങളാണ് വർഷിക്കുന്നത്. അവിടുന്ന് ഒരിക്കലും തിന്മ ചെയ്യുന്നില്ല. അവിടുന്ന് എല്ലായ്പ്പോഴും ഒരുപോലെ വർത്തിക്കുന്നു. നേരെമറിച്ച്, മനുഷ്യരായ നാം ദൈവത്തോട് സാരൂപ്യം പ്രാപിക്കുന്നതിലൂടെ നല്ല

www.malankaralibrary.com

വരായിരുന്നാൽ അവിടുത്തോടു ചേർന്നുനിൽക്കും. എന്നാൽ നാം ദുഷ്ക്കർമ്മികളായാൽ, ദൈവത്തോടു സാരൂപ്യം പ്രാപിക്കാതെ അവിടുന്നിൽനിന്ന് അകന്നുപോകും. വിശുദ്ധമായ ജീവിതത്തിലൂടെ നമ്മൾ ദൈവസാമീപ്യം അനുഭവിക്കുന്നു. പാപകരമായ ജീവിതത്തിലൂടെ ദൈവത്തെ നമ്മുടെ ശത്രുവാക്കുന്നു. ദൈവം നമ്മോട് കോപിക്കുന്നില്ല; എന്നാൽ നമ്മുടെ പാപങ്ങൾ, നമ്മുടെ ഉള്ളിൽ പ്രകാശിക്കുന്ന ദൈവത്തെ മറയ്ക്കുകയും നമ്മെ ശിക്ഷിക്കുന്ന പിശാചുക്കൾക്ക് വിധേയരാക്കിത്തീർക്കുകയും ചെയ്യുന്നു. പ്രാർത്ഥനയിലൂടെയും കാരുണ്യപ്രവൃത്തികളിലൂടെയും പാപത്തിൽനിന്നു നാം മോചിതരാകുന്നെങ്കിൽ, ദൈവത്തെ നാം നമ്മുടെ പക്ഷത്താക്കിയെന്ന് അർത്ഥമില്ല, നമ്മുടെ പ്രവൃത്തികളിലൂടെയും ദൈവത്തിലേക്കു തിരിയുന്നതിലൂടെയും നമ്മുടെ തിന്മകൾക്കു പരിഹാരം ചെയ്ത് ദൈവത്തിന്റെ നന്മ കൂടുതൽ ആസ്വാദ്യമാക്കിയെന്നു സാരം. അതിനാൽ ദുഷ്ടന്മാരിൽനിന്നു ദൈവം അകന്നുപോകുന്നു എന്നു പറയുന്നത്, അന്ധന്മാരിൽനിന്നു സൂര്യൻ ഒളിച്ചിരിക്കുന്നു എന്നു പറയുന്നതുപോലെയാണ്.

151. യഥാർത്ഥ ഭക്തി പുലർത്തുന്ന ആത്മാവ് എല്ലാറ്റിന്റെയും ദൈവത്തെ പൂർണ്ണമായി അറിയുന്നു. യഥാർത്ഥ ഭക്തിയെന്നാൽ ദൈവഹിതം അനുവർത്തിക്കുക എന്നതാണ്. അസൂയയിൽനിന്ന് മോചനം നേടുകയും ആത്മനിയന്ത്രണവും സൗമ്യതയും ദയാശീലവും വളർത്തുകയും കലഹസ്വഭാവം ഒഴിവാക്കുകയും ചെയ്യുന്നതിലൂടെ ദൈവത്തെക്കുറിച്ച് അറിയുക എന്നതാണത്.

152. ദൈവത്തെക്കുറിച്ചുള്ള ജ്ഞാനവും ദൈവഭയവും ലൗകിക വികാരങ്ങൾക്കുള്ള മറുമരുന്നാണ്. ആത്മാവിൽ ദൈവത്തെക്കുറിച്ചുള്ള അജ്ഞതയുണ്ടായിരിക്കുമ്പോൾ ശമിക്കാത്ത വികാരങ്ങൾ അതിനെ നശിപ്പിക്കുന്നു; എന്തെന്നാൽ പഴുത്ത വ്രണംപോലെയാണ് തിന്മ. ഈ ദുരവസ്ഥയുടെ കാരണം ദൈവമല്ല. എന്തെന്നാൽ ആത്മീയധാരണയും അറിവും ദൈവം മനുഷ്യനു നല്കിയിട്ടുണ്ട്.

153. ആത്മീയമായ ധാരണാശേഷിയും അറിവും ദൈവം മനുഷ്യനിൽ നിറച്ചിട്ടുണ്ട്; വികാരങ്ങളിൽനിന്നും ബോധപൂർവ്വമായ തിന്മയിൽനിന്നും മനുഷ്യനെ ശുദ്ധീകരിക്കണമെന്ന് ദൈവം ആഗ്രഹി

www.malankaralibrary.com

ക്കുന്നു. തന്റെ അഗാധമായ സ്നേഹത്താൽ നശ്വരനായ മനുഷ്യനെ അനശ്വരനാക്കിത്തീർക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു

154. ശുദ്ധതയും ഭക്തിയുമുള്ള ആത്മാവ്, ആദ്യന്തങ്ങളില്ലാത്തവനും അദൃശ്യനും അനശ്വരനുമായ ദൈവത്തെ കാണുന്നു. ഹൃദയശുദ്ധിയുള്ളവരിലെ ഏകപരിശുദ്ധി ദൈവമാണ്.

155. ദൗർഭാഗ്യങ്ങളെ സന്തോഷത്തോടെയും നന്ദിയോടെയും സ്വീകരിക്കുന്ന മനുഷ്യന് വിശുദ്ധിയും രക്ഷയും അനശ്വരമായ കിരീടവും ലഭിക്കുന്നു. നാവിനെയും വയറിനെയും ശാരീരികസുഖങ്ങളെയും കോപത്തെയും അടക്കുന്നതുമൂലം ആത്മാവ് ഉയർച്ച നേടുന്നു.

156. ദൈവപരിപാലനയാണ് പ്രപഞ്ചത്തെ നയിക്കുന്നത്. അത് സർവ്വവ്യാപിയാണ്. എല്ലാ വസ്തുക്കളെയും സൃഷ്ടിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന, ലോകത്തിന്റെ രൂപരഹിതമായ പഞ്ചഭൂതാത്മകത്വത്തിൽ പതിഞ്ഞിരിക്കുന്ന രൂപമായ ദൈവത്തിന്റെ ലോഗൊസ് (വചനം) ആണത്. ദൈവത്തിന്റെ ഛായയും മനസ്സും ജ്ഞാനവും പരിപാലനയുമായ ലോഗൊസിന്റെ (വചനം) ശക്തിയാൽ നിയന്ത്രിക്കപ്പെടാതെ വസ്തുക്കൾക്ക് യോജിപ്പുള്ള ഒരു ഘടന ആർജ്ജിക്കുവാൻ സാധിക്കുകയില്ല.

157. മനസ്സിൽ രൂപംകൊള്ളുന്ന ആഗ്രഹങ്ങളാണ് എല്ലാ ഇരുളാർന്ന വികാരങ്ങളുടെയും തുടക്കം. അത്തരം ആഗ്രഹങ്ങളിൽ കുരുങ്ങിപ്പോകുന്ന ആത്മാവ്, സ്വന്തം പ്രകൃതത്തെ, അതായത്, താൻ ദൈവത്തിന്റെ ശ്വാസമാണെന്ന കാര്യം മറക്കുന്നു. അതിനാൽ അത് പാപത്തിലേക്ക് ആകർഷിക്കപ്പെടുന്നു, തന്റെ ഭോഷത്ത്വത്താൽ മരണാനന്തരം സംഭവിക്കാവുന്ന ദുരന്തങ്ങളെക്കുറിച്ചുപോലും അത് ചിന്തിക്കുന്നില്ല.

158. ദൈവവിശ്വാസമില്ലായ്മയും പ്രശംസയിലുള്ള താല്പര്യവുമാണ് സുഖപ്പെടുത്താനാവാത്തതും ആത്മാവിനെ ഏറ്റവും അധികം നശിപ്പിക്കുന്നതുമായ രണ്ടു ദൂഷ്യങ്ങൾ. നന്മയുടെ അഭാവത്തെയാണ് തിന്മയ്ക്കായിട്ടുള്ള ആഗ്രഹം സൂചിപ്പിക്കുന്നത്. പൂർണ്ണമനസ്സോടെ ശരിയായത് ചെയ്യുക, സർവ്വത്തിന്റെയും ദൈവത്തിന് സന്തോഷകരമായത് മാത്രം അനുഷ്ഠിക്കുക എന്നിവ നന്മയിലധിഷ്ഠിതമായ കാര്യങ്ങളാണ്.

www.malankaralibrary.com

159. ദൈവവുമായി സംവദിക്കാൻ കഴിയുന്നത് മനുഷ്യനു മാത്ര മാണ്. എന്തെന്നാൽ, സർവ്വജീവജാലങ്ങളിലുംവെച്ച് മനുഷ്യനോട് മാത്രമാണ് രാത്രിയിൽ സ്വപ്നങ്ങളിലൂടെയും പകൽ മനസ്സിലൂടെയും ദൈവം സംസാരിക്കുന്നത്. വിവിധ മാർഗ്ഗങ്ങളിലൂടെ, തനിക്കു യോഗ്യരായവർക്ക് ഭാവിയിൽ നല്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് ദൈവം മുൻകൂട്ടി സൂചന നല്കുകയും ചെയ്യുന്നു.

160. വിശ്വാസവും ഉറച്ച തീരുമാനവുമുള്ള ഒരാൾക്ക് ദൈവത്തെ മനസ്സിലാക്കാൻ യാതൊരു വിഷമവുമില്ല. ദൈവത്തെ ധ്യാനിക്കണ മെന്നുണ്ടെങ്കിൽ, അവിടുത്തെ ലോഗൊസിനാൽ (വചനത്താൽ) സൃഷ്ടിക്കപ്പെട്ട വസ്തുക്കളുടെ സൗന്ദര്യവും യോജിപ്പും മനസ്സി ലാക്കണം. മനുഷ്യനുവേണ്ടിയാണ് ദൈവം എല്ലാം സൃഷ്ടിച്ചത്.

161. ഒരുവൻ പാപത്തിൽനിന്നും തിന്മയിൽനിന്നും മോചിത നായിരിക്കുമ്പോഴാണ് അയാളെ വിശുദ്ധനെന്നു വിളിക്കേണ്ടത്. അതിനാൽ മനുഷ്യന്റെ ആത്മാവിനു നേടാവുന്ന, ദൈവഹിതത്തിന് അനുരൂപമായ ഏറ്റവും വലിയ അവസ്ഥ തിന്മയിൽനിന്ന് പൂർണ്ണ മോചനം നേടുക എന്നതാണ്.

162. ഒരു പേര് സൂചിപ്പിക്കുന്നത് ഒരു പ്രത്യേക വസ്തുവിനെയോ ഒരു വ്യക്തിയെയോ ആണ്. ഏകനും അതുല്യനുമായ ദൈവത്തിന് മറ്റൊരു പേര് ഉണ്ടെന്നു ചിന്തിക്കുന്നത് ഭോഷത്തമാണ്. ആദ്യന്ത ങ്ങളില്ലാത്തവനും മനുഷ്യനുവേണ്ടി സകലതും സൃഷ്ടിച്ചവനും എന്നാണ് ദൈവമെന്ന പേര് സൂചിപ്പിക്കുന്നത്.

163. നിങ്ങളിൽ പാപകരമായ പ്രവൃത്തികളുണ്ടെന്നു ബോധ്യ മുണ്ടെങ്കിൽ, ഭാവിയിൽ നിങ്ങൾക്കു ലഭിക്കാവുന്ന അനുഗ്രഹങ്ങളെ ക്കുറിച്ചുള്ള പ്രതീക്ഷയിലൂടെ നിങ്ങളുടെ ആത്മാവിലെ പാപത്തെ ഇല്ലായ്മ ചെയ്യുക. എന്തെന്നാൽ ദൈവം നീതിമാനും കാരുണ്യവാനു മാണ്.

164. ദൈവത്തെ അറിയുകയും, ദൈവം അറിയുകയും ചെയ്യുന്ന ഒരുവൻ, അവിടുന്നിൽനിന്നും അകന്നു പോകാതിരിക്കാൻ സർവ്വ പരിശ്രമങ്ങളും ചെയ്യുന്നു. എല്ലാ വിഷയസുഖങ്ങളിൽനിന്നും മാറിനിന്നുകൊണ്ട് നന്മയുള്ള ജീവിതം നയിക്കുകയാണെങ്കിൽ അയാൾക്ക് ഇതിൽ വിജയിക്കാനാവും. എന്നാൽ ലൗകികസുഖ

www.malankaralibrary.com

ങ്ങളിൽ ഏർപ്പെടാനുള്ള മാർഗ്ഗമില്ലാത്തതുകൊണ്ടായിരിക്കരുത്, മറിച്ച്, തന്റെ ഉറച്ച തീരുമാനവും ആത്മനിയന്ത്രണവും മൂലമായിരിക്കണം അയാൾ അങ്ങനെ ചെയ്യുന്നത്.

165. നിങ്ങളെ ഉപദ്രവിക്കുന്നവർക്ക് നന്മ ചെയ്യുക. അപ്പോൾ ദൈവം നിങ്ങളുടെ സുഹൃത്തായിരിക്കും. നിങ്ങളുടെ ശത്രുവിനെപ്പോലും കുറ്റം പറയാതിരിക്കുക. സ്നേഹവും സംയമനവും മിതത്വവും ക്ഷമയും ആത്മനിയന്ത്രണവും പരിശീലിക്കുക. എന്തെന്നാൽ ഇതു തന്നെയാണ് ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം; എളിമ തുടങ്ങിയ സദ്ഗുണങ്ങളിലൂടെ ദൈവത്തിന്റെ വഴിയിൽ സഞ്ചരിക്കുക എന്നതാണ് ഇതിന്റെ അർത്ഥം. ഇത് എല്ലാവർക്കും സാദ്ധ്യമായ കാര്യമല്ല. ആത്മീയമായ ധാരണയുള്ള ഒരാൾക്കു മാത്രമേ ഇത്തരത്തിൽ ജീവിക്കാനാകൂ.

166. ചെടികൾക്കും സസ്യങ്ങൾക്കുമൊക്കെ ആത്മാവുണ്ട് എന്ന് ദൈവഭക്തിയില്ലാതെ പറയാൻ ചിലർ ധൈര്യപ്പെടുന്നതിനാൽ സാധുപ്രകൃതിക്കാർക്കുള്ള മാർഗ്ഗദർശനം എന്ന നിലയിൽ ഞാനതേക്കുറിച്ച് ചുരുക്കമായി എഴുതാം. ചെടികൾക്ക് സ്വാഭാവികമായ ജീവിതമുണ്ടെങ്കിലും അവയ്ക്ക് ആത്മാവില്ല. മനുഷ്യനെ ബുദ്ധിയുള്ള ജീവി എന്നാണ് വിളിക്കുന്നത്. കാരണം അവന് വിശേഷബുദ്ധിയും അറിവു സമ്പാദിക്കാനുള്ള കഴിവും ഉണ്ട്. മൃഗങ്ങൾക്കും പക്ഷികൾക്കുമെല്ലാം ആത്മാവും പ്രാണനുമുള്ളതിനാൽ അവയ്ക്ക് ശബ്ദമുണ്ടാക്കാൻ കഴിയും. വളർച്ചയും തളർച്ചയുമുള്ളവയെല്ലാം ജീവനുള്ളവയാണ്. അവയ്ക്ക് ജീവനും വളർച്ചയുമുണ്ടെങ്കിലും അവയ്ക്കെല്ലാം ആത്മാവുണ്ടെന്ന് അർത്ഥമില്ല. ജീവനുള്ളവയെ നാലായി തരംതിരിക്കാം. ആദ്യത്തെ കൂട്ടർ മാലാഖമാരെപ്പോലെ അനശ്വരരും ആത്മാവുമുള്ളവരാണ്. രണ്ടാമത്തെ കൂട്ടർ മനുഷ്യരെപ്പോലെ ബുദ്ധിയും ആത്മാവും പ്രാണനും ഉള്ളവരാണ്. മൂന്നാമത്തെ വിഭാഗത്തിൽപ്പെട്ടവരും മൃഗങ്ങളെപ്പോലെ പ്രാണനും ആത്മാവും ഉള്ളവർതന്നെ. നാലാമത്തെ വിഭാഗമാവട്ടെ, സസ്യങ്ങളെപ്പോലെ ജീവൻ മാത്രമുള്ളവരും. സസ്യങ്ങൾക്ക് ആത്മാവോ പ്രാണനോ ബുദ്ധിയോ അനശ്വരതയോ ഇല്ല. ഈ നാലു ഗുണങ്ങളും ജീവന്റെ ഉത്കൃഷ്ടഭാവങ്ങളാണ്. നിരന്തരമായ ചലനത്തിലാണ് ഓരോ മനുഷ്യാത്മാവും.

www.malankaralibrary.com

167. നിങ്ങളുടെയുള്ളിൽ ഏതെങ്കിലുമൊക്കെ ലൗകിക സുഖങ്ങളുടെ ചിത്രങ്ങൾ തെളിയുമ്പോൾ, അവയ്ക്ക് അടിമപ്പെടാതിരിക്കാനായി ജാഗ്രത പുലർത്തുക. കുറച്ചു സമയം മരണത്തെക്കുറിച്ച് ചിന്തിക്കുകയും വെറും മായകൾ മാത്രമായ ഇത്തരം സുഖങ്ങളെ മറികടക്കുന്നത് എത്രമേൽ നന്നായിരിക്കുമെന്ന് ആലോചിക്കുകയും ചെയ്യുക.

168. പിറവിയോടൊപ്പം വികാരങ്ങളുള്ളതിനാൽ -ജനിക്കുന്നതെന്തും മരിച്ചേ തീരൂ- വികാരങ്ങളോടൊപ്പം തിന്മയുമുണ്ട്. തിന്മയെ ഇല്ലായ്മ ചെയ്യാൻ ദൈവത്തിനു കഴിവില്ലെന്നു പറയരുത്. അങ്ങനെ പറയുന്നത് പരമവിഡ്ഢിത്തമാണ്. എല്ലാ വികാരങ്ങളും വസ്തുക്കളോട് ചേർന്നിരിക്കുന്നു; എന്നാൽ ദൈവം വസ്തുക്കളെ ഇല്ലായ്മ ചെയ്യുന്നില്ല. മനുഷ്യരുടെ നന്മയ്ക്കായി, തിന്മയിൽനിന്നും ഉളവാകുന്ന ഉപദ്രവം എന്താണെന്നു മനസ്സിലാക്കിക്കൊണ്ട് അതിനെ നശിപ്പിക്കാൻ അവരെ പ്രാപ്തരാക്കുന്നതിനുവേണ്ടിയാണ് ബുദ്ധി, ഗ്രഹണശക്തി, ആത്മീയജ്ഞാനം, വിവേചനാശക്തി തുടങ്ങിയ കഴിവുകൾ ദൈവം അവർക്കു നല്കിയിരിക്കുന്നത്. എന്നാൽ വിഡ്ഢികൾ ഇതു മനസ്സിലാക്കാതെ തിന്മ പ്രവർത്തിക്കുകയും അതിൽ അഭിമാനിക്കുകയും ചെയ്യുന്നു; കെണിയിൽപെട്ട് അതിൽനിന്ന് പുറത്തു കടക്കാനാവാതെ കൈകാലിട്ടടിക്കുന്ന ഒരുവനെപ്പോലെയാണ് ദുഷ്പ്രവൃത്തികൾ ചെയ്യുന്നവർ. മനുഷ്യരക്ഷയ്ക്കായി, അവനെ ദൈവീകരിക്കാനായി എല്ലാറ്റിനെയും സൃഷ്ടിച്ച ദൈവത്തെ കാണാനും അറിയാനും വേണ്ടി മുകളിലേക്കു മിഴികളുയർത്താൻ അത്തരക്കാർക്കു സാധിക്കില്ല.

169. നശ്വരരായ മനുഷ്യർ തങ്ങൾക്കു മരണമുണ്ടെന്ന് അറിയുന്നെങ്കിലും ആ സത്യത്തെ വെറുക്കുന്നു. എന്നാൽ പുണ്യാത്മാവിന് അവരുടെ വിശുദ്ധിയിലൂടെ അനശ്വരത ലഭിക്കുന്നു. വിഡ്ഢികളും ദുഃഖിതരുമായ ആത്മാക്കൾക്ക് അവരുടെ പാപകൃത്യങ്ങൾ മൂലം മരണം സംഭവിക്കുന്നു.

170. സംതൃപ്തമായ മനസ്സോടെ ഉറങ്ങാൻ കിടക്കുമ്പോൾ ദൈവത്തിന്റെ അനുഗ്രഹങ്ങളെയും ഉദാരമായ പരിപാലനയെയുംകുറിച്ച് നന്ദിപൂർവ്വം സ്മരിക്കുക. വിശുദ്ധമായ ചിന്തകളും ആനന്ദവും നിങ്ങളുടെയുള്ളിൽ നിറയട്ടെ. അങ്ങനെ നിങ്ങളുടെ ശരീരം നിദ്രയിലാണ്ടിരിക്കുമ്പോഴും നിങ്ങളുടെ ആത്മാവ് ഉണർന്നിരിക്കും; നിങ്ങൾ

www.malankaralibrary.com

കണ്ണുകൾ അടച്ച് ഉറങ്ങാൻ തുടങ്ങുമ്പോൾ ദൈവത്തെക്കുറിച്ചുള്ള യഥാർത്ഥ ദർശനം നിങ്ങൾക്കു ലഭിക്കും. നിങ്ങളുടെ മൗനം വിശുദ്ധി കൊണ്ട് നിറയും. ഉറക്കത്തിലും, നിങ്ങളുടെ പൂർണ്ണആത്മാവോടെ നിങ്ങൾ ബോധപൂർവ്വം ദൈവത്തെ മഹത്ത്വപ്പെടുത്തും. തിന്മയില്ലാത്ത ഒരാളുടെ ഹൃദയത്തിലെ കൃതജ്ഞതയാണ് ഏതു വലിയ ബലിയർപ്പണത്തെക്കാളും ദൈവത്തിനു പ്രിയങ്കരം. ദൈവത്തിന് എക്കാലവും സ്തുതിയായിരിക്കട്ടെ. ആമേൻ.

www.malankaralibrary.com



**St. Isaiah the Solitary**

**ഏകാന്ത താപസനായ വിശുദ്ധ യശയ്യ**

www.malankaralibrary.com

# ഏകാന്ത താപസനായ വിശുദ്ധ യശയ്യ

## ആമുഖക്കുറിപ്പ്

ഇവിടെ ചേർത്തിരിക്കുന്ന ഇരുപത്തിയേഴ് ലേഖനങ്ങളുടെ കർത്തൃത്വത്തെക്കുറിച്ച് അനിശ്ചിതത്വമുണ്ട്. വിശുദ്ധ നിക്കോദിമോസിന്റെ അഭിപ്രായത്തിൽ, വിശുദ്ധ യശയ്യ ജീവിച്ചിരുന്നത് ഏതാണ്ട് എ. ഡി. മുന്നൂറ്റി എഴുപതിലായിരിക്കണം. അദ്ദേഹം ഈജിപ്തിലെ മഹാനായ വിശുദ്ധ മക്കാറിയോസിന്റെ സമകാലീനനായിരുന്നു. പല ചരിത്രകാരന്മാരും വിശ്വസിക്കുന്നത്, ഇതിനും വളരെ ശേഷമായിരുന്നു ഇദ്ദേഹത്തിന്റെ കാലഘട്ടമെന്നാണ്. ഈജിപ്തിലെ സ്കേറ്റിസിൽ ജീവിച്ചിരുന്ന താപസനായ ഒരു യശയ്യയാണ് ഈ ലേഖനങ്ങളുടെ കർത്താവെന്നു കരുതുന്നവരുണ്ട്. പിന്നീട് അദ്ദേഹം 431-നു ശേഷം ഒരു ദിവസം പാലസ്തീനായിലേക്കു പോകുകയും പ്രായാധിക്യത്തിൽ ഒരു റിക്ലൂസ് (ഏകാന്തതാപസൻ) ആയി ഗാസായ്ക്കു സമീപംവച്ച് 491 ആഗസ്റ്റ് 11-ാം തീയതി (മറ്റു ചിലരുടെ അഭിപ്രായത്തിൽ 489-ൽ) മരണമടയുകയും ചെയ്തു. തീയതി ഏതായാലും, നാലും അഞ്ചും നൂറ്റാണ്ടുകളിൽ ഈജിപ്തിലെയും പാലസ്തീനായിലെയും മരുഭൂമിയിൽ ജീവിച്ചിരുന്ന പിതാക്കന്മാരുടെ ആധികാരികമായ ആത്മീയത ഈ ലേഖനങ്ങളിൽ പ്രതിഫലിക്കുന്നുണ്ടെന്നു വ്യക്തം. പൈശാചിക പ്രലോഭനങ്ങളെ അതിജീവിക്കുന്നതിനെക്കുറിച്ചും മനോനിയന്ത്രണത്തെക്കുറിച്ചുമുള്ള ലേഖകർത്താവിന്റെ ഉപദേശങ്ങളെ വിശുദ്ധ നിക്കോദിമോസ് പ്രത്യേകം പ്രശംസിക്കുന്നുണ്ട്.

ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടില്ലാത്ത സുദീർഘമായ ഒരു ലേഖനത്തിൽനിന്നുമുള്ള കുറച്ചു ഭാഗങ്ങൾ മാത്രമാണ് വിശുദ്ധ നിക്കോദിമോസ് ഇവിടെ ഉൾപ്പെടുത്തിയിട്ടുള്ളത്.

www.malankaralibrary.com

## മനസ്സിനെ സുരക്ഷിതമാക്കുന്നതു സംബന്ധിച്ച ഇരുപത്തിയേഴ് പാഠങ്ങൾ

1. മനസ്സിനു സഹജമായുള്ള വികാരങ്ങളിലൊന്നാണ് കോപം. കോപമില്ലാതെ ഒരാൾക്ക് ശുദ്ധത നേടാനാവില്ല; അയാളുടെയുള്ളിൽ ശത്രുക്കളാൽ വിതയ്ക്കപ്പെടുന്ന എല്ലാത്തിനോടും അയാൾക്ക് കോപം തോന്നണം. കോപം തോന്നിയപ്പോഴാണ് ഈയ്യോബ് തന്റെ എതിരാളികളെ 'സൽപ്പേരോ അന്തസ്സോ യാതൊരുവിധമായ നന്മയോ ഇല്ലാത്തവരും, എന്റെ ആട്ടിൻപറ്റത്തിനു കാവൽ നിൽക്കുന്ന നായ്ക്കളോടൊപ്പം ജീവിക്കാൻപോലും യോഗ്യരല്ലാത്തവരു'മെന്ന് വിളിച്ച് ശകാരിച്ചത് (ഇയ്യോബ് 30:1,4). പ്രകൃതിസഹജമായ ഈ കോപം സ്വായത്തമാക്കാനാഗ്രഹിക്കുന്ന ഒരാൾ സ്വന്തം ഇച്ഛാശക്തിയെ വേരോടെ പിഴുതുമാറ്റണം – അയാളുടെ ബുദ്ധി സ്വാഭാവികമായ അവസ്ഥ നേടുന്നതുവരെ.

2. ശത്രുക്കളെ നിങ്ങൾ ചെറുക്കുന്ന സമയത്ത്, അവരുടെ സൈന്യം ദുർബ്ബലമാവുകയും പിന്മാറുകയും ചെയ്യുന്നതു കാണുമ്പോൾ നിങ്ങൾ ഹൃദയത്തിൽ സന്തോഷിക്കരുത്; എന്തെന്നാൽ ദുർബ്ബലമാകലും പിന്മാറ്റവുമെല്ലാം പിശാചുക്കളുടെ തന്ത്രങ്ങളാണ്. ആദ്യത്തേതിനെക്കാൾ ഭീകരമായ മറ്റൊരാക്രമണത്തിന് അവർ തയ്യാറെടുക്കുകയാണ്; തങ്ങളുടെ സൈന്യത്തിന്റെ നല്ലൊരു ഭാഗത്തെ നഗരത്തിൽത്തന്നെ വിട്ടിട്ടാണ് അവർ പിന്മാറിയത്. നിങ്ങളവരെ ആക്രമിക്കാനൊരുങ്ങിയാൽ അവർ പേടിച്ചോടും. എന്നാൽ യുദ്ധവിജയത്തിൽ നിങ്ങൾ സന്തോഷിക്കുകയും നഗരം വിട്ടുപോവുകയും ചെയ്യുമ്പോൾ, അവരിൽ കുറച്ചുപേർ നിങ്ങളെ പിന്നിൽനിന്ന് ആക്രമിക്കും, മറ്റു ചിലർ നേർക്കുനേർ പോരാടും. രക്ഷാമാർഗ്ഗമൊന്നുമില്ലാതെ നിങ്ങളുടെ ആത്മാവ് വിഷമിക്കും. പ്രാർത്ഥനയാണ് ഈ നഗരം. യേശുക്രിസ്തുവിലൂടെയുള്ള തിരിച്ചടിയാണ് പ്രതിരോധം. ഇതിന്റെയെല്ലാം അടിസ്ഥാനമാകട്ടെ, കോപിക്കാനുള്ള കഴിവും.

3. സദ്ഗുണങ്ങൾ കഠിനമായി പരിശീലിച്ചുകൊണ്ടും നമ്മുടെ മനഃസാക്ഷിക്ക് ഇടർച്ച പറ്റാതെയും നമുക്ക് ദൈവഭയത്തിലുറച്ചു

www.malankaralibrary.com

നിൽക്കാം. നമ്മുടെ മനഃസാക്ഷി സ്വാതന്ത്ര്യം നേടുന്നതുവരെ ദൈവഭയത്തോടെ നമുക്ക് നമ്മെത്തന്നെ ശ്രദ്ധിക്കാം. അപ്പോൾ മനഃസാക്ഷിയും നമ്മളും തമ്മിൽ ഐക്യമുണ്ടാവുകയും അതു നമ്മുടെ കാവൽക്കാരനായി, ഏതൊക്കെ ദൂഷ്യങ്ങളെയാണ് പിഴു തെറിയേണ്ടതെന്ന് നമുക്ക് കാട്ടിത്തരികയും ചെയ്യും. എന്നാൽ നാം മനഃസാക്ഷിയെ അനുസരിക്കുന്നില്ലെങ്കിൽ അതു നമ്മെ ഉപേക്ഷിക്കും, രക്ഷപെടാനനുവദിക്കാത്ത ശത്രുക്കളുടെ കൈയിലേക്ക് നാം വീണു പോവുകയും ചെയ്യും. ഇതു നമ്മെ പഠിപ്പിക്കുന്നതിനുവേണ്ടിയാണ് ക്രിസ്തു ഇങ്ങനെ പറഞ്ഞത്: 'നിങ്ങളുടെ എതിരാളിയുമായി വഴിയിൽ വച്ചുതന്നെ ഒത്തുതീർപ്പിലെത്തുക. അല്ലെങ്കിൽ അയാൾ നിന്നെ ന്യായാധിപന്റെ കൈയിലേല്പിക്കും, ന്യായാധിപൻ കാവൽക്കാരന്റെ കൈയിലേല്പിക്കും, അങ്ങനെ നീ തടവിലാക്കപ്പെടും' (മത്താ 5:25). ശാരീരികാഭിലാഷങ്ങൾ പൂർത്തീകരിക്കാൻ ആഗ്രഹിക്കുമ്പോൾ നമ്മെ എതിർക്കുന്നതിനാലാണ് മനഃസാക്ഷിയെ 'എതിരാളി' എന്നു പറഞ്ഞിരിക്കുന്നത്; നാമതിനെ ശ്രവിക്കുന്നില്ലെങ്കിൽ അതു നമ്മെ ശത്രുക്കളുടെ കൈയിലേല്പിക്കും.

4. മനസ്സ് പൂർണ്ണമായും തനിക്കു കീഴടങ്ങിയെന്നും തന്നിൽ മാത്ര മാണ് പ്രത്യാശയർപ്പിച്ചിരിക്കുന്നതെന്നും ദൈവം കാണുകയാണെങ്കിൽ, അവിടുന്നതിനെ ഇങ്ങനെ പറഞ്ഞുകൊണ്ട് ശക്തിപ്പെടുത്തുന്നു: 'എന്റെ മകനായ യാക്കോബേ, ഇസ്രായേലേ, ഭയപ്പെടേണ്ട' (ഏശ 41:14) 'ഭയ പ്പെടേണ്ട, എന്തെന്നാൽ ഞാൻ നിന്നെ മോചിപ്പിച്ചിരിക്കുന്നു. ഞാൻ നിന്നെ പേരു ചൊല്ലി വിളിച്ചിരിക്കുന്നു, നീയെന്റേതാണ്. സമുദ്ര ത്തിലൂടെ കടന്നുപോകുമ്പോൾ ഞാൻ നിന്നോടുകൂടെയുണ്ടായിരിക്കും. നദികൾ കടക്കുമ്പോൾ അത് നിന്നെ മുക്കിക്കളയുകയില്ല. അഗ്നിയി ലൂടെ നടന്നാലും നിനക്ക് പൊള്ളലേല്ക്കുകയില്ല. ജ്വാല നിന്നെ ദഹി പ്പിക്കുകയുമില്ല. എന്തെന്നാൽ ഞാൻ നിന്റെ ദൈവമായ കർത്താവും നിന്നെ രക്ഷിക്കുന്ന ഇസ്രായേലിന്റെ പരിശുദ്ധനുമാണ്' (ഏശ 43:1–3).

5. ഈ ആശ്വാസവചനങ്ങൾ കേൾക്കുമ്പോൾ ധൈര്യത്തോടെ മനസ്സ് അതിന്റെ എതിരാളികളോടിങ്ങനെ പറയുന്നു: 'ആരുണ്ട് എന്നോട് മത്സരിക്കാൻ? നമുക്ക് നേരിടാം. ആര് എന്നെ കുറ്റം വിധിക്കും? അവൻ അടുത്തുവരട്ടെ! ഇതാ കർത്താവാണ് എന്റെ സഹായകൻ. ആർക്കാണ് എന്നെ ഉപദ്രവിക്കാൻ കഴിയുക? ചിതൽ തിന്ന പഴയവസ്ത്രംപോലെയാണ് നിങ്ങളെല്ലാവരും' (ഏശ 50:8,9).

www.malankaralibrary.com

6. നിങ്ങളുടെ ഹൃദയം പാപത്തോട് സ്വാഭാവികമായ വെറുപ്പ് പുലർത്തുകയാണെങ്കിൽ അതു പാപത്തിനു കാരണമായവയെയൊക്കെ തോല്പിക്കുകയും പാപത്തിൽനിന്നു സ്വയം മോചിപ്പിക്കുകയും ചെയ്തിരിക്കുന്നുവെന്നാണർത്ഥം. നരകശിക്ഷകളെക്കുറിച്ചോർമ്മിച്ചു കൊള്ളുക, എന്നാൽ നിങ്ങളുടെ സഹായകൻ സമീപത്തുണ്ടെന്ന് അറിയുക. ദൈവത്തെ വിഷമിപ്പിക്കുന്നതൊന്നും ചെയ്യരുത്, പകരം കണ്ണുനീരോടെ അവിടുത്തോടിങ്ങനെ പറയുക: 'എന്നോടു കരുണ കാണിക്കണമേ, എന്നെ മോചിപ്പിക്കണമേ; കർത്താവേ, അങ്ങയുടെ സഹായമില്ലാതെ എനിക്ക് ശത്രുക്കളിൽനിന്നു രക്ഷപ്പെടാനാവില്ല'. നിങ്ങൾ ഹൃദയജാഗ്രത പുലർത്തുക, അപ്പോൾ ദൈവം നിങ്ങളെ എല്ലാ തിന്മകളിൽനിന്നും സംരക്ഷിച്ചുകൊള്ളും.

7. ഒരു സന്ന്യാസി തന്റെ ആത്മാവിന്റെ കവാടങ്ങളായ ഇന്ദ്രിയ ങ്ങളെല്ലാം അടച്ചുസൂക്ഷിച്ചെങ്കിൽ മാത്രമേ അയാൾക്ക് വഴിതെറ്റാ തിരിക്കൂ. തന്നെ അധീനത്തിലാക്കുന്ന യാതൊന്നുമില്ലെന്നറിയുന്ന മനസ്സ്, ഇന്ദ്രിയങ്ങളെ ഒറ്റക്കെട്ടായി നിർത്തിക്കൊണ്ട് അനശ്വരതയ്ക്കു വേണ്ടി പരിശ്രമിക്കുന്നു.

8. ദൃശ്യമായ വസ്തുക്കളെക്കുറിച്ചുള്ള ആഗ്രഹത്തിൽനിന്നു നിങ്ങളുടെ മനസ്സ് മോചനം നേടുന്നത്, നിങ്ങളിലെ പാപം നശിച്ചിരി ക്കുന്നുവെന്നതിന്റെ അടയാളമാണ്.

9. മനസ്സ് മോചനം നേടിക്കഴിഞ്ഞാൽ, അതിന് ദൈവവുമായുള്ള അകലമില്ലാതെയാകുന്നു.

10. നിന്റെ മനസ്സ് സകല ശത്രുക്കളിൽനിന്നും മോചിക്കപ്പെടുകയും സാബത്ത് വിശ്രമം നേടിയെടുക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് മറ്റൊരു കാലഘട്ടത്തിലേക്ക് പ്രവേശിക്കുന്നു. എന്നും പുതുമയുള്ളതും നശിക്കാത്തവയുമായ വസ്തുക്കളെ അതിനു സങ്കല്പിക്കാൻ കഴിയുന്നു. എന്തെന്നാൽ 'ശവമുള്ളിടത്ത് കഴുകന്മാർ വന്നുകൂടും' (മത്താ 24:28) എന്നാണല്ലോ പറഞ്ഞിരിക്കുന്നത്.

11. സമാധാനം നേടിക്കഴിഞ്ഞുവെന്നു സങ്കല്പിച്ച് ഹൃദയത്തിന്റെ കാവലിൽനിന്നു നാം പിന്മാറും എന്ന പ്രതീക്ഷയിലാണ് അല്പസമയ ത്തേക്ക് പിശാചുക്കൾ കൗശലത്തോടെ സ്ഥലംവിടുന്നത്; പെട്ടെന്ന് അവർ ചാടിവീണ് നമ്മുടെ അസന്തുഷ്ടമായ ആത്മാവിനെ ഒരു

www.malankaralibrary.com

കുരുവിയെ എന്നപോലെ പിടികൂടുന്നു. ആത്മാവിനെ കൈക്കലാക്കിക്കഴിഞ്ഞാൽ, ഇന്നോളം നാം ചെയ്തിട്ടുള്ളവയും മാപ്പിരന്നുകഴിഞ്ഞവയുമായ പാപങ്ങളെക്കാൾ കൊടിയ പാപങ്ങളിലേക്ക് അവരതിനെ നിഷ്ക്കരുണം വലിച്ചിഴയ്ക്കുന്നു. അതിനാൽ ദൈവഭയത്തോടെയും ശത്രുക്കളുടെ തിന്മയെ എതിർക്കാനുള്ള സദ്ഗുണങ്ങൾ പരിശീലിച്ചുകൊണ്ടും നമുക്ക് ഹൃദയജാഗ്രത പുലർത്താം.

12. മനുഷ്യരാശിയോടുള്ള അനുകമ്പയാലും പിശാചുക്കളുടെ ക്രൂരതയെപ്പറ്റി അറിയാവുന്നതിനാലും നമ്മുടെ ഗുരുവായ യേശുക്രിസ്തു ഇങ്ങനെ കല്പിക്കുന്നു: 'കള്ളൻ വരുന്നത് എപ്പോഴാണെന്നറിയാത്തതിനാൽ എപ്പോഴും തയ്യാറായിരിക്കുക; അവൻ വരുമ്പോൾ നിങ്ങളുറങ്ങുന്നതു കാണാനിടയാകരുത്' (മത്താ 24:42,43). അവനിങ്ങനെയും പറയുന്നു: 'സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സ് ദുർബ്ബലമാവുകയും, ആ ദിവസം ഒരു കെണിപോലെ പെട്ടെന്ന് നിങ്ങളുടെ മേൽ വന്നു വീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ' (ലൂക്കോ 21:34). അതിനാൽ നിങ്ങളുടെ ഹൃദയത്തെയും ഇന്ദ്രിയങ്ങളെയും സംരക്ഷിച്ചുകൊള്ളുക; ദൈവസ്മരണ നിങ്ങളുടെയുള്ളിൽ സമാധാനത്തോടെ കുടികൊള്ളുന്നുണ്ടെങ്കിൽ അത് നിങ്ങളിൽനിന്നും അപഹരിക്കാൻ ശ്രമിക്കുന്ന കള്ളന്മാരെ നിങ്ങൾക്ക് പിടികൂടാൻ കഴിയും. ഒരുവന് ചിന്തകളുടെ സ്വഭാവത്തെക്കുറിച്ചറിയാമെങ്കിൽ, തന്റെയുള്ളിൽ പ്രവേശിക്കാവുന്നതും തന്നെ ദുഷിപ്പിക്കുന്നതും മനസ്സിനെ കുഴപ്പത്തിലാക്കുന്നതും അലസതയുണ്ടാക്കുന്നതുമായ ചിന്തകളെ അയാൾ തിരിച്ചറിയുന്നു. ഈ ദുഷ്ടചിന്തകളെ തിരിച്ചറിയുന്നവർ അചഞ്ചലരായി പ്രാർത്ഥനയിൽ മുഴുകിക്കഴിയുന്നു.

13. ലൗകികജീവിതത്തിലെ എല്ലാ പ്രവൃത്തികളെയും വെറുക്കുന്ന ഒരാൾക്കു മാത്രമേ ദൈവത്തെ ആരാധിക്കാൻ കഴിയൂ. ദൈവത്തെ ആരാധിക്കുകയെന്നതിന്റെ അർത്ഥമെന്താണ്? പ്രാർത്ഥനാവേളയിൽ, അന്യമായ യാതൊന്നും നമ്മുടെ മനസ്സിലില്ലാതിരിക്കുകയും അവിടുത്തെ സ്തുതിക്കുമ്പോൾ ശാരീരികസുഖങ്ങളോ അവിടുത്തെ സ്തോത്രം ആലപിക്കുമ്പോൾ ദുഷ്ചിന്തയോ അവിടുത്തെ മഹത്ത്വപ്പെടുത്തുമ്പോൾ വൈരാഗ്യമോ, അവിടുന്നുമായി സംഭാഷണത്തിലേർപ്പെടുന്നതിനെയും അവിടുത്തെ വിളിച്ചപേക്ഷിക്കുന്നതിനെയും

www.malankaralibrary.com

തടഞ്ഞുകൊണ്ട് അസൂയയോ ഇല്ലാതിരിക്കുകയും ചെയ്യുക എന്നാണതിനർത്ഥം. എന്തെന്നാൽ ഇവയെല്ലാം ഇരുട്ടു നിറഞ്ഞ വികാരങ്ങളാണ്; നമ്മുടെ പാവപ്പെട്ട ആത്മാവിനെ തടവിലാക്കുന്ന മതിൽക്കെട്ടുകളാണ്. ഇവ ആത്മാവിനുള്ളിൽ ഇടം നേടിക്കഴിഞ്ഞാൽ ദൈവത്തോടു ശുദ്ധതയോടെ പ്രാർത്ഥിക്കാനുള്ള കഴിവ് അതിന് നഷ്ടമാകുന്നു. ആത്മാവിന്റെ ഉയർച്ചയെയും അത് ദൈവത്തിൽ ലയിക്കുന്നതിനെയും ഇരുട്ടിന്റെ ശക്തികൾ തടയുന്നു; ദൈവത്തെ സ്തുതിക്കുകയും മധുരമായ ഹൃദയത്തോടെ പ്രാർത്ഥിക്കുകയും അവിടുന്നിൽ നിന്നു പ്രകാശം നേടുകയും ചെയ്യുന്നതിനെ ഇവർ എതിർക്കുന്നു. തത്ഫലമായി മനസ്സ് അന്ധകാരത്താൽ ആവരണം ചെയ്യപ്പെടുകയും ആത്മീയജ്ഞാനത്തിലൂടെ ഈ ചിന്തകളെ പിഴുതെറിയാൻ യത്നിക്കാത്തതിനാൽ പരിശുദ്ധിയിൽ അഭിവൃദ്ധി പ്രാപിക്കാൻ അതിന് സാധിക്കാതെ വരുകയും ചെയ്യുന്നു.

14. ശാരീരികാഭിലാഷങ്ങളിൽനിന്ന് ആത്മാവിന്റെ ഇന്ദ്രിയങ്ങളെ മനസ്സ് മോചിപ്പിക്കുകയും അവയിൽ നിർവ്വികാരത നിറയ്ക്കുകയും ചെയ്യുമ്പോൾ, അതിനെ വളരെ വേഗം പാപത്തിലേക്ക് നയിക്കാൻ ശ്രമിച്ചുകൊണ്ട് വികാരങ്ങൾ നിർലജ്ജം ആത്മാവിന്റെ ഇന്ദ്രിയങ്ങളെ ആക്രമിക്കുന്നു. എന്നാൽ ദൈവത്തെ രഹസ്യത്തിൽ തുടർച്ചയായി വിളിച്ചു കേഴാൻ മനസ്സിനു കഴിയുന്നുണ്ടെങ്കിൽ, വികാരങ്ങളെ ഒറ്റയടിക്കു നശിപ്പിക്കാൻ ദൈവം അതിനെ സഹായിക്കുന്നു.

15. നിങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം കാലം നിങ്ങളുടെ ഹൃദയത്തിന്മേലുള്ള ജാഗ്രത കൈവിടരുത് എന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. കൊയ്തെടുത്ത് തന്റെ ധാന്യപ്പുരയിലെത്തിക്കുന്നതുവരെ വിളവിന് എന്തും സംഭവിക്കാം എന്ന കാരണത്താൽ വയലിൽ നിൽക്കുന്ന വിളവിനെക്കുറിച്ച് കൃഷിക്കാരന് യാതൊരുറപ്പുമില്ല. ഇതുപോലെതന്നെ ഒരുവന് തന്നിൽ ശ്വാസമുള്ളിടത്തോളം കാലം ഹൃദയജാഗ്രത ഉപേക്ഷിക്കരുത്. അന്ത്യശ്വാസം വലിക്കുന്നതുവരെ ഏതു തരത്തിലുള്ള വികാരമാണ് തന്നെ ആക്രമിക്കുന്നതെന്ന് അവൻ അറിയുന്നില്ല. അതിനാൽ തന്നിൽ ശ്വാസം നിലനിൽക്കുന്നിടത്തോളം കാലം അവൻ ഹൃദയജാഗ്രത കൈവിടാതെ സദാസമയവും ദൈവീക സഹായത്തിനും കരുണയ്ക്കുമായി പ്രാർത്ഥിക്കണം.

16. യുദ്ധകാലത്ത് സഹായം ലഭിക്കാത്തവന്, സമാധാനകാലത്ത് ആത്മവിശ്വാസമുണ്ടാകരുത്.

www.malankaralibrary.com

17. ഒരുവൻ തിന്മയിൽനിന്നു സ്വയം അകലുമ്പോൾ താൻ ദൈവത്തിനെതിരെ ചെയ്തുകൂട്ടിയ സകല പാപങ്ങളെക്കുറിച്ചും അയാൾക്ക് വ്യക്തമായ ധാരണയുണ്ടാകുന്നു; വെറുപ്പോടുകൂടെ പാപത്തിൽനിന്നും അകലുന്നില്ലെങ്കിൽ ഒരുവന് തന്റെ പാപങ്ങൾ അറിയുവാൻ സാധിക്കുകയില്ല. ഈ അവസ്ഥയിലെത്തുന്നവർ കണ്ണുനീരോടെ ദൈവത്തോട് പ്രാർത്ഥിക്കുകയും വികാരങ്ങളുടെ നേർക്ക് തങ്ങൾക്കുള്ള ദുഷിച്ച സ്നേഹത്തെക്കുറിച്ച് ഓർക്കുമ്പോൾ അപമാനഭാരത്താൽ നിറയുകയും ചെയ്യുന്നു. അതിനാൽ സർവ്വശക്തിയുമുപയോഗിച്ച് നമുക്ക് ആത്മീയ പാത പിൻതുടരാം. അപ്പോൾ തന്റെ അനന്തമായ കരുണയിൽ ദൈവം നമ്മെ സഹായിക്കും. നമ്മുടെ പിതാക്കന്മാർ ചെയ്തിരുന്നതുപോലെ ഹൃദയജാഗ്രത പുലർത്താൻ നമുക്ക് കഴിഞ്ഞില്ലെങ്കിൽതന്നെ, നമ്മുടെ ആത്മീയ മരണത്തിന്റെ വേളയിൽ ദൈവം തന്റെ വിശുദ്ധരോടൊപ്പം നമ്മോടും കരുണകാണിക്കുമെന്ന പ്രത്യാശയിൽ, അവിടുത്തോടുള്ള അനുസരണത്താൽ നമ്മുടെ ശരീരം പാപത്തിലകപ്പെടാതിരിക്കാൻ നമ്മളാലാകുന്നതെല്ലാം നാം ചെയ്യണം.

18. യഥാർത്ഥ വിശ്വാസത്തോടെയും പൂർണ്ണഹൃദയത്തോടെയും ദൈവത്തെ അന്വേഷിക്കുന്നു എന്നതുകൊണ്ടു മാത്രം നിങ്ങൾ അവിടുത്തെ ഇച്ഛയ്ക്കു പൂർണ്ണമായും കീഴടങ്ങിയിരിക്കുന്നു എന്നു സങ്കല്പിക്കരുത്. പ്രകൃതിവിരുദ്ധമായി എന്തെങ്കിലും ചെയ്തതിനു മനസ്സാക്ഷി നിങ്ങളെ കുറ്റപ്പെടുത്തുന്നുണ്ടെങ്കിൽ, നിങ്ങൾ ഇതുവരെ സ്വതന്ത്രനല്ല; ഈ കുറ്റപ്പെടുത്തലിനർത്ഥം നിങ്ങൾ പരീക്ഷണാധീനനും ഇതുവരേയും മോചനം നേടാത്തവനുമാണെന്നത്രേ. എന്നാൽ നിങ്ങളുടെ പ്രാർത്ഥനയിൽ കുറ്റബോധത്തിന്റെ നിഴൽപോലുമില്ലെങ്കിൽ നിങ്ങൾ സ്വതന്ത്രനും ദൈവഹിതത്താൽ അവിടുത്തെ സമാധാനത്തിലേക്ക് പ്രവേശനം ലഭിച്ചവനുമാണെന്നറിയുക.

നിങ്ങളുടെയുള്ളിൽ പിശാചിന്റെ കെണികളിൽ കുരുങ്ങാതെ നല്ല വിള വളർന്നുവരുന്നുണ്ടെങ്കിൽ; നിങ്ങളുടെ ഇന്ദ്രിയങ്ങളെ ആക്രമിക്കുന്നത് പാഴ്വേലയാണെന്നു മനസ്സിലാക്കി പിശാചുക്കൾ പിന്തിരിഞ്ഞുവെങ്കിൽ; 'നിങ്ങളുടെ കൂടാരത്തിനുമേൽ ഒരു മേഘമുണ്ടെങ്കിൽ' (ഉല്പ 40:34); 'പകൽസമയത്ത് സൂര്യനും രാത്രിയിൽ ചന്ദ്രനും നിങ്ങളെ പൊള്ളിക്കുന്നില്ലെങ്കിൽ' (സങ്കീ 121:6); നിങ്ങളുടെ കൂടാരമുറപ്പിക്കാനും ദൈവമാഗ്രഹിക്കുന്നതുപോലെ അതിനെ

www.malankaralibrary.com

സംരക്ഷിക്കാനും നിങ്ങൾക്കു കഴിയുന്നുണ്ടെങ്കിൽ... നിങ്ങൾ ദൈവീകസഹായത്താൽ വിജയം നേടിക്കഴിഞ്ഞു; നിങ്ങളുടെ കൂടാരം തന്റേതായതിനാൽ അവിടുന്ന് അതിന്റെമേൽ നിഴൽ വീശിക്കൊള്ളും.

മത്സരം തുടരുന്നിടത്തോളം കാലം, അതിൽ പങ്കെടുക്കുന്നയാൾ ഇന്നും നാളെയുമൊക്കെ ജയിക്കുമോ ഇല്ലയോ എന്നുള്ള ചിന്തയാൽ ഭയവും വിറയലും നിറഞ്ഞവനായിരിക്കും; ഭീതിയും ആകാംക്ഷയും അയാളുടെ ഹൃദയത്തെ ഞെരിച്ചുകൊണ്ടിരിക്കും. എന്നാൽ അയാൾ നിർവ്വികാരത നേടുന്നതോടെ മത്സരം അവസാനിക്കുന്നു; വിജയിക്കുള്ള സമ്മാനം അയാൾ നേടുന്നു. വിഭജിക്കപ്പെട്ടിരുന്ന മൂന്നിനെയും കുറിച്ചുള്ള ഉത്കണ്ഠ അവനെ അലട്ടുന്നില്ല. എന്തെന്നാൽ ദൈവ സഹായത്താൽ പരസ്പരമുള്ള സമാധാനം അവ കൈവരിച്ചിരിക്കുന്നു. മൂന്ന് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആത്മാവ്, ശരീരം, ചേതന ഇവയാണ്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഒന്നായിത്തീരുമ്പോൾ പിന്നീടൊരിക്കലും അവയെ വേർപെടുത്താനാവില്ല. നിങ്ങൾ നടക്കുകയോ ഉറങ്ങുകയോ മറ്റോ ചെയ്യുമ്പോഴും, ശത്രുക്കളുടെ കൈകളിൽ നിന്നും അക്രമം സഹിക്കേണ്ടി വരുന്നിടത്തോളം കാലം പാപത്തിന് മരിച്ചുകഴിഞ്ഞു എന്ന് വിചാരിക്കരുത്. മത്സരവേദിയിൽ പോരാടുന്ന ഒരുവന് ജയാപജയങ്ങളെക്കുറിച്ച് ഉറപ്പില്ലല്ലോ.

19. മനസ്സ് കരുത്താർജ്ജിക്കുന്നതോടെ, ശാരീരികാഭിലാഷങ്ങളെ അടിച്ചമർത്തുകയും പ്രകൃതിവിരുദ്ധമായ താല്പര്യങ്ങൾ ഹൃദയത്തെ കീഴടക്കുന്നതിനെ എതിർക്കുകയും ചെയ്യുന്ന സ്നേഹം തേടാൻ ആരംഭിക്കുന്നു. പ്രകൃതിവിരുദ്ധമായതിനെതിരെ പോരാടുന്നതിലൂടെ പ്രകൃതിസഹജമായതിനെ മനസ്സ് വേർതിരിച്ചെടുക്കുന്നു.

20. ഓരോ ദിവസവും ദൈവത്തിന്റെ മുമ്പാകെ സ്വയം പരിശോധിക്കുക. നിങ്ങളുടെ ഹൃദയത്തിലുള്ള വികാരങ്ങളേതൊക്കെയാണെന്നു കണ്ടെത്തി അവയെ ആട്ടിയോടിക്കുന്നതിലൂടെ ദൈവത്തിന്റെ ശിക്ഷാവിധിയിൽനിന്നു രക്ഷനേടുക.

21. നിങ്ങളുടെ ഹൃദയത്തെ ശ്രദ്ധിക്കുകയും തങ്ങളുടെ ദുഷ്ടതയിൽ കൗശലക്കാരായ ശത്രുക്കളെ നിരീക്ഷിക്കുകയും ചെയ്യുക. ഒരു കാര്യമെപ്പോഴും ഓർമ്മിക്കണം. ഒരുവന് തിന്മയിലൂടെ നന്മ നേടുക അസാദ്ധ്യമാണ്. അതിനാലാണ്, ഇങ്ങനെ പറഞ്ഞുകൊണ്ട് ജാഗ്രത

www.malankaralibrary.com

പുലർത്താൻ കർത്താവ് നമ്മോട് കല്പിച്ചത്. 'ജീവനിലേക്ക് നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി തീരെ വീതികുറഞ്ഞതുമാണ് അതു കണ്ടെത്തുന്നവരോ തീരെ ചുരുക്കവും' (മത്താ 7:14).

22. സ്വയം ശ്രദ്ധിച്ചുകൊള്ളുക; ദൈവസ്നേഹത്തിൽനിന്നു നിങ്ങളെയകറ്റാൻ ദോഷകരമായ ഒരു ശക്തിക്കും സാധിക്കരുത്. എപ്പോഴും ഹൃദയത്തെ സംരക്ഷിച്ചുകൊള്ളുക; ഒരിക്കലും അവഗണന യോടെ ഇങ്ങനെ പറയരുത്: 'പാപിയായ ഞാൻ എങ്ങനെയാണ് എന്റെ ഹൃദയത്തെ സംരക്ഷിക്കുന്നത്?' ഒരുവൻ തന്റെ പാപങ്ങളെ ഉപേക്ഷിച്ച് ദൈവത്തിലേക്ക് മടങ്ങുമ്പോൾ അവന്റെ പശ്ചാത്താപം അവനെ നവീകരിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നു.

23. ഹൃദയത്തെ സംരക്ഷിക്കുന്നതിനെക്കുറിച്ചാണ് വിശുദ്ധഗ്രന്ഥം എല്ലായ്പ്പോഴും പറയുന്നത്; പുതിയനിയമത്തിലും പഴയനിയമത്തിലും ഇതുതന്നെ കാണാം. സങ്കീർത്തനത്തിൽ ദാവീദ് ഇങ്ങനെ പറയുന്നു: 'മനുഷ്യപുത്രന്മാരേ, എത്രനാൾ നിങ്ങൾ ഹൃദയഭാരം ഉള്ളവരാ യിരിക്കും'? (സങ്കീ 4:2); 'അവരുടെ ഹൃദയം വിഫലമാണ്' (സങ്കീ 5:9). പ്രയോജനമില്ലാത്ത ചിന്തകൾ വെച്ചുപുലർത്തുന്നവരെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'എനിക്ക് മാറ്റമുണ്ടാകയില്ലെന്ന് അയാൾ സ്വന്തം ഹൃദയത്തിൽ ഉറപ്പിക്കുന്നു' (സങ്കീ 10:6); 'ദൈവം മറന്നുപോയി എന്ന് അയാൾ ഹൃദയത്തിൽ പറയുന്നു' (സങ്കീ 10:11).

വിശുദ്ധഗ്രന്ഥത്തിലെ ഓരോ ഭാഗങ്ങളുടെയും ഉദ്ദേശ്യവും അത് ആരോടാണ്, ഏതു സന്ദർഭത്തിലാണ് പറഞ്ഞിരിക്കുന്നതെന്നും ഒരു സന്ന്യാസി മനസ്സിലാക്കിയിരിക്കണം. തന്റെ ആത്മീയപോരാട്ടത്തിൽ ശത്രുക്കളുടെ പ്രലോഭനങ്ങൾക്കെതിരെ അയാൾ ഉറച്ച നിലപാട് സ്വീകരിക്കണം. തിരമാലകൾക്കിടയിലൂടെ തന്റെ വഞ്ചി മുമ്പോട്ടു നയിക്കുന്ന കപ്പിത്താനെപ്പോലെ കൃപയാൽ നയിക്കപ്പെട്ട് അയാൾ മുന്നേറണം. തന്നിൽത്തന്നെ ശ്രദ്ധയൂന്നിക്കൊണ്ട് ചിന്തകളെ വഴി തെറ്റാതെ സൂക്ഷിക്കുകയും മനസ്സിനെ ജിജ്ഞാസയിൽനിന്നു സംരക്ഷിക്കുകയും ദൈവവുമായുള്ള ബന്ധം തുടരുകയും ചെയ്യണം.

24. കാറ്റിലും കോളിലുംപെട്ട് വിഷമിക്കുമ്പോൾ നമുക്കൊരു കപ്പിത്താനെ ആവശ്യമുണ്ട്. ലൗകികജീവിതത്തിൽ നമുക്ക് പ്രാർത്ഥനയും ആവശ്യമുണ്ട്. എന്തെന്നാൽ നല്ലതും ദുഷിച്ചതുമായ

www.malankaralibrary.com

ചിന്തകൾക്കു നമ്മെ പ്രലോഭിപ്പിക്കാൻ കഴിയും. ദൈവഭക്തിയിലും സ്നേഹത്തിലും ഉറച്ച ചിന്തകളാണ് നമ്മിലുള്ളതെങ്കിൽ അവ വികാരങ്ങളെ അടിച്ചമർത്തിക്കൊള്ളും. സന്ന്യാസികളെന്ന (ഹെസിക്കസ്റ്റുകളെന്ന) നിലയ്ക്ക് നന്മയെയും തിന്മയെയും തമ്മിൽ വിവേകപൂർവ്വം ജാഗ്രതയോടെ തിരിച്ചറിയാൻ നമുക്ക് കഴിയണം; ഏതൊക്കെ സദ്ഗുണങ്ങളാണ് നമ്മുടെ ഗുരുക്കന്മാരുടെയും മറ്റു സന്ന്യാസിമാരുടെയും സാന്നിദ്ധ്യത്തിൽ പരിശീലിക്കേണ്ടതെന്നും ഏതൊക്കെയാണ് നാം ഒറ്റയ്ക്കായിരിക്കുമ്പോൾ പരിശീലിക്കേണ്ടതെന്നും നമ്മൾ തിരിച്ചറിയണം. സദ്ഗുണങ്ങളിൽ ആദ്യത്തേത് ഏതാണെന്നും പിന്നീടുള്ളവയേതാണെന്നും നാമറിയണം; ഏതൊക്കെ വികാരങ്ങളാണ് ശരീരത്തെയും മനസ്സിനെയും ആക്രമിക്കുന്നതെന്ന് നാം മനസ്സിലാക്കണം; ഏതൊക്കെ സദ്ഗുണങ്ങളാണ് ശരീരവും ആത്മാവും നേടേണ്ടതെന്നും മനസ്സിനെ ആക്രമിക്കുന്നതിനായി അഹങ്കാരം ഏതേതു സദ്ഗുണങ്ങളെയാണ് ചൂഷണം ചെയ്യുന്നതെന്നും ഏതു സദ്ഗുണത്തെ ഉപയോഗിച്ചാണ് പൊങ്ങച്ചവും കോപവും ഭക്ഷണത്തോടുള്ള ആർത്തിയും നമ്മിൽ കടന്നുകൂടുന്നതെന്നും നാം തിരിച്ചറിയണം. 'ദൈവജ്ഞാനത്തിനെതിരെ ഉയരുന്ന അഹന്ത'യിൽ നിന്നും ചിന്തകളെ നാം ശുദ്ധീകരിക്കണം (2 കൊരി 10:5).

25. ആദ്യത്തെ സദ്ഗുണം വിരക്തിയാണ് - ഓരോ വസ്തുവും വ്യക്തിയുമായുള്ള നമ്മുടെ ബന്ധത്തിന്റെ മരണമാണിത്. ഇത് ദൈവത്തോടുള്ള അഭിവാഞ്ഛ ഉളവാക്കുകയും തൽഫലമായി പ്രകൃതിസഹജമായ കോപമുണ്ടാവുകയും അത് ശത്രുവിന്റെ കെണികൾക്കെതിരെ ജ്വലിക്കുകയും ചെയ്യുന്നു. അപ്പോൾ ദൈവഭയം നമ്മുടെ ഉള്ളിലുറയ്ക്കുകയും ദൈവഭയത്തിലൂടെ സ്നേഹം പ്രകടമാവുകയും ചെയ്യുന്നു.

26. പ്രാർത്ഥനാവേളയിൽ ഓരോരോ ദുഷിച്ച ചിന്തയുടെയും പ്രലോഭനത്തെ നാം ഹൃദയത്തിൽനിന്നു പുറത്താക്കണം; ദുഷിച്ച ചിന്തകൾ ഹൃദയത്തിലുണ്ടായിരിക്കുമ്പോൾ ദൈവത്തോട് പ്രാർത്ഥിക്കാൻ നമുക്ക് സാധിക്കുകയില്ല. അതിനാൽ ഭക്തിനിർഭരമായ ആത്മാവിനാൽ നാം അതിനെ എതിർക്കണം. അശ്രദ്ധവും ക്രമരഹിതവുമായ പ്രാർത്ഥന ദൈവം സ്വീകരിക്കുകയില്ല. എന്തെന്നാൽ ആത്മാവിന്റെ ധാരണാശേഷിയെ സംരക്ഷിച്ചുകൊള്ളാനാണ് വിശുദ്ധ


www.malankaralibrary.com

ഗ്രന്ഥം എല്ലായിടത്തും നമ്മോട് പറയുന്നത്. തന്റെ ഇച്ഛയെ ഒരു സന്ന്യാസി ദൈവനിയമത്തിനു സമർപ്പിക്കുമ്പോൾ, അയാളുടെ മനസ്സ് അതിനനുകൂലമായ നിയമത്തിനനുസരിച്ച് പ്രവർത്തിക്കുന്നു. ആത്മാവിന്റെ ഭാവങ്ങളെ -പ്രത്യേകിച്ച് കോപിക്കാനുള്ള കഴിവിനെയും ആഗ്രഹത്തെയും- തനിക്കനുകൂലമാക്കി മനസ്സ് നയിക്കുന്നു.

നമ്മുടെ കോപവും ക്രോധവും സാത്താനും പാപത്തിനുമെതിരെയും, ആഗ്രഹം, ദൈവത്തിനും അവിടുത്തെ ഹിതത്തിനും നേരെയും തിരിക്കുന്നതു വഴി നാം സദ്ഗുണങ്ങൾ പരിശീലിക്കുകയും ശരിയായത് പ്രവർത്തിക്കുകയും ചെയ്തുകഴിഞ്ഞു. ഇനിയും നമുക്ക് എന്തിന്റെ കുറവാണുള്ളത്? -ആന്തരികധ്യാനത്തിന്റെ.

27. നിങ്ങളുടെ അറയിൽ ഒറ്റയ്ക്കിരിക്കുമ്പോൾ ഏതെങ്കിലും ലജ്ജാകരമായ ചിന്ത നിങ്ങളുടെ ഹൃദയത്തിൽ പ്രവേശിച്ചാൽ ജാഗ്രത പുലർത്തുക. തിന്മയെ പ്രതിരോധിക്കുക, അതു നിങ്ങളെ അടിമയാക്കരുത്. നിങ്ങളുടെ ഹൃദയത്തിലുള്ള ചിന്തകളെല്ലാം ദൈവത്തിനു കാണാമെന്നതിനാൽ നിങ്ങളെ വീക്ഷിച്ചുകൊണ്ടിരിക്കുന്ന ദൈവത്തോട് പ്രാർത്ഥിക്കുക. നിങ്ങളുടെ ആത്മാവിനോടിങ്ങനെ പറയുക: 'നിങ്ങളെപ്പോലെയുള്ള പാപികൾ നിങ്ങളുടെ പാപങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിൽ നിങ്ങൾ ഇത്രമാത്രം ഭയപ്പെടുന്നുവെങ്കിൽ, എല്ലാം കാണുന്നവനായ ദൈവം നിങ്ങളുടെ പാപങ്ങളെക്കുറിച്ചറിയുന്നതിൽ എത്രയേറെ ഭയപ്പെടണം'? ഇങ്ങനെ ചോദിക്കുമ്പോൾ നിങ്ങളുടെയുള്ളിൽ ദൈവഭയമുണ്ടാകുന്നു. ദൈവത്തിൽ ഉറച്ചുനിൽക്കുമ്പോൾ വികാരങ്ങളാൽ നിങ്ങൾ ഇളക്കപ്പെടുകയില്ല. വിശുദ്ധഗ്രന്ഥം ഇങ്ങനെ പറയുന്നു: 'ദൈവത്തിൽ വിശ്വസിക്കുന്നവർ സീയോൻമല പോലെയാണ്, ജറുസലേമിൽ വസിക്കുന്നവന് ഇളക്കം തട്ടുന്നില്ല' (സങ്കീ 125:1). നിങ്ങൾ ചെയ്യുന്നതെന്തും, നിങ്ങളുടെ സകല ചിന്തകളെയും ദൈവം കാണുന്നുണ്ടെന്ന് ഓർമ്മിക്കുക. അപ്പോൾ നിങ്ങൾ പാപം ചെയ്യുകയില്ല. എക്കാലവും അവിടുത്തേക്ക് മഹത്ത്വമുണ്ടായിരിക്കട്ടെ. ആമേൻ.

www.malankaralibrary.com



**Evagrios the Solitary**

**താപസനായ ഇവാഗ്രിയോസ്**

www.malankaralibrary.com

# താപസനായ ഇവാഗ്രിയോസ്

## ആമുഖക്കുറിപ്പ്

ഇവാഗ്രിയോസ് പൊന്തിക്കോസ് എന്നും അറിയപ്പെടുന്ന താപസനായ ഇവാഗ്രിയോസ് ഒരുപക്ഷേ പോന്റസിലെ ഐബോറയിൽ 345-ലോ 346-ലോ ജനിച്ചു. ഐബീറിയ (ജോർജിയ) സ്വദേശിയാണ് അദ്ദേഹമെന്ന് മറ്റൊരഭിപ്രായവുമുണ്ട്. കപ്പദോക്യൻ പിതാക്കന്മാരുടെ ഒരു ശിഷ്യനായിരുന്ന അദ്ദേഹത്തെ മഹാനായ വിശുദ്ധ ബേസിൽ വായനക്കാരനായും ദൈവശാസ്ത്രജ്ഞനും വിശുദ്ധനുമായ ഗ്രിഗറി (നാസിയൻസോസ്) ഡീക്കനായും നിയമിച്ചു. 381-ൽ അദ്ദേഹം രണ്ടാം എക്യുമെനിക്കൽ കൗൺസിൽ ആയ കോൺസ്റ്റാന്റിനോപ്പിൾ കൗൺസിലിലേക്ക് ഗ്രിഗറിയെ അനുയാത്ര ചെയ്തു. ഇവാഗ്രിയോസിന് ഒരിക്കലും തിരുപ്പട്ടം എന്ന കൂദാശ ലഭിച്ചിരുന്നില്ല. ജറുസലേമിൽ കുറച്ചുകാലം താമസിച്ചശേഷം, 383-ൽ അദ്ദേഹം ഈജിപ്തിലേക്കു പോയി. അവിടെയാണു തന്റെ പില്ക്കാല ജീവിതം (16 സംവത്സരം) മുഴുവൻ അദ്ദേഹം ചെലവഴിച്ചത്. നിദ്രിയായിൽവച്ച് അദ്ദേഹം ഒരു സന്ന്യാസിയായി. രണ്ടു വർഷം നിദ്രിയായിൽ ചെലവഴിച്ചശേഷം കുറെ അകലെയുള്ള കെല്ലിയാ മണലാരണ്യത്തിലേക്കു പോയി. അവിടെവച്ച് 399-ൽ അദ്ദേഹം നിര്യാതനായി. ഈജിപ്തിൽവച്ച് അലക്സാണ്ഡ്രിയാക്കാരൻ വിശുദ്ധ മക്കാറിയോസ് (കെല്ലിയയിലെ ഒരു വൈദികൻ) ഇവാഗ്രിയോസിന്റെ ആത്മീയപിതാവായി ഉണ്ടായിരുന്നു. ഒരുപക്ഷേ, സ്കെറ്റിസിലെ ആത്മീയപിതാവും വൈദികനുമായ ഈജിപ്തുകാരൻ വിശുദ്ധ മക്കാറിയോസിനെയും അദ്ദേഹം അറിഞ്ഞിരിക്കാം. ഈ രണ്ടു വിശുദ്ധന്മാരിലൂടെ അദ്ദേഹം മരുഭൂപിതാക്കന്മാരുടെ ആദ്യതലമുറയുമായും അവരുടെ ആദ്ധ്യാത്മികതയുമായും അതിന്റെ തനി വിശുദ്ധരൂപത്തിൽ സമ്പർക്കം പുലർത്തിയിരുന്നു.

www.malankaralibrary.com

ഇവാഗ്രിയോസിന്റെ ഒട്ടനേകം എഴുത്തുകളിൽ 'ആലോചന', 'പ്രായോഗികം' എന്നീ രണ്ടു പ്രവണതകൾ കാണാം. ആദ്യത്തേതിൽ ഒറിജൻ ആണ് അദ്ദേഹത്തിന്റെ ആധാരം (185-245). മനുഷ്യാത്മാക്കളുടെ പ്രാഗ്ഭാവത്തെക്കുറിച്ചും ക്രിസ്തുവിൽ സർവ്വവും അന്തിമമായി പുനരുദ്ധരിക്കപ്പെടും (അപ്പോക്കറ്റാസ്റ്റാസിസ്) എന്നതിനെക്കുറിച്ചുമുള്ള പല സിദ്ധാന്തങ്ങളും അദ്ദേഹം ഒറിജനിൽനിന്നും സ്വീകരിക്കുന്നുണ്ട്. അഞ്ചാം എക്യൂമെനിക്കൽ കൗൺസിൽ (553) ഈ സിദ്ധാന്തങ്ങളെ കുറ്റപ്പെടുത്തുന്നുണ്ട്. 'പ്രായോഗിക' വശത്ത് അദ്ദേഹം ഈജിപ്തുകാരായ (പ്രധാനമായും കോപ്റ്റുകാർ) മരുഭൂപിതാക്കന്മാരുടെ ജീവിതാനുഭവങ്ങളെയാണു മുഖ്യമായും ആശ്രയിക്കുന്നത്. ഇവാഗ്രിയോസ് അന്ത്യവർഷങ്ങൾ അവരുടെകൂടെയാണു ചെലവഴിച്ചത്. മനഃശാസ്ത്രപരമായ ഉൾക്കാഴ്ച, വിശദമായ വിവരണശേഷി ഇവയോടൊപ്പം, ആദ്ധ്യാത്മിക ജീവിതപാതയുടെ വിവിധ ഘട്ടങ്ങൾ ഗണ്യമായ സൂക്ഷ്മതയോടെ അപഗ്രഥിക്കാനും നിർവചിക്കാനുമുള്ള പ്രാപ്തി - എന്നീ വരപ്രസാദങ്ങൾ വിപുലമായ അളവിൽ അദ്ദേഹം ആർജ്ജിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രബോധനങ്ങളെ ആരും കുറ്റപ്പെടുത്തിയില്ലെന്നു മാത്രമല്ല, പിന്നീടു വന്ന എഴുത്തുകാരിൽ അവ നിർണ്ണായകമായ സ്വാധീനം ചെലുത്തുകകൂടി ചെയ്തു. അദ്ദേഹത്തിന്റെ ശിഷ്യനായ വിശുദ്ധ ജോൺ കാസിയാൻ, ഇവാഗ്രിയോസ് ഒറിജനിൽനിന്നെടുത്ത സംശയാസ്പദമായ തത്വങ്ങൾ ഉപേക്ഷിക്കുകയും, ഇവാഗ്രിയോസിന്റെ പഠിപ്പിക്കലിലെ 'പ്രായോഗിക' വശങ്ങൾ ലാറ്റിൻ ഉപയോഗിക്കുന്ന പാശ്ചാത്യരാജ്യങ്ങൾക്കു കൈമാറുകയും ചെയ്തു. ഗ്രീക്കുഭാഷ സംസാരിക്കുന്ന പൗരസ്ത്യരാജ്യങ്ങളിലാകട്ടെ, ഇവാഗ്രിയോസ് കണ്ടുപിടിച്ച സാങ്കേതിക ശബ്ദകോശം മാനദണ്ഡം പുലർത്തുന്നതായി നിലനിന്നു. ഉദാഹരണത്തിന് ഫോദികയിലെ വിശുദ്ധ ഡയാഡോക്കോസ്, വിശുദ്ധ ജോൺ ക്ലൈമക്കോസ്, വിശ്വാസ സാക്ഷിയായ വിശുദ്ധ മാക്സിമോസ് എന്നിവരുടെ എഴുത്തുകളിലും സുറിയാനി പാരമ്പര്യത്തിലുള്ള നിനവെയിലെ വിശുദ്ധ ഐസക്കിന്റെ രചനയായ 'മിസ്റ്റിക് ട്രീറ്റിസസി'ലും അവ കാണാം. ഫിലോകാലിയായിൽ വിശുദ്ധ നിക്കോദിമോസ് ഉൾക്കൊള്ളിച്ചിട്ടുള്ള കൃതികളെല്ലാം ഇവാഗ്രിയോസിന്റെ 'പ്രായോഗിക'വശത്തിനുദാഹരണമാണ്. സംശയാസ്പദമായ 'ആലോചന' സംബന്ധമായവ ഈ കൃതികളിൽ കാര്യമായി ഇല്ലെന്നുതന്നെ പറയാം.

www.malankaralibrary.com

ഇവാഗ്രിയോസിന്റെ കൃതികളിൽ പലതും പില്ക്കാലത്തു മറ്റു പല ഗ്രന്ഥകർത്താക്കളുടെയും പേരിൽ പുറത്തുവന്നിട്ടുണ്ട്. 'പ്രാർത്ഥന'യെപ്പറ്റി എന്ന കൃതി ഇതിനൊരുദാഹരണമാണ്. അത് ഗ്രീക്ക് ഫിലോകാലിയായിൽ നീലോസിന്റെ പേരിലാണു ചേർത്തിട്ടുള്ളത്. എന്നാൽ സമീപകാല ഗവേഷണങ്ങൾ ആ കൃതി ഇവാഗ്രിയോസിന്റേതുതന്നെ എന്നു അവിതർക്കിതമായി തെളിയിച്ചിട്ടുണ്ട്.

www.malankaralibrary.com

## ഏകാന്തജീവിതത്തിൽ സന്ന്യാസത്തെയും നിശ്ശബ്ദതയെയും പറ്റിയുള്ള പഠനം

ഏകാന്തജീവിതത്തിൽ സന്ന്യാസത്തെയും നിശ്ശബ്ദതയെയും പറ്റി യിരമ്യായുടെ പുസ്തകത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'ഈ സ്ഥലത്തുനിന്ന് നീ ഭാര്യയെ സ്വീകരിക്കരുത്. എന്തെന്നാൽ, ഈ സ്ഥലത്തുവച്ച് ജനിക്കുന്ന പുത്രീപുത്രന്മാരെക്കുറിച്ച് കർത്താവ് അരുളി ച്ചെയ്യുന്നു അവർക്ക് നേരിടേണ്ടിവരുന്ന മരണം ദുസ്സഹമായിരിക്കും' (യിര 16:1-4). അപ്പോസ്തോലന്റെ വാക്കുകളുടെ അർത്ഥം ഇതാണ്: 'വിവാഹിതനായ ഒരാൾക്ക് ഭൗതികവസ്തുക്കളിലായിരിക്കും താല്പര്യം. തന്റെ ഭാര്യയെ എങ്ങനെ സന്തോഷിപ്പിക്കണമെന്നതിനെ ക്കുറിച്ചായിരിക്കും അയാളുടെ ആലോചന. അയാളുടെ അന്തരാത്മാവ് വിഭജിക്കപ്പെട്ടിരിക്കുന്നു'. വിവാഹിതയാകുന്ന സ്ത്രീയെക്കുറിച്ചും ഇതു തന്നെയാണ് പറഞ്ഞിരിക്കുന്നത്. 'ഭാര്യയാകുന്നതോടെ ഒരുവളുടെ ശ്രദ്ധ മുഴുവൻ ലൗകികജീവിതത്തിലും, എങ്ങനെ തന്റെ ഭർത്താവിനെ സന്തോഷിപ്പിക്കാം എന്നതിനെക്കുറിച്ചുമായിരിക്കും' (1 കൊരി 7:32-34). ദുഃസ്സഹമായ മരണം അനുഭവിക്കേണ്ടിവരും എന്ന് യിരമ്യായുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത്, വൈവാഹിക ബന്ധത്തിൽ പിറവിയെടുക്കുന്ന പുത്രന്മാരെയും പുത്രിമാരെയുംകുറിച്ചു മാത്രമല്ല; മറിച്ച്, ലൗകികമായ അഭിലാഷങ്ങളുടെയും ചിന്തകളുടെയും ഭാഗ മായി ഹൃദയത്തിൽ പിറവിയെടുക്കുന്ന കുട്ടികളെക്കുറിച്ചുകൂടിയാണ്. ലൗകിക ജീവിതത്തിന്റെ ദൗർബ്ബല്യംമൂലം ഇവരും അകാലത്തിൽ പൊലിഞ്ഞുപോകും; ഇവർക്കും സ്വർഗ്ഗീയജീവിതം അനുഭവിക്കാൻ സാധിക്കുകയില്ല. അപ്പോസ്തോലൻ ഇങ്ങനെ തുടരുന്നു: 'അവിവാ ഹിതനായ ഒരാളുടെ ശ്രദ്ധ മുഴുവനും കർത്താവിന്റെ കാര്യങ്ങളി ലായിരിക്കും. എങ്ങനെ തന്റെ നാഥനെ പ്രീതിപ്പെടുത്താം എന്നതിനെ ക്കുറിച്ചായിരിക്കും അയാളുടെ ആലോചന' (1 കൊരി 7:32). അങ്ങ നെയുള്ള ഒരാൾ ഒരിക്കലും പുതുമ നഷ്ടപ്പെടാത്ത നിത്യജീവിത ത്തിന്റെ സദ്ഫലങ്ങൾ പുറപ്പെടുവിക്കുന്നു.

ഏകാകിയായ സന്ന്യാസി അത്തരക്കാരനാണ്. അയാൾ സ്ത്രീ കളിൽനിന്ന് അകന്നു ജീവിക്കണം. യിരമ്യാ പറഞ്ഞിട്ടുള്ള സ്ഥലത്തു

www.malankaralibrary.com

വച്ച് അയാൾക്ക് സന്താനങ്ങളുണ്ടാകാനും പാടില്ല. അയാൾ ക്രിസ്തുവിന്റെ പടയാളിയായിരിക്കണം. ഭൗതികകാര്യങ്ങളിൽ അയാൾക്ക് ആഗ്രഹമുണ്ടാകരുത്. മോഹതാപങ്ങളിൽനിന്ന് അയാൾ ഒഴിഞ്ഞു മാറണം. ഏതെങ്കിലും തരത്തിലുള്ള കച്ചവടത്തിലോ വ്യവസായത്തിലോ അയാൾ ഏർപ്പെടരുത്; അപ്പോസ്തോലൻ ഇങ്ങനെ പറയുന്നു: 'യുദ്ധത്തിനായി പോകുന്ന ഒരു പടയാളി തന്നെ തിരഞ്ഞെടുത്തവനെ സംപ്രീതനാക്കുന്നതിനുവേണ്ടി ഈ ലോകകാര്യങ്ങളിൽ ഇടപെടാറില്ല' (2 തിമോ 2:4). ഒരു സന്ന്യാസി ഇപ്രകാരമാണ് ജീവിക്കേണ്ടത്. കാരണം, ഏകാന്തതയുടെ അനുഗ്രഹങ്ങൾ സ്വന്തമാക്കുന്നതിനുവേണ്ടി ഭൗതിക ജീവിതം ഉപേക്ഷിച്ചവനാണ് അയാൾ. ഏകാന്തജീവിതം ആനന്ദവും സൗന്ദര്യവും നിറഞ്ഞതാണ്; അതിന്റെ നുകം എളുപ്പമുള്ളതും ഭാരം കുറഞ്ഞതുമാണ്.

ഏകാന്തജീവിതം നയിക്കാനും അതിന്റെ അനുഗ്രഹങ്ങൾ നേടാനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ലോകജീവിതത്തിന്റെ ആകുലതകൾ വർജ്ജിക്കുക; അതിലടങ്ങിയിരിക്കുന്ന അധികാരവും ശക്തിയുമൊന്നും നിങ്ങളെ ആകർഷിക്കാനിടവരുത്തരുത്. ഭൗതിക വസ്തുക്കളോടുള്ള ബന്ധത്തിൽനിന്നു മോചനം നേടുക. വികാരങ്ങളുടെയും ആഗ്രഹങ്ങളുടെയും അധീനതയിൽനിന്നു പുറത്തു കടക്കുക. ഇങ്ങനെ ഭൗതികമായ എല്ലാ വസ്തുക്കളിൽനിന്നും അകന്നു നിൽക്കുന്നതുവഴി യഥാർത്ഥമായ ഏകാന്തത നേടാൻ നിങ്ങൾക്ക് സാധിക്കും. ഏകാന്തമായ സന്ന്യാസജീവിതത്തിന്റെ സന്തോഷം നേടണമെങ്കിൽ ലൗകികവിഷയങ്ങൾക്ക് അപ്പുറമെത്താൻ ഒരാൾക്കു കഴിയണം.

തികച്ചും ലളിതമായ ഭക്ഷണമായിരിക്കണം നിങ്ങൾ ഉപയോഗിക്കേണ്ടത്. വ്യത്യസ്ത രുചികളിലുള്ള സ്വാദിഷ്ഠമായ ആഹാരവസ്തുക്കൾ ആഗ്രഹിക്കാൻ പാടില്ല. ഒരുപക്ഷേ അതിഥികളെ സ്വീകരിക്കുന്നതിനായി രുചികരമായ ഭക്ഷണപദാർത്ഥങ്ങൾ തയ്യാറാക്കുവാനുള്ള ചിന്ത നിങ്ങളിൽ ഉളവായേക്കാം. എന്നാൽ നിങ്ങളത് സ്വീകരിക്കരുത്. പ്രശാന്തതയിൽനിന്നും നിങ്ങളെ വ്യതിചലിപ്പിക്കാൻ ശത്രു അതിൽ പതിയിരിപ്പുണ്ട്. അതിനാൽ നിങ്ങൾ വഞ്ചിതരാകരുത്. കർത്താവ് മാർത്തയെ ശകാരിച്ചത് ഓർമ്മിക്കുക (ഇത്തരം കാര്യങ്ങളിൽ അവളുടെ ആത്മാവ് അതീവ ശ്രദ്ധാലുവായിരുന്നു). 'നീ പലതിനെക്കുറിച്ചും ഉത്കണ്ഠാകുലയും അസ്വസ്ഥയുമായിരിക്കുന്നു.

www.malankaralibrary.com

എന്നാൽ ഒന്നുമാത്രമേ ആവശ്യമുള്ളൂ' (ലൂക്കോ 10: 41,42). അതാണ് ദൈവവചനം ശ്രവിക്കുക. അതിനുശേഷം ഒരുവൻ തനിക്കുള്ളവ കൊണ്ട് തൃപ്തിപ്പെടണം. ഇവയെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ട് അവിടുന്ന് തുടരുന്നു: 'മറിയം നല്ല ഭാഗം തിരഞ്ഞെടുത്തിരിക്കുന്നു. അത് അവളിൽനിന്ന് എടുക്കപ്പെടുകയില്ല' (ലൂക്കോ 10:42). സാരേഫാത്തിലെ വിധവ, പ്രവാചകന് നല്കിയ ആതിഥ്യവും നിങ്ങൾക്ക് ഒരു മാതൃകയാണ് (1 രാജാ 17:9-16). നിങ്ങളുടെ കൈയിൽ ഒരേയൊരു അപ്പമോ ഒരു നുള്ള് ഉപ്പോ ഒരുതുടം വെള്ളമോ മാത്രമാണ് ഉള്ള തെങ്കിൽപ്പോലും നിങ്ങൾക്ക് അതിഥിയെ സൽക്കരിക്കാനാകും. ഇതുപോലുമില്ലെങ്കിലും, ദയാപൂർവ്വവും സ്നേഹം നിറഞ്ഞതുമായ വാക്കുകൾകൊണ്ടും മറ്റുള്ളവർക്ക് ആതിഥ്യമരുളാൻ നിങ്ങൾക്ക് കഴിയും; കാരണം ഒരു സമ്മാനത്തെക്കാളും വലുതല്ലേ ഒരു വാക്ക്?' (പ്രഭാ 18:17). ഇതാണ് അതിഥിസൽക്കാരത്തെക്കുറിച്ച് നിങ്ങൾ പുലർത്തേണ്ട കാഴ്ചപ്പാട്. അതുകൊണ്ട് വളരെ ശ്രദ്ധാലുവായിരിക്കുക. പാവപ്പെട്ടവർക്ക് നല്കുവാനായി സമ്പത്ത് ആഗ്രഹിക്കാതിരിക്കുക. സാത്താന്റെ മറ്റൊരു ചതിയാണിത്. ഒരാളിൽ ആത്മാഭിമാനം ഉളവാക്കുകയും അതിന്റെ ഫലമായി അയാളെ അസ്വസ്ഥനും ദുഃഖിതനുമാക്കിത്തീർക്കുകയും ചെയ്യുകയാണ് അവന്റെ വിനോദം. കർത്താവ് സുവിശേഷത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിധവയെക്കുറിച്ച് ഓർമ്മിക്കുക. രണ്ട് ചെമ്പുതുട്ടുകൾകൊണ്ട് അവൾ ധനികന്റെ ഉദാരമായ സംഭാവനയെ മറികടന്നു. യേശുക്രിസ്തു ഇങ്ങനെ പറയുന്നു: 'അനന്തമായ സമ്പത്തിൽനിന്നു ചെറിയൊരംശമാണ് സമ്പന്നൻ നല്കിയത്; എന്നാൽ അവളോ... അവളുടെ ഉപജീവനത്തിനുള്ള വക മുഴുവൻ നല്കി' (മർക്കോ 12:44).

ശരീരത്തിന് ആവശ്യമുള്ള വസ്ത്രങ്ങൾ മാത്രം വേണമെന്നാഗ്രഹിക്കുകയും അതിൽ സംതൃപ്തനാവുകയും ചെയ്യുക. 'നിങ്ങളുടെ ഭാരം കർത്താവിനെ ഏല്പിക്കുക' (സങ്കീ 55:22). 'നിങ്ങൾക്കു വേണ്ടത് അവൻ തന്നുകൊള്ളും. കാരണം അവൻ നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്' (1 പത്രോ 5:7). നിങ്ങൾക്ക് ആഹാരമോ വസ്ത്രങ്ങളോ ആവശ്യമുണ്ടെങ്കിൽ, അതു നല്കാൻ തയ്യാറാകുന്നവരിൽനിന്നു ദാനം സ്വീകരിക്കാൻ മടിക്കരുത്. കാരണം, ദാനം സ്വീകരിക്കാൻ ലജ്ജ കാണിക്കുന്നത് ഒരുതരം അഹന്തതന്നെയാണ്. എന്നാൽ ആവശ്യമുള്ളതിൽ കൂടുതൽ ആഹാരമോ വസ്ത്രമോ നിങ്ങൾക്കുണ്ടെങ്കിൽ

www.malankaralibrary.com

അവ ഇല്ലാത്തവർക്കു ദാനം ചെയ്യുക. തന്റെ മക്കൾ ഇപ്രകാരം ജീവിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ഇല്ലായ്മ സഹിക്കുന്നതിനെപ്പറ്റി കൊരിന്ത്യർക്കുള്ള ലേഖനത്തിൽ അപ്പോസ്തോലൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'നിങ്ങളുടെ സമൃദ്ധി അവരുടെ ഇല്ലായ്മയ്ക്കു പരിഹാരമാകണം, അവരുടെ സമൃദ്ധി നിങ്ങളുടെ ഇല്ലായ്മയ്ക്കും പരിഹാരമായിരിക്കണം; അങ്ങനെ ചെയ്താൽ സമത്വം ഉണ്ടാകും. എന്തെന്നാൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'ഒരുപാട് സംഭരിച്ചവന് ഒന്നും മിച്ചമില്ല; ഒന്നും സംഭരിക്കാത്തവന് ഒട്ടും കുറവുമില്ല' (2 കൊരി 8:14,15; പുറ 16:18). അതിനാൽ ഇപ്പോൾ നിങ്ങൾക്കാവശ്യമുള്ളതെല്ലാം ഉണ്ടെങ്കിൽ, ഭാവിയെക്കുറിച്ച് ആകുലരാവരുത്; നിങ്ങൾ എല്ലാറ്റിലും ഉപരിയായി സ്വർഗ്ഗരാജ്യവും ദൈവനീതിയും അന്വേഷിക്കുകയാണെങ്കിൽ, ഭാവിയെന്നത് തൊട്ടടുത്ത ദിവസമോ അടുത്ത ആഴ്ചയോ മാസങ്ങൾക്കുശേഷമോ ഉള്ളതായാലും, നാളെ എന്നത് വന്നുചേരുമ്പോൾ അപ്പോഴുള്ള നിങ്ങളുടെ ആവശ്യങ്ങളും നിറവേറ്റപ്പെട്ടുകൊള്ളും; എന്തെന്നാൽ കർത്താവ് ഇങ്ങനെ അരുളിച്ചെയ്തിരിക്കുന്നു: 'നിങ്ങൾ ദൈവരാജ്യത്തെയും ദൈവത്തിന്റെ നീതിയെയും അന്വേഷിപ്പിൻ' അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും' (മത്താ 6:33).

ഒരിക്കലും ഒരു വേലക്കാരൻ അല്ലെങ്കിൽ വേലക്കാരി നിങ്ങൾക്കുണ്ടാകരുത്. അല്ലാത്തപക്ഷം അവർക്കുവേണ്ടിയും നിങ്ങൾ അന്നം കണ്ടെത്തേണ്ടിവരും. മറ്റൊന്ന് വേലക്കാരനിലൂടെ ശത്രു നിങ്ങളെ കുടുക്കിലാക്കും. ആഡംബരം നിറഞ്ഞ ഭക്ഷണങ്ങൾ വിളമ്പി നിങ്ങളെ അസ്വസ്ഥരാക്കാനും അവർക്കു കഴിയും. നിങ്ങൾക്ക് അല്പം വിശ്രമം കിട്ടട്ടെ എന്നു കരുതി ഒരു വേലക്കാരനെ നിയമിക്കാം എന്ന ചിന്ത ഉണ്ടാകുമ്പോൾ അതിലും പ്രാധാന്യമർഹിക്കുന്ന കാര്യം നിങ്ങൾ ഓർമ്മിക്കണം. ആന്തരികശാന്തിയാണ് ഞാനുദ്ദേശിക്കുന്നത്. ശരീരത്തിന്റെ വിശ്രമത്തെക്കാൾ എത്രയോ പ്രധാനമാണ് ആന്തരികമായ ശാന്തി. ഇനി വേലക്കാരന്റെ നന്മയ്ക്കുവേണ്ടിയാണ് അയാളെ നിയമിക്കേണ്ടിവരുന്നതെങ്കിൽപ്പോലും, ഒരിക്കലും അതിന് തയ്യാറാകരുത്. അത് നമ്മുടെ ജോലിയല്ല; ഏകാന്തജീവിതം നയിക്കാത്ത, സമൂഹമായി ജീവിക്കുന്ന പരിശുദ്ധ പിതാക്കന്മാരാണ് അതു ചെയ്യേണ്ടത്; അവരുടെ ചുമതലയാണത്. നിങ്ങൾക്കേറ്റവും നല്ലതെന്താണോ അതുമാത്രം ചെയ്യുക; ഏകാന്തജീവിതത്തിന് ഭംഗം വരാതെ ശ്രദ്ധിക്കുക.

www.malankaralibrary.com

ലൗകികജീവിതത്തിലും സ്വാർത്ഥലാഭത്തിലും താല്പര്യമുള്ള ആളുകളുമായി സമ്പർക്കം പുലർത്തരുത്. ഒന്നുകിൽ ഏകാകിയായി ജീവിക്കുക; അല്ലെങ്കിൽ ലൗകികബന്ധങ്ങൾ ഉപേക്ഷിച്ച്, നിങ്ങളെപ്പോലെതന്നെ ഏകാന്തജീവിതത്തിൽ താല്പര്യമുള്ളവരുമായി സഹവസിക്കുക. ലൗകികജീവിതത്തിൽ താല്പര്യമുള്ളവരോടുകൂടി സഹവസിക്കുന്നതുമൂലം അവരുടെ ജീവിതശൈലിയും നിങ്ങളെ സ്വാധീനിച്ചേക്കാം; വ്യർത്ഥഭാഷണങ്ങളും സകലവിധ തിന്മയും കോപവും ദുഃഖവും ലൗകികസുഖങ്ങളോടുള്ള ആസക്തിയും അപവാദഭീതിയും ഒക്കെയുള്ള അവരുടെ ജീവിതരീതിയും സാമൂഹ്യ സമ്മർദ്ദവും നിങ്ങളെ ബാധിക്കാനുമിടയുണ്ട്. അതുകൊണ്ട് അത്തരം ആളുകളിൽനിന്ന് അകന്നു ജീവിക്കുക. മാതാപിതാക്കളെക്കുറിച്ചുള്ള കരുതലോ ബന്ധുക്കളോടുള്ള സ്നേഹമോ നിങ്ങളെ കീഴ്പ്പെടുത്താനിടവരരുത്; മാത്രമല്ല, കൂടക്കൂടെ അവരെ കാണുന്നത് ഒഴിവാക്കുകയും വേണം. നിങ്ങളുടെ അറയിലെ ഏകാന്തതയ്ക്ക് ഭംഗം വരുത്താനും അവരുടെ കാര്യങ്ങളിലേക്ക് നിങ്ങളെ വലിച്ചിഴയ്ക്കാനും ഇത്തരം കൂടിക്കാഴ്ചകൾ കാരണമായേക്കാം. കർത്താവ് ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ; നീ എന്നെ അനുഗമിക്കുക' (മത്താ 8:22).

നിങ്ങളുടെ അറയോട് നിങ്ങൾക്ക് മമത ഉണ്ടാകുന്നുവെങ്കിൽ നിങ്ങളവിടം ഉപേക്ഷിക്കുക. ഒരു കാരണവശാലും പിന്നീടവിടെ താമസിക്കരുത്. നിർഭയമായി ഒഴിഞ്ഞുപോവുക. ഏകാന്തതയും പൂർണ്ണമായ സ്വച്ഛതയും നേടുന്നതിനായി എന്തു ത്യാഗവും അനുഷ്ഠിക്കാൻ തയ്യാറാവുക; അദൃശ്യരായ ശത്രുക്കൾക്കെതിരെ പോരാടുന്നതുവഴി ദൈവഹിതമനുസരിച്ച് ജീവിക്കാൻ കഠിനപ്രയത്നം ചെയ്യുക. ഇപ്പോൾ നിങ്ങൾ ജീവിക്കുന്ന സ്ഥലത്ത് ഏകാന്തത ലഭിക്കുന്നില്ലെങ്കിൽ വിപ്രവാസത്തിലാണ് ജീവിക്കുന്നത് എന്ന് ചിന്തിച്ചുകൊണ്ട് നാടുവിട്ടുപോകാൻ തയ്യാറാവുക. കൗശലക്കാരനായ ഒരു കച്ചവടക്കാരനെപ്പോലെയായിരിക്കണം നിങ്ങൾ. ഏതൊരു വസ്തുവിന്റെയും വില നിശ്ചയിക്കേണ്ടത്, ഏകാന്തതയാകുന്ന അളവുകോൽ ഉപയോഗിച്ചായിരിക്കണം; ഏകാന്തത പ്രദാനം ചെയ്യാൻ ഉതകുന്നത് മാത്രം സ്വീകരിക്കുക.

വിപ്രവാസത്തെ സ്വാഗതം ചെയ്യാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്. നിങ്ങളുടെ ചുറ്റുപാടുമായുള്ള ബന്ധ

www.malankaralibrary.com

ത്തിൽനിന്ന് അത് നിങ്ങളെ മോചിപ്പിക്കും; തന്മൂലം, ആരും ശല്യപ്പെടുത്താതെ ഏകാന്തവാസത്തിന്റെ അനുഗ്രഹം അനുഭവിക്കാൻ നിങ്ങൾക്കു കഴിയും. ഒരിക്കലും ഒരു പട്ടണത്തിൽ ജീവിക്കരുത്; മറിച്ച് വിജനപ്രദേശത്ത് ജീവിക്കുക; സങ്കീർത്തനത്തിൽ ഇങ്ങനെ പറയുന്നു: 'ഞാൻ വിദൂരങ്ങളിൽ ചുറ്റിത്തിരിയുമായിരുന്നു; വിജനതയിൽ ഞാൻ വസിക്കുമായിരുന്നു' (സങ്കീ 55:7). എല്ലാവിധ ഒച്ചപ്പാടുകളിൽനിന്നും മുക്തവും ഏകാന്തത നിറഞ്ഞതുമായ ഒരിടം കണ്ടെത്തുക; കഴിയുമെങ്കിൽ പട്ടണങ്ങൾ സന്ദർശിക്കുകപോലുമരുത്. കാരണം, അവിടെ നിങ്ങൾക്ക് പ്രയോജനമുള്ളതൊന്നും ലഭിക്കുകയില്ല; നിങ്ങളുടെ ജീവിതശൈലിക്ക് അനുകൂലമായതൊന്നും അവിടെയുണ്ടാവുകയുമില്ല. സങ്കീർത്തനങ്ങളിൽ ഇങ്ങനെ പറയുന്നു: 'അക്രമവും കലാപവുമാണ് നഗരത്തിൽ ഞാൻ കണ്ടത്' (സങ്കീ 55:9). ഏകാന്തമായ ജീവിതത്തിന് യോജിച്ച വിജനസ്ഥലങ്ങളിലൊരിടത്ത് താമസിക്കുക. എന്തു ശബ്ദം കേട്ടാലും നിങ്ങൾ ഭയപ്പെടരുത്. സാത്താന്റെ മായാജാലങ്ങൾ കണ്ടാൽപോലും ധൈര്യം കൈവെടിയരുത്. നിങ്ങളുടെ ആത്മീയ പുരോഗതിക്ക് അനുയോജ്യമായ വിജനസ്ഥലങ്ങളിൽനിന്ന് ഒരിക്കലും പലായനം ചെയ്യരുത്. എല്ലാം നിർഭയമായി സഹിക്കുക; അപ്പോൾ ദൈവത്തിന്റെ മഹനീയകൃത്യങ്ങളും സഹായവും പരിപാലനയും മോചനത്തിനുള്ള വഴിയും നിങ്ങൾക്ക് ദർശിക്കാനാവും. കാരണം സങ്കീർത്തനത്തിൽ ഇങ്ങനെ പറയുന്നു: 'ആത്മാവിന്റെ നിരാശയിൽ നിന്നും കൊടുങ്കാറ്റിൽനിന്നും എന്നെ മോചിപ്പിക്കുന്നവനുവേണ്ടി ഞാൻ കാത്തിരിക്കുന്നു' (സങ്കീ 55:8).

നിങ്ങളുടെ തീരുമാനത്തെ ചഞ്ചലമാക്കാൻ ഒരിക്കലും ആഗ്രഹങ്ങളെ അനുവദിക്കരുത്; കാരണം, 'ഭ്രമിപ്പിക്കുന്ന മോഹങ്ങൾ നിഷ്കളങ്കഹൃദയത്തെ വഴിതെറ്റിക്കുന്നു' (ജ്ഞാനം 4:12). പല പ്രലോഭനങ്ങളും ആഗ്രഹങ്ങളിൽനിന്നുമുളവാകും. നിങ്ങൾക്ക് വഴിതെറ്റാൻ സാദ്ധ്യതയുള്ളതുകൊണ്ട് നിങ്ങളുടെ അറയിൽതന്നെ കഴിയുക. നിങ്ങൾക്ക് സുഹൃത്തുക്കളുണ്ടെങ്കിൽ, അവരെ കൂടെക്കൂടെ കണ്ടുമുട്ടുന്നത് ഒഴിവാക്കുക. വല്ലപ്പോഴുമൊരിക്കൽ മാത്രം സുഹൃത്തുക്കളെ കാണുന്നതാണ് നല്ലത്. അങ്ങനെ ചെയ്യുന്നതിലൂടെ നിങ്ങൾക്കവരെ സഹായിക്കാൻ കഴിഞ്ഞെന്നുവരാം. സുഹൃത്തുക്കളുമായി ഇടപഴകുന്നതുമൂലം നിങ്ങൾക്ക് എന്തെങ്കിലും ദോഷം സംഭവിക്കാനിടയു

www.malankaralibrary.com

ണ്ടെങ്കിൽ, ഒരിക്കലും അവരെ കാണരുത്. നിങ്ങളുടെ സന്ന്യാസ ജീവിതത്തിന് അനുയോജ്യരും അതിൽ നിങ്ങളെ സഹായിക്കാൻ കഴിയുന്നവരുമായ സുഹൃത്തുക്കൾ മാത്രമേ നിങ്ങൾക്കുണ്ടാകാവൂ. കൗശലക്കാരും അക്രമാസക്തരുമായ ആളുകളെ തീർച്ചയായും ഒഴിവാക്കണം. അവരോടുകൂടെ ജീവിക്കരുതെന്ന് മാത്രമല്ല അവരുടെ തിന്മയായ ലക്ഷ്യങ്ങളെ നിങ്ങൾ ഉപേക്ഷിക്കുകയും വേണം. കാരണം അവർ ദൈവത്തോട് ചേർന്നു നിൽക്കുകയോ അവിടുത്തോടൊത്ത് വസിക്കുകയോ ചെയ്യുന്നില്ല. സമാധാനചിത്തരും ആത്മീയവിഷയങ്ങളിൽ താല്പര്യമുള്ളവരും വിശുദ്ധപിതാക്കന്മാരുമായിരിക്കട്ടെ നിങ്ങളുടെ സുഹൃത്തുക്കൾ. അത്തരക്കാരെപ്പറ്റി ക്രിസ്തു ഈവിധം പറഞ്ഞിരിക്കുന്നു: 'എന്റെ അമ്മയും സഹോദരരും പിതാക്കന്മാരുമെല്ലാം സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം നിറവേറ്റുന്നവരാണ്' (മത്താ 12:49,50). ലൗകികവിഷയങ്ങളിൽ താല്പര്യമുള്ളവരായ ആളുകളുമായി നിങ്ങളുടെ സമയം ചെലവഴിക്കുകയോ അവരോടൊപ്പം ഭക്ഷണമേശ പങ്കിടുകയോ അരുത്; എന്തെന്നാൽ അവരുടെ തെറ്റിദ്ധാരണകളിലേക്ക് അവർ നിങ്ങളെ വലിച്ചിഴയ്ക്കുകയും ഏകാന്തജീവിതത്തിന്റെ പാതയിൽനിന്നു നിങ്ങളെ വ്യതിചലിപ്പിക്കുകയും ചെയ്തേക്കാം. അങ്ങനെ ചെയ്യാനാണവർക്കിഷ്ടം. അവരുടെ വാക്കുകൾക്ക് ചെവികൊടുക്കുകയോ അവരുടെ ഹൃദയവികാരങ്ങളിൽ പങ്കാളികളാവുകയോ ചെയ്യാൻ പാടില്ല; അപകടകാരികളാണവ. നിങ്ങളുടെ അദ്ധ്വാനവും ഹൃദയത്തിന്റെ അഭിവാഞ്ഛയും ഭൂമിയിലെ വിശ്വസ്തർക്കുവേണ്ടിയായിരിക്കട്ടെ, വിലാപത്തിൽ അവരെപ്പോലെ ആയിത്തീരുവാൻ ഇത് ഉപകരിക്കും. സങ്കീർത്തനത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'ദേശത്തുള്ള വിശ്വസ്തരെ ഞാൻ പ്രീതിയോടെ വീക്ഷിക്കും; അവരെന്നോടുകൂടി വസിക്കും' (സങ്കീ 101:6). ദൈവസ്നേഹത്തിന് അനുസൃതനായി ജീവിക്കുന്ന ഒരാൾ നിങ്ങളെ ആഹാരം കഴിക്കാൻ ക്ഷണിച്ചെന്നിരിക്കട്ടെ; ഇഷ്ടമുണ്ടെങ്കിൽ നിങ്ങൾക്കയാളോടൊപ്പം പോകാം. പക്ഷേ, പെട്ടെന്നുതന്നെ തിരിച്ചുവരാൻ ശ്രദ്ധിക്കുക. കഴിയുന്നിടത്തോളം, നിങ്ങളുടെ അറയിൽതന്നെ ഉറങ്ങുന്നതാണ് നല്ലത്. അങ്ങനെ ചെയ്യുന്നതിലൂടെ ഏകാന്തത എന്ന അനുഗ്രഹം എല്ലായ്പ്പോഴും നിങ്ങൾക്ക് അനുഭവിക്കാനാകും. നിങ്ങളുടെ പാതയിൽ തടസ്സങ്ങളില്ലാതെ മുന്നേറാനും നിങ്ങൾക്ക് കഴിയും.

www.malankaralibrary.com

സ്വാദിഷ്ഠമായ ആഹാരപദാർത്ഥങ്ങളും സുഖലോലുപതയും നിങ്ങൾ ആഗ്രഹിക്കരുത്. 'സുഖാനുഭവങ്ങളിൽ മുഴുകിയിരിക്കുന്നവൻ ജീവിച്ചിരിക്കുമ്പോൾതന്നെ മരിച്ചുകഴിഞ്ഞിരിക്കുന്നു' എന്നാണ് അപ്പോസ്തോലൻ പറഞ്ഞിരിക്കുന്നത് (1 തിമോ 5:6). മറ്റുള്ളവർ നല്കുന്ന ആഹാരംകൊണ്ട് നിങ്ങളുടെ വയറുനിറയ്ക്കരുത്; അങ്ങനെ ചെയ്താൽ അവരുടെ ആഹാരത്തോട് നിങ്ങൾക്ക് ആഗ്രഹമുണ്ടാവുകയും അവരുടെ ഭക്ഷണമേശ പങ്കിടണമെന്ന് നിങ്ങൾ മോഹിക്കുകയും ചെയ്യും. 'വയറു നിറയ്ക്കുവാനുള്ള മോഹത്താൽ ഒരിക്കലും വഞ്ചിക്കപ്പെടാതിരിക്കുക' (സുഭാ 24:15). തുടരെത്തുടരെ നിങ്ങൾക്ക് പുറത്തുപോകാനുള്ള ക്ഷണം ലഭിക്കയാണെങ്കിൽ പൂർണ്ണമനസ്സോടെ നിരസിക്കുക. എന്തെന്നാൽ, അറയിൽനിന്ന് കൂടെക്കൂടെ പുറത്തുപോകുന്നത് ദോഷം ചെയ്യും. ഏകാന്തതയുടെ കൃപ നഷ്ടപ്പെടുത്തി, അതു നിങ്ങളുടെ മനസ്സിനെ ഇരുളിലാഴ്ത്തുകയും ദൈവത്തിനുവേണ്ടിയുള്ള ആഗ്രഹത്തെ ക്ഷയിപ്പിക്കുകയും ചെയ്യും. ഒരു പാത്രം വീഞ്ഞ് ഒരേ സ്ഥലത്തുതന്നെ ഏറെക്കാലം നിശ്ചലമായി സൂക്ഷിച്ചാൽ വീഞ്ഞ് തെളിയുകയും സുഗന്ധപൂരിതമായിത്തീരുകയും ചെയ്യും. എന്നാൽ ഇടയ്ക്കിടയ്ക്ക് അതിന്റെ സ്ഥാനം മാറ്റിക്കൊണ്ടിരുന്നാൽ അതു കലങ്ങുകയും അരുചികരമായിത്തീരുകയും ചെയ്യും. അതുപോലെ ഒരേ സ്ഥലത്തുതന്നെ വസിക്കുകയാണെങ്കിൽ അത് എന്തുമാത്രം പ്രയോജനകരമായിരിക്കുമെന്ന് നിങ്ങൾക്ക് കണ്ടെത്താനാകും. നിങ്ങളുടെ മനസ്സ് വ്യതിചലിക്കുകയും അങ്ങനെ ഏകാന്തതയ്ക്ക് ഭംഗം വരുകയും ചെയ്യാതിരിക്കേണ്ടതിന് അനേകരുമായുള്ള സമ്പർക്കം ഒഴിവാക്കുക.

കഴിയുമെങ്കിൽ, രാവും പകലും നിങ്ങളുടെ കൈകൾക്ക് ചെയ്യാവുന്നിടത്തോളം ജോലി ചെയ്തുകൊണ്ടിരിക്കുക; നിങ്ങൾ മറ്റാർക്കും ഭാരമായിത്തീരരുത്; മറിച്ച്, അവരെ സഹായിക്കാൻ നിങ്ങൾക്ക് കഴിയണം. ഇതുതന്നെയാണ് അപ്പോസ്തോലനായ പൗലോസ് ഉപദേശിക്കുന്നതും (1 തെസ 2:9; എഫേ 4:28). ഇങ്ങനെ ചെയ്യുന്നതിലൂടെ അസ്വാസ്ഥ്യം സൃഷ്ടിക്കുന്ന സാത്താനെയും ശത്രു നിങ്ങളിലുളവാക്കുന്ന അഭിലാഷങ്ങളെയും ആട്ടിയകറ്റാൻ നിങ്ങൾക്ക് കഴിയും; അലസതയിൽ കഴിയുന്നവരെ സാത്താൻ തന്റെ അടിമകളാക്കും. 'അലസനായ ഓരോ മനുഷ്യനും നിരവധി അഭിലാഷങ്ങളുണ്ടായിരിക്കും' (സുഭാ 13:4).

www.malankaralibrary.com

സാധനങ്ങൾ വാങ്ങുമ്പോഴും വില്ക്കുമ്പോഴും നിങ്ങൾ പാപം ചെയ്യാനിടയുണ്ട്. അതിനാൽ ഏതൊരു കച്ചവടത്തിലും നിങ്ങൾക്ക് അല്പം നഷ്ടമുണ്ടാകുന്നതാണ് നല്ലത്. ലാഭത്തോടുള്ള ആസക്തി നിമിത്തം വിലപേശലിലേർപ്പെടരുത്. കലഹിക്കുകയും നുണപറയു കയും അവസരവാദപരമായി പെരുമാറുകയും ചെയ്യുന്നത് നിങ്ങളുടെ ആത്മാവിനു ദോഷം ചെയ്യും. നിങ്ങളുടെ ജീവിതരീതി ദുഷിക്കുകയും ചെയ്യും. അതിനാൽ സാധനങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്യുമ്പോൾ അതീവജാഗ്രത പുലർത്തുക. കഴിയുമെങ്കിൽ അത്തരം പ്രവൃത്തികൾ നിങ്ങൾക്ക് വിശ്വാസമുള്ള മറ്റാരെയെങ്കിലും ഏല്പി ക്കുക. അങ്ങനെ ഉത്കണ്ഠയിൽനിന്ന് മോചിതനായി സന്തോഷ ത്തോടും പ്രത്യാശയോടുംകൂടെ നിങ്ങളുടെ വിളി തുടർന്നുകൊണ്ടു പോകാൻ നിങ്ങൾക്ക് സാധിക്കും.

ഇതുവരെ പറയപ്പെട്ട കാര്യങ്ങൾക്കു പുറമേ ഏകാന്തജീവിതം പഠിപ്പിക്കുന്ന മറ്റു ചില കാര്യങ്ങൾകൂടി നിങ്ങൾ ശ്രദ്ധിക്കുകയും ഞാൻ പറയുന്നതനുസരിച്ച് പ്രവർത്തിക്കുകയും വേണം. തളർച്ച കൂടാതെ ഏകാന്തജീവിതമാർഗ്ഗം തുടരുവാനായി നിങ്ങളുടെ അറയിൽതന്നെ ഇരിക്കുക, മനസ്സിനെ ഏകാഗ്രമാക്കുക, മരണദിനത്തെക്കുറിച്ച് ഓർമ്മിക്കുക, നിങ്ങളുടെ ശരീരത്തിന്റെ മരണം മുമ്പിൽ കാണുക, ആ ദുരന്തത്തെക്കുറിച്ച് ചിന്തിക്കുക, വേദനയനുഭവിക്കുക, ഈ ലോക ത്തിന്റെ വ്യർത്ഥാഭിമാനവും അനുരഞ്ജനപദ്ധതിയും അതിമോഹ ങ്ങളും ഉപേക്ഷിക്കുക. ഇതോടൊപ്പം ഈ നിമിഷംപോലും നരകത്തിൽ സംഭവിക്കുന്നതെന്താണെന്ന് സങ്കല്പിക്കുക. ഭീകരമായ സഹനവും അസഹ്യമായ നിശ്ശബ്ദതയും ദാരുണമായ നിലവിളിയും വലിയ ഭയവും യാതനയും സംഭവിക്കാൻ പോകുന്നതിനെക്കുറിച്ചുള്ള ഭീതിയും ഒടുങ്ങാത്ത വേദനയും നിലയ്ക്കാത്ത രോദനവും ഓർമ്മിക്കുക. അതു പോലെ, പുനരുത്ഥാനദിനത്തിൽ എങ്ങനെയാണ് ദൈവസന്നിധിയിൽ നിങ്ങൾ നിൽക്കുന്നത് എന്നുകൂടി ചിന്തിക്കുക. ഘോരവും ഭയജന കവുമായ ന്യായാസനത്തെ മനസ്സിൽ കൊണ്ടുവരുക. പാപികൾക്കു വേണ്ടി ഒരുക്കിയിരിക്കുന്നവയും പിതാവായ ദൈവത്തിന്റെയും അവിടുത്തെ അഭിഷിക്തന്റെയും മാലാഖമാരുടെയും മുഖ്യദൂതരു ടെയും പ്രഭുത്വങ്ങളുടെയും മാനവകുലം മുഴുവന്റെയും മുമ്പിൽ അവർക്ക് നേരിടേണ്ടിവരുന്ന അപമാനവും നിത്യാഗ്നി, ചാകാത്ത

www.malankaralibrary.com

പുഴുക്കൾ, അന്ധകാരഗർത്തം, പല്ലുകടി, ഉഗ്രഭയം, അസഹ്യമായ വേദന ഇത്തരത്തിലുള്ള നിരവധി ശിക്ഷാവിധികളും ഓർമ്മിക്കുക. ഇനി നീതിമാന്മാർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ അതായത്, മാലാഖ മാരോടും മുഖ്യദൂതരോടും പ്രഭുത്വങ്ങളോടും സകല വിശുദ്ധരോടു മൊപ്പം പിതാവായ ദൈവവും അവിടുത്തെ അഭിഷിക്തനുമായുള്ള ഗാഢബന്ധവും സ്വർഗ്ഗരാജ്യവും അതിന്റെ എല്ലാവിധ ദാനങ്ങളും ആനന്ദവും സന്തോഷവുമെല്ലാം അനുസ്മരിക്കുക.

ഈ രണ്ട് വ്യത്യസ്തമായ അവസ്ഥകളെയും നിങ്ങൾ താരതമ്യം ചെയ്യുക. പാപികൾക്കുള്ള ശിക്ഷാവിധിയോർത്ത് വിലപിക്കുക. നിങ്ങളും അവരിലൊരാളായേക്കുമോ എന്ന ഭീതിയാൽ കരയുക. നീതി മാന്മാർക്ക് ലഭ്യമാകുന്ന അനുഗ്രഹങ്ങൾ ഓർത്ത് സന്തോഷിക്കുക. അവ നേടാനും നരകത്തിലെ പീഡനത്തിൽനിന്ന് മോചിതരാകാനും തീവ്രമായി ആഗ്രഹിക്കുക. നിങ്ങളുടെ അറയ്ക്ക് അകത്തോ പുറത്തോ ആയിരുന്നാലും ഇവയൊന്നും മറക്കരുത്. കാരണം, മനസ്സിനെ ദുഷിപ്പിക്കുന്നതും അപകടകാരികളുമായ ചിന്തകളിൽനിന്ന് രക്ഷ പ്പെടാൻ ഇവ നിങ്ങളെ സഹായിക്കും.

നിങ്ങളുടെ ശാരീരികശേഷിയനുസരിച്ച് കർത്താവിന്റെ മുമ്പിൽ ഉപവസിക്കുക. ഉപവാസം അകൃത്യങ്ങളിൽനിന്നും പാപങ്ങളിൽനിന്നും നിങ്ങളെ ശുദ്ധീകരിക്കുകയും ആത്മാവിനെ ഉയർത്തുകയും മനസ്സിനെ പവിത്രീകരിക്കുകയും ദുഷ്ടശക്തികളെ ആട്ടിയകറ്റി ദൈവസാന്നിദ്ധ്യ മനുഭവിക്കാൻ നിങ്ങളെ സജ്ജരാക്കുകയും ചെയ്യും. നിങ്ങൾ ധൂർത്ത രാകാതിരിക്കുവാനും നിങ്ങളുടെ മനസ്സ് അസ്വസ്ഥമാകാതിരിക്കു വാനുംവേണ്ടി, ദിവസത്തിൽ ഒരു പ്രാവശ്യം ഭക്ഷണം കഴിച്ചാൽ, വീണ്ടും ഭക്ഷണം കഴിക്കാതിരിക്കാൻ ശ്രദ്ധിക്കുക. ഇതുവഴി മറ്റുള്ള വരെ സഹായിക്കാനും ശരീരത്തിന്റെ വികാരങ്ങളെ അതിജീവിക്കാനും നിങ്ങൾക്ക് സാധിക്കും. സഹോദരന്മാർ ഒരുമിച്ചുകൂടുന്ന സന്ദർഭ ങ്ങളിൽ രണ്ടോ മൂന്നോ തവണ ഭക്ഷിക്കേണ്ടിവന്നാലും അസംതൃ പ്തനോ, വിഷാദമഗ്നനോ ആകേണ്ടതില്ല. പകരം നിങ്ങൾക്ക് ചെയ്യാനുള്ളത് സന്തോഷപൂർവ്വം ചെയ്യുക. രണ്ടോ മൂന്നോ തവണ ഭക്ഷിക്കേണ്ടി വന്നാലും, സ്നേഹത്തിന്റെ നിയമം പൂർത്തിയാക്കാൻ സാധിച്ചതിൽ ദൈവത്തിന് കൃതജ്ഞതയർപ്പിക്കുക. അവിടുന്നാണ് നിങ്ങൾക്ക് വേണ്ടത് പ്രദാനം ചെയ്യുന്നത്. അതുപോലെതന്നെ രോഗാ

www.malankaralibrary.com

വസ്ഥയിൽ രണ്ടോ മൂന്നോ അതിൽ കൂടുതലോ പ്രാവശ്യം ഭക്ഷി ക്കേണ്ടി വന്നാലും ഖേദിക്കേണ്ട. തപശ്ചര്യകൾ വീണ്ടും അനുഷ്ഠി ക്കാനുള്ള ശക്തി നേടിയെടുക്കുന്നതിന് രോഗാവസ്ഥയിൽ നിങ്ങൾ തപശ്ചര്യകൾക്ക് അയവു വരുത്തേണ്ടതാണ്.

ഭക്ഷണവർജ്ജനത്തെ സംബന്ധിച്ചാകട്ടെ, ഏതെങ്കിലും ഭക്ഷണ ത്തിൽനിന്ന് നിയമം നമ്മെ തടയുന്നില്ല. അതിൽ ഇങ്ങനെ എഴുതിയിരി ക്കുന്നു: 'ഹരിതസസ്യങ്ങൾ നല്കിയതുപോലെ ഇവയും നിങ്ങൾക്ക് ഞാൻ തരുന്നു. ചോദ്യം ചെയ്യാതെ ഭക്ഷിച്ചുകൊള്ളുക; ഉള്ളിലേക്ക് പ്രവേശിക്കുന്നവയല്ല ഒരുവനെ അശുദ്ധനാക്കുന്നത്' (ഉത്പ 9:3; 1 കൊരി 10:25; മത്താ 15:11) അതിനാൽ ഭക്ഷണവർജ്ജനം നമ്മുടെ തിരഞ്ഞെടുപ്പിനും താപസവൃത്തിക്കും അനുസൃതമായിരിക്കണം.

നിങ്ങൾക്കും സകല വിശുദ്ധർക്കും വെളിപ്പാടാനിരിക്കുന്ന മഹത്ത്വ ത്തിൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ട് സന്തോഷപൂർവം ജാഗരണം അനുഷ്ഠി ക്കുകയും നിലത്ത് കിടന്ന് ഉറങ്ങുകയും മറ്റെല്ലാ ക്ലേശങ്ങളും സഹിക്കു കയും ചെയ്യുക. എന്തെന്നാൽ, അപ്പോസ്തോലൻ പറയുന്നു: 'നമുക്ക് വെളിപ്പെടാനിരിക്കുന്ന മഹത്ത്വത്തോട് തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണ്' (റോമ 8:18).

നിങ്ങൾ നൈരാശ്യത്തിലകപ്പെടുകയാണെങ്കിൽ, അപ്പോസ്തോലൻ പറയുന്നതുപോലെ പ്രാർത്ഥിക്കുക (യാക്കോ 5:13). ഭയത്തോടും വിറയ ലോടും തീവ്രയത്നത്തോടും ആന്തരികജാഗ്രതയോടും കരുതലോടും കൂടെ പ്രാർത്ഥിക്കുക. നിങ്ങളുടെ ശത്രുക്കൾ മഹാദുഷ്ടരാകയാൽ ഈ വിധത്തിൽ പ്രാർത്ഥിക്കേണ്ടതാവശ്യമാണ്. നാം പ്രാർത്ഥിക്കുന്നതു കാണുമ്പോൾ ശത്രുക്കൾ നമ്മുടെ അടുത്തെത്തി പ്രാർത്ഥനാവേളയിൽ നാം ചിന്തിക്കരുതാത്ത കാര്യങ്ങൾ നമ്മുടെ മനസ്സിൽ ഉണർത്തി ക്കൊണ്ട് നമ്മെ ആക്രമിക്കാൻ തയ്യാറായി നമ്മുടെ സമീപം നില്ക്കുന്നു. ഇങ്ങനെ നമ്മുടെ മനസ്സിനെ അടിമപ്പെടുത്തുവാനും പ്രാർത്ഥനയും അപേക്ഷകളും വ്യർത്ഥവും നിഷ്ഫലവുമാക്കിത്തീർക്കുവാനും അവർ ശ്രമിക്കുന്നു. എന്തെന്നാൽ ഭയവും വിറയലും ആന്തരികജാഗ്രതയും കരുതലും കൂടാതെയുള്ള പ്രാർത്ഥന യഥാർത്ഥത്തിൽ വ്യർത്ഥവും നിഷ്ഫലവുമാണ്. ഭൗമികരാജാവിനെ സമീപിക്കുന്ന ഒരുവൻ എത്ര മാത്രം ഭയത്തോടും, വിറയലോടും ശുഷ്ക്കാന്തിയോടും കൂടെയാണ് അവന്റെ മുമ്പിൽ നില്ക്കുക! അങ്ങനെയെങ്കിൽ ഇതിലും എത്രയധികം

www.malankaralibrary.com

ഭയഭക്തിയോടെയായിരിക്കണം. നാം സകലത്തിന്റെയും അധിപനും പിതാവുമായ ദൈവത്തിന്റെയും രാജാക്കന്മാരുടെ രാജാവായ ക്രിസ്തുവിന്റെയും മുമ്പിൽ നില്ക്കേണ്ടത്. എന്തെന്നാൽ അവനെയാണ് വിശുദ്ധരും മാലാഖമാരും ഭയത്തോടും വിറയലോടുംകൂടെ സേവിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നത്. അനാദിയായ പിതാവിനോടും പരിശുദ്ധാത്മാവിനോടുമൊപ്പം എക്കാലവും അവർ അവനെ അനവരതം സ്തുതിച്ചു പാടുന്നു. ആമേൻ.

www.malankaralibrary.com

## വികാരങ്ങളുടെയും വിചാരങ്ങളുടെയും വിവേചനത്തെക്കുറിച്ചുള്ള ലേഖനങ്ങൾ

1. സന്ന്യാസജീവിതപരിശീലനത്തിൽ നമ്മെ എതിർക്കുന്ന അസംഖ്യം പിശാചുക്കളിൽ മൂന്നു കൂട്ടരാണ് നമ്മെ ഏറ്റവുമധികം ഉപദ്രവിക്കുന്നത്: സ്വാദിഷ്ഠമായ ഭക്ഷണത്തോടുള്ള ആർത്തി ജനിപ്പിക്കുന്നവർ, നമ്മുടെ മനസ്സിൽ അത്യാഗ്രഹം വളർത്തുന്നവർ, മറ്റുള്ളവരുടെ പ്രശംസ നേടണമെന്ന് നമുക്ക് പ്രേരണ നല്കുന്നവർ. മറ്റു പിശാചുക്കൾ ഇവരെ പിന്തുടരുന്നു. ആദ്യത്തെ മൂന്നു കൂട്ടരാൽ മുറിവേല്ക്കപ്പെട്ടവരെയാണ് അവർ ആക്രമിക്കുന്നത്. എന്തെന്നാൽ കൊതി മൂലം വീണുപോകാത്ത ഒരുവനും വ്യഭിചാരഹേതുവായ പിശാചിന്റെ പിടിയിലകപ്പെടുകയില്ല; അതുപോലെതന്നെ, ഭക്ഷണപദാർത്ഥങ്ങൾക്കും ഭൗതികസമ്പത്തിനും മനുഷ്യനിൽനിന്നുള്ള പ്രശംസയ്ക്കും വേണ്ടി യത്നിക്കാത്തവന്റെ കോപം കത്തിജ്വലിക്കുന്നില്ല. ഇവയെല്ലാം നഷ്ടപ്പെടുമ്പോഴുണ്ടാകുന്ന സഹനം അനുഭവിക്കാത്തവന്, നൈരാശ്യത്തിന്റെ പിശാചിൽനിന്ന് മോചിതനാകാൻ സാധിക്കുകയില്ല. അതുപോലെതന്നെ എല്ലാ തിന്മകളുടെയും മൂലകാരണമായ അത്യാഗ്രഹത്തെ ഉന്മൂലനം ചെയ്യുന്നില്ലെങ്കിൽ പിശാചുക്കളുടെ പ്രഥമ സന്താനമായ അഹന്തയിൽനിന്നും മോചിതനാകാൻ ഒരുവന് സാധിക്കുകയില്ല, എന്തെന്നാൽ സോളമനെ സംബന്ധിച്ച് ദാരിദ്ര്യം ഒരുവനെ വിനീതനാക്കുന്നു (സുഭാ 10:4). മുൻനിരയിലെ പിശാചുക്കളാൽ മുറിവേല്പിക്കപ്പെടാത്ത ഒരുവനും മറ്റു പിശാചുക്കളുടെ പിടിയിൽ അകപ്പെടുകയില്ല. അതിനാലാണ് സാത്താൻ രക്ഷകന്റെ നേർക്ക് ഈ മൂന്നു പ്രലോഭനങ്ങൾ വെച്ചുനീട്ടിയത്. ആദ്യമായി സാത്താൻ അവനോട് കല്ലുകൾ അപ്പമാക്കി മാറ്റാൻ ആവശ്യപ്പെട്ടു. രണ്ടാമത്, തന്നെ കുമ്പിട്ടാരാധിച്ചാൽ ലോകം മുഴുവനും നല്കാമെന്നു പറഞ്ഞു. മൂന്നാമത്, അവന്റെ വാക്കുകൾ ശ്രവിക്കുകയാണെങ്കിൽ, മഹത്ത്വം പ്രാപിക്കാമെന്നും, ദേവാലയഗോപുരത്തിന്റെ ശൃംഗത്തിൽനിന്ന് താഴേക്ക് വീണാൽ പോലും യാതൊരു പോറലുമേല്ക്കുകയില്ലെന്നും പറഞ്ഞു. എന്നാൽ നമ്മുടെ കർത്താവാകട്ടെ ഈ പ്രലോഭനങ്ങൾക്ക് താൻ അതീത

www.malankaralibrary.com

നാണെന്ന് തെളിയിച്ചുകൊണ്ട്, തന്നെ വിട്ടുപോകാൻ സാത്താനോട് കല്പിച്ചു. ഇതുവഴി, ഈ മൂന്നു ചിന്തകളെയും അവജ്ഞയോടെ തള്ളിക്കളയുന്നില്ലെങ്കിൽ, പിശാചിനെ പുറത്താക്കാൻ സാധിക്കുകയില്ലെന്ന് അവൻ നമ്മെ പഠിപ്പിക്കുന്നു (മത്താ 4:1-10).

2. പൈശാചിക പ്രേരണയാൽ പ്രചോദിതമായ ചിന്തകൾ ഭൗതിക വസ്തുക്കളെക്കുറിച്ചുള്ള ധാരണകൾ നമ്മിൽ ഉളവാക്കുന്നു. തന്മൂലം ഇത്തരം വസ്തുക്കളുടെ രൂപങ്ങൾ നമ്മുടെ മനസ്സിൽ പതിയാനിടയാകുന്നു. അതിനാൽ ഏതു പിശാചാണോ തന്നെ സമീപിക്കാൻ പോകുന്നതെന്ന് മനസ്സിന് തിരിച്ചറിയാനാകും. ഉദാഹരണത്തിന്, എന്നെ പരിഹസിക്കുകയോ ഉപദ്രവിക്കുകയോ ചെയ്തിട്ടുള്ള ഒരാളുടെ മുഖം എന്റെയുള്ളിൽ തെളിയുമ്പോൾ, വെറുപ്പിന്റെ പിശാച് എന്നെ സമീപിക്കുന്നു എന്നെനിക്ക് മനസ്സിലാകും. ഭൗതികലാഭങ്ങളെക്കുറിച്ചോ മറ്റുള്ളവരുടെ പ്രശംസയെക്കുറിച്ചോ എന്റെ മനസ്സ് ചിന്തിക്കാൻ തുടങ്ങുമ്പോൾ അതിന്റെ കാരണക്കാരനായ പിശാചിന്റെ പ്രലോഭനം വ്യക്തമാകും. ചുരുക്കത്തിൽ, നമ്മുടെ മനസ്സിൽ തെളിയുന്ന രൂപവും ചിന്തയും നമ്മെ പിടികൂടാനെത്തുന്ന പിശാചിന്റെ വരവിനെക്കുറിച്ച് നമുക്ക് സൂചന നൽകുന്നു. ഇത്തരത്തിൽപ്പെട്ട എല്ലാ ചിത്രങ്ങളും സാത്താനാൽ പ്രേരിതമാണെന്ന് ഞാൻ പറയില്ല; പലപ്പോഴും ഭൂതകാല സംഭവങ്ങളുടെ പ്രതിഫലനങ്ങൾ നമ്മുടെയുള്ളിൽ തെളിയാറുണ്ട്; അത് പ്രകൃതിസഹജവുമാണ്. എന്നാൽ പ്രകൃതിസഹജമല്ലാത്ത വിധത്തിൽ കോപവും അഭിലാഷവും ജനിപ്പിക്കുന്ന ചിന്തകൾ പിശാചുക്കളുടെ സൃഷ്ടിതന്നെ. എന്തെന്നാൽ, പൈശാചിക പ്രേരണയാൽ മനസ്സ് മാനസികമായി വ്യഭിചാരത്തിലകപ്പെടുകയും കോപാകുലമാവുകയും ചെയ്യുന്നു. അങ്ങനെ അതിന് ദൈവീകദർശനം സ്വീകരിക്കാൻ സാധിക്കാതെ വരുന്നു. ഭൗതികവസ്തുക്കളെക്കുറിച്ചുള്ള സങ്കല്പങ്ങളിൽനിന്ന് വിമുക്തമായിരിക്കുന്ന പ്രാർത്ഥനാവേളയിൽ മാത്രമാണ് മനസ്സിന് ദൈവീകതേജസ്സ് പ്രത്യക്ഷമാകുന്നത്.

3. കോപത്തിനും ആഗ്രഹത്തിനും എതിരെ ജാഗ്രത പുലർത്തുന്നില്ലെങ്കിൽ മനുഷ്യന് വൈകാരികചിന്തകളെ ആട്ടിയോടിക്കാൻ സാധിക്കുകയില്ല. ഉപവാസത്തിലൂടെയും നിരന്തരമായ ജാഗ്രതയിലൂടെയും നിലത്തു കിടന്നുറങ്ങുന്നതിലൂടെയുമാണ് ആഗ്രഹങ്ങളെ ഇല്ലായ്മ ചെയ്യാൻ അവന് കഴിയുന്നത്; ദീർഘമായ സഹനത്തിലൂടെയും

www.malankaralibrary.com

സഹിഷ്ണുതയിലൂടെയും പാപമോചനത്തിലൂടെയും ദയാമസൃണ മായ പ്രവൃത്തികളിലൂടെയുമാണ് കോപാവേശത്തെ അനുനയി പ്പിക്കാൻ അവന് സാധിക്കുന്നത്. മനസ്സിനെ വിനാശത്തിലേക്കും അനർത്ഥത്തിലേക്കും നയിക്കുന്ന എല്ലാവിധ പൈശാചിക ചിന്ത കളും ഈ രണ്ടു വികാരങ്ങളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഭക്ഷണത്തോടും ഭൗതികവസ്തുക്കളോടുമുള്ള ആസക്തി അവസാനിപ്പിക്കുകയും ആത്മാഭിമാനമൊഴിവാക്കുകയും ശരീര ത്തോടുപോലുമുള്ള താല്പര്യം ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നി ല്ലെങ്കിൽ ഇത്തരം വികാരങ്ങളെ അതിജീവിക്കുവാൻ നമുക്ക് സാധി ക്കുകയില്ല. ശരീരത്തിലൂടെയാണ് പിശാചുക്കൾ പലപ്പോഴും നമ്മെ ആക്രമിക്കുന്നത്, അതിനാൽ ശരീരത്തെ നാം വിസ്മരിച്ചേ പറ്റൂ. കപ്പല പകടത്തിൽപെട്ട്, കൊടുങ്കാറ്റിനോടും തിരമാലകളോടും മല്ലിടുമ്പോൾ ചരക്കുകൾ കടലിലേക്ക് വലിച്ചെറിയുന്നവരെ അനുകരിക്കുക അത്യന്താപേക്ഷിതമാണ്. എന്നാൽ ഒരു കാര്യം നാം ശ്രദ്ധിക്കണം. നാം നമ്മുടെ ഭൗതികസമ്പത്ത് ത്യജിക്കുന്നത് മറ്റുള്ളവരെ കാണി ക്കാൻവേണ്ടിയായിരിക്കരുത്. നാം ആഗ്രഹിക്കുന്നത് നമുക്ക് ലഭിക്കു മായിരിക്കും. എന്നാൽ അങ്ങനെ ചെയ്യുന്നതിലൂടെ ആദ്യത്തേതിലും ഭയാനകമായ മറ്റൊരു കപ്പലപകടത്തിൽ നാം അകപ്പെട്ടെന്നുവരാം. ആത്മാഭിമാനം ജനിപ്പിക്കുന്ന പിശാചിന്റെ ആക്രമണമായിരിക്കും ആ കപ്പലപകടം. അതിനാൽ ക്രിസ്തു നമ്മുടെ നാവികനായ മനസ്സിനെ ഈവിധം ഉപദേശിക്കുന്നു: 'നിങ്ങൾ ദാനം നൽകുന്നത് മറ്റുള്ളവരുടെ മുമ്പിൽവെച്ചായിരിക്കരുത്; മറ്റുള്ളവരെ കാണിക്കുന്നതിനായി ദാനം ചെയ്താൽ സ്വർഗ്ഗസ്ഥനായ പിതാവിന്റെ പ്രതിഫലം നിങ്ങൾക്കു ലഭിക്കില്ല'. തുടർന്ന് അവനിങ്ങനെ പറയുന്നു: 'നിങ്ങൾ പ്രാർത്ഥിക്കു മ്പോൾ കപടഭക്തന്മാരെപ്പോലെയാകരുത്; സിനഗോഗുകളിലും വഴിയോരങ്ങളിലും നിന്ന് പ്രാർത്ഥിക്കുന്ന അക്കൂട്ടർ മറ്റുള്ളവർ കാണു ന്നതിനുവേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. അവർ അർഹിക്കുന്ന പ്രതിഫലം അവർക്ക് കിട്ടുകയും ചെയ്യുന്നു... നിങ്ങൾ ഉപവസിക്കു മ്പോൾ, കപടഭക്തന്മാർ ചെയ്യുന്നതുപോലെ ശോകഭാവത്തോടെ ഉപ വസിക്കരുത്; തങ്ങൾ ഉപവസിക്കുകയാണെന്ന് അന്യരെ കാണിക്കു ന്നതിനുവേണ്ടി അവർ തങ്ങളുടെ മുഖം വികൃതമാക്കുന്നു. സത്യ മായും ഞാൻ നിങ്ങളോടു പറയുന്നു, അവർ ആഗ്രഹിക്കുന്ന പ്രതി ഫലം അവർക്കു ലഭിക്കുന്നു' (മത്താ 6:1–18). നമ്മുടെ ആത്മാവിന്റെ

www.malankaralibrary.com

ഭിഷഗ്വരൻ എങ്ങനെയാണ് ദയയിലൂടെ കോപാവേശത്തെ അടക്കുന്നതെന്നും പ്രാർത്ഥനയിലൂടെ മനസ്സിനെ ശുദ്ധീകരിക്കുന്നതെന്നും ഉപവാസത്തിലൂടെ ആഗ്രഹങ്ങളെ ഇല്ലായ്മ ചെയ്യുന്നതെന്നും ശ്രദ്ധിക്കുക. ഈ സുകൃതങ്ങളിലൂടെ പുതിയൊരു ആദം രൂപവത്ക്കരിക്കപ്പെടുന്നു, സ്രഷ്ടാവിന്റെ അതേ ഛായയിലുള്ള ആദം. നിർവ്വികാരത നേടിയ ഈ ആദത്തിൽ പുരുഷനെന്നോ സ്ത്രീയെന്നോ ഗ്രീക്കുകാരനെന്നോ യഹൂദനെന്നോ പരിച്ഛേദിതനെന്നോ അപരിച്ഛേദിതനെന്നോ അപരിഷ്കൃതനെന്നോ സിഥിയനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ വ്യത്യാസം ഇല്ല. പിന്നെയോ, ക്രിസ്തു എല്ലാമാണ്, എല്ലാവരിലുമാണ് (ഗലാ 3:28; കൊലോ 3:10,11).

4. അടുത്തതായി, ഉറക്കത്തിൽ കാണുന്ന സ്വപ്നങ്ങളിലൂടെ പിശാചുക്കൾ നമ്മുടെ മനസ്സിൽ ചിത്രങ്ങൾ പതിപ്പിക്കുന്നത് എങ്ങനെയാണെന്ന് നോക്കാം. സാധാരണയായി രൂപങ്ങളും ചിത്രങ്ങളുമൊക്കെ മനസ്സിൽ പതിയുന്നത് കാഴ്ചയിലൂടെയോ, കേൾവിയിലൂടെയോ, മറ്റേതെങ്കിലും തരത്തിൽ നാം അനുഭവിച്ച കാര്യങ്ങൾ ഓർമ്മിക്കുന്നതിലൂടെയോ ആണ്. ഉറക്കത്തിൽ ശാരീരികപ്രവർത്തനങ്ങളെല്ലാം നിശ്ചലമായിരിക്കുമ്പോൾ ഒരുപക്ഷേ, ഓർമ്മയെ ഉണർത്തുന്നതിലൂടെയാകാം പിശാചുക്കൾ ഈ ചിത്രങ്ങൾ നമ്മുടെ മനസ്സിൽ ഉണർത്തുന്നത്. പക്ഷേ, പിശാചുക്കൾക്ക് എങ്ങനെയാണ് ഓർമ്മയെ ഉണർത്താൻ കഴിയുന്നത്? വികാരങ്ങളിലൂടെയാണോ? അതെ. കാരണം, നിർവ്വികാരതയും ശുദ്ധതയുമുള്ളവർ ഉറക്കത്തിൽ പൈശാചിക സ്വപ്നങ്ങൾ കാണാറില്ല. പിശാചു കാണിക്കുന്ന സ്വപ്നങ്ങളല്ലാതെ മറ്റു ചില സ്വപ്നാനുഭവങ്ങൾകൂടിയുണ്ട്. നമ്മുടെ മനസ്സിന്റെ തന്നെയോ അല്ലെങ്കിൽ മാലാഖമാരുടെയോ ശക്തിമൂലമാണ് ഇത്തരം സ്വപ്നങ്ങളുണ്ടാവുന്നത്. ഇത്തരം സ്വപ്നങ്ങളിൽ നാം പുണ്യവാന്മാരോടൊപ്പം സഹവസിക്കുന്നതായി നമുക്ക് തോന്നും. പലപ്പോഴും ശരീരവും മനസ്സുംകൂടി അനുഭവിച്ച പല കാര്യങ്ങളും നിദ്രാവേളയിൽ സ്വപ്നരൂപത്തിൽ മനസ്സു തനിയെ അനുഭവിക്കാറുണ്ട്. നിദ്രാവേളയിലാണ് പലപ്പോഴും ഇത്തരം അനുഭവങ്ങളുണ്ടാകുന്നത്.

ദാഹമുള്ളപ്പോഴും ഇല്ലാത്തപ്പോഴും വെള്ളത്തെക്കുറിച്ച് ചിന്തിക്കാൻ കഴിയുന്നതുപോലെ, അത്യാഗ്രഹത്തോടെയും, തെല്ലും അത്യാഗ്രഹമില്ലാതെയും സ്വർണ്ണത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാൻ

www.malankaralibrary.com

കഴിയും. ഈ നിയമം മറ്റു വസ്തുക്കളുടെ കാര്യത്തിലും ബാധകമാണ്. ഇങ്ങനെ രണ്ടു തരത്തിലുള്ള ഭാവനകളെ തമ്മിൽ വേർതിരിച്ചു കാണാൻ നമുക്ക് സാധിക്കുകയാണെങ്കിൽ പിശാചുക്കളുടെ കൗശലം നമുക്ക് ബോദ്ധ്യമാകും. നമ്മുടെയുള്ളിൽ ഭാവനയുളവാക്കുന്നതിനു വേണ്ടി പിശാചുക്കൾ ബാഹ്യവസ്തുക്കളെയും ഉപയോഗിക്കാറുണ്ട്. ഉദാഹരണത്തിന്, കടൽത്തീരത്തുവച്ച് നാം ശ്രവിച്ച തിരമാലകളുടെ ശബ്ദം.

5. പ്രകൃതിവിരുദ്ധമായ രീതിയിൽ നമ്മുടെ കോപം ജ്വലിക്കുമ്പോൾ, അത് പിശാചുക്കളുടെ ഉദ്യമങ്ങളെ വളരെയധികം അനുകൂലിക്കുകയും അവരുടെ ദുഷ്ടലക്ഷ്യങ്ങളുമായി സഖ്യത്തിലേർപ്പെടുകയും ചെയ്യുന്നു. ഇക്കാരണത്താൽ അതിനെ പ്രകോപിപ്പിക്കാൻ രാവും പകലും അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. സൗമ്യതകൊണ്ടു നാം അതിനെ നിയന്ത്രിച്ചു നിർത്തുന്നതു കാണുമ്പോൾ അവർ കൂടുതൽ തീവ്രതയോടെ അതിനെ അഴിച്ചുവിടാൻ ശ്രമിക്കും. അങ്ങനെ കോപം കത്തിജ്വലിക്കുമ്പോൾ, തങ്ങളുടെ ലജ്ജാകരപദ്ധതികളുടെ പൂർത്തീകരണത്തിനായി അതിനെ വിനിയോഗിക്കാൻ അവർക്ക് സാധിക്കും. അതിനാൽ ന്യായമോ അന്യായമോ ആയ കാരണങ്ങളാൽ നാം പ്രകോപിതരാകാനോ, അപായകരമായ ഒരു വാൾ കോപശീലരായ ആളുകളുടെ കൈയിൽ ഒരിക്കലും കൊടുക്കാനോ പാടില്ല. എന്തെന്നാൽ പലപ്പോഴും നിസ്സാരകാര്യങ്ങളുടെ പേരിൽ ആളുകൾ കോപാകുലരാകുന്നു. ഭക്ഷണത്തെക്കുറിച്ചും സമ്പത്തിനെക്കുറിച്ചും പ്രശസ്തിയെക്കുറിച്ചും നിങ്ങൾ ആകുലരല്ലെങ്കിൽ എന്തിനു നിങ്ങൾ ആരോടെങ്കിലും കലഹിക്കണം? എല്ലാമുപേക്ഷിച്ച നിങ്ങൾ എന്തിന് കാവൽനായയെ വളർത്തണം? നിങ്ങളുടെ കാവൽനായ കുരയ്ക്കുകയും മറ്റുള്ളവരുടെമേൽ ചാടിവീഴുകയും ചെയ്യുന്നുണ്ടെങ്കിൽ അതിനർത്ഥം, നിങ്ങൾ എല്ലാ സ്വത്തുക്കളും ഉപേക്ഷിച്ചിട്ടില്ല എന്നു തന്നെയാണ്. കോപം ശുദ്ധമായ പ്രാർത്ഥനയെ നശിപ്പിക്കുന്നു. നിങ്ങൾ പ്രാർത്ഥനയിൽനിന്നും എന്തുമാത്രം അകലെയാണ് എന്നതിന് തെളിവാണ് കോപത്തെ നിയന്ത്രിക്കാനാവാത്ത അവസ്ഥ. മാത്രമല്ല, നിങ്ങൾ വിശുദ്ധന്മാരുടെ വചനങ്ങൾ വിസ്മരിക്കുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. ദാവീദ് ഇങ്ങനെ പറയുന്നു: 'കോപം അവസാനിപ്പിക്കുക, ക്രോധം വെടിയുക' (സങ്കീ 37:8). സഭാപ്രസംഗകൻ പറയുന്നത് ഇപ്രകാരമാണ്: 'നിങ്ങളുടെ ഹൃദയത്തിൽനിന്ന് വെറുപ്പിനെയും

www.malankaralibrary.com

മാംസത്തിൽനിന്ന് തിന്മയെയും ആട്ടിയകറ്റുക' (സുഭാ 11:10). അപ്പോസ്തോലൻ കല്പിക്കുന്നത് ഇപ്രകാരമാണ്: 'ദേഷ്യവും കലഹവുമില്ലാതെ വിശുദ്ധമായ കരങ്ങളുയർത്തുവിൻ' (1 തിമോ 2:8). പ്രാർത്ഥനാവേളയിൽ നായ്ക്കളെ വീട്ടിൽനിന്നും പുറത്തിറക്കിവിടുക എന്ന പ്രാചീനവും വിചിത്രവുമായ രീതിയിൽനിന്നും ഇതുതന്നെയല്ലേ നാം പഠിക്കേണ്ടത്? പ്രാർത്ഥിക്കുന്നവരിൽ കോപം ഉണ്ടാവാൻ പാടില്ല എന്നാണ് ഇതിനർത്ഥം. 'അവരുടെ വീഞ്ഞ് സർപ്പങ്ങളുടെ കോപ മാണ്' (ആവ 32:33). അതിനാലാണ് നാസീർവ്രതക്കാർ വീഞ്ഞു കഴിക്കാതിരിക്കുന്നത്.

ധരിക്കുന്ന വസ്ത്രത്തെക്കുറിച്ചും കഴിക്കുന്ന ഭക്ഷണത്തെ ക്കുറിച്ചും നാം ചിന്തിക്കാൻ പാടില്ല എന്നത് വളരെ വ്യക്തമാണ്. സുവി ശേഷത്തിൽ രക്ഷകൻ തന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്: 'എന്തു ഭക്ഷിക്കും എന്തു പാനം ചെയ്യും എന്തു ധരിക്കും എന്നു ചിന്തിച്ച് നിങ്ങൾ ഉത്കണ്ഠാകുലരാകണ്ടാ' (മത്താ 6:25). ഈ മാതിരി ആകുല ചിന്തകൾ വിജാതീയരുടെയും അവിശ്വാസികളുടെയും ലക്ഷണമാണ്. അവർ ക്രിസ്തുവിന്റെ കാരുണ്യം ആഗ്രഹിക്കാത്തവരും സ്രഷ്ടാവിനെ നിഷേധിക്കുന്നവരുമാണ്. തുച്ഛമായ വിലയ്ക്ക് വില്ക്കപ്പെടുന്ന രണ്ട് ചെറുകുരുവികൾപോലും പരിശുദ്ധരായ മാലാഖമാരുടെ സംരക്ഷ ണയിലാണ് എന്ന് വിശ്വസിക്കുന്ന ക്രിസ്ത്യാനികളെ സംബന്ധിച്ച്, ഈ ചിന്താഗതി തീർത്തും തെറ്റാണ്' (മത്താ 10:29). പിശാചുക്കൾ നമ്മുടെയുള്ളിൽ അശുദ്ധ ചിന്തകൾക്കു പുറമേ ഭക്ഷണം, വസ്ത്രം തുടങ്ങിയ കാര്യങ്ങളിൽ ആകുലത ജനിപ്പിക്കുന്നു; നമ്മുടെയുള്ളിലെ നിരവധി ഉത്കണ്ഠകൾമൂലം യേശു നമ്മിൽനിന്നകന്നുപോകുന്നു' (യോഹ 5:13). നമ്മുടെ ഉത്കണ്ഠകളാൽ ഞെരുക്കപ്പെടുന്നതു മൂലം ദൈവവചനത്തിന് ഫലം പുറപ്പെടുവിക്കാൻ സാധിക്കാതെ വരുന്നു. അതിനാൽ നമ്മുടെ വ്യഗ്രതകളെ നമുക്ക് ഉപേക്ഷിക്കുകയും അവയെ കർത്താവിങ്കലർപ്പിക്കുകയും ചെയ്യാം. നമുക്കുള്ളതുകൊണ്ട് സംതൃപ്തരാകുന്നതിലൂടെയും ദാരിദ്ര്യവും ഇല്ലായ്മയും അനുഭവി ക്കുന്നതിലൂടെയും നമ്മിലെ ആത്മാഭിമാനത്തിന് അറുതിവരുത്താം. ദാരിദ്ര്യത്തിൽ ജീവിക്കുന്നത് അപമാനകരമാണെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ അവൻ 'തണുപ്പിലും നഗ്നതയിലും ക്ഷമയോടെ നീതിയുടെ കിരീടത്തിനായി കാത്തിരുന്ന വി. പൗലോസിനെ അനുസ്മരിക്കട്ടെ' (2 കൊരി 11:27; 2 തിമോ 4:8). മത്സരവേദിയിൽ

www.malankaralibrary.com

നടക്കുന്ന ഒരു പോരാട്ടമാണ് ഈ ലോകമെന്നാണ് അപ്പോസ്തോലൻ പറഞ്ഞിരിക്കുന്നത് (1 കൊരി 9:24). ആ നിലയ്ക്ക് ആകുലമായ ചിന്തകളുള്ള ഒരാൾക്ക് 'ദൈവത്തിന്റെ വിളിയാകുന്ന സമ്മാനത്തിനുവേണ്ടി ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യാൻ സാധിക്കുന്നത് എങ്ങനെ?' (ഫിലി 3:14)? അതുമല്ലെങ്കിൽ 'പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിന്റെ അധിപന്മാർക്കും എതിരെ പടവെട്ടാൻ സാധിക്കുന്നത് എങ്ങനെ?' (എഫേ 6:12) ഇതു സാദ്ധ്യമാണെന്ന് എനിക്കു തോന്നുന്നില്ല; ഒരു ഓട്ടക്കാരന് തന്റെ വസ്ത്രങ്ങൾ ഏതു വിധത്തിലാണോ തടസ്സം സൃഷ്ടിക്കുന്നത്, അതേ വിധത്തിൽതന്നെ ആകുലമായ ചിന്തകൾ മാനസികപുരോഗതിയെ തടസ്സപ്പെടുത്തുന്നു; 'നിങ്ങളുടെ സമ്പാദ്യമെവിടെയാണോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും' (മത്താ 6:21). ഇതു മനസ്സിന്റെ കാര്യത്തിലും സത്യമാണ്.

6. ചിലപ്പോഴൊക്കെ ചിന്തകളെ നമുക്ക് വിച്ഛേദിക്കാൻ കഴിയുന്നുണ്ട്. എന്നാൽ ചിലപ്പോൾ ചിന്തകളാണ് ഈ വിച്ഛേദിക്കൽ നടത്തുന്നത്. ചീത്ത ചിന്തകൾ നല്ല ചിന്തകളെ വിച്ഛേദിക്കുന്നു; ചിലപ്പോഴൊക്കെ നല്ല ചിന്തകൾ ദുഷ്ചിന്തകളെയും വിച്ഛേദിക്കുന്നു. നാം ഏതു തരത്തിലുള്ള ചിന്തകൾക്കാണ് പ്രാധാന്യം കൊടുക്കുന്നത് എന്ന് ശ്രദ്ധിച്ച്, പരിശുദ്ധാത്മാവ് അതിനനുസൃതമായി നമ്മെ വിധിക്കുകയോ നീതീകരിക്കുകയോ ചെയ്യുന്നു. ഞാൻ വിവക്ഷിക്കുന്നത് ഇതാണ്: കർത്താവിനെപ്രതി ആതിഥ്യം നല്കുവാനുള്ള ചിന്ത എന്നിൽ ഉളവാകുമ്പോൾ, പ്രലോഭകൻ ആക്രമിക്കുകയാണെങ്കിൽ, ആ ചിന്ത വിച്ഛേദിക്കപ്പെടുകയും തത്സ്ഥാനത്ത് സ്വയംപ്രകടനത്തിനായി ആതിഥ്യം നല്കുവാനുള്ള പ്രേരണ എന്നിൽ ഉണ്ടാവുകയും ചെയ്യുന്നു. അതുപോലെതന്നെ മറ്റുള്ളവരുടെ മുമ്പിൽ ദയാലുവായി പ്രത്യക്ഷപ്പെടാൻവേണ്ടി, ആതിഥ്യം നല്കുവാനുള്ള ചിന്തയും മറ്റൊരു സത്ചിന്തയിൽ വിച്ഛേദിക്കപ്പെടുന്നു. മറ്റുള്ളവരിൽനിന്നുള്ള പ്രശംസ തേടാതെ കർത്താവിനെപ്രതി സുകൃതം അഭ്യസിക്കുവാൻ ഈ സത്ചിന്ത എന്നെ സഹായിക്കുന്നു.

7. ശ്രദ്ധാപൂർവ്വമായ നിരീക്ഷണത്തിന്റെ ഫലമായി സദ്ചിന്തകളെയും (ദൈവികമായ ചിന്തകൾ) മനുഷ്യസഹജമായ ചിന്തകളെയും സാത്താനിൽനിന്നുളവാകുന്ന ചിന്തകളെയും തമ്മിൽ

www.malankaralibrary.com

വേർതിരിച്ചറിയാൻ നാം പഠിച്ചുകഴിഞ്ഞു. ദൈവീകമായ ചിന്തകൾ വസ്തുക്കളുടെ യഥാർത്ഥ സ്വഭാവത്തിന് അനുകൂലമായതും അവയുടെ ആത്മീയസത്ത കണ്ടെത്താൻ സഹായിക്കുന്നവയുമാണ്. ഉദാഹരണത്തിന്, സ്വർണ്ണം സൃഷ്ടിക്കപ്പെട്ടതും കഠിനപ്രയത്നത്തിന്റെ ഫലമായി മാത്രം കണ്ടെത്താവുന്നവിധം ഭൂമിയുടെ അന്തർഭാഗത്ത് മണൽപോലെ ചിതറപ്പെട്ടതും എന്തുകൊണ്ടാണ്? അത് കണ്ടെത്തു മ്പോൾ കഴുകിയും അഗ്നിശുദ്ധിവരുത്തിയും, ശില്പിയുടെ കരങ്ങളാൽ സമാഗമകൂടാരത്തിലെ തിരിക്കാലും ധൂപകലശങ്ങളും, മറ്റു പാത്ര ങ്ങളുമായി രൂപാന്തരപ്പെടുന്നത് എങ്ങനെയാണ്? (പുറ 25:22-39) നമ്മുടെ രക്ഷകന്റെ കൃപയാൽ ബാബിലോൺ രാജാവ് ഇനിമേൽ അവയിൽനിന്ന് പാനം ചെയ്യുകയില്ല (ദാനി 5:2,3). ക്ലെയോപ്പാസിനെ പ്പോലെയുള്ള മനുഷ്യൻ ഇത്തരം രഹസ്യാത്മകതയാൽ ജ്വലിക്കുന്ന ഹൃദയത്തിന്റെ ഉടമയാണ് (ലൂക്കോ 24:32). പൈശാചിക ചിന്തകൾക്ക് ഇത്തരം കാര്യങ്ങൾ അജ്ഞാതമാണ്. സ്വർണ്ണത്തിൽനിന്നും ലഭ്യ മാകുന്ന ധനത്തെയും മഹത്ത്വത്തെയും മുമ്പിൽ കണ്ടുകൊണ്ട് അത് ആർജ്ജിക്കുവാനായി നമ്മെ നിർലജ്ജം പ്രേരിപ്പിക്കാൻ മാത്രമാണ് അവയ്ക്ക് സാധിക്കുക. അവസാനമായി, മനുഷ്യസഹജമായ ചിന്തകൾ സ്വർണ്ണം നേടാൻ ശ്രമിക്കുകയോ അത് എന്തിന്റെ പ്രതീക മാണെന്ന് പരിഗണിക്കുകയോ ചെയ്യുന്നില്ല. മറിച്ച്, വികാരമോ അത്യാഗ്രഹമോ കൂടാതെ സ്വർണ്ണത്തിന്റെ പ്രതീകം മനസ്സിന്റെ മുമ്പിൽ കൊണ്ടുവരുന്നു. മറ്റ് ഭൗതികവസ്തുക്കളുടെ കാര്യത്തിലും ഇത് ബാധകമാണ്.

8. വഞ്ചകനായ മറ്റൊരു പിശാചുണ്ട്; പുലർകാലത്താണ് അവൻ മനുഷ്യഹൃദയങ്ങളെ സന്ദർശിക്കുന്നത്. മറ്റു വീടുകളും ഗ്രാമങ്ങളും നഗരങ്ങളും സന്ദർശിക്കാനായി അവൻ നമ്മുടെ മനസ്സിനെ കൂട്ടി ക്കൊണ്ടുപോകുന്നു. ഇത്തരം സന്ദർശനങ്ങൾ വികാരങ്ങളെ ഉണർത്താൻ കാരണമാവുകയില്ലായെന്ന് അവൻ ഭാവിക്കുന്നു. ഈ സന്ദർശനത്തിലൂടെ മനസ്സ് പഴയ പരിചയക്കാരെ കണ്ടുമുട്ടുന്നതിനും ദീർഘമായി സംഭാഷണത്തിലേർപ്പെടുന്നതിനും തത്ഫലമായി കൂടുതൽ ദുഷിക്കുന്നതിനും ഇടവരുന്നു. ക്രമേണ അത് ദൈവജ്ഞാന ത്തിൽനിന്നും പരിശുദ്ധിയിൽനിന്നും അകന്നുപോകുകയും ജീവിത വിളി മറക്കുകയും ചെയ്യുന്നു. അതുകൊണ്ടു ഏകാന്തവാസിയായ

www.malankaralibrary.com

സന്ന്യാസി ഈ പിശാചിനെപ്പറ്റി കരുതലോടെയിരിക്കണം. അവൻ എവിടെനിന്നാണു വരുന്നതെന്നും എങ്ങോട്ടാണു പോകുന്നതെന്നും തിരിച്ചറിയണം. കാരണം പ്രത്യേക ലക്ഷ്യമോ ഉദ്ദേശ്യമോ കൂടാതെ അവൻ ഈ ദീർഘയാത്രയ്ക്ക് ഒരുമ്പെടുകയില്ല. ഏകാന്തവാസിയായ സന്ന്യാസിയെ ദുഷിപ്പിക്കുകയാണ് അവന്റെ ലക്ഷ്യം. ഈ അലഞ്ഞു തിരിയൽവഴി ക്ഷുഭിതവും ഉന്മത്തവുമായിത്തീരുന്ന അവന്റെ മനസ്സ് വ്യഭിചാരത്തിന്റെയും കോപത്തിന്റെ അഥവാ നൈരാശ്യത്തിന്റെയും പിശാചിന് അതിവേഗം വശംവദനാകുകയും ചെയ്യുന്നു. ഈ പിശാചുക്കൾ മനസ്സിന്റെ നൈസർഗ്ഗികശോഭയെ നശിപ്പിക്കുന്നവയാണ്.

എന്നാൽ പിശാചിന്റെ കൗശലം മനസ്സിലാക്കാൻ നാം യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നുവെങ്കിൽ, അവനുമായി സംഭാഷണത്തിലേർപ്പെടാൻ ധൃതികൂട്ടുകയോ, എന്തൊക്കെയാണ് സംഭവിക്കുന്നതെന്നും സന്ദർശനത്തിനായി നമ്മുടെ മനസ്സിനെ എങ്ങനെയാണ് അവൻ പ്രേരിപ്പിക്കുന്നതെന്നും അങ്ങനെ, പടിപടിയായി അതിനെ, മരണത്തിലേക്ക് നയിക്കുന്നതെന്നും മറ്റുള്ളവരോട് പറയുകയോ അരുത്. എന്തെന്നാൽ ഇത്തരം കാര്യങ്ങൾ അവന് അസഹ്യമായതിനാൽ അവൻ നമ്മിൽനിന്നും ഓടിരക്ഷപെടും. അപ്പോൾ നാം തീവ്രമായി അഭിലഷിക്കുന്ന സംഗതികളൊന്നും നമുക്ക് പഠിക്കാൻ സാധിക്കാതെ വരും. അവന്റെ വഞ്ചനയെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കുന്നതിന് ഒന്നോ രണ്ടോ ദിവസം നാം അവന് അനുവദിച്ചുകൊടുക്കണം. അതിനുശേഷം മാനസിക ശകാരത്തിലൂടെ അവനെ ഓടിക്കാൻ നമുക്ക് സാധിക്കും. പരീക്ഷണവേളയിൽ മനസ്സ് മേഘാവൃതമാകുന്നതിനാലും എന്താണ് സംഭവിക്കുന്നതെന്ന് വ്യക്തമായി മനസ്സിലാക്കാൻ അതിന് സാധിക്കാത്തതിനാലും പിശാച് പലായനം ചെയ്തു കഴിയുമ്പോൾ ഇങ്ങനെ ചെയ്യുക; എന്താണ് സംഭവിച്ചതെന്ന് ഏകാന്തതയിലിരുന്ന് ഓർമ്മിക്കുക, എവിടെ തുടങ്ങി എവിടെ അവസാനിച്ചെന്നും, വ്യഭിചാരത്തിന്റെയും കോപത്തിന്റെ അഥവാ നൈരാശ്യത്തിന്റെയും പിശാചിനാൽ എവിടെവച്ച് പിടിക്കപ്പെട്ടെന്നും അത് എങ്ങനെ സംഭവിച്ചെന്നും ചിന്തിക്കുക. പിശാച് വീണ്ടും നിന്നെ സമീപിക്കുമ്പോൾ പ്രതിരോധിക്കാൻ സാധിക്കേണ്ടതിന്, ഇക്കാര്യങ്ങൾ വ്യക്തമായി പരിശോധിക്കുകയും ഓർമ്മയിൽ സൂക്ഷിക്കുകയും വേണം. അവൻ നിന്നിൽനിന്നും മറച്ചുവയ്ക്കുന്ന നിന്നിലുള്ള

www.malankaralibrary.com

ദൗർബ്ബല്യങ്ങളെക്കുറിച്ച് ബോധവാനാകാൻ ശ്രമിക്കുക. അങ്ങനെ വീണ്ടുമൊരിക്കൽ നീ അവനെ പിൻചെല്ലുകയില്ല. അവനെ കോപാകുലനാക്കാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ പ്രത്യക്ഷപ്പെടുന്നയുടനെ എല്ലാ കാര്യങ്ങളും തുറന്നു പറയുക. ഈ അപമാനം സഹിക്കവയ്യാതെ അവൻ കോപാകുലനായിത്തീരും. നിന്റെ സംസാരം ഫലിച്ചു എന്നതിന്റെ തെളിവാണ് അവനാൽ ഉളവാക്കപ്പെട്ട ചിന്ത നിന്നെ വിട്ടുപോകുന്നത്. എന്തെന്നാൽ പരസ്യമായി വെളിപ്പെടുത്തപ്പെട്ടാൽ പിന്നെ അവന് തുടർന്ന് പ്രവർത്തിക്കാനാവില്ല.

ഈ പിശാചിന്റെ പരാജയത്തോടെ, ഗാഢമായ ഉറക്കവും വിരക്തിയും മന്ദതയും ക്ഷീണവും ഭാരവും ഒക്കെയുണ്ടാകും. എന്നാൽ നീ തീക്ഷ്ണമായി പ്രാർത്ഥിക്കുകയാണെങ്കിൽ അവയെല്ലാം പരിശുദ്ധാത്മാവിനാൽ ചിതറിക്കപ്പെടും.

9. പിശാചുക്കളുടെ നേർക്കുള്ള വെറുപ്പ് മോചനത്തിലേക്കുള്ള വഴിയും വിശുദ്ധിയുടെ കാരണവുമാണ്. എന്നാൽ ഇത്തരം വെറുപ്പ് വളർത്തിയെടുക്കാനാവശ്യമായ കരുത്ത് നമുക്ക് പലപ്പോഴും ഉണ്ടാവാറില്ല. എന്തെന്നാൽ സുഖേച്ഛ ആഗ്രഹിക്കുന്ന ആത്മാവ് അതിനെ ഞെരുക്കുകയും അങ്ങനെ നമ്മുടെ ആത്മാവ് പഴയ ശീലങ്ങളിലേക്ക് വഴുതിവീഴുകയും ചെയ്യുന്നു. ഈ അസംയമനം -സുഖപ്പെടുത്താനാവാത്ത ഈ വ്രണം- നമ്മെ പരിത്യജിക്കുന്നതിലൂടെ ആത്മാവിന്റെ ഭിഷഗ്വരൻ സുഖപ്പെടുത്തുന്നു. രാവും പകലും കഠിനയാതനയ്ക്കിരയാകാൻ അവിടുന്ന് നമുക്ക് ഇടയാക്കുന്നു. അങ്ങനെ ആത്മാവ് ആരംഭംമുതലേ സ്വായത്തമാക്കിയിരുന്ന വെറുപ്പ് നേടിയെടുക്കുകയും ദാവീദിനെപ്പോലെ കർത്താവിനോട് ഇപ്രകാരം പറയാൻ പഠിക്കുകയും ചെയ്യുന്നു: 'ഞാൻ അവരെ പൂർണ്ണമായി വെറുക്കുന്നു, അവരെ ഞാനെന്റെ ശത്രുക്കളായി കണക്കാക്കുന്നു' (സങ്കീ 139:22). ചിന്തയിലോ പ്രവൃത്തിയിലോ പാപം ചെയ്യാത്ത ഒരാൾ തന്റെ ശത്രുക്കളെ പരിപൂർണ്ണമായി വെറുക്കുന്നു - അയാൾ പൂർണ്ണമായ നിർവ്വികാരത നേടിയെന്നാണ് ഇതിനർത്ഥം.

10. ആത്മാവിന് മന്ദതയുണ്ടാക്കുന്ന പിശാചിനെക്കുറിച്ച് ഞാനെന്തു പറയാനാണ്? അവനെക്കുറിച്ചു എഴുതാൻതന്നെ ഞാൻ ഭയപ്പെടുന്നു. അവന്റെ സാമീപ്യത്താൽ ആത്മാവിന് അതിന്റെ യഥാർത്ഥ സ്വഭാവം നഷ്ടമാവുകയും ദൈവഭയം ഇല്ലാതെയാവുകയും

www.malankaralibrary.com

ചെയ്യുന്നു; പാപം പാപമാണെന്നും തിന്മ തിന്മയാണെന്നും തിരിച്ചറിയാനാവാതെയായിത്തീരുന്നു; അന്ത്യവിധിയും നരകശിക്ഷയും മറ്റും വെറും മിഥ്യയാണെന്ന് തള്ളിക്കളയുന്നു; ഭൂമിയെ വിറകൊള്ളിക്കുന്ന അഗ്നിയെ അത് പുച്ഛിക്കുന്നു. ദൈവത്തെ ഏറ്റുപറയുമ്പോൾ പോലും അത് അവിടുത്തെ കല്പനകൾ മനസ്സിലാക്കുന്നില്ല. പാപത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടുമ്പോൾ മാറത്തടിച്ച് വിലപിച്ചാലും അത് കാര്യമാക്കുകയില്ല. വിശുദ്ധഗ്രന്ഥം വായിച്ചു കേൾപ്പിച്ചാലും അത് ഗൗനിക്കുകയില്ല. മനുഷ്യരുടെ മുമ്പാകെ നേരിടേണ്ടിവരുന്ന അപമാനത്തെക്കുറിച്ച് ഓർമ്മിപ്പിച്ചാലും കണ്ണുകളടച്ചുകൊണ്ട് വേലിക്കിടയിലൂടെ ചാടിക്കടക്കാൻ ശ്രമിക്കുന്ന ഒരു പന്നിയെപ്പോലെ അത് നിന്നെ അറിയുന്നില്ല എന്ന് ഭാവിക്കുന്നു. തന്നെക്കുറിച്ചുള്ള മതിപ്പാണ് അതിനെ ഈ പിശാചിന്റെ പിടിയിലകപ്പെടുത്തിയത്; 'ആ ദിവസങ്ങൾ പരിമിതപ്പെടുത്തിയില്ലായിരുന്നെങ്കിൽ ഒരുവനും രക്ഷപ്പെടുകയില്ലായിരുന്നു' (മത്താ 24:22).

സമൂഹത്തിൽ വസിക്കുന്ന സഹോദരന്മാരെ വളരെ വിരളമായി സന്ദർശിക്കുന്ന പിശാചുക്കളിൽ ഒന്നാണ് ഇത്. ഇതിന്റെ കാരണം വ്യക്തമാണ്. നമുക്ക് ചുറ്റുമുള്ളവരിലാരെങ്കിലും രോഗബാധിതരാവുകയോ നിർഭാഗ്യത്തിൽപ്പെടുകയോ തടവിലാക്കപ്പെടുകയോ ആകസ്മികമായി മരിക്കുകയോ ചെയ്യുമ്പോൾ ഈ പിശാച് ബഹിഷ്ക്കരിക്കപ്പെടുന്നു; കാരണം അല്പം സഹാനുഭൂതിയോ ദയയോ നമ്മുടെയുള്ളിലുണ്ടാവുമ്പോൾ ഈ പിശാചിനാൽ ഉളവാക്കപ്പെടുന്ന അനാസ്ഥ ഇല്ലാതാകുന്നു. എന്നാൽ ഏകാന്തവാസികളായ നാം ഇവയുടെ അഭാവം അനുഭവിക്കുന്നു, കാരണം നാം വിജനസ്ഥലങ്ങളിലാണ് വസിക്കുന്നത്. വളരെ വിരളമായേ നാം രോഗബാധിതരുമാകുന്നുള്ളൂ. ഈ പിശാചിനെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടിയാണ് രോഗികളെയും തടവുകാരെയും സന്ദർശിക്കാൻ സുവിശേഷത്തിൽ ക്രിസ്തു നമ്മോടു പറഞ്ഞത്. അവിടുന്ന് പറയുന്നു: 'ഞാൻ രോഗിയായിരുന്നപ്പോൾ നിങ്ങൾ എന്നെ സന്ദർശിച്ചു' (മത്താ 25:36).

നിങ്ങൾ ഇതു മനസ്സിലാക്കണം. ഏകാകിയായ ഒരു സന്ന്യാസി ഈ പിശാചിന്റെ പിടിയിലകപ്പെട്ടാലും അശുദ്ധമായ ചിന്തകളെ സ്വാഗതം ചെയ്യാതിരിക്കുകയും തന്റെ അറയിൽനിന്നു പുറത്തു പോകാതിരിക്കുകയും ചെയ്താൽ അതിനർത്ഥം സ്വർഗ്ഗത്തിൽനിന്നു

www.malankaralibrary.com

മുള്ള വേണ്ടത്ര ക്ഷമയും മനോനിയന്ത്രണവും അയാൾക്ക് ലഭിച്ചു കഴിഞ്ഞിരിക്കുന്നു എന്നാണ്; നിർവ്വികാരതയുടെ വരം അയാൾക്ക് കിട്ടിയിരിക്കുന്നു. അതേസമയം ദൈവികത്വമുണ്ടെന്നവകാശപ്പെടുന്ന പലരും ലൗകികമനുഷ്യരുമായി ഇടപെടുമ്പോൾ ഈ പിശാചിന്റെ പിടിയിലകപ്പെടാതിരിക്കാൻ വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്. അവനെക്കുറിച്ച് കൂടുതൽ സംസാരിക്കാനോ എഴുതാനോ എനിക്ക് ലജ്ജ തോന്നുന്നു.

11. എല്ലാ പിശാചുക്കളും സുഖഭോഗങ്ങളെ സ്നേഹിക്കാൻ ആത്മാവിനെ പഠിപ്പിക്കുന്നു. ഇതിൽനിന്നു വിഭിന്നമായത് നിരാശയുടെ പിശാചു മാത്രമാണ്. അവനാകട്ടെ, ആത്മാവിന് ലഭിക്കാവുന്ന എല്ലാ സുഖങ്ങളെയും അറുത്തുമാറ്റിക്കൊണ്ട് ആത്മാവിനെ വരണ്ടതാക്കിത്തീർക്കുന്നു: എന്തെന്നാൽ 'നിരാശ ബാധിച്ചവരുടെ അസ്ഥികൾപോലും വരണ്ടുണങ്ങിപ്പോകുന്നു' (സുഭാ 17:22). എന്നാൽ മിതമായ തോതിൽ മാത്രമാണ് ഒരു സന്ന്യാസി ഈ പിശാചിന്റെ ആക്രമണത്തിനിരയാകുന്നതെങ്കിൽ, അതയാളെ കൂടുതൽ ദൃഢനിശ്ചയമുള്ളവനാക്കുന്നു; എല്ലാ ഭൗതികസുഖങ്ങളെയും വെറുക്കാൻ അതയാളെ പ്രേരിപ്പിക്കുന്നു. എന്നാൽ ഈ പിശാച് ഏറെക്കാലം ആത്മാവിൽ കുടികൊള്ളുമ്പോൾ അതോടെ തന്റെ ദൃഢനിശ്ചയത്തിൽനിന്ന് പിന്തിരിഞ്ഞ് ഓടിയൊളിക്കാനാണ് അയാളെ അവൻ നിർബ്ബന്ധിക്കുന്നത്. ഇയ്യോബു പോലും ഈ പിശാചിനാൽ പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്; അദ്ദേഹം പറയുന്നത് ശ്രദ്ധിക്കുക: 'ഞാൻ തന്നെ എന്നെ നിയന്ത്രിക്കേണ്ടിയിരിക്കുന്നു, അല്ലെങ്കിൽ മറ്റാരോടെങ്കിലും അതു ചെയ്യാൻ ആവശ്യപ്പെടേണ്ടിയിരിക്കുന്നു' (ഇയ്യോ 30:24).

ഈ പിശാചിന്റെ ചിഹ്നം അണലിയാണ്. മിതമായ തോതിൽ അകത്തു ചെന്നാൽ അതിന്റെ വിഷം, കൂടുതൽ മാരകമായ വിഷങ്ങൾക്കെതിരെയുള്ള പ്രതിരോധമരുന്നാണ്; അധികമായി അകത്തു ചെന്നാൽ അതു മാരകമാണുതാനും. പാപത്തിലാഴ്ന്നുപോയ കൊരിന്തിലെ മനുഷ്യനെ ഈ പിശാചിന്റെ കൈകളിലേക്കാണ് പൗലോസ് നല്കിയത്. പൗലോസ് കൊരിന്ത്യർക്ക് ഇങ്ങനെ എഴുതുന്നു: 'നിങ്ങൾക്കയാളോട് സ്നേഹമുണ്ടെന്ന് അയാളെ ബോദ്ധ്യപ്പെടുത്തുക; അല്ലെങ്കിൽ അയാൾ കടുത്ത നിരാശയിൽ വീണുപോയേക്കും' (2 കൊരി 2:7,8). മനുഷ്യർക്ക് ഉപദ്രവം ചെയ്യുന്ന

www.malankaralibrary.com

ഈ ആത്മാവുതന്നെ പലപ്പോഴും അവരെ പശ്ചാത്താപത്തിലേക്കും നയിക്കാറുണ്ടെന്ന് അദ്ദേഹത്തിനറിയാം. സ്നാപകയോഹന്നാൻ, ഈ പിശാചിനാൽ പിടികൂടപ്പെട്ടവരെയാണ് ദൈവത്തിലാശ്രയിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് 'അണലിസന്തതികൾ' എന്നു വിളിച്ചത്. അദ്ദേഹം പറയുന്നു: 'ആസന്നമായ ക്രോധത്തിൽനിന്ന് ഓടിയകലാൻ നിങ്ങൾക്കു മുന്നറിയിപ്പു നൽകിയതാരാണ്? മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കുവിൻ. ഞങ്ങൾക്കു പിതാവായി അബ്രാഹം ഉണ്ടെന്നു പറഞ്ഞ് അഭിമാനിക്കേണ്ടാ' (മത്താ 3:7–9). ഒരുവൻ പിതാവായ അബ്രാഹത്തെപ്പോലെ തന്റെ രാജ്യത്തെയും ആളുകളെയും ഉപേക്ഷിക്കുകയാണെങ്കിൽ അയാൾ ഈ പിശാചിനെക്കാൾ ശക്തനായിത്തീരുന്നു (ഉല്പ 12:1).

12. കോപത്തെ നിയന്ത്രിക്കാൻ കഴിവുള്ളവൻ പിശാചിന്റെ മേൽ വിജയം നേടിയവനാണ്. എന്നാൽ അതിന് അടിമയായവനാകട്ടെ, സന്ന്യാസജീവിതത്തിനും നമ്മുടെ രക്ഷകന്റെ ജീവിതശൈലിക്കും യോജിക്കാത്തവനാണ്. ദാവീദ് കർത്താവിനെക്കുറിച്ച് ഇങ്ങനെ പറയുന്നു: 'എളിയവരെ അവിടുന്ന് തന്റെ വഴി പഠിപ്പിക്കുന്നു' (സങ്കീ 25:9). ഏകാന്തവാസിയുടെ മനസ്സ് സൗമ്യമായിരിക്കുന്നതിനാൽ പിശാചിന് അതിനെ കീഴടക്കാനെളുപ്പമല്ല. സൗമ്യതയോളം പിശാചുക്കൾ ഭയപ്പെടുന്ന മറ്റൊരു പുണ്യവുമില്ലെന്നുതന്നെ പറയാം. ഈ സദ്ഗുണം വേണ്ടുവോളം ഉണ്ടായിരുന്ന ആളാണ് മോശ; 'മറ്റെല്ലാവരെക്കാളും സൗമ്യൻ' എന്നാണ് അദ്ദേഹത്തെ വിളിച്ചിരുന്നത് (സംഖ്യ 12:3). ഇത് മനുഷ്യരെ ദൈവത്താൽ അനുസ്മരിക്കപ്പെടാൻ യോഗ്യരാക്കുന്നു എന്ന് കാണിച്ചുകൊണ്ട് ദാവീദ് പറയുന്നു: 'നാഥാ, ദാവീദിനെയും അവന്റെ സൗമ്യശീലത്തെയും അങ്ങ് ഓർമ്മിക്കണമേ' (സങ്കീ 132:1). തന്റെ സൗമ്യതയിൽ തന്നെ അനുകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് രക്ഷകൻ ഇങ്ങനെ അരുളിച്ചെയ്യുന്നു: 'ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ നിങ്ങൾ എന്നിൽനിന്ന് പഠിക്കുക, അപ്പോൾ നിങ്ങളുടെ ആത്മാക്കൾക്ക് നിങ്ങൾ വിശ്രമം കണ്ടെത്തും' (മത്താ 11:29). ഒരുവൻ ഭക്ഷണപാനീയങ്ങൾ പരിത്യജിക്കുകയാണെങ്കിൽപോലും, ദുഷ്ടചിന്തകളാൽ കോപത്തിന് വശംവദനാവുകയാണെങ്കിൽ, അയാൾ പിശാചിനാൽ നിയന്ത്രിക്കപ്പെട്ട് പുറങ്കടലിൽ അലയുന്ന ഒരു കപ്പൽപോലെയാണ്. നാം ഈ കാവൽനായെ

www.malankaralibrary.com

ശ്രദ്ധാപൂർവ്വമായ നിയന്ത്രണത്തിൻകീഴിലാക്കുകയും, ആട്ടിൻപറ്റത്തെ വിഴുങ്ങാനല്ല ചെന്നായ്ക്കളെ നശിപ്പിക്കാൻ അവനെ പരിശീലിപ്പിക്കുകയും, എല്ലാ മനുഷ്യരോടും വലിയ സൗമ്യത പ്രകടമാക്കുകയും വേണം.

13. ദുഷ്ടചിന്തകളുടെ ഇടയിൽ മുഖ്യസ്ഥാനം ആത്മപ്രശംസയ്ക്കു തന്നെയാണ്. അത് എല്ലായിടത്തുമുണ്ട്. അത് കൗശലക്കാരനായ ഒരു രാജ്യദ്രോഹിയെപ്പോലെ നഗരകവാടങ്ങൾ എല്ലാ പിശാചുക്കൾക്കുമായി തുറന്നുകൊടുക്കുന്നു. അതിനാൽ ഏകാന്തവാസിയുടെ മനസ്സിൽ നിരവധി വാക്കുകളും സങ്കല്പങ്ങളും നിറച്ച് അത് അയാളുടെ മനസ്സിനെ അശുദ്ധമാക്കുകയും, തന്റെ ആത്മാവിന്റെ മുറിവുകളുടെ സൗഖ്യത്തിനായി അയാൾ ഉപയോഗിക്കുന്ന പ്രാർത്ഥനയെ കളങ്കപ്പെടുത്തുകയും ചെയ്യുന്നു. മറ്റു പിശാചുക്കൾ തോല്പിക്കപ്പെടുമ്പോൾ ദുഷ്ടചിന്തയുടെ ശക്തി വർദ്ധിപ്പിക്കുവാനായി ഒരുമിച്ചുകൂടുന്നു. ആത്മപ്രശംസയുടെ കവാടത്തിലുടെ അവർ ആത്മാവിൽ പ്രവേശിക്കുന്നു. അങ്ങനെ അവന്റെ അവസാനത്തെ സ്ഥിതി ആദ്യത്തേതിനെക്കാൾ മോശമാക്കിത്തീർക്കുന്നു (മത്താ 12:45). ആത്മപ്രശംസ അഹങ്കാരം ജനിപ്പിക്കുന്നു. അതാണ് ദൈവസാദൃശ്യത്തിന്റെ മുദ്രയും എല്ലാ സൗന്ദര്യങ്ങളുടെയും കിരീടവുമായ മാലാഖമാരിൽ ഏറ്റവും ഉന്നതനായവനെ സ്വർഗ്ഗത്തിൽനിന്നും നിഷ്കാസിതനാക്കിയത്. അതിനാൽ എത്രയും പെട്ടെന്ന് അഹന്തയിൽനിന്നു പിന്മാറുക, അതിനെ ലാളിക്കരുത്. അല്ലെങ്കിൽ നിങ്ങൾക്ക് ജീവിതം തന്നെ നഷ്ടമായേക്കാം, നിർദ്ദയർ അത് അപഹരിച്ചേക്കാം (സുഭാ 5:9). തീവ്രമായ പ്രാർത്ഥനയിൽ മുഴുകുകയും ആത്മാഭിമാനം വളർത്തുന്നയാതൊന്നും ചെയ്യാതിരിക്കുകയുമാണ് ഈ പിശാചിനെ ആട്ടിയോടിക്കാനുള്ള മാർഗ്ഗം.

14. ഏകാന്തവാസിയുടെ മനസ്സ് കുറച്ച് നിർവ്വികാരത നേടിക്കഴിയുമ്പോൾ ആത്മപ്രശംസയുടെ കുതിരമേലേറി നഗരങ്ങളിലേക്ക് സവാരി ചെയ്യുന്നു. ആവശ്യത്തിലധികം പുകഴ്ത്തൽ വാരിക്കൂട്ടി അതിന് മത്തുപിടിക്കുന്നു. ദൈവപരിപാലനയാൽ ചാരിത്ര്യഭംഗത്തിന്റെ ആത്മാവ് അതിനെ നേരിടുകയും സുഖലോലുപതയുടെ ലായത്തിലടയ്ക്കുകയും ചെയ്യുന്നു. വീണ്ടും നിർവ്വികാരത നേടിയെടുക്കുന്നതുവരെ അടങ്ങിയിരിക്കാൻ പഠിപ്പിക്കുന്നതിനുവേണ്ടിയാണിത്; അനുസരണയി

www.malankaralibrary.com

ല്ലാത്ത രോഗികൾ രോഗം ഭേദമാകുന്നതിനു മുമ്പായി ഓടിച്ചാടി നടന്ന് വീണ്ടും രോഗബാധിതരാകുന്നതുപോലെ ആത്മാവിനു സംഭവിക്കാതിരിക്കാനുള്ള മുൻകരുതലാണിത്. നമുക്ക് ജാഗ്രത പാലിക്കാം. അങ്ങനെ കൂടുതൽ വിശുദ്ധി നേടുകയും തിന്മയെ കൂടുതൽ കരുത്തോടെ ചെറുത്തുനിൽക്കുകയും ചെയ്യാൻ നമുക്കു കഴിയണം. ആത്മീയജ്ഞാനത്തിലേക്ക് പ്രവേശിക്കുന്നതോടെ ഒരുപാടു കാര്യങ്ങളെക്കുറിച്ച് നമുക്ക് ഉൾക്കാഴ്ച ലഭിക്കുന്നു; കൂടുതലുയരങ്ങളിലേക്ക് പോകുംതോറും രക്ഷകന്റെ പ്രകാശത്തെക്കുറിച്ചുള്ള വ്യക്തമായ ദർശനം നമുക്ക് ലഭിക്കും.

15. പിശാചുക്കളുടെ എല്ലാത്തരം ദുഷ്ടതകളെക്കുറിച്ചും എഴുതാൻ എനിക്ക് സാധിക്കുന്നില്ല. വായനക്കാരുടെയിടയിലെ ശുദ്ധഗതിക്കാർക്ക് ഉപദ്രവകരമാകാം എന്നതിനാൽ, അതേക്കുറിച്ച് കൂടുതൽ വ്യക്തമാക്കാൻ എനിക്ക് ലജ്ജ തോന്നുന്നു. എന്നാൽ വ്യഭിചാരത്തിന്റെ പിശാചിന്റെ കൗശലതയെക്കുറിച്ച് നിങ്ങളോട് പറയാൻ എന്നെ അനുവദിക്കുക. ഒരുവൻ തന്റെ ഹൃദയതൃഷ്ണയിൽ നിർവ്വികാരത നേടുകയും ലജ്ജാകരമായ ചിന്തകൾ അവന്റെയുള്ളിൽ മന്ദീഭവിക്കുകയും ചെയ്യുമ്പോൾ ഈ പിശാച് ഉടൻതന്നെ രതിക്രീഡകളിലേർപ്പെടുന്ന സ്ത്രീപുരുഷന്മാരുടെ ചിത്രങ്ങൾ അവന്റെ മനസ്സിലുളവാക്കുകയും അങ്ങനെ ഏകാന്തവാസിയെ ലജ്ജാകരമായ പ്രവൃത്തികളുടെയും അഭിനയങ്ങളുടെയും ഒരു പ്രേക്ഷകനാക്കുകയും ചെയ്യുന്നു. എന്നാൽ ഈ പ്രലോഭനം സ്ഥിരമായിക്കൊള്ളണമെന്നില്ല; തീവ്രമായ പ്രാർത്ഥനയും ശുഷ്കമായ ഭക്ഷണവും നിതാന്തജാഗ്രതയും ആത്മീയധ്യാനവും ഈവക പ്രലോഭനങ്ങളെ മേഘശകലങ്ങളെപ്പോലെ അകറ്റിക്കളയും. അനിയന്ത്രിതമായ ആഗ്രഹങ്ങളുടെ നേർക്ക് തൃഷ്ണ വളർത്തിക്കൊണ്ട് കൗശലക്കാരനായ ഈ പിശാച് ചിലപ്പോൾ ശരീരത്തെപ്പോലും സ്പർശിക്കുകയും മറ്റു പല കെണികളും പ്രയോഗിക്കുകയും ചെയ്തേക്കാം.

നമ്മുടെയുള്ളിലെ സഹജമായ കോപം ഈ പിശാചിനെതിരെയുള്ള ഒരു പ്രതിരോധമാർഗ്ഗമാണ്. ഈ കോപം ദുഷ്ടചിന്തകളുടെ നേർക്കാകുമ്പോൾ അത് പിശാചിനെ ഭീതിയാൽ നിറയ്ക്കുകയും അവന്റെ തന്ത്രങ്ങളെ നശിപ്പിക്കുകയും ചെയ്യും. 'കോപിച്ചുകൊള്ളുക, എന്നാൽ പാപം ചെയ്യരുത്' (സങ്കീ 4:4) എന്ന പ്രസ്താവനയുടെ

www.malankaralibrary.com

അർത്ഥവും ഇതുതന്നെ. പലപ്പോഴും പ്രലോഭനങ്ങളിൽനിന്ന് ആത്മാവിനെ രക്ഷിക്കാനുതകുന്ന ഔഷധമാണ് ഈ കോപം.

വ്യഭിചാരഹേതുക്കളായ പിശാചുക്കൾ പ്രകടമാക്കുന്ന സാമർത്ഥ്യംതന്നെ കോപം ജനിപ്പിക്കുന്ന പിശാചുക്കളും പ്രകടമാക്കാറുണ്ട്. നമ്മുടെ രക്ഷിതാക്കളോ സുഹൃത്തുക്കളോ ബന്ധുക്കളോ അപമാനിതരാകുന്ന ചിത്രങ്ങൾ നമ്മുടെ മനസ്സിൽ നിറച്ച് അവൻ നമ്മിൽ കോപം ഉണർത്തുകയും നമ്മുടെ ഉള്ളിൽ പ്രത്യക്ഷപ്പെടുന്നവരോട് നിർദ്ദയമായി സംസാരിക്കുവാനോ പെരുമാറുവാനോ ഇടയാക്കുകയും ചെയ്യും. അതിനാൽ പിശാചിന്റെ സൃഷ്ടിയായ സാങ്കല്പിക ദൃശ്യങ്ങളെ നാം ഒഴിവാക്കണം. കാരണം, നാം അവയെ ലാളിച്ചാൽ പ്രാർത്ഥനാസമയത്ത് അവ നമ്മുടെ മനസ്സിനെ വിക്ഷുബ്ധമാക്കും. കോപശീലരായവർ ഇത്തരം പ്രലോഭനങ്ങൾക്ക് പ്രത്യേകിച്ചും അടിപ്പെടും. അപ്പോൾ അവർ ശുദ്ധമായ പ്രാർത്ഥനയിൽനിന്നും രക്ഷകനായ ക്രിസ്തുവിനെക്കുറിച്ചുള്ള അറിവിൽനിന്നും വളരെ വിദൂരത്താണ്.

16. ഒരു നല്ല ഇടയന് ആടുകളെയെന്നോണം, ഈ ലോകത്തെക്കുറിച്ചുള്ള ധാരണകൾ കർത്താവ് മനുഷ്യന് നല്കിയിരിക്കുന്നു. എന്തെന്നാൽ ഇങ്ങനെ എഴുതിയിരിക്കുന്നു: 'ഓരോ മനുഷ്യന്റെയും ഹൃദയത്തിന് അവിടുന്ന് ധാരണാശക്തി നല്കിയിട്ടുണ്ട്' (ഹെബ്രാ 10:16). മനുഷ്യനെ സഹായിക്കാനായി ദൈവം അവന് കോപവും ആഗ്രഹവും നല്കിയിരിക്കുന്നു; അതുവഴി കോപത്താൽ ചെന്നായ്ക്കളെപ്പോലുള്ള സങ്കല്പങ്ങളെ ആട്ടിയോടിക്കാനും മഴയും കാറ്റും ഏല്ക്കേണ്ടിവന്നാൽപോലും ആഗ്രഹത്താൽ സ്നേഹപൂർവ്വം ആട്ടിൻപറ്റത്തെ പരിപാലിക്കാനുമവന് സാധിക്കും. കൂടാതെ, ആടുകളെ മേയ്ക്കുവാൻവേണ്ടി ദൈവമവന് കല്പനയും നല്കിയിരിക്കുന്നു. പച്ചപ്പുള്ള മേച്ചിൽപ്പുറങ്ങളും തെളിനീരും ഗീതങ്ങളും വാദ്യോപകരണങ്ങളും ചെങ്കോലും വടിയുമെല്ലാം ദൈവം അവന് നല്കിയിരിക്കുന്നു (സങ്കീ 23:2). മലമുകളിൽനിന്ന് തന്റെ ആടുകൾക്ക് ഭക്ഷണം ശേഖരിക്കുന്ന ആട്ടിടയൻ തന്റെ ആട്ടിൻപറ്റത്തിന്റെ സഹായത്തോടെയാണ് ഭക്ഷണവും വസ്ത്രവും നേടുന്നത്. 'ആട്ടിൻപറ്റത്തെ തീറ്റിപ്പോറ്റുന്നവൻ അവയുടെ പാൽ കുടിക്കാതിരിക്കുമോ?' (1 കൊരി 9:7) എന്നാണെഴുതപ്പെട്ടിരിക്കുന്നത്. അതിനാൽ ഏകാന്തവാസി തന്റെ

www.malankaralibrary.com

ആട്ടിൻപറ്റത്തെ രാപകൽ വ്യത്യാസമില്ലാതെ സംരക്ഷിക്കണം; തന്റെ കുഞ്ഞാടുകൾ വന്യമൃഗങ്ങളുടെയോ കള്ളന്മാരുടെയോ പിടിയിൽപ്പെടാതിരിക്കാൻ അയാൾ ജാഗ്രത പുലർത്തണം. സിംഹത്തിന്റെയോ കരടിയുടെയോ പിടിയിൽനിന്നുപോലും തന്റെ ആടുകളെ രക്ഷിക്കാൻ അയാൾ ബാദ്ധ്യസ്ഥനാണ് (1 ശമു 17:35).

ആടുകൾ വന്യമൃഗങ്ങൾക്കിരയാവുക, എന്നതിന്റെ അർത്ഥമെന്താണ്? നമ്മുടെ സഹോദരനെപ്പറ്റി നാം വെറുപ്പോടെ ചിന്തിക്കുന്നുവെന്നും സ്ത്രീകളെപ്പറ്റി നാം കാമത്തോടെ ചിന്തിക്കുന്നുവെന്നും സ്വർണ്ണത്തെയും വെള്ളിയെയുംകുറിച്ച് നാം അത്യാഗ്രഹം പുലർത്തുന്നു എന്നുമാണ് ഇതിനർത്ഥം; അതുപോലെതന്നെ ദൈവദത്തമായ അനുഗ്രഹങ്ങളെക്കുറിച്ചു നാം അഹങ്കരിക്കുന്നു എന്നും ഇതർത്ഥമാക്കുന്നു. വികാരങ്ങൾ മറ്റു വസ്തുക്കളെക്കുറിച്ചുള്ള ധാരണകളിൽ കയറിപ്പറ്റുമ്പോൾ ഇതുതന്നെ സംഭവിക്കും.

പകൽ മാത്രമല്ല, രാത്രിയും നാം ഈ ആട്ടിൻപറ്റത്തെ കാത്തുപാലിക്കണം. എന്തെന്നാൽ ലജ്ജാകരവും ദുഷിച്ചതുമായ കാര്യങ്ങളെക്കുറിച്ചുള്ള സങ്കല്പങ്ങളാൽ നമുക്ക് നമ്മെ ഏല്പിച്ചിരിക്കുന്ന ആടുകളിൽ ചിലത് നഷ്ടമായെന്നു വരാം. യാക്കോബിന്റെ വാക്കുകളുടെ അർത്ഥമിതാണ്: 'കാട്ടുമൃഗങ്ങൾ കടിച്ചുകീറിയ ആടിനെ ഞാൻ അങ്ങയുടെ അടുത്ത് കൊണ്ടുവന്നിട്ടില്ല. രാത്രിയോ പകലോ കളവുപോയതിന് ഞാൻതന്നെ നഷ്ടപരിഹാരം ചെയ്തു. പകൽ ചൂടും രാത്രി തണുപ്പും എന്നെ കാർന്നുതിന്നു. ഉറക്കം എന്റെ കണ്ണുകളിൽ നിന്ന് ഓടിയകന്നു' (ഉത്പ 31:39,40).

നമ്മുടെ യത്നങ്ങളുടെ ഫലമായി നമ്മെ തളർച്ച ബാധിച്ചാൽ ആത്മീയജ്ഞാനത്തിന്റെ പാറക്കെട്ടിൽ കയറിയിരുന്ന്, ആ ജ്ഞാനത്തിന്റെ ഫലമായി സിദ്ധിച്ച കഴിവിനാൽ നാം വീണമീട്ടണം. നമ്മുടെ ആടുകളെ സീനായ്മലയുടെ താഴ്വരകളിൽ മേയ്ക്കാം. അങ്ങനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം മുൾപ്പടർപ്പിന് ഇടയിൽ നിന്നു നമ്മോടും സംസാരിക്കുമാറാകട്ടെ (പുറ 3), അടയാളങ്ങളുടെയും അത്ഭുതപ്രവൃത്തികളുടെയും ആന്തരാർത്ഥം അവിടുന്ന് നമുക്ക് കാട്ടിത്തരട്ടെ.

17. തിന്മയിലൂടെ മൃതമായിത്തീർന്ന നമ്മുടെ ആത്മീയപ്രകൃതം സൃഷ്ടവസ്തുക്കളുടെ യുഗങ്ങളോളമുള്ള മനനത്തിലൂടെ ഒരിക്കൽ

www.malankaralibrary.com

കൂടി ക്രിസ്തുവിനാൽ ഉയിർപ്പിക്കപ്പെടുന്നു. തന്നെക്കുറിച്ചുതന്നെ അവിടുന്ന് നമുക്കു നല്കുന്ന ആത്മീയജ്ഞാനത്താൽ, ക്രിസ്തുവിന്റെ മരണം വരിച്ച ആത്മാവിനെ പിതാവ് ഉയിർപ്പിക്കുന്നു. 'ക്രിസ്തുവിനോടൊപ്പം നാം മരിച്ചുവെങ്കിൽ അവനോടൊപ്പം ജീവിക്കുകയും ചെയ്യും എന്ന് നാം വിശ്വസിക്കുന്നു' (2 തിമോ 2:11) എന്നുള്ള പൗലോസിന്റെ വചനത്തിന്റെ അർത്ഥമിതാണ്.

18. നമ്മുടെ മനസ്സ് അതിന്റെ ദൈന്യാവസ്ഥയിൽനിന്ന് മോചനം പ്രാപിച്ച്, കൃപ കരസ്ഥമാക്കിക്കഴിയുമ്പോൾ, പ്രാർത്ഥനാവേളയിൽ ഇന്ദ്രനീലംപോലെ അഥവാ സ്വർഗ്ഗത്തിന്റെ ശോഭപോലെ തന്റെ സ്വന്തം പ്രകൃതി അതിനു ദൃശ്യമാവുന്നു. ഇതിനെത്തന്നെയാണ് സീനായ് മലയിൽ പൂർവ്വികർക്ക് ദൃശ്യമായ ദൈവരാജ്യമെന്ന് (പുറ 24:10) തിരുലിഖിതത്തിൽ വിശേഷിപ്പിച്ചിട്ടുള്ളത്.

19. അശുദ്ധാത്മാക്കളിൽ ചിലത് മനുഷ്യനെ അവന്റെ മാനുഷികതയിൽ പരീക്ഷിക്കുന്നു. മറ്റുള്ളവ അവനെ അവന്റെ യുക്തിരഹിതമായ മൃഗീയതയിൽ പ്രലോഭിപ്പിക്കുന്നു. ആദ്യത്തെ കൂട്ടർ നമ്മെ സമീപിക്കുമ്പോൾ ആത്മപ്രശംസ, അഹന്ത, ശത്രുത, നിന്ദ തുടങ്ങിയവ നമ്മിൽ ഉളവാക്കുന്നു. ബുദ്ധിവിഹീനരായ മൃഗങ്ങൾക്ക് ഇവ ബാധകമല്ല. എന്നാൽ രണ്ടാമത്തെ കൂട്ടരുടെ സമീപനം പ്രകൃതിസഹജമല്ലാത്ത കോപാവേശവും ആഗ്രഹവും ഉളവാക്കുന്നു. ഈ വികാരങ്ങൾ നമുക്കും മൃഗങ്ങൾക്കും ബാധകമാണ്, നമ്മുടെ ബൗദ്ധികവും ആത്മീയവുമായ പ്രകൃതത്തിനു കീഴിൽ അവ മറഞ്ഞിരിക്കുകയും ചെയ്യുന്നു. അതിനാൽ ഒരു മനുഷ്യന് അവന്റെ മാനുഷികതയിലുണ്ടാകുന്ന ചിന്തകളെക്കുറിച്ച് പരിശുദ്ധാത്മാവ് ഇങ്ങനെ പറയുന്നു: 'നിങ്ങൾ ദൈവങ്ങളാണ്; നിങ്ങളെല്ലാവരും അത്യുന്നതന്റെ മക്കളാണ്. എങ്കിലും നിങ്ങൾ മനുഷ്യരെപ്പോലെ മരിക്കും, ഏതു പ്രഭുവിനെയുംപോലെ വീണുപോകും' (സങ്കീ 82:6,7). യുക്തിരഹിതമായി മനുഷ്യനിൽ ഉളവാകുന്ന ചിന്തകളെക്കുറിച്ച് അവിടുന്നെന്താണ് പറയുന്നത്? 'നീ കുതിരയേയും കോവർകഴുതയേയുംപോലെ ബുദ്ധിയില്ലാത്താവനാകരുത്; കടിഞ്ഞാണിനാൽ നിയന്ത്രിച്ചില്ലെങ്കിൽ അവ നിങ്ങളെ ആക്രമിച്ചെന്നും വരാം' (സങ്കീ 32:9). 'പാപം ചെയ്യുന്ന ആത്മാവ് നശിക്കും' (എസെ 18:4) എങ്കിൽ, മനുഷ്യരായി നിലനിൽക്കേ നാം മരണമടഞ്ഞാൽ, നാം മനുഷ്യരാൽ സംസ്കരിക്കപ്പെടും

www.malankaralibrary.com

എന്നത് വ്യക്തമാണ്. എന്നാൽ, മൃഗീയ അവസ്ഥയിൽ നാം കൊല്ല പ്പെടുകയോ വീണുപോവുകയോ ചെയ്താൽ കഴുകന്മാരും കാക്കകളും നമ്മെ തിന്നൊടുക്കും. അവയുടെ കുഞ്ഞുങ്ങൾ കർത്താവിനോട് 'കരഞ്ഞപേക്ഷിക്കുകയും' (സങ്കീ 147:9) 'ചോരയിൽ കിടന്നുരുളുകയും' (ഇയ്യോബ് 39:30) ചെയ്യുന്നു. 'കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ' (മത്താ 11:15).

20. ഏതെങ്കിലുമൊരു ശത്രു നിങ്ങളെ സമീപിച്ച് മുറിവേല്പിക്കുമ്പോൾ അവന്റെ വാൾകൊണ്ട് അവന്റെ തന്നെ ഹൃദയത്തെ ഭേദിക്കാൻ നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ (സങ്കീ 37:15) ഇപ്രകാരം ചെയ്യുക. നിങ്ങളെ മുറിവേല്പിച്ച പാപചിന്തകളെക്കുറിച്ച് വിശദമായി പഠിക്കുക. നിങ്ങളുടെ ബുദ്ധിയെ ബാധിക്കാനൊരുങ്ങുന്ന ദുർവിചാരങ്ങളെ തിരിച്ചറിയുക. ഉദാഹരണത്തിന് അത്യാഗ്രഹചിന്ത നിങ്ങളിൽ ഉളവെടുക്കുകയാണെന്നിരിക്കട്ടെ, വസ്തുക്കളെയും അതിനെക്കുറിച്ചുള്ള അത്യാഗ്രഹചിന്ത സ്വീകരിച്ച മനസ്സിനെയും, സ്വർണ്ണത്തെക്കുറിച്ചുള്ള ധാരണ, സ്വർണ്ണമെന്ന വസ്തു, സ്വർണ്ണത്തോടുള്ള ആഗ്രഹം എന്നിവയേയും കുറിച്ച് വിചിന്തനം ചെയ്യുക. ഇതിലേതിലാണ് പാപമടങ്ങിയിരിക്കുന്നത്? മനസ്സിലാണോ എന്ന് പര്യാലോചിക്കുക. എങ്കിൽ പിന്നെ നമ്മുടെ മനസ്സിന് എങ്ങനെയാണ് ദൈവത്തിന്റെ പ്രതിരൂപമാകാൻ കഴിയുക? സ്വർണ്ണത്തെക്കുറിച്ചുള്ള ധാരണയിൽ പാപമുണ്ടെന്ന് യുക്തിബോധമുള്ളവരാരും പറയില്ല. സ്വർണ്ണമെന്ന വസ്തുവിലാണ് പാപമുള്ളതെങ്കിൽ എന്തിനാണത് സൃഷ്ടിക്കപ്പെട്ടത്? ഇതിനർത്ഥം, വസ്തുവോ, അതിനെക്കുറിച്ചുള്ള ധാരണകളോ അല്ല പാപത്തിന് കാരണം, മറിച്ച്, ദൈവത്തിന്റെ സൃഷ്ടിയെ ദുരുപയോഗം ചെയ്യാൻ മനസ്സിനെ പ്രേരിപ്പക്കുന്ന നാശകരമായ അഭിലാഷമാണെന്നാണ്. ഈ അഭിലാഷമൊഴിവാക്കണമെന്നാണ് ദൈവം നമ്മോട് കല്പിക്കുന്നത്. ഇങ്ങനെ ഓരോ വികാരത്തെയും വിശദമായി പഠിക്കുന്നതിലൂടെ നമുക്കതിനെ ഇല്ലായ്മ ചെയ്യാനാകും; ഈ ആത്മീയജ്ഞാനത്തിലൂടെ നിങ്ങളുടെ മനസ്സ് ഉന്നതങ്ങളിലേക്ക് ഉയരുമ്പോൾ പിശാചുക്കൾ ഓടിയൊളിക്കും.

പിശാചിനെതിരെ അവന്റെതന്നെ വാൾ പ്രയോഗിക്കുന്നതിനു മുമ്പായി അവനുനേരെ തെറ്റാലി പ്രയോഗിക്കുക. ആട്ടിടയന്റെ സഞ്ചിയിൽനിന്ന് ഒരു കല്ലെടുത്ത് തെറ്റാലിയിൽ വച്ച് അവന്റെ

www.malankaralibrary.com

നേർക്കെറിയുക (1 ശമു 17). അവനോട് ഈ ചോദ്യങ്ങൾ ചോദിക്കുക: മാലാഖമാരുടെയും പിശാചുക്കളുടെയും കാര്യങ്ങളിൽ നാം ഇടപെടുന്നില്ല; പിന്നെ അവർക്കെങ്ങനെയാണ് നമ്മുടെ കാര്യത്തിലിടപെടാനാകുന്നത്? മാലാഖമാരെ ദൈവത്തോട് കൂടുതലടുപ്പിക്കാനോ പിശാചുക്കളെ കൂടുതൽ അശുദ്ധരാക്കാനോ നമുക്കു കഴിയില്ല. എങ്ങനെയാണ് പ്രഭാതനക്ഷത്രമെന്നറിയപ്പെട്ടിരുന്ന ലൂസിഫർ താഴേക്ക് പതിക്കാനിടയായത്? (യശ 14:12) അവൻ 'കലമെന്നപോലെ ആഴിയെ തിളപ്പിച്ചു' (ഇയ്യോബ് 41:31) എന്നു പറയപ്പെടുന്നു. സ്വന്തം ദുഷ്ടതയാൽ എല്ലാവരെയും ദ്രോഹിക്കാനും സകലതിനെയും അടക്കിഭരിക്കാനും അവൻ ശ്രമിച്ചു. ഈവക കാര്യങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ച പിശാചിനെ കഠിനമായി ദുഃഖിപ്പിക്കുകയും അവന്റെ കൂട്ടരെ പലായനം ചെയ്യിക്കുകയും ചെയ്യും. എന്നാൽ ഇങ്ങനെ ചോദിക്കാൻ കഴിയുന്നത് വിശുദ്ധിനേടിയവർക്കും വസ്തുക്കളുടെ ആന്തരികാർത്ഥത്തെക്കുറിച്ച് മനസ്സിലാക്കിയവർക്കും മാത്രമാണ്. അശുദ്ധരായവർക്ക് ഈ ഉൾക്കാഴ്ച സാദ്ധ്യമല്ല. ശത്രുവിനെ തോല്പിക്കേണ്ടതെങ്ങനെയെന്ന് മറ്റുള്ളവരിൽനിന്ന് പഠിച്ചാൽപോലും യുദ്ധസമയത്ത് അവരുടെ വികാരങ്ങളാൽ ഉത്തേജിതമായിത്തീരുന്ന പൊടിപടലങ്ങളും ചുഴലിക്കാറ്റും നിമിത്തം അവർ പരാജിതരാകും. ശത്രുസൈന്യം ലജ്ജിതരാക്കപ്പെട്ടെങ്കിൽ മാത്രമേ ഗോലിയാത്തിന് തനിച്ച് നമ്മുടെ ദാവീദിനെ നേരിടാനാവുകയുള്ളൂ. അശുദ്ധചിന്തകളുമായുള്ള യുദ്ധത്തിൽ നമുക്ക് രണ്ടു മാർഗ്ഗങ്ങൾ അവലംബിക്കാം. 1) നമ്മെ ആക്രമിക്കുന്ന ചിന്തകളെ വിശകലനം ചെയ്യുക. 2) ആന്തരിക സത്തയെക്കുറിച്ചുള്ള ചോദ്യങ്ങൾ ചോദിക്കുക.

21. അശുദ്ധചിന്തകളെ ആട്ടിയോടിച്ചു കഴിഞ്ഞാൽ, എന്തുകൊണ്ട് നമുക്കതിന് സാധിച്ചു എന്നാലോചിക്കണം. ചിന്തകൾക്ക് പ്രവൃത്തികളാകാൻ സാധിക്കില്ല എന്ന് ശത്രുവിന് ഉറപ്പുള്ളതുകൊണ്ടാണോ അതോ, നാം നേടിയെടുത്ത നിസ്സംഗതയുടെ ഫലമായിട്ടാണോ? ഉദാഹരണത്തിന്, ഒരു നഗരത്തിനുമേൽ താൻ ആത്മീയാധിപത്യം നേടിയിരിക്കുന്നതായി ഏറെ നേരം സങ്കല്പിക്കാൻ ഒരു ഏകാന്തവാസിക്ക് കഴിയില്ല; കാരണം അത് പ്രായോഗികമല്ല. എന്നാൽ ഒരു നഗരത്തിനുമേൽ ആത്മീയാധിപത്യം നേടിയിട്ടും അതിൽ താല്പര്യമില്ലാതെ നിലനില്ക്കാൻ ഒരാൾക്കു കഴിയുന്നുണ്ടെങ്കിൽ

www.malankaralibrary.com

അയാൾ നിസ്സംഗതയാൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. മറ്റു ചിന്തകളുടെ കാര്യത്തിലും ഇങ്ങനെതന്നെയാണ്. എല്ലാ കാര്യങ്ങളെയും കുറിച്ച് അറിഞ്ഞെങ്കിൽ മാത്രമേ ഓരോ കാര്യത്തിലും നമുക്കുള്ള നിസ്സംഗതയും കരുത്തും തിരിച്ചറിയാനും നാം ജോർദ്ദാൻ കുറുകെ കടന്ന് ഈന്തപ്പനത്തോട്ടത്തിൽ എത്തിയിരിക്കുന്നുവോ, അതോ ശത്രുക്കളാൽ ചുഴപ്പെട്ട് വിജനതയിൽ അലയുകയാണോ എന്ന് മനസ്സിലാക്കാനും കഴിയുകയുള്ളൂ.

അത്യാഗ്രഹം ഉളവാക്കുന്ന പിശാച് അസാധാരണമായ കൗശലമുള്ളവനും തന്റെ വഞ്ചനയിൽ പുരോഗതിയെ തടയുന്നവനുമാണ്. നാം ഭൗതികസുഖങ്ങൾ ത്യജിച്ച് നിസ്വരായി ജീവിക്കുന്നതു കാണുമ്പോൾ, അവനൊരു വേലക്കാരന്റെയും ദരിദ്രരുടെ സ്നേഹിതന്റെയും രൂപത്തിലെത്തി നമ്മെ ചതിക്കാൻ നോക്കും; വന്നു ചേരാത്ത അപരിചിതർക്കായി വിരുന്നൊരുക്കാനും അസന്നിഹിതരായ സഹോദരർക്ക് ഭക്ഷണസാധനങ്ങൾ കൊടുത്തയയ്ക്കാനും അവൻ നമ്മെ പ്രേരിപ്പിക്കും; നഗരത്തിലെ തടവുപുള്ളികളെ ഭാവനയിൽ സന്ദർശിക്കാനും അടിമകളെ വീണ്ടെടുക്കാനും അവൻ നമ്മെ തയ്യാറാക്കും. ധനികസ്ത്രീകളുമായി ബന്ധം പുലർത്താനും സമ്പന്നർക്കു മുമ്പിൽ വിനീതരാവാനും അവൻ നമ്മെ നിർബ്ബന്ധിക്കും. പതുക്കെപ്പതുക്കെ നാം അവന്റെ കൈയിൽപ്പെട്ടു കഴിഞ്ഞാൽ, അവൻ നമ്മുടെ ആത്മാവിനെ അത്യാഗ്രഹംകൊണ്ട് നിറയ്ക്കും. പിന്നീട് ആത്മപ്രശംസയുടെ പിശാചിന് അവൻ നമ്മെ കൈമാറും. നാം ചെയ്തിട്ടുള്ള കാരുണ്യപ്രവർത്തനങ്ങളുടെ പേരിൽ കർത്താവിനെ സ്തുതിക്കുന്ന അനേകം ആരാധകരെ അവൻ നമ്മുടെ സങ്കല്പത്തിലെത്തിക്കും; നമുക്ക് പുരോഹിതപദവി കിട്ടുന്നതിനെപ്പറ്റി പുകഴ്ത്തി സംസാരിക്കുന്നവരെ, ഇപ്പോഴുള്ള പുരോഹിതൻ മരണമടയുകയും നാം ആ സ്ഥാനത്തേക്ക് നിയോഗിക്കപ്പെടുകയും ചെയ്യുന്നത് കാണാൻ ആഗ്രഹിക്കുന്നവരെ ഒക്കെ അവൻ നമുക്ക് കാട്ടിത്തരും. ഈവക ചിന്തകളാൽ കലുഷമായ നമ്മുടെ മനസ്സ്, നമുക്ക് പുരോഹിതപദവി നല്കുന്നതിനെ എതിർക്കുന്ന ആരെയും ആക്രമിക്കും; നമ്മെ പിന്തുണയ്ക്കുന്നവരെ പ്രശംസയും ഉപഹാരങ്ങളുംകൊണ്ട് പൊതിയും; നമ്മുടെ എതിരാളികളെ മനസ്സാ നാം ന്യായാധിപന്റെ മുമ്പിൽ കൊണ്ടുപോവുകയും നഗരത്തിൽനിന്നു

www.malankaralibrary.com

പുറത്താക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യും. ഇത്തരം ചിന്തകൾ മനസ്സിൽ നിറയുമ്പോഴാണ് അഹങ്കാരത്തിന്റെ പിശാച് നമ്മുടെ അറയിലെത്തി ഭയങ്കരമായ ഇടിമിന്നലിലൂടെയും ഭീകരദർശനങ്ങളിലൂടെയും നമുക്ക് ഭ്രാന്തുപിടിപ്പിക്കാൻ ശ്രമിക്കുന്നത്. അതിനാൽ ഇത്തരം ചിന്തകളുടെ നാശം ആഗ്രഹിച്ചുകൊണ്ട് നമുക്ക് കൃതജ്ഞതാപൂർവ്വം ദാരിദ്ര്യത്തിൽ ജീവിക്കാം. 'എന്തെന്നാൽ നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നില്ല. ഇവിടെനിന്ന് ഒന്നും കൊണ്ടുപോകാനും നമുക്കു സാധിക്കുകയില്ല. ആഹാരവും വസ്ത്രവുമുണ്ടെങ്കിൽ അതിൽ പൂർണ്ണതൃപ്തരായിരിക്കുക' (1 തിമോ 6:7,8). വിശുദ്ധ പൗലോസിന്റെ വചനവും ഓർമ്മിക്കുക: 'ധനമോഹമാണ് എല്ലാ തിന്മയ്ക്കും അടിസ്ഥാന കാരണം' (1 തിമോ 6:10).

22. വികാരങ്ങൾമൂലം നമ്മിൽ നിറയുന്ന എല്ലാ അശുദ്ധചിന്തകളും നമ്മുടെ മനസ്സിനെ നശിപ്പിക്കുന്നു. ദാഹമുള്ള ഒരുവന്റെ മനസ്സിൽ കുടിനീരിനെപ്പറ്റിയും വിശക്കുന്നവന്റെ ഉള്ളിൽ ഭക്ഷണത്തെപ്പറ്റിയുമുള്ള ആഗ്രഹം ഉണ്ടാകുന്നതുപോലെ, ഭൗതികവസ്തുക്കളെക്കുറിച്ചുള്ള ആഗ്രഹവും അമിതഭക്ഷണപാനീയങ്ങളെക്കുറിച്ചുള്ള ലജ്ജാകരചിന്തകളും വികാരങ്ങൾ മൂലം നമ്മിലും ഉണ്ടാകും. ആത്മപ്രശംസയുടെയും മറ്റ് ആശയങ്ങളുടെയും കാര്യത്തിലും ഇതുതന്നെയാണ് യാഥാർത്ഥ്യം. അത്തരം ആശയങ്ങളാൽ ഞെരുക്കപ്പെടുന്ന മനസ്സിന് ഒരിക്കലും ദൈവസന്നിധിയിലെത്താനോ നീതിയുടെ കിരീടം സ്വീകരിക്കാനോ കഴിയില്ല. ദൈവജ്ഞാനത്തിന്റെ അത്താഴവിരുന്നിൽ പങ്കെടുക്കാനുള്ള ക്ഷണം നിരസിച്ച മനുഷ്യനെപ്പോലെ ദുർവ്വിചാരങ്ങളാൽ കലങ്ങിയ മനസ്സ് അധഃപതിക്കുന്നു (ലൂക്കോ 14:18); കൈകാലുകൾ ബന്ധിക്കപ്പെട്ട് പുറത്തെ അന്ധകാരത്തിലേക്ക് എറിയപ്പെട്ട മനുഷ്യൻ ഇത്തരം ചിന്തകളാൽ നെയ്യപ്പെട്ട വസ്ത്രമാണ് ധരിച്ചിരുന്നത് (മത്താ 22:13). അയാൾ വിവാഹവിരുന്നിൽ പങ്കെടുക്കാനർഹനായിരുന്നില്ലായെന്ന് അവനെ ക്ഷണിച്ച കർത്താവ് വിധിക്കുകയും ചെയ്തു. ഭൗതികവസ്തുക്കളെക്കുറിച്ചുള്ള ആഗ്രഹങ്ങൾ വെടിഞ്ഞ വിരൂപമായ ആത്മാവു നേടിയ നിസ്സംഗതയാണ് യഥാർത്ഥ വിവാഹവസ്ത്രം.

പ്രാർത്ഥനയെക്കുറിച്ചുള്ള ലേഖനങ്ങളിൽ ഭൗതികവസ്തുക്കളെക്കുറിച്ച് താല്പര്യമുള്ള ആളുകൾക്ക് എങ്ങനെയാണ് യഥാർത്ഥ ദൈവജ്ഞാനം നഷ്ടപ്പെട്ടിരിക്കുന്നത് എന്നു പറഞ്ഞിട്ടുണ്ട്.

www.malankaralibrary.com

23. ആദ്യം പറഞ്ഞിട്ടുള്ളതുപോലെ, സന്ന്യാസജീവിതത്തിൽ നിന്നു നമ്മെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്ന മൂന്നുകൂട്ടം പിശാചുക്കളാണ് ഉള്ളത്. തൊട്ടുപിന്നാലെ ശത്രുസൈന്യം മുഴുവനുമുണ്ട്. ആദ്യത്തെ മൂന്നുകൂട്ടം പിശാചുക്കൾ മുൻനിരയിൽ നിന്നു പോരാടുകയും അശുദ്ധചിന്തകളാൽ ആത്മാവിനെ വഴിതെറ്റിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഭക്ഷണത്തെക്കുറിച്ച് അത്യാർത്തി വളർത്തുന്നവർ, അത്യാഗ്രഹം ജനിപ്പിക്കുന്നവർ, നമ്മെക്കുറിച്ചു മറ്റുള്ളവരിൽ മതിപ്പുളവാക്കണമെന്ന ആഗ്രഹത്തിനു കാരണമാകുന്നവർ എന്നിവരാണ് ഈ മൂന്നു കൂട്ടർ. ശുദ്ധമായ പ്രാർത്ഥനയാണ് നിങ്ങളാഗ്രഹിക്കുന്നതെങ്കിൽ കോപത്തെ നിയന്ത്രിക്കുക; ആത്മനിയന്ത്രണമാണ് ആഗ്രഹിക്കുന്നതെങ്കിൽ നിങ്ങളുടെ വയറിനെ നിയന്ത്രിക്കുക. അപ്പവും ജലവുംപോലും വളരെക്കുറച്ചു മാത്രം ഉപയോഗിക്കുക. പ്രാർത്ഥനയിൽ ശ്രദ്ധാലുവാകുകയും വിദ്വേഷം ഒഴിവാക്കുകയും ചെയ്യുക. പരിശുദ്ധാത്മാവിന്റെ പ്രബോധനങ്ങൾ എപ്പോഴും നിങ്ങളുടെ കൂടെയുണ്ടായിരിക്കട്ടെ; നിങ്ങളുടെ കൈകളെന്നോണം സദ്ഗുണങ്ങളുപയോഗിച്ച് വിശുദ്ധഗ്രന്ഥത്തിന്റെ പടിവാതിലിൽ മുട്ടുക. അപ്പോൾ നിങ്ങളുടെയുള്ളിൽ നിർവ്വികാരതയുളവാകും; പ്രാർത്ഥനാവേളയിൽ നിങ്ങളുടെ മനസ്സ് ഒരു നക്ഷത്രംപോലെ ശോഭിക്കും.

www.malankaralibrary.com

## ജാഗ്രതയെക്കുറിച്ചുള്ള ലേഖനങ്ങളിൽനിന്ന് ചില ഭാഗങ്ങൾ

1. നാളെ താൻ മരണമടയും എന്ന വിചാരത്തോടെയാവണം ഒരു സന്ന്യാസി എപ്പോഴും പെരുമാറേണ്ടത്; അതേസമയം വർഷങ്ങളോളം താൻ ജീവിച്ചിരിക്കുമെന്ന മട്ടിലാവണം അയാൾ തന്റെ ശരീരത്തെ കാണേണ്ടത്. ആദ്യത്തെ ചിന്ത അയാളെ അലസതയിൽനിന്ന് മോചിപ്പിക്കുകയും കഠിനാദ്ധ്വാനിയാക്കുകയും ചെയ്യും; രണ്ടാമത്തേതാകട്ടെ, ശരീരത്തെ ആരോഗ്യമുള്ളതും ആത്മനിയന്ത്രണത്താൽ പാകപ്പെട്ടതുമാക്കിത്തീർക്കും.

2. ആത്മീയജ്ഞാനം നേടി, അതിൽനിന്നുള്ള ആനന്ദം അനുഭവിക്കുന്ന ഒരാൾ, എല്ലാവിധ ഭൗതികസുഖങ്ങളും വാഗ്ദാനം ചെയ്താൽ പോലും ആത്മപ്രശംസയുടെ പിശാചിന് ഒരിക്കലും കീഴടങ്ങുകയില്ല. ആത്മീയജ്ഞാനത്തെക്കാൾ ഉത്തമമായ എന്തെങ്കിലും വാഗ്ദാനം ചെയ്യാൻ പിശാചിന് സാധിക്കുമോ? എന്നാൽ ഈ ജ്ഞാനം അനുഭവിച്ചറിയാത്തിടത്തോളം കാലം സുകൃതാഭ്യാസത്തിന് നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. അതുവഴി ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം നേടുകയാണ് നമ്മുടെ ലക്ഷ്യമെന്ന് നമുക്കു അവിടുത്തെ കാണിക്കുകയും ചെയ്യാം.

3. നമുക്ക് മുമ്പ് ജീവിച്ചിരുന്ന സന്ന്യാസിമാരുടെ ജീവിതചര്യ നാം മനസ്സിലാക്കുകയും അവരുടെ മാതൃക പിന്തുടർന്ന് നമ്മുടെ ലക്ഷ്യത്തിലെത്തിച്ചേരുകയും വേണം. അവരുടെ ജീവിതത്തിലെ എടുത്തു പറയേണ്ടുന്ന ഒരു വസ്തുത, മിതവും സമീകൃതവുമായ ആഹാരമാണ്; ഒപ്പം സ്നേഹവും. ഇതിന്റെ ഫലമായി ഒരു സന്ന്യാസി നിസ്സംഗതയുടെ തുറമുഖത്തെത്തുന്നു.

4. ഒരിക്കൽ ഞാൻ വിശുദ്ധ മക്കാറിയോസിനെ സന്ദർശിച്ചു. കടുത്ത ദാഹത്താൽ വിഷമിച്ച ഒരു നട്ടുച്ചയ്ക്കായിരുന്നു അത്. ഞാൻ അദ്ദേഹത്തോട് ഒരു ഗ്ലാസ് വെള്ളമാവശ്യപ്പെട്ടപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു: ‘വെള്ളം കുടിക്കണമെന്നാഗ്രഹിക്കുന്നതിനു പകരം

www.malankaralibrary.com

തണലത്തു നിൽക്കുന്നതുകൊണ്ട് തൃപ്തിപ്പെടുക; ഈ നിമിഷം അതുപോലും കിട്ടാത്ത എത്രയോ യാത്രക്കാരുണ്ട്'. ആത്മസംയമനം പാലിക്കുന്നതിലെ ബുദ്ധിമുട്ടുകളെക്കുറിച്ച് ഞാൻ പറഞ്ഞപ്പോൾ ഇതായിരുന്നു അദ്ദേഹത്തിന്റെ ഉപദേശം: 'എന്റെ മകനെ, ധൈര്യ മായിരിക്കുക; എന്തെന്നാൽ കഴിഞ്ഞ ഇരുപതു വർഷമായി ഞാൻ വയറുനിറച്ചു അപ്പം ഭക്ഷിക്കുകയോ വെള്ളം കുടിക്കുകയോ ആവശ്യ ത്തിന് ഉറങ്ങുകയോ ചെയ്തിട്ടില്ല; വളരെ മിതമായി അപ്പവും വെള്ളവും കുറച്ചു സമയം ഭിത്തിയിൽ ചാരിയിരുന്നുള്ള ഉറക്കവുമാണ് ഞാൻ ശീലിച്ചുപോരുന്നത്'.

5. ആത്മീയഗ്രന്ഥങ്ങൾ വായിക്കുകയും ജാഗ്രത പുലർത്തുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നത്, അലഞ്ഞുതിരിയുന്ന മനസ്സിനെ സ്ഥൈര്യപ്പെടുത്താൻ സഹായിക്കും. വിശപ്പും കഠിനാദ്ധ്വാനവും ഭൗതികതയോടുള്ള വിരക്തിയും കത്തിക്കാളുന്ന ആഗ്രഹങ്ങളെ അമർച്ചചെയ്യും. സ്തുതിഗീതങ്ങൾ ആലപിക്കുകയും കഠിനയാതന സഹിക്കുകയും സഹാനുഭൂതി പുലർത്തുകയും ചെയ്യുന്നത് നമ്മുടെ ഉള്ളിലെ അനിയന്ത്രിതമായ കോപത്തെ നിയന്ത്രിക്കും. അമിതമായതും അസമയത്തുണ്ടാകുന്നതുമായ എന്തും ഹ്രസ്വവും ഉപകാരത്തേ ക്കാളധികം ദോഷകരവുമാണെന്ന് നാം മനസ്സിലാക്കണം.

www.malankaralibrary.com

# പ്രാർത്ഥനയെക്കുറിച്ചുള്ള നൂറ്റിയമ്പത്തിമൂന്ന് പാഠങ്ങൾ

## ആമുഖക്കുറിപ്പ്

അശുദ്ധ വികാരങ്ങൾ ബാധിച്ച് ലജ്ജാകരമായ ചിന്തകളാൽ ഞെരുക്കപ്പെട്ട് ഞാൻ വിഷമിച്ചിരുന്നപ്പോൾ നമ്മുടെ മഹാനായ വഴികാട്ടിയും ഗുരുവുമായവന്റെ ഉപദേശങ്ങളാലെന്നവണ്ണം അങ്ങയുടെ കത്തുകളിലൂടെ ഞാൻ ആരോഗ്യം വീണ്ടെടുത്തു. അനുഗൃഹീതനായ യാക്കോബിനെപ്പോലെ അങ്ങും ശ്രേഷ്ഠമായ ഒരു പാരമ്പര്യം നേടിയെടുത്തിരിക്കുന്നതിനാൽ ഇതിൽ അത്ഭുതപ്പെടാനൊന്നുമില്ല. റാഹേലിനെ നേടാനുള്ള അങ്ങയുടെ പ്രയത്നഫലമായി അങ്ങേയ്ക്കിപ്പോൾ ലെയായെ (ഉല്പ 29:25) ലഭിച്ചിരിക്കുന്നു. ഇപ്പോൾ അങ്ങ് റാഹേലിനെയും പ്രതീക്ഷിക്കുന്നു; എന്തെന്നാൽ അവൾക്കുവേണ്ടി അങ്ങ് ഏഴു വർഷംകൂടി പണിയെടുത്തിരിക്കുന്നു.

രാത്രി മുഴുവൻ പണിയെടുത്തെങ്കിലും എനിക്കൊന്നും കിട്ടിയില്ല എന്നു പറയാതിരിക്കാൻ സാധിക്കുകയില്ല. എങ്കിലും അങ്ങു പറഞ്ഞതനുസരിച്ച് ഞാൻ വീണ്ടും വലയെറിഞ്ഞു. വലിയ മത്സ്യത്തെ കിട്ടിയില്ലെങ്കിലും നൂറ്റിയൻപത്തിമൂന്ന് ചെറുമത്സ്യങ്ങളെ എനിക്കു കിട്ടി (യോഹ 21:11). അങ്ങ് ആവശ്യപ്പെട്ടതനുസരിച്ച് അവയെ നൂറ്റിയൻപത്തിമൂന്ന് പാഠങ്ങളുടെ രൂപത്തിൽ സ്നേഹമാകുന്ന കൂടയിൽ അയച്ചുതരികയാണ്.

പ്രാർത്ഥനയെക്കുറിച്ചുള്ള പാഠങ്ങൾ കിട്ടാൻ അങ്ങേയ്ക്ക് താല്പര്യമുണ്ടെന്നറിയുന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. ഈ താല്പര്യം കടലാസിൽ മഷിയുപയോഗിച്ചെഴുതിയ പാഠങ്ങൾക്കുവേണ്ടി മാത്രമല്ല, സ്നേഹവും കാരുണ്യവുമുപയോഗിച്ച് മനസ്സിൽ എഴുതപ്പെട്ടവയ്ക്കുവേണ്ടിക്കൂടിയാണ്. ജ്ഞാനിയായ യേശു വ്യക്തമാക്കുന്നതുപോലെ, 'എല്ലാ വസ്തുക്കളും ജോഡികളായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു; ഒന്ന് മറ്റൊന്നിന് പൂരകമാണ്' (പ്രഭാ 42:24)

www.malankaralibrary.com

ആയതിനാൽ ദയവായി കത്ത് സ്വീകരിച്ച് അതിന്റെ ചൈതന്യം ഉൾക്കൊള്ളുക. എന്തെന്നാൽ എഴുതപ്പെട്ട ഓരോ വാക്കും ബുദ്ധിയെ ഉദ്ദേശിച്ചുള്ളതാണ്. കാരണം ബുദ്ധിയില്ലാത്തിടത്ത് എഴുതപ്പെട്ട വാക്കില്ല. പ്രാർത്ഥനയുടെ വഴി രണ്ടു വിധമാണ്. പുണ്യപരിശീലനവും ധ്യാനവുമാണ് അവ. ഇത് സംഖ്യകളുടെ കാര്യത്തിലും ശരിയാണ്; ഒറ്റനോട്ടത്തിൽ അളവുകളാണെന്നു തോന്നിയാലും അവ ഗുണവിശേഷങ്ങൾകൂടിയാണ്.

പ്രാർത്ഥനയെക്കുറിച്ചുള്ള പ്രഭാഷണം നൂറ്റിയൻപത്തിമൂന്ന് പാഠങ്ങളായി ഞാൻ തിരിച്ചിരിക്കുന്നു. ഒരു ആത്മീയവിരുന്നുതന്നെയാണ് ഇതിലൂടെ നിങ്ങൾക്കു കിട്ടുന്നത്. ഒരു ത്രികോണസംഖ്യയും ഒരു ഷഡ്ഭുജകോണസംഖ്യയും ചേർന്നുണ്ടാകുന്ന പ്രതീകാത്മക സംഖ്യ നിങ്ങൾക്കിവിടെ കാണാം. ത്രികോണം പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള ആത്മീയജ്ഞാനത്തെ സൂചിപ്പിക്കുന്നു. ഷഡ്ഭുജകോണമാകട്ടെ ആറു ദിവസംകൊണ്ട് ദൈവം പൂർത്തിയാക്കിയ ലോകസൃഷ്ടിയും. നൂറ് എന്ന സംഖ്യ സമചതുരമാണ്; അൻപത്തിമൂന്ന് ത്രികോണവും ഗോളാകൃതിയിലുള്ളതുമാണ്; ഇരുപത്തിയെട്ട് ത്രികോണവും ഇരുപത്തിയഞ്ച് ഗോളാകൃതിയുമായതിനാലാണ് അൻപത്തിമൂന്ന് രണ്ടാകൃതികളും ചേർന്ന രൂപമായത്. സദ്ഗുണങ്ങളുടെ നാലുതരത്തിലുള്ള പ്രകൃതം സൂചിപ്പിക്കുന്ന സമചതുരവും, കാലത്തിന്റെ ചാക്രികപ്രയാണവും യഥാർത്ഥ അറിവും സൂചിപ്പിക്കുന്ന വൃത്താകാരവും ചേർന്ന് നൂറ്റിയൻപത്തിമൂന്ന് എന്ന സംഖ്യയ്ക്ക് പ്രസക്തിയുണ്ടാകുന്നു. ആഴ്ചകൾ, മാസങ്ങൾ, വർഷങ്ങൾ, ഋതുക്കൾ എന്നിങ്ങനെ കാലപ്രയാണം ചാക്രികാകൃതിയിലാണല്ലോ. ത്രികോണം പരിശുദ്ധത്രിത്വത്തെക്കുറിച്ചുള്ള അറിവിനെ സൂചിപ്പിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ നൂറ്റിയൻപത്തിമൂന്ന് എന്ന സംഖ്യയിലൂടെ സദ്ഗുണങ്ങളുടെ പരിശീലനവും ദൈവത്തെക്കുറിച്ചുള്ള ഏകാഗ്രചിന്തയും ആത്മീയജ്ഞാനവും സൂചിപ്പിക്കപ്പെടുന്നു; വിശ്വാസവും പ്രതീക്ഷയും സ്നേഹവും ഇതിലടങ്ങിയിരിക്കുന്നു (1 കൊരി 13:13). അല്ലെങ്കിൽ, സ്വർണ്ണവും വെള്ളിയും രത്നക്കല്ലുകളും അടങ്ങിയിരിക്കുന്നു (1 കൊരി 3:12). അതാണീ സംഖ്യയുടെ പ്രത്യേകത.

ഈ ലേഖനങ്ങളുടെ ഗൗരവമില്ലായ്മയെക്കുറിച്ച് അവജ്ഞ പാടില്ല; എന്തെന്നാൽ, നിങ്ങൾക്കു കിട്ടുന്നത് അല്പമോ ധാരാളമോ ആകട്ടെ,

www.malankaralibrary.com

അതുകൊണ്ട് തൃപ്തിപ്പെടാൻ നിങ്ങൾക്കറിയാം (ഫിലി 4:12). വിധവ നല്കിയ ചെമ്പുനാണയങ്ങൾ ക്രിസ്തു നിഷേധിച്ചില്ല എന്നോർമ്മിക്കണം (മർക്കോ 12:44). മറ്റുള്ളവരുടെ വിലപിടിച്ച സമ്മാനങ്ങളെക്കാളും അവൻ മാനിച്ചതും അവയായിരുന്നു. നിങ്ങളുടെ സഹോദരങ്ങളോട് സ്നേഹവും കാരുണ്യവും കാണിക്കുകയും രോഗികളായവർ ക്രിസ്തുവിന്റെ കൃപയാൽ സൗഖ്യം പ്രാപിച്ച് കിടക്കയുമെടുത്ത് എഴുന്നേറ്റു നടക്കുന്നതിനായി (മത്താ 2:11) പ്രാർത്ഥിക്കുകയും ചെയ്യുക. ആമേൻ.

1. സുഗന്ധദ്രവ്യമുണ്ടാക്കുന്നതിന് ഒരുവൻ നിയമാനുസൃതം മീറയും ദ്രാവകപ്പശയും സുഗന്ധമുള്ള തൊണ്ടുകളും ഗുൽഗുലുവും തുല്യ അളവിൽ ചേർക്കേണ്ടതുണ്ട് (പുറ 30:34). ഇവ നാലും നാല് സദ്ഗുണങ്ങളാണ്. ഇവയുടെ പൂർണ്ണവും തുല്യവുമായ വികാസം എല്ലാ അപകടങ്ങളിൽനിന്നും മനസ്സിനെ രക്ഷിക്കും.

2. കല്പനകളെല്ലാം അനുസരിക്കുന്നതിലൂടെ ആത്മാവ് ശുദ്ധീകരിക്കപ്പെടുമ്പോൾ അത് മനസ്സിനെ ഉറപ്പുള്ളതും പ്രാർത്ഥനയ്ക്ക് അനുകൂലമായ അവസ്ഥയിലേക്ക് ഉയരാൻ പര്യാപ്തവുമാക്കിത്തീർക്കുന്നു.

3. ദൈവവുമായുള്ള മനസ്സിന്റെ സംസർഗ്ഗമാണ് പ്രാർത്ഥന. വീഴ്ച കൂടാതെ, മദ്ധ്യസ്ഥരില്ലാതെ തന്റെ കർത്താവുമായി ബന്ധപ്പെടുന്നതിന് ഏതവസ്ഥയിലാണ് മനസ്സ് എത്തിച്ചേരേണ്ടത്?

4. കത്തിജ്വലിക്കുന്ന മുൾപ്പടർപ്പിനടുത്തേക്ക് നടന്നുചെല്ലാൻ ഒരുങ്ങിയ മോശയോട് തന്റെ കാലിലെ ചെരുപ്പുകളഴിച്ചുകളയുന്നതുവരെ അടുത്തേക്ക് വരരുതെന്ന് ദൈവം വിലക്കി (ഉല്പ 3:5). അതുപോലെതന്നെ ബാഹ്യേന്ദ്രിയങ്ങൾകൊണ്ട് അറിയാനാവാത്ത ദൈവത്തെ സമീപിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ എല്ലാത്തരത്തിലുമുള്ള വികാരാധീനചിന്തയിൽനിന്നും നീ സ്വതന്ത്രനാകണം.

5. കണ്ണുനീരിന്റെ വരം ലഭിക്കുവാൻവേണ്ടി ആദ്യമായി പ്രാർത്ഥിക്കുക. അങ്ങനെ, ദുഃഖത്തിലൂടെ നിങ്ങളുടെ ആത്മാവിൽ മൃഗീയമായിട്ടുള്ളതിനെ ഇണക്കുവാൻ നിങ്ങൾക്കു സാധിക്കും. നിങ്ങളുടെ തെറ്റുകൾ കർത്താവിനോട് ഏറ്റു പറഞ്ഞു കഴിയുമ്പോൾ നിങ്ങൾക്ക് പാപമോചനം ലഭിക്കും.

www.malankaralibrary.com

6. കണ്ണീരൊഴുക്കിക്കൊണ്ട് പ്രാർത്ഥിക്കുക, ദൈവം നിങ്ങളുടെ പ്രാർത്ഥന കേൾക്കും. നിങ്ങൾ കണ്ണീരോടെ പ്രാർത്ഥിക്കുമ്പോൾ കർത്താവ് അതിയായി സന്തോഷിക്കുന്നു.

7. നിങ്ങൾ പ്രാർത്ഥിക്കുന്നത് കണ്ണുനീർ തൂവിക്കൊണ്ടാണെങ്കിൽ, നിങ്ങൾ മറ്റുള്ളവരെക്കാൾ മെച്ചമാണെന്ന് കരുതി അതേച്ചൊല്ലി അഭിമാനിക്കാതിരിക്കുക. നിങ്ങൾ പാപങ്ങൾ ഏറ്റുപറയുന്നതിനും കണ്ണുനീരിലൂടെ കർത്താവുമായുള്ള സമാധാനം സംസ്ഥാപിക്കുന്നതിനും വേണ്ടിയാണ് നിങ്ങളുടെ പ്രാർത്ഥന കേൾക്കപ്പെടുന്നത്. അതിനാൽ വികാരങ്ങളുടെ പ്രതിവിധിയെ വികാരമാക്കി മാറ്റാതിരിക്കുക. നിങ്ങളെ അനുഗ്രഹിച്ച ദൈവത്തെ പ്രകോപിപ്പിക്കുകയാകും അതിലൂടെ നിങ്ങൾ ചെയ്യുന്നത്.

8. തങ്ങളുടെ പാപങ്ങളെപ്രതി കണ്ണുനീർ തൂകുന്നവരിൽ പലരും, അത് എന്തിനുവേണ്ടിയാണ് എന്ന കാര്യം മറക്കുകയും അങ്ങനെ തങ്ങളുടെ ഭോഷത്തത്തിൽ അവർക്ക് വഴിതെറ്റുകയും ചെയ്യുന്നു.

9. പ്രാർത്ഥനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുക; നിങ്ങളുടെ ഉള്ളിൽ ഉരുത്തിരിയുന്ന അസ്വാസ്ഥ്യങ്ങളെയും ആശങ്കകളെയും ആട്ടിയകറ്റുക. നിങ്ങളുടെ മനസ്സിനെ അലട്ടുകയും പ്രാർത്ഥനയുടെ തീവ്രത കുറയ്ക്കുകയുമാണ് അവയുടെ ഉദ്ദേശ്യം.

10. നിങ്ങൾ പ്രാർത്ഥനയിൽ ആത്മാർത്ഥതയുള്ളവനാണെന്നു കാണുമ്പോൾ പിശാചു നിങ്ങളെ ശല്യപ്പെടുത്താൻ ശ്രമിക്കും; നിങ്ങളുടെയുള്ളിൽ പലതരത്തിലുള്ള ആഗ്രഹങ്ങളും ആവശ്യങ്ങളും ഉണർത്തിവിട്ട് നിങ്ങളുടെ മനസ്സിനെ വഴിതെറ്റിക്കും; അവയുടെ പിന്നാലെ പോകുന്ന മനസ്സാകട്ടെ, അവ കണ്ടെത്താതെ വരുമ്പോൾ നിരാശാഭരിതമാവുകയും ചെയ്യും. പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന മനസ്സിൽ പിശാച് ഇത്തരത്തിലുള്ള വേണ്ടാത്ത ചിന്തകൾ നിറച്ച് പ്രാർത്ഥനയുടെ സദ്ഫലങ്ങൾ നഷ്ടപ്പെടുത്താൻ കാരണമാകും.

11. പ്രാർത്ഥനാവേളയിൽ നിങ്ങളുടെ മനസ്സ് ബധിരവും മൂകവുമായിരിക്കട്ടെ; അപ്പോൾ മാത്രമാണ് നിങ്ങൾക്ക് നന്നായി പ്രാർത്ഥിക്കാൻ കഴിയുന്നത്.

12. നിങ്ങളെ പെട്ടെന്നുള്ള കോപത്തിലേക്കും വിവേകശൂന്യമായ വാക്കുകളിലേക്കും നയിച്ചുകൊണ്ട്, ഏതെങ്കിലും പ്രലോഭനമോ

www.malankaralibrary.com

കലഹപ്രിയമോ നിങ്ങളിലുളവായാൽ, നിങ്ങളുടെ പ്രാർത്ഥനയേയും അതിനെക്കുറിച്ച് എങ്ങനെ വിധിക്കപ്പെടും എന്നതിനേയുംകുറിച്ച് ചിന്തിക്കുക. അപ്പോൾ, പൊടുന്നനെ നിങ്ങളിലെ ക്രമരഹിതമായ നീക്കങ്ങൾ അവസാനിക്കും.

13. നിങ്ങൾക്ക് ഉപദ്രവം ചെയ്ത സഹോദരനോട് പ്രതികാരം ചെയ്യാൻ പ്രയോഗിക്കുന്നവയെല്ലാം നിങ്ങളുടെ പ്രാർത്ഥനയെ തടസ്സപ്പെടുത്തുമെന്ന് മനസ്സിലാക്കുക.

14. കോപത്തിൽനിന്നുള്ള മോചനത്തിന്റെയും സൗമ്യതയുടെയും പുഷ്പമാണ് പ്രാർത്ഥന.

15. ദൈവത്തോടുള്ള കൃതജ്ഞതയുടെയും സന്തോഷത്തിന്റെയും ഫലമാണ് പ്രാർത്ഥന.

16. നൈരാശ്യത്തിനും വിഷാദത്തിനുമുള്ള പരിഹാരമാർഗ്ഗമാണ് പ്രാർത്ഥന.

17. 'നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക' (മത്താ 19:21); നിന്നെത്തന്നെ പരിത്യജിച്ച് നിന്റെ കുരിശെടുക്കുക' (മത്താ 16:24). അങ്ങനെ ചെയ്യുന്നതിലൂടെ പ്രാർത്ഥനാവേളയിൽ നിങ്ങൾ അശ്രദ്ധയിൽനിന്ന് മോചിതരാകും.

18. പ്രാർത്ഥിക്കേണ്ട രീതിയിൽ പ്രാർത്ഥിക്കാൻ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ എല്ലായ്പ്പോഴും നിങ്ങളെത്തന്നെ പരിത്യജിക്കുക. ഏതെങ്കിലും ക്ലേശം നിങ്ങളെ അലട്ടിയാൽ പ്രാർത്ഥനയിൽ മുഴുകുക.

19. ജ്ഞാനത്തോടുള്ള സ്നേഹംമൂലം നിങ്ങൾ വേദന സഹിക്കുകയാണെങ്കിൽ, തീർച്ചയായും പ്രാർത്ഥനാവേളയിൽ നിങ്ങൾക്കതിന്റെ ഫലം ലഭിക്കും.

20. വേണ്ടരീതിയിൽ പ്രാർത്ഥിക്കാൻ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ ആരെയും വേദനിപ്പിക്കാതിരിക്കുക; അല്ലെങ്കിൽ നിങ്ങൾ 'വെറുതെ ഓടുകയാണെന്നുവരും' (ഫിലി 2:16).

21. 'കാഴ്ചവസ്തു ബലിപീഠത്തിനു മുമ്പിൽ വച്ചിട്ടുപോയി സഹോദരനോടു രമ്യതപ്പെടുക' (മത്താ 5:24); അതിനുശേഷം മാത്രമേ തടസ്സമില്ലാതെ പ്രാർത്ഥിക്കാനാവുകയുള്ളൂ. എന്തെന്നാൽ ആരോടെ

www.malankaralibrary.com

ങ്കിലുമുള്ള വിരോധം പ്രാർത്ഥനാനിരതനായവന്റെ മനസ്സിനെ ഇരുളി ലാഴ്ത്തുകയും പ്രാർത്ഥനയുടെ ദീപമണയ്ക്കുകയും ചെയ്യും.

22. ദുഃഖവും വിരോധവും ഉള്ളിൽ സൂക്ഷിച്ചുവയ്ക്കുന്നവർ ദ്വാരമുള്ള പാത്രത്തിൽ വെള്ളം കോരിനിറയ്ക്കാൻ ശ്രമിക്കുന്ന വരാണ്.

23. വരുന്നതെന്തും നിങ്ങൾ ക്ഷമയോടെ സ്വീകരിക്കുമെങ്കിൽ നിങ്ങൾക്ക് എല്ലായ്പ്പോഴും സന്തോഷത്തോടെ പ്രാർത്ഥിക്കാൻ സാധിക്കും.

24. നിങ്ങൾ വേണ്ട രീതിയിൽ പ്രാർത്ഥിക്കുമ്പോൾ കോപത്തിനു കാരണമാകുന്ന ചിന്തകൾ നിങ്ങളുടെ ഉള്ളിലുണ്ടായേക്കാം; നിങ്ങളുടേത് ന്യായമായ കോപമാണെന്നും തോന്നിയേക്കാം. എന്നാൽ നിങ്ങളുടെ സഹോദരനോടുള്ള കോപം ഒരിക്കലും ന്യായമല്ല. കോപിക്കാതെതന്നെ എല്ലാം നേരാംവണ്ണം നടത്താ നാവുമെന്ന് അന്വേഷണത്തിലൂടെ നിങ്ങൾക്ക് കണ്ടെത്താനാകും. അതിനാൽ കോപിക്കാതിരിക്കാൻ പരമാവധി ശ്രമിക്കുക.

25. ആരെയെങ്കിലും സുഖപ്പെടുത്തുമ്പോൾ, നിങ്ങൾ സുഖം പ്രാപിക്കാനാവാത്ത സ്ഥിതിയിൽ നിലനില്ക്കാതിരിക്കാൻ ശ്രദ്ധി ക്കുക; അല്ലെങ്കിൽ നിങ്ങളുടെ പ്രാർത്ഥന നിഷ്ഫലമായിത്തീരും.

26. നിങ്ങൾ കോപം ഒഴിവാക്കുമെങ്കിൽ നിങ്ങളും അതിൽനിന്ന് ഒഴിവാക്കപ്പെടും; നിങ്ങൾ നിങ്ങളുടെ വിവേകം പ്രകടമാക്കുകയും പ്രാർത്ഥിക്കുന്നവരിൽ ഒരുവനായിത്തീരുകയും ചെയ്യും.

27. കോപത്തെ പ്രതിരോധിക്കാൻ കഴിയുന്നവന് അഭിലാഷ ങ്ങളെയെല്ലാം പ്രതിരോധിക്കാൻ കഴിയും. കാരണം, ആഗ്രഹങ്ങളിൽ നിന്നു കോപമുണ്ടാവുകയും കോപം ആത്മീയ ദർശനത്തെ തടസ്സ പ്പെടുത്തുകയും പ്രാർത്ഥനയ്ക്ക് വിഘാതമുണ്ടാക്കുകയും ചെയ്യുന്നു.

28. ബാഹ്യമായ ആംഗ്യങ്ങളിലൂടെയോ ഭാവങ്ങളിലൂടെയോ മാത്രമല്ല പ്രാർത്ഥിക്കേണ്ടത്; ആന്തരികമായ ഭയഭക്ത്യാദരങ്ങ ളോടെയുമാണ് പ്രാർത്ഥിക്കേണ്ടത്.

29. ചില സമയത്ത് പ്രാർത്ഥന ആരംഭിക്കുമ്പോൾതന്നെ നിങ്ങൾക്ക് നന്നായി പ്രാർത്ഥിക്കുവാൻ കഴിഞ്ഞെന്നു വരും; മറ്റു ചില

www.malankaralibrary.com

പ്പോൾ എത്ര ശ്രമിച്ചാലും അതിന് കഴിഞ്ഞില്ലെന്നും വരും. നിങ്ങൾ കൂടുതൽ പരിശ്രമിക്കുകയും പ്രാർത്ഥനയെന്ന അനുഗ്രഹം നിലനിർത്തുകയും ചെയ്യുന്നതിനുവേണ്ടിയാണ് ഈ പരീക്ഷണം.

30. ഒരു മാലാഖ നമ്മെ സമീപിക്കുമ്പോൾ നമ്മെ ഉപദ്രവിക്കുന്നവരെല്ലാം ഉടൻതന്നെ പിൻവാങ്ങുന്നു. അപ്പോൾ നമ്മുടെ മനസ്സ് ശാന്തമായി പ്രാർത്ഥനയിൽ മുഴുകുന്നു. എന്നാൽ നാം പിശാചിനാൽ ആക്രമിക്കപ്പെടുമ്പോൾ മനസ്സ് ശാന്തമായി പ്രാർത്ഥിക്കാനാവാതെ വിഷമിക്കുന്നു. മുൻകാലങ്ങളിൽ വികാരങ്ങൾക്കു വശംവദനായി മനസ്സ് ബലഹീനമായിത്തീർന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. എന്നാൽ അന്വേഷിച്ചുകൊണ്ടിരുന്നാൽ ലഭിക്കുകയും, വാതിലിൽ മുട്ടിയാൽ അതു തുറക്കപ്പെടുകയും ചെയ്യും (മത്താ 7:8).

31. നിങ്ങളുടെ ആഗ്രഹപൂർത്തീകരണത്തിനുവേണ്ടി പ്രാർത്ഥിക്കരുത്. എന്തെന്നാൽ അത് ദൈവേച്ഛയ്ക്ക് നിരക്കുന്നതായിക്കൊള്ളണമെന്നില്ല. പകരം നിങ്ങൾ പഠിച്ചിട്ടുള്ളതുപോലെ ഇങ്ങനെ പ്രാർത്ഥിക്കുക: 'അങ്ങയുടെ ഹിതം എന്നിൽ നിറവേറ്റപ്പെടട്ടെ' (ലൂക്കോ 22:42). അവിടുത്തെ ഹിതം നിറവേറ്റണമേ എന്ന് തുടർച്ചയായി പ്രാർത്ഥിക്കുക. പലപ്പോഴും നിങ്ങൾ ആവശ്യപ്പെടാറില്ലെങ്കിൽപോലും നിങ്ങൾക്ക് നല്ലതും ഉപകാരപ്രദവുമായവയാണ് അവിടുന്ന് ആഗ്രഹിക്കുന്നത്.

32. പലപ്പോഴും എനിക്ക് നല്ലതെന്നു തോന്നുന്നത് കിട്ടാൻവേണ്ടി ഞാൻ പ്രാർത്ഥിച്ചിട്ടുണ്ട്; ദൈവഹിതം മാനിക്കാതെ നിർബന്ധപൂർവ്വം ഞാനെന്റെ യാചന തുടർന്നു. എനിക്ക് ഏറ്റവും നല്ലതായിട്ടുള്ളത് എന്താണെന്ന് അറിയാവുന്ന അവിടുത്തെ ഞാൻ പ്രവർത്തിക്കാൻ അനുവദിച്ചതുമില്ല. എന്നാൽ ദൈവഹിതം നിറവേറ്റാനായി പ്രാർത്ഥിക്കാതിരുന്നതുമൂലം ചോദിച്ചതു കിട്ടിയപ്പോൾ എനിക്കു നിരാശയാണുണ്ടായത്; കാരണം ഞാൻ പ്രതീക്ഷിച്ചിരുന്നതുപോലെ ഗുണകരമായിരുന്നില്ല അത്.

33. ദൈവമൊഴികെ നല്ലതെന്താണുള്ളത്? അതിനാൽ നമ്മെ സംബന്ധിക്കുന്ന സകലതും നമുക്ക് ദൈവത്തിനു വിട്ടുകൊടുക്കാം, അപ്പോൾ എല്ലാം നന്നായി ഭവിക്കും. പ്രകൃത്യാ നല്ലവനായ അവിടുന്ന് നന്മയുടെ ദാതാവാണ്.

www.malankaralibrary.com

34. നിങ്ങൾ ചോദിക്കുന്നതു ഉടൻതന്നെ കിട്ടിയില്ലെങ്കിൽ നിരാശപ്പെടാതിരിക്കുക. കൂടുതൽ നല്ലതെന്തോ അതായത് പ്രാർത്ഥനയിൽ ഉറച്ചുനിൽക്കാനുള്ള വരം നിങ്ങൾക്കു നല്കാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിന്റെ സ്നേഹമനുഭവിക്കുകയും അവിടുന്നുമായി സമ്പർക്കത്തിലേർപ്പെടുകയും ചെയ്യുന്നതല്ലേ ഏറ്റവും നല്ല വരം?

35. തടസ്സമില്ലാതെ പ്രാർത്ഥിക്കാൻ കഴിയുന്നതാണ് മനസ്സിന്റെ ഏറ്റവും ഉന്നതമായ അവസ്ഥ.

36. ദൈവത്തിലേക്കുള്ള മനസ്സിന്റെ ഉയർച്ചയാണ് പ്രാർത്ഥന.

37. ആത്മാർത്ഥമായി പ്രാർത്ഥിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ എല്ലാം നേടാൻവേണ്ടി എല്ലാം നഷ്ടപ്പെടുത്താൻ തയ്യാറാകുക.

38. വികാരങ്ങളെ ശുദ്ധീകരിക്കുന്നതിനുവേണ്ടിയാണ് ആദ്യം പ്രാർത്ഥിക്കേണ്ടത്. രണ്ടാമതായി അജ്ഞതയിൽനിന്നും വിസ്മൃതിയിൽനിന്നും മോചിപ്പിക്കുന്നതിനുവേണ്ടി. മൂന്നാമത്, എല്ലാ പ്രലോഭനങ്ങളിൽനിന്നും പരീക്ഷണങ്ങളിൽനിന്നും കർത്തവ്യവിലോപത്തിൽനിന്നും രക്ഷപെടുത്തുന്നതിനുവേണ്ടിയും.

39. നീതിയും സ്വർഗ്ഗരാജ്യവുമാണ് പ്രാർത്ഥനയിലൂടെ നേടാനാഗ്രഹിക്കേണ്ടത് – പുണ്യവും ആത്മീയജ്ഞാനവും ഇതുതന്നെ: അപ്പോൾ 'മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും' (മത്താ 6:33).

40. നിങ്ങളുടെ മാത്രമല്ല, സഹജീവികളുടെയും ശുദ്ധീകരണത്തിനുവേണ്ടി പ്രാർത്ഥിക്കുന്നത് യുക്തമാകുന്നു. അങ്ങനെ, മാലാഖമാരെ അനുകരിക്കുക.

41. പ്രാർത്ഥനാവേളയിൽ നിങ്ങൾ യഥാർത്ഥത്തിൽ ദൈവസന്നിധിയിൽ നിൽക്കുന്നുണ്ടോ അതോ, ദീർഘമായി പ്രാർത്ഥിക്കുന്നു എന്ന് നടിക്കുന്നതിലൂടെ, മനുഷ്യരുടെ പ്രശംസ നേടുക എന്ന ആഗ്രഹമാണോ നിങ്ങളെ കീഴടക്കുന്നത് എന്ന് പരിശോധിക്കുക.

42. പ്രാർത്ഥിക്കുന്നത് ഒറ്റയ്ക്കായാലും കൂട്ടത്തിലായാലും വെറുമൊരു ദിനചര്യ എന്ന നിലയ്ക്കാവരുത് പ്രാർത്ഥന; മറിച്ച്, പ്രാർത്ഥനയെക്കുറിച്ച് വ്യക്തമായ അവബോധം നിങ്ങൾക്ക് ഉണ്ടാകണം.

www.malankaralibrary.com

43. ഏകാഗ്രതയും അതോടൊപ്പം ഭക്തിയും പശ്ചാത്താപവും പാപങ്ങൾ ഏറ്റുപറയുമ്പോഴുള്ള മനോവേദനയും ഉൾക്കൊള്ളുന്ന താണ് പ്രാർത്ഥനയെക്കുറിച്ചുള്ള അവബോധം.

44. നിങ്ങളുടെ മനസ്സ് പ്രാർത്ഥനാവേളകളിൽ അസ്വസ്ഥമാ ണെങ്കിൽ ഒരു സന്ന്യാസിയെപ്പോലെ പ്രാർത്ഥിക്കാൻ നിങ്ങൾക്കറി യില്ലെന്നാണർത്ഥം. നിങ്ങളുടെ പ്രാർത്ഥന കേവലം ഭൗതികം മാത്ര മാണ്.

45. ഭൂതകാലസ്മരണകളിലൂടെ നിങ്ങൾക്ക് തടസ്സമുണ്ടാവാതിരി ക്കാൻ പ്രാർത്ഥനാവേളയിൽ നിങ്ങളുടെ ഓർമ്മശക്തിയെ എപ്പോഴും ശ്രദ്ധിക്കുക. നിങ്ങൾ ദൈവസന്നിധിയിലാണ് നിൽക്കുന്നതെന്ന് എപ്പോഴും ഓർമ്മിക്കുക. എന്തെന്നാൽ ഓർമ്മകൾക്ക് കീഴ്പ്പെട്ട് പ്രാർത്ഥനയിലെ ഏകാഗ്രത നഷ്ടപ്പെടുത്തുന്ന സ്വഭാവം മനസ്സിനു സഹജമാണ്.

46. പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ പഴയ കാര്യങ്ങളോ വർത്ത മാനകാലവിഷയങ്ങളോ നിങ്ങൾക്ക് അലോസരമുണ്ടാക്കിയ ആളു കളുടെ മുഖങ്ങളോ ഒക്കെ മനസ്സിൽ കടന്നുവരാനിടയുണ്ട്.

47. നാം പ്രാർത്ഥിക്കുന്നതിൽ അസൂയാലുവായ പിശാച് നമ്മെ നമ്മുടെ ലക്ഷ്യത്തിൽനിന്ന് പിന്തിരിപ്പിക്കുന്നതിനായി എന്തു തന്ത്രവും പ്രയോഗിക്കും. പലവിധ ചിന്തകളെ ഉണർത്തുവാനായി നമ്മുടെ ഓർമ്മശക്തിയേയും വികാരങ്ങളെ ഉണർത്തുവാനായി നമ്മുടെ മാംസത്തെയും അവൻ ഉപയോഗിക്കും, അങ്ങനെ ദൈവ സന്നിധിയിലേക്കുള്ള നമ്മുടെ പ്രയാണത്തെ അവൻ തടസ്സപ്പെടുത്തും.

48. പല ശ്രമങ്ങൾക്കും ശേഷം നീതിമാനായ ഒരുവന്റെ പ്രാർത്ഥ നയെ തടസ്സപ്പെടുത്താനാവില്ല എന്നു കാണുമ്പോൾ കൗശലം നിറഞ്ഞ പിശാച് തന്റെ ശ്രമങ്ങളിൽനിന്ന് അല്പമൊന്നു പിന്മാറും. എന്നാൽ അയാൾ തന്റെ പ്രാർത്ഥന അവസാനിപ്പിച്ചു കഴിയുമ്പോൾ അവൻ തിരിച്ചുവരും. അവൻ അയാളുടെ പ്രാർത്ഥനയുടെ ഫലം നശിപ്പിക്കുവാ നായി അയാളെ കോപാകുലനാകാൻ പ്രേരിപ്പിക്കുകയോ അയാളുടെ മനസ്സിനെ അപമാനിച്ചുകൊണ്ട് സുഖേച്ഛ ഉണർത്തുകയോ ചെയ്യും.

49. നിങ്ങൾ വേണ്ട രീതിയിൽ പ്രാർത്ഥിക്കുകയാണെങ്കിൽ തീർച്ചയായും പിശാചിന്റെ ആക്രമണം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുക,

www.malankaralibrary.com

അതിനാൽ നിങ്ങളുടെ പ്രാർത്ഥനയുടെ സദ്ഫലം സംരക്ഷിക്കുന്നതിനായി ജാഗ്രതയോടെ ഇരിക്കുക. കൃഷി ചെയ്യുകയും സംരക്ഷിക്കുകയും ചെയ്യുക (ഉല്പ 2:15) എന്നത് ആരംഭം മുതലേ നിങ്ങളെ ഏല്പിച്ചിരിക്കുന്ന ചുമതലയാണ്. കൃഷിചെയ്ത് ഉല്പാദിപ്പിച്ച നിലയ്ക്ക് ഫലം സംരക്ഷിക്കപ്പെടാതിരുന്നുകൂടാ. അല്ലെങ്കിൽ പ്രാർത്ഥനയിൽനിന്ന് നിങ്ങൾ ഒന്നുംതന്നെ നേടുകയില്ല.

50. ആന്തരികമായ പ്രാർത്ഥനയെ സംബന്ധിച്ചാണ് പിശാചുക്കൾ നമ്മോട് യുദ്ധം ചെയ്യുന്നത്. എന്തെന്നാൽ പ്രാർത്ഥനയെന്നത് പിശാചിന് അങ്ങേയറ്റം വെറുപ്പുള്ളതാകുന്നു. നമുക്കാകട്ടെ, അത് സമാധാനത്തിലേക്കും മോചനത്തിലേക്കുമുള്ള മാർഗ്ഗവും.

51. പിശാചുക്കൾ നമ്മുടെ ഉള്ളിൽ ഏതൊക്കെ വികാരങ്ങൾ ഉണർത്തിവിടാനാണ് ശ്രമിക്കുന്നത്? ഭക്ഷണത്തോടുള്ള ആർത്തി, ചാരിത്ര്യഭംഗം, അത്യാഗ്രഹം, കോപം, വെറുപ്പ് തുടങ്ങി മനസ്സിനെ അശ്ലീലമാക്കുകയും പ്രാർത്ഥനയിൽനിന്നകറ്റുകയും ചെയ്യുന്ന എല്ലാ വികാരങ്ങളും നമ്മിലുളവാക്കാനാണ് അവരുടെ ശ്രമം. നമ്മുടെയുള്ളിലെ യുക്തിസഹജമല്ലാത്ത ചിന്തകളിൽ വികാരങ്ങൾ വ്യാപിച്ചുകഴിഞ്ഞാൽ യഥാവിധം പ്രവർത്തിക്കാൻ അവ മനസ്സിനെ അനുവദിക്കുകയില്ല.

52. നാം നന്മകൾ പരിശീലിക്കുന്നത് സൃഷ്ടിക്കപ്പെട്ട വസ്തുക്കളുടെയെല്ലാം ആന്തരികസത്തയെക്കുറിച്ച് മനസ്സിലാക്കുകയും അതിലൂടെ അവയ്ക്ക് അസ്ഥിത്വം നല്കുന്ന ലോഗൊസിനെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യുന്നതിനുവേണ്ടിയാണ്. നാം പ്രാർത്ഥിക്കുമ്പോൾ സ്രഷ്ടാവ് സ്വയം നമുക്ക് വെളിപ്പെടുത്തുന്നു.

53. നിർവ്വികാരമായ അവസ്ഥയാണ് പ്രാർത്ഥനയുടേത്. സ്നേഹത്തിനായുള്ള തീവ്രമായ ആഗ്രഹത്താൽ പ്രേരിതമായി അത് മനസ്സിനെ ജ്ഞാനത്തിനായി ആദ്ധ്യാത്മിക ലോകത്തിലേക്ക് നയിക്കുന്നു.

54. ആത്മാർത്ഥമായി പ്രാർത്ഥിക്കാൻ ആഗ്രഹിക്കുന്ന ഒരുവൻ കോപത്തെയും വിഷയാസക്തിയെയും മാത്രമല്ല, വൈകാരികത കലർന്ന എല്ലാ ചിന്തകളെയും ഒഴിവാക്കണം.

www.malankaralibrary.com

55. ദൈവത്തെ സ്നേഹിക്കുന്ന ഒരാൾ എല്ലാ വികാരാധീന ചിന്തകളെയും ആട്ടിയകറ്റിക്കൊണ്ട് തന്റെ പിതാവിനോടെന്നവണ്ണം എപ്പോഴും അവിടുത്തോട് സമ്പർക്കം പുലർത്തുന്നു.

56. നിർവ്വികാരത നേടിയതുകൊണ്ടുമാത്രം ഒരാൾ ശുദ്ധമായ പ്രാർത്ഥന സ്വായത്തമാക്കിക്കൊള്ളണമെന്നില്ല. വൈകാരികമല്ലെങ്കിൽപ്പോലും അയാളെ വഴിതെറ്റിച്ച് ദൈവത്തിൽനിന്ന് അകറ്റുന്ന ചിന്തകൾ അപ്പോഴുമുണ്ടായെന്നുവരാം.

57. പലതിനെയും സംബന്ധിച്ചുള്ള നിർവ്വികാരമായ ചിന്തകളെ മനസ്സിൽനിന്ന് ഒഴിവാക്കിയാൽകൂടി ഒരാൾ പ്രാർത്ഥനയുടെ സാമ്രാജ്യത്തിൽ എത്തിക്കൊള്ളണമെന്നില്ല. എന്തെന്നാൽ, അവയുടെ ആന്തരികസത്തയേക്കുറിച്ചുള്ള ചിന്തകൾ അയാളിൽ ഉണ്ടാകാം. ആ വികാരങ്ങൾ നിർവ്വികാരമാണെങ്കിൽപ്പോലും സൃഷ്ടവസ്തുക്കളെക്കുറിച്ചാകയാൽ, അവയുടെ രൂപം മനസ്സിൽ പതിയുകയും അങ്ങനെ ദൈവത്തിൽനിന്ന് അകറ്റുകയും ചെയ്യും.

58. സൃഷ്ടപ്രപഞ്ചത്തെക്കുറിച്ചുള്ള ചിന്തയ്ക്ക് മീതെ ഉയരുവാൻ മനസ്സിന് സാധിച്ചിട്ടില്ലെങ്കിൽ അതിനർത്ഥം ഇതുവരെയും അത് പൂർണ്ണമായി ദൈവരാജ്യത്തിൽ എത്തിച്ചേർന്നിട്ടില്ല എന്നാണ്. അയാളുടെ മനസ്സ് അപ്പോഴും സുഗ്രാഹ്യമായ വസ്തുക്കളിലും അവയുടെ വർദ്ധനത്തിലും വ്യാപൃതമായിരിക്കാം.

59. നിങ്ങൾ പ്രാർത്ഥിക്കാനാഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് ദൈവത്തെ ആവശ്യമുണ്ട്; എന്തെന്നാൽ ദൈവം 'പ്രാർത്ഥിക്കുന്നവർക്ക് പ്രാർത്ഥനയുടെ വരം നല്കുന്നു' (1 ശമു 2:9). ഇങ്ങനെ പറഞ്ഞുകൊണ്ട് ദൈവത്തെ വിളിച്ചപേക്ഷിക്കുക: 'അങ്ങയുടെ നാമം പൂജിതമാകണമേ; അങ്ങയുടെ രാജ്യം വരണമേ' (മത്താ 6:9,10)... ഇവ, പരിശുദ്ധാത്മാവിനെയും ദൈവത്തിന്റെ ഏകജാതനെയും കുറിക്കുന്നു. എന്തെന്നാൽ, 'അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്' (യോഹ 4:24) എന്നാണ് അവിടുന്ന് നമ്മെ പഠിപ്പിച്ചിട്ടുള്ളത്.

60. ആത്മാവിലും സത്യത്തിലും പ്രാർത്ഥിക്കുന്ന ഒരുവൻ സ്രഷ്ടാവിനെ ആരാധിക്കുമ്പോൾ സൃഷ്ടവസ്തുക്കളെക്കുറിച്ചാലോചിച്ച് സമയം പാഴാക്കുന്നില്ല. അയാൾ സ്രഷ്ടാവിനെ മാത്രം ആശ്രയിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

61. നിങ്ങളൊരു ദൈവശാസ്ത്രജ്ഞനാണെങ്കിൽ ആത്മാർത്ഥമായി നിങ്ങൾ പ്രാർത്ഥിക്കും. നിങ്ങൾ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നുണ്ടെങ്കിൽ നിങ്ങളൊരു ദൈവശാസ്ത്രജ്ഞനാണ്.

62. നിങ്ങളുടെ മനസ്സ് ദൈവസാമീപ്യം അനുഭവിക്കാനുള്ള തീവ്രമായ ആഗ്രഹത്താൽ, ശരീരത്തിൽനിന്നും ഇന്ദ്രിയാനുഭവങ്ങളിൽനിന്നും ഓർമ്മകളിൽനിന്നും പൂർണ്ണമായും പിന്തിരിയുകയും നിങ്ങളുടെ ചിന്തയിൽ ഭക്തിയും ആനന്ദവും നിറയുകയും ചെയ്യുമ്പോൾ നിങ്ങൾ പ്രാർത്ഥനയോട് അടുത്തിരിക്കുന്നു എന്ന് മനസ്സിലാക്കാം.

63. നമ്മുടെ ദൗർബല്യങ്ങളിലുള്ള സഹാനുഭൂതിയാൽ, -നാം അശുദ്ധരാണെങ്കിൽപ്പോലും- പരിശുദ്ധാത്മാവ് നമ്മിലേക്കു വരുന്നു. നമ്മുടെ മനസ്സ് യഥാർത്ഥത്തിൽ അവിടുത്തോട് പ്രാർത്ഥിക്കുന്നതായി അവിടുന്ന് കണ്ടെത്തുമ്പോൾ മാത്രമാണ് അവിടുന്ന് മനസ്സിലേക്ക് പ്രവേശിക്കുകയും എല്ലാവിധ ചിന്തകളെയും അതിൽ കടന്നുകൂടിയിരിക്കുന്ന പദ്ധതികളെയും ആട്ടിപ്പായിക്കുകയും ചെയ്യുന്നത്. അതോടൊപ്പം ആദ്ധ്യാത്മിക പ്രാർത്ഥനയ്ക്കായുള്ള തീവ്രമായ അഭിലാഷം അവിടുന്ന് മനസ്സിൽ ഉണർത്തുന്നു.

64. മറ്റെല്ലാ വസ്തുക്കളും ശാരീരികമായ വ്യതിയാനങ്ങളിലൂടെ നമ്മുടെ ഉള്ളിൽ ചിന്തകളും ആശയങ്ങളും ജനിപ്പിക്കുമ്പോൾ കർത്താവ് മാത്രം നേരെമറിച്ചു പ്രവർത്തിക്കുന്നു. നമ്മുടെ മനസ്സിൽ പ്രവേശിക്കുകയും തന്റെ ഹിതപ്രകാരം നമ്മിൽ ജ്ഞാനം നിറയ്ക്കുകയുമാണ് അവൻ ചെയ്യുന്നത്. അതിലൂടെ നമ്മുടെ ശരീരത്തിലെ അനിയന്ത്രിതമായ താല്പര്യങ്ങളെ അവൻ ശാന്തമാക്കുന്നു.

65. യഥാർത്ഥ പ്രാർത്ഥന ഇഷ്ടപ്പെടുകയും എന്നാൽ കോപത്തിനും വിദ്വേഷത്തിനും വശംവദനാവുകയും ചെയ്യുന്ന ഒരുവൻ അയാളുടെതന്നെ ശത്രുവാണ്. എന്തെന്നാൽ കാഴ്ചശക്തി ഉണ്ടാവണമെന്ന് ആഗ്രഹിക്കുകയും എന്നാൽ സ്വന്തം കണ്ണുകൾക്ക് സ്വയം കേടു വരുത്തുകയും ചെയ്യുന്ന ഒരാൾക്ക് തുല്യനാണ് അവൻ.

66. പ്രാർത്ഥിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അതിനു വിപരീതമായതൊന്നും ചെയ്യരുത്. അങ്ങനെയാണെങ്കിൽ മാത്രമേ ദൈവം നിങ്ങളെ സമീപിക്കുകയും നിങ്ങളോടൊപ്പമായിരിക്കുകയുമുള്ളൂ.

www.malankaralibrary.com

67. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ രൂപം സങ്കല്പിക്കരുത്; ഏതെങ്കിലുമൊരു രൂപം നിങ്ങളുടെ മനസ്സിൽ പതിയുവാനും നിങ്ങൾ അനുവദിക്കരുത്. അരൂപിയായ ദൈവത്തെ അങ്ങനെതന്നെ സമീപിക്കുക, അപ്പോൾ നിങ്ങൾക്ക് എല്ലാം വ്യക്തമാകും.

68. പിശാചിന്റെ തന്ത്രങ്ങളെക്കുറിച്ച് ജാഗ്രത പുലർത്തുക; നിങ്ങൾ ശാന്തവും ശുദ്ധവുമായ പ്രാർത്ഥനയിൽ മുഴുകുമ്പോൾ അവൻ നിങ്ങളുടെയുള്ളിലേക്ക് അപരിചിത രൂപങ്ങൾ കൊണ്ടുവന്നെന്നു വരാം, നിങ്ങൾ ദൈവത്തെയാണ് കാണുന്നതെന്ന് അവൻ നിങ്ങളെ തെറ്റിദ്ധരിപ്പിച്ചേക്കാം; എന്നാൽ ഒന്നു മനസ്സിലാക്കുക, ദൈവത്തിനു രൂപഭാവങ്ങളില്ല.

69. പ്രാർത്ഥനാവേളയിൽ ഓർമ്മയെ തട്ടിയുണർത്താൻ അസൂയാലുവായ പിശാചിനു കഴിയാതെവരുമ്പോൾ അവൻ ശരീരവും ആത്മാവും തമ്മിലുള്ള സമനില തകർത്തുകൊണ്ട് വിചിത്രമായ ഭാവനകൾ നമ്മുടെ മനസ്സിലുളവാക്കുന്നു. മനസ്സ് എല്ലായ്പ്പോഴും വിചാരങ്ങൾ നിറഞ്ഞതാകയാൽ വളരെയെളുപ്പം അതിന്റെ സമനില തെറ്റുന്നു; രൂപഭാവങ്ങളില്ലാത്ത ജ്ഞാനത്തെ തേടുന്നതിനു പകരം അതിനു വഴിതെറ്റുന്നു; പുക പ്രകാശമാണെന്ന് അതു തെറ്റിദ്ധരിക്കുന്നു.

70. പ്രാർത്ഥിക്കുമ്പോൾ മനസ്സിനെ ചിന്തകളിൽനിന്നു രക്ഷിക്കാനായി ജാഗ്രത പുലർത്തുക; അങ്ങനെയാണെങ്കിൽ മനസ്സ് പ്രാർത്ഥന പൂർത്തീകരിക്കുകയും അതിന്റെ സ്വാഭാവികമായ ശാന്തത നിലനിർത്തുകയും ചെയ്തുകൊള്ളും. അപ്പോൾ അറിവില്ലാത്തവരോട് അനുകമ്പയുള്ള ദൈവം നിങ്ങളിലേക്ക് വരും, പ്രാർത്ഥനയുടെ അനുഗൃഹീതവരം നിങ്ങൾക്കു ലഭിക്കുകയും ചെയ്യും.

71. ഭൗതികവസ്തുക്കളിൽ തല്പരരായിരിക്കുകയും ആശങ്കകളിൽ ഉഴലുകയും ചെയ്യുമ്പോൾ നിങ്ങൾക്ക് ശുദ്ധമായ പ്രാർത്ഥന നേടാനാവില്ല. എന്തെന്നാൽ, പ്രാർത്ഥന എന്നതിനർത്ഥം ചിന്തകളെ ഒഴിവാക്കുകയെന്നുതന്നെയാണ്.

72. കെട്ടിയിട്ടിരിക്കുന്ന ഒരാൾക്ക് ഓടാനാവില്ല. വികാരങ്ങൾക്കടിമയായ മനസ്സിന് ആന്തരികമായ പ്രാർത്ഥനയിൽ മുഴുകാനാവില്ല; എന്തെന്നാൽ വികാരങ്ങൾ അതിനെ തളച്ചിട്ടിരിക്കുന്നു, അതിന് ഏകാഗ്രമായിരിക്കാൻ സാധിക്കുകയില്ല.

www.malankaralibrary.com

73. ശുദ്ധവും വികാരരഹിതവുമായ പ്രാർത്ഥന സ്വായത്തമാക്കിയ മനസ്സിനെ ദുർവ്വിചാരങ്ങളാൽ ആക്രമിക്കാൻ പിശാചിനു കഴിയില്ല, പകരം സദ്വിചാരങ്ങൾ ഉപയോഗിച്ചാണ് ആക്രമിക്കുന്നത്. ദൈവത്തിന്റെ മഹത്ത്വത്തെക്കുറിച്ച്, ഇന്ദ്രിയങ്ങൾക്കു സുഖകരമായ ധാരണ ഉളവാക്കുകയും പ്രാർത്ഥനയുടെ ലക്ഷ്യം നേടിക്കഴിഞ്ഞുവെന്ന് മനസ്സിനെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നു. ആത്മപ്രശംസയും തലച്ചോറിന്റെ ഒരു പ്രത്യേക ഭാഗത്തെ ബാധിക്കാനുള്ള പിശാചിന്റെ കഴിവുമാണ് ഇതിനു കാരണമെന്നാണ് ആത്മീയജ്ഞാനം നേടിയ ഒരാൾ പറഞ്ഞത്.

74. ഈ ഭാഗത്ത് സ്പർശിക്കുന്നതു വഴി പിശാച് മനസ്സിനെ ആവരണം ചെയ്യുന്ന പ്രകാശം തനിക്കിഷ്ടമുള്ള വിധത്തിൽ മാറ്റി മറിക്കുന്നു. ഈ വിധത്തിൽ ആത്മപ്രശംസയാകുന്ന വികാരം ഉപയോഗിച്ച് ദിവ്യവും യഥാർത്ഥവുമായ അറിവിനെക്കുറിച്ചുള്ള അബദ്ധ ധാരണയുടെ ചിന്ത അവൻ മനസ്സിലുളവാക്കുന്നു. അശുദ്ധവും ശാരീരികവുമായ വികാരങ്ങളാൽ അസ്വസ്ഥമാകാത്തതുമൂലം താൻ ശുദ്ധത കൈവരിച്ചിരിക്കുന്നു എന്നും തന്റെയുള്ളിൽ വിപരീതമായ യാതൊരു ഊർജ്ജവും ഇല്ലെന്നുമുള്ള സങ്കല്പം മനസ്സിൽ ഉളവാകുന്നു. അത് പിശാചിനാൽ ഉളവാക്കപ്പെടുന്ന ദർശനം ദൈവീകമാണെന്നുള്ള തോന്നലുണ്ടാക്കുന്നു. അവൻ കൗശലപൂർവ്വം തലച്ചോറിനെ ഉപയോഗിക്കുകയും മനസ്സിനെ വലയം ചെയ്യുന്ന പ്രകാശത്തെ നാം മുമ്പ് വിവരിച്ചതുപോലെ മാറ്റിമറിക്കുകയും ചെയ്യുന്നു.

75. ദൈവത്തിന്റെ മാലാഖ നമ്മുടെയുള്ളിൽ എത്തുമ്പോഴാണ് എല്ലാ വിപരീതോർജ്ജത്തെയും അവസാനിപ്പിക്കുന്നതും, അബദ്ധ ധാരണ കൂടാതെ തന്റെ പ്രകാശത്താൽ മനസ്സിന് തെളിച്ചം നല്കുന്നതും.

76. മാലാഖ കുന്തിരിക്കവുമായി വന്ന് പുണ്യവാളന്മാരുടെ പ്രാർത്ഥനയോടൊപ്പം അത് ദൈവത്തിനായി സമർപ്പിച്ചുവെന്ന് വെളിപാടുപുസ്തകത്തിൽ കാണാം (വെളി 8:3). മാലാഖയിലൂടെ പ്രാവർത്തികമായിത്തീർന്ന കൃപയെയാണ് ഇത് സൂചിപ്പിക്കുന്നത് എന്ന് എനിക്ക് തോന്നുന്നു. എന്തെന്നാൽ അത് യഥാർത്ഥ പ്രാർത്ഥനയെക്കുറിച്ച് അറിവു നല്കുകയും അങ്ങനെ മനസ്സ് ദൃഢവും

www.malankaralibrary.com

അലസതയിൽനിന്നും അലട്ടലുകളിൽനിന്നും അജ്ഞതയിൽനിന്നും സ്വതന്ത്രമായിത്തീരുകയും ചെയ്യുന്നു.

77. ഇരുപത്തിനാലു ശ്രേഷ്ഠന്മാരാൽ സമർപ്പിക്കപ്പെട്ട കുന്തിരിക്ക പ്പാത്രങ്ങൾ വിശുദ്ധന്മാരുടെ പ്രാർത്ഥനകളാവാം; ദൈവവുമായുള്ള ഗാഢബന്ധം അഥവാ പരിപൂർണ്ണമായ ആത്മീയസ്നേഹം എന്നാണ് ഈ കുന്തിരിക്കപ്പാത്രം എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതിലൂടെ പ്രാർത്ഥന ആത്മാവിലും സത്യത്തിലും ഊർജ്ജം പ്രാപിക്കുന്നു.

78. നിങ്ങളുടെ പാപപരിഹാരാർത്ഥം കണ്ണീരൊഴുക്കി പ്രാർത്ഥി ക്കേണ്ടതില്ല എന്നു നിങ്ങൾക്കു തോന്നുകയാണെങ്കിൽ ഒന്നോർമ്മി ക്കുക; എല്ലായ്പ്പോഴും ദൈവത്തോടൊപ്പമാണെങ്കിൽക്കൂടി നിങ്ങൾ ദൈവത്തിൽനിന്ന് അകലെയാണ്. ഇതു മനസ്സിലാക്കിയാൽ നിങ്ങൾക്ക് കരയാൻ കഴിയും.

79. നിങ്ങൾ എവിടെയാണെന്നു മനസ്സിലാക്കിയാൽ പശ്ചാത്തപി ക്കാൻ തയ്യാറാകും. അശുദ്ധനും അശുദ്ധരായ ആളുകളോടൊപ്പം അതായത്, ശത്രുക്കളോടൊപ്പം ആയിരിക്കത്തന്നെ, സൈന്യങ്ങളുടെ കർത്താവിന്റെ മുമ്പിൽ നിൽക്കാൻ ധൈര്യപ്പെടുന്നതിനെക്കുറിച്ച്, യശയ്യായെപ്പോലെ നിങ്ങൾ സ്വയം ശകാരിക്കും (യശ 6:5).

80. ആത്മാർത്ഥമായി പ്രാർത്ഥിച്ചാൽ നിങ്ങൾക്ക് വലിയ ഉറപ്പ് ലഭിക്കും; ദാനിയേലിന്റെ അടുത്തു ചെന്നതുപോലെ മാലാഖമാർ നിങ്ങളുടെ അടുത്തെത്തും. സൃഷ്ടവസ്തുക്കളുടെയെല്ലാം ആന്തര സത്യത്തെക്കുറിച്ച് അവർ നിങ്ങൾക്ക് അറിവു നല്കും (ദാനി 2:19).

81. വിശുദ്ധ മാലാഖമാർ പ്രാർത്ഥിക്കാൻ നമ്മെ പ്രേരിപ്പിക്കുകയും സന്തോഷപൂർവ്വം നമ്മുടെ ചുറ്റും നിന്ന് നമുക്കുവേണ്ടി പ്രാർത്ഥി ക്കുകയും ചെയ്യുന്നുവെന്ന് അറിയുക (തോബി 12:12). അതിനാൽ നാം ശ്രദ്ധയില്ലാത്തവരും ശത്രുവിൽനിന്ന് ആശയങ്ങൾ സ്വീകരിക്കു ന്നവരുമായാൽ നാം അവരെ പ്രകോപിപ്പിക്കും. എന്തെന്നാൽ അവർ നമ്മെപ്രതി കഠിനപ്രയത്നം ചെയ്യുമ്പോൾ നാം നമുക്കുവേണ്ടിത്തന്നെ ദൈവത്തോട് പ്രാർത്ഥിക്കുന്നതിനു പകരം അവരുടെ കർത്താവും ദൈവവുമായവനെ ഉപേക്ഷിച്ചുകൊണ്ട് അവരുടെ സേവനത്തെ അവഹേളിക്കുകയും അശുദ്ധാത്മാക്കളുമായി കൂട്ടുകൂടുകയുമാണ് ചെയ്യുന്നത്.

www.malankaralibrary.com

82. ശാന്തവും സൗമ്യവുമായി പ്രാർത്ഥിക്കുക. ആശയം മനസ്സിലാക്കി താളാത്മകമായി പാടുക; അപ്പോൾ പറന്നുയരുന്ന ഒരു ചെറു കഴുകനെപ്പോലെ നിങ്ങൾക്ക് സ്വർഗ്ഗത്തിലേക്കുയരാം.

83. സങ്കീർത്തനങ്ങൾ നിങ്ങളുടെ വികാരങ്ങളെ ശാന്തമാക്കുകയും അനിയന്ത്രിതമായ ശാരീരികവാസനകളെ നിയന്ത്രിക്കുകയും ചെയ്യുന്നു. സ്വന്തം കഴിവിനെ ഉത്തേജിപ്പിക്കാൻ പ്രാർത്ഥന മനസ്സിനെ പ്രേരിപ്പിക്കുന്നു.

84. മനസ്സിന്റെ അന്തസ്സിന് യോജിച്ച ഊർജ്ജമാണ് പ്രാർത്ഥന; മനസ്സിന്റെ സത്യസന്ധവും മഹത്ത്വപൂർണ്ണവുമായ പ്രവൃത്തിയും അതുതന്നെ.

85. വൈവിദ്ധ്യമാർന്ന ലോകത്തെക്കുറിച്ചുള്ള ജ്ഞാനം സങ്കീർത്തനാലാപനത്തിലൂടെ നമുക്ക് കൈവരുന്നു; എന്നാൽ ദൈവത്തെക്കുറിച്ചുള്ള അളവറ്റ ജ്ഞാനം കിട്ടുന്നത് പ്രാർത്ഥനയിലൂടെയാണ്.

86. ആത്മീയജ്ഞാനം അങ്ങേയറ്റം സുന്ദരമാണ്. അത് പ്രാർത്ഥനയെ സഹായിക്കുകയും ദൈവികജ്ഞാനത്തെക്കുറിച്ച് ധ്യാനിക്കുവാൻ മനസ്സിന്റെ ആദ്ധ്യാത്മികശക്തിയെ ഉണർത്തുകയും ചെയ്യുന്നു.

87. പ്രാർത്ഥനയുടെയോ സങ്കീർത്തനാലാപത്തിന്റെയോ വരം ഇതുവരെയും നിങ്ങൾക്കു കിട്ടിയില്ലെങ്കിൽ ക്ഷമയോടെ പരിശ്രമിക്കുക; നിങ്ങൾക്കതു കിട്ടും.

88. 'ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണ'മെന്നു കാണിക്കാൻ അവൻ അവരോട് ഒരു ഉപമ പറഞ്ഞു. അതിനാൽ പ്രാർത്ഥനാവരം ലഭിച്ചിട്ടില്ലെന്നോർത്ത് നിരാശപ്പെടരുത്. ഭാവിയിൽ നിങ്ങൾക്കത് ലഭിക്കും. അതേ ഉപമയിൽ നാം ഇങ്ങനെ വായിക്കുന്നു: 'ഞാൻ ദൈവത്തെ ഭയപ്പെടുകയോ മനുഷ്യരെ മാനിക്കുകയോ ചെയ്യുന്നില്ല. എങ്കിലും ഈ വിധവ എന്നെ ശല്യപ്പെടുത്തുന്നതുകൊണ്ട് ഞാനവൾക്കു നീതി നടത്തിക്കൊടുക്കും'. ഇതുപോലെ രാപ്പകൽ തന്നെ വിളിച്ച് കരഞ്ഞപേക്ഷിക്കുന്നവർക്ക് ദൈവം നീതി നടത്തിക്കൊടുക്കും (ലൂക്കോ 18:1-8). അതിനാൽ ധൈര്യമായി വിശുദ്ധ പ്രാർത്ഥനയിൽ മുഴുകുക.

www.malankaralibrary.com

89. നിങ്ങളുടെ കാര്യങ്ങൾ നിങ്ങൾ വിചാരിക്കുന്ന രീതിയിൽ നടക്കണമെന്ന് ആഗ്രഹിക്കരുത്; ദൈവേച്ഛയ്ക്ക് യോജിച്ച രീതിയിൽ നടക്കണമെന്ന് ആഗ്രഹിക്കുക. അങ്ങനെയായാൽ നിർബാധം നിങ്ങൾക്ക് പ്രാർത്ഥനാവേളയിൽ ദൈവത്തോട് നന്ദിപറയാനാകും.

90. നിങ്ങൾ ദൈവത്തോടൊപ്പമാണെന്ന് തോന്നുമ്പോഴും ചാരിത്ര്യശുദ്ധിയില്ലായ്മയുടെ പിശാചിനെ സൂക്ഷിക്കുക. കൗശലക്കാരനും അസൂയാലുവുമായ അവൻ ഭക്തിപൂർവ്വം ദൈവസന്നിധിയിൽ നിൽക്കുന്ന നിങ്ങളുടെ മനസ്സിനെ അതിന്റെ പ്രവർത്തനത്തെയും ഏകാഗ്രതയെയും നശിപ്പിച്ച് അവിടെനിന്നു പിന്തിരിപ്പിക്കാൻ ശ്രമിക്കും.

91. നിങ്ങൾ പ്രാർത്ഥനാശീലം വളർത്തിയെടുക്കുമ്പോൾ പിശാചിന്റെ ആക്രമണം ഉണ്ടാകും; വന്യമൃഗങ്ങളെപ്പോലെ അവൻ നിങ്ങളുടെമേൽ ചാടിവീഴുകയും നിങ്ങളെ പീഡിപ്പിക്കുകയും ചെയ്യുമ്പോൾ, ദൃഢനിശ്ചയത്തോടെ നേരിടുക.

92. പരിചയസമ്പന്നനായ ഒരു പടയാളിയെപ്പോലെ സന്നദ്ധരായിരിക്കുക. പെട്ടെന്നുള്ള ഭീകരദർശനങ്ങളിൽ ചഞ്ചലചിത്തനാകരുത്. നിങ്ങളുടെ നേർക്ക് ഒരു വാൾ നീണ്ടുവരികയോ കത്തുന്ന പന്തം മുഖത്തിനുനേർക്ക് പാഞ്ഞുവരികയോ ചെയ്താൽ ഭയപ്പെടാതിരിക്കുക. ഭയാനകവും രക്തപങ്കിലവുമായ രൂപങ്ങൾ കണ്ട് ധൈര്യം കൈവെടിയരുത്; നിങ്ങളുടെ വിശ്വാസത്തിലുറച്ചു നിൽക്കുക; അപ്പോൾ നിങ്ങൾക്ക് ശത്രുക്കളെ നേരിടാനാകും.

93. ദുഃഖങ്ങൾ ക്ഷമാപൂർവ്വം സഹിക്കുന്നവന് സന്തോഷം ലഭിക്കും; അസുഖകരമായത് സഹിക്കുന്നവൻ ആനന്ദം അനുഭവിക്കും.

94. സൂത്രക്കാരായ പിശാചുക്കൾ ദർശനങ്ങളിലൂടെ നിങ്ങളെ ചതിയിൽപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കുക; നിങ്ങൾക്കു കിട്ടുന്ന ധാരണകൾ ദൈവീകമാണോ എന്ന് പ്രാർത്ഥനയിലൂടെ ആരായുക; അല്ലെങ്കിൽ ഉടൻതന്നെ അവയെ ഒഴിവാക്കുക. ഭയപ്പെടാതിരിക്കുക. എന്തെന്നാൽ ദൈവത്തോട് തീവ്രമായി പ്രാർത്ഥിക്കുകയാണെങ്കിൽ നിങ്ങളെ ശല്യപ്പെടുത്തുന്ന പിശാചുക്കൾ അവിടുത്തെ അദൃശ്യ ശക്തിയാൽ പ്രഹരമേറ്റു പലായനം ചെയ്തുകൊള്ളും.

www.malankaralibrary.com

95. പിശാചുക്കൾക്ക് മറ്റൊരു കൗശലമുണ്ട്; അവർ രണ്ടു സംഘമായിപ്പിരിഞ്ഞ് അവസരം പാർത്തിരിക്കും, ഒരു സംഘത്തിനെതിരായി നിങ്ങൾ സഹായം അപേക്ഷിക്കുമ്പോൾ രണ്ടാമത്തെ സംഘം മാലാഖമാരുടെ വേഷത്തിൽ വന്ന് ആദ്യത്തെ കൂട്ടരെ ഛിന്ന ഭിന്നമാക്കും. അവർ യഥാർത്ഥ മാലാഖമാരാണെന്ന് വിശ്വസിച്ച് നിങ്ങൾ വഞ്ചിതരാകും.

96. നിങ്ങൾക്ക് വിനയവും ധൈര്യവും വളർത്തിയെടുക്കാൻ കഴിഞ്ഞാൽ പിശാചിന്റെ ശക്തിയിൽനിന്നു രക്ഷപ്പെടാം: 'ഒരനർത്ഥവും നിന്റെ കൂടാരത്തെ സമീപിക്കുകയില്ല. എന്തെന്നാൽ നിന്റെ വഴികളിൽ നിന്നെ കാത്തുപാലിക്കാൻ അവിടുന്നു തന്റെ ദൂതന്മാരോടു കല്പിക്കും' (സങ്കീ 91:10,11). മാലാഖമാർ അദൃശ്യമായി ശത്രുവിന്റെ സകല ശക്തിയേയും തുരത്തും.

97. ശുദ്ധമായ പ്രാർത്ഥന ശീലിക്കുന്നയാൾക്ക് ബഹളംകൂട്ടുകയും ശപിക്കുകയും ആക്രമിക്കുകയും ചെയ്യുന്ന പിശാചുക്കളുടെ ശബ്ദം കേൾക്കാൻ കഴിയും. പക്ഷേ, ഇതൊന്നും അയാളെ പേടിപ്പിക്കുകയോ ചഞ്ചലചിത്തനാക്കുകയോ ഇല്ല. അയാൾ ദൈവത്തോടിങ്ങനെ പറയും: 'ഞാൻ തിന്മയെ ഭയപ്പെടുന്നില്ല, എന്തെന്നാൽ അങ്ങ് എന്നോടൊപ്പമുണ്ട്' (സങ്കീ 23:4).

98. അത്തരം പരീക്ഷണഘട്ടങ്ങളിൽ ഹ്രസ്വവും തീക്ഷ്ണവുമായ പ്രാർത്ഥന ഉപയോഗിക്കുക.

99. പിശാചുക്കൾ അന്തരീക്ഷത്തിൽനിന്ന് പൊടുന്നനെ നിങ്ങളുടെ മുമ്പിലെത്തി ഭയപ്പെടുത്തുകയും നിങ്ങളുടെ മനസ്സിനെ കീഴ്പ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്താൽ പേടിക്കരുത്. അവരുടെ ഭീഷണിയെ വകവയ്ക്കരുത്. എന്തെന്നാൽ, നിങ്ങൾ അവരെ ശ്രദ്ധിക്കുമോ അതോ അവഹേളിക്കുമോ എന്നറിയുവാനാണ് അവർ ഭീഷണി മുഴക്കുന്നത്.

100. സകലതിന്റെയും സ്രഷ്ടാവും പരിപാലകനും സർവ്വജ്ഞനുമായ ദൈവത്തോട് പ്രാർത്ഥിക്കുവാനായി നിൽക്കുമ്പോൾ ദൈവഭയം മറന്ന് തീർത്തും അവിവേകിയായി നിങ്ങൾ കൊതുകിനെയും പാറ്റായേയും ഭയപ്പെടുന്നത് എന്തുകൊണ്ട്? നിങ്ങൾ ഇത് കേട്ടിട്ടില്ലേ? 'നിങ്ങളുടെ ദൈവമായ കർത്താവിനെ ഭയപ്പെടുക' (ആവ 6:13); വീണ്ടും, 'ഭയവും വിറയലും അവരെ പിടികൂടട്ടെ' (പുറ 15:16).

www.malankaralibrary.com

101. അപ്പം ശരീരത്തിന്റെ ഭക്ഷണവും വിശുദ്ധി ആത്മാവിന്റെ ഭക്ഷണവുമാണ്; ആത്മീയമായ പ്രാർത്ഥന മനസ്സിന്റെ ഭക്ഷണമാണ്.

102. നിങ്ങൾ ദേവാലയത്തിനുള്ളിലെത്തുമ്പോൾ ഫരിസേയനെപ്പോലെ പ്രാർത്ഥിക്കാതെ ചുങ്കക്കാരനെപ്പോലെ പ്രാർത്ഥിക്കുക; അങ്ങനെ ചെയ്താൽ ദൈവം നിങ്ങളെ മോചിപ്പിക്കും (ലൂക്കോ 18:10-14).

103. നിങ്ങളുടെ പ്രാർത്ഥനയിൽ മറ്റാർക്കെങ്കിലുമെതിരെ പ്രാർത്ഥിക്കരുത്; അങ്ങനെ ചെയ്യുന്നതിലൂടെ നിങ്ങൾ നിർമ്മിക്കുന്നതിനെ നിങ്ങൾ തന്നെ നശിപ്പിക്കുകയും പ്രാർത്ഥനയെ നിന്ദിക്കുകയുമാണ് ചെയ്യുന്നത്.

104. പതിനായിരം താലന്തുകൾ കടപ്പെട്ടിരുന്ന വ്യക്തിയെ ഓർമ്മിക്കുക; നിങ്ങളുടെ കടക്കാരനോട് നിങ്ങൾ ക്ഷമിച്ചില്ലെങ്കിൽ നിങ്ങളോടും ക്ഷമിക്കപ്പെടുകയില്ല. എന്തെന്നാൽ ഇങ്ങനെ പറയപ്പെട്ടിരിക്കുന്നു: 'അദ്ദേഹം അവനെ കാരാഗൃഹാധികാരികൾക്ക് ഏല്പിച്ചുകൊടുത്തു' (മത്താ 18:34).

105. പ്രാർത്ഥനാവേളയിൽ ശരീരത്തെക്കുറിച്ചുള്ള ചിന്തകൾ ഒഴിവാക്കുക; കൊതുകോ ഈച്ചയോ കടിക്കുന്നതുമൂലം പ്രാർത്ഥനയുടെ സദ്ഫലങ്ങൾ നിങ്ങൾക്ക് നഷ്ടമാകരുത്.

106. ഒരിക്കലൊരു വിശുദ്ധൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ പിശാച് അദ്ദേഹത്തെ ക്രൂരമായി ആക്രമിച്ചു. വിശുദ്ധൻ കൈകളുയർത്തിയപ്പോൾ പിശാച് ഒരു സിംഹമായി മാറുകയും അദ്ദേഹത്തിന്റെ തുടകളിൽ തന്റെ നഖങ്ങൾ ആഴ്ത്തുകയും ചെയ്തു; പതിവു പ്രാർത്ഥനകൾ അവസാനിപ്പിച്ച് അദ്ദേഹം കൈകൾ താഴ്ത്തുന്നതുവരെ സിംഹം അങ്ങനെതന്നെയിരുന്നു.

107. 'ചെറിയ യോഹന്നാൻ' എന്നറിയപ്പെട്ടിരുന്ന മഹാനായ ഒരു സന്ന്യാസിയുണ്ടായിരുന്നു. ഒരു കുഴിക്കുള്ളിലിരുന്നാണ് അദ്ദേഹം ഏകാന്തവാസം നയിച്ചിരുന്നത്. പിശാച് പാമ്പിന്റെ രൂപത്തിൽ ചുറ്റിവരിയുകയും, മാംസം കടിച്ചെടുത്ത് മുഖത്തേക്ക് തുപ്പുകയും ചെയ്തിട്ടുപോലും ദൈവവുമായുള്ള അദ്ദേഹത്തിന്റെ ബന്ധത്തിന് ഭംഗം സംഭവിച്ചിരുന്നില്ല.

www.malankaralibrary.com

108. താബെനസിസിലെ സന്ന്യാസിമാരെക്കുറിച്ച് നിങ്ങൾ വായിച്ചു കാണുമല്ലോ? അബ്ബാ തിയോഡോർ, കൂടെയുള്ളവർക്ക് ഉപദേശം നല്കിക്കൊണ്ടിരിക്കുമ്പോൾ രണ്ട് അണലിപ്പാമ്പുകൾ അദ്ദേഹ ത്തിന്റെ കാലുകൾക്കിടയിലേക്ക് ഇഴഞ്ഞുകയറി. പ്രഭാഷണം അവ സാനിക്കുവോളം കാലുകളകറ്റിവെച്ച് അവയ്ക്കിരിക്കാൻ അദ്ദേഹം അവസരം നല്കി. അതിനുശേഷം സഹോദരർക്ക് പാമ്പുകളെ കാണിച്ചുകൊടുക്കുകയും സംഭവിച്ച കാര്യങ്ങൾ അവരോട് പറയു കയും ചെയ്തു.

109. ആത്മീയജീവിതം നയിക്കുന്ന മറ്റൊരു സഹോദരനും ഇതു പോലെയുള്ള അനുഭവം ഉണ്ടായി. പ്രാർത്ഥനാവേളയിൽ എവിടെ നിന്നോ ഇഴഞ്ഞെത്തിയ ഒരു വിഷപ്പാമ്പ് അയാളുടെ കാലിൽ ചുറ്റി. എന്നാൽ പ്രാർത്ഥന അവസാനിക്കുന്നതുവരെ അയാൾ തന്റെ കൈകൾ താഴ്ത്തിയില്ല. തന്റെ ജീവനെക്കാളധികം അയാൾ ദൈവത്തെ സ്നേഹിച്ചിരുന്നതിനാൽ അയാൾക്ക് ഒരപകടവും പറ്റിയതുമില്ല.

110. പ്രാർത്ഥനാവേളയിൽ നിങ്ങളുടെ കണ്ണുകൾ അലഞ്ഞു നടക്കുവാൻ പാടില്ല. ശരീരത്തെയോ ആത്മാവിനെയോ കുറിച്ച് ചിന്തിക്കാതെ മനസ്സിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

111. മരുഭൂമിയിൽ ഏകാന്തവാസം നയിച്ചിരുന്ന ഒരു വിശുദ്ധനെ പ്രാർത്ഥനാവേളയിൽ പിശാചുക്കൾ ആക്രമിച്ചു. അവരയാളെ ഒരു പന്ത് എന്നതുപോലെ രണ്ടാഴ്ച തട്ടിക്കളിച്ചു. എങ്കിലും തീവ്രമായ പ്രാർത്ഥനയിൽനിന്ന് അയാളെ പിന്തിരിപ്പിക്കാൻ അവർക്കു കഴിഞ്ഞില്ല.

112. മറ്റൊരു സന്ന്യാസി പ്രാർത്ഥനാനിരതനായി മരുഭൂമിയിലൂടെ നടക്കുമ്പോൾ രണ്ടു മാലാഖമാരടുത്തെത്തി അയാളുടെ ഇരുവശവും ചേർന്നു നടക്കാൻ തുടങ്ങി. എന്നാൽ അയാൾ അവരെ ശ്രദ്ധിച്ചില്ല. എന്തെന്നാൽ, അതിനെക്കാൾ ശ്രേഷ്ഠമായത് നഷ്ടപ്പെടുത്താൻ അയാൾ ആഗ്രഹിച്ചില്ല. അപ്പോസ്തോലന്റെ വാക്കുകൾ അയാള പ്പോൾ ഓർമ്മിച്ചു. 'ദൂതന്മാർക്കോ അധികാരങ്ങൾക്കോ ശക്തി കൾക്കോ.... ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ വേർപെടു ത്താനാവില്ല' (റോമ 8:38,39).

www.malankaralibrary.com

113. 'സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുഖം ദർശിക്കണമെന്ന ആഗ്രഹത്താൽ' (മത്താ 18:10) പ്രാർത്ഥനയിലൂടെ സന്ന്യാസി മാലാഖ മാർക്ക് സദൃശ്യനായിത്തീരുന്നു.

114. പ്രാർത്ഥനാവേളയിൽ ആകൃതിയോ രൂപമോ ഒന്നും സങ്കല്പി ക്കരുത്.

115. മാലാഖമാരുടെയോ ശക്തികളുടെയോ ക്രിസ്തുവിന്റെ തന്നെയോ രൂപം സങ്കല്പിക്കാൻ പാടില്ല. അതു ബുദ്ധിഭ്രമമാണ്. ചെന്നായ്ക്കളെ ആട്ടിൻപറ്റത്തിന് കാവലേല്പിക്കുന്നതുപോലെയോ നിങ്ങളുടെ ശത്രുവായ പിശാചിനെ വണങ്ങുന്നതുപോലെയോ ആണത്.

116. ആത്മപ്രശംസയാണ് മനസ്സിലെ തെറ്റിദ്ധാരണകളുടെ തുടക്കം. തന്മൂലം ദൈവത്തിന്റെ രൂപവും ആകൃതിയും സങ്കല്പി ക്കാൻ അത് ശ്രമിക്കുന്നു.

117. പലയിടത്തും പറഞ്ഞിട്ടുള്ളതുതന്നെ ഞാൻ വീണ്ടും പറയുന്നു: പ്രാർത്ഥനാവേളയിൽ, രൂപസങ്കല്പങ്ങളിൽനിന്ന് പൂർണ്ണമായും സ്വതന്ത്രമായ മനസ്സ് അനുഗൃഹീതമാണ്.

118. പ്രാർത്ഥനാവേളയിൽ അചഞ്ചലമായിരിക്കുകയും ദൈവത്തെ കാണണമെന്ന് തീവ്രമായി ആഗ്രഹിക്കുകയും ചെയ്യുന്ന മനസ്സ് അനുഗൃഹീതമാണ്.

119. ഭൗതികതയിൽനിന്നും ഭൗതികസമ്പാദ്യങ്ങളിൽനിന്നും പ്രാർത്ഥനാവേളയിൽ പൂർണ്ണമായും വിട്ടുനിൽക്കുവാൻ കഴിയുന്ന മനസ്സ് അനുഗൃഹീതമാണ്.

120. പ്രാർത്ഥനാവേളയിൽ ഇന്ദ്രിയാനുഭവങ്ങളിൽനിന്നു മോചനം നേടിയ മനസ്സ് അനുഗൃഹീതമാണ്.

121. ദൈവം കഴിഞ്ഞാൽ പിന്നെ ഓരോ മനുഷ്യനെയും ദൈവ മായി കാണാൻ കഴിയുന്ന സന്ന്യാസി അനുഗൃഹീതനാണ്.

122. തന്റെ സ്വന്തമെന്നപോലെ മറ്റുള്ളവരുടെ രക്ഷയേയും പുരോ ഗതിയേയും സന്തോഷപൂർവ്വം വീക്ഷിക്കുന്ന സന്ന്യാസി അനു ഗൃഹീതനാണ്.

www.malankaralibrary.com

123. എല്ലാറ്റിന്റെയും ഉച്ഛിഷ്ടംപോലെ തന്നെത്തന്നെ കണക്കാക്കുന്ന സന്ന്യാസി അനുഗൃഹീതനാണ് (1 കൊരി. 4:13).

124. എല്ലാറ്റിൽനിന്നും വേർപെട്ടിരിക്കുകയും എല്ലാറ്റിനോടും ഐക്യപ്പെട്ടിരിക്കുകയും ചെയ്യുന്നവനാണ് സന്ന്യാസി.

125. തന്നെത്തന്നെ ഓരോ വ്യക്തിയിലും ദർശിക്കുന്നതിലൂടെ താൻ ഓരോ മനുഷ്യനുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് കരുതുന്നവനാണ് സന്ന്യാസി.

126. എല്ലായ്പ്പോഴും ദൈവത്തിന് തന്റെ ചിന്തയിൽ പ്രഥമസ്ഥാനം നല്കുന്ന മനുഷ്യൻ പരിപൂർണ്ണമായ പ്രാർത്ഥന സ്വായത്തമാക്കിയവനാണ്.

127. ഒരു സന്ന്യാസിയെപ്പോലെ പ്രാർത്ഥിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നുണ പറയുകയോ ആണയിടുകയോ അരുത്. അല്ലെങ്കിൽ നിങ്ങൾ വ്യർത്ഥാഭിമാനിയാവുകയാണ് ചെയ്യുന്നത്.

128. ശരീരത്തെക്കുറിച്ചുള്ള ചിന്തകളിൽനിന്ന് മോചനം നേടിയെങ്കിൽ മാത്രമേ ആത്മാവിൽ പ്രാർത്ഥിക്കാൻ നിങ്ങൾക്ക് കഴിയുകയുള്ളൂ. അങ്ങനെ ചെയ്യുകയാണെങ്കിൽ ഒരു മേഘവും നിങ്ങളെ അന്ധകാരാവൃതമാക്കുകയില്ല.

129. ശരീരത്തിന്റെ ആവശ്യങ്ങളെല്ലാം ദൈവത്തിനു സമർപ്പിക്കുക. അങ്ങനെ ചെയ്താൽ അതിനർത്ഥം ആത്മാവിന്റെ ആവശ്യങ്ങളും നിങ്ങൾ അവിടുത്തെ ഭരമേല്പിച്ചു എന്നാണ്.

130. വാഗ്ദാനം ചെയ്യപ്പെട്ടതെല്ലാം ലഭിച്ചാൽ നിങ്ങൾ എല്ലാത്തിന്റെയും അധിപനായിത്തീരും; ഈ വാഗ്ദാനങ്ങൾ മനസ്സിൽ കാത്തുപാലിച്ചുകൊണ്ട് ക്ഷമാപൂർവ്വം ഭൗതികവും ആത്മീയവുമായ ദാരിദ്ര്യം നിങ്ങൾ സഹിക്കും.

131. പ്രാർത്ഥനയ്ക്ക് ചിറകു നല്കുന്ന ഊർജ്ജസ്രോതസ്സുകളായ ദാരിദ്ര്യവും ക്ലേശവുമൊന്നും നിങ്ങൾ ഒഴിവാക്കരുത്.

132. ശാരീരികപുണ്യങ്ങൾ നിങ്ങളെ മനസ്സിന്റെ പുണ്യത്തിലേക്കും, മനസ്സിന്റെ പുണ്യങ്ങൾ ആത്മാവിന്റെ പുണ്യത്തിലേക്കും നയിക്കട്ടെ. ഇവയെല്ലാം ചേർന്ന് നിങ്ങളെ അമൂർത്തവും അടിസ്ഥാനപരവുമായ അറിവിലേക്ക് നയിക്കട്ടെ.

www.malankaralibrary.com

133. ഏതെങ്കിലുമൊരു ചിന്തയെ കീഴടക്കാൻ സാധിക്കണമെന്ന് നിങ്ങൾ പ്രാർത്ഥിക്കുകയും അങ്ങനെ സംഭവിക്കുകയും ചെയ്തുവെന്നിരിക്കട്ടെ; എന്താണതിനു കാരണമെന്നാലോചിക്കുക, അല്ലെങ്കിൽ നിങ്ങളുടെ കഴിവുകൊണ്ടാണ് അത് സാധിച്ചതെന്നു വിചാരിച്ച് നിങ്ങൾ വഞ്ചിതരാകും.

134. ചിലപ്പോൾ പിശാചുക്കൾ അശുദ്ധചിന്തകൾ നിങ്ങളുടെ ഉള്ളിൽ നിറയ്ക്കുകയും പ്രാർത്ഥനയാൽ അവയെ ഒഴിവാക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും. ഇത്തരത്തിലുള്ള ചിന്തകളെ കീഴടക്കുവാനും പിശാചുക്കളെ തോല്പിക്കുവാനും നിങ്ങൾക്ക് സാധിക്കുന്നു എന്ന സങ്കല്പത്താൽ നിങ്ങളെ വഞ്ചിക്കുവാനായിട്ടാണ് ഇത്.

135. ഏതെങ്കിലും ഒരു വികാരത്തെ അല്ലെങ്കിൽ നിങ്ങളെ ശല്യം ചെയ്യുന്ന ഒരു പിശാചിനെ കീഴടക്കുവാനായി നിങ്ങൾ പ്രാർത്ഥിക്കുകയാണെങ്കിൽ ഈ വചനങ്ങൾ ഓർമ്മിക്കുക: 'എന്റെ ശത്രുക്കളെ ഞാൻ പിന്തുടർന്ന് പിടിക്കും; അവരെ സംഹരിക്കുവോളം ഞാൻ പിൻവാങ്ങുകയില്ല. എഴുന്നേല്ക്കാനാവാത്തവിധം അവരെ ഞാൻ തകർക്കും; അവർ എന്റെ കാൽക്കീഴിൽ അമരും' (സങ്കീ 18:37,38). ആവശ്യം വരുമ്പോഴെല്ലാം ഇത് ഉരുവിടുക, അങ്ങനെ നിങ്ങളുടെ ശത്രുക്കൾക്കെതിരെ എളിമയാകുന്ന പടച്ചട്ടയണിയുക.

136. വിശുദ്ധി നേടുവാനായി രക്തം ചിന്തുന്ന അവസ്ഥവരെ നിങ്ങൾ എത്തിയിട്ടില്ലെങ്കിൽ അത് നേടിക്കഴിഞ്ഞു എന്ന് വിചാരിക്കരുത്. എന്തെന്നാൽ അപ്പസ്തോലൻ പറഞ്ഞിരിക്കുന്നതനുസരിച്ച്, മരണം വരിക്കുക എന്നാണ് അർത്ഥമാക്കുന്നതെങ്കിൽപ്പോലും പാപത്തിനെതിരെ നാം നിരന്തരം പോരാടണം (എഫേ 6:11-17; എബ്രാ 12:4).

137. നിങ്ങൾ ഒരാൾക്ക് നന്മ ചെയ്താൽ മറ്റൊരാൾ നിങ്ങളെ തെറ്റിദ്ധരിക്കുകയും ക്ഷതമേല്പിക്കപ്പെട്ടതായി നിങ്ങൾക്ക് അനുഭവപ്പെടുകയും ചെയ്തേക്കാം. അപ്പോൾ നിങ്ങൾ മോശമായി എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ നിങ്ങളുടെ ദുഷ്പ്രവൃത്തി മൂലം സത്പ്രവൃത്തിയുടെ ഫലം നശിക്കും. പിശാചുക്കൾ ആഗ്രഹിക്കുന്നതും ഇതുതന്നെയാണ്, അതിനാൽ എല്ലായ്പ്പോഴും ജാഗ്രത പുലർത്തുക.

www.malankaralibrary.com

138. പിശാചിന്റെ ആക്രമണത്തിന് തയ്യാറായിരിക്കുക. അവന് അടിമപ്പെടാതിരിക്കേണ്ടത് എങ്ങനെയെന്ന് ആലോചിക്കുക.

139. രാത്രിയിൽ കൗശലക്കാരനായ പിശാച് ആത്മീയഗുരുവിനെ നേരിട്ട് ആക്രമിക്കുന്നു; പകലാകട്ടെ മറ്റുള്ളവരിലൂടെയും നിന്ദയിലൂടെയും അശ്രദ്ധയിലൂടെയും അത്യാഹിതങ്ങളിലൂടെയും ആക്രമിക്കുന്നു.

140. പരിഹാസകരെ ഒഴിവാക്കാൻ ശ്രമിക്കരുത്. അവർ പ്രഹരിക്കുകയോ നിന്ദിക്കുകയോ പല വിധത്തിലും ആക്രമിക്കുകയോ ചെയ്തുകൊള്ളട്ടെ; അപ്പോൾ നിങ്ങളുടെ വസ്ത്രം കൂടുതൽ വെണ്മയുള്ളതായിത്തീരും.

141. വികാരങ്ങളെ കീഴടക്കാൻ സാധിക്കുന്നില്ലെങ്കിൽ, നിങ്ങളുടെ മനസ്സ് ഇപ്പോഴും വിശുദ്ധിക്കും സത്യത്തിനും എതിരാണെങ്കിൽ നിങ്ങളുടെ ഹൃദയത്തിൽ ഒളിച്ചിരിക്കുന്ന സൗരഭ്യം അനുഭവിക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ല.

142. നിങ്ങൾ പ്രാർത്ഥനയിൽ തല്പരനാണോ? എങ്കിൽ ഭൗതിക ജീവിതമുപേക്ഷിച്ച് മാലാഖമാരെപ്പോലെ സ്വർഗ്ഗീയജീവിതവും ദൈവ ജ്ഞാനവും നേടാൻ ശ്രമിക്കുക.

143. പ്രതികൂല സാഹചര്യങ്ങളിൽ മാത്രമാണ് നിങ്ങൾ ഭീതിയുളവാക്കുന്നവനും പക്ഷപാതം ഇല്ലാത്തവനുമായ വിധിയാളനെ സ്മരിക്കുന്നതെങ്കിൽ, 'ഭയത്തോടെ കർത്താവിനെ സേവിക്കാനും അവനിൽ സന്തോഷിക്കാനും' ഇനിയും നിങ്ങൾ പഠിച്ചിട്ടില്ല (സങ്കീ 2:11). ആത്മീയശാന്തിയും അനുഗ്രഹവും നേടിക്കഴിഞ്ഞാലും ഭക്തിപൂർവ്വം ദൈവത്തെ ആരാധിക്കാൻ നിങ്ങൾക്ക് കഴിയണം.

144. പശ്ചാത്താപത്താൽ പൂർണ്ണമായും മാനസാന്തരപ്പെടുന്നതുവരെ ദുഃഖത്തോടെ തന്റെ പാപങ്ങളെയും യഥാർത്ഥത്തിൽ അവ അർഹിക്കുന്ന നരകാഗ്നിയേയും കുറിച്ച് സദാ ഓർമ്മിക്കുന്നവൻ ജ്ഞാനിയാണ്.

145. ഇപ്പോഴും പാപത്തിലും കോപത്തിലും മുഴുകിക്കഴിയുന്ന ഒരാൾ, ലജ്ജകൂടാതെ ദിവ്യമായ കാര്യങ്ങളെക്കുറിച്ചുള്ള അറിവ് സമ്പാദിക്കുവാനും ആത്മീയ പ്രാർത്ഥന നേടിയെടുക്കുവാനും ധൈര്യ

www.malankaralibrary.com

പ്പെടുന്നുവെങ്കിൽ, അപ്പോസ്തോലന്റെ ശകാരമാണ് അവന് കിട്ടേണ്ടത്. എന്തെന്നാൽ നഗ്നമായ ശിരസ്സോടെ പ്രാർത്ഥിക്കുന്നത് അവന് അപകടകരമാണ്. ഇങ്ങനെയുള്ള ആത്മാവ് അപ്പസ്തോലന്റെ വാക്കുകളനുസരിച്ച് പ്രവർത്തിക്കണം. 'ദൂതന്മാരെ ആദരിച്ച്, വിധേയത്വത്തിന്റെ പ്രതീകമായ ശിരോവസ്ത്രം അവൾ ധരിക്കട്ടെ' (1 കൊരി 11:5-7). ഇതോടൊപ്പം ഭക്തിയാലും എളിമയാലും ആവരണം ചെയ്യപ്പെടുകയും വേണം.

146. നട്ടുച്ചയ്ക്ക് സൂര്യനെ നോക്കുന്നതുമൂലം നേത്രരോഗം ഭേദമാകാത്തതുപോലെ, യഥാർത്ഥത്തിൽ ആത്മാവിലും സത്യത്തിലും പൂർത്തീകരിക്കപ്പെടേണ്ട ഭയജനകവും സ്വർഗ്ഗീയവുമായ പ്രാർത്ഥനയുടെ കൃത്രിമമായ പരിശീലനം, വികാരാധീനവും അശുദ്ധവുമായ മനസ്സിന് യാതൊരു പ്രയോജനവും ചെയ്യുകയില്ല. മറിച്ച്, ഇത്തരത്തിലുള്ള പരിശീലനം മനസ്സിനെതിരായി ദൈവകോപത്തെ ഉണർത്തും.

147. ഒരുവന്റെ അയൽക്കാരന് അവനോട് എന്തെങ്കിലും വിരോധമുണ്ടായിരിക്കെ, അവനുമായി അനുരഞ്ജനപ്പെടാതെ ബലിപീഠത്തിങ്കലേക്ക് കൊണ്ടുവരുന്ന കാഴ്ച, യാതൊന്നിന്റെയും ആവശ്യമില്ലാത്തവനും അതിൽ താല്പര്യം കാണിക്കാത്തവനുമായവൻ സ്വീകരിക്കുന്നില്ലെങ്കിൽ, (മത്താ 5:23,24) ദൈവത്തിന് സ്വീകാര്യമായ ധൂപം ആത്മീയബലിപീഠത്തിങ്കൽ സമർപ്പിക്കണമെങ്കിൽ നാം എന്തു മാത്രം ജാഗ്രതയും വിവേചനവും പുലർത്തേണ്ടിയിരിക്കുന്നു.

148. പ്രശംസാവചനങ്ങളിൽ സന്തോഷിക്കരുത്. അല്ലെങ്കിൽ പിശാചുക്കൾ നിങ്ങളെ പിറകിൽനിന്ന് ആക്രമിക്കുന്നതിനു പകരം നേരെ മുമ്പിലെത്തിയായിരിക്കും ആക്രമണം നടത്തുന്നത്. പ്രാർത്ഥനാവേളയിൽ അവർ നിങ്ങളെ പരിഹസിക്കുകയും അപരിചിതമായ മറ്റു വിചാരങ്ങളിലേക്ക് പ്രലോഭിപ്പിച്ചുകൊണ്ടു പോവുകയും ചെയ്യും.

149. നിങ്ങൾ ശ്രദ്ധാപൂർവ്വം പ്രാർത്ഥിക്കാൻ ശ്രമിക്കുകയാണെങ്കിൽ നിങ്ങൾക്ക് പ്രാർത്ഥനാവരം ലഭിക്കും, എന്തെന്നാൽ ശ്രദ്ധയാണ് പ്രാർത്ഥനയ്ക്ക് ഏറ്റവും അത്യാവശ്യമുള്ളത്. അതു നേടാൻ ശ്രമിക്കുക.

150. മറ്റെല്ലാ ഇന്ദ്രിയങ്ങളെക്കാളും പ്രധാനം കണ്ണ് എന്നതുപോലെ മറ്റെല്ലാ നന്മകളെക്കാളും പ്രധാനമായത് പ്രാർത്ഥനതന്നെ.


www.malankaralibrary.com

151. പ്രാർത്ഥനയുടെ അളവിലല്ല, അതിന്റെ ഗുണത്തിലാണ് കാര്യം. ദേവാലയത്തിലേക്ക് പോയ രണ്ടാളുകളെക്കുറിച്ചുള്ള ഉപമയിൽ അതു വ്യക്തമാണ് (ലൂക്കോ 18:10). 'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ അർത്ഥശൂന്യമായ ആവർത്തനങ്ങൾ ഒഴിവാക്കുക' (മത്താ 6:7).

152. നിങ്ങൾ ശാരീരികസൗന്ദര്യത്തിന് ഊന്നൽ കൊടുക്കുകയും നിങ്ങളുടെ മനസ്സ് ദേവാലയത്തിന്റെ പുറംമോടിയിൽ ആനന്ദിക്കുകയും ചെയ്യുന്നിടത്തോളം കാലം, നിങ്ങൾ പ്രാർത്ഥനയുടെ യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടില്ല. അതിന്റെ അനുഗൃഹീതമായ പാതയിൽനിന്നും നിങ്ങൾ വിദൂരത്താണുതാനും.

153. പ്രാർത്ഥനാവേളയിൽ മറ്റൊരു സന്തോഷവും നിങ്ങളെ ആകർഷിക്കുന്നില്ലെങ്കിൽ നിങ്ങൾ യഥാർത്ഥമായ പ്രാർത്ഥനാവരം നേടിയിരിക്കുന്നു.

www.malankaralibrary.com




**St. John Cassian**

**വിശുദ്ധ ജോൺ കാസിയാനോസ്**

www.malankaralibrary.com

# വിശുദ്ധ ജോൺ കാസിയാനോസ്

## ആമുഖക്കുറിപ്പ്

'റോമാക്കാരനായ കാസിയാനോസ്' എന്നു ഗ്രീക്കു ലേഖനങ്ങളിൽ വിവരിക്കപ്പെടുന്ന വിശുദ്ധ ജോൺ കാസിയാനോസ് ഏതാണ്ട് എ. ഡി. 360-ൽ സ്കിത്തിയായിലാണു ജനിച്ചത്. ബേത്‌ലഹേമിലെ ഒരു സന്ന്യാസാശ്രമത്തിൽ ചെറുപ്പത്തിൽതന്നെ അംഗമായിത്തീർന്ന അദ്ദേഹം, എ. ഡി. 385-ൽ തന്റെ സുഹൃത്തായ ജർമാനോസിനോടൊപ്പം ഈജിപ്തിലേക്ക് പോയി. അവിടെവച്ച് ഇവാഗ്രിയോസിന്റെ ശിഷ്യനാവുകയും 399 വരെ അവിടെ കഴിയുകയും ചെയ്തു. 401 മുതൽ 405 വരെയുള്ള കാലത്ത് കോൺസ്റ്റാന്റിനോപ്പിളിൽ കഴിഞ്ഞ അദ്ദേഹം സഭാശുശ്രൂഷകൻ (ഡീക്കൺ) ആയി നിയമിക്കപ്പെട്ടു. ഈ സമയത്താണ് കാസിയാനോസ്, വിശുദ്ധ ജോൺ ക്രിസോസ്റ്റോമിന്റെ ശിഷ്യനും തീക്ഷ്ണമതിയായ അനുയായിയുമായി മാറുന്നത്. 405-ൽ പടിഞ്ഞാറൻ നാടുകളിലേക്കു പോയ അദ്ദേഹം കുറെ വർഷങ്ങൾ റോമിലും പിന്നീട് ഗാവുളിലുമാണ് കഴിഞ്ഞത്. റോമിലോ ഗാവുളിലോ വച്ചാണ് അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചത്. 415-ൽ സ്ത്രീകൾക്കും പുരുഷന്മാർക്കുമായി മാർസെയിൽസിൽ അദ്ദേഹം രണ്ടു ആശ്രമങ്ങൾ സ്ഥാപിച്ചു. 425-428 കാലഘട്ടത്തിൽ 'സ്ഥാപനങ്ങൾ', 'സമ്മേളനങ്ങൾ' എന്നിങ്ങനെ രണ്ടു പുസ്തകങ്ങൾ ലത്തീൻഭാഷയിൽ രചിച്ചു. ഈജിപ്തിൽവച്ചു സ്വായത്തമാക്കിയ ആത്മീയവിദ്യ പടിഞ്ഞാറൻ നാടുകളിലെ സാഹചര്യങ്ങൾക്കനുസൃതമായി ഈ കൃതികളിൽ പുനരാഖ്യാനം ചെയ്യപ്പെട്ടു. ലത്തീൻ സന്ന്യാസചര്യയിൽ ഈ പുസ്തകങ്ങൾക്ക് വലിയ സ്വാധീനമുണ്ട്; എന്നു മാത്രമല്ല, വിശുദ്ധ ബനഡിക്ടിന്റെ 'നിയമം' എന്ന പുസ്തകത്തിൽ ഇവയെ പ്രശംസിക്കുന്നുമുണ്ട്. 435-ലാണ് കാസിയാനോസ് മരിക്കുന്നത്. ഓർത്ത

www.malankaralibrary.com

ഡോക്സ് സഭ അദ്ദേഹത്തെ പുണ്യവാളനായി കരുതുന്നു. ഫെബ്രുവരി 29-നാണ് അദ്ദേഹത്തിന്റെ തിരുനാൾ.

കാസിയാനോസിന്റെ മുഖ്യരചനകളിലെ ചില ഭാഗങ്ങളുടെ ഗ്രീക്ക് പരിഭാഷകൂടി സെന്റ് നിക്കോദിമോസ് തന്റെ ഫിലോകാലിയായിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'എട്ട് തിന്മകളെക്കുറിച്ചുള്ള പാഠം' അദ്ദേഹത്തിന്റെ 'സ്ഥാപനങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ അഞ്ചു മുതൽ പന്ത്രണ്ടു വരെയുള്ള ഭാഗങ്ങളിൽനിന്നാണെടുത്തിട്ടുള്ളത്. 'സ്കെയ്റ്റിസിലെ വിശുദ്ധ പിതാക്കന്മാരെയും വിവേചനത്തെയുംകുറിച്ചുള്ള പാഠം' എന്നത് കാസിയാനോസിന്റെ 'സമ്മേളനങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ ഒന്നും രണ്ടും ഭാഗങ്ങളിൽനിന്നാണ്. ലത്തീനിലുള്ള മൂലകൃതിയെ അപേക്ഷിച്ച് ഈ രണ്ടു ഗ്രീക്കുപരിഭാഷകളും വളരെ ഹ്രസ്വമാണ്.

www.malankaralibrary.com

## എട്ടു തിന്മകളെക്കുറിച്ച്
## ബിഷപ്പ് കാസ്റ്ററിനുവേണ്ടി എഴുതപ്പെട്ടത്

സെനോബൈറ്റസ് ആചാരസംഹിതകളെക്കുറിച്ചുള്ള പ്രബന്ധം രചിച്ചതിനുശേഷം അങ്ങയുടെ പ്രാർത്ഥനയാൽ പ്രേരിതനായി ഇപ്പോൾ എട്ടു തിന്മകളെക്കുറിച്ച് എഴുതാൻ ഞാൻ തുനിയുകയാണ്. ഭക്ഷണത്തോടുള്ള ആർത്തി, ചാരിത്ര്യഭംഗം, ദുരാഗ്രഹം, കോപം, ഉദാസീനത, വിഷാദം, ആത്മാഭിമാനം, അഹങ്കാരം എന്നിവയാണ് ഞാനുദ്ദേശിക്കുന്നത്.

### വയറിനെ നിയന്ത്രിക്കലിനെ സംബന്ധിച്ച്

ഭക്ഷണത്തോടുള്ള ആർത്തിക്കു തികച്ചും വിപരീതമായ വയറിനെ നിയന്ത്രിക്കലിനെ സംബന്ധിച്ചും എങ്ങനെയാണ് ഉപവസിക്കേണ്ടതെന്നതിനെക്കുറിച്ചും എന്തു ഭക്ഷിക്കാം, എത്രമാത്രം ഭക്ഷിക്കാം എന്നതിനെക്കുറിച്ചും ഞാൻ ആദ്യംതന്നെ പറയാം. എന്റെ സ്വന്തമഭിപ്രായമല്ല, വിശുദ്ധപിതാക്കന്മാരിൽനിന്നു എനിക്കു ലഭിച്ചവയെക്കുറിച്ചാണ് ഞാൻ പറയാൻ പോകുന്നത്. കൃത്യമായും ഒരേ ഒരു നിയമം മാത്രമല്ല അവർ ഇക്കാര്യത്തിൽ നല്കിയിരിക്കുന്നത്; കാരണം, ഓരോ ആളിന്റെയും ശാരീരികസ്ഥിതി വ്യത്യസ്തമാണല്ലോ. പ്രായം, ആരോഗ്യം, അസുഖം, ശാരീരിക ദുർബ്ബലത എന്നീ ഘടകങ്ങൾ ഇക്കാര്യത്തിൽ പ്രസക്തമാണ്. എന്നാൽ എല്ലാവർക്കുമുണ്ടായിരിക്കേണ്ട ലക്ഷ്യമൊന്നുതന്നെ. അമിതഭക്ഷണം ഒഴിവാക്കുക എന്നതാണത്. ഒരു ദിവസത്തെ ഉപവാസം പ്രയോജനകരമായിരിക്കുമെന്നും മൂന്നോ നാലോ ദിവസങ്ങളോ ഒരാഴ്ചയോ നീണ്ടുനിൽക്കുന്ന ഉപവാസത്തെക്കാൾ ശരീരശുദ്ധി നല്കാൻ അതുപകരിക്കുമെന്നും അവർ പറയുന്നു. കൂടുതൽ ദിവസങ്ങൾ ഉപവസിക്കുന്നവർ ഒടുവിൽ അമിതഭക്ഷണം കഴിക്കുന്നു. ഇതിന്റെ ഫലമായി ചില സമയങ്ങളിൽ ഭക്ഷണക്കുറവുമൂലം ശരീരം തളരുകയും പ്രാർത്ഥനയിൽ താല്പര്യം നഷ്ടപ്പെടുകയും ചെയ്യുന്നു. എന്നാൽ മറ്റു ചിലപ്പോൾ അമിതഭക്ഷണത്താൽ ആത്മാവ് നിഷ്ക്രിയവും അലസവുമായിത്തീരുന്നു.

www.malankaralibrary.com

പയറുവർഗ്ഗങ്ങൾ, പച്ചിലകൾ, ഉണക്കറൊട്ടി തുടങ്ങിയവ എല്ലാവർക്കും പറ്റിയതല്ല എന്ന് അവർ കണ്ടെത്തി. ചില ആളുകൾ രണ്ടു പൗണ്ട് ഉണക്കറൊട്ടി കഴിച്ചാലും വിശപ്പടങ്ങാത്തവരായിരിക്കും. എന്നാൽ മറ്റു ചിലരാകട്ടെ, ഒരു പൗണ്ട് അല്ലെങ്കിൽ അതിന്റെ പകുതി റൊട്ടി കഴിച്ചാൽപോലും തൃപ്തിയാകുന്നവരും. ഞാൻ സൂചിപ്പിച്ചതുപോലെ, ഇക്കാര്യത്തിൽ ആത്മനിയന്ത്രണത്തിന്റെ ഒരൊറ്റ നിയമമാണ് പിതാക്കന്മാർ നമുക്കു നല്കിയിട്ടുള്ളത്. 'വയറ് നിറയ്ക്കുന്നതിനെക്കുറിച്ചുള്ള ചിന്തകളാൽ വഞ്ചിതരാകരുത്' (സുഭാ 24:15). രുചിയുടെ സുഖത്തിനു പിന്നാലെ പായുകയുമരുത്. വൈവിദ്ധ്യമുള്ള ഭക്ഷണസാധനങ്ങളുടെ രുചി മാത്രമല്ല, അവയുടെ അളവും നമ്മുടെ വിഷയാസക്തിയുടെ തീനാളത്തെ ഉണർത്തുന്നുണ്ട്. ഭക്ഷണം ഏത് ഇനത്തിൽപ്പെട്ടതായാലും ശരി, അമിതമായി ഭക്ഷിക്കുമ്പോൾ അത് ദുർവൃത്തിയുടെ വിത്ത് നമ്മിൽ ഉല്പാദിപ്പിക്കുകയായിരിക്കും ചെയ്യുക. അമിതമായ വീഞ്ഞു മാത്രമല്ല നമ്മുടെ മനസ്സിനെ അസഹ്യപ്പെടുത്തുന്നത്. അമിതമായ ജലം അല്ലെങ്കിൽ അമിതമായ മറ്റെന്തുമാകട്ടെ അവയെല്ലാം മനസ്സിനെ അലസമാക്കിത്തീർക്കുകയും മന്ദീഭവിപ്പിക്കുകയും ചെയ്യുന്നു. സോദോംകാർ നശിച്ചുപോകാൻ കാരണം അമിതമായ വീഞ്ഞോ അമിതമായ മറ്റു ഭക്ഷണപദാർത്ഥങ്ങളോ ആയിരുന്നില്ല. പ്രവാചകൻ നമ്മോടു പറയുന്നതുപോലെ അപ്പത്തിന്റെ അമിതഭോജനം നിമിത്തമാണ് അവർ നശിപ്പിക്കപ്പെട്ടത് (എസെ 16:49).

ശാരീരികമായ അസുഖങ്ങൾ ഹൃദയശുദ്ധി നിലനിർത്തുന്നതിന് തടസ്സമല്ല, രോഗത്തിന് യോജിച്ച ഭക്ഷണം മാത്രം കഴിക്കുക; നമ്മുടെ സുഖത്തിനു യോജിച്ചതല്ല കഴിക്കേണ്ടത്. ജീവൻ നിലനിർത്തുന്നതിനുവേണ്ടിയാണ് ഭക്ഷണം കഴിക്കേണ്ടത്; വിഷയസുഖേച്ഛയുടെ പ്രേരണകൾ നമ്മെ അടിമപ്പെടുത്തതക്ക അളവുവരെ നാം ഭക്ഷിക്കരുത്. മിതമായും ന്യായമായും ഭക്ഷണം കഴിക്കുന്നതിലൂടെ ശരീരത്തിന്റെ ആരോഗ്യം നിലനിർത്താം. എന്നാൽ അതിന്റെ വിശുദ്ധി നശിപ്പിക്കുന്നതിനുവേണ്ടി ആഹാരം കഴിക്കരുത്.

ആത്മനിയന്ത്രണത്തെക്കുറിച്ച് വിശുദ്ധ പിതാക്കന്മാർ നല്കിയിട്ടുള്ള നിയമം ഇതാണ്: വിശപ്പ് തീരുന്നതിനുമുമ്പുതന്നെ ഭക്ഷണം നിർത്തണം. തൃപ്തിയാകുവോളം ഭക്ഷിക്കരുത്. എന്തെന്നാൽ, അപ്പോസ്തലൻ ഇങ്ങനെ പറയുന്നു: 'ദുർമോഹങ്ങളിലേക്കു നയിക്ക

www.malankaralibrary.com

ത്തക്കവിധം ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കുവിൻ' (റോമ 13:14). ഇപ്രകാരം പറഞ്ഞുകൊണ്ട് ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിൽ നിന്നും അപ്പോസ്തലൻ നമ്മെ വിലക്കുകയല്ല ചെയ്യുന്നത്. ഭോഗാസക്തിയിൽ വ്യാപരിക്കുന്നതിനെതിരെ അദ്ദേഹം നമുക്കു താക്കീതു നല്കുകയാണ്. ഭക്ഷണപദാർത്ഥങ്ങളുടെ വർജ്ജനം അതിനാൽ ത്തന്നെ, മറ്റ് സദ്ഗുണങ്ങൾ അതിനോടൊപ്പം പ്രവർത്തിക്കുന്നില്ലെങ്കിൽ പരിപൂർണ്ണമായ ആത്മശുദ്ധി കൈവരിക്കുന്നതിന് സഹായകമാകുന്നില്ല. ഉദാഹരണത്തിന് നമ്മുടെ ജോലിയിലുള്ള അനുസരണത്തിലൂടെയും ശാരീരിക ഞെരുക്കത്തിലൂടെയും നാം അഭ്യസിക്കുന്ന എളിമ ആത്മശുദ്ധി കൈവരിക്കുന്നതിന് നമുക്കു വളരെയേറെ ഗുണകരമായി വർത്തിക്കുന്നു. പണത്തിന്റെ അഭാവത്തിൽ മാത്രമല്ല, പണം സമ്പാദിക്കാനുള്ള മോഹംപോലും ഇല്ലാതാക്കിക്കൊണ്ട് നാം അത്യാഗ്രഹം വർജ്ജിക്കുകയാണെങ്കിൽ അതു നമ്മെ ആത്മശുദ്ധിയിലേക്കു നയിക്കും. കോപം, വിഷണ്ണത, ആത്മാഭിമാനം, അഹങ്കാരം എന്നിവയിൽനിന്നു മോചനം നേടുന്നതിലൂടെ ആത്മശുദ്ധി നേടാം. അടക്കം, മിതത്വം മുതലായവയിലൂടെ സംലഭ്യമാകുന്ന ആത്മശുദ്ധി കൈവരിക്കുവാൻ ആത്മനിയന്ത്രണവും ഉപവാസവും അത്യന്താപേക്ഷിതമാണ്. വയറു നിറച്ച് ഭക്ഷണം കഴിച്ച ഒരാൾക്ക് ചാരിത്ര്യഭംഗത്തിന്റെ പിശാചിനോട് മനസ്സുകൊണ്ടു പൊരുതാൻ കഴിയുകയില്ല. ആയതിനാൽ നമ്മുടെ ഒന്നാമത്തെ പ്രയത്നം ഭക്ഷണനിയന്ത്രണവും, ശാരീരിക വിധേയത്വം നേടുകയുമായിരിക്കണം. ഉപവാസത്തിലൂടെ മാത്രമല്ല നമുക്കിതു സംലഭ്യമാകുന്നത്. പ്രത്യുത, ജാഗരണം, ജോലി, ജ്ഞാനവായന, ഗേഹന്നായെക്കുറിച്ചുള്ള ഭയം, സ്വർഗ്ഗരാജ്യത്തിനു വേണ്ടിയുള്ള അത്യുത്ഘടമായ ആഗ്രഹം എന്നിവയിലൂടെയെല്ലാമാണ്.

**ചാരിത്ര്യഭംഗത്തിന്റെ പിശാചും വിഷയാസക്തിയും**

നമ്മുടെ രണ്ടാമത്തെ പോരാട്ടം ഒരു മനുഷ്യനെ തന്റെ യൗവ്വനം മുതൽ ആക്രമിക്കുന്ന ചാരിത്ര്യഭംഗത്തിന്റെയും വിഷയാസക്തിയുടെയും പിശാചിനെതിരായിട്ടാണ്. രൂക്ഷമായ ഈ പോരാട്ടം നമ്മുടെ ആത്മാവിലും ശരീരത്തിലും നാം നടത്തേണ്ടതുണ്ട്. മറ്റു തെറ്റുകൾക്കെതിരെ എന്നപോലെ ഇക്കാര്യത്തിൽ ആത്മാവിൽ മാത്രം നാം പോരാടിയാൽ പോരാ, ഇരുതലത്തിലും നാം പോരാടേണ്ടിയിരിക്കുന്നു.

www.malankaralibrary.com

ശാരീരികമായ ഉപവാസംകൊണ്ടു മാത്രം പൂർണ്ണമായ ആത്മ നിയന്ത്രണവും പരിശുദ്ധിയും ലഭ്യമാവില്ല; അതിനോടൊപ്പം തീവ്രമായ പശ്ചാത്താപവും തീക്ഷ്ണമായ പ്രാർത്ഥനയും വിശുദ്ധഗ്രന്ഥ ധ്യാനവും കഠിനാദ്ധ്വാനവും കൈവേലയുംകൂടി വേണം. ആത്മാവിലെ അനാവശ്യചിന്തകളെയും ലജ്ജാകരമായ സങ്കല്പങ്ങളെയും ഒഴിവാക്കാൻ ഇതു നമ്മെ സഹായിക്കും. ആത്മവിനയമാണ് മറ്റെല്ലാറ്റിനെക്കാളും ഇക്കാര്യത്തിൽ നമുക്കു സഹായകമായി വർത്തിക്കുന്നത്. വിനയം കൂടാതെ ആർക്കും ചാരിത്ര്യഭംഗത്തെയും മറ്റൊരു തിന്മയെയും കീഴടക്കുന്നതിനു സാധിക്കുകയില്ല. നമ്മുടെ ഹൃദയത്തെ എല്ലാവിധത്തിലുള്ള ഹീനചിന്തകളിൽനിന്നും സംരക്ഷിക്കാൻ നാം പരമാവധി ശ്രമിക്കണം. എന്തെന്നാൽ, നാഥൻ ഇങ്ങനെയാണു പറഞ്ഞിരിക്കുന്നത്. 'ദുഷ്ചിന്ത, കൊലപാതകം, വ്യഭിചാരം, പരസംഗം എന്നിവ ഹൃദയത്തിൽനിന്നു പുറപ്പെട്ടുവരുന്നു' (മത്താ 15:19).

ശരീരത്തെ നിർവ്വീര്യമാക്കുന്നതിനുവേണ്ടി മാത്രമല്ല, മനസ്സിനെ ജാഗരൂകമാക്കുന്നതിനുവേണ്ടിയുമാണ് ഉപവസിക്കേണ്ടതെന്ന് നാം പറഞ്ഞു കഴിഞ്ഞു. അമിതമായ ഭക്ഷണം നിമിത്തം മനസ്സ് നിഷ്പ്രഭമായിത്തീർന്ന് അതിന്റെ ചിന്തകളിന്മേൽ മുൻകരുതലെടുക്കാൻ ശേഷിയില്ലാത്തതായിത്തീരാതിരിക്കാനാണിത്. ശാരീരികമായ ഉപവാസത്തിനുവേണ്ടി മാത്രം നമ്മുടെ ഊർജ്ജം ചെലവഴിക്കരുത്; നമ്മുടെ ചിന്തകളെ ശ്രദ്ധിക്കുകയും ആത്മീയമായ ധ്യാനത്തിൽ മുഴുകുകയും ചെയ്യണം. അല്ലാത്തപക്ഷം നമുക്ക് ഉത്തമമായ ചാരിത്ര്യശുദ്ധി നിലനിർത്താനാവുകയില്ല. ക്രിസ്തു ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്: 'കോപ്പയുടെയും പിഞ്ഞാണത്തിന്റെയും പുറംകൂടി ശുദ്ധിയാകാൻവേണ്ടി ആദ്യമേ അകം ശുദ്ധിയാക്കുക' (മത്താ 23:26).

അപ്പോസ്തലൻ സൂചിപ്പിക്കുന്നതുപോലെ, ചാരിത്ര്യഭംഗത്തിന്റെ അശുദ്ധാത്മാവിനെ കീഴടക്കുവാൻവേണ്ടി 'നിയമപരമായ യുദ്ധം' ചെയ്ത് 'കിരീടധാരികളാകാൻ' (2 തിമോ 2:5) നാം അതിയായി ആഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ സ്വന്തം കരുത്തിലോ സന്ന്യാസവൃത്തിയിലോ ആശ്രയിക്കാതെ നമ്മുടെ ഗുരുവായ ദൈവത്തിന്റെ സഹായത്തിൽ നാം ആശ്രയിക്കണം. സ്വന്തം പരിശ്രമവും അദ്ധ്വാനവും കൊണ്ടല്ല, പ്രത്യുത, ദൈവത്തിന്റെ സഹായവും സംരക്ഷണവുംകൊണ്ട് താൻ സുഖമാക്കപ്പെടുകയും ശുദ്ധതയുടെ ശൃംഗ

www.malankaralibrary.com

ത്തിൽ എത്തിച്ചേരുകയും ചെയ്യുമെന്ന് യഥാർത്ഥത്തിൽ വിശ്വസിക്കുന്നതുവരെ ഒരുവനും ചാരിത്ര്യഭംഗത്തിന്റെ പിശാചിന്റെ ആക്രമണങ്ങളിൽനിന്നും മോചിതനാവുകയില്ല. എന്തെന്നാൽ മനുഷ്യന് സാധ്യമാകുന്ന ഒന്നല്ല ഇത്തരം വിജയം. ശാരീരികസുഖങ്ങളെയും പ്രലോഭനങ്ങളെയും അതിജീവിക്കാൻ കഴിയുന്ന ആൾ വാസ്തവത്തിൽ ശരീരത്തിന്റെ പുറത്താണ് നിലകൊള്ളുന്നത്. ദൈവാനുഗ്രഹം ഒരുവനെ ജീവിതത്തിന്റെ ചെളിക്കുഴിയിൽനിന്നുയർത്തി ഉയരങ്ങളിലെത്തിക്കുമ്പോഴല്ലാതെ അയാൾക്ക് സ്വന്തം ചിറകുകളിൽ മാലാഖമാരെപ്പോലെ പറന്നുയരാനോ സ്വർഗ്ഗീയമായ വിശുദ്ധി നേടാനോ സാധിക്കുകയില്ല.

ആത്മനിയന്ത്രണംപോലെ, ശരീരത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന മനുഷ്യനെ മാലാഖമാരുടെ ആത്മീയതയിലേക്കുയർത്താൻ കഴിവുള്ള മറ്റൊരു സദ്ഗുണവുമില്ല; അപ്പസ്തോലൻ പറയുന്നതുപോലെ ആത്മനിയന്ത്രണത്താൽ, ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ 'സ്വർഗ്ഗത്തിലെ പൗരന്മാരായി'ത്തീരുന്നു (ഫിലി 3:20). നിദ്രാവേളയിൽ നമുക്കുണ്ടാകുന്ന അവിശുദ്ധമായ സ്വപ്നങ്ങളെ അവഗണിക്കാൻ കഴിയുന്നുണ്ടെങ്കിൽ നാം പരിപൂർണ്ണ ആത്മനിയന്ത്രണം നേടിയിരിക്കുന്നു എന്നാണ് അർത്ഥം; ഇത്തരം സ്വപ്നങ്ങൾ അതിൽത്തന്നെ പാപമല്ലെങ്കിലും ആത്മാവ് രോഗാവസ്ഥയിൽ തന്നെയാണ്, വികാരത്തിൽനിന്നും അത് മോചനം പ്രാപിച്ചിട്ടില്ല എന്നതിന്റെ തെളിവാണിത്. മുൻകാലങ്ങളിൽ നമുക്കുണ്ടായിരുന്ന അലസതയും ദൗർബ്ബല്യവും ഇപ്പോഴും നമ്മിൽ നിലനിൽക്കുന്നു എന്നതിന്റെ ലക്ഷണവുമാണവ. നമ്മുടെ ആത്മാവിൽ മറഞ്ഞിരിക്കുന്ന രോഗങ്ങളാണ് ഉറങ്ങിക്കിടക്കുമ്പോൾ വെളിപ്പെടുന്നത്. ഇക്കാരണത്താലാണ് നമ്മുടെ ആത്മാവിന്റെ ഭിഷഗ്വരൻ ആത്മാവിന്റെ നിഗൂഢമേഖലകളിൽ അതിനുള്ള ഔഷധവുംകൂടി വച്ചിരിക്കുന്നത്. 'ഒരു സ്ത്രീയെ കാമത്തോടെ ഒരുവൻ നോക്കുന്നുവെങ്കിൽ അവൻ ആന്തരികമായി വ്യഭിചരിക്കുന്നു' (മത്താ 5:28) എന്ന് കർത്താവ് പറഞ്ഞിരിക്കുന്നത് അവിടെ സ്ഥിതി ചെയ്യുന്ന രോഗാണുക്കളെ തിരിച്ചറിഞ്ഞുകൊണ്ടാണ്. നമ്മുടെ കൗതുകശീലമുള്ളതും ചാരിത്രശുദ്ധിയില്ലാത്തതുമായ കണ്ണുകളെ അധികം തിരുത്തുവാനല്ല അവിടുന്നാഗ്രഹിക്കുന്നത്. കാരണം അവയുടെ ഇരിപ്പിടമായ ആത്മാവാണ്, ദൈവം സദുദ്ദേശ്യത്തിനായി നല്കിയ കണ്ണുകളെ മലിനമായി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നത്. ഇക്കാരണത്താലാണ് 'നിങ്ങളുടെ കണ്ണുകളെ ശുഷ്ക്കാന്തിയോടെ കാത്തുസൂക്ഷി

www.malankaralibrary.com

ക്കുക എന്നു പറയാതെ നിങ്ങളുടെ ഹൃദയത്തെ ശുഷ്ക്കാന്തിയോടെ കാത്തുസൂക്ഷിക്കുക' എന്നാണ് സുഭാഷിതം പറയുന്നത് (സുഭാ 4:23). താൻ ആഗ്രഹിക്കുന്നതിലേയ്ക്കെല്ലാം കണ്ണുകളെ നയിക്കുന്ന ഹൃദയത്തിൽ ശുഷ്കാന്തിയുടെ ഔഷധം നിക്ഷേപിച്ചുകൊണ്ടാണ് അവിടുന്നിങ്ങനെ അരുൾചെയ്തത്.

സ്വന്തം ഹൃദയത്തെ അശുദ്ധിയിൽനിന്നു സംരക്ഷിക്കണമെന്നാഗ്രഹമുണ്ടെങ്കിൽ സ്ത്രീകളെപ്പറ്റിയുള്ള ചിന്ത അത് നിങ്ങളുടെ അമ്മയോ സഹോദരിയോ ഭക്തസ്ത്രീയോ ആരുമായിക്കൊള്ളട്ടെ- നിങ്ങളുടെ മനസ്സിൽനിന്നും ബഹിഷ്ക്കരിക്കുക. അല്ലാത്തപക്ഷം ഇത്തരം ചിന്തയിൽ ഏറെനേരം ചിലവഴിക്കുന്നതുവഴി നിങ്ങളുടെ മനസ്സ് വഞ്ചകനാൽ ഹീനവും ദുഷിച്ചതുമായ ചിന്തകളിലേക്ക് തല കീഴായി എറിയപ്പെടുകയായിരിക്കും ചെയ്യുക. ആദ്യമനുഷ്യനായ ആദത്തിന് ദൈവം നല്കിയ കല്പന 'പാമ്പിന്റെ തല സൂക്ഷിക്കുക' എന്നതായിരുന്നു (ഉല്പ 3:15); അതായത് ദുഷിച്ച ചിന്തയുടെ നിഗൂഢമായ ആദ്യസൂചനയെ സൂക്ഷിച്ചുകൊള്ളുക. എന്തെന്നാൽ ഇതിലൂടെയാണ് പാമ്പ് നമ്മുടെ ആത്മാവിലേക്ക് നുഴഞ്ഞുകയറാൻ ശ്രമിക്കുന്നത്. ചിന്തയുടെ പ്രകോപനമാകുന്ന പാമ്പിന്റെ തല കടത്താൻ നാം അനുവദിക്കാതിരുന്നാൽ, അധാർമ്മികമായ പ്രവൃത്തിയിലേക്ക് മനസ്സിനെ അധഃപതിപ്പിക്കുന്ന ചിന്തയുടെ നിർദ്ദേശമനുസരിച്ചുള്ള, വിഷയസുഖത്തോടുള്ള പ്രതിപത്തിയാകുന്ന അതിന്റെ ശരീരത്തിന്റെ ബാക്കി ഭാഗത്തിനും നാം പ്രവേശനം അനുവദിക്കുകയില്ല.

എഴുതപ്പെട്ടിരിക്കുന്നതുപോലെ, 'ദേശത്തെ ദുഷ്കർമ്മികളെ പ്രഭാതംതോറും നാം നിഗ്രഹിക്കണം' (സങ്കീ 101:8); ദൈവജ്ഞാനത്തിന്റെ വെളിച്ചത്തിൽ പാപകരമായ ചിന്തകളെ തിരിച്ചറിയുകയും നമ്മുടെ ഹൃദയമാകുന്ന ഭൂമിയിൽനിന്നു കർത്താവു പഠിപ്പിക്കുന്ന പ്രകാരം, അവയെ പൂർണ്ണമായും ഉന്മൂലനം ചെയ്യുകയും വേണം. ബാബിലോണിന്റെ സന്തതികളെ, അതായത് പാപചിന്തകളെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. അവ ചെറുപ്പമായിരിക്കുമ്പോൾതന്നെ നിലത്തടിക്കുകയും ക്രിസ്തുവാകുന്ന പാറമേൽ അടിച്ചുടയ്ക്കുകയും വേണം (സങ്കീ 137:9; 1 കൊരി 16:4). പാപചിന്തകൾ, നാം മൗനാനുവാദമേകിയാൽ ശക്തിയാർജ്ജിക്കുകയും വേദനയും കഠിനാദ്ധ്വാനവുംകൂടാതെ പറിച്ചെറിയാൻ കഴിയാത്തവിധം ആഴത്തിൽ വളരുകയും ചെയ്യും.

www.malankaralibrary.com

മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വിശുദ്ധഗ്രന്ഥത്തിലെ വചനങ്ങളോടൊപ്പം വിശുദ്ധപിതാക്കന്മാരുടെ ചൊല്ലുകളും ഓർമ്മിച്ചിരിക്കുന്നത് നല്ലതാണ്. ഉദാഹരണത്തിന് കപ്പഡോക്കിയയിലെ കേസറിയ എന്ന സ്ഥലത്തെ ബിഷപ്പായിരുന്ന വിശുദ്ധ ബേസിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'ഞാൻ ഒരിക്കലും ഒരു സ്ത്രീയെ അറിഞ്ഞിട്ടില്ല; എങ്കിലും ഞാൻ ചാരിത്ര്യശുദ്ധിയുള്ളവനല്ല'. ഇതിനർത്ഥം സ്ത്രീകളുമായി ബന്ധമുണ്ടാകാതിരിക്കുന്നതുകൊണ്ടു മാത്രം ചാരിത്ര്യശുദ്ധി നേടാനാവില്ല എന്നാണ്; ദൈവഭയവും അതിലൂടെ ആത്മവിശുദ്ധിയും നേടിയെങ്കിലേ ഒരുവന് ചാരിത്ര്യം നേടാൻ കഴിയൂ. ഹൃദയത്തിന്റെ എളിമ ആദ്യം നേടിയെടുക്കാതെ, ശുദ്ധതയാകുന്ന പുണ്യം പൂർണ്ണമായും നേടിയെടുക്കാൻ സാധിക്കുകയില്ല എന്ന് പിതാക്കന്മാർ പറഞ്ഞിട്ടുണ്ട്. ചാരിത്ര്യഭംഗം എന്ന വികാരം നമ്മുടെ ആത്മാവിൽ മറഞ്ഞിരിക്കുന്നിടത്തോളം കാലം നമുക്ക് ആത്മീയജ്ഞാനം നേടാൻ കഴിയില്ല.

നമ്മുടെ പ്രബന്ധത്തിലെ ഈ വിഷയത്തിന്റെ അവസാനഭാഗത്ത് ആത്മനിയന്ത്രണം നേടേണ്ടതെങ്ങനെയെന്നതിനെക്കുറിച്ചുള്ള അപ്പോസ്തോലന്റെ വാക്കുകൾ നമുക്ക് ഓർമ്മിക്കാം: 'എല്ലാ മനുഷ്യരുമായി സമാധാനം തേടുകയും വിശുദ്ധി സ്വായത്തമാക്കുകയും ചെയ്യുക; ഇതില്ലാതെ ആർക്കും കർത്താവിനെ കാണാനാവില്ല' (എബ്രാ 12:14). ആത്മനിയന്ത്രണത്തെപ്പറ്റിയാണ് അദ്ദേഹം പറയുന്നതെന്ന് തുടർന്നുവരുന്ന ഭാഗത്തുനിന്നും വ്യക്തമാണ്. 'ഏസാവിനെപ്പോലെ അസന്മാർഗിയോ അധാർമ്മികനോ ആയി ഒരാളും ജീവിക്കാതിരിക്കട്ടെ' (എബ്രാ 12:16). ഒരാൾ എത്രമാത്രം സ്വർഗ്ഗീയമായ വിശുദ്ധിയിലേക്കുയരുന്നുവോ അത്രമാത്രം കടുത്ത ആക്രമണമായിരിക്കും ശത്രുക്കൾ അയാളുടെ മേൽ നടത്തുന്നത്. അതിനാൽ ശാരീരികമായ നിയന്ത്രണം മാത്രം നേടിയാൽ പോരാ; ഹൃദയപശ്ചാത്താപവും അനുതാപത്തോടെയുള്ള നിരന്തരമായ പ്രാർത്ഥനയുംകൂടി നാം സ്വായത്തമാക്കണം. അങ്ങനെ പരിശുദ്ധാത്മാവിന്റെ തുഷാരത്താൽ, നിത്യേന വളർന്നുകൊണ്ടിരിക്കുന്ന നമ്മിലെ ശാരീരിക ആസക്തിയുടെ അഗ്നിയെ അണയ്ക്കാൻ നമുക്കു കഴിയണം. ആഗ്രഹങ്ങളുടെ കാറ്റിനാൽ അനുദിനം ബാബിലോൺ രാജാവാണ് ഈ അഗ്നിയെ ജ്വലിപ്പിക്കുന്നത് (ദാനി 3:19). പരിശുദ്ധമായ ജാഗരണം എന്ന ആയുധം ആണ് ഇതിനായിട്ട് നമുക്ക് നല്കപ്പെട്ടിരിക്കുന്നത്. ആകയാൽ പകൽസമയത്തെ

www.malankaralibrary.com

ജാഗ്രതകൊണ്ട് രാത്രിയിൽ മനസ്സിന് പരിശുദ്ധി കിട്ടുന്നു; രാത്രിയിലെ ജാഗ്രതമൂലം പകൽസമയത്ത് നമുക്ക് ആത്മശുദ്ധി കൈവരുന്നു.

### ദുരാഗ്രഹത്തെക്കുറിച്ച്

നാം നടത്തേണ്ടുന്ന മൂന്നാമത്തെ സമരം ദുരാഗ്രഹത്തിന്റെ പിശാചിനോടാണ്. ഒരു സന്ന്യാസിയുടെ ജീവിതത്തിൽ ഈ പിശാചിന് യാതൊരു സ്ഥാനവുമില്ല. സന്ന്യാസിക്ക് വിശ്വാസം നഷ്ടപ്പെടുമ്പോൾ മാത്രമാണ് ഇവന് അയാളുടെ ഉള്ളിൽ കടക്കാൻ കഴിയുന്നത്. കോപം, വിഷയാസക്തി തുടങ്ങിയ ദൂഷ്യങ്ങളാകട്ടെ, സ്വാഭാവികവും പിറവി മുതൽ നമ്മിൽ അടിയുറച്ചതുമാണ്. അതിനാൽ ദീർഘകാലത്തെ സമരം കൊണ്ടു മാത്രമേ അവയെ കീഴടക്കാൻ കഴിയൂ. എന്നാൽ, ദുരാഗ്രഹ മാകട്ടെ, സ്വാഭാവികമായി നമ്മിലില്ലാത്തതാകയാൽ പ്രയത്നവും ശ്രദ്ധയും വഴി വളരെ പെട്ടെന്ന് വിച്ഛേദിക്കപ്പെടാവുന്നതാണ്. എന്നാൽ, ഇക്കാര്യത്തിൽ നാം ഉപേക്ഷ വരുത്തിയാൽ അതിൽനിന്നും മോചനം പ്രാപിക്കുക ഏറെ പ്രയാസകരമായിത്തീരും. അങ്ങനെ ഈ തിന്മ മറ്റെല്ലാ വികാരങ്ങളെക്കാളും നാശം വിതയ്ക്കും; എന്തെന്നാൽ അപ്പോസ്തലന്റെ അഭിപ്രായത്തിൽ ദുരാഗ്രഹമാണ് എല്ലാ തിന്മയു ടെയും മൂലകാരണം (1 തിമോ 6:10).

നമുക്ക് ഇതൊന്നു വിശകലനം ചെയ്യാം. ലൈംഗിക അവയവ ങ്ങളുടെ ചലനം കൊച്ചുകുട്ടികളിൽ മാത്രമല്ല, നന്മയോ തിന്മയോ തിരിച്ചറിയാൻ ത്രാണിയില്ലാത്ത കൈക്കുഞ്ഞുങ്ങളിൽപോലും നമുക്ക് കണ്ടെത്താൻ സാധിക്കും. രണ്ടാമത്തെ കൂട്ടർ ലൈംഗികസന്തോഷ ത്തെക്കുറിച്ച് അജ്ഞരെങ്കിലും അവരുടെ ശരീരത്തിൽ അത്തര ത്തിലുള്ള സ്വാഭാവിക ചലനങ്ങൾ പ്രകടമാക്കാൻ തുടങ്ങുന്നു. അതു പോലെതന്നെ കോപത്തിന്റെ സ്വാധീനവും കൈക്കുഞ്ഞുങ്ങളിലുണ്ട്. ആരെങ്കിലും അവരെ ഉപദ്രവിക്കുമ്പോൾ അവർക്കെതിരായി അവർ പ്രതികരിക്കുന്നതിലൂടെ ഇത് വ്യക്തമായി കാണുവാൻ സാധിക്കുന്നു. പാപത്തിനു കാരണമായിത്തീരുന്ന പ്രകൃതത്തെ കുറ്റപ്പെടുത്താനല്ല ഞാനിതു പറയുന്നത്. അങ്ങനെ സംഭവിക്കാതിരിക്കട്ടെ! മറിച്ച്, സ്രഷ്ടാവ് സദുദ്ദേശത്തോടെ നമ്മിൽ നിവേശിപ്പിച്ചിരിക്കുന്ന സ്വാഭാ വിക പ്രവണതകളായ കോപവും ശാരീരിക ആസക്തിയും നമ്മുടെ അവഗണന മൂലം അസ്വാഭാവികമായി മാറുന്നു എന്നു പറയാനാണ്.

www.malankaralibrary.com

ശാരീരികാസക്തി സ്രഷ്ടാവ് നമുക്കു നല്കിയിരിക്കുന്നത് പ്രത്യുല്പാദനത്തിനും വംശനിലനില്പിനും വേണ്ടിയാണ്, അല്ലാതെ ചാരിത്ര്യഭംഗത്തിനുവേണ്ടിയല്ല. നമ്മുടെ രക്ഷയ്ക്കുവേണ്ടിയാണ് കോപത്തിന്റെ സ്വാധീനം അവിടുന്നു നമ്മിൽ നിവേശിപ്പിച്ചിരിക്കുന്നത്. ദുഷ്ടതയ്ക്കെതിരെ പ്രകടിപ്പിക്കാനുള്ളതാണത്, അല്ലാതെ, വന്യമൃഗങ്ങളെപ്പോലെ നമ്മുടെ സഹോദരരോട് പെരുമാറാനുള്ളതല്ല. ഈ വികാരങ്ങളെ നാം മോശമായ രീതിയിൽ ഉപയോഗിക്കുന്നെങ്കിലും പ്രകൃതം അതിൽത്തന്നെ പാപകരമാകുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ സ്രഷ്ടാവിനെ കുറ്റപ്പെടുത്താൻ നമുക്കു സാധിക്കുകയില്ല. പ്രയോജനപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിനായി നല്കപ്പെടുന്ന കത്തിയുപയോഗിച്ച് ഒരാൾ കൊലപാതകം നടത്തുന്നെങ്കിൽ കത്തി നല്കിയ ആളിനെ കുറ്റപ്പെടുത്താനാവില്ല.

ഇത്രയും പറഞ്ഞത് ദുരാഗ്രഹം പ്രകൃതിസഹജമല്ല, മറിച്ച് നമ്മുടെ ഇച്ഛയുടെ അനിയന്ത്രിതമായ ഗതിയുടെ ഫലമാണെന്നു കാണിക്കാനാണ്. സന്ന്യാസപാതയുടെ ആരംഭദശയിൽ ആത്മാവ് ഉത്സാഹമില്ലാത്തതും വിശ്വാസരാഹിത്യം നിറഞ്ഞതുമായിത്തീരുമ്പോഴാണ് ഈ രോഗം ആത്മാവിനെ ബാധിക്കുന്നത്. നാം സമ്പാദിച്ചവയിൽനിന്നും കുറെ മാറ്റിവയ്ക്കുന്നത് ഉചിതവും ന്യായവുമാണെന്നുള്ളതിന് വ്യത്യസ്തമായ കാരണങ്ങൾ ഇത് നമുക്കുപദേശിച്ചുതരുന്നു. ഇത് വാർദ്ധക്യത്തിന്റെ കാലയളവിനെക്കുറിച്ചും രോഗത്തെക്കുറിച്ചുമുള്ള ചിത്രം സന്ന്യാസിയുടെ മനസ്സിലേക്ക് ആവാഹിക്കുന്നു. ആശ്രമത്തിന്റെ വരുമാനമാർഗ്ഗം ആരോഗ്യവാനായ ഒരു വ്യക്തിയുടെ ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനുപോലും മതിയാവതല്ല. എങ്കിൽ പിന്നെ രോഗിയുടെ കാര്യം പറയേണ്ടതില്ല എന്നൊക്കെ അവനെ ധരിപ്പിക്കുന്നു. ആശ്രമത്തിൽ രോഗികളായവർ ആരാലും വേണ്ടവിധം ശ്രദ്ധിക്കപ്പെടുകയില്ലെന്നും അവൻ സ്വന്തമായി പണം സംഭരിച്ചു മാറ്റിവച്ചിട്ടില്ലെങ്കിൽ ദയനീയമായ ഒരു മരണമായിരിക്കും അവൻ കൈവരിക്കാൻ പോകുന്നതെന്നും അവന് തോന്നിത്തുടങ്ങുന്നു. അവസാനമായി തന്റെ ജോലിഭാരവും, അധികാരിയുടെ കാഠിന്യവും മൂലം തനിക്ക് ഇനിയും ആശ്രമത്തിൽ തുടർന്നുപോകാൻ കഴിയുകയില്ലെന്നും അത് അവനെ ബോദ്ധ്യപ്പെടുത്തുന്നു. അങ്ങനെ, ഇതുപോലുള്ള ചിന്തകൾ സ്വന്തം സമ്പാദ്യത്തിൽനിന്നും കുറച്ച് മറച്ചുവയ്ക്കാൻ അവനെ പ്രേരിപ്പിക്കുന്നു.

www.malankaralibrary.com

ഇപ്രകാരം തന്റെ അധികാരി അറിയാതെ പണം സൂക്ഷിക്കാൻ മാത്രമല്ല, എന്തെങ്കിലും ചെറിയ കൈത്തൊഴിലിലൂടെ കൂടുതൽ പണം സമ്പാദിക്കാൻ അയാൾ ശ്രമിക്കുകയും ചെയ്യുന്നു. ഭാവിയിൽ തനിക്കു സമ്പാദിക്കാൻ കഴിയുന്ന പണത്തെക്കുറിച്ചും അങ്ങനെ സമ്പാദിക്കുന്ന പണത്തിലൂടെ കൈവരിക്കാവുന്ന സുഖസൗകര്യങ്ങളെക്കുറിച്ചുമുള്ള സങ്കല്പത്തിലൂടെ രഹസ്യമായ പ്രതീക്ഷയിലേക്ക് ആ ദുർബല സന്ന്യാസിയെ അത് വശീകരിക്കുന്നു. ദുരാഗ്രഹമെന്ന പിശാചിന്റെ പിടിയിൽ പൂർണ്ണമായും അകപ്പെട്ടുകഴിഞ്ഞ ഈ സന്ന്യാസി, തന്നെ ആക്രമിക്കുന്ന മറ്റു വികാരങ്ങളെ തിരിച്ചറിയുന്നില്ല; പ്രതീക്ഷിച്ച അത്രയും ലാഭം കിട്ടാതെവരുമ്പോൾ അയാൾ വിഷണ്ണനും നിരാശനുമാകുന്നു. മറ്റുള്ളവർക്ക് വയറാണ് ദൈവമെങ്കിൽ ഇയാൾക്ക് പണമാണ് ദൈവം. ഇതിനാലാണ് അപ്പോസ്തോലൻ ഇങ്ങനെ പറഞ്ഞിരിക്കുന്നത്: 'ദുരാഗ്രഹം എല്ലാ തിന്മയുടെയും മൂലകാരണം മാത്രമല്ല, വിഗ്രഹാരാധനകൂടിയാണ്' (കൊലോ 3:5).

വിഗ്രഹാരാധകനായിത്തീരത്തക്കവിധം ദുരാഗ്രഹം ഒരാളെ എങ്ങനെയാണ് അത്രമാത്രം വഴിതെറ്റിക്കുന്നത്? ദുരാഗ്രഹിയായ ഒരുവൻ സ്വന്തം മനസ്സുറപ്പിക്കുന്നത് ദൈവസ്നേഹത്തിലല്ല; സ്വർണ്ണത്തിന്മേൽ കൊത്തിയിരിക്കുന്ന മനുഷ്യരുടെ ചിത്രത്തിന്മേലായിരിക്കും. അത്തരം ചിന്തകളാൽ ഇരുട്ടിലാക്കപ്പെടുന്ന ഹൃദയത്തിന് അധോഗതിയാണുണ്ടാവുക. അയാൾ ഒരിക്കലും അനുസരിക്കുകയില്ല. അയാൾ കോപശീലനും അലസനുമായിത്തീരുന്നു. എല്ലാക്കാര്യത്തിലും അയാൾ അസന്തുഷ്ടി പ്രകടിപ്പിക്കുന്നു. ബഹുമാനിക്കപ്പെടേണ്ടവരോട് തർക്കുത്തരം പറയുകയും അനുസരണയില്ലാത്ത ഒരു കുതിരയെന്നതുപോലെ പെരുമാറുകയും ചെയ്യുന്നു. നിത്യേന തനിക്കു ലഭിക്കുന്ന ആഹാരത്തിൽ അയാൾ തൃപ്തനാവുകയില്ല; ഇത്തരം സാഹചര്യങ്ങളിൽ ഏറെക്കാലം കഴിഞ്ഞുകൂടാൻ തനിക്കു കഴിയില്ല എന്നു പരാതിപ്പെടുകയും ചെയ്യുന്നു. ദൈവസാന്നിധ്യവും തന്റെ രക്ഷയ്ക്കായുള്ള അവസരവും സന്ന്യാസാശ്രമത്തിൽ ബന്ധിതനായിരിക്കുന്നതിലല്ലെന്നും, താൻ അവിടംവിട്ടു പോകുന്നില്ലെങ്കിൽ നശിച്ചുപോകുമെന്നുമുള്ള അനുമാനത്തിൽ അവൻ എത്തിച്ചേരുന്നു. തന്റെ രഹസ്യസമ്പാദ്യത്തെക്കുറിച്ചുള്ള അഭിമാനം അയാളെ ഇക്കാര്യത്തിൽ പ്രോത്സാഹിപ്പിക്കുന്നു. അങ്ങനെ ആശ്രമം ഉപേക്ഷിച്ചു പോകാനുള്ള പദ്ധതി അയാൾ

www.malankaralibrary.com

തയ്യാറാക്കുന്നു. മറ്റുള്ളവരുടെ ഉപദേശങ്ങൾ അയാൾ വകവയ്ക്കു കയില്ല. എന്തുചെയ്യാൻ ആവശ്യപ്പെട്ടാലും അഹങ്കാരത്തോടെ, പരുഷ മായി മറുപടി പറയും. ആശ്രമത്തിൽ തിരുത്തേണ്ടതായി എന്തെങ്കിലും കണ്ടാൽത്തന്നെ അയാൾ ശ്രദ്ധിക്കുകയില്ല. താൻ അവിടുത്തു കാരനല്ല, അപരിചിതനാണെന്ന ഭാവത്തിൽ അവിടെ നടക്കുന്നതിനെ യെല്ലാം കുറ്റപ്പെടുത്തും. കുറെക്കഴിഞ്ഞ് താൻ കോപിച്ചതിനും വിഷമി പ്പിച്ചതിനുമെല്ലാം ക്ഷമ ചോദിക്കുകയും ചെയ്യും. തികച്ചും നിസ്സാര മായ കാരണങ്ങളാലോ കാരണം കൂടാതെയോ അല്ല താൻ സന്ന്യാസ ജീവിതം അവസാനിപ്പിക്കുന്നതെന്ന് തോന്നിപ്പിക്കാനാണ് അയാൾ അങ്ങനെ ചെയ്യുന്നത്. തന്റെ പാപപ്രവൃത്തിയിൽ സഹകാരിയായി ആരെയെങ്കിലും ലഭിക്കണമെന്ന ആഗ്രഹത്തോടെ തന്നോടൊപ്പം സന്ന്യാസജീവിതം ഉപേക്ഷിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുന്നതി നായി പരദൂഷണവും അപവാദപ്രചാരണവും അയാൾ ഉപയോഗിക്കും.

സ്വകാര്യസമ്പാദ്യത്തിനുവേണ്ടി തീവ്രമായി ആഗ്രഹിക്കുന്ന ദുരാഗ്രഹിയായ സന്ന്യാസിക്ക് ഒരു ആശ്രമത്തിലോ, നിയമത്തിൻ കീഴോ ഒരിക്കലും സ്വസ്ഥനായി ജീവിക്കാൻ സാധിക്കുകയില്ല. പിശാചാകുന്ന ചെന്നായ് ആലയിൽനിന്നും അവനെ പിടിച്ചെടുത്ത്, ആട്ടിൻപറ്റത്തിൽനിന്നും വേർപെടുത്തിയശേഷം അവനെ വിഴുങ്ങാൻ തക്കംപാർക്കുന്നു. മുമ്പ് ആശ്രമത്തിലെ നിശ്ചിത സമയത്തെ ജോലി കളെക്കുറിച്ചു പരാതിപ്പെട്ടുകൊണ്ടിരുന്ന അവനെക്കൊണ്ട് പിശാച് അവന്റെ സ്വന്തം അറയിൽ രാവും പകലും പണിയെടുപ്പിക്കുന്നു. അങ്ങനെ ചിട്ടയായ പ്രാർത്ഥനയോ, ഉപവാസക്രമമോ, മുറപ്രകാരമുള്ള ജാഗരണമോ പരിരക്ഷിക്കാൻ പിശാച് അവനെ അനുവദിക്കുന്നില്ല. ദുരാഗ്രഹത്തിന്റെ ഭ്രാന്തിനാൽ അവനെ ബന്ധനസ്ഥനാക്കിയശേഷം അവന്റെ പ്രയത്നം മുഴുവനും കൈത്തൊഴിലിനുവേണ്ടി വിനിയോഗി ക്കാൻ പിശാച് അവനെ പ്രേരിപ്പിക്കുന്നു.

ദുരാഗ്രഹത്തിന് മൂന്ന് രൂപങ്ങളാണുള്ളത്; ഇവ മൂന്നിനെയും വിശുദ്ധഗ്രന്ഥവും വിശുദ്ധപിതാക്കന്മാരും അപലപിക്കുന്നുണ്ട്. ഒന്നാമ ത്തേത്, ദരിദ്രരായിരുന്നവർ ലോകത്തിൽവച്ച് തങ്ങൾക്കില്ലാതിരുന്ന സമ്പത്തുകൾ കരസ്ഥമാക്കി സൂക്ഷിക്കുന്നതാണ്. രണ്ടാമത്തേത് ദൈവത്തിനു സ്വയം സമർപ്പിച്ചുകൊണ്ട് ഭൗതികസമ്പത്തുപേക്ഷിച്ച വർക്ക് തങ്ങളുടെ പ്രവൃത്തിയെക്കുറിച്ച് പശ്ചാത്താപമുണ്ടാക്കുകയും

www.malankaralibrary.com

കൈവിട്ടുപോയ സമ്പത്ത് നേടാൻ പ്രേരിപ്പിക്കയെന്നതുമാണ്. മൂന്നാമ ത്തേതാകട്ടെ, ആരംഭം മുതൽക്കേ വിശ്വാസരാഹിത്യവും മന്ദതയും സന്ന്യാസിയുടെയുള്ളിൽ സംക്രമിപ്പിക്കുകയും അങ്ങനെ, ലൗകിക വസ്തുക്കളിൽനിന്നു പൂർണ്ണവിരക്തി പ്രാപിക്കുന്നതിൽനിന്ന് അവനെ തടയുകയും ദാരിദ്ര്യത്തെക്കുറിച്ചുള്ള ഭയം അവനിൽ ഉളവാക്കി ദൈവ പരിപാലനയിലുള്ള ആശ്രയബോധത്തിൽനിന്നും അവനെ പിന്തിരി പ്പിച്ച് താൻ ലോകത്തെ ഉപേക്ഷിച്ചപ്പോൾ നടത്തിയ വാഗ്ദാനലംഘന ത്തിലേക്ക് അവനെ നയിക്കുന്നതാണ്.

ഞാൻ സൂചിപ്പിച്ചതുപോലെ, ഈ മൂന്നു വ്യത്യസ്ത രൂപങ്ങളി ലുള്ള ദുരാഗ്രഹത്തെയും വിശുദ്ധഗ്രന്ഥം അപലപിക്കുന്നുണ്ട്. ഗഹസി തനിക്ക് മുമ്പില്ലാതിരുന്ന സ്വത്തു നേടാൻ ആഗ്രഹിച്ചു. തത്ഫലമായി അവന്റെ ഗുരു പൈതൃക അവകാശമെന്ന നിലയിൽ നല്കുവാ നാഗ്രഹിച്ച പ്രവാചകകൃപ ഒരിക്കലും അവനു സ്വീകരിക്കുവാൻ സാധിച്ചില്ല. കാരണം പ്രവാചകശാപത്താൽ അനുഗ്രഹത്തിനു പകരം മാറാവ്യാധിയായ കുഷ്ഠരോഗമാണ് അവന് ലഭിച്ചത് (2 രാജാ 5:27). യൂദാസാകട്ടെ, ക്രിസ്തുവിനെ അനുഗമിക്കാൻവേണ്ടി മുമ്പ് ഉപേക്ഷിച്ച ധനം നേടാൻ വീണ്ടും ആഗ്രഹിച്ചു. അതിനാൽ ക്രിസ്തുവിനെ ഒറ്റി ക്കൊടുക്കലിലേക്കു പടിപടിയായി നീങ്ങുക മാത്രമല്ല, അപ്പോസ്തോ ലിക വൃത്തത്തിൽ അവനുണ്ടായിരുന്ന സ്ഥാനം നഷ്ടപ്പെടുകയും ചെയ്തു. കൂടാതെ ഭീകരമായ മരണത്തിലൂടെ തന്റെ ശാരീരിക ജീവിതം അയാൾ അവസാനിപ്പിക്കുകയും ചെയ്തു (മത്താ 27:5). മൂന്നാമതായി, തങ്ങളുടെ സ്വത്തിന്റെ ഒരു ഭാഗം മാറ്റിവച്ച അനനി യാസും സഫീറായും അപ്പോസ്തോലിക വചനത്താൽ മരണ ശിക്ഷയ്ക്കു വിധേയരാവുകയും ചെയ്തു (അപ്പോ 5:1-10). ലോകത്തെ ഉപേക്ഷിക്കാമെന്നു വാഗ്ദാനം ചെയ്തശേഷം വിശ്വാസരാഹിത്യ ത്തിൽനിന്നുളവാകുന്ന ഭയത്താൽ തങ്ങളുടെ ഭൗതികസമ്പത്ത് പരിരക്ഷിക്കാൻ ആഗ്രഹിക്കുന്നവരെ ഉപദേശിച്ചുകൊണ്ട് ആവർത്തന പുസ്തകത്തിൽ മോശ ഇങ്ങനെ പറയുന്നു: 'ഭീരുവും ദുർബല ഹൃദയനുമായി ആരാണിവിടെയുള്ളത്? അവൻ യുദ്ധത്തിനു പോകേണ്ട; അവൻ തിരിച്ചു വീട്ടിൽ പൊയ്ക്കൊള്ളട്ടെ; അല്ലെങ്കിൽ അവന്റെ സഹോദരന്മാരും അവനെപ്പോലെ ചഞ്ചലചിത്തരാകും' (ആവ 20:8). ഇതിനെക്കാൾ വലിയ തെളിവ് എന്താണ് വേണ്ടത്? ലോകത്തെ ഉപേക്ഷിച്ച നാം ഈ ഉദാഹരണങ്ങളിൽനിന്നും പ്രബോ

www.malankaralibrary.com

ധനം ഉൾക്കൊണ്ടുകൊണ്ട് അതിനെ പൂർണ്ണമായും ഉപേക്ഷിച്ചു യുദ്ധത്തിനു പുറപ്പെടേണ്ടവരല്ലേ? നമ്മുടെ ചഞ്ചലതയും ദൗർബല്യവും മൂലം സുവിശേഷത്തിൽ പഠിപ്പിക്കുന്ന പരിപൂർണ്ണതയിൽനിന്നും മറ്റുള്ളവരെ അകറ്റി അവരെ നാം ഭീരുക്കളാക്കി മാറ്റരുത്.

ദുരാഗ്രഹവും ധനമോഹവുമുള്ള ചിലർ വിശുദ്ധഗ്രന്ഥത്തിലെ വചനങ്ങളെ ദുർവ്യാഖ്യാനം ചെയ്യാറുണ്ട്. 'സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്ക്കരം' (അപ്പോ 20:35) എന്ന വചനത്തെയാണ് അവർ തെറ്റായി വ്യാഖ്യാനിക്കുന്നത്. 'പരിപൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും; പിന്നെ വന്ന് എന്നെ അനുഗമിക്കുക' (മത്താ 19:21) എന്ന കർത്താവിന്റെ വചനത്തെയും അവർ ദുർവ്യാഖ്യാനം ചെയ്യുന്നുണ്ട്. ഒരുവന് തന്റെ സ്വകാര്യസ്വത്തിനുമേൽ അധികാരമുണ്ടായിരിക്കുകയും ആവശ്യക്കാരെന്ന് അവൻ കരുതുന്നവർക്ക് അതിൽനിന്നും നല്കുകയും ചെയ്യുന്നതാണ് ഭൗതികസമ്പത്ത് ഉപേക്ഷിക്കുന്നതിലും കൂടുതൽ അഭികാമ്യം എന്നാണവരുടെ വാദം. ക്രിസ്തുവിനെപ്രതി അപ്പോസ്തോലന്റെ ദാരിദ്ര്യം സ്വീകരിച്ച് തനിക്കുവേണ്ടിയും മറ്റ് ആവശ്യക്കാർക്കുവേണ്ടിയും സ്വന്തം കൈകൊണ്ട് അദ്ധ്വാനിക്കുന്നതിൽ ലജ്ജിക്കുന്നവൻ ലോകത്തെ ഉപേക്ഷിക്കുകയോ സന്ന്യാസ പരിപൂർണ്ണത നേടുകയോ ചെയ്യാത്തവനാണെന്ന് ഇക്കൂട്ടർ അറിഞ്ഞിരിക്കേണ്ടതുണ്ട് (അപ്പോ 20:34). സന്ന്യാസവൃത്തി പൂർത്തിയാക്കി അപ്പോസ്തോലനോടൊപ്പം മഹത്ത്വം പ്രാപിക്കാൻ മറ്റൊരു മാർഗ്ഗമില്ല. തന്റെ പൂർവ്വസ്വത്ത് വിതരണം ചെയ്തവൻ പൗലോസിനോടൊപ്പം വിശപ്പിലും ദാഹത്തിലും തണുപ്പിലും നഗ്നതയിലും പോരാടട്ടെ (2 കൊരി 11:27). ഭൗതികസമ്പത്ത് ഉപേക്ഷിക്കേണ്ടതില്ലെന്ന് അപ്പോസ്തോലന് തോന്നിയിരുന്നെങ്കിൽ, റോമൻ പൗരനെന്ന നിലയിലുള്ള തന്റെ പദവി ഉപേക്ഷിക്കുമായിരുന്നില്ല (അപ്പോ 22:25). സ്വന്തം ധനംകൊണ്ടു ജീവിക്കുന്നതാണ്, സ്വന്തം കൈകൊണ്ടു ജോലി ചെയ്തും വിജാതീയർക്ക് ദാനംചെയ്തും ജീവിക്കുന്നതിനെക്കാൾ അഭികാമ്യമെന്ന് അപ്പോസ്തോലൻ നിരൂപിച്ചിരുന്നതായി തോന്നിയിരുന്നെങ്കിൽ ജറുസലേം നിവാസികൾ തങ്ങളുടെ വീടുകളും കൃഷിസ്ഥലങ്ങളും വിറ്റുകിട്ടിയ പണം അപ്പോസ്തോലന്മാരെ ഏല്പിക്കുമായിരുന്നില്ല (അപ്പോ 4,3,35).

www.malankaralibrary.com

ഈ വിഷയത്തെക്കുറിച്ച് വേണ്ടത്ര വിശദീകരണം നൽകുന്നതാണ് അപ്പോസ്തോലന്റെ വചനം. 'ഇപ്പോൾ ഞാൻ ജറുസലേമിലേക്കു പോവുന്നു, വിശുദ്ധരെ സഹായിക്കുന്നതിനുവേണ്ടി'. അതോടൊപ്പം തന്നെ 'അങ്ങനെ ചെയ്യുന്നതിൽ അവർക്ക് അതിയായ സന്തോഷ മുണ്ടായി; അവരതിന് കടപ്പെട്ടവരുമാണ്' എന്നും നമുക്കു കാണാം (റോമ 15:25-27). പലപ്പോഴും അദ്ദേഹം തടവിലാക്കപ്പെടുകയോ ബന്ധിക്കപ്പെടുകയോ ക്ലേശകരമായ യാത്രയിൽ ആയിരിക്കുകയോ ചെയ്തിരുന്നതിനാൽ സ്വന്തം കൈകൾകൊണ്ട് ജോലിചെയ്ത് ജീവിക്കാൻ കഴിഞ്ഞിരുന്നില്ല. മക്കദോനിയായിൽനിന്നും അദ്ദേഹത്തെ കാണാനെത്തിയ സഹോദരന്മാരിൽനിന്നും തനിക്കാവശ്യമായത് സ്വീകരിച്ചു എന്ന് അദ്ദേഹം നമ്മോടു പറയുന്നു (2 കൊരി 11:9). ഫിലിപ്പിയർക്കുള്ള ലേഖനത്തിൽ ഇങ്ങനെ കാണാം. ഫിലിപ്പിയരായ നിങ്ങൾക്ക് അറിയാവുന്നതുപോലെ... ഞാൻ മക്കെദോനിയയിൽനിന്നു പോന്നതിനുശേഷം നിങ്ങളൊഴികെ മറ്റൊരു സഭയും എന്നെ പണം തന്ന് സഹായിച്ചില്ല. തെസലോനിക്കായിൽവച്ചുപോലും നിങ്ങളെനിക്കു സഹായമെത്തിച്ചു; അതും ഒരുവട്ടമല്ല രണ്ടുവട്ടം' (ഫിലി 4:15,16). അതിനാൽ അത്യാഗ്രഹം ന്യായമാണോ? തങ്ങളുടെ വിഭവങ്ങളിൽ നിന്നും അപ്പോസ്തലന്റെ ആവശ്യങ്ങൾ നിറവേറ്റിയ ഈ ആളുകൾ അപ്പോസ്തലനെക്കാളും അനുഗൃഹീതരാണോ? ആണെന്നു പറയാൻ വിഡ്ഢികളായി ആരും ഉണ്ടാകാതിരിക്കട്ടെ.

സുവിശേഷത്തിലെ കല്പനകളെയും അപ്പോസ്തോലന്മാർക്കു മേൽ സ്ഥാപിതമായ പ്രാഥമികസഭയെ എന്നപോലെ തിരുസഭയുടെ ആചാരത്തെയും പിൻചെല്ലാൻ നാമാഗ്രഹിക്കുന്നുവെങ്കിൽ വിശുദ്ധ വചനങ്ങളെ നാം ദുർവ്യാഖ്യാനം ചെയ്തുകൂടാ. ദൗർബല്യവും വിശ്വാസരാഹിത്യം നിറഞ്ഞ അഭിപ്രായവും ഉപേക്ഷിച്ച്, സുവിശേഷ വൃത്തിയുടെ കഠിനചര്യകൾ നാം സ്വീകരിക്കണം. അങ്ങനെ ചെയ്യുന്ന തിലൂടെ വിശുദ്ധ പിതാക്കന്മാരുടെ പാത പിന്തുടരാനും ലോകത്തെ ഉപേക്ഷിച്ച് സെനോബൈറ്റ് (സമൂഹജീവിതം നയിക്കുന്നവർ) ജീവിത രീതിയുടെ അനുശാസനത്തിൽനിന്നു വ്യതിചലിക്കാതിരിക്കാനും നമുക്കു കഴിയും.

കപ്പദോക്കിയായിൽ കേസറിയായിലെ മെത്രാനായ വി. ബേസി ലിന്റെ വാക്കുകൾ ഇവിടെ അനുസ്മരിക്കുന്നതു നല്ലതാണ്. ഒരിക്കൽ

www.malankaralibrary.com

സെനറ്റിലെ ഒരംഗം പകുതി മനസ്സോടെയാണ് ലോകം ഉപേക്ഷിച്ചത്. തന്റെ വ്യക്തിപരമായ സമ്പാദ്യത്തിൽനിന്നും കുറെ ഭാഗം അദ്ദേഹം മാറ്റിവച്ചു. അയാളോട് മെത്രാൻ പറഞ്ഞു: 'സെനറ്റിലെ അംഗത്വം താൻ നഷ്ടപ്പെടുത്തി. എന്നാൽ ഒരു സന്ന്യാസിയായിത്തീരുന്നതിൽ താൻ പരാജിതനായി'. അതിനാൽ സകല തിന്മകളെയും ദുരാഗ്രഹത്തെയും നമ്മുടെ ആത്മാവിൽനിന്നും നാം വേരോടെ പിഴുതുകളയണം. കാരണം വേര് അവശേഷിച്ചാൽ അതിൽനിന്നും ശാഖകൾ പടർന്നു പന്തലിക്കുമെന്ന് നാം അറിഞ്ഞിരിക്കണം.

ഇത്തരത്തിലുള്ള വേരോടെ പിഴുതുകളയൽ, നാം ആശ്രമത്തിലല്ല ജീവിക്കുന്നതെങ്കിൽ തീർത്തും ബുദ്ധിമുട്ടേറിയ കാര്യമാണ്. കാരണം നാം ആശ്രമത്തിൽ ജീവിക്കുമ്പോൾ നമ്മുടെ അടിസ്ഥാനപരമായ ആവശ്യത്തെക്കുറിച്ചുപോലും ഉത്കണ്ഠാകുലരാകേണ്ട ആവശ്യം ഇല്ല. അനനിയാസിനും സഫീറായ്ക്കും സംഭവിച്ച വിധിയെക്കുറിച്ചുള്ള ഓർമ്മ എന്തെങ്കിലും സ്വകാര്യസ്വത്ത് കൈവശം വയ്ക്കുന്നതിൽ നമ്മെ പ്രകമ്പനം കൊള്ളിക്കണം. അതുപോലെതന്നെ, അത്യാർത്തിമൂലം ഗഹസിയുടെമേൽ വന്നുകൂടിയ, ചികിത്സിച്ചു ഭേദമാക്കാൻ കഴിയാത്ത കുഷ്ഠരോഗവിധിയോർത്ത് ലോകത്തിലായിരുന്നപ്പോൾ നമുക്കില്ലാതിരുന്ന സ്വത്തു നേടാൻ നമുക്കു പരിശ്രമിക്കാതിരിക്കാം. അവസാനമായി തൂങ്ങിമരിച്ച യൂദാസിന്റെ അന്ത്യം ഓർത്ത് ഒരിക്കലുപേക്ഷിച്ച സ്വത്ത് നമുക്ക് വീണ്ടും നേടാതിരിക്കാം. മരണം അപ്രതീക്ഷിതമാണെന്ന് നാം ഓർമ്മിക്കണം. പ്രതീക്ഷിക്കാത്ത സമയത്ത് കർത്താവു വരുമ്പോൾ നമ്മുടെ മനസ്സിനെ ദുരാഗ്രഹത്തിൽ കഴിയുന്നതായി കാണുകയും ദൈവം സുവിശേഷത്തിലെ ധനികനോടു പറഞ്ഞ വാക്കുകൾ നമ്മോടു പറയാതിരിക്കുകയും ചെയ്യട്ടെ. 'വിഡ്ഢി, ഈ രാത്രിയിൽ നിന്റെ ആത്മാവിനെ നിന്നിൽനിന്നാവശ്യപ്പെടും; അപ്പോൾ നീ സമ്പാദിച്ചിരിക്കുന്നവയെല്ലാം ആരുടേതാകും?' (ലൂക്കോ 12:20).

### കോപത്തെക്കുറിച്ച്

നാലാമതായി നമുക്ക് നടത്താനുള്ള പോരാട്ടം കോപത്തിന്റെ പിശാചിനെതിരെയാണ്. ദൈവത്തിന്റെ സഹായത്തോടെ ഈ പിശാചിന്റെ മാരകവിഷത്തെ നമ്മുടെ ആത്മാവിന്റെ അഗാധതയിൽനിന്നു നാം നിർമാർജ്ജനം ചെയ്യണം. ഇവൻ നമ്മുടെ ഹൃദയത്തിൽ

www.malankaralibrary.com

കുടിയിരിക്കുകയും തന്റെ നിഷ്പ്രഭമായ ക്രമക്കേടിനാൽ നമ്മുടെ കാഴ്ചയെ മറയ്ക്കുകയും ചെയ്യുന്നിടത്തോളം കാലം നമുക്ക് നന്മ യേതെന്ന് തിരിച്ചറിയാനോ ആത്മീയജ്ഞാനം നേടാനോ സദുപദേശ ങ്ങൾ പൂർത്തീകരിക്കാനോ യഥാർത്ഥ ജീവിതം നയിക്കാനോ കഴിയു കയില്ല; നമ്മുടെ മനസ്സിലേക്ക് യഥാർത്ഥമായ ദൈവീകപ്രകാശം കടന്നുവരികയുമില്ല; എന്തെന്നാൽ, 'കോപത്താൽ എന്റെ കണ്ണ് അസ്വ സ്ഥമായിരിക്കുന്നു' (സങ്കീ 6:7) എന്നാണെഴുതപ്പെട്ടിരിക്കുന്നത്. നാം ജ്ഞാനികളാണെന്ന് മറ്റുള്ളവർക്ക് തോന്നിയതുകൊണ്ടു മാത്രം നമുക്ക് ദിവ്യമായ ജ്ഞാനം ലഭിക്കുകയില്ല; എന്തെന്നാൽ, തിരുവചനം ഇങ്ങനെ പറയുന്നു: 'വിഡ്ഢികളുടെ ഹൃദയത്തിൽ കോപം നിവസി ക്കുന്നു' (സ. പ്ര. 7:9). എന്നുമാത്രമല്ല, നമുക്ക് വിവേചനബുദ്ധിയു ണ്ടെന്ന് അന്യർ പ്രശംസിക്കുമ്പോഴും, നമ്മുടെ രക്ഷയെ സംബന്ധി ക്കുന്ന കാര്യങ്ങളിൽ ശരിയായ തീരുമാനമെടുക്കാനും നമുക്ക് കഴിയു കയില്ല; എന്തെന്നാൽ 'വിവേചനശക്തിയുള്ളവരെപ്പോലും കോപം നശിപ്പിക്കുന്നു' (സുഭാ 15:1) എന്ന് എഴുതപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവിതം നീതിബോധത്തോടും ജാഗരൂകമായ ഹൃദയത്തോടുംകൂടി മുന്നോട്ടു കൊണ്ടുപോകാനും കഴിയില്ല: 'മനുഷ്യന്റെ കോപം ദൈവ നീതിയുടെ പ്രവർത്തനത്തിനു പ്രേരണ നല്കുന്നില്ല' (യാക്കോ 1:20) എന്നാണ് തിരുവചനം. എല്ലാവരാലും പുകഴ്ത്തപ്പെടുന്ന സൽ സ്വഭാവവും അന്തസ്സും നേടാനും നമുക്ക് സാധിക്കില്ല. 'കോപിഷ്ഠ നായ മനുഷ്യൻ അന്തസ്സുള്ളവനല്ല എന്നാണ് എഴുതപ്പെട്ടിരിക്കുന്നത്' (സുഭാ 11:25).

നിങ്ങൾക്ക് പൂർണ്ണത നേടണമെന്നും ആത്മീയപാതയിലൂടെ മുന്നേറണമെന്നും ആഗ്രഹമുണ്ടെങ്കിൽ പാപകരമായ കോപത്തിൽ നിന്നും ക്രോധത്തിൽനിന്നും അകന്നുനിൽക്കുക. വി. പൗലോസ് പറയുന്നതെന്തെന്നു ശ്രദ്ധിക്കുക: 'സകല വിദ്വേഷവും ക്ഷോഭവും ക്രോധവും അട്ടഹാസവും ദൂഷണവും എല്ലാ തിന്മകളോടുകൂടെ ഉപേക്ഷിക്കുവിൻ' (എഫേ 4:31). 'എല്ലാം' എന്നു പറയുമ്പോൾ കോപ ത്തിന്, അത് ആവശ്യമുള്ളതോ, ഉചിതമോ ആകട്ടെ യാതൊരു പരി ഗണനയും അദ്ദേഹം കല്പിക്കുന്നില്ല എന്നാണ് വ്യക്തമാകുന്നത്. തെറ്റു ചെയ്യുന്ന നിന്റെ സഹോദരനെ തിരുത്താനോ, അല്ലെങ്കിൽ ശിക്ഷി ക്കാനോ, നീ ആഗ്രഹിക്കുന്നുവെങ്കിൽ നിന്റെ ശാന്തത കൈവെടിയാ

www.malankaralibrary.com

തിരിക്കാൻ ശ്രമിക്കണം. അല്ലാത്തപക്ഷം, ഏതു രോഗമാണോ നീ ശമിപ്പിക്കാൻ ആഗ്രഹിക്കുന്നത്, അതേ രോഗം നിന്നെയും പിടികൂടു കയും 'വൈദ്യാ, നിന്നെത്തന്നെ സുഖപ്പെടുത്തുക' (ലൂക്കോ 4:23) അല്ലെങ്കിൽ 'നീ സഹോദരന്റെ കണ്ണിലെ കരടു കാണുകയും നിന്റെ കണ്ണിലെ തടിക്കഷണം ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നതെന്തു കൊണ്ട്?' (മത്താ 7:3) എന്നൊക്കെയുള്ള സുവിശേഷവചനങ്ങൾ നിനക്കു നേരെ പ്രയോഗിക്കുന്നതായി നീ കണ്ടെത്തുകയും ചെയ്യും.

കാരണമെന്തായാലും കോപം നമ്മുടെ ഉൾക്കാഴ്ചയെ മറയ്ക്കു കയും നീതിയുടെ സൂര്യനെ ദർശിക്കുന്നതിൽനിന്നു തടയുകയും ചെയ്യുന്നു. സ്വർണ്ണത്തിന്റെയായാലും ഈയത്തിന്റെയായാലും പാളികൾ ഒരേപോലെയാണ് കാഴ്ചയെ മറയ്ക്കുന്നത്; വിലകൂടിയ ലോഹ മായതുകൊണ്ടു മാത്രം സ്വർണ്ണപാളിക്ക് കാഴ്ച നല്കാൻ കഴിയു കയുമില്ല. ഇതേപോലെ ന്യായമോ അന്യായമോ ആയ കോപം ഒരേ വിധത്തിലാണ് നമ്മുടെ ആത്മീയദർശനത്തെ മറയ്ക്കുന്നത്. നമ്മുടെ തന്നെ വികാരപരമോ ആത്മപ്രശംസ കലർന്നതോ ആയ ചിന്തകൾക്കു നേരെ പ്രകൃതത്തിനു യോജിച്ചവിധം കോപം പ്രയോഗിക്കാം. ഇതാണ് 'കോപിച്ചുകൊള്ളുക, എന്നാൽ പാപം ചെയ്യരുത്' (സങ്കീ 4:4) എന്നു പറയുന്നതിലൂടെ പ്രവാചകൻ നമ്മെ പഠിപ്പിക്കുന്നത്. അതായത്, നിങ്ങളുടെതന്നെ വികാരങ്ങളോടും, ദുശ്ചിന്തകളോടും കോപിച്ചു കൊള്ളുക. എന്നാൽ, അവയുടെ പ്രേരണയാൽ പാപം ചെയ്യാനിടയാ വരുത്. തുടർന്നുവരുന്ന വചനം ഈ വ്യാഖ്യാനത്തെ സ്ഥിരീകരിക്കുന്ന താണ്. 'നിങ്ങളുടെ ഹൃദയത്തിൽ മുമ്പു പറഞ്ഞതിനെക്കുറിച്ചോർത്ത് കിടക്കയിൽ ആയിരിക്കുമ്പോൾ അനുതപിക്കുക' (സങ്കീ 4:4). അതായത്, ദുർവ്വിചാരങ്ങൾ ഹൃദയത്തിലേക്കു കടന്നുവരുമ്പോഴേ, കോപത്തോടെ അവയെ ആട്ടിയോടിക്കുക. എന്നിട്ട് നിങ്ങളുടെ ആത്മാവ് പ്രശാന്തതയുടെ കിടക്കയിൽ വിശ്രമിച്ചാലെന്നവണ്ണം പശ്ചാത്താപത്തിലേക്കും അനുതാപത്തിലേക്കും തിരിയുക.

വിശുദ്ധ പൗലോസും തന്റെ ലേഖനത്തിൽ ഇതേ വചനം ഉദ്ധരിച്ചുകൊണ്ട് ഇതു സമ്മതിക്കുന്നുണ്ട്. അദ്ദേഹം ഇങ്ങനെയും കൂട്ടി ച്ചേർക്കുന്നുണ്ട്: 'നിങ്ങളുടെ കോപം സൂര്യൻ അസ്തമിക്കുന്നതുവരെ നീണ്ടു പോകാതിരിക്കട്ടെ, സാത്താന് നിങ്ങൾ അവസരം കൊടുക്കരുത്' (എഫേ 4:26,27). ഇതുകൊണ്ട് അദ്ദേഹം അർത്ഥമാക്കുന്നത്:

www.malankaralibrary.com

'ദുർവ്വിചാരങ്ങളെ അംഗീകരിക്കുന്നതു നിമിത്തം നീതിസൂര്യനായ ക്രിസ്തു കോപിച്ച് നിങ്ങളുടെ ഹൃദയത്തിൽ അസ്തമിക്കാൻ ഇടയാക്കരുത്. കാരണം ദുർവ്വിചാരങ്ങൾവഴി ക്രിസ്തു നിങ്ങളിൽനിന്നും പുറപ്പെട്ടുപോകുമ്പോൾ പിശാച് നിങ്ങളിൽ ഇടം കണ്ടെത്തുന്നു'. ഈ സൂര്യനെക്കുറിച്ച് ദൈവം തന്റെ പ്രവാചകൻവഴി അരുളിച്ചെയ്തിട്ടുണ്ട്: 'എന്നാൽ, എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കായി നീതിസൂര്യൻ ഉദിക്കും. അവന്റെ ചിറകുകളിൽ സൗഖ്യമുണ്ട്' (മലാ 4:2). വിശുദ്ധ പൗലോസിന്റെ വചനം അതേപടി പരിശോധിച്ചാൽ, സൂര്യാസ്തമയം വരെപോലും നമ്മുടെ കോപം നീണ്ടുനിൽക്കാൻ അതു നമ്മെ അനുവദിക്കുന്നില്ലെന്നു കാണാം. അങ്ങനെയെങ്കിൽ, തങ്ങളുടെ കാർക്കശ്യവും തീക്ഷ്ണവികാരങ്ങൾക്ക് അധീനമായ അവരുടെ അവസ്ഥയിൽനിന്നും രൂപംകൊള്ളുന്ന ക്രോധവും നിമിത്തം സൂര്യൻ അസ്തമിക്കുന്നതുവരെയല്ല, മറിച്ച്, അനേകദിവസങ്ങളോളം കോപം ഉള്ളിൽ വച്ചുകൊണ്ടു നടക്കുന്നവരെക്കുറിച്ച് എന്തു പറയാനാണ്? മറ്റു ചിലരാകട്ടെ, കോപം പുറമെ പ്രകടിപ്പിക്കാതെ ഉള്ളിൽ വച്ചുകൊണ്ടിരിക്കുന്നു. തത്ഫലമായി വൈരാഗ്യത്തിന്റെ വിഷാംശം അവരിൽ വർദ്ധിച്ചുവരികയും അത് അവരുടെതന്നെ നാശത്തിന് കാരണമായി ഭവിക്കുകയും ചെയ്യുന്നു. നമ്മുടെ പ്രവൃത്തികളിൽ മാത്രമല്ല, ചിന്തയിലും നാം കോപത്തെ അവഗണിക്കണം എന്ന ബോധമില്ലാത്തവരാണ് ഇക്കൂട്ടർ, ഇല്ലെങ്കിൽ നമ്മുടെ വൈരാഗ്യം നിമിത്തം നമ്മുടെ ബുദ്ധി മങ്ങുകയും ആത്മീയജ്ഞാനത്തിന്റെയും വിവേചനശക്തിയുടെയും പ്രകാശത്തിൽനിന്ന് അത് വിച്ഛേദിക്കപ്പെടുകയും അങ്ങനെ പരിശുദ്ധാത്മാവിന്റെ സഹവാസം നമുക്കു നഷ്ടമാവുകയും ചെയ്യും.

ഇക്കാരണത്താലാണ് നമ്മുടെ കാഴ്ചവസ്തു ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദരനുമായി രമ്യതപ്പെടുവാൻ കർത്താവ് കല്പിക്കുന്നത് (മത്താ 23,24). കോപവും വിദ്വേഷവും നമ്മിൽനിന്നും നിറഞ്ഞിരിക്കുന്നിടത്തോളം കാലം നമ്മുടെ കാഴ്ചകൾ ദൈവത്തിനു സ്വീകാര്യമല്ല. 'ഇടവിടാതെ പ്രാർത്ഥിക്കുവിൻ' (1 തെസ 5:17) എന്നും 'കോപമോ, കലഹമോ കൂടാതെ നിങ്ങളുടെ പവിത്രമായ കരങ്ങളുയർത്തി എല്ലായിടത്തും പ്രാർത്ഥിക്കുവിൻ' (1 തിമോ 2:8) എന്നും പറഞ്ഞുകൊണ്ട് ഇതേ വസ്തുതതന്നെയാണ് അപ്പോസ്തോലനും നമ്മെ പഠിപ്പിക്കുന്നത്. ആയതിനാൽ ഒന്നുകിൽ നമുക്ക് പ്രാർത്ഥന

www.malankaralibrary.com

ഉപേക്ഷിച്ചുകൊണ്ട് അപ്പോസ്തോലന്റെ കല്പന നിരാകരിക്കാം; അല്ലെങ്കിൽ, കോപമോ, വിദ്വേഷമോ കൂടാതെ പ്രാർത്ഥിച്ചുകൊണ്ട് അപ്പസ്തോലന്റെ കല്പന പൂർത്തിയാക്കാൻ തീവ്രമായി പരിശ്ര മിക്കാം.

പലപ്പോഴും ദുഃഖിതരും അസ്വസ്ഥരുമായ സഹോദരങ്ങളോട് നാം സഹാനുഭൂതി കാട്ടാറില്ല. അവരുടെ ദുഃഖത്തിനു കാരണക്കാർ നമ്മളല്ല എന്നാണ് നമ്മുടെ ന്യായം. നമ്മുടെ ആത്മാവിന്റെ ഭിഷഗ്വരൻ, നമ്മുടെ ആത്മാവിന്റെ ഇത്തരത്തിലുള്ള ന്യായീകരണങ്ങളെയെല്ലാം ഹൃദയത്തിൽനിന്നും ഉന്മൂലം ചെയ്യാൻ ആഗ്രഹിച്ചുകൊണ്ട് നമ്മോടു പറയുന്നു, നമുക്ക് നമ്മുടെ സഹോദരനിൽനിന്നും വിഷമമുണ്ടാ യെങ്കിൽ മാത്രമല്ല നാം കാഴ്ചവസ്തു ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദരനുമായി രമ്യതപ്പെടേണ്ടത്, മറിച്ച്, നമ്മുടെ ഭാഗത്തു നിന്നും അവന് എന്തെങ്കിലും വിഷമം ഉണ്ടായിട്ടുണ്ടെങ്കിലും, അത് ന്യായമോ അന്യായമോ ആകട്ടെ, നാം ഇപ്രകാരംതന്നെ ചെയ്യണം. അങ്ങനെ ക്ഷമാപണത്തിലൂടെ, മുറിവേറ്റ ഭാഗത്തെ സുഖപ്പെടുത്തിയ തിനുശേഷം മാത്രമെ നമ്മുടെ കാഴ്ചകൾ സമർപ്പിക്കാവൂ.

പഴയനിയമത്തിലും സുവിശേഷത്തോടു പൂർണ്ണമായും യോജിച്ചു പോകുന്ന ഇതേ നിർദ്ദേശം നമുക്ക് കാണാം. 'നിങ്ങളുടെ സഹോ ദരനെ ഹൃദയംകൊണ്ട് വെറുക്കാതിരിക്കുക' (ലേവ്യ 19:17). 'വെറുപ്പിന്റെ പാത മരണത്തിലേക്കു നയിക്കുന്നു' (സുഭാ 12:28) എന്നീ വചനങ്ങൾ ഇതിനുദാഹരണമാണ്. നമ്മുടെ ഹൃദയത്തിൽനിന്നു മാത്രമല്ല, ചിന്തകളിൽനിന്നുകൂടി കോപത്തെ ഒഴിവാക്കണമെന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ നിയമങ്ങൾ പിന്തുടരാൻ നാം ആഗ്രഹിക്കുന്നെങ്കിൽ സർവ്വശക്തിയുമുപയോഗിച്ച് കോപ ത്തിന്റെ പിശാചിനോടും നമ്മുടെയുള്ളിൽ ഒളിഞ്ഞുകിടക്കുന്ന രോഗാവസ്ഥയോടും കഠിനമായി പൊരുതണം. നാം ആരോടെങ്കിലും കോപിച്ചിരിക്കുമ്പോൾ, താൻ ഒരു ഏകാന്തസ്ഥലത്താണെങ്കിൽ ആരും തന്നെ ദേഷ്യപ്പെടുത്തുകയില്ല, അവിടെ ദീർഘസഹനമാകുന്ന പുണ്യം എളുപ്പത്തിൽ നേടാൻ കഴിയും എന്ന ധാരണയോടെ നാം ഏകാന്തസ്ഥലം അന്വേഷിച്ചു പോകരുത്. നാം നമ്മുടെ സഹോദര ങ്ങളെ വിട്ടുപോകാൻ ആഗ്രഹിക്കുന്നത് നമ്മുടെ അഹങ്കാരം നിമിത്ത മാണ്. നമ്മെത്തന്നെ കുറ്റപ്പെടുത്താൻ നാം ആഗ്രഹിക്കുന്നില്ല, നമ്മുടെ അധഃപതനത്തിനു കാരണം കർത്തവ്യലോപമാണെന്നു

www.malankaralibrary.com

സമ്മതിക്കാൻ നാം തയ്യാറാകുന്നുമില്ല. നമ്മുടെ ബലഹീനതകളുടെ കാരണങ്ങൾ മറ്റുള്ളവരുടെമേൽ ആരോപിക്കുന്നിടത്തോളം കാലം ദീർഘസഹനത്തിൽ പൂർണ്ണത നേടാൻ നമുക്കു സാധിക്കുകയില്ല.

മറ്റുള്ളവർ നമ്മോടു കാണിക്കുന്ന ക്ഷമയാൽ ആത്മപരിഷ്ക്കരണവും സമാധാനവും നേടാൻ നമുക്കു സാധിക്കുകയില്ല. മറിച്ച്, നമ്മുടെ അയൽക്കാരനോട് നാം കാണിക്കുന്ന സഹിഷ്ണുതയ്ക്കനുസൃതമായിരിക്കും അവ നമുക്കു ലഭിക്കുക. നമ്മുടെ പോരാട്ടത്തിൽനിന്നും രക്ഷപ്പെടുവാൻ ആഗ്രഹിച്ച് ദീർഘസഹനമാകുന്ന പുണ്യം സമ്പാദിക്കാനെന്ന ധാരണയോടെ ഏകാന്തവാസത്തിന് നാം ശ്രമിക്കുമ്പോൾ വിട്ടുമാറാത്ത ഈ വികാരങ്ങളെയും നാം അവിടേക്കു കൊണ്ടുപോവുകയായിരിക്കും ചെയ്യുക. അവ നമ്മിൽ മറഞ്ഞിരിക്കും, അവ നമ്മിൽനിന്നും മായ്ക്കപ്പെട്ടിട്ടില്ല. നമ്മുടെ വികാരങ്ങളെ നാം ആദ്യം നിർമാർജ്ജനം ചെയ്യുന്നില്ലെങ്കിൽ, ഏകാന്തവാസവും ലോകത്തിൽനിന്നുമുള്ള പിൻവാങ്ങലുംകൊണ്ട് അവയെ പോഷിപ്പിക്കുക മാത്രമല്ല, അവയെ മറച്ചുവയ്ക്കുകകൂടി ചെയ്യും. തത്ഫലമായി ഏതു വികാരമാണ് നമ്മെ അടിമപ്പെടുത്തുന്നതെന്ന് മനസ്സിലാക്കുവാൻ പോലും നമുക്കു സാധിക്കുകയില്ല. നേരെമറിച്ച്, സുകൃതങ്ങളുടെ മിഥ്യാദർശനം അവ നമുക്കു നല്കുകയും സഹിഷ്ണുതയും എളിമയും നാം നേടിക്കഴിഞ്ഞു എന്ന വിശ്വാസത്തിലേക്ക് നമ്മെ വശീകരിക്കുകയും ചെയ്യും. കാരണം നമ്മെ പ്രകോപിപ്പിക്കാനോ പരീക്ഷിക്കാനോ അവിടെ നമ്മോടൊപ്പം ആരും ഉണ്ടാവുകയില്ലല്ലോ. എന്നാൽ നമ്മെ പ്രകോപിപ്പിക്കുകയും എതിർക്കുകയും ചെയ്യുന്ന എന്തെങ്കിലും സംഭവിക്കേണ്ട താമസമേയുള്ളൂ. വളരെക്കാലം ഉദാസീനത നിമിത്തം പരിശീലനം നല്കാതിരുന്നതു നിമിത്തം അനിയന്ത്രിതമായി ചരിക്കുന്ന കുതിരകൾ, അവയെ നിയന്ത്രിക്കുന്ന ആളിനെ ക്രൂരമായി ഊക്കോടെ നാശത്തിലേക്കു വലിച്ചുകൊണ്ടു പോകുന്നതുപോലെ നമ്മുടെ മറഞ്ഞിരിക്കുന്ന, മുമ്പു ശ്രദ്ധിക്കപ്പെടാതിരുന്ന വികാരങ്ങൾ ഉടൻതന്നെ നമ്മുടെമേൽ ചാടിവീഴും. മറ്റുള്ളവരുമായുള്ള സമ്പർക്കക്കുറവുമൂലം ഉദാസീനമായിത്തീർന്ന നമ്മുടെ വികാരങ്ങൾ കൂടുതൽ നിഷ്ഠൂരമായിത്തീരുന്നു. അങ്ങനെ നമ്മുടെ സഹോദരങ്ങളോടൊപ്പം ജീവിച്ചപ്പോൾ നാം നേടിയെടുത്തതായി കരുതിയിരുന്ന ക്ഷമയുടെയും സഹിഷ്ണുതയുടെയും നിഴൽപോലും

www.malankaralibrary.com

നമ്മുടെ ഏകാന്തവാസത്തിൽ, വളരെക്കാലം പരിശീലിപ്പിക്കപ്പെടാതിരുന്നതുമൂലം നമുക്കു നഷ്ടമാകുന്നു. മരുഭൂമിയിൽ തങ്ങളുടെ മാളങ്ങളിൽ കഴിഞ്ഞുകൂടുന്ന വിഷജന്തുക്കൾ, ആരെങ്കിലും അവയുടെ അടുത്തു ചെല്ലുമ്പോഴാണ് അക്രമാസക്തരാകുന്നത്. ഇതുപോലെയാണ് വികാരങ്ങളാൽ നിറഞ്ഞ മനുഷ്യരും. അവർ ശാന്തമായി ജീവിക്കുന്നു എന്നു തോന്നുന്നത് അവരുടെ സുകൃതങ്ങൾകൊണ്ടല്ല, മറിച്ച്, അവരെ പ്രകോപിപ്പിക്കാൻ അവിടെ ആരും ഇല്ലാത്തതുകൊണ്ടാണ്. എന്നാൽ ആരെങ്കിലും ഇക്കൂട്ടരെ സമീപിക്കുകയും അവരെ പ്രകോപിപ്പിക്കുകയും ചെയ്താൽ അവർ തങ്ങളുടെ ഉള്ളിലുള്ള വിഷമായിരിക്കും പുറത്തേക്ക് വമിക്കുന്നത്. ഇക്കാരണത്താൽ പരിപൂർണ്ണ സൗമ്യശീലം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നവർ മനുഷ്യരോടു മാത്രമല്ല, ജീവജാലങ്ങളോടും എന്നുവേണ്ട അചേതനവസ്തുക്കളോടുപോലും കോപിക്കാതിരിക്കാൻ തീവ്രശ്രമം നടത്തണം.

ഞാൻ മരുഭൂമിയിൽ ജീവിച്ചിരുന്ന കാലത്ത് മിക്കപ്പോഴും എനിക്ക് കോപമുണ്ടായിരുന്നു എന്നു ഞാൻ ഓർമ്മിക്കുന്നു. ഞാങ്ങണയോട്, അത് കട്ടി കൂടിയതോ കുറഞ്ഞതോ ആണ് എന്ന കാരണത്താൽ, എളുപ്പം മുറിച്ചുമാറ്റാൻ കഴിയാത്ത മരക്കഷണങ്ങളോട്, വേഗത്തിൽ തീ കത്താത്ത തീപ്പെട്ടിക്കൊള്ളിയോട്, എന്നുവേണ്ട സകലതിനോടും എനിക്ക് ദേഷ്യമായിരുന്നു. ഇപ്രകാരം അചേതനവസ്തുക്കൾക്കു നേരെപോലും ഞാൻ കോപം പ്രകടിപ്പിച്ചിരുന്നു.

ദൈവാനുഗ്രഹം ഉണ്ടാകണമെങ്കിൽ കോപത്തിന്റെ ബാഹ്യ പ്രകടനം മാത്രമല്ല, അത്തരം ചിന്തകൾകൂടി നാം ഒഴിവാക്കേണ്ടതുണ്ട്. നമുക്ക് കോപം ജ്വലിക്കുന്ന നിമിഷത്തിൽ നമ്മുടെ നാവിനെ നിയന്ത്രിക്കുകയും കോപം നിറഞ്ഞ വാക്കുകളിൽനിന്നും അകന്നു നിൽക്കുകയും ചെയ്യുന്നതിനെക്കാൾ നമുക്ക് ഗുണപ്രദമായത് വിദ്വേഷത്തിൽ നിന്നും നമ്മുടെ ഹൃദയത്തെ ശുദ്ധീകരിക്കുകയും സഹോദരങ്ങൾക്കെതിരായുള്ള വൈരാഗ്യം നിറഞ്ഞ ചിന്തകൾ വച്ചുപുലർത്താതിരിക്കുകയുമാണ്. നമ്മുടെ പാപങ്ങളുടെ ഫലങ്ങൾ മാത്രമല്ല, അവയുടെ വേരുംകൂടി പിഴുതുകളയണമെന്നാണ് സുവിശേഷം നമ്മെ പഠിപ്പിക്കുന്നത്. കോപത്തിന്റെ വേരിനെ നാം നമ്മുടെ ഹൃദയത്തിൽ നിന്നും പിഴുതെടുക്കുമ്പോൾ, പകയോ അസൂയയോ വച്ചു നാം പെരുമാറുകയില്ല. 'സഹോദരനെ വെറുക്കുന്നവൻ കൊലപാതകി

www.malankaralibrary.com

യാണ്' (1 യോഹ 3:15) കാരണം തന്റെ വിദ്വേഷത്താൽ അവൻ സഹോദരനെ മനസ്സുകൊണ്ടു വധിക്കുകയാണ് ചെയ്യുന്നത്. വാളുകൊണ്ട് വധിക്കപ്പെട്ടവന്റെ രക്തം മറ്റുള്ളവർക്കു കാണാൻ കഴിയും. എന്നാൽ മനസ്സിലെ വെറുപ്പുകൊണ്ട് ചൊരിയപ്പെടുന്ന രക്തം ദൈവം കാണുന്നു. ഓരോരുത്തർക്കും ശിക്ഷയോ, കിരീടമോ പ്രതിഫലമായി ദൈവം നല്കുന്നത് പ്രവൃത്തികൾക്കനുസരിച്ചു മാത്രമല്ല, മറിച്ച്, ചിന്തകളെയും അതുപോലെതന്നെ ഓരോരുത്തരുടെയും ഉദ്ദേശ്യശുദ്ധിയേയും കണക്കിലെടുത്തായിരിക്കും. ദൈവംതന്നെ പ്രവാചകനിലൂടെ ഇപ്രകാരം അരുൾ ചെയ്തിരിക്കുന്നു: 'ഇതാ! അവരുടെ പ്രവൃത്തികൾക്കും ചിന്തകൾക്കും അനുസരിച്ച് പ്രതിഫലം നല്കാൻ ഞാൻ വരുന്നു' (പ്രഭാ 35:19). അപ്പോസ്തോലൻ ഇങ്ങനെ പറയുന്നു: 'അവരുടെ ചിന്തകൾ അവരെ കുറ്റപ്പെടുത്തുകയോ ന്യായീകരിക്കുകയോ ചെയ്യുന്ന ദിവസം മനുഷ്യരുടെ രഹസ്യങ്ങളെ ദൈവം വിധിക്കുന്നു' (റോമ 2:15,16). കോപം ഉപേക്ഷിക്കേണ്ടതെങ്ങനെയെന്ന് നമ്മെ പഠിപ്പിക്കുന്ന കർത്താവുതന്നെ അരുൾ ചെയ്യുന്നു: 'സഹോദരനോടു കോപിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും' (മത്താ 5:22). പ്രഥമ കൈയെഴുത്തുപ്രതിയിൽ ഇങ്ങനെയാണ് പറയുന്നത്. ഈ സന്ദർഭത്തിലൊ, 'കാരണം കൂടാതെ' എന്ന വാക്ക് പില്ക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടതാണെന്ന് തിരുലിഖിതത്തിന്റെ ആശയത്തിൽനിന്നു തന്നെ വ്യക്തമാണ്. കോപത്തിന്റെ വേര്, അതിന്റെ തരിപോലും അവശേഷിക്കാത്തവിധത്തിൽ നാം പിഴുതെടുക്കണമെന്നാണ് ഇവിടെ കർത്താവ് ഉദ്ദേശിക്കുന്നത്. നമ്മളാലാവും വിധത്തിൽ നാം അതിനു തയ്യാറാകണം. അങ്ങനെ നമ്മുടെ ഹൃദയത്തിൽ കോപത്തിന്റെ ഒരു മുടന്തൻന്യായംപോലും അവശേഷിപ്പിക്കരുത്. അല്ലാത്തപക്ഷം, ആരംഭത്തിൽ ന്യായമായ കാരണങ്ങളാകാം നമ്മിൽ കോപം ഇളക്കിവിടുന്നത്. എന്നാൽ, പിന്നീട് അതിന്റെ പ്രേരകശക്തി അനിയന്ത്രിതമായിത്തീരും.

ഈ രോഗത്തിനുള്ള അന്തിമ പരിഹാരം, ന്യായമോ അന്യായമോ ആയ കാരണങ്ങളാൽ നാം പ്രകോപിതരാകരുത് എന്നതു മാത്രമാണ്. കോപത്തിന്റെ പിശാച് നമ്മുടെ മനസ്സിനെ ഇരുളിലാഴ്ത്തിക്കഴിഞ്ഞാൽ വിവേകത്തിന്റെ പ്രകാശമോ ശരിയായ തീരുമാനത്തിന്റെ ഉറപ്പോ നീതിയുടെ വഴിയോ നമുക്കു കാണാൻ കഴിയില്ല; നമ്മുടെ

www.malankaralibrary.com

ആത്മാവ് പരിശുദ്ധാത്മാവിന്റെ ആലയമാവുകയില്ല. അവസാനമായി, നമ്മുടെ മരണസമയത്തെക്കുറിച്ചുള്ള അജ്ഞത എപ്പോഴും ഓർമ്മയിലുണ്ടാവണം; കോപത്തിൽനിന്നും നാം അകന്നു നിൽക്കണം. ആത്മനിയന്ത്രണമോ ഭൗതികവസ്തുക്കൾ ഉപേക്ഷിക്കലോ ഉപവാസമോ ജാഗരണമോ അല്ല നമ്മുടെ നേട്ടങ്ങളായി ഗണിക്കപ്പെടുന്നതെന്ന് നാം അറിഞ്ഞിരിക്കണം. അന്തിമവിധിയിൽ നാം കുറ്റക്കാരായി കാണപ്പെടുന്നെങ്കിൽ അത് നാം കോപത്തിനും വെറുപ്പിനും അടിമകളായിരുന്നതുകൊണ്ടാണ്.

## വിഷാദത്തെക്കുറിച്ച്

നമ്മുടെ അഞ്ചാമത്തെ പോരാട്ടം, സത്പ്രവൃത്തികളിൽനിന്നും നമ്മെ അകറ്റുകയും ആത്മീയധ്യാനത്തിനായിട്ടുള്ള ആത്മാവിന്റെ പ്രാപ്തിയെ നിഷ്പ്രഭമാക്കുകയും ചെയ്യുന്ന വിഷാദത്തിന്റെ പിശാചിനെതിരായിട്ടാണ്. ഈ ദുഷ്ടപിശാച് നമ്മുടെ ആത്മാവിനെ ഗ്രസിക്കുമ്പോൾ അതിനെ പൂർണ്ണമായും തമോവൃതമാക്കിത്തീർക്കുന്നു. ആനന്ദപുരസ്സരം പ്രാർത്ഥിക്കുന്നതിൽനിന്നും, വിശ്വസ്തതയോടെ പ്രയോജനപ്രദമായ രീതിയിൽ തിരുവചനം വായിക്കുന്നതിൽനിന്നും നമ്മുടെ സഹോദരരോട് സൗമ്യമായും സഹാനുഭൂതിയോടെയും പെരുമാറുന്നതിൽനിന്നും അവൻ നമ്മെ തടയുന്നു. ഏതിനത്തിൽപെട്ട ജോലിയോടും സന്ന്യാസവൃത്തിയോടുപോലുമുള്ള വെറുപ്പ് അവൻ പടിപടിയായി നമ്മുടെ മനസ്സിലേക്കു കടത്തിക്കൊണ്ടുവരുന്നു. ഇപ്രകാരം ആത്മാവിന്റെ ആരോഗ്യകരമായ പ്രതിജ്ഞകളെ അട്ടിമറിച്ച് അതിന്റെ സ്ഥിരതയെയും വിശ്വസ്തതയെയും ദുർബ്ബലപ്പെടുത്തി, നിരാശാജനകമായ ചിന്തകളാൽ ബന്ധിച്ച് അതിനെ അചേതനവും മരവിച്ചതുമാക്കിത്തീർക്കുന്നു.

ആത്മീയപോരാട്ടം നടത്തി, ദൈവസഹായത്താൽ വിദ്വേഷത്തിന്റെ ഈ പിശാചിനെ കീഴടക്കുകയാണ് നമ്മുടെ ലക്ഷ്യമെങ്കിൽ വിഷാദത്തിന്റെ പിശാചിൽനിന്നും നമ്മുടെ ഹൃദയത്തെ അതീവശ്രദ്ധയോടെ നാം കാത്തുസൂക്ഷിക്കണം. ഇരട്ടവാലൻ വസ്ത്രം കരണ്ടുതിന്നതുപോലെയും പുഴു തടി കാർന്നുതിന്നുന്നതുപോലെയും വിഷാദം മനുഷ്യന്റെ ആത്മാവിനെ കാർന്നുതിന്നും. സഹായഹസ്തം നീട്ടുന്നവരോട് സംസാരിക്കാനോ സുഹൃത്തുക്കളുടെ ഉപദേശം

www.malankaralibrary.com

സ്വീകരിക്കാനോ അവരോട് നല്ല വാക്കുകൾ പറയാനോ അയാൾ തയ്യാറാവില്ല. വിഷാദത്തിന്റെ പിശാച് ആത്മാവിനെ കീഴടക്കി, അതിനുള്ളിൽ അമർഷവും അലസതയും നിറയ്ക്കും. അതിനുശേഷം, ആത്മാവിന്റെ അസ്വസ്ഥതയ്ക്കു കാരണം മറ്റുള്ളവരാണ്, അതിനാൽ അവരിൽനിന്നും അകന്നുപോകണം എന്ന് അത് ആത്മാവിനെ ഉപദേശിക്കും. ആത്മാവിന്റെ ഈ രോഗം ഉള്ളിൽ മറഞ്ഞിരിക്കുകയും നമ്മുടെ താപസികപ്രയത്നം മൂലം പ്രലോഭനങ്ങൾ ആത്മാവിനെ ആക്രമിക്കുമ്പോൾ മാത്രമാണ് അത് പുറത്തേക്കു വരുന്നതെന്നുമുള്ള യാഥാർത്ഥ്യം മനസ്സിലാക്കാൻ ഈ പിശാച് ആത്മാവിനെ അനുവദിക്കുകയില്ല.

തന്റെതന്നെ ഉള്ളിലുള്ള വികാരങ്ങളാണ് മറ്റുള്ളവരിൽനിന്നും ഒരുവനുണ്ടാകുന്ന ദ്രോഹത്തിനു കാരണം. ഇക്കാരണത്താലാണ്, സർവ്വത്തിന്റെയും സ്രഷ്ടാവും മനുഷ്യാത്മാവിന്റെ ഭിഷഗ്വരനും ആത്മാവിന്റെ മുറിവുകളെ സൂക്ഷ്മമായി അറിയുന്നവനുമായ ദൈവം മനുഷ്യസഹവാസം ഒഴിവാക്കാൻ നമ്മോട് ആവശ്യപ്പെടാത്തത്. അവിടുന്നു നമ്മോട് പറയുന്നത് നമ്മുടെ ഉള്ളിലുള്ള തിന്മയെ നിർമ്മൂലമാക്കുവാനും ആത്മാവിന് ആരോഗ്യകരമായ അവസ്ഥ കൈവരിക്കാനും സാധിക്കുന്നത് മനുഷ്യസഹവാസം ഒഴിവാക്കുന്നതിൽനിന്നല്ല, മറിച്ച് നമ്മുടെ താപസജീവിതം വിശുദ്ധരായ മനുഷ്യരുടെ സഹവാസത്തിൽ ജീവിക്കുന്നതിൽനിന്നാണെന്ന വസ്തുത ഗ്രഹിക്കാനാണ്. പ്രകടമായ കാരണങ്ങൾകൊണ്ടാണെങ്കിൽപോലും നാം നമ്മുടെ സഹോദരരെ ഉപേക്ഷിച്ചു പോകുമ്പോൾ വിഷാദത്തിന്റെ കാരണങ്ങളെ നാം വേരോടെ പിഴുതുകളയുന്നില്ല, മറിച്ച്, അവയെ കൈമാറുക മാത്രമാണ് ചെയ്യുന്നത്. നമ്മുടെയുള്ളിൽ ഈ രോഗം മറഞ്ഞിരിക്കുന്നതിനാൽ മറ്റൊരവസരത്തിൽ അതു പുറത്തേക്കു വരികതന്നെ ചെയ്യും.

നമുക്കു സമരം ചെയ്യാനുള്ളത് നമ്മുടെ ഉള്ളിലെ വികാരങ്ങളോടാണെന്ന് ഇതിനാൽ വ്യക്തമായല്ലോ. അവയെ ദൈവത്തിന്റെ സഹായത്താലും കാരുണ്യത്താലും നമ്മുടെയുള്ളിൽനിന്നു പറിച്ചുമാറ്റാൻ കഴിഞ്ഞാൽ മനുഷ്യരോടു മാത്രമല്ല വന്യമൃഗങ്ങളോടുപോലും നിഷ്പ്രയാസം സഹവസിക്കാൻ നമുക്കു കഴിയും. ഇതുതന്നെയാണ് ഇയ്യോബ് പറയുന്നത്: 'വയലിലെ വന്യമൃഗങ്ങൾ സമാധാനപൂർവ്വം നിങ്ങളോട് സഹവസിക്കും' (ഇയ്യോബ് 5:23). പക്ഷേ, ഇതിനു മുമ്പായി നമ്മുടെ ആത്മാവിനെ നിരാശയിലാഴ്ത്തുന്ന വിഷാദത്തിന്റെ പിശാ

www.malankaralibrary.com

ചിനെ യുദ്ധംചെയ്തു തോല്പിക്കുകയും നമ്മുടെ ഹൃദയത്തിൽനിന്ന് ആട്ടിയോടിക്കുകയും ചെയ്യണം. ഇതേ പിശാചാണ്, തന്റെ സഹോദരനെ കൊന്ന കായേന് പശ്ചാത്തപിക്കാൻ അവസരം കൊടുക്കാതിരുന്നത്, ഇവൻതന്നെയാണ് തന്റെ ഗുരുവിനെ ഒറ്റിക്കൊടുത്ത യൂദാസിന് കുറ്റബോധം തോന്നാതിരിക്കാനുള്ള കാരണവും. നാം ചെയ്ത പാപത്തെക്കുറിച്ചുള്ള അനുതാപപൂർണ്ണമായ ദുഃഖവും ദൈവത്തിലുള്ള പ്രത്യാശാഭരിതമായ വിഷാദവുമാണ് നാം പോഷിപ്പിക്കേണ്ടത്. ഈ ദുഃഖത്തെക്കുറിച്ചാണ് അപ്പോസ്തോലൻ ഇങ്ങനെ പറഞ്ഞിരിക്കുന്നത്. 'ദൈവഹിതപ്രകാരമുള്ള ദുഃഖം രക്ഷാകരമായ പശ്ചാത്താപം ജനിപ്പിക്കുന്നു. അതിൽ ഖേദത്തിനവകാശമില്ല' (2 കൊരി 7:10). ദൈവഹിതപ്രകാരമുള്ള ദുഃഖം പശ്ചാത്താപത്തിലൂടെയുളവാകുന്ന പ്രതീക്ഷയാൽ ആത്മാവിനെ പരിപോഷിപ്പിക്കുകയും സന്തോഷത്തിലേക്കു നയിക്കുകയും ചെയ്യുന്നു. തന്മൂലമാണ് അതു നമ്മെ അനുസരണയുള്ളവരും സത്പ്രവൃത്തികളിൽ തല്പരരുമാക്കിത്തീർക്കുന്നത്. സൗഹൃദയവും എളിമയും സൗമ്യതയും ദൈവം നമുക്ക് അയച്ചുതരാൻ സാധ്യതയുള്ള സഹനത്തിലും കഷ്ടപ്പാടിലും ക്ഷമയും സഹിഷ്ണുതയുമുള്ളവരായി നമ്മെ വാർത്തെടുക്കുന്നതും അതുതന്നെ. മേല്പറഞ്ഞ സദ്ഗുണങ്ങളുള്ള ഒരാൾ പരിശുദ്ധാത്മാവിന്റെ സദ്ഫലമനുഭവിക്കുന്നു എന്നാണർത്ഥം. സ്നേഹം, സന്തോഷം, സമാധാനം, സഹനശക്തി, നന്മ, വിശ്വാസം, ആത്മനിയന്ത്രണം എന്നിവയാണ് ആ സദ്ഫലങ്ങൾ (ഗലാ 5:11). എന്നാൽ മറ്റു തരത്തിലുള്ള വിഷാദങ്ങൾ നമ്മെ നയിക്കുന്നത് ദുഷ്ടാരൂപിയുടെ ഫലങ്ങളിലേക്കാണ്. അലസത, അക്ഷമ, കോപം, വെറുപ്പ്, മാത്സര്യം, നിരാശ, പ്രാർത്ഥനയിൽ താല്പര്യമില്ലായ്മ തുടങ്ങിയവയാണവ. അതിനാൽ ഇത്തരം വിഷാദത്തെ, ചാരിത്ര്യഭംഗം, അത്യാഗ്രഹം, കോപം തുടങ്ങിയ ദൂഷ്യങ്ങളെ എന്നതുപോലെ നാം ഒഴിവാക്കേണ്ടതുണ്ട്. പ്രാർത്ഥനയും ദൈവത്തിലുള്ള പ്രത്യാശയും തിരുലിഖിതധ്യാനവും ദൈവജനത്തോടുള്ള സഹവാസവും വഴി ഇതിൽനിന്നും വിമുക്തി നേടുവാൻ സാധിക്കും.

**ഉദാസീനതയെക്കുറിച്ച്**

നമ്മുടെ ആറാമത്തെ പോരാട്ടം, വിഷാദത്തിന്റെ പിശാചിനോടൊപ്പം കൈകോർത്തുപിടിച്ച് നമ്മെ ആക്രമിക്കാനെത്തുന്ന ഉദാസീന

www.malankaralibrary.com

തയുടെ പിശാചിനോടാണ്. ക്രൂരനും ഭയങ്കരനുമായ ഈ പിശാച് ഒരു സന്ന്യാസിയെ ആക്രമിക്കുന്നത് മിക്കവാറും ആറാം മണിക്കൂറിൽ, അതായത് നട്ടുച്ചയ്ക്ക് ആയിരിക്കും. ഇവനയാളെ അലസനും ഭീരുവും ആക്കിത്തീർക്കുകയും സന്ന്യാസജീവിതത്തോടും തന്റെ സഹസന്ന്യാസികളോടും ഏതുതരത്തിലുള്ള ജോലിയോടും തിരുലിഖിതപാരായണത്തോടുപോലും വെറുപ്പുണ്ടാകാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. സന്ന്യാസജീവിതമുപേക്ഷിച്ച് മറ്റെവിടെയെങ്കിലും പോകണമെന്നും അല്ലാത്തപക്ഷം തന്റെ പ്രയത്നവും സമയവും പാഴിലാകുമെന്നും ഈ പിശാച് അവനെ ഉപദേശിക്കുന്നു. മാത്രമല്ല, മൂന്നുദിവസത്തെ ഉപവാസത്തിൽപോലും ഉണ്ടാകാത്തത്ര വിശപ്പും, ദീർഘയാത്രയാലോ കഠിനാദ്ധ്വാനത്താലോ ഉണ്ടാകാത്തത്ര ക്ഷീണവും ഉച്ചസമയമാകുമ്പോഴേക്കും അയാളെ ബാധിക്കുന്നു. തന്റെ സഹോദരന്മാരെ കൂടെക്കൂടെ സന്ദർശിച്ച് അവരെ സഹായിക്കുകയും അവർ രോഗികളാണെങ്കിൽ അവരെ പരിചരിക്കുകയും ചെയ്താലല്ലാതെ തന്നെ പീഡിപ്പിക്കുന്ന ഈ രോഗത്തിൽനിന്നും മോചനം പ്രാപിക്കാൻ തനിക്കു സാധിക്കുകയില്ലെന്ന് ഈ പിശാച് അവനെക്കൊണ്ടു ചിന്തിപ്പിക്കുന്നു. ഇത്തരത്തിലൊന്നും അയാളെ വഴിതെറ്റിക്കാൻ അവനു സാധിക്കാതെ വരുമ്പോൾ അവൻ അയാളെ ഗാഢനിദ്രയിലാഴ്ത്തുന്നു. ചുരുക്കിപ്പറഞ്ഞാൽ, അവന്റെ ആക്രമണം കൂടുതൽ ശക്തവും പ്രബലവുമായിത്തീരുന്നു. പ്രാർത്ഥനയിലൂടെയും അനാവശ്യസംഭാഷണം ഒഴിവാക്കുന്നതിലൂടെയും തിരുലിഖിതപഠനത്തിലൂടെയും പ്രലോഭനങ്ങളെ ക്ഷമാപൂർവ്വം അഭിമുഖീകരിക്കുന്നതിലൂടെയും അല്ലാതെ ഈ പിശാച് കീഴടക്കപ്പെടുകയില്ല. എന്നാൽ ഈവക ആയുധങ്ങളുടെ സംരക്ഷണമില്ലാത്ത ഒരു സന്ന്യാസിയെ അവൻ കണ്ടുമുട്ടുന്നുവെങ്കിൽ തന്റെ അസ്ത്രങ്ങളുപയോഗിച്ച് അവനെ പ്രഹരിക്കുകയും അലസനും അനുസരണയില്ലാത്തവനുമാക്കി മാറ്റുകയും ചെയ്യുന്നു. അങ്ങനെ ആശ്രമങ്ങളിൽനിന്നും ആശ്രമങ്ങളിലേക്ക് ഭക്ഷണവും സുഖവും തേടി അയാൾ അലയുന്നു. ഉദാസീനത ബാധിച്ചവന്റെ മനസ്സ് ശൂന്യമാണ്, അതിൽ വ്യർത്ഥമായ വ്യാമോഹം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അവസാനം ലൗകികസുഖങ്ങളിൽ അകപ്പെട്ട് ക്രമേണ അയാൾ ദാരുണമായി അവയിൽ മുഴുകുകയും സന്ന്യാസജീവിതം അപ്പാടെ ഉപേക്ഷിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

ഇതൊരു ഭീകരമായ രോഗാവസ്ഥയാണെന്ന് അറിയാവുന്ന അപ്പോസ്തോലൻ ഇതിനെ നമ്മുടെ ആത്മാവിൽനിന്നു ഉന്മൂലനം ചെയ്യാനാഗ്രഹിച്ച്, ഈ രോഗത്തിന്റെ പ്രധാന കാരണങ്ങൾ ഏവയെന്നു ചൂണ്ടിക്കാട്ടിക്കൊണ്ടു പറയുന്നു: 'അലസതയിലും ഞങ്ങളിൽനിന്നു സ്വീകരിച്ച പാരമ്പര്യത്തിനിണങ്ങാത്ത രീതിയിലും ജീവിക്കുന്ന ഏതൊരു സഹോദരനിലുംനിന്ന് ഒഴിഞ്ഞുനിൽക്കണ മെന്നു സഹോദരരേ, കർത്താവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോടു കല്പിക്കുന്നു. എങ്ങനെയാണു ഞങ്ങളെ അനുകരിക്കേണ്ടതെന്നു നിങ്ങൾക്കുതന്നെ അറിയാല്ലോ. നിങ്ങളോടുകൂടെ ആയിരുന്നപ്പോൾ ഞങ്ങൾ അലസരായിരുന്നില്ല. ആരിലുംനിന്നു ഞങ്ങൾ അപ്പം ദാനമായി വാങ്ങി ഭക്ഷിച്ചിട്ടില്ല; ആർക്കും ഭാരമാകാതിരിക്കുവാൻ വേണ്ടി ഞങ്ങൾ രാപകൽ കഷ്ടപ്പെട്ടു കഠിനാദ്ധ്വാനം ചെയ്തു. ഞങ്ങൾക്കവകാശമില്ലാഞ്ഞിട്ടല്ല, അനുകരണാർഹമായ ഒരു മാതൃക നിങ്ങൾക്കു നല്കാനാണ് ഇങ്ങനെ ചെയ്തത്. ഞങ്ങൾ നിങ്ങളോടു കൂടെ ആയിരുന്നപ്പോൾതന്നെ നിങ്ങൾക്ക് ഒരു കല്പന നല്കി: അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ. എല്ലാ കാര്യങ്ങളിലും ഇട പെടുകയും എന്നാൽ, ഒരു പ്രവൃത്തിയും ചെയ്യാതെ അലസരായി ക്കഴിയുകയും ചെയ്യുന്ന ചിലർ നിങ്ങളുടെയിടയിലുണ്ടെന്നു ഞങ്ങൾ കേൾക്കുന്നു. അത്തരം ആളുകളോടു കർത്താവായ യേശുവിൽ ഞങ്ങൾ കല്പിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. അവർ ശാന്തരായി ജോലി ചെയ്ത് അപ്പം ഭക്ഷിക്കട്ടെ (2 തെസ 3:6-12). എത്രമാത്രം കൃത്യമായിട്ടാണ് ഉദാസീനതയുടെ കാരണങ്ങളെക്കുറിച്ച് അപ്പോസ്തോലൻ വിവരിക്കുന്നതെന്ന് നാം ശ്രദ്ധിക്കേണ്ടിയിരി ക്കുന്നു. ജോലി ചെയ്യാത്തവനെ അനിയന്ത്രിതമായി ചരിക്കുന്നവൻ എന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്. ഇതിലൂടെ ഈ ഒരു പദത്തിൽ അടങ്ങിയിരിക്കുന്ന ദൂഷ്യങ്ങളുടെ പെരുപ്പത്തെയാണ് അദ്ദേഹം പ്രകടിപ്പിക്കുന്നത്. ഇങ്ങനെയുള്ളവനിൽ സ്വഭാവത്തിൽ അനാദരവും സംസാരത്തിലുള്ള ആവേശവും പരദൂഷണതാല്പര്യവും നിശ്ശബ്ദധ്യാനത്തോട് വിമുഖതയുമുണ്ടായിരിക്കും. അവൻ ഉദാ സീനതയുടെ അടിമയാണ്. അതിനാൽ അത്തരത്തിലുള്ള ഒരാളിൽ നിന്നും, പകർച്ചവ്യാധിയിൽനിന്നെന്നപോലെ ഒഴിഞ്ഞുപോകാനാണ് പൗലോസ് പറയുന്നത്. 'ഞങ്ങളിൽനിന്നു നിങ്ങൾ സ്വീകരിച്ച പാരമ്പര്യത്തിനു വിരുദ്ധമായി ജീവിക്കുന്നവൻ' എന്നതുകൊണ്ട്

www.malankaralibrary.com

അവൻ 'അഹന്തയുള്ളവനും അപ്പോസ്തോലപാരമ്പര്യത്തെ നശിപ്പിക്കുന്നവനും' ആണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. അദ്ദേഹം വീണ്ടും പറയുന്നു: 'ആരിലുംനിന്നു ഞങ്ങൾ അപ്പം ദാനമായി വാങ്ങി ഭക്ഷിച്ചിട്ടില്ല: ഞങ്ങൾ രാപകൽ കഷ്ടപ്പെട്ടു കഠിനാദ്ധ്വാനം ചെയ്തു'. ജനതകളുടെ ഗുരുവും സുവിശേഷപ്രഘോഷകനും മൂന്നാം സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെട്ടവനുമായവൻ പറയുന്നു: 'സുവിശേഷപ്രഘോഷകർ, സുവിശേഷംകൊണ്ടുതന്നെ ഉപജീവനം കഴിക്കണമെന്നു കർത്താവു കല്പിച്ചിരിക്കുന്നു' (1 കൊരി 9:14). 'ഞങ്ങൾ നിങ്ങൾക്കാർക്കും ഭാരമാകാതിരിക്കാൻവേണ്ടി' എന്നു പറഞ്ഞു കൊണ്ട് രാവും പകലും കഠിനാദ്ധ്വാനം ചെയ്തവനാണ് അദ്ദേഹം. അങ്ങനെയെങ്കിൽ സുവിശേഷപ്രഘോഷണമോ തിരുസഭാശുശ്രൂഷയോ ഏല്പിക്കപ്പെടാത്ത... നമ്മുടെ ആത്മാവിനെ മാത്രം പരിരക്ഷിക്കേണ്ട നാം ജോലിയിൽ ഉദാസീനരും അലസരുമായി കാണപ്പെട്ടാൽ നമ്മെക്കുറിച്ച് എന്തായിരിക്കും പറയപ്പെടുക? ഉദാസീനതയിൽനിന്നും ഉണ്ടാകാവുന്ന ദുരിതത്തെ കൂടുതൽ വ്യക്തമാക്കിക്കൊണ്ട് പൗലോസ് വീണ്ടും ഇങ്ങനെ കൂട്ടിച്ചേർക്കുന്നു: 'ഇത്തരക്കാർ ജോലിചെയ്യുന്നതിനു പകരം പരകാര്യവ്യഗ്രതയുള്ളവരായി കഴിഞ്ഞുകൂടുന്നു. എന്തെന്നാൽ ഉദാസീനതയിൽനിന്ന് കൗതുകശീലവും അതിൽനിന്ന് അച്ചടക്കമില്ലായ്മയും, അച്ചടക്കമില്ലായ്മയിൽ നിന്ന് എല്ലാത്തരം തിന്മകളും ഉളവാകുകയും ചെയ്യുന്നു'. ഇതിന് ഒരു പരിഹാരമായി അപ്പോസ്തോലൻ പറയുന്നു: 'അത്തരം ആളുകളെ ഞങ്ങൾ ഉദ്ബോധിപ്പിക്കുന്നു, അവർ ശാന്തരായി ജോലി ചെയ്ത് അപ്പം ഭക്ഷിക്കട്ടെ'. എന്നാൽ ഇതിന് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് അദ്ദേഹം പറയുന്നു: 'അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ'.

ഇത്തരം അപ്പോസ്തോല പാരമ്പര്യങ്ങളെ അടിസ്ഥാനമാക്കി വളർന്നുവന്ന ഈജിപ്തിലെ വിശുദ്ധപിതാക്കന്മാർ സന്ന്യാസികളെ, പ്രത്യേകിച്ച് ചെറുപ്പക്കാരായ സന്ന്യാസികളെ ഒരിക്കലും വെറുതെയിരിക്കാൻ അനുവദിച്ചിരുന്നില്ല. ജോലിസ്ഥിരതയിലൂടെ സന്ന്യാസിമാർ ഉദാസീനതയെ ദൂരീകരിക്കുമെന്നും തങ്ങളുടെതന്നെ ഉപജീവനത്തിനുള്ള വക സമ്പാദിക്കുകയും ആവശ്യക്കാരെ സഹായിക്കുകയും ചെയ്യുമെന്നും അവർക്കറിയാമായിരുന്നു. ഉപവിപ്രവൃത്തി ദൈവത്തിനു

www.malankaralibrary.com

സ്വീകാര്യമായ ഒരു വിശുദ്ധബലിയാണെന്ന് വിശ്വസിച്ചിരുന്ന അവർ തങ്ങളുടെ ആവശ്യത്തിനുവേണ്ടി മാത്രമല്ല തങ്ങളുടെ അതിഥികളെ ശുശ്രൂഷിക്കുന്നതിനുവേണ്ടിയും ദരിദ്രരും ജയിലിൽ കഴിയുന്നവരുമായ അവശർക്കുവേണ്ടിയും അദ്ധ്വാനിച്ചിരുന്നു. കൂടാതെ, പിതാക്കന്മാർ പറഞ്ഞിരുന്നത് കഠിനാദ്ധ്വാനിയായ ഒരുവനെ ഒരൊറ്റ പിശാചു മാത്രം ആക്രമിക്കുകയും പീഡിപ്പിക്കുകയും ചെയ്യുമ്പോൾ, ജോലി ചെയ്യാത്ത ഒരാൾ ഒരായിരം പിശാചുക്കളാൽ ബന്ധിതനാകുന്നു എന്നാണ്.

പരിചയസമ്പന്നരായ പിതാക്കന്മാരിൽ ഒരാളായ അബ്ബാ മോസസ് എന്നോട് പറഞ്ഞ ചില കാര്യങ്ങൾ ഓർമ്മിക്കുന്നതു നല്ലതാണ്. ഞാൻ ഉദാസീനതയാൽ അസ്വസ്ഥനായിരുന്നപ്പോൾ ഏറെനേരം മരുഭൂമിയിൽ ജീവിച്ചിരുന്നില്ല. അതിനാൽ ഞാൻ അബ്ബാമോസിന്റെ അടുത്തെത്തി പറഞ്ഞു: 'ഇന്നലെ ഞാൻ ഉദാസീനതമൂലം തികച്ചും ദുർബ്ബലനായിരുന്നു. പോയി അബ്ബാ പോളിനെ കാണുന്നതുവരെ എനിക്ക് ഉദാസീനതയിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിഞ്ഞില്ല'. അബ്ബാ മോസസ് ഇങ്ങനെയാണ് മറുപടി പറഞ്ഞത്: 'ഉദാസീനതയിൽനിന്നും നിന്നെ മോചിപ്പിക്കാൻവേണ്ടി നിന്റെ സ്ഥലത്തുനിന്നും നീ അകന്നു പോയതിനാൽ ഒരു അടിമയെപോലെ നീ അതിനു കീഴടങ്ങുകയാണു ചെയ്തത്. നീ സ്വന്തം സ്ഥലം ഉപേക്ഷിച്ചതിനാൽ അതു നിന്നെ കൂടുതൽ രൂക്ഷമായി ആക്രമിക്കും എന്ന് നീ മനസ്സിലാക്കണം. ക്ഷമയും പ്രാർത്ഥനയും ശാരീരികാദ്ധ്വാനവുംകൊണ്ട് അതിനെ കീഴടക്കാൻ ഇന്നു മുതൽ ശ്രമിച്ചെങ്കിൽ മാത്രമേ നിനക്ക് ഉദാസീനതയിൽനിന്നു മോചനം നേടാൻ കഴിയൂ'

**ആത്മാഭിമാനത്തെക്കുറിച്ച്**

നമ്മുടെ ഏഴാമത്തെ യുദ്ധം ആത്മാഭിമാനത്തിന് കാരണമാകുന്ന പിശാചിനെതിരായിട്ടാണ്. പ്രലോഭിപ്പിക്കപ്പെടുന്ന ആളിനുപോലും തിരിച്ചറിയാനാകാത്തവിധം സൂക്ഷ്മവും ബഹുമുഖവുമാണ് ഈ വികാരം. മറ്റു വികാരങ്ങളുടെ പ്രകോപനം കുറച്ചുകൂടി വ്യക്തവും അതുകൊണ്ടുതന്നെ അവയോടു പോരാടുവാൻ എളുപ്പവുമാണ്; കാരണം ആത്മാവ് അതിന്റെ ശത്രുവിനെ തിരിച്ചറിയും. അങ്ങനെ എതിർത്തു നില്ക്കുന്നതിലൂടെയും പ്രാർത്ഥനയിലൂടെയും അവനെ

www.malankaralibrary.com

ആട്ടിയോടിക്കുകയും ചെയ്യും. എന്നാൽ ആത്മാഭിമാനം എന്ന ദുഷ്യ മാകട്ടെ എളുപ്പത്തിൽ തോല്പിക്കപ്പെടാവുന്നതല്ല; നമ്മുടെ സംസാര ശൈലിയിൽ, സംസാരത്തിൽ, മൗനത്തിൽ, ജോലിയിൽ, ജാഗരണ ത്തിൽ, ഉപവാസത്തിൽ, പ്രാർത്ഥനയിൽ, വായനയിൽ, ഏകാന്ത തയിൽ സഹനത്തിൽ എന്നിങ്ങനെ നമ്മുടെ എല്ലാ ചേഷ്ടകളിലും പല രൂപത്തിൽ ആത്മാഭിമാനത്തിന്റെ പിശാചിന് ഒളിഞ്ഞിരിക്കാ നാവും. ക്രിസ്തുവിന്റെ പടയാളിയെ എതിരിട്ടു തോല്പിക്കാൻ ഈ മാർഗ്ഗങ്ങളെല്ലാം അവൻ ഉപയോഗിക്കുകയും ചെയ്യും. ആഡംബര വേഷങ്ങളിലൂടെ ഒരുവനെ പ്രലോഭിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ മോശമായ വസ്ത്രങ്ങളിലൂടെ അതിനു കഴിയുമോ എന്നവൻ ശ്രമിച്ചു നോക്കും. പ്രശംസാവാക്കുകളാൽ പ്രലോഭിതനാകാത്ത ഒരുവനെ അപമാനം സഹിക്കുന്നതിലൂടെ പ്രലോഭിപ്പിക്കാൻ അവൻ ശ്രമിക്കും. വാചാലതയിൽ അഭിമാനിക്കാൻ ഒരുവനെ പ്രേരിപ്പിക്കാനായില്ലെങ്കിൽ നിശ്ശബ്ദത പാലിക്കുന്നതിൽ സ്വയം അഭിനന്ദിക്കാൻ പിശാച് അയാളെ പ്രേരിപ്പിക്കും. സുഭിക്ഷമായ ആഹാരം അയാളെ പ്രലോഭിപ്പിക്കുന്നി ല്ലെങ്കിൽ, അന്യരുടെ പ്രശംസ കിട്ടുന്നതിനായി ഉപവസിക്കാൻ പിശാച് അയാളെ നിർബന്ധിക്കും.

ചുരുക്കത്തിൽ, ഏതൊരു കർത്തവ്യവും ഈ ദ്രോഹിയായ പിശാചിന് പോരാട്ടത്തിനുള്ള അവസരം നല്കുന്നു. നാം പുരോഹി തരാണെന്നു സങ്കല്പിക്കാൻ അവൻ നമ്മെ പ്രേരിപ്പിക്കും. ഇത്തര ത്തിലൊരു സംഭവം എനിക്കോർമ്മയുണ്ട്. ഞാൻ സ്കെറ്റിസി ലായിരുന്നപ്പോൾ, ഒരു ശ്രേഷ്ഠൻ ഒരു യുവസഹോദരനെ കാണാൻ പോയി. സഹോദരന്റെ അറയ്ക്കകത്തുനിന്ന് സംഭാഷണം കേട്ടപ്പോൾ അയാൾ വിശുദ്ധഗ്രന്ഥം പഠിക്കുകയാണെന്നു ധരിച്ച് പുറത്തു കാത്തു നിന്നു. കുറച്ചുനേരം ശ്രദ്ധിച്ചപ്പോഴാണ് കാര്യം പിടികിട്ടിയത്. ആത്മാഭിമാനം അവന്റെ സുബോധത്തെ നഷ്ടപ്പെടുത്തിയതിനാൽ അവൻ സ്വയം ഡീക്കൻപട്ടം ഏല്ക്കുകയും ജ്ഞാനസ്നാനാർത്ഥി കളെ പിരിച്ചുവിടുകയുമാണ്. ഇതു കേട്ടപ്പോൾ ആ ശ്രേഷ്ഠൻ വാതിൽ തള്ളിത്തുറന്ന് അകത്തു പ്രവേശിച്ചു. ആ സഹോദരൻ ഉടനെ അദ്ദേഹത്തെ സംബോധന ചെയ്ത് സാധാരണ ചെയ്യാറുള്ളതു പോലെ അദ്ദേഹത്തെ വണങ്ങിയിട്ട്, ഏറെ നേരമായി പുറത്തുനിൽക്കു കയായിരുന്നോ എന്ന് അന്വേഷിച്ചു. ശ്രേഷ്ഠൻ സുസ്മേരവദനനായി

www.malankaralibrary.com

മറുപടി നല്കി: 'ഒരു നിമിഷം മുമ്പാണ് ഞാൻ എത്തിയത്, നീ ജ്ഞാന സ്നാനാർത്ഥികളെ പിരിച്ചുവിട്ടു തീർന്നപ്പോഴേക്കും'. ഇതു കേട്ട സഹോദരൻ അദ്ദേഹത്തിന്റെ കാല്ക്കൽവീണ് ഈ മിഥ്യാബോധ ത്തിൽനിന്നും മോചനം പ്രാപിക്കുവാൻവേണ്ടി തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അപേക്ഷിച്ചു. എത്ര വലിയ വിഡ്ഢിത്തത്തി ലേക്കാണ് ഈ പിശാച് നമ്മെ നയിക്കുന്നതെന്നു കാണിക്കാനാണ് ഞാനീ സംഭവം ഓർമ്മിച്ചത്.

ആത്മീയജീവിതത്തിൽ പൂർണ്ണമായി മുഴുകാനും നീതിയുടെ കിരീടമണിയാനും ആഗ്രഹിക്കുന്നവർ, വിവിധ രൂപങ്ങളിൽ പ്രത്യക്ഷ പ്പെടുന്ന ഈ മൃഗത്തെ തോല്പിക്കാൻ കഠിനമായി പരിശ്രമിക്കണം. അയാൾ ദാവീദിന്റെ വാക്കുകൾ ഓർമ്മിക്കുന്നതു നന്നായിരിക്കും. 'മനുഷ്യരെ സന്തോഷിപ്പിക്കാൻ ശ്രമിക്കുന്നവരുടെ അസ്ഥികളെ കർത്താവ് ചിതറിച്ചു കളഞ്ഞിരിക്കുന്നു' (സങ്കീ 53:5). മറ്റുള്ളവരുടെ പ്രശംസ നേടാനായി അവൻ യാതൊന്നും ചെയ്യരുത്; തന്റെ ഹൃദയത്തിലേക്കു കടന്നുവരുന്ന ആത്മപ്രശംസ ഒഴിവാക്കിക്കൊണ്ട് ദൈവത്തിനു മുമ്പിൽ താനൊന്നുമല്ല എന്നു സ്വയം കരുതിക്കൊണ്ട് ദൈവത്തിന്റെ പ്രതിഫലം മാത്രം ആഗ്രഹിക്കണം. ഇങ്ങനെ ചെയ്യുന്ന ഒരാൾ, ദൈവസഹായത്താൽ ആത്മപ്രശംസയുടെ പിശാചിൽനിന്നു മോചിതനാകും.

**അഹങ്കാരത്തെക്കുറിച്ച്**

നമ്മുടെ എട്ടാമത്തെ പോരാട്ടം അഹങ്കാരത്തിന്റെ പിശാചിനെ തിരായിട്ടാണ്, ഏറ്റവും കുടിലത നിറഞ്ഞ പിശാചാണിത്. ഇതുവരെ പ്രതിപാദിക്കപ്പെട്ട എല്ലാ പിശാചുകളെക്കാളും ഭയങ്കരനാണ് അഹങ്കാരത്തിന്റെ പിശാച്. പൂർണ്ണത നേടാൻ ശ്രമിക്കുന്നവരെ എല്ലാറ്റിനും ഉപരി അവൻ ആക്രമിക്കുകയും ഏറെക്കുറെ പരിശുദ്ധി യുടെ ഉയരങ്ങളിൽ എത്തിയവരെ നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഒരു മാരകരോഗം ഏതെങ്കിലുമൊരു അവയവത്തെ മാത്രമല്ല ശരീരത്തെ മുഴുവനായും ആക്രമിക്കുന്നതുപോലെ ആത്മാ വിന്റെ ഏതെങ്കിലും ഭാഗത്തെയല്ല, അതിനെ ആകമാനം നശിപ്പിക്കാൻ ഇവനു കഴിയും. മറ്റു ദൂഷ്യങ്ങൾ അതാതിനു വിരുദ്ധമായ സദ്ഗുണ ങ്ങളെ മാത്രം കീഴടക്കാനാണ് നോക്കുന്നത്. അതിനാൽ അവ ഭാഗിക

www.malankaralibrary.com

മായി മാത്രമേ ആത്മാവിനെ നിഷ്പ്രഭമാക്കുകയും ശല്യപ്പെടുത്തുകയും ചെയ്യുന്നുള്ളൂ. എന്നാൽ അഹങ്കാരമാകുന്ന വികാരമാകട്ടെ, ആത്മാവിനെ മുഴുവനായി ഇരുളിലാഴ്ത്തുകയും അധഃപതനത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നു.

ഇപ്പറഞ്ഞതിന്റെ അർത്ഥം കൂടുതൽ വിശദമായി മനസ്സിലാക്കാൻ താഴെ പറയുംവിധം ഈ പ്രശ്നത്തെ കൈകാര്യം ചെയ്യാം. ആഹാരത്തോടുള്ള അമിതതാല്പര്യം ആത്മനിയന്ത്രണത്തെ കീഴടക്കുന്നു; ചാരിത്ര്യഭംഗം മിതത്വത്തെ തോല്പിക്കുന്നു; അത്യാഗ്രഹം, സ്വയം സ്വീകരിക്കുന്ന ദാരിദ്ര്യത്തെ ഇല്ലായ്മചെയ്യുന്നു. കോപം സൗമ്യതയെ എതിരിടുന്നു; ഇതുപോലെതന്നെ, മറ്റു ദൂഷ്യങ്ങളും അവയ്ക്കനുരൂപമായ സുകൃതത്തെ നശിപ്പിക്കുന്നു. എന്നാൽ നമ്മുടെ ദുർബ്ബലമായ ആത്മാവിനുമേൽ അധിപനായിത്തീരുമ്പോൾ, അഹങ്കാരം കീഴടക്കപ്പെട്ട നഗരത്തെ ഒരു സ്വേച്ഛാധിപതിയെന്നതുപോലെ, അതിനെ പൂർണ്ണമായും നശിപ്പിക്കുന്നു. അഹങ്കാരം മൂലം സ്വർഗ്ഗത്തിൽ നിന്നു വീണുപോയ മാലാഖയാണ് ഇതിനു തെളിവ്. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട്, സകല സത്ഗുണങ്ങളും ജ്ഞാനവുംകൊണ്ട് അലംകൃതനായിരുന്നു അവൻ. എന്നാൽ ഇവയെല്ലാം ദൈവകൃപയാൽ തനിക്കു ലഭിച്ചതാണെന്നു സമർത്ഥിക്കാൻ അവൻ ഒരുക്കമല്ലായിരുന്നു. ഇവയെല്ലാം തന്റെ സ്വാഭാവിക കഴിവുകളാണെന്നായിരുന്നു അവന്റെ ഭാവം. അതിന്റെ ഫലമായി അവൻ തന്നെത്തന്നെ ദൈവതുല്യനായി കരുതി. ഈ അവകാശവാദത്തെ ശാസിച്ചുകൊണ്ട് പ്രവാചകൻ ഇങ്ങനെ പറയുന്നു: 'നീ നിന്റെ ഹൃദയത്തിൽ ഇങ്ങനെ കരുതുന്നുണ്ട്. 'ഞാൻ ഉയർന്ന മലമുകളിൽ ഇരിക്കും; മേഘങ്ങൾക്കും മുകളിലായിരിക്കും എന്റെ സിംഹാസനം; അത്യുന്നതന് തുല്യനായിരിക്കും ഞാൻ.' എന്നാൽ നീ വെറുമൊരു മനുഷ്യനാണ്, ദൈവമല്ല' (യശ 14:13,14). വീണ്ടും മറ്റൊരു പ്രവാചകൻ ഇങ്ങനെയാണ് പറയുന്നത്: 'നിന്റെ തിന്മയെക്കുറിച്ച് എന്തിനാണു നീ അഹങ്കരിക്കുന്നത്, ഹേ, അഹങ്കാരിയായ മനുഷ്യാ' (സങ്കീ 52:1). തുടർന്നുവരുന്ന ഭാഗത്തും ഇതേ ശൈലിതന്നെയാണ് അദ്ദേഹം ഉപയോഗിക്കുന്നത്. ഇതെക്കുറിച്ചറിയാവുന്ന നമുക്ക് ഭയം തോന്നുകയും അങ്ങേയറ്റത്തെ ശ്രദ്ധയോടുകൂടി അഹങ്കാരത്തിന്റെ മരണകരമായ അരൂപിയുടെ പിടിയിൽപെടാതെ നമ്മുടെ ഹൃദയങ്ങളെ നാം

www.malankaralibrary.com

സംരക്ഷിക്കുകയും ചെയ്യണം. നാം പരിശുദ്ധിയുടെ ഏതാനും പടവുകൾ കയറിക്കഴിയുമ്പോൾ അപ്പോസ്തലന്റെ ഈ വാക്കുകൾ ഉരുവിട്ടുകൊണ്ടിരിക്കണം.'ഇതൊന്നും ഞാനല്ല എന്നോടൊപ്പമുള്ള ദൈവകൃപയാണ്' (1 കൊരി 15:10). കർത്താവ് ഇങ്ങനെ അരുളിച്ചെയ്യുന്നു: 'എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല' (യോഹ 15:5). പ്രവാചകൻ ഇങ്ങനെയും പറയുന്നുണ്ട്: 'ഭവനം പണിതുയർത്തുന്നത് ദൈവമല്ലെങ്കിൽ ചെയ്യുന്ന പണി വൃഥാവിലാണ്' (സങ്കീ 127:1). അവസാനമായി മറ്റൊരിടത്ത് ഇങ്ങനെ വായിക്കാം: 'മനുഷ്യന്റെ തീരുമാനമോ പ്രയത്നമോ അല്ല ഒന്നിനും കാരണം; മറിച്ച്, ദൈവകൃപയാണ്' (റോമ 9:16).

ഒരുവൻ കഠിനപ്രയത്നം ചെയ്യുന്നവനും ഗൗരവബുദ്ധിയുള്ളവനും ദൃഢനിശ്ചയം ഉള്ളവനും ആണെങ്കിൽക്കൂടി, ക്രിസ്തുവിന്റെ കാരുണ്യമില്ലെങ്കിൽ അവനു പൂർണ്ണത കിട്ടുകയില്ല. യാക്കോബ് ഇങ്ങനെ പറയുന്നു, 'എല്ലാ അനുഗ്രഹവും മുകളിൽനിന്നുമാണ് വരുന്നത്' (യാക്കോ 1:17). പൗലോസ് അപ്പോസ്തോലൻ ഇങ്ങനെ ചോദിക്കുന്നു: 'നിങ്ങൾക്കു ലഭിക്കാത്തതായി എന്താണുള്ളത്? നിങ്ങൾ അതു സ്വീകരിച്ചുവെങ്കിൽ നിങ്ങളുടെ സ്വന്തമാണെന്ന മട്ടിൽ എന്തിന് അഹങ്കരിക്കുന്നു? (1 കൊരി 4:7). സ്വന്തം പ്രയത്നങ്ങളിലൂടെ പൂർണ്ണത നേടാനാവുമെന്ന മട്ടിൽ എന്തിനാണ് മനുഷ്യൻ അഹങ്കാരിയാകുന്നത്?

യാതൊരു സദ്ഗുണത്തിനും ഉടമയല്ലാതിരുന്നിട്ടും സ്വർഗ്ഗരാജ്യം സ്വീകരിച്ച കള്ളൻ, ദൈവകൃപയാലും കാരുണ്യത്താലുമാണ് നമുക്ക് രക്ഷ ലഭിക്കുന്നത് എന്നതിന്റെ ഉത്തമ തെളിവാണ്. എളിമയിലൂടെ മാത്രമേ വിശുദ്ധി നേടാനാകൂ എന്ന് എല്ലാ വിശുദ്ധപിതാക്കന്മാരും അറിഞ്ഞിരുന്നു. ഈ വസ്തുത അവർ ഒന്നുചേർന്നു നമ്മെ പഠിപ്പിക്കുന്നു. വിശ്വാസം, ദൈവഭയം, സൗമ്യത, ഭൗതികസ്വത്തുക്കൾ ഉപേക്ഷിക്കൽ എന്നിവയിലൂടെ മാത്രമേ എളിമ നേടാനാവൂ. എളിമയ്ക്കനുസൃതമായിരിക്കും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും കരുണയും വഴി പരിപൂർണ്ണമായ സ്നേഹം സമ്പാദിക്കാൻ നമുക്കു സാധിക്കുക. അവിടുത്തേക്ക് എന്നേക്കും മഹത്ത്വമുണ്ടായിരിക്കട്ടെ. ആമേൻ.

www.malankaralibrary.com

## സ്കെറ്റിസിലെ വിശുദ്ധ പിതാക്കന്മാരെക്കുറിച്ചും വിവേചനത്തെക്കുറിച്ചും

### അബ്ബാ ലിയോന്തിയോസിനുവേണ്ടി എഴുതപ്പെട്ടത്

വിശുദ്ധ പിതാക്കന്മാരുടെ ഉപദേശങ്ങളെക്കുറിച്ചും ജീവിതചര്യയെക്കുറിച്ചും വിവരണം നല്കാമെന്ന് ഞാൻ അനുഗൃഹീതനായ മെത്രാൻ കാസ്റ്ററിനു നല്കിയ വാഗ്ദാനം ഇപ്പോൾ പൂർത്തിയാക്കപ്പെട്ടിരിക്കുന്നു. 'വിശുദ്ധ സന്ന്യാസ സ്ഥാപനങ്ങളെക്കുറിച്ച്', 'എട്ടു തിന്മകളെക്കുറിച്ച്' എന്നിവയാണ് ആ ലേഖനങ്ങൾ. ഇനിയെനിക്കു നല്കാൻ കഴിയുന്ന വിജ്ഞാനവുംകൂടി പങ്കുവയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നു. ബിഷപ്പ് കാസ്റ്റർ ക്രിസ്തുവിൽ നിദ്രപ്രാപിച്ച വിവരം അറിയാൻ കഴിഞ്ഞ നിലയ്ക്ക് അല്ലയോ വിശുദ്ധ ലിയോന്തിയോസേ, ദൈവസഹായത്താൽ അദ്ദേഹത്തിന്റെ സദ്ഗുണങ്ങളും ആശ്രമത്തിന്റെ രക്ഷാകർത്തൃത്വവും ലഭിച്ചിരിക്കുന്ന അങ്ങേയ്ക്ക് ഞാൻ ഈ ലേഖനങ്ങൾ അയച്ചുതരണമെന്ന് എനിക്കു തോന്നി.

ഞാനും എന്റെ സ്കൂൾ ജീവിതകാലത്തുതന്നെ ഞാൻ പരിചയിച്ച എന്റെ ആത്മീയ സുഹൃത്ത് വിശുദ്ധ ജർമ്മാനോസും സൈനിക സേവനത്തിലും സന്ന്യാസജീവിതത്തിലും ഒരുമിച്ചായിരുന്നു. ഏറ്റവും പരിചയസമ്പന്നരായ സന്ന്യാസികളുടെ താവളമായ സ്കെറ്റിസിലെ മരുഭൂമിയിലാണ് ഞങ്ങളും കഴിഞ്ഞുകൂടിയിരുന്നത്. അവിടെവച്ചാണ് വിശുദ്ധനായ അബ്ബാ മോസസിനെ ഞങ്ങൾ കണ്ടുമുട്ടുന്നത്. അദ്ദേഹം സദ്ഗുണങ്ങളുടെ പരിശീലനത്തിൽ മാത്രമല്ല, ആത്മീയ ധ്യാനത്തിലും അഗ്രഗണ്യനായിരുന്നു. എങ്ങനെയാണ് പരിപൂർണ്ണതയെ സമീപിക്കേണ്ടതെന്നു ഞങ്ങൾക്കു പറഞ്ഞുതരുവാൻ ഞങ്ങൾ അദ്ദേഹത്തോടു കണ്ണീരോടെ അപേക്ഷിച്ചു.

ഞങ്ങളുടെ നിരന്തരമായ അപേക്ഷകളുടെ ഫലമായി അദ്ദേഹമിങ്ങനെ പറഞ്ഞു: 'കുഞ്ഞുങ്ങളേ, എല്ലാ സൽപ്രവൃത്തികൾക്കും അനുഷ്ഠാനങ്ങൾക്കും ഒരു ലക്ഷ്യമുണ്ട്; ആ ലക്ഷ്യം നോക്കി അതിനനുസൃതം പൊരുത്തപ്പെടുന്നവൻ താൻ കാംക്ഷിക്കുന്ന പരമ

www.malankaralibrary.com

മായ ലക്ഷ്യത്തിൽ എത്തിച്ചേരും. കളകളും മുൾച്ചെടികളും കളയുന്നതിനായി വെയിലും മഞ്ഞും സഹിച്ച് പാടത്തു പണിയെടുക്കുന്ന കർഷകന്റെ ആത്യന്തികലക്ഷ്യം വിളവു കൊയ്യുക എന്നതാണ്. കരയിലും കടലിലും വെല്ലുവിളികൾ നേരിട്ട് വ്യാപാരസംബന്ധമായി യാത്രചെയ്യുന്ന കച്ചവടക്കാരൻ ലാഭത്തിനുവേണ്ടിയാണ് അതു ചെയ്യുന്നതെങ്കിലും അയാളുടെ ആത്യന്തികലക്ഷ്യം അതിന്റെ ഗുണഫലങ്ങൾ അനുഭവിക്കുക എന്നതാണ്. വിദേശങ്ങളിൽ യുദ്ധത്തിന്റെയും ദുരിതത്തിന്റെയും അപകടങ്ങളെ അവഗണിക്കുന്ന പടയാളി സ്ഥാനക്കയറ്റത്തിനുവേണ്ടി തന്റെ കഴിവും വൈദഗ്ദ്ധ്യവും ഉപയോഗിച്ച് കഠിനയത്നം ചെയ്യുമ്പോൾ അയാൾ ആഗ്രഹിക്കുന്നത് അതിന്റെ മേന്മകൾ അനുഭവിക്കാനാണ്.

നമ്മുടെ സന്ന്യാസവൃത്തിക്കും അതിന്റേതായ അടിയന്തിരമായ ഉദ്ദേശ്യവും പരമമായ ലക്ഷ്യവും ഉണ്ട്. അതു നേടിയെടുക്കുന്നതിനു വേണ്ടി എന്തു ത്യാഗവും സഹനവും സന്മനസ്സോടെ നാം സഹിക്കുന്നു. അതിനാൽ ഉപവാസം നമ്മെ തളർത്തുകയില്ല, ജാഗരണത്തിന്റെ കാഠിന്യം നമ്മെ ആനന്ദിപ്പിക്കുന്നു; തിരുവചനത്തിന്റെ പാരായണവും പഠനവും നാം സന്തോഷപൂർവ്വം ഏറ്റെടുക്കുന്നു. കായികാദ്ധ്വാനം, അനുസരണ, ഭൗതികസുഖങ്ങൾ ഉപേക്ഷിക്കൽ, മരുഭൂമിയിലെ ജീവിതം എന്നിവ നാം സന്തോഷപൂർവ്വം സ്വീകരിക്കുന്നു.'

'നിങ്ങൾ കുടുംബവും രാജ്യവും ലൗകികമായ സർവ്വവും ഉപേക്ഷിച്ചത് അപരിഷ്കൃതരും പരുക്കന്മാരുമായ ഞങ്ങളെപ്പോലുള്ള ആളുകളോടൊപ്പം അന്യദേശത്തു താമസിക്കുവാനാണ്. അതിനാൽ എന്നോടു പറയുക, ഇങ്ങനെയൊരു തീരുമാനമെടുക്കാൻ നിങ്ങളെ പ്രേരിപ്പിച്ച ഉദ്ദേശ്യവും ലക്ഷ്യവുമെന്ത്?'

ഞങ്ങൾ മറുപടി പറഞ്ഞു: 'ഞങ്ങൾ സ്വർഗ്ഗരാജ്യം ലക്ഷ്യമാക്കിയാണ് ഇങ്ങനെ ചെയ്തത്'. മറുപടിയായി അബ്ബാ മോസസ് പറഞ്ഞു: 'ലക്ഷ്യത്തെപ്പറ്റിയുള്ള നിങ്ങളുടെ ഉത്തരം ശരിതന്നെ. എന്നാൽ സ്വർഗ്ഗരാജ്യം നേടുന്നതിനുവേണ്ടി ഏതുദ്ദേശ്യത്തോടെയാണ് നിങ്ങൾ അചഞ്ചലമായ സമരം നടത്തുന്നത്? അതിനെപ്പറ്റി നിങ്ങൾ എന്നോടു പറഞ്ഞില്ലല്ലോ.'

അതെന്താണെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ എന്ന് ഞങ്ങൾ ഏറ്റു പറഞ്ഞപ്പോൾ ശ്രേഷ്ഠൻ മറുപടി പറഞ്ഞു: 'നമ്മുടെ സന്ന്യാസ

www.malankaralibrary.com

വൃത്തിയുടെ ലക്ഷ്യം നാം മുമ്പു സൂചിപ്പിച്ചതുപോലെ ദൈവരാജ്യം തന്നെയാണ്. എന്നാൽ നമ്മുടെ ആസന്നഉദ്ദേശ്യം ഹൃദയശുദ്ധിയാണ്; ഹൃദയശുദ്ധിയില്ലാതെ നമ്മുടെ ലക്ഷ്യത്തെ സമീപിക്കാനാവില്ല. ഈ ഉദ്ദേശം എപ്പോഴും നമ്മുടെ മനസ്സിലുണ്ടായിരിക്കണം. എപ്പോഴെങ്കിലും നമ്മുടെ ഹൃദയം വഴിതെറ്റി സഞ്ചരിച്ചാൽ നാം ഉടനെ തന്നെ അതിനെ തിരിച്ചുകൊണ്ടുവരണം. ഒരു മരപ്പണിക്കാരന്റെ വ്യവസ്ഥ എന്നവണ്ണം നമ്മുടെ ജീവിതം നാം നയിക്കേണ്ടത് ലക്ഷ്യത്തിനനുസരിച്ചായിരിക്കണം.

അപ്പോസ്തോലനായ പൗലോസ് ഈ വസ്തുത അറിഞ്ഞിരുന്നതുകൊണ്ടാണ് ഇങ്ങനെ പറഞ്ഞത്: 'എന്റെ പിന്നിലുള്ളവയെ വിസ്മരിച്ചിട്ട്, മുമ്പിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ മുന്നേറുന്നു. ഉന്നതത്തിലേക്കുള്ള ദൈവത്തിന്റെ വിളിയാകുന്ന സമ്മാനത്തിനുവേണ്ടി ഞാൻ ലക്ഷ്യത്തിലേക്കു പ്രയാണം ചെയ്യുന്നു' (ഫിലി 3:13,14). നമ്മളും ഇതേ ലക്ഷ്യത്തെയാണ് പിന്തുടരുന്നത്. കുടുംബം, സ്വത്തുക്കൾ, രാജ്യം, ലൗകികവസ്തുക്കൾ എന്നിവയെല്ലാം ഉപേക്ഷിച്ചത് ഹൃദയവിശുദ്ധി നേടാൻവേണ്ടിയാണ്. ഈ ലക്ഷ്യം വിസ്മരിച്ചാൽ നാം തുടരെത്തുടരെ തട്ടിവീഴുകയും നമുക്ക് വഴിതെറ്റിപ്പോവുകയും ചെയ്യും. കാരണം അന്ധകാരത്തിലായിരിക്കും നാം നടക്കുന്നത്. അതിനാൽ ശരിയായ പാതയിൽനിന്നും വ്യതിചലിച്ച് നാം അലഞ്ഞുതിരിയും. ആദ്ധ്യാത്മികജീവിതത്തിന്റെ തുടക്കത്തിൽ എല്ലാം ഉപേക്ഷിച്ചവരെങ്കിലും പിന്നീട് ഒരു കത്തി, സൂചി അല്ലെങ്കിൽ ഒരു പുൽച്ചെടി, ഒരു പുസ്തകം ഇങ്ങനെ എന്തിനെയെങ്കിലും കുറിച്ച് കോപിഷ്ഠരായി ഹൃദയശുദ്ധി നഷ്ടപ്പെടുത്തിയവർ ഏറെയാണ്. ഏതൊരുദ്ദേശ്യത്തോടെയാണ് തങ്ങൾ ഈ രംഗത്തെത്തിയതെന്ന് ഓർമ്മിച്ചിരുന്നെങ്കിൽ അവർക്കത് സംഭവിക്കുകയില്ലായിരുന്നു. അയൽക്കാരനോടുള്ള സ്നേഹത്താലാണ് നാം സ്വത്തുപേക്ഷിക്കുന്നത്; അല്ലാത്തപക്ഷം അതേച്ചൊല്ലി അയാളോടു വഴക്കിടുകയും നമ്മുടെ കോപം വർദ്ധിക്കുകയും ചെയ്യുമ്പോൾ നാം പരസ്പര സ്നേഹം നഷ്ടപ്പെടുത്തുകയായിരിക്കും ചെയ്യുക. സഹോദരരോട് വളരെ ചെറിയ കാര്യത്തിലാണെങ്കിലും നാം കോപിച്ചാൽ നമ്മുടെ ലക്ഷ്യത്തിൽനിന്നും നാം തെന്നിമാറുകയായിരിക്കും ചെയ്യുക. അപ്പോൾ നമ്മുടെ പരിത്യാഗം വൃഥാവിലായിത്തീരുകയും ചെയ്യും.

www.malankaralibrary.com

ഇതേക്കുറിച്ച് അവബോധമുള്ള അനുഗൃഹീതനായ അപ്പോസ്തോലൻ ഇങ്ങനെയാണ് പറയുന്നത്: 'എന്റെ ശരീരം ദഹിപ്പിക്കാൻ നല്കുകയും എന്നാൽ എന്റെ ഉള്ളിൽ സ്നേഹമില്ലാതിരിക്കുകയും ചെയ്താൽ എനിക്ക് യാതൊരു നേട്ടവുമില്ല' (1 കൊരി 13:3). പരിത്യാഗംകൊണ്ടോ ലോകത്തിൽനിന്നുമുള്ള പിൻവാങ്ങൽകൊണ്ടോ മാത്രം ഉടൻതന്നെ പരിപൂർണ്ണത നേടാനാവില്ലെന്നാണ് ഇതിനർത്ഥം; സ്നേഹസിദ്ധിക്കു പിന്നാലെയാണ് പരിപൂർണ്ണതയുണ്ടാകുന്നത്. അതേക്കുറിച്ച് അപ്പോസ്തലൻ ഇങ്ങനെ പറയുന്നു: 'സ്നേഹം അസൂയപ്പെടുന്നില്ല, ആത്മപ്രശംസ ചെയ്യുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല, അഹങ്കരിക്കുന്നില്ല, തിന്മയിൽ സന്തോഷിക്കുന്നില്ല.' (1 കൊരി 13:4,5). ഇതെല്ലാം തെളിയിക്കുന്നത് ഹൃദയവിശുദ്ധിയുടെ പ്രാധാന്യമാണ്; അതു നേടുന്നതിനുവേണ്ടിയാണ് നാം സ്വത്തുക്കൾ കൈവെടിയുന്നതും ഉപവസിക്കുന്നതും സന്തോഷപൂർവ്വം ജാഗരണം അനുഷ്ഠിക്കുന്നതും ജ്ഞാനവായന നടത്തുന്നതും സങ്കീർത്തനങ്ങളാലപിക്കുന്നതും. ദൈവത്തിനു പ്രീതികരമായ എന്തെങ്കിലും പ്രവൃത്തിയാൽ ഉപവാസത്തിൽനിന്നോ ജ്ഞാനവായനയിൽനിന്നോ മാറിനിൽക്കേണ്ടിവന്നാലും ഹൃദയവിശുദ്ധിയെ അതു ബാധിക്കാൻ പാടില്ല; എന്തെന്നാൽ കോപം മൂലം നാം നഷ്ടപ്പെടുത്തുന്നതിലും വലുതല്ല ഉപവാസംകൊണ്ടു നേടിയെടുക്കുന്നവ. അതുപോലെതന്നെ, നമ്മുടെ സഹോദരനെ നിന്ദിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്നതുവഴി നാം അവനു നല്കുന്ന ഉപദ്രവത്തിലൂടെ നഷ്ടപ്പെടുത്തുന്നവയെക്കാളും വലുതല്ല ജ്ഞാനവായനയിൽനിന്നും നമുക്കു ലഭിക്കുന്ന ഉത്കർഷം.

'ഉപവാസം, ജാഗ്രത, തിരുലിഖിതപഠനം, സ്വത്തുക്കളുടെ പരിത്യാഗം, ലൗകികജീവിതം ഉപേക്ഷിക്കൽ എന്നിവയൊന്നും അതിൽതന്നെ പൂർണ്ണതയല്ല; മറിച്ച്, നാം പറഞ്ഞതുപോലെ, പൂർണ്ണത നേടാനുള്ള ഉപകരണങ്ങളാണ്. അവയിലൊന്നുംതന്നെ പൂർണ്ണത അടങ്ങിയിട്ടില്ല, അവയിലൂടെയാണ് പൂർണ്ണത നേടേണ്ടതെന്നുമാത്രം. അതിനാൽ നമ്മുടെ ഉപവാസം, ജാഗരണം, ദാരിദ്ര്യം, തിരുലിഖിത പാരായണം എന്നിവയിലൂടെ നാം ദൈവത്തോടും സഹജീവികളോടുമുള്ള സ്നേഹം ആർജ്ജിച്ചില്ലെങ്കിൽ ഇവയെക്കുറിച്ച് അഭിമാനിക്കുന്നത് വ്യർത്ഥമാണ്. സ്നേഹം സമ്പാദിച്ചവന്റെ ഉള്ളിൽ ദൈവം വസിക്കും, അവന്റെ മനസ്സ് എപ്പോഴും ദൈവത്തോടൊപ്പം ആയിരിക്കുകയും ചെയ്യും.

www.malankaralibrary.com

ഇതു കേട്ട് ജർമ്മനോസ് പ്രത്യുത്തരിച്ചു: 'രോഗി സന്ദർശനമോ, അതിഥിസത്ക്കാരമോ, കൈത്തൊഴിലോ ഒഴിച്ചുകൂടാനാവാത്ത ശാരീരികാവശ്യങ്ങളോ ഒന്നും ശ്രദ്ധിക്കാതെ ശരീരത്തിലായിരിക്കുമ്പോൾതന്നെ ദൈവത്തിൽ മനസ്സുറപ്പിക്കുന്ന മനുഷ്യൻ ആരാണ്? എല്ലാറ്റിനുമുപരി, ദൈവം അദൃശ്യനും അഗ്രാഹ്യനുമാകയാൽ എങ്ങനെയാണ് മനുഷ്യന് തന്റെ മനസ്സ് ദൈവത്തിൽ ഉറപ്പിക്കാനും അവിടുന്നിൽനിന്നും അകന്നുപോകാതിരിക്കാനും സാധിക്കുക?'

അബ്ബാ മോസസ് മറുപടി പറഞ്ഞു: 'താങ്കൾ സങ്കല്പിക്കുന്ന വിധത്തിൽ ദൗർബ്ബല്യത്തിനു വിധേയനായ മനുഷ്യന് ശരീരത്തിൽ ആയിരിക്കുമ്പോൾതന്നെ എല്ലായ്പ്പോഴും ദൈവത്തിൽ ദൃഷ്ടി ഉറപ്പിക്കാനും അവിടുന്നിൽനിന്ന് അകന്നുപോകാതിരിക്കാനും സാധിക്കുക അസാദ്ധ്യമായ കാര്യമാണ്. എന്നാൽ പല വിധത്തിൽ നമുക്ക് സുഗ്രാഹ്യവും മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതുമായ രീതിയിൽ ദൈവത്തെക്കുറിച്ച് ധ്യാനിക്കുന്നതു വഴി നമുക്കിത് സാദ്ധ്യമായിത്തീരുന്നു. തന്റെ അനുഗൃഹീതവും ദുർഗ്രഹവുമായ സത്തയിൽ മാത്രമല്ല ദൈവം അറിയപ്പെടുന്നത്. വരുംകാലങ്ങളിൽ തന്റെ വിശുദ്ധർക്കുവേണ്ടി നീക്കിവച്ചിട്ടുള്ളതാണിത്. അവിടുത്തെ സൃഷ്ടികളുടെ മനോഹാരിതയിലും ഗാംഭീര്യത്തിലും അവിടുത്തെ ദർശിക്കുവാൻ സാധിക്കും. ലോകത്തെ ദിനംപ്രതി നയിക്കുന്ന അവിടുത്തെ പരിപാലനയിലും, അവിടുത്തെ നീതിയിലും, തലമുറകളായി തന്റെ വിശുദ്ധരിൽ അവിടുന്നു പ്രവർത്തിച്ച മഹനീയകൃത്യങ്ങളിലും അവിടുത്തെ ദർശിക്കുവാൻ സാധിക്കും. ദൈവത്തിന്റെ അളവറ്റ ശക്തിയെക്കുറിച്ചും ഹൃദയത്തിന്റെ ഗോപ്യമായ വിചാരങ്ങളെപോലും കാണാൻ കഴിയുന്ന അവിടുത്തെ മയക്കമില്ലാത്ത കണ്ണുകളെക്കുറിച്ചും പര്യാലോചിക്കുമ്പോൾ അഗമ്യമായ ഭയത്താൽ നാം നിറയും. അവിടുത്തെക്കുറിച്ചു നാം വിസ്മയിക്കുകയും അവിടുത്തെ ആരാധിക്കുകയും ചെയ്യും. അവിടുത്തെ ദൃഷ്ടിയിൽനിന്നു രക്ഷപ്പെടുവാൻ ഒന്നിനും കഴിയുകയില്ല. അവിടുന്ന് മഴത്തുള്ളികളെയും മണൽത്തരികളെയും ആകാശത്തിലെ നക്ഷത്രങ്ങളെയും എണ്ണി തിട്ടപ്പെടുത്തിയിരിക്കുന്നു എന്നു വിചാരിക്കുമ്പോഴേ, അവിടുത്തെ പ്രതാപത്തെയും ജ്ഞാനത്തെയുംകുറിച്ച് നാം അത്ഭുതപ്പെട്ടുപോകുന്നു. അവിടുത്തെ അവാച്യവും അവർണ്ണനീയവുമായ ജ്ഞാനത്തെയും മാനവകുലത്തോടുള്ള സ്നേഹത്തെയും

www.malankaralibrary.com

മനുഷ്യന്റെ അസംഖ്യമായ പാപങ്ങൾക്കു മുമ്പിൽ അവിടുത്തെ അളവറ്റ സഹിഷ്ണുതയെയുംകുറിച്ച് ചിന്തിക്കുമ്പോൾ നാം അവിടുത്തെ മഹത്ത്വപ്പെടുത്തും. നാം നന്മയായി യാതൊന്നും ചെയ്തിട്ടില്ലെങ്കിലും ദൈവമായ അവിടുന്ന്, നമ്മെ വ്യാമോഹത്തിൽ നിന്നും രക്ഷിക്കുവാൻവേണ്ടി, മനുഷ്യനായിത്തീരുവാൻ തക്കവിധം അവിടുത്തെ പ്രേരിപ്പിച്ച, നമ്മുടെ നേർക്കുള്ള അവിടുത്തെ മഹത്തായ സ്നേഹം നാം പരിഗണിക്കുമ്പോൾ അവിടുത്തെ ആഗ്രഹിക്കുവാൻ നാം പ്രചോദിതരായിത്തീരും. അവിടുന്നുതന്നെ നമ്മുടെ പ്രതി യോഗിയായ പിശാചിനെ പരാജയപ്പെടുത്തുകയും നാം ഇച്ഛിക്കു ന്നെങ്കിൽ, അവിടുത്തെ പക്കലേക്കു തിരിയുന്നെങ്കിൽ മാത്രം, അവിടുന്നു നമുക്കു നിത്യജീവൻ നല്കുകയും ചെയ്യും. ഇവയെ ക്കുറിച്ചു നാം പര്യാലോചിക്കുമ്പോൾ നാം അവിടുത്തെ വണങ്ങും. ഇപ്രകാരം ദൈവത്തെ കാണാനും മനസ്സിലാക്കാനും പല മാർഗ്ഗ ങ്ങളുണ്ട്. നമ്മുടെ പ്രയത്നത്തിന്റെയും ശുദ്ധീകരണത്തിന്റെയും തോതനുസരിച്ചായിരിക്കും ഇവ നമ്മിൽ വർദ്ധിച്ചുവരുന്നത്.

അപ്പോൾ ജർമ്മനോസ് ചോദിച്ചു: ‘നമ്മുടെ ഇഷ്ടത്തിനു വിപരീത മായി പല ഭാവനകളും, ദുശ്ചിന്തകളും നമ്മെ അലട്ടുകയും നമ്മുടെ ശ്രദ്ധ അപഹരിക്കാൻവേണ്ടി കപടപ്രയോഗത്താൽ അവ നമ്മിലേക്കു കടന്നുവരികയും ചെയ്യുന്നതിനാൽ ഇതു സാദ്ധ്യമാകുന്നതെങ്ങനെ?’ ഇപ്രകാരം ഉള്ളിലേക്കു കടക്കുന്നതിൽനിന്നും അവയെ തടയാൻ നമുക്കു സാധിക്കുന്നില്ലെന്നു മാത്രമല്ല, അവയെ തിരിച്ചറിയുകപോലും ചെയ്യുക നമുക്ക് വളരെ പ്രയാസമേറിയ കാര്യമാണ്. അതിനാൽ അവയിൽനിന്നും പൂർണ്ണമോചനം പ്രാപിക്കാനും അവയാൽ അലട്ടപ്പെടാതിരിക്കാനും മനസ്സിനു സാധിക്കുമോ?

അബ്ബാ മോസസ് മറുപടി പറഞ്ഞു: ‘ഈവക ചിന്തകളാൽ അലട്ട പ്പെടാതിരിക്കുക മനസ്സിനെ സംബന്ധിച്ച് അസാദ്ധ്യമായ കാര്യമാണ്. എന്നാൽ അവയെ സ്വീകരിക്കുകയോ നിഷ്ക്കാസനം ചെയ്യുകയോ ചെയ്യുന്നത് നമ്മുടെ പ്രയത്നത്തെ ആശ്രയിച്ചിരിക്കും’. അവയുടെ വരവ് അനിയന്ത്രിതമാണെങ്കിലും അവയെ പുറത്താക്കാൻ നമുക്കു കഴിയും. നമ്മുടെ മനസ്സിനെ നവീകരിക്കാനുള്ള കഴിവ്, നമ്മുടെ തിരഞ്ഞെടുപ്പിനെയും പ്രയത്നത്തെയും ആശ്രയിച്ചിരിക്കും. വിവേക പൂർവ്വം ദൈവീകനിയമങ്ങളെക്കുറിച്ചുള്ള ധ്യാനം തുടരുകയും

www.malankaralibrary.com

സങ്കീർത്തനങ്ങളും സ്തോത്രഗാനങ്ങളും ആലപിക്കുകയും ഉപവാസത്തിലും ജാഗരണത്തിലും വ്യാപൃതരാവുകയും വരാൻപോകുന്ന കാര്യങ്ങളെക്കുറിച്ച് അതായത് സ്വർഗ്ഗരാജ്യത്തെക്കുറിച്ചും ഗേഹന്നായിലെ അഗ്നിയെക്കുറിച്ചും ദൈവത്തിന്റെ സകല പ്രവൃത്തികളെക്കുറിച്ചും നാം ധ്യാനിക്കുകയും ചെയ്യുമ്പോൾ ദുശ്ചിന്തകൾക്ക് നമ്മിൽ സ്ഥാനമില്ലാതാവുന്നു. എന്നാൽ ലൗകികവും ജഡികവുമായ കാര്യങ്ങൾക്കായും നിരർത്ഥകവും വ്യർത്ഥവുമായ സംഭാഷണങ്ങൾക്കായും നാം സമയം ചിലവഴിച്ചാൽ ദുഷിച്ച ചിന്തകൾ നമ്മിൽ പെരുകി വരികയായിരിക്കും ചെയ്യുക. വെള്ളംകൊണ്ടു പ്രവർത്തിക്കുന്ന ഒരു മില്ലിന്റെ കറക്കം നിയന്ത്രിക്കാൻ മില്ലുടമയ്ക്ക് കഴിയില്ല; എന്നാൽ തന്റെ മില്ലിൽ ഗോതമ്പോ പയറുവർഗ്ഗമോ എന്താണു പൊടിക്കേണ്ടതെന്നു തീരുമാനിക്കാൻ അയാൾക്ക് അവകാശമുണ്ട്. ഇതേപോലെതന്നെ സദാ ചഞ്ചലമായ മനസ്സിൽനിന്നു ചിന്തകളെ ഒഴിവാക്കാൻ നമുക്ക് കഴിയില്ല; എന്നാൽ ലൗകികകാര്യങ്ങളെക്കുറിച്ചാണോ ആത്മീയവിഷയങ്ങളെക്കുറിച്ചാണോ ചിന്തിക്കേണ്ടതെന്നു തീരുമാനിക്കാനുള്ള അവകാശം നമുക്കുതന്നെയാണ്.'

അദ്ദേഹത്തിന്റെ വാക്കുകൾ ഞങ്ങളെ അത്ഭുതപ്പെടുത്തിയെന്നും കൂടുതൽ കേൾക്കാൻ ഞങ്ങൾക്ക് താല്പര്യമുണ്ടെന്നും മനസ്സിലാക്കിയ ആ ശ്രേഷ്ഠൻ കുറച്ചുസമയം നിശ്ശബ്ദനായിരുന്ന ശേഷം, ഇങ്ങനെ പറഞ്ഞു: 'കേൾക്കാനുള്ള നിങ്ങളുടെ ആകാംക്ഷയാണ് എന്നെ സുദീർഘമായി സംസാരിപ്പിക്കാൻ പ്രേരിപ്പിച്ചത്; വീണ്ടും കൂടുതൽ കേൾക്കാൻ നിങ്ങൾക്ക് ആകാംക്ഷയുണ്ടുതാനും. ഇതിൽനിന്നും എനിക്കു മനസ്സിലാവുന്നത് ജീവിതത്തിൽ പൂർണ്ണത നേടുന്നതിനെക്കുറിച്ച് നിങ്ങൾ അതീവ തല്പരരാണെന്നാണ്. അതിനാൽ ഞാൻ നിങ്ങളോട് വിവേചനബുദ്ധി എന്ന മഹത്തായ സദ്ഗുണത്തെക്കുറിച്ച് പറയാം. മറ്റ് സദ്ഗുണങ്ങളുടെയിടയിലെ അഭയസ്ഥാനമോ രാജ്ഞിയോ ആണ് വിവേചനബുദ്ധി; അതിന്റെ മേന്മയെക്കുറിച്ചും മഹത്ത്വത്തെക്കുറിച്ചും എന്റെ വാക്കുകളിൽ മാത്രമല്ല, പരിശുദ്ധപിതാക്കന്മാരുടെ വിശിഷ്ടമായ ഉപദേശങ്ങളിൽകൂടിയും ഞാൻ നിങ്ങൾക്കു പറഞ്ഞുതരാം; എന്തെന്നാൽ ശ്രോതാക്കളുടെ സ്വഭാവവിശേഷവും താല്പര്യവുമനുസരിച്ച് ദൈവം ഗുരുക്കന്മാരെ കൃപയാൽ നിറയ്ക്കുന്നു.

www.malankaralibrary.com

'വിവേചനബുദ്ധി എന്നത് ഒട്ടും നിസ്സാരമല്ല; പരിശുദ്ധാത്മാവിന്റെ പ്രധാന ദാനങ്ങളിലൊന്നാണത്. ഇതേക്കുറിച്ച് അപ്പോസ്തോലൻ ഇങ്ങനെയാണ് പറയുന്നത്: ''ഒരാൾക്ക് ജ്ഞാനത്തിന്റെ വരം കിട്ടിയെന്നുവരാം; മറ്റൊരാൾക്ക് പരിശുദ്ധാത്മാവിൽനിന്നു കിട്ടുന്നത് ആത്മീയജ്ഞാനത്തിന്റെ വരമാകാം; അതേ പരിശുദ്ധാത്മാവിൽ നിന്നും മൂന്നാമതൊരുവനു ലഭിക്കുന്നത് വിശ്വാസമെന്ന അനുഗ്രഹ മായിരിക്കാം; മറ്റൊരാൾക്കാകട്ടെ രോഗശാന്തിയുടെ വരമായേക്കാം... ഇനിയുമൊരുവന് ആത്മാക്കളെ വിവേചിച്ചറിയാനുള്ള വരവും' (1 കൊരി 12:8–10). തന്റെ ആത്മീയവരങ്ങളുടെ പട്ടിക പൂർത്തിയാ ക്കിയശേഷം അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർത്തു: 'ഇതെല്ലാം ഒരേ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്' (1 കൊരി 12:11). അതിനാൽ വിവേചനബുദ്ധിയുടെ വരം ഭൗതികമോ അപ്രസക്തമോ അല്ലെന്ന് നിങ്ങൾക്കു മനസ്സിലാക്കാം. ദൈവകൃപയുടെ ഏറ്റവും മഹത്തായ ദാനമാണത്. ഒരു സന്ന്യാസി തന്റെ സർവ്വശക്തിയും ഉപയോഗിച്ച് ശുഷ്കാന്തിയോടെ അന്വേഷിക്കേണ്ട ദാനമാണിത്. തന്റെ ഉള്ളി ലേക്കു കടന്നുവരുന്ന ആത്മാക്കളെ വിവേചിച്ചറിയാനും അവയെ സൂക്ഷ്മനിരീക്ഷണം ചെയ്യാനുമുള്ള കഴിവ് അയാൾ ആർജ്ജിക്കണം. അല്ലെങ്കിൽ അധാർമ്മികതയുടെ ഏറ്റവും മാലിന്യം നിറഞ്ഞ കുഴിയി ലേക്കു വീണ് അന്ധകാരത്തിൽ ചുറ്റിത്തിരിയുക മാത്രമല്ല, തന്റെ പാത മൃദുലവും നിരപ്പുള്ളതുമായിരിക്കുമ്പോൾപോലും അയാൾക്ക് കാലിടറിയെന്നും വരാം.

എന്റെ ചെറുപ്പകാലത്ത് ഞാൻ തെബെയ്ഡിലായിരുന്നപ്പോൾ അനുഗൃഹീതനായ ആന്റണി അവിടെയുണ്ടായിരുന്നു. അദ്ദേഹത്തെ കാണുന്നതിനും, പൂർണ്ണത നേടുന്നതിനെക്കുറിച്ച് സംശയങ്ങൾ ചോദി ക്കുന്നതിനുമായി ചില ശ്രേഷ്ഠന്മാർ അവിടെയെത്തി എന്നു ഞാൻ ഓർമ്മിക്കുന്നു. അവർ അദ്ദേഹത്തോട് ചോദിച്ചു: 'സദ്ഗുണങ്ങളിൽ ഏറ്റവും മഹത്ത്വമുള്ളതേതാണ്? അതുകൊണ്ട് ഞങ്ങൾ ഉദ്ദേശി ക്കുന്നത് പിശാചിന്റെ വഞ്ചനയിൽനിന്നും കെണിയിൽനിന്നും ഒരു സന്ന്യാസിയെ സംരക്ഷിക്കുന്ന സദ്ഗുണമേതാണ്?' എന്നാണ്. ഓരോ ആളും അവനവന്റെ ഗ്രഹണശക്തിയ്ക്കനുസരിച്ച് മറുപടി പറഞ്ഞു. ചിലർ പറഞ്ഞത്, ഉപവാസവും ജാഗരണവുമാണ് ഒരുവനെ എളുപ്പം ദൈവത്തോടടുപ്പിക്കുന്നതെന്നാണ്. എന്തെന്നാൽ അത്

www.malankaralibrary.com

അയാളുടെ മനസ്സിനെ നേർമ്മയുള്ളതാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നു. മറ്റുചിലർ പറഞ്ഞത്, ഭൗതികജീവിതത്തിന്റെ സങ്കീർണ്ണ മായ തന്തുക്കളിൽനിന്നും മനസ്സിനെ മോചിപ്പിക്കാൻ ഒരുവനെ കൂടുതൽ സഹായിക്കുന്നത്, സ്വമേധയാ സ്വീകരിക്കുന്ന ദാരിദ്ര്യവും വ്യക്തിപരമായ സ്വത്തുക്കളിൽനിന്നുള്ള വിരക്തിയുമാണ് എന്നാണ്. മറ്റു ചിലരാകട്ടെ സഹാനുഭൂതിയാണ് ഏറ്റവും പ്രധാനപ്പെട്ടതെന്നു വാദിച്ചു. അവർ സുവിശേഷത്തിലെ ഈ തിരുവചനങ്ങൾ ഉദ്ധരി ക്കുകയും ചെയ്തു. 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. എന്തെന്നാൽ എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു' (മത്താ 25:34-36). രാത്രിയുടെ നല്ലൊരു പങ്കു സമയം ഈ ചർച്ചയിലാണ് ചെലവഴിക്കപ്പെട്ടത്; ദൈവത്തോട് ഒരുവനെ ഏറ്റവും വേഗത്തിൽ അടുപ്പിക്കുന്ന സദ്ഗുണം ഏതാണെ ന്നതിനെക്കുറിച്ച് അവർ ഓരോരുത്തരും സ്വന്തം അഭിപ്രായം പറഞ്ഞു കൊണ്ടിരുന്നു.

ഏറ്റവുമൊടുവിൽ അനുഗൃഹീതനായ ആന്റണി ഇങ്ങനെ പറഞ്ഞു: 'ദൈവത്തെ അന്വേഷിക്കുകയും ദൈവസാമീപ്യം ആഗ്ര ഹിക്കുകയും ചെയ്യുന്ന ഒരുവന് നിങ്ങൾ പറഞ്ഞ സദ്ഗുണങ്ങളെല്ലാം ആവശ്യമുള്ളവയും പ്രയോജനകരവുമാണ്. എന്നാൽ ഒന്നാംസ്ഥാനം ഇവയ്ക്കൊന്നുമല്ല; എന്തെന്നാൽ, ഉപവാസവും ജാഗരണവും ഉപ ജീവനത്തിനുള്ള വകപോലും ആവശ്യത്തിനില്ലാത്തത്ര ദാരിദ്ര്യവും മരുഭൂമിയിലെ ഏകാന്തവാസവും സഹാനുഭൂതിയും യാതൊന്നും തങ്ങൾക്ക് ഇനിയും ദാനം ചെയ്യാനില്ലാത്തവിധത്തിലുള്ള ദാനം ചെയ്യലുമൊക്കെ പരിശീലിക്കുന്നവരാണ് മിക്കവരും. എങ്കിലും പല പ്പോഴും സുകൃതപാതയിൽനിന്ന് ദയനീയമാംവിധം വ്യതിചലിച്ച് അവർ തിന്മയിൽ വീണുപോകാറുണ്ട്.'

'അപ്പോൾ ശരിയായ പാതയിൽനിന്നു അവരെ വ്യതിചലിപ്പിക്കുന്ന തെന്താണ്?' എന്റെ അഭിപ്രായത്തിൽ വിവേചനത്തിന്റെ കൃപ അവർ സ്വായത്തമാക്കിയിട്ടില്ല എന്നതാണ് അതിന്റെ കാരണം; ഈ സുകൃതമാണ് ഒരു മനുഷ്യനെ രാജകീയപാതയിലൂടെ നടക്കേണ്ട തെങ്ങനെയെന്നു പഠിപ്പിക്കുന്നത്. അനിയന്ത്രിതമായ പെരുമാറ്റത്തി ലൂടെ വലതുവശത്തേക്കോ, ശ്രദ്ധയില്ലായ്മയും അലസതയുംമൂലം

www.malankaralibrary.com

ഇടതുവശത്തേക്കോ അവൻ വ്യതിചലിക്കുന്നില്ല. വിവേചനം ആത്മാവിന്റെ കണ്ണും വിളക്കുമാണ്. അതേക്കുറിച്ച് സുവിശേഷത്തിൽ ഇങ്ങനെ പറയുന്നു: 'ശരീരത്തിന്റെ വിളക്ക് കണ്ണാണ്; നിങ്ങളുടെ കണ്ണ് ശുദ്ധമാണെങ്കിൽ ശരീരം മുഴുവനും പ്രകാശപൂരിതമായിരിക്കും. എന്നാൽ നിങ്ങളുടെ കണ്ണ് ദുഷിച്ചതാണെങ്കിൽ ശരീരം മുഴുവനും ഇരുളിലാഴ്ന്നുപോകും' (മത്താ 6:22,23). ഇതിൽനിന്നു നാം മനസ്സിലാക്കേണ്ടത്, ഒരാളുടെ വിവേചനബുദ്ധി അയാളുടെ ചിന്തകളെയും പ്രവൃത്തികളെയും പരിശോധിക്കുകയും നിന്ദ്യമായതും ദൈവത്തിനു പ്രീതികരമല്ലാത്തതായതുമെല്ലാം തട്ടിമാറ്റി അയാളെ മിഥ്യാബോധങ്ങളിൽനിന്നു മോചിപ്പിക്കുകയും ചെയ്യുന്നുവെന്നാണ്.

വിശുദ്ധഗ്രന്ഥത്തിൽ ഇതേക്കുറിച്ച് എന്താണു പറഞ്ഞിട്ടുള്ളതെന്നു നമുക്കു നോക്കാം: ഇസ്രയേലിന്റെ ആദ്യ രാജപദവി കിട്ടേണ്ടിയിരുന്ന ശൗലിനു വിവേചനത്തിന്റെ കാഴ്ചശക്തിയുണ്ടായിരുന്നില്ല; അതിനാൽ അയാളുടെ മനസ്സിൽ ഇരുട്ടു നിറഞ്ഞിരുന്നു. തന്മൂലം, ബലി നല്കുന്നതിനെക്കാൾ ദൈവത്തിനു ഹിതകരമായത് ശമുവേലിന്റെ കല്പന അനുസരിക്കുന്നതാണെന്നു മനസ്സിലാക്കാൻ അയാൾക്കു സാധിച്ചില്ല. ദൈവത്തെ സേവിക്കാൻവേണ്ടി എന്ന ധാരണയോടെ അവൻ ചെയ്തവയെല്ലാം ദൈവത്തെ പ്രകോപിപ്പിക്കുകയാണ് ചെയ്തത്. അങ്ങനെ അയാൾക്ക് സ്ഥാനഭ്രംശം സംഭവിച്ചു. വിവേചനശക്തിയുടെ പ്രകാശം കിട്ടിയിരുന്നെങ്കിൽ ഇങ്ങനെയൊന്നും സംഭവിക്കുകയില്ലായിരുന്നു (1 ശമു 13:8,9).

ഈ സദ്ഗുണത്തെ 'സൂര്യൻ' എന്നാണ് അപ്പോസ്തലൻ വിശേഷിപ്പിക്കുന്നതെന്ന് അദ്ദേഹത്തിന്റെ വാക്കുകളിൽനിന്നു വ്യക്തമാണ്. 'നിങ്ങളുടെ കോപം സൂര്യൻ അസ്തമിക്കുന്നതുവരെ നീണ്ടുപോകാതിരിക്കട്ടെ' (എഫേ 4:26). നമ്മുടെ ജീവിതത്തിന്റെ 'വഴികാട്ടിയെന്നും' ഇതു വിളിക്കപ്പെടുന്നു. 'വഴികാട്ടിയില്ലാത്തവർ ഇലകളെപ്പോലെ കൊഴിഞ്ഞുവീഴുന്നു' (സുഭാ 11:14) എന്ന് എഴുതപ്പെട്ടിരിക്കുന്നു. വിശുദ്ധഗ്രന്ഥത്തിൽ 'വിവേകം' എന്നും ഇതിനെക്കുറിച്ച് പറയുന്നു; ഈ വിവേകമില്ലാതെ നാം ഒന്നും ചെയ്യരുത്, 'മനുഷ്യരുടെ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന (സങ്കീ 104:15) ആത്മീയ വീഞ്ഞു ഇതില്ലാതെ പാനംചെയ്യാൻ പോലും പാടില്ലെന്നാണ് തിരുവചനം. എന്തെന്നാൽ, 'വിവേകപൂർവ്വം പാനം ചെയ്യുക' (സുഭാ 31:3) എന്നും 'വിവേകപൂർവ്വം

www.malankaralibrary.com

കാര്യങ്ങൾ ചെയ്യാത്ത ഒരാൾ ചുറ്റുമതിലില്ലാത്തതും നശിപ്പിക്കപ്പെട്ടതുമായ ഒരു നഗരംപോലെയാണ്' (സുഭാ 25:28) എന്നും കാണാം. ജ്ഞാനം, മനസ്സിലാക്കൽ, ധാരണ എന്നിവയുടെ സമഞ്ജസരൂപമാണ് വിവേചനാശക്തി. ഇവയില്ലാതെ നമ്മുടെ ആന്തരികമന്ദിരം പടുത്തുയർത്താനാവില്ല, ആത്മീയസമ്പത്തു നേടാനുമാവില്ല. എന്തെന്നാൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. 'ജ്ഞാനത്താൽ ഒരു വീട് പണികഴിപ്പിക്കപ്പെടുകയും മനസ്സിലാക്കലിലൂടെ അതു സുസ്ഥിരമാവുകയും ശരിയായ ധാരണയിലൂടെ അതിൽ സമ്പത്തു കുമിഞ്ഞുകൂടുകയും ചെയ്യുന്നു (സുഭാ 24:3,4). വിവേചനത്തെക്കുറിച്ച് നന്മയെയും തിന്മയെയും തമ്മിൽ തിരിച്ചറിയാനുള്ള പരിശീലനം നേടിയ ഇന്ദ്രിയങ്ങളുള്ളവർക്ക് അനുയോജ്യമായ 'കട്ടിയുള്ള ഭക്ഷണം' എന്നും പറയുന്നുണ്ട് (എബ്രാ 5:14). ഇതിൽനിന്നെല്ലാം നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് 'വിവേചനമെന്ന വരമില്ലെങ്കിൽ മറ്റൊരു സദ്ഗുണവും സ്ഥായിയല്ലെന്നും എല്ലാ സദ്ഗുണങ്ങളുടെയും മാതാവും രക്ഷിതാവും വിവേചനമാണെന്നും തന്നെയാണ്.'

ഇതാണ് ആന്റണിയുടെ പ്രസ്താവന; മറ്റ് പിതാക്കന്മാർ ഇത് അംഗീകരിക്കുകയും ചെയ്യുന്നു. ഈ കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന പലരുടെയും ഉദാഹരണങ്ങളിലൂടെ വിശുദ്ധനായ ആന്റണി, തന്റെ പ്രസ്താവനയുടെ സത്യാവസ്ഥ തെളിയിക്കുന്നുമുണ്ട്. അതിനാൽ ഏതാനും ദിവസങ്ങൾക്കു മുമ്പ് അബ്ബാ ഹിരണിന് സംഭവിച്ച ദുരന്തം നാം ഓർക്കേണ്ടിയിരിക്കുന്നു. നാം കണ്ടതുപോലെ, സന്ന്യാസത്തിന്റെ ഉയരങ്ങളിൽനിന്നും മരണത്തിന്റെ പടുകുഴിയിലേക്കാണ് പിശാചിന്റെ വഞ്ചന മൂലം അദ്ദേഹം നിപതിച്ചത്. അതികഠിനമായ ആത്മനിയന്ത്രണവും കർക്കശമായ വ്രതചര്യയും പാലിച്ച്, മറ്റേതൊരു സന്ന്യാസി ജീവിച്ചിരുന്നതിലുമധികം വിജനമായ മരുഭൂമിപ്രദേശങ്ങളിൽ ഏതാണ്ട് അമ്പതു വർഷക്കാലം ഏകാന്തജീവിതം നയിച്ച വ്യക്തിയാണ് അദ്ദേഹമെന്ന് നമുക്കറിയാം. അത്രമേൽ കഠിനമായ ഏകാന്തവാസത്തിനുശേഷവും അബ്ബാ ഹിരൺ പിശാചിന്റെ വഞ്ചനയ്ക്കിരയായി അപകടപ്പെട്ടതുമൂലം മറ്റ് പിതാക്കന്മാരും സഹോദരന്മാരും അതീവ ദുഃഖിതരായി. എന്നാൽ വിവേചനബുദ്ധിയാകുന്ന ആയുധമണിഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തിന് ഇങ്ങനെ സംഭവിക്കുകയില്ലായിരുന്നുവെന്ന് നമുക്കറിയാം; തന്റെ തീരുമാനത്തെക്കാൾ പ്രാധാന്യം

www.malankaralibrary.com

നല്കേണ്ടത് തന്റെ പിതാക്കന്മാരുടെയും സഹോദരന്മാരുടെയും ഉപദേശത്തിനാണെന്ന സത്യം അദ്ദേഹം മനസ്സിലാക്കേണ്ടതായിരുന്നു. തന്റെ സ്വന്തം യുക്തിയ്ക്കനുസൃതമായാണ് അദ്ദേഹം ഉപവസിക്കുകയും ഏകാന്തസ്ഥലത്ത് വാസമുറപ്പിക്കുകയും ചെയ്തത്. അതിന്റെ ഫലമായി പിതാക്കന്മാരെയും സഹോദരന്മാരെയും കണ്ടുമുട്ടേണ്ടിവരികയും അവരോടൊപ്പം പച്ചക്കറികളോ മേശയിൽ വിളമ്പപ്പെടുന്ന മറ്റെന്തെങ്കിലുമോ ഭക്ഷിക്കാൻ താൻ നിർബന്ധിതനായേക്കുമെന്നും വിചാരിച്ച് അദ്ദേഹം വി. പെസഹായ്ക്കുപോലും പള്ളിയിൽ വന്നിരുന്നില്ല. തന്റെ ലക്ഷ്യത്തിൽനിന്നും താൻ വ്യതിചലിച്ചാലോ എന്നു ഭയന്നാണ് അദ്ദേഹം ഇങ്ങനെ ചെയ്തിരുന്നത്.

അദ്ദേഹം സ്വഹിതത്താൽ ഏറെക്കാലമായി വഞ്ചിതനായി ഈ പാതയിലൂടെ വഴിതെറ്റി സഞ്ചരിക്കുകയായിരുന്നു. 'പിശാചിന്റെ സന്ദേശവാഹകൻ തന്നെ സന്ദർശിച്ചപ്പോൾ മാലാഖയാണെന്നു തെറ്റിദ്ധരിച്ച് അബ്ബാ ഹിരൺ അവനെ വണങ്ങി. കഠിനമായ വ്രതചര്യയും മഹത്തായ സുകൃതവും നിമിത്തം യാതൊരുവിധമായ അപകടങ്ങൾക്കും അദ്ദേഹത്തെ ബാധിക്കാനാവില്ലെന്നും ഇതു പരീക്ഷിച്ചറിയാൻവേണ്ടി ഏകദേശം അർദ്ധരാത്രിയിൽ ആഴമേറിയ ഒരു കിണറ്റിലേക്കു ചാടാൻ പിശാചിന്റെ ദൂതൻ അബ്ബായോട് ആജ്ഞാപിച്ചു. അദ്ദേഹത്തിന്റെ അന്ധകാരനിബിഡമായ മനസ്സിന് ആരാണ് തന്നോട് ഇപ്രകാരം നിർദ്ദേശിക്കുന്നതെന്നു തിരിച്ചറിയാൻ സാധിച്ചില്ല. അതിനാൽ അദ്ദേഹം രാത്രിയിൽ ഒരു കിണറ്റിലേക്ക് എടുത്തുചാടി. അല്പം കഴിഞ്ഞ് എന്താണ് സംഭവിച്ചതെന്ന് മനസ്സിലാക്കിയ സഹോദരന്മാർ അർദ്ധപ്രാണനായി കിടക്കുന്ന അദ്ദേഹത്തെ ആ കിണറ്റിൽനിന്നും വലിച്ചുകയറ്റി. എന്നാൽ രണ്ടു ദിവസവും കൂടിയെ അദ്ദേഹം ജീവിച്ചിരുന്നുള്ളൂ. തന്റെ സഹോദരന്മാരെയും പഫ്ന്തഷ്യസ് എന്ന പുരോഹിതനെയും അതീവ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് മൂന്നാം ദിവസം അദ്ദേഹം മരണമടഞ്ഞു. അദ്ദേഹത്തിന്റെ എണ്ണമറ്റ അദ്ധ്വാനങ്ങളെയും ദീർഘകാലം മരുഭൂമിയിൽ സ്ഥിരതയോടെ നിലനിന്നതിനെയും കണക്കിലെടുത്ത് അവർ അദ്ദേഹത്തിന്റെ പേര് മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ ഉൾപ്പെടുത്തി. അങ്ങനെ സ്വയം ജീവനൊടുക്കുന്നവരുടെ പട്ടികയിൽ അദ്ദേഹം ഉൾപ്പെടാതിരിക്കാനാണിത്.

www.malankaralibrary.com

ഒരിക്കൽ, വിശുദ്ധ ആന്റണി ജീവിച്ചിരുന്ന തെബായ്ദു മരുഭൂമിക്കപ്പുറം ജീവിച്ചിരുന്ന ആ രണ്ടു സഹോദരന്മാരെക്കുറിച്ച് ഞാൻ എന്തു പറയാനാണ്? ഒരു ചിന്തയാൽ പ്രേരിതരായി കർക്കശമായ ജീവിതചര്യയോടുള്ള താല്പര്യത്താൽ മരുഭൂമിയുടെ ഉൾപ്രദേശങ്ങളിലേക്ക് പോകാൻ അവർ തീരുമാനിച്ചു. ഈ ചിന്തയുടെ യഥാർത്ഥ സ്വഭാവം വിവേചിക്കുവാൻ അവർക്കു സാധിച്ചില്ല. മനുഷ്യരാരെങ്കിലും നല്കുന്ന ഭക്ഷണം തങ്ങൾ സ്വീകരിക്കുകയില്ലെന്നും അത്ഭുതപ്രവൃത്തിയിലൂടെ ദൈവമെത്തിച്ചുകൊടുക്കുന്നത് മാത്രമേ തങ്ങൾക്കാവശ്യമുള്ളൂ എന്നും അവർ തീരുമാനിച്ചു. അങ്ങനെ മരുഭൂമിയുടെ വിദൂരതകളിൽ വിശപ്പുമൂലം അങ്ങേയറ്റം ക്ഷീണിച്ച് അവർ അലഞ്ഞുനടന്നു. പൊതുവേ മറ്റ് അപരിഷ്കൃത സമൂഹങ്ങളെക്കാൾ കൂടുതൽ അക്രമാസക്തരും അസഹിഷ്ണുക്കളുമായ മാസിക്കെസ് എന്ന ആദിവാസിവിഭാഗം യാദൃശ്ചയാ ഇവരെ കാണാനിടയായി. സാധാരണയായി ആക്രമണത്തിനൊരുങ്ങുന്ന മാസിക്കെസുകൾ ഇവരോട് ദയ തോന്നിയിട്ടാവാം ഇവർക്ക് ഭക്ഷണം എത്തിച്ചുകൊടുത്തു. സന്തോഷത്തോടെയും കൃതജ്ഞതയോടെയും അവരിലൊരാൾ അത് സ്വീകരിച്ചു. കാരണം തന്റെ വിവേചനാശക്തി അയാൾക്കു തിരിച്ചുകിട്ടി. അസഹിഷ്ണുക്കളും അക്രമാസക്തരുമായ ആ മനുഷ്യർ സാധാരണയായി രക്തച്ചൊരിച്ചിലിൽ ആഹ്ലാദിക്കുന്നവരാണ്. എന്നാൽ ദൈവം അവരെ പ്രചോദിപ്പിച്ചില്ലായിരുന്നെങ്കിൽ തങ്ങളുടെ അവശതയിൽ അവർക്ക് തങ്ങളോട് അലിവു തോന്നുകയില്ലായിരുന്നു എന്ന വസ്തുത അയാൾ തിരിച്ചറിഞ്ഞു. എന്നാൽ മറ്റേ ആളാകട്ടെ, മനുഷ്യർ നല്കുന്ന ഭൂമിയിലെ അപ്പം സ്വീകരിക്കുകയില്ലെന്ന തന്റെ വിവേകശൂന്യമായ നിലപാടിൽ ഉറച്ചുനില്ക്കുകയും അങ്ങനെ പട്ടിണികിടന്നു മരിക്കുകയും ചെയ്തു.

'ഈ രണ്ടു സന്ന്യാസികളും ആദ്യം ആലോചനയില്ലാതെയാണ് ബുദ്ധിപൂർവ്വകമല്ലാത്ത തീരുമാനമെടുത്തത്. എന്നാൽ അവരിലൊരാൾ തന്റെ വിവേചനാശക്തി തിരിച്ചുകിട്ടിയപ്പോൾ തന്റെ സാഹസികമായ തീരുമാനം മാറ്റി. മറ്റേയാളാകട്ടെ, തന്റെ യുക്തിരഹിതവും വിവേകമില്ലാത്തതുമായ മുൻതീരുമാനത്തിലുറച്ചുനിന്ന്, ദൈവം ഒഴിവാക്കാൻ ശ്രമിച്ച മരണത്തെ വിളിച്ചുവരുത്തി.'

മറ്റൊരു സന്ന്യാസിയെക്കുറിച്ച്, ഞാനെന്തു പറയാനാണ്? അദ്ദേഹം ഇപ്പോഴും ജീവിച്ചിരിക്കുന്ന ആളായതിനാൽ പേരു പറയാൻ

www.malankaralibrary.com

ഞാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹവും പിശാചിന്റെ ദൂതനെ മാലാഖയാണെന്നു സങ്കല്പിച്ചു സ്വീകരിക്കുകയും അവനിൽനിന്ന് വെളിപാടുകൾ സ്വീകരിക്കുകയും ചെയ്തിരുന്നു. തന്റെ അറയ്ക്കുള്ളിൽ പിശാചിന്റെ ദൂതൻ ഒരു പ്രകാശനാളംപോലെ പ്രത്യക്ഷപ്പെട്ടിരുന്നത് ഈ സന്ന്യാസിയെ സന്തോഷിപ്പിച്ചിരുന്നു. ഒരിക്കൽ പിശാചിന്റെ ദൂതൻ സന്ന്യാസിയോട് ആവശ്യപ്പെട്ടത് അദ്ദേഹത്തോടൊപ്പം കഴിഞ്ഞിരുന്ന മകനെ ബലി നല്കണമെന്നാണ്. അപ്രകാരം ചെയ്യുന്നപക്ഷം പാത്രിയർക്കീസായ അബ്രാഹത്തിനു ലഭിച്ച ബഹുമതി അദ്ദേഹത്തിനും കിട്ടുമെന്ന് പിശാച് അദ്ദേഹത്തെ ഉപദേശിച്ചു. അങ്ങനെ പിശാച് അദ്ദേഹത്തെ വഴിതെറ്റിച്ച് സ്വപുത്രനെ ബലികഴിക്കാനുള്ള തീരുമാനത്തിൽ കൊണ്ടുചെന്നെത്തിച്ചു. സാധാരണയായി അദ്ദേഹം ചെയ്യാറുണ്ടായിരുന്ന ആചാരാനുഷ്ഠാനങ്ങൾക്കു വിപരീതമായി കത്തിക്കു മൂർച്ചകൂട്ടുന്നതും പുത്രനെ ദഹനബലിയായി അർപ്പിക്കുന്നതിന് അവനെ ബന്ധിക്കാൻവേണ്ടി കയർ ഒരുക്കിവയ്ക്കുന്നതും കണ്ട പുത്രൻ പ്രാണരക്ഷാർത്ഥം അവിടെ നിന്നും ഓടിപ്പോയി.

മെസൊപൊട്ടാമിയൻ സന്ന്യാസിക്കു നേരിടേണ്ടിവന്ന ചതിയെക്കുറിച്ചു വിശദീകരണം നല്കാൻ എനിക്കു വളരെയേറെ സമയം എടുക്കേണ്ടി വരും. ഉഗ്രമായ ആത്മനിയന്ത്രണത്തോടെ ഏറെ വർഷങ്ങൾ ഒരു അറയ്ക്കുള്ളിൽ അടച്ചുപൂട്ടി കഴിഞ്ഞിരുന്ന ആളാണ് ഇദ്ദേഹം. അങ്ങനെ തപശ്ചര്യയിലും സുകൃതത്തിലും ആ പ്രദേശത്തെ സന്ന്യാസിമാരെയെല്ലാം അതിശയിച്ചിരുന്ന ഇദ്ദേഹം പൈശാചിക സ്വപ്നത്താലും വെളിപാടുകളാലും കബളിപ്പിക്കപ്പെടുകയും യഹൂദമതത്തിലേക്കു തിരിച്ചുപോയി പരിച്ഛേദനം സ്വീകരിക്കുകയും ചെയ്തു. അയാളെ വഞ്ചിക്കാൻവേണ്ടി പിശാച് ഇദ്ദേഹത്തിന് സ്വപ്നദർശനത്തിലൂടെ വരാൻപോകുന്ന കാര്യങ്ങൾ കാട്ടിക്കൊടുത്തിരുന്നു. അങ്ങനെ തന്റെ വഞ്ചനയുടെ അവസാനപ്രവൃത്തി സ്വീകരിക്കാൻ ഇദ്ദേഹത്തെ പിശാച് ഒരുക്കുകയായിരുന്നു. ഒരു രാത്രിയിൽ, അപ്പോസ്തോലന്മാരോടും രക്തസാക്ഷികളോടുംമൊപ്പം വിഷണ്ണരും ലജ്ജാഭരിതരുമായ ക്രിസ്ത്യാനികളെ അവൻ ഇദ്ദേഹത്തിനു കാണിച്ചുകൊടുത്തു. അവർ ദുഃഖിതരായും അധൈര്യരായും കാണപ്പെട്ടു. എന്നാൽ മറുവശത്താകട്ടെ, മോശയോടും പ്രവാചകന്മാരോടു

www.malankaralibrary.com

മൊപ്പം യഹൂദർ പ്രകാശത്താൽ വലയം ചെയ്യപ്പെട്ട് സന്തോഷത്തിലും ആഹ്ലാദത്തിലും കഴിയുന്നു. യഹൂദരുടെ ഈ സൗഭാഗ്യത്തിലും സന്തോഷത്തിലും പങ്കുചേരണമെങ്കിൽ പരിച്ഛേദനം സ്വീകരിക്കണ മെന്ന് വഞ്ചകനായ പിശാച് ഇദ്ദേഹത്തോട് നിർദ്ദേശിച്ചു. അദ്ദേഹം വഞ്ചിതനായി പിശാചിന്റെ നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ചു. ഇതിൽനിന്നെല്ലാം വ്യക്തമാകുന്നത് ഈ വ്യക്തികളിലാരുംതന്നെ ദുരിതപൂർണ്ണവും നികൃഷ്ടവുമായ പ്രലോഭനത്തിൽനിന്നു മോചിതരാ വുകയോ വിവേചനം എന്ന ദാനം സ്വീകരിക്കുകയോ ചെയ്തിരുന്നില്ല എന്നാണ്.

ഇതു കേട്ട ജർമനോസ് ഇങ്ങനെ പറഞ്ഞു: 'മേല്പറഞ്ഞ ഉദാഹരണങ്ങളിലൂടെയും വിശുദ്ധപിതാക്കന്മാരുടെ പ്രസ്താവന കളിലൂടെയും അങ്ങ് തെളിയിച്ചത് വിവേചനബുദ്ധിയാണ് എല്ലാ സദ്ഗുണങ്ങളുടെയും മൂലവും ഉറവിടവും കിരീടവും പൊതുപാശവും എന്നാണല്ലോ. എന്നാൽ എങ്ങനെയാണ് വിവേചനബുദ്ധി നേടാൻ കഴിയുന്നതെന്നും ദൈവത്തിൽനിന്നും വരുന്ന യഥാർത്ഥ വിവേചന ത്തെയും പിശാചിൽനിന്നും വരുന്ന തെറ്റായതും കപടവുമായ വിവേചനത്തെയും എങ്ങനെ വേർതിരിച്ചറിയാൻ കഴിയുമെന്നുമാണ് ഞങ്ങൾക്കറിയേണ്ടത്.'

അപ്പോൾ അബ്ബാ മോസസ് ഇങ്ങനെ പറഞ്ഞു: 'നമ്മിൽ യഥാർത്ഥ മായ വിനയമുണ്ടാവുകയും നമ്മുടെ പ്രവൃത്തികൾ മാത്രമല്ല, ചിന്തകൾ പോലും ആത്മീയപിതാക്കൾക്കു മുൻപിൽ തുറന്നുകാട്ടുകയും ചെയ്യു മ്പോഴാണ് യഥാർത്ഥ വിവേചനാശക്തി നമുക്കു ലഭിക്കുന്നത്. നമ്മുടെ സ്വന്തം ചിന്തകളിൽ ഒരിക്കലും ആശ്രയിക്കാതെ, ശ്രേഷ്ഠന്മാരുടെ വാക്കുകളെയും അവര് നന്മയെന്നു വിധിക്കുന്ന കാര്യങ്ങളെയുമാണ് നാം അനുവർത്തിക്കേണ്ടത്. ഇപ്രകാരം ചെയ്യുന്നതുവഴി യഥാർത്ഥ വിവേചനാശക്തി ആർജ്ജിക്കുന്ന സന്ന്യാസി ശരിയായ പാതയിലൂടെ സഞ്ചരിക്കുന്നതിനാൽ യാതൊരു ഉപദ്രവവും ഏല്ക്കുകയില്ലെന്നു മാത്രമല്ല, പിശാചിന്റെ എല്ലാ കെണികളിൽനിന്നും അയാൾ സംരക്ഷി ക്കപ്പെടുകയും ചെയ്യും. ആത്മീയമായ അറിവിലും വിവേചനത്തിലും തന്റെ ജീവിതത്തെ ക്രമീകരിക്കുന്നവൻ പിശാചിന്റെ ചതിപ്രയോഗ ത്താൽ നിലംപതിക്കുക അസാദ്ധ്യമാണ്. വിവേചനാശക്തി എന്ന ദാനം ഒരുവനു ലഭിക്കുന്നതിനു മുമ്പുതന്നെ തന്റെ നീചമായ

www.malankaralibrary.com

ചിന്തകളെ ആത്മീയപിതാവിനു മുമ്പിൽ തുറന്നുവയ്ക്കുമ്പോൾ അവ ദുർബ്ബലങ്ങളാവുകയും അപ്രത്യക്ഷമാവുകയും ചെയ്യും. മാളത്തിലെ ഇരുട്ടിൽനിന്നും വെളിച്ചത്തിലെത്തുന്ന പാമ്പ് എപ്രകാരമാണോ ഓടിയൊളിക്കാൻ ശ്രമിക്കുന്നത്, അതേ രീതിയിലാണ് തുറന്ന മനസ്സോടെ ഒരുവൻ നിഷ്കപടമായ ഏറ്റുപറച്ചിൽ നടത്തുമ്പോൾ അയാളുടെ ഉള്ളിലെ നിന്ദ്യമായ ചിന്തകൾ ഒഴിഞ്ഞുപോകുന്നത്.'

ഈ പുണ്യത്തെക്കുറിച്ച് നിങ്ങൾ കൂടുതൽ സൂക്ഷ്മമായി മനസ്സിലാക്കുന്നതിനുവേണ്ടി ഞാൻ ഒരു ഉദാഹരണം പറയാം. അബ്ബാ, സെറിപ്പിയോൺ ഒരുകാലത്ത് ചെയ്തിരുന്നതിനെക്കുറിച്ചാണ് ഞാൻ നിങ്ങളോടു പറയുവാൻ പോകുന്നത്. പിന്നീട് തന്റെ അടുക്കൽ ആത്മീയസഹായം അഭ്യർത്ഥിച്ചു വരുന്നവരോടെല്ലാം അദ്ദേഹം ഈ സംഭവം പറയാറുണ്ടായിരുന്നു. അദ്ദേഹം ഇപ്രകാരം പറഞ്ഞിരുന്നു: 'ഞാൻ യുവാവായിരുന്നപ്പോൾ എന്റെ ആത്മീയപിതാവിന്റെ കൂടെയാണ് ജീവിച്ചിരുന്നത്. അപ്പോൾ ഭക്ഷണസമയത്തെല്ലാം പിശാചിന്റെ പ്രേരണയാൽ ഭക്ഷണമേശയിൽനിന്നും ഓരോ റസ്ക് മോഷ്ടിക്കുകയും എന്റെ ആത്മീയപിതാവ് അറിയാതെ അത് ഭക്ഷിക്കുകയും ചെയ്തുപോന്നു. അത് എനിക്കൊരു ശീലമായിത്തീർന്നതിനാൽ ഞാൻ അതിന് അടിമപ്പെടുകയും അതിനെ ജയിച്ചടക്കുക എനിക്ക് അസാദ്ധ്യമായിത്തീരുകയും ചെയ്തു. എന്റെ മനഃസാക്ഷി ഇക്കാര്യത്തിൽ എന്നെ കുറ്റപ്പെടുത്തിയിരുന്നെങ്കിലും അതേക്കുറിച്ച് എന്റെ പിതാവിനോടു പറയാൻ ഞാൻ ലജ്ജിച്ചു. എന്നാൽ ദൈവസ്നേഹത്താൽ ഇപ്രകാരം ഒരു സംഭവമുണ്ടായി. കുറെ സഹോദരന്മാർ ഉപദേശം തേടിയും തങ്ങളുടെ ചിന്തകളെക്കുറിച്ചു ചോദിക്കാനുമായി ശ്രേഷ്ഠന്റെ അടുക്കൽ വന്നു. ശ്രേഷ്ഠൻ അവരോടു പറഞ്ഞു: 'ഒരുവൻ തന്റെ പിതാവിൽനിന്നും മറച്ചുവയ്ക്കുന്ന ചിന്തയെക്കാളും അവന് ഉപദ്രവകാരിയും പിശാചിന് സന്തോഷം നല്കുന്നതുമായ മറ്റൊരു കാര്യമില്ല'. ആത്മനിയന്ത്രണത്തെക്കുറിച്ചും അദ്ദേഹം അവരോടു സംസാരിച്ചു. ഇതുകേട്ടപ്പോൾ ഞാൻ എന്നിലേക്കുതന്നെ തിരിഞ്ഞു. ദൈവം എന്റെ കഴിഞ്ഞകാല തെറ്റുകളെല്ലാം ശ്രേഷ്ഠനു വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്നു എന്ന ചിന്തയോടെ ഞാൻ മനം നൊന്തു കരഞ്ഞു. സാധാരണ ഞാൻ ചെയ്യാറുണ്ടായിരുന്നതുപോലെ ഞാൻ മോഷ്ടിച്ചുവച്ചിരുന്ന റസ്ക് എന്റെ പോക്കറ്റിൽനിന്നും എടുത്ത്

www.malankaralibrary.com

വലിച്ചെറിഞ്ഞു. ഞാൻ ചെയ്തുപോയ തെറ്റുകളെല്ലാം എന്നോടു ക്ഷമിക്കണമേ എന്നു യാചിച്ചുകൊണ്ടും എന്റെ സുരക്ഷിതമായ ഭാവിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടും ഞാൻ അദ്ദേഹത്തിന്റെ കാല്ക്കൽ വീണു. അപ്പോൾ ശ്രേഷ്ഠൻ എന്നോടു പറഞ്ഞു: 'എന്റെ കുഞ്ഞേ, ഞാൻ നിശ്ശബ്ദനായിരുന്നെങ്കിലും നിന്റെ ഏറ്റുപറച്ചിൽ നിന്നെ മോചിപ്പിച്ചിരിക്കുന്നു. നീ എന്താണ് ചെയ്തിരുന്നത് എന്ന് ഇത്രയും കാലം എന്നോടു പറയാതിരുന്നതിനാൽ നിന്നെ മുറിവേല്പിച്ചുകൊണ്ടിരുന്ന പിശാചിനെ ഇപ്പോൾ നിന്റെ തുറവിയാൽ നീ വധിച്ചിരിക്കുന്നു. അവനെ ഇത്രയും കാലം എതിർക്കുകയോ ശകാരിക്കുകയോ ചെയ്യാതിരുന്നാൽ ഈ നിമിഷം വരെ അവൻ നിന്നെ കീഴ്പ്പെടുത്തി വച്ചിരിക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ മുതൽ അവൻ നിന്നിൽ സ്ഥലം കണ്ടെത്തുകയില്ല, എന്തെന്നാൽ, നിന്റെ ഹൃദയത്തിൽനിന്നും അവനെ പുറത്തേക്കു കൊണ്ടുവന്നിരിക്കുന്നു'. ശ്രേഷ്ഠൻ പറഞ്ഞുതീരും മുമ്പേ, പൈശാചിക ശക്തി എന്റെ നെഞ്ചിൽനിന്നും ഒരു പ്രകാശനാളംപോലെ പുറത്തേക്കു വരുന്നതു കണ്ടു. അത് മുറിയിൽ മുഴുവനും ദുർഗന്ധം വമിപ്പിച്ചു. ഗന്ധകം കത്തിക്കുമ്പോഴുണ്ടാകുന്ന ദുർഗന്ധം പോലെയായിരുന്നു അത്. അപ്പോൾ ശ്രേഷ്ഠൻ പറഞ്ഞു: 'നോക്കൂ, ഈ അടയാളത്തിലൂടെ, എന്റെ വാക്കുകൾക്കും നിന്റെ വിമോചനത്തിനും കർത്താവുതന്നെ സാക്ഷ്യം നല്കിയിരിക്കുന്നു'. ഇപ്രകാരം എന്റെ ഏറ്റുപറച്ചിലിന്റെ ഫലമായി കൊതി എന്ന വികാരവും പൈശാചികശക്തിയും എന്നിൽനിന്നും അകന്നുമാറി. പിന്നീടൊരിക്കലും അത്തരത്തിലുള്ള ആഗ്രഹങ്ങളൊന്നും എനിക്ക് തോന്നിയിട്ടില്ല.

അബ്ബാ സെറാപ്പിയോണിന്റെ വാക്കുകളിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നത്, നമ്മുടെ മനസ്സിന്റെ തീരുമാനങ്ങളിൽ ആശ്രയിക്കുന്നതിനു പകരം വിശുദ്ധപിതാക്കന്മാർ നല്കുന്ന നിയമത്തിലും പ്രബോധനത്തിലും നാം വിശ്വാസമർപ്പിക്കുമ്പോഴാണ്, യഥാർത്ഥത്തിലുള്ള വിവേചനശക്തി സ്വായത്തമാകുന്നത് എന്നാണ്. മറ്റേതൊരു കൗശലത്തിലൂടെ സാധ്യമാകുന്നതിലുമേറെ ഒരു സന്ന്യാസിയെ വഴിതെറ്റിക്കാനും നാശത്തിലേക്കു തള്ളിയിടാനും പിശാചിനു കഴിയുന്നത് പിതാക്കന്മാരുടെ വാക്കുകളെ തള്ളിപ്പറയുകയും സ്വന്തം തോന്നലുകൾക്കും ആഗ്രഹങ്ങൾക്കും അനുസൃതം പ്രവർത്തിക്കു

www.malankaralibrary.com

കയും ചെയ്യുമ്പോഴാണ്. കലകൾ, ശാസ്ത്രങ്ങൾ തുടങ്ങിയവയുടെ ഉദാഹരണത്തിൽനിന്നും നാമിതു മനസ്സിലക്കേണ്ടതാണ്. നമുക്ക് കൈകൾകൊണ്ട് സ്പർശിക്കുകയും കണ്ണുകൾകൊണ്ട് കാണുകയും കാതുകളിലൂടെ കേൾക്കുകയും ചെയ്യാവുന്നതാണ് അവയെങ്കിലും ഒരു ഗുരുവിന്റെ സഹായമില്ലാതെ ഇവ പരിശീലിക്കാൻ ബുദ്ധിമുട്ടാണ്. ആ നിലയ്ക്ക് ആത്മീയമായ അറിവ് അദൃശ്യവും രഹസ്യവുമായിരിക്കുമ്പോൾ എങ്ങനെയാണ് ഗുരുവിന്റെ സഹായമില്ലാതെ നാമതു പരിശീലിക്കുന്നത്? ഹൃദയശുദ്ധതയിലൂടെ മാത്രമേ അതു മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. മാത്രമല്ല, അതിൽ പരാജയപ്പെടുന്നതിലൂടെ താല്ക്കാലിക നഷ്ടമല്ല, ആത്മനാശവും മരണവുമാണ് നമുക്കു സംഭവിക്കുന്നതും.

അപ്പോൾ ജർമനോസ് ഇങ്ങനെ പറഞ്ഞു: 'സഹോദരന്മാർ തങ്ങളുടെ ചിന്തകൾ ഏറ്റുപറയുമ്പോൾ ചില പിതാക്കന്മാർ അവരെ സുഖപ്പെടുത്തുന്നതിൽ പരാജയപ്പെടുന്നു എന്നു മാത്രമല്ല അവരെ ശിക്ഷിക്കുകയും നൈരാശ്യത്തിലേക്ക് അവരെ വലിച്ചിഴയ്ക്കുകയും ചെയ്യുന്നുണ്ട്. സിറിയായിൽ പലയിടത്തും ഇത്തരം സംഭവങ്ങൾ സാധാരണമാണ്. തന്മൂലം അപമാനവും ഉപദ്രവകരവുമായ ഞങ്ങളുടെ ചിന്തകളെ പിതാക്കന്മാർക്കു മുമ്പിൽ തുറന്നുകാട്ടാൻ ഞങ്ങൾ മടിക്കുന്നു. ഒരിക്കലൊരു സഹോദരൻ തന്റെയുള്ളിലെ ഏറ്റവും സ്വകാര്യവും നിന്ദ്യവുമായ ചിന്തകൾവരെ തികഞ്ഞ ലാളിത്യത്തോടും യാഥാർത്ഥ്യത്തോടുംകൂടെ അവിടെ ജീവിച്ചിരുന്ന ശ്രേഷ്ഠന്മാരിൽ ഒരാളോട് തുറന്നു പറഞ്ഞു. എന്നാൽ ശ്രേഷ്ഠനാകട്ടെ, ഇതുകേട്ട ഉടൻതന്നെ അയാളോടു കോപിക്കാൻ തുടങ്ങി. അയാളെ ശകാരിക്കുകയും ഇത്തരം നീചചിന്തകൾ ഉണ്ടായതിൽ അയാളെ കുറ്റപ്പെടുത്തുകയും ചെയ്തു. തത്ഫലമായി ഈ സംഭവത്തെക്കുറിച്ചു കേട്ടവരെല്ലാം തങ്ങളുടെ ചിന്തകൾ ശ്രേഷ്ഠന്മാരോടു പറയുവാൻ ലജ്ജിച്ചു'.

അബ്ബാ മോസസിന്റെ മറുപടി ഇതായിരുന്നു: 'നിങ്ങളുടെ ചിന്തകൾ പിതാക്കന്മാരിൽനിന്നു മറച്ചുവയ്ക്കാതിരിക്കുന്നതു നല്ലതുതന്നെ. എന്നാൽ പിതാക്കന്മാരെല്ലാവരും അതിനു യോഗ്യരല്ല; വിവേചനശക്തി നേടിയ ആത്മീയഗുരുക്കന്മാരോടു മാത്രമേ എന്തും തുറന്നു പറയാവൂ. മുടി നരച്ചതുകൊണ്ടുമാത്രം ഒരു ശ്രേഷ്ഠൻ അതിനു

www.malankaralibrary.com

യോഗ്യനായിക്കൊള്ളണമെന്നില്ല. പ്രായം നോക്കി നിയന്താവിനെ തിരഞ്ഞെടുത്ത പലരും തങ്ങളുടെ രോഗാവസ്ഥയിൽനിന്നു മോചനം പ്രാപിച്ചില്ലെന്നു മാത്രമല്ല, കുമ്പസാരക്കാരന്റെ അനുഭവസമ്പത്തിന്റെ അഭാവം മൂലം നിരാശരായിത്തീരുകയും ചെയ്തിട്ടുണ്ട്. ചാരിത്ര്യഭംഗത്തിന്റെ പിശാചിനാൽ പീഡിപ്പിക്കപ്പെട്ടിരുന്ന തീക്ഷ്ണമതിയായ ഒരു യുവസന്ന്യാസി ആത്മീയപിതാവിനോട് തന്റെയുള്ളിലെ ലജ്ജാകരമായ ചിന്തകളെല്ലാം തുറന്നുപറഞ്ഞു. വൃദ്ധനെങ്കിലും അനുഭവസമ്പത്തു നേടാൻ കഴിഞ്ഞിട്ടില്ലാതിരുന്ന പിതാവാകട്ടെ, അവനോടു കോപിക്കുകയും ഇത്തരം ചിന്തകളുണ്ടായതിനാൽ അയാൾ നീചനും സന്ന്യാസത്തിന് അയോഗ്യനുമാണെന്ന് വിധിക്കുകയും ചെയ്തു. നിരാശനായിത്തീർന്ന ആ യുവസന്ന്യാസി തന്റെ അറ ഉപേക്ഷിച്ച് ലോകത്തിലേക്കു തിരികെ പോകവേ, ദൈവപരിപാലനയാൽ, വഴിയിൽവച്ച് വിവേചനശക്തിയും പരിചയസമ്പത്തുമുള്ള അബ്ബാ അപ്പോളോസിനെ കണ്ടുമുട്ടി. അതീവനിരാശനായ ആ യുവസന്ന്യാസിയോട് അപ്പോളോസ് കാര്യം തിരക്കിയെങ്കിലും ആദ്യമൊന്നും അയാൾ പറയാൻ തയ്യാറായില്ല. എന്നാൽ അപ്പോളോസിന്റെ നിർബ്ബന്ധത്തിനു വഴങ്ങി എന്താണ് സംഭവിച്ചതെന്നു പറഞ്ഞു: ദുഃശ്ചിന്തകൾ എന്നെ അലട്ടിയിരുന്നതിനാൽ ഞാൻ ശ്രേഷ്ഠന്റെ അടുക്കൽ ചെന്ന് അവയെക്കുറിച്ചു പറഞ്ഞു. എനിക്ക് രക്ഷപ്പെടുവാൻ സാധിക്കുമെന്നതിന് ഒരു പ്രതീക്ഷയും ഇല്ല എന്ന് അദ്ദേഹം എന്നോടു പറഞ്ഞതിനാൽ ഞാൻ സന്ന്യാസം ഉപേക്ഷിച്ച് ഇപ്പോൾ ലോകത്തിലേക്കു തിരികെ പോവുകയാണ്'.

ഇതു കേട്ടപ്പോൾ അബ്ബാ അപ്പോളോസ് അയാളെ ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തുകൊണ്ടു പറഞ്ഞു: 'എന്റെ കുഞ്ഞേ, വിസ്മയിക്കേണ്ട, പ്രതീക്ഷ നഷ്ടപ്പെടാതിരിക്കുക. വൃദ്ധനും നരബാധിച്ചവനുമെങ്കിലും ഇപ്പോഴും ഇത്തരം ചിന്തകൾ എന്നെ വളരെയധികം അലട്ടാറുണ്ട്. തീക്ഷ്ണമായ ഈ വികാരം നിമിത്തം അധൈര്യനാകേണ്ട. മാനുഷികപ്രയത്നംകൊണ്ടല്ല, ദൈവത്തിന്റെ അനുകമ്പയാലാണ് ഇതിൽനിന്നു മോചനം പ്രാപിക്കാൻ സാധിക്കുന്നത്. അതിനാൽ ഇപ്പോൾ നീ എനിക്കുവേണ്ടി ഒരു കാര്യം ചെയ്യുക: നിന്റെ അറയിലേക്കു തിരിച്ചുപോയി ഇന്ന് അവിടെ കഴിഞ്ഞുകൂടുക'. ആ സഹോദരൻ അപ്രകാരം ചെയ്തു. അപ്പോളോ

www.malankaralibrary.com

സാകട്ടെ, അവിടെനിന്നും ആ യുവസഹോദരന് ഇത്രമാത്രം നിരാശ വരുത്തിവച്ച ശ്രേഷ്ഠന്റെ അറയെ ലക്ഷ്യമാക്കി നടന്നു. അദ്ദേഹത്തിന്റെ അറയ്ക്കു വെളിയിൽ നിന്നുകൊണ്ട് കണ്ണുനീരോടെ ദൈവത്തോട് ഇപ്രകാരം പ്രാർത്ഥിച്ചു: ‘കർത്താവേ, അങ്ങ് ഞങ്ങളെ പരീക്ഷിക്കുന്നത് ഞങ്ങളുടെ നന്മയ്ക്കുവേണ്ടിയാണല്ലോ. അതിനാൽ ആ സഹോദരനുണ്ടായ അതേ പോരാട്ടം ഇപ്പോൾ ഈ ശ്രേഷ്ഠനു നല്കണമേ. അങ്ങനെ വളരെ വർഷങ്ങൾകൊണ്ട് അദ്ദേഹത്തിനു പഠിക്കുവാൻ കഴിയാത്തത് ഈ വാർദ്ധക്യദശയിൽ അനുഭവത്തിലൂടെ അദ്ദേഹം പഠിക്കട്ടെ. പിശാചിനാൽ പീഡിപ്പിക്കപ്പെടുന്നവരോട് എങ്ങനെയാണ് അനുകമ്പ കാട്ടേണ്ടതെന്ന് അദ്ദേഹത്തെ പഠിപ്പിക്കേണമേ’. അപ്പോളോസ് പ്രാർത്ഥിച്ചു തീർന്ന നിമിഷത്തിൽതന്നെ ഒരു കറുത്തരൂപം ആ ശ്രേഷ്ഠന്റെ അറയ്ക്കു സമീപം നിന്ന് അദ്ദേഹത്തിനു നേരെ അമ്പെയ്യുന്നതായി അബ്ബാ കണ്ടു. അമ്പിനാൽ പ്രഹരിക്കപ്പെട്ട അദ്ദേഹം ഒരു ഉന്മത്തനെപ്പോലെ അറയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. അതിന്റെ അക്രമണശക്തിയെ ചെറുത്തു നില്ക്കാൻ ശേഷിയില്ലാതെ ഒടുവിൽ അദ്ദേഹം തന്റെ അറവിട്ട് ആ യുവസന്ന്യാസി ലോകത്തിലേക്കു തിരിച്ചുപോകാൻ തുടങ്ങിയ അതേ വഴിയിലൂടെതന്നെ ലോകത്തിലേക്കു തിരിച്ചു.

എന്താണ് സംഭവിച്ചതെന്നു കണ്ട് അബ്ബാ അപ്പോളോസ് അദ്ദേഹത്തിന്റെ നേരെ ചെന്ന് എവിടേക്കാണ് അദ്ദേഹം പോകുന്നതെന്നും എന്തുകൊണ്ടാണ് അദ്ദേഹം ഇത്രമാത്രം അസ്വസ്ഥനായിരിക്കുന്നതെന്നും ചോദിച്ചു. ആ വിശുദ്ധനായ മനുഷ്യന് തനിക്ക് എന്തു സംഭവിച്ചുവെന്ന് അറിയാമെന്ന് മനസ്സിലായിട്ടും അദ്ദേഹം യാതൊന്നും പറയാതെ ലജ്ജിതനായി നിന്നു. അപ്പോൾ അബ്ബാ അപ്പോളോസ് ഇങ്ങനെ പറഞ്ഞു: ‘നിന്റെ അറയിലേക്ക് തിരിച്ചുപോവുക. മേലിലെങ്കിലും സ്വന്തം ദൗർബ്ബല്യം തിരിച്ചറിയുക. പിശാച് ഒരുപക്ഷേ നിന്നെ ശ്രദ്ധിക്കാത്തതിനാലാവാം, അല്ലെങ്കിൽ നിന്നെ അവഗണിച്ചതുകൊണ്ടാവാം ഇതുവരെ ഇത്തരം ചിന്തകൾ നിന്നെ ഉപദ്രവിക്കാതിരുന്നത്. എന്നാൽ, ഒരു ദിവസത്തേക്കുപോലും അവന്റെ ആക്രമണം ചെറുത്തുനിൽക്കാൻ നിനക്കു കഴിയുന്നില്ല. നിനക്ക് ഇതു സംഭവിച്ചതിനു കാരണം, നമ്മുടെ സാധാരണ ശത്രുവിന്റെ ആക്രമണത്തിനു വിധേയനായ ആ യുവസഹോദരനെ നീ സ്വീകരിച്ചപ്പോൾ അയാളെ

www.malankaralibrary.com

യുദ്ധത്തിന് ഒരുക്കുന്നതിനു പകരം നീ അയാളെ നിരാശയിലേക്കു വലിച്ചിട്ടു എന്നതാണ്. 'മരണത്തിലേക്ക് നയിക്കപ്പെടുന്നവരെ മോചിപ്പിക്കുക; കൊല്ലപ്പെടാൻ നിശ്ചയിക്കപ്പെട്ടവരെ രക്ഷിക്കുക' (സുഭാ 24:11) എന്ന വിവേകപൂർണ്ണമായ പ്രമാണം നീ ഓർമ്മിച്ചില്ല. 'അതുപോലെതന്നെ ചതഞ്ഞ ഞാങ്ങണ ഒടിക്കുകയോ മങ്ങിയ തിരി കെടുത്തുകയോ അരുത്' (മത്താ 12:20) എന്നു നമ്മെ പഠിപ്പിക്കുന്ന നമ്മുടെ രക്ഷകന്റെ ഉപമയും നീ ഓർമ്മിച്ചില്ല. ദൈവകൃപ നമ്മുടെ മാനുഷിക ബലഹീനതയിൽ നമ്മെ സംരക്ഷിക്കാത്തപക്ഷം ശത്രുവിന്റെ കടന്നാക്രമണത്തെ ചെറുത്തുനിൽക്കാനോ നമ്മുടെ തീക്ഷ്ണമായ സ്വാഭാവിക പ്രവണതകളെ അതിജീവിക്കാനോ നമ്മിലാർക്കും സാധിക്കുകയില്ല. ഇപ്രകാരം ദൈവം നമ്മോട് അനുകമ്പ കാണിക്കുന്നതിനാൽ നമുക്കൊരുമിച്ച് അവിടുത്തോടു പ്രാർത്ഥിക്കുകയും നിന്നെ പ്രഹരിക്കാനായി ഉപയോഗിച്ച ചാട്ട പിൻവലിക്കാൻ അവിടുത്തോട് യാചിക്കുകയും ചെയ്യാം. എന്തെന്നാൽ, 'അവിടുന്ന് മുറിവേല്പിക്കും, എന്നാൽ അവിടുന്നുതന്നെ അതു വച്ചുകെട്ടും. അവിടുന്നു പ്രഹരിക്കും. എന്നാൽ അവിടുന്നുതന്നെ സ്വകരങ്ങളാൽ സുഖപ്പെടുത്തും' (ഇയ്യോബ് 5:18). 'കർത്താവ് ജീവൻ എടുക്കുകയും കൊടുക്കുകയും ചെയ്യുന്നു, പാതാളത്തിലേക്ക് ഇറക്കുകയും അവിടെനിന്നും കയറ്റുകയും ചെയ്യുന്നു'. ഒരുവനെ താഴ്ത്തുന്നതും ഉയർത്തുന്നതും അവിടുന്നാണ് (1 ശമു 2:6,7) എന്നും എഴുതപ്പെട്ടിരിക്കുന്നു. ഇത്രയും പറഞ്ഞതിനുശേഷം അബ്ബാ അപ്പോളോസ് പ്രാർത്ഥിച്ചു. ഉടൻതന്നെ ശ്രേഷ്ഠനെതിരെ ആഞ്ഞടിച്ചിരുന്ന ആക്രമണം നിലച്ചു. 'വിജ്ഞന്മാരുടെ നാവ് ലഭിക്കുന്നതിനും പറയേണ്ടത് വേണ്ട സമയത്ത് പറയാൻ കഴിയുന്നതിനുമായി' (ഏശ 50:4) പ്രാർത്ഥിക്കാൻ അപ്പോളോസ് ആ ശ്രേഷ്ഠനെ ഉപദേശിച്ചു'.

'ഇത്രയും പറഞ്ഞതിൽനിന്നു നമുക്ക് മനസ്സിലാവുന്നത്, വിവേചനശക്തിയാൽ അനുഗൃഹീതരായ പിതാക്കന്മാരോട് നമ്മുടെ വികാരവിചാരങ്ങളെക്കുറിച്ച് തുറന്നു പറയുന്നതാണ് മോചനത്തിലേക്കുള്ള ഉറപ്പായ മാർഗ്ഗം എന്നാണ്. നമ്മുടെ ആത്മീയാന്വേഷണത്തിൽ അവനവന്റെ തീരുമാനങ്ങളെക്കാൾ വിശ്വാസയോഗ്യമായത് അവരാൽ നയിക്കപ്പെടുക എന്നതാണ്. പരിചയസമ്പന്നരല്ലാത്തവരും വിവേകശൂന്യരുമായ പിതാക്കന്മാർ അനുഭവസമ്പത്തുള്ളവരോടും നാം

www.malankaralibrary.com

നടത്തുന്ന നമ്മുടെ ഏറ്റുപറച്ചിലിനെ തടയാനോ, അല്ലെങ്കിൽ നമ്മുടെ പിതാക്കന്മാരുടെ പാരമ്പര്യങ്ങളെ നിന്ദിക്കാനോ ഇടയാവരുത്. പിതാക്കന്മാർ ഇത് സ്വന്തം അഭിപ്രായത്താൽ പറഞ്ഞതല്ല എന്ന് തിരുലിഖിതങ്ങളുടെ പല ഭാഗങ്ങളിൽനിന്നും വ്യക്തമാകുന്നുണ്ട്. ദൈവത്താൽ പ്രചോദിതരായിട്ടാണ് ആത്മീയ ജീവിതത്തിൽ വളരെയേറെ ദൂരം പിന്നിട്ടവരോട് ഉപദേശം ആരായുക എന്ന പാരമ്പര്യം തങ്ങളുടെ അനന്തരതലമുറകളിലേക്ക് അവർ കൈമാറിയത്. ശിശുവായിരിക്കുമ്പോൾതന്നെ തന്റെ മാതാവിനാൽ ദൈവത്തിനു സമർപ്പിക്കപ്പെടുകയും ദൈവദർശനത്തിന് അർഹനാവുകയും ചെയ്ത വിശുദ്ധ ശമുവേലിന്റെ കഥയിൽനിന്ന് ഇതു വ്യക്തമാണ്. മൂന്നു തവണ ദൈവം അദ്ദേഹത്തെ വിളിച്ചു; എങ്കിലും സ്വന്തം ചിന്തകളെ ആശ്രയിക്കാതെ ഗുരുവായ ഏലിയുടെ അടുക്കൽ ചെന്നു. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചാണ് അദ്ദേഹം ദൈവത്തിനു മറുപടി നൽകിയത് (1 ശമു 3:9,10). നേരിട്ടാണ് ദൈവം വിളിച്ചതെങ്കിലും ഗുരുവിന്റെ നിർദ്ദേശാനുസരണം അദ്ദേഹം ദൈവസാന്നിധ്യം അറിയുന്നതിലായിരുന്നു സർവ്വശക്തനായ ദൈവത്തിനു താല്പര്യം. ഈ മാതൃകയിലൂടെ നാമും എളിമയിലേക്കു നയിക്കപ്പെടാനായിരുന്നു ഇത്.

പൗലോസിനെ വിളിച്ചുകൊണ്ട് അദ്ദേഹത്തോടു സംസാരിച്ച ക്രിസ്തുവിന് അദ്ദേഹത്തിന്റെ കണ്ണുകൾ തുറക്കാനും ഉടൻതന്നെ പരിപൂർണ്ണതയുടെ മാർഗ്ഗം അദ്ദേഹത്തിനു കാണിച്ചു കൊടുക്കാനും സാധിക്കുമായിരുന്നു. എന്നാൽ അവിടുന്ന് അദ്ദേഹത്തെ അനനിയാസിന്റെ അടുക്കലേക്ക് അയയ്ക്കുകയും സത്യമാർഗ്ഗം അദ്ദേഹത്തിൽനിന്നും പഠിക്കാൻ ആവശ്യപ്പെടുകയുമാണ് ചെയ്തത്. 'നീ എഴുന്നേറ്റ് നഗരത്തിലേക്കു പോവുക. നീ എന്താണ് ചെയ്യേണ്ടതെന്നു അവിടെ വച്ചു നിന്നെ അറിയിക്കും' (അപ്പോ 9:6). ഇപ്രകാരം പൗലോസിനുണ്ടായ ദർശനം തെറ്റായി വ്യാഖ്യാനിക്കപ്പെടാതിരിക്കാൻ, ആത്മീയ ജീവിതത്തിൽ മുന്നേറിയവരാൽ നാം നയിക്കപ്പെടണമെന്നാണ് കർത്താവു നമ്മെ പഠിപ്പിക്കുന്നത്. അല്ലെങ്കിൽ, ഭാവിതലമുറകൾ കരുതുന്നത് ഓരോ വ്യക്തിയും പൗലോസിനെപ്പോലെ ദൈവത്തിൽനിന്നും നേരിട്ട് ഉപദേശം സ്വീകരിച്ച് പൂർണ്ണത നേടാൻ യോഗ്യരാണെന്നും പിതാക്കന്മാരുടെ മാർഗ്ഗദർശനം ആവശ്യമില്ലെന്നുമായിരിക്കും.'

www.malankaralibrary.com

ഈ സംഭവങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനം ശരിയായതാണെന്ന് മേലുദ്ധരിച്ച വാക്കുകളിൽനിന്നു മാത്രമല്ല, മറിച്ച്, പൗലോസിന്റെ പ്രവൃത്തികളിൽനിന്നുതന്നെയും സ്പഷ്ടമാണ്. താൻ ജറുസലേമിൽ ചെന്ന് പത്രോസിനെയും യാക്കോബിനെയും കണ്ടുവെന്നും, 'അവർക്കു മുമ്പിൽ ഞാൻ സുവിശേഷം അവതരിപ്പിച്ചു... ഞാൻ നേരത്തെ ഓടിയിരുന്നതും ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്നതും വ്യർത്ഥമാകാതിരിക്കാനാണ് ഞാനിതു ചെയ്തത്' (ഗലാ 2:2) എന്നും നാം വായിക്കുന്നു. പരിശുദ്ധാത്മാവിന്റെ സാന്നിധ്യം പൗലോസിൽ ഉണ്ടായിരുന്നിട്ടുകൂടി അദ്ദേഹം ഇങ്ങനെയാണ് ചെയ്തത്. പരിശുദ്ധാത്മാവ് അദ്ദേഹത്തിൽ ഉണ്ടായിരുന്നു എന്നതിനു തെളിവാണ് അദ്ദേഹം പ്രവർത്തിച്ച അത്ഭുതങ്ങൾ. എന്നിട്ടും വിശുദ്ധ പൗലോസ്, തനിക്കു മുമ്പേ അപ്പസ്തോലന്മാരായവരുടെ ഉപദേശം ആരായേണ്ട ആവശ്യം തനിക്കുണ്ടെന്നു സമ്മതിക്കുന്ന നിലയ്ക്ക്, സ്വന്തം തീരുമാനത്തിലും അഭിപ്രായത്തിലും സന്തുഷ്ടരായി അഹങ്കരിക്കാൻ ആർക്കു കഴിയും? ഇതിൽനിന്നെല്ലാം വ്യക്തമാകുന്നത് ദൈവം പരിപൂർണ്ണതയുടെ മാർഗ്ഗം വെളിപ്പെടുത്തിക്കൊടുക്കുന്നത് ആത്മീയ പിതാക്കളാൽ നയിക്കപ്പെടുന്നവർക്കാണെന്നാണ്. പ്രവാചകനിലൂടെ അരുൾചെയ്യപ്പെട്ട വചനവും ഇതു വെളിപ്പെടുത്തുന്നു. 'നിന്റെ പിതാവിനോട് ചോദിക്കുക, അയാൾ കാണിച്ചുതരും; മുതിർന്നവരോട് ചോദിക്കുക, അവർ പറഞ്ഞുതരും' (ആവ 32:7).

ആയതിനാൽ ഏതു ദിശയിലും എല്ലാത്തരത്തിലുമുള്ള അതിക്രമങ്ങളിൽനിന്നും നമ്മെ രക്ഷിക്കുന്ന വിവേചനാശക്തി എന്ന ദാനം സ്വായത്തമാക്കാൻ നാം തീവ്രമായി പരിശ്രമിക്കണം. എന്തെന്നാൽ പിതാക്കന്മാർ പറഞ്ഞിരിക്കുന്നു: 'അമിതമായ കൃത്യങ്ങളെല്ലാംതന്നെ ഒരേപോലെ ഉപദ്രവകാരികളാണ്'. അമിതമായി ഭക്ഷണം കഴിക്കുന്നതുപോലെ തന്നെ അത്യധികമായി ഉപവസിക്കുന്നതും ദോഷമാണ്; കൂടുതൽ ഉറങ്ങുന്നതുപോലെതന്നെ അധികസമയം ഉണർന്നിരിക്കുന്നതും നല്ലതല്ല. അത്യധികമായ ഉപവാസത്താൽ ക്ഷീണിക്കുകയും തത്ഫലമായി ഭക്ഷണത്തോട് ആർത്തികാണിക്കുകയും ചെയ്ത് അധഃപതിച്ച പല സന്ന്യാസിമാരെയും എനിക്കറിയാം. ഇത്തരം അനുഭവങ്ങൾ എനിക്കുമുണ്ടായിട്ടുണ്ട്. കർക്കശമായ ഭക്ഷണനിയന്ത്രണം നിമിത്തം വിശപ്പ് എന്താണെന്നുപോലും ഞാൻ മറന്നു

www.malankaralibrary.com

പോയിരുന്നു. രണ്ടുമൂന്നു ദിവസം യാതൊരു ഭക്ഷണവും കഴിക്കാതിരിക്കുകയും മറ്റുള്ളവർ പ്രേരിപ്പിക്കുമ്പോൾ മാത്രം എന്തെങ്കിലും കഴിക്കുകയുമായിരുന്നു എന്റെ ശീലം. അതുപോലെതന്നെ, പിശാചിന്റെ പ്രേരണയാൽ എനിക്ക് പല രാത്രികളിലും ഉറക്കമില്ലാതെ വരികയും ഉറക്കം കിട്ടുന്നതിനുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യേണ്ടിവന്നിട്ടുണ്ട്. അമിതമായ ഉപവാസവും ഉറക്കമില്ലായ്മയുമാണ് ഭക്ഷണത്തോടുള്ള ആർത്തിയെക്കാളും അതിനിദ്രയെക്കാളും എന്നെ ഉപദ്രവിച്ചിട്ടുള്ളത്.

ഇത്തരത്തിലുള്ള പ്രഭാഷണങ്ങളിലൂടെ അബ്ബാ മോസസ് ഞങ്ങളെ ആഹ്ലാദചിത്തരാക്കി. ദൈവഭയമുള്ളവർക്ക് സ്വായത്തമായ ജ്ഞാനത്തെക്കുറിച്ചോർത്തപ്പോൾ ഞങ്ങൾ ദൈവത്തെ സ്തുതിച്ചു. ബഹുമാനവും ശക്തിയും എല്ലാക്കാലത്തും അവിടുത്തേതായിരിക്കട്ടെ. ആമേൻ.

www.malankaralibrary.com



**St. Mark**

**വിശുദ്ധ മർക്കോസ്**

www.malankaralibrary.com

# വിശുദ്ധ മർക്കോസ്
# എന്ന താപസശ്രേഷ്ഠൻ

### ആമുഖക്കുറിപ്പ്

സന്ന്യാസിയായ മർക്കോസ് എന്നും ഏകാന്തവാസിയായ മർക്കോസ് എന്നും അറിയപ്പെടുന്ന താപസനായ വിശുദ്ധ മർക്കോസിന്റെ ജീവിതത്തെക്കുറിച്ച് ഏറെയൊന്നും അറിയപ്പെട്ടിട്ടില്ല. വിശുദ്ധ നിക്കോദിമോസിന്റെ അഭിപ്രായത്തിൽ അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് ഇദ്ദേഹം ജീവിച്ചിരുന്നത്. ഇത് ശരിയാണെന്നു തോന്നുന്നു. മറ്റൊരു വ്യാഖ്യാനപ്രകാരം ആറാം നൂറ്റാണ്ടിന്റെ ആരംഭത്തിലും. എന്നാൽ അതിന് സാധ്യത കുറവാണ്. സമകാലീനനായ വിശുദ്ധ നെയ്‌ലോസിനെപ്പോലെ ഇദ്ദേഹവും വിശുദ്ധ ജോൺ ക്രിസോസ്റ്റോമിന്റെ ശിഷ്യനായിരുന്നിരിക്കാം. ഇതിനു വേണ്ടത്ര തെളിവുകളില്ല. 'നിക്കോളാസ് എന്ന ഏകാന്തവാസിക്കുള്ള കത്ത്' എന്ന ലേഖനത്തിൽ പറയുന്നപ്രകാരം ഇദ്ദേഹം തന്റെ ജീവിതത്തിന്റെ ഒരു ഘട്ടം മരുഭൂമിയിലാണ് കഴിച്ചുകൂട്ടിയത്. എന്നാൽ അത് എവിടെയാണെന്നു കൃത്യമായി അറിഞ്ഞുകൂടാ. അത് പാലസ്തീനിലോ ഈജിപ്തിലോ ആകാം എന്നു പറയപ്പെടുന്നു. അതിനു മുമ്പ് ഏഷ്യാമൈനറിൽ അങ്കിറായിലെ ഒരു സമൂഹത്തിന്റെ അധിപനായിരുന്നു ഇദ്ദേഹം. ഫിലോകാലിയായിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂന്നു കൃതികൾക്കു പുറമെ ചുരുങ്ങിയത് ആറ് പ്രബന്ധങ്ങളെങ്കിലും അദ്ദേഹം രചിച്ചിട്ടുണ്ട്. അവയിലെ പ്രധാനമായ പ്രമേയങ്ങൾ ജ്ഞാനസ്നാനം, പശ്ചാത്താപം, നെസ്റ്റോറിയോസിന്റെ പഠനങ്ങളുടെ ഖണ്ഡിതം എന്നിവയാണ്. അദ്ദേഹത്തിന്റെ ആത്മീയോപദേശങ്ങൾ പ്രധാനമായും മെസ്സലിയാനിസം എന്നറിയപ്പെടുന്ന സിറിയൻ പാഷാണ്ഡതയുടെ നീക്കത്തിനെതിരായി നല്കപ്പെട്ടിട്ടുള്ള

www.malankaralibrary.com

വയാണ്. ജ്ഞാനസ്നാനദത്തമായ ദൈവകൃപയ്ക്ക് ആത്മീയജീവിതത്തിലുള്ള പങ്ക്, പ്രലോഭനങ്ങളുടെ സ്വഭാവത്തെക്കുറിച്ചുള്ള ദീർഘമായൊരു അപഗ്രഥനം എന്നീ വിഷയങ്ങൾക്കത്രെ ഈ ഉപദേശങ്ങളിൽ അദ്ദേഹം ഊന്നൽ നല്കിയിട്ടുള്ളത്.

വിശുദ്ധ നിക്കോദിമോസിന്റെ ഗ്രീക്കുപുസ്തകത്തോടൊപ്പം മറ്റു പുരാതന ഗ്രീക്കു കൈയെഴുത്തുപ്രതികളിൽ കാണപ്പെടുന്ന വി. മർക്കോസിന്റെ ലേഖനങ്ങളിൽനിന്നുള്ള വ്യത്യസ്തങ്ങളായ വായനകളും നമ്മുടെ കൺമുമ്പിലുണ്ട്. പ്രസിദ്ധപ്പെടുത്തിയ ഗ്രീക്ക് ഫിലോകാലിയായിൽനിന്ന് നാം വരുത്തിയിട്ടുള്ള വ്യതിയാനങ്ങൾ ഈ തർജ്ജമയിൽ അടിക്കുറിപ്പായി ചേർത്തിട്ടുണ്ട്. 'ആത്മീയ നിയമത്തെക്കുറിച്ച്', 'പ്രവൃത്തികളാൽ തങ്ങൾ നീതിമാന്മാരാക്കപ്പെട്ടിരിക്കുന്നു എന്നു കരുതുന്നവരെക്കുറിച്ച്' എന്നീ ലേഖനങ്ങളിൽ ഗ്രീക്ക് ഫിലോകാലിയായുടെ അതേ ക്രമമാണ് നമ്മുടെ വിവർത്തനത്തിലും പിന്തുടർന്നിട്ടുള്ളത്. മീഞ്ഞെയിൽ ഗ്രീക്കു 'സഭാപിതൃവിജ്ഞാനീയ'ത്തിൽ (വാല്യം 65) അല്പസ്വല്പ വ്യത്യാസത്തോടുകൂടിയ ക്രമനമ്പറാണ് കൊടുത്തിട്ടുള്ളത്.

ഓർത്തഡോക്സ് സഭ മാർച്ച് മാസം 5-ാം തീയതിയാണ് മർക്കോസിനെ ഒരു വിശുദ്ധനായി ആചരിക്കുന്നത്.

www.malankaralibrary.com

## ആത്മീയനിയമത്തെക്കുറിച്ച് ഇരുനൂറു പാഠങ്ങൾ

1. 'നിയമം ആത്മീയമാണ്' (റോമ 7:14) എന്നു പറയുന്നതിലൂടെ, അപ്പസ്തോലൻ അർത്ഥമാക്കുന്നതെന്താണെന്നും ഏതു വിധത്തിലുള്ള ആത്മീയജ്ഞാനവും പ്രവൃത്തിയുമാണ് ആ വഴിയിൽ സഞ്ചരിക്കാൻ ആഗ്രഹിക്കുന്നവർ പിന്തുടരേണ്ടത് എന്നും നിങ്ങൾ പലപ്പോഴും ചോദിച്ചതിനാൽ അതേപ്പറ്റി നമുക്ക് സാധിക്കുന്നതുപോലെ സംസാരിക്കാം.

2. ആദ്യമായി, നന്മയായിട്ടുള്ള എല്ലാറ്റിന്റെയും തുടക്കവും മധ്യവും അവസാനവും ദൈവമാണെന്ന് നമുക്കറിയാം. യേശുക്രിസ്തുവിലും പരിശുദ്ധാത്മാവിലും അല്ലാതെ നന്മയായിട്ടുള്ള മറ്റെന്തിലെങ്കിലും വിശ്വാസമുണ്ടാകാനോ അത് പ്രവൃത്തിപഥത്തിലെത്തിക്കാനോ നമുക്ക് കഴിയില്ല.

3. നല്ലതെല്ലാം പരിപാലകനായ ദൈവത്താൽ നമുക്കു നല്കപ്പെട്ടിട്ടുള്ളതാണ്; അങ്ങനെ വിശ്വസിക്കുന്നവൻ തനിക്കു ലഭിച്ചതൊന്നും നഷ്ടപ്പെടുത്തുകയില്ല.

4. ഉറച്ച വിശ്വാസം ബലവത്തായ ഗോപുരമാണ്. വിശ്വാസമുള്ളവന് ക്രിസ്തു സർവ്വവുമായിത്തീരുന്നു.

5. നന്മയായിട്ടുള്ള എല്ലാറ്റിനും ആരംഭം കുറിയ്ക്കുന്ന ദൈവം നിങ്ങളുടെ സർവ്വപ്രവൃത്തികളുടെയും ആരംഭകനായിരിക്കട്ടെ, അങ്ങനെ അവയെല്ലാം അവിടുത്തെ ആശീർവാദത്താൽ നിർവ്വഹിക്കപ്പെടട്ടെ.

6. വിശുദ്ധഗ്രന്ഥം വായിക്കുമ്പോൾ, എളിമയുള്ളവനും ആത്മീയ ജോലിയിൽ വ്യാപൃതനുമായവൻ ആ വചനങ്ങൾ തന്റെമേൽ തന്നെയാണ് പ്രയോഗിക്കുന്നത്, അല്ലാതെ മറ്റുള്ളവരുടെ മേലല്ല.

7. വായിച്ചു മനസ്സിലാക്കുന്ന ആദ്ധ്യാത്മിക പാഠങ്ങളുടെയും പ്രാർത്ഥനയുടെയും മൂല്യം കാണാൻ കഴിയുന്ന വിധത്തിൽ നിങ്ങളുടെ ഉൾക്കണ്ണുകൾ തുറക്കുമാറാകണേ എന്ന് ദൈവത്തോട് പ്രാർത്ഥിക്കുക.

www.malankaralibrary.com

8. ആത്മീയദാനം ലഭിച്ചിട്ടുള്ള ഒരുവന് അതില്ലാത്തവരോട് സഹാനുഭൂതി ഉണ്ടെങ്കിൽ, അതിലൂടെ അയാൾ ആ ദാനം നിലനിർത്തും. എന്നാൽ പൊങ്ങച്ചക്കാരനായ ഒരുവനാകട്ടെ, ആത്മപ്രശംസയെന്ന പ്രലോഭനത്തിനു കീഴ്പ്പെടുകവഴി തനിക്കു കിട്ടിയ ദാനം നഷ്ടപ്പെടുത്തുന്നു.

9. എളിമയുള്ള ഒരുവന്റെ അധരം എല്ലായ്പ്പോഴും സത്യം പറയുന്നു; എന്നാൽ സത്യവിരുദ്ധമായി സംസാരിക്കുന്നവൻ, കർത്താവിന്റെ മുഖത്ത് പ്രഹരിച്ച പരിചാരകനെപ്പോലെയാണ് (മർക്കോ 14:65).

10. സ്വയം പുകഴ്ത്തുന്നവന്റെ ശിഷ്യനാകരുത്; എന്തെന്നാൽ, വിനയത്തിനു പകരം അഹങ്കാരമായിരിക്കും നിങ്ങൾ പഠിക്കുന്നത്.

11. തിരുവെഴുത്തുകളിലുള്ള നിന്റെ വ്യാഖ്യാനപാടവത്തെപ്പറ്റി മിഥ്യാഭിമാനം പാടില്ല. അങ്ങനെ ചെയ്താൽ നിങ്ങളുടെ മനസ്സ് ദൈവ ദൂഷണത്തിനിരയാകും.

12. ദുഷ്കരമായ ഏതെങ്കിലും പാഠം വിശദീകരിക്കുന്നത് വിവാദ ത്തോടെയായിരിക്കരുത്. ആത്മീയനിയമം അനുശാസിക്കുംവിധം ക്ഷമയും പ്രാർത്ഥനയും അചഞ്ചലമായ പ്രത്യാശയും പുലർത്തു കയത്രെ അത്തരം സന്ദർഭങ്ങളിൽ നീ ചെയ്യേണ്ടത്.

13. 'ദാവീദിന്റെ പുത്രാ, എന്നോട് കരുണ കാണിക്കണമേ' എന്നു ബാഹ്യമായി മാത്രം വിളിച്ചുകേഴുന്നവൻ അന്ധനാണ് (ലൂക്കോ 18:38). എന്തെന്നാൽ അയാൾ പ്രാർത്ഥിക്കുന്നത് ശരീരംകൊണ്ടു മാത്രമാണ്, ആത്മീയജ്ഞാനത്തോടെയല്ല.

14. ഒരിക്കൽ അന്ധനായിരുന്ന മനുഷ്യൻ കാഴ്ചശക്തി ലഭിച്ച് കർത്താവിനെ കണ്ടപ്പോൾ, ദാവീദിന്റെ പുത്രനായിട്ടല്ല ദൈവപുത്രനായി അവൻ അവിടുത്തെ അംഗീകരിക്കുകയും ആരാധിക്കുകയും ചെയ്തു (യോഹ 9:38).

15. പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ കണ്ണുനീർ പൊഴിക്കുന്നുണ്ടെങ്കിൽ അതിനെക്കുറിച്ച് അഭിമാനംകൊള്ളേണ്ട; എന്തെന്നാൽ നിങ്ങളുടെ കണ്ണുകളെ സ്പർശിച്ച് ആത്മീയമായ കാഴ്ച നൽകിയത് ക്രിസ്തുവാണ്.

16. അന്ധൻ ചെയ്തതുപോലെ പുറങ്കുപ്പായം വലിച്ചെറിഞ്ഞശേഷം ക്രിസ്തുവിനെ സമീപിക്കുന്നവൻ അവന്റെ ശിഷ്യനും സത്യവിശ്വാസ ത്തിന്റെ പ്രഘോഷകനുമായിത്തീരുന്നു (മർക്കോ 10:50).

www.malankaralibrary.com

17. തിന്മയിന്മേലുള്ള അടയിരിപ്പ് ഹൃദയത്തെ ധിക്കാരപൂർണ്ണമാക്കുന്നു. എന്നാൽ ആത്മനിയന്ത്രണത്തിലൂടെയും പ്രത്യാശയിലൂടെയും തിന്മയെ നശിപ്പിക്കുമ്പോൾ ഹൃദയം പിളർക്കപ്പെടുന്നു.

18. ഹൃദയത്തെ സൗമ്യവും പശ്ചാത്താപവിവശവുമാക്കുന്ന ഒരു ഹൃദയത്തകർച്ചയുണ്ട്. എന്നാൽ ഹൃദയത്തെ പൂർണ്ണമായും ഛിന്നഭിന്നമാക്കുന്ന അക്രമപരവും ഉപദ്രവകരവുമായ ഒരു ഹൃദയത്തകർച്ചയുമുണ്ട്.

19. ജാഗരണം, പ്രാർത്ഥന, വരുന്നതൊക്കെ ക്ഷമാപൂർവ്വം സ്വീകരിക്കൽ എന്നിവയിലൂടെ ഹൃദയം പശ്ചാത്താപത്താൽ മുറിവേൽക്കപ്പെടുന്നതു നല്ലതുതന്നെ, അത് ഉപദ്രവകരമല്ല. എങ്കിലും മേല്പറഞ്ഞ കാര്യങ്ങളിൽ മിതത്വവും സമതോലനവും കാക്കണം. അവയിൽ ഉറച്ചു നിൽക്കുന്നവൻ മറ്റുതരത്തിലും ആത്മീയമായി സഹായിക്കപ്പെടും. എന്നാൽ അലസനും ശ്രദ്ധയില്ലാത്തവനും യാതന സഹിച്ചുകൊണ്ടായിരിക്കും ജീവിതം വെടിയേണ്ടിവരുന്നത്.

20. സ്വാർത്ഥത നിറഞ്ഞ ഹൃദയം ഈ ലോകത്തിൽനിന്നു പിരിയുന്നേരം ആത്മാവിന്റെ തടവറയും ചങ്ങലയുമായിത്തീരുന്നു; എന്നാൽ ഉത്സാഹശീലമുള്ള ഹൃദയമാകട്ടെ, ആത്മാവിന്റെ തുറന്ന വാതിലും.

21. 'നഗരത്തിലേക്കു നയിക്കുന്ന ഇരുമ്പുകവാടം' കഠിനഹൃദയമാണ് (അ. പ്ര. 12:10); നേരെമറിച്ച് പത്രോസിന്റെ കാര്യത്തിലെന്നപോലെ കഷ്ടതയും വേദനയും സഹിക്കുന്നവനു മുന്നിൽ കവാടം താനേ തുറക്കപ്പെടും.

22. പ്രാർത്ഥനയ്ക്ക് പല വഴികളുണ്ട്. അവയൊന്നും ഉപദ്രവകരമല്ല; ഉപദ്രവകരമായ വഴി ഏതെങ്കിലുമുണ്ടെങ്കിൽ അത് പ്രാർത്ഥനയുടേതല്ല, മറിച്ച് സാത്താന്റെ പ്രവൃത്തിയാണ്.

23. ഒരുവൻ തിന്മ ചെയ്യുവാൻ ആഗ്രഹിച്ചു; എങ്കിലും ആദ്യം പതിവുപോലെ അവൻ പ്രാർത്ഥിച്ചു. അതിനാൽ ദൈവം അവനെ തിന്മ ചെയ്യുന്നതിൽനിന്നു തടഞ്ഞു; അവൻ അത്യധികം നന്ദിയുള്ളവനായിത്തീർന്നു.

24. കാർമ്മലിലെ നാബാലിനെ കൊല്ലണമെന്ന് ദാവീദ് ആഗ്രഹിച്ചിരുന്നെങ്കിലും ദൈവശിക്ഷ ഭയന്ന് അതിൽനിന്ന് പിന്മാറുകയും

www.malankaralibrary.com

പിന്നീട് ദൈവത്തിനു നന്ദി പറയുകയും ചെയ്തു. വീണ്ടും ദൈവത്തെ മറന്നപ്പോൾ അവൻ എന്തു ചെയ്തെന്നു നമുക്കറിയാം. പ്രവാചകനായ നാഥാൻ അതേക്കുറിച്ച് അനുസ്മരിപ്പിക്കുന്നതുവരെ അവൻ അതിൽനിന്നു പിന്മാറിയില്ല (1 ശമു 25; 2 ശമു 12).

25. ദൈവത്തെക്കുറിച്ച് ഓർമ്മവരുമ്പോൾ കൂടുതലായി പ്രാർത്ഥിക്കുക; അങ്ങനെയായാൽ, നീ ദൈവത്തെ മറന്നാലും ദൈവം നിന്നെ, തന്നെപ്പറ്റി ഓർമ്മിപ്പിച്ചുകൊള്ളും.

26. വിശുദ്ധഗ്രന്ഥം വായിക്കുമ്പോൾ അതിന്റെ ആന്തരാർത്ഥം മനസ്സിലാക്കുക; എന്തെന്നാൽ 'പഴയകാലത്ത് എഴുതപ്പെട്ടതെല്ലാം നമ്മെ പഠിപ്പിക്കുന്നതിനുവേണ്ടിയാണ് എഴുതപ്പെട്ടിരിക്കുന്നത്' (റോമ 15:4).

27. വിശുദ്ധഗ്രന്ഥം വിശ്വാസത്തെക്കുറിച്ച് പറയുന്നത് 'പ്രത്യാശയുടെ സത്ത് എന്നാണ്' (എബ്രാ 11:1); ക്രിസ്തുവിന്റെ വാസസ്ഥലത്തെക്കുറിച്ച് അറിയാത്തവരെ 'മൂല്യമില്ലാത്തവർ' എന്നും പറയുന്നു (2 കൊരി 13:5).

28. ചിന്ത വാക്കുകളിലും പ്രവൃത്തികളിലും പ്രകടമാകുന്നതുപോലെതന്നെ ഭാവിയിൽ നമുക്കു ലഭിക്കാനിരിക്കുന്ന പ്രതിഫലം ഹൃദയഭാവങ്ങളിലൂടെ വെളിവാക്കപ്പെടുന്നു.

29. കാരുണ്യമുള്ള ഹൃദയത്തിനു കാരുണ്യം ലഭിക്കുന്നു, കാരുണ്യമില്ലാത്ത ഹൃദയത്തിന്റെ കാര്യത്തിൽ നേരെ വിപരീതവും.

30. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള നിയമം, മുഴുവൻ സത്യവും പഠിപ്പിക്കുന്നു. അനേകർ അതേപ്പറ്റി താത്വികമായി വായിക്കുന്നുണ്ടെങ്കിലും വളരെ കുറച്ചുപേർ മാത്രമേ അതു മനസ്സിലാക്കുന്നുള്ളൂ; അതും അവർക്കു കല്പനകൾ പാലിക്കാൻ കഴിയുന്നിടത്തോളം മാത്രം.

31. ആത്മീയനിയമത്തിന്റെ പരിപൂർണ്ണത മനുഷ്യരുടെ സത്പ്രവൃത്തികളിലല്ല അന്വേഷിക്കേണ്ടത്. കാരണം അവയിലല്ല അതിന്റെ പൂർണ്ണത കാണപ്പെടുന്നത്. അതിന്റെ പരിപൂർണ്ണത ക്രിസ്തുവിന്റെ കുരിശിൽ നിഗൂഢമായിരിക്കുന്നു.

32. യഥാർത്ഥ ജ്ഞാനത്തിലൂടെയാണ് സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള നിയമം പഠിക്കേണ്ടത്; കല്പനകൾ പാലിക്കുന്നതിലൂടെയാണ് അതു മനസ്സിലാക്കേണ്ടത്. ക്രിസ്തുവിന്റെ കാരുണ്യത്തിലൂടെയാണ് അതു പൂർത്തീകരിക്കേണ്ടത്.

www.malankaralibrary.com

33. ദൈവകല്പനകൾ അനുസരിക്കാൻ മനഃസാക്ഷി നമ്മെ നിർബ്ബന്ധിക്കുമ്പോൾ നമുക്കു മനസ്സിലാകും, ദൈവത്തിന്റെ നിയമം കുറ്റമറ്റതാണെന്ന് (സങ്കീ 19:8). നമ്മുടെ സദ്പ്രവൃത്തികളിലൂടെ അതു പരിശീലിക്കാമെങ്കിലും അത് പൂർത്തീകരിക്കാൻ ദൈവകാരുണ്യം കൂടാതെ മനുഷ്യനു സാധിക്കുകയില്ല.

34. ക്രിസ്തുവിന്റെ കല്പനകളെല്ലാം അനുഷ്ഠിക്കാൻ തങ്ങൾ ബാദ്ധ്യസ്ഥരല്ലെന്നു കരുതുന്നവർ ദൈവത്തിന്റെ നിയമം പഠിക്കുന്നത് അതിന്റെ അക്ഷരാർത്ഥത്തിലാണ്. 'അവർ എന്താണു പറയുന്നതെന്നോ ഏതു തത്ത്വങ്ങളാണ് സ്ഥാപിക്കുന്നതെന്നോ അവർക്കുതന്നെ അറിവില്ല' (1 തിമോ 1:7). അതിനാൽ സ്വന്തം കഴിവുകൊണ്ട് അതു പൂർത്തീകരിക്കാനാവുമെന്ന് അവർ കരുതുന്നു.

35. ചില പ്രവൃത്തികൾ കാഴ്ചയിൽ നല്ലതാണെന്നു തോന്നാം. എന്നാൽ പ്രവൃത്തിചെയ്യുന്ന ആളിന്റെ ഉദ്ദേശ്യം നല്ലതായിരിക്കണ മെന്നില്ല. മറ്റു ചില പ്രവൃത്തികൾ കാഴ്ചയിൽ മോശമാണെന്നു തോന്നി യാലും ചെയ്യുന്ന ആളിന്റെ ഉദ്ദേശ്യം നല്ലതായിരിക്കും. ഇത് വാക്കുകളെ സംബന്ധിച്ചും സത്യമാണ്. പരിചയക്കുറവോ അജ്ഞതയോ അതു മല്ലെങ്കിൽ ദുരുദ്ദേശ്യമോ സദുദ്ദേശ്യമോ ആകാം, ഈ വ്യത്യാസത്തിനു കാരണം.

36. ഒരുവൻ ആരെയെങ്കിലും പുറമേ പുകഴ്ത്തുകയും തന്റെ ഹൃദയ ത്തിൽ രഹസ്യമായി നിന്ദിക്കുകയും അയാളെ താഴ്ത്തി സംസാരിക്കു കയും ചെയ്യുമ്പോൾ ലഘുബുദ്ധികളായ ആളുകൾക്ക് ഇതു തിരിച്ചറി യാനാവില്ല. ഇതേപോലെതന്നെ, ചിലർ പുറമേക്ക് വിനയം കാണിക്കു മെങ്കിലും ഉള്ളിൽ അഹന്തയുള്ളവരായിരിക്കും. ഏറെക്കാലം അസത്യം സത്യമായി അവതരിപ്പിക്കാനവർക്കു കഴിഞ്ഞേക്കാം. എന്നാൽ ഒടുവിൽ അത് വെളിപ്പെടുകയും അവർ ശിക്ഷിക്കപ്പെടുകയും ചെയ്യും.

37. ഒരുവൻ പുറമേക്ക് നല്ലതെന്നു തോന്നുന്ന ചിലത് തന്റെ അയൽ ക്കാരനെ സംരക്ഷിക്കുന്നതിനായി ചെയ്തെന്നുവരാം. മറ്റൊരുവൻ അങ്ങനെ ചെയ്യാതിരിക്കുന്നതിലൂടെ കാര്യങ്ങൾ കൂടുതൽ ആഴത്തിൽ മനസ്സിലാക്കിയെന്നുംവരാം.

38. ഉൾപ്പകയിലും ആത്മസംരക്ഷണത്തിലും ശകാരങ്ങൾ നല്ക പ്പെടാം; അതുപോലെതന്നെ ദൈവഭയവും സത്യത്തോടുള്ള ആദരവും നിമിത്തം അതു നല്കപ്പെടാം.

www.malankaralibrary.com

39. പാപത്തിൽനിന്ന് പിൻതിരിയുകയും പശ്ചാത്തപിക്കുകയും ചെയ്യുന്ന ഒരുവനെ വീണ്ടും ശകാരിക്കരുത്. ദൈവത്തിന്റെ നാമത്തിലാണ് അയാളെ ശകാരിക്കുന്നതെന്ന് നിങ്ങൾ അവകാശപ്പെടുന്നുവെങ്കിൽ ആദ്യം നിങ്ങളിലുള്ള തിന്മകൾ വെളിപ്പെടുത്തുവിൻ.

40. പകൽ വെളിച്ചത്തിന് കാരണം സൂര്യനാണെന്നതുപോലെ, എല്ലാ നന്മയുടെയും ഉറവിടം ദൈവമാണ്.

41. നീ നല്ല പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ ഈ വാക്കുകൾ ഓർമ്മിക്കുക. 'എന്നെ കൂടാതെ നിങ്ങൾക്കൊന്നും ചെയ്യാനാവില്ല' (യോഹ 15:5).

42. യാതന ഒരുവന് അനുഗ്രഹം നൽകുന്നു; ആത്മപ്രശംസയും ജഡികസുഖവുമാകട്ടെ, തിന്മയും.

43. അനീതി സഹിക്കേണ്ടി വരുന്നവൻ പാപത്തിൽനിന്നു രക്ഷപ്പെടുന്നു; തന്റെ കഷ്ടപ്പാടിനനുസൃതമായി അവന് സഹായം ലഭിക്കും.

44. ശക്തമായ വിശ്വാസമുള്ളവന് ക്രിസ്തു പ്രതിഫലം നല്കും. അത് എത്രമാത്രം ശക്തമാണോ, അത്രമാത്രം ശക്തമായിരിക്കും അനീതി സഹിക്കാനുള്ള അവന്റെ സന്നദ്ധതയും.

45. നമ്മെ ഉപദ്രവിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിലൂടെ നാം സാത്താനെ തോല്പിക്കുന്നു. എന്നാൽ നാം അവരെ എതിർത്താൽ പിശാചിനാൽ മുറിവേല്പിക്കപ്പെടുകയായിരിക്കും ചെയ്യുക.

46. പൈശാചികമായൊരു പാപകർമ്മം ചെയ്യുന്നതിലും ഭേദം മാനുഷികമായ പാപം ചെയ്യുന്നതുതന്നെ. കർത്താവിന്റെ ഹിതം നിറവേറ്റുന്നതിലൂടെ നാം ഇവ രണ്ടിനെയും അതിജീവിക്കുന്നു.

47. എല്ലാ അനുഗ്രഹങ്ങളും നമുക്കു ലഭിക്കുന്നത് കർത്താവിന്റെ പരിപാലനയാലാണ്. എന്നാൽ ഈ സത്യം നന്ദിയില്ലാത്തവരുടെയും അലസരുടെയും ശ്രദ്ധയിൽപ്പെടുന്നില്ല.

48. ഏതൊരു ദുശ്ശീലവും ആത്യന്തികമായി നമ്മെ നയിക്കുന്നത് വിലക്കപ്പെട്ട സുഖങ്ങളിലേക്കാണ്. ഏതൊരു നന്മയും നമ്മെ നയിക്കുന്നത് ആത്മീയാനുഗ്രഹത്തിലേക്കും. ഓരോന്നും അതിനനുസരിച്ചുള്ളതിലേക്കു നമ്മെ ഉയർത്തുന്നു.

www.malankaralibrary.com

49. മറ്റുള്ളവരിൽനിന്നുള്ള അധിക്ഷേപം നമ്മുടെ ഹൃദയത്തെ വേദനിപ്പിക്കുന്നു. എന്നാൽ ക്ഷമാപൂർവ്വം നമ്മൾ ആ അധിക്ഷേപം സ്വീകരിച്ചാൽ അത് നമ്മിൽ ശുദ്ധത ജനിപ്പിക്കുന്നു.

50. അജ്ഞത, പ്രയോജനകരമായ പലതും അവഗണിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. അത് നമ്മുടെയുള്ളിൽ ഉറയ്ക്കുന്നതിലൂടെ അതു തിന്മയെ ബലപ്പെടുത്തുന്നു.

51. എല്ലാം സുഗമമായി നടക്കുമ്പോഴും കഷ്ടാനുഭവങ്ങൾക്കു തയ്യാറായിരിക്കുക; എല്ലാത്തിനും കണക്കു കൊടുക്കേണ്ടിവരുമെന്ന തിനാൽ നിർബ്ബന്ധമായി പിടിച്ചുവാങ്ങുന്ന തരത്തിൽ ആവശ്യങ്ങൾ ഉന്നയിക്കാതിരിക്കുക.

52. രഹസ്യമായി പാപം ചെയ്തുവെങ്കിൽ അത് ഒളിച്ചുവയ്ക്കാൻ ശ്രമിക്കരുത്; 'എന്തെന്നാൽ നാം കണക്കു ബോധിപ്പിക്കേണ്ടവന്റെ കൺമുമ്പിൽ സകലവും അനാവൃതവും വ്യക്തവുമാണ്' (എബ്രാ 4:13).

53. നിങ്ങളുടെ മനസ്സിൽ ദൈവത്തോട് എല്ലാം തുറന്നുപറയുക; 'എന്തെന്നാൽ, മനുഷ്യർ ബാഹ്യമായവയിലേക്കു നോക്കുമ്പോൾ കർത്താവ് ഹൃദയമാണ് നോക്കുന്നത്' (1 ശമു 16:7).

54. ദൈവത്തിന്റെ നേർക്കു തിരിഞ്ഞിരിക്കുന്ന ഉദ്ദേശ്യം കൂടാതെ യാതൊന്നും ചിന്തിക്കുകയോ പ്രവർത്തിക്കുകയോ അരുത്. എന്തെ ന്നാൽ, ലക്ഷ്യമില്ലാത്ത യാത്ര പാഴായിപ്പോകുന്ന അദ്ധ്വാനമാണ്.

55. ദൈവനീതി കർക്കശമായതിനാൽ, മനഃപൂർവ്വം ചെയ്യുന്ന പാപങ്ങൾക്ക് മാപ്പു ലഭിക്കാൻ വിഷമമാണ്.

56. അരിഷ്ടത ബുദ്ധിമാന്മാരെ ദൈവത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു; ദൈവത്തെ മറക്കുന്നവരെ അതു തകർക്കുന്നു.

57. നിങ്ങളുടെ ജീവിതത്തിൽ മനസ്സറിയാതെ സംഭവിക്കുന്ന ഓരോ യാതനയും ദൈവത്തെക്കുറിച്ച് ഓർമ്മിക്കാൻ നിങ്ങളെ പഠിപ്പിക്കട്ടെ. പശ്ചാത്താപത്തിനുള്ള അവസരം അതു നിങ്ങൾക്കു നൽകുന്നു.

58. മറവിയ്ക്ക് സ്വന്തമായി കഴിവൊന്നുമില്ല; എന്നാൽ നമ്മുടെ അവഗണനയ്ക്കനുസരിച്ച് അതു കരുത്തു നേടുന്നു.

www.malankaralibrary.com

59.'എനിക്കെന്തു ചെയ്യാനാകും? മറവിയുണ്ടാകണമെന്നു ഞാൻ ആഗ്രഹിക്കുന്നതല്ല. അങ്ങനെ സംഭവിച്ചുപോകുന്നതാണ്' എന്ന് പറയരുത്. കാരണം, ചെയ്യേണ്ടതിനെക്കുറിച്ച് ഓർമ്മിച്ചപ്പോഴും നീ നിന്റെ കർത്തവ്യം നിറവേറ്റിയില്ല.

60. ഓർമ്മിക്കുമ്പോഴൊക്കെ നന്മ ചെയ്യുക; മറന്നുപോകുമ്പോൾ നിങ്ങൾക്ക് അതേപ്പറ്റി ഓർമ്മ ലഭിച്ചുകൊള്ളും. നിങ്ങളുടെ മനസ്സിനെ അന്ധമായ മറവിയ്ക്ക് അടിമയാക്കാതിരിക്കുക.

61. തിരുലിഖിതം ഇപ്രകാരം പറയുന്നു: 'നരകവും വിനാശവും കർത്താവിനറിയാം' (സുഭാ 15:11). ഹൃദയത്തിന്റെ അജ്ഞതയെയും മറവിയെയുമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

62. നരകം അജ്ഞതയാണ്, എന്തെന്നാൽ രണ്ടും ഇരുട്ടാണ്; വിനാശം മറവിയാണ്. എന്തെന്നാൽ, രണ്ടും എല്ലാം നശിപ്പിക്കുന്നു.

63. നിങ്ങളുടെ അയൽക്കാരന്റെ പാപങ്ങളെപ്പറ്റി ചിന്തിക്കുന്നതിനു പകരം നിങ്ങളുടെ പാപങ്ങളെപ്പറ്റി ചിന്തിക്കുക. അങ്ങനെയാണെങ്കിൽ നിങ്ങളുടെ ബുദ്ധിയുടെ പണിശാല കൊള്ളയടിക്കപ്പെടുകയില്ല.

64. നിങ്ങൾക്കു ചെയ്യാൻ കഴിയുന്ന നന്മ ചെയ്യാതിരുന്നാൽ അതിനു മാപ്പു ലഭിക്കുക എളുപ്പമല്ല. എന്നാൽ കാരുണ്യവും പ്രാർത്ഥനയും വീഴ്ച പറ്റിയവനെ വീണ്ടെടുക്കുന്നു.

65. ദൈവത്തെപ്രതി യാതനകൾ സ്വീകരിക്കുന്നത് വിശുദ്ധിയുടെ ഉത്തമമായ പ്രവൃത്തിയാണ്; എന്തെന്നാൽ യഥാർത്ഥ സ്നേഹം വിപത്തുകളാൽ പരിശോധിക്കപ്പെടുന്നു.

66. യാതന സഹിച്ചാലല്ലാതെ നിങ്ങൾ സദ്ഗുണങ്ങൾ നേടിയെന്നു ഭാവിക്കരുത്; എന്തെന്നാൽ യാതന കൂടാതെ സുകൃതം പരിശോധിക്കപ്പെടുന്നില്ല.

67. നിങ്ങൾക്കു ഭവിക്കുന്ന ഓരോ കഷ്ടാനുഭവത്തിന്റെയും പരിണത ഫലത്തെപ്പറ്റി ചിന്തിക്കുക; അതിന്റെ ഫലം പാപനാശമാണെന്നു കണ്ടെത്താൻ നിങ്ങൾക്കു കഴിയും.

68. ഉപദേശം നൽകുന്ന കാര്യത്തിൽ അയൽക്കാർ സ്വതന്ത്രരാണ്, എന്നാൽ നമ്മുടെ സ്വന്തം തീരുമാനമാണ് ഉത്തമം.

www.malankaralibrary.com

69. നിങ്ങൾക്ക് ആത്മീയാരോഗ്യം വേണമെങ്കിൽ മനഃസ്സാക്ഷിയുടെ നിർദ്ദേശങ്ങളെല്ലാം കേട്ട് അനുസരിക്കുക. അതു നിങ്ങൾക്കു പ്രയോജനം ചെയ്യും.

70. ദൈവത്തിനും നമ്മുടെ മനഃസാക്ഷിക്കും നമ്മുടെ എല്ലാ രഹസ്യങ്ങളും അറിയാം. അവർ നമ്മെ തിരുത്തട്ടെ.

70a. വൈമനസ്യത്തോടെ കഷ്ടപ്പെടുന്നവൻ എല്ലാക്കാര്യത്തിലും ദരിദ്രനായിത്തീരുന്നു; എന്നാൽ പ്രത്യാശാപൂർവ്വം കഷ്ടപ്പെടുന്നവ നാകട്ടെ, രണ്ടിരട്ടി സമ്പന്നനായിത്തീരുന്നു.

71. സാധിക്കുന്നിടത്തോളം സ്വന്തം ആഗ്രഹങ്ങൾക്കനുസരിച്ചാണ് ഓരോ മനുഷ്യനും പ്രവർത്തിക്കുന്നത്; എന്നാൽ പ്രവൃത്തിയുടെ ഫലം നീതിപൂർവ്വമായി നിശ്ചയിക്കുന്നതാകട്ടെ, ദൈവവും.

72. മറ്റുള്ളവർ നിങ്ങളെ പുകഴ്ത്തുമ്പോൾ നിങ്ങൾ തെറ്റിൽ അകപ്പെടാതിരിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ആദ്യം നിങ്ങളുടെ പാപ ങ്ങൾക്കുള്ള ശകാരം ഏറ്റുവാങ്ങുക.

73. ക്രിസ്തുവിന്റെ സത്യത്തിനുവേണ്ടി അപമാനം ഏല്ക്കുന്ന ഓരോ പ്രാവശ്യവും ഒരു നൂറുതവണ ഒരുവൻ മറ്റുള്ളവരാൽ പ്രശംസി ക്കപ്പെടുകയാണ് ചെയ്യുന്നത്. എന്നാൽ വരാനിരിക്കുന്ന ജീവിതത്തിന്റെ അനുഗ്രഹത്തിനുവേണ്ടി നന്മ ചെയ്യുന്നതാണുത്തമം.

74. ഒരാൾ മറ്റൊരാളെ വാക്കാലോ പ്രവൃത്തിയാലോ സഹായി ക്കുമ്പോൾ അതിലുള്ള ദൈവകൃപ അവരിരുവരും തിരിച്ചറിയട്ടെ. ഇതു മനസ്സിലാക്കാത്തവൻ അതിനു കഴിയുന്നവന്റെ അധീനതയിലാകും.

75. തന്റെ അയൽക്കാരനെ ആത്മാർത്ഥതയില്ലാതെ പുകഴ്ത്തു ന്നവൻ പിന്നീട് അയാളെ കുറ്റപ്പെടുത്തുകയും സ്വയം അപമാനിതനാവു കയും ചെയ്യും.

76. ശത്രുവിന്റെ ആക്രമണത്തെക്കുറിച്ച് അജ്ഞരായവർ എളുപ്പ ത്തിൽ കൊല്ലപ്പെടുന്നു; വികാരങ്ങളുടെ കാരണമെന്തെന്നറിയാത്തവൻ പൊടുന്നനെ നിലംപതിക്കുന്നു.

77. ഓരോ മനുഷ്യനും തനിക്കു ഗുണകരമായതെന്തെന്നറിയാനുള്ള സിദ്ധി ദൈവം നൽകിയിട്ടുണ്ട്; എന്നാൽ സ്വാർത്ഥത അവഗണനയി ലേക്കും അവഗണന മറവിയിലേക്കും നയിക്കുന്നു.

www.malankaralibrary.com

78. താൻ മനസ്സിലാക്കിയതനുസരിച്ചായിരിക്കും ഓരോ ആളും അയൽക്കാരനെ ഉപദേശിക്കുന്നത്; എന്നാൽ ഉപദേശിക്കപ്പെടുന്ന വന്റെ വിശ്വാസത്തിനനുസരിച്ച് ദൈവം അയാളിൽ പ്രവർത്തിക്കുന്നു.

79. വളരെ വിനീതരായ വിദ്യാവിഹീനരെ ഞാൻ കണ്ടിട്ടുണ്ട്; അവർ ജ്ഞാനികളെക്കാൾ പണ്ഡിതന്മാരായിത്തീർന്നിട്ടുമുണ്ട്.

80. ഇതു കേൾക്കാനിടയായ വിദ്യാവിഹീനനായ ഒരാൾ, അവരുടെ വിനയം അനുകരിക്കുന്നതിനു പകരം, വിദ്യാവിഹീനനായിരിക്കുന്നതിൽ സ്വയം അഹങ്കരിക്കുകയും ഔദ്ധത്യത്തിലേക്കു നിപതിക്കുകയും ചെയ്തു.

81. ജ്ഞാനത്തെ പുച്ഛിക്കുകയും അജ്ഞതയെ പുകഴ്ത്തുകയും ചെയ്യുന്നവൻ സംഭാഷണത്തിൽ മാത്രമല്ല, അറിവിന്റെ കാര്യത്തിലും മൂഢനാണ് (2 കൊരി 11:6).

82. സംഭാഷണചാതുര്യവും ബുദ്ധിപൂർവ്വകമായ തീരുമാനവും വ്യത്യസ്തമാണെന്നതുപോലെ, സംഭാഷണപാടവമില്ലായ്മയും വിഡ്ഢിത്തവും വ്യത്യസ്തമാണ്.

83. യഥാർത്ഥ ഭക്തന് സംഭാഷണപാടവമില്ലായ്മകൊണ്ട് യാതൊരു ദോഷവും സംഭവിക്കുന്നില്ല; വിനയവാനായ ഒരാൾക്ക് സംഭാഷണ പാടവം ദോഷം ചെയ്യുന്നില്ല.

84. 'ശരിയെന്തെന്ന് എനിക്കറിയില്ല. അതിനാൽ അതിൽ വീഴ്ച സംഭവിക്കുമ്പോൾ എന്നെ കുറ്റപ്പെടുത്തരുത്' എന്നു പറയാതിരിക്കുക. എന്തെന്നാൽ, നന്മയെന്നു നിങ്ങൾക്കറിയാവുന്ന പലതും നിങ്ങൾ ചെയ്തുകഴിഞ്ഞെങ്കിൽ ഇനി ചെയ്യാൻപോകുന്നതിനെക്കുറിച്ചും നിങ്ങൾക്ക് അറിവുണ്ട്; നിങ്ങളുടെ വീട്ടിലെ ഒരു മുറിയിൽനിന്നും മറ്റൊരു മുറിയിലേക്കു കടക്കുന്നതുപോലെയാണത്. ആദ്യം ചെയ്യേണ്ടത് ചെയ്യുന്നതിനു മുമ്പു പിന്നീടു ചെയ്യേണ്ടതിനെക്കുറിച്ച് അറിയുന്നതു നല്ലതല്ല. എന്തെന്നാൽ 'പ്രവൃത്തിയില്ലാത്ത അറിവ് നിങ്ങളെ പൊങ്ങച്ചക്കാരനാക്കുന്നു'. 'സ്നേഹമാകട്ടെ നിങ്ങളെ പടുത്തുയർത്തുന്നു' എന്തെന്നാൽ അത് 'എല്ലാം ക്ഷമയോടെ സ്വീകരിക്കുന്നു' (1 കൊരി 8:1; 13:7).

www.malankaralibrary.com

85. വിശുദ്ധഗ്രന്ഥത്തിലെ വചനങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിലൂടെ ഉൾക്കൊള്ളുക; അവയെപ്പറ്റി താത്ത്വികമായി മാത്രം പ്രസംഗിച്ചു നിങ്ങൾ നിങ്ങളെത്തന്നെ ആത്മവഞ്ചനയിൽ ഉൾപ്പെടുത്തുകയല്ല വേണ്ടത്.

86. പ്രവൃത്തിയെ അവഗണിച്ച് താത്ത്വികമായ അറിവിനെ ആശ്രയിക്കുന്നവൻ ഇരുതലവാളിനു പകരം പുൽത്തണ്ടായിരിക്കും ആയുധമായി സ്വീകരിക്കുക. അയാൾക്ക് യുദ്ധരംഗത്ത് ശത്രുക്കളെ നേരിടേണ്ടിവരുമ്പോൾ പുൽത്തണ്ട് അയാളുടെ കൈയിൽത്തന്നെ തറച്ചു കയറും (2 രാജാ 18:21). പുൽത്തണ്ടിലെ വിഷം അയാളുടെ ദേഹത്ത് കലരുകയും ചെയ്യും.

87. ദൈവദൃഷ്ടിയിൽ ഓരോ ചിന്തയ്ക്കും അതിന്റേതായ ഭാരവും പരിണാമവുമുണ്ട്. എന്തെന്നാൽ, ഒരേ കാര്യത്തെക്കുറിച്ച് വികാരപരതയോടുകൂടിയോ വസ്തുനിഷ്ഠമായോ നമുക്കു ചിന്തിക്കാൻ കഴിയും.

88. ഒരു കല്പന നിറവേറ്റിക്കഴിഞ്ഞശേഷവും നിങ്ങൾ പ്രലോഭിപ്പിക്കപ്പെടുമെന്നു മനസ്സിലാക്കുക. എന്തെന്നാൽ, പ്രതികൂല സാഹചര്യങ്ങളിലാണ് ക്രിസ്തുവിന്റെ സ്നേഹത്തിന്റെ മാറ്റു തെളിയിക്കപ്പെടുന്നത്.

89. നിങ്ങളുടെ ചിന്തകളെ ഒരിക്കലും നിസ്സാരമായി കാണരുത്; എന്തെന്നാൽ അവയിലൊന്നുപോലും ദൈവത്തിന്റെ ശ്രദ്ധയിൽപ്പെടാതെ പോകുന്നില്ല.

90. മനുഷ്യരുടെ പ്രശംസ അന്വേഷിക്കാൻ നിങ്ങളെ നിർദ്ദേശിക്കുന്ന ചിന്ത നിങ്ങളിൽ ഉള്ളതായി കാണുമ്പോൾ അത് ഉറപ്പായും നിങ്ങളെ അപമാനത്തിലേക്കു നയിക്കുമെന്ന് അറിഞ്ഞുകൊള്ളുക.

91. ആത്മീയനിയമത്തിന്റെ നീതി എപ്രകാരമാണ് പ്രയോഗയോഗ്യമാകുന്നതെന്ന് അറിഞ്ഞുകൊണ്ട് ശത്രു നമ്മുടെ മനസ്സിന്റെ സമ്മതഭാവത്തെയാണ് അന്വേഷിക്കുന്നത്. അത് ലഭിച്ചശേഷം അവൻ പശ്ചാത്താപത്തിന്റെ ക്ലേശത്തിനു നമ്മെ വിധേയരാക്കും. എന്നാൽ നാം പശ്ചാത്തപിക്കുന്നില്ലെങ്കിൽ, നമ്മുടെ ശക്തിക്കതീതമായ ദൗർഭാഗ്യങ്ങൾകൊണ്ട് അവൻ നമ്മെ പീഡിപ്പിക്കും. ചിലപ്പോൾ നമ്മുടെ പീഡനം ഒന്നുകൂടി വർദ്ധിപ്പിക്കാൻവേണ്ടി ദൗർഭാഗ്യങ്ങളെ എതിർക്കാൻ അവൻ നമ്മെ പ്രേരിപ്പിക്കും. ഒടുവിൽ നമ്മുടെ മരണ

www.malankaralibrary.com

സമയത്ത് ക്ഷമയില്ലാത്ത ഈ ചെറുത്തുനില്പിനെ അവൻ നമ്മുടെ വിശ്വാസമില്ലായ്മയ്ക്കുള്ള തെളിവായി ചൂണ്ടിക്കാണിച്ചെന്നും വരാം.

92. സാഹചര്യങ്ങൾക്കെതിരെ ധാരാളമാളുകൾ വ്യത്യസ്ത മാർഗ്ഗങ്ങളുപയോഗിച്ച് പൊരുതിയിട്ടുണ്ട്. എന്നാൽ പ്രാർത്ഥനയും പശ്ചാത്താപവുമില്ലാതെ ഒരാൾക്കും തിന്മയിൽനിന്നു രക്ഷപ്പെടാൻ കഴിഞ്ഞിട്ടില്ല.

93. തിന്മകൾ പരസ്പരം ബലപ്പെടുത്തുന്നു; കൂടുതൽ പ്രയത്ന ത്തിന് നമ്മെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ നന്മയും അതുതന്നെ ചെയ്യുന്നു.

94. സാത്താൻ നമ്മിലെ ചെറിയ പാപങ്ങളെ നിസ്സാരമായി തള്ളിക്കളയുന്നു; അല്ലെങ്കിൽ വലിയ പാപങ്ങളിലേക്ക് അവനു നമ്മെ നയിക്കാൻ കഴിയുകയില്ല.

95. മറ്റുള്ളവരുടെ പ്രശംസ പാപകരമായ ആഗ്രഹം ജനിപ്പിക്കുന്നു; എന്നാൽ ദുർമാർഗ്ഗങ്ങളെക്കുറിച്ചുള്ള അവരുടെ ശകാരമാകട്ടെ, ശ്രവിക്കപ്പെടുന്നതോടൊപ്പം സ്വീകരിക്കപ്പെടുകയും ചെയ്താൽ ആത്മസംയമനം ഉളവാക്കുന്നു.

96. ഭോഗാസക്തനായ ഒരു സന്ന്യാസി ഭൗതികജീവിതം ഉപേക്ഷിക്കുന്നതിലൂടെ ഒന്നും നേടുന്നില്ല. എന്തെന്നാൽ സ്വത്തുക്കൾ ഉണ്ടായിരുന്നപ്പോൾ ചെയ്തിരുന്നതെന്തോ അതുതന്നെയാണ് സ്വത്തുക്കൾ ഇല്ലാത്തപ്പോഴും അയാൾ ചെയ്തുകൊണ്ടിരിക്കുന്നത്.

97. ആത്മനിയന്ത്രണമുള്ള ഒരുവൻ സ്വത്തുക്കളോട് മമതപുലർത്തു കയാണെങ്കിൽ, അയാളും ആത്മീയമായി മേല്പറഞ്ഞ സന്ന്യാസിയുടെ സഹോദരൻ തന്നെ; എന്തെന്നാൽ, വ്യത്യസ്ത വികാരങ്ങളാണ് ഇവർക്ക് ഉള്ളത് എന്നതിനാൽ ഇരുവരുടെയും പിതാവ് വ്യത്യസ്തനാ ണെങ്കിലും, മാതാവ് ഒരാൾ തന്നെ. കാരണം രണ്ടുപേരും സന്തോഷം കാണുന്നത് ഒരേ കാര്യത്തിൽത്തന്നെയാണല്ലോ.

98. ചിലപ്പോൾ കൂടുതൽ ഭൗതികതയിൽ ആഴുന്നതിനുവേണ്ടി യാകാം ഒരാൾ വികാരങ്ങളെ വിച്ഛേദിക്കുന്നത്; അവന്റെ ലക്ഷ്യം മനസ്സി ലാക്കാതെ മറ്റുള്ളവർ അയാളെ പ്രശംസിച്ചെന്നുംവരാം. ഒരുപക്ഷേ, അയാൾ പോലും തന്റെ യഥാർത്ഥ ഉദ്ദേശ്യത്തെക്കുറിച്ച് ബോധവാനാ യിരിക്കില്ല; തന്മൂലം അയാളുടെ പ്രവൃത്തി സ്വയം തോല്പിക്കലാണ്.

www.malankaralibrary.com

99. എല്ലാ തിന്മയുടെയും കാരണം ആത്മപ്രശംസയും വിഷയാസക്തിയുമാണ്. ഇവ രണ്ടിനെയും വെറുക്കാതെ നിങ്ങൾക്കു വികാരങ്ങളെ കീഴടക്കാനാവില്ല.

100. 'അത്യാഗ്രഹമാണ് എല്ലാ തിന്മയുടെയും മൂലകാരണം' (1 തിമോ 6:10); എന്നാൽ അത്യാഗ്രഹം മേല്പറഞ്ഞ രണ്ടു ദൂഷ്യങ്ങളുടെയും അനന്തരഫലം മാത്രമാണ്.

101. ദുരാഗ്രഹം, ആത്മപ്രശംസ, വിഷയസുഖം എന്നീ മൂന്നു വികാരങ്ങളാൽ മനസ്സ് അന്ധമായിത്തീരുന്നു.

102. ഈ മൂന്നു ദുർഗുണങ്ങളെയും രക്തം കുടിക്കുന്നവന്റെ പുത്രിമാർ എന്നാണ് തിരുലിഖിതം വിളിക്കുന്നത്. തങ്ങളുടെ മാതാവായ വിഡ്ഢിത്തത്താൽ ഏറെ സ്നേഹിക്കപ്പെടുന്നവരാണവർ (സുഭാ 30:15).

103. ഈ മൂന്നു വികാരങ്ങളും അവയുടെ ശുഷ്ക്കമായ ആത്മീയ ജ്ഞാനവും വിശ്വാസവും മൂലം നമ്മുടെ പ്രകൃതത്തിന്റെ വളർത്തു സഹോദരന്മാരായിത്തീരുന്നു.

104. കോപം, വെറുപ്പ്, യുദ്ധം, കൊല തുടങ്ങിയ എല്ലാ തിന്മകളും മനുഷ്യന്റെ മേൽ സ്വാധീനം നേടുന്നതിനുള്ള കാരണവും ഇവതന്നെയാണ്.

105. ദുരാഗ്രഹം, ആത്മപ്രശംസ, വിഷയാസക്തി എന്നിവയെ തിന്മയുടെ മാതാക്കളും നന്മകളുടെ രണ്ടാനമ്മയുമെന്ന നിലയിൽ നാം വെറുക്കണം.

106. 'ലോകത്തെയും' 'ലൗകികവസ്തുക്കളെയും' നാം സ്നേഹിക്കരുതെന്നു പറയാൻ കാരണമിതാണ് (1 യോഹ 2:15), വിവേകക്കുറവു മൂലം ദൈവസൃഷ്ടികളെ വെറുക്കണമെന്നല്ല ഇതിനർത്ഥം. ഈ മൂന്നു വികാരങ്ങൾക്കുമുള്ള അവസരങ്ങൾ ഒഴിവാക്കണമെന്നാണ്.

107. ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: 'യുദ്ധത്തിനു പോകുന്ന സൈനികൻ ലൗകികവിഷയങ്ങളിൽ മുഴുകാറില്ല' (2 തിമോ 2:4); എന്തെന്നാൽ ഈവക വികാരങ്ങളെ കീഴടക്കാൻ ആഗ്രഹിക്കുന്ന ഒരുവൻ അവയുടെ കെണിയിൽ പെട്ടാൽ അവൻ ആളിക്കത്തുന്ന തീയെ വൈക്കോൽകൊണ്ട് അണയ്ക്കാൻ ശ്രമിക്കുന്നവനെപോലെയായിരിക്കും പ്രവർത്തിക്കുന്നത്.

www.malankaralibrary.com

108. പണം, പ്രശസ്തി, സുഖങ്ങൾ എന്നിവയ്ക്കുവേണ്ടി ഒരുവൻ തന്റെ അയൽക്കാരനോട് കലഹിക്കുമ്പോൾ, ദൈവം നീതിയോടെ യാണ് എല്ലാം ക്രമീകരിക്കുന്നതെന്ന് അവൻ മനസ്സിലാക്കുന്നില്ല.

109. തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാത്തവൻ 'എനിക്കു യോഗ്യനല്ല' (മത്താ 10:37) എന്ന് കർത്താവ് പറയുന്നതു നിങ്ങൾ കേൾക്കുമ്പോൾ പണത്തെ മാത്രമല്ല എല്ലാത്തരത്തിലുമുള്ള ദുഷ്കൃത്യങ്ങളെയുമാണ് അവിടുന്ന് അർത്ഥമാക്കുന്നത്.

110. സത്യമറിയാത്തവന് യഥാർത്ഥ വിശ്വാസമുണ്ടായിരിക്കു കയില്ല; എന്തെന്നാൽ വിശ്വാസത്തിനു മുമ്പാണ് സ്വാഭാവികമായും ജ്ഞാനം ഉണ്ടാകുന്നത്.

111. ദൃശ്യമായവക്കെല്ലാം അനുയോജ്യമായത് എന്തൊക്കെയോ അതെല്ലാം നല്കിയ ദൈവം, നാം ആഗ്രഹിച്ചാലും ഇല്ലെങ്കിലും മാനുഷിക ചിന്തകളുടെ കാര്യത്തിലും അതുതന്നെ ചെയ്യുന്നു.

112. വ്യക്തമായും പാപിയായ ഒരുവൻ പശ്ചാത്തപിക്കുന്നില്ലെങ്കിൽ യാതന അനുഭവിക്കാതെയാണ് മരിക്കുന്നതെങ്കിൽ, തീർച്ചയായും വിധി ദിനത്തിൽ അയാൾക്ക് തെല്ലും കാരുണ്യം ലഭിക്കുകയില്ല എന്ന് നിങ്ങൾക്ക് ഉറപ്പാക്കാവുന്നതാണ്.

113. ഗ്രഹണശക്തിയോടെ പ്രാർത്ഥിക്കുന്നവൻ ഏതു സാഹചര്യ ത്തെയും ക്ഷമയോടെ സ്വീകരിക്കുന്നു; അവയെ നീരസത്തോടെ വീക്ഷിക്കുന്നവൻ ശുദ്ധമായ പ്രാർത്ഥന സ്വായത്തമാക്കിയിട്ടില്ല.

114. ആരാലെങ്കിലും ഉപദ്രവിക്കപ്പെടുകയോ, അപമാനിക്കപ്പെടു കയോ, ശിക്ഷിക്കപ്പെടുകയോ ചെയ്യുമ്പോൾ വർത്തമാനകാലത്തെ ക്കുറിച്ച് ആലോചിക്കാതെ ഭാവിക്കുവേണ്ടി കാത്തിരിക്കുക. എന്തെ ന്നാൽ, നിങ്ങൾക്ക് ഉപദ്രവം ചെയ്ത ആൾ ഈ ജീവിതത്തിൽ മാത്രമല്ല വരാൻ പോകുന്ന ജീവിതത്തിലും ഏറെ നന്മയാണ് തരുന്നതെന്ന് അപ്പോൾ നിങ്ങൾ ഗ്രഹിക്കും.

115. വിശപ്പില്ലായ്മയ്ക്ക് അബ്സിൻസിന്റെ (പാനീയത്തിന് കയ്പു കിട്ടുവാൻ വേണ്ടി ചേർക്കുന്ന ഒരുതരം സുഗന്ധവ്യഞ്ജനം) കയ്പ് പരിഹാരമാണെന്നതുപോലെ യാതനകൾ ഹീനമായ സ്വഭാവത്തിന് പരിഹാരമാകുന്നു. എന്തെന്നാൽ, ആദ്യത്തേത് ശാരീരികാവസ്ഥയ്ക്ക് പ്രയോജനകരമാകുമ്പോൾ രണ്ടാമത്തേത് പശ്ചാത്താപത്തിലേക്കു നയിക്കുന്നതാണ്.

www.malankaralibrary.com

116. നിങ്ങൾ തിന്മയുടെ ദൂഷ്യഫലം അനുഭവിക്കാൻ തയ്യാറ ല്ലെങ്കിൽ മറ്റുള്ളവർക്കതു നല്കാതിരിക്കുക. കാരണം തിന്മയുടെ ദൂഷ്യഫലം തടയാനാവാത്തവിധത്തിൽ മറ്റുള്ളവരിലേക്കും വ്യാപിക്കും. 'എന്തെന്നാൽ, ഒരു മനുഷ്യൻ എന്തു വിതയ്ക്കുന്നുവോ അതുതന്നെയായിരിക്കും അയാൾ കൊയ്യുന്നത്' (ഗലാ 6:7).

117. നാം മനഃപൂർവ്വം വിതച്ച തിന്മ വിമുഖതയോടെ കൊയ്യേണ്ടി വരുമ്പോൾ നാം ദൈവനീതിയെക്കുറിച്ച് അത്ഭുതപ്പെടണം.

118. വിതയ്ക്കും കൊയ്ത്തിനും ഇടയിൽ സമയത്തിന്റെ ഒരിട വേളയുള്ളതിനാൽ, വിതച്ചതു കൊയ്യേണ്ടിവരില്ലെന്നു നാം കരുതുന്നു.

119. പാപം ചെയ്യുമ്പോൾ സ്വന്തം പ്രവൃത്തിയെയല്ല, ചിന്തയെയാണ് കുറ്റപ്പെടുത്തേണ്ടത്. എന്തെന്നാൽ നിങ്ങളുടെ മനസ്സ് മുമ്പേ ഓടിയി ല്ലായിരുന്നെങ്കിൽ ശരീരം അതിന്റെ പിന്നാലെ പോകുമായിരുന്നില്ല.

120. രഹസ്യപാപി പരസ്യമായി തിന്മ ചെയ്യുന്നവനെക്കാൾ നികൃഷ്ടനാണ്; കൂടുതൽ കഠിനമായ ശിക്ഷയായിരിക്കും അയാൾക്കു ലഭിക്കുന്നതും.

121. 'രഹസ്യമായി ദ്രോഹംചെയ്യുന്ന ചതിയൻ വഴിയരികിൽ പതുങ്ങിക്കിടന്ന് കുതിരയുടെ കാലിൽ കൊത്തുന്ന പാമ്പാണ്' (ഉത്പ 49:17).

122. നിങ്ങളുടെ അയൽക്കാരനെക്കുറിച്ച് ഒരാളോട് പുകഴ്ത്തി പറയു കയും മറ്റൊരുവനോട് വിമർശിച്ചു പറയുകയും ചെയ്യുകയാണെങ്കിൽ, നിങ്ങൾ ആത്മപ്രശംസയുടെയും അസൂയയുടെയും അടിമയാണ്. പുകഴ്ത്തുന്നതിലൂടെ നിങ്ങളുടെ അസൂയ മറച്ചുവയ്ക്കാൻ ശ്രമിക്കു കയും വിമർശനത്തിലൂടെ അയൽക്കാരനെക്കാൾ മെച്ചപ്പെട്ടവനെന്ന് പരോക്ഷമായി സ്വയം പ്രശംസിക്കുകയുമാണ് നിങ്ങൾ ചെയ്യുന്നത്.

123. ആട്ടിൻപറ്റത്തിനും ചെന്നായ്ക്കൾക്കും ഒരുമിച്ച് മേയാൻ സാധിക്കുകയില്ലാത്തതുപോലെ, ഒരു മനുഷ്യന് അവൻ തന്റെ അയൽ ക്കാരനെ ചതിക്കുകയാണെങ്കിൽ കാരുണ്യം നേടാൻ കഴിയുകയില്ല.

124. തന്റെ സ്വാർത്ഥപരമായ ആഗ്രഹങ്ങളെയും ആത്മീയ വിശ്വാസത്തെയും രഹസ്യമായി കൂട്ടിക്കലർത്തുന്നവൻ വ്യഭിചാരിയാ ണെന്ന് സുഭാഷിതങ്ങളിൽ കാണാം (സുഭാ 6:32,33); ഈ വിഡ്ഢിത്തം മൂലം അയാൾക്ക് വേദനയും അപമാനവും സഹിക്കേണ്ടിയും വരുന്നു.

www.malankaralibrary.com

125. വെള്ളവും തീയും കൂട്ടിക്കലർത്താൻ സാധിക്കാത്തതുപോലെ സ്വയം ന്യായീകരിക്കലും എളിമയും പരസ്പരം പുറംതള്ളുന്നു.

126. തന്റെ പാപങ്ങൾക്ക് മോചനം തേടുന്നവൻ എളിമയെ സ്നേഹിക്കുന്നു; എന്നാൽ മറ്റൊരാളെ കുറ്റം വിധിക്കുന്നതിലൂടെ അയാൾ സ്വന്തം ദുഷ്ടതയെ മുദ്രവയ്ക്കുകയാണ് ചെയ്യുന്നത്.

127. എത്ര ചെറുതായാലും ഒരു ദുഷ്യത്തെപ്പോലും മായ്ച്ചു കളയാതിരിക്കരുത്; എന്തെന്നാൽ ചെറിയ തിന്മകൾ നിങ്ങളെ വലിയ പാപങ്ങളിലേക്ക് നയിച്ചെന്നുവരാം.

128. രക്ഷിക്കപ്പെടണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ സത്യമായ വാക്കുകളെ സ്വാഗതം ചെയ്യുകയും വിമർശനത്തെ ചിന്താശൂന്യമായി തള്ളിക്കളയാതിരിക്കുകയും ചെയ്യുക.

129. സത്യവചനങ്ങൾ 'അണലികളുടെ സന്താനങ്ങളെ' മാനസാന്തരപ്പെടുത്തുകയും 'ആസന്നമായ ക്രോധത്തിൽനിന്ന് ഓടിയകലാൻ' അവർക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തു (മത്താ 3:7).

130. 'സത്യവചനങ്ങൾ സ്വീകരിക്കുക എന്നതിനർത്ഥം, ദൈവവചനം സ്വീകരിക്കുക എന്നതുതന്നെയാണ്; എന്തെന്നാൽ അവൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു' (മത്താ 10:40).

131. തളർവാതരോഗിയെ മേൽക്കൂരയിലൂടെ താഴേക്ക് ഇറക്കിയത് (മർക്കോ 2:4) സൂചിപ്പിക്കുന്നത് ദൈവനാമത്തിൽ വിശ്വാസികളാൽ ശാസിക്കപ്പെടുന്ന ഒരു പാപിയ്ക്ക് അവരുടെ വിശ്വാസം നിമിത്തം പാപമോചനം സ്വീകരിക്കാൻ സാധിക്കുന്നു എന്നാണ്.

132. നിങ്ങളുടെ അയൽക്കാരൻ ഓരോ തവണ പാപം ചെയ്യുമ്പോഴും അയാളെ ശകാരിക്കുന്നതിലും ഭേദം അയാൾക്കുവേണ്ടി ഭക്തിപുരസ്സരം പ്രാർത്ഥിക്കുന്നതാണ്.

133. യഥാർത്ഥത്തിൽ പശ്ചാത്തപിക്കുന്നവനെ വിഡ്ഢികൾ പരിഹസിച്ചെന്നുവരും. ദൈവം അയാളുടെ പശ്ചാത്താപം സ്വീകരിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണത്.

134. ആത്മീയയുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവർ എല്ലാ കാര്യത്തിലും ആത്മനിയന്ത്രണം പാലിക്കും; 'ബാബിലോണിന്റെ മുഴുവൻ വിത്തുകളെയും' ദൈവം നശിപ്പിക്കുന്നതുവരെ അവർ പോരാട്ടത്തിൽ നിന്നു പിൻതിരിയുകയില്ല (യിര 27:16).

www.malankaralibrary.com

135. അപമാനകരമായ പന്ത്രണ്ടു വികാരങ്ങളുണ്ടെന്നിരിക്കട്ടെ. അവയിൽ ഏതെങ്കിലുമൊന്നിൽ മുഴുകുന്നത് എല്ലാത്തിലും മുഴുകുന്നതിനു തുല്യമാണ്.

136. പാപം ആളിക്കത്തുന്ന തീയാണ്. നിങ്ങൾ അതിലേക്ക് എത്ര കുറച്ച് ഇന്ധനം നല്കുന്നുവോ അത്രയും പെട്ടെന്ന് അത് അണഞ്ഞു പോകുന്നു. കൂടുതൽ ഇന്ധനം നല്കിയാൽ കൂടുതൽ ആളിക്കത്തുന്നു.

137. പ്രശംസയാൽ ഉയർത്തപ്പെടുമ്പോൾ, തൊട്ടുപിന്നാലെ അപമാനവുമുണ്ടെന്നു മനസ്സിലാക്കുക; എന്തെന്നാൽ, 'സ്വയം പുകഴ്ത്തുന്നവൻ താഴ്ത്തപ്പെടും' എന്നാണു പറഞ്ഞിരിക്കുന്നത് (ലൂക്കോ 14:11).

138. മനസ്സ് ബോധപൂർവ്വം ചെയ്യുന്ന പാപങ്ങളിൽനിന്നു നാം മോചനം നേടിക്കഴിഞ്ഞാൽ അതിലേക്കുള്ള ആസക്തിയുടെ ഫലമായ വികാരങ്ങൾക്കെതിരെ നാം പോരാടണം.

139. ഓർമ്മയിൽ അവശേഷിക്കുന്ന മുൻകാല പാപങ്ങളുടെ അബോധപൂർവ്വമായ സാന്നിധ്യത്തിൽനിന്നാണ് ആസക്തികളുടെ അങ്കുരം. യഥാർത്ഥ പോരാട്ടത്തിന്റെ സമയത്ത്, ഇവ വികാരങ്ങളായി വളരാതെ നാം ശ്രദ്ധിക്കുന്നു; എന്നാൽ യുദ്ധം വിജയിച്ചുകഴിഞ്ഞാൽ ഇതിനെ നാം അവഗണിക്കുകയാണ് ചെയ്യുന്നത്, അതൊരു പ്രേരണയായി അപ്പോഴും തുടർന്നുകൊണ്ടിരിക്കും.

140. പ്രകോപനം രൂപരഹിതമായ ഒരു ഹൃദയചേഷ്ടയാണ്. ഒരു മലമ്പാതയെ എന്നപോലെ പരിചയസമ്പന്നർ ശത്രുവിന്റെ ആക്രമണത്തിനു മുമ്പേ അതിനെ നിയന്ത്രണത്തിലാക്കുന്നു.

141. ചിന്തകളോടൊപ്പം ചിത്രങ്ങളും ഉള്ളിലേക്കു കടന്നുവരുന്നുണ്ടെങ്കിൽ, നാം അവയ്ക്ക് അനുമതി കൊടുത്തിരിക്കുന്നു എന്നാണർത്ഥം. എന്തെന്നാൽ മനസ്സിൽ രൂപമായി വരാത്തിടത്തോളം, പ്രകോപനം പാപമായി വളരുന്നില്ല. 'തീയിൽനിന്നു വലിച്ചെടുക്കപ്പെട്ട ഒരു കൊള്ളിയെന്നതുപോലെ' (സഖ 3:2) ചില ആളുകൾ ഇത്തരം ചിന്തകളിൽനിന്ന് ഓടിയൊളിക്കുന്നു; എന്നാൽ മറ്റുചിലരാകട്ടെ അതിനോടു കളിച്ച് പൊള്ളലേല്ക്കുന്നു.

142. 'ഞാൻ അതാഗ്രഹിക്കുന്നില്ല, എങ്കിലും അങ്ങനെ സംഭവിച്ചു പോകുന്നു' എന്നു പറയാതിരിക്കുക. എന്തെന്നാൽ, അതു നിങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിലും അതിനു കാരണമായതിനെ നിങ്ങൾ സ്വാഗതം ചെയ്യുന്നുണ്ട്.

www.malankaralibrary.com

143. പ്രശംസ ആഗ്രഹിക്കുന്നവൻ വികാരങ്ങളിൽ നിമഗ്നനാണ്. കഷ്ടപ്പാടുകളെക്കുറിച്ചോർത്ത് വിലപിക്കുന്നവൻ വിഷയസുഖങ്ങളിൽ തല്പരനും.

144. ഭോഗാസക്തനായ മനുഷ്യന്റെ ചിന്തകൾ ത്രാസിന്റെ തട്ടുകൾപോലെ ചലിച്ചുകൊണ്ടിരിക്കുന്നു; ചിലപ്പോൾ അയാൾ തന്റെ പാപങ്ങളെക്കുറിച്ചോർത്ത് വിലപിക്കുകയും കരയുകയും മറ്റു ചിലപ്പോൾ തന്റെ വിഷയസുഖങ്ങളെ ന്യായീകരിച്ചുകൊണ്ട് അയൽക്കാരനോട് പോരാടുകയും തർക്കിക്കുകയും ചെയ്യുന്നു.

145. എല്ലാറ്റിനെയും പരീക്ഷിച്ചറിയുകയും 'നല്ലവയെ മാത്രം മുറുകെ പിടിക്കുകയും' (1 തെസ 5:21) ചെയ്യുന്ന ഒരുവൻ കാലക്രമേണ എല്ലാ തിന്മയിൽനിന്നും അകന്നുമാറി നിൽക്കും.

146. 'ക്ഷമാശീലനായ ഒരുവന് കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നു' (സുഭാ 14:29); അതേപോലെ വിജ്ഞാനത്തിനു കാതോർക്കുന്നവനും.

147. ദൈവസ്മരണ കൂടാതെ യഥാർത്ഥ ജ്ഞാനമില്ല, തെറ്റായവ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

148. അഗാധമായ ആത്മീയജ്ഞാനം കഠിനഹൃദയന് പ്രയോജനം ചെയ്യും. എന്തെന്നാൽ, ഭയമില്ലെങ്കിൽ അയാൾ പശ്ചാത്താപത്തിന്റെ ക്ലേശം സ്വീകരിക്കാൻ തയ്യാറാവുകയില്ല.

149. പാരമ്പര്യത്തെ ചോദ്യം ചെയ്യാതെ സ്വീകരിക്കുന്നത് സൗമ്യനായ ഒരുവന് പ്രയോജനം ചെയ്യും; തന്മൂലം അയാൾ ദൈവത്തിന്റെ ക്ഷമയെ പരീക്ഷിക്കുകയോ പാപത്തിലേക്ക് വീഴുകയോ ചെയ്യില്ല.

150. അഹങ്കാരിയായ ഒരുവനെ അവന്റെ അഹംഭാവത്തിന്റെ പേരിൽ ശകാരിക്കരുത്; മറിച്ച് അപമാനമെന്ന അപകടത്തെക്കുറിച്ച് അയാളെ ഓർമ്മിപ്പിക്കുക. സാമാന്യബോധമുള്ളവനാണെങ്കിൽ അയാൾ ഇത്തരത്തിലുള്ള ശകാരം സ്വീകരിക്കും.

151. നിങ്ങൾ ശകാരം കേൾക്കാൻ ഇഷ്ടപ്പെടുന്നില്ലെങ്കിൽ അതിനർത്ഥം, നിങ്ങളെ ഭരിക്കുന്ന വികാരങ്ങളെ നിങ്ങൾതന്നെ സ്വയം തിരഞ്ഞെടുത്തതാണെന്നാണ്. മറിച്ച്, നിങ്ങൾ ശകാരത്തെ സ്വാഗതം ചെയ്യുന്നുവെങ്കിൽ, വികാരങ്ങൾ നിങ്ങളിൽത്തന്നെ നിലനിൽക്കുന്ന പ്രേരണകളുടെ പ്രതിഫലനമാണെന്നർത്ഥം.

www.malankaralibrary.com

152. മറ്റുള്ളവരുടെ പാപങ്ങളെക്കുറിച്ചുള്ള സംഭാഷണങ്ങൾ ശ്രദ്ധിക്കരുത്. അതു ശ്രദ്ധിക്കുന്നതിലൂടെ ഈ പാപചിത്രങ്ങൾ നിങ്ങളുടെ മനസ്സിൽ പതിയുന്നു.

153. തിന്മനിറഞ്ഞ സംഭാഷണം കേൾക്കാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുവെങ്കിൽ, സംസാരിക്കുന്നവരോടല്ല, മറിച്ച് നിങ്ങളോടുതന്നെ കോപിക്കുക. പാപകരമായ രീതിയിലുള്ള ശ്രവണം സന്ദേശകനെയും പ്രത്യക്ഷത്തിൽ പാപിയാക്കിത്തീർക്കുന്നു.

154. അലസമായി പരദൂഷണം നടത്തുന്ന ആളുകളെ കണ്ടുമുട്ടുമ്പോൾ, അവരുടെ സംഭാഷണത്തിന് നിങ്ങളാണ് കാരണക്കാരൻ എന്നു കരുതുക; ഒന്നുകിൽ അടുത്തകാലത്ത്, അല്ലെങ്കിൽ മുമ്പെന്നോ നിങ്ങളിൽനിന്നുമുണ്ടായ വീഴ്ചയാവാം അതിനു കാരണം.

155. ആരെങ്കിലും നിങ്ങളെ കപടമായി പ്രശംസിച്ചാൽ, താമസിയാതെ അയാൾ നിങ്ങളെക്കുറിച്ച് ദുഷിച്ച് സംസാരിക്കും എന്നു മനസ്സിലാക്കുക.

156. വരാൻപോകുന്ന അനുഗ്രഹങ്ങളെപ്രതി ഇപ്പോഴുള്ള വേദനകൾ സഹിക്കുക; അങ്ങനെയാണെങ്കിൽ നിങ്ങളുടെ പോരാട്ടത്തിൽ നിങ്ങളൊരിക്കലും തളർന്നുപോകയില്ല.

157. നിങ്ങളുടെ ശാരീരികാവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുന്നവനെ ദൈവത്തെ മാറ്റിനിർത്തിയിട്ട് അവന്റെ സ്വന്തം നീതിയെ പ്രതി അവനെ നല്ലവനെന്നു നിങ്ങൾ പ്രശംസിക്കുകയാണെങ്കിൽ അയാളെ ഒരു ദുഷ്ടനായിട്ട് ഭാവിയിൽ നിങ്ങൾ കണ്ടേക്കാം.

158. എല്ലാ നല്ല കാര്യങ്ങളും ദൈവത്തിന്റെ പരിപാലനയാലാണ് വരുന്നത്; അവ നിങ്ങൾക്ക് എത്തിച്ചുതരുന്നവരാകട്ടെ നന്മയുടെ പരിചാരകരും.

159. നന്മതിന്മകളുടെ സമ്മിശ്രതയെ സമചിത്തതയോടെ സ്വീകരിക്കുക; അപ്പോൾ ദൈവം എല്ലാ അനീതികളും പരിഹരിച്ചുതരും.

160. വ്യത്യസ്ത തരത്തിൽപ്പെട്ട നമ്മുടെ ചിന്തകളാണ് നമ്മുടെ അവസ്ഥയ്ക്ക് മാറ്റങ്ങൾ വരുത്തുന്നത്. എന്തെന്നാൽ പലപ്പോഴും നമുക്ക് നിശ്ചയിക്കാനാവാത്ത അനന്തരഫലങ്ങളാവും ദൈവം നമ്മുടെ മനഃപൂർവ്വമുള്ള ചിന്തകൾക്കു നല്കുന്നത്.

www.malankaralibrary.com

161. ദൈവനിശ്ചയപ്രകാരം വേണ്ടതെല്ലാം നമുക്കു ലഭ്യമാക്കുന്ന ഇന്ദ്രിയജ്ഞാനത്തിന്റെ ഉറവിടം ബുദ്ധിയാണ്.

162. സുഖലോലുപമായ ഹൃദയത്തിൽനിന്നുമാണ് അനാരോഗ്യ കരമായ ചിന്തകളും വാക്കുകളും പുറപ്പെടുന്നത്; പുക കാണുമ്പോൾ നമുക്ക് മനസ്സിലാകും, തീ കത്താനുപയോഗിച്ച ഇന്ധനമേതെന്ന്.

163. നിങ്ങളുടെ മനസ്സിനെ സംരക്ഷിക്കുക, അപ്പോൾ പ്രലോഭന ങ്ങൾ അതിനെ ഉപദ്രവിക്കുകയില്ല; നിങ്ങൾക്ക് അതിനു കഴിഞ്ഞി ല്ലെങ്കിൽ, ഏതു പരീക്ഷണത്തെയും ക്ഷമാപൂർവ്വം സ്വീകരിക്കുക.

164. പ്രലോഭനങ്ങൾ നിങ്ങളെ ആക്രമിക്കാനിടയാവരുതേ എന്ന് പ്രാർത്ഥിക്കുക; എന്നാൽ അങ്ങനെ സംഭവിക്കുകയാണെങ്കിൽ, അതു നിങ്ങൾ അർഹിക്കാത്തതാണെന്നു കരുതാതെ അർഹിക്കുന്നതാ ണെന്ന വിശ്വാസത്തോടെ സ്വീകരിക്കുക.

165. ദുരാഗ്രഹത്തെ പൂർണ്ണമായും ഒഴിവാക്കുക; അപ്പോൾ നിങ്ങൾക്ക് സാത്താന്റെ കൗശലം മനസ്സിലാക്കാനാകും.

166. തനിക്ക് സാത്താന്റെ സൂത്രവിദ്യകളെല്ലാം മനസ്സിലാകും എന്നു പറയുന്ന ആൾ പലപ്പോഴും അറിയാതെ അവയിൽപെട്ടുപോകുന്നു.

167. നിങ്ങളുടെ മനസ്സ് ശാരീരിക താല്പര്യങ്ങളിൽനിന്നും എത്ര മാത്രം പിൻവാങ്ങുന്നുവോ, അത്രമാത്രം വ്യക്തമായി അതിന് ശത്രു വിന്റെ കൗശലങ്ങളെക്കുറിച്ച് മനസ്സിലാകും.

168. സ്വന്തം ചിന്തകൾക്ക് അടിമയായ ഒരാൾ ആ ചിന്തകളാൽ ത്തന്നെ അന്ധനാക്കപ്പെട്ടിരിക്കുന്നു; പാപത്തിന്റെ പ്രവർത്തനം മനസ്സിലാവുമെങ്കിലും അയാൾക്കതിന്റെ കാരണങ്ങൾ തിരിച്ചറിയാ നാവില്ല.

169. പുറമേക്ക് ഒരുവൻ ദൈവകല്പന നടപ്പിലാക്കുകയാണെന്നു തോന്നിയാലും, വാസ്തവത്തിൽ അയാൾ തന്റെ വികാരങ്ങളെ സേവി ക്കുകയാണ് ചെയ്യുന്നത്. എന്നു മാത്രമല്ല, ദുശ്ചിന്തകളിലൂടെ തന്റെ പ്രവൃത്തിയുടെ സദ്ഫലത്തെയും അയാൾ ഇല്ലായ്മ ചെയ്യുന്നു.

170. ആദ്യമായി നിങ്ങൾ ഏതെങ്കിലും ചീത്തപ്രവൃത്തിയിൽ അക പ്പെടുമ്പോൾ 'ഇതെന്നെ കീഴടക്കുകയില്ല' എന്നു പറയാതിരിക്കുക; കാരണം, ആ പ്രവൃത്തിയിൽ അകപ്പെട്ട നിമിഷത്തിൽതന്നെ നിങ്ങൾ അതിനാൽ കീഴടക്കപ്പെട്ടിരിക്കുകയാണ്.

www.malankaralibrary.com

171. എല്ലാ സംഭവങ്ങളും വളരെ ചെറുതായിട്ടാണ് ആരംഭിക്കുന്നത്; പോഷണം കിട്ടുന്നതിലൂടെയാണ് അത് വളർന്നു വലുതാകുന്നത്.

172. തിന്മ സങ്കീർണ്ണമായ ഒരു വലയാണ്; ഭാഗികമായി അതിൽ കുരുങ്ങിയ ആൾ വേണ്ടത്ര ശ്രദ്ധ പുലർത്തിയില്ലെങ്കിൽ പൂർണ്ണമായും അതിൽ കുടുങ്ങിപ്പോകും.

173. നിങ്ങളുടെ ശത്രുക്കൾക്കു സംഭവിച്ച നിർഭാഗ്യങ്ങളെക്കുറിച്ചു കേൾക്കാൻ താല്പര്യം കാണിക്കരുത്. എന്തെന്നാൽ അത്തരം കാര്യങ്ങൾ കേൾക്കാൻ ഇച്ഛിക്കുന്നയാൾ മറ്റുള്ളവർക്കുവേണ്ടി താൻ ആഗ്രഹിക്കുന്നത് സ്വയം അനുഭവിക്കേണ്ടിവരും.

174. എല്ലാ കഷ്ടാനുഭവങ്ങളും പാപത്തിന്റെ അനന്തരഫലമാണെന്ന് കരുതരുത്. എന്തെന്നാൽ ദൈവഹിതം നിറവേറ്റുന്നവർക്കും പരീക്ഷണങ്ങളുണ്ടാവുന്നുണ്ട്. ദൈവവിശ്വാസമില്ലാത്തവരും തിന്മയുള്ളവരും ശിക്ഷിക്കപ്പെടുമെന്നും (സങ്കീ 37:28), എന്നാൽ അതോടൊപ്പംതന്നെ 'യേശുക്രിസ്തുവിൽ വിശുദ്ധജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരെല്ലാം പീഡിപ്പിക്കപ്പെടും' (2 തിമോ 3:12) എന്നും എഴുതപ്പെട്ടിട്ടുണ്ട്.

175. കഷ്ടാനുഭവത്തിന്റെ സമയത്ത് വിഷയസുഖത്തിനായുള്ള പ്രേരണ പ്രതീക്ഷിച്ചിരിക്കുക. എന്തെന്നാൽ, യാതന കുറയ്ക്കാൻ അവ തൽക്കാലത്തേക്ക് സഹായിക്കുന്നതിനാൽ നാം അവയെ സ്വാഗതം ചെയ്യുന്നു.

176. ഇന്ദ്രിയഗോചരമായ വസ്തുക്കളിൽ വിവേകം പുലർത്തുന്നവരെ ബുദ്ധിമാന്മാരെന്നു വിശേഷിപ്പിക്കാറുണ്ട്. എന്നാൽ യഥാർത്ഥ ബുദ്ധിമാന്മാർ സ്വന്തം ആഗ്രഹങ്ങൾക്കുമേൽ നിയന്ത്രണം പാലിക്കുന്നവരാണ്.

177. തിന്മയെ ഉന്മൂലനം ചെയ്യുന്നതുവരെ നിങ്ങളുടെ ഹൃദയത്തെ അനുസരിക്കരുത്. എന്തെന്നാൽ, എന്താണോ അതിന്റെ ഉള്ളിലുള്ളത്, അതിനേക്കാൾ കൂടിയവയ്ക്കുവേണ്ടി ഹൃദയം വെമ്പൽകൊള്ളും.

178. ചില പാമ്പുകൾ പുറംപ്രദേശങ്ങളിലും മറ്റു ചിലത് വീടുകളിലും വസിക്കുന്നതുപോലെ, ചില വികാരങ്ങൾ നമ്മുടെ ചിന്തകളിലും മറ്റുചിലത് പ്രവൃത്തികളിലും രൂപംകൊള്ളുന്നു. ഒരു രൂപത്തിൽനിന്നു മറ്റൊരു രൂപത്തിലേക്കു മാറാനും അവയ്ക്ക് കഴിയും.

www.malankaralibrary.com

179. ഏതെങ്കിലും ചിന്ത നിങ്ങളെ വല്ലാതെ അലട്ടുകയും നിങ്ങളുടെ മനസ്സിനെ വികാരത്താൽ അലോസരപ്പെടുത്തുകയും ചെയ്യുന്നതു കാണുമ്പോൾ ഒരുകാര്യം മനസ്സിലാക്കുക. ആദ്യമായി ഈ ചിന്തയെ ഉണർത്തിയതും അതിനെ നിങ്ങളുടെ ഹൃദയത്തിൽ എത്തിച്ചതും നിങ്ങളുടെ മനസ്സുതന്നെയാണ്.

180. കാറ്റില്ലാതെ മേഘം രൂപപ്പെടാറില്ലെന്നതുപോലെ ചിന്തകളില്ലാതെ വികാരങ്ങൾ ഉളവെടുക്കുകയില്ല.

181. ശാരീരികാഭിലാഷങ്ങൾ നാം പൂർത്തീകരിക്കാതിരുന്നാൽ ദൈവസഹായത്താൽ നമ്മിലുള്ള തിന്മ എളുപ്പത്തിൽ ഉന്മൂലനം ചെയ്യപ്പെടും.

182. നമ്മുടെ മനസ്സിൽ മുമ്പുതന്നെ രൂപപ്പെട്ടു കഴിഞ്ഞ ചിത്രങ്ങളാണ്, ചിന്തിക്കുന്നതിനിടയിൽ കടന്നുവരുന്നവയെക്കാൾ കൂടുതൽ ഹാനികരവും വഴങ്ങാത്തതും. എന്തെന്നാൽ, ആദ്യം പറഞ്ഞവയാണ് രണ്ടാമത് പറഞ്ഞവയ്ക്ക് കാരണമാകുന്നത്.

183. ഒരുതരത്തിൽപ്പെട്ട തിന്മ ദീർഘകാലമായുള്ള ആസക്തിയുടെ ഫലമായിട്ട് ഹൃദയത്തിൽ കടന്നുകൂടുന്നു. മറ്റൊരുതരത്തിൽപെട്ടത് അനുദിനജീവിതത്തിലെ മാധ്യമങ്ങളിലൂടെ നമ്മുടെ ചിന്തകളെ ആക്രമിക്കുന്നു.

184. നമ്മുടെ ഉദ്ദേശ്യത്തിന് അനുസൃതമായാണ് ദൈവം നമ്മുടെ പ്രവൃത്തിയെ വിലയിരുത്തുന്നത്. 'എന്തെന്നാൽ നിങ്ങളുടെ ഹൃദയത്തിന് യോജിച്ച രീതിയിൽ കർത്താവ് പ്രതിഫലം നല്കുമെന്നാണ് പറയപ്പെട്ടിരിക്കുന്നത് (സങ്കീ 20:4).

185. തന്റെ മനഃസാക്ഷിയെ പരിശോധിക്കുന്നതിൽ ദൃഢനിശ്ചയം പുലർത്താതെ ഒരുവൻ ദൈവത്തെപ്രതി യാതന അനുഭവിക്കാൻ തയ്യാറാവുകയില്ല.

186. പ്രകൃതിയുടെ ഗ്രന്ഥമാണ് മനഃസാക്ഷി. അതിൽ വായിക്കുന്നവ സ്വജീവിതത്തിൽ പകർത്തുന്നവൻ ദൈവസഹായം അനുഭവിക്കുന്നു.

187. സത്യത്തിനുവേണ്ടി യാതന തിരഞ്ഞെടുക്കാത്തവൻ, താൻ തിരഞ്ഞെടുക്കാത്തത് കൂടുതൽ വേദനയോടെ സഹിക്കേണ്ടിവരുന്നു.

188. ദൈവഹിതം അറിഞ്ഞ് തനിക്കു സാധിക്കുന്ന വിധത്തിൽ അതു നിറവേറ്റുന്നവൻ അല്പ സഹനത്തിലൂടെ ഭയങ്കരമായ സഹനങ്ങളിൽ നിന്നു രക്ഷപ്പെടുന്നു.

www.malankaralibrary.com

189. പ്രലോഭനങ്ങളെ പ്രാർത്ഥനയിലൂടെയും ക്ഷമാപൂർവ്വമായ സഹനത്തിലൂടെയും കീഴടക്കാൻ ശ്രമിക്കാത്ത ഒരുവൻ, അവയെ ആട്ടിയോടിക്കുന്നതിനു പകരം അവയുടെ കെണിയിലകപ്പെടുന്നു.

190. ദൈവം തന്റെ കല്പനകളിൽ മറഞ്ഞിരിക്കുന്നു. അവയിലൂടെ ദൈവത്തെ എത്രമാത്രം അന്വേഷിക്കുന്നുവോ അത്രമാത്രം അവിടുത്തെ കണ്ടെത്തും.

191. ഞാൻ കല്പനകളെല്ലാം നിറവേറ്റി, എന്നിട്ടും ദൈവത്തെ കണ്ടെത്തിയില്ല എന്നു പറയാതിരിക്കുക. എന്തെന്നാൽ 'ശരിയായ വഴിയിലൂടെ ദൈവത്തെ തിരയുന്നവൻ സമാധാനം കണ്ടെത്തും' (സുഭാ 16:8) എന്ന് തിരുലിഖിതം പറയുന്നതുപോലെ നിങ്ങൾ പല പ്പോഴും നീതിയോടൊപ്പം ആത്മീയജ്ഞാനം കണ്ടെത്തിയിട്ടുണ്ട്.

192. വികാരങ്ങളിൽനിന്നുമുള്ള മോചനമാണ് സമാധാനം; പരിശുദ്ധാത്മാവിന്റെ ഇടപെടലിലൂടെയല്ലാതെ അതു നേടാനാവില്ല.

193. കല്പന നിറവേറ്റുക എന്നത് ഒരു കാര്യം, സുകൃതമെന്നത് മറ്റൊന്ന്; എങ്കിലും രണ്ടും പരസ്പരപൂരകങ്ങളാണ്.

194. നാം ചെയ്യേണ്ടതായ പ്രവൃത്തി ചെയ്യുകയാണ് കല്പന നിറ വേറ്റുക എന്നതിനർത്ഥം. സത്യത്തിന് അനുയോജ്യമായ രീതിയിൽ പ്രവർത്തിക്കുക എന്നതാണ് സുകൃതം.

195. വിവിധ മാർഗ്ഗങ്ങളിലൂടെ നേടുന്നതാണെങ്കിലും ഭൗതിക വസ്തുക്കളെല്ലാം ഒന്നുതന്നെ. അതുപോലെ, സദ്ഗുണങ്ങളുടെ പ്രവർത്തനം ബഹുമുഖമാണെങ്കിലും സദ്ഗുണം ഒന്നുതന്നെയാണ്.

196. അറിവ് ജീവിതത്തിൽ പ്രയോഗിക്കുന്നതിനു പകരം അതിനെ ക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുന്നവന് കൃത്രിമമായ സ്വത്താ യിരിക്കും ഉണ്ടായിരിക്കുക; അയാളുടെ പ്രയത്നഫലം 'അന്യരുടെ വീടുകളിലെത്തുന്നു' (സുഭാ 5:10).

197. സ്വർണ്ണമാണ് എല്ലാറ്റിനെയും ഭരിക്കുന്നത് എന്നു പറയാറുണ്ട്; എന്നാൽ ദൈവകൃപയാണ് ആത്മീയകാര്യങ്ങളെ നയിക്കുന്നത്.

198. നന്മയുള്ള മനഃസാക്ഷി ആത്മാർത്ഥമായ പ്രാർത്ഥനയിലൂടെ ലഭിക്കുന്നു; ആത്മാർത്ഥമായ പ്രാർത്ഥനയാകട്ടെ, മനഃസാക്ഷിയി ലൂടെയും. സ്വാഭാവികമായും ഒന്നിന് മറ്റൊന്നിന്റെ ആവശ്യമുണ്ട്.

www.malankaralibrary.com

199. യാക്കോബ് ജോസഫിനുവേണ്ടി പല നിറങ്ങളുള്ള കുപ്പായം ഉണ്ടാക്കി (ഉത്പ 37:3); അതുപോലെ ദൈവം ശാന്തശീലർക്ക് സത്യ ജ്ഞാനം നല്കുന്നു. എഴുതപ്പെട്ടിരിക്കുന്നതുപോലെ, 'ദൈവം വിനീതരെ തന്റെ വഴി പഠിപ്പിക്കുന്നു' (സങ്കീ 25:9).

200. ചെയ്യാൻ കഴിയുന്നിടത്തോളം നന്മ എല്ലായ്പോഴും ചെയ്യുക. കൂടുതൽ ചെയ്യാൻ കഴിയുമ്പോൾ നിസ്സാരമായവയിലേക്കു തിരിയരുത്. എന്തെന്നാൽ, പിൻതിരിഞ്ഞുനോക്കുന്ന ഒരാളും 'സ്വർഗ്ഗരാജ്യത്തിന് യോഗ്യനല്ല' (ലൂക്കോ 9:62) എന്ന് പറയപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

## പ്രവൃത്തികളിലൂടെ തങ്ങൾ നീതിമാന്മാരായിരിക്കുന്നു എന്നു കരുതുന്നവരെക്കുറിച്ച്: ഇരുനൂറ്റി ഇരുപത്തിയാറ് പാഠങ്ങൾ

1. തെറ്റിദ്ധാരണയിൽപ്പെട്ടിരിക്കുന്നവരുടെ വിശ്വാസങ്ങളെ സത്യം തിരിച്ചറിഞ്ഞവരും ഉറച്ച ദൈവവിശ്വാസമുള്ളവരുമായ ആളുകൾ നിരാകരിക്കുന്നതിനെക്കുറിച്ചുള്ളതാണ് തുടർന്നുവരുന്ന പാഠങ്ങൾ.

2. ഓരോ കല്പനയുടെയും പൂർത്തീകരണം ഒരു കടമയാണ് എന്നും എന്നാൽ ദൈവപുത്രൻ സ്വന്തം രക്തത്തിലൂടെ മനുഷ്യർക്ക് നല്കിയിട്ടുള്ള വരമാണ് പുത്രത്വം എന്നും കാണിക്കാൻ ആഗ്രഹിച്ചു കൊണ്ട് കർത്താവ് ഇങ്ങനെ പറയുന്നു: 'കല്പിക്കപ്പെട്ടതെല്ലാം ചെയ്ത ശേഷം, ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാരാണ്, കടമ നിർവ്വഹിച്ച തേയുള്ളൂ എന്നു നിങ്ങൾ പറയുവിൻ' (ലൂക്കോ 17:10). സ്വർഗ്ഗരാജ്യം നമ്മുടെ പ്രവൃത്തികൾക്കുള്ള പ്രതിഫലമല്ല, മറിച്ച് യജമാനൻ തന്റെ വിശ്വസ്തസേവകർക്കു നല്കുന്ന കൃപാദാനമാണ്.

3. സ്വാതന്ത്ര്യം പ്രതിഫലമായി ഒരു അടിമ ചോദിച്ചു വാങ്ങുന്നതല്ല; താൻ കടപ്പെട്ടവനാണെന്ന നിലയിൽ യജമാനന് സംതൃപ്തി നല്കു മ്പോൾ കിട്ടുന്ന സമ്മാനമാണ്.

4. വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ 'ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു (1 കൊരി 15:3); അവനെ സേവിക്കുന്നവന് അവൻ സ്വാതന്ത്ര്യം നല്കുന്നു'. അവൻ ഇങ്ങനെ പറയുന്നു: 'കൊള്ളാം, നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, അല്പ കാര്യങ്ങളിൽ വിശ്വസ്തനായിരുന്നതിനാൽ അനേക കാര്യങ്ങൾ നിന്നെ ഞാൻ ഭരമേല്പിക്കും. നിന്റെ യജമാനന്റെ സന്തോഷത്തി ലേക്കു നീ പ്രവേശിക്കുക' (മത്താ 25:21).

5. താത്ത്വികമായ അറിവിനെ മാത്രം ആശ്രയിക്കുന്നവൻ വിശ്വസ്തനായ പരിചാരകനല്ല; വിശ്വസ്തനായ പരിചാരകൻ ക്രിസ്തു വിന്റെ കല്പനകൾ അനുസരിക്കുന്നതിലൂടെ ക്രിസ്തുവിലുള്ള തന്റെ വിശ്വാസം പ്രകടിപ്പിക്കുന്നവനാണ്.

www.malankaralibrary.com

6. കർത്താവിനെ ബഹുമാനിക്കുന്നവൻ അവിടുത്തെ ആജ്ഞ നിറവേറ്റുന്നു. പാപം ചെയ്യുകയോ അനുസരണക്കേടു കാട്ടുകയോ ചെയ്താലുണ്ടാകുന്ന അനന്തരഫലം താനത് അർഹിക്കുന്നു എന്ന ബോധ്യത്തോടെ അയാൾ ക്ഷമയോടെ സ്വീകരിക്കുന്നു.

7. യഥാർത്ഥ ജ്ഞാനം നേടാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ താപസജീവിതം നയിക്കുക; എന്തെന്നാൽ, താത്ത്വികമായ അറിവ് മനുഷ്യനെ വ്യർത്ഥാഭിമാനിയാക്കുകയാണ് ചെയ്യുന്നത് (1 കൊരി 8:1).

8. താപസജീവിതം പരിശീലിക്കുന്നത് എങ്ങനെയെന്ന് കാട്ടിത്തരാൻവേണ്ടിയാണ് അപ്രതീക്ഷിതമായ പരീക്ഷണങ്ങൾ ദൈവം നമുക്കു നല്കുന്നത്; നാം വിമുഖത പുലർത്തിയാലും അവ നമ്മെ പശ്ചാത്താപത്തിലേക്കു നയിക്കുന്നു.

9. നാം അനുഭവിക്കുന്ന യാതന നമ്മുടെ പാപങ്ങളുടെതന്നെ ഫലമാണ്. പ്രാർത്ഥനയിലൂടെ നാം അവയെ ക്ഷമാപൂർവ്വം സ്വീകരിച്ചാൽ വീണ്ടും അനുഗ്രഹം കണ്ടെത്താൻ നമുക്ക് കഴിയും.

10. തങ്ങളുടെ സദ്ഗുണങ്ങളെപ്പറ്റി പ്രശംസിക്കപ്പെടുമ്പോൾ ചില ആളുകൾ സന്തോഷിക്കുന്നു. തങ്ങളുടെ ആത്മാഭിമാനത്തിന്റെ ആനന്ദം ദൈവകൃപയിൽ അവർ ആരോപിക്കുകയും ചെയ്യുന്നു. മറ്റുചിലരാകട്ടെ, തങ്ങളുടെ പാപങ്ങളുടെ പേരിൽ ശകാരിക്കപ്പെടുമ്പോൾ ദുഃഖിതരാകുന്നു. പാപത്തിന്റെ ഫലമായുണ്ടാകുന്ന ഈ രക്ഷാകരദുഃഖത്തെ അവർ തെറ്റിദ്ധരിക്കുന്നു.

11. തങ്ങളുടെ കഠിനമായ താപസജീവിതം മൂലം അത്രത്തോളം കഠിനചര്യ പാലിക്കാത്തവരെ പുച്ഛിക്കുന്ന ചിലർ ബാഹ്യപ്രവൃത്തികളിലൂടെയാണ് തങ്ങൾ നീതിമാന്മാരായിത്തീർന്നിരിക്കുന്നതെന്ന് വിചാരിക്കുന്നു. എന്നാൽ നാം താത്ത്വികമായ അറിവിനെ മാത്രം ആശ്രയിക്കുകയും അറിവില്ലാത്തവരെ പുച്ഛിക്കുകയും ചെയ്യുകയാണെങ്കിൽ നാമാണ് കൂടുതൽ വിഡ്ഢികൾ.

12. അറിവ് സത്യമാണെങ്കിലും പ്രവൃത്തിയില്ലാത്ത അറിവ് സുദൃഢമല്ല; എന്തെന്നാൽ എല്ലാം സുദൃഢവും സുസ്ഥിരവുമാവുന്നത് പ്രായോഗികപരിശീലനത്തിലൂടെയാണ്.

www.malankaralibrary.com

13. പ്രായോഗികപരിശീലനത്തിൽ നാം പരാജയപ്പെടുമ്പോൾ പലപ്പോഴും നമ്മുടെ അറിവ് ഇരുട്ടിലാഴുന്നു; എന്തെന്നാൽ, എന്തിന്റെയെങ്കിലും പരിശീലനത്തെ നാം പൂർണ്ണമായും അവഗണിക്കുമ്പോൾ, കാലക്രമേണ അതിനെക്കുറിച്ചുള്ള നമ്മുടെ ഓർമ്മ അപ്രത്യക്ഷമാവുന്നു.

14. ഇക്കാരണത്താലാണ്, നമ്മുടെ പ്രവൃത്തികളിലൂടെ ദൈവത്തെ ശരിയായി സേവിക്കാൻ സാധിക്കേണ്ടതിന് അവിടുത്തെക്കുറിച്ചുള്ള അറിവ് നേടാൻ വിശുദ്ധഗ്രന്ഥം നമ്മെ പ്രേരിപ്പിക്കുന്നത്.

15. നമ്മുടെ ബാഹ്യപ്രവൃത്തികളിൽ നാം ദൈവകല്പനകൾ പൂർത്തീകരിക്കുമ്പോൾ നാം അർഹിക്കുന്നതെന്തോ അതു ദൈവം നമുക്കു തരുന്നു. എന്നാൽ നമ്മുടെ ആന്തരികലക്ഷ്യത്തെ മുൻനിർത്തിയാണ് യഥാർത്ഥമായ നേട്ടം നമുക്ക് കൈവരുന്നത്.

16. എന്തെങ്കിലും ഒന്നു ചെയ്യണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിലും നമുക്ക് അതിന് കഴിയുന്നില്ലെന്നിരിക്കട്ടെ; നമ്മുടെ ഹൃദയങ്ങളെ അറിയുന്നവനായ ദൈവം നാം അത് ചെയ്തതായിത്തന്നെ കണക്കാക്കുന്നു. നമ്മുടെ പ്രവൃത്തിയുടെ ലക്ഷ്യം അത് നന്മയോ തിന്മയോ എന്നതിനെ സംബന്ധിച്ചും ഇത് സത്യമാണ്.

17. ശരീരത്തിന്റെ സഹായമില്ലാതെതന്നെ ഒട്ടേറെ നല്ലതും ചീത്തയുമായ കാര്യങ്ങൾ ചെയ്യാൻ മനസ്സിനു കഴിയും. എന്നാൽ, മനസ്സിന്റെ സഹായമില്ലാതെ നല്ലതോ ചീത്തയോ ആയതൊന്നും ചെയ്യാൻ ശരീരത്തിനു കഴിയില്ല. ഇതിനു കാരണം നാം എന്തെങ്കിലും പ്രവർത്തിക്കുന്നതിനുമുമ്പ് നാം എന്തു ചെയ്യണമെന്ന് നിശ്ചയിക്കുന്ന സ്വാതന്ത്ര്യത്തിന്റെ നിയമമാണ്.

18. കല്പനകൾ പാലിക്കാത്ത ചിലർ തങ്ങൾ യഥാർത്ഥ വിശ്വാസികളാണെന്നു കരുതുന്നുണ്ട്; മറ്റു ചിലർ, തങ്ങൾ കല്പനകൾ അനുസരിക്കുന്നതിനാൽ പ്രതിഫലമായി സ്വർഗ്ഗരാജ്യം കിട്ടേണ്ടവരാണെന്നു വിശ്വസിക്കുന്നു. രണ്ടു കൂട്ടർക്കും തെറ്റുപറ്റിയിരിക്കുന്നു.

19. തന്റെ അടിമകൾക്ക് പ്രതിഫലം നൽകാൻ യജമാനൻ ബാദ്ധ്യസ്ഥനല്ല; അതേസമയം യജമാനനെ നന്നായി പരിചരിക്കാത്ത അടിമ സ്വാതന്ത്ര്യത്തിന് അർഹനുമല്ല.

www.malankaralibrary.com

20. 'വിശുദ്ധഗ്രന്ഥം പറയുന്നതനുസരിച്ച് ക്രിസ്തു നമുക്കുവേണ്ടി മരിച്ചുവെങ്കിൽ' (റോമ 5:8; 1 കൊരി 15:3) 'നാം ജീവിക്കുന്നത് നമുക്കു വേണ്ടിയല്ല'. 'മറിച്ച്, നമുക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടിയാണ്' (2 കൊരി 5:15). ക്രിസ്തുവിനെ മരണംവരെ സേവിക്കാൻ കടപ്പെട്ടവരാണു നാം എങ്കിൽ അവന്റെ പുത്രത്വം നമുക്ക് അർഹതപ്പെട്ടതാണെന്ന് എങ്ങനെ നമുക്ക് പറയാൻ കഴിയും?

21. തന്റെ സ്വത്വത്താലും മനുഷ്യജീവിതത്താലും ക്രിസ്തു എല്ലാത്തിന്റെയും യജമാനനാകുന്നു. ഒന്നുമില്ലായ്മയിൽനിന്നാണ് അവൻ മനുഷ്യനെ സൃഷ്ടിക്കുന്നത്. പാപത്താൽ മരണമടയുന്ന അവനെ സ്വന്തം രക്തത്തിലൂടെ അവിടുന്നു മോചിപ്പിക്കുന്നു; അവനിൽ വിശ്വസിക്കുന്നവർക്ക് അവൻ തന്റെ കാരുണ്യം നല്കുന്നു.

22. 'ഓരോരുത്തർക്കും സ്വന്തം പ്രവൃത്തിക്കനുസരിച്ച് അവിടുന്ന് പ്രതിഫലം നൽകും' (മത്താ 16:27) എന്ന് തിരുലിഖിതം പറയുമ്പോൾ പ്രവൃത്തികൾ സ്വയം സ്വർഗ്ഗത്തിനോ നരകത്തിനോ നമ്മെ അർഹരാക്കുന്നു എന്ന് വിചാരിക്കരുത്. നേരെമറിച്ച്, ക്രിസ്തുവിലുള്ള വിശ്വാസത്തോടെയാണോ അല്ലയോ ഓരോ പ്രവൃത്തിയും ചെയ്യുന്നത് എന്നതിനെ ആശ്രയിച്ചാണ് സ്വർഗ്ഗവും നരകവും നല്കപ്പെടുന്നത്; കരാറുകൾക്കധീനനായ ഒരു കച്ചവടക്കാരനല്ല ക്രിസ്തു, മറിച്ച് നമ്മുടെ സ്രഷ്ടാവും വിമോചകനുമായ ദൈവമാണവിടുന്ന്.

23. ജ്ഞാനസ്നാനം സ്വീകരിച്ച നാം പ്രതിഫലം ഇച്ഛിക്കാതെ സത്പ്രവൃത്തികൾ ചെയ്യണം; നമ്മുടെയുള്ളിലെ പരിശുദ്ധി നിലനിർത്തുക മാത്രമായിരിക്കണം നമ്മുടെ ലക്ഷ്യം.

24. നമ്മുടെ സ്വാഭാവികമായ കഴിവുപയോഗിച്ച് നാം ചെയ്യുന്ന ഓരോ സത്പ്രവൃത്തിയും നമ്മെ പാപം ചെയ്യുന്നതിൽനിന്നു തടയുന്നു. എന്നാൽ ദൈവകൃപ കൂടാതെ അത് നമ്മുടെ വിശുദ്ധീകരണത്തിന് സഹായകമല്ല.

25. ആത്മനിയന്ത്രണമുള്ളവർ ഭക്ഷണത്തോടുള്ള ആർത്തിയിൽ നിന്നു പിൻമാറുന്നു; സ്വത്തുക്കൾ ഉപേക്ഷിച്ചവൻ അത്യാഗ്രഹത്തിൽ നിന്ന്; ശാന്തനായവൻ അതിവാചാലതയിൽനിന്ന്; ശുദ്ധനായവൻ സ്വാർത്ഥതയിൽനിന്ന്; എളിമയുള്ളവൻ ചാരിത്ര്യഭംഗത്തിൽനിന്ന്; സ്വാശ്രയശീലമുള്ളവൻ ദുരാഗ്രഹത്തിൽനിന്ന്; ശാന്തനായ ഒരുവൻ

www.malankaralibrary.com

ക്ഷോഭത്തിൽനിന്ന്; വിനീതൻ ആത്മപ്രശംസയിൽനിന്ന്; അനുസരണമുള്ളവൻ ശണ്ഠയിൽനിന്ന്; ആത്മവിമർശനം നടത്തുന്നവൻ കാപട്യത്തിൽനിന്ന്; ഇതേപോലെതന്നെ പ്രാർത്ഥിക്കുന്നവർ നൈരാശ്യത്തിൽനിന്നും ദരിദ്രൻ സ്വത്ത് കൈവശമാക്കുന്നതിൽ നിന്നും, വിശ്വാസസാക്ഷികൾ വിശ്വാസനിഷേധത്തിൽനിന്നും രക്തസാക്ഷികൾ വിഗ്രഹാരാധനയിൽനിന്നും മോചനം നേടുന്നു. മരണം വരെ പൂർത്തീകരിക്കപ്പെടുന്ന ഓരോ സദ്ഗുണവും എപ്രകാരമാണ് പാപത്തിൽനിന്നു നമ്മെ അകറ്റിനിർത്തുന്നതെന്ന് നിങ്ങൾ കണ്ടുവോ? പാപത്തിൽനിന്ന് ഒഴിഞ്ഞുമാറുന്നത് നമ്മുടെ സ്വാഭാവികമായ കഴിവാണ്; എന്നാൽ അതു നമുക്കു സ്വർഗ്ഗരാജ്യം നേടിത്തരുന്നില്ല.

26. സ്വാഭാവികമായി തനിക്കു സ്വന്തമായുള്ളവ നിലനിർത്താൻ മനുഷ്യനു കഴിയുന്നില്ല; എന്നാൽ, കുരിശിലൂടെയാണ് തന്റെ പുത്രത്വത്തിന്റെ വരം ക്രിസ്തു മനുഷ്യനു നല്കുന്നത്.

27. ചില കല്പനകൾ പ്രത്യേകമായുള്ളതാണ്; മറ്റു ചിലത് പൊതുവായും. 'ഒന്നുമില്ലാത്തവനുമായി പങ്കുവയ്ക്കുക' (ലൂക്കോ 3:11) എന്ന ക്രിസ്തുവിന്റെ കല്പന പ്രത്യേകമായുള്ളതിനേയും നമുക്കുള്ളതെല്ലാം ഉപേക്ഷിക്കാനുള്ള കല്പന (ലൂക്കോ 14:33) പൊതുവായിട്ടുള്ളതിനേയും സൂചിപ്പിക്കുന്നു.

28. ആരംഭകർക്ക് മനസ്സിലാവാത്തതാണ് ദൈവകൃപയുടെ ഊർജ്ജം; സത്യത്തോടു സാമ്യമുള്ള തിന്മയുടെ ഊർജ്ജവും ഉണ്ട്. ഈ രണ്ട് ഊർജ്ജങ്ങളെയും വളരെ സൂക്ഷ്മമായി പരിശോധിക്കാതിരിക്കുകയാണ് നല്ലത്. എന്തെന്നാൽ, വഴിതെറ്റിപ്പോകാനും അവയിലേതെങ്കിലുമൊന്നിൽ അടങ്ങിയിരിക്കുന്ന സത്യം തിരിച്ചറിയാതിരിക്കാനും സാദ്ധ്യതയുണ്ട്. എന്നാൽ നാം എല്ലാം ദൈവത്തിനു മുമ്പിൽ പ്രത്യാശാപൂർവ്വം സമർപ്പിക്കേണ്ടിയിരിക്കുന്നു; രണ്ടിന്റെയും മൂല്യമറിയാവുന്നവനാണല്ലോ അവിടുന്ന്.

29. ആദ്ധ്യാത്മികതയുടെ കടൽ കടക്കാനാഗ്രഹിക്കുന്നവൻ ദീർഘമായ യാതന അനുഭവിക്കുന്നവനും വിനീതനും ജാഗരൂകനും ആത്മനിയന്ത്രണം പുലർത്തുന്നവനുമായിരിക്കും. ഈ നാല് ഗുണങ്ങളുമില്ലാതെ അതിനായി ശ്രമിക്കുകയാണെങ്കിൽ അയാൾ തന്റെ ഹൃദയത്തെ പ്രക്ഷുബ്ധമാക്കുന്നു. അയാൾക്ക് ആ കടൽ കടക്കുവാൻ സാധിക്കുന്നുമില്ല.

www.malankaralibrary.com

30. തിന്മയെ നിർജ്ജീവമാക്കുന്നതിലൂടെ ഏകാഗ്രത നമ്മെ സഹായിക്കുന്നു. പ്രാർത്ഥനയിലൂടെ ഈ നാല് സദ്ഗുണങ്ങളെയും സ്വന്തമാക്കുകയാണെങ്കിൽ നിർമമത നേടുന്നതിന് ഏറ്റവും ഉചിതമായ മാർഗ്ഗവുമായിരിക്കുമത്.

31. ശരീരം ഏകാഗ്രത നേടാതെ മനസ്സിന് ഏകാഗ്രത നേടാനാവില്ല; ഏകാഗ്രതയും പ്രാർത്ഥനയുമില്ലാതെ അവയെ തമ്മിൽ വേർതിരിക്കുന്ന മതിൽ തകർത്തുകളയാനുമാവില്ല.

32. ജഡവും അതിന്റെ അഭിലാഷങ്ങളും ആത്മാവിനു വിരുദ്ധമാണ്; ആത്മാവാകട്ടെ, ജഡത്തിനു വിരുദ്ധവും. ആത്മാവിൽ ജീവിക്കുന്നവർ ജഡികാഭിലാഷങ്ങൾക്ക് വിധേയരാവുകയില്ല (ഗലാ 5:15-17).

33. മനസ്സ് ദൈവത്തെ വിളിച്ചപേക്ഷിക്കുമ്പോഴല്ലാതെ പ്രാർത്ഥന പരിപൂർണ്ണമാവില്ല; അന്യചിന്തകളില്ലാതെ ഉറക്കെ വിളിച്ചു കേഴുമ്പോൾ ദൈവം ശ്രവിക്കുന്നു.

34. ഏകാഗ്രതയോടെ പ്രാർത്ഥനയിൽ മുഴുകുന്ന മനസ്സ് ഹൃദയത്തെ ക്ലേശിപ്പിക്കുന്നു; 'തകർന്നു നുറുങ്ങിയ ഹൃദയത്തെ ദൈവമേ അങ്ങ് നിരസിക്കുകയില്ലല്ലോ' (സങ്കീ 51:17).

35. പ്രാർത്ഥനയെ സദ്ഗുണമെന്നാണ് വിളിക്കുന്നത്. വാസ്തവത്തിൽ അത് എല്ലാ സദ്ഗുണങ്ങളുടെയും മാതാവാണ്. എന്തെന്നാൽ ക്രിസ്തുവുമായുള്ള സംയോഗത്തിലൂടെ പ്രാർത്ഥനയാണ് എല്ലാ സദ്ഗുണങ്ങൾക്കും ജന്മംകൊടുക്കുന്നത്.

36. പ്രാർത്ഥനയും ദൈവത്തിലധിഷ്ഠിതമായ പ്രത്യാശയുമില്ലാതെ നാം എന്തൊക്കെ ചെയ്യുന്നുവോ അതെല്ലാം പിന്നീട് ന്യൂനതകളുള്ളതും ഉപദ്രവകരവുമായിത്തീരുന്നു.

37. 'മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആയിത്തീരും' എന്ന ക്രിസ്തുവിന്റെ വചനം (മത്താ 19:30) സദ്ഗുണങ്ങളിലും സ്നേഹത്തിലും പങ്കാളികളാകുന്നവരെ ഉദ്ദേശിച്ചുള്ളതാണ്. എന്തെന്നാൽ, ഏറ്റവും ഒടുവിൽ ഹൃദയത്തിൽ രൂപംകൊള്ളുന്ന സദ്ഗുണമാണ് സ്നേഹം. എന്നാൽ മൂല്യത്തിന്റെ കാര്യത്തിലാകട്ടെ, ഒന്നാമത്തേതും ഇതുതന്നെ; അങ്ങനെ സ്നേഹം രൂപംകൊള്ളുന്നതിനു മുമ്പ് പിറവിയെടുക്കുന്നത് എന്തൊക്കെയോ അതെല്ലാം പിന്നിലേക്ക് തള്ളപ്പെടുന്നു.

www.malankaralibrary.com

38. പ്രാർത്ഥനാവേളയിൽ അലസതയോ മറ്റേതെങ്കിലും തിന്മയോ നിങ്ങളെ അലട്ടുകയാണെങ്കിൽ മരണത്തെക്കുറിച്ചും നരകപീഡനത്തെക്കുറിച്ചും ഓർമ്മിക്കുക. എന്നാൽ ബാഹ്യകാര്യങ്ങളെക്കുറിച്ച് അവ ഉപകാരപ്രദങ്ങളാണെങ്കിലും, ചിന്തിക്കുന്നതിലും നല്ലത്, പ്രാർത്ഥനയിലൂടെയും പ്രത്യാശയിലൂടെയും ദൈവത്തിൽ ആശ്രയിക്കുന്നതാണ്.

39. ഒറ്റപ്പെട്ട ഒരു സദ്ഗുണവും നമ്മുടെ യഥാർത്ഥ സ്വഭാവത്തിന്റെ വാതിൽ തുറക്കാൻ പര്യാപ്തമല്ല, എന്നാൽ സദ്ഗുണങ്ങളെല്ലാം യഥാക്രമം സംയോജിക്കുമ്പോൾ അതു പ്രയോജനകരമായിരിക്കും.

40. ഏതൊരാളിന്റെ മനസ്സിലാണോ സദാസമയവും ചിന്തകൾ നിറയുന്നത്, അയാൾക്ക് ആത്മനിയന്ത്രണമില്ല. അവ പ്രയോജനകരമാണെങ്കിൽകൂടി പ്രത്യാശ അതിലേറെ പ്രയോജനകരമായിരിക്കും.

41. 'മരണംവരെ നിലനിൽക്കുന്ന' (1 യോഹ 5:16) ഒരു പാപമുണ്ട്. ഏതു പാപത്തെക്കുറിച്ചാണോ നാം പശ്ചാത്തപിക്കാതിരിക്കുന്നത് ആ പാപമാണത്. ഈ പാപം നിമിത്തം വിശുദ്ധന്റെ പ്രാർത്ഥനപോലും കേൾക്കപ്പെടുകയില്ല.

42. ആത്മാർത്ഥമായി പശ്ചാത്തപിക്കുന്ന ഒരുവൻ, ഒരിക്കലും തന്റെ പ്രയത്നഫലമായാണ് മുൻകാല പാപങ്ങൾ മായ്ക്കപ്പെടുന്നതെന്നു കരുതുകയില്ല; എന്നാൽ തന്റെ പ്രയത്നത്തിലൂടെ അയാൾ ദൈവവുമായി സമാധാനം സ്ഥാപിക്കുന്നു.

43. നമുക്ക് സ്വാഭാവികമായി ചെയ്യാൻ കഴിയുന്ന നിരവധി സത്പ്രവൃത്തികൾ ദിവസേന അനുഷ്ഠിക്കാൻ നാം നിർബ്ബന്ധിതരാവുകയാണെങ്കിൽ, നമ്മുടെ മുൻകാല പാപങ്ങൾക്ക് പരിഹാരമായി സ്വമേധയാ ദൈവത്തിന് എന്തു നല്കാൻ നമുക്കു കഴിയും?

44. ഇന്നു നാം ചെയ്യുന്ന സത്പ്രവൃത്തികൾ എത്ര മഹത്ത്വമുള്ളതായാലും അവ നമ്മുടെ മുൻകാല വീഴ്ചകളെ പരിഹരിക്കുന്നില്ല; മറിച്ച് അവയെ കുറ്റപ്പെടുത്തുന്നു.

45. ബൗദ്ധികമായി യാതന അനുഭവിക്കുകയും ശാരീരികമായി സ്വസ്ഥനായിരിക്കുകയും ചെയ്യുന്ന ഒരാൾ, ശാരീരികയാതന സഹിക്കുകയും അതേസമയം ബുദ്ധി തകരാറിലാവാൻ അനുവദിക്കുകയും ചെയ്യുന്ന ഒരുവനെപ്പോലെയാണ്.

www.malankaralibrary.com

46. സ്വമനസ്സാലെ നാം അനുഭവിക്കുന്ന പീഡനം നമുക്ക് പ്രയോജനം ചെയ്യുന്നു. മനസ്സ് പീഡനം സ്വീകരിക്കുന്നതിലൂടെ ശരീരത്തിനും ശരീരം പീഡിപ്പിക്കപ്പെടുന്നതിലൂടെ മനസ്സിനും പ്രയോജനമുണ്ടാകുന്നു. ശരീരവും മനസ്സും ഏകഭാവത്തിൽ വർത്തിക്കാതെയിരിക്കുമ്പോൾ നമുക്ക് അധഃപതനമുണ്ടാകും.

47. എന്തൊക്കെ ദുരനുഭവങ്ങളുണ്ടായാലും അവയെല്ലാം ക്ഷമാപൂർവ്വം സ്വീകരിക്കുന്നതും കർത്താവ് കല്പിച്ചിട്ടുള്ളതുപോലെ നമ്മെ വെറുക്കുന്ന അയൽക്കാരനെ സ്നേഹിക്കുന്നതും ഒരു വലിയ സദ്ഗുണമാണ്.

48. നമ്മെ ഉപദ്രവിച്ചവരോട് ക്ഷമിക്കാൻ കഴിയുന്നതാണ് ആത്മാർത്ഥമായ സ്നേഹത്തിന്റെ ലക്ഷണം. ഇത്തരം സ്നേഹത്താലാണ് ക്രിസ്തു ലോകത്തെ സ്നേഹിച്ചത്.

49. യഥാർത്ഥമായ അറിവ് നേടാതെ നമ്മെ ഉപദ്രവിക്കുന്നവരോട് ക്ഷമിക്കാൻ നമുക്ക് കഴിയുകയില്ല. എന്തെന്നാൽ നാം അനുഭവിക്കുന്നതെല്ലാം നാം അർഹിക്കുന്നതാണ് എന്ന് ഈ അറിവ് നമ്മെ പഠിപ്പിക്കുന്നു.

50. ക്രിസ്തുവിനുവേണ്ടി എന്തുതന്നെ ത്യജിച്ചാലും നിങ്ങൾക്കതിലൂടെ ഒന്നും നഷ്ടമാവുന്നില്ല. എന്തെന്നാൽ വേണ്ട സമയത്ത് നിങ്ങൾക്കത് ഇരട്ടിയായി ലഭിച്ചുകൊള്ളും.

51. യഥാർത്ഥ ഭക്തിയുടെ ഉദ്ദേശ്യമെന്തെന്ന് മനസ്സ് വിസ്മരിച്ചാൽ ബാഹ്യമായ നല്ല പ്രവൃത്തികൾകൊണ്ട് യാതൊരു പ്രയോജനവുമില്ല.

52. ശരിയായ തീരുമാനം എടുക്കാൻ കഴിയാതിരിക്കുന്നത് എല്ലാവർക്കും ദോഷകരമാണെങ്കിൽ, കർക്കശമായ ജീവിതം നയിക്കുന്നവർക്ക് അത് കൂടുതൽ ദോഷം ചെയ്യുന്നു.

53. നിങ്ങളുടെ പ്രവൃത്തികളിലൂടെയാണ് മനുഷ്യന്റെ ഇച്ഛാശക്തിയെക്കുറിച്ചും ദൈവശിക്ഷയെക്കുറിച്ചുമുള്ള നിങ്ങളുടെ വീക്ഷണം പ്രകടിപ്പിക്കേണ്ടത്. എന്തെന്നാൽ നിങ്ങളുടെ പ്രവൃത്തികളിലൂടെ നിങ്ങൾ തെളിയിക്കുന്നത്ര ജ്ഞാനവും പ്രയോജനവും മാത്രമേ നിങ്ങളുടെ വാക്കുകൾക്ക് ഉള്ളൂ.

www.malankaralibrary.com

54. യഥാർത്ഥ ഭക്തിയുടെ പേരിൽ യാതന അനുഭവിക്കുന്നവർക്ക് ദൈവികമായ സഹായം ലഭിക്കുന്നു. ദൈവികനിയമങ്ങളെയും നമ്മുടെ മനഃസാക്ഷിയെയും അനുസരിക്കുന്നതിലൂടെ നമുക്കത് പഠിക്കുവാൻ കഴിയും.

55. ഒരാളുടെ ഉള്ളിലേക്ക് ഒരു ചിന്ത പ്രവേശിച്ചപ്പോൾ യാതൊരു പരിശോധനയും നടത്താതെ അയാൾ അതിനെ സ്വീകരിച്ചു. മറ്റൊരുവന്റെയുള്ളിൽ ഒരു ചിന്ത പ്രവേശിച്ചപ്പോൾ അയാൾ അതിന്റെ വാസ്തവത്തെക്കുറിച്ച് പരീക്ഷിച്ചറിഞ്ഞതിനു ശേഷമാണ് സ്വീകരിച്ചത്. ഇവർ രണ്ടുപേരിൽ ആരാണ് കൂടുതൽ ആദരവോടെ പെരുമാറിയത്?

56. യാതനയെ ക്ഷമാപൂർവ്വം സ്വീകരിക്കുകയും നമ്മുടെ നിർഭാഗ്യങ്ങൾക്ക് മറ്റുള്ളവരെ കുറ്റപ്പെടുത്താതിരിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥമായ അറിവ്.

57. താൻ ചെയ്യുന്ന നല്ല പ്രവൃത്തികൾക്ക് പ്രതിഫലം ആഗ്രഹിക്കുന്ന ഒരാൾ ദൈവത്തെയല്ല, തന്റെ ഇച്ഛയെയാണ് സേവിക്കുന്നത്.

58. ഒരു പാപിക്ക് തന്റെ തെറ്റിന് അനുഗുണമായ പശ്ചാത്താപത്തിലൂടെയല്ലാതെ ദൈവശിക്ഷയിൽനിന്നു മോചനമില്ല.

59. പരിശുദ്ധാത്മാവിന്റെ കൃപ കൂടാതെ നല്ല പ്രവൃത്തികൾ ചെയ്യാൻ കഴിയില്ലെന്ന് അവകാശപ്പെടുന്നവരുണ്ട്.

60. എല്ലായ്പ്പോഴും വിഷയസുഖങ്ങളിൽ താല്പര്യം കാണിക്കുന്നവർ തങ്ങളുടെ കഴിവനുസരിച്ച് ചെയ്യാൻ സാധിക്കുന്ന നല്ല കാര്യങ്ങൾപോലും ചെയ്യുന്നില്ല; കാരണം, അതിനുള്ള ദൈവസഹായം അവർക്കു ലഭിക്കാതെ പോകുന്നു.

61. ക്രിസ്തുവിൽ ജ്ഞാനസ്നാനം സ്വീകരിച്ചവർക്ക് അത്ഭുതകരമായ ദൈവകൃപ ലഭിക്കുന്നു. കല്പനകൾ അനുസരിക്കുന്നതിനനുസരിച്ച് അത് അവരിൽ സജീവമാകുന്നു. ഒരിക്കലുമത് നമ്മെ രഹസ്യമായി സഹായിക്കാതിരിക്കുന്നില്ല; എന്നാൽ സ്വന്തം കഴിവനുസരിച്ച് നല്ല പ്രവൃത്തി ചെയ്യേണ്ടത് നമ്മുടെ കടമയാണ്.

62. ദൈവകൃപയാണ് നമ്മുടെ മനഃസ്സാക്ഷിയെ ആദ്യം ഉണർത്തുന്നത്. അതിനാലാണ് പാപികൾപോലും പശ്ചാത്തപിക്കുകയും ദൈവഹിതത്തിന് അനുരൂപരാകുകയും ചെയ്യുന്നത്.

www.malankaralibrary.com

63. അയൽക്കാരൻ നല്കുന്ന ഉപദേശത്തിൽ ദൈവാനുഗ്രഹം മറഞ്ഞിരുന്നേക്കാം. അല്ലെങ്കിൽ, വായനയിലൂടെ അതു നമ്മിലെത്തി അതിലടങ്ങിയിരിക്കുന്ന പരമാർത്ഥം നമ്മുടെ ബുദ്ധിയെ പഠിപ്പിച്ചേക്കാം. നമുക്കു നല്കപ്പെട്ടിരിക്കുന്ന താലന്ത് നാം മറച്ചുവയ്ക്കാതിരിക്കുകയാണെങ്കിൽ, കർത്താവിന്റെ സന്തോഷത്തിലേക്ക് ഉത്സാഹപൂർവ്വം പ്രവേശിക്കാൻ നമുക്ക് സാധിക്കും.

64. തീക്ഷ്ണതയോടെ കല്പനകൾ പാലിക്കുന്നതിനു മുമ്പ് പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്തിനായി അപേക്ഷിക്കുന്ന ഒരാൾ, തന്നെത്തന്നെ അടിമയായി വില്ക്കുകയും വിറ്റുകിട്ടിയ പണം കൈയ്യിലിരിക്കെത്തന്നെ യജമാനനോട് സ്വാതന്ത്ര്യത്തിനായി അപേക്ഷിക്കുകയും ചെയ്യുന്ന ഒരുവനെപ്പോലെയാണ്.

65. ദൈവനീതിയിലൂടെയാണ് ബാഹ്യമായതെന്തും സംഭവിക്കുന്നത് എന്നു തിരിച്ചറിയുമ്പോൾ, കർത്താവിനുവേണ്ടിയുള്ള നിങ്ങളുടെ അന്വേഷണത്തിൽ 'ആത്മീയജ്ഞാനവും നീതിയും' (സുഭാ 16:8) നിങ്ങൾ സ്വായത്തമാക്കിയിരിക്കുന്നു.

66. കർത്താവിന്റെ വിധികൾ 'ഭൂമി മുഴുവനിലുമാണ്' (1 ദിന 16:14) എന്നു മനസ്സിലാക്കുമ്പോൾ, നിങ്ങൾക്കുണ്ടാകുന്ന ഓരോ സംഭവവും ദൈവത്തെക്കുറിച്ചുള്ള അറിവു നിങ്ങളെ പഠിപ്പിക്കുന്നു.

67. സ്വന്തം ആന്തരികാവസ്ഥയ്ക്ക് അനുസൃതമായി താൻ അർഹിക്കുന്നതെന്തോ അതാണ് ഓരോ ആളിനും ലഭിക്കുന്നത്. എന്നാൽ, ഇതെങ്ങനെ സംഭവിക്കുന്നു എന്നതിന്റെ അസംഖ്യം വഴികൾ അറിയാവുന്നത് ദൈവത്തിനു മാത്രമാണ്.

68. മനുഷ്യരാൽ അപമാനിക്കപ്പെടുമ്പോൾ ദൈവത്താൽ നിങ്ങൾക്കു നല്കപ്പെടാനിരിക്കുന്ന മഹത്ത്വം ഉടനെ മനസ്സിലാക്കുക. അപ്പോൾ അപമാനങ്ങൾ നിങ്ങളെ വിഷമിപ്പിക്കുകയോ അസ്വസ്ഥനാക്കുകയോ ഇല്ല; മഹത്ത്വം ലഭിച്ചുകഴിയുമ്പോൾ നിങ്ങൾ സ്ഥിരതയും നിഷ്കളങ്കതയുമുള്ളവനായിത്തീരും.

69. പ്രശംസിക്കപ്പെടാനുള്ള അവസരം ദൈവം നിങ്ങൾക്ക് നല്കുമ്പോൾ ഈ ദിവ്യപരിപാലനയെക്കുറിച്ച് അഹങ്കരിക്കാതിരിക്കുക; അല്ലെങ്കിൽ നിങ്ങൾ അപമാനിതനാകും.

www.malankaralibrary.com

70. മണ്ണും വെള്ളവുമില്ലാതെ ഒരു വിത്തിനും വളരാൻ കഴിയുകയില്ല; അതേപോലെ സ്വമനസ്സാലെയുള്ള സഹനവും ദൈവാനുഗ്രഹവുമില്ലാതെ ഒരാൾക്കും അഭിവൃദ്ധി നേടാനാവില്ല.

71. മേഘമില്ലാതെ മഴയില്ല എന്നതുപോലെ നല്ല മനഃസ്സാക്ഷിയില്ലാതെ നമുക്ക് ദൈവത്തെ പ്രസാദിപ്പിക്കാനാവില്ല.

72. നിങ്ങൾ എത്ര ബുദ്ധിമാനായാലും കൂടുതൽ പഠിക്കാൻ വിമുഖത കാണിക്കരുത്. എന്തെന്നാൽ, ദൈവം എന്തു നല്കുന്നുവോ അതാണ് നമ്മുടെ ബുദ്ധിശക്തിയേക്കാൾ വലുത്.

73. വിഷയസുഖങ്ങളിലകപ്പെട്ട് ഹൃദയം വഴിതെറ്റി ആത്മീയതയിൽ നിന്ന് അകന്നുപോകുമ്പോൾ, കുത്തനെയുള്ള ചരിവിലൂടെ, താഴേക്ക് ഉരുളുന്ന ഒരു വലിയ കല്ലിനെ എന്നതുപോലെ, അതിനെ നിയന്ത്രിക്കാൻ ബുദ്ധിമുട്ടായിരിക്കും.

74. മേച്ചിൽപ്പുറം അന്വേഷിച്ച് കൂട്ടംതെറ്റി കിഴുക്കാംതൂക്കായ ചരിവിലെത്തിച്ചേരുന്ന പശുക്കിടാവിനെപ്പോലെ ആത്മാവിന് തന്റെ ചിന്തകളാൽ ക്രമേണ വഴിതെറ്റുന്നു.

75. കർത്താവിൽ പക്വത നേടുന്ന മനസ്സ്, ആത്മാവിനെ ഭൂതകാലാർജ്ജിതമായ ആസക്തികളിൽനിന്നു അകറ്റുന്നു. മനസ്സും വികാരങ്ങളും വിപരീതദിശകളിലേക്ക് ആത്മാവിനെ പിടിച്ചു വലിക്കുന്നതിനാൽ പീഡനയന്ത്രത്തിലെന്നപോലെ ഹൃദയം വേദനിക്കുന്നു.

76. ലാഭേച്ഛയാൽ, കൊടുംവെയിൽ സന്തോഷപൂർവ്വം സഹിക്കാൻ തയ്യാറാകുന്ന നാവികരെപ്പോലെ, തിന്മയെ വെറുക്കുന്നവൻ ശാസന സ്വീകരിക്കാൻ സന്തോഷപൂർവ്വം തയ്യാറാകുന്നു. എന്തെന്നാൽ, നാവികർ കാറ്റിനോടും തിന്മയെ വെറുക്കുന്നവർ വികാരങ്ങളോടും പൊരുതുകയാണ് ചെയ്യുന്നത്.

77. ശീതകാലത്തോ സാബത്തിലോ വന്നു ഭവിക്കുന്ന പലായനം (മത്താ 24:20) ശരീരത്തിന് യാതനയും ആത്മാവിന് കളങ്കവും ഉളവാക്കുന്നു. അതുപോലെ, ഉയർന്നുവരുന്ന വികാരങ്ങൾ നിമിത്തം വാർദ്ധക്യം ബാധിച്ച ശരീരത്തിനും പവിത്രീകരിക്കപ്പെട്ട ആത്മാവിനും ഇതുതന്നെ സംഭവിക്കുന്നു.

www.malankaralibrary.com

78. കർത്താവിനെപോലെ നല്ലവനും കാരുണ്യവാനുമായി മറ്റാരുമില്ല. എന്നാൽ, പശ്ചാത്തപിക്കാത്തവരോട് ദൈവംപോലും ക്ഷമിക്കുകയില്ല.

79. നമ്മിൽ പലരും ചെയ്തുപോയ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കാറുണ്ട്; അതേസമയം പാപത്തിനു കാരണമായതെന്തോ അതിനെ സന്തോഷപൂർവ്വം സ്വീകരിക്കുകയും ചെയ്യുന്നു.

80. മണ്ണിനടിയിൽ മാളമുണ്ടാക്കുന്ന പെരുച്ചാഴിക്ക് നക്ഷത്രങ്ങളെ കാണാൻ കഴിയില്ല; ഭൗതികമായ കാര്യങ്ങളിൽ ദൈവത്തെ ആശ്രയിക്കാത്തവൻ ശാശ്വതമായ കാര്യങ്ങളിലും അവിടുത്തെ ആശ്രയിക്കുകയില്ല.

81. ദൈവാനുഗ്രഹം ലഭിക്കുന്നതിനു മുന്നോടിയായി ദൈവം മനുഷ്യനു നൽകുന്നതാണ് യഥാർത്ഥ ജ്ഞാനം; അതിൽ ഭാഗഭാക്കാകുന്നവനെ എല്ലാറ്റിനുമുപരി അതിന്റെ ദാതാവിൽ വിശ്വസിക്കാൻ അതു പഠിപ്പിക്കുന്നു.

82. തനിക്കു നേരെ വരുന്ന യാതനകളെ പാപിയായ ആത്മാവ് തള്ളിക്കളയുമ്പോൾ മാലാഖമാർ ഇങ്ങനെ പറയുന്നു: 'ബാബിലോണിനെ ഞങ്ങൾ ചികിത്സിച്ചു. എങ്കിലും അവൾ സുഖംപ്രാപിച്ചില്ല' (യിര 51:9).

83. നമ്മുടെ മനസ്സ് യഥാർത്ഥ ജ്ഞാനം വിസ്മരിക്കുമ്പോൾ, തനിക്ക് പ്രയോജനകരമായേക്കാം എന്നു കരുതി ഉപദ്രവകരമായ കാര്യങ്ങൾക്കുവേണ്ടിയാണ് അത് മനുഷ്യരോട് പോരാടുന്നത്.

84. തീയ്ക്ക് വെള്ളത്തിൽ അധികസമയം നിലനിൽക്കാൻ കഴിയുകയില്ല. ദൈവത്തെ സ്നേഹിക്കുന്ന ഹൃദയത്തിൽ ലജ്ജാകരചിന്തകൾക്കും സ്ഥാനമില്ല. എന്തെന്നാൽ ദൈവത്തെ സ്നേഹിക്കുന്നവൻ സസന്തോഷം യാതന അനുഭവിക്കാൻ തയ്യാറാകുന്നു; സ്വമനസ്സാലെ സ്വീകരിക്കുന്ന യാതന പ്രകൃത്യാതന്നെ സുഖലോലുപതയുടെ ശത്രുവാണ്.

85. നമ്മുടെ സമ്മതത്തോടെ ഉള്ളിൽ പടർന്നുപിടിക്കുന്ന വികാരങ്ങളാകട്ടെ, ഏറെ കഴിയാതെ നമ്മുടെ ഇച്ഛയ്ക്കു വിപരീതമായി നമ്മെ അടിമകളാക്കും.

www.malankaralibrary.com

86. മനസ്സറിയാതെ വരുന്ന ചിന്തകൾക്ക് കാരണമാകുന്നവയോട് നമുക്ക് താല്പര്യമുണ്ട്; അതുകൊണ്ടാണ് അവ സംഭവിക്കുന്നതും. നമ്മുടെ സമ്മതത്തോടെയുണ്ടാകുന്ന ചിന്തകളുടെ കാര്യത്തിലാകട്ടെ, അവയുടെ കാരണത്തോടു മാത്രമല്ല, അവയുമായി ബന്ധപ്പെട്ട വസ്തുക്കളോടും നമുക്ക് താല്പര്യമുണ്ടെന്ന കാര്യം വ്യക്തമാണ്.

87. ദൈവദൂഷണത്തിനു കാരണം ധിക്കാരവും പൊങ്ങച്ചവുമാണ്; അത്യാഗ്രഹവും അഹന്തയുമാണ് ക്രൂരതയ്ക്കും കാപട്യത്തിനും കാരണം.

88. ഹൃദയപൂർവ്വമായ പ്രാർത്ഥനയാണ് നമ്മുടെ മനസ്സ് നടത്തുന്നതെന്ന് കാണുമ്പോൾ സാത്താൻ തീവ്രമായ പ്രലോഭനങ്ങളിലൂടെ കടുത്ത ആക്രമണം നടത്തുന്നു; എന്നാൽ അത്തരം ആക്രമണങ്ങളിലൂടെ നമ്മിൽ അവശേഷിക്കുന്ന ചെറിയ നന്മകളെ ഇല്ലായ്മചെയ്യാൻ അവൻ ശ്രമിച്ചെന്നുവരില്ല.

89. ഏതെങ്കിലുമൊരു ചിന്ത ഒരുവന്റെ ഉള്ളിൽ തങ്ങിനിൽക്കുകയാണെങ്കിൽ അതിന്റെ അർത്ഥം അയാൾക്ക് അതിനോട് മമതയുണ്ടെന്നാണ്; എന്നാൽ എളുപ്പത്തിൽ ആ ചിന്ത നശിപ്പിക്കപ്പെടുകയാണെങ്കിൽ അതിനർത്ഥം അയാൾക്ക് അതിനോട് എതിർപ്പാണുള്ളതെന്നാണ്.

90. ബുദ്ധി മൂന്ന് അവസ്ഥകളിലേക്ക് മാറിക്കൊണ്ടിരിക്കുന്നതായി കാണാം. പ്രകൃതിസഹജമായത്, പ്രകൃതിക്കുപരിയായത്, പ്രകൃതിവിരുദ്ധമായത് എന്നിവയാണ് ഈ മൂന്ന് അവസ്ഥകൾ. പ്രകൃതിസഹജമായ അവസ്ഥയിലെത്തുമ്പോൾ, ബുദ്ധി പാപചിന്തകളുടെ കാരണം തന്നിൽത്തന്നെയാണെന്നു മനസ്സിലാക്കി ദൈവത്തിനു മുമ്പിൽ കുറ്റസമ്മതം നടത്തുകയും വികാരങ്ങളുടെ യഥാർത്ഥ കാരണം തിരിച്ചറിയുകയും ചെയ്യുന്നു. പ്രകൃതിവിരുദ്ധമായ അവസ്ഥയിലായിരിക്കുമ്പോൾ, തനിക്ക് നീതി ലഭിക്കുന്നില്ലെന്ന് വിശ്വസിച്ച് അത് ദൈവനീതിയെ വിസ്മരിക്കുകയും മറ്റുള്ളവരുമായി വഴക്കിടുകയും ചെയ്യുന്നു. എന്നാൽ പ്രകൃതിക്കുപരിയായ നിലവാരത്തിലെത്തുമ്പോഴാകട്ടെ, ബുദ്ധി പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ കണ്ടെത്തുന്നു. സ്നേഹം, സന്തോഷം, സമാധാനം തുടങ്ങിയവയും അപ്പോസ്തോലൻ സൂചിപ്പിച്ചിട്ടുള്ള മറ്റു ഫലങ്ങളുമാണ് അവ (ഗലാ 5:22). ശാരീരികമായ മമതകളിൽപ്പെട്ടുപോയാൽ ഈ

www.malankaralibrary.com

വിശുദ്ധാവസ്ഥയിൽ നിലനിൽക്കാനാവില്ലെന്ന് മനസ്സിനറിയാം. ഈ അവസ്ഥയിൽനിന്നു വ്യതിചലിക്കുന്ന മനസ്സ് പാപത്തിലേക്കും, കാലക്രമേണ ദൈവനിശ്ചയമനുസരിച്ച് പാപത്തിന്റെ ദുരിതഫലങ്ങളിലേക്കും അധഃപതിക്കാനിടയാകുന്നു.

91. ഓരോ വ്യക്തിയുടെയും അറിവ് സൗമ്യത, വിനയം, സ്നേഹം എന്നിവയാൽ എത്രത്തോളം ദൃഢീകൃതമാണോ അത്രത്തോളം അത് നിർമ്മലമായിരിക്കും.

92. സത്യമായ രീതിയിൽ ജ്ഞാനസ്നാനം ചെയ്യപ്പെട്ട ഓരോ ആളും ദൈവകൃപയുടെ പൂർണ്ണത അത്ഭുതകരമായി നേടിയിരിക്കുന്നു; എന്നാൽ കല്പനകൾ അനുസരിക്കുന്ന അളവിൽ മാത്രമേ അയാൾക്ക് ഈ ദൈവകൃപയെപ്പറ്റി മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

93. നമ്മുടെ മനഃസാക്ഷിക്കനുസരിച്ച് ക്രിസ്തുവിന്റെ കല്പനകൾ നാം നിറവേറ്റുകയാണെങ്കിൽ എത്രമാത്രം ആന്തരികപീഡനം നാം സ്വീകരിക്കുന്നുവോ അത്രത്തോളം നാം ആത്മീയമായി നവീകരിക്കപ്പെടുന്നു. എന്നാൽ ഓരോന്നും അതിന്റേതായ സമയത്താണ് സംഭവിക്കുന്നത്.

94. ഓരോ കാര്യത്തിലും നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുക; അങ്ങനെയാണെങ്കിൽ ദൈവത്തിന്റെ സഹായമില്ലാതെ നിങ്ങൾ യാതൊന്നും ചെയ്യുകയില്ല.

95. പ്രാർത്ഥനയെക്കാൾ കരുത്തേറിയ പ്രവർത്തനം നടത്താൻ മറ്റൊന്നിനുമാവില്ല. ദൈവകൃപ നേടുന്നതിൽ പ്രാർത്ഥനയെക്കാൾ ഫലവത്തായി മറ്റൊന്നുമില്ല.

96. കല്പനകൾ പൂർണ്ണമായി അനുസരിക്കുന്നതിലാണ് പ്രാർത്ഥന അടങ്ങിയിരിക്കുന്നത്. എന്തെന്നാൽ, ദൈവത്തോടുള്ള സ്നേഹത്തെക്കാൾ മഹത്തരമായി യാതൊന്നുമില്ല.

97. ഏകാഗ്രമായ പ്രാർത്ഥന ദൈവത്തോടുള്ള സ്നേഹത്തിന്റെ അടയാളമാണ്; അശ്രദ്ധമായ പ്രാർത്ഥനയാകട്ടെ, സുഖഭോഗങ്ങളോടുള്ള താല്പര്യത്തിന്റെ അടയാളവും.

98. അനായാസം ജാഗ്രത പുലർത്തുവാനും ദീർഘയാതന അനുഭവിക്കുവാനും ക്ഷമാപൂർവ്വം നിരന്തരമായി പ്രാർത്ഥിക്കുവാനും

www.malankaralibrary.com

സാധിക്കുന്ന ഒരാൾ പരിശുദ്ധാത്മാവിൽ ഭാഗഭാക്കാണെന്നത് വ്യക്തമാണ്. എന്നാൽ ഇവയൊക്കെ ചെയ്യാൻവേണ്ടി ഏറെ പണിപ്പെടേണ്ടി വന്നാലും സ്വമനസ്സാലെ ആ ക്ലേശം സഹിക്കുന്ന ഏതൊരാൾക്കും ദൈവസഹായം ലഭിക്കുന്നു.

99. ഒരു കല്പന മറ്റൊന്നിനെക്കാൾ മഹത്തരമാണ്. തത്ഫലമായി വിശ്വാസത്തിന്റെ ഒരു നിലവാരം മറ്റൊന്നിനെക്കാൾ കൂടുതൽ ഉറപ്പുള്ളതുമാണ്.

100. കേൾവിയിലൂടെ (റോമ 10:17) നേടുന്ന വിശ്വാസവും 'പ്രത്യാശിക്കുന്നവയുടെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള (എബ്രാ 11:1) വിശ്വാസവുമുണ്ട്.

101. അന്വേഷകർക്ക് വാക്കുകളാൽ സഹായം ചെയ്യുന്നതു നല്ലതുതന്നെ. എന്നാൽ പ്രാർത്ഥനയിലൂടെയും സദ്പ്രവൃത്തികൾ പരിശീലിക്കുന്നതിലൂടെയും അവരുമായി സഹകരിക്കുന്നതാണ് കൂടുതൽ നല്ലത്. എന്തെന്നാൽ ഇത്തരത്തിൽ സ്വയം ദൈവത്തിനു സമർപ്പിക്കുന്ന ഒരാൾ തന്നെത്തന്നെ സഹായിക്കുന്നതിലൂടെ തന്റെ അയല്ക്കാരനെയും സഹായിക്കുന്നു.

102. പഠിക്കാൻ ആഗ്രഹിക്കുന്ന ഒരാളെ ഏതാനും വാക്കുകളിലൂടെ സഹായിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, പ്രാർത്ഥനയെക്കുറിച്ചും യഥാർത്ഥ വിശ്വാസത്തെക്കുറിച്ചും, സംഭവിക്കുന്നതെന്തിനെയും ക്ഷമാപൂർവ്വം സ്വീകരിക്കുന്നതിനെക്കുറിച്ചും അയാളോടു പറയുക. എന്തെന്നാൽ, നല്ലത് എന്നു പറയാവുന്ന എല്ലാംതന്നെ ഇവയിലൂടെ നേടാവുന്നതാണ്.

103. എന്തിനെയെങ്കിലും കുറിച്ചുള്ള നമ്മുടെ പ്രത്യാശ ദൈവത്തിൽ സമർപ്പിച്ചു കഴിഞ്ഞാൽ പിന്നെ നമുക്ക് അതേക്കുറിച്ച് അയൽക്കാരനുമായി കലഹിക്കേണ്ടിവരില്ല.

104. വിശുദ്ധഗ്രന്ഥം പഠിപ്പിക്കുന്നതുപോലെ നമ്മുടെ ഇച്ഛയ്ക്കു വിധേയമല്ലാതെ സംഭവിക്കുന്ന എല്ലാത്തിന്റെയും കാരണം, നമ്മുടെ ഇച്ഛയിൽതന്നെയാണ് അടങ്ങിയിരിക്കുന്നതെങ്കിൽ മനുഷ്യന്റെ ഏറ്റവും വലിയ ശത്രു അവൻതന്നെയാണ്.

105. തിന്മകളിൽ ഒന്നാമത്തേത് അജ്ഞതയാണ്. തൊട്ടടുത്തായി വിശ്വാസമില്ലായ്മയും.

www.malankaralibrary.com

106. ക്ഷമയിലൂടെയും പ്രാർത്ഥനയിലൂടെയുമാണ് പ്രലോഭനങ്ങളിൽനിന്നു രക്ഷപ്പെടേണ്ടത്; ഇവ രണ്ടുമില്ലാതെ പ്രലോഭനത്തെ ചെറുക്കാൻ നിങ്ങൾ ശ്രമിച്ചാൽ അതു നിങ്ങളെ കൂടുതൽ ശക്തമായി ആക്രമിക്കും.

107. ദൈവത്തിന്റെ ദൃഷ്ടിയിൽ സൗമ്യനായ ഒരാൾ ജ്ഞാനികളെക്കാൾ ജ്ഞാനിയാണ്. ഹൃദയത്തിൽ വിനയമുള്ളവനാകട്ടെ, കരുത്തന്മാരെക്കാൾ കരുത്തനും. എന്തെന്നാൽ അവർ ക്രിസ്തുവിന്റെ നുകം ആത്മീയജ്ഞാനത്തോടെ പേറുന്നവരാണ്.

108. പ്രാർത്ഥനയില്ലാതെ നാം പറയുന്നതും ചെയ്യുന്നതുമായ എല്ലാ കാര്യങ്ങളും അവിശ്വസനീയമോ ഉപദ്രവകരമോ ആയിത്തീരുന്നു; നാം അറിയാതെതന്നെ അത് നമ്മെ തുറന്നുകാട്ടുന്നു.

109. പ്രവൃത്തിയിലും വാക്കുകളിലും ചിന്തകളിലും നീതിമാനായവൻ ഒരുവൻ മാത്രമാണ്. ഒരുപാട് പേർ വിശ്വാസത്തിലൂടെയും പശ്ചാത്താപത്തിലൂടെയും ദൈവകൃപയിലൂടെയും നീതിമാന്മാരായിത്തീരുന്നു.

110. പശ്ചാത്തപിക്കുന്ന ഒരാൾക്ക് അഹങ്കാരമുണ്ടാവില്ല; മനഃപൂർവ്വം പാപം ചെയ്യുന്ന ഒരാൾക്ക് വിനയമുള്ള മനസ്സ് ഉണ്ടായിരിക്കില്ല.

111. നമ്മുടെ മനഃസാക്ഷിയെ കുറ്റപ്പെടുത്തുന്നതിലല്ല, മറിച്ച് ദൈവത്തിന്റെ കൃപയും അനുകമ്പയും തിരിച്ചറിയുന്നതിലാണ് വിനയം കുടികൊള്ളുന്നത്.

112. ഒരു വീട് വായുവിന് എന്തായിരിക്കുന്നുവോ, അതുതന്നെയാണ് ആത്മീയമനസ്സ് ദൈവാനുഗ്രഹത്തിനും. ഭൗതികവസ്തുക്കൾ എത്രമാത്രം ഒഴിവാക്കപ്പെടുന്നുവോ അത്രമാത്രം വായുവും കൃപയും ഉള്ളിലേക്ക് പ്രവേശിക്കുന്നു. ഭൗതികത കൂടുന്നതനുസരിച്ച് അവ അകന്നുപോകുന്നു.

113. ഭൗതികത എന്നത് ഒരു വീടിനെ സംബന്ധിച്ചിടത്തോളം അതിലെ സുഖസൗകര്യങ്ങളും ഭക്ഷണവും മറ്റുമാണ്. മനസ്സിന്റെ കാര്യത്തിലാകട്ടെ, ഭൗതികത ആത്മപ്രശംസയും ലൗകികസുഖങ്ങളുമാകുന്നു.

www.malankaralibrary.com

114. ഹൃദയവിശാലത ദൈവത്തിലുള്ള പ്രത്യാശയെ സൂചിപ്പിക്കുന്നു; സങ്കുചിതമായ മനസ്സ് ശരീരസുഖത്തിലുള്ള താല്പര്യത്തെയും.

115. പരിശുദ്ധാത്മാവിന്റെ അനുഗ്രഹം ഏകവും അചഞ്ചലവുമാണ്. എന്നാൽ നമ്മിലോരോരുത്തരിലും അവിടുത്തെ ഹിതപ്രകാരം അവിടുന്ന് ഊർജ്ജം നിറയ്ക്കുന്നു (1 കൊരി 12:11).

116. ഭൂമിയിൽ മഴപെയ്യുമ്പോൾ ഓരോ ചെടിയുടെയും തനതായ ഗുണത്തിന് അതു ജീവൻ നല്കുന്നു. മധുരമുള്ളവയ്ക്ക് മധുരവും എരിവുള്ളവയ്ക്ക് എരിവും. ഇതേപോലെതന്നെ, വിശ്വസ്തരുടെ ഹൃദയങ്ങളിൽ ദൈവകൃപ വർഷിക്കപ്പെടുമ്പോൾ അചഞ്ചലമായി നിലനിന്നുകൊണ്ട് വ്യത്യസ്തമായ സദ്ഗുണങ്ങൾക്കനുയോജ്യമായ ഊർജ്ജം അത് പ്രദാനം ചെയ്യുന്നു.

117. ക്രിസ്തുവിനായി വിശക്കുന്നവർക്ക് ദൈവകൃപ ഭക്ഷണമാണ്; ദാഹിക്കുന്നവർക്ക് അത് ഉന്മേഷദായകമായ പാനീയമാണ്; തണുപ്പുള്ളവർക്ക് അതു വസ്ത്രമാണ്; ക്ഷീണിക്കുന്നവർക്ക് അതു വിശ്രമമാണ്. പ്രാർത്ഥിക്കുന്നവന് ആത്മവിശ്വാസമാണ്, കേഴുന്നവന് ആശ്വാസവും.

118. പരിശുദ്ധാത്മാവ് 'അപ്പോസ്തോലന്മാരോരുത്തരുടെയും മേൽ വന്നുനിന്നു' (അപ്പോ 2:3) എന്നും, പ്രവാചകനിൽ അത് 'ആവസിച്ചു' (1 ശമു 11:6) എന്നും, 'ഊർജ്ജം നൽകുന്നു' (1 കൊരി 12:11) എന്നും, 'ദുഃഖിക്കുന്നു' (എഫേ 4:30) എന്നും, 'ദാഹം ശമിപ്പിക്കുന്നു' (1 തെസ 5:19) എന്നും, 'വിഷമിക്കുന്നു' (യശ 63:10) എന്നും, ചിലർക്ക് 'ആദ്യഫലങ്ങൾ ലഭിക്കുന്നു' (റോമ 8:23) എന്നും, മറ്റു ചിലർ 'പരിശുദ്ധാത്മാവിനാൽ നിറയ്ക്കപ്പെടുന്നു' (അപ്പോ 2:4) എന്നുമൊക്കെ വിശുദ്ധഗ്രന്ഥം പറയുന്നതു കേൾക്കുമ്പോൾ പരിശുദ്ധാത്മാവ് ഏതെങ്കിലും തരത്തിലുള്ള വിഭജനത്തിനോ പരിവർത്തനത്തിനോ മാറ്റത്തിനോ വിധേയമാണെന്ന് ചിന്തിക്കരുത്. നാം സൂചിപ്പിച്ചുകഴിഞ്ഞതുപോലെ, പരിശുദ്ധാത്മാവ് അചഞ്ചലനും ഏകരീതിയിലുള്ളവനും സർവ്വശക്തനുമാണ്. അതിനാൽ തന്റെ മുഴുവൻ ശക്തിയോടുംകൂടി അവൻ തന്റെ സ്ഥിരമായ അവസ്ഥയിൽ സ്ഥിതിചെയ്യുന്നു. ദൈവികമായ മാർഗ്ഗത്തിലൂടെ ഓരോ ആൾക്കും എന്തു വേണമോ അത് അവൻ

www.malankaralibrary.com

നല്കുകയും ചെയ്യുന്നു. ജ്ഞാനസ്നാനം ചെയ്യപ്പെട്ടവരുടെമേൽ സൂര്യപ്രകാശമെന്നപോലെ അവൻ തന്നെത്തന്നെ വർഷിക്കുന്നു. നമ്മെ ഇരുട്ടിലാഴ്ത്തുന്ന വികാരങ്ങളെ വെറുക്കുകയും ആട്ടിയോടിക്കുകയും ചെയ്യുന്നതിനനുസരിച്ചായിരിക്കും അവനാൽ നമ്മുടെ ഹൃദയം പ്രകാശിപ്പിക്കപ്പെടുക. എന്നാൽ വികാരങ്ങളോട് നമുക്ക് ആസക്തിയുണ്ടാവുകയും അവയിൽ നിലനിൽക്കുകയും ചെയ്താൽ നാം അന്ധകാരത്തിൽതന്നെയാണ് നിലനിൽക്കുന്നത്.

119. വികാരങ്ങളെ വെറുക്കുന്നവൻ അവയുടെ കാരണങ്ങളിൽ നിന്നു മോചനം നേടുന്നു. എന്നാൽ വികാരങ്ങളുടെ കാരണങ്ങളാൽ ആകർഷിക്കപ്പെടുന്നവനാകട്ടെ, അയാൾ ആഗ്രഹിക്കുന്നില്ലെങ്കിൽകൂടി വികാരങ്ങളുടെ ആക്രമണത്തിനു വിധേയനാകുന്നു.

120. ദുഷിച്ച ചിന്തകൾ നമ്മുടെയുള്ളിൽ സജീവമാകുമ്പോൾ, നമ്മുടെ പിതാക്കന്മാരുടെ പാപത്തെയല്ല, നമ്മെത്തന്നെയാണ് നാം കുറ്റപ്പെടുത്തേണ്ടത്.

121. ദുഷിച്ച ചിന്തകൾക്ക് കാരണം സ്പഷ്ടമായ ദുർവാസനകളാണ്. നമ്മുടെ വാക്കാലും പ്രവൃത്തിയാലും അവയെ ന്യായീകരിക്കാനാണ് നാം എല്ലായ്പ്പോഴും ശ്രമിക്കുന്നത്.

122. ഏതെങ്കിലുമൊരു വികാരത്തിന്റെ കാരണത്തോട് നമുക്ക് താല്പര്യമില്ലെങ്കിൽ നമുക്ക് ആ വികാരത്തെ മനസ്സിൽ പ്രവേശിപ്പിക്കാനാവില്ല.

123. അപമാനത്തെക്കുറിച്ച് ശ്രദ്ധിക്കാത്ത ഒരുവൻ ആത്മപ്രശംസാപരമായ ചിന്തയിൽ ശ്രദ്ധിക്കുമോ? അവജ്ഞയെ സ്വീകരിക്കുന്നവൻ പരിഹാസത്താൽ ദുഃഖിതനായിത്തീരുമോ? 'നുറുങ്ങിയതും പശ്ചാത്താപം നിറഞ്ഞതുമായ ഹൃദയമുള്ള' (സങ്കീ 51:17) ഒരാൾ ജഡികാസക്തിയിൽ മുഴുകുമോ? ക്രിസ്തുവിൽ പ്രത്യാശിക്കുന്നവൻ ലൗകികവും ക്ഷണികവുമായ കാര്യങ്ങൾക്കുവേണ്ടി കലഹിക്കുകയും ആകുലപ്പെടുകയും ചെയ്യുമോ?

124. ഒരുവൻ മറ്റുള്ളവരാൽ അധിക്ഷേപിക്കപ്പെടുമ്പോഴും വാക്കിലോ ചിന്തയിലോ പ്രതികരിക്കുന്നില്ലെങ്കിൽ അയാൾ യഥാർത്ഥമായ അറിവും ക്രിസ്തുവിൽ ഉറച്ച വിശ്വാസവും നേടിയെന്നാണ് വ്യക്തമാവുന്നത്.

www.malankaralibrary.com

125. 'മനുഷ്യപുത്രന്മാർ കാപട്യക്കാരാണ്. അവർ തങ്ങളുടെ തുലാസുകളിലൂടെ വഞ്ചിക്കുന്നു' (സങ്കീ 62:9). എന്നാൽ ദൈവമാകട്ടെ, ഓരോരുത്തർക്കും അർഹിക്കുന്നതു നല്കുന്നു.

126. കുറ്റവാളി എല്ലായ്പ്പോഴും തന്റെ നേട്ടങ്ങൾ നിലനിർത്തുകയോ അയാളുടെ ഇരയായിത്തീർന്നവന് എക്കാലവും ദൗർലഭ്യം നേരിടുകയോ ചെയ്യുകയില്ലെങ്കിൽ തീർച്ചയായും 'മനുഷ്യൻ ഒരു നിഴലായി ഉഴലുകയും അവന്റെ പ്രയത്നങ്ങളെല്ലാം വ്യർത്ഥമായിത്തീരുകയും ചെയ്യുന്നു' (സങ്കീ 39:6).

127. ആരെങ്കിലും വലിയ അപമാനം സഹിക്കുന്നതായി കാണുമ്പോൾ, അവൻ ആത്മപ്രശംസയുടെ ചിന്തയാൽ ആവേശഭരിതനായിരുന്നതിനാൽ അയാൾ തന്റെ ഹൃദയത്തിൽ വിതച്ച വെറുപ്പിന്റെ വിളവാണ് ഇപ്പോൾ കൊയ്യുന്നതെന്നു നിങ്ങൾക്കു തീർച്ചയാക്കാം.

128. ജഡികസുഖങ്ങൾ ന്യായമായ പരിധിക്കപ്പുറം അനുഭവിക്കുന്ന ഒരുവന് അതിന്റെ നൂറിരട്ടി യാതന അനുഭവിക്കേണ്ടിവരും.

129. അധികാരസ്ഥാനത്തിരിക്കുന്ന ഒരാൾ തന്റെ കീഴിലുള്ളവനെ അവന്റെ ചുമതലയെക്കുറിച്ച് ബോദ്ധ്യപ്പെടുത്തണം. അനുസരിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ, അവനു നേരിടേണ്ടിവരുന്ന ദുരനുഭവങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നല്കുകയും വേണം.

130. മറ്റൊരാൾമൂലം ദുഃഖമനുഭവിക്കേണ്ടിവരുന്ന ഒരുവൻ തന്നെ ഉപദ്രവിച്ച വ്യക്തിയിൽനിന്ന് പ്രതിഫലമോ പരിഹാരമോ ഇച്ഛിക്കുന്നില്ലെങ്കിൽ തനിക്കു നഷ്ടപ്പെട്ടതിനെ നന്മയായി മാറ്റാൻ അയാൾ ക്രിസ്തുവിൽ ആശ്രയിക്കുന്നു. അയാൾക്ക് തീർച്ചയായും തന്റെ കഷ്ടപ്പാടിന്റെ നൂറിരട്ടി പ്രതിഫലം ഈ ലോകജീവിതത്തിൽ ലഭിക്കും, കൂടാതെ നിത്യജീവനും അയാൾ അവകാശിയായിത്തീരും (മർക്കോ 10:30).

131. ഭക്തിപൂർവ്വം സ്വീകരിക്കപ്പെടുന്ന യാതനയാണ് ദൈവസ്മരണയുടെ അന്തഃസത്ത. ദൈവത്തെ വിസ്മരിക്കുന്നവനാകട്ടെ, സുഖലോലുപനും ചേതനയറ്റവനുമായിത്തീരുന്നു.

132. വികാരങ്ങളാൽ തളർത്തപ്പെടാത്ത ഒരുവൻ പീഡനമനുഭവിക്കുന്നില്ലെന്ന് പറയരുത്; എന്തെന്നാൽ, തന്നെക്കുറിച്ചോർത്ത് ദുഃഖിക്കുന്നില്ലെങ്കിലും തന്റെ അയൽക്കാരനുവേണ്ടി യാതന അനുഭവിക്കാൻ അയാൾ ബാദ്ധ്യസ്ഥനാണ്.

www.malankaralibrary.com

133. ഒരുവൻ മറന്നുകളഞ്ഞ അനേക പാപങ്ങളെക്കുറിച്ച് ശത്രു അവനെതിരെ കണക്കു പറയുമ്പോൾ അവയെല്ലാം ഓർമ്മയിൽ കൊണ്ടുവരാൻ തന്റെ കടക്കാരനെ അവൻ നിർബന്ധിക്കുകയാണ് ചെയ്യുന്നത്. അവൻ ഇപ്രകാരം ചെയ്യുന്നത് 'പാപത്തിന്റെ നിയമം അനുസരിച്ചാണ്' (റോമ 8:2).

134. നിരന്തരമായി ദൈവത്തെ സ്മരിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾക്കു സംഭവിക്കുന്ന കഷ്ടതകളൊന്നുംതന്നെ നിങ്ങൾ അർഹിക്കുന്നില്ല എന്നു കരുതി തള്ളിക്കളയരുത്; നേരെമറിച്ച്, ക്ഷമാപൂർവ്വം നിങ്ങൾക്ക് അർഹമായത് എന്ന വിധത്തിൽ അവയെ സ്വീകരിക്കുക. സംഭവിക്കുന്നവ ക്ഷമാപൂർവ്വം സ്വീകരിക്കുമ്പോൾ നിങ്ങളുടെയുള്ളിൽ ദൈവസ്മരണ ജ്വലിക്കുന്നു; അവയെ നിരാകരിക്കുമ്പോൾ നിങ്ങളുടെ ഹൃദയത്തിന്റെ ആത്മീയലക്ഷ്യം ദുർബലമാവുകയും അതിനെ വിസ്മരിക്കുകയും ചെയ്യും.

135. കർത്താവ് നിങ്ങളുടെ പാപങ്ങളെ 'മറയ്ക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ' (സങ്കീ 32:1) നിങ്ങളുടെ സദ്ഗുണങ്ങളെ മറ്റുള്ളവർക്കു മുമ്പിൽ പ്രദർശിപ്പിക്കാതിരിക്കുക. എന്തെന്നാൽ, നമ്മുടെ സുകൃതങ്ങൾ നാം എങ്ങനെ കൈകാര്യം ചെയ്യുന്നുവോ അതേ രീതിയിലാണ് ദൈവം നമ്മുടെ പാപങ്ങളെ കൈകാര്യം ചെയ്യുന്നത്.

136. സ്വന്തം സുകൃതങ്ങൾ പ്രദർശിപ്പിക്കാതിരിക്കുന്നതിലൂടെ നിങ്ങൾ നീതിമാനായിത്തീർന്നിരിക്കുന്നു എന്നു കരുതി അഹങ്കരിക്കരുത്. എന്തെന്നാൽ, നീതി എന്നത് നിങ്ങളുടെ സദ്പ്രവൃത്തികളെ മറച്ചുവയ്ക്കുന്നതു മാത്രമല്ല, മറിച്ച് നിഷിദ്ധമായ യാതൊന്നിനെയും കുറിച്ച് ചിന്തിക്കാതിരിക്കുകകൂടി ചെയ്യുന്നതാണ്.

137. മറ്റുള്ളവർക്ക് നന്മ ചെയ്യാൻ കഴിയുമ്പോഴല്ല, നിങ്ങൾ സന്തോഷിക്കേണ്ടത്; മറിച്ച്, അതേതുടർന്നു വരുന്ന ആക്രമണം യാതൊരു പകയും കൂടാതെ സഹിക്കുമ്പോഴാണ്. എന്തെന്നാൽ, പകലിനുശേഷം രാത്രി എന്നതുപോലെ സദ്പ്രവൃത്തികൾക്കു പിന്നാലെ ഉപദ്രവകരമായ പ്രവൃത്തികളുമെത്തുന്നു.

138. അനുകമ്പയും ഔദാര്യവും നിറഞ്ഞ പ്രവൃത്തികളുടെ മൂല്യം നഷ്ടപ്പെടുന്നത്, അവയോടൊപ്പം ആത്മപ്രശംസയും ആസക്തിയും ഉണ്ടാകുമ്പോഴാണ്; അതിനാൽ ആദ്യംതന്നെ, ദൈവഭയത്തോടുകൂടി നാം ഇത്തരം വികാരങ്ങളെ നശിപ്പിക്കണം.

www.malankaralibrary.com

139. നാം സ്വയം വരുത്തിവയ്ക്കാത്ത സഹനങ്ങളിൽ ദൈവ കാരുണ്യം മറഞ്ഞിരിക്കുന്നു. ഈ കഷ്ടാനുഭവങ്ങൾ നാം ക്ഷമയോടെ സ്വീകരിച്ചാൽ അതു നമ്മെ പശ്ചാത്താപത്തിലേക്കു നയിക്കുകയും നിത്യശിക്ഷയിൽനിന്നു നമ്മെ മോചിപ്പിക്കുകയും ചെയ്യും.

140. പ്രസരിപ്പോടെ കല്പനകൾ അനുസരിക്കുമ്പോൾ ചില ആളുകൾ പ്രതീക്ഷിക്കുന്നത് അവരുടെ പാപഭാരം കുറയുമെന്നാണ്; എന്നാൽ ഇങ്ങനെയൊരു വിചാരത്തോടെയല്ലാതെ കല്പനകൾ അനു സരിക്കുന്നവരാകട്ടെ, നമ്മുടെ പാപങ്ങൾക്കുവേണ്ടി മരണംവരിച്ചവന്റെ കൃപ നേടുന്നു. ഈ രണ്ടു കൂട്ടരിൽ ആരു ചെയ്യുന്നതാണു ശരിയെന്നു നാം പര്യാലോചിക്കണം.

141. നരകഭീതിയും ദൈവരാജ്യത്തോടുള്ള ആഗ്രഹവുമാണ് യാതനകൾ ക്ഷമാപൂർവ്വം സ്വീകരിക്കാൻ നമ്മെ പ്രാപ്തരാക്കുന്നത്. അങ്ങനെ ചെയ്യാൻ കഴിയുന്നതാകട്ടെ, നമ്മുടെ സാമർത്ഥ്യംകൊണ്ടല്ല, മറിച്ച് നമ്മുടെ ചിന്തകളറിയുന്ന ദൈവത്താലാണ്.

142. വരാനിരിക്കുന്ന ലോകത്തിന്റെ അനുഗ്രഹങ്ങളിൽ വിശ്വസി ക്കുന്ന ഒരുവൻ ഈ ലോകസുഖങ്ങളിൽനിന്നു സ്വയം പിൻവാങ്ങുന്നു. എന്നാൽ അങ്ങനെ വിശ്വസിക്കാത്ത ഒരുവനാകട്ടെ, ലൗകിക സുഖങ്ങളിൽ തല്പരനും ചേതനയറ്റവനുമാണ്.

143. ലൗകികവസ്തുക്കളില്ലാത്ത ദരിദ്രനായ ഒരുവന് എങ്ങനെയാണ് സുഖഭോഗിയാകാൻ സാധിക്കുന്നതെന്ന് ചോദിക്കരുത്. നികൃഷ്ടമായ ചിന്തകളിലൂടെ ഒരുവന് സുഖഭോഗിയാകാൻ സാധിക്കും.

144. സൃഷ്ടജാലങ്ങളെക്കുറിച്ചുള്ള അറിവും ദൈവികസത്യത്തെ ക്കുറിച്ചുള്ള അറിവും വ്യത്യസ്തമാണ്. സൂര്യപ്രകാശം ചന്ദ്രന്റെ വെളിച്ചത്തെക്കാൾ ശോഭയുള്ളതാണെന്നതുപോലെ ദൈവികജ്ഞാനം ലൗകികജ്ഞാനത്തെക്കാൾ മഹത്തരമാണ്.

145. സൃഷ്ടജാലങ്ങളെക്കുറിച്ചുള്ള അറിവ് പ്രസരിപ്പോടെ കല്പനകൾ അനുസരിക്കുന്നതിലൂടെ വർദ്ധിക്കുന്നു; എന്നാൽ സത്യ ജ്ഞാനമാകട്ടെ, ക്രിസ്തുവിൽ പ്രത്യാശവയ്ക്കുന്നതിലൂടെയാണ് വർദ്ധിക്കുന്നത്.

146. രക്ഷിക്കപ്പെടണമെന്നും 'സത്യജ്ഞാനം നേടണമെന്നും' (1 തിമോ 2:4) നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ എല്ലായ്പ്പോഴും ഭൗതി

www.malankaralibrary.com

കതയ്ക്ക് അപ്പുറമെത്താനും പ്രത്യാശയിലൂടെ മാത്രം ദൈവത്തോട് ഗാഢമായി യോജിച്ചിരിക്കാനും പരിശ്രമിക്കുക. അപ്പോൾ പ്രഭുത്വങ്ങളും ശക്തികളും നിങ്ങൾക്ക് എതിരെ അണിനിരക്കുകയും (എഫേ 6:12) നിങ്ങളുടെ ഇഷ്ടത്തിനു വിപരീതമായി നിങ്ങളെ വഴിതെറ്റിക്കാനും പാപത്തിലേക്ക് വലിച്ചിഴയ്ക്കാനും ശ്രമിക്കുകയും ചെയ്യുന്നതു നിങ്ങൾ കാണും. എന്നാൽ പ്രാർത്ഥനയാൽ അവയെ അതിജീവിക്കുകയും പ്രത്യാശ നിലനിർത്തുകയും ചെയ്യാൻ കഴിഞ്ഞാൽ നിങ്ങൾക്ക് ദൈവ കാരുണ്യം ലഭിക്കും. വരാനിരിക്കുന്ന കോപത്തിൽനിന്ന് ഇത് നിങ്ങളെ മോചിപ്പിക്കുകയും ചെയ്യും.

147. 'നാം പോരാടുന്നത്... തിന്മയുടെ ദുരാത്മാക്കൾക്കും എതിരെയാണ്' (എഫേ 6:12) എന്നു വിശുദ്ധ പൗലോസ് ഗൂഢാർത്ഥത്തിൽ പറഞ്ഞതു നിങ്ങൾക്കു മനസ്സിലായാൽ, 'ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം' എന്നു കാണിക്കാൻ (ലൂക്കോ 18:1) കർത്താവു പറഞ്ഞ ഉപമയും നിങ്ങൾക്ക് മനസ്സിലാകും.

148. നിയമം അനുശാസിക്കുന്നത്, ആറു ദിവസം ജോലി ചെയ്തിട്ട് ഏഴാം ദിവസം വിശ്രമിക്കാനാണ് (പുറ 20:9,10). ആത്മാവിന്റെ കാര്യത്തിൽ 'ജോലി ചെയ്യുക' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, കാരുണ്യമുള്ള പ്രവൃത്തികളിൽ ഏർപ്പെടുക എന്നും നമ്മുടെ സ്വത്തുക്കളുടെ കാര്യത്തിൽ -അതായത്, ഭൗതികവസ്തുക്കൾ- ഔദാര്യമനസ്കരായിരിക്കുക എന്നുമാണ്. ആത്മാവിന്റെ വിശ്രമവും ആശ്വാസവുമാകട്ടെ, തനിക്കുള്ളതെല്ലാം വിറ്റ് 'ദരിദ്രർക്കു കൊടുക്കലാണ്' (മത്താ 19:21) എന്ന് ക്രിസ്തു തന്നെ പറഞ്ഞിരിക്കുന്നു. തന്റേതായ സ്വത്തുക്കളത്രയും ഉപേക്ഷിക്കുമ്പോഴാണ് ആത്മാവിന് ജോലിയിൽ നിന്നും വിശ്രമിക്കാനും ആത്മീയമായ പ്രത്യാശക്ക് തന്നെത്തന്നെ സമർപ്പിക്കാനും കഴിയുന്നത്. ഈ വിശ്രമം നേടാനാണ് വി. പൗലോസ് ഇപ്രകാരം പറഞ്ഞുകൊണ്ട് നമ്മെ അനുശാസിക്കുന്നത്. 'ആകയാൽ ആ വിശ്രമത്തിലേക്കു പ്രവേശിക്കാൻ നമുക്ക് തീവ്രമായി യത്നിക്കാം' (എബ്രാ 4:11).

149. ഇതു പറയുമ്പോൾ, വരാനിരിക്കുന്ന ജീവിതത്തിൽ നേടാനാകുന്ന അനുഗ്രഹങ്ങളെക്കുറിച്ചോ ഈ ജീവിതത്തിൽ ലഭിക്കാവുന്ന പ്രതിഫലങ്ങളെക്കുറിച്ചോ നാം വിസ്മരിക്കുകയല്ല ചെയ്യുന്നത്. മറിച്ച് ഹൃദയത്തെ ഊർജ്ജസ്വലമാക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപ

www.malankaralibrary.com

ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ഇതിലൂടെ നാം ഉറപ്പിച്ചു പറയുകയാണ്. ഈ ഊർജ്ജസ്വലതയ്ക്കനുസൃതമായിരിക്കും നമുക്ക് സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം ലഭിക്കുന്നത്. കർത്താവ് ഇങ്ങനെ അരുളിച്ചെയ്തിരിക്കുന്നു: 'സ്വർഗ്ഗരാജ്യം നിങ്ങളുടെയുള്ളിലാണ്' (ലൂക്കോ 17:21). അപ്പോസ്തോലൻ പറഞ്ഞിരിക്കുന്നതും ഇതുതന്നെ; 'നാം പ്രത്യാശിക്കുന്ന എല്ലാത്തിന്റെയും ഉള്ളടക്കം വിശ്വാസമാണ്' (എബ്രാ 11:1); 'ലക്ഷ്യത്തിലെത്തുന്നതുവരെ ഓടിക്കൊള്ളുക' (1 കൊരി 9:24). 'നിങ്ങൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നുവോ എന്ന് സ്വയം പരിശോധിക്കുക... നിങ്ങൾ വിലകെട്ടവരല്ലെങ്കിൽ യേശുക്രിസ്തു നിങ്ങളിൽ ഉണ്ടെന്ന് നിങ്ങൾക്ക് ബോദ്ധ്യമായിട്ടില്ലേ?' (2 കൊരി 13:5).

150. സത്യം അറിയാൻ കഴിഞ്ഞവൻ തനിക്കു സംഭവിക്കുന്ന ദുരിതങ്ങളെ നിഷേധിക്കുന്നില്ല; എന്തെന്നാൽ അവ തന്നെ നയിക്കുന്നത് ദൈവഭയത്തിലേക്കാണെന്ന് അയാൾക്കറിയാം.

151. കഴിഞ്ഞ കാലത്ത് ചെയ്തുപോയ പാപങ്ങളെക്കുറിച്ച് സവിസ്തരം വീണ്ടും വീണ്ടും ഓർമ്മിക്കുന്നത് ദൈവത്തിൽ പ്രത്യാശിക്കുന്ന ഒരുവന് ദോഷം ചെയ്യും. എന്തെന്നാൽ, കൂടെക്കൂടെ അവയെക്കുറിച്ച് ഓർമ്മിക്കുമ്പോൾ അയാൾക്ക് മനസ്സിടിവുണ്ടാവുകയും തത്ഫലമായി അയാൾക്ക് പ്രത്യാശ നഷ്ടപ്പെടുകയും ചെയ്യും. എന്നാൽ പശ്ചാത്താപമില്ലാത്ത വിധത്തിലാണ് അയാൾ തന്റെ പാപങ്ങളെപ്പറ്റി ഓർമ്മിക്കുന്നതെങ്കിൽ, തന്റെ പഴയകാല മാലിന്യങ്ങളാൽ അയാൾ വീണ്ടും കളങ്കപ്പെടുകയും ചെയ്യും.

152. വികാരങ്ങളെ ഒഴിവാക്കുന്നതിലൂടെ മനസ്സ് അചഞ്ചലമായ പ്രത്യാശ നേടുമ്പോൾ, ശത്രു, കഴിഞ്ഞകാല പാപങ്ങൾ ദൈവത്തോട് ഏറ്റുപറയുന്നതാണെന്ന ഒഴികഴിവോടെ അവയെ അവന്റെ മനസ്സിൽ കൊണ്ടുവരുന്നു. അങ്ങനെ ദൈവകാരുണ്യത്താൽ വിസ്മരിക്കപ്പെട്ട വികാരങ്ങൾ വീണ്ടും ഉണർത്തി രഹസ്യത്തിൽ അയാളെ പരിക്കേല്പിക്കാൻ അവൻ ശ്രമിക്കുന്നു. തന്മൂലം വികാരങ്ങളെക്കുറിച്ചുള്ള വെളിച്ചം ലഭിച്ച് അവയെ വെറുക്കുന്നവൻപോലും തനിക്ക് എതിർക്കാനാവാത്തവിധം അന്ധകാരത്തിൽ പതിക്കുകയും താൻ മുമ്പു ചെയ്തുപോയവയെക്കുറിച്ചുള്ള ഓർമ്മയിൽ സംഭ്രാന്തനാവുകയും ചെയ്യുന്നു. അവൻ ചിന്താക്കുഴപ്പത്തിലാവുകയും സുഖഭോഗങ്ങളിലായിരിക്കുകയും

www.malankaralibrary.com

ചെയ്താൽ ശത്രുവിന്റെ പ്രകോപനങ്ങളുമായി അയാൾ ക്രീഡയിലേർപ്പെടുകയും വികാരത്തിന്റെ സ്വാധീനത്താൽ അവയെ സ്വീകരിക്കുകയും ചെയ്യും. അങ്ങനെ അയാളുടെ പാപത്തെക്കുറിച്ചുള്ള ഓർമ്മ ഒരു ഏറ്റുപറച്ചിലല്ല, പ്രത്യുത, അതിലേക്കുള്ള ചായ്വ് ആണെന്നു തെളിയുന്നു.

153. ദൈവത്തോട് കുറ്റമറ്റ ഏറ്റുപറച്ചിൽ നടത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ചെയ്തുപോയ പാപങ്ങളെക്കുറിച്ച് വിസ്തരിച്ചു പറയുന്നതിനു പകരം, അവ വീണ്ടും നമ്മെ ആക്രമിക്കാതെ സൂക്ഷിക്കുക.

154. മുമ്പു ചെയ്തുപോയ പാപങ്ങൾ നിമിത്തമാണ് പരീക്ഷണങ്ങൾ നമ്മുടെ മേൽ പതിക്കുന്നത്; ഓരോ പാപത്തിനും അനുസൃതമായ പരീക്ഷണങ്ങളുണ്ടായിക്കൊണ്ടിരിക്കും.

155. ആദ്ധ്യാത്മികജ്ഞാനം നേടുകയും സത്യം മനസ്സിലാക്കുകയും ചെയ്യുന്ന ഒരാൾ ദൈവത്തിനു മുമ്പിൽ തന്റെ ഏറ്റുപറച്ചിൽ നടത്തുന്നത്, തന്റെ ചെയ്തികളെക്കുറിച്ച് വീണ്ടും സ്മരിച്ചുകൊണ്ടല്ല, മറിച്ച് സംഭവിക്കുന്നതെല്ലാം ക്ഷമയോടെ സ്വീകരിച്ചുകൊണ്ടാണ്.

156. യാതനയും അപമാനവും നിങ്ങൾ തിരസ്കരിക്കുന്നെങ്കിൽ നിങ്ങളുടെ മറ്റു സുകൃതങ്ങളാൽ നിങ്ങൾ അനുതാപത്തിന്റെ അവസ്ഥയിലാണെന്നു ഭാവിക്കരുത്. എന്തെന്നാൽ സുകൃതത്തിന്റെ മറവിൽ ആത്മപ്രശംസയ്ക്കും അഹന്തയ്ക്കും പാപത്തെ സേവിക്കാൻ സാധിക്കും.

157. സഹനവും അപമാനവും ഒരാളിൽ നന്മയുളവാക്കുമ്പോൾ സുഖവും പ്രശംസയും ദുശ്ശീലങ്ങളാണ് ഉളവാക്കുന്നത്.

158. ആത്മീയമായ അസൂക്ഷ്മതയിൽനിന്നാണ് ശാരീരികസുഖങ്ങളോടുള്ള താല്പര്യമുണ്ടാകുന്നത്; അസൂക്ഷ്മതയാകട്ടെ, വിശ്വാസമില്ലായ്മയിൽനിന്നും ഉളവാകുന്നു.

159. പാപശക്തിക്ക് അടിമയായ ഒരാൾക്ക് ശരീരത്തിന്റെ താല്പര്യങ്ങളെ ജയിക്കാൻ സാധിക്കുകയില്ല; എന്തെന്നാൽ അയാളുടെ ഓരോ അവയവത്തിലും അതിന്റെ ഉന്മേഷം കുടികൊള്ളുന്നു.

www.malankaralibrary.com

160. വികാരങ്ങളുടെ സ്വാധീനത്തിൻകീഴിലായിരിക്കുന്നവർ പ്രാർത്ഥിക്കുകയും അനുസരണ പുലർത്തുകയും വേണം. എന്തെന്നാൽ, അവർക്ക് സഹായം ലഭിക്കുമ്പോൾപോലും തങ്ങളുടെ പ്രവണതയ്ക്കെതിരെ കഷ്ടിച്ചു പോരാടാൻ മാത്രമേ അവർക്കു സാധിക്കുന്നുള്ളൂ.

161. പ്രാർത്ഥനയിലൂടെയും അനുസരണയിലൂടെയും സ്വന്തം ഇച്ഛയെ കീഴടക്കാൻ ശ്രമിക്കുന്നവർ വിവേകപൂർണ്ണമായ താപസിക മാർഗ്ഗമാണ് പിന്തുടരുന്നത്. അയാളുടെ ഭൗതികവസ്തുക്കളുടെ പരിത്യാഗം ആന്തരിക പോരാട്ടത്തെയാണ് സൂചിപ്പിക്കുന്നത്.

162. സ്വന്തം ഇച്ഛയെ ദൈവഹിതത്തിന് കീഴ്പ്പെടുത്താത്ത ഒരുവൻ സ്വന്തം പദ്ധതിയനുസരിച്ച് നടക്കുകയും തന്റെ ശത്രുക്കളുടെ കൈയിൽ ചെന്നു വീഴുകയും ചെയ്യുന്നു.

163. ദുഷ്ടന്മാരായ രണ്ടുപേർ പരസ്പരം സുഹൃത്തുക്കളാകുന്നതു കാണുമ്പോൾ ഓരോരുത്തനും അപരന്റെ ആഗ്രഹത്തോടു യോജിച്ചു പ്രവർത്തിക്കുകയാണെന്ന് ഉറപ്പു വരുത്തിക്കൊള്ളുക.

164. അഹങ്കാരിയും മിഥ്യാഭിമാനിയും പരസ്പരം ചേർച്ചയുള്ളവരാണ്. എന്തെന്നാൽ, മിഥ്യാഭിമാനിയെ അഹങ്കാരി പ്രശംസിക്കുന്നു; അതോടെ അയാൾ അഹങ്കാരിയുടെ ദാസനായിത്തീരുന്നു. തന്നെ നിരന്തരം പ്രശംസിക്കുന്ന അഹങ്കാരിയെ മിഥ്യാഭിമാനി പുകഴ്ത്തുന്നു.

165. ദൈവത്തെ സ്നേഹിക്കുന്ന ഒരാൾക്ക് സ്തുതിയും നിന്ദയും ഒരുപോലെയാണ്; തന്റെ സൽപ്രവൃത്തികളുടെ പേരിൽ സ്തുതിക്കപ്പെടുമ്പോൾ അയാൾ കൂടുതൽ ആവേശത്തോടെ നന്മ ചെയ്യുന്നു; പാപങ്ങളുടെ പേരിൽ ശകാരിക്കപ്പെടുമ്പോൾ അയാൾ പശ്ചാത്തപിക്കുന്നു. നമ്മുടെ പുറമേയുള്ള ജീവിതം ആന്തരികപുരോഗതിയുമായി ഒത്തുപോകുന്നവയായിരിക്കണം. ദൈവത്തോടുള്ള പ്രാർത്ഥന നമ്മുടെ ജീവിതശൈലിയുമായി ഒത്തുപോകുന്നതായിരിക്കണം.

166. മൗലികമായ കല്പന അനുസരിക്കുകയും ഓരോരോ പ്രത്യേക കാര്യങ്ങളെക്കുറിച്ച് ഉത്കണ്ഠാകുലരാകാതിരിക്കുകയോ അവയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാതിരിക്കുകയോ ചെയ്യുന്നത് നല്ലതാണ്. സ്വർഗ്ഗരാജ്യവും ദൈവവചനവുമൊഴികെ മറ്റൊന്നും നാം അന്വേഷിക്കേണ്ടതില്ല (മത്താ 6:25-33). എന്നാൽ പ്രത്യേകമായ ആവശ്യങ്ങളെപ്പറ്റി ആകാംക്ഷയുണ്ടെങ്കിൽ അവയ്ക്കുവേണ്ടി നാം പ്രാർത്ഥിക്കണം.

www.malankaralibrary.com

എന്തായാലും പ്രാർത്ഥന കൂടാതെ എന്തെങ്കിലും ആസൂത്രണം ചെയ്യുന്ന ഒരുവൻ അതിൽ വിജയിക്കുകയില്ല. 'എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല' (യോഹ 15:5) എന്ന് അരുൾചെയ്തപ്പോൾ കർത്താവ് അർത്ഥമാക്കിയത് ഇതാണ്.

167. പ്രാർത്ഥനയെക്കുറിച്ചുള്ള കല്പന ധിക്കരിക്കുന്ന ഒരുവൻ അനുസരണക്കേടിന്റെ ഏറ്റവും മോശമായ പ്രവൃത്തിയായിരിക്കും ചെയ്യുക. ഓരോരുത്തരും ഒരു തടവുപുള്ളിയെപോലെ അവനെ മറ്റുള്ള വർക്ക് ഏല്പിച്ചുകൊടുക്കും.

168. വരാൻപോകുന്ന അനുഗ്രഹങ്ങൾക്കായി ഇന്നത്തെ ദുരിതങ്ങൾ ക്ഷമാപൂർവ്വം സ്വീകരിക്കുന്ന ഒരാൾ സത്യമെന്താണെന്ന് അറിഞ്ഞിരിക്കുന്നു. അയാൾ കോപത്തിൽനിന്നും കുറ്റബോധത്തിൽ നിന്നും നിഷ്പ്രയാസം മോചനം നേടും.

169. സത്യത്തിനുവേണ്ടി ദുരിതവും അപമാനവും സ്വമേധയാ തിരഞ്ഞെടുക്കുന്ന ഒരുവൻ അപ്പോസ്തോലന്മാരുടെ പാതയിലാണ് ചരിക്കുന്നത്; അയാൾ കുരിശ് എടുക്കുകയും ചങ്ങലകളാൽ ബന്ധിതനായിരിക്കുകയും ചെയ്യുന്നു (മത്താ 16:24; അപ്പോ 28:20). എന്നാൽ ഇവ രണ്ടും സ്വീകരിക്കുന്നതിനു പകരം ഒരുവൻ തന്റെ ഹൃദയത്തിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെങ്കിൽ, അയാളുടെ മനസ്സിന് വഴി തെറ്റുകയും സാത്താന്റെ പ്രലോഭനങ്ങളിലും കെണികളിലും ചെന്നു ചാടുകയും ചെയ്യുന്നു.

170. നമ്മുടെ സന്ന്യാസസമരത്തിൽ നാം ശ്രദ്ധിക്കേണ്ടുന്ന ഒരു കാര്യം, ദുഷിച്ച ചിന്തകളെയും അവയുടെ കാരണങ്ങളെയും ഒരു പോലെ മാറ്റിനിർത്തണമെന്നതാണ്. അവയിലേതെങ്കിലും ഒന്നിനെ മാത്രം ഒഴിവാക്കാൻ ശ്രമിച്ചാൽ, താമസിയാതെ മറ്റേത് നമ്മെ രണ്ടി ലേക്കും തള്ളിയിടും.

171. ദുരിതങ്ങളെയോ ശകാരത്തെയോ ഭയന്ന് മറ്റുള്ളവരോട് പോരാടുന്ന ഒരാൾ, ഒന്നുകിൽ ഈലോകജീവിതത്തിലെ കഷ്ടാനുഭവങ്ങളിൽപ്പെട്ട് വലയും, അല്ലെങ്കിൽ, വരാൻ പോകുന്ന ജീവിതത്തിൽ നിർദ്ദയമായി ശിക്ഷിക്കപ്പെടും.

172. നിർഭാഗ്യങ്ങളുണ്ടാകരുതെന്ന് ആഗ്രഹിക്കുന്ന ഒരാൾ, തന്റെ സകല പ്രവൃത്തികളെയും പ്രാർത്ഥനയിലൂടെ ദൈവവുമായി ബന്ധിപ്പി

www.malankaralibrary.com

ക്കണം. മനസ്സുകൊണ്ട് അയാൾ ദൈവത്തിൽ പ്രത്യാശയർപ്പിക്കുകയും ഇന്ദ്രിയഗോചരമായ വസ്തുക്കളെ ആവുന്നത്ര ഒഴിവാക്കുകയും വേണം.

173. ശാരീരികവിഷയങ്ങളിൽ അനാവശ്യമായി താല്പര്യം പുലർത്തുന്ന ഒരുവനെ, ആത്മീയജ്ഞാനത്തിന്റെ സദ്ഫലങ്ങളിൽ നിന്നു സാത്താൻ മാറ്റിനിർത്തുന്നു. പിന്നീട്, ദൈവത്തിലുള്ള അവന്റെ പ്രത്യാശയെ ഇല്ലാതാക്കുകയും ചെയ്യുന്നു.

174. വിശുദ്ധമായ പ്രാർത്ഥനയുടെ കരുത്ത് നേടണമെങ്കിൽ, സൃഷ്ടവസ്തുക്കളെക്കുറിച്ചുള്ള ജ്ഞാനം ശത്രു നിങ്ങൾക്കു വെച്ചുനീട്ടുമ്പോൾ സ്വീകരിക്കാതിരിക്കുക; അല്ലാത്തപക്ഷം, കൂടുതൽ മഹത്തരമായത് നിങ്ങൾക്ക് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ശത്രുവുമായി വാദപ്രതിവാദത്തിന് നിൽക്കുകയോ, അവനെ തോല്പിക്കാനുള്ള കഴിവു നല്കുന്ന പ്രാർത്ഥനയുടെ ആയുധം നഷ്ടമാക്കാൻ ശ്രമിക്കുന്ന അവനെ താഴെനിന്ന് എതിരിടുകയോ ചെയ്യുന്നതിലും നല്ലത്, മുകളിൽ നിന്നുകൊണ്ട് അവന്റെ നേർക്ക് പ്രാർത്ഥനയുടെ ശരങ്ങൾ എയ്യുകയാണ്.

175. പ്രലോഭനത്തിന്റെയും ശ്രദ്ധയില്ലായ്മയുടെയും അവസരത്തിൽ ഭൂമിയിലെ വസ്തുക്കളെക്കുറിച്ചുള്ള ജ്ഞാനം ഒരു മനുഷ്യന് സഹായകരമാണ്. എന്നാൽ ശുദ്ധമായ പ്രാർത്ഥനയുടെ വേളയിൽ, ഇത്തരത്തിലുള്ള ജ്ഞാനം അയാൾക്ക് ഉപദ്രവം ചെയ്യും.

176. മറ്റുള്ളവർക്ക് ആത്മീയജ്ഞാനം പകർന്നുകൊടുക്കുക എന്നത് നിങ്ങളുടെ ചുമതലയായിരിക്കെ അവർ നിങ്ങളെ അനുസരിക്കുന്നില്ലെങ്കിൽ; ഉള്ളിൽ ദുഃഖം തോന്നുകയും പുറമേ ക്ഷോഭിക്കാതിരിക്കുകയുമാണ് വേണ്ടത്. എന്തെന്നാൽ, ദുഃഖിക്കുന്നതിലൂടെ, അനുസരണക്കേടു കാട്ടിയവന്റെ പാപത്തിൽ നിങ്ങൾ പങ്കുചേരുകയില്ല; എന്നാൽ ബാഹ്യമായി ക്ഷോഭിക്കുന്നതിലൂടെ അയാൾക്ക് നേരിട്ടിരിക്കുന്ന അതേ പരീക്ഷണത്തിന് നിങ്ങളും വിധേയനായിത്തീരും.

177. നിങ്ങൾ മറ്റുള്ളവർക്ക് കാര്യങ്ങൾ വിശദീകരിച്ചുകൊടുക്കുമ്പോൾ, അവിടെയുള്ളവരുടെ ആവശ്യങ്ങൾക്കനുയോജ്യമായവ പറയാതെ മറച്ചുവയ്ക്കരുത്. അവർക്ക് സ്വീകാര്യമായവയെപ്പറ്റി കൂടുതൽ വ്യക്തമായിപ്പറയാം; എന്നാൽ അവർക്ക് സ്വീകരിക്കാൻ ബുദ്ധിമുട്ടുള്ളവയെപ്പറ്റി അത്ര വ്യക്തമായി പറയേണ്ടതില്ല.

www.malankaralibrary.com

178. നിങ്ങൾക്കു കീഴിലല്ലാത്ത ഒരുവൻ നിങ്ങളെ അനുസരിക്കുന്നില്ലെങ്കിൽ അവന്റെ തെറ്റിനെക്കുറിച്ച് അവനെ ശകാരിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യരുത്. അങ്ങനെ ചെയ്താൽ അതിനർത്ഥം, നിങ്ങൾ അയാൾക്ക് ഉപദേശംകൊടുക്കുക മാത്രമല്ല, അയാളുടെമേൽ അധികാരം ഉപയോഗിക്കുകകൂടി ചെയ്യുന്നു എന്നാണ്.

179. പ്രത്യേകമായി ഏതെങ്കിലും വ്യക്തികളെക്കുറിച്ചുള്ള സൂചനയില്ലാതെ നല്കപ്പെടുന്ന ഉപദേശങ്ങൾ എല്ലാവർക്കും സഹായകരമായിരിക്കും; എന്തെന്നാൽ തന്റെ മനഃസാക്ഷിക്കനുസരിച്ച് ഓരോ ആളും അത് പ്രയോജനപ്പെടുത്തിക്കൊള്ളും.

180. ശരിയായി സംസാരിക്കുന്ന ഒരാൾ ദൈവത്തിൽനിന്നാണ് തനിക്കു വാക്കുകൾ ലഭിച്ചതെന്നു മനസ്സിലാക്കണം. എന്തെന്നാൽ, സത്യം, ആര് സംസാരിക്കുന്നുവോ അയാളുടേതല്ല, മറിച്ച് അയാൾക്ക് അതിനുള്ള ശേഷി നല്കിയ ദൈവത്തിന്റേതാണ്.

181. സത്യത്തെ എതിർക്കുന്നവർ നിങ്ങളുടെ കീഴിലുള്ളവരല്ലെങ്കിൽ അവരുമായി തർക്കിക്കരുത്. അല്ലാത്തപക്ഷം നിങ്ങൾ അവരുടെ വിദ്വേഷത്തിനു പാത്രമാകും.

182. നിങ്ങളെ അനുസരിക്കാൻ ചുമതലപ്പെട്ടവർ അകാരണമായി നിങ്ങളോട് തർക്കിക്കുമ്പോൾ അവർക്ക് വഴങ്ങിക്കൊടുക്കുകയാണെങ്കിൽ നിങ്ങൾ അവരെ തെറ്റായ വഴിയിലൂടെ നയിക്കുകയും അനുസരണത്തിന്റെ വാഗ്ദാനത്തെ നിരസിക്കാൻ അവർക്ക് പ്രോത്സാഹനം നല്കുകയുമാണ് ചെയ്യുന്നത്.

183. പാപം ചെയ്ത ഒരുവനെ, ദൈവഭക്തിയോടുകൂടി ഉപദേശിക്കുകയും തിരുത്താൻ ശ്രമിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ ആ പാപത്തിനെതിരായ പുണ്യം നേടുന്നു. എന്നാൽ, വിദ്വേഷമോ വെറുപ്പോ മൂലം പാപിയെ ശകാരിക്കുന്ന ഒരുവനാകട്ടെ, അതിനു സദൃശ്യമായ വികാരത്തിനടിമയാണെന്ന് ആത്മീയതയുടെ നിയമം നമ്മെ പഠിപ്പിക്കുന്നു.

184. വേണ്ടരീതിയിൽ നിയമം പഠിച്ചിട്ടുള്ളയാൾ അതിന്റെ ദാതാവിനെ ഭയപ്പെടുന്നു. അവിടുത്തെ ഭയപ്പെടുന്നതിലൂടെ അയാൾ തിന്മയിൽനിന്നു ഒഴിഞ്ഞുമാറുകയും ചെയ്യുന്നു.

www.malankaralibrary.com

185. പരസ്പരവിരുദ്ധമായി സംസാരിക്കരുത്. നിങ്ങളുടെ മനഃസാക്ഷി ഒന്നു പറയുമ്പോൾ നിങ്ങൾ മറ്റൊന്നു പറയരുത് എന്നർത്ഥം. അങ്ങനെ ചെയ്യുന്നവരെ ശപിക്കപ്പെട്ടവരെന്നാണ് വിശുദ്ധഗ്രന്ഥം വിശേഷിപ്പിക്കുന്നത് (സുഭാ 28:13).

186. സത്യം പറയുന്ന ഒരുവനെ അതിന്റെ പേരിൽ വിഡ്ഢികൾ വെറുക്കുന്നു; കാപട്യത്തോടെ സംസാരിക്കുന്നവൻ അതിന്റെ പേരിൽ സ്നേഹിക്കപ്പെടുന്നു. എന്നാൽ ഇരുവർക്കുമുള്ള പ്രതിഫലം ദൈവം താമസിയാതെ നല്കുന്നു; വേണ്ട സമയത്ത് ഓരോരുത്തർക്കും അർഹമായതു ദൈവം നല്കും.

187. ഭാവിയിൽ ദുരിതങ്ങളുണ്ടാവരുതെന്ന് ആഗ്രഹിക്കുന്നവൻ ഇപ്പോൾ സംഭവിക്കുന്ന ദുരിതങ്ങളെ സന്തോഷപൂർവ്വം സ്വീകരിക്കണം. അങ്ങനെ ചെയ്യുന്നതിലൂടെ ഒന്നിനു നേരെ ഒന്നിന്റെ സമതുലിതാവസ്ഥ നിലനിർത്താനും ചെറിയ സങ്കടങ്ങൾ സ്വീകരിക്കുന്നതിലൂടെ വലിയവയെ ഒഴിവാക്കാനും അവന് കഴിയുന്നു.

188. പൊങ്ങച്ചം പറയുന്നതിൽനിന്ന് നിങ്ങളുടെ വാക്കുകളെയും അഹന്തയിൽനിന്ന് നിങ്ങളുടെ ചിന്തകളെയും സംരക്ഷിച്ചുകൊള്ളുക; അല്ലാത്തപക്ഷം ദൈവം നിങ്ങളെ ഉപേക്ഷിക്കുകയും നിങ്ങൾ പാപത്തിൽ വീണുപോവുകയും ചെയ്യും. എന്തെന്നാൽ, എല്ലാം കാണുന്ന ദൈവത്തിന്റെ സഹായമില്ലാതെ മനുഷ്യന് യാതൊരു സത്പ്രവൃത്തിയും ചെയ്യാനാവില്ല.

189. എല്ലാം കാണുന്നവനായ ദൈവം, നമ്മുടെ പ്രവൃത്തികൾക്കു മാത്രമല്ല, ബോധപൂർവ്വമായ ചിന്തകൾക്കും ലക്ഷ്യങ്ങൾക്കുംകൂടി അർഹമായ വില നിശ്ചയിച്ച് പ്രതിഫലം നല്കുന്നുണ്ട്.

190. ബോധപൂർവ്വമല്ലാത്ത ചിന്തകൾ മുമ്പു ചെയ്തിട്ടുള്ള പാപങ്ങളിൽനിന്നും, ബോധപൂർവ്വമായ ചിന്തകൾ നമ്മുടെ സ്വതന്ത്രമായ ഇച്ഛയിൽനിന്നുമാണ് ഉളവാകുന്നത്. ഇപ്രകാരം രണ്ടാമത്തേത് ആദ്യത്തേതിന് കാരണമാകുന്നു.

191. നമ്മുടെ ഇച്ഛയ്ക്കു വിപരീതമായി മനസ്സിലുണ്ടാകുന്ന ദുഃശ്ചിന്തകൾക്കൊപ്പം കുറ്റബോധമുണ്ടാവുകയും തന്മൂലം അവ പെട്ടെന്ന് അപ്രത്യക്ഷമാവുകയും ചെയ്യുന്നു; എന്നാൽ, ഇച്ഛാപൂർവ്വം നാം തെരഞ്ഞെടുക്കുന്ന ദുഃശ്ചിന്തകൾക്കൊപ്പമാകട്ടെ സുഖാനു

www.malankaralibrary.com

ഭോഗവുമുണ്ടാകുന്നു. അതിനാൽ അതിൽനിന്നു മോചനം പ്രാപിക്കുക ബുദ്ധിമുട്ടാണ്.

192. ആത്മപ്രശംസയിൽ മുഴുകുന്നവർ വിമർശനവും ദുരിതങ്ങളും സഹിക്കേണ്ടിവരുമ്പോൾ നിരാശരാകുന്നു. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവരാകട്ടെ, പ്രശംസയും സുഖങ്ങളുമുണ്ടാകുമ്പോഴാണ് നിരാശരാകുന്നത്.

193. ദൈവത്തിന്റെ വിധി മനസ്സിലാക്കാൻ കഴിയാത്ത ഒരുവൻ വാൾമുനപോലെ മൂർച്ചയേറിയ നേർത്ത പ്രതലത്തിലൂടെ നടക്കുകയും ഏതൊരു ചെറുകാറ്റിലുംപെട്ട് ആടിയുലയുകയും ചെയ്യുന്നു. പ്രശംസിക്കപ്പെടുമ്പോൾ അയാൾ അമിതമായി സന്തോഷിക്കുന്നു; വിമർശിക്കപ്പെടുമ്പോൾ അയാൾക്കത് കയ്പായി അനുഭവപ്പെടുന്നു; നല്ല ഭക്ഷണം ലഭിക്കുമ്പോൾ അയാൾ ആവോളം വയറുനിറയ്ക്കുന്നു; ദുരിതമനുഭവിക്കേണ്ടി വരുമ്പോൾ അയാൾ വിലപിക്കുകയും പരാതി പറയുകയും ചെയ്യുന്നു. എന്തെങ്കിലുമൊക്കെ തനിക്കു മനസ്സിലാകുമ്പോൾ അയാളതു പ്രദർശിപ്പിക്കുന്നു; മനസ്സിലാക്കാൻ കഴിയാത്തപ്പോഴും തനിക്ക് മനസ്സിലായി എന്നു ഭാവിക്കുന്നു. ധനമുണ്ടാകുമ്പോൾ അയാൾ അഹങ്കരിക്കുന്നു; ദരിദ്രനായിരിക്കുമ്പോൾ അയാൾ കപടമായി പെരുമാറുന്നു. ആർത്തിയുടെ കാര്യത്തിലാകട്ടെ അയാൾ നിർലജ്ജം പെരുമാറുന്നു. ഉപവസിക്കുമ്പോൾ അയാൾ ധിക്കാരിയായിത്തീരുന്നു. തന്നെ ശകാരിക്കുന്നവരോട് അയാൾ കലഹിക്കുന്നു. തന്നോട് ക്ഷമിക്കുന്നവരെ അയാൾ വിഡ്ഢികളെന്നു വിളിക്കുന്നു.

194. സത്യജ്ഞാനവും ദൈവഭയവും ക്രിസ്തുവിന്റെ കാരുണ്യത്താൽ നേടാനാവാത്ത ഒരുവൻ, വികാരങ്ങളാൽ മാത്രമല്ല, തനിക്കു നേരിടേണ്ടിവരുന്ന ഓരോ അനുഭവത്താലും മാരകമായി മുറിവേറ്റവനായിത്തീരുന്നു.

195. സങ്കീർണ്ണമായ ഒരു പ്രശ്നം പരിഹരിക്കേണ്ടിവരുമ്പോൾ അതേക്കുറിച്ചുള്ള ദൈവഹിതം ആരായുക. എന്നാൽ നിങ്ങൾക്ക് ഗുണകരമായ പരിഹാരം കണ്ടെത്താനാകും.

196. ദൈവേച്ഛയ്ക്കനുസൃതമായതിനെ സകല ചരാചരങ്ങളും സഹായിക്കുന്നു. എന്നാൽ ദൈവം നിരസിക്കുന്നതിനെ ചരാചരങ്ങളും എതിർക്കുന്നു.

www.malankaralibrary.com

197. അസുഖകരമായവയെ എതിർക്കുന്ന ഒരുവൻ ദൈവകല്പ നയെയാണ് ബോധമില്ലാതെ എതിർക്കുന്നത്. എന്നാൽ, യഥാർത്ഥമായ അറിവോടുകൂടി ഒരാൾ കഷ്ടാനുഭവങ്ങളെ സ്വീകരിക്കുമ്പോൾ അയാൾ ക്ഷമാപൂർവ്വം കർത്താവിനുവേണ്ടി കാത്തിരിക്കുകയാണ് (സങ്കീ 27:14).

198. എപ്പോഴെങ്കിലും പരീക്ഷണം നേരിടേണ്ടി വരുമ്പോൾ, എന്തു കൊണ്ട് അല്ലെങ്കിൽ ആരിലൂടെ അങ്ങനെ സംഭവിച്ചു എന്നു കണ്ടെ ത്താൻ ശ്രമിക്കരുത്; മറിച്ച്, നന്ദിപൂർവ്വം അതിനെ നേരിടുകയും നിരാശയോ വെറുപ്പോ നിങ്ങളെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം.

199. മറ്റൊരുവൻ ചെയ്യുന്ന പാപം, ദുഷിച്ച ചിന്തകളിലൂടെ നാമതിൽ പങ്കാളികളാകാത്തിടത്തോളം കാലം നമ്മുടെ പാപങ്ങളെ വർദ്ധിപ്പി ക്കുകയില്ല.

200. ദൈവഹിതത്തിന് അനുരൂപനായ ഒരുവനെപ്പോലും പരീക്ഷണ വിധേയനാകാത്തതായി കണ്ടെത്തുക എളുപ്പമല്ലെങ്കിൽ, നമുക്കു സംഭവിക്കുന്ന എല്ലാത്തിനുംവേണ്ടി നാം ദൈവത്തിനു നന്ദി പറയേ ണ്ടിയിരിക്കുന്നു.

201. രാത്രിയിൽ മീൻപിടിക്കാൻ ശ്രമിച്ച പത്രോസ് തന്റെ യത്നത്തിൽ പരാജയപ്പെട്ടിരുന്നില്ലെങ്കിൽ (ലൂക്കോ 5:5) പകൽ സമയത്ത് അദ്ദേഹത്തിന് യാതൊന്നും ലഭിക്കുമായിരുന്നില്ല. പൗലോസിന് ശാരീരികമായ അന്ധത അനുഭവിക്കേണ്ടിവന്നില്ലായിരു ന്നെങ്കിൽ (അപ്പോ 9:8) അദ്ദേഹത്തിന് ആത്മീയമായ ഉൾക്കാഴ്ച ലഭിക്കുമായിരുന്നില്ല. ദൈവദൂഷകനെന്നു വിളിച്ച് പരിഹസിക്കപ്പെട്ടി ല്ലായിരുന്നുവെങ്കിൽ സ്തേഫാനോസിന് സ്വർഗ്ഗദർശനം ലഭിക്കുകയും ദൈവത്തെ നേരിൽ കാണാനുള്ള ഭാഗ്യമുണ്ടാവുകയും ചെയ്യുമായിരു ന്നില്ല (അപ്പോ 6:15; 7:56).

202. ദൈവത്തിന് അനുയോജ്യമായ പ്രവൃത്തിയെയാണ് സുകൃതം എന്നു വിളിക്കുന്നത്. അതിനാൽ അപ്രതീക്ഷിതമായ യാതനയെ പരീക്ഷണമെന്നും വിളിക്കുന്നു.

203. ദൈവം അബ്രാഹത്തെ പരീക്ഷിച്ചു (ഉത്പ 22:1-14) അതായത് അദ്ദേഹത്തിന്റെ ഗുണത്തിനുവേണ്ടി ദൈവം അദ്ദേഹത്തെ ദുഃഖിപ്പിച്ചു. അത് അദ്ദേഹം എങ്ങനെയുള്ള മനുഷ്യനാണെന്ന് അറിയാൻ

www.malankaralibrary.com

വേണ്ടിയായിരുന്നില്ല -എന്തെന്നാൽ രൂപംപ്രാപിക്കുന്നതിനു മുമ്പു തന്നെ സകലതിനെയും അറിയുന്ന ദൈവത്തിന് അദ്ദേഹത്തെ അറിയാമായിരുന്നു- പരിപൂർണ്ണമായ വിശ്വാസത്തിനുള്ള അവസരം നല്കുവാൻവേണ്ടിയാണ് ദൈവം അബ്രാഹത്തെ പരീക്ഷിച്ചത്.

204. ഓരോ യാതനയും നമ്മുടെ ഇച്ഛയ്ക്കു നന്മയിലേക്കാണോ തിന്മയിലേക്കാണോ ചായ്‌വുള്ളതെന്ന് കണ്ടുപിടിക്കാൻ വേണ്ടിയുള്ള താണ്. അതുകൊണ്ടാണ് അപ്രതീക്ഷിതമായ ദുരിതം പരീക്ഷണമെന്നു വിളിക്കപ്പെടുന്നത്. തന്റെയുള്ളിൽ ഒളിഞ്ഞിരിക്കുന്ന അഭിലാഷങ്ങളെ പരിശോധിച്ചറിയാൻ ഇത് മനുഷ്യനെ പ്രാപ്തനാക്കുന്നു.

205. തിന്മയോടു പൊരുതാൻ ദൈവഭയം നമ്മെ നിർബന്ധിക്കുന്നു; നാം തിന്മയോട് പൊരുതുമ്പോൾ ദൈവകാരുണ്യം അതിനെ ഇല്ലായ്മ ചെയ്യുന്നു.

206. സംഭവങ്ങളുടെ സ്വാഭാവികപരിണാമം മനസ്സിലാക്കുന്നതിനു വേണ്ടി മാത്രമുള്ളതല്ല വിവേകം; മറിച്ച്, നമ്മെ ഉപദ്രവിക്കുന്നവർ നമ്മോട് കാട്ടുന്ന വിരോധം നാം അർഹിക്കുന്നതാണെന്ന് തിരിച്ചറി യാൻകൂടിയുള്ളതാണ്. ആദ്യം പറഞ്ഞതിൽമാത്രം ഒതുങ്ങിക്കഴിയു ന്നവർ അഹങ്കാരികളായിത്തീരുന്നു. രണ്ടാമത്തേത് ആർജ്ജിക്കുന്നവർ എളിമയുള്ളവരും.

207. ദുഷിച്ച ചിന്തകൾ നിങ്ങളുടെയുള്ളിൽ ഉണ്ടാവരുതെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ആത്മാവിന്റെ അപമാനവും ജഡ ത്തിന്റെ യാതനയും സ്വീകരിക്കുക, ഏതെങ്കിലും പ്രത്യേകാവസര ങ്ങളിൽ മാത്രമല്ല, മറിച്ച് എല്ലായ്പ്പോഴും എല്ലായിടത്തുംവച്ച് ഇവ സ്വീകരിക്കണം.

208. വേദനയെന്ന ശിക്ഷ സ്വമനസ്സാലെ സ്വീകരിക്കുന്ന ഒരാൾ, സ്വന്തം ഇച്ഛയ്ക്കു വിപരീതമായി ദുഃശ്ചിന്തകളാൽ ഭരിക്കപ്പെടുന്നില്ല; എന്നാൽ, യാതന സ്വീകരിക്കാത്ത ഒരുവനാകട്ടെ, ദുഷ്ചിന്തകളെ എതിർത്താലും അതിന്റെ തടവുകാരനായി മാറുന്നു.

209. നിങ്ങൾക്കു തെറ്റുപറ്റുമ്പോൾ നിങ്ങളുടെ ഹൃദയവും വികാരവും കഠിനമായിത്തീരുന്നതിൽ നിരാശപ്പെടേണ്ടതില്ല. എന്തെ ന്നാൽ ദൈവപരിപാലനയാലാണ് ഇങ്ങനെ സംഭവിക്കുന്നത്; അതേ സമയം നിങ്ങളുടെയുള്ളിൽ ഉണ്ടാകുന്ന ചിന്തകളെ നിരസിക്കുകയും

www.malankaralibrary.com

സന്തോഷചിത്തനാവുകയും വേണം. അവ വെറും പ്രകോപനങ്ങൾ മാത്രമായിരിക്കുമ്പോൾത്തന്നെ അവയെ നശിപ്പിച്ചാൽ അവയുടെ ദൂഷ്യഫലങ്ങളും നിർമ്മൂലനം ചെയ്യപ്പെടും. എന്നാൽ നിങ്ങളിൽ ചിന്തകൾ ഉറച്ചുനിൽക്കുകയാണെങ്കിൽ തിന്മയുടെ വളർച്ചയായിരിക്കും പിന്നീട് സംഭവിക്കുന്നത്.

210. ഹൃദയത്തിന്റെ പശ്ചാത്താപം കൂടാതെ നമ്മിൽനിന്നും തിന്മയെ ഒഴിവാക്കുക അസാദ്ധ്യമാണ്. മൂന്നു തരത്തിലുള്ള ആത്മ നിയന്ത്രണത്തിലൂടെയാണ് പശ്ചാത്താപം സിദ്ധിക്കുന്നത്. ഉറക്കത്തിന്റെ കാര്യത്തിൽ, ഭക്ഷണകാര്യത്തിൽ, വിശ്രമത്തിന്റെ കാര്യത്തിൽ. ഇവ മൂന്നും അമിതമായാൽ മനസ്സ് സുഖഭോഗങ്ങളിലേക്ക് നീങ്ങും. അങ്ങനെ ദുഷിച്ച ചിന്തകളിലേക്ക് ഇതു നമ്മെ തിരിച്ചുവിടുകയും ചെയ്യും. പ്രാർത്ഥനയ്ക്കും ഉചിതമായ പ്രവൃത്തിക്കും വിരുദ്ധമായ അവസ്ഥയായിരിക്കുമത്.

211. നിങ്ങളുടെ സഹോദരന്മാർക്ക് ആജ്ഞ നല്കേണ്ടത് നിങ്ങളുടെ ചുമതലയാണെങ്കിൽ, കൃത്യമായി ആ ചുമതല നിർവ്വഹിക്കുക. അവർ നിങ്ങളെ എതിർക്കുകയാണെങ്കിൽകൂടി നിങ്ങൾക്കു പറയാനുള്ളത് അവരോടു പറയുക. അവർ നിങ്ങളെ അനുസരിക്കുകയാണെങ്കിൽ അവരുടെ സത്പ്രവൃത്തി നിമിത്തം നിങ്ങൾക്കു പ്രതിഫലം ലഭിക്കും; അവർ നിങ്ങളെ ധിക്കരിക്കുകയാണെങ്കിൽ തീർച്ചയായും നിങ്ങളവരോട് ക്ഷമിക്കണം; അങ്ങനെ ചെയ്യുന്നതിലൂടെ കർത്താവ് നിങ്ങൾക്ക് പ്രതിഫലം നൽകുന്നു. എന്തെന്നാൽ, അവിടുന്ന് ഇങ്ങനെ പറഞ്ഞിട്ടുണ്ടല്ലോ: 'നിങ്ങൾ ക്ഷമിക്കുക. എന്നാൽ നിങ്ങളുടെ തെറ്റുകളും ക്ഷമിക്കപ്പെടും' (മത്താ 6:14).

212. ഓരോ സംഭവവും ഒരു കച്ചവടകേന്ദ്രമാണ്; വേണ്ടവിധം വില പേശാനറിയാവുന്നവൻ അവിടെനിന്ന് ലാഭമുണ്ടാക്കുന്നു. വിലപേശാനറിയാത്തവർക്കോ, നഷ്ടം സംഭവിക്കുകയും ചെയ്യും.

213. നിങ്ങൾ ഒരു തവണ ഉപദേശിച്ചിട്ട് ഒരുവൻ നിങ്ങളെ അനുസരിക്കുന്നില്ലെങ്കിൽ വീണ്ടും അവനോട് വാദപ്രതിവാദത്തിലേർപ്പെട്ട് അവനെ നിർബ്ബന്ധിക്കരുത്. മറിച്ച്, അവൻ തിരസ്ക്കരിച്ച സദ്ഫലം നിങ്ങളുടെ പ്രയോജനത്തിനായി സ്വീകരിച്ചുകൊള്ളുക. എന്തെന്നാൽ അനുസരണയില്ലാത്തവനെ തിരുത്താൻ ശ്രമിക്കുന്നതിലധികം പ്രയോജനം സഹാനുഭൂതിയിലൂടെ നിങ്ങൾക്കു ലഭിക്കും.

www.malankaralibrary.com

214. ഒരുവന്റെ ദുഷിച്ച പെരുമാറ്റം മറ്റുള്ളവരെ ബാധിക്കുന്നു എന്നു കാണുമ്പോൾ നിശ്ശബ്ദമായി അതു സഹിക്കരുത്; എന്തെന്നാൽ, മറ്റുള്ളവരും രക്ഷിക്കപ്പെടേണ്ടതിന് നിങ്ങളുടേതിനെക്കാൾ മറ്റുള്ളവരുടെ പ്രയോജനത്തിനാണ് മുൻതൂക്കം കൊടുക്കേണ്ടത്. അനേകം ആളുകൾക്ക് പ്രയോജനപ്പെടുന്ന നന്മയാണ് ഒരാൾക്കു മാത്രം പ്രയോജനപ്പെടുന്ന നന്മയെക്കാൾ മഹത്ത്വമുള്ളത്.

215. ഒരുവൻ പാപം ചെയ്യുകയും അതേക്കുറിച്ച് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്താൽ, വീണ്ടുമവൻ അതേ വലയിൽത്തന്നെ വീണുപോകാനിടയുണ്ട്.

216. പെൺസിംഹം പശുക്കിടാവിനോട് ചങ്ങാത്തം സ്ഥാപിക്കാറില്ല; അതുപോലെതന്നെ അഹന്ത, ദൈവേച്ഛയ്ക്കു കീഴടങ്ങുന്ന പശ്ചാത്താപവുമായി ചേർന്നുപോകുകയില്ല.

217. ആട്ടിൻകുട്ടി ഒരിക്കലും ചെന്നായെ തന്റെ ഇണയായി സ്വീകരിക്കാറില്ല; അതുപോലെതന്നെ ഹൃദയവേദനയും ലൗകികസുഖങ്ങളെ ഇണയാക്കാറില്ല. അവയുടെ സംയോഗത്തിൽനിന്നു നന്മ പിറക്കുകയുമില്ല.

218. സഹനത്തിനും പശ്ചാത്താപത്തിനും കാരണമായവയെ ആദ്യം ഇഷ്ടപ്പെടാതെ ദൈവഹിതത്തിനു യോജിച്ച രീതിയിൽ അവയെ അനുഭവിക്കാൻ ആർക്കും സാധിക്കുകയില്ല.

219. ദൈവഭയവും ആത്മീയവിമർശനവും പശ്ചാത്താപത്തിനു കാരണമാകുന്നു; യാതനയും ഏകാഗ്രതയും നമ്മെ സഹനത്തോട് പൊരുത്തപ്പെടുത്തുന്നു.

220. തിരുലിഖിതങ്ങളിലെ കല്പനകളിൽനിന്നും താക്കീതുകളിൽനിന്നും പ്രബോധനം ഉൾക്കൊള്ളാത്തവൻ ചാട്ടവാറും ചമ്മട്ടിയും കൊണ്ട് അടിക്കപ്പെടേണ്ടവനാണ് (സുഭാ 26:3). എന്നിട്ടും അവൻ അനുസരിക്കാൻ തയ്യാറല്ലെങ്കിൽ 'അവന്റെ വായ് കടിഞ്ഞാൺകൊണ്ട് നിയന്ത്രിക്കപ്പെടണം'.

221. ലഘുവായ വസ്തുവിനാൽപ്പോലും തോല്പിക്കപ്പെടുന്നവൻ വളരെയെളുപ്പം കൂടുതൽ ഗൗരവമുള്ളതിന്റെ അടിമയായിത്തീരുന്നു. എന്നാൽ ആദ്യത്തേതിനെ അതിജീവിക്കുന്നവൻ ദൈവത്തിന്റെ സഹായത്താൽ രണ്ടാമത്തേതിനെ എതിരിടുന്നു.

www.malankaralibrary.com

222. ഏതെങ്കിലും ഒരാൾ തന്റെ സത്പ്രവൃത്തികളെക്കുറിച്ച് പൊങ്ങച്ചം പറയുകയാണെങ്കിൽ ശകാരത്തിലൂടെ അയാളെ സഹായിക്കാൻ ശ്രമിക്കേണ്ടതില്ല. എന്തെന്നാൽ, ആത്മപ്രശംസയും സത്യത്തെ സ്നേഹിക്കലും ഒരേസമയം ഒരാളിൽ ഉണ്ടാവുകയില്ല.

223. 'ക്രിസ്തുവിന്റെ ഓരോ വചനവും, ദൈവത്തിന്റെ കാരുണ്യത്തെയും നീതിയെയും ജ്ഞാനത്തെയും വെളിപ്പെടുത്തുന്നതാണ്; സന്തോഷപൂർവ്വം ആ വാക്കുകൾ ശ്രവിക്കുന്നവർ അവയിലടങ്ങിയിരിക്കുന്ന ശക്തി സ്വായത്തമാക്കുന്നു. ഇക്കാരണത്താലാണ് ദയാശൂന്യരും അന്യായക്കാരും ക്രിസ്തുവിനെ വൈമുഖ്യത്തോടെ ശ്രവിച്ചവരും ആയ ആളുകൾക്ക് ദൈവജ്ഞാനം മനസ്സിലാക്കാൻ സാധിക്കാതിരുന്നത്. എന്നുമാത്രമല്ല, അത്തരം വചനങ്ങൾ പഠിപ്പിച്ചതിന്റെ പേരിൽ അവർ അവിടുത്തെ കുരിശിലേറ്റുകയും ചെയ്തു. അതിനാൽ, സന്തോഷപൂർവ്വമാണോ നാം അവിടുത്തെ വാക്കുകൾ ശ്രവിക്കുന്നതെന്ന് സ്വയം ചോദിച്ചുനോക്കുക. എന്തെന്നാൽ, അവൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു. 'എന്നെ സ്നേഹിക്കുന്നവൻ എന്റെ കല്പനകൾ പാലിക്കും. എന്റെ പിതാവും അവനെ സ്നേഹിക്കും. ഞാൻ അവനെ സ്നേഹിക്കുകയും എന്നെത്തന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും' (യോഹ 14:21). തന്റെ കല്പനകളിൽ അവിടുത്തെ പ്രത്യക്ഷീകരണം നിഗൂഢമായിരിക്കുന്നത് എങ്ങനെയാണെന്ന് നിങ്ങൾ കാണുന്നുണ്ടോ? എല്ലാ കല്പനകളിലുംവെച്ച് ഏറ്റവും അർത്ഥവ്യാപ്തിയുള്ളത് ദൈവത്തെയും തന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന കല്പനയ്ക്കാണ്. ഭൗതികവസ്തുക്കളിൽനിന്ന് അകന്നുമാറുന്നതിലൂടെയും മനസ്സിന്റെ നിശ്ചലതയിലൂടെയുമാണ് ഈ സ്നേഹം ഉറപ്പിക്കപ്പെടുന്നത്.

224. 'ഇതറിയാവുന്നതിനാലാണ്, നാളെയെക്കുറിച്ച് ആകുലരാകേണ്ട' (മത്താ 6:34) എന്ന് കർത്താവ് നമ്മോട് അരുളിച്ചെയ്തിരിക്കുന്നത്. ഭൗതികവസ്തുക്കളിൽനിന്നും അവയോടുള്ള മമതയിൽനിന്നും സ്വതന്ത്രനാകാൻ കഴിയാത്ത ഒരാൾക്ക് എങ്ങനെയാണ് ദുഷിച്ച ചിന്തകളിൽനിന്നു സ്വാതന്ത്ര്യം നേടാനാവുന്നത്? ദുഷിച്ച ചിന്തകളാൽ വലയം ചെയ്യപ്പെട്ടിരിക്കുമ്പോൾ അവയുടെയുള്ളിൽ ഒളിഞ്ഞിരിക്കുന്ന പാപത്തെക്കുറിച്ച് എങ്ങനെയാണ് അയാൾക്ക് മനസ്സിലാക്കാൻ കഴിയുന്നത്? പാപം ആത്മാവിനെ ഇരുട്ടുകൊണ്ടു പൊതിയുന്നു; ഒപ്പം, നമ്മുടെ ദുഃശ്ചിന്തകളാലും ദുഷിച്ച പ്രവൃത്തികളാലും അത് ഒന്നു

www.malankaralibrary.com

കൂടി നമ്മിൽ പിടിമുറുക്കുന്നു. സാത്താൻ ഒരുവന്റെ നേർക്ക് പ്രകോപനം വെച്ചുനീട്ടുവാൻ തുടങ്ങുക മാത്രമാണ് ചെയ്യുന്നത്; അതു സ്വീകരിക്കാൻ അവൻ അയാളെ നിർബ്ബന്ധിക്കുന്നില്ല; എന്നാൽ, അഹന്തയും ആത്മപ്രശംസയും ഉള്ളിൽ നിറയുമ്പോൾ മനുഷ്യൻ ആ പ്രകോപനം സന്തോഷത്തോടെ സ്വീകരിക്കുന്നു. അത് തിരസ്കരിക്കാൻ വിവേകം അയാളെ വിലക്കിയാലും അയാളതിൽ സന്തോഷം കണ്ടെത്തുകയും അത് സ്വീകരിക്കുകയും ചെയ്യുന്നു. ഇങ്ങനെ പാപം ചെയ്യുന്നതിനു പിന്നിലുള്ള കാരണങ്ങൾ മനസ്സിലാക്കാൻ കഴിയാത്ത ഒരാൾ എപ്പോഴാണ് പ്രാർത്ഥിക്കുകയും ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നത്? സ്വയം ശുദ്ധീകരിക്കപ്പെടാൻ കഴിയുന്നില്ലെങ്കിൽ എങ്ങനെയാണയാൾക്ക് പ്രകൃതിയുടെ പരിശുദ്ധി ദൃശ്യമാവുന്നത്? പരിശുദ്ധി കണ്ടെത്താതെ എങ്ങനെ അയാൾക്ക് തന്റെ അന്തരാത്മാവിൽ ക്രിസ്തുവിന്റെ വാസസ്ഥലമാകാൻ സാധിക്കും? പ്രവാചകന്റെയും സുവിശേഷത്തിന്റെയും അപ്പോസ്തോലന്റെയും വചനമനുസരിച്ച് നാം എല്ലാവരും ദൈവത്തിന്റെ ആവാസകേന്ദ്രങ്ങളാണ് (സഖ 2:10; യോഹ 14:23; 1 കൊരി 3:16, എബ്രാ 3:6).

225. മേല്പറഞ്ഞ ക്രമത്തിൽ, നാം വാസസ്ഥലം കണ്ടെത്തി നിരന്തരമായ പ്രാർത്ഥനയിലൂടെ ആ വാതിലിൽ മുട്ടിവിളിക്കണം; നമ്മുടെ ഈ ജീവിതത്തിലോ മരണസമയത്തോ ഗുരു അതു നമുക്കു തുറന്നു നല്കട്ടെ. നമ്മുടെ അവഗണനമൂലം കർത്താവ് ഇങ്ങനെ പറയാൻ ഇടവരുത്തരുത്: 'നിങ്ങൾ എവിടെനിന്നു വരുന്നുവെന്ന് എനിക്കറിയില്ല' (ലൂക്കോ 13:25). നാം അപേക്ഷിക്കുകയും സ്വീകരിക്കുകയും മാത്രമല്ല ലഭിച്ചതിനെ കാത്തുസൂക്ഷിക്കുകയും വേണം; ചില ആളുകൾ തങ്ങൾക്കു ലഭിച്ചതിനെക്കൂടി നഷ്ടപ്പെടുത്താറുണ്ട്. ഇതേക്കുറിച്ചുള്ള സിദ്ധാന്തപരമായ ജ്ഞാനമോ ഹ്രസ്വവീക്ഷണമോ, വൈകി പഠിക്കാൻ തുടങ്ങുന്നവർക്കും ചെറുപ്പക്കാർക്കുമൊക്കെ കിട്ടിയെന്നും വരാം; എന്നാൽ നിരന്തരമായ പരിശീലനം ഇക്കാര്യത്തിൽ നേടാൻ സമർപ്പിതരും ഉറച്ച ഭക്തരുമായ ശ്രേഷ്ഠന്മാർക്കുപോലും പലപ്പോഴും കഴിയാറില്ല. അവരൊക്കെ അശ്രദ്ധമൂലം ഇടയ്ക്കിടയ്ക്ക് ഈ സിദ്ധി നഷ്ടമാകുമ്പോൾ മനഃപൂർവ്വമായ സഹനത്താലും പ്രാർത്ഥനയാലും അതിനെ അന്വേഷിക്കുകയും വീണ്ടെടുക്കുകയുമാണ് ചെയ്യുന്നത്. അതിനാൽ നിരന്തരം അവരെ അനുകരിച്ച് ഒരിക്കലും നഷ്ടപ്പെടാത്ത വിധം ഈ ആത്മീയപരിശീലനം നമുക്ക് സ്വായത്തമാക്കാം.

www.malankaralibrary.com

226. ഒട്ടനവധി ആത്മീയനിയമങ്ങളുള്ളതിൽ ചിലതിനെക്കുറിച്ചു മാത്രമാണ് നാം ഇവിടെ മനസ്സിലാക്കാൻ ശ്രമിച്ചത്. കർത്താവായ യേശുവിനെ നാം നിരന്തരം സ്തുതിക്കുന്നതുപോലെ, അവയെക്കുറിച്ചു പഠിക്കാനും അവ പരിശീലിക്കാനും മഹാനായ സങ്കീർത്തകൻ വീണ്ടും വീണ്ടും നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്. ഇപ്പോഴും എല്ലായ്പ്പോഴും മഹത്ത്വവും ശക്തിയും ആരാധനയും അവനുള്ളതാകുന്നു. ആമേൻ.

www.malankaralibrary.com

## നിക്കൊളാസ് എന്ന ഏകാന്ത താപസ്വിക്കുള്ള കത്ത്

അടുത്ത കാലത്തായി സ്വന്തം രക്ഷയെക്കുറിച്ച് നിങ്ങൾ തല്പരനാവുകയും, എങ്ങനെയാണ് ദൈവഹിതത്തിന് അനുയോജ്യമായ ജീവിതം നയിക്കേണ്ടത് എന്നതിനെപ്പറ്റി, ഞങ്ങളോട് സംശയം ചോദിക്കുകയും ചെയ്തതിനാലാണ് ഈ കത്തെഴുതുന്നത്. നിങ്ങൾ എങ്ങനെയാണ് കഠിനാദ്ധ്വാനത്താലും തീക്ഷ്ണമായ ആഗ്രഹത്താലും ആത്മനിയന്ത്രണവും സഹനവും ജാഗരണവും തീവ്രമായ പ്രാർത്ഥനയുംമൂലം ദൈവത്തോടു ചേർന്നു നിൽക്കുന്നതെന്ന് നിങ്ങൾ പറഞ്ഞുവല്ലോ. നിങ്ങളുടെയുള്ളിലെ സംഘർഷങ്ങളെക്കുറിച്ചും ശാരീരികപ്രകൃതത്തിലെ ജഡികവികാരങ്ങളുടെ കടന്നുകയറ്റത്തെക്കുറിച്ചും പാപത്തിന്റെ നിയമംമൂലം ആത്മാവും നിങ്ങളുടെ ബുദ്ധിയും തമ്മിൽ നടക്കുന്ന പോരാട്ടത്തെക്കുറിച്ചുമൊക്കെ നിങ്ങൾ സൂചിപ്പിച്ചു കഴിഞ്ഞു (റോമ 7:23). കോപം, ശാരീരികാഭിലാഷം എന്നീ വികാരങ്ങൾ നിങ്ങളെ ഏറെ ഉപദ്രവിക്കുന്നതിനാൽ ഇവയെ മറികടക്കാൻ ഏതു തപശ്ചര്യയാണ് അനുഷ്ഠിക്കേണ്ടത് എന്ന് ഉപദേശിച്ചുതരണമെന്നും നിങ്ങൾ അഭ്യർത്ഥിച്ചിരുന്നു. ആ സമയത്ത്, എങ്ങനെയാണ് ആത്മാവ് അറിവോടും ആത്മീയജ്ഞാനത്തോടുംകൂടെ താപസവൃത്തിയിൽ വ്യാപരിക്കേണ്ടതെന്ന് സുവിശേഷത്തിനനുസൃതം വിശദീകരിച്ചുകൊണ്ട് നിങ്ങളെ സഹായിക്കുന്നതിനുവേണ്ടി ഞങ്ങളാലാവും വിധം വ്യത്യസ്തമായ ആശയങ്ങൾ ഉന്നയിച്ചുകൊണ്ട് ഞങ്ങൾ നിങ്ങളോട് നേരിട്ടു സംസാരിക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. വിശ്വാസവും ദൈവകാരുണ്യവുമുണ്ടെങ്കിൽ എപ്രകാരം ഹൃദയത്തിൽ മുളയെടുക്കുന്ന തിന്മകളെ പ്രത്യേകിച്ച് മേല്പറഞ്ഞ രണ്ട് വികാരങ്ങളെ അതിജീവിക്കാൻ കഴിയുമെന്നും നാം ചർച്ച ചെയ്തിരുന്നു. നമ്മുടെ ആത്മാവ് അതിന്റെ പ്രവണതയും ശീലവും മൂലം അതിനു പരിചിതമായതും നിയന്ത്രണവിധേയമല്ലാത്തതുമായ തിന്മയോട് സദാസമയവും തീക്ഷ്ണമായി പോരാടണം; അല്ലെങ്കിൽ പാപചിന്തകളാൽ അതു കീഴടക്കപ്പെടും. ഈ പോരാട്ടം, തിന്മയുടെ ആദ്ധ്യാത്മികവിരുദ്ധവും നിയന്ത്രണാതീതവുമായ പ്രവർത്തനങ്ങളെ പൂർണ്ണമായി കീഴടക്കാൻ കഴിയുന്നതുവരെ തുടരണം. എന്തെന്നാൽ,

www.malankaralibrary.com

ആത്മാവിൽ നിരന്തരമായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന തിന്മയുടെ ശക്തികൾക്കു സമ്മതം കൊടുക്കുന്നതിലൂടെ അവ ആത്മാവിനെ അടിമയാക്കിത്തീർക്കുകയാണ് ചെയ്യുന്നത്.

'താത്കാലികമായി ഹൃദയത്തിൽനിന്നല്ലെങ്കിലും ശാരീരികമായി' (1 തെസ 2:17) നാം തമ്മിൽ അകന്നിരിക്കുകയാണ്. കാരണം ഞങ്ങൾ ക്രിസ്തുവിന്റെ യഥാർത്ഥ സന്ന്യാസിമാരോടൊപ്പം മരുഭൂമിയിൽ വന്നു പാർക്കുകയാണല്ലോ. ആത്മീയവഴിയിലൂടെ സഞ്ചരിക്കുകയും ശത്രുക്കളുടെ ശക്തികൾക്കും വികാരങ്ങൾക്കുമെതിരെ സമരംചെയ്യുകയും ചെയ്യുന്ന ഞങ്ങളുടെ സഹോദരന്മാർക്കൊപ്പം ആത്മീയ വഴിയിലൂടെ ചരിക്കാൻ ഞങ്ങൾക്കും സാധിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അലസതയും അശ്രദ്ധയും കുടഞ്ഞുകളഞ്ഞ് ഉദാസീനതയിൽനിന്നു സ്വയം മോചിപ്പിച്ച് ദൈവഹിതമനുസരിച്ച് ജീവിക്കാൻ ഞങ്ങൾ യത്നിക്കുകയാണ്. അതിനാലാണ് നിങ്ങളുടെ ആത്മാവിനു പ്രയോജനപ്പെടുന്നതിനായി ഏതാനും ആത്മീയ ഉപദേശങ്ങൾ എഴുതുവാൻ ഞങ്ങൾ തീരുമാനിച്ചത്. അന്ന് നാം സംസാരമദ്ധ്യേ സൂചിപ്പിച്ചിരുന്നവയിൽ ചില കാര്യങ്ങൾ ഈ ചെറിയ കത്തിൽ നിങ്ങൾ കണ്ടെത്തും. നിങ്ങൾക്ക് ആത്മീയ സഹായം ലഭിക്കുന്നതിനായി ഞങ്ങളുടെ സാമീപ്യത്താലെന്നതുപോലെ ഈ കത്ത് ശ്രദ്ധാപൂർവ്വം വായിക്കാൻ ഞങ്ങൾ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്.

ദൈവാനുസൃതമായി ജീവിതം ആരംഭിക്കേണ്ടത് എങ്ങനെയെന്ന് എന്റെ മകനേ, ശ്രദ്ധിക്കുക. കഴിഞ്ഞകാലത്തും ഇപ്പോഴും ദൈവം നിങ്ങളുടെമേൽ ചൊരിയുന്ന എല്ലാ അനുഗ്രഹങ്ങളെയുംകുറിച്ച് നിരന്തരം ഓർമ്മിക്കുക. എങ്ങനെയാണ് നിങ്ങളുടെ ആത്മാവിന്റെ രക്ഷയ്ക്കായി അവിടുന്നു നിങ്ങളിലേക്ക് അത് ചൊരിഞ്ഞുകൊണ്ടിരിക്കുന്നതെന്നും ഓർമ്മിക്കുക. അലസതയാലോ തിന്മയാലോ ദൈവത്തിന്റെ അനന്തമായ അനുഗ്രഹങ്ങൾ നിങ്ങൾ മറന്നുകളയരുത്; അല്ലാത്തപക്ഷം നിങ്ങളുടെ ജീവിതം ഉപയോഗശൂന്യവും നന്ദികെട്ടതുമായിരിക്കും. ഇത്തരത്തിലുള്ള നിരന്തരമായ അനുസ്മരണം മുള്ളുകൊണ്ടെന്നപോലെ ഹൃദയത്തെ കുത്തിപ്പറിക്കുകയും ഏറ്റുപറച്ചിലിലേക്കും എളിമയിലേക്കും നുറുങ്ങിയ ഹൃദയത്തോടെ ദൈവത്തോട് നന്ദിപറയുന്നതിലേക്കും ആത്മാർത്ഥമായ പരിശ്രമത്തിലൂടെ വിശുദ്ധിയും നന്മയും നേടി ദൈവത്തെ അനുസരിക്കുന്നതിലേക്കും

www.malankaralibrary.com

അതിനെ നയിക്കുകയും ചെയ്യും. 'അവിടുന്ന് എനിക്കു നല്കിയിരിക്കുന്ന അനുഗ്രഹങ്ങൾക്കു പകരമായി ഞാൻ കർത്താവിന് എന്തു നല്കും?' (സങ്കീ 116:12) എന്ന സങ്കീർത്തനത്തിലെ വാക്കുകൾ നമ്മുടെ ഹൃദയം എല്ലായ്പ്പോഴും ബോധപൂർവ്വം ധ്യാനിച്ച് ഉരുവിട്ടുകൊള്ളുകയും ചെയ്യും.

ഇപ്രകാരം, ഉരുവായ കാലം മുതൽ തനിക്കു ലഭിച്ചിരിക്കുന്ന ദൈവസ്നേഹത്തിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് ആത്മാവ് ഓർമ്മിക്കുന്നു. എങ്ങനെയാണ് അപകടങ്ങളിൽനിന്നും ദൈവമതിനെ രക്ഷിച്ചിരിക്കുന്നതെന്ന്; മനഃപൂർവ്വം പാപത്തിലേക്കും തിന്മയിലേക്കും വഴുതിവീണിട്ടും അതിനെ നാശത്തിനും മരണത്തിനും ഇരയാകാതെയും വഞ്ചനാരൂപിയുടെ പിടിയിൽപ്പെടാതെയും ദൈവം സംരക്ഷിച്ചതെന്ന്; ആത്മാവിന്റെ പാപങ്ങൾ പൊറുത്ത് അതിനെ സംരക്ഷിക്കുകയും അതിന്റെ തിരിച്ചുവരവിനായി ദൈവം സഹിഷ്ണുതയോടെ കാത്തിരിക്കുകയും ചെയ്തതെങ്ങനെയെന്ന്. വികാരങ്ങളിലൂടെ മനഃപൂർവ്വം ശത്രുതയുള്ള ദുഷ്ടാരൂപികളുടെ ദാസനായിത്തീർന്നിട്ടുപോലും ദൈവമതിനെ സംരക്ഷിക്കുകയും നിലനിർത്തുകയും പോഷിപ്പിക്കുകയും രക്ഷയുടെ പാതയിൽ വഴികാട്ടുകയും സന്ന്യാസജീവിതത്തോട് താല്പര്യം ജനിപ്പിക്കുകയും ചെയ്തതെന്ന് ആത്മാവ് ഓർമ്മിക്കണം. ലോകത്തെ അതിന്റെ വഞ്ചനകളോടും ലൗകികസുഖങ്ങളോടും കൂടി ഉപേക്ഷിക്കാനുള്ള കരുത്ത് അവിടുന്ന് ആത്മാവിനു നല്കുകയും മാലാഖമാർക്കടുത്ത സന്ന്യാസവസ്ത്രത്താൽ അതിനെ അണിയിച്ചൊരുക്കുകയും വിശുദ്ധ മനുഷ്യരാൽ സഹോദരന്മാരുടെ ഇടയിലേക്ക് സ്വീകരിക്കപ്പെടാൻ അവിടുന്ന് ഇടവരുത്തുകയും ചെയ്തു.

ഇക്കാര്യങ്ങളെല്ലാം ഓർമ്മിക്കുന്ന ഒരാൾക്ക് പശ്ചാത്താപവിവശമായ ഒരു ഹൃദയം ഇല്ലാതിരിക്കുമോ? മുമ്പു ലഭിച്ച ദൈവാനുഗ്രഹങ്ങളെ സ്മരിക്കുന്ന അയാൾക്ക് ഇന്നോളം സത്പ്രവൃത്തികൾ ചെയ്യാൻ കഴിഞ്ഞിട്ടില്ലെങ്കിൽകൂടി ഭാവിയെക്കുറിച്ച് പ്രത്യാശയില്ലാതിരിക്കുമോ? അയാൾ സ്വയം ഇങ്ങനെ പറയും: 'ഞാൻ ഇന്നുവരെ നല്ലതൊന്നും ചെയ്തിട്ടില്ല, അവിടുത്തെ മുമ്പിൽ പാപങ്ങൾ പലതു ചെയ്തിട്ടുമുണ്ട്. ശരീരവിശുദ്ധിയില്ലാതെയും പല തരത്തിൽപ്പെട്ട തിന്മകളിൽ മുഴുകിയുമാണ് ഞാൻ ജീവിച്ചിട്ടുള്ളത്. എന്നിട്ടും ദൈവം എന്റെ പാപങ്ങൾക്കനുസൃതം എന്നോടു വർത്തിച്ചില്ല. എന്റെ ദുഷ്ടതയ്ക്കനുസൃതമായി

www.malankaralibrary.com

അവിടുന്ന് എനിക്ക് പകരം തന്നില്ല (സങ്കീ 103:10) മാത്രമല്ല, രക്ഷയ്ക്കുള്ള മാർഗ്ഗമായി അവിടുന്ന് ഈ ദാനമെല്ലാം എനിക്കു നല്കിയിരിക്കുന്നു. ഇന്നു മുതൽ ഞാൻ ദൈവശുശ്രൂഷയ്ക്കായി സ്വയം സമർപ്പിക്കുകയും ശുദ്ധതയോടെ സുകൃതങ്ങൾ ആർജ്ജിക്കുകയും ചെയ്താൽ, എത്രമാത്രം വിശുദ്ധവും ആത്മീയവുമായ വരദാനങ്ങളായിരിക്കും അവിടുന്ന് എനിക്കു നൽകുന്നത്! ഓരോ സത്പ്രവൃത്തിയിലൂടെയും എനിക്കു കരുത്തേകുകയും എന്നെ നേർവഴിയിലൂടെ അവിടുന്ന് നടത്തുകയും ചെയ്യും. ഒരാൾ ഇത്തരത്തിൽ ചിന്തിക്കുകയും ദൈവാനുഗ്രഹത്തെക്കുറിച്ച് മറക്കാതിരിക്കുകയും ചെയ്താൽ, അയാൾ നന്മയിലേക്കു നീങ്ങുകയും സത്പ്രവൃത്തികൾ ചെയ്യുകയും എല്ലായ്പ്പോഴും ദൈവഹിതം അനുസരിക്കാൻ സന്നദ്ധനാവുകയും അതിനു താല്പര്യം കാണിക്കുകയും ചെയ്യും'.

ആയതിനാൽ എന്റെ പ്രിയ മകനേ, ക്രിസ്തുവിന്റെ കാരുണ്യത്താൽ നിനക്ക് സ്വാഭാവികമായ ധാരണാശക്തിയുണ്ട്; അതിനാൽ എല്ലായ്പ്പോഴും നിന്റെ മനസ്സ് ധ്യാനത്തിൽ ഉറച്ചുനിൽക്കട്ടെ. ഒരു കാരണവശാലും വിനാശകാരണമായ മറവിയോ അലസതയോ നിന്റെ മനസ്സിനെ തളർത്തുകയോ അങ്ങനെ ജീവനിൽനിന്ന് അതിനെ പിന്തിരിപ്പിക്കുകയോ ചെയ്യാൻ അനുവദിക്കരുത്. എല്ലാ തിന്മകളുടെയും കാരണമായ അജ്ഞത, നിന്റെ ചിന്തയെ ഇരുളിലാഴ്ത്താൻ ഒരിക്കലും അനുവദിക്കരുത്; അവഗണന എന്ന ദുശ്ശീലത്തിന്റെ തീവ്രത നിന്നെ വശീകരിക്കാൻ ഇടയാക്കരുത്; ശാരീരികസുഖങ്ങൾ നിന്നെ വഴിതെറ്റിക്കുകയോ ഭക്ഷണക്കൊതി നിന്നെ തോല്പിക്കുകയോ ചെയ്യാനിടയാകരുത്; കാമപരമായ ചിന്തകൾക്ക് സമ്മതം നല്കിക്കൊണ്ട് അത് നിന്റെ മനസ്സിനെ തടവുകാരനാക്കി നിന്റെ അന്തഃകരണത്തെ മലിനമാക്കാൻ ഇടയാകരുത്. നിന്റെ സഹോദരനെ വെറുക്കാനും ചില അപര്യാപ്തമായ കാരണങ്ങളാൽ അവനെ വിഷമിപ്പിക്കാനും കാരണമായിത്തീരുന്ന കോപം നിന്നെ കീഴടക്കാൻ അനുവദിക്കരുത്. കോപം നിന്റെ അയൽക്കാരനോട് വളരെ വിദ്വേഷം ജനിപ്പിക്കുകയും പരിശുദ്ധമായ പ്രാർത്ഥനയിൽനിന്നു നിന്നെ അകറ്റുകയും ചെയ്യും; കോപം നിന്റെ മനസ്സിനെ അടിമയാക്കുകയും സഹോദരനു നേർക്ക് മൃഗീയമായ ക്രൂരത പുലർത്താൻ കാരണമാവുകയും ചെയ്യും. ശാരീരികാസക്തിയുടെ അനിയന്ത്രിതമായ ചങ്ങലകളിൽ അത് മനഃസാക്ഷിയെ കുടുക്കിയിടും; അങ്ങനെ നിങ്ങൾ ആർക്കു വഴിപ്പെട്ടുവോ ആ ദുഷ്ടാ

www.malankaralibrary.com

രൂപികളാൽ പീഡിപ്പിക്കപ്പെടുന്നതിനു നിങ്ങൾ നിങ്ങളെത്തന്നെ അവയ്ക്ക് അടിയറവയ്ക്കും.

തത്ഫലമായി, എന്തുചെയ്യണമെന്നറിയാതെ കുഴങ്ങുന്ന മനസ്സ് നിരാശയിലേക്കും അലസതയിലേക്കും തിരിയുകയും ആത്മീയ പുരോഗതി നഷ്ടപ്പെടുത്തുകയും ചെയ്യും. എങ്കിലും, ഒരിക്കൽകൂടി അത് വിനയത്തോടെ രക്ഷയുടെ പാത ലക്ഷ്യമാക്കി സഞ്ചരിക്കും. ദൈവത്തിന്റെയും അയൽക്കാരന്റെയും മുമ്പിൽ എളിമയോടെ കുറ്റങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് ദീർഘമായ പ്രാർത്ഥനയും രാത്രിജാഗരണവും മുഖേന തന്നിലുള്ള തിന്മയുടെ കാരണങ്ങളെ ഉന്മൂലനം ചെയ്യാൻ പരിശ്രമിക്കും. ഇപ്രകാരം ഏകാഗ്രതയുടെ അവസ്ഥ വീണ്ടെടുക്കുകയും ദൈവകൃപയാൽ, വെളിച്ചം സ്വീകരിച്ചുകൊണ്ട് സുവിശേഷം മനസ്സിലാക്കുവാൻ തുടങ്ങുകയും ചെയ്യും. പൂർണ്ണമായ വിനയത്തോടെയും ആത്മസമർപ്പണത്തോടെയും എളിമയുടെ അരൂപിയിൽ സ്വയം പരിത്യജിച്ച്, ഏറ്റവും താഴ്ന്നവനായി സ്വയം കരുതി മറ്റുള്ളവരാൽ ചവിട്ടിമെതിക്കപ്പെടുകയും അപമാനിക്കപ്പെടുകയും വെറുക്കപ്പെടുകയും ദ്രോഹിക്കപ്പെടുകയും പരിഹസിക്കപ്പെടുകയും ചെയ്തുകൊണ്ട് കുരിശു സ്വീകരിക്കാത്തപക്ഷം ഒരുവന് യഥാർത്ഥ ക്രിസ്ത്യാനിയാവാൻ കഴിയില്ല എന്ന സത്യം അതിനു ബോദ്ധ്യമാകും. മേല്പറഞ്ഞ പീഡനങ്ങളെല്ലാം ക്രിസ്തുവിനുവേണ്ടി സസന്തോഷം സ്വീകരിക്കുകയും പ്രശസ്തി, ആദരവ്, പുകഴ്ച, ഭക്ഷണത്തിലുള്ള സന്തോഷം, പാനീയം, വസ്ത്രം എന്നിവ തനിക്കുവേണ്ടി ആഗ്രഹിക്കാതിരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് അതിനിത് സാദ്ധ്യമാകുന്നത്.

നമ്മുടെ മുമ്പിലുള്ള മത്സരങ്ങളും അവയ്ക്കു ലഭിക്കാവുന്ന സമ്മാനങ്ങളും മേല്പറഞ്ഞവയാണ്. ഇത്ര കടുത്ത മത്സരങ്ങളിൽ പങ്കെടുക്കേണ്ടവരായ നമുക്ക് എത്രകാലം ഭക്തന്മാരാണെന്ന് നടിക്കാൻ കഴിയും? ക്രിസ്തുവിനെ കപടമായി സേവിക്കുമ്പോഴും മറ്റുള്ളവരുടെ മുമ്പിൽ നന്മയുള്ളവരെന്ന് തോന്നിപ്പിക്കുമ്പോഴും എല്ലാ രഹസ്യങ്ങളും അറിയാവുന്ന ദൈവത്തിന്റെ മുമ്പിൽ മറിച്ചായിരുന്നാൽ എന്തു ഫലമാണുള്ളത്? മറ്റുള്ളവർ നമ്മെ പുണ്യവാന്മാരെന്ന് വിളിച്ചാലും നമ്മൾ നിഷ്ഠൂരന്മാർതന്നെ. പുറമേയ്ക്ക് നാം ദൈവികതയുള്ളവരായി കാണപ്പെടുമ്പോഴും ദൈവത്തിനു മുമ്പിൽ നമുക്ക് അതിനുള്ള കരുത്തില്ല (2 തിമോ 3:5). വിശുദ്ധിയും

www.malankaralibrary.com

ചാരിത്ര്യവും ഉള്ളവരാണ് നാമെന്ന് മറ്റുള്ളവർ കരുതുമ്പോഴും നമ്മുടെ രഹസ്യങ്ങളറിയുന്നവന്റെ മുമ്പിൽ, ദുഷിച്ച ചിന്തകളോടുള്ള നമ്മുടെ സമ്മതഭാവത്താൽ നാം ആന്തരികമായി മലിനരാക്കപ്പെട്ടവരും വികാരങ്ങളുടെ പ്രവർത്തനത്താൽ അശുദ്ധരുമാണ്. തപശ്ചര്യയുടെ ജീവിതമെന്ന നാട്യത്തിലൂടെ നാം മറ്റുള്ളവരുടെ പ്രശംസയും ബഹുമാനവും പിടിച്ചുപറ്റുകയും നമ്മുടെ മനസ്സിന് ഉൾക്കാഴ്ച നഷ്ടമാവുകയും ചെയ്യുന്നു.

നമ്മുടെ ബുദ്ധി വിഫലമാവുകയും സുവിശേഷത്തിന്റെ സാരം ഉൾക്കൊള്ളാൻ കഴിയാതെയും മനഃസാക്ഷിക്കനുസരിച്ച് ജീവിക്കേണ്ടതെങ്ങനെയെന്നു മനസ്സിലാക്കാതെയും നമ്മുടെ ഹൃദയത്തെ പരിശുദ്ധമാക്കാൻ ശ്രമിക്കാതെയും ഇങ്ങനെയെത്ര കാലം നമുക്കു തുടരാനാവും? യഥാർത്ഥമായ അറിവു നേടാൻ കഴിയാതെ, ബാഹ്യപ്രകൃതിയിൽ മാത്രം വിശ്വാസമർപ്പിച്ച് ജീവിക്കുന്ന നമ്മൾ വഴിതെറ്റി അലയുകയാണ്; മറ്റുള്ളവരെ സന്തോഷിപ്പിക്കാനും പ്രശസ്തിയും അംഗീകാരവും സ്തുതിയും അവരിൽനിന്നു നേടാനുമുള്ള ശ്രമത്തിലാണ് നമ്മൾ. എന്നാൽ ആർക്കും വഞ്ചിക്കാനാകാത്ത ന്യായാധിപൻ തീർച്ചയായും വരികയും 'ഇരുട്ടിലാഴ്ത്തിയിരിക്കുന്ന വസ്തുതകളെല്ലാം വെളിച്ചത്തു കൊണ്ടുവരികയും ഹൃദയങ്ങളുടെ യഥാർത്ഥ ഉദ്ദേശ്യം വെളിപ്പെടുത്തുകയും ചെയ്യും' (1 കൊരി 4:5). അവൻ ധനികരെ ബഹുമാനിക്കുകയോ ദരിദ്രരോട് സഹതപിക്കുകയോ ചെയ്യുന്നില്ല. നേരെ മറിച്ച്, ഓരോ ആളിന്റെയും ബാഹ്യരൂപം അഴിച്ചുമാറ്റി ആന്തരിക സത്യം വെളിപ്പെടുത്തുന്നു. ആത്മീയപാതയിൽ സത്യസന്ധമായി സഞ്ചരിക്കുകയും സ്വന്തം മനഃസാക്ഷിക്കനുസരിച്ച് ജീവിക്കുകയും ചെയ്യുന്ന ഓരോ ആളെയും മാലാഖമാരുടെയും തന്റെ പിതാവായ ദൈവത്തിന്റെയും സാന്നിദ്ധ്യത്തിൽ, വിശുദ്ധരുടെയും സകല സ്വർഗ്ഗവാസികളുടെയും സമൂഹത്തിൽവച്ച് അവൻ കിരീടമണിയിക്കുന്നു. ബാഹ്യമായി ഭക്തിയുടെ നാട്യം പുലർത്തിക്കൊണ്ട് മനുഷ്യരുടെ മുമ്പിൽ സ്വയം പ്രദർശിപ്പിച്ച്, അവനവനെയും മറ്റുള്ളവരെയും വഞ്ചിച്ചിരുന്ന ആളുകളെ അവൻ തുറന്നുകാട്ടും; അത്തരക്കാരെ നാണംകെടുത്തി പുറത്തെ ഇരുട്ടിലേക്ക് അവൻ ആട്ടിപ്പായിക്കും.

അത്തരം ആളുകൾ, ബാഹ്യമായി കന്യകാത്വം കാത്തുസൂക്ഷിച്ചിരുന്നെങ്കിലും വിവാഹശാലയിൽ പ്രവേശനം നിഷേധിക്കപ്പെട്ട

www.malankaralibrary.com

വിഡ്ഢികളായ കന്യകമാരെപ്പോലെയാണ് (മത്താ 25:1-12). അവരുടെ പാത്രങ്ങളിൽ കുറച്ച് എണ്ണ അവശേഷിച്ചിരുന്നു. അതായത്, ചില നന്മകളും ബാഹ്യമായ നേട്ടങ്ങളും കുറെ വരദാനങ്ങളുമൊക്കെ അവർക്കുണ്ടായിരുന്നുവെന്നർത്ഥം. കുറച്ചു സമയം അവരുടെ വിളക്കുകൾ കത്തുകയും ചെയ്തിരുന്നു. എന്നാൽ ഉത്സാഹക്കുറവും അജ്ഞതയും അലസതയും മൂലം അവർക്ക് വേണ്ടത് വേണ്ടപ്പോൾ ചെയ്യാൻ കഴിഞ്ഞില്ല; സാത്താന്റെ ശക്തിയാൽ തങ്ങളുടെയുള്ളിൽ മറഞ്ഞിരുന്ന വികാരങ്ങളുടെ കൂട്ടത്തെ ശ്രദ്ധിക്കാനും അവർക്കു കഴിഞ്ഞിരുന്നില്ല. അവരുടെ ചിന്തകൾ ദോഷകരമായ ഈ ശക്തിയാൽ മലീമസമാക്കപ്പെടുകയും പൈശാചികമായ ഈ ദുഷ്പ്രവൃത്തിയിൽ അവർ പങ്കാളികളാകുകയും ചെയ്തിരുന്നു. ദോഷപൂർവ്വകമായ മാത്സര്യവും നന്മയായ സകലതിനെയും വെറുക്കുന്ന അസൂയയും കലഹസ്വഭാവവും വെറുപ്പും രോഷവും സ്പർദ്ധയും ശണ്ഠയും കോപവും വിദ്വേഷവും തിന്മയും കാപട്യവും അഹന്തയും ആത്മപ്രശംസയും മറ്റുള്ളവരുടെ പ്രീതി നേടാനുള്ള ആഗ്രഹവും അവനവനെക്കുറിച്ചുള്ള മതിപ്പും അത്യാഗ്രഹവും നിരുന്മേഷവും ഭോഗാസക്തിയുടെ ചിത്രങ്ങളാൽ പ്രകോപിപ്പിക്കപ്പെടുന്ന കാമാസക്തിയും അവിശ്വാസവും അനാദരവും ഭീരുത്വവും നിരാശയും കലഹാവസ്ഥയും വൈരാഗ്യവും ഉറക്കവും അതിക്രമവും സ്വയം ന്യായീകരിക്കലും ആഢംബരവും പൊങ്ങച്ചവും എത്ര കിട്ടിയാലും തൃപ്തിയില്ലായ്മയും സദാചാരശൂന്യതയും ദുരാഗ്രഹവും ഏറ്റവും അപകടകാരിയായ നിരാശയും ദുശ്ശീലങ്ങളുടെ സൂക്ഷ്മമായ പ്രവർത്തനവും എല്ലാം അവരെ രഹസ്യമായി കീഴ്പ്പെടുത്തിയിരുന്നു; മറ്റുള്ളവരാൽ പ്രശംസിക്കപ്പെടുന്നതിനുവേണ്ടി മാത്രമായിരുന്നു അവർ സത്പ്രവൃത്തികൾ ചെയ്യുകയും ചാരിത്ര്യം കാത്തുസൂക്ഷിക്കുകയും ചെയ്തിരുന്നത്. ചില നന്മകൾ അവരിലുണ്ടായിരുന്നെങ്കിൽ കൂടി, ആത്മപ്രശംസമൂലവും മറ്റുള്ളവരുടെ പ്രീതി നേടാനായി അവർ ആ നന്മകളെ വിറ്റു വികാരങ്ങളിൽ മുഴുകിയതുമൂലവും നന്മയെ പാപത്തോടും ലൗകികമോഹങ്ങളോടും കൂട്ടിക്കലർത്തിയതിനാൽ ദൈവത്തിന് അവ കായേന്റെ ബലിപോലെ അസ്വീകാര്യമായിത്തീരുകയും ചെയ്തു (ഉത്പ 4:5). അങ്ങനെ, മണവാളന്റെ സന്തോഷം അവർക്കു നഷ്ടമായി, സ്വർഗ്ഗീയമായ മണവറയിൽനിന്ന് അവർ പുറത്താക്കപ്പെടുകയും ചെയ്തു.

www.malankaralibrary.com

ഇതെല്ലാം ആലോചിച്ചും വിലയിരുത്തിയും പരീക്ഷിച്ചും നാം നമ്മുടെ സ്ഥിതി മനസ്സിലാക്കുകയും, പശ്ചാത്താപത്തിനും മനഃപരിവർത്തനത്തിനും കാലം അവശേഷിച്ചിരിക്കുമ്പോൾതന്നെ, സ്വയം തിരുത്തുകയുമാണ് ചെയ്യേണ്ടത്. ശുദ്ധതയോടെ നമുക്ക് സത്പ്രവൃത്തികളനുഷ്ഠിക്കാം. ലൗകികചിന്തകളോടു കൂടിച്ചേരാതെ അവ യഥാർത്ഥത്തിൽ സത്പ്രവൃത്തികളായിരിക്കട്ടെ. അല്ലാത്തപക്ഷം ന്യൂനതയുള്ള ബലി എന്നതുപോലെ അവ ദൈവത്താൽ നിരസിക്കപ്പെടും, നമ്മുടെ അനാദരവും അവഗണനയും അറിവില്ലായ്മയും ആയിരിക്കും അതിനു കാരണം. ആത്മനിയന്ത്രണവും ജാഗരണവും പ്രാർത്ഥനയും ഉപവാസവും ആതിഥേയത്വവും പുലർത്തുകയും സമയം പാഴാക്കാതിരിക്കുകയും ചെയ്തുകൊണ്ട് നമ്മുടെ കന്യാത്വപരമായ ജീവിതം നയിക്കാൻ നമുക്കു പരിശ്രമിക്കാം. അല്ലെങ്കിൽ നാം മുൻ സൂചിപ്പിച്ച വികാരങ്ങൾ മൂലം, ബാഹ്യമായി മാത്രമുള്ള നന്മ മൂലം നമ്മുടെ ജീവിതം കളങ്കമേശിയ ബലിപോലെ, നമ്മുടെ ദൈവമായ ക്രിസ്തുവിന്, ആ സ്വർഗ്ഗീയപുരോഹിതന്, അസ്വീകാര്യമായിരിക്കും.

അതിനാൽ, എന്റെ മകനേ, കുരിശ് എടുക്കുകയും ക്രിസ്തുവിനെ അനുഗമിക്കുകയും ചെയ്യാനാഗ്രഹിക്കുന്ന ഓരോ ആളും ആദ്യമായി ആത്മീയജ്ഞാനവും ധാരണയും നേടുകയും, സ്വന്തം ചിന്തകളെ എല്ലായ്പ്പോഴും പരിശോധിച്ചുകൊണ്ടിരിക്കുകയും തന്റെ രക്ഷയുടെ കാര്യത്തിൽ അതീവ തല്പരനായിരിക്കുകയും ദൈവത്തെ പൂർണ്ണശക്തിയോടെ അന്വേഷിക്കുകയും ചെയ്യേണ്ടതാണ്. അതേസമയം, ഒരേ തപശ്ചര്യയിൽ ഏർപ്പെട്ടിരിക്കുന്ന ദൈവദാസന്മാരായ മറ്റുള്ളവരോട് ചോദിച്ച്, താൻ വെളിച്ചമില്ലാതെ ഇരുട്ടിലല്ല സഞ്ചരിക്കുന്നതെന്നും, തനിക്കു വഴിതെറ്റിയിട്ടില്ലെന്നും ഉറപ്പുവരുത്തണം. അല്ലാത്തപക്ഷം, സ്വന്തം വഴി തെരഞ്ഞെടുത്തു നടക്കുന്ന ഒരുവൻ സുവിശേഷമാർഗ്ഗം മനസ്സിലാക്കിയിട്ടില്ലെങ്കിൽ മാർഗ്ഗനിർദ്ദേശമില്ലാതെ സാത്താന്റെ കെണിയിൽ വീഴാൻ സാദ്ധ്യതയുണ്ട്; പലപ്പോഴും അയാൾ എങ്ങോട്ടാണ് പോകുന്നതെന്നറിയാതെ വഴിതെറ്റിയലഞ്ഞ് അപകടങ്ങളിൽ ചെന്നു ചാടാറുമുണ്ട്. എന്തെന്നാൽ, കഠിനമായ തപശ്ചര്യയും ദൈവത്തിനുവേണ്ടിയുള്ള സഹനവും സ്വീകരിച്ചിട്ടുള്ളവർകൂടി, സ്വന്തം തീരുമാനത്തിലുറച്ചുനിൽക്കുകയും വിവേകശൂന്യമായി പെരുമാറുകയും അയൽക്കാരന്റെ സഹായം സ്വീകരിക്കാതിരി

www.malankaralibrary.com

ക്കുകയും ചെയ്തതിലൂടെ അവരുടെ യത്നങ്ങളെല്ലാം വിഫലമായി ത്തീർന്നുവെന്ന് തെളിയിച്ചിട്ടുണ്ട്.

അതിനാൽ എന്റെ പ്രിയ മകനേ, ഈ കത്തിന്റെ ആരംഭത്തിൽ ഞാൻ നിനക്കു തന്നിരുന്ന ഉപദേശം സ്വീകരിക്കുക; അലസതയാലും ദുഷിച്ച ചിന്തകളാലും വഴിതെറ്റി നിനക്കു ലഭിച്ച ദൈവസ്നേഹ ത്തിന്റെ വരദാനങ്ങൾ മറക്കുവാൻ ഇടയാവരുത്. നിന്റെ ജീവിതാരംഭം മുതൽ ഇന്നോളം ദൈവം നിനക്കു നൽകിയിട്ടുള്ള ബാഹ്യവും ആത്മീ യവുമായ സകല അനുഗ്രഹങ്ങളെയും എല്ലായ്പ്പോഴും ഓർമ്മിച്ചു കൊള്ളുക; 'അവിടുത്തെ ദാനങ്ങളെ മറക്കരുത്' (സങ്കീ 103:2) എന്ന തിരുവചനത്തിനനുസൃതം അവയെ ഓർമ്മയിൽ വരുത്തുക. അപ്പോൾ നിന്റെ ഹൃദയം ദൈവസ്നേഹത്തിലേക്കും ദൈവത്തിലേക്കും ചരിക്കും. സാധിക്കുന്നിടത്തോളം കഠിനവ്രതങ്ങളിലൂടെയും നല്ല പ്രവൃത്തികളിലൂടെയും പൂർണ്ണമായ ഭക്തിയിലൂടെയും പക്വമായ സംഭാഷണത്തിലൂടെയും ഉറച്ച വിശ്വാസത്തിലൂടെയും എളിമയി ലൂടെയും സ്വയം ദൈവത്തിനു സമർപ്പിക്കുന്നതിന് നിന്റെ ഹൃദയം സന്നദ്ധമാകും. ദൈവത്തിന്റെ സ്നേഹത്താലും നന്മയാലും നിങ്ങൾ സ്വീകരിച്ച ഈ അനുഗ്രഹങ്ങളുടെ അനുസ്മരണത്തിലൂടെ ദൈവത്തെ അറിയാനുള്ള തീവ്രമായ ആഗ്രഹത്താൽ നിന്റെ ഹൃദയം വേദനിക്കുകയും ദൈവകാരുണ്യത്തിന്റെ സഹായത്താൽ, അവിടുത്തെ സ്നേഹിക്കുകയും ചെയ്യും. എന്തെന്നാൽ, നിനക്കു വേണ്ടി തന്റെ അനന്തമായ സ്നേഹത്താൽ അവിടുന്ന് ചെയ്തിട്ടുള്ള അത്ഭുതങ്ങൾ പലതും നിന്നെക്കാൾ സമർത്ഥരായ മറ്റു പലർക്കും വേണ്ടി ചെയ്തിട്ടില്ല എന്ന തിരിച്ചറിവ്, നിനക്കുണ്ടാവുകയും ചെയ്യും.

ദൈവം നിനക്കു നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ ഓരോന്നായി ഓർമ്മിച്ചുനോക്കാൻ ശ്രമിക്കുക. വിശുദ്ധനാട്ടിൽനിന്നു കോൺസ്റ്റാന്റി നോപ്പിളിലേക്ക് നിന്റെ അമ്മയും നീയുംകൂടി കപ്പൽയാത്ര ചെയ്ത പ്പോഴുണ്ടായതായി നീ ഞങ്ങളോടു പറഞ്ഞ അത്ഭുതസംഭവം വിശേഷിച്ചും ഓർമ്മിക്കൂ. അതേ രാത്രിയിൽ കടലിനെ ഇളക്കിമറിച്ച കൊടുങ്കാറ്റിന്റെ ഭീകരതയും അതിൽപ്പെട്ട് കടലിൽ മുങ്ങിത്താഴുന്ന കപ്പലും ഓർമ്മിക്കുക. കപ്പലിലെ ജോലിക്കാരും നിന്റെ അമ്മയും എന്നല്ല, കപ്പലിലുണ്ടായിരുന്ന മുഴുവൻപേരും കൊല്ലപ്പെടുകയും, നീയും മറ്റു രണ്ടുപേരും മാത്രം ദിവ്യശക്തിയാൽ അത്ഭുതകരമായി

www.malankaralibrary.com

രക്ഷപ്പെടുകയും ചെയ്തത് ഓർമ്മിക്കുക. നീ ദൈവപരിപാലനയാൽ അങ്കിറായിലെത്തുകയും അവിടെവച്ച് പിതൃതുല്യമായ സ്നേഹത്തോടെ സ്വതന്ത്രനായ ഒരാൾ നിന്നെ സ്വീകരിക്കുകയും എപ്പിഫാനിയോസ് എന്നു പേരായ അയാളുടെ ഭക്തനായ മകനുമായി നീ ചങ്ങാത്തം കൂടുകയും ചെയ്തു. അതിനുശേഷം ഒരു വിശുദ്ധന്റെ സഹായത്തോടെ നിങ്ങൾ ഇരുവരും രക്ഷയുടെ മാർഗ്ഗത്തിൽ പ്രവേശിക്കുകയും ദൈവദാസന്മാർ നിങ്ങളെ മക്കളെപ്പോലെ സ്വീകരിക്കുകയും ചെയ്തു. ഇവയെക്കുറിച്ചെല്ലാം ഓർമ്മിക്കുക.

നിന്റെ ആത്മാവിനെ നിത്യജീവിതത്തിലേക്ക് വിളിച്ച ക്രിസ്തുവിന് ഈ അനുഗ്രഹങ്ങൾക്കെല്ലാം പകരമായി നീ എന്തു നൽകും? നിനക്കു ചെയ്യാനുള്ളത് ഒന്നു മാത്രം - നിനക്കുവേണ്ടി ജീവിക്കാതിരിക്കുക. പകരം, നിനക്കുവേണ്ടി മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത ക്രിസ്തുവിനുവേണ്ടി ജീവിക്കുക. ഓരോ സുകൃതവും സ്വായത്തമാക്കാനും ഓരോ കല്പനയും അനുസരിക്കാനുമുള്ള ശ്രമത്തിൽ എപ്പോഴും 'ശരിയായതും സ്വീകാര്യമായതും പരിപൂർണ്ണവുമായ ദൈവത്തിന്റെ ഇച്ഛ' (റോമ 12:2) നിറവേറ്റാൻകൂടി ശ്രമിച്ചുകൊള്ളുക. നിന്റെ സകല ശേഷിയും ഉപയോഗിച്ച് അത് കാത്തുസൂക്ഷിക്കാൻ പരിശ്രമിക്കുക.

എന്റെ മകനേ, നിന്റെ യുവത്വത്തെ ദൈവവചനത്തിനായി സമർപ്പിക്കുക. ആ വചനം കല്പിക്കുന്നതിനനുസരിച്ച് നിന്റെ ശരീരത്തെ 'വിശുദ്ധവും ദൈവത്തിന് സ്വീകാര്യവുമായ സജീവ ബലിയായി ദൈവത്തിനു സമർപ്പിക്കുക. ഇതായിരിക്കണം നിങ്ങളുടെ യഥാർത്ഥമായ ആരാധന' (റോമ 12:1). ശാരീരികാഗ്രഹങ്ങളെ തണുപ്പിക്കുകയും വറ്റിച്ചുകളയുകയും ചെയ്യുക. അതിനായി അല്പംകൊണ്ട് സംതൃപ്തനാവുകയും വളരെക്കുറച്ചു ഭക്ഷണപാനീയങ്ങൾ കഴിക്കുകയും രാത്രി മുഴുവൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുകയും വേണം; അങ്ങനെ ചെയ്യുന്നതിലൂടെ നിനക്ക് ആത്മാർത്ഥമായും ഇങ്ങനെ പറയാൻ കഴിയും: 'ഞാൻ പുകഞ്ഞ തോൽക്കുടംപോലെയായിരിക്കുന്നു; എങ്കിലും ഞാൻ നിന്റെ കല്പനകൾ മറക്കുന്നില്ല' (സങ്കീ 119:83). 'നീ ക്രിസ്തുവിന്റേതാണെന്ന് തിരിച്ചറിയുകയും നിന്റെ ശരീരത്തെ അതിന്റെ എല്ലാ അഭിലാഷങ്ങളോടും ആഗ്രഹങ്ങളോടുംകൂടി കുരിശിൽ തറയ്ക്കുകയും ചെയ്യുക' (ഗലാ 5:24). 'നിന്റെ ഉള്ളിൽ

www.malankaralibrary.com

ലൗകികമായതെന്തുണ്ടോ അതിനെയെല്ലാം കൊന്നുകളയുക' (കൊലോ 3:5); ചാരിത്ര്യഭംഗത്തിന്റെ ബാഹ്യമായ പ്രവർത്തനങ്ങളെ മാത്രമല്ല, നിന്റെയുള്ളിൽ അശുദ്ധാത്മാക്കൾ ഇളക്കിവിടുന്ന അശുദ്ധ മായ പ്രേരണകളെക്കൂടി ഒഴിവാക്കുക.

എന്നാൽ സത്യസന്ധവും പരിശുദ്ധവും പരിപൂർണ്ണവുമായ ചാരിത്ര്യശുദ്ധി ആഗ്രഹിക്കുന്നവർ ഇത്രയുംകൊണ്ട് അവസാനിപ്പി ക്കുന്നില്ല. അപ്പോസ്തോലന്റെ ഉപദേശം അനുസരിച്ച്, തന്റെയുള്ളിലെ വികാരങ്ങളുടെ ആവേശത്തെയും, അതിന്റെ നേർത്ത അംശത്തെ പ്പോലും അയാൾ തുടച്ചുമാറ്റുന്നു. എങ്കിലും സ്വയം തൃപ്തനാകാതെ, മാലാഖമാരുടേതിനു തുല്യമായ ചാരിത്ര്യശുദ്ധി തന്റെ ശരീരത്തിൽ നേടാനായി അയാൾ കിണഞ്ഞു പരിശ്രമിക്കും. ജഡികവികാരങ്ങളുടെ പ്രവർത്തനവും കൂടാതെ, അതിന്റെ നേരിയ ഉപദ്രവംപോലും ഉണ്ടാകാ തിരിക്കാനായി ശാരീരികാസക്തിയുടെ കേവലം ക്ഷണികമായ വിദൂര കാമചിന്തകൾപോലും തന്റെയുള്ളിൽനിന്നു മാഞ്ഞുപോകണമേ എന്ന് അയാൾ പ്രാർത്ഥിക്കും. പരിശുദ്ധാത്മാവിന്റെ സഹായവും ശക്തിയും കൊണ്ടു മാത്രമേ ഒരുവന് ഇത് സാധിക്കൂ. അതു നേടാൻ അർഹ നായവനു മാത്രമേ അതു കിട്ടുകയുമുള്ളൂ.

പരിശുദ്ധവും കളങ്കമറ്റതും ആത്മീയവുമായ ചാരിത്ര്യം നേടാൻ ആഗ്രഹിക്കുന്നവൻ ശരീരത്തെ തപശ്ചര്യയുടെ ക്ലേശത്താൽ കുരിശിൽ തറയ്ക്കുകയും തന്റെ ഉള്ളിലുള്ള ലൗകികചിന്തകളെ മുഴുവനും തീവ്രമായ ആത്മനിയന്ത്രണത്തിലൂടെ ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നു. ബാഹ്യമനുഷ്യനെ അയാൾ ശുദ്ധീകരിച്ച് താഡനംചെയ്ത് നേർമ്മയുള്ളതാക്കിത്തീർക്കുന്നു; എന്തെന്നാൽ, വിശ്വാസം, തപശ്ചര്യ, ദൈവകൃപയുടെ ഊർജ്ജം എന്നിവയിലൂടെ തന്റെ ആന്തരികമനുഷ്യൻ 'ഓരോ ദിവസവും നവീകരിക്കപ്പെട്ട്' (2 കൊരി 4:16) ഉന്നതതലത്തി ലെത്താൻ ഇതാവശ്യമാണ്. അയാൾ സ്നേഹത്തിൽ വളരുകയും സൗമ്യതയിൽ അലങ്കരിക്കപ്പെടുകയും ആത്മാവിൽ അത്യധികം സന്തോഷിക്കുകയും ക്രിസ്തുവിന്റെ സമാധാനത്താൽ ഭരിക്കപ്പെടു കയും കാരുണ്യത്താൽ നയിക്കപ്പെടുകയും നന്മയാൽ സംരക്ഷിക്ക പ്പെടുകയും ദൈവഭയത്താൽ സുരക്ഷിതനായിരിക്കുകയും ധാരണ, അറിവ്, വിവേകം എന്നിവയാൽ വെളിച്ചം നേടുകയും എളിമയാൽ ശരിയായ വഴിയിലൂടെ നടത്തപ്പെടുകയും ചെയ്യുന്നു. പരിശുദ്ധാത്മാ

www.malankaralibrary.com

വിന്റെ കാരുണ്യത്താൽ നവീകരിക്കപ്പെടുന്ന മനസ്സ്, മേല്പറഞ്ഞവ ഉൾപ്പെടെയുള്ള നിരവധി സദ്ഗുണങ്ങളാൽ തന്റെയുള്ളിൽ അടങ്ങിയിരിക്കുന്ന ദൈവികരൂപം കണ്ടെത്താനുള്ള കഴിവു നേടുന്നു; ദൈവികതയുടെ അനുപമവും അവാച്യവുമായ സൗന്ദര്യം തിരിച്ചറിയുന്നു; അങ്ങനെ ആന്തരികനിയമത്തിന്റെ സമ്പന്നമായ വിവേകം അത് അനുഭവിക്കുന്നു.

അതിനാൽ, എന്റെ മകനേ, നിന്റെ ശരീരത്തിന്റെ യൗവ്വന സഹജമായ താല്പര്യങ്ങളെ നാം സൂചിപ്പിച്ച സുകൃതങ്ങളാൽ ശുദ്ധീകരിക്കുകയും, അനശ്വരമായ നിന്റെ ആത്മാവിനെ ശക്തിപ്പെടുത്തുകയും, പരിശുദ്ധാത്മാവിന്റെ സഹായത്താൽ നിന്റെ മനസ്സിനെ നവീകരിക്കുകയും ചെയ്യുക. എന്തെന്നാൽ, യുവത്വം തിളങ്ങുന്ന ശരീരം, ആവോളം ഭക്ഷണവും വീഞ്ഞും കഴിച്ച് കശാപ്പു ചെയ്യപ്പെടാൻ പാകമായ തടിച്ചുകൊഴുത്ത പന്നിയെപ്പോലെയാണ്. ശാരീരികസുഖങ്ങളുടെ തീനാളങ്ങൾ ആത്മാവിനെ വധിക്കുകയും ദുഷിച്ച അഭിലാഷങ്ങളുടെ തീച്ചൂടേറ്റ് മനസ്സ് തടവിലാക്കപ്പെടുകയും ചെയ്യുന്നു; ഇത്തരം ലൗകികസുഖങ്ങളിൽനിന്ന് അകന്നുമാറാൻ മനസ്സിന് കഴിയാതെ വരുന്നു. രക്തം ചൂടുപിടിക്കുമ്പോൾ ആത്മാവ് തണുത്തു മരവിക്കുന്നത് സ്വാഭാവികമാണല്ലോ.

വീഞ്ഞു കുടിക്കുന്ന ശീലം യുവാക്കൾ നിർബന്ധമായും ഒഴിവാക്കണം; അതിന്റെ ഗന്ധംപോലും അവർ അനുഭവിക്കുന്നതു നന്നല്ല. അല്ലാത്തപക്ഷം ആന്തരികമായ വികാരങ്ങളുടെ പ്രവർത്തനവും പുറമേനിന്ന് കുടിക്കുന്ന വീഞ്ഞും ഒന്നായിച്ചേർന്ന് ഒരു വലിയ അഗ്നിയുണ്ടാകുന്നു. ഇവ രണ്ടും കൂടിച്ചേരുമ്പോൾ ശാരീരികതൃഷ്ണകൾ തിളച്ചുപൊന്തുകയും പശ്ചാത്താപത്തിൽനിന്ന് ഉളവാകുന്ന ആത്മീയാനന്ദം വറ്റിപ്പോകുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി അസ്വാസ്ഥ്യവും ഹൃദയകാഠിന്യവും ഉളവാകുന്നു. ആത്മീയകാര്യങ്ങളിലുള്ള താല്പര്യം ജലപാനത്തിൽനിന്നുപോലും ചെറുപ്പക്കാരെ തടയേണ്ടതാണ്; എന്തെന്നാൽ, ആത്മനിയന്ത്രണത്തിന് അതു വളരെ സഹായകമായിരിക്കും. പരിശീലിച്ചുനോക്കിയാൽ ഇത് എത്രമാത്രം പ്രയോജനകരമാണെന്ന് നിനക്ക് മനസ്സിലാകും. ഈ നിയമനിർദ്ദേശം ചെയ്യുന്നതുവഴി മനോനിയന്ത്രണത്തിന്റെ ഈ നുകം നിന്റെ മേൽ നിർബ്ബന്ധപൂർവ്വം അടിച്ചേല്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. മറിച്ച് സ്നേഹപൂർവ്വം ഉപദേശിക്കുക മാത്രമാണ്; എന്തെന്നാൽ

www.malankaralibrary.com

യഥാർത്ഥമായ പരിശുദ്ധിയും കർക്കശമായ ആത്മനിയന്ത്രണവും നേടുന്നതിന് സഹായകമായിട്ടാണ് ഈ നിർദ്ദേശങ്ങൾ നല്കുന്നത്. താല്പര്യമുണ്ടെങ്കിൽ നിനക്കിതു ചെയ്തുനോക്കാവുന്നതാണ്.

ഇനി നമുക്ക് പറയാനുള്ളത് വിവേകശൂന്യമായ കോപത്തെക്കുറിച്ചാണ്. കോപം ആക്രോശിക്കുകയും അസ്വാസ്ഥ്യം സൃഷ്ടിക്കുകയും ഓരോ ആത്മാവിനെയും ഇരുളിലാഴ്ത്തുകയും ചെയ്യുന്നു; അത് സജീവമാകുമ്പോൾ, എളുപ്പത്തിൽ മൃഗങ്ങളെപ്പോലെ പെരുമാറുന്നു. കോപത്തിന് കരുത്തു നല്കുന്നത് അഹങ്കാരമാണ്; കരുത്തേറുന്നതോടെ കോപം ശക്തിപ്രാപിക്കുകയും തന്മൂലം നശിപ്പിക്കപ്പെടുക എളുപ്പമല്ലാതായിത്തീരുകയും ചെയ്യുന്നു. വെറുപ്പിന്റെയും കോപത്തിന്റെയും വിദ്വേഷത്തിന്റെയും പൈശാചികവൃക്ഷം അഹങ്കാരത്തിന്റെ ദുഷിച്ച വെള്ളം വലിച്ചെടുത്ത് അത് തഴച്ചുവളർന്ന് ചീഞ്ഞ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. തന്മൂലം, അഹങ്കാരത്തിൽ വേരൂന്നിയ തിന്മയുടെ വൃക്ഷം ആത്മാവിൽ വളർന്നുകഴിഞ്ഞാൽ അതിനെ നശിപ്പിക്കുക വളരെ പ്രയാസമായിത്തീരുന്നു.

നിങ്ങളുടെ ഉള്ളിൽ വളരുന്ന അരാജകത്വത്തിന്റെ ഈ വൃക്ഷം -വെറുപ്പും കോപവും വൈരാഗ്യവും നിറഞ്ഞത്- ഇലപൊഴിഞ്ഞ് ഉണങ്ങിപ്പോകണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? അങ്ങനെ സംഭവിക്കുന്നതിലൂടെ ആത്മാവിന്റെ മഴുവിനാൽ 'അതിനെ വേരോടെ പറിച്ചെടുത്ത് മറ്റെല്ലാ ദുശ്ശീലങ്ങളോടുമൊപ്പം തീയിലെറിയണ'മെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? (മത്താ 3:10). പുറം സുന്ദരവും വിവേകമറ്റ ദുർവഴക്കങ്ങളുമായ കല്ലുകൾ ഉപയോഗിച്ച് ബാഹ്യവും ആന്തരികവുമായ ന്യൂനതകളിലൂടെ, നിങ്ങളിലെ അഹങ്കാരത്തിന്റെ അടിത്തറയിന്മേൽ തിന്മ പടുത്തുയർത്തുന്ന ഭവനം നശിപ്പിക്കപ്പെടണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ടോ? യഥാർത്ഥത്തിൽ നിങ്ങൾ അത് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ക്രിസ്തുനാഥന്റെ എളിമ നിങ്ങളുടെ ഹൃദയത്തിൽ എക്കാലവും സൂക്ഷിച്ചുകൊള്ളുക, അത് ഒരിക്കലും മറന്നുകളയരുത്.

ക്രിസ്തു ആരാണെന്നും, നമുക്കുവേണ്ടി അവനെന്തായിത്തീർന്നുവെന്നും ആലോചിക്കുക. ഒന്നാമതായി അപ്പോസ്തോലൻ പറയുന്നതുപോലെ സത്തയ്ക്കതീതമായ (അത് വെളിപ്പെട്ടവർക്കു സ്വീകരിക്കാനാവുന്നത്രയും) അവിടുത്തെ ദൈവത്വത്തിന്റെ അവാച്യമായ

www.malankaralibrary.com

പ്രകാശത്തെക്കുറിച്ചും സ്വർഗ്ഗത്തിൽ ആത്മീയജാലങ്ങളാൽ: മാലാഖമാർ, മുഖ്യദൂതന്മാർ, സിംഹാസനങ്ങൾ, പ്രഭുത്വങ്ങൾ, അധികാരകേന്ദ്രങ്ങൾ, കെരൂബുകൾ, സെറാഫുകൾ, നമുക്ക് പേര് അറിഞ്ഞുകൂടാത്ത ആത്മീയശക്തികൾ എന്നിവരാൽ അവിടുന്ന് മഹത്ത്വീകൃതനാകുന്നതിനെയുംകുറിച്ച് വിചിന്തനം നടത്തുക (എഫേ 1:21). പിന്നീട് മനുഷ്യത്വത്തിന്റെ നിസ്സാരതയിലേക്ക് അവൻ ഇറങ്ങിവന്നതും, തന്റെ അനന്തമായ നന്മയാൽ മരണത്തിന്റെ നിഴലിലും ഇരുളിലും കഴിഞ്ഞുകൂടുന്നവരായ നമുക്കു തുല്യനായി എങ്ങനെ അവൻ ഭൂമിയിൽ ജീവിച്ചുവെന്നും ആലോചിക്കുക (യശ 9:2; മത്താ 4:16). ആദാമിന്റെ അനുസരണക്കേടിനാൽ തടവുകാരാക്കപ്പെട്ടും സാത്താന്റെ പ്രവർത്തനങ്ങളാൽ വികാരങ്ങൾക്ക് അടിമപ്പെട്ടും ഉഴലുന്നവരാണല്ലോ നമ്മൾ. ദൈന്യമായ അടിമത്തത്തിൽ, അദൃശ്യവും ഭയാനകവുമായ മരണത്തിന്റെ നിഴലിൽ ജീവിതം തള്ളിനീക്കാൻ വിധിക്കപ്പെട്ട നമ്മോടൊപ്പം കഴിഞ്ഞുകൂടാനും ലജ്ജ, ആഗ്രഹങ്ങൾ തുടങ്ങിയ വികാരങ്ങൾക്കു വിധേയമായ മനുഷ്യസ്വഭാവം സ്വീകരിക്കാൻ തക്കവിധം താണുവരുവാൻ, കാണപ്പെടുന്നതും അല്ലാത്തതുമായ സകല വസ്തുക്കൾക്കും അധിപനായ ക്രിസ്തു ലജ്ജിച്ചില്ല. പാപം ഒഴികെ മറ്റെല്ലാകാര്യങ്ങളിലും അവൻ നമ്മെപ്പോലെയായിത്തീർന്നു (എബ്രാ 4:15). അതായത് അവൻ അപമാനകരമായ വികാരങ്ങൾക്ക് അടിമപ്പെട്ടില്ല. ആദാമിന്റെ പാപഫലമായി ദൈവം മനുഷ്യർക്കു നല്കിയ ശിക്ഷയുടെ എല്ലാ ഘടകങ്ങളും -മരണം, ക്ലേശം, വിശപ്പ്, ദാഹം തുടങ്ങിയവയെല്ലാം- അവൻ ഏറ്റെടുക്കുകയും നമ്മെപ്പോലെയായിത്തീരുകയും ചെയ്തു. ഇത് നാം അവനെപ്പോലെയായിത്തീരേണ്ടതിനാണ്. മനുഷ്യൻ ലോഗോസ് (വചനം) ആയിത്തീരുവാൻവേണ്ടി ലോഗൊസ് (വചനം) മനുഷ്യനായിത്തീർന്നു. സമ്പന്നനായിരുന്നിട്ടും ക്രിസ്തു നമുക്കുവേണ്ടി ദരിദ്രനായിത്തീർന്നു; അവന്റെ ദാരിദ്ര്യത്തിലൂടെ നാം സമ്പന്നരാകാൻ വേണ്ടിയാണിത് (2 കൊരി 8:9). മനുഷ്യനോടുള്ള അഗാധമായ സ്നേഹത്താൽ അവൻ നമ്മെപ്പോലെയായിത്തീർന്നു; ഓരോ സദ്ഗുണത്തിലൂടെയും നാം അവനെപ്പോലെയായിത്തീരാൻ വേണ്ടിയായിരുന്നു അത്.

ക്രിസ്തു നമ്മോടൊപ്പം ഭൂമിയിൽ വസിക്കാൻ തുടങ്ങിയതു മുതൽ ദൈവത്തിന്റെ പ്രതിരൂപമായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പരിശുദ്ധാത്മാവിന്റെ ശക്തിയാലും കാരുണ്യത്താലും നവീകരിക്കപ്പെടാൻ

www.malankaralibrary.com

തുടങ്ങി; 'ഒരിക്കലും പരാജയപ്പെടാത്ത' (1 കൊരി 13:8) 'ഭയത്തെ നിർമ്മാർജ്ജനം ചെയ്യുന്ന' (1 യോഹ 4:18) പരിപൂർണ്ണമായ സ്നേഹം ആർജ്ജിക്കാൻ അവനു സാധിച്ചു. യോഹന്നാൻ പറയുന്നത് 'ദൈവം സ്നേഹമാണെന്നാണ്'; 'സ്നേഹത്തിൽ വസിക്കുന്നവൻ ദൈവ ത്തിൽ വസിക്കുന്നു' (1 യോഹ 4:16) എന്നാണ്. അപ്പോസ്തോല ന്മാർ നേടിയത് ഇത്തരത്തിലുള്ള സ്നേഹമായിരുന്നു. ജീവിതകാല മത്രയും ക്രിസ്തുവിനെ അനുഗമിക്കുകയും സ്വയം അവന്റെ മുമ്പിൽ സമർപ്പിക്കുകയും ചെയ്തുകൊണ്ട് അപ്പസ്തോലന്മാരെപ്പോലെ സുകൃതം പരിശീലിക്കുന്ന ഓരോ ആളും നേടുന്നതും ഇതേ സ്നേഹ മാണ്.

അതിനാൽ, നമ്മോടുള്ള അനന്തമായ സ്നേഹത്താൽ ക്രിസ്തു സഹിച്ച കഠിനമായ അപമാനത്തെക്കുറിച്ച് എപ്പോഴും ഓർമ്മിക്കുക; എങ്ങനെയാണ് ദിവ്യമായ ലോഗോസ് (വചനം) ഒരു സ്ത്രീയുടെ ഗർഭപാത്രത്തിൽ രൂപംകൊണ്ടതെന്നും എങ്ങനെയാണ് അവൻ മനുഷ്യരൂപം സ്വീകരിച്ച് ഒരു സ്ത്രീയിൽനിന്നു ജനിച്ചതെന്നും ആലോചിക്കുക; അവന്റെ ശാരീരിക വളർച്ചയും അവനു സഹിക്കേണ്ടി വന്ന അപമാനവും ദോഷാരോപണവും കുറ്റപ്പെടുത്തലും നിന്ദയും നീ മനസ്സിൽ സൂക്ഷിക്കുക; അവന് ചാട്ടവാർ അടിയേറ്റതും ആളുകൾ അവന്റെ മുഖത്തു തുപ്പിയതും പരിഹസിച്ചതും ഓർമ്മിക്കുക. അവന് അണിയേണ്ടിവന്ന ചെമന്ന മേലങ്കിയെക്കുറിച്ചും മുൾക്കിരീടത്തെ ക്കുറിച്ചും ഏല്ക്കേണ്ടിവന്ന പരിഹാസത്തെക്കുറിച്ചും ആലോചി ക്കുക; അധികാരികളുടെ നിന്ദയും പ്രമത്തരായ ജൂതന്മാരുടെ -അവന്റെ സ്വന്തം വർഗ്ഗക്കാരുടെ- പരിഹാസവും ഓർമ്മിക്കുക; 'അവനെ കൊണ്ടുപോവുക, അവനെ കൊണ്ടുപോവുക, അവനെ കുരിശിൽ തറയ്ക്കുക' (യോഹ 19:15) എന്ന് ആക്രോശിച്ചു കൊണ്ടിരുന്ന ജൂതന്മാരെക്കുറിച്ച് ഓർമ്മിക്കുക; കുരിശ്, ആണികൾ, കുന്തം, വിനാഗിരി, കയ്പുനീര്, വിജാതീയരുടെ തിരസ്കാരം തുടങ്ങിയവയെക്കുറിച്ചെല്ലാം ഓർമ്മിക്കുക; 'നീ ദൈവപുത്രനാ ണെങ്കിൽ കുരിശിൽനിന്ന് ഇറങ്ങിവരിക; എന്നാൽ ഞങ്ങൾ നിന്നെ വിശ്വസിക്കാം' (മത്താ 27:39-42) എന്ന് മുറവിളി കൂട്ടിയ വഴിയാത്ര ക്കാരെക്കുറിച്ച് ആലോചിക്കുക; നമുക്കുവേണ്ടി അവൻ സ്വീകരിച്ച ക്രൂശിക്കലും മരണവും മൂന്നു ദിവസത്തെ സംസ്കരണവും പാതാള ത്തിലേക്ക് ഇറങ്ങിയതും എല്ലായ്പ്പോഴും ഓർമ്മിക്കുക; ഈ യാതന

www.malankaralibrary.com

കൾക്കുശേഷം ഉണ്ടായ സംഭവങ്ങളെക്കുറിച്ച് ആലോചിക്കുക; മരിച്ച വരുടെ കൂട്ടത്തിൽനിന്നുമുള്ള ഉയിർത്തെഴുന്നേൽപ്പ്, ക്രിസ്തുവിനോ ടൊപ്പം ഉയിർപ്പിക്കപ്പെട്ടവരുടെ, നരകത്തിൽനിന്നും മരണത്തിൽനിന്നു മുള്ള മോചിപ്പിക്കൽ, സ്വർഗ്ഗാരോഹണം, പിതാവിന്റെ വലതുവശത്ത് ഉപവിഷ്ടനായത്, 'ഏത് അധികാരകേന്ദ്രത്തെക്കാളും, എല്ലാ നാമ ങ്ങൾക്കും ഉപരിയായി (എഫേ 1:21) അവിടുത്തേക്ക് ലഭിച്ച മഹത്ത്വം, ബഹുമാനം എന്നിവയെക്കുറിച്ച് ആലോചിക്കുക; മരിച്ചവരിൽ നിന്നുള്ള ആദ്യജാതനായ ക്രിസ്തുവിനെ മാലാഖമാർ വന്ദിക്കുന്നത്, അവൻ അനുഭവിച്ച യാതനകളുടെ പേരിൽ അവനെ സ്തുതിക്കുന്നത്, ഇതേക്കുറിച്ചൊക്കെ ആലോചിക്കുക. അപ്പോസ്തോലൻ ഇങ്ങനെ പറയുന്നു: യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ. ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതി യിൽ മനുഷ്യനെപോലെ കാണപ്പെട്ടു; മരണംവരെ -അതേ കുരിശു മരണംവരെ- അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമ ങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു. ഇത് യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകൾ മടക്കുന്നതിനുവേണ്ടിയാണ് (ഫിലി 2:5-10). താൻ അനുഭവിച്ച യാതനയിലും അപമാനത്തിലുംകൂടി എത്രമാത്രം മഹത്ത്വത്തിലേക്കാണ് ക്രിസ്തു ദൈവനീതിയാൽ ഉയർത്തപ്പെട്ട തെന്ന് ആലോചിച്ചുനോക്കുക.

മേല്പറഞ്ഞ കാര്യങ്ങൾ എല്ലായ്പ്പോഴും ഓർമ്മയിൽ സൂക്ഷി ക്കുകയാണെങ്കിൽ വെറുപ്പ്, കോപം, വിദ്വേഷം തുടങ്ങിയ വികാര ങ്ങൾ നിങ്ങളെ കീഴടക്കുകയില്ല. എന്തെന്നാൽ അഹന്തയുടെ അടി ത്തറയിന്മേൽ പടുത്തുയർത്തപ്പെട്ട കോപത്തിന്റെയും വിദ്വേഷത്തി ന്റെയും ഭവനത്തിൽനിന്നും, ക്രിസ്തുവിന്റെ താഴ്മയുടെ സ്മരണയാൽ നാം സകല ശേഷിയും ഊറ്റിക്കളയുന്നതോടെ ആ ഭവനം തകർന്നു വീഴുന്നു; അതോടെ കോപവും വിദ്വേഷവും അസ്തമിക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഏകജാതനായ പുത്രൻ നമുക്കുവേണ്ടി സഹിച്ച യാതനകളെക്കുറിച്ചും അപമാനത്തെക്കുറിച്ചും എപ്പോഴും

www.malankaralibrary.com

സ്മരിക്കാൻ കഴിയുന്ന ഏതൊരാൾക്കാണ് കഠിനഹൃദയനായിരിക്കാൻ കഴിയുന്നത്? എങ്ങനെയാണ് അഹന്ത നശിച്ച്, എളിമയുള്ളവനും പശ്ചാത്താപവിവശനുമായിത്തീരാതിരിക്കാൻ അയാൾക്കു സാധിക്കുന്നത്? അയാൾ സ്വമനസ്സാലെ വെറും പൊടിയും ചാരവുംപോലെ വിനീതനാവുകയും സകല മനുഷ്യരാലും ചവിട്ടിമെതിക്കപ്പെടാൻ തയ്യാറാകുകയുമില്ലേ?

അഹന്ത നശിച്ച്, എളിമയുള്ളവരായിത്തീരുകയും ക്രിസ്തുവിന് സഹിക്കേണ്ടിവന്ന അപമാനത്തെക്കുറിച്ച് ഓർമ്മിക്കുകയും ചെയ്യുമ്പോൾ എങ്ങനെയാണ് കോപത്തിനോ വിദ്വേഷത്തിനോ വെറുപ്പിനോ നമ്മിൽ സ്ഥാനമുണ്ടാവുക? എന്നാൽ ജീവദായകമായ ഈ സത്യങ്ങളെക്കുറിച്ച് നാം വിസ്മരിക്കുമ്പോൾ അതിന്റെ സഹോദരിമാരായ അലസതയും അജ്ഞതയും നമ്മെ പിടികൂടുന്നു, നമ്മുടെ ആത്മാവിനെ ഞെരുക്കുന്നതും ആത്മാവിൽ ഉറച്ചതുമായ ഈ മൂന്നു വികാരങ്ങളെ തിരിച്ചറിയാനും തിരുത്താനും അങ്ങേയറ്റം പ്രയാസമാണ്. അവ നമ്മുടെ ആത്മാവിനെ ഇരുളിലാഴ്ത്തുകയും ഫലശൂന്യമാക്കിത്തീർക്കുകയും ചെയ്യുന്നു. മറ്റു ദുഷിച്ച വികാരങ്ങൾ നമ്മുടെ ആത്മാവിൽ കൂടുകൂട്ടാനും, വളർന്നുപെരുകാനും അങ്ങനെ ആത്മാവിന്റെ ദൈവഭയം ഇല്ലാതാക്കി നന്മയെ അവഗണിച്ച്, ഏതൊരു വികാരത്തിനും സ്വതന്ത്രമായി കടന്നുവരാവുന്ന നിന്ദ്യമായ അവസ്ഥയിലേക്ക് ആത്മാവിനെ അധഃപതിപ്പിക്കാനും കാരണമാകുന്നു.

കടുത്ത മറവി, വിനാശകരമായ അലസത, എല്ലാ തിന്മകളുടെയും മാതാവും പോറ്റമ്മയുമായ അജ്ഞത എന്നീ പാപങ്ങൾ ഒരുവന്റെ ആത്മാവിനെ കീഴ്പ്പെടുത്തിക്കഴിയുമ്പോൾ, രോഗബാധിതമായ തന്റെ മനസ്സിനെ താൻ കാണുന്നതും കേൾക്കുന്നതും ചിന്തിക്കുന്നതുമായ എല്ലാ കാര്യങ്ങളും തടവിലാക്കുന്നു. ഉദാഹരണത്തിന്, സുന്ദരിയായ ഒരു സ്ത്രീയെ കാണുമ്പോൾ വിഷയാസക്തിയാൽ നമ്മുടെ മനസ്സ് ചഞ്ചലമാകുന്നു. മുൻകാലങ്ങളിൽ കാണുകയും കേൾക്കുകയും സ്പർശിക്കുകയും ചെയ്തതിലൂടെ നാം അനുഭവിച്ചിട്ടുള്ള എല്ലാ വൈകാരിക സുഖങ്ങളെയുംകുറിച്ച് നാം ഓർമ്മിക്കുകയും, അങ്ങനെ ഓർമ്മയിൽ പാപകരമായ ചിത്രങ്ങൾ രൂപപ്പെടുകയും ചെയ്യുന്നു. ചാരിത്ര്യഭംഗത്തിന്റെ പിശാചുക്കളാൽ ആക്രമിക്കപ്പെട്ട മനസ്സ് ഈ ചിത്രങ്ങളാൽ കൂടുതൽ മലീമസമായിത്തീരുന്നു. നല്ല ഭക്ഷണം

www.malankaralibrary.com

കഴിക്കുകയും നിറഞ്ഞ യുവത്വത്തിന്റെ ഉന്മേഷമോ ശിഥിലമായ അവസ്ഥയോ നിറഞ്ഞ ശരീരമാകട്ടെ, ഇത്തരം സ്മരണകൾമൂലം വികാരങ്ങളിലേക്ക് എളുപ്പത്തിൽ കുതിച്ചുപായുന്നു; അത് വിഷയാസക്തിയിലേക്കു നീങ്ങുന്നു. ഏതെങ്കിലും ഒരു സ്ത്രീയോട് ശാരീരിക ബന്ധം ഉണ്ടായില്ലെങ്കിൽകൂടി ഉറക്കത്തിലോ ഉണർന്നിരിക്കുമ്പോഴോ അശുദ്ധമായ പ്രവൃത്തികളിൽ ഏർപ്പെടാൻ അതു കാരണമാകുന്നു. ഇത്തരക്കാരനായ ഒരുവൻ മറ്റുള്ളവരുടെ മുമ്പിൽ ചാരിത്ര്യ ശുദ്ധിയുള്ളവനും പരിശുദ്ധനും ബ്രഹ്മചാരിയുമായി തോന്നിച്ചേക്കാം; ഒരുപക്ഷേ, പുണ്യവാളനെന്ന് പ്രകീർത്തിക്കപ്പെട്ടേക്കാം. എന്നാൽ, മനുഷ്യഹൃദയങ്ങളിലെ എല്ലാ രഹസ്യങ്ങളും കാണുന്നവനായ ദൈവം അയാളെ തിരിച്ചറിയുന്നു; അയാൾ അശുദ്ധനും അസന്മാർഗിയും ദുർവൃത്തനുമാണെന്ന് ദൈവം വിധിക്കുന്നു. അന്ത്യവിധിയുടെ ദിനത്തിൽ അയാൾ ന്യായമായും ശിക്ഷിക്കപ്പെടും. തന്റെ തെറ്റുകളിൽ പശ്ചാത്തപിക്കുകയും, ഉചിതമായ പശ്ചാത്താപത്തിലൂടെയും ഉപവാസത്തിലൂടെയും നിരന്തരമായ പ്രാർത്ഥനയിലൂടെയും തന്റെ ശരീരത്തെ ശുദ്ധീകരിക്കുകയും തന്റെ മനസ്സിനു സംഭവിച്ച വ്രണങ്ങൾ ദൈവികവിഷയങ്ങളെക്കുറിച്ചും ആരുടെ മുമ്പിൽ അയാൾ ഇത്തരം മ്ലേച്ഛപ്രവൃത്തികൾ ഉൾക്കൊള്ളുകയും പ്രവർത്തിക്കുകയും ചെയ്തുവോ ആ ദൈവവചനത്തെക്കുറിച്ചും ധ്യാനിക്കുന്നതിലൂടെ ഭേദമാക്കുകയും ചെയ്യാൻ തയ്യാറായില്ലെങ്കിൽ അയാൾ ശിക്ഷിക്കപ്പെടും. എന്തെന്നാൽ, നാം ഓരോരുത്തരോടും ദൈവം ഇങ്ങനെയാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, 'ഒരു സ്ത്രീയെ കാമത്തോടെ നോക്കുന്ന ഏതൊരുവനും തന്റെ ഹൃദയത്തിൽ അവളുമായി വ്യഭിചരിക്കുന്നു' (മത്താ 5:28).

അതിനാൽ ചെറുപ്പക്കാരായ സന്ന്യാസിമാർ കഴിയുന്നിടത്തോളം സ്ത്രീകളെ കാണാതിരിക്കുകയാണ് നല്ലത് -പുണ്യവതികളായ സ്ത്രീകളാണെങ്കിൽകൂടി. ഈ യുവസന്ന്യാസിമാർ ഏകാന്തതയിൽ ജീവിക്കുന്നതാണ് ഉചിതം; എന്തെന്നാൽ, തങ്ങളുടെ ജോലി കൂടുതൽ സുഗമമാവുകയും ആത്മീയപുരോഗതി കൂടുതൽ വേഗത്തിലാവുകയും ചെയ്യുന്നതായി അവർക്കു മനസ്സിലാക്കാൻ കഴിയും. എല്ലാവിധമായ സുഖങ്ങളിൽനിന്നും ഒഴിഞ്ഞുമാറുകയും കുറച്ചു വെള്ളം മാത്രം കുടിച്ചും നിരന്തരമായി പ്രാർത്ഥനയും ഉപവാസവും

www.malankaralibrary.com

നടത്തിയും അവർക്ക് തങ്ങളുടെ ആത്മീയയുദ്ധം കൂടുതൽ ഊർജ്ജിതമാക്കാം. പരിചയസമ്പന്നരായ ആത്മീയ ഗുരുക്കന്മാരുടെ സാമീപ്യം ലഭിക്കാനും അവരാൽ നയിക്കപ്പെടാനും കഴിയുന്നിട ത്തോളം ശ്രമിക്കണം. എന്തെന്നാൽ, പൂർണ്ണമായും ഏകാകിയായിരി ക്കുന്നത് അപകടകരംതന്നെ; മറ്റുള്ളവരുടെ അസാന്നിദ്ധ്യത്തിൽ നാം സ്വന്തം ഇഷ്ടത്തിനനുസൃതമായി പ്രവർത്തിച്ചെന്നുവരാം; ഇതേ പോലെതന്നെ അപകടകരമാണ് ആത്മീയയുദ്ധത്തിൽ പരിചയ സമ്പന്നരല്ലാത്തവരോടൊപ്പം ജീവിക്കുന്നതും. കാരണം അത് മറ്റു തരത്തിലുള്ള പോരാട്ടത്തിലേക്ക് നമ്മുടെ ശ്രദ്ധയെ ആകർഷി ക്കുകയും, നാലുചുറ്റും നമ്മെ കുടുക്കുന്നതിനുവേണ്ടി ശത്രു ഒരുക്കിയിട്ടുള്ള നിഗൂഢമായ കെണിയിൽ നാം വീണുപോവുകയും ചെയ്യാനിടയുണ്ട്. അതിനാൽ എല്ലായ്പ്പോഴും ആത്മീയജ്ഞാനമുള്ള വരോടൊപ്പം കഴിഞ്ഞുകൂടാനാണ് ശ്രമിക്കേണ്ടത്. അല്ലാത്തപക്ഷം, നിരന്തരമായി അവരുടെ ഉപദേശങ്ങൾ ആരായുകയെങ്കിലും വേണം; എന്തെന്നാൽ, ആത്മീയമായി പക്വതനേടാത്ത, ബാലിശപ്രകൃത ക്കാരനും യഥാർത്ഥ വിജ്ഞാനത്തിന്റെ വിളക്ക് സ്വായത്തമാക്കാൻ കഴിഞ്ഞിട്ടില്ലാത്തവനുമായ ഒരുവനുപോലും അവയെല്ലാം സ്വായത്ത മാക്കിയവന്റെ സാമീപ്യത്താൽ യാത്ര തുടരാൻ സാധിക്കുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ അയാൾ അന്ധകാരത്തിലൂടെയല്ല ചരിക്കുന്നത്. അയാൾ കെണികളുടെയും അപകടങ്ങളുടെയും പിടിയിൽനിന്നു രക്ഷ നേടുന്നു; അയാൾ ദൈവവചനത്തിന്റെ ആത്മീയദീപമില്ലാതെ ഇരുട്ടിൽ തപ്പിത്തടയുന്നവരെ കടന്നുപിടിച്ച് നശിപ്പിച്ചുകൊണ്ട് മൃഗത്തെപ്പോലെ അന്ധകാരത്തിൽ പതുങ്ങിക്കിട ക്കുന്ന പിശാചുക്കളുടെ ഇരയായിത്തീരുകയില്ല.

അതിനാൽ എന്റെ മകനേ, ആത്മീയപ്രകാശത്തിന്റെയും ജ്ഞാന ത്തിന്റെയും വിളക്ക് നേടിയെടുക്കാനും അങ്ങനെ ഈ യുഗത്തിന്റെ അന്ധകാരപൂർണ്ണമായ രാത്രിയിൽ കാൽ തട്ടി വീഴാതിരിക്കാനും നീ ആഗ്രഹിക്കുന്നുവെങ്കിൽ, നിന്റെ പാദങ്ങൾ ക്രിസ്തുവിനാൽ നയിക്ക പ്പെടണമെന്നും സുവിശേഷപാതയിൽ സന്തോഷപൂർവ്വം ചരിക്കണ മെന്നും നീ ആഗ്രഹിക്കുന്നുവെങ്കിൽ, അതായത് തീവ്രമായ വിശ്വാ സത്തോടെ ഏറ്റവും പരിപൂർണ്ണമായ സുവിശേഷത്തിലെ കല്പനകൾ പാലിക്കാനും, അഭിനിവേശത്തോടും പ്രാർത്ഥനയോടുംകൂടെ കർത്താ വിന്റെ പീഡാനുഭവങ്ങളിൽ പങ്കുചേരാനും നീ ആഗ്രഹിക്കുന്നു

www.malankaralibrary.com

വെങ്കിൽ ഇവ നേടിയെടുക്കാൻ നിന്നെ സഹായിക്കുന്നതിനുവേണ്ടി അത്ഭുതകരമായ ഒരാത്മീയ മാർഗ്ഗം ഞാൻ നിനക്കു കാട്ടിത്തരാം. ഇതിന് ശാരീരികാദ്ധ്വാനത്തിന്റെ ആവശ്യമില്ല; ആത്മാവിന്റെ യത്നവും ബുദ്ധിയുടെ നിയന്ത്രണവും ദൈവസ്നേഹത്താലും ദൈവ ഭയത്താലും ഉളവായ ശ്രദ്ധാപൂർവ്വമായ ധാരണയുമാണ് വേണ്ടത്. വിശ്വാസത്താലും ദൈവത്തിലുള്ള ആശ്രയത്താലും ഫിലിസ്ത്യ മല്ലനായ ഗോലിയാത്തിനെ നശിപ്പിച്ച് തന്റെ സ്വന്തം ജനങ്ങളുടെ സഹായത്താൽ ശത്രുസൈന്യത്തെ എളുപ്പത്തിൽ ഓടിച്ച (1 ശമു 17:45) അനുഗൃഹീതനായ ദാവീദിനെപ്പോലെ, ഈ ആത്മീയ മാർഗ്ഗത്തിലൂടെ നിനക്കും ശത്രുക്കളുടെ കൂട്ടത്തെ എളുപ്പത്തിൽ ഓടിക്കുവാൻ കഴിയും.

പൈശാചിക ഹോളോഫർണസിന്റെ സൈന്യം നിലനിൽക്കുന്നത് ഫിലിസ്ത്യരുടെ മൂന്ന് ശക്തന്മാരായ മല്ലന്മാരിലാണ് (യൂദിത്ത് 2:4) എന്നു സങ്കല്പിക്കുക. ഈ മൂന്നു പേരെയും കീഴടക്കി കൊല്ലാൻ സാധിച്ചാൽ പിശാചുക്കൾ ദുർബ്ബലരും നിസ്സഹായരുമായിത്തീരും. മുമ്പ് പറഞ്ഞ മൂന്നു ദൂഷ്യങ്ങളാണ് ഈ മൂന്നു മല്ലന്മാർ. 'എല്ലാ തിന്മ കളുടെയും ഉറവിടമായ അജ്ഞത, അജ്ഞതയുടെ ഉറ്റബന്ധുവും സഹായിയുമായ മറവി, ആത്മാവിനെ മറയ്ക്കാനുള്ള ഇരുണ്ട ശവക്കച്ച നെയ്യുന്ന അലസത. മൂന്നാമത്തെ തിന്മ ആദ്യത്തെ രണ്ടെ ണ്ണത്തെ താങ്ങുകയും ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ട് ഉദാസീനമായ ആത്മാവിൽ തിന്മയെ നിരന്തരം രൂഢമൂലമാക്കുകയും ദൃഢപ്പെടുത്തുകയും ചെയ്യുന്നു. അലസത, മറവി, അജ്ഞത എന്നിവ മാറി മാറി പരസ്പരം താങ്ങിനിർത്തുകയും മറ്റു വികാരങ്ങളെ ബല പ്പെടുത്തുകയും ചെയ്യുന്നു. ഇപ്രകാരം പരസ്പരം സഹായിക്കുന്ന അവ, പരസ്പരം വേറിട്ടുനില്ക്കാൻ സാധിക്കാത്ത അവസ്ഥ കൈവരി ക്കുകയും ചെയ്യുന്നു. അവ പൈശാചിക സൈന്യത്തിന്റെ സുപ്രധാന താങ്ങും നായകരുമാണ്. അവയിലൂടെ ഈ സൈന്യം മുഴുവനും ആത്മാവിലേക്ക് നുഴഞ്ഞുകയറുകയും അതിന്റെ ലക്ഷ്യത്തെ കൈയ്യട ക്കുകയും ചെയ്യുന്നു. അവയിലൂടെയല്ലാതെ ഈ സൈന്യത്തിന് ഇപ്രകാരം ചെയ്യാൻ സാധിക്കുകയില്ല.

ഈ മൂന്നു വികാരങ്ങളെയും കീഴടക്കാനും ഫിലിസ്ത്യരുടെ പൈശാചിക സൈന്യത്തെ ആട്ടിയോടിക്കാനും ആഗ്രഹിക്കുന്നു

www.malankaralibrary.com


വെങ്കിൽ, പ്രാർത്ഥനയിലൂടെയും ദൈവസഹായത്തിലൂടെയും നിന്റെ ഉള്ളിലേക്കു പ്രവേശിക്കുക. ഹൃദയത്തിന്റെ അഗാധതലത്തിലേക്ക് ഇറങ്ങിച്ചെന്ന് പൈശാചിക ഫിലിസ്ത്യർക്ക് തുണനല്കുന്ന പിശാചിന്റെ ഈ മുന്ന് അതിശക്തമല്ലന്മാരായ മറവി, അലസത, അജ്ഞത എന്നിവയെ തിരഞ്ഞു പിടിക്കുക. ഇവയാണ് ഭോഗാസക്തി നിറഞ്ഞതും ആത്മീയജീവിതത്തിൽ പരിചയസമ്പത്തില്ലാത്തതു മായവരുടെ ഹൃദയത്തിലേക്ക് നുഴഞ്ഞുകയറുന്ന മറ്റു വികാരങ്ങളെ കൊണ്ടുവന്ന് അവയെ പ്രവർത്തനോന്മുഖമാക്കുന്നത്. അവ അവിടെ ജീവിക്കുകയും പ്രബലപ്പെടുകയും ചെയ്യുന്നു. ആത്മനിയന്ത്രണ ത്താലും ജാഗ്രതയാലും ഒപ്പം ഉന്നതത്തിൽനിന്നുള്ള സഹായത്താലും നിനക്ക് ഈ ദുർവ്വികാരങ്ങളെ കണ്ടുപിടിക്കാൻ കഴിയും. ഇവയെ ക്കുറിച്ച് പലരും തീർത്തും അജ്ഞരാണ്. അവയുണ്ടെന്ന സംശയം പോലും പലർക്കും ഇല്ല. എന്നാൽ മറ്റെല്ലാറ്റിനെക്കാളും നശീകരണം വിതയ്ക്കുന്നത് ഇവയാണ്. അതിനാൽ ഇവയെ നേരിടാൻ പറ്റിയ നീതിയുടെ ആയുധങ്ങൾ കരസ്ഥമാക്കുക. ദൈവസ്മരണ എല്ലാ അനുഗ്രഹങ്ങളുടെയും മൂലകാരണമാണ്. ആത്മീയജ്ഞാനത്തിന്റെ പ്രകാശംവഴിയാണ് ആത്മാവ് അതിന്റെ നിദ്രയിൽനിന്ന് ഉണരുകയും അജ്ഞതയുടെ അന്ധകാരത്തെ തട്ടിക്കുടഞ്ഞു കളയുകയും ചെയ്യുന്നത്. യഥാർത്ഥത്തിലുള്ള ഉത്സാഹം ആത്മാവിനെ രക്ഷയുടെ കാര്യത്തിൽ തല്പരമാക്കുന്നു.

അങ്ങനെ പരിശുദ്ധാത്മാവിന്റെ സഹായത്താലും നിരന്തരമായ പ്രാർത്ഥനയാലും അപേക്ഷയാലും ഈ മൂന്നു പൈശാചിക ഫിലി സ്ത്യരോടു പൊരുതാൻ നിങ്ങൾക്കു കഴിയുന്നു. ദൈവസ്മരണ 'സത്യമായതും മാന്യമായതും ന്യായമായതും വിശുദ്ധമായതും സുന്ദരമായതും ആകർഷകമായതും പുണ്യകരവും പ്രശംസാർഹ മായതുമായവയ്ക്കുവേണ്ടി (ഫിലി 4:8) നിങ്ങളിൽ താല്പര്യം ജനിപ്പിക്കും. അങ്ങനെ മറവി എന്ന ദുഷ്യത്തെ നിങ്ങളിൽനിന്നും ആട്ടിയോടിക്കാൻ നിങ്ങൾക്കു കഴിയുന്നു. ആത്മീയജ്ഞാനത്തിന്റെ വെളിച്ചത്താൽ അജ്ഞതയുടെ വിനാശകരമായ ഇരുട്ടിനെ ആട്ടിയോടി ക്കാൻ നിങ്ങൾക്കു കഴിയുന്നു; സർവ്വനന്മയോടുള്ള തീവ്രാഭിലാഷ ത്താൽ ആത്മാവിൽ വേരൂന്നാൻ വികാരങ്ങളെ സഹായിക്കുന്ന അലസതയെ ആട്ടിയോടിക്കാൻ നിങ്ങൾക്കു കഴിയുന്നു. അഗാധമായ

www.malankaralibrary.com

ജാഗ്രതയാലും പ്രാർത്ഥനയാലും മേല്പറഞ്ഞ സദ്ഗുണങ്ങൾ നേടിക്കഴിഞ്ഞാൽ, നിങ്ങളുടെ വ്യക്തിപരമായ പരിശ്രമംകൊണ്ടു മാത്രമല്ല, മറിച്ച് ദൈവത്തിന്റെ ശക്തിയാലും പരിശുദ്ധാത്മാവിന്റെ സഹായത്താലും പിശാചുക്കളുടെ ഈ മൂന്ന് അതിശക്തമല്ലന്മാരിൽ നിന്നും മോചനം പ്രാപിക്കാൻ നിങ്ങൾക്കു സാധിക്കും. യഥാർത്ഥ ജ്ഞാനവും ദൈവവചനത്തിലുള്ള ശ്രദ്ധയും ദൈവകാര്യങ്ങളോട് ആത്മാർത്ഥമായ ആഗ്രഹവും സജീവമായ ദൈവകൃപയിലൂടെ ദൃഢീകരിക്കുകയും ശ്രദ്ധാപൂർവ്വം സംരക്ഷിതമാവുകയും ചെയ്തു കഴിഞ്ഞാൽ മറവി, അജ്ഞത, അലസത എന്നീ ദൂഷ്യങ്ങളുടെ കൂട്ടുകെട്ടിനെ പൂർണ്ണമായും ആത്മാവിൽനിന്നു തുടച്ചുമാറ്റി അവയുടെ അടയാളംപോലും അവശേഷിക്കാതെ നശിപ്പിക്കുകയും ചെയ്തുകൊണ്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ കൃപാവരം അതിന്റെയുള്ളിൽ വാഴും. അവിടുത്തേയ്ക്ക് എന്നേയ്ക്കും മഹത്ത്വമുണ്ടായിരിക്കട്ടെ. ആമേൻ.

www.malankaralibrary.com



**St. Hesychios**

**വിശുദ്ധ ഹെസിക്കിയോസ്**

www.malankaralibrary.com

# വിശുദ്ധ ഹെസിക്കിയോസ് എന്ന പുരോഹിതൻ

## ആമുഖക്കുറിപ്പ്

'ജാഗരണത്തെയും വിശുദ്ധിയെയുംകുറിച്ച്' എന്ന ലേഖനത്തിന്റെ കർത്താവായി വിശുദ്ധ നിക്കോദിമോസ് കണ്ടെത്തുന്നത്, അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ജറുസലേമിൽ ജീവിച്ചിരുന്ന ഹെസി ക്കിയോസ് എന്ന പുരോഹിതനെയാണ്. ഹെസിക്കിയോസ് നിരവധി ബൈബിൾ വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്. എന്നാൽ സീനായിലുള്ള ജ്വലിക്കുന്ന മുൾപ്പടർപ്പിലെ ദൈവമാതാവിന്റെ ആശ്രമത്തിലെ (വാറ്റോസ്) ആബ്ബാ ആയിരുന്ന മറ്റൊരു ഹെസിക്കിയോസാണ് ഈ ലേഖനത്തിന്റെ കർത്താവെന്നാണ് ഇപ്പോൾ വിശ്വസിക്കപ്പെടുന്നത്. സീനായിയിലെ ഹെസിക്കിയോസിന്റെ ജീവിതകാലഘട്ടത്തെക്കുറിച്ച് കൃത്യമായ അറിവില്ല. ആറോ ഏഴോ നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന വിശുദ്ധ ജോൺ ക്ലീമക്കൂസിനു ശേഷമായിരിക്കണം ഇദ്ദേഹത്തിന്റെ കാലമെന്ന് കരുതപ്പെടുന്നു; കാരണം വി. ജോൺ ക്ലീമക്കൂസിന്റെ 'ദിവ്യാരോഹണത്തിന്റെ ഗോവണി' എന്ന പുസ്തകവുമായി ഹെസിക്കിയോസിന് ബന്ധമുണ്ടായിരുന്നു എന്നതിന് തെളിവുണ്ട്. എട്ടാം നൂറ്റാണ്ടിലോ ഒൻപതാം നൂറ്റാണ്ടിലോ ആയിരിക്കണം അദ്ദേഹം ജീവിച്ചിരുന്നത്. ക്ലീമക്കൂസിന്റെ പുസ്തകത്തിൽനിന്നുള്ളവ കൂടാതെ വിശുദ്ധ മർക്കോസ് എന്ന സന്ന്യാസിയുടെയും വിശുദ്ധ മാക്സിമോസ് എന്ന വിശ്വാസസാക്ഷിയുടെയും പുസ്തകങ്ങളിൽനിന്നുള്ള ഭാഗങ്ങളും ഹെസിക്കിയോസ് ഉദ്ധരിച്ചിട്ടുണ്ട്.

ജാഗരണത്തെയും ഹൃദയത്തിന്റെ ഏകാന്തത സംരക്ഷിക്കുന്ന തിനെയും കുറിച്ച് പഠിപ്പിക്കുന്നതിന് വിശുദ്ധ ഹെസിക്കിയോസിന്റെ

www.malankaralibrary.com

ഈ ഗ്രന്ഥം ഏറെ പ്രയോജനപ്പെട്ടിട്ടുണ്ടെന്നാണ് വിശുദ്ധ നിക്കോദിമോസ് അഭിപ്രായപ്പെടുന്നത്. യേശുവിന്റെ പരിശുദ്ധനാമത്തോട് ഹെസിക്കിയോസിന് തീവ്രമായ ഭക്തിയുള്ളതിനാൽ യേശുപ്രാർത്ഥന ഉപയോഗിക്കുന്ന എല്ലാവർക്കും ഈ ഗ്രന്ഥം പ്രയോജനപ്പെടും.

ഗ്രീക്ക് 'ഫിലോകാലിയാ'യിലേതിന് അനുസൃതമായ രീതിയിലാണ് പാഠഭാഗങ്ങളുടെ എണ്ണം കൊടുത്തിരിക്കുന്നത്. മീഞ്ഞെയിൽ ഗ്രീക്കു 'സഭാപിതൃവിജ്ഞാനീയ'ത്തിൽ (Vol. X Ciii) കൊടുത്തിരിക്കുന്ന ക്രമനമ്പറുകളിൽനിന്നും ഇത് വ്യത്യാസപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

## ആത്മീയജാഗരണത്തെയും വിശുദ്ധിയെയും കുറിച്ച് തിയോഡുലസിനുവേണ്ടി എഴുതപ്പെട്ടത്

1. ദീർഘകാലം ശുഷ്കാന്തിയോടെ ജാഗരണം അനുഷ്ഠിക്കുകയാണെങ്കിൽ അത് ദൈവസഹായത്താൽ വികാരാധീനചിന്തകൾ, തജ്ജന്യമായ സംഭാഷണങ്ങൾ, ദുഷ്പ്രവൃത്തികൾ എന്നിവയിൽനിന്നും നമ്മെ പൂർണ്ണമായും മോചിപ്പിക്കുന്ന ഒരു ആത്മീയ ഉപാധിയായിത്തീരും. അജ്ഞേയനായ ദൈവത്തെക്കുറിച്ച് ആവുന്നത്ര ഉറപ്പായ അറിവ് അതു നല്കുന്നു; ദിവ്യവും നിഗൂഢവുമായ രഹസ്യാത്മകതകളിലേക്ക് കടന്നുചെല്ലാൻ അതു നമ്മെ സഹായിക്കുന്നു. ജാഗരണം, പഴയനിയമത്തിലെയും പുതിയനിയമത്തിലെയും ഓരോ കല്പനയും പൂർത്തീകരിക്കാൻ നമ്മെ പ്രാപ്തരാക്കുകയും വരാനിരിക്കുന്ന കാലത്തെ എല്ലാ അനുഗ്രഹങ്ങളും നമ്മുടെമേൽ വർഷിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ ഇത് ഹൃദയശുദ്ധിതന്നെയാണ്; യേശുക്രിസ്തു ഈ അവസ്ഥയെ ഇപ്രകാരം അനുഗ്രഹിച്ചിരിക്കുന്നു: ‘ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, എന്തെന്നാൽ അവർ ദൈവത്തെ കാണും’ (മത്താ 5:8). അതേസമയം, അതിന്റെ ആത്മീയപ്രഭാവത്താലും സൗന്ദര്യത്താലും അഥവാ കുറെക്കൂടി കൃത്യമായി പറഞ്ഞാൽ നമ്മുടെ അനാസ്ഥയാൽ, സന്ന്യാസിമാർക്കിടയിൽപ്പോലും ഈ ആത്മീയ ഉപാധി വളരെ അപൂർവ്വമായിത്തീർന്നിരിക്കുന്നു. ഇക്കാര്യത്തിലുള്ള അനാസ്ഥ വളരെ സ്വാഭാവികമായതിനാൽ വലിയ വിലകൊടുത്തുവേണം നാം ജാഗരണം നേടുവാൻ. എന്നാൽ ഒരിക്കൽ നമ്മുടെ ഉള്ളിൽ ഉറച്ചുകഴിഞ്ഞാൽ അത് നമ്മെ സത്യസന്ധവും വിശുദ്ധവുമായ ജീവിതശൈലിയിലേക്ക് നയിക്കുന്നു. എങ്ങനെയാണ് ആത്മാവിന്റെ മൂന്ന് ഭാവങ്ങളെയും ശരിയായി ഉത്തേജിപ്പിക്കേണ്ടതെന്നും ഇന്ദ്രിയങ്ങൾക്കു മേൽ ഉറച്ച കാവലേർപ്പെടുത്തേണ്ടതെന്നും അതു നമ്മെ പഠിപ്പിക്കുന്നു. നാല് പ്രധാനപ്പെട്ട സദ്ഗുണങ്ങൾ ദൈനംദിനം പുഷ്ടിപ്പെടാൻ അതു സഹായകമാകുന്നു. അതു നമ്മുടെ ധ്യാനനിഷ്ഠയ്ക്ക് അടിത്തറയായിത്തീരുന്നു.

2. മോശ എന്ന മഹാനായ നിയമദാതാവ് -അല്ലെങ്കിൽ പരിശുദ്ധാത്മാവുതന്നെ- ഈ നന്മയുടെ വിശാലവും ഉത്കൃഷ്ടവും പവിത്രവുമായ

www.malankaralibrary.com

സ്വഭാവത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്; അതോടൊപ്പംതന്നെ, 'ജാഗ്രതാപൂർവ്വം നിന്നെത്തന്നെ നിരീക്ഷിക്കുക; അല്ലാത്തപക്ഷം നിന്റെ ഹൃദയത്തിൽ തിന്മ രഹസ്യമായി വളരും' (ആവ 15:9) എന്ന വചനങ്ങളിലൂടെ എങ്ങനെ അത് നേടുകയും പൂർണ്ണതയിലെത്തിക്കുകയും ചെയ്യാമെന്നതിനെക്കുറിച്ചും അദ്ദേഹം പഠിപ്പിക്കുന്നു' (ആവ 15:9). 'രഹസ്യമായി' എന്ന സൂചന ദുഃശ്ചിന്തയുടെ പ്രത്യക്ഷപ്പെടലിനെ സൂചിപ്പിക്കുന്നു. നമ്മുടെ ഹൃദയത്തിലേക്ക് സാത്താൻ കടത്തിവിടുന്ന പ്രലോഭനമെന്നാണ് പിതാക്കന്മാർ ഇതിനെ വിശേഷിപ്പിക്കുന്നത്. ഇത്തരമൊരു ചിന്ത നമ്മുടെ മനസ്സിൽ പ്രത്യക്ഷപ്പെടുന്ന ഉടനെ നമ്മുടേതായ ചിന്തകൾ അതിനെ പിന്തുടരുകയും വികാരപൂർവ്വം അതിനോട് സല്ലപിക്കുകയും ചെയ്യുന്നു.

3. എല്ലാ നന്മകളെയും കല്പനകളെയും ഉൾക്കൊള്ളുന്ന മാർഗ്ഗമാണ് ജാഗരണം. അത് ഹൃദയത്തിന്റെ ശാന്തതയാണ്; എല്ലാവിധ സാങ്കല്പികരൂപങ്ങളിൽനിന്നും വിമുക്തമായിരിക്കുമ്പോൾ അത് മനസ്സിനെ കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു.

4. ജന്മനാ അന്ധനായ ഒരാൾ ഒരിക്കലും സൂര്യപ്രകാശം കാണുന്നില്ല, അതുപോലെ ജാഗരണം ശീലിക്കാൻ കഴിയാത്ത ഒരാൾ ഒരിക്കലും ദൈവകൃപയുടെ സമൃദ്ധമായ തേജസ്സ് അറിയുന്നില്ല. അയാൾക്ക് ഒരിക്കലും ദുഷിച്ച ചിന്തകളിൽനിന്നും വാക്കുകളിൽനിന്നും പ്രവൃത്തികളിൽനിന്നും മോചനം നേടാനാകുന്നില്ല. അതിനാൽ മരണശേഷം നരകത്തിന്റെ അധിപതികളിൽനിന്നു രക്ഷപ്പെടാനും സാധിക്കുന്നില്ല.

5. യാതൊരുവിധ ചിന്തയാലും ഭംഗമുണ്ടാകാത്ത ഹൃദയശാന്തതയാണ് ഏകാഗ്രത. ഈ ശാന്തത പ്രാപിച്ച ഹൃദയം നിരന്തരമായി ദൈവപുത്രനും ദൈവംതന്നെയുമായ യേശുക്രിസ്തുവിനെ വിളിച്ചപേക്ഷിച്ചുകൊണ്ടിരിക്കുന്നു. അത് നമ്മുടെ പാപങ്ങൾ പൊറുക്കാൻ ശക്തിയുള്ള ഒരേയൊരുവനായ അവിടുത്തെ ഏറ്റുപറയുകയും അവിടുത്തെ സഹായത്തോടെ ധൈര്യപൂർവ്വം ശത്രുക്കളെ നേരിടുകയും ചെയ്യുന്നു. എല്ലാ ഹൃദയങ്ങളെയും രഹസ്യമായി വീക്ഷിക്കുന്ന ക്രിസ്തുവിനെ സദാ വിളിച്ചപേക്ഷിക്കുന്നതിലൂടെ, തന്റെ മാധുര്യവും മനുഷ്യരിൽനിന്നും മറഞ്ഞിരിക്കുന്ന ആന്തരികപോരാട്ടവും നിലനിർത്താൻ തന്നാലാവും വിധം ആത്മാവ് ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ വഞ്ചനാപൂർവ്വം

www.malankaralibrary.com

അതിനെ സമീപിക്കുന്ന പിശാചിന് അതിനെ തിന്മയിലേക്ക് നയിക്കാനോ അതിന്റെ വിലയേറിയ പ്രവൃത്തികൾ നശിപ്പിക്കാനോ സാധിക്കുന്നില്ല.

6. ഹൃദയകവാടത്തിൽ ചിന്തകളെ നിരന്തരമായി തടഞ്ഞു നിർത്തുന്നതാണ് ജാഗരണം. ഇതിലൂടെ ഹിംസ്രവും ക്രൂരവുമായ ചിന്തകൾ ഉണ്ടാകുന്ന ഉടനെ അവയെ വിലയിരുത്താനും എന്താണ് അവ പറയുകയും പ്രവൃത്തിക്കുകയും ചെയ്യുന്നതെന്ന് ശ്രദ്ധിക്കാനും സാധിക്കുന്നു. പിശാചുക്കൾ ഏതൊക്കെ മായാരൂപത്തിലാണ് മനസ്സിനെ വഴിതെറ്റിക്കുന്നത് എന്ന് കാണുവാനും നമുക്ക് സാധിക്കുന്നു. ഇതേക്കുറിച്ച് നാം ബോധവാന്മാരാണെങ്കിൽ ആത്മീയപോരാട്ടത്തിൽ ധാരാളം അറിവും അനുഭവസമ്പത്തും ആർജ്ജിക്കാൻ നമുക്ക് കഴിയും.

7. ദുഷിച്ച ചിന്തകളുടെയും പ്രവൃത്തികളുടെയും ഉറവിടത്തെ അണകെട്ടി നിർത്താൻ ശ്രമിക്കുന്ന ഒരുവനിൽ നിരന്തരമായ ജാഗ്രതയ്ക്കുള്ള ഏകാഗ്രത ഉളവാകുന്നത് ദൈവഭയം, നരകഭയം, ആത്മാവിൽനിന്നുണ്ടാകുന്ന ദൈവത്തിന്റെ പിൻവാങ്ങൽ, ആത്മാവിനെ പ്രബോധിപ്പിക്കുകയും കളങ്കമറ്റതാക്കുകയും ചെയ്യുന്ന പരീക്ഷണങ്ങളുടെ വരവ് എന്നിവയിലൂടെയാണ്. ഇതിനാൽ ദൈവത്തിന്റെ പിന്മാറ്റവും അപ്രതീക്ഷിതമായ പരീക്ഷണങ്ങളും നമ്മുടെ ജീവിതത്തെ തിരുത്തുന്നതിന് നമ്മെ സഹായിക്കുന്നു. പ്രത്യേകിച്ച്, ജാഗരണത്തിന്റെ പ്രശാന്തത ഒരിക്കൽ അനുഭവിച്ചതിനുശേഷം നാം അതിനെ അവഗണിക്കുമ്പോൾ ഇവ നമ്മുടെ സഹായത്തിനെത്തുന്നു. നിരന്തരമായ ഏകാഗ്രത ആന്തരികസ്ഥൈര്യം പ്രദാനം ചെയ്യുന്നു. ആന്തരികസ്ഥൈര്യമാകട്ടെ ജാഗരണത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു; കാലക്രമേണ ഈ തീവ്രത ആത്മീയപോരാട്ടത്തിന് ഉചിതമായ തോതിൽ ധ്യാനാത്മകമായ ഉൾക്കാഴ്ച പ്രദാനം ചെയ്യുന്നു. ഇതിൽ വിജയിക്കുവാൻ സാധിക്കുന്നത് എല്ലാവിധ സങ്കല്പങ്ങളിൽനിന്നും മോചിതമായി പരിപൂർണ്ണമായ പ്രശാന്തത ആസ്വദിക്കാൻ മനസ്സിനെ പ്രാപ്തമാക്കുന്ന യേശുപ്രാർത്ഥനയിലുള്ള സ്ഥിരതയിലൂടെയും അവിടുത്തെ അനുഗ്രഹത്തിലൂടെയുമാണ്.

8. മനസ്സ് ക്രിസ്തുവിൽ അഭയം പ്രാപിക്കുകയും അവിടുത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യുമ്പോൾ അത് അചഞ്ചലമായി നിലനിന്ന് അദൃശ്യരായ ശത്രുക്കളെ ആട്ടിപ്പായിക്കുന്നു. ഒരു പറ്റം വേട്ടനായ്ക്കളെ

www.malankaralibrary.com

നേരിടുന്ന വന്യമൃഗത്തെപ്പോലെ അത് അവരുടെ ആന്തരികതന്ത്രത്തിലുള്ള അഭിവൃദ്ധി ഉള്ളിൽ മുൻകൂട്ടി കാണുകയും സമാധാന സ്ഥാപകനായ യേശുവിനെ നിരന്തരം അവർക്കെതിരെ വിളിച്ചപേക്ഷിക്കുന്നതിലൂടെ അഭേദ്യമായി നിലകൊള്ളുകയും ചെയ്യുന്നു.

9. നിങ്ങൾ ദൈവത്തിന്റെ രഹസ്യാത്മകതകളിലേക്ക് പ്രവേശിച്ച് പ്രഭാതത്തിൽ ദൈവതിരുമുമ്പിൽ നിൽക്കുന്ന ഒരു നിപുണനാണെങ്കിൽ (സങ്കീ 5:3) എന്റെ വാക്കുകളുടെ അർത്ഥം ഗ്രഹിക്കും. അല്ലാത്തപക്ഷം ജാഗരൂകനായിരിക്കുക; പിന്നീട് നിങ്ങൾ അത് കണ്ടെത്തും.

10. ധാരാളം വെള്ളം ചേർന്നാണ് കടലുണ്ടാകുന്നത്; തീവ്രമായ ജാഗരണവും ചിന്തകളാൽ ചഞ്ചലമാകാത്ത യേശുക്രിസ്തുവിന്റെ പ്രാർത്ഥനയുമാണ്, ആത്മാവിന്റെ ആഴമേറിയ ശാന്തത, ആന്തരിക ജാഗരണം, രഹസ്യത്തിന്റെ ഗാഢത, അനന്യമായ ധ്യാനം, അറിയുകയും വിലയിരുത്തുകയും ചെയ്യുന്ന എളിമ, സമത്വം, സ്നേഹം എന്നിവയുടെ അടിസ്ഥാനഘടകങ്ങൾ. ഈ ജാഗരണവും പ്രാർത്ഥനയും, തീവ്രവും, ഏകാഗ്രവും അനുസ്യൂതവുമായിരിക്കണം.

11. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'കർത്താവേ, കർത്താവേ' എന്നു എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ പിതാവിന്റെ ഹിതം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക' (മത്താ 7:21). പിതാവിന്റെ ഹിതമാകട്ടെ, ഈ വചനങ്ങളിലൂടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു: 'കർത്താവിനെ സ്നേഹിക്കുന്ന നിങ്ങൾ തിന്മയെ വെറുക്കുവിൻ' (സങ്കീ 97:10) അതിനാൽ, യേശുക്രിസ്തുവിന്റെ പ്രാർത്ഥന ചൊല്ലുകയും നമ്മുടെ ദുഷിച്ച ചിന്തകളെ വെറുക്കുകയും ചെയ്യുന്നതുവഴി നാം ദൈവഹിതം പ്രവർത്തിക്കുന്നവരാകും.

12. തന്റെ മനുഷ്യാവതാരത്തിലൂടെ പരിശുദ്ധമായ ജീവിതത്തിനുള്ള ഒരു മാതൃക ദൈവം നമുക്ക് നൽകുകയും നമ്മുടെ ആദ്യപാപത്തിൽനിന്ന് നമ്മെ തിരിച്ചു വിളിക്കുകയും ചെയ്യുന്നു. മറ്റു പല കാര്യങ്ങൾക്കുമൊപ്പം, എളിമയിലൂടെയും ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും ജാഗരണത്തിലൂടെയും പിശാചുക്കൾക്കെതിരെ പോരാടണമെന്ന് ദുർബ്ബലരായ നമ്മെ അവിടുന്ന് പഠിപ്പിക്കുന്നു. എന്തെന്നാൽ തന്റെ സ്നാനത്തിനുശേഷം യേശു മരുഭൂമിയിലേക്കു പോയപ്പോൾ അവിടുന്ന് കേവലം ഒരു മനുഷ്യനാണ് എന്ന ഭാവേന

www.malankaralibrary.com

പിശാച് അവിടുത്തെ സമീപിച്ചു. ദൈവവും ദേവാധിദേവനുമായ അവിടുത്തേക്ക് ഈ ഉപാധികളുടെയൊന്നും ആവശ്യമില്ലായിരുന്നു വെങ്കിൽകൂടി, ഉപവാസത്തിലൂടെ പിശാചുമായി തന്റെ ആത്മീയ പോരാട്ടം ആരംഭിക്കുകയും അതിൽ വിജയം വരിക്കുകയും ചെയ്തു.

13. വ്യക്തവും ലളിതവുമായ ഭാഷയിൽ, വികാരജന്യമായ ചിന്ത കളിൽനിന്നും മനസ്സിനെ മോചിപ്പിക്കാനുതകുന്ന ജാഗരണത്തിന്റെ വിവിധ രൂപങ്ങളെക്കുറിച്ച് ഞാൻ നിങ്ങളോട് പറയാം. ആദ്ധ്യാത്മിക യുദ്ധങ്ങളുടെ ഈ കാലഘട്ടത്തിൽ, ഈ ഗ്രന്ഥത്തിന് അനുയോജ്യ മായ വാക്കുകൾ മറച്ചു വയ്ക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നില്ല, പ്രത്യേകിച്ച് സാധാരണക്കാരായ ആളുകളോട്. വി. പൗലോസ് ശ്ലീഹ പറയുന്നതുപോലെ: 'മകനേ തിമോത്തി, നീ വായിക്കുന്നതെന്തോ അതിൽ ശ്രദ്ധിക്കുക' (1 തിമോ 4:13).

14. ഓരോ പ്രലോഭനത്തെയും ഓരോ സാങ്കല്പികരൂപത്തെയും സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതിലാണ് ജാഗരണത്തിന്റെ ഒന്നാമത്തെ സവിശേഷത അടങ്ങിയിരിക്കുന്നത്. എന്തെന്നാൽ, സാങ്കല്പികരൂപ ങ്ങളിലൂടെ മാത്രമേ സാത്താന് ദുഷിച്ച ചിന്തകളെ മെനഞ്ഞെടുത്തു നമ്മുടെ മനസ്സിലേക്ക് നിവേശിപ്പിക്കുന്നതിനും അതിനെ വഴിതെറ്റിക്കു ന്നതിനും സാധിക്കൂ.

15. എല്ലാവിധ ചിന്തകളിൽനിന്നും ഹൃദയത്തെ സ്വതന്ത്രമാക്കി അതിനെ അഗാധമായ നിശ്ശബ്ദതയിലും ഏകാഗ്രതയിലും പ്രാർത്ഥന യിലും കാത്തുസൂക്ഷിക്കുന്നതിലാണ് ജാഗരണത്തിന്റെ രണ്ടാമത്തെ സവിശേഷത അടങ്ങിയിരിക്കുന്നത്.

16. മൂന്നാമത്തെ സവിശേഷത അടങ്ങിയിരിക്കുന്നത് തുടർച്ചയായും താഴ്മയോടെയും കർത്താവായ യേശുക്രിസ്തുവിന്റെ സഹായം വിളിച്ചപേക്ഷിക്കുന്നതിലാണ്.

17. മരണത്തെക്കുറിച്ചുള്ള ചിന്ത ഒരുവന്റെ മനസ്സിൽ സദാ ഉണ്ടായിരിക്കുക എന്നതാണ് നാലാമത്തേത്.

18. എന്റെ കുഞ്ഞേ, ഇത്തരത്തിലുള്ള ജാഗരണം കാവൽക്കാരനെ പ്പോലെ പ്രവർത്തിക്കുകയും ദുഷിച്ച ചിന്തകളെ തടഞ്ഞുനിർത്തുകയും ചെയ്യുന്നു. ദൈവം എനിക്ക് വാക്കുകൾ നൽകിയാൽ ഇതിനും പുറമെ കുറെക്കൂടി ഫലപ്രദമായ ജാഗരണത്തെക്കുറിച്ചുള്ള ധാരണ ഞാൻ

www.malankaralibrary.com

നിനക്ക് നല്കാം. നശ്വരവസ്തുക്കളിൽ ശ്രദ്ധ ചെലുത്താതെ ഒരുവന്റെ ദൃഷ്ടി സ്വർഗ്ഗത്തിൽ ഉറപ്പിക്കുന്നതിനാണിത്.

19. വികാരങ്ങൾക്കു കാരണമാകുന്ന എല്ലാറ്റിനെയും ആട്ടിയോടിച്ചു കഴിഞ്ഞാൽ ആദ്ധ്യാത്മികധ്യാനത്തിനുവേണ്ടി നമ്മുടെ സമയം വിനിയോഗിക്കണം; ഇതു ചെയ്യുന്നതിൽ പരാജയപ്പെട്ടാൽ നാം എളുപ്പത്തിൽ വിഷയാസക്തികളിലേക്ക് തിരിച്ചുപോവുകയും യാതൊന്നും നേടാനാവാതെ നമ്മുടെ മനസ്സ് പൂർണ്ണമായി അന്ധകാരത്തിലകപ്പെടുകയും അങ്ങനെ നശ്വരവസ്തുക്കളിലേക്ക് മടങ്ങുകയും ചെയ്യുന്നു.

20. ആത്മീയയുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾക്ക് എളിമയും പൂർണ്ണമായ ഏകാഗ്രതയും പ്രതിരോധിക്കാനുള്ള കരുത്തും പ്രാർത്ഥനയും ഉണ്ടായിരിക്കണം. അവന്റെ പോരാട്ടം ഗർവ്വിഷ്ഠരായ പിശാചുക്കൾക്കെതിരെ ആയതിനാൽ, എളിമയുണ്ടെങ്കിൽ മാത്രമേ ക്രിസ്തുവിന്റെ സഹായം അവന്റെ ഹൃദയത്തിന് ലഭിക്കൂ. എന്തെന്നാൽ 'കർത്താവ് അഹങ്കാരികളെ വെറുക്കുന്നു' (സുഭാ 3:34). എല്ലാവിധ ചിന്തകളിൽനിന്നും പ്രത്യേകിച്ച്, പുറമെ നല്ലതെന്ന് തോന്നിക്കുന്ന ചിന്തകളിൽനിന്നുപോലും ഹൃദയത്തെ ശുദ്ധമായി സൂക്ഷിക്കുന്നതിനു വേണ്ട ഏകാഗ്രത അവനുണ്ടായിരിക്കണം. സാത്താനെ തിരിച്ചറിയുന്ന നിമിഷത്തിൽ കോപത്തോടെ അവനെ ആട്ടിയകറ്റണമെങ്കിൽ പ്രതികരിക്കാനുള്ള കരുത്ത് അവനുണ്ടായിരിക്കണം. എന്തെന്നാൽ, ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'എന്നെ അവഹേളിക്കുന്നവരോട് ഞാൻ മറുപടി പറയും; എന്റെ ആത്മാവ് ദൈവത്തിന് കീഴ്പ്പെടുകയില്ലേ?' (സങ്കീ 119:42, 62:1). പിശാചിനെതിരെ പ്രതികരിച്ചാലുടൻ 'അവാച്യമായ നെടുവീർപ്പുകളാൽ' (റോമ 8:26) ക്രിസ്തുവിനെ വിളിച്ചപേക്ഷിക്കുന്നതിന് അവന് പ്രാർത്ഥന ആവശ്യമാണ്. യേശുവിന്റെ ആരാധ്യമായ നാമത്താൽ പരാജയപ്പെടുകയും ഛിന്നഭിന്നമാക്കപ്പെടുകയും ചെയ്ത പിശാചിനെ അപ്പോളവൻ കാണും –കാറ്റിൽ പാറുന്ന പൊടിയോ, പുകയോപോലെ അവനെയും അവന്റെ കാപട്യത്തെയും കാണും.

21. ചിന്തകളിൽനിന്നു മുക്തമായ പ്രാർത്ഥന നാം നേടിയില്ലെങ്കിൽ ആത്മീയയുദ്ധത്തിന് ഉതകുന്ന ആയുധങ്ങൾ നമുക്ക് ഉണ്ടാവുകയില്ല. ഈ പ്രാർത്ഥനയെന്നതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്, ആത്മാവിന്റെ അന്തരാളത്തിൽ എപ്പോഴും സജീവമായതും ക്രിസ്തുവിനെ വിളിച്ചപേക്ഷിക്കുന്നതിലൂടെ മറഞ്ഞിരിക്കുന്ന നമ്മുടെ ശത്രുവിനെ ഉപദ്രവി

www.malankaralibrary.com

നിന്നുളവാകുന്ന വൈദഗ്ദ്ധ്യത്താൽ അവയുടെ അദൃശ്യശക്തിയെ നിഷ്പ്രയാസം ഉന്മൂലനം ചെയ്യാൻ അതിന് കഴിയുന്നു. എന്നാൽ വിവേകരഹിതമായി തന്നിൽ മാത്രം ആത്മവിശ്വാസം പുലർത്തുന്ന മനസ്സ്, അമ്പ് ഏറ്റ പരുന്തിനെപ്പോലെ തലകീഴായി വീണുപോകുന്നു. എന്തെന്നാൽ, തിരുവചനം ഇപ്രകാരമാണ്: 'എന്റെ ഹൃദയം ദൈവത്തിൽ വിശ്വസിച്ചു, അതിനാൽ എനിക്കു സഹായം ലഭിച്ചു. വീണ്ടും ഇതാ എന്റെ ശരീരം പുഷ്പിക്കുന്നു' (സങ്കീ 28:7); ഒപ്പം ഇങ്ങനെയും കാണാം, 'കർത്താവല്ലാതെ മറ്റാരാണ് ദുശ്ചിന്തകളുടെ സൈന്യത്തിനെതിരായി എന്നോടൊപ്പം നില്ക്കുകയും പോരാടുകയും ചെയ്യുന്നത്?' (സങ്കീ 94:16). ദൈവത്തിലാശ്രയിക്കുന്നതിനു പകരം തന്നിൽത്തന്നെ ആശ്രയംവയ്ക്കുന്നവൻ തലകീഴായി വീണുപോകുന്നു.

27. ആത്മീയയുദ്ധത്തിൽ ഏർപ്പെടാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളുടെ ഹൃദയ ഏകാഗ്രതയ്ക്ക് ചിലന്തി എപ്പോഴും ഒരു മാതൃകയായിരിക്കട്ടെ. അല്ലാത്തപക്ഷം ആയിരിക്കേണ്ടവിധത്തിൽ മനസ്സിനെ ഏകാഗ്രമായി നിർത്തുവാൻ നിങ്ങൾക്കു കഴിയില്ല. ചിലന്തി ചെറുപ്രാണികളെ വേട്ടയാടുന്നു; നിങ്ങൾ നിരന്തരം സംഹരിക്കേണ്ടത് 'ബാബിലോണിന്റെ സന്തതികളെയാണ്' (സങ്കീ 137:9) പോരാട്ടങ്ങളുടെ സമയത്ത് നിങ്ങളുടെ ആത്മാവ്, ചിലന്തിയെപ്പോലെ ഏകാഗ്രമാണെങ്കിൽ ഈ സംഹാരങ്ങളുടെ സമയത്ത് നിങ്ങൾ പരിശുദ്ധാത്മാവിനാൽ അനുഗ്രഹിക്കപ്പെട്ടവരാകും.

28. നക്ഷത്രങ്ങൾക്കിടയിൽ ചെങ്കടൽ കണ്ടെത്താൻ സാധ്യമല്ല; വായു ശ്വസിക്കാതെ ഭൂമിയിലൂടെ നടക്കാനും സാധ്യമല്ല. അതുപോലെ നിരന്തരമായി യേശുക്രിസ്തുവിനെ വിളിച്ചപേക്ഷിക്കാതെ, നമ്മുടെ ഹൃദയത്തെ വികാരാധീനചിന്തകളിൽനിന്നു ശുദ്ധമാക്കാനോ ആത്മീയ ശത്രുക്കളെ ആട്ടിയോടിക്കാനോ സാധിക്കുകയില്ല.

29. ഓരോ ദിവസവും, ഇടുങ്ങിയതും എന്നാൽ സന്തോഷകരവും ആവേശകരവുമായ മനസ്സിന്റെ പാതയിലൂടെ സഞ്ചരിക്കുമ്പോൾ ജാഗരൂകനായിരിക്കുക; നിങ്ങളുടെ ഏകാഗ്രതയെ എളിമയോടെ ഹൃദയത്തിൽ സൂക്ഷിക്കുകയും സ്വയം ശകാരിക്കുകയും ശത്രുവിനോട് പോരാടാൻ തയ്യാറാവുകയും നിങ്ങളുടെ മരണത്തെക്കുറിച്ചോർത്ത് യേശുക്രിസ്തുവിനെ വിളിച്ചപേക്ഷിക്കുകയും ചെയ്യുക. അപ്പോൾ നിങ്ങൾക്ക് പരമപരിശുദ്ധനെക്കുറിച്ചുള്ള ദർശനം ലഭിക്കുകയും

www.malankaralibrary.com

അഗാധമായ രഹസ്യാത്മകതകളാൽ ക്രിസ്തു നിങ്ങളെ പ്രകാശപൂരിതരാക്കുകയും ചെയ്യും. എന്തെന്നാൽ 'ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും നിധികൾ' അവനിൽ നിക്ഷിപ്തമാണ്; 'ദൈവത്വത്തിന്റെ പൂർണ്ണത മുഴുവൻ അവനിൽ മൂർത്തീഭവിച്ചിരിക്കുന്നു' (കൊലോ 2:3,9). ക്രിസ്തുവിന്റെ സാന്നിധ്യത്തിലെത്തുമ്പോൾ നിങ്ങളുടെ ആത്മാവിനുള്ളിൽ പരിശുദ്ധാത്മാവ് നിർഗളിക്കുന്നതായി നിങ്ങൾക്കനുഭവപ്പെടും. മനുഷ്യരുടെ മനസ്സിനെ സജീവമാക്കുന്നത് പരിശുദ്ധാത്മാവാണ്; അതിനാൽ മൂടുപടമണിയാതെ അതിന് അവിടുത്തെ കാണാൻ കഴിയുന്നു' (2 കൊരി 3:18). എന്തെന്നാൽ 'യേശു കർത്താവാണ്' എന്നു പറയാൻ പരിശുദ്ധാത്മാവ് മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ല' (1 കൊരി 12:3). മറ്റൊരു തരത്തിൽ പറഞ്ഞാൽ, ക്രിസ്തുവിന്റെ സാന്നിദ്ധ്യം അത്ഭുതകരമായ രീതിയിൽ നമ്മിൽ സ്ഥിരപ്പെടുത്തുന്നത് പരിശുദ്ധാത്മാവാണ്.

30. യഥാർത്ഥ അറിവിനെ സ്നേഹിക്കുന്നവർ, പിശാചുക്കൾ തങ്ങളുടെ അസൂയയാൽ ചിലപ്പോഴൊക്കെ ഒളിഞ്ഞിരിക്കുകയും പ്രകടമായ ആത്മീയ യുദ്ധത്തിൽനിന്ന് പിന്മാറുകയും ചെയ്യാനിടയുണ്ടെന്ന് അറിഞ്ഞിരിക്കണം. പോരാട്ടത്തിൽനിന്ന് നമുക്ക് ലഭിക്കുന്ന അഭിവൃദ്ധി, അറിവ്, ദൈവത്തിലേക്കുള്ള നമ്മുടെ പുരോഗതി എന്നിവയെക്കുറിച്ചുള്ള അസൂയയാൽ നമ്മുടെ ബുദ്ധിയെ പെട്ടെന്ന് പിടികൂടുന്നതിനും മനസ്സിനെ വീണ്ടും അശ്രദ്ധയിലേക്ക് വലിച്ചിഴയ്ക്കുന്നതിനുംവേണ്ടി നമ്മെ അശ്രദ്ധരാക്കാൻ അവർ ശ്രമിക്കുന്നു. ഏകാഗ്രത എത്രമാത്രം ആത്മാവിനെ പുഷ്ടിപ്പെടുത്തുന്നുവെന്ന് അവയ്ക്ക് അറിയാവുന്നതിനാൽ, ഹൃദയത്തിന്റെ ഏകാഗ്രത നശിപ്പിക്കുകയാണ് പിശാചുക്കളുടെ നിരന്തരമായ ലക്ഷ്യം. അതുകൊണ്ട് നാം, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സ്മരണയാൽ ആത്മീയധ്യാനം നേടിയെടുക്കാനുള്ള നമ്മുടെ പ്രയത്നത്തെ ഇരട്ടിയാക്കേണ്ടിയിരിക്കുന്നു; അങ്ങനെ ചെയ്യുന്നതിലൂടെ മനസ്സിന് താൻ വീണ്ടും പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നതായി കാണാൻ കഴിയും. നാം ചെയ്യുന്നവയെല്ലാം എളിമയോടെയും ക്രിസ്തുവിന് ഹിതകരമായ രീതിയിലും ആയിരിക്കണം നിർവ്വഹിക്കപ്പെടേണ്ടത്.

31. സെനോബൈറ്റിക് സന്ന്യാസാശ്രാമങ്ങളിൽ ജീവിക്കുന്നവരായ നാം, സ്വമനസ്സാലെ സന്തോഷപൂർവ്വം നമ്മുടെ ഹിതം മുഴുവനും അബ്ബാ

www.malankaralibrary.com

യോടുള്ള അനുസരണത്തെപ്രതി പരിത്യജിക്കണം. ഇങ്ങനെ ചെയ്യുന്നതിലൂടെ ദൈവസഹായത്താൽ നാം വിനീതരാവുകയും തന്നിഷ്ടത്തിൽനിന്നും മുക്തരാവുകയും ചെയ്യും. ഈ കല ശീലിക്കുന്നതു നല്ലതാണ്; എന്തെന്നാൽ, നമ്മുടെ ഉള്ളിലെ പിത്തരസം ഉത്തേജിതമാകാതിരിക്കാനും, അസ്വാഭാവികവും അനിയന്ത്രിതവുമായ കോപാവേശത്തിലൂടെ നമ്മുടെ അദൃശ്യമായ പോരാട്ടത്തിൽ ദൈവവുമായുള്ള ബന്ധത്തിൽനിന്ന് പിന്മാറാതിരിക്കാനും ഇതു നമ്മെ സഹായിക്കും. തന്നിഷ്ടത്തെ നാം സ്വമനസ്സാലെ ത്യജിക്കുന്നില്ലെങ്കിൽ, അതിനെ വിച്ഛേദിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നവർക്കു നേരെ അതു ക്ഷോഭിക്കാനിടയാകും; അതിന്റെ ഫലമായി നമ്മുടെയുള്ളിലെ കോപാവേശം അക്രമാസക്തമാവുകയും വളരെ പണിപ്പെട്ട് നാം നേടിയെടുത്ത പോരാട്ടത്തിന്റെ അറിവ് നശിപ്പിക്കപ്പെടുകയും ചെയ്യും. കോപാവേശം പ്രകൃത്യാ നശീകരണസ്വഭാവമുള്ളതാണ്. പൈശാചിക ചിന്തകളുടെ നേർക്കു തിരിയുമ്പോൾ കോപാവേശം അവയെ നശിപ്പിക്കുന്നു; എന്നാൽ ആളുകൾക്ക് നേരെ തിരിയുമ്പോൾ നമ്മുടെ ഉള്ളിലെ നല്ല ചിന്തകളെത്തന്നെയാണ് അത് നശിപ്പിക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവദത്തമായ ഒരായുധം അല്ലെങ്കിൽ ഒരു വില്ല് ആണ് കോപാവേശം; ദുഷ്ചിന്തകൾക്കു നേരെ ഓങ്ങാനുള്ളതാണത്. എന്നാൽ ഇതേ കോപാവേശം ഉപയോഗിച്ച് നല്ല ചിന്തകളും നശിപ്പിക്കാൻ കഴിയും. എന്തിന്റെയെല്ലാം നേർക്കു തിരിയുന്നുവോ അതിനെയെല്ലാം കോപാവേശം നശിപ്പിക്കുന്നു. ചില നായ്ക്കൾ ആവേശം മൂത്ത് ചെന്നായ്ക്കളെ മാത്രമല്ല, ആട്ടിൻകുട്ടികളെയും കൊല്ലുന്നത് ഞാൻ കണ്ടിട്ടുണ്ട്.

32. അനാവശ്യസംഭാഷണത്തെ വിഷസർപ്പത്തെ എന്നപോലെയും അമിതമായ കൂട്ടുകെട്ടിനെ 'അണലിസന്തതികളെ' (മത്താ 3:7) എന്നപോലെയും ഒഴിവാക്കണം; എന്തെന്നാൽ, മേൽപറഞ്ഞ രണ്ടു ദൂഷ്യങ്ങളും ആന്തരികസമരത്തെക്കുറിച്ച് പൂർണ്ണമായി മറക്കാനും നമ്മുടെ ആത്മാവിനെ ഹൃദയശുദ്ധിയിൽനിന്ന് ഉളവാകുന്ന ആനന്ദത്തിൽ നിന്ന് നിലംപതിപ്പിക്കാനും ഇടയാക്കുന്നു. വെള്ളം തീയുടെ ശത്രുവായിരിക്കുന്നതുപോലെ, ശപിക്കപ്പെട്ട മറവി ഏകാഗ്രതയ്ക്ക് തടസ്സമായി നിന്നുകൊണ്ട് ബലമായി അതിനോട് എപ്പോഴും യുദ്ധം ചെയ്യുന്നു. മറവി അവഗണനയിലേക്കും, അവഗണന താല്പര്യമില്ലായ്മയിലേക്കും

www.malankaralibrary.com

അലസതയിലേക്കും അസ്വാഭാവികമായ ആഗ്രഹത്തിലേക്കും നയിക്കുന്നു. ഇതുവഴി, സ്വന്തം ഛർദ്ദിയിലേക്ക് തിരിച്ചുവരുന്ന പട്ടിയെപ്പോലെ (2 പത്രോ 2:22) തുടങ്ങിയിടത്തേക്കുതന്നെ നാം തിരിച്ചുവരുന്നു. അതിനാൽ അമിതഭാഷണത്തെ മാരകമായ വിഷത്തെ എന്നതുപോലെ നമുക്ക് ഒഴിവാക്കാം. മറവിയുടെയും അതിന്റെ ദൂഷ്യഫലങ്ങളുടെയും കാര്യത്തിലെന്നപോലെ, മനസ്സിനെ നിഷ്ക്കർഷയോടെ സംരക്ഷിക്കുകയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ സ്ഥിരമായി വിളിച്ചപേക്ഷിക്കുകയും ചെയ്യുന്നതിലൂടെയാണ് ഇതിൽനിന്നും മോചനം പ്രാപിക്കാൻ സാധിക്കുന്നത്. എന്തെന്നാൽ അവനെക്കൂടാതെ നമുക്കൊന്നും ചെയ്യാൻ കഴിയുകയില്ല (യോഹ 15:5).

33. ഒരാൾക്ക് വിഷപ്പാമ്പിനോട് ചങ്ങാത്തം കൂടുകയോ അതിനെ തന്റെ കുപ്പായത്തിനുള്ളിൽ കൊണ്ടുനടക്കുകയോ ചെയ്യാൻ കഴിയുകയില്ല; അതുപോലെതന്നെ ശരീരത്തെ അതിന്റെ ആവശ്യങ്ങൾക്കുപരിയായി പരിപോഷിപ്പിക്കുകയും ലാളിക്കുകയും ചെയ്യുന്ന ഒരാൾക്ക് വിശുദ്ധി നേടാനും കഴിയില്ല. തന്നെ പരിചരിക്കുന്നവരെ കടിച്ചു വിഷം ഏല്പിക്കുക എന്നതു പാമ്പിന്റെ സ്വഭാവമാണ്; തന്നെ ലാളിക്കുന്നവരെ ലൗകികസുഖങ്ങളോടുള്ള ആസക്തിയാൽ ദുഷിപ്പിക്കുക എന്നത് ശരീരത്തിന്റെ സ്വഭാവവും. ശരീരം നമുക്ക് ഹിതകരമല്ലാതെ പ്രവർത്തിക്കുമ്പോൾ, ഒളിച്ചോടിപ്പോയ മദ്യപാനിയായ ഒരു അടിമയെ എന്നതുപോലെ അതിനെ നിർദ്ദയം ചാട്ടവാറുകൊണ്ട് അടിക്കണം; കർത്താവിന്റെ പ്രഹരം അത് അനുഭവിക്കണം. നശ്വരമായ കളിമണ്ണിൽ തീർത്ത, അടിമത്തസ്വഭാവമുള്ള ഇരുളടഞ്ഞ, വിലകെട്ട വസ്തുവാണ് ശരീരം; അതിനെ പരിലാളിക്കാൻ പാടില്ല; അനശ്വരവും യഥാർത്ഥവുമായ അതിന്റെ യജമാനത്തിയെ തിരിച്ചറിയാൻ അതിനെ അനുവദിക്കണം. നിങ്ങൾ ഈ ലോകം ഉപേക്ഷിക്കുന്നതുവരെ ശരീരത്തെ ആശ്രയിക്കരുത്. 'ശരീരത്തിന്റെ ഇച്ഛ ദൈവവിരുദ്ധമാണ്; എന്തെന്നാൽ, അതു ദൈവത്തിന്റെ നിയമത്തിനു വിധേയമല്ല. ശരീരം ആത്മാവിന് വിപരീതമായത് ആഗ്രഹിക്കുന്നു. ജഡികരായവർക്ക് ദൈവഹിതത്തിന് കീഴ്പ്പെടാൻ കഴിയുകയില്ല; എന്നാൽ നമ്മൾ ജഡികരല്ല, ആത്മീയരാണ്' (റോമ 8:7-9; ഗലാ 5:17).

34. ധാർമ്മികബോധത്തിന്റെ കടമ, ആത്മാവിന്റെ കോപിക്കാനുള്ള കഴിവിനെ ആന്തരികസമരത്തിൽ ഏർപ്പെടാനും ശരിയായ ആത്മ

www.malankaralibrary.com

ജ്ഞാനം എന്തിലാണെന്ന് വിലയിരുത്താനും പ്രേരിപ്പിക്കുകയാണ്. വിവേകത്തിന്റെ ധർമ്മമാകട്ടെ, നമ്മുടെ ബുദ്ധിയെ കർശനമായ സംയമത്തിലേക്കും സ്ഥൈര്യത്തിലേക്കും ആദ്ധ്യാത്മികധ്യാന ത്തിലേക്കും ഉയർത്തുക എന്നുള്ളതും. ആത്മാവിന്റെ തീവ്രമായ ആഗ്രഹത്തെ വിശുദ്ധിയിലേക്കും ദൈവത്തിലേക്കും നയിക്കുക എന്നുള്ളതാണ് നീതിബോധത്തിന്റെ ധർമ്മം. നമ്മുടെ ആന്തരിക വ്യക്തിത്വം, ഹൃദയം, ബാഹ്യവ്യക്തിത്വം, ശരീരം തുടങ്ങിയവ ദുഷിച്ചു പോകാതിരിക്കുവാൻ പഞ്ചേന്ദ്രിയങ്ങളുടെ മേൽ ഭരണംനടത്തുകയും അവയെ നിയന്ത്രിക്കുകയുമാണ് ആത്മധൈര്യത്തിന്റെ കടമ.

35. 'അവിടുത്തെ മഹിമ ഇസ്രായേലിന്റെ മേലുണ്ട്' (സങ്കീ 68:34), ഇതിനർത്ഥം അവന്റെ സാന്നിദ്ധ്യം, ദൈവമഹത്ത്വത്തിന്റെ സൗന്ദര്യം കാണാൻ കഴിയുന്ന മനസ്സിന്റെ മേലുണ്ട് എന്നാണ്. 'അവന്റെ ശക്തി മേഘങ്ങൾക്കു മേലുണ്ട്' (സങ്കീ 68:34) എന്നതിനർത്ഥം പ്രഭാതത്തി ലേക്ക് ഉറ്റുനോക്കുന്ന, തേജസ്സുറ്റ ആത്മാക്കളുടെമേൽ അവന്റെ സാന്നിദ്ധ്യമുണ്ടെന്നാണ്. അത് അത്തരം ആത്മാക്കളിൽ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്ന, വാത്സല്യഭാജനമായവനെ വെളിപ്പെടുത്തു കയും സൂര്യരശ്മികൾ വെൺമേഘങ്ങളെയെന്നതുപോലെ, അവയെ പ്രകാശപൂരിതമാക്കുകയും ചെയ്യുന്നു.

36. തിരുലിഖിതം പറയുന്നു: 'ഒരൊറ്റ പാപി മൂലം വളരെയേറെ നന്മ നശിപ്പിക്കപ്പെടുന്നു (സ. പ്ര. 9:18); പാപം ചെയ്യുന്ന മനസ്സിനാകട്ടെ, അതിന്റെ സ്വർഗ്ഗീയമായ ഭക്ഷണപാനീയങ്ങൾ നഷ്ടമാവുന്നു' (സ.പ്ര. 9:7).

37. നമ്മളാരും സാംസണെക്കാൾ കരുത്തന്മാരല്ല, സോളമനെ ക്കാൾ ബുദ്ധിമാന്മാരല്ല, ദാവീദിനെക്കാൾ ദൈവജ്ഞാനമുള്ളവരുമല്ല, അപ്പോസ്തോലന്മാരിൽ പ്രമുഖനായ പത്രോസിനെക്കാളും അധികം ദൈവത്തെ സ്നേഹിക്കുന്നവരുമല്ല. ആ നിലയ്ക്ക്, നാം നമ്മിൽത്തന്നെ ആശ്രയിക്കരുത്; എന്തെന്നാൽ തന്നിൽത്തന്നെ ആശ്രയിക്കുന്നവൻ പെട്ടെന്ന് നിലംപതിക്കും.

38. ക്രിസ്തുവിൽനിന്ന് എളിമയും ദാവീദിൽനിന്ന് അപമാനം സഹിക്കാനുള്ള മനഃസ്ഥിതിയും, പത്രോസിൽനിന്ന് ഉണ്ടാകുന്ന വീഴ്ച കളെച്ചൊല്ലി കണ്ണീരൊഴുക്കാനുള്ള സന്നദ്ധതയും നാം അഭ്യസിക്കണം;

www.malankaralibrary.com

അതേസമയം, സാംസണിന്റെയും യൂദാസിന്റെയും ഏറ്റവും ബുദ്ധിമാനായ സോളമന്റെയും നിരാശ നാം ഒഴിവാക്കുകയും വേണം.

39. പിശാച് തന്റെ സർവ്വശക്തിയോടുംകൂടെ 'അലറുന്ന സിംഹത്തെപ്പോലെ ആരെ വീഴ്ത്തണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നു' (1 പത്രോ 5:8). അതിനാൽ നിങ്ങൾ ഒരിക്കലും ഹൃദയജാഗ്രതയും സംയമനവും പ്രതിരോധശക്തി അഥവാ നമ്മുടെ ദൈവമായ യേശുക്രിസ്തുവിനോടുള്ള പ്രാർത്ഥനയും കുറയ്ക്കരുത്. ദൈവമെന്ന നിലയിൽ, സാത്താന്റെ വഞ്ചനകളെക്കുറിച്ചും തിന്മയെക്കുറിച്ചും നന്നായി അറിയാവുന്നത് ക്രിസ്തുവിനു മാത്രമാകയാൽ, നിങ്ങളുടെ ജീവിതത്തിലൊരിക്കലും അവനെക്കാൾ വലിയൊരു സഹായം നിങ്ങൾക്ക് കണ്ടെത്താനാവില്ല.

40. അതിനാൽ നിങ്ങളുടെ ആത്മാവ് ക്രിസ്തുവിൽ ആശ്രയിക്കുകയും അവനെ വിളിച്ചപേക്ഷിക്കുകയും ഭയത്തിൽനിന്നും മോചനം നേടുകയും ചെയ്യട്ടെ; എന്തെന്നാൽ ആത്മാവ് പോരാടുന്നത് ഒറ്റയ്ക്കല്ല, പിന്നെയോ, ശരീരമില്ലാത്തതും ശരീരത്തോടുകൂടിയതും ദൃശ്യവും അദൃശ്യവുമായ എല്ലാത്തിന്റെയും സ്രഷ്ടാവും സർവ്വശക്തനായ രാജാവുമായ യേശുക്രിസ്തുവിന്റെ സഹായത്തോടെയാണ്.

41. എത്ര കൂടുതൽ മഴപെയ്യുന്നുവോ, മണ്ണ് അത്രമേൽ മൃദുവായിത്തീരുന്നു; അതുപോലെതന്നെ, നാം എത്രത്തോളം ക്രിസ്തുവിന്റെ പരിശുദ്ധനാമം വിളിച്ചപേക്ഷിക്കുന്നുവോ, അത്രത്തോളം അത് നമ്മുടെ ഹൃദയത്തിന് ആനന്ദമേകുന്നു.

42. അനുഭവസമ്പത്തില്ലാത്തവരും ശരീരത്തിലും മനസ്സിലും നീചരും ബുദ്ധിഹീനരുമായ നാം, നിരന്തരമായ മനഃസംയമനവും, നമ്മുടെ സ്രഷ്ടാവും ദൈവവുമായ യേശുക്രിസ്തുവിനോടുള്ള ഉറച്ച പ്രാർത്ഥനയുംമൂലമാണ് അശരീരികളും അദൃശ്യരുമായ ശത്രുക്കളെ തോല്പിക്കാൻ സാധിക്കുന്നതെന്ന് മനസ്സിലാക്കണം. എന്തെന്നാൽ നമ്മുടെ ശത്രുക്കൾക്ക് സാമർത്ഥ്യവും വേഗതയും തിന്മയും ദുഷ്ടതയും മാത്രമല്ല ഉള്ളത്, പിന്നെയോ ആദാമിന്റെ കാലം മുതൽ നേടിയെടുത്ത യുദ്ധപരിചയവും അവർക്കുണ്ട്. പരിചയമില്ലാത്തവർക്ക് കൈവശമുള്ള ആയുധങ്ങൾ, ക്രിസ്തുവിനോടുള്ള പ്രാർത്ഥനയും ദൈവത്തിൽ നിന്നുള്ളവ എന്താണെന്ന് തിരിച്ചറിയാനുള്ള ആഗ്രഹവും മാത്രമാണ്.

www.malankaralibrary.com

പരിചയസമ്പന്നർക്കാകട്ടെ, ഏറ്റവും മികച്ച യുദ്ധമുറയും ഏറ്റവും നല്ല ആചാര്യനും കൂടെയുണ്ട്; ദൃഢമായ പ്രവൃത്തി, വിവേചനശക്തി, ദൈവത്തിന്റെ സമാധാനം എന്നിവയാണവ.

43. നിഷ്കളങ്കനായ ഒരു ശിശു മാന്ത്രികൻ കാട്ടുന്ന ജാലവിദ്യകളിൽ സന്തോഷിക്കുകയും അയാളുടെ പിന്നാലെ കൂടുകയും ചെയ്യുന്നതുപോലെ, നിഷ്കളങ്കവും ലളിതവുമായി ദൈവം സൃഷ്ടിച്ചിട്ടുള്ള നമ്മുടെ ആത്മാവ് സാത്താന്റെ വഞ്ചനാത്മകമായ പ്രലോഭനങ്ങളിൽ ആനന്ദിക്കുന്നു. ഒരിക്കൽ വഞ്ചിക്കപ്പെട്ടു കഴിഞ്ഞാൽ, തന്റെ കുഞ്ഞുങ്ങളുടെ ശത്രുവിനാൽ വശീകരിക്കപ്പെട്ട പ്രാവിനെപ്പോലെ, നന്മയാണെന്നു കരുതി അത് തിന്മയെ പിന്തുടരുന്നു. ചുരുക്കത്തിൽ നമ്മുടെ ഭാവനകളെല്ലാം സാത്താൻ സൃഷ്ടിക്കുന്ന പ്രലോഭനങ്ങളെ ചുറ്റിപ്പറ്റിയുള്ളതായിത്തീരുന്നു, സുന്ദരിയായ ഒരു സ്ത്രീയുടെ രൂപമോ, തന്റെ കല്പനകളിലൂടെ ക്രിസ്തു വിലക്കിയിട്ടുള്ള മറ്റേതെങ്കിലും വസ്തുവോ ആയിരിക്കാം അത്. പിന്നീട്, ഏതു വിധേനയും തന്നെ പ്രലോഭിപ്പിക്കുന്ന വസ്തുവിനെ സ്വന്തമാക്കുന്നതിനുവേണ്ടി ആത്മാവ് പണിപ്പെടുന്നു; തന്റെതന്നെ ശിക്ഷാവിധിക്കായി അവിഹിതമായ സങ്കല്പങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനായി ശരീരത്തെ ഉപയോഗിക്കുന്നു.

44. സാത്താന്റെ കാപട്യം അതിശക്തമാണ്. തന്റെ അമ്പുകളാൽ അവൻ ഓരോ ആത്മാവിലും വിഷം കലർത്തുന്നു. മനസ്സിന്റെ യുദ്ധപരിചയം വർദ്ധിപ്പിക്കാൻ വേണ്ടിയാണെങ്കിൽപ്പോലും, ആത്മാവ് പൈശാചിക പ്രലോഭനങ്ങളിൽ മുഴുകുകയും ആനന്ദപൂർവ്വം അവയെ അനുധാവനം ചെയ്യുകയും ചെയ്യുമ്പോൾ ആ ചിന്തകൾക്ക് നമ്മുടെ ഹൃദയത്തിൽ പ്രവേശനം അനുവദിക്കുന്നത് ഗുണകരമായിരിക്കുകയില്ല. അവയെ കണ്ടെത്തുന്ന മാത്രയിൽതന്നെ നാം അവയ്ക്കു നേരെ ആക്രമണം തുടങ്ങണം. ഇങ്ങനെ ഉജ്ജ്വലമായ പ്രത്യാക്രമണത്തിലൂടെ മനസ്സ് പക്വമായിത്തീരുകയും അച്ചടക്കവും ധാരണാശേഷിയും നേടുകയും ചെയ്യുന്നു. ആ നിമിഷം മുതൽ നിരന്തരപോരാട്ടത്തിലേർപ്പെട്ട് 'ആ ചെറുകുറുക്കന്മാരെ' (ഉത്ത 2:15) അവയുടെ യഥാർത്ഥ സ്വഭാവത്തിൽ തിരിച്ചറിയാനും, അവയുടെ മേൽ നിയന്ത്രണം നേടാനും ആത്മാവിനു കഴിയുന്നു. അങ്ങനെ, നാം അറിവും അനുഭവസമ്പത്തും നേടിയതിനുശേഷം മാത്രമേ, അവയ്ക്ക് പ്രവേശനം അനുവദിക്കുകയും അവയെ അധിക്ഷേപിക്കുകയും ചെയ്യാവൂ.

www.malankaralibrary.com

45. ഒരേ കുഴലിലൂടെ ഒരേ സമയത്ത് വെള്ളത്തിനും തീയ്ക്കും ഒഴുകാൻ സാദ്ധ്യമല്ലാത്തതുപോലെ, സാത്താനാൽ അയയ്ക്കപ്പെട്ട ഒരു പ്രലോഭനത്തിന്റെ രൂപത്തിൽ നമ്മുടെ ഹൃദയത്തിന്റെ പടിവാതിലിൽ മുട്ടിവിളിക്കാതെ അകത്തു പ്രവേശിക്കാൻ പാപത്തിനു കഴിയില്ല.

46. ആദ്യമെത്തുന്നത് പ്രലോഭനമാണ്; പിന്നീട് നാം അതിനോട് നമ്മെത്തന്നെ ബന്ധിക്കുന്നു. അഥവാ ദുഷ്ടപിശാചുക്കളുടെ ചിന്തകളോട് നമ്മുടെ ചിന്തകൾ കൂടിക്കലരുന്നു. മൂന്നാമതായി നാം ഈ പ്രലോഭനത്തിനു കീഴടങ്ങുകയും, എങ്ങനെ പാപം ചെയ്യണമെന്നതിനെക്കുറിച്ച് ആലോചിക്കുകയും ചെയ്യുന്നു. പാപം ചെയ്യുന്നത് നാലാം ഘട്ടത്തിലാണ്. എന്നാൽ ബുദ്ധി (മനസ്സ്) ജാഗ്രതയോടെയാണ് നിലകൊള്ളുന്നതെങ്കിൽ, അത് പ്രലോഭനത്തെ എതിർക്കുകയും ക്രിസ്തുവിനോട് പ്രാർത്ഥിച്ചുകൊണ്ട് അചഞ്ചലമായിരിക്കുകയും ചെയ്യും; സാത്താനെന്നത് അശരീരിയായ ബുദ്ധി (ആത്മാവ്) മാത്രമാകയാൽ, അവന് നമ്മുടെ ആത്മാവിനെ അപായപ്പെടുത്തണമെങ്കിൽ സങ്കല്പങ്ങളുടെയും ചിന്തകളുടെയും സഹായം ആവശ്യമാണ്. സാത്താന്റെ ഇത്തരം പ്രലോഭനങ്ങളെക്കുറിച്ച് ദാവീദ് ഇങ്ങനെ പറയുന്നു: 'കർത്താവിന്റെ നഗരത്തിൽനിന്ന് അധർമ്മികളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി, പ്രഭാതത്തിൽതന്നെ ഭൂമിയിലെ ദുഷ്ടരെ ഞാൻ നശിപ്പിച്ചു' (സങ്കീ 101:8); പ്രലോഭനങ്ങൾക്ക് കീഴടങ്ങുന്നതിനെക്കുറിച്ച് മോശ ഇങ്ങനെ പറയുന്നു: 'അവരോടോ അവരുടെ ദേവന്മാരോടോ നീ ഉടമ്പടി ചെയ്യരുത്' (പുറ 23:32).

47. സാത്താന്റെ ബുദ്ധി നമ്മുടെ ബുദ്ധിയുമായി അദൃശ്യമായ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. അതിനാൽ ഓരോ നിമിഷവും ഹൃദയത്തിന്റെ അഗാധതയിൽനിന്നും നാം ക്രിസ്തുവിനെ വിളിച്ച്, നമ്മിൽനിന്നും സാത്താന്റെ ബുദ്ധിയെ ആട്ടിപ്പായിക്കണമേയെന്നും അവിടുത്തെ കാരുണ്യത്താൽ നമുക്ക് വിജയം നൽകണമേയെന്നും പ്രാർത്ഥിക്കണം.

48. ഹൃദയഏകാഗ്രതയ്ക്ക് നിങ്ങൾ മാതൃകയാക്കേണ്ടത്, കണ്ണാടിയിൽ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന ഒരുവനെയാണ്. അപ്പോൾ നിങ്ങളുടെ ഹൃദയത്തിൽ പതിഞ്ഞിരിക്കുന്ന തിന്മയും നന്മയും നിങ്ങൾക്ക് കാണുവാൻ സാധിക്കും.

www.malankaralibrary.com

49. നിങ്ങളുടെ ഹൃദയത്തിൽ യുക്തിസഹജമോ യുക്തിരഹിതമോ ആയ യാതൊരു ചിന്തയുമുണ്ടാകാൻ പാടില്ല; അപ്പോൾ നിങ്ങൾക്ക് ഈജിപ്തുകാരുടെ ആദ്യജാതരായ പുത്രന്മാരെ, ആ അന്യവർഗ്ഗത്തെ, തിരിച്ചറിയാൻ കഴിയും.

50. ദൈവമായ ക്രിസ്തുവിനാൽ നയിക്കപ്പെടുമ്പോൾ ജാഗ്രത തേജസ്സുറ്റതും പ്രകാശമാനവുമായ ഒരു സദ്ഗുണമാണ്; അതിനോടൊപ്പം ശ്രദ്ധയും മനസ്സിന്റെ അഗാധ എളിമയുമുണ്ടാകും. അതിന്റെ ശാഖകൾ കടലുകളിലേക്കും ധ്യാനത്തിന്റെ അഗാധതകളിലേക്കും, അതിന്റെ തണ്ട് ദൈവികരഹസ്യാത്മകതകളുടെ സുന്ദരമായ നദികളിലേക്കും നീളുന്നു (സങ്കീ 80:11). മരണത്തിനു തുല്യമായ പൈശാചികചിന്തകളാലും ശാരീരികാസക്തിയാലും ഭക്തിരാഹിത്യത്തിൽ നിപതിച്ച മനസ്സിനെ അത് ശുദ്ധീകരിക്കുന്നു (റോമ 8:6–8).

51. ജാഗ്രത യാക്കോബിന്റെ കോവണിപോലെയാണ്; ദൈവം അതിന്റെ ഏറ്റവും മുകളിലുള്ള പടിയിലാണ്; മാലാഖമാർ അവിടേക്ക് കയറിക്കൊണ്ടിരിക്കുന്നു. ദോഷകരമായി നമ്മിലുള്ള എല്ലാത്തിനെയും വ്യർത്ഥഭാഷണം, നിന്ദ, പരദൂഷണം തുടങ്ങിയവയെ അത് ഇല്ലായ്മ ചെയ്യുന്നു. അങ്ങനെ ചെയ്യുമ്പോഴും അതിന്റെ മാധുര്യം ഒരു നിമിഷത്തേക്കുപോലും അത് നഷ്ടപ്പെടുത്തുന്നില്ല.

52. പ്രിയ സഹോദരന്മാരേ, നമ്മൾ തീക്ഷ്ണതാപൂർവ്വം ജാഗരൂകത വളർത്തിയെടുക്കണം; നമ്മുടെ മനസ്സ് യേശുക്രിസ്തുവിൽ ശുദ്ധീകരിക്കപ്പെടുകയും അത് പ്രദാനം ചെയ്യുന്ന ദർശനത്താൽ നാം ഉയർത്തപ്പെടുകയും ചെയ്യുമ്പോൾ, നാം നമ്മുടെ മുൻകാലജീവിതത്തെയും പാപങ്ങളെയുംകുറിച്ച് പുനഃപരിശോധന നടത്തണം. അങ്ങനെ അവയെക്കുറിച്ചുള്ള ചിന്തയാൽ ലജ്ജിതരും അപമാനിതരുമായിത്തീരുന്ന നമുക്ക്, അദൃശ്യമായ പോരാട്ടത്തിൽ നമ്മുടെ ദൈവമായ യേശുക്രിസ്തുവിന്റെ സഹായം നഷ്ടമാകാതിരിക്കട്ടെ. അഹന്ത, ആത്മപ്രശംസ, സ്വസ്നേഹം എന്നിവയാൽ യേശുവിന്റെ സഹായം നമുക്ക് നഷ്ടമാവുകയാണെങ്കിൽ, മനുഷ്യന് ദൈവത്തെ അറിയുവാൻ സഹായകരമായിരിക്കുന്ന ഹൃദയശുദ്ധത നാം നഷ്ടപ്പെടുത്തും. എന്തെന്നാൽ സുവിശേഷഭാഗ്യങ്ങൾ രേഖപ്പെടുത്തുന്നതനുസരിച്ച് ദൈവത്തെ കാണുന്നതിനുള്ള അടിസ്ഥാന യോഗ്യത ഹൃദയശുദ്ധിയാണ് (മത്താ 5:8).

www.malankaralibrary.com

53. ആന്തരികപോരാട്ടത്തെ അവഗണിക്കാത്ത മനസ്സിന്, ഹൃദയ ജാഗ്രത പുലർത്തുന്നതിലൂടെ കൈവരുന്ന നന്മകളോടൊപ്പം ബാഹ്യ മായ എല്ലാ പൈശാചിക പ്രലോഭനങ്ങളിൽനിന്നും പഞ്ചേന്ദ്രിയങ്ങളും സ്വതന്ത്രമാകുന്നു എന്ന് കണ്ടെത്താനാകും. മനസ്സ്, സദ്ഗുണങ്ങളിലും ജാഗരൂകതയിലും പൂർണ്ണശ്രദ്ധ ചെലുത്തുകയും സദ്ചിന്തകൾ മാത്രം അനുഭവിക്കുവാനായി ആഗ്രഹിക്കുകയും ചെയ്യുമ്പോൾ, പഞ്ചേന്ദ്രിയ ങ്ങളിലൂടെ അതിനെ സമീപിക്കുന്ന വ്യർത്ഥമായ ലൗകികചിന്തകളാൽ കൊള്ളയടിക്കപ്പെടാനും വശീകരിക്കപ്പെടാനും അത് അനുവദിക്കില്ല. നേരെമറിച്ച്, ഇത്തരം ചിന്തകളുടെ ദൂഷ്യം മനസ്സിലാക്കിക്കൊണ്ട് മനസ്സ്, പഞ്ചേന്ദ്രിയങ്ങളെ തന്നിലേക്ക് പിൻവലിക്കുകയാണ് ചെയ്യുന്നത്.

54. നിങ്ങളുടെ മനസ്സിന് കാവൽ നിൽക്കുക; അപ്പോൾ പ്രലോ ഭനങ്ങൾ നിങ്ങളെ പീഡിപ്പിക്കുകയില്ല. മനസ്സിനു കാവൽ നിൽക്കാൻ സാധിക്കുന്നില്ലെങ്കിൽ നിങ്ങൾക്കു നേരെ വരുന്ന പ്രലോഭനങ്ങളെ ക്ഷമയോടെ സ്വീകരിച്ചുകൊള്ളുക.

55. കാഞ്ഞിരക്കുരുവിൽനിന്നുണ്ടാകുന്ന ലഹരിപാനീയം വിശപ്പ് വർദ്ധിക്കാൻ ഉതകുന്നതുപോലെ, നിർഭാഗ്യങ്ങൾ ദുഃസ്വഭാവം പരിഹരി ക്കാൻ ഉതകുന്നു.

56. തിന്മ അനുഭവിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിൽ മറ്റുള്ള വരോട് തിന്മ ചെയ്യാതിരിക്കുക; എന്തെന്നാൽ, നിങ്ങൾ അതു ചെയ്യുന്നതിലൂടെ നിങ്ങൾക്ക് അത് അനുഭവിക്കേണ്ടിവരുന്നു. 'ഒരുവൻ എന്തു വിതയ്ക്കുന്നുവോ അത് അവനു കൊയ്യേണ്ടിവരും' (ഗലാ 6:7). നാം അറിഞ്ഞുകൊണ്ടു വിതയ്ക്കുന്ന തിന്മയുടെ ഫലം വിമുഖത യോടെ കൊയ്യേണ്ടിവരുമ്പോൾ, നാം ദൈവത്തിന്റെ നീതിനിർവ്വഹണ ത്തിൽ അത്ഭുതപ്പെടേണ്ടിയിരിക്കുന്നു.

57. മനസ്സിനെ അന്ധമാക്കുന്ന മൂന്നു തിന്മകളാണ്; അത്യാഗ്രഹം, അഹങ്കാരം, വിഷയസുഖം എന്നിവ.

58. ഈ മൂന്നു തിന്മകളും അവയുടെ ദുർബ്ബലമായ ആത്മീയ ജ്ഞാനത്താലും ഉറപ്പില്ലാത്ത വിശ്വാസത്താലും നമ്മുടെ സ്വഭാവ ത്തിന്റെ പോറ്റുസഹോദരന്മാരായിത്തീരുന്നു.

59. വിദ്വേഷം, കോപം, യുദ്ധം, കൊലപാതകം തുടങ്ങി അനേകം തിന്മകൾക്ക് മനുഷ്യരാശിയെ സ്വാധീനിക്കാൻ കഴിയുന്നത് ഈ മൂന്നു ദോഷങ്ങൾ മൂലമാണ്.

www.malankaralibrary.com

60. സത്യം അറിയാത്തവനു യഥാർത്ഥത്തിൽ വിശ്വാസമുണ്ടായിരിക്കില്ല; എന്തെന്നാൽ, ജ്ഞാനത്തിനു പിന്നാലെയാണ് വിശ്വാസമുണ്ടാകുന്നത്. വിശുദ്ധഗ്രന്ഥങ്ങളിൽ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കിയാൽ മാത്രം പോരാ, ജീവിതത്തിൽ പകർത്തുകയും വേണം.

61. അതിനാൽ നാം നമ്മുടെ യത്നം ആരംഭിച്ചേ പറ്റൂ. അങ്ങനെ ചെയ്യുന്നതിലൂടെയും അതിൽ അഭിവൃദ്ധി പ്രാപിക്കുന്നതിലൂടെയും ദൈവത്തിലുള്ള പ്രത്യാശയും ഉറച്ച വിശ്വാസവും ആന്തരികജ്ഞാനവും പ്രലോഭനങ്ങളിൽനിന്നു മോചനവും കൃപാദാനങ്ങളും ഹൃദയംഗമമായ ഏറ്റുപറച്ചിലും കണ്ണുനീരും എല്ലാം പ്രാർത്ഥനയിലൂടെയാണ് വിശ്വാസികൾക്ക് ലഭ്യമാകുന്നതെന്ന് നമുക്ക് കാണുവാൻ സാധിക്കും. ഈ അനുഗ്രഹങ്ങൾ മാത്രമല്ല, ക്ഷമാപൂർവ്വമായ സഹനം, ആത്മാർത്ഥമായി നമ്മുടെ അയൽക്കാരനു മാപ്പു നൽകൽ, ആത്മീയനിയമത്തെക്കുറിച്ചുള്ള അറിവ്, ദൈവത്തിന്റെ നീതി തിരിച്ചറിയൽ, പരിശുദ്ധാത്മാവിന്റെ വരദാനം, ദൈവം വിശ്വാസികൾക്ക് വാഗ്ദാനം ചെയ്ത ആത്മീയനിധികളുടെ പ്രദാനംചെയ്യൽ -ചുരുക്കത്തിൽ ആത്മാവിന്റെ ദൈവഛായാനുസൃതമുള്ള പ്രകാശിക്കൽ- തുടങ്ങി എല്ലാ നേട്ടങ്ങളും ലഭ്യമാകുന്നത് ദൈവകൃപയാലും പൂർണ്ണമായ വിനയത്തോടും സുസ്ഥിരമായ പ്രാർത്ഥനയോടുംകൂടി മനുഷ്യൻ തന്റെ മനസ്സിന്റെമേൽ ജാഗരൂകത പുലർത്തുമ്പോഴുളവാകുന്ന വിശ്വാസത്താലുമാണ്.

62. തന്റെ ഹൃദയം ശുദ്ധീകരിക്കാൻ ആഗ്രഹിക്കുന്ന ഒരുവനെ സംബന്ധിച്ചിടത്തോളം, തന്റെ ശത്രുക്കൾക്കെതിരെ നിരന്തരമായി കർത്താവായ യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കാൻ സാധിക്കുന്നത് യഥാർത്ഥത്തിൽ ഒരു വലിയ അനുഗ്രഹമാണെന്ന് അനുഭവത്തിൽ നിന്നും നാം പഠിച്ചുകഴിഞ്ഞു. അനുഭവത്തിൽനിന്നു ഞാൻ പഠിച്ച ഈ കാര്യം വിശുദ്ധഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നത് ശ്രദ്ധിക്കുക: 'അല്ലയോ ഇസ്രായേലേ, നിന്റെ ദൈവമായ കർത്താവിന്റെ നാമം വിളിച്ചുകേഴാൻ തയ്യാറായിക്കൊള്ളുക' (ആമോ 4:12). അപ്പോസ്തോലൻ ഇങ്ങനെ പറയുന്നു: 'ഇടവിടാതെ പ്രാർത്ഥിക്കുവിൻ' (1 തെസ 5:17). നമ്മുടെ കർത്താവ് പറയുന്നത് ഇങ്ങനെയാണ്: 'എന്നെക്കൂടാതെ നിങ്ങൾക്ക് യാതൊന്നും ചെയ്യാനാകില്ല'. 'ഒരുവൻ എന്നിലും ഞാൻ അവനിലും വസിക്കുകയാണെങ്കിൽ അവൻ ധാരാളം ഫലം പുറപ്പെടുവിക്കും'; വീണ്ടും, 'എന്നിൽ വസിക്കാത്തവൻ മുറിച്ച ശാഖ

www.malankaralibrary.com

പോലെ പുറത്തെറിയപ്പെടുന്നു' (യോഹ 15:5,6). പ്രാർത്ഥന മഹത്തായ ഒരു അനുഗ്രഹമാണ്. അത് മറ്റെല്ലാ അനുഗ്രഹങ്ങളെയും ഉൾക്കൊള്ളുന്നു. എന്തെന്നാൽ അത്, ഹൃദയത്തെ ശുദ്ധീകരിക്കുന്നു. ശുദ്ധീകരിക്കപ്പെട്ട തന്റെ ഹൃദയത്തിൽ വിശ്വാസി ദൈവത്തെ കാണുന്നു.

63. പ്രകൃത്യാ നമുക്ക് ഉയർച്ച നല്കുകയും ദൈവത്താൽ സ്നേഹിക്കപ്പെടുകയും, തിന്മയും ദൈവവിരുദ്ധവുമായി നമ്മിലുള്ളവയെ നശിപ്പിക്കുകയും ചെയ്യുന്നതാണ് വിനയം. ഇക്കാരണത്താൽ വിനയം നേടുക എളുപ്പമല്ല. നിരവധി സദ്ഗുണങ്ങൾ പരിശീലിക്കുന്ന ഒരുവനെ നിങ്ങൾക്ക് വേഗം കണ്ടെത്താനാകും. എന്നാൽ നിങ്ങൾ എത്ര അന്വേഷിച്ചാലും വിനയത്തിന്റെ സുഗന്ധം അയാളിൽ നിറഞ്ഞു നിൽക്കുന്നതായി കാണുക പ്രയാസമാണ്. കഠിനാദ്ധ്വാനത്തിലൂടെ മാത്രം നേടാൻ കഴിയുന്ന ഒന്നാണ് വിനയം. വിശുദ്ധഗ്രന്ഥം സാത്താനെ വിളിക്കുന്നത് 'അശുദ്ധൻ' എന്നാണ്. കാരണം, ആരംഭം മുതൽക്കു തന്നെ അവൻ വിനയം ഉപേക്ഷിക്കുകയും അഹന്തയെ സ്വീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതിനാൽ വിശുദ്ധഗ്രന്ഥത്തിലുടനീളം 'അശുദ്ധാത്മാവ്' എന്നാണ് അവനെപ്പറ്റി പറഞ്ഞിരിക്കുന്നത്. ശരീരമില്ലാത്ത, മാംസവും ഭാരവുമില്ലാത്ത ഒരുവനും ശാരീരികമായ അശുദ്ധിയുണ്ടാകയില്ലല്ലോ. അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് അവൻ അശുദ്ധനെന്ന് വിളിക്കപ്പെടുന്നത്: തീർച്ചയായും അവൻ അശുദ്ധനെന്നു വിളിക്കപ്പെടുവാനുള്ള കാരണം അവന്റെ അഹന്തയാണ്; ഒരുകാലത്ത് പരിശുദ്ധനും പ്രഭാപൂർണ്ണനുമായ മാലാഖയായിരുന്ന അവൻ അഹന്തയിലൂടെ അശുദ്ധനായിത്തീർന്നു. 'അഹങ്കാരിയായ ഏതൊരാളും ദൈവത്തിന്റെ മുമ്പാകെ അശുദ്ധനാണ്' (സുഭാ 16:5); എന്തെന്നാൽ, ആദ്യത്തെ പാപം അഹങ്കാരമാണെന്ന് എഴുതപ്പെട്ടിരിക്കുന്നു (പ്രഭാ 10:13). 'ഞാൻ കർത്താവിനെ അറിയുന്നില്ല, ഇസ്രായേൽക്കാരെ വിട്ടയയ്ക്കുകയുമില്ല' (പുറ 5:2) എന്ന് ഫറവോ പറഞ്ഞതും അഹങ്കാരം മൂലമാണ്.

64. നമ്മുടെ രക്ഷ നാം ആഗ്രഹിക്കുന്നുവെങ്കിൽ, വിനയം എന്ന അനുഗ്രഹം നേടാനായി മനസ്സിന് ചെയ്യാൻ കഴിയുന്ന ഒരുപാട് കാര്യങ്ങളുണ്ട്. ഉദാഹരണത്തിന്, വാക്കിലും പ്രവൃത്തിയിലും ചിന്തയിലും നാം ചെയ്തുപോയിട്ടുള്ള പാപങ്ങളെക്കുറിച്ച് ഓർമ്മിക്കുക; ഇതുപോലെയുള്ള മറ്റു പലതിനെയുംകുറിച്ച് ഗാഢമായി ചിന്തിക്കുമ്പോഴും

www.malankaralibrary.com

നമ്മിൽ എളിമയുണ്ടാകുന്നു. നമ്മോടൊപ്പം കഴിയുന്ന മറ്റു സന്ന്യസ്തരുടെ നേട്ടങ്ങളെക്കുറിച്ചും അവർ നമ്മെക്കാൾ എത്രമാത്രം ഉയരത്തിൽ എത്തിയിരിക്കുന്നു എന്നതിനെക്കുറിച്ചും ദിവസേന ആലോചിക്കുന്നതിലൂടെയും നമുക്ക് എളിമയുണ്ടാകുന്നു. നമ്മുടെ സഹോദരന്മാർ നേടിയ പൂർണ്ണതയിൽനിന്നു നാം എത്ര അകലെയാണെന്നും, നാം നിസ്സാരരാണെന്നും നമ്മുടെ മനസ്സ് തിരിച്ചറിയുമ്പോൾ നാം നമ്മെത്തന്നെ പൊടിയും ചാരവുമായി കണക്കാക്കും, മനഷ്യനായിട്ടല്ല മറിച്ച്, ഒരു നായ്ക്കുട്ടിയായി നാം നമ്മെത്തന്നെ കാണും, നാം ഭൂമിയിലുള്ള എല്ലാ മനുഷ്യരെയുംകാൾ താഴ്ന്നവരും എല്ലാക്കാര്യത്തിലും ന്യൂനത ഉള്ളവരും ആണെന്ന് തിരിച്ചറിയും'.

65. ക്രിസ്തുവിന്റെ വക്താവും സഭയുടെ നെടുംതൂണുമായ മഹാനായ വിശുദ്ധ ബേസിൽ പറയുന്നത്, പാപം ചെയ്യാതിരിക്കാനും ഒരേ തെറ്റുകൾ നിത്യേന ആവർത്തിക്കാതിരിക്കാനുംവേണ്ടി ഓരോ ദിവസത്തിന്റെയും അവസാനം അതതു ദിവസം നാം ചെയ്ത തെറ്റിനെയും ശരിയെയും വിലയിരുത്തണമെന്നാണ്. തന്റെയും തന്റെ കുട്ടികളുടെയും കാര്യത്തിൽ ഇയ്യോബ് ഇങ്ങനെ ചെയ്തിരുന്നു (ഇയ്യോബ് 1:5). ദിവസേനയുള്ള ഇത്തരം കണക്കെടുപ്പുകൾ ഒരാളുടെ ഓരോ മണിക്കൂറിലെയും പെരുമാറ്റത്തെ വെളിപ്പെടുത്തുന്നു.

66. ദൈവികവിഷയങ്ങളിൽ ജ്ഞാനിയായ ഒരാൾ പറഞ്ഞിട്ടുള്ളത്, കായ്കൾ പൂക്കളിൽനിന്ന് ഉടലെടുക്കുന്നതുപോലെ സന്ന്യാസജീവിതം ആരംഭിക്കുന്നത് ആത്മനിയന്ത്രണത്തിൽനിന്നുമാണെന്നാണ്. അതിനാൽ ഉറച്ച തീരുമാനത്തോടെ, വിശുദ്ധപിതാക്കന്മാർ നമ്മെ പഠിപ്പിച്ചിട്ടുള്ള രീതിയിൽ നമുക്ക് ആത്മനിയന്ത്രണം ശീലിക്കാം. ദിവസം മുഴുവനും നമുക്ക് നമ്മുടെ മനസ്സിന് കാവലേർപ്പെടുത്താം. അങ്ങനെ ചെയ്യുന്നതിലൂടെ ദൈവസഹായത്താലും ബലപ്രയോഗത്താലും നമ്മുടെയുള്ളിലുള്ള ദുഷ്ടതയെ അമർച്ചചെയ്യാനും കുറയ്ക്കുവാനും നമുക്ക് സാധിക്കും. എന്തെന്നാൽ, സ്വർഗ്ഗരാജ്യം ലഭ്യമാകുന്ന ആത്മീയ ജീവിതത്തിന് കുറച്ചൊക്കെ ബലപ്രയോഗം ആവശ്യമാണ് (മത്താ 11:12).

67. നിർവ്വികാരതയും വിനയവും ആത്മീയജ്ഞാനത്തിലേക്കു നയിക്കുന്നു. ഇവ രണ്ടുമില്ലാതെ ആർക്കും ദൈവത്തെ കാണാനാവില്ല.

68. ആന്തരികജീവിതത്തിൽ ശ്രദ്ധാലുവായവൻ ആത്മസംയമനം നേടുന്നു. അവന് ധ്യാനിക്കുവാനും ദിവ്യസാന്നിദ്ധ്യം ദർശിക്കുവാനും

www.malankaralibrary.com

പ്രാർത്ഥിക്കുവാനും സാധിക്കും. 'ആത്മാവിന്റെ പ്രേരണയനുസരിച്ച് വ്യാപരിക്കുവിൻ, എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹങ്ങൾ നിവർത്തിക്കയില്ല' (ഗലാ 5:16) എന്നു പറയുന്നതിലൂടെ അപ്പോസ്തോലൻ ഉദ്ദേശിക്കുന്നതും ഇതുതന്നെ.

69. ആദ്ധ്യാത്മിക പാതയെക്കുറിച്ച് അറിവില്ലാത്ത ഒരാൾ തന്റെ വികാരാധീന ചിന്തകൾക്കെതിരെ ജാഗരൂകത പുലർത്തുന്നില്ല: നേരെ മറിച്ച് അയാൾ ശരീരത്തിനു കീഴ്പ്പെട്ടാണ് ജീവിക്കുന്നത്. അയാളൊരു തീറ്റക്കൊതിയനോ ദുർമാർഗ്ഗിയോ കോപവും വെറുപ്പും ഉള്ളിൽ കൊണ്ടുനടക്കുന്നവനോ ആയിരിക്കും. തത്ഫലമായി ഒന്നുകിൽ അയാൾ തന്റെ ബുദ്ധിയെ ഇരുളിലാഴ്ത്തുന്നു; അല്ലെങ്കിൽ അമിതമായ കഠിനതപശ്ചര്യകളിലൂടെ മനസ്സിനെ ചിന്താക്കുഴപ്പത്തിലാക്കുന്നു.

70. വിവാഹം, സമ്പത്ത്, മറ്റു ലൗകിക താല്പര്യങ്ങൾ എന്നിവ ഉപേക്ഷിച്ചിട്ടുള്ള ഒരാൾ ബാഹ്യമായി ഒരു സന്ന്യാസിയാണെന്ന് തോന്നിച്ചാലും ആന്തരികമായി അങ്ങനെയായിരിക്കണമെന്നില്ല. തന്റെ ഉള്ളിലെ വികാരങ്ങളെ പൂർണ്ണമായും തുടച്ചുമാറ്റിയ ഒരുവൻ മാത്രമാണ് യഥാർത്ഥ സന്ന്യാസി. ബാഹ്യമായി താനൊരു സന്ന്യാസിയാണെന്ന് തോന്നിക്കുക എളുപ്പമാണ്. എന്നാൽ ആന്തരികമായി ഒരു സന്ന്യാസിയായിത്തീരണമെങ്കിൽ കഠിനപരിശ്രമം നടത്തേണ്ടതുണ്ട്.

71. വികാരങ്ങളിൽനിന്ന് പൂർണ്ണമായി മോചനം നേടിയവരും, അചഞ്ചലവും പരിശുദ്ധവുമായ ആത്മീയപ്രാർത്ഥന നടത്താൻ കഴിവുള്ളവരുമായി ഈ തലമുറയിൽ ആരുണ്ട്? എങ്കിലും യഥാർത്ഥ സന്ന്യാസിയുടെ അടയാളങ്ങൾ ഇതുതന്നെയാണ്.

72. പല വികാരങ്ങളും ആത്മാവിനുള്ളിൽ മറഞ്ഞിരിക്കുന്നു; അവയുടെ കാരണങ്ങൾ വെളിവാക്കപ്പെടുമ്പോൾ മാത്രമാണ് അവയെ നമുക്ക് തിരിച്ചറിയാനാവുന്നത്.

73. നിങ്ങളുടെ സമയം മുഴുവനും ശരീരത്തിനുവേണ്ടി മാറ്റിവയ്ക്കരുത്. അതിന്റെ ശക്തിക്ക് അനുയോജ്യമായ തപശ്ചര്യകൾ പരിശീലിക്കുകയും നിങ്ങളുടെ മനസ്സിനെ ആന്തരികജീവിതത്തിലേക്ക് തിരിക്കുകയും ചെയ്യുക. 'ശാരീരികമായ കഠിനതപശ്ചര്യകൾക്ക് വളരെ പരിമിതമായ പ്രയോജനമേയുള്ളൂ. എന്നാൽ യഥാർത്ഥമായ ഭക്തി എല്ലാ കാര്യത്തിലും പ്രയോജനം ചെയ്യും' (1 തിമോ 4:8).

www.malankaralibrary.com

74. നമ്മുടെയുള്ളിൽ വികാരങ്ങൾ നിർജ്ജീവമാകുമ്പോൾ നാം അഹങ്കാരികളാകാൻ സാദ്ധ്യതയുണ്ട്; എന്നാൽ വികാരങ്ങളുടെ മൂലകാരണങ്ങൾ ഇല്ലായ്മ ചെയ്യപ്പെട്ടതിനാലാണോ, അതോ നമ്മെ ചതിക്കുവാനായി പിശാച് മനഃപൂർവ്വം പിൻവാങ്ങുന്നതിനാലാണോ ഇങ്ങനെ സംഭവിച്ചതെന്ന് നമുക്ക് അറിയാൻ കഴിയുന്നില്ല.

75. എളിമയും കഠിനമായ തപശ്ചര്യയും ഒരുവനെ എല്ലാ പാപങ്ങളിൽനിന്നും മോചിപ്പിക്കുന്നു. എന്തെന്നാൽ, വിനയം ആത്മാവിൽ നിന്നും, വ്രതചര്യകൾ ശരീരത്തിൽനിന്നും വികാരങ്ങളെ വിച്ഛേദിക്കുന്നു. ഇക്കാരണത്താലാണ് കർത്താവ് ഇങ്ങനെ പറഞ്ഞിരിക്കുന്നത്: 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർ ദൈവത്തെ കാണും' (മത്താ 5:8). സ്നേഹത്തിലൂടെയും ആത്മനിയന്ത്രണത്തിലൂടെയും ശുദ്ധീകരിക്കപ്പെട്ടുകഴിയുമ്പോൾ അവർ ദൈവത്തെയും അവിടുന്നിലുള്ള സമ്പദ്സമൃദ്ധിയെയും കാണും; അവരുടെ പരിശുദ്ധി എത്ര അധികമാണോ അത്രയുമധികം അവർക്കു അത് ദർശിക്കാൻ കഴിയും.

76. ദാവീദിന്റെ കാവൽക്കാരൻ ഹൃദയശുദ്ധീകരണത്തെയാണ് സൂചിപ്പിക്കുന്നത്; എന്തെന്നാൽ, നമ്മുടെ ആത്മീയജീവിതത്തെയാകമാനം നിരീക്ഷിക്കാൻ കഴിയുന്ന ഒരു കാവൽഗോപുരമാണ് മനസ്സിന്റെ മേലുള്ള ജാഗരൂകത (2 ശമു 18:24).

77. ഇന്ദ്രിയങ്ങളുടെ ലോകത്തിൽ, ദോഷകരമായ കാഴ്ചകൾ കാണുന്നതുവഴി നമുക്ക് അപകടം സംഭവിക്കുന്നതുപോലെ, മനസ്സിന്റെ ലോകത്തും സംഭവിക്കാം.

78. ഒരു ചെടിയുടെ കാമ്പിനു മുറിവേല്പിക്കുന്നവൻ ചെടി മുഴുവനും കരിച്ചുകളയുന്നു; അതുപോലെതന്നെ, പാപം ഒരു മനുഷ്യന്റെ ഉൾക്കാമ്പിൽ മുറിവേല്പിച്ചാൽ അതു മുഴുവനായും നശിച്ചുപോകുന്നു. അത്തരം നിമിഷങ്ങളുടെമേൽ നാം സദാ ജാഗരൂകരായിരിക്കണം. എന്തെന്നാൽ, ആക്രമണകാരികൾ എപ്പോഴും സന്നദ്ധരാണ്.

79. കല്പനകൾ പൂർത്തീകരിക്കുകയെന്നത് ഒരു കടമയും, അതേസമയം പുത്രത്വം എന്നത് തന്റെ രക്തത്തിലൂടെ അവിടുന്ന് മനുഷ്യനു നല്കിയ ഒരു ദാനവുമാണെന്ന് കാണിക്കുവാൻ ആഗ്രഹിച്ചുകൊണ്ട്

www.malankaralibrary.com

കർത്താവ് ഇങ്ങനെ പറഞ്ഞു: 'നിങ്ങളോട് കല്പിക്കപ്പെട്ടിട്ടുള്ള തെല്ലാം ചെയ്തുകഴിയുമ്പോൾ ഇങ്ങനെ പറയുക: ഞങ്ങൾ അയോഗ്യരായ ഭൃത്യന്മാരാണ്; ഞങ്ങൾ ഞങ്ങളുടെ കടമ നിർവഹിക്കുക മാത്രമാണ് ചെയ്തത്' (ലൂക്കോ 17:10). സ്വർഗ്ഗരാജ്യം നമ്മുടെ പ്രവൃത്തികൾക്കുള്ള പ്രതിഫലമല്ല, മറിച്ച് യജമാനൻ തന്റെ വിശ്വസ്തരായ ഭൃത്യർക്കു നല്കുന്ന വരദാനമാണ്. ഒരു അടിമയ്ക്ക് സ്വാതന്ത്ര്യം പ്രതിഫലമായി ആവശ്യപ്പെടാൻ കഴിയില്ല; മറിച്ച്, മറ്റൊരാൾക്ക് കടപ്പെട്ടിരിക്കുന്നവൻ എന്ന നിലയ്ക്ക് അവൻ കൃതജ്ഞത അർപ്പിക്കുകയും, ഒരു ദാനമായി സ്വാതന്ത്ര്യം സ്വീകരിക്കുകയും ചെയ്യുന്നു.

80. 'നമ്മുടെ പാപങ്ങൾക്കുവേണ്ടിയാണ് ക്രിസ്തു മരിച്ചതെന്ന് വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു' (1 കൊരി 15:3). അവനെ സേവിക്കുന്നവർക്ക് അവൻ സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നു. അവിടുന്ന് പറയുന്നു: 'കൊള്ളാം, നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, അല്പ കാര്യങ്ങളിൽ വിശ്വസ്തനായിരുന്നതിനാൽ അനേകകാര്യങ്ങൾ നിന്നെ ഞാൻ ഭരമേല്പിക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു നീ പ്രവേശിക്കുക' (മത്താ 25:21). സിദ്ധാന്തപരമായ അറിവിനെ മാത്രം ആശ്രയിക്കുന്ന ഒരാൾ വിശ്വസ്തനായ പരിചാരകനല്ല, ക്രിസ്തുവിന്റെ കല്പനകൾ അനുസരിക്കുന്നതിലൂടെ അവനിലുള്ള തന്റെ വിശ്വാസം തെളിയിക്കുന്നവനാണ് വിശ്വസ്തനായ പരിചാരകൻ.

81. കർത്താവിനെ ബഹുമാനിക്കുന്നവൻ അവിടുത്തെ ആജ്ഞ അനുസരിക്കുന്നു. അവൻ പാപം ചെയ്യുകയോ അനുസരണക്കേട് കാണിക്കുകയോ ചെയ്യുമ്പോൾ, അതിന്റെ ഫലമായി സംഭവിക്കുന്നതെല്ലാം താൻ അർഹിക്കുന്നു എന്ന ബോദ്ധ്യത്തോടെ അവൻ ക്ഷമാപൂർവ്വം സ്വീകരിക്കുന്നു. നീ യഥാർത്ഥ അറിവിനെ സ്നേഹിക്കുന്നുവെങ്കിൽ, സന്ന്യാസജീവിതത്തിന് നിന്നെത്തന്നെ സമർപ്പിക്കുക; എന്തെന്നാൽ, കേവലം സിദ്ധാന്തപരമായ അറിവ് ഒരുവനെ അഹങ്കാരിയാക്കുന്നു (1 കൊരി 8:1).

82. അപ്രതീക്ഷിതമായ പരീക്ഷണങ്ങൾ സന്ന്യാസജീവിതത്തെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്നതിനുവേണ്ടി ദൈവം അയയ്ക്കുന്നവയാണ്.

83. പ്രകാശം നക്ഷത്രത്തിന്റെ സവിശേഷതയാണ്; ലാളിത്യവും വിനയവും, ദൈവഭയവും വിശുദ്ധിയുമുള്ള ഒരുവന്റെ സവിശേഷ

www.malankaralibrary.com

തയാണ്. എളിയ മനസ്സും ലളിതമായ ജീവിതരീതിയുംപോലെ ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളെ വെളിപ്പെടുത്തുന്ന മറ്റൊന്നുമില്ല. നാല് സുവിശേഷങ്ങളും ഉച്ചത്തിൽ പ്രഘോഷിക്കുന്നത് ഇതുതന്നെയാണ്. അഗാധമായ എളിമയോടെ ജീവിക്കാത്തവർ, 'മരണംവരെ, കുരിശുമരണംവരെ തന്നെത്തന്നെ താഴ്ത്തിയവനും' (ഫിലി 2:8) പരിശുദ്ധ സുവിശേഷത്തിന്റെ യഥാർത്ഥ നിയമദാതാവുമായവന്റെ അവകാശത്തിൽനിന്ന് വിച്ഛേദിക്കപ്പെട്ടിരിക്കുന്നു.

84. ദാഹിക്കുന്നവൻ ജലാശയത്തിലേക്ക് പോകണമെന്ന് പറയപ്പെടുന്നു (യെശയ്യ 55:1). ദൈവത്തിനുവേണ്ടി ദാഹിക്കുന്നവർ മനസ്സിന്റെ ശുദ്ധതയിൽ ചരിക്കണം. എന്നാൽ അത്തരം പരിശുദ്ധിയിലൂടെ ഉന്നതങ്ങളിലെത്തുന്ന ഒരുവൻ എല്ലായ്പ്പോഴും ദൃഷ്ടികളിലൊന്ന് തന്റെ താഴ്മയുടെയും ലാളിത്യത്തിന്റെയും ഭൂമിയിൽ പതിപ്പിക്കണം. എന്തെന്നാൽ, എളിമയുള്ളവനോളം ഉയർത്തപ്പെടുന്ന മറ്റാരുമില്ല. പ്രകാശമില്ലാത്തപ്പോൾ എല്ലാ വസ്തുക്കളും ഇരുണ്ടു കാണപ്പെടുന്നതുപോലെ, എളിമയുടെ അഭാവത്തിൽ ദൈവത്തെ സന്തോഷിപ്പിക്കാനുള്ള നമ്മുടെ പരിശ്രമങ്ങളെല്ലാം വ്യർത്ഥവും നിഷ്ഫലവുമായിത്തീരുന്നു.

85. ഈ പറഞ്ഞതിന്റെയെല്ലാം സാരം നമുക്ക് ശ്രവിക്കാം; 'ദൈവത്തെ ഭയപ്പെടുകയും അവിടുത്തെ കല്പനകൾ പാലിക്കുകയും ചെയ്യുക' (പ്രഭാ 12:13). മനസ്സും ഇന്ദ്രിയങ്ങളും അനുസരിക്കേണ്ടതാണ് ഈ നിയമം. മനസ്സിന്റെ തലത്തിൽ കല്പനകൾ അനുസരിക്കാൻ ബലമായി ശ്രമിച്ചാൽ ഇന്ദ്രിയങ്ങളെ സംബന്ധിച്ചവ പാലിക്കാൻ നിങ്ങൾക്കു അധികം ബദ്ധപ്പെടേണ്ടിവരില്ല. ദാവീദ് പ്രവാചകൻ ഇങ്ങനെ പറയുന്നു: 'അങ്ങയുടെ ഹിതവും അങ്ങയുടെ നിയമവും എന്റെ അന്തരംഗത്ത് നടപ്പിലാക്കാൻ ഞാൻ ആഗ്രഹിച്ചു' (സങ്കീ 40:8).

86. ദൈവത്തിന്റെ ഹിതവും നിയമവും 'തന്റെ അന്തരംഗത്തിൽ', അതായത് ഹൃദയത്തിൽ നിവൃത്തിയാക്കാൻ ഒരാൾക്കു കഴിയുന്നില്ലെങ്കിൽ, അവ തന്റെ ഇന്ദ്രിയങ്ങളടങ്ങുന്ന ബാഹ്യപ്രകൃതിയിലും നിവൃത്തിയാക്കാൻ അയാൾക്കു കഴിയില്ല. ശ്രദ്ധയും ജാഗ്രതയുമില്ലാത്ത ഒരുവൻ ദൈവത്തോട് ഇങ്ങനെ പറയും: 'എനിക്ക് അങ്ങയുടെ വഴികൾ അറിയണമെന്നില്ല' (ഇയ്യോബ് 21:14), അതിനു കാരണം അവന് ദൈവികമായ വെളിച്ചം ലഭിച്ചിട്ടില്ലെന്നതാണ്. ആ

www.malankaralibrary.com

വെളിച്ചത്തിൽ പങ്കാളിയായ ഒരാൾ ആത്മവിശ്വാസത്തോടെയും സ്ഥൈര്യത്തോടെയും ദൈവികവിഷയങ്ങളിൽ തല്പരനായിരിക്കും.

87. അപ്പത്തിനും മറ്റ് ഭക്ഷണസാധനങ്ങൾക്കും രുചി വർദ്ധിപ്പിക്കാനും ചിലതരം മാംസാഹാരങ്ങൾ കേടുകൂടാതെ സൂക്ഷിക്കുവാനും ഉപ്പ് സഹായിക്കുന്നതുപോലെ, മനസ്സിനെ ജാഗ്രതയോടെ കാത്തുപാലിക്കുന്നതിൽനിന്നും ഉത്ഭവിക്കുന്ന ആത്മീയതയുടെ മാധുര്യവും അത്ഭുതശക്തിയും ഇതേ ഫലം ചെയ്യുന്നു. ദുശ്ചിന്തകളുടെ ദുർഗന്ധം അകറ്റി സദ്ചിന്തകളിൽ നമ്മെ അവിരാമം നിലനിർത്തിക്കൊണ്ട്, ബാഹ്യവും ആന്തരികവുമായ വ്യക്തിത്വം മധുരമുള്ളതായിത്തീരാൻ ദിവ്യമായ വിധത്തിൽ അത് സഹായിക്കുന്നു.

88. നമ്മുടെ പല ചിന്തകളുടെയും ഉത്ഭവം പൈശാചികമായ പ്രലോഭനങ്ങളിൽനിന്നാണ്; അവയിൽനിന്ന് ദുഷിച്ച പ്രവൃത്തികൾ ഉളവാകുന്നു. യേശുവിന്റെ സഹായത്തോടെ അത്തരം ചിന്തകളെ ആട്ടിയോടിക്കാൻ നമുക്കു കഴിഞ്ഞാൽ ദുഷിച്ച ബാഹ്യപ്രവൃത്തികളെ ആട്ടിയോടിക്കാനും നമുക്ക് കഴിയും. ദിവ്യമായ ആത്മീയജ്ഞാനത്തിന്റെ മാധുര്യത്തിലൂടെ നമ്മെത്തന്നെ സമ്പന്നരാക്കാനും എല്ലായിടത്തും സന്നിഹിതനായ ദൈവത്തെ ദർശിക്കാനും നമുക്കു കഴിയും. മനസ്സിന്റെ കണ്ണാടി ദൈവത്തിന് അഭിമുഖമായി പിടിക്കുമ്പോൾ, തെളിഞ്ഞ ചില്ല് സൂര്യരശ്മി ഏറ്റാലെന്നവണ്ണം നമ്മുടെ ഹൃദയം വെട്ടിത്തിളങ്ങും. ആഗ്രഹങ്ങളുടെ പൂർത്തിയിലെത്തുമ്പോൾ നമ്മുടെ മനസ്സ് മറ്റെല്ലാ ചിന്തയും ഉപേക്ഷിച്ച് ദൈവത്തിൽ അഭയം തേടും.

89. ഓരോ ചിന്തയും ഏതെങ്കിലുമൊരു വസ്തുവിന്റെ രൂപത്തിലാണ് നമ്മുടെ ഹൃദയത്തിൽ പ്രവേശിക്കുന്നത്. അതിനാൽ, ദൈവാനുഗ്രഹത്തിന്റെ പ്രകാശം നമ്മുടെ ഹൃദയത്തിൽ പതിയണമെങ്കിൽ എല്ലാ രൂപഭാവങ്ങളും ഒഴിഞ്ഞുപോയി ഹൃദയം പരിപൂർണ്ണ ശൂന്യമായിരിക്കണം. യഥാർത്ഥത്തിൽ എല്ലാ സങ്കല്പങ്ങളിൽനിന്നും മനസ്സ് ശുദ്ധമാകുന്നതിനനുസരിച്ചാണ് നിർമ്മലമായ മനസ്സിന് പ്രകാശം തന്നെത്തന്നെ വെളിപ്പെടുത്തുന്നത്.

90. നിങ്ങളുടെ മനസ്സിന്റെ കാര്യത്തിൽ നിങ്ങൾ എത്രമാത്രം ശ്രദ്ധാലുവാകുന്നുവോ, ക്രിസ്തുവിനോടുള്ള പ്രാർത്ഥനയിൽ നിങ്ങൾക്ക് അത്രമാത്രം താല്പര്യമുണ്ടായിരിക്കും; എന്നാൽ

www.malankaralibrary.com

നിങ്ങളുടെ മനസ്സിനെ എത്രമാത്രം അശ്രദ്ധമായിട്ടാണോ നിങ്ങൾ കണക്കാക്കുന്നത്, ക്രിസ്തുവിൽനിന്നു നിങ്ങൾ അത്രമാത്രം അകന്നു പോവുകയും ചെയ്യും. പൂർണ്ണമായ ശ്രദ്ധ മനസ്സിനെ പ്രകാശിപ്പി ക്കുന്നതുപോലെതന്നെ, ശ്രദ്ധയില്ലായ്മയും ക്രിസ്തുവിനോടുള്ള പ്രാർത്ഥനയിലെ താല്പര്യക്കുറവും മനസ്സിനെ പൂർണ്ണ ഇരുട്ടി ലാഴ്ത്തുന്നു. ഇതെല്ലാം സ്വാഭാവികമായി സംഭവിക്കുന്ന കാര്യ ങ്ങളാണ്; പരിശീലിച്ചു നോക്കിയാൽ നിങ്ങൾക്ക് അത് അനുഭവിക്കാൻ കഴിയും. എന്തെന്നാൽ പ്രകാശത്തെ ഉല്പാദിപ്പിക്കുന്ന അനുഗൃഹീത പ്രവർത്തനം ഒഴികെയുള്ള എല്ലാ സദ്ഗുണങ്ങളും അനുഭവത്തിലൂടെ മനസ്സിലാക്കാവുന്നതാണ്.

91. മാധുര്യപൂർണ്ണമായ ആഗ്രഹത്തോടെ യേശുവിനെ അനവരതം വിളിച്ചപേക്ഷിക്കുകയെന്നാൽ, ഹൃദയത്തെ അതിന്റെ ജാഗരൂകതയിൽ സന്തോഷത്താലും ശാന്തതയാലും നിറയ്ക്കുകയെന്നാണ് അർത്ഥ മാക്കുന്നത്. എന്നാൽ ഹൃദയത്തെ പൂർണ്ണമായി ശുദ്ധീകരിക്കുന്നത്, എല്ലാ അനുഗ്രഹങ്ങളുടെയും കാരണവും സ്രഷ്ടാവും ദൈവപുത്രനും സ്വയം ദൈവവുമായ യേശുക്രിസ്തുവാണ്; എന്തെന്നാൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'സമാധാനം സ്ഥാപിക്കുന്ന ദൈവമാണ് ഞാൻ' (യെശ 45:7).

92. ക്രിസ്തുവിൽനിന്ന് അനുഗ്രഹങ്ങളും മാധുര്യവും സ്വീകരി ക്കുന്ന ആത്മാവ് തികഞ്ഞ ആനന്ദത്തോടെയും സ്നേഹത്തോടെയു മാണ് അവിടുത്തേക്ക് പ്രതിനന്ദി അർപ്പിക്കുന്നത്. തനിക്ക് സമാധാനം പ്രദാനം ചെയ്യുന്നവനെ അവൾ സന്തോഷത്തോടെയും കൃതജ്ഞത യോടെയും വിളിച്ചപേക്ഷിക്കുന്നു. ഒപ്പം, തന്റെയുള്ളിൽ കടന്നു കയറിയിരിക്കുന്ന സാത്താന്റെ സങ്കല്പങ്ങളെ അവൻ നശിപ്പിക്കുന്നത് ആത്മാവ് മനസ്സിന്റെ കണ്ണുകളിലൂടെ കാണുകയും ചെയ്യുന്നു.

93. ദാവീദ് പ്രവാചകൻ പറയുന്നു: 'എന്റെ ആത്മീയനയനങ്ങൾ എന്റെ ആത്മീയശത്രുക്കളെ കണ്ടിരിക്കുന്നു, തങ്ങളുടെ തിന്മയാൽ എനിക്ക് എതിരെ ഉയർന്നുവരുന്നവരെ കുറിച്ച് എന്റെ കാതുകൾ കേൾക്കുകയും ചെയ്യും' (സങ്കീ 92:11); വീണ്ടും 'ദൈവം പാപികൾ ക്കുള്ള പ്രതിഫലം നൽകുന്നത് ഞാൻ എന്റെ ഉൾക്കണ്ണുകൊണ്ട് കണ്ടിരിക്കുന്നു' (സങ്കീ 91:8). ഹൃദയത്തിൽ സാത്താന്റെ ഭാവനകളോ സാങ്കല്പികരൂപങ്ങളോ ഇല്ലാതിരിക്കുമ്പോൾ മനസ്സ് സ്വാഭാവി

www.malankaralibrary.com

കതയിൽ അധിഷ്ഠിതമായിരിക്കുകയും, ദൈവികവും ആനന്ദകരവും ആത്മീയവുമായ എന്തിനേയുംകുറിച്ച് ഗാഢമായി ചിന്തിക്കാൻ തയ്യാറാവുകയും ചെയ്യും.

94. ജാഗ്രതയും യേശുവിനോടുള്ള പ്രാർത്ഥനയും പരസ്പരം ശക്തിപ്പെടുത്തുന്ന ഘടകങ്ങളാണ്; അതീവജാഗ്രത നിരന്തരമായ പ്രാർത്ഥനയോട് ചേർന്നു പോകുമ്പോൾ, പ്രാർത്ഥന ഏകാഗ്രത യോടും മനസ്സിന്റെ ജാഗരൂകതയോടും ചേർന്നുപോകുന്നു.

95. മരണത്തെക്കുറിച്ച് നിരന്തരമായി ഓർമ്മിക്കുന്നത് ശരീര ത്തിനും ആത്മാവിനും ഗുണം ചെയ്യും. നമുക്കും മരണത്തിനുമിടയി ലുള്ള എല്ലാത്തിനെയും അവഗണിച്ചുകൊണ്ട് നാം മരണത്തെ ദർശിക്കണം; നമ്മുടെ മരണക്കിടക്കയെക്കുറിച്ചും അതുമായി ബന്ധപ്പെട്ട എല്ലാറ്റിനെയും കുറിച്ചും ഓർമ്മിക്കണം.

96. നിങ്ങൾക്ക് മുറിവ് ഏല്ക്കരുത് എന്ന് ആഗ്രഹമുണ്ടെങ്കിൽ ഉറക്കത്തിന് അടിമയാകാതിരിക്കുക; നിങ്ങൾക്ക് തിരഞ്ഞെടുക്കാൻ രണ്ടു മാർഗ്ഗങ്ങളേയുള്ളൂ, ഒന്ന്, എല്ലാ സദ്ഗുണങ്ങളും നഷ്ടപ്പെട്ട്, അധഃപതനം സംഭവിച്ച് നാശമടയുക; അല്ലെങ്കിൽ, മനസ്സിന്റെ ആയുധ മേന്തി, എല്ലാ അപകടങ്ങളെയും അതിജീവിച്ച് സ്ഥൈര്യത്തോടെ നിൽക്കുക. ശത്രുവും അവന്റെ സൈന്യവും എപ്പോഴും യുദ്ധത്തിനു തയ്യാറാണെന്ന് ഓർമ്മിക്കണം.

97. ആത്മീയമായ പ്രാർത്ഥനയും അഥവാ ജാഗരൂകതയും കഠിനാദ്ധ്വാനവും നാം അവഗണിക്കുന്നില്ലെങ്കിൽ, നമ്മുടെ കർത്താ വായ യേശുക്രിസ്തുവിനെ നിരന്തരം വിളിച്ചപേക്ഷിക്കുകയും അനുസ്മരിക്കുകയും ചെയ്യുന്നതിലൂടെ ദൈവദത്തമായ ഒരു സമതുലിതാവസ്ഥ നമ്മുടെ മനസ്സിൽ ഉളവാക്കപ്പെടുന്നു. നമ്മുടെ യഥാർത്ഥ കർത്തവ്യവും അതിന്റെ പൂർത്തീകരണവും എല്ലായ് പ്പോഴും ഒന്നുതന്നെ: അതായത് നമ്മുടെ കർത്താവായ യേശുക്രിസ്തു വിന്റെ പരിശുദ്ധ നാമം നമുക്കായി മാദ്ധ്യസ്ഥം വഹിക്കുന്നതിനു വേണ്ടി, എരിയുന്ന ഹൃദയത്തോടെ അവിടുത്തെ വിളിച്ചപേക്ഷിക്കുക. തിന്മയുടെ കാര്യത്തിലെന്നതുപോലെ നന്മയുടെ കാര്യത്തിലും സ്ഥിരമായ അഭ്യാസമാണ് ശീലങ്ങളുടെ മാതാവ്; ശീലമായി ക്കഴിഞ്ഞാൽ അത് സ്വാഭാവികമായും നമ്മളെ നിയന്ത്രിച്ചുകൊള്ളും. സമതുലിതാവസ്ഥയിലെത്തിയ മനസ്സ്, പൊന്തക്കാട്ടിൽ ഒളിച്ചിരി

www.malankaralibrary.com

ക്കുന്ന കാട്ടുമുയലിനെ തിരയുന്ന വേട്ടപ്പട്ടിയെപ്പോലെ തന്റെ ശത്രുക്കളെ തിരഞ്ഞുകൊള്ളും. എന്നാൽ വേട്ടപ്പട്ടികൾ ഭക്ഷണത്തിനു വേണ്ടിയും, മനസ്സ് ശത്രുക്കളെ നശിപ്പിക്കാൻവേണ്ടിയുമാണ് തിരയുന്നതെന്നു മാത്രം.

98. എപ്പോഴൊക്കെ നമ്മുടെയുള്ളിൽ ദുഷിച്ച ചിന്തകളുണ്ടാകുന്നുവോ അപ്പോഴൊക്കെ നാം യേശുവിനെ വിളിച്ചപേക്ഷിക്കണം. അനുഭവത്തിൽനിന്ന് നമുക്കറിയാവുന്നതുപോലെ, വായുവിൽ പുകപടലങ്ങളെന്നതുപോലെ ദുഃശ്ചിന്തകൾ ഒരൊറ്റ നിമിഷംകൊണ്ട് അലിഞ്ഞുപോകുമെന്ന് നമുക്ക് കാണാനാകും. അവ അപ്രത്യക്ഷമായിക്കഴിഞ്ഞാൽ മനസ്സിന് വീണ്ടും അതിന്റെ ജാഗ്രതയും പ്രാർത്ഥനയും തുടരാവുന്നതാണ്. അശ്രദ്ധരാകുന്ന ഓരോ പ്രാവശ്യവും നാം ഇതുതന്നെ ചെയ്യേണ്ടിയിരിക്കുന്നു.

99. ആയുധങ്ങൾ ഇല്ലാതെ യുദ്ധംചെയ്യാനോ വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് ഒരു വലിയ കടലിൽ നീന്താനോ ശ്വാസോച്ഛ്വാസം കൂടാതെ ജീവിച്ചിരിക്കാനോ സാദ്ധ്യമല്ലാത്തതുപോലെ എളിമയും ക്രിസ്തുവിനോടുള്ള നിരന്തരമായ പ്രാർത്ഥനയുമില്ലാതെ ആന്തരികമായ യുദ്ധത്തിൽ സാമർത്ഥ്യം നേടാനോ വൈദഗ്ദ്ധ്യപൂർവ്വം അതിനെ തുരത്താനോ സാധിക്കുകയില്ല.

100. ആത്മീയാചാര്യനായ ദാവീദ് കർത്താവിനോട് ഇങ്ങനെ പറഞ്ഞു: 'എന്റെ ശക്തി ഞാൻ അങ്ങയിലൂടെ സംരക്ഷിക്കും' (സങ്കീ 58:9). എല്ലാ സദ്ഗുണങ്ങളുടെയും മാതാവായ ഹൃദയ ഏകാഗ്രതയുടെ ശക്തി നമ്മിൽ കാത്തുസംരക്ഷിക്കപ്പെടുന്നത് കർത്താവിന്റെ സഹായത്തോടെയാണ്. എന്തെന്നാൽ, അവിടുന്ന് നമുക്ക് കല്പനകൾ നല്കിയിരിക്കുന്നു, നാം അവിരാമം അവിടുത്തെ വിളിച്ചപേക്ഷിക്കുമ്പോൾ, ജലം അഗ്നിയെ കെടുത്തുന്നതുപോലെ നമ്മുടെ ഹൃദയ ഏകാഗ്രതയെ നശിപ്പിക്കുന്ന ദുഷിച്ച മറവിയെ അവിടുന്ന് തുരത്തിക്കൊള്ളും. അതിനാൽ, ഹേ സന്ന്യാസി, നിങ്ങളുടെ അവജ്ഞ മൂലം 'മരണം വരെ ഉറങ്ങാൻ' ഇടവരരുത് (സങ്കീ 13:3). ക്രിസ്തുവിന്റെ നാമത്താൽ ശത്രുവിനെ അടിച്ചോടിക്കുക; ഒരു ജ്ഞാനി പറഞ്ഞിട്ടുള്ളതുപോലെ, ക്രിസ്തുവിന്റെ നാമം നിങ്ങളുടെ പ്രാണവായുവിൽ അലിഞ്ഞുചേരട്ടെ അപ്പോൾ ഏകാഗ്രതയുടെ അനുഗ്രഹങ്ങൾ നിങ്ങൾ സ്വായത്തമാക്കും.

www.malankaralibrary.com

101. നാം, ഭയചകിതരും വിറയലാൽ ഗ്രസിക്കപ്പെട്ടവരും അയോഗ്യരുമായിരിക്കുമ്പോൾപോലും, നമ്മുടെ രാജാവും ദൈവവുമായ ക്രിസ്തുവിന്റെ ദിവ്യവും പരിശുദ്ധവുമായ രഹസ്യാത്മകതകൾ സ്വീകരിക്കാൻ അനുവദിക്കപ്പെടുന്നുവെങ്കിൽ, കർത്താവായ യേശു ക്രിസ്തുവിന്റെ ശരീരമാകുന്ന ദിവ്യാഗ്നി ചെറുതും വലുതുമായ നമ്മുടെ പാപങ്ങളും കറകളും മായ്ക്കുന്നതിനുവേണ്ടി നാം കൂടുതൽ ശ്രദ്ധയും സ്ഥൈര്യവും ഉള്ളവരായിരിക്കുകയും ഹൃദയജാഗ്രത പുലർത്തുകയും വേണം. എന്തെന്നാൽ, ആ അഗ്നി നമ്മുടെ ഉള്ളിലേക്ക് പ്രവേശിക്കുമ്പോൾ, അത് ഉടൻതന്നെ നമ്മുടെ ഹൃദയത്തിൽ നിന്ന് ദുഷ്ടാത്മാക്കളെ പുറത്താക്കുകയും ദുഷിച്ച ചിന്തകളുടെ അസ്വാസ്ഥ്യങ്ങളിൽനിന്ന് നമ്മുടെ മനസ്സിനെ വിമുക്തമാക്കിക്കൊണ്ട് നമ്മുടെ മുൻകാല പാപങ്ങൾ മോചിക്കുകയും ചെയ്യുന്നു. ഇതിനുശേഷം മനസ്സിന്റെമേൽ ജാഗ്രത പുലർത്തിക്കൊണ്ട് നാം ഹൃദയ കവാടത്തിൽ കാവൽ നില്ക്കുകയാണെങ്കിൽ, ആ ദിവ്യരഹസ്യങ്ങൾ സ്വീകരിക്കാൻ വീണ്ടും അനുവദിക്കപ്പെടുമ്പോൾ ദിവ്യശരീരം നമ്മുടെ മനസ്സിനെ ഉജ്ജ്വലിപ്പിക്കുകയും ഒരു നക്ഷത്രത്തെപ്പോലെ പ്രകാശിപ്പിക്കുകയും ചെയ്യും.

102. വെള്ളം അഗ്നിയെ കെടുത്തുന്നതുപോലെ മറവി മനസ്സിന്റെ മേലുള്ള നമ്മുടെ ജാഗ്രതയെ കെടുത്തിക്കളയും; എന്നാൽ പൂർണ്ണമായ ഏകാഗ്രതയോടെയുള്ള യേശുപ്രാർത്ഥനയുടെ നിരന്തരമായ ആവർത്തനം അതിനെ ഹൃദയത്തിൽനിന്നും പിഴുതെറിയുന്നു. വെളിച്ചത്തിന് തിരി ആവശ്യമാണെന്നതുപോലെ പ്രാർത്ഥനയ്ക്ക് ജാഗ്രത ആവശ്യമാണ്.

103. എല്ലാ തിന്മകളിൽനിന്നും നമ്മെ സംരക്ഷിക്കാനുതകുന്ന അമൂല്യദാനങ്ങളെ മനസ്സിന്റെയോ ഇന്ദ്രിയങ്ങളുടെയോ തലത്തിൽ കാത്തുസംരക്ഷിക്കാൻ നാം പരിശ്രമിക്കണം. ഈ ദാനങ്ങളാണ് യേശുക്രിസ്തുവിനോടുള്ള പ്രാർത്ഥന, ഹൃദയാഗാധത്തിലുള്ള നിരന്തരമായ ഉൾക്കാഴ്ച, ബാഹ്യമായി നല്ലതെന്ന് തോന്നാവുന്ന ചിന്തകളാൽപ്പോലും അലോസരപ്പെടാത്ത മനസ്സിന്റെ ഏകാഗ്രത, എല്ലാവിധ ചിന്തകളിൽനിന്നും വിമുക്തിപ്രാപിക്കാനുള്ള കഴിവ് എന്നിവയോടൊപ്പം മനസ്സിനെ കാത്തുപാലിക്കുന്നത്. അപ്പോൾ പിശാചിന് രഹസ്യമായി അപഹരണം നടത്താനാവില്ല. ഹൃദയ ഏകാഗ്രത

www.malankaralibrary.com

പുലർത്തുന്നതിൽ നമുക്ക് സഹനമനുഭവിക്കേണ്ടിവന്നാലും ആശ്വാസം സമീപത്തുതന്നെയുണ്ട്.

104. എല്ലായ്പ്പോഴും സംരക്ഷിക്കപ്പെടുകയും, അന്ധകാരത്തിന്റെയും ദുഷ്ടാത്മാക്കളുടെയും രൂപഭാവങ്ങളും സങ്കല്പങ്ങളും സ്വീകരിക്കാൻ അനുവദിക്കപ്പെടാതിരിക്കുകയും ചെയ്യുന്ന ഹൃദയം സ്വാഭാവികമായും പ്രകാശപൂർണ്ണമായ ചിന്തകൾക്ക് ജന്മം നല്കുന്നു. കൽക്കരി തീനാളത്തെ സൃഷ്ടിക്കുകയോ അഥവാ തീനാളം ഒരു തിരിയെ ജ്വലിപ്പിക്കുകയോ ചെയ്യുന്നതുപോലെ ജ്ഞാനസ്നാനം മുതൽ നമ്മുടെ ഹൃദയത്തിൽ വസിക്കുന്നവനായ ദൈവം, നമ്മുടെ മനസ്സ് ദുഷ്ടതയുടെ കാറ്റിൽനിന്ന് വിമുക്തവും ജാഗരൂകതയാൽ സുരക്ഷിതവും ആണെന്ന് കാണുമ്പോൾ അതിനെ ധ്യാനത്തിനായി ഉത്തേജിപ്പിക്കുന്നു.

105. മഴയ്ക്കു മുമ്പായി ആകാശത്തിൽ തുടരെത്തുടരെ ഇടിമിന്നൽ പ്രത്യക്ഷപ്പെടുന്നതുപോലെ യേശുവിന്റെ നാമം നമ്മുടെ ഹൃദയത്തിൽ തുടരെത്തുടരെ ആവർത്തിക്കപ്പെടണം. മനസ്സിനെയും ആന്തരികയുദ്ധത്തെയും കുറിച്ചറിയാവുന്നവർക്ക് ഇതു മനസ്സിലാകും. നിശ്ചിതമായ ക്രമങ്ങളോടെയാണ് നാം ഈ ആത്മീയയുദ്ധത്തിൽ ഏർപ്പെടേണ്ടത്; ആദ്യം ശ്രദ്ധയാണാവശ്യം, പിന്നീട്, ദുഃശ്ചിന്തകൾ നമ്മെ ആക്രമിക്കുമ്പോൾ കോപത്തോടെ അവയെ ശപിച്ചുകൊണ്ട് നാം പ്രത്യാക്രമണം നടത്തണം; മൂന്നാമതായി, പൈശാചിക ചിന്തകളെ അപ്പോൾതന്നെ ചിതറിക്കുവാനും, മാന്ത്രികനാൽ വശീകരിക്കപ്പെട്ട ഒരു കുട്ടിയെപ്പോലെ നമ്മുടെ മനസ്സ് അതിനെ പിന്തുടരാതിരിക്കാനുംവേണ്ടി യേശുക്രിസ്തുവിനെ വിളിച്ചപേക്ഷിക്കുന്നതിലൂടെ ഹൃദയത്തെ ഏകാഗ്രമാക്കിക്കൊണ്ട് നാം നമ്മുടെ പ്രാർത്ഥനയെ അതിനെതിരെ തിരിക്കണം.

106. ദാവീദിനെപ്പോലെ, തൊണ്ട പൊട്ടുന്നതുവരെ നമുക്കും 'കർത്താവായ യേശുക്രിസ്തുവേ' എന്നു വിളിച്ചു കേഴാം; നമ്മുടെ ആത്മീയനയനങ്ങൾ എക്കാലവും നമുക്ക് ദൈവത്തിൽ പ്രത്യാശ നൽകിക്കൊണ്ടിരിക്കട്ടെ (സങ്കീ 69:3).

107. ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം എന്ന് നമ്മെ കാണിക്കുവാനായി, കർത്താവ് അരുളിച്ചെയ്ത നീതിരഹിതനായ ന്യായാധിപന്റെ ഉപമ നാം നിരന്തരം മനസ്സിൽ കാത്തുസൂക്ഷിക്കു

www.malankaralibrary.com

കയാണെങ്കിൽ അത് നമുക്ക് നീതീകരണവും നന്മയും പ്രദാനം ചെയ്യും (ലൂക്കോ 18:1-8).

108. സൂര്യനെ നോക്കിക്കൊണ്ടിരിക്കുന്ന ഒരാളുടെ കണ്ണുകളിൽ പ്രകാശം നിറയുന്നതുപോലെ, തന്റെ ഹൃദയത്തിലേക്ക് ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നവനും പ്രകാശം ലഭിക്കുന്നു.

109. ഭക്ഷിക്കാതെയും പാനംചെയ്യാതെയും ഈ ഭൗതികജീവിതം നയിക്കാൻ സാധിക്കാത്തതുപോലെ, മനസ്സിന്റെ സംരക്ഷണവും ഹൃദയശുദ്ധതയാകുന്ന യഥാർത്ഥ ജാഗരൂകതയും കൂടാതെ ആത്മീയവും ദൈവഹിതാനുസൃതവുമായ എന്തെങ്കിലും നേടാനോ മാനസിക പാപത്തിൽനിന്ന് മോചനം പ്രാപിക്കാനോ സാധിക്കുകയില്ല. ശിക്ഷയെ ഭയന്ന് പാപം ചെയ്യാതിരിക്കാൻ ഒരുവൻ തന്നോടുതന്നെ ബലപ്രയോഗം നടത്തിയാലും ഇതിന് മാറ്റമില്ല.

110. എന്നിരുന്നാലും പാപത്തിൽനിന്ന് അകലുവാൻ ബലപ്രയോഗം നടത്തുന്നവർ ദൈവത്താലും മാലാഖമാരാലും മനുഷ്യരാലും അനുഗ്രഹിക്കപ്പെടുന്നു; എന്തെന്നാൽ, അവർ ദൈവരാജ്യം ബലപ്രയോഗത്തിലൂടെ നേടാൻ ശ്രമിക്കുന്നവരാണ് (മത്താ 11:12).

111. ഏകാഗ്രതയിലൂടെ മനസ്സിനുണ്ടാകുന്ന ഏറ്റവും വലിയ നേട്ടമിതാണ്; മുമ്പ് ചിന്തകളുടെ രൂപത്തിൽ മനസ്സിനെ ആക്രമിക്കുകയും, ഒരിക്കൽ മനസ്സ് അതിനെ സ്വീകരിച്ചുകഴിഞ്ഞാൽ പിന്നീട് പാപപ്രവൃത്തിയായി പരിണമിക്കുകയും ചെയ്യുന്ന എല്ലാ പാപങ്ങളും ഇപ്പോൾ മാനസികമായ ഏകാഗ്രതയാൽ വിച്ഛേദിക്കപ്പെടുന്നു. എന്തെന്നാൽ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സഹായത്താൽ, പാപചിന്തകൾ നമ്മുടെയുള്ളിൽ പ്രവേശിച്ച് ദുഷ്പ്രവൃത്തികളായി പുറത്തുവരാൻ മാനസികഏകാഗ്രത അനുവദിക്കുന്നില്ല.

112. ബാഹ്യമായ ശാരീരികതപശ്ചര്യയുടെ പ്രതീകമാണ് പഴയനിയമം. പരിശുദ്ധ സുവിശേഷം അഥവാ പുതിയനിയമമാകട്ടെ, ജാഗ്രതയുടെ അതായത് ഹൃദയശുദ്ധിയുടെ പ്രതീകവും. എന്തെന്നാൽ, പഴയനിയമം അന്തരാത്മാവിന് ദൈവവുമായുള്ള ബന്ധത്തെ പൂർണ്ണമോ സഫലമോ ആക്കുന്നില്ല. അപ്പോസ്തോലൻ പറയുന്നതുപോലെ, 'നിയമം ആരെയും പരിപൂർണ്ണനാക്കുന്നില്ല' (എബ്രാ 7:19) അത് ശാരീരിക പാപങ്ങളെ തടയുക മാത്രമാണ് ചെയ്യുന്നത്. എന്നാൽ സുവിശേഷം കല്പിക്കുന്നതനുസരിച്ച് ദുഷ്ചിന്തകളെ ഹൃദയത്തിൽ

www.malankaralibrary.com

നിന്നും പുറത്താക്കുക എന്നത്, അയൽക്കാരന്റെ കണ്ണ് പിഴുതെടുക്കുക, പല്ല് തകർക്കുക തുടങ്ങിയവയ്ക്കെതിരെയുള്ള നിരോധനാജ്ഞയോട് എന്നതിനെക്കാളധികം ആത്മാവിന്റെ ശുദ്ധതയോടാണ് ബന്ധപ്പെട്ടിരിക്കുന്നത്. അതുപോലെതന്നെ അത്, ശാരീരിക പരിശീലനത്തെയും ഉപവാസം, ആത്മനിയന്ത്രണം, തറയിൽ കിടന്നുള്ള ഉറക്കം, എഴുന്നേറ്റുനില്പ്, ജാഗരണം, വിശ്രമം തുടങ്ങി ശരീരത്തെ സംബന്ധിക്കുന്നവയും അതിന്റെ വികാരാധീനപ്രകൃതത്തെ പാപകൃത്യങ്ങളിൽ നിന്ന് മോചിപ്പിക്കുന്നവയുമായ തപശ്ചര്യകളെയുംകാൾ അധികമായി ആത്മാവിന്റെ ശുദ്ധതയോടുതന്നെ ബന്ധപ്പെട്ടിരിക്കുന്നു. പഴയനിയമമെന്നപോലെ ഇവയും നല്ലതുതന്നെ. എന്തെന്നാൽ അവ ബാഹ്യപ്രകൃതത്തിന് പരിശീലനമേകുകയും വികാരങ്ങളുടെ പ്രവർത്തനങ്ങൾക്കെതിരെ കാവൽനില്ക്കുകയും ചെയ്യുന്നു. എന്നാൽ ദൈവസഹായത്തോടെ, അസൂയ, കോപം തുടങ്ങിയവയിൽനിന്ന് നമ്മെ മോചിപ്പിക്കുവാനായി മാനസിക പാപങ്ങൾക്കെതിരെ നിലകൊള്ളുവാനോ അതിനെ തടയുവാനോ അവയ്ക്ക് സാധിക്കുന്നില്ല.

113. നാം ചെയ്യേണ്ടതുപോലെ, ഹൃദയശുദ്ധതയോ, അല്ലെങ്കിൽ മനസ്സിന്റെ ജാഗ്രതയോ നിലനിർത്തുകയാണെങ്കിൽ (ഇവയുടെ പ്രതീകമാണ് പുതിയനിയമം) അവ നമ്മുടെയുള്ളിൽനിന്ന് എല്ലാ വികാരങ്ങളെയും തിന്മകളെയും പറിച്ചെറിയുക മാത്രമല്ല, സന്തോഷം, പ്രത്യാശ, കുറ്റബോധം, ദുഃഖം, കണ്ണീർ, നമ്മെയും നമ്മുടെ പാപങ്ങളെയുംകുറിച്ചുള്ള തിരിച്ചറിവ്, മരണത്തെപ്പറ്റിയുള്ള ഓർമ്മ, യഥാർത്ഥ വിനയം, ദൈവത്തോടും മനുഷ്യരോടുമുള്ള അഗാധമായ സ്നേഹം, ദൈവികത നേടാനുള്ള തീവ്രവും ഹൃദയപൂർവ്വകവുമായ ആഗ്രഹം എന്നിവ നമ്മുടെയുള്ളിൽ ഉളവാക്കുകയും ചെയ്യും.

114. നാം നടക്കുമ്പോൾ വായുവിനെ ഭേദിക്കാതിരിക്കുക അസാദ്ധ്യമായിരിക്കുന്നതുപോലെതന്നെ, തപശ്ചര്യ എത്ര കഠിനമായിരുന്നാലും ശരി, പിശാചുക്കളാൽ തുടർച്ചയായി ആക്രമിക്കപ്പെടാതിരിക്കുവാനോ അല്ലെങ്കിൽ അവയാൽ രഹസ്യമായി ഉത്തേജിക്കപ്പെടാതിരിക്കുവാനോ ഒരു മനുഷ്യന്റെ ഹൃദയത്തിന് സാധിക്കുകയില്ല.

115. നിങ്ങൾ 'കർത്താവിൽ' ആയിരിക്കുവാനും എല്ലായ്പ്പോഴും ദൈവത്തോട് ഒന്നായിരിക്കുവാനും ആഗ്രഹിക്കുന്നുവെങ്കിൽ, കേവലം ഒരു സന്ന്യാസിയോ നല്ലവനോ സൗമ്യനോ ആയി നടിക്കാതെ,

www.malankaralibrary.com

യഥാർത്ഥത്തിൽ അങ്ങനെയായിരിക്കാൻ ശ്രമിക്കുക. മനുഷ്യനിൽ അപൂർവ്വമായി കാണപ്പെടുന്ന മനസ്സിന്റെ കാവൽക്കാരനും സംരക്ഷകനും, ഹൃദയത്തിന്റെ പരിപൂർണ്ണമായ ഏകാഗ്രതയും, രൂപഭാവങ്ങളിൽനിന്ന് വിമുക്തമായ ആത്മാവിന്റെ അനുഗ്രഹവും ആയ ജാഗ്രതയാകുന്ന പുണ്യത്തെ പൂർണ്ണശക്തിയോടെ അനുധാവനം ചെയ്യുക.

116. യഥാർത്ഥ ആത്മീയജ്ഞാനത്തിലേക്കുള്ള വഴി ഇതാണ്. നിരന്തരമായ സംയമത്തോടും തീവ്രമായ അഭിലാഷത്തോടുംകൂടി, യേശുവിനോടുള്ള പ്രാർത്ഥനയുടെയും എളിമയുടെയും ഏകാഗ്രതയുടെയും സഹായത്തോടെ, ഇന്ദ്രിയങ്ങളുടെയും മനസ്സിന്റെയും അധരങ്ങളെ നിശ്ശബ്ദമാക്കിക്കൊണ്ടും, ഭക്ഷണം, പാനീയം, വശീകരണപ്രവണതയുള്ള മറ്റു കാര്യങ്ങൾ എന്നിവയിൽ മിതത്വം പാലിച്ചുകൊണ്ടും ഈ വഴിയിലൂടെ മുന്നേറുക; വിവേകത്തിൽ ഉറച്ച മനസ്സോടെ ഈ മാർഗ്ഗത്തിൽ ചരിക്കുക. നിങ്ങൾ പ്രതീക്ഷിക്കാതിരുന്ന പലതും ദൈവാനുഗ്രഹത്താൽ നിങ്ങൾ ഗ്രഹിക്കും. ഇത്രയും കാലം വികാരങ്ങളുടെയും അധമപ്രവൃത്തികളുടെയും ഇരുട്ടിൽ മറവിയിലും അനിശ്ചിതത്വത്തിലും അലഞ്ഞുനടന്നിരുന്ന നിങ്ങളുടെ മനസ്സിന് ഒരിക്കലും അനുഭവിക്കാൻ കഴിഞ്ഞിട്ടില്ലാത്ത അറിവും ബോധോദയവും നിർദ്ദേശവും അത് നിങ്ങൾക്ക് പ്രദാനം ചെയ്യും.

117. താഴ്‌വാരങ്ങളിൽ സമൃദ്ധമായി ഗോതമ്പു വിളയുന്നതുപോലെ, ആത്മീയജ്ഞാനം ഹൃദയത്തിൽ സമൃദ്ധമായി അനുഗ്രഹങ്ങൾ വിളയിക്കുന്നു; യഥാർത്ഥത്തിൽ കർത്താവായ യേശുക്രിസ്തുവാണ് ഈ സമൃദ്ധിക്ക് കാരണം. എന്തെന്നാൽ, അവന്റെ സഹായമില്ലാതെ നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല (യോഹ 15:5). ആദ്യം നിങ്ങൾക്ക് തോന്നുന്നത് അതൊരു കോവണിയാണെന്നാണ്. പിന്നീട്, വായിക്കുവാനുള്ള ഒരു പുസ്തകമാണെന്നു തോന്നും. യാത്രയിൽ മുന്നേറുമ്പോൾ, അത് ജറുസലേമിലെ സ്വർഗ്ഗീയ നഗരമാണെന്ന് നിങ്ങൾ മനസ്സിലാക്കും. നാം ആരാധിക്കുന്ന ഇസ്രായേൽ സൈന്യത്തിന്റെ രാജാവായ ക്രിസ്തുവിന്റെ ദർശനം അവിടുത്തോട് സമനായ പിതാവിനോടും പരിശുദ്ധാത്മാവിനോടുമൊപ്പം നിങ്ങൾക്ക് ലഭിക്കും.

118. പിശാചുക്കൾ വഞ്ചനാപരമായ ഭാവനകളിലൂടെ നമ്മെ എപ്പോഴും പാപത്തിലേക്കു നയിക്കുന്നു. പണം സമ്പാദിക്കാമെന്ന വഞ്ചന നിറഞ്ഞ സങ്കല്പത്തിലൂടെയാണ് എല്ലാറ്റിന്റെയും കർത്താവും

www.malankaralibrary.com

ദൈവവുമായവനെ ഒറ്റിക്കൊടുക്കാൻ അവർ നികൃഷ്ടനായ യൂദാസിനെ പ്രേരിപ്പിച്ചത്. അതേ വഞ്ചനയിലൂടെ ശാരീരികസൗഖ്യവും പ്രശസ്തിയും കിട്ടുമെന്ന സങ്കല്പത്താൽ, കഴുത്തിൽ കുരുക്കിട്ടുകൊണ്ട് അനന്തമായ മരണത്തിലേക്കും അവർ അവനെ നയിച്ചു. അവരുടെ സങ്കല്പത്തിന് അല്ലെങ്കിൽ പ്രകോപനങ്ങൾക്ക് നേരെ വിപരീതമായ അനുഭവങ്ങളാണ് അവനുണ്ടായത്.

119. നമുക്ക് രക്ഷ ലഭിക്കരുതെന്ന് ആഗ്രഹിക്കുന്ന നമ്മുടെ ശത്രുക്കൾ, ഭാവനകളിലൂടെയും വഞ്ചനയിലൂടെയും ശൂന്യമായ വാഗ്ദാനങ്ങളിലൂടെയും എങ്ങനെയാണ് നമ്മെ അധഃപതിപ്പിക്കുന്നതെന്ന് നിങ്ങൾ കാണുന്നില്ലേ? താൻ ദൈവത്തിനു തുല്യനാണെന്ന തെറ്റായ സങ്കല്പം മൂലമാണ് സാത്താൻ, അത്യുന്നതമായ സ്വർഗ്ഗത്തിൽനിന്ന് ഒരു മിന്നൽപ്പിണർപോലെ താഴേക്ക് എറിയപ്പെട്ടത് (ലൂക്കോ 10:18); ദൈവികമായ പദവി ലഭിക്കുമെന്ന വഞ്ചന നിറഞ്ഞ സങ്കല്പത്തിലൂടെ അവൻ ആദാമിനെ ദൈവത്തിൽനിന്ന് അകറ്റുകയും ചെയ്തു (ഉത്പ 3:5). ഇതേ രീതിയിൽ, കൗശലക്കാരനും നുണയനുമായ ശത്രു പാപത്തിൽ നിപതിക്കുന്ന ഓരോ വ്യക്തിയേയും വഞ്ചിക്കുന്നു.

120. മറവിയാൽ നയിക്കപ്പെട്ട് ദീർഘനാളത്തേക്ക് ആന്തരിക ശ്രദ്ധയും യേശുവിനോടുള്ള പ്രാർത്ഥനയും നാം അവഗണിക്കുമ്പോൾ, നാം നമ്മുടെ ഹൃദയത്തെ ദുഷിച്ച ചിന്തകളുടെ വിഷത്താൽ കലുഷിതമാക്കുന്നു. എന്നാൽ, ദൈവത്തിനുവേണ്ടിയുള്ള തീവ്രമായ ആഗ്രഹത്താൽ പ്രേരിതരായി നാം മനസ്സിന്റെ പണിശാലയ്ക്കുള്ളിൽ ജാഗരൂകതയും നിശ്ചയദാർഢ്യം, തീക്ഷ്ണത, ഉത്സാഹം എന്നിവയോടുകൂടെയുള്ള പ്രാർത്ഥനയും പരിശീലിക്കുകയാണെങ്കിൽ, ദിവ്യാനന്ദത്താൽ നാം അതിനെ മാധുര്യപൂർണ്ണമാക്കിത്തീർക്കുന്നു. അങ്ങനെ, ആത്മാവിൽ അത് ഉളവാക്കുന്ന മാധുര്യത്തിനും ആനന്ദത്തിനുംവേണ്ടി മാത്രം, ഹൃദയഏകാഗ്രത നിലനിർത്താൻ നാം അഭിലഷിക്കുന്നു.

121. ദുഷിച്ച ചിന്തകൾക്കുമേൽ വിജയംവരിക്കുക എന്നതാണ് ശാസ്ത്രങ്ങളിൽവച്ച് ഏറ്റവും വലിയ ശാസ്ത്രവും കലകളിൽവച്ച് ഏറ്റവും വലിയ കലയും. ദുഷിച്ച ചിന്തകളെ കീഴടക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗമാകട്ടെ, സാത്താന്റെ പ്രലോഭനം കുടികൊള്ളുന്ന സങ്കല്പ

www.malankaralibrary.com

ങ്ങളെ ഉൾക്കണ്ണുകൊണ്ടു കാണുകയും അവയുടെ ആക്രമണത്തിൽ നിന്നു മനസ്സിനെ സംരക്ഷിക്കുകയും ചെയ്യുക എന്നുള്ളതാണ്. ചെറിയ വസ്തുക്കൾപോലും നമ്മുടെ കണ്ണിനു പരിക്ക് ഏല്പിക്കാതെ, ചുറ്റുപാടുകളെ സശ്രദ്ധം നിരീക്ഷിച്ചുകൊണ്ട് കണ്ണുകളെ സംരക്ഷിക്കുന്നതുപോലെ തന്നെയാണ് അതും.

122. മഞ്ഞ് തീനാളമോ വെള്ളം തീയോ മുൾച്ചെടി അത്തിപ്പഴമോ പുറപ്പെടുവിക്കാത്തതുപോലെ, യേശുവിനോടുള്ള പ്രാർത്ഥനയോട് ജാഗരൂകത കൂട്ടിച്ചേർക്കുകയും വിനയവും ആത്മാവിന്റെ ഏകാഗ്രതയും നേടിയെടുക്കുകയും ഉത്സാഹപൂർവ്വം അതിന്റെ മാർഗ്ഗത്തിൽ മുന്നേറുകയും ചെയ്തുകൊണ്ട് ആന്തരികമായി ശുദ്ധീകരിക്കപ്പെടുന്നതുവരെ ഒരുവന്റെ ഹൃദയം പൈശാചികമായ ചിന്തകളിലും വാക്കുകളിലും പ്രവൃത്തികളിലുംനിന്ന് വിമുക്തമാവുകയില്ല. എന്നാൽ ആത്മീയമായ അറിവിന്റെ അഭാവത്തിൽ, അശ്രദ്ധ നിറഞ്ഞ ആത്മാവിന് നല്ലതും പരിപൂർണ്ണവുമായ ചിന്തകൾ നഷ്ടപ്പെടുകയും, അത് കോവർകഴുതയെപ്പോലെ ഫലരഹിതവും ബുദ്ധിശൂന്യവുമായിത്തീരുകയും ചെയ്യും. ആത്മാവിന്റെ യഥാർത്ഥ സമാധാനം വികാരാധീനചിന്തകളിൽനിന്നുള്ള മോചനത്തിലും യേശുവിന്റെ സൗമ്യമായ നാമത്തിലുമാണ് സ്ഥിതിചെയ്യുന്നത്.

123. ആത്മാവ് ശരീരത്തോടൊത്ത് തിന്മയിൽ മുഴുകുമ്പോൾ അവയൊരുമിച്ച് വ്യർത്ഥാഭിമാനത്തിന്റെ നഗരവും അഹന്തയുടെ ഗോപുരവും പടുത്തുയർത്തുകയും അവിടം അശുദ്ധചിന്തയാൽ നിറയ്ക്കുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ നിയന്താവാകുന്ന ആത്മാവിനെ ശരീരത്തിന് വിരുദ്ധമായവ പറയുവാനും ചിന്തിക്കുവാനും പ്രേരിപ്പിച്ചുകൊണ്ട്, നരകഭയത്തിലൂടെ കർത്താവ് അവയ്ക്കിടയിലുള്ള ബന്ധത്തെ വിച്ഛേദിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു (ഉല്പ 11:1-9). ഈ ഭയം ഭിന്നത ഉളവാക്കുന്നു; 'എന്തെന്നാൽ, ജഡികാഭിലാഷങ്ങൾ ദൈവത്തിന്റെ ശത്രുവാണ്, കാരണം അത് ദൈവനിയമത്തിന് കീഴ്പ്പെടുന്നില്ല' (റോമ 8:7).

124. ദിവസത്തിലെ ഓരോ മണിക്കൂറിലും നാം നമ്മുടെ പ്രവൃത്തികളെ നിരീക്ഷിക്കുകയും അളക്കുകയും വേണം; ക്രിസ്തുവിന്റെ സഹായത്തോടെ ദുഷ്ടതയെ ജയിക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, വൈകുന്നേരങ്ങളിൽ, പശ്ചാത്താപം വഴി അവയുടെ

www.malankaralibrary.com

ഭാരത്തിൽനിന്നും നമ്മെത്തന്നെ മോചിപ്പിക്കുവാൻ നമ്മാലാകുന്നതെല്ലാം നാം ചെയ്യണം. നമ്മുടെ ബാഹ്യപ്രവൃത്തികളെല്ലാംതന്നെ ദൈവഹിതമനുസരിച്ചും ദൈവത്തിനു മുമ്പാകെയും ദൈവത്തിനുവേണ്ടി മാത്രവുമായിട്ടാണ് നാം ചെയ്യുന്നതെന്നും അതിനാൽ ഇന്ദ്രിയങ്ങൾക്കു നമ്മെ വശീകരിക്കാനാവില്ലെന്നും ഉറപ്പുവരുത്തണം.

125. ജാഗ്രത പുലർത്തുന്നതിലൂടെ, ദൈവസഹായത്താൽ നാം പുരോഗതി കൈവരിക്കുന്നുണ്ടെങ്കിൽ, വിവേചനം കൂടാതെ പ്രവർത്തിക്കുകയോ, അനാവശ്യമായ കൂടിക്കാഴ്ചകൾ, അമിത സംഭാഷണങ്ങൾ എന്നിവയിലൂടെ നമുക്കുതന്നെ ദോഷം വരുത്തുകയോ ചെയ്യാൻ പാടില്ല. നേരെമറിച്ച്, വിശുദ്ധിയുടെ മനോഹാരിതയും അനുഗ്രഹവും നേടുന്നതിനുവേണ്ടി എല്ലാ വ്യർത്ഥാഭിമാനങ്ങളെയും നാം പുച്ഛിച്ചു തള്ളണം.

126. ദൈവം സൃഷ്ടിച്ചതെങ്ങനെയോ അതുപോലെതന്നെ ഉചിതവും പ്രകൃതത്തിന് അനുയോജ്യവുമായ രീതിയിൽ ആത്മാവിന്റെ മൂന്ന് അംശങ്ങളെ നാം ഉപയോഗിക്കണം. നമ്മുടെയുള്ളിലെ കോപത്തെ നമ്മുടെതന്നെ ബാഹ്യപ്രകൃതിക്കും സാത്താനും എതിരായി നാം പ്രയോഗിക്കണം. 'പാപത്തിനെതിരെ കോപിക്കുക' (സങ്കീ 4:4) എന്ന് എഴുതപ്പെട്ടിരിക്കുന്നു. ഇതിനർത്ഥം, ദൈവത്തിനെതിരെ പാപം ചെയ്യാതിരിക്കേണ്ടതിന് നിങ്ങൾക്കും സാത്താനും എതിരെ കോപിക്കുക എന്നാണ്. നമ്മുടെ ആഗ്രഹങ്ങൾ ദൈവത്തിനും വിശുദ്ധിക്കും അഭിമുഖമായിട്ടാണ് കാത്തുസൂക്ഷിക്കേണ്ടത്. നമ്മുടെ ബുദ്ധിയാകട്ടെ, കോപത്തെയും ആഗ്രഹങ്ങളെയും വിവേകവും സാമർത്ഥ്യവും ഉപയോഗിച്ച് നിയന്ത്രിക്കുകയും ശകാരിക്കുകയും തിരുത്തുകയും, രാജാവ് പ്രജകളെയെന്നതുപോലെ ഭരിക്കുകയും വേണം. ഒരുപക്ഷേ, കോപവും ആഗ്രഹവും ബുദ്ധിക്കെതിരെ തിരിഞ്ഞാലും, വികാരങ്ങളെ ദൈവേച്ഛയ്ക്കനുസരിച്ച് മുന്നോട്ടുകൊണ്ടുപോകാൻ അതിനു കഴിയുകതന്നെ ചെയ്യും. കർത്താവിന്റെ സഹോദരൻ ഇങ്ങനെ പ്രഖ്യാപിക്കുന്നു: 'ആന്തരികമായ വിവേകത്തിൽ വീഴ്ച വരുത്താത്തവൻ പരിപൂർണ്ണനാണ്; അയാൾക്ക് തന്റെ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു നിയന്ത്രിക്കാൻ കഴിയും' (യാക്കോ 3:2). എല്ലാ പാപവും അനുസരണക്കേടും ആത്മാവിന്റെ ഈ മൂന്ന് അംശങ്ങളിലാണ് ആരംഭിക്കുന്നത്; എല്ലാ സദ്ഗുണങ്ങളും സൽപ്രവൃത്തികളും ഉളവെടുക്കുന്നതും അവയിലൂടെത്തന്നെ.

www.malankaralibrary.com

127. ലൗകികവിഷയങ്ങളെക്കുറിച്ച് സംസാരിക്കുകയും ആ വാക്കുകൾ മനസ്സിൽ സ്വീകരിക്കുകയും അവയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുമ്പോൾ, അല്ലെങ്കിൽ, ബാഹ്യവിഷയങ്ങൾക്കുവേണ്ടി ശരീരവും മനസ്സും സമയം പാഴാക്കുമ്പോൾ, അതുമല്ലെങ്കിൽ, നാം സ്വാർത്ഥതാല്പര്യങ്ങളിൽ മുഴുകുമ്പോൾ, നമ്മുടെ മനസ്സ് ഇരുട്ടിലാഴുകയും ഫലശൂന്യമായിത്തീരുകയും ചെയ്യുന്നു. എന്തെന്നാൽ, അപ്പോൾ നമുക്ക് നമ്മുടെ തീക്ഷ്ണതയും കുറ്റബോധവും ദൈവവുമായുള്ള ഗാഢബന്ധവും അവിടുത്തെക്കുറിച്ചുള്ള അറിവും നഷ്ടമാകുന്നു. മനസ്സിന്റെമേൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നിടത്തോളം കാലം നാം പ്രകാശിതരാകും, എന്നാൽ അതിനെ ശ്രദ്ധിക്കാത്തപ്പോൾ നാം അന്ധകാരത്തിലാണ്.

128. മനസ്സിന്റെ ഏകാഗ്രതയും സമാധാനവും സ്വായത്തമാക്കാൻ രാവും പകലും യത്നിക്കുന്നവൻ എല്ലാ ഭൗതികകാര്യങ്ങളിലും വിരക്തി നേടുക എളുപ്പമാണ് എന്ന് ഗ്രഹിക്കും, അങ്ങനെ അവന്റെ അദ്ധ്വാനം നിഷ്ഫലമാകുന്നില്ല. എന്നാൽ സ്വന്തം മനഃസാക്ഷിയെ വഞ്ചിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവനാകട്ടെ, മറവിയുടെ കയ്പ്പേറിയ മരണനിദ്ര പൂകുന്നു. തനിക്ക് ഇത്തരം മരണനിദ്ര ഉണ്ടാകരുതേ എന്നാണ് ദാവീദ് പ്രാർത്ഥിച്ചത് (സങ്കീ 13:3); അപ്പോസ്തോലനാകട്ടെ, ഇങ്ങനെ പറയുകയും ചെയ്യുന്നു. 'നല്ല പ്രവൃത്തി എങ്ങനെ ചെയ്യണമെന്ന് അറിയാമായിരുന്നിട്ടും അതു ചെയ്യാതിരിക്കുന്നത് പാപമാണ്' (യാക്കോ 4:17).

129. നാം മനസ്സിനെ സദാ ശ്രദ്ധിക്കുകയും അതിനെ സജീവമാക്കുകയും ചെയ്തുകൊണ്ടിരുന്നാൽ, അത് അലസത കൈവെടിഞ്ഞ് തനതായ അവസ്ഥയും സംയമവും നേടിക്കൊള്ളും.

130. കറങ്ങിക്കൊണ്ടിരിക്കുന്ന ചക്കിനു ചുറ്റും നടക്കുന്ന കഴുതയ്ക്ക് വഴിമാറി പോകാനാവില്ല; ആന്തരികശിക്ഷണം ലഭിക്കാത്ത മനസ്സിന് വിശുദ്ധിയുടെ വഴിയിലൂടെ സഞ്ചരിക്കാനാവില്ല. അതിന്റെ ഉൾക്കണ്ണുകൾക്ക് കാഴ്ചയില്ലെങ്കിൽ വിശുദ്ധിയും യേശുക്രിസ്തുവിന്റെ ദിവ്യപ്രകാശവും കാണാൻ അതിന് കഴിയുകയില്ല.

131. സവാരിക്കാരൻ പുറത്തുകയറി ഇരുന്നാലുടനെ ഉത്സാഹശാലിയായ കുതിര കുതിച്ചുപായുന്നു. എന്നാൽ, എല്ലാ സങ്കല്പങ്ങളിലും നിന്ന് മുക്തിനേടി ആത്മീയജ്ഞാനത്തിന്റെ ഉഷസ്സിലേക്ക്

www.malankaralibrary.com

പ്രവേശിക്കുമ്പോഴാണ് ഉന്മേഷഭരിതമായ മനസ്സ് കർത്താവിന്റെ പ്രകാശത്തിൽ ആനന്ദിക്കുന്നത്. തുടർച്ചയായി തന്നെത്തന്നെ പരിത്യജിക്കുന്നതുവഴി സുകൃതാഭ്യാസത്തിന് ഏറ്റവും ആവശ്യമായ ജ്ഞാനത്തിൽനിന്നും വിശുദ്ധവും അവർണ്ണനീയവുമായ വസ്തുതകൾ മനനംചെയ്യാൻ സാധിക്കുന്ന അവാച്യമായ ദർശനത്തിലേക്ക് അത് മുന്നേറുന്നു. അപ്പോൾ ഹൃദയം അനന്തവും ദിവ്യവുമായ യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള അറിവിനാൽ പൂരിതമാവുകയും അതിന് സാധിക്കുന്നവിധത്തിൽ ദേവന്മാരുടെ ദേവനെ ദർശിക്കുകയും ചെയ്യുന്നു. തന്നെ ഈ വിധത്തിൽ ദർശിക്കുന്നവരെ കാണുന്നവനും അവരാൽ കാണപ്പെടുന്നവനും അവരുടെ സംരക്ഷകനുമായ ദൈവത്തെ മനസ്സ് വിസ്മയംപൂണ്ട് സ്നേഹപൂർവ്വം മഹത്ത്വപ്പെടുത്തുന്നു.

132. ഹൃദയം ഏകാഗ്രത സ്വായത്തമാക്കിക്കഴിയുമ്പോൾ, അതിന് അറിവിന്റെ ഉയരവും ആഴവും ഗ്രഹിക്കാൻ സാധിക്കുന്നു; ഏകാഗ്രമായ മനസ്സിന്റെ കാതുകൾ ദൈവത്തിൽനിന്നുള്ള വിസ്മയാവഹമായ കാര്യങ്ങൾ ശ്രവിക്കുന്നു.

133. ദുഷ്കരവും പ്രയാസമേറിയതുമായ ദീർഘയാത്ര പുറപ്പെടുന്ന ഒരുവൻ, തിരിച്ചുള്ള യാത്രയിൽ തനിക്ക് വഴിതെറ്റാനിടയുണ്ടെന്ന് മുൻകൂട്ടി കണ്ടുകൊണ്ട് തന്റെ വരവ് സുഗമമാക്കുവാൻവേണ്ടി വഴിയിലുടനീളം അടയാളങ്ങളും വഴികാട്ടികളും സ്ഥാപിക്കുന്നതുപോലെ, ശ്രദ്ധാലുവായ ഒരുവൻ തനിക്കും വഴിതെറ്റാനിടയുണ്ട് എന്ന് മുൻകൂട്ടി കണ്ടുകൊണ്ട് തന്നെ നയിക്കുവാനായി വിശുദ്ധഗ്രന്ഥം ഉപയോഗിക്കും.

134. യാത്ര പുറപ്പെടുന്ന ഒരാൾക്ക് പുറപ്പെടുന്ന സ്ഥലത്തുതന്നെ തിരിച്ചെത്തുന്നതിലാണ് സന്തോഷം. എന്നാൽ ശ്രദ്ധാലുവായ ഒരുവനെ സംബന്ധിച്ചാകട്ടെ, തിരിച്ചുപോവുകയെന്നത് തന്റെ വിരൂപമായ ആത്മാവിന്റെ മരണവും, ദൈവഹിതാനുസൃതമായ ചിന്തകൾ, വാക്കുകൾ, പ്രവൃത്തികൾ എന്നിവ കൈവെടിയുന്നു എന്നതിന്റെ അടയാളവുമാണ്. തന്റെ ആത്മാവിന്റെ മരണകരമായ നിദ്രയിൽ, അവഗണനമൂലം വന്നുചേർന്ന കഠിനമായ ആലസ്യത്തെയും മന്ദതയേയുംകുറിച്ചുള്ള ചിന്ത ഒരു അങ്കുശംകൊണ്ട് ഇളക്കപ്പെട്ടാലെന്നപോലെ അവനിൽ ഉയർന്നുവരും.

www.malankaralibrary.com

135. 'നാം നിരാശയിലോ കുഴപ്പത്തിലോ ചെന്നു ചാടുമ്പോൾ, അല്ലെങ്കിൽ നമുക്ക് പ്രതീക്ഷ നഷ്ടമാവുമ്പോൾ, ദാവീദ് ചെയ്തതു തന്നെയാണ് നാം ചെയ്യേണ്ടത്. നമ്മുടെ ഹൃദയം ദൈവത്തിന് സമർപ്പിക്കുകയും നമ്മുടെ ആവശ്യങ്ങളും സങ്കടങ്ങളും അവയുടെ യഥാസ്ഥിതിയിൽ അവിടുത്തോട് പറയുകയും ചെയ്യുക' (സങ്കീ 142:2). വിവേകപൂർവ്വം നമ്മോട് വർത്തിക്കാൻ അവിടുത്തേക്ക് സാധിക്കും എന്നതിലാണ് നാം അവിടുത്തോട് ഇങ്ങനെ ഏറ്റുപറയുന്നത്; നമുക്ക് പ്രയോജനം ചെയ്യും എന്നുണ്ടെങ്കിൽ, നമ്മുടെ പ്രശ്നങ്ങളെ ലഘൂകരിക്കാനും, നമ്മെ നശിപ്പിക്കുകയും ദുഷിപ്പിക്കുകയും ചെയ്യുന്ന നിരാശയിൽനിന്ന് രക്ഷിക്കുവാനും അവിടുത്തേക്ക് സാധിക്കും.

136. മറ്റുള്ളവർക്ക് നേരെ അസ്വാഭാവികമായ വിധത്തിൽ ഉയരുന്ന കോപവും ദൈവഹിതത്തിനു വിരുദ്ധമായ ദുഃഖവും അലസതയും, വിശുദ്ധചിന്തകളെയും ആത്മീയജ്ഞാനത്തെയും ഒരുപോലെ നശിപ്പിക്കുന്നു. അവ നാം കർത്താവിനോട് ഏറ്റുപറയുകയാണെങ്കിൽ, അവൻ നമ്മെ അവയിൽനിന്ന് മോചിപ്പിക്കുകയും സന്തോഷത്താൽ നിറയ്ക്കുകയും ചെയ്യും.

137. ജാഗരൂകതയോടും അഗാധമായ അറിവിനോടും കൂടിച്ചേരുമ്പോൾ യേശുപ്രാർത്ഥന നമ്മുടെ ഹിതത്തിന് വിപരീതമായി ഹൃദയത്തിൽ വേരുറച്ചിട്ടുള്ള ചിന്തകളെപ്പോലും മായ്ച്ചുകളയും.

138. അവിവേകം നിറഞ്ഞ ചിന്തകൾ ശല്യപ്പെടുത്തുമ്പോൾ, ആത്മാർത്ഥമായും വികാരരഹിതമായും സ്വയം ശകാരിക്കുന്നതിലൂടെ അല്ലെങ്കിൽ, ഒരു മനുഷ്യനോടെന്നതുപോലെ ക്രിസ്തുവിനോട് എല്ലാം തുറന്നു പറയുന്നതിലൂടെ നമുക്ക് ആശ്വാസവും സന്തോഷവും ലഭിക്കും. നമ്മെ അലട്ടുന്ന പ്രശ്നമെന്തായാലും ശരി, ഈ രണ്ടു മാർഗ്ഗങ്ങളും നമുക്ക് ശാന്തത നൽകുന്നു.

139. നിയമദാതാവായ മോശയെ മനസ്സിന്റെ പ്രതീകമായിട്ടാണ് വിശുദ്ധപിതാക്കന്മാർ കണ്ടത്. അദ്ദേഹം, ദൈവത്തെ ജ്വലിക്കുന്ന മുൾപ്പടർപ്പിൽ ദർശിച്ചു (പുറ 3:2 – 4:17); അദ്ദേഹത്തിന്റെ മുഖം തേജോമയമായി (പുറ 34:30); ദേവന്മാരുടെ ദേവനാൽ അദ്ദേഹം ഫറവോയുടെ ദൈവമാക്കപ്പെട്ടു (പുറ 7:1). അദ്ദേഹം ഈജിപ്തിനെ പ്രഹരിക്കുകയും ഇസ്രായേലിനെ അടിമത്തത്തിൽനിന്നു മോചിപ്പിക്കുകയും

www.malankaralibrary.com

നിയമങ്ങൾ നല്കുകയും ചെയ്തു. ഈ സംഭവങ്ങൾ ആലങ്കാരികവും ആത്മീയവുമായ രീതിയിൽ കാണുമ്പോൾ, ഇതു മനസ്സിന്റെ പ്രവർത്തനവും പ്രത്യേകാധികാരവുമാണെന്ന് മനസ്സിലാകും.

140. മോശയുടെ സഹോദരനായ ആരോൺ ബാഹ്യപ്രകൃതിയുടെ പ്രതീകമാണ്. ഈ കാരണത്താൽ ആരോൺ പാപംചെയ്തപ്പോൾ, മോശ ചെയ്തതുപോലെ ബാഹ്യപ്രകൃതിയെ നാം കോപപൂർവ്വം ശകാരിക്കേണ്ടതുണ്ട്. 'എല്ലാറ്റിനെയും ഭരിക്കുന്ന ജീവനുള്ള ദൈവമായ കർത്താവിൽനിന്നും ഇവരെ അകറ്റുവാൻ ഇസ്രായേൽ എന്തു തെറ്റാണ് നിന്നോട് ചെയ്തത്?' (പുറ 32:21)

141. മരിച്ചവരിൽനിന്നും ലാസറിനെ ഉയിർപ്പിച്ച അവസരത്തിൽ ക്രിസ്തു (യോഹ 11:33) മറ്റു പല നല്ല കാര്യങ്ങൾക്കുമൊപ്പം നമുക്കു കാട്ടിത്തന്നത് സ്ത്രൈണവും ചപലവുമായി നമ്മുടെ ആത്മാവിൽ എന്തൊക്കെയുണ്ടോ അതെല്ലാം നാം കോപത്തോടെ തള്ളിക്കളയണ മെന്നാണ്; സ്വഭാവസ്ഥിരത നേടാനായി നാം പരിശ്രമിക്കണം; എന്തെന്നാൽ, അഹങ്കാരത്തിൽനിന്നും കോപത്തിൽനിന്നും സ്വാർത്ഥതയിൽനിന്നും നമ്മുടെ സ്വയംശകാരത്തെ മോചിപ്പിക്കാൻ ഇതു സഹായിക്കും.

142. വഞ്ചിയില്ലാതെ കടൽ കടക്കാനാവാത്തതുപോലെ, യേശു ക്രിസ്തുവിനെ വിളിച്ചപേക്ഷിക്കാതെ ദുഷിച്ച ചിന്തയുടെ പ്രലോ ഭനത്തെ ആട്ടിയോടിക്കാൻ സാധിക്കുകയില്ല.

143. പ്രതിഷേധം ദുഷ്ടചിന്തകൾക്ക് കടിഞ്ഞാണിടുന്നു, എന്നാൽ യേശുക്രിസ്തുവിനോടുള്ള പ്രാർത്ഥനയാണ് അവയെ ഹൃദയത്തിൽ നിന്നും ആട്ടിപ്പുറത്താക്കുന്നത്. പ്രലോഭനം ഏതെങ്കിലുമൊരു വസ്തുവിന്റെ രൂപത്തിൽ നമ്മെ ശല്യപ്പെടുത്തുമ്പോൾ അതിന്റെ പിന്നിലുള്ള ദുഃശ്ചിന്ത വ്യക്തമാകുന്നു. ഉദാഹരണത്തിന്, നമ്മെ അലോസരപ്പെടുത്തുന്നത്, നമ്മെ കോപാകുലരാക്കുന്ന ഒരാളിന്റെ മുഖമോ സുന്ദരിയായ സ്ത്രീയോ സ്വർണ്ണമോ വെള്ളിയോ എന്തെങ്കി ലുമാകാം, അപ്പോൾ നമുക്ക് വ്യക്തമാകുന്നത് കോപം, ചാരിത്ര്യഭംഗം, അത്യാഗ്രഹം എന്നീ വികാരങ്ങളാണ് നമ്മുടെ ഹൃദയത്തെ അധീന പ്പെടുത്തിയിരിക്കുന്നതെന്നാണ്. നമ്മുടെ മനസ്സ് പരിചയസമ്പന്നവും, സ്വയം സംരക്ഷിക്കാനും ഉള്ളിൽ കടന്നുകൂടുന്ന പ്രലോഭനങ്ങളെയും സാത്താന്റെ ചതിപ്രയോഗങ്ങളെയും തിരിച്ചറിയാനും പരിശീലിപ്പിക്ക

www.malankaralibrary.com

പ്പെട്ടതുമാണെങ്കിൽ അത് ഉടൻതന്നെ 'സാത്താന്റെ തീയമ്പുകളെ ശമിപ്പിക്കും' (എഫേ 6:16); പ്രതികരണശേഷിയും ക്രിസ്തുവിനോടുള്ള പ്രാർത്ഥനയുമാണ് ഈ പ്രത്യാക്രമണത്തിനു നിദാനം. വികാരാധീന സങ്കല്പങ്ങൾ, പ്രതികരണശേഷി, യേശുവിനോടുള്ള പ്രാർത്ഥന എന്നിവയുമായി സംയോജിക്കുവാനോ, അല്ലെങ്കിൽ നമ്മുടെ ചിന്തകൾ അത്യാസക്തിയോടെ വികാരങ്ങളോട് അനുരൂപപ്പെടുവാനോ അതുമായി ഒന്നുചേരുവാനോ അതിനാൽ അശ്രദ്ധരാകുവാനോ അതിന് അംഗീകാരം നല്കുവാനോ അത് അനുവദിക്കുകയില്ല. ഇങ്ങനെയുള്ള എന്തെങ്കിലും സംഭവിച്ചാൽ, പകലിന് പിന്നാലെ രാത്രിയുണ്ടാകുന്നതുപോലെ അവയ്ക്കു പിന്നാലെ ദുഷ്പ്രവൃത്തികൾ ഉണ്ടാകും എന്നത് തീർച്ചയാണ്.

144. ജാഗ്രതയുടെ കാര്യത്തിൽ നമ്മുടെ മനസ്സ് പരിചയസമ്പന്നമല്ലെങ്കിൽ, വികാരപരമായ സങ്കല്പങ്ങളെ അതു സ്വീകരിക്കുകയും അവിഹിതമായ വാദത്തിൽ ഏർപ്പെടുകയും ചെയ്യും. ഇത്തരം പൈശാചിക സങ്കല്പങ്ങളുമായി ഒന്നുചേരുന്ന നമ്മുടെ ചിന്തകൾ വികാസം പ്രാപിക്കുകയും, അധഃപതിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ബുദ്ധിക്ക് ഈ അവസ്ഥ സ്വാഗതാർഹമായി തോന്നുകയും ചെയ്യും. അലഞ്ഞുതിരിയുന്ന ഒരു പട്ടിയെക്കണ്ട് നിഷ്കളങ്കരായ ആട്ടിൻകുട്ടികൾ വഞ്ചിക്കപ്പെടുന്നതുപോലെ മനസ്സും വഞ്ചിക്കപ്പെടുന്നു. തങ്ങളുടെ അമ്മയാണെന്നു വിചാരിച്ച് പട്ടിയുടെ അടുത്തേക്ക് ഓടിയെത്തുന്ന ആട്ടിൻകുട്ടികൾക്ക് അമ്മയുടെ സ്നേഹത്തിനു പകരം കിട്ടുന്നത് ദുർഗന്ധവും മലിനതയുമായിരിക്കും. ഇതേ രീതിയിൽ, നമ്മുടെ ചിന്തകൾ മനസ്സിൽ പ്രത്യക്ഷപ്പെടുന്ന പൈശാചികമായ സങ്കല്പങ്ങൾക്കു പിന്നാലെ പാഞ്ഞു നടക്കുകയും, ഞാൻ പറഞ്ഞതുപോലെ, അവ രണ്ടുംകൂടി ഒന്നുചേർന്ന് അഗമെമ്നോണെയും മെനലലാവൂസിനെയുംപോലെ, ട്രോയ്നഗരം നശിപ്പിക്കുവാനായി ഗൂഢാലോചന നടത്തുകയും ചെയ്യുന്നത് ഒരുവന് കാണുവാൻ സാധിക്കും. എന്തെന്നാൽ അവർ തങ്ങൾ നടപ്പിലാക്കേണ്ടുന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ തയ്യാറാക്കുകയും, ശരീരത്തിന്റെ സഹായത്തോടെ, പിശാചുക്കൾ മധുരതമവും രമണീയവുമായി തോന്നിപ്പിക്കുന്ന ഹീനവൃത്തി ആവിഷ്കരിക്കുകയും ചെയ്യുന്നു. ഇങ്ങനെയാണ് ആത്മാവിൽ പാപങ്ങൾ ഉളവാക്കപ്പെടുന്നത്. അതിനാൽ നമ്മുടെ ഹൃദയത്തിലുള്ളതിനെ നാം പുറത്തു കൊണ്ടുവരണം.

www.malankaralibrary.com

145. നിഷ്കളങ്കവും സൗമ്യവുമായ മനസ്സ് വളരെ എളുപ്പം ദുഷിച്ച ചിന്തകളുടെ പിന്നാലെ പോകുന്നു. വികാരങ്ങളെ നിയന്ത്രിക്കാൻ പ്രാപ്തിയുള്ള വിവേകത്തിനു മാത്രമാണ് ഈ പോക്ക് തടുക്കാനും അതിനെ തിരികെ കൊണ്ടുവരാനും കഴിയുന്നത്.

146. ആദ്ധ്യാത്മികചിന്തയും ജ്ഞാനവുമാണ് താപസജീവിതത്തിന്റെ നിയന്താക്കളും പ്രതിനിധികളും. അവയാൽ ഉയർത്തപ്പെടുമ്പോൾ മനസ്സ് ശാരീരികസുഖങ്ങളും ഭൗതികപ്രതാപങ്ങളുമെല്ലാം നിരർത്ഥകമാണെന്ന് ഗ്രഹിച്ച് അവയോടുള്ള വിരക്തി ആർജ്ജിക്കുന്നു.

147. ഏകാഗ്രമായ ജീവിതം, ധ്യാനത്തിന്റെയും ആത്മീയജ്ഞാനത്തിന്റെയും പിതാവായ യേശുക്രിസ്തുവിൽ സഫലീകൃതമാകുന്നു. വിനയവുമായി സംയോജിച്ച് അത് ദിവ്യാനന്ദവും വിവേകപൂർണ്ണമായ ചിന്തകളും ജനിപ്പിക്കുന്നു. യെശയ്യാ പ്രവാചകൻ പറയുന്നതുപോലെ, 'കർത്താവിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും; അവിടുത്തെ ശക്തിയാൽ അവർ ചിറകടിച്ചുയരും' (യെശ 40:31).

148. എല്ലാ ചിന്തകളിൽനിന്നും വിമുക്തമാക്കി മനസ്സിനെ ഏകാഗ്രമാക്കുക എന്നത് മനുഷ്യരെ സംബന്ധിച്ചിടത്തോളം വളരെ കഠിനവും വിഷമകരവുമാണ്. ശരീരമില്ലാത്ത ഒന്നിനെ ശരീരത്തിന്റെ പരിധിക്കുള്ളിൽ തടഞ്ഞുനിർത്തുക എന്നത് കഠിനപരിശ്രമം ആവശ്യമുള്ള ഒന്നാണ്; പരിചയമില്ലാത്തവർക്കു മാത്രമല്ല, ആത്മീയ സമരത്തിൽ പരിചയമുള്ളവർക്കും ഇതു ബുദ്ധിമുട്ടുള്ള കാര്യമാണ്. എന്നാൽ അവിരാമമായ പ്രാർത്ഥനയിലൂടെ കർത്താവായ ക്രിസ്തുവിനെ തന്റെ ഹൃദയത്തിൽ കുടിയിരുത്തിയ ഒരാൾക്ക് അവനെ അനുഗമിക്കുന്നതിൽ മടുപ്പ് തോന്നുകയില്ല എന്നാണ് പ്രവാചകൻ പറയുന്നത് (യിര 17:16). എന്തെന്നാൽ യേശുവിന്റെ മനോഹാരിതയും മാധുര്യവും നിമിത്തം അവൻ നശ്വരമായ യാതൊന്നും ആഗ്രഹിക്കുകയില്ല; അവന്റെ ശത്രുക്കളാൽ, അതായത്, എല്ലാ വശത്തുകൂടെയും നടക്കുന്ന ദുഷ്ടപിശാചുക്കളാൽ അവൻ അപമാനിതനാവുകയുമില്ല, എന്തെന്നാൽ യേശുവിന്റെ സഹായത്താൽ ഹൃദയകവാടത്തിങ്കൽവച്ചുതന്നെ അവൻ അവയെ എതിർക്കുകയും ആട്ടിയോടിക്കുകയും ചെയ്യുന്നു.

149. ആത്മാവിനോടൊപ്പം ക്രിസ്തു ഉണ്ടെങ്കിൽ, മരണവേളയിൽ സ്വർഗ്ഗകവാടത്തിങ്കലേക്ക് ഉയരുമ്പോൾപ്പോലും അത് ശത്രുക്കളാൽ

www.malankaralibrary.com

അപമാനിതമാവുകയില്ല; മറിച്ച്, ഇപ്പോഴെന്നപോലെതന്നെ ആ സമയത്തും ധൈര്യപൂർവ്വം അവയെ നേരിടാൻ അതിന് സാധിക്കും. എന്നാൽ ഈ നശ്വരജീവൻ വെടിയുന്നതുവരെ മടുപ്പുകൂടാതെ രാവും പകലും അവിരാമം അത് ദൈവപുത്രനായ യേശുക്രിസ്തുവിനെ വിളിച്ചപേക്ഷിക്കണം. അപ്പോൾ നീതിരഹിതനായ ന്യായാധിപനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ നല്കിയ വാഗ്ദാനത്തിനനുസൃതമായി അവിടുന്ന് പ്രവർത്തിച്ചുകൊള്ളും (ലൂക്കോ 18:1-8). യഥാർത്ഥത്തിൽ ഈ ജീവിതകാലത്തും ശരീരത്തിൽനിന്ന് വേർപെട്ടതിനുശേഷവും അതിനുവേണ്ടി അവിടുന്ന് നിലകൊള്ളും.

150. നിങ്ങൾ മനസ്സിന്റെ കടൽ കുറുകെ കടക്കുമ്പോൾ യേശുവിൽ ആശ്രയം വയ്ക്കുക; എന്തെന്നാൽ, നിങ്ങളുടെ ഹൃദയത്തിൽ അവിടുന്ന് ഇങ്ങനെ മന്ത്രിക്കുന്നു: 'എന്റെ മകനായ യാക്കോബേ, കൃമിയായ ഇസ്രായേല്യരേ ഭയപ്പെടേണ്ടാ; ഞാൻ നിന്നെ സംരക്ഷിക്കും' (യശ 41:13,14). ദൈവം നമ്മോടൊത്തുണ്ടെങ്കിൽ, ഏതു തിന്മയ്ക്ക് നമ്മെ എതിർക്കാനാവും (റോമ 8:31)? അവിടുന്ന് ഹൃദയശുദ്ധിയുള്ളവരെ അനുഗ്രഹിക്കുകയും കല്പനകൾ നല്കുകയും ചെയ്തിരിക്കുന്നു; അതിനാൽ ഏകപരിശുദ്ധനായ യേശു ശുദ്ധിയുള്ള ഹൃദയങ്ങളിലേക്ക് പ്രവേശിക്കുകയും അവിടെ വസിക്കുകയും ചെയ്യുന്നു. വിശുദ്ധ പൗലോസ് പറയുന്നതുപോലെ നമുക്ക് നിരന്തരം നമ്മുടെ മനസ്സിനെ ഭക്തി അഭ്യസിപ്പിക്കാം (1 തിമോ 4:17). എന്തെന്നാൽ, വിവേകത്തിലേക്കുള്ള മാർഗ്ഗമാണ് ഭക്തി, അത് പിശാചിനാൽ വിതയ്ക്കപ്പെടുന്ന വിത്തുകളെ പിഴുതെടുക്കുന്നു.

151. 'അവൻ സമാധാനത്തിന്റെ സമൃദ്ധിയിൽ ആനന്ദിക്കും' (സങ്കീ 37:11) എന്ന ദാവീദിന്റെ വചനങ്ങൾ, മനുഷ്യന്റെ ബാഹ്യപ്രകൃതത്താൽ ആകൃഷ്ടനാകാത്തവനും തന്റെ ഹൃദയത്തിലെ അനീതിക്കുമേൽ വിധി കല്പിക്കുന്നവനുമായ ഒരുവനെ സംബന്ധിച്ചുള്ളതാണ്. അതായത്, പിശാചുക്കളുടെ രൂപഭാവങ്ങളാൽ വശീകരിക്കപ്പെടാത്തവനും, തന്റെ ഹൃദയത്തിന്മേൽ അന്യായമായി വിധി നടത്തി, നീതിയായിട്ടുള്ളതിനെ പാപത്തിന് വിട്ടുകൊടുത്തുകൊണ്ട് ആ രൂപഭാവങ്ങൾ നിമിത്തം പാപത്തിലേക്ക് നയിക്കപ്പെടാത്തവനുമായ ഒരുവനെ സംബന്ധിച്ചുള്ളതാണ് ആ വചനങ്ങൾ. ചില വിശുദ്ധ പിതാക്കന്മാർ പിശാചുക്കളെ മനുഷ്യരെന്ന് വിശേഷിപ്പിക്കുന്നുണ്ട്. കാരണം അവരും ബുദ്ധിയുള്ളവരാണല്ലോ. സുവിശേഷത്തിൽ

www.malankaralibrary.com

ക്രിസ്തു ഇങ്ങനെ പറയുന്നു: 'ദുഷ്ടനാണ് ഗോതമ്പിനൊപ്പം വയലിൽ കളയും വിതച്ചിരിക്കുന്നത് (മത്താ 13:24-50). തിന്മ ചെയ്യുന്നവർക്ക് ദുശ്ചിന്തകളെ നിഷേധിക്കാനുള്ള കരുത്തുണ്ടാവില്ല. അതിനാൽ ദുശ്ചിന്തകൾ അവരെ നശിപ്പിക്കുന്നു.

152. മനസ്സിനെ ശ്രദ്ധിക്കുകയും, വിനയവും സംയമവും പ്രാർത്ഥ നയും ദുശ്ചിന്തകളെ നിരാകരിക്കാനുള്ള ശേഷിയും സംയോജിപ്പി ക്കുകയും ചെയ്താൽ, പശ്ചാത്താപത്തിന്റെ വഴിയിലൂടെ നേരാംവണ്ണം നമുക്ക് മുന്നേറാനാകും. അങ്ങനെ നമ്മുടെ ഹൃദയത്തിന്റെ ഉള്ളറ കളെ യേശുക്രിസ്തുവിന്റെ പരിശുദ്ധവും ആരാധ്യവുമായ നാമത്താൽ, ജ്വലിക്കുന്ന ദീപത്താലെന്നതുപോലെ നാം പ്രകാശപൂർണ്ണമാക്കും; അതോടൊപ്പംതന്നെ ഹൃദയത്തിൽനിന്ന് എല്ലാ തിന്മകളെയും തുടച്ചു മാറ്റി അതിനെ ശുദ്ധവും തേജോമയവുമാക്കും. എന്നാൽ, നമ്മുടെ ഏകാഗ്രതയിലും ജാഗരൂകതയിലും മാത്രമാണ് നാം ആശ്രയിക്കുന്ന തെങ്കിൽ, നാം നമ്മുടെ ശത്രുക്കളാൽ അതിവേഗം തോല്പിക്കപ്പെടും. അവരുടെ കൗശലത്തിൽ നാം പരാജിതരായി നിലംപതിക്കും. അവർ ഒരുക്കുന്ന ദുശ്ചിന്തകളുടെ കെണിയിൽ കുരുങ്ങി അവരാൽ നാം കൊല്ലപ്പെടും. എന്തെന്നാൽ, ക്രിസ്തുവിന്റെ നാമം എന്ന ശക്തമായ വാളില്ലാതെ നമുക്ക് അവരെ തോല്പിക്കാനാകില്ല. അവിഭാജ്യമായ ഹൃദയത്തിലേക്ക് കടന്നുചെന്ന് അവരെ ഭേദിക്കുവാനും, അഗ്നി ഞാങ്ങണയെ എന്നപോലെ അവരെ നശിപ്പിക്കുവാനും കഴിയുന്നത്, ഈ വാളിന് മാത്രമാണ്.

153. മനസ്സിൽ രൂപീകൃതമാകുന്ന, ദുഃശ്ചിന്തകളുടെ മാനസിക രൂപങ്ങളെ ഉടനടി മനസ്സിലാക്കുക എന്നത് അവിരാമമായ ജാഗരൂ കതയുടെ, കടമയും ആത്മാവിന് നല്കുവാൻ സാധിക്കുന്ന വലി യൊരു ഉപകാരവും സഹായവുമാണ്. അവ ഏതെങ്കിലും ഭൗതിക വസ്തുക്കളുടെ രൂപത്തിൽ നമ്മുടെ മനസ്സിലേക്ക് കയറിപ്പറ്റാൻ ശ്രമിക്കുമ്പോൾ അവയെ തടയണമെങ്കിൽ അവയെ പൂർണ്ണമായി നിരാകരിക്കാനുള്ള ശക്തിയുണ്ടാകണം. കർത്താവിനോടുള്ള പ്രാർത്ഥനയ്ക്കാണ് എല്ലാവിധ പൈശാചിക ധാരണയേയും ചിന്തയേയും സങ്കല്പത്തേയും മിഥ്യാബോധത്തേയും മായാ രൂപത്തേയും ഉടൻതന്നെ ഉന്മൂലനം ചെയ്യാനും നശിപ്പിക്കാനും സാധി ക്കുന്നത്. നമ്മുടെ ദൈവമായ യേശു അവയുടെ മേൽ വിജയം

www.malankaralibrary.com

വരിക്കുന്നതും, ദരിദ്രരും ഹീനരും ഉപയോഗശൂന്യരുമായ നമുക്കു വേണ്ടി പ്രതികാരം ചെയ്യുന്നതും എങ്ങനെയെന്ന് നമ്മുടെ മനസ്സിൽ നമുക്കുതന്നെ ദർശിക്കാനാകും.

154. എല്ലാ ദുഷിച്ച ചിന്തകളും ഏതെങ്കിലുമൊക്കെ ഭൗതിക വസ്തുക്കളുടെ പ്രതിരൂപങ്ങളാണെന്ന് നമ്മിൽ അധികംപേരും മനസ്സിലാക്കുന്നില്ല. എന്നാൽ നാം ജാഗ്രതയോടെ അവിരാമം പ്രാർത്ഥിക്കുകയാണെങ്കിൽ, അത് ഇത്തരം പ്രതീകങ്ങളെ നമ്മുടെ മനസ്സിൽനിന്നും തുടച്ചുമാറ്റുകയും ശത്രുക്കളുടെ കൗശലങ്ങളെക്കുറിച്ചും പ്രാർത്ഥനയുടെയും ജാഗ്രതയുടെയും പ്രയോജനങ്ങളെക്കുറിച്ചും നമ്മെ ഗ്രഹിപ്പിക്കുകയും ചെയ്യും. ദിവ്യകവിയായ ദാവീദ് പറയുന്നതുപോലെ, 'ആത്മീയ പാപം ചെയ്യുന്നവർ എങ്ങനെ ശിക്ഷിക്കപ്പെടുന്നുവെന്ന് നിന്റെ കണ്ണുകൾകൊണ്ടുതന്നെ നീ കാണും; നീ അത് ആത്മീയമായി ദർശിക്കുകയും മനസ്സിലാക്കുകയും ചെയ്യും' (സങ്കീ 91:8).

155. സാധിക്കുമ്പോഴൊക്കെ നാം മരണത്തെക്കുറിച്ച് ഓർമ്മിക്കണം; എന്തെന്നാൽ എല്ലാ ഉത്കണ്ഠകളേയും സ്വാർത്ഥതകളേയും അത് അകറ്റുകയും മനസ്സിന്റെ മേൽ ജാഗ്രത പുലർത്താൻ അനുവദിക്കുകയും നിരന്തരമായ പ്രാർത്ഥനയ്ക്കു നമ്മെ പ്രേരിപ്പിക്കുകയും ശരീരത്തെക്കുറിച്ചുള്ള മമതയിൽനിന്നും നമ്മെ പിന്മാറ്റുകയും പാപത്തെ വെറുക്കാൻ ശീലിപ്പിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ എല്ലാ നന്മയുടെയും ഉറവിടം ഇതാണ്. അതിനാൽ സാദ്ധ്യമെങ്കിൽ, നാം ശ്വാസോച്ഛ്വാസം ചെയ്യുന്നതുപോലെ മരണത്തെക്കുറിച്ച് നിരന്തരമായി ഓർമ്മിക്കണം.

156. ഹൃദയം സങ്കല്പചിത്രങ്ങളിൽനിന്നു പൂർണ്ണമായും നിർമ്മുക്തമാകുമ്പോൾ അത് ദിവ്യവും നിഗൂഢവുമായ അനുഭൂതികൾക്കു ജന്മംകൊടുക്കുന്നു. അപ്പോൾ ശാന്തമായ സമുദ്രത്തിൽ മത്സ്യങ്ങളും കടൽപ്പന്നികളും ചാടിമറിയുന്നതുപോലെ അത്തരം അനുഭൂതികൾ ഹൃദയത്തിൽ കളിയാടുന്നു. കടൽ ഇളംകാറ്റിനാൽ ഇളക്കപ്പെടുന്നു; ഹൃദയത്തിന്റെ ആഴങ്ങളാകട്ടെ, പരിശുദ്ധാത്മാവിനാലും. 'നിങ്ങൾ മക്കളായതുകൊണ്ട് ആബ്ബാ! – പിതാവേ! എന്നു വിളിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ ദൈവം നിങ്ങളുടെ ഹൃദയത്തിലേക്ക് അയച്ചിരിക്കുന്നു' (ഗലാ 4:6).

www.malankaralibrary.com

157. മാനസിക ഏകാഗ്രത നേടാൻ കഴിയുന്നതുവരെ ഓരോ സന്ന്യാസിയും തന്റെ ആത്മീയവൃത്തിയെക്കുറിച്ച് അനിശ്ചിതത്വത്തിലായിരിക്കും കഴിഞ്ഞുകൂടുന്നത്. ഒന്നുകിൽ അയാൾക്ക് ഏകാഗ്രതയുടെ സൗന്ദര്യത്തെക്കുറിച്ച് അറിവില്ലായിരിക്കാം. അഥവാ അറിവുണ്ടെങ്കിൽതന്നെ, അവഗണനമൂലം അയാൾക്ക് അത് നേടാൻ കഴിഞ്ഞില്ലെന്നും വരാം. മനസ്സിനെ സൂക്ഷിക്കാൻ പഠിക്കുമ്പോൾ മാത്രമാണ് ഈ അനിശ്ചിതത്വത്തിൽനിന്നു പുറത്തുകടക്കാൻ അയാൾക്കു സാധിക്കുന്നത്. ഈ സംരക്ഷിക്കലിനെയാണ് യഥാർത്ഥത്തിൽ ആദ്ധ്യാത്മിക വിദ്യയെന്നോ അല്ലെങ്കിൽ മനസ്സിന്റെ പ്രായോഗിക ജ്ഞാനമെന്നോ വിളിക്കുന്നത്. ഇതിലൂടെ 'ഞാനാണ് വഴിയും പുനരുത്ഥാനവും ജീവനും' (യോഹ 11:25;14:6) എന്നു പറഞ്ഞവനിലേക്കുള്ള വഴി കണ്ടെത്താൻ ഒരുവന് സാധിക്കുന്നു.

158. തന്റെ ഉള്ളിലെ ദുഷിച്ച ചിന്തകളുടെ ആഴവും ബാബിലോൺ സന്തതികളുടെ എണ്ണവും കാണുമ്പോൾ ഓരോ സന്ന്യാസിയും ചിന്താക്കുഴപ്പത്തിലാകുന്നു. എന്നാൽ നാം ക്രിസ്തുവിൽ മനസ്സുറപ്പിച്ചാൽ ഈ ചിന്താക്കുഴപ്പം പരിഹരിക്കപ്പെടും. അവയെ ക്രിസ്തുവാകുന്ന പാറമേൽ അടിച്ച് തകർക്കുന്നതുവഴി ബാബിലോൺ സന്താനങ്ങളെ തുരത്താൻ നമുക്ക് സാധിക്കും (സങ്കീ 137:9). അങ്ങനെ 'കല്പന അനുസരിക്കുന്നവന് ഒരുപദ്രവവും ഉണ്ടാവുകയില്ല (സഭാ 8:5); എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല (യോഹ 15:5)' എന്നീ വചനങ്ങൾക്കനുസൃതം നാം പ്രവർത്തിക്കുന്നു.

159. ജാഗ്രത നേടിയവനാണ് യഥാർത്ഥ സന്ന്യാസി, യഥാർത്ഥത്തിൽ ജാഗ്രത പുലർത്തുന്നവൻ തന്റെ ഹൃദയത്തിൽ പൂർണ്ണമായും ഒരു സന്ന്യാസിയായിരിക്കും.

160. മനുഷ്യജീവിതം വർഷങ്ങളിലൂടെ, മാസങ്ങളിലൂടെ, ആഴ്ചകളിലൂടെ, ദിനരാത്രങ്ങളിലൂടെ, മണിക്കൂറുകളിലൂടെ, മിനിറ്റുകളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. നമ്മുടെ തപശ്ചര്യകൾ - ജാഗ്രത, പ്രാർത്ഥന, ഹൃദയമാധുര്യം, ഏകാഗ്രത തുടങ്ങിയവ- ജീവിതാന്ത്യം വരെ നാം നിരന്തരമായി പിന്തുടരണം.

161. നമ്മുടെ മരണനിമിഷം സുനിശ്ചിതമാണ്, നമുക്ക് അതിൽനിന്ന് രക്ഷപെടാനാവുകയുമില്ല. ഈ ഭൂമിയുടെയും ആകാശത്തിന്റെയും

www.malankaralibrary.com

അധിപൻ (യോഹ 14:30; എഫേ 2:2) ആഗതനാകുമ്പോൾ, നമ്മുടെ അകൃത്യങ്ങൾ താരതമ്യേന എണ്ണത്തിൽ കുറവും ലഘുവുമാണെന്ന് കാണാൻ ഇടവരട്ടെ, അങ്ങനെ നമ്മെ കുറ്റക്കാരായി വിധിക്കുവാൻ അവിടുത്തേക്ക് ഇടവരാതിരിക്കട്ടെ. അല്ലാത്തപക്ഷം നാം വൃഥാ കണ്ണീരൊഴുക്കേണ്ടിവരും. 'എന്തെന്നാൽ തന്റെ യജമാനന്റെ ഹിതം അറിഞ്ഞിട്ടും, അതനുസരിച്ച് പ്രവർത്തിക്കാത്ത ഭൃത്യൻ കഠിനമായി പ്രഹരിക്കപ്പെടും' (ലൂക്കോ 12:47).

162. 'നിരാശരായവർക്ക് കഷ്ടം; കർത്താവിന്റെ സന്ദർശനവേളയിൽ അവരെന്തുചെയ്യും?' (പ്രഭാ 2:14) അതിനാൽ, സഹോദരരേ നാം ആത്മാർത്ഥമായി അദ്ധ്വാനിക്കേണ്ടിയിരിക്കുന്നു.

163. വൈകാരികത നിറഞ്ഞ ചിന്തകൾ, നിഷ്കളങ്കവും നിരുപദ്രവവുമായി കാണപ്പെടുകയും ഒന്നിനു പിന്നാലെ ഒന്നായി ഉള്ളിലേക്കു കടന്നുവരികയും ചെയ്യുന്നു. മുമ്പേ വരുന്നവ പിന്നാലെ വരുന്നവയ്ക്കായി വഴിതുറക്കുന്നു. വർഷങ്ങളായുള്ള പരിചയത്തിലും നിരീക്ഷണത്തിലുംകൂടിയാണ് നാം ഇത് മനസ്സിലാക്കിയിരിക്കുന്നത്.

164. നമ്മുടെ ഇച്ഛയ്ക്കനുസരിച്ചുള്ള ബുദ്ധിപൂർവ്വമായ തീരുമാനത്താൽ നാം രണ്ടായി മുറിക്കപ്പെടേണ്ടിയിരിക്കുന്നു. നാം തന്നെയായിരിക്കണം നമ്മുടെ ഏറ്റവും വലിയ ശത്രു. പ്രഥമവും പ്രധാനവുമായ കല്പന -ഇതിലൂടെ ഞാൻ അർത്ഥമാക്കുന്നത്, ക്രിസ്തുവിന്റെ ജീവിതമാർഗ്ഗം, അനുഗൃഹീതമായ എളിമ, മനുഷ്യാവതാരം ചെയ്ത ദൈവത്തിന്റെ ജീവിതം എന്നിവയാണ്- നിറവേറ്റണമെങ്കിൽ, തന്നെ കഠിനമായി മുറിവേല്പിക്കുകയും അനീതി കാട്ടുകയും ചെയ്തവന്റെ നേർക്ക് ഒരുവനുള്ള മനോഭാവം നമുക്ക് നമ്മളോടുതന്നെ ഉണ്ടാകണം. യഥാർത്ഥത്തിൽ ഇതിലും കഠിനമായ ഒരു മനോഭാവമായിരിക്കണം അത്. എന്തെന്നാൽ അപ്പോസ്തോലൻ പറയുന്നു: 'മരണത്തിന് അധീനമായ ഈ ശരീരത്തിൽനിന്ന് എന്നെ ആരു മോചിപ്പിക്കും?... എന്തെന്നാൽ അത് ദൈവത്തിന്റെ നിയമത്തിന് കീഴ്വഴങ്ങുന്നില്ല' (റോമ 7:24; 8:7). ഇവിടെ അദ്ദേഹം സൂചിപ്പിക്കുന്നത്, ശരീരത്തെ ദൈവത്തിന്റെ നിയമത്തിന് വിധേയമാക്കുക എന്നത്, നമ്മുടെ ശക്തിക്കധീനമാണെന്നത്രേ. 'കാരണം നാം നമ്മെത്തന്നെ ശരിയായി വിധിച്ചിരുന്നെങ്കിൽ നാം വിധിക്കപ്പെടുകയില്ലായിരുന്നു; എന്നാൽ കർത്താവ് നമ്മെ വിധിക്കുകയും ശിക്ഷണവിധേയരാക്കുകയും ചെയ്യുന്നു' (1 കൊരി 11:31,32).

www.malankaralibrary.com

165. ഫലം ഉണ്ടാകുന്നത് പുഷ്പത്തിൽനിന്നുമാണ്; മനസ്സിന്റെ സംരക്ഷണമാകട്ടെ, ഭക്ഷണപാനീയങ്ങളിലുള്ള മിതത്വം, ദുഃശ്ചിന്തകളുടെ തിരസ്കാരം, അവയിൽനിന്നുള്ള അകൽച്ച, ആന്തരികമനനം എന്നിവയിൽനിന്നും.

166. നാം യേശുക്രിസ്തുവിൽ ശക്തി ആർജ്ജിക്കുകയും ഉറച്ച ഏകാഗ്രതയിൽ മുന്നേറുകയും ചെയ്യുമ്പോൾ അവൻ നമ്മുടെ അന്തരാത്മാവിൽ ഒരു ദീപശിഖയായി തെളിഞ്ഞ് മനസ്സിന്റെ ഊടുവഴികളിലൂടെ നമ്മെ നയിക്കുന്നു; പിന്നീടവൻ ഒരു പൂർണചന്ദ്രനെപ്പോലെ നമ്മുടെ ഹൃദയാകാശത്തിൽ ഉദിക്കുന്നു. അതിനുശേഷം, നീതിയുടെ പ്രകാശം പരത്തി തന്നെത്തന്നെ വെളിപ്പെടുത്തിക്കൊണ്ട് ആത്മീയ ദർശനത്തിൽ, സൂര്യനെപ്പോലെ അവൻ നമ്മുടെ മുമ്പിൽ പ്രത്യക്ഷനാകുന്നു.

167. കല്പനയിൽ ഉറച്ചു നില്ക്കുന്ന മനസ്സിന് യേശു ഇക്കാര്യങ്ങൾ രഹസ്യമായി വെളിപ്പെടുത്തുന്നു: 'നിങ്ങളുടെ ഹൃദയത്തിന്റെ അഗ്രചർമ്മം പരിച്ഛേദനം ചെയ്യുവിൻ' (ആവ 10:16) എന്നു പറയപ്പെട്ടിരിക്കുന്നതുപോലെ, ജാഗ്രത പുലർത്തുവാനുള്ള കഠിനപരിശ്രമം ഒരുവനെ അത്ഭുതകരമായ കാര്യങ്ങൾ അഭ്യസിപ്പിക്കുന്നു. 'എന്തെന്നാൽ ദൈവത്തിന് പക്ഷപാതമില്ല' (റോമ 2:11), അതിനാൽ കർത്താവ് ഇങ്ങനെ പറയുന്നു: 'ഞാൻ പറയുന്നതു കേട്ടു മനസ്സിലാക്കുക. ഉള്ളവന് കൂടുതൽ നൽകപ്പെടുകയും അവന് സമൃദ്ധി ഉണ്ടാവുകയും ചെയ്യും; ഇല്ലാത്തവനിൽനിന്ന് ഉണ്ടെന്നു കരുതുന്നതുകൂടി തിരിച്ചെടുക്കപ്പെടും' (ലൂക്കോ 8:18). 'ദൈവത്തെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി പരിണമിക്കുന്നു' (റോമ 8:28); ആ നിലയ്ക്ക്, ഇത്തരക്കാരായ ആളുകളുടെ കാര്യത്തിൽ സുകൃതങ്ങൾ എത്രയോ അധികം നന്മ പ്രദാനം ചെയ്യും.

168. വെള്ളമില്ലാതെ കപ്പലിന് മുമ്പോട്ടു നീങ്ങാനാവാത്തതുപോലെ, ഏകാഗ്രതയും വിനയവും യേശുവിനോടുള്ള പ്രാർത്ഥനയും കൂടാതെ മാനസികജാഗരൂകതയിൽ അഭിവൃദ്ധി നേടാനാവില്ല.

169. വീടിന്റെ അടിത്തറ കല്ലുകളാണ്; എന്നാൽ വിശുദ്ധിയുടെ അടിത്തറയും മേൽക്കൂരയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ആരാധ്യനാമമാണ്. കൊടുങ്കാറ്റ് ഉണ്ടാകുമ്പോൾ വിവേക

www.malankaralibrary.com

മില്ലാത്ത കപ്പിത്താൻ നാവികരെ ജോലിചെയ്യാൻ അനുവദിക്കാതെയും തുഴകളും പായ്മരവും കടലിലെറിഞ്ഞും സുഖമായി വിശ്രമിച്ചു കൊണ്ടും തന്റെ കപ്പലിന്റെ നാശത്തിന്റെ കാരണമായിത്തീരുന്നു; ഇതുപോലെ, പൈശാചിക പ്രലോഭനങ്ങളുടെ കൊടുങ്കാറ്റിൽപ്പെടുമ്പോൾ, ക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷിക്കാതെയും ജാഗ്രത നില നിർത്താതെയും വിവേകശൂന്യമായ ആത്മാവ് ഇതിലും വേഗം സ്വയം നാശമടയുന്നു.

170. നമുക്ക് അറിയാവുന്നതിനെക്കുറിച്ചാണ് നാം എഴുതുന്നത്; നാം പറയുന്നത് മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി നമ്മുടെ അനുഭവങ്ങളിലൂടെ നാം സാക്ഷ്യം വഹിക്കുന്നു. ക്രിസ്തു ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'എന്നിൽ വസിക്കാത്തവൻ മുറിച്ച ശാഖ പോലെ പുറത്തെറിയപ്പെടുന്നു; ആളുകൾ അത് ശേഖരിച്ച് തീയിലിട്ട് കത്തിച്ചുകളയുന്നു; എന്നാൽ, അവൻ എന്നിൽ വസിക്കുകയാണെങ്കിൽ, ഞാൻ അവനിലും വസിക്കും' (യോഹ 15:5,6). സൂര്യന് പ്രകാശമില്ലാതെ തിളങ്ങനാവില്ല; യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കാതെ ഹൃദയത്തിന് ദുഃശ്ചിന്തകളുടെ കറകളിൽനിന്ന് ശുദ്ധീകരിക്കപ്പെടാനുമാവില്ല. ശ്വസിക്കുകയെന്നത് നമുക്ക് എത്രയധികം ആവശ്യമായിരിക്കുന്നുവോ അത്രയധികം യേശുവിന്റെ നാമം നാം ഉപയോഗിക്കണം. എന്തെന്നാൽ, ആ നാമം പ്രകാശമാണ്, ദുഃശ്ചിന്തകൾ അന്ധകാരവും. ദുഃശ്ചിന്തകൾ അടിമകളും പിശാചുക്കളുമാണെങ്കിൽ, യേശുവിന്റെ നാമം ദൈവവും യജമാനനുമാണ്.

171. മനോനിയന്ത്രണത്തെ പ്രകാശജനകമെന്നും, തേജോപൂർണ്ണമെന്നും പ്രകാശദായകമെന്നും അഗ്നിസമാനമെന്നും വിശേഷിപ്പിക്കാറുണ്ട്. അത് ഉചിതമാണുതാനും. എന്തെന്നാൽ, ശാരീരികവും മാനസികവുമായ നിരവധി സദ്ഗുണങ്ങളെക്കാൾ ശ്രേഷ്ഠമാണത്. ഇക്കാരണത്താലും ഇതുമൂലമുണ്ടാകുന്ന മഹത്ത്വം നിറഞ്ഞ പ്രകാശത്താലും ഈ സദ്ഗുണത്തെ വിശിഷ്ടനാമങ്ങളിൽ ആദരിക്കേണ്ടതുണ്ട്. ഈ സദ്ഗുണത്തെ സ്നേഹിക്കുന്നവർ യേശുക്രിസ്തുവിലൂടെ പാപികൾ, അറിവില്ലാത്തവർ, അധാർമ്മികർ, മൂഢർ, നീതിരഹിതർ എന്നീ അവസ്ഥകളിൽനിന്ന് നീതിയുള്ളവർ, പ്രതിവാദസന്നദ്ധതയുള്ളവർ, നിർമ്മലർ, പരിശുദ്ധർ, ജ്ഞാനികൾ എന്നീ അവസ്ഥകളിലേക്കുള്ള പരിവർത്തനം നേടുന്നു. ഇതുമാത്രമല്ല, അവർക്ക്

www.malankaralibrary.com

ധ്യാനനിമഗ്നരാകാനും ദൈവികവിഷയങ്ങൾ കൈകാര്യം ചെയ്യാനും സാധിക്കുന്നു. ധ്യാനാത്മകത സ്വായത്തമാക്കിക്കഴിയുമ്പോൾ ശുദ്ധവും അനന്തപ്രഭയാൽ പൂരിതവുമായ സമുദ്രത്തിൽ മുങ്ങുവാനും അത് ആസ്വദിച്ച് അതിൽ വസിക്കുവാനും അവർ പ്രാപ്തരാകുന്നു. കർത്താവ് എത്ര നല്ലവനെന്ന് അവർ അനുഭവിച്ചറിഞ്ഞുകഴിഞ്ഞിരിക്കുന്നു (സങ്കീ 34:8). 'നീതിമാന്മാർ അങ്ങയുടെ നാമത്തിന് നിശ്ചയമായും നന്ദി പറയും; പരമാർത്ഥഹൃദയർ അവിടുത്തെ സന്നിധിയിൽ വസിക്കും' (സങ്കീ 140:13) എന്ന ദാവീദിന്റെ വചനങ്ങൾ ഈ അഗ്രഗാമികളിൽ പൂർത്തിയായിരിക്കുന്നു. ഇങ്ങനെയുള്ള മനുഷ്യരാണ് യഥാർത്ഥത്തിൽ ദൈവത്തെ വിളിച്ചപേക്ഷിക്കുന്നതും അവിടുത്തേക്ക് കൃതജ്ഞതയർപ്പിക്കുന്നതും. അവിടുത്തോടുള്ള സ്നേഹത്താൽ അവർ നിരന്തരം അവിടുന്നുമായി സംസാരിക്കുന്നു.

172. ബാഹ്യവസ്തുക്കൾ ഉളവാക്കുന്ന ഭീഷണികളെ ആന്തരിക വ്യക്തി ജാഗ്രതയോടെ വീക്ഷിക്കേണ്ടതാണ്, എന്തെന്നാൽ ബാഹ്യേന്ദ്രിയങ്ങളിൽനിന്നാണ് ആന്തരികവ്യക്തിത്വത്തിന് നിരാശ അനുഭവിക്കേണ്ടിവരുന്നത്; ഇത്തരത്തിൽ നിരാശ അനുഭവിക്കുമ്പോൾ അത് ബാഹ്യേന്ദ്രിയങ്ങളെ പ്രഹരിക്കുന്നു. ഇത് അനുഭവിച്ച ഒരാൾക്കു മാത്രമേ ഇതിന്റെ അർത്ഥം മനസ്സിലാവുകയുള്ളൂ.

173. വിശുദ്ധ പിതാക്കന്മാരുടെ അഭിപ്രായത്തിൽ നമ്മുടെ ആന്തരികവ്യക്തിത്വം ജാഗ്രതയുള്ളതാണെങ്കിൽ അതിനു ബാഹ്യവ്യക്തിത്വത്തെ സംരക്ഷിക്കാനാകും. എന്നാൽ, നാമും പിശാചുക്കളും ഒത്തുചേർന്ന് പാപം ചെയ്യുന്നു. പിശാചുക്കൾ തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് വഞ്ചനാപരമായ സാങ്കല്പിക ചിത്രങ്ങൾ നമ്മുടെ മനസ്സിൽ ഉളവാക്കിക്കൊണ്ട് ദുഃശ്ചിന്തകളിലൂടെ മാത്രമാണ് പ്രവർത്തിക്കുന്നത്. ദുഷിച്ച ചിന്തകളിലൂടെ ആന്തരികമായും ദുഷ്പ്രവൃത്തികളിലൂടെ ബാഹ്യമായും നാം പാപം ചെയ്യുന്നു. ശരീരമില്ലാത്തവരാകയാൽ പിശാചുക്കൾ, വഞ്ചനയിലൂടെ നമുക്കും അവർക്കും പീഡനം ഏല്പിക്കുന്നു. ഇതിന് അവർ ഉപയോഗിക്കുന്നത് ദുഷിച്ച ചിന്തകളാണ്. ശരീരമുണ്ടായിരുന്നുവെങ്കിൽ അവരും നമ്മെപ്പോലെ ബാഹ്യപ്രവൃത്തികളിലൂടെ പാപം ചെയ്യുമായിരുന്നു. എന്തെന്നാൽ, എല്ലായ്പ്പോഴും ദൈവവിരുദ്ധകാര്യങ്ങളിൽ മാത്രം താല്പര്യമുള്ളവരാണ് അവർ.

www.malankaralibrary.com

174. യേശുവിനോടുള്ള ഒരേയൊരു പ്രാർത്ഥനയ്ക്ക് പിശാചുക്കളുടെ വഞ്ചനകളെ നശിപ്പിക്കാനും ഇല്ലായ്മ ചെയ്യാനും സാധിക്കും. നാം ദൈവവും ദൈവപുത്രനുമായ ക്രിസ്തുവിനോട് നിരന്തരമായും അക്ഷീണമായും പ്രാർത്ഥിക്കുമ്പോൾ, പിശാചുക്കളുടെ പ്രലോഭനത്തിന്റെ ഒരു ചെറിയ അംശംപോലും നമ്മുടെ മനസ്സിന്റെ കണ്ണാടിയിൽ പ്രതിബിംബിക്കാൻ അവൻ അനുവദിക്കുന്നില്ല, നമ്മുടെ ഹൃദയവുമായി സംവാദത്തിൽ ഏർപ്പെടാൻ യാതൊരു അവസരവും അവയ്ക്ക് കൊടുക്കുന്നുമില്ല. പിശാചിന്റെ പ്രലോഭനങ്ങൾ നമ്മുടെ ഹൃദയത്തിൽ കടന്നുകൂടിയില്ലെങ്കിൽ അത് ദുശ്ചിന്തകളിൽനിന്നു മുക്തമായിരിക്കും. നാം പറഞ്ഞതുപോലെ, ദുശ്ചിന്തകളിലൂടെ ആത്മാവുമായി സംഭാഷണത്തിൽ ഏർപ്പെടുന്നതും വഞ്ചനയിലൂടെ അതിനെ വഴിതെറ്റിക്കുന്നതും പിശാചുക്കളുടെ ശീലമാണ്.

175. അവിരാമമായ പ്രാർത്ഥനയിലൂടെയാണ് പിശാചുക്കൾ ഇളക്കിവിടുന്ന കാർമേഘങ്ങളിൽനിന്നും കൊടുങ്കാറ്റിൽനിന്നും നമ്മുടെ മനസ്സ് ശുദ്ധീകരിക്കപ്പെടുന്നത്. അത് ശുദ്ധീകരിക്കപ്പെട്ടു കഴിയുമ്പോൾ അഹന്ത, ആത്മപ്രശംസ, മിഥ്യാബോധം, ആഡംബരപ്രേമം, അപ്രാപ്യമായവ നേടാനുള്ള അഭിവാഞ്ഛ എന്നിവ നമ്മുടെയുള്ളിൽ ഇല്ലെങ്കിൽ യേശുവിന്റെ ദിവ്യപ്രകാശം അതിൽ പ്രശോഭിക്കുന്നു, അല്ലാത്തപക്ഷം യേശുവിന്റെ സഹായം നമുക്ക് നഷ്ടമാകുന്നു. എന്തെന്നാൽ വിനയത്തിന്റെ നിദർശനമായ യേശു എല്ലാ വ്യർത്ഥാഭിമാനത്തെയും വെറുക്കുന്നു.

176. നമുക്ക് പ്രാർത്ഥനയിലും വിനയത്തിലും അടിയുറച്ചു നിൽക്കാം; എന്തെന്നാൽ ഇവ രണ്ടും ജാഗരൂകതയുമായി ചേരുമ്പോൾ ജ്വലിക്കുന്ന വാളുപോലെ പിശാചുക്കൾക്കെതിരെ പ്രവർത്തിക്കുന്നു. ഇതു ചെയ്യാൻ കഴിഞ്ഞാൽ ഓരോ ദിവസവും ഓരോ മണിക്കൂറും നമ്മുടെ ഹൃദയത്തിനുള്ളിൽ ആനന്ദത്തിന്റെ രഹസ്യോത്സവം ആഘോഷിക്കാൻ നമുക്ക് സാധിക്കും.

177. ഓരോ ദുഃശ്ചിന്തയും എട്ട് പ്രധാനപ്പെട്ട ദുശ്ചിന്തകളിൽ കുടികൊള്ളുകയും അവയിൽനിന്ന് ഉത്ഭവിക്കുകയും ചെയ്യുന്നു. ഗ്രീക്ക് കഥകളിലെ ശപിക്കപ്പെട്ട ദുർദേവതമാർ ഹീരായിൽനിന്നും സീയൂസിൽനിന്നും ഉത്ഭവിക്കുന്നതുപോലെ തന്നെ. ഇവ എട്ടെണ്ണവും ഹൃദയകവാടത്തെ സമീപിക്കുകയും സംരക്ഷിതമല്ലാത്ത മനസ്സിലേക്ക്

www.malankaralibrary.com

യഥാസമയത്ത് ഒന്നിനു പിറകെ ഒന്നായി കയറിപ്പറ്റുകയും ചെയ്യുന്നു. ഇവയിൽ ഏതെങ്കിലുമൊന്ന് ഉള്ളിൽ കടന്നുകൂടിയാൽ ദുശ്ചിന്ത കളുടെ ഒരു പറ്റംതന്നെ തൊട്ടുപിന്നാലെ എത്തുന്നു; അങ്ങനെ മനസ്സിനെ ഇരുളിൽ ആഴ്ത്തുകയും ശരീരത്തെ പാപപ്രവൃത്തികളി ലേക്ക് നയിക്കുകയും ചെയ്യുന്നു.

178. സർപ്പത്തിന്റെ തല കണ്ടുപിടിച്ച്, തന്റെ സർവ്വശക്തിയു മുപയോഗിച്ച് അത് തല്ലിത്തകർക്കുന്നവൻ യുദ്ധത്തിന് അറുതി വരുത്തുന്നു. സർപ്പത്തിന്റെ തല തല്ലി ചതയ്ക്കുന്നതിലൂടെ ദുഷിച്ച ചിന്തകളുടെയും പ്രവൃത്തികളുടെയും ഒരു കൂട്ടത്തെത്തന്നെ അവർ ആട്ടിപ്പുറത്താക്കുന്നു. അതോടെ മനസ്സ് അചഞ്ചലമാകുന്നു; ദൈവം, ചിന്തകൾക്കുമേലുള്ള മനസ്സിന്റെ ജാഗ്രതയെ അംഗീകരിക്കുന്നു. അതിനു പകരമായി, ശത്രുക്കളെ കീഴടക്കാനുള്ള കഴിവും ആന്തരിക വ്യക്തിത്വത്തെ ദുഷിപ്പിക്കുന്ന ചിന്തകളിൽനിന്നു ഹൃദയത്തെ ശുദ്ധീകരിക്കാനുള്ള സിദ്ധിയും ദൈവം അതിനു നൽകുന്നു. കർത്താവായ യേശു പറഞ്ഞിട്ടുള്ളതുപോലെ, 'ദുഃശ്ചിന്തകൾ, വ്യഭിചാരം, പരസംഗം എന്നിവ പുറപ്പെടുന്നത് ഹൃദയത്തിൽനിന്നുമാണ്, അവയാണ് ഒരുവനെ അശുദ്ധനാക്കുന്നത്' (മത്താ 15:19,20).

179. ദൈവം ആത്മാവിനെ സൃഷ്ടിച്ചത് സൗന്ദര്യം, ആകർഷ ണീയത, സത്യനിഷ്ഠ എന്നീ ഗുണങ്ങളോടുകൂടിയാണ്; ദുശ്ചിന്ത കളിൽനിന്നു മോചനം നേടുകയും ക്രിസ്തുവിൽ അഭയം തേടുകയും ചെയ്യുന്നതോടെ ഈ ഗുണങ്ങളെല്ലാം ആത്മാവിനു തിരിച്ചുകിട്ടുന്നു. ദൈവദാസനായ വിശുദ്ധ അന്തോണി ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'മനസ്സ് അതിന്റെ സ്വാഭാവികമായ അവസ്ഥയിലെത്തുമ്പോൾ അത് വിശുദ്ധി നേടുന്നു'. അദ്ദേഹം ഇങ്ങനെയും പറഞ്ഞിട്ടുണ്ട്: 'ഏത് അവസ്ഥയിലാണോ സൃഷ്ടിക്കപ്പെട്ടത്, അതേ അവസ്ഥയിലേക്ക് മനസ്സ് തിരിച്ചെത്തുമ്പോൾ ആത്മാവിന് നിർദോഷത കൈവരുന്നു'. കൂടാതെ, 'നമുക്ക് മനസ്സിനെ ശുദ്ധീകരിക്കാം' എന്തെന്നാൽ മനസ്സ് പൂർണ്ണമായും ശുദ്ധവും സ്വാഭാവികവുമായിരിക്കുമ്പോൾ അതിനു തുളച്ചുകയറുന്ന ഉൾക്കാഴ്ച ഉണ്ടായിരിക്കുകയും, കർത്താവ് എല്ലാ കാര്യങ്ങളും അതിന് വെളിപ്പെടുത്തുന്നതിനാൽ പിശാചുക്കളേക്കാൾ വ്യക്തമായി അതിന് എല്ലാം കാണാൻ കഴിയുകയും ചെയ്യുന്നു എന്നു കൂടി അദ്ദേഹം പറഞ്ഞിരിക്കുന്നു. പ്രശസ്തനായ അന്തോണിയുടെ

www.malankaralibrary.com

ഈ വചനങ്ങൾ അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ മഹാനായ അത്തനേഷ്യസ് രേഖപ്പെടുത്തിയിട്ടുണ്ട്.

180. ഓരോ ദുഷിച്ച ചിന്തയും ഏതെങ്കിലുമൊരു ഭൗതികവസ്തുവിന്റെ പ്രതിരൂപമാണ് നമ്മുടെ മനസ്സിൽ സൃഷ്ടിക്കുന്നത്. സാത്താൻ ആത്മാവ് മാത്രമായതിനാൽ നാം പഞ്ചേന്ദ്രിയങ്ങളിലൂടെ തിരിച്ചറിയുന്ന ഏതെങ്കിലും വസ്തുക്കളുടെ സഹായത്തോടെ മാത്രമേ അവന് നമ്മെ വഞ്ചിക്കാൻ കഴിയൂ.

181. നാം മനുഷ്യരായതിനാൽ പക്ഷികളെപ്പോലെ പറക്കുവാനോ അവയെ പിന്തുടരുവാനോ നമുക്കാവില്ല. അതുപോലെതന്നെ, ജാഗ്രതയും നിരന്തരമായ പ്രാർത്ഥനയുമില്ലാതെ, അശരീരികളായ പൈശാചികചിന്തകളെ പിൻതുടർന്നു തോല്പിക്കാനോ മനോനേത്രങ്ങൾ സദാസമയവും ദൈവത്തിൽ ഉറപ്പിക്കാനോ നമുക്ക് കഴിയില്ല; അത്തരം പ്രാർത്ഥനയില്ലെങ്കിൽ നാം പിന്തുടരുന്നത് ഭൗതികവസ്തുക്കളെ മാത്രമായിരിക്കും.

182. നിങ്ങളുടെ ഉള്ളിലെ ദുഷിച്ച ചിന്തകളെക്കുറിച്ച് ലജ്ജിക്കാനും, ഹൃദയത്തിൽ ശാന്തതയും മൗനവും നേടാനും പ്രതിബന്ധം കൂടാതെ എല്ലായ്പ്പോഴും ആന്തരികജാഗ്രത പാലിക്കാനും ആഗ്രഹിക്കുന്നുവെങ്കിൽ, ക്രിസ്തുവിനോടുള്ള പ്രാർത്ഥന നിങ്ങളുടെ ശ്വാസത്തിൽ അലിഞ്ഞുചേരട്ടെ; ഏതാനും ദിവസങ്ങൾക്കുള്ളിൽ നിങ്ങൾക്ക് ഇതെല്ലാം സാധ്യമാകും.

183. വായുവിൽ അക്ഷരങ്ങൾ എഴുതാൻ കഴിയില്ല; അവ സ്ഥിരമായി നിലനിൽക്കണമെങ്കിൽ ഏതെങ്കിലും ഖരവസ്തുവിന്മേൽ എഴുതിയേ തീരൂ. അതേപോലെതന്നെ, നമ്മൾ കഠിനാദ്ധ്വാനത്തിലൂടെ നേടിയ ജാഗരൂകതയെ യേശുവിനോടുള്ള പ്രാർത്ഥനയുമായി കൂട്ടിച്ചേർത്തെങ്കിൽ മാത്രമേ അത് അവിടുന്നിൽ ഉറയ്ക്കുകയും എക്കാലവും നിലനിൽക്കുകയും ചെയ്യുകയുള്ളൂ.

184. നിങ്ങളുടെ പ്രവൃത്തികളെ ദൈവസന്നിധിയിൽ കൊണ്ടുവരിക; അപ്പോൾ നിങ്ങൾക്ക് കൃപ ലഭിക്കും. അങ്ങനെയായാൽ പ്രവാചകന്റെ ഈ വചനങ്ങൾ നിങ്ങളെ സംബന്ധിക്കുന്നവയായിരിക്കുകയില്ല: 'കർത്താവേ, അവരുടെ നാവിൽ എപ്പോഴും അവിടുന്നുണ്ട്; ഹൃദയത്തിലാകട്ടെ അങ്ങേക്കു സ്ഥാനമില്ല' (യിര 12:2). ഭിന്നിച്ചിരി

www.malankaralibrary.com

ക്കുന്നതിനെയെല്ലാം യോജിപ്പിക്കാൻ കഴിവുള്ള യേശുക്രിസ്തുവി നൊഴികെ മറ്റൊരാൾക്കും നിങ്ങളുടെ മനസ്സിന് വികാരങ്ങളിൽനിന്നും വിമുക്തമായ നിത്യശാന്തി നല്കാൻ കഴിയില്ല.

185. ദുഷിച്ച ചിന്തകളുമായുള്ള മാനസികബന്ധവും, അവ യോടുള്ള ബാഹ്യമായ ബന്ധവും സംസാരവും എല്ലാം ഒന്നുപോലെ ആത്മാവിനെ ഇരുട്ടിലാഴ്ത്തുന്നു. മനസ്സിനെ മുറിവേല്പിക്കാതെ കാത്തുസൂക്ഷിക്കണമെങ്കിൽ, നമ്മുടെയോ മറ്റുള്ളവരുടെയോ ദുഷിച്ച സംഭാഷണവുമായി അതിന് ബന്ധമുണ്ടാകരുത്. ഇതിന് മറ്റൊരു പ്രധാന കാരണംകൂടിയുണ്ട്. അല്ലാത്തപക്ഷം മനസ്സ് ഇരുളിലാഴുകയും ജാഗ്രത നഷ്ടപ്പെടുകയും ചെയ്യും. മറവിമൂലം ഇരുളിലാഴുകയാ ണെങ്കിൽ നാം നമ്മുടെ മനസ്സിനെ നശിപ്പിക്കുന്നു.

186. കഠിനാദ്ധ്വാനത്തിലൂടെ തന്റെ ഹൃദയശുദ്ധി കാത്തുസൂക്ഷി ക്കുന്നവന്, ആ ശുദ്ധതയെ സ്ഥിരീകരിക്കുന്ന ക്രിസ്തു, ഗുരുവായി ഉണ്ടായിരിക്കും. അവിടുന്ന് തന്റെ ഹിതം രഹസ്യമായി അവനെ അറിയിക്കുകയും ചെയ്യും. ഇത് വ്യക്തമാക്കിക്കൊണ്ട് ദാവീദ് പറയുന്നു: 'കർത്താവായ ദൈവം എന്റെ ഉള്ളിലിരുന്ന് അരുളി ച്ചെയ്യുന്നവ ഞാൻ ശ്രവിക്കും' (സങ്കീ 85:8). അദൃശ്യമായ യുദ്ധത്തിൽ മനസ്സ് സ്വയം കണ്ടെത്താൻ ശ്രമിക്കുന്നതിനെക്കുറിച്ചും ദൈവ ത്തിൽനിന്നു അതിന് സഹായം ലഭിക്കുന്നതിനെക്കുറിച്ചും അദ്ദേഹം ഇങ്ങനെ പറയുന്നു: 'ഒരാൾ ചോദിച്ചേക്കാം, നീതിമാന് പ്രതിഫലം ഉണ്ടോ'? ഈ ചോദ്യത്തിന് ഉത്തരവും അദ്ദേഹംതന്നെ പറയുന്നു: 'തീർച്ചയായും, ഭൂമിയിൽ ന്യായം വിധിക്കുന്ന ഒരു ദൈവമുണ്ട്' (സങ്കീ 58:11); ഇതിനർത്ഥം ഹൃദയത്തിന്റെ ഭൂമിയിലെ പിശാചുക്കളെ അവിടുന്ന് വിധിക്കുന്നു എന്നാണ്. മറ്റൊരിടത്ത് ദാവീദ് ഇങ്ങനെ പറയുന്നു: 'അഗാധമായ ഹൃദയത്തോടെ ഒരാൾ ദൈവത്തെ സമീപി ക്കുമ്പോൾ ദൈവം മഹത്ത്വപ്പെടുന്നു' (സങ്കീ 64:6,7). അപ്പോൾ, കുട്ടികൾ എറിയുന്ന കല്ലുപോലെ, പിശാചുക്കളുടെ ആക്രമണങ്ങളെ നാം വീക്ഷിക്കും.

187. സങ്കീർത്തകൻ പറയുന്നതുപോലെ, പിതാവായ ദൈവ ത്തിന്റെ ശക്തിയും ജ്ഞാനവുമായ യേശുക്രിസ്തുവിനെ ഇടവിടാതെ ശ്വസിച്ചുകൊണ്ടും, 'നമ്മുടെ ഹൃദയങ്ങളെ വിവേകത്തിൽ ഉറപ്പിച്ചു കൊണ്ടും ഓരോ നിമിഷവും നമുക്ക് ജീവിക്കാം' (1 കൊരി 1:24).

www.malankaralibrary.com

ഏതെങ്കിലും കാരണത്താൽ ഇടയ്ക്ക് എപ്പോഴെങ്കിലും നാം ആദ്ധ്യാത്മികപ്രവൃത്തിയിൽ അലസരായിത്തീർന്നാൽ അടുത്ത പ്രഭാതത്തിൽതന്നെ മനസ്സിന്റെ അരമുറുക്കി കൂടുതൽ തീക്ഷ്ണത യോടെ പ്രവർത്തിക്കാം. ചെയ്യേണ്ടത് എന്താണെന്ന് അറിഞ്ഞിട്ടും നാമത് ചെയ്യാതിരുന്നാൽ നമുക്ക് യാതൊരു ന്യായീകരണവും ഉണ്ടായിരിക്കുകയില്ല.

188. ദുഷിച്ച ആഹാരവസ്തുക്കൾ ശരീരത്തിന് ഉപദ്രവം ചെയ്യുന്നു; എന്നാൽ അത് തനിക്ക് വേദനയുളവാക്കുന്നു എന്ന് മനസ്സിലാക്കുന്ന ഒരുവന് ഉടൻതന്നെ ഛർദ്ദിക്കുന്നതിനുള്ള മരുന്നു കഴിച്ച് ആപത്ത് ഒഴിവാക്കാം. അതുപോലെതന്നെ ദുഷിച്ച ചിന്തകൾ ഉള്ളിൽ ചെന്നിട്ട് അവയുടെ കയ്പ് അറിയുന്ന മനസ്സിന്, ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നു യേശുവിനോടുള്ള പ്രാർത്ഥന ഉരുവിട്ടുകൊണ്ട് ഇത്തരം ചിന്തകളെ പൂർണ്ണമായും പുറത്താക്കാൻ സാധിക്കുന്നു. ജാഗ്രത ശീലിക്കുന്നവർക്ക് ഈ പാഠവും അനുഭവവും ദൈവകൃപയാൽ പ്രയോജനം ചെയ്യുന്നു.

189. നിങ്ങളുടെ ഓരോ ശ്വാസോച്ഛ്വാസത്തോടുമൊപ്പം ജാഗരൂകതയും യേശുവിന്റെ നാമവും, അല്ലെങ്കിൽ വിനയവും മരണചിന്തയും സംയോജിപ്പിക്കുക. ഇതു രണ്ടും നിങ്ങൾക്ക് വലിയ അനുഗ്രഹം നല്കും.

190. കർത്താവ് പറഞ്ഞു: 'ഞാൻ ശാന്തശീലനും വിനീതനും ആകയാൽ എന്നിൽനിന്ന് പഠിക്കുവിൻ; അപ്പോൾ നിങ്ങളുടെ ആത്മാക്കൾ ആശ്വാസം കണ്ടെത്തും' (മത്താ 11:29).

191. കർത്താവ് ഇങ്ങനെ അരുളിച്ചെയ്തിരിക്കുന്നു: 'ഈ ശിശുവിനെപ്പോലെ തന്നെത്തന്നെ എളിമപ്പെടുത്തുന്നവൻ ഉയർത്തപ്പെടുന്നു; സ്വയം ഉയർത്തുന്നവനാകട്ടെ, താഴ്ത്തപ്പെടുകയും ചെയ്യുന്നു' (മത്താ 18:4; 23:12) 'എന്നിൽ നിന്നു പഠിക്കുക' എന്നാണ് അവൻ പറഞ്ഞിരിക്കുന്നത്. പഠിക്കാനുള്ളത് വിനയമാണെന്ന് നിങ്ങൾ അറിയുന്നുവോ? എന്തെന്നാൽ അവന്റെ കല്പന നിത്യജീവനാണ് (യോഹ 12:50). നിത്യജീവനാകട്ടെ, എളിമയാണുതാനും. അതിനാൽ എളിമയില്ലാത്തവന് ജീവിതം നഷ്ടമാകുന്നു. അപ്പോൾ തീർച്ചയായും അതിന് വിപരീതമായത് അവന് ലഭിക്കുന്നു.

www.malankaralibrary.com

192. എല്ലാ പുണ്യങ്ങളും നന്മയിലേക്ക് വരുന്നത് ആത്മാവിലൂടെയും ശരീരത്തിലൂടെയുമാണെങ്കിൽ, ആത്മാവും ശരീരവും ദൈവത്തിന്റെ സൃഷ്ടിയാണെങ്കിൽ, അവയുടെ അലങ്കാരങ്ങളെക്കുറിച്ച് അഹങ്കരിക്കുകയും, ബലഹീനമായ ഒരു വടികൊണ്ടെന്നപോലെ വ്യർത്ഥാഭിമാനത്താൽ പിന്താങ്ങപ്പെട്ട് നാം നമ്മെത്തന്നെ ഉയർത്തുകയും ചെയ്യുന്നെങ്കിൽ, എങ്ങനെ നാം വിഡ്ഢികളായിത്തീരാതിരിക്കും? നമ്മുടെ ദുഷ്ടതയും ഭോഷത്വവും മൂലം അപരിമേയനായ ദൈവത്തെ നമ്മുടെതന്നെ എതിരാളിയാക്കുകയല്ലേ നാം ചെയ്യുന്നത്? എന്തെന്നാൽ, 'ദൈവം അഹങ്കാരികളെ എതിർക്കുന്നു' (യാക്കോ 4:6). വിനയത്തിന്റെ മൂർത്തരൂപമായ ക്രിസ്തുവിനെ അനുകരിക്കുന്നതിനു പകരം, അഹങ്കാരവും ആത്മപ്രശംസയും മൂലം അവന്റെ ശത്രുവും അഹങ്കാരിയുമായ സാത്താനെയാണ് നാം ആശ്ലേഷിക്കുന്നത്. അതിനാലാണ് അപ്പോസ്തോലൻ ഇങ്ങനെ പറഞ്ഞിരിക്കുന്നത്, 'ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്'? (1 കൊരി 4:7) നീയാണോ നിന്നെ സൃഷ്ടിച്ചത്? ആത്മാവും ശരീരവും നിനക്കു ലഭിച്ചതു ദൈവത്തിൽനിന്നാണെങ്കിൽ -അവയിൽനിന്നും അവയിലും അവയാലുമാണല്ലോ സദ്ഗുണങ്ങളെല്ലാം ഉളവാകുന്നത്- 'എല്ലാം ദാനമായിരിക്കെ, ദാനമല്ല എന്ന മട്ടിൽ എന്തിനു നീ അഹങ്കരിക്കുന്നു?' (1 കൊരി 4:7). കർത്താവാണ് ഇവയെല്ലാം നിനക്ക് നൽകിയത്.

193. സ്വർഗ്ഗത്തിൽനിന്നുമുള്ള എല്ലാ അനുഗ്രഹങ്ങളും എളിമയും നമുക്കു നേടിത്തരുന്ന ഹൃദയശുദ്ധി അടങ്ങിയിരിക്കുന്നത് ദുശ്ചിന്തകളെ നമ്മുടെ ആത്മാവിലേക്ക് പ്രവേശിപ്പിക്കാതിരിക്കുന്നതിലാണ്.

194. ദൈവത്തിന്റെ സഹായത്തോടെയും അവിടുത്തേക്കുവേണ്ടി മാത്രമായും നമുക്ക് മനസ്സിനെ നിയന്ത്രിക്കാൻ സാധിച്ചാൽ, ആത്മീയ യുദ്ധത്തിൽ അതിനു മുന്നേറാൻ കഴിയും. ഈ മുന്നേറ്റം അല്ലെങ്കിൽ തിരിച്ചറിവ്, നമ്മുടെ വാക്കുകളെയും പ്രവൃത്തികളെയും ദൈവഹിതമനുസരിച്ച് സജ്ജീകരിക്കുവാനുള്ള കഴിവ് നമുക്ക് പ്രദാനം ചെയ്യുന്നു.

195. പഴയനിയമത്തിലെ പ്രധാന പുരോഹിതന്റെ അടയാളങ്ങൾ ഹൃദയശുദ്ധിയുടെ മാതൃകകളാണ്. ഹൃദയത്തിലെ സ്വർണ്ണത്തളികയെ ശ്രദ്ധയോടെ കാത്തുസൂക്ഷിക്കണമെന്ന് അവ നമ്മെ പഠിപ്പിക്കുന്നു (പുറ 28:22); പാപത്താൽ നാം അതിനെ കളങ്കപ്പെടുത്തിയെങ്കിൽ, കണ്ണുനീരും അനുതാപവും പ്രാർത്ഥനയും വഴി നാം അതിനെ ശുദ്ധീ

www.malankaralibrary.com

കരിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ, വളരെയേറെ സ്വീകാര ശേഷിയുള്ള മനസ്സ് എളുപ്പത്തിൽ അവിഹിതചിന്തകളെയും സ്വീകരിക്കുന്നു. നല്ലതിനെയും ചീത്തയെയും ഒരേപോലെയാണ് മനസ്സ് പിന്തുടരുന്നത്.

196. വായു ശരീരത്തോടെന്നപോലെയും തിരിനാളം മെഴുകിനോടെന്നതുപോലെയും, ആരുടെ മനസ്സും ഹൃദയവുമാണോ യേശുവിനോടുള്ള പ്രാർത്ഥനയോടും അവിടുത്തെ നാമം അവിരാമം വിളിച്ചപേക്ഷിക്കുന്നതിനോടും ഒന്നുചേർന്നിരിക്കുന്നത്, അയാൾ യഥാർത്ഥത്തിൽ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. സൂര്യൻ ഉദിക്കുമ്പോൾ ഭൂമിയിൽ പകൽവെളിച്ചം നിറയുന്നു; കർത്താവായ യേശുവിന്റെ ആരാധ്യവും പരിശുദ്ധവുമായ നാമം നിരന്തരം മനസ്സിൽ ഉദിക്കുമ്പോഴാകട്ടെ, സൂര്യനെപ്പോലെ തേജോമയമായ വെളിപാടുകൾ മനസ്സിൽ നിറയുന്നു.

197. മേഘങ്ങൾ മാഞ്ഞുപോകുമ്പോൾ ആകാശം തെളിയുന്നു; നീതിസൂര്യനായ യേശുക്രിസ്തുവിനാൽ വൈകാരിക സങ്കല്പങ്ങൾ ആട്ടിയോടിക്കപ്പെടുമ്പോൾ നമ്മുടെ ഹൃദയത്തിൽ പ്രകാശവും നക്ഷത്രശോഭയുമുള്ള വെളിപാടുകളും നിറയുന്നു. എന്തെന്നാൽ ഹൃദയം പ്രശോഭിതമായിരിക്കുന്നത് യേശുവിനാലാണ്. സോളമൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'കർത്താവിൽ വിശ്വസിക്കുന്നവർ സത്യം മനസ്സിലാക്കുന്നു, സ്നേഹത്തിൽ വിശ്വസ്തനായ ഒരുവനാകട്ടെ, അവിടുത്തോടൊപ്പം വസിക്കുന്നു' (ജ്ഞാനം 3:9).

198. വിശുദ്ധരിൽ ഒരാൾ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്: 'വിദ്വേഷമുള്ള ഒരുവൻ തന്റെ വിദ്വേഷത്തെ പിശാചുക്കൾക്ക് നേരെ പ്രയോഗിക്കട്ടെ; കലഹപ്രിയനായ ഒരുവൻ തന്റെ കോപത്തെ ഒരിക്കൽ എന്നന്നേയ്ക്കുമായി സ്വന്തം ശരീരത്തിന് എതിരെ ഉപയോഗിക്കട്ടെ, ശരീരം ചതിയനായ ഒരു സുഹൃത്താണ്'. എത്രമാത്രം 'അത് ലാളിക്കപ്പെടുന്നുവോ, അത്രമാത്രം അത് നമ്മോട് പൊരുതുന്നു'. വീണ്ടും; 'നിങ്ങളുടെ ശരീരത്തെ എതിർക്കുക; നിങ്ങളുടെ വയറിനെതിരെ യുദ്ധം ചെയ്യുക'.

199. ഒന്നും രണ്ടും നൂറ്റാണ്ടുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് മേൽ കൊടുത്തിട്ടുള്ള ഖണ്ഡികകളിൽ വിവരിക്കപ്പെട്ടിരിക്കുന്നത്, മനസ്സിനെ

www.malankaralibrary.com

ഏകാഗ്രമാക്കുക എന്ന വിഷമകരമായ പ്രവൃത്തി എങ്ങനെ ചെയ്യണമെന്നതിനെക്കുറിച്ചാണ്. ഈ ഖണ്ഡികകൾ നമ്മുടെ മനസ്സിന്റെ മാത്രമല്ല, ഹൃദയശുദ്ധിയെക്കുറിച്ച് പഠിപ്പിക്കുന്ന വിശുദ്ധ പിതാക്കന്മാരുടെ ചിന്തയുടെയും സദ്ഫലങ്ങളാണ്. മനസ്സിനെ കാത്തുപാലിക്കുന്നതിന്റെ പ്രയോജനത്തെക്കുറിച്ച് ഏതാനും വാക്കുകൾകൂടി പറഞ്ഞിട്ട് നാം ഈ ലേഖനം അവസാനിപ്പിക്കുന്നു.

200. അനുഗ്രഹത്തിന്റെ ദിനങ്ങൾ കാണാൻ ആഗ്രഹിക്കുന്നവർ വരിക. മനോനിയന്ത്രണത്തിലൂടെ കൈവരിച്ച ഐക്യത്തിലേക്ക് എന്നെ അനുഗമിക്കുക. ഭൂമിയിലെ നിങ്ങളുടെ കർത്തവ്യങ്ങളിലും മാലാഖമാർക്കടുത്ത ജീവിതത്തിലും കർത്താവിൽ ഞാൻ നിങ്ങളെ നയിക്കാം. സ്രഷ്ടാവിനെ സ്തുതിക്കുന്നതിൽ മാലാഖമാർക്കോ, പരിശുദ്ധിയിൽ അവരുമായി മത്സരിക്കുന്ന മനസ്സിനോ മടുപ്പു തോന്നുകയില്ല. മാലാഖമാർ അശരീരികളായതിനാൽ ആഹാരമോ മറ്റു ഭൗതികവസ്തുക്കളോ ആവശ്യമില്ലാത്തവരാണ്; ഇതുപോലെതന്നെ, ശരീരികളായവരും, മനസ്സിന്റെ ഏകാഗ്രതയാകുന്ന സ്വർഗ്ഗത്തിൽ പ്രവേശനം ലഭിക്കുന്നതോടെ ഭൗതിക താല്പര്യങ്ങളില്ലാതെ മാലാഖമാരെപ്പോലെയായിത്തീരുന്നു.

201. സമ്പത്ത്, പണം എന്നിവ മാലാഖമാരിൽ താല്പര്യം ജനിപ്പിക്കുന്നില്ല; ഇതുപോലെതന്നെ ആത്മാവിന്റെ കാഴ്ചപ്പാടുകളെ ശുദ്ധീകരിച്ചവരും വിശുദ്ധരായിത്തീർന്നവരും പിശാചുക്കളുടെ ചതിയിൽ കുടുങ്ങുന്നില്ല. ദൈവത്തോടടുക്കുന്നതിൽനിന്നും ലഭിക്കുന്ന സമ്പന്നത മാലാഖമാരിൽ സ്പഷ്ടമായിരിക്കുന്നതുപോലെ, മാലാഖമാരായിത്തീർന്നവരിലും ദൈവത്തിലേക്ക് കണ്ണുകൾ ഉയർത്തുന്നവരിലും ദൈവത്തോടുള്ള സ്നേഹവും തീവ്രാഭിലാഷവും സ്പഷ്ടമാണ്. മാത്രമല്ല, ദൈവികാനന്ദം അവരുടെ അനുഗ്രഹത്തെ കൂടുതൽ തീവ്രമാക്കുന്നതിനാൽ സെറാഫുകളുടെ ലോകത്തിലെത്തുന്നതുവരെ അവർ പിന്മാറുകയില്ല; നമ്മുടെ നാഥനായ യേശുക്രിസ്തുവിന്റെ മാലാഖമാരായിത്തീരുന്നതുവരെ ദൈവികാഭിലാഷത്തിൽനിന്നോ, മനോനിയന്ത്രണത്തിൽനിന്നോ അവർ പിന്തിരിയുകയില്ല.

202. സർപ്പത്തിന്റെയോ അല്ലെങ്കിൽ മൂർഖൻപാമ്പിന്റെയോ വിഷത്തെക്കാൾ മാരകമായ മറ്റൊരു വിഷവുമില്ല എന്നതുപോലെ, സ്വാർത്ഥസ്നേഹത്തെക്കാൾ അപകടകരമായി മറ്റൊരു ദൂഷ്യവുമില്ല.

www.malankaralibrary.com

അവനവനോടുള്ള സ്നേഹത്തിന്റെ സന്തതികളാണ് ആത്മപ്രശംസ, ആത്മസംതൃപ്തി, ഭക്ഷണത്തോടുള്ള ആർത്തി, ചാരിത്ര്യശുദ്ധിയില്ലായ്മ, അഹന്ത, അസൂയ എന്നിവ. ഇവയിൽ ഏറ്റവും രൂക്ഷമായത് അഹന്തതന്നെ. മനുഷ്യരെ മാത്രമല്ല, സ്വർഗ്ഗത്തിൽ വസിക്കുന്ന മാലാഖമാരെപ്പോലും താഴേക്ക് വലിച്ചിഴയ്ക്കുവാനും പ്രകാശത്തിനു പകരം അന്ധകാരത്താലാവൃതമാക്കാനും അഹന്തയ്ക്ക് കഴിയും.

203. തിയോഡുലസേ, പ്രവൃത്തിയിൽ ശാന്തത അഭ്യസിക്കുന്നില്ലെങ്കിലും പേരുകൊണ്ട് ശാന്തനായ ഹെസിക്കിയോസിൽനിന്നും നിനക്കായി നല്കപ്പെട്ടവയാണ് ഇവ. എങ്കിലും, ഒരുപക്ഷേ ഇവ നമ്മിൽ നിന്നുള്ളവയല്ല, പ്രത്യുത മനുഷ്യരാലും മാലാഖമാരാലും ഏകദൈവമായ പരിശുദ്ധ ത്രിത്വത്താൽ സൃഷ്ടിക്കപ്പെട്ട സകല ജീവജാലങ്ങളാലും പിതാവും പുത്രനും പരിശുദ്ധാത്മാവുമായി സ്തുതിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്ന ദൈവത്താൽ നല്കപ്പെട്ടവയാണ്. പരിശുദ്ധ ദൈവമാതാവിന്റെയും നമ്മുടെ വിശുദ്ധ പിതാക്കന്മാരുടെയും പ്രാർത്ഥനയാൽ അവിടുത്തെ മഹത്ത്വപൂർണ്ണമായ രാജ്യത്തിലെത്തിച്ചേരാൻ നമുക്കും സാധിക്കട്ടെ, അപ്രാപ്യനായ ദൈവത്തിന് എന്നേക്കും മഹത്ത്വമുണ്ടായിരിക്കട്ടെ. ആമേൻ.

www.malankaralibrary.com



**St. Neilos**

**വിശുദ്ധ നെയ്ലോസ്**

www.malankaralibrary.com

# വിശുദ്ധ നെയ്ലോസ് എന്ന താപസശ്രേഷ്ഠൻ

## ആമുഖക്കുറിപ്പ്

അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ അങ്കിറാ (അങ്കാറ) യ്ക്കടുത്തുള്ള ഒരു സന്ന്യാസാലയത്തിലെ ആശ്രമാധിപതിയായി ജീവിക്കുകയും, ഏതാണ്ട് നാനൂറ്റിമുപ്പതിൽ അന്തരിക്കുകയും ചെയ്ത സന്ന്യാസിയാണ് വിശുദ്ധ നെയ്ലോസ്. വിശുദ്ധ ജോൺ ക്രിസോസ്റ്റോമിന്റെ ശിഷ്യനായിരുന്നിരിക്കണം, നെയ്ലോസ്. നെയ്ലോസിന്റെ ജീവചരിത്രമനുസരിച്ച് -അത് ആധികാരികമാണെന്ന് വിശുദ്ധ നിക്കോദിമോസ് കരുതിയിരുന്നെങ്കിലും കേവലം സാങ്കല്പികമാണെന്നാണ് ഇന്നുള്ളവരുടെ പക്ഷം- അദ്ദേഹം കോൺസ്റ്റാന്റിനോപ്പിൾ സ്വദേശിയാണ്. മഹാനായ തിയോഡോസിയോസിന്റെ ഭരണകാലത്ത് (379–95) അവിടുത്തെ നഗരാധിപൻ എന്ന നിലയിൽ സേവനമനുഷ്ഠിക്കുകയും പിന്നീട് സീനായ്ക്ക് സമീപം സന്ന്യാസജീവിതം ആരംഭിക്കുകയും ചെയ്തു. എന്നാൽ സീനായ് ഉപദ്വീപുമായി ഇദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നുവെന്ന് കരുതാൻ കാരണമൊന്നുമില്ല.

'തപോജീവിതത്തെക്കുറിച്ചുള്ള പ്രബന്ധം' എന്ന നെയ്ലോസിന്റെ ലേഖനം ആത്മീയഗുരുവും ശിഷ്യന്മാരും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വിലയേറിയ കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുന്നു. തന്റെ മറ്റു ലേഖനങ്ങളിൽ യേശുനാമജപത്തെക്കുറിച്ചുള്ള പരാമർശവും നെയ്ലോസ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഫോതികിയിലെ വി. ഡയാഡോക്കോസ്സ് എന്ന, പ്രായത്തിൽ തന്നെക്കാളും ഇളയതായ തന്റെ സമകാലികനോടൊപ്പം യേശുനാമജപത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ള ആദ്യകാല സന്ന്യാസിമാരിലൊരാളാണ് നെയ്ലോസ്.

www.malankaralibrary.com

## തപോജീവിതത്തെക്കുറിച്ചുള്ള പ്രബന്ധം

അനേകം ഗ്രീക്കുകാരും കുറച്ചധികം ജൂതന്മാരും തത്ത്വശാസ്ത്രത്തെക്കുറിച്ച് ചിന്തിച്ചിട്ടുണ്ട്; എന്നാൽ ക്രിസ്തുവിന്റെ അനുയായികൾ മാത്രമാണ് യഥാർത്ഥ ജ്ഞാനത്തെ പിന്തുടർന്നിട്ടുള്ളത്. അവർ മാത്രമാണ് ജ്ഞാനം സ്വായത്തമാക്കിയിട്ടുള്ളത്, കാരണം അവരുടെ ഗുരു തന്റെ മാതൃകയിലൂടെ അവർ അനുഗമിക്കേണ്ട ജീവിതമാർഗ്ഗം കാണിച്ചുകൊടുത്തിട്ടുണ്ട്. ഗ്രീക്കുകാർ നാടകത്തിലെ നടീനടന്മാരെപ്പോലെ മുഖംമൂടികൾ അണിയുന്നു; തത്ത്വചിന്തകരെന്ന പേരിൽ അറിയപ്പെടുന്നുവെങ്കിലും അവരാരും യഥാർത്ഥത്തിൽ തത്ത്വചിന്തകരല്ല. തങ്ങളുടെ അംഗവസ്ത്രവും നീണ്ട താടിയും ഊന്നുവടിയുമാണ് തത്ത്വചിന്തയുടെ ലക്ഷണങ്ങളായി അവർ കരുതിയിരുന്നത്. അതേസമയം അവർ ശരീരത്തിന്റെ അഭിലാഷങ്ങളിൽ മുഴുകുകയും, ആഗ്രഹങ്ങളെ തങ്ങളുടെ അധിപതികളായി കണക്കാക്കുകയും ചെയ്യുന്നു. അവർ ഭക്ഷണത്തോടുള്ള ആർത്തിയുടെയും കാമത്തിന്റെയും അടിമകളായിരുന്നു; ഇവ രണ്ടും സ്വാഭാവികമാണെന്ന് അവർ വിശ്വസിക്കുകയും ചെയ്തിരുന്നു. അവർ കോപത്തിന് അധീനരും പ്രശംസിക്കപ്പെടുമ്പോൾ സന്തോഷിക്കുന്നവരും തെരുവുനായ്ക്കളെപ്പോലെ രുചികരമായ ഭക്ഷണം വാരിവലിച്ച് കഴിക്കുന്നവരും ആയിരുന്നു. ഒരു തത്ത്വചിന്തകൻ സ്വതന്ത്രനായ മനുഷ്യനായിരിക്കണമെന്നും വികാരങ്ങൾക്ക് അടിമപ്പെട്ട് സ്വയം വിൽക്കാനോ വാങ്ങാനോ സാധിക്കുന്ന അടിമയാകരുതെന്നും അവർ മനസ്സിലാക്കിയില്ല. സത്യസന്ധമായ ജീവിതം നയിക്കുന്ന ഒരുവൻ മറ്റു മനുഷ്യർക്ക് അടിമയായിരുന്നാലും അയാൾക്ക് യാതൊരു ദോഷവും സംഭവിക്കുന്നില്ല. എന്നാൽ വികാരങ്ങൾക്കും ലൗകികസുഖങ്ങൾക്കും അടിമയായിത്തീരുന്ന ഒരാൾക്ക് അപമാനവും പരിഹാസവും സഹിക്കേണ്ടി വരുന്നു.

ഗ്രീക്കുകാരിൽ ചിലർ, ഭൗതികാതീതജ്ഞാനത്തിൽ ബദ്ധശ്രദ്ധരാണ് തങ്ങളെന്ന് സങ്കല്പിച്ചിരുന്നു. എങ്കിലും സദ്ഗുണങ്ങളുടെ പരിശീലനം അവർ അവഗണിച്ചു. അക്കൂട്ടത്തിൽ ചിലർ നക്ഷത്ര

www.malankaralibrary.com

നിരീക്ഷകരായി ആകാശത്തിന്റെ വലിപ്പത്തെക്കുറിച്ചും സൂര്യന്റെ അളവുകളെക്കുറിച്ചും നക്ഷത്രചലനങ്ങളെക്കുറിച്ചുമൊക്കെ സിദ്ധാന്തങ്ങൾ അവതരിപ്പിച്ചു. ദൈവികസഹായമില്ലാതെ മനുഷ്യന് എല്ലാം അപ്രാപ്യവും അഭ്യൂഹങ്ങൾ ആപത്ക്കരവുമാണ് എന്ന ആത്യന്തിക സത്യം വിസ്മരിച്ചുകൊണ്ട് ചിലപ്പോഴൊക്കെ അവർ ദൈവശാസ്ത്രത്തെക്കുറിച്ചും സംസാരിച്ചിരുന്നു. എന്നാൽ അനുദിനജീവിതത്തിൽ ഇവരെല്ലാവരും ചെളിയിൽ നീന്തിനടക്കുന്ന പന്നികളെക്കാൾ അധമന്മാരായിരുന്നു. തങ്ങൾ കണ്ടെത്തിയ സിദ്ധാന്തങ്ങൾ ജീവിതത്തിൽ പകർത്താൻ ശ്രമിച്ച ചിലരാകട്ടെ, തത്ത്വവത്ക്കരണം നടത്തുന്നവരേക്കാൾ മോശമായിത്തീർന്നു. കാരണം, പ്രശംസയ്ക്കുവേണ്ടിയാണ് അവരതു ചെയ്തിരുന്നത്. അവരുടെ ഏക ലക്ഷ്യം മറ്റുള്ളവരുടെ പ്രശംസ പിടിച്ചുപറ്റുക എന്നതായിരുന്നതിനാൽ അതിനുവേണ്ടി എത്ര കഷ്ടപ്പെടാനും അവർ തയ്യാറായിരുന്നു. നിശ്ശബ്ദമായിരിക്കുക, കായ്കനികൾ മാത്രം ഭക്ഷിക്കുക, കീറിപ്പറിഞ്ഞ രോമക്കുപ്പായങ്ങൾ ധരിക്കുക, വീപ്പയ്ക്കുള്ളിൽ കഴിഞ്ഞുകൂടുക തുടങ്ങിയ പ്രവൃത്തികൾ കൊണ്ട് മരണാനന്തരപ്രതിഫലം ലഭിക്കുന്നില്ലെങ്കിൽ എന്തിനാണ് ഒരാൾ ഇങ്ങനെ വിഡ്ഢിത്തം കാട്ടുന്നത്? നന്മയുടെ പ്രതിഫലം ഈ ജീവിതകാലത്തുതന്നെ ലഭിക്കുന്നതാണെങ്കിൽ സമ്മാനമില്ലാത്ത ഒരു കടുത്ത മത്സരത്തിൽ പങ്കെടുത്ത് ശരീരത്തെ ക്ലേശിപ്പിക്കുകയല്ലേ അവർ ചെയ്യുന്നത്?

തത്ത്വശാസ്ത്രത്തെ ആദരിച്ചിരുന്ന ജൂതന്മാരാകട്ടെ -ജൊനാദാബിന്റെ പിന്തുടർച്ചക്കാരായ റെക്കബൈറ്റുകൾ എന്നറിയപ്പെടുന്നവർ- ശരിയായ ജീവിതരീതി പിന്തുടരാൻ തങ്ങളുടെ അനുയായികളെ പ്രേരിപ്പിച്ചിരുന്നു (യിര 35:6). അവർ കൂടാരങ്ങളിലാണ് വസിച്ചിരുന്നത്, വീഞ്ഞോ മറ്റു സുഖഭോഗങ്ങളോ അവർ ഉപയോഗിച്ചിരുന്നില്ല. വളരെ ലഘുവായ ഭക്ഷണവും ഏറ്റവും മിതമായ ശാരീരികാവശ്യങ്ങളുമേ അവർ ശ്രദ്ധിച്ചിരുന്നുള്ളൂ. സദ്ഗുണങ്ങൾ പരിശീലിക്കാനായി അവർ സദാ ശ്രമിച്ചിരുന്നു. അവരുടെ പേരിന്റെ അന്തഃസത്ത സൂചിപ്പിക്കുന്നതുപോലെതന്നെ ആത്മീയചിന്തയ്ക്ക് അവർ വലിയ പ്രാധാന്യം കൊടുത്തിരുന്നു. ചുരുക്കത്തിൽ തത്ത്വചിന്തയുടെ ലക്ഷ്യം നേടാൻ ശ്രമിക്കുന്നതോടൊപ്പം അതിനു വിപരീതമായ കാര്യങ്ങൾ ചെയ്യാതിരിക്കാനും അവർ ശ്രദ്ധിച്ചിരുന്നു. എന്നാൽ വിധിയാളനും പ്രതിഫലം നല്കേണ്ടവനുമായ ക്രിസ്തുവിനെ അംഗീകരിക്കാത്ത ജൂതന്മാർ

www.malankaralibrary.com

തങ്ങളുടെ സന്ന്യാസജീവിതംകൊണ്ടും വ്രതനിഷ്ഠകൊണ്ടും എന്തു നേടുന്നു? അതിനാൽ അവരുടെ കഠിനാദ്ധ്വാനം വ്യർത്ഥാവിലാകുകയും തത്ത്വചിന്തയുടെ യഥാർത്ഥ ലക്ഷ്യം അവരെ സംബന്ധിച്ചിടത്തോളം പരാജയപ്പെടുകയും ചെയ്തു.

തത്ത്വശാസ്ത്രം, സന്മാർഗ്ഗികചര്യയും പരമാർത്ഥസത്യത്തെക്കുറിച്ചുള്ള യഥാർത്ഥ ജ്ഞാനവും കൂടിച്ചേർന്നതാണ്. സ്വർഗ്ഗത്തിൽ നിന്നുമുള്ള ജ്ഞാനത്തെ നിഷേധിക്കുകയും, തന്റെ പ്രബോധനത്തിലൂടെയും ജീവിതത്തിലൂടെയും ആത്യന്തികസത്യം വെളിപ്പെടുത്തിയ ക്രിസ്തുവിനെ തള്ളിക്കളയുകയും ചെയ്തതിനാൽ ജൂതന്മാരുടെയും ഗ്രീക്കുകാരുടെയും തത്ത്വചിന്ത അപ്രസക്തമായിത്തീർന്നു. എന്തെന്നാൽ സ്വന്തം ജീവിതശുദ്ധിയിലൂടെ തത്വചിന്തയുടെ യഥാർത്ഥ ലക്ഷ്യം ആദ്യം കണ്ടെത്തിയത് ക്രിസ്തുവാണ്. അവൻ ശരീരത്തിന്റെ ആഗ്രഹങ്ങളെ ആത്മാവിനു വിധേയമാക്കുകയും മനുഷ്യമോചനത്തിനായി തന്റെ മരണം ആവശ്യമാണെന്ന് കണ്ടപ്പോൾ സ്വന്തം ആത്മാവിനെക്കൂടി സമർപ്പിക്കുകയും ചെയ്തു. ഇതിലൂടെ ഒരു തത്ത്വചിന്തകൻ എല്ലാ ലൗകികസുഖങ്ങളും ഉപേക്ഷിക്കണമെന്നും എല്ലാ വികാരങ്ങളെയും ശുഷ്കാന്തിയേയും കീഴ്പ്പെടുത്തണമെന്നും ശരീരത്തെ അവഗണിക്കണമെന്നുമാണ് ക്രിസ്തു നമ്മെ പഠിപ്പിച്ചത്. സ്വന്തം ആത്മാവിനെപ്പോലും അമിതമായി അയാൾ ശ്രദ്ധിക്കരുത്. മറിച്ച്, വിശുദ്ധി നിലനിർത്തുന്നതിനുവേണ്ടി ആത്മാവിനെ സമർപ്പിക്കാൻപോലും സന്നദ്ധനാകണം.

ഇത്തരത്തിലുള്ള ജീവിതചര്യ ക്രിസ്തുവിൽനിന്നും ഉൾക്കൊണ്ട് അപ്പോസ്തോലന്മാർ അതു സ്വായത്തമാക്കുകയും, അവന്റെ വിളിക്കനുസൃതമായി സ്വത്തുക്കളും ബന്ധുക്കളും പിതൃഭൂമിയുമെല്ലാമടങ്ങുന്ന ലൗകികജീവിതം ഉപേക്ഷിക്കുകയും ചെയ്തു. പകരമായി അവർ സ്വീകരിച്ചത് കഠിനമായ ജീവിതരീതിയാണ് -എല്ലാത്തരത്തിലുമുള്ള പ്രതികൂലസാഹചര്യങ്ങളെ നേരിട്ടുകൊണ്ടും വേദനയും പീഡനവും അപമാനവും ഏറ്റുകൊണ്ടും നഗ്നരായും ജീവിതാവശ്യങ്ങൾപോലും നിറവേറ്റാനാവാതെയും അവർ കഴിഞ്ഞുകൂടി. എല്ലാത്തിലും വിശ്വസ്തതയോടെ തങ്ങളുടെ ഗുരുവിനെ അനുകരിച്ചുകൊണ്ട് അവർ മരണത്തെപ്പോലും ധീരതയോടെ നേരിട്ടു. ചുരുക്കത്തിൽ, തങ്ങളുടെ പ്രവൃത്തികളിലൂടെ ഏറ്റവും ഉന്നതമായ ജീവിതശൈലിയുടെ മാതൃകയാണ് അവർ അവശേഷിപ്പിച്ചിട്ടുള്ളത്.

www.malankaralibrary.com

എല്ലാ ക്രിസ്ത്യാനികളും ഈ മാതൃക പിന്തുടരാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ അവരിൽ പലരും അതിന് തയ്യാറല്ല. മറ്റു ചിലരാകട്ടെ, ദുർബ്ബലമായ ചില ശ്രമങ്ങൾ നടത്തി പിന്മാറുന്നു. വളരെ കുറച്ചുപേർ മാത്രമാണ് ലോകത്തിന്റെ കോലാഹലങ്ങളെ മറികടന്ന് നാഗരികതയുടെ അസ്വാസ്ഥ്യങ്ങളിൽനിന്ന് പലായനം ചെയ്യുവാനുള്ള കരുത്താർജ്ജിച്ചത്. അവർ ഈ സംക്ഷുബ്ധാവസ്ഥയിൽ നിന്ന് മോചനം നേടി സന്ന്യാസജീവിതത്തെ ആശ്ലേഷിക്കുകയും അപ്പോസ്തോലിക പുണ്യങ്ങൾ തങ്ങളുടെ ജീവിതത്തിൽ ഫലവത്താക്കുകയും ചെയ്തു. സ്വത്തുക്കൾ ഉപേക്ഷിച്ച് ദാരിദ്ര്യത്തിൽ കഴിയാൻ അവർ ആഗ്രഹിച്ചു. എന്തെന്നാൽ അത് അവരെ അശ്രദ്ധയിൽനിന്ന് വിമോചിപ്പിച്ചു. വികാരങ്ങളെ അതിജീവിക്കുന്നതിനായി ഏറ്റവും മിതവും എളുപ്പത്തിൽ പാകപ്പെടുത്താവുന്നതും സ്വാദിഷ്ഠമല്ലാത്തതുമായ ആഹാരമാണ് അവർ കഴിച്ചിരുന്നത്. മൃദുലവും മനോഹരവുമായ വസ്ത്രങ്ങൾ അവർ ഉപയോഗിച്ചിരുന്നില്ല. കാരണം അവ ആഡംബരചിഹ്നങ്ങളാണ്. പകരം കേവലം നിസ്സാരവും ശരീരത്തിന് അത്യാവശ്യവുമായ വസ്ത്രമായിരുന്നു അവരുടേത്. സ്വർഗ്ഗീയ ജീവിതത്തിൽനിന്നും ലൗകികവസ്തുക്കളിലേക്ക് ശ്രദ്ധതിരിക്കുകയെന്നത് തത്വശാസ്ത്രത്തെ വഞ്ചിക്കലും മൃഗതുല്യവുമാണെന്ന് അവർ കരുതി, വികാരങ്ങൾക്കുമേൽ വിജയം നേടിയ അക്കൂട്ടർ ലൗകികജീവിതത്തെ പൂർണ്ണമായും അവഗണിച്ചു.

പരസ്പരം ചൂഷണംചെയ്ത് ലാഭമുണ്ടാക്കാൻ അവർ ശ്രമിച്ചില്ല. ഒരുവൻ മറ്റൊരുവനെതിരെ നിയമസഹായം തേടിയിരുന്നുമില്ല. എന്തെന്നാൽ, അവരുടെ മനഃസാക്ഷിതന്നെയായിരുന്നു പക്ഷപാതമില്ലാത്ത ഒരു ന്യായാധിപനായി വർത്തിച്ചിരുന്നത്. അവരിലൊരാൾ നിർദ്ധനനായിരിക്കെ അപരൻ സമ്പന്നനായിരുന്നില്ല, അതുപോലെ ഒരുവൻ പട്ടണി കിടക്കുമ്പോൾ അപരൻ അമിതമായി ഭക്ഷിച്ചിരുന്നില്ല. ഉള്ളവൻ സൗമനസ്യത്തോടെ ഇല്ലാത്തവർക്ക് കൊടുത്തിരുന്നു. ആളുകൾ തമ്മിലുള്ള വ്യത്യാസങ്ങൾ ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞിരുന്നത് ഉള്ളവരുടെ ദയയാലായിരുന്നു. അവർക്ക് ഇടയിലുണ്ടായിരുന്ന ഒരേയൊരു അസമത്വം സാമൂഹികമായ പദവികൾക്കുവേണ്ടിയുള്ള മരണപ്പാച്ചിലിൽനിന്ന് ഉടലെടുത്തതായിരുന്നില്ല; മറിച്ച്, ഓരോ ആളും മറ്റൊരാളെക്കാൾ ലാളിത്യത്തോടെ ജീവിക്കാൻ കഠിനമായി ശ്രമിച്ചിരുന്നതുമൂലമായിരുന്നു. അസൂയ, വിദ്വേഷം, അഹങ്കാരം, ധിക്കാരം

www.malankaralibrary.com

തുടങ്ങിയ വികാരങ്ങൾ പൂർണ്ണമായും ഒഴിവാക്കപ്പെട്ടിരുന്നു. പരസ്പര ഭിന്നതയ്ക്ക് കാരണമാകാവുന്ന എല്ലാ ദൂഷ്യങ്ങളും ഇല്ലായ്മ ചെയ്യപ്പെട്ടിരുന്നു. നാശകരമായ വികാരങ്ങൾക്കൊന്നിനും അവരിൽ പലരുടെയും ജീവിതത്തിൽ സ്ഥാനമുണ്ടായിരുന്നില്ല. അവയുടെ ലക്ഷണങ്ങൾപോലും മുളയിലെതന്നെ അവർ തള്ളിക്കളഞ്ഞിരുന്നു. അങ്ങനെ നിത്യേനയുള്ള തപശ്ചര്യകളും കഠിനാദ്ധ്വാനവും നിമിത്തം അവർ നേടിയിരുന്നത് സ്വപ്നത്തിൽപോലും അവയെക്കുറിച്ചുള്ള ഭാവനകളിൽനിന്നുള്ള മോചനവും ആന്തരികസ്ഥിരതയുമാണ്. ചുരുക്കത്തിൽ, അവർ ഇരുട്ടിൽ പ്രകാശിക്കുന്ന ദീപങ്ങളും കറുത്തിരുണ്ട ജീവിതത്തിൽ വഴികാട്ടുന്ന ശുഭനക്ഷത്രങ്ങളും കൊടുങ്കാറ്റുകൾക്ക് ഇളക്കാനാവാത്ത ഉറച്ച തുറമുഖങ്ങളുമായിരുന്നു. വികാരങ്ങളുടെ പ്രലോഭനങ്ങളെ യാതൊരു ഉപദ്രവവുമേശാതെ എത്ര എളുപ്പം അതിജീവിക്കാമെന്ന് സ്വജീവിതങ്ങളിലൂടെ അവർ തെളിയിച്ചു.

എന്നാൽ കഠിനവും മാലാഖമാരുടേതിനു തുല്യവുമായ ഇവരുടെ ജീവിതശൈലിക്ക് നിരവധി ആളുകൾ പലതവണ അശ്രദ്ധയോടെ പകർത്തിയ ചിത്രങ്ങൾക്കു സംഭവിക്കുന്നതുപോലെയുള്ള വൈകല്യമുണ്ടായി. അങ്ങനെ കാലക്രമേണ, ആരംഭത്തിലുണ്ടായിരുന്നതുമായുള്ള സമാനത നഷ്ടമായി. നാം ലോകത്തിന് ക്രൂശിക്കപ്പെടുകയും മാലാഖമാരുടേതിനു തുല്യമായ നിർവ്വികാരത സ്വായത്തമാക്കിക്കൊണ്ട് താൽക്കാലിക ജീവിതവും മനുഷ്യസഹജമായ പരിമിതികളും ഉപേക്ഷിക്കുകയും ചെയ്തുവെങ്കിൽപോലും നമുക്ക് അധഃപതനം സംഭവിച്ചു. നമ്മുടെ ലൗകികതാല്പര്യങ്ങളും പണത്തോടുള്ള അത്യാഗ്രഹവും നിമിത്തം യഥാർത്ഥ തപശ്ചര്യ നമുക്ക് നഷ്ടമായിരിക്കുന്നു. നമ്മുടെ അവഗണനയാൽ ആദരണീയമായ വിശുദ്ധിയുള്ളവരെപ്പോലും നാം അപമാനിക്കുന്നു. സന്ന്യാസവസ്ത്രം ധരിക്കുന്നതുവഴി നാം 'കലപ്പയിൽ കൈവെച്ചു കഴിഞ്ഞുവെങ്കിലും' സ്വന്തം കർത്തവ്യങ്ങൾ മറക്കുകയും അവ തള്ളിക്കളയുകയും ചെയ്യുന്നതിലൂടെ പിന്തിരിഞ്ഞു നോക്കുന്നു. അങ്ങനെ നാം 'സ്വർഗ്ഗരാജ്യത്തിന് അർഹരല്ലാതായിത്തീരുന്നു' (ലൂക്കോ 9:62).

അങ്ങനെ നാം ഇന്ന് ലളിതജീവിതം നയിക്കാൻ തയ്യാറല്ലാതായിരിക്കുന്നു. മുൻകാല പാപങ്ങളിൽനിന്ന് മോചനം പ്രാപിക്കാൻ നമ്മെ സഹായിക്കുന്ന ഏകാഗ്രതയ്ക്ക് നാം ഇന്ന് വില കല്പിക്കുന്നില്ല.

www.malankaralibrary.com

യഥാർത്ഥ ലക്ഷ്യത്തിൽനിന്നു നമ്മെ പിന്തിരിപ്പിക്കുന്ന മറ്റു പലതിലു മാണ് നമ്മുടെ താല്പര്യം. കൂടുതൽ കൂടുതൽ ഭൗതികസമ്പത്ത് ആർജ്ജിക്കുവാനുള്ള മത്സരം നിമിത്തം ലൗകികകാര്യങ്ങളെ ഉപേക്ഷിച്ച് സ്വർഗ്ഗരാജ്യം നേടണമെന്ന് ഉപദേശിച്ച ക്രിസ്തുവിനെ നാം മറന്നിരിക്കുന്നു (മത്താ 6:33). ഇതിന് വിപരീതമായവ മനഃപൂർവ്വം ചെയ്തുകൊണ്ട് കർത്താവിന്റെ കല്പനയെ നാം നിന്ദിക്കുന്നു. അവിടുത്തെ സംരക്ഷണയിലല്ല നമ്മളിൽത്തന്നെയാണ് നാം ആശ്രയിക്കുന്നത്. എന്തെന്നാൽ ക്രിസ്തു ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'ആകാശത്തിലെ പറവകളെ നോക്കുക, അവ വിതയ്ക്കുകയോ കൊയ്യുകയോ ധാന്യപ്പുരകളിൽ സംഭരിക്കുകയോ ചെയ്യുന്നില്ല; എങ്കിലും നിങ്ങളുടെ സ്വർഗ്ഗീയപിതാവ് അവയെ തീറ്റിപ്പോറ്റുന്നു' (മത്താ 6:26); വീണ്ടും, 'വയലിലെ ലില്ലികൾ എങ്ങനെ വളരുന്നു എന്നു നോക്കുക: അവ അദ്ധ്വാനിക്കുന്നില്ല, നൂൽ നൂല്ക്കുന്നുമില്ല' (മത്താ 6:28). സദ്വാർത്ത ലോകത്തെ അറിയിക്കാനായി അപ്പോ സ്തോലന്മാരെ അയച്ചപ്പോൾ സഞ്ചിയോ ഉടുപ്പുകളോ വടിയോ കൂടെ കൊണ്ടുപോകരുതെന്നും തന്റെ വാഗ്ദാനംകൊണ്ടു മാത്രം തൃപ്തരാകണമെന്നുമാണ് ക്രിസ്തു പറഞ്ഞത്: 'പണിയെടുക്കുന്നവൻ ഭക്ഷണത്തിന് അർഹനാണ്' (മത്താ 10:10) എന്നായിരുന്നു അവന്റെ തിരുവചനം. നമ്മുടെ കഴിവുകളെക്കാൾ നാം വിശ്വസിക്കേണ്ടത് ഈ വാഗ്ദാനത്തെയാണ്.

എന്നാൽ ഇതിനു പകരമായി നാം ചെയ്യുന്നത് ആകാവുന്നിട ത്തോളം ഭൂമി, ആട്ടിൻപറ്റങ്ങൾ, കാളകൾ, തടിച്ചുകൊഴുത്ത കഴുതകൾ എന്നിവയെ വാങ്ങിച്ചുകൂട്ടുക എന്നതാണ്. കമ്പിളിക്കു വേണ്ടി ആടുകളെയും നിലം ഉഴുന്നതിനും മാംസത്തിനുംവേണ്ടി കാളകളെയും, നമ്മുടെ നാട്ടിൽ ലഭിക്കാത്ത ഉപഭോഗവസ്തുക്കൾ അന്യദേശങ്ങളിൽനിന്നു ചുമന്ന് എത്തിക്കുന്നതിനായി കഴുത കളെയും നാം സമ്പാദിക്കുന്നു. ഏതു തൊഴിൽചെയ്താലാണോ ഏറ്റവും അധികം ലാഭമുണ്ടാകുന്നത് ആ തൊഴിൽ നാം തിരഞ്ഞെടു ക്കുന്നു. എന്നാൽ, അതിനുവേണ്ടി നമ്മുടെ മുഴുവൻ സമയവും ശ്രദ്ധയും ചെലവിടേണ്ടിവരുന്നതിനാൽ നമുക്ക് ദൈവത്തെ സ്മരി ക്കാൻപോലും അവസരം കിട്ടുന്നില്ല എന്ന വസ്തുത നാം കണക്കി ലെടുക്കുന്നുമില്ല. നമുക്ക് വേണ്ടതൊക്കെ നൽകാൻ ദൈവത്തിനു

www.malankaralibrary.com

കഴിവില്ല എന്നോ, ചെയ്യേണ്ടത് ചെയ്യാൻ നമുക്ക് ആവില്ല എന്നോ സമ്മതിക്കുന്നതിനു തുല്യമാണിത്. ഇത് നാം തുറന്നു സമ്മതിച്ചി ല്ലെങ്കിലും നമ്മുടെ പ്രവൃത്തികൾതന്നെ നമ്മെ വിധിക്കുന്നു. എന്തെ ന്നാൽ, ലൗകിക മനുഷ്യരുടെ പ്രവൃത്തികളിൽ പങ്കുചേരുന്നതിലൂടെ, ചിലപ്പോൾ അവരേക്കാളധികം കഠിനാദ്ധ്വാനം ചെയ്യുന്നതിലൂടെ, നാം അവരുടെ ജീവിതമാർഗ്ഗങ്ങളെ പിന്താങ്ങുകയാണ് ചെയ്യുന്നത്.

അങ്ങനെ മറ്റു പലരും ചെയ്യുന്നതുപോലെ നാമും സന്ന്യാസ ജീവിതത്തെ ലാഭമുണ്ടാക്കാനും, യാതൊരു തടസ്സവുമില്ലാതെ സുഖ ഭോഗങ്ങൾ അനുഭവിക്കാനുമുള്ള ഒരു മാർഗ്ഗമായി മാറ്റിക്കൊണ്ട് കപടഭക്തി പ്രകടിപ്പിക്കുന്നു. അനുഗൃഹീതമായ ആത്മീയജീവിതം പാലിക്കുന്നതിനു പകരം കഷ്ടപ്പാടില്ലാതെ ജീവിക്കാനുള്ള ഒരു എളുപ്പ വഴിയായി അതിനെ മാറ്റുന്നു. ആത്മീയജീവിതം എളിമയുടെയും സൗമ്യതയുടെയും ജീവിതമല്ല മറിച്ച്, അക്രമാസക്തിയുടെ ജീവിത മാണ് എന്ന ചിന്തയാൽ പ്രേരിതരായിട്ടെന്നോണം ലളിതജീവിതം നയിക്കുന്നവരെ -അവർ നമ്മുടെ ഗുരുക്കന്മാരായിരുന്നാൽപ്പോലും- നാം പരിഹസിക്കുന്നു. അതിനാൽ ആദരിക്കപ്പെടുന്നതിനു പകരം, തെരുവിൽനിന്നു വിലപേശുന്ന കച്ചവടക്കാരെപ്പോലെ അത്യാഗ്രഹി കളുടെ കൂട്ടമായാണ് നാം കണക്കാക്കപ്പെടുന്നത്. നമ്മുടെ ജീവിത ശൈലി മറ്റുള്ളവരുടേതിൽനിന്നും വ്യത്യസ്തമായിരിക്കുന്നതിനു പകരം, വേഷവിധാനംകൊണ്ടു മാത്രമാണ് നാം വ്യത്യസ്തരായിരി ക്കുന്നത്. സന്ന്യാസജീവിതത്തിന്റെ കഠിനശ്രമങ്ങളെല്ലാം ഉപേക്ഷിച്ച് സന്ന്യാസി എന്ന സൽപ്പേര് നേടാൻ ശ്രമിക്കുന്നവരാണ് നാം. സത്യത്തെ വെറും നാടകമായി നാം തരംതാഴ്ത്തുന്നു.

തന്റെ ആത്മാവിലെ കറകൾ കഴുകിക്കളയാതെയും മുൻകാല ങ്ങളിലെ പാപങ്ങൾ മനസ്സിൽ അവശേഷിപ്പിക്കുന്ന പാടുകൾ മായ്ച്ചു കളയാതെയുമാണ് ഒരുവൻ ഇന്ന് സന്ന്യാസവസ്ത്രമണിയുന്നത്; പലപ്പോഴും ഈ പാപങ്ങളിൽനിന്നും ഉളവാകുന്ന കാമത്തിന്റെ സന്തോഷങ്ങളിൽ അവൻ മുഴുകാറുമുണ്ട്; തന്റെ വിളിക്ക് അനുസരിച്ച് സ്വഭാവത്തിൽ മാറ്റം വരുത്താനോ ദൈവികതത്ത്വശാസ്ത്രത്തിന്റെ ലക്ഷ്യം മനസ്സിലാക്കാനോ അവൻ ശ്രമിക്കുന്നില്ല. ഫരിസേയരെ പ്പോലെ അഹന്തയും വിശുദ്ധവസ്ത്രത്തിനു പിന്നിലൊളിപ്പിച്ച കപടതയുമാണ് അവനിലുള്ളത്. എങ്ങനെ ഉപയോഗിക്കണമെന്ന്

www.malankaralibrary.com

അറിയാൻ പാടില്ലാത്ത ആയുധങ്ങളാണ് അവൻ കൊണ്ടുനടക്കുന്നത്. അവന്റെ വേഷധാരണം സൂചിപ്പിക്കുന്നത് ഏതു മഹത്തായ അറിവിനെയാണോ, അതിന്റെ വളരെ ചെറിയ ഒരംശംപോലും നാവിൻതുമ്പുകൊണ്ടുപോലും അവൻ ആസ്വദിക്കുന്നില്ല. അവൻ വെറുമൊരു പാറ മാത്രമാണ്; തുറമുഖമല്ല. വെള്ളപൂശിയ ശവക്കല്ലറയാണ് അവൻ; ദേവാലയമല്ല. അവൻ ഒരു ചെന്നായാണ്; ആട്ടിൻകുട്ടിയല്ല. അവന്റെ ബാഹ്യപ്രകൃതത്താൽ വശീകരിക്കപ്പെടുന്നവർക്ക് അവൻ നാശഹേതുവാണ്.

സന്ന്യാസജീവിതത്തിലെ കർക്കശനിയമങ്ങൾ സഹിക്കാൻ വയ്യാതെ അതിൽനിന്ന് ഒളിച്ചോടി നഗരങ്ങളിൽ പോയി ചേക്കേറുന്നവരുമുണ്ട്. വിശക്കുമ്പോൾ കപടഭക്തി പ്രദർശിപ്പിച്ച് അവർ തങ്ങൾക്കാവശ്യമുള്ളതെല്ലാം നേടിയെടുക്കുന്നു; ശാരീരികാവശ്യങ്ങളുടെ സമ്മർദ്ദത്താൽ ആളുകൾ, പ്രത്യേകിച്ചും അലസന്മാർ ഏതു വേഷം കെട്ടാനും തയ്യാറാകും. കൂടുതൽകൂടുതൽ കൗശലം നിറഞ്ഞ മാർഗ്ഗങ്ങൾ ഇവർ കണ്ടെത്തുന്നു. പരാന്നഭുക്കായ ജീവികളെപ്പോലെ, ഇവർ സമ്പന്നന്മാരെ ആശ്രയിക്കുകയും അവർക്കു മുമ്പിൽ അടിമകളായി നൃത്തമാടുകയും മറ്റുള്ളവരെ തള്ളിമാറ്റിക്കൊണ്ട് തങ്ങൾക്ക് വഴിയുണ്ടാക്കുകയും ചെയ്യുന്നു. ഭക്ഷണത്തോടുള്ള ആർത്തി നിയന്ത്രിക്കാൻ പഠിക്കാത്ത ഇവർ ഒരു നേരത്തെ ആഹാരത്തിനു വേണ്ടിപ്പോലും ഇതൊക്കെ ചെയ്യും. മോശ പറഞ്ഞിട്ടുള്ളതനുസരിച്ച് കൈയിലൊരു പാരയുമായി വിസർജ്ജനത്തിനു പോകുകയും അത് ഉപയോഗിച്ച് ഒരു കുഴി കുഴിച്ച് വിസർജ്ജ്യം അതിൽ മൂടുകയും ചെയ്യാൻ ഇവർ തയ്യാറാകുന്നില്ല (ആവ 23:12). ഭക്ഷണത്തോടുള്ള ആർത്തി കൂടുതൽ വിശപ്പ് ഉണ്ടാക്കുമെന്നതിനാൽ ലഭ്യമായതെന്തോ അത് കഴിച്ച് തൃപ്തിയടയുകയും അങ്ങനെ തങ്ങളുടെ ലജ്ജാകരവും ക്രമരഹിതവുമായ ഭോജനാസക്തിയെ നിയന്ത്രിക്കുകയും ചെയ്യേണ്ടതുണ്ട് എന്ന് അവർ മനസ്സിലാക്കുന്നില്ല.

ഇക്കാരണത്താലാണ് ദൈവനാമം ദുഷിക്കപ്പെടുന്നത്. അതുപോലെതന്നെ സന്ന്യാസജീവിതവും, എന്തെന്നാൽ ആളുകൾക്ക് പ്രചോദനമേകുന്നതിനു പകരം അത് അവരെ വിരസതയാൽ നിറയ്ക്കുന്നു. യഥാർത്ഥ സന്ന്യാസികളെപ്പോലും ആളുകൾ അവിശ്വസിക്കുന്നു. നഗരത്തിൽ തിങ്ങിക്കൂടുന്ന കപടതാപസർ മൂലവും

www.malankaralibrary.com

യാചകരേക്കാളും ലജ്ജാകരമായ രീതിയിൽ വാതിൽക്കൽ നിലയുറപ്പിക്കുന്ന അവരുടെ ദർശനം മൂലവും ആളുകൾക്ക് അലോസരമുണ്ടാകുന്നു. വഞ്ചനാപൂർവ്വം തങ്ങളുടെ ദുഷ്ടലക്ഷ്യം മറച്ചുവച്ച് കപടഭക്തി പ്രകടമാക്കുന്ന അവർക്ക് ജനം ആതിഥ്യം നൽകുന്നു. എന്നാൽ അവർ തങ്ങളുടെ ആതിഥേയനെ കൊള്ള ചെയ്തിട്ട് കടന്നുകളയുകയും തന്മൂലം സന്ന്യാസജീവിതത്തെയാകമാനം അപകീർത്തിയിലാഴ്ത്തുകയും ചെയ്യുന്നു. ഒരുകാലത്ത് സന്ന്യാസികൾ ആത്മനിയന്ത്രണമാണ് പഠിപ്പിച്ചിരുന്നത്; എന്നാൽ ഇന്ന് അവരൊരു ദൂഷിതവലയമായിത്തീർന്നിരിക്കുന്നതിനാൽ നാടുകടത്തപ്പെടുന്നു. കള്ളന്മാരെയും പിടിച്ചുപറിക്കാരെയും വിശ്വസിച്ചാൽപോലും സന്ന്യാസിമാരെ വിശ്വസിക്കാൻ സാമാന്യജനം തയ്യാറാകുന്നില്ല -കുറ്റവാളികളെന്ന് അറിയപ്പെടുന്നവരിൽനിന്നു സ്വയം സംരക്ഷിക്കുന്നത് ഇത്തരക്കാരിൽനിന്നു സംരക്ഷിക്കുന്നതിനെക്കാൾ കൂടുതൽ എളുപ്പമായിരിക്കും എന്നവർ കരുതുന്നു.

ഇത്തരത്തിലുള്ള സന്ന്യസ്തർ സന്ന്യാസജീവിതത്തെക്കുറിച്ചോ ഹൃദയത്തിന്റെ ഏകാഗ്രതയെക്കുറിച്ചോ ഒന്നും മനസ്സിലാക്കുന്നില്ല. ഒരു പക്ഷേ, സന്ന്യാസജീവിത യാഥാർത്ഥ്യം മനസ്സിലാക്കാതെ എന്തെങ്കിലും സമ്മർദ്ദത്താലായിരിക്കണം ഇവർ താപസജീവിതത്തിലേക്ക് വന്നത്. ഒരു ഉപജീവനമാർഗ്ഗം എന്ന നിലയിലാണ് അവർ അതിനെ കാണുന്നത്. ഭിക്ഷാടനവും അത്യാഗ്രഹവും ഉപേക്ഷിക്കുകയും ലൗകികസുഖങ്ങളിൽ താല്പര്യം കുറയ്ക്കുകയും ചെയ്തുകൊണ്ടും ശാരീരികാഭിലാഷങ്ങൾക്കു മേൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടും ആത്മീയതയിലേക്ക് മടങ്ങിവന്നെങ്കിൽ മാത്രമേ ഈ മനോഭാവത്തിനൊരു മാറ്റമുണ്ടാവൂ. എന്നാൽ സുഖജീവിതം കൂടുതൽ ആഡംബരപ്രേമത്തിലേക്കാണ് തങ്ങളെ കൊണ്ടുപോകുന്നതെന്ന് സ്വാർത്ഥരായ ഇക്കൂട്ടർ തിരിച്ചറിയുന്നില്ല.

മാറാരോഗമുള്ളവരെ ചികിത്സിക്കുക വിഷമമാണ്. എന്തെന്നാൽ, ജന്മനാ രോഗിയായ ഒരാൾക്ക് ആരോഗ്യത്തിന്റെ മഹത്ത്വത്തെക്കുറിച്ച് എങ്ങനെ മനസ്സിലാകും? അവർക്ക് പരിചിതമായത് രോഗാവസ്ഥ മാത്രമായതിനാൽ അത് സ്വാഭാവികമാണെന്നവർ കരുതുന്നു. വിലയേറിയ ഉപദേശങ്ങൾ ശ്രദ്ധിക്കാതെ അധഃപതനത്തിന്റെ വഴിയിലൂടെ നടക്കുന്നവരെ ഉപദേശിക്കാൻ ശ്രമിക്കുന്നത് വിഫലമാണ്. എത്ര

www.malankaralibrary.com

ലജ്ജാകരമാണെങ്കിൽപോലും ലാഭത്തോട് ആസക്തിയുള്ളവർ ഒരിക്കലും ഉപദേശങ്ങൾക്ക് ചെവികൊടുക്കുകയില്ല.

വിശുദ്ധി നേടാനുള്ള തീവ്രമായ ആഗ്രഹം മൂലം ലൗകിക ജീവിതവും ആഗ്രഹങ്ങളും ഉപേക്ഷിച്ച് ക്രിസ്തുവിനെ പിന്തുടരുന്നു എന്ന് അഭിമാനിക്കുന്ന നാം എന്തിനാണ് വീണ്ടും ലൗകികസുഖങ്ങളിലേക്ക് ശ്രദ്ധ തിരിക്കുന്നത്? ബോധപൂർവ്വം തകർത്തെറിഞ്ഞതെന്തോ, അതു വീണ്ടും പണിതുയർത്താൻ ശ്രമിക്കുന്നതെന്തിന്? തങ്ങളുടെ വിളിയോട് വിശ്വസ്തത പുലർത്താത്തവരുടെ ഭോഷത്തത്തിൽ നാം എന്തിന് പങ്കുചേരുന്നു? വ്യർത്ഥലാഭത്തെ പിന്തുടർന്നുകൊണ്ട് നാം നമ്മുടെ ദുർബ്ബലസഹോദരങ്ങളുടെ തൃഷ്ണയെ ജ്വലിപ്പിക്കുകയും അത്യാഗ്രഹത്താൽ അവരെ നിറയ്ക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്? കർത്താവ് നമ്മോട് കല്പിച്ചത്, എളുപ്പം വഴിതെറ്റിപ്പോകുന്നവരെ തിന്മചെയ്യാൻ പ്രേരിപ്പിക്കാതെ നമ്മുടെ സുഖത്തേക്കാളധികം അവരുടെ നേട്ടം ആഗ്രഹിച്ചുകൊണ്ട് ശ്രദ്ധാപൂർവ്വം നിരീക്ഷിക്കണം എന്നാണ്. ഈ വിധത്തിൽ നമ്മുടെ ഉൾപ്രേരണകളെ പിൻചെല്ലാതെ, കൂടുതൽ ജാഗ്രതയുള്ളവരായിരിക്കാൻ നാം നമ്മുടെ എളിയ സഹോദരരെ സഹായിക്കുകയും ലോകസംബന്ധമായവയെക്കുറിച്ചുള്ള നമ്മുടെ മനോഭാവത്തിലൂടെ അവർക്കൊരു മാതൃക നല്കുകയും വേണം.

ഭൗതികവസ്തുക്കളെ വെറുക്കണമെന്ന് പഠിച്ചിട്ടുള്ള നാം എന്തിനാണ് അവയിൽ താല്പര്യം കാണിക്കുന്നത്? പണത്തോടും സ്വത്തുക്കളോടും ആസക്തി പുലർത്തുകയും ആവശ്യമില്ലാത്തതിനെ ചൊല്ലി നമ്മുടെ മനസ്സിനെ നശിപ്പിക്കുകയും ചെയ്യുന്നതെന്തിനാണ്? ഇത്തരം ചിന്തകൾ പ്രധാനപ്പെട്ട വിഷയങ്ങളിൽനിന്നും ആത്മാവിന്റെ സൗഖ്യത്തിൽനിന്നും നമ്മെ പിന്തിരിപ്പിച്ച് നാശത്തിലേക്ക് നയിക്കുന്നു. എന്തെന്നാൽ തത്വജ്ഞാനികളെന്നും സുഖങ്ങളെ ഉപേക്ഷിച്ചവരെന്നും അഭിമാനിക്കുന്ന നാം സാധാരണക്കാരെക്കാൾ അധികം ലാഭേച്ഛ ആഗ്രഹിക്കുന്നവരായിട്ടാണ് കാണപ്പെടുന്നത്. നമ്മുടെ മാതൃക പിൻതുടർന്ന് മറ്റുള്ളവരും അത്യാഗ്രഹികളാകുമ്പോൾ കഠിനമായ ദൈവശിക്ഷയാണ് നമുക്ക് ലഭിക്കാൻ പോകുന്നത്.

ഈ വാക്കുകളെ ആരും വെറുക്കാതിരിക്കട്ടെ. ഒന്നുകിൽ മറ്റുള്ളവരെ ഉദാസീനതയിലേക്ക് നയിച്ചുകൊണ്ട് ദിവ്യമായ തത്വ

www.malankaralibrary.com

ശാസ്ത്രത്തെ അപമാനിക്കുന്ന നിങ്ങളുടെ ദുഷ്പ്രവൃത്തികൾ അവസാനിപ്പിക്കുക; അല്ലെങ്കിൽ തത്ത്വജ്ഞാനി എന്ന പദവി ഉപേക്ഷിക്കുക. യഥാർത്ഥ തത്വജ്ഞാനി ആത്മാവിന്റെ പരിശുദ്ധി നേടുന്നതിനായി ശാരീരികതാല്പര്യങ്ങൾ ഉപേക്ഷിച്ചവനാണ്. അതിനാൽ അവനെ സംബന്ധിച്ച് സമ്പത്ത് ഒരധികപറ്റാണ്. നിങ്ങളുടെ ലക്ഷ്യം ഭൗതികസമ്പത്തും സുഖവുമാണെങ്കിൽ എന്തിനുവേണ്ടിയാണ് തത്വശാസ്ത്രത്തിന് വിരുദ്ധമായി പെരുമാറുമ്പോൾപ്പോലും അതിനെ ആദരിക്കുന്നു എന്ന ഭാവേന നിങ്ങളുടെ കുതന്ത്രങ്ങളെ ഭംഗിവാക്കുകൾകൊണ്ട് മറയ്ക്കുന്നത്?

ഇപ്പോഴും ലൗകികജീവിതം തുടരുന്നു എന്ന കാരണത്താൽ നാം പുച്ഛിച്ചു തള്ളുന്നവർപോലും, രക്ഷകന്റെ കല്പനകൾ ലംഘിക്കുന്നതു മൂലം നമ്മെ ശകാരിക്കുമ്പോൾ, ലജ്ജതോന്നാൻ സാധിക്കാത്തിടത്തോളം ഭൗതികവസ്തുക്കളോടുള്ള നമ്മുടെ അഭിവാഞ്ഛ അത്ര വലുതാണ്. അവരെ പഠിപ്പിക്കേണ്ടവരായ നമ്മെ അവരാണ് യഥാർത്ഥത്തിൽ പഠിപ്പിക്കുന്നത്. നാം പരസ്പരം കലഹിക്കുമ്പോൾ അവർ നമ്മെ ഓർമ്മിപ്പിക്കുന്നു; 'ക്രിസ്തുവിന്റെ ദാസൻ കലഹിക്കരുത്; അയാൾ എല്ലാവരോടും സൗമ്യമായി പെരുമാറണം' (2 തിമോ 2:24); നാം പണത്തെയും സ്വത്തുക്കളെയും കുറിച്ച് തർക്കിക്കുമ്പോൾ അവർ ഈ വചനം നമുക്ക് കാണിച്ചുതരുന്നു: 'ആരെങ്കിലും നിന്റെ അങ്കി എടുത്തുകൊണ്ടുപോകാൻ ശ്രമിച്ചാൽ അവന് നിന്റെ മേലങ്കികൂടി നല്കുക' (മത്താ 5:40). സന്ന്യസ്തരായ നമ്മുടെ ദൈവവിളിയും പ്രവൃത്തികളും തമ്മിലുള്ള അന്തരം കണ്ട് അവർ നമ്മെ പരിഹസിക്കുന്നു. നമ്മുടെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനായി കലഹത്തിൽ ഏർപ്പെടുന്നത് ശരിയാണോ? ആരെങ്കിലും നമ്മുടെ മുന്തിരിത്തോപ്പ് അവിഹിതമായി കൈയടക്കുന്നുവെന്നും തന്റെ വളർത്തുമൃഗങ്ങളെ നമ്മുടെ മുന്തിരിത്തോപ്പിലേക്ക് അഴിച്ചുവിടുന്നുവെന്നും നമ്മുടെ തോട്ടത്തിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്ന അരുവിയുടെ ഗതി തിരിച്ചുവിടുന്നുവെന്നും വിചാരിക്കുക; ഇത്തരം സാഹചര്യങ്ങളിൽ നാം ആത്മനിയന്ത്രണം നഷ്ടപ്പെട്ട് ഭ്രാന്തന്മാരെപ്പോലെ പെരുമാറുന്നത് ശരിയാണോ? അങ്ങനെയായാൽ ദൈവികധ്യാനത്തിൽ മുഴുകേണ്ടുന്ന നമ്മുടെ മനസ്സിന് കുറച്ച് ഭൗതികസമ്പത്തിനുവേണ്ടി നിയമവ്യവഹാരത്തിലും കൗശലങ്ങളിലും ഏർപ്പെടേണ്ടിവരും.

www.malankaralibrary.com

എന്തുകൊണ്ടാണ് മറ്റുള്ളവരുടെ സ്വത്തുക്കൾ നമ്മുടേതാക്കി ത്തീർക്കാൻ നാം ശ്രമിക്കുന്നത്? നാം ഭൗതികനേട്ടങ്ങളാൽ നമ്മെ ത്തന്നെ ഭാരപ്പെടുത്തുകയും പ്രവാചകന്റെ മുന്നറിയിപ്പിനെ അവഗണി ക്കുകയും ചെയ്യുന്നതെന്തുകൊണ്ട്? 'തന്റേതല്ലാത്തത് സമ്പാദിക്കാൻ ശ്രമിക്കുന്നവന് ഹാ കഷ്ടം! അയാൾ തന്റെ കലപ്പയുടെ ഭാരം ഏറ്റു കയാണ്' (ഹബ 2:6). നമ്മെ പിന്തുടരുന്നവർ, യിരമ്യ പറയുന്നതു പോലെ, 'ആകാശത്തിലെ കഴുകന്മാരെക്കാൾ വേഗതയേറിയവരാണ്' (വിലാ 4:19); എന്നാൽ നാമാകട്ടെ, ഭൗതികസമ്പത്ത് ആർജ്ജിക്കുന്നതു വഴി ഭാരവും പേറി വളരെപ്പതുക്കെ നടന്നു നീങ്ങുകയും, പിന്തുടരുന്ന വർക്ക് നമ്മെ പിടികൂടുന്നത് എളുപ്പമാക്കിത്തീർക്കുകയും ചെയ്യുന്നു; അത്യാഗ്രഹത്തിൽനിന്നു ഓടിയകലണമെന്നാണ് പൗലോസ് പറഞ്ഞിരിക്കുന്നത്' (കൊലോ 3:5). നാം കനത്തഭാരം പേറുന്നി ല്ലെങ്കിൽപ്പോലും നമ്മാലാവുന്നത്ര വേഗം ഓടണം; അല്ലാത്തപക്ഷം ശത്രു നമ്മെ കീഴടക്കും.

ആത്മീയത നേടാൻ ശ്രമിക്കുന്ന ആളുകളിൽ ഭൗതികവസ്തു ക്കളോടുള്ള ആസക്തി, ഒരു വലിയ തടസ്സവും ആത്മാവിനും ശരീരത്തിനും ദോഷം ചെയ്യുന്നതുമാണ്. നബോത്ത് എന്ന ഇസ്രയേൽ ക്കാരനെ നശിപ്പിച്ചതെന്താണ്? മുന്തിരിത്തോപ്പായിരുന്നില്ലേ അയാളുടെ മരണകാരണം? എന്തെന്നാൽ ആ മുന്തിരിത്തോപ്പാണ് അയൽക്കാരനായ ആഹാബിൽ അസൂയ ഉണർത്തിയത് (1 രാജാ 21:1-16). രണ്ടു വംശങ്ങൾക്കും അർദ്ധവംശത്തിനും വാഗ്ദത്തഭൂമിയിലേക്ക് പ്രവേശനം നിഷേധിക്കപ്പെട്ടതെന്തുകൊണ്ട്? അവരുടെ കാലിക്കൂട്ട ങ്ങളും ആട്ടിൻപറ്റങ്ങളുമല്ലേ അതിനു കാരണമായത് (സംഖ്യ 34:15)? ലോത്തിനെയും അബ്രാഹാമിനെയും തമ്മിൽ വേർപിരിച്ചതെന്ത്? അതിനു കാരണവും അവരുടെ കാലിക്കൂട്ടങ്ങളും ആട്ടിൻപറ്റങ്ങളു മായിരുന്നില്ലേ? അവയെ ചൊല്ലിയുള്ള തർക്കങ്ങളുടെ ഫലമായിട്ടാ ണല്ലോ അവർ തമ്മിൽ വേർപിരിഞ്ഞത് (ഉല്പ 13:5-11).

അങ്ങനെ ഭൗതികസ്വത്തുക്കൾ, അവയുടെ ഉടമസ്ഥരെക്കുറിച്ച് മറ്റുള്ളവരിൽ അസൂയ ജനിപ്പിക്കുകയും, ഉടമസ്ഥർക്ക് തങ്ങളെക്കാൾ ഉയർന്നവരിൽനിന്നു അകൽച്ച പാലിക്കണമെന്ന തോന്നലുണ്ടാ ക്കുകയും കുടുംബങ്ങളെ വിഭജിക്കുകയും സുഹൃത്തുക്കളെ ശത്രു ക്കളാക്കിത്തീർക്കുകയും ചെയ്യുന്നു. വരാൻപോകുന്ന ജീവിതത്തിൽ

www.malankaralibrary.com

ഈ സ്വത്തുക്കൾ നമുക്കു പ്രയോജനം ചെയ്യില്ല; ഈ ജീവിതത്തിൽ പോലും അവ നമുക്ക് കാര്യമായി ഉപകരിക്കുന്നില്ല. ആ നിലയ്ക്ക്, എന്തിനാണ് ദൈവസേവനമെന്ന നമ്മുടെ കർത്തവ്യം ഉപേക്ഷിച്ച് അത്തരം നിസ്സാരകാര്യങ്ങൾക്കായി സമയം ചെലവഴിക്കുന്നത്? നമുക്ക് ആവശ്യമുള്ളതെല്ലാം നൽകുന്നത് ദൈവമാണ്. ദൈവത്തിന്റെ സഹായമില്ലെങ്കിൽ ഏതൊരു മനുഷ്യപ്രയത്നവും വിഫലമാണ്; എന്നാൽ ദൈവമാകട്ടെ, തന്റെ പരിപാലനയിൽ മനുഷ്യസഹായം കൂടാതെയാണ് അനുഗ്രഹങ്ങൾ ചൊരിയുന്നത്. ആരോടാണോ ദൈവം, 'നിങ്ങൾ ഏറെ വിതച്ചുവെങ്കിലും കൊയ്തത് വളരെ കുറച്ചു മാത്രം, അതാകട്ടെ, ഞാൻ നിങ്ങളുടെ കൈകളിൽനിന്ന് ഊതി പ്പറപ്പിച്ചു കളയുകയും ചെയ്തു' (ഹഗ്ഗാ 1:9) എന്ന് അരുളിച്ചെയ്തത്, അവർക്ക് തങ്ങളുടെ പ്രയത്നംകൊണ്ട് എന്തു നേട്ടമുണ്ടായെന്ന് ആലോചിക്കുക. അതേസമയം, തങ്ങളുടെ ആവശ്യങ്ങളെക്കുറിച്ച് വേവലാതിപ്പെടാത്ത നീതിമാന്മാർക്ക് എന്തിന്റെയെങ്കിലും കുറവു ണ്ടായോ? കൃഷിചെയ്തിരുന്നില്ലെങ്കിലും നാല്പതു വർഷക്കാലം മരു ഭൂമിയിൽ കഴിഞ്ഞിരുന്ന ഇസ്രായേൽ ജനതയ്ക്ക് ദൈവം ഭക്ഷണം കൊടുത്തിരുന്നില്ലേ? ആവശ്യാനുസരണം ഭക്ഷിക്കാൻ അവർക്ക് എല്ലായ്പ്പോഴും കിട്ടിയിരുന്നു; എന്തെന്നാൽ, വിചിത്രവും അത്ഭുത കരവുമായ രീതിയിൽ കടലിൽനിന്ന് കാടപ്പക്ഷികളും ആകാശത്തു നിന്ന് മന്നായും അവർക്കു ലഭിച്ചു (പുറ 16); ഉണങ്ങിയ പാറയിൽ അടിച്ചപ്പോൾ ജലം നിർഗമിച്ചു? (പുറ 17:6); നാല്പതുവർഷക്കാലവും അവരുടെ വസ്ത്രങ്ങളും ചെരുപ്പുകളും പുതിയതുപോലെയായിരുന്നു (ആവ 8:4). ഏലിയാ ഒളിച്ചിരുന്ന കെരിത്ത് എന്ന അരുവിക്ക് സമീപ മുള്ള ഏതു ഭൂമിയിലാണ് കൃഷിചെയ്തിരുന്നത്? കാക്കകളായിരു ന്നില്ലേ ഏലിയായ്ക്കു ഭക്ഷണം നല്കിയത്? (1 രാജാ 17:6); അതിനു ശേഷം സാരെഫാത്തിലെത്തിയ ഏലിയായ്ക്ക്, തന്റെ സ്വന്തം കുട്ടി കളുടെ കൈയിൽനിന്നു തട്ടിയെടുത്ത അപ്പമല്ലേ നിസ്സഹായയായ ഒരു വിധവ നല്കിയത്? (1 രാജാ 17:10-16) ഈ കഥകളെല്ലാം സൂചിപ്പി ക്കുന്നത്, നാം സംഭരിക്കാൻ ശ്രമിക്കേണ്ടത് വിശുദ്ധിയാണ്, വസ്ത്ര ങ്ങളോ ഭക്ഷണപാനീയങ്ങളോ അല്ല എന്നാണ്.

കേൾക്കുമ്പോൾ വിചിത്രമാണെന്നു തോന്നിയാലും ഇതൊന്നും തന്നെ അസാദ്ധ്യമല്ല. ദൈവം നിശ്ചയിച്ചാൽ ഒരുവന് ഭക്ഷണമില്ലാതെ

www.malankaralibrary.com

കഴിയാം. അല്ലെങ്കിൽ ഒരൊറ്റ നേരത്തെ ഭക്ഷണംകൊണ്ട് നാല്പതു ദിവസം നീണ്ടുനിന്ന യാത്രയ്ക്കുള്ള കരുത്ത് എങ്ങനെയാണ് ഏലിയായ്ക്കു ലഭിച്ചത് (1 രാജാ 19:8)? ഭക്ഷ്യയോഗ്യമായ യാതൊന്നുമില്ലാതെ എൺപതു ദിവസം എങ്ങനെയാണ് മോശയ്ക്കു ദൈവത്തോടൊത്ത് മലമുകളിൽ കഴിയാനായത്? നാല്പതു ദിവസത്തിനുശേഷം താഴേക്കിറങ്ങിവന്ന മോശ ഇസ്രായേൽ ജനത നിർമ്മിച്ചിരുന്ന പശുക്കിടാവിന്റെ പ്രതിമ കണ്ട് കോപിക്കുകയും കല്പനകൾ എഴുതിയ കൽപലകകൾ എറിഞ്ഞുപൊട്ടിക്കുകയും വീണ്ടും മലമുകളിലേക്ക് തിരിച്ചുപോവുകയും ചെയ്തു; വീണ്ടും നാല്പതു ദിവസത്തിനുശേഷം രണ്ടു കൽപലകകളുമായി മോശ ജനങ്ങളുടെ അടുത്തേക്ക് ഇറങ്ങിവന്നു (പുറ 24:12-18; 31:18-34:35). മനുഷ്യബുദ്ധിക്ക് എങ്ങനെയാണ് ഈ അത്ഭുതത്തെ വിശദീകരിക്കാൻ കഴിയുക? ഭക്ഷണം കഴിക്കാതെ ശാരീരികശേഷി നിലനിർത്താൻ മോശയ്ക്ക് എങ്ങനെ സാധിച്ചു? ഇതിനുള്ള ഉത്തരമാണ് ദൈവവചനത്തിലുള്ളത്: 'മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നത്, മറിച്ച് ദൈവത്തിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കും മൂലമാണ്' (മത്താ 4:4).

എങ്കിൽപ്പിന്നെ സ്വർഗ്ഗീയ സന്ന്യസ്തജീവിതത്തെ, ഭൗതിക താല്പര്യങ്ങളിൽ മുഴുകുന്നതുവഴി നാം ഭൂമിയിലേക്ക് വലിച്ചിഴയ്ക്കുന്നത് എന്തുകൊണ്ട്? വിലാപങ്ങളുടെ പുസ്തകത്തിൽ യിരമ്യ പറയുന്നതുപോലെ, പട്ടുവസ്ത്രം ധരിച്ചു വളർന്ന നാം ഇപ്പോൾ കുപ്പക്കൂനയെ ആശ്ലേഷിക്കുന്നത് എന്തുകൊണ്ട്? (വിലാ 4:5). പ്രകാശമാനവും തീവ്രവുമായ ചിന്തകളാൽ നവോന്മേഷം പ്രാപിക്കുമ്പോഴാണ് നാം 'പട്ടുവസ്ത്രം ധരിച്ച് വളർന്നവരാകുന്നത്', എന്നാൽ ഈ അവസ്ഥ ഉപേക്ഷിച്ച് ഭൗതികകാര്യങ്ങളിൽ മുഴുകുമ്പോൾ നാം 'കുപ്പക്കൂനയെ ആശ്ലേഷിക്കുന്നു'. ദൈവത്തിൽ പ്രത്യാശ അർപ്പിക്കുന്നതിനുപകരം നമ്മുടെതന്നെ ഭുജബലത്തിൽ ആശ്രയിക്കുകയും ദൈവകാരുണ്യത്തിന്റെ വരദാനങ്ങളെ നമ്മുടെ നേട്ടങ്ങളായി കണക്കാക്കുകയും ചെയ്യുന്നതെന്തുകൊണ്ട്? സ്വന്തം കരം ഉയർത്തി അതിന്മേൽ ചുംബിച്ചതാണ് താൻ ചെയ്ത ഏറ്റവും വലിയ പാപമെന്ന് ഇയ്യോബ് കരുതി (ഇയ്യോബ് 31:27). എന്നാൽ നമുക്കാകട്ടെ ഇങ്ങനെ ചെയ്യുന്നതിൽ യാതൊരു വിഷമവും ഇല്ല. സ്വന്തം കരങ്ങളാലാണ് തങ്ങൾ സമ്പത്ത് ആർജ്ജിക്കുന്നതെന്ന വിശ്വാസ

www.malankaralibrary.com

ത്തോടെ ആളുകൾ തങ്ങളുടെ കൈകൾ ചുംബിക്കുന്നു. ഇത്തരക്കാരെക്കുറിച്ച് നിയമത്തിൽ ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്: 'നാൽക്കാലികളിൽ നഖമുള്ള പാദങ്ങളോടുകൂടിയവ അശുദ്ധമാണ്. ഉരസ്സുകൊണ്ടോ നാലോ അതിൽക്കൂടുതലോ കാലുകൾകൊണ്ടോ, ഇഴയുന്ന ജന്തുക്കൾ അശുദ്ധമാണ്' (ലേവ്യ 11:27,42). കൈപ്പത്തികളിൽ നടക്കുക എന്നതിനർത്ഥം സ്വന്തം കൈകളെ ആശ്രയിക്കുകയും വിശ്വസിക്കുകയും ചെയ്യുക എന്നതാണ്. നാലു കാലിൽ നടക്കുക എന്നതിനർത്ഥം ഇന്ദ്രിയസംബന്ധമായവയെ ആശ്രയിക്കുകയും അവയെക്കുറിച്ചുള്ള ഉത്കണ്ഠയാൽ മനസ്സിനെ വശീകരിക്കുകയും ചെയ്യുക എന്നും, 'കൂടുതൽ കാലുകളുള്ള' എന്നതിനർത്ഥം ഭൗതിക വസ്തുക്കളിൽ മമതയുണ്ടായിരിക്കുക എന്നുമാണ്.

ഇക്കാരണത്താലാണ് സുഭാഷിതങ്ങളുടെ രചയിതാവ്, പൂർണ്ണനായ ഒരു മനുഷ്യന് രണ്ടു കാലുകളുടെ ആവശ്യമില്ല. മറിച്ച് ഒന്നു മതി എന്നു പറയുന്നത്. ഈ ഒരു കാലാകട്ടെ, ഭൗതികവസ്തുക്കളിൽ ഊന്നാനും പാടില്ല. എന്തെന്നാൽ അദ്ദേഹം പറയുന്നു: 'അയൽവാസിയുടെ വീട്ടിൽ ചുരുക്കമായേ പോകാവൂ, അല്ലെങ്കിൽ മടുപ്പുതോന്നി അവൻ നിന്നെ വെറുത്തേക്കാം' (സുഭാ 25:17). 'നിങ്ങളെന്റെ സുഹൃത്തുക്കളാണ്' (യോഹ 15:14) എന്നാണ് രക്ഷകൻ തന്റെ അനുയായികളോട് പറഞ്ഞിട്ടുള്ളത്. ശാരീരിക ആവശ്യങ്ങളുടെ പേരിൽ സുഹൃത്തുക്കൾക്ക് ശല്യം ചെയ്യാതിരിക്കാൻ നാം ശ്രമിക്കുന്നുവെങ്കിൽ, തത്സംബന്ധമായ കാര്യങ്ങളിൽ ക്രിസ്തുവിനെയും അധികം ശല്യപ്പെടുത്തരുത്. എന്തെന്നാൽ നാം തുടർച്ചയായി നമ്മുടെ സുഹൃത്തുക്കളെ ശല്യം ചെയ്താൽ അവർ നമ്മെ വെറുക്കും, അങ്ങനെയെങ്കിൽ സദാ ശാരീരികാവശ്യങ്ങളിൽ വ്യാപൃതരാവുകയും, നമ്മെത്തന്നെ ഭൂമിയിൽനിന്ന് ഉയർത്തുവാനായി നിവർന്ന് നില്ക്കുകയോ കാലുകൾക്ക് ബലമേകുകയോ ചെയ്യുന്നില്ലെങ്കിൽ നമ്മുടെ വിധി എന്തായിരിക്കും, ശിക്ഷയിൽനിന്ന് നാം എങ്ങനെ രക്ഷപെടും? നമ്മുടെ ശരീരഭാരം മുഴുവനും താങ്ങുന്നത് ഇരുകാലുകളാണ്. ഈ രണ്ടു കാലുകളിലും ഊന്നി നിന്നിട്ട് കുതിച്ചു ചാടിയാൽ നാം മുകളിലേക്ക് ഉയരുന്നു. അതുപോലെതന്നെ ശാരീരികാവശ്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനു പകരം വിവേകത്താൽ നിവർന്നുനിന്നുകൊണ്ട് കുതിച്ചു ചാടുന്നതിലൂടെ ലൗകികചിന്തകളിൽനിന്നു വിമുക്തരായി നാം ആത്മീയതയിലേക്ക് ഉയരുന്നു.

www.malankaralibrary.com

അധമമായ താല്പര്യങ്ങളിൽ മുഴുകാത്ത ആളുകളാണ് നിവർന്നു നിൽക്കാൻ ശീലിച്ചവർ; ഭൗതികമായ ആവശ്യങ്ങളില്ലാത്ത, അവ ആഗ്രഹിക്കാത്ത മാലാഖമാരും ഇങ്ങനെതന്നെയാണ്. എസക്കിയേൽ പറയുന്നത് ശ്രദ്ധിക്കുക: 'അവരുടെ കാലുകൾ നിവർന്നതും കാൽപത്തികൾ ചിറകുള്ളവയുമായിരുന്നു' (എസെ 1:7). തോൽവി അറിയാത്ത അവരുടെ ദൃഢനിശ്ചയവും ആത്മീയതയിലേക്കുള്ള പ്രയാണവുമാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. എന്നാൽ മനുഷ്യർക്കാകട്ടെ, വളയുന്ന കാലുകളാണുള്ളത്. അതിനാൽ ശാരീരികാവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി തങ്ങളുടെ കാലുകൾ വളയ്ക്കുവാനും ആത്മാവിന്റെ ആവശ്യങ്ങൾ നിവൃത്തിയാക്കാൻ അധിക സമയവും അവ നിവർത്തിപ്പിടിക്കുവാനും അവർക്ക് സാധിക്കുന്നു. ആത്മാവിന് സ്വർഗ്ഗീയശക്തിയുമായുള്ള ബന്ധംമൂലം നാം ഭൂരിഭാഗം സമയവും അവരോടൊപ്പം ഉന്നതങ്ങളിൽ വസിക്കേണ്ടതുണ്ട്, ശരീരത്തിന്റെ കാര്യത്തിലാകട്ടെ, അത്യാവശ്യങ്ങൾ മാത്രം പൂർത്തീകരിക്കുക, ആത്മീയജ്ഞാനം അനുഭവിച്ചിട്ടുള്ളവർ ലൗകികസുഖങ്ങൾക്കായി എല്ലായ്പ്പോഴും നിലത്തുകൂടി ഇഴയുന്നത് ലജ്ജാകരമാണ്.

നാലു കാലുകളിൽ നടക്കുന്നു എന്നതല്ല, എല്ലായ്പ്പോഴും അതിൽ മാത്രമാണ് താല്പര്യം എന്നതിനാലാണ് നമുക്ക് ചിലരെ അശുദ്ധർ എന്നു വിളിക്കേണ്ടിവരുന്നത്; ശരീരികളായവരെ ഇടയ്ക്കിടെ ശാരീരികാവശ്യങ്ങൾ നിറവേറ്റാൻ ദൈവം അനുവദിക്കുന്നു. അമ്മോന്യനായ നാഹാഷിനോട് പൊരുതിക്കൊണ്ടിരുന്ന ജോനാഥാൻ എതിരാളിയുടെ മേൽ വിജയം വരിച്ചത് നാലു കാലുകളിൽ ഇഴഞ്ഞുനീങ്ങിക്കൊണ്ടാണ് (1 ശമു 14:13); അതല്ലാതെ ജോനാഥാന് മറ്റൊരു വഴിയുമില്ലായിരുന്നു. നാഹാഷ് എന്ന പേരിന് അർത്ഥം ശരീരത്തിന്റെ അടിഭാഗം നിലത്തുരസി ഇഴഞ്ഞുനീങ്ങുന്ന പാമ്പ് എന്നാണ്. അതിനോടു യുദ്ധം ചെയ്യാൻ നാലു കാലുകളിൽ ഇഴയേണ്ടതുണ്ട്. അതിനുശേഷം തന്റെ സാധാരണ അവസ്ഥയിലേക്ക് അദ്ദേഹം മടങ്ങി. അങ്ങനെ തന്റെ ശത്രുവിനെ എളുപ്പത്തിൽ കീഴടക്കാൻ അദ്ദേഹത്തിന് സാധിച്ചു.

ഇഷ്-ബോഷെത്തിന്റെ കഥയും നമ്മെ പഠിപ്പിക്കുന്നത് ശാരീരികാവശ്യങ്ങളെക്കുറിച്ച് അമിതമായ ആകാംക്ഷ പാടില്ലെന്നും നമ്മെ സംരക്ഷിക്കുവാനുള്ള ചുമതല ഇന്ദ്രിയങ്ങളെ ഏല്പിക്കരുതെന്നുമാണ്. ഉറക്കറയിലേക്ക് വിശ്രമിക്കാൻ പോകും മുമ്പ് ഇഷ്-ബോഷെത്

www.malankaralibrary.com

രാജാവ് ഒരു സ്ത്രീയെയാണ് തന്റെ വാതിൽ കാവൽക്കാരിയായി നിർത്തിയത്. റേഖാബിന്റെ ആളുകൾ അവിടെയെത്തിയപ്പോൾ കണ്ട കാഴ്ച ഗോതമ്പു പേറ്റുന്നതിനിടയിൽ മയങ്ങിപ്പോയ വാതിൽ കാവൽക്കാരിയെയായിരുന്നു; അവളറിയാതെ ഉറക്കറയിൽ കടന്ന അവർ ഇഷ്-ബോഷെത്തിനെ വധിച്ചു (2 ശമു 4:5-8); ശാരീരിക താല്പര്യങ്ങൾക്ക് മുൻഗണന കൊടുക്കുമ്പോൾ മനുഷ്യന്റെ ബുദ്ധിയും ആത്മാവും ഇന്ദ്രിയങ്ങളുമെല്ലാം ഉറങ്ങിപ്പോകുന്നു. ഗോതമ്പു പേറ്റിക്കൊണ്ടിരുന്ന സ്ത്രീ, ബാഹ്യവസ്തുക്കളിൽ മുഴുകു കയും ശാരീരികാഭിലാഷങ്ങൾ പൂർത്തീകരിക്കാനായി ശ്രമിക്കുകയും ചെയ്യുന്ന ആളുകളുടെ പ്രതീകമാണ്. വിശുദ്ധഗ്രന്ഥത്തിലെ ഈ കഥയുടെ അർത്ഥം പ്രതീകാത്മകവും ബാഹ്യമായ കഥയിൽനിന്നു വ്യത്യസ്തവുമാണ്. ആയുധധാരികളായ അംഗരക്ഷകർക്കു പകരം ഒരു സ്ത്രീയെ വാതിൽ കാവൽക്കാരിയായി നിയമിച്ചിട്ട് ഉറങ്ങാൻ പോകാൻ ഒരു രാജാവിന് സാധിക്കുന്നതെങ്ങനെ? ഗോതമ്പു പാറ്റുന്ന ജോലി അവളെ ഏല്പിക്കത്തക്കവിധം ഒരു രാജാവ് അത്ര ദരിദ്രനാകു ന്നത് എങ്ങനെ? അസാധാരണവും വിചിത്രവുമായ കാര്യങ്ങൾ ഒരു കഥയിലുണ്ടാകുന്നത് അതിലെ ആന്തരികസത്യത്തെ സൂചിപ്പിക്കു ന്നതിനുവേണ്ടിയാണ്. യുക്തി, പഞ്ചേന്ദ്രിയങ്ങളുടെ കാവൽക്കാരാ യിരിക്കുമ്പോൾ മനസ്സ് രാജാവിനെപ്പോലെ ഉറക്കറയിൽ വിശ്രമി ക്കുന്നു. എന്നാൽ യുക്തി, ഭൗതികകാര്യങ്ങളിൽ മുഴുകുമ്പോൾ ശത്രുവിന് എളുപ്പത്തിൽ ഉള്ളിൽ കടന്ന് മനസ്സിനെ നശിപ്പിക്കാൻ കഴിയുന്നു. എന്തെന്നാൽ, ഗോതമ്പു പാറ്റുക എന്നത് ഒരു ഭൗതിക കാര്യമാണ്. അതിനാലാണ് അബ്രഹാം ഒരു സ്ത്രീയെ വാതിൽ കാവൽക്കാരിയായി നിയമിക്കാതിരുന്നത്; ഇന്ദ്രിയങ്ങൾ എളുപ്പം വഞ്ചിക്കപ്പെടുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ബാഹ്യ വസ്തുക്കളിൽ മുഴുകുകയും അങ്ങനെ മനസ്സിനെ വിച്ഛേദിക്കുകയും ലൗകികസുഖങ്ങളിൽ മുഴുകാൻ അതിനെ പ്രേരിപ്പിക്കുകയും ചെയ്യുന്ന ഇന്ദ്രിയങ്ങൾ അപകടകാരികളാണ്. അതിനാൽ വാതിൽ കാവൽക്കാര നായി തന്നെത്തന്നെ നിയമിച്ച അബ്രാഹം ദൈവികചിന്തകൾക്ക് തന്റെ ഉള്ളിലേക്ക് പ്രവേശനം അനുവദിക്കുകയും ഭൗതികവിഷയ ങ്ങളെ തടഞ്ഞുനിർത്തുകയും ചെയ്തു (ഉത്പ 18:1).

ലൗകികനേട്ടങ്ങൾക്കായി വ്യർത്ഥമായി കഠിനാദ്ധ്വാനം ചെയ്യു ന്നതുകൊണ്ട് നമുക്ക് എന്തു പ്രയോജനമാണുള്ളത്? 'മനുഷ്യന്റെ

www.malankaralibrary.com

അദ്ധ്വാനമത്രയും അവന്റെ വായ്ക്കുവേണ്ടിയായിരുന്നില്ലേ' (സുഭാ 6:7)? അപ്പോസ്തോലന്റെ അഭിപ്രായത്തിൽ (1 തിമോ 6:8) 'ഭക്ഷണവും വസ്ത്രവുമാണ്' നമുക്കു ശരീരത്തെ നിലനിർത്തുന്നതിന് ആകെ ആവശ്യമുള്ള വസ്തുക്കൾ. അങ്ങനെയാണെങ്കിൽ സോളമൻ ചോദിക്കുന്നതുപോലെ എന്തിനാണ് നാം 'കാറ്റിനുവേണ്ടി' പണി യെടുക്കുന്നത് (സഭാ 5:16)? ലൗകികവസ്തുക്കളെക്കുറിച്ചുള്ള ആകുലതയാൽ ദൈവികവരദാനങ്ങൾ അനുഭവിക്കുന്നതിൽനിന്ന് ആത്മാവിനെ വിലക്കുകയും ആവശ്യമുള്ളതിലുമധികം ശ്രദ്ധയും സൗകര്യവും കൊടുത്ത് ശരീരത്തെ പോഷിപ്പിക്കുകയുമാണ് നാം ചെയ്യുന്നത്. അങ്ങനെ ചെയ്യുന്നതിലൂടെ നാം ശരീരത്തെ ഉപദ്രവി ക്കുകയും അതിനെ നമ്മുടെ ശത്രുവാക്കിത്തീർക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ശരീരം പോരാട്ടത്തിൽ ചഞ്ചലമാകുന്നു എന്ന് മാത്രമല്ല, അമിതമായ സുഖങ്ങളിൽ മുഴുകാൻ ശീലിക്കുന്നതിനാൽ പ്രശസ്തിയും പ്രതിഫലവും ആഗ്രഹിച്ച് ആത്മാവിനെതിരെ പടപൊരു തുകയും ചെയ്യുന്നു. ഒന്നിനു പുറകെ ഒന്നായി വേട്ടയാടുന്ന ആഗ്രഹ ങ്ങൾക്കുവേണ്ടി നിലകൊള്ളുമ്പോൾ എന്തൊക്കെയാണ് ശരീര ത്തിന്റെ പ്രാഥമിക ആവശ്യങ്ങളെന്ന് നാം ചിന്തിക്കാറുണ്ടോ? കേവലം അപ്പവും വെള്ളവും മാത്രം. ആവശ്യമുള്ളത്ര ജലം അരുവി പുറപ്പെടു വിക്കുന്നില്ലേ, കൈകൾ ഉള്ളവന് അപ്പം സമ്പാദിക്കാനാവുകയില്ലേ? വ്യഗ്രതകൾ മൂലം യാതന അനുഭവിക്കുമ്പോഴും അല്ലാത്തപ്പോഴും ഇത്തരത്തിൽ നമുക്ക് ശാരീരികാവശ്യങ്ങൾ നിവൃത്തിയാക്കാൻ സാധിക്കും. വസ്ത്രത്തിന്റെ കാര്യത്തിൽ നാം ആകുലപ്പെടേണ്ട തുണ്ടോ? പരിഷ്ക്കാരത്തിനൊത്ത വേഷവിധാനങ്ങൾ ഉപേക്ഷിച്ച് യഥാർത്ഥത്തിൽ ആവശ്യമുള്ളവയിൽ മാത്രം നാം ശ്രദ്ധപതിപ്പിച്ചാൽ അതിന്റെ ആവശ്യം ഇല്ല. നേർമ്മയേറിയതും മനോഹരനിറമുള്ളതും പട്ടുകൊണ്ടുള്ളതുമായ വസ്ത്രങ്ങളായിരുന്നോ ആദിമനുഷ്യൻ ധരിച്ചിരുന്നത്? തോൽ ഉടുക്കാനും സസ്യങ്ങൾ ഭക്ഷിച്ച് വിശപ്പടക്കാനു മല്ലേ സ്രഷ്ടാവ് അവനു കല്പന നൽകിയത് (ഉല്പ 3:18,21)? ഇന്നത്തെ പരിഷ്കൃതലോകത്തിന്റെ നിർലജ്ജമായ ആഡംബരങ്ങൾക്കു പകരം ദൈവം കല്പിച്ച ആവശ്യങ്ങൾ ഇത്രമാത്രമായിരുന്നു.

ആകാശത്തിലെ പറവകൾക്ക് ഭക്ഷണം നൽകുകയും വയലിലെ ലില്ലിച്ചെടികളെ ഉടുവസ്ത്രം അണിയിക്കുകയും ചെയ്യുന്ന ദൈവം

www.malankaralibrary.com

നാം വിശുദ്ധിക്കുവേണ്ടി യത്നിക്കുകയാണെങ്കിൽ തീർച്ചയായും നമുക്ക് വേണ്ടതെല്ലാം നല്കും എന്നതിനെച്ചൊല്ലി തർക്കിക്കാൻ എനിക്ക് ഉദ്ദേശമില്ല. എന്തെന്നാൽ ദൈവത്തിൽ യഥാർത്ഥ വിശ്വാസ മില്ലാത്തവർക്ക് ഈമാതിരി വാദങ്ങൾകൊണ്ട് യാതൊരു മാറ്റവു മുണ്ടാകില്ല. എന്നാൽ ആത്മീയജീവിതം നയിക്കുന്ന ഒരുവൻ തന്റെ ആവശ്യങ്ങൾക്കായി അപേക്ഷിച്ചാൽ ആരാണ് നിരസിക്കുന്നത്? ബലം പ്രയോഗിച്ച് ജറുസലേം നഗരം കീഴ്പ്പെടുത്തിയ സംസ്കാര ശൂന്യരായ ബാബിലോണിയക്കാർപോലും യിരമ്യായുടെ വിശുദ്ധിയെ മാനിച്ചു (യിര 40:4,5); അദ്ദേഹത്തിന് ആവശ്യമുള്ളതെല്ലാം ഭക്ഷണം മാത്രമല്ല, അതിഥിസത്ക്കാരത്തിനുപയോഗിക്കാറുള്ള പാത്രങ്ങൾകൂടി ധാരാളമായി അവർ നല്കി. അങ്ങനെയിരിക്കെ പൂർണ്ണമായും അപരിഷ്കൃതരല്ലാത്ത നമ്മുടെ നാട്ടുകാർ തീർച്ചയായും നന്മയെയും വിശുദ്ധിയെയും നമ്മുടെ താപസജീവിതത്തെയും ആദരിക്കുകതന്നെ ചെയ്യും. ദുർബ്ബലരായതിനാൽ അവർക്ക് ആത്മീയജീവിതം നയിക്കാൻ കഴിയുന്നില്ലെങ്കിൽകൂടി ആ ജീവിതത്തെയും അങ്ങനെയുള്ളവരെയും അവർ ബഹുമാനിക്കാതിരിക്കില്ല. എന്തുകൊണ്ടാണ് ശൂനേമിലെ സ്ത്രീ എലീശായ്ക്കുവേണ്ടി മാളികമുറി പണിയുകയും അതിനുള്ളിൽ മേശയും കട്ടിലും വിളക്കും സജ്ജീകരിക്കുകയും ചെയ്തത് (2 രാജാ 4:10)? എലീശായുടെ വിശുദ്ധിയായിരുന്നില്ലേ അതിനു കാരണം? തന്റെ രാജ്യത്തെ ജനങ്ങൾ മുഴുവൻ പട്ടിണികിടന്ന് വിഷമിക്കുമ്പോഴും തന്റെ ആവശ്യങ്ങളെക്കാളധികം പ്രവാചകന്റെ ആവശ്യങ്ങൾക്ക് മുൻതൂക്കം കൊടുക്കാൻ വിധവയെ പ്രേരിപ്പിച്ചതെന്തായിരുന്നു (1 രാജാ 17:10-16)? ഏലിയായുടെ ആത്മീയജ്ഞാനം അവളെ അത്ഭുതപ്പെടുത്തിയിരു ന്നില്ലെങ്കിൽ അവൾ തനിക്കും കുട്ടികൾക്കും കഴിക്കാൻ അവശേ ഷിച്ചിരുന്ന ആഹാരം അദ്ദേഹത്തിന് നല്കുമായിരുന്നില്ല. പട്ടിണി കിടന്ന് തങ്ങൾ മരിക്കുമെന്ന് അറിയാവുന്ന ആ സ്ത്രീ ദാനത്തിലൂടെ, സമയമാകുന്നതിനു മുമ്പുതന്നെ തന്റെ മരണത്തെ സമീപിക്കുകയാ യിരുന്നു.

ഏലിയായെയും എലീശായെയുംപോലെയുള്ളവർ അവരുടെ ധൈര്യം, ദൃഢനിശ്ചയം, ഭൗതികവസ്തുക്കളോടുള്ള താല്പര്യ മില്ലായ്മ എന്നീ ഗുണങ്ങളാലാണ് വിശുദ്ധപദവിയിൽ എത്തിയത്. മിതത്വവും കർക്കശമായ ലാളിത്യവുമാണ് അവർ പാലിച്ചുപോന്നത്;

www.malankaralibrary.com

തങ്ങളുടെ ആവശ്യങ്ങൾ പരമാവധി ചുരുക്കിക്കൊണ്ട് അവർ അശരീരികളായ മാലാഖമാരെപ്പോലെയായിത്തീർന്നു. അതിന്റെ ഫലമായി കാഴ്ചയിൽ ഒട്ടും ഗാംഭീര്യമില്ലായിരുന്നുവെങ്കിലും ഭൂമിയിലെ ഏറ്റവും ശക്തനായ ഭരണാധികാരിയെക്കാളും ശക്തിയാണ് അവർ ആത്മീയമായി നേടിയത്; ഏതൊരു രാജാവും തന്റെ പ്രജകളോട് സംസാരിക്കുന്നതിനെക്കാൾ അധികാരത്തോടെ അവർ രാജാക്കന്മാരോട് സംസാരിച്ചു. 'ഇസ്രായേലിനെ കഷ്ടപ്പെടുത്തുന്നത് ഞാനല്ല, നീയും നിന്റെ പിതാവിന്റെ ഭവനവുമാണ്' (1 രാജാ 18:18) എന്നു പറഞ്ഞുകൊണ്ട് ആഹാബിനെ ശകാരിച്ചപ്പോൾ ഏലിയാ ഏതെങ്കിലും ആയുധത്തിലോ ശക്തിയിലോ ആണോ ആശ്രയം വച്ചിരുന്നത്? തനിക്ക് ധൈര്യമേകാൻ വിശുദ്ധിയൊഴികെ മറ്റൊന്നും തന്റെ കൈവശമില്ലാതിരുന്നിട്ടുകൂടി മോശയ്ക്കെങ്ങനെയാണ് ഫറവോയെ എതിർക്കാൻ കഴിഞ്ഞത്? (പുറ 5). ഇസ്രായേലിലെയും യൂദായിലെയും രാജാക്കന്മാരുടെ സൈന്യങ്ങൾ യുദ്ധത്തിനായി അണിനിരന്നപ്പോൾ ജറോമിനോട് ഇപ്രകാരം സംസാരിക്കാൻ എലീശായ്ക്ക് എങ്ങനെ ധൈര്യമുണ്ടായി: 'ഞാൻ സേവിക്കുന്ന സൈന്യങ്ങളുടെ നാഥനായ ദൈവത്തിന്റെ പേരിലല്ലെങ്കിൽ, യൂദായുടെ രാജാവായ യഹോഷാഫാത്തിനോടുള്ള പരിഗണനമൂലമല്ലെങ്കിൽ, ഞാൻ നിന്നെ നോക്കുകയോ കാണുകയോ ചെയ്യുമായിരുന്നില്ല' (2 രാജാ 3:14). സൈന്യങ്ങളെയോ മനസ്സ് ആകുലമാകുമ്പോൾ യഥാർത്ഥ കാരണമില്ലെങ്കിൽതന്നെ, യുദ്ധസമയത്ത് ആളിക്കത്താറുള്ള രാജകോപത്തെയോ എലീശാ തെല്ലും ഭയപ്പെട്ടില്ല. കാരണം, വിശുദ്ധിയിലൂടെ നേടാവുന്നത് ഏതു രാജാവിനാണ് നേടാൻ കഴിയുക? ഏത് രാജകീയ വസ്ത്രത്തിനാണ് ഏലിയായുടെ മേലങ്കിക്കു കഴിഞ്ഞതുപോലെ വെള്ളത്തെ ഇരുവശത്തേക്കും വഴിമാറ്റാൻ കഴിയുന്നത്? (2 രാജാ 2:8). അപ്പോസ്തലന്മാരുടെ തൂവാലകൾക്കു കഴിഞ്ഞതുപോലെ ഏതു രാജകിരീടത്തിനാണ് അസുഖം ഭേദമാക്കാൻ കഴിഞ്ഞിട്ടുള്ളത് (അപ്പോ 19:12)? നിയമരഹിതമായ പ്രവൃത്തികളുടെ പേരിൽ സൈന്യസന്നാഹങ്ങളോടുകൂടിയ ഒരു രാജാവിനെ ഏകാകിയായ ഒരു പ്രവാചകൻ രൂക്ഷമായി വിമർശിച്ചു; കോപാകുലനായ രാജാവ് പ്രവാചകനെ പിടിക്കാനായി കൈനീട്ടി; എന്നാൽ അദ്ദേഹത്തെ പിടിക്കാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല രാജാവിന്റെ കൈ മരവിച്ചുപോകുകയും ചെയ്തു (1 രാജാ 13:4). ആത്മീയതയും രാജാധികാരവും

www.malankaralibrary.com

തമ്മിലുള്ള ഒരു മത്സരമാണ് ഇവിടെ നടന്നത്; വിജയിച്ചത് ആത്മീയതയാണ്. പ്രവാചകൻ പടവെട്ടിയില്ലെങ്കിലും വിശുദ്ധി ശത്രുവിനെ തോല്പിച്ചു, സന്ന്യാസി യാതൊന്നും ചെയ്തില്ലെങ്കിലും അയാളുടെ വിശ്വാസം അയാൾക്കുവേണ്ടി പ്രവർത്തിച്ചു. രാജ സൈന്യം ഈ മത്സരത്തിന്റെ വിധികർത്താക്കളായി നോക്കിനില്ക്കേ വിശുദ്ധി വിജയം നേടുന്നു എന്ന് കാണിച്ചുകൊണ്ട് രാജാവിന്റെ കൈ മരവിച്ചുപോയി.

ശാരീരികാവശ്യങ്ങളിൽനിന്ന് പിന്തിരിയുകയും ആത്മാവിനു വേണ്ടി മാത്രം ജീവിക്കുകയും ചെയ്തതിനാലാണ് ഇവർക്കൊക്കെ ഇത്രയും ഉയർന്ന അവസ്ഥയിലെത്താൻ കഴിഞ്ഞത്. യാതൊരുവിധ മായ ആവശ്യങ്ങളുമില്ല എന്നതിനാൽ അവർ സാധാരണ മനുഷ്യരെ ക്കാൾ ഉയരത്തിലെത്തി. വിശുദ്ധിയുടെ ഹേതുക്കളെ വഞ്ചിക്കു ന്നതിലും ശാരീരികാവശ്യങ്ങളുടെ പേരിൽ സമ്പന്നരോട് മുഖസ്തുതി പറയുന്നതിലും ഉപരിയായി അവർ ഇഷ്ടപ്പെട്ടത് ശരീരത്തെ ത്യജിക്കു വാനും ശാരീരികജീവിതത്തിൽനിന്ന് തങ്ങളെത്തന്നെ സ്വതന്ത്രരാക്കു വാനുമാണ്. എന്നാൽ നമ്മളാകട്ടെ, എന്തിന്റെയെങ്കിലും കുറവ് അനുഭവപ്പെടുമ്പോൾ ആ അരിഷ്ടതകൾക്കെതിരെ ധൈര്യപൂർവ്വം പടവെട്ടുന്നതിനു പകരം ഒരു കഷണം എല്ലിനോ അപ്പക്കഷണ ത്തിനോവേണ്ടി യജമാനന്റെ പിന്നാലെ വാലാട്ടി നടക്കുന്ന നായ്ക്കുട്ടിയെപ്പോലെ ധനികരോട് മുഖസ്തുതി പറയാൻ ഇഷ്ട പ്പെടുന്നു. നമുക്കാവശ്യമുള്ളവ നേടിയെടുക്കുവാൻ വേണ്ടി -മഹാ ദുഷ്ടരാണെങ്കിൽപോലും- നമ്മുടെ ഉപകാരികളെന്നും ക്രൈസ്ത വരുടെ സംരക്ഷകരെന്നും സകല നന്മകളും സമ്പാദിച്ചവരെന്നു മൊക്കെ നാം അവരെ പ്രശംസിക്കുന്നു. വിശുദ്ധരുടെ വിശുദ്ധിയെ അനുകരിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യമെങ്കിൽപ്പോലും അവർ എങ്ങനെ ജീവിച്ചു എന്ന് അന്വേഷിക്കാൻ നാം തയ്യാറല്ല.

സിറിയൻ സൈന്യത്തിന്റെ മേധാവിയായ നാമാൻ ധാരാളം ഉപഹാരങ്ങളുമായി എലീശായെ കാണാനെത്തി. എന്നാൽ എലീശാ പ്രവാചകനെന്താണു ചെയ്തത്? നാമാനെ കാണാനായി അദ്ദേഹം ഇറങ്ങിച്ചെന്നോ? അവന്റെ അടുത്തേക്ക് ഓടിയെത്തിയോ? ഇല്ല. തന്റെ സമീപത്തേക്കു വരാൻ പോലും നാമാനെ അദ്ദേഹം അനുവദിച്ചില്ല. ഒരു കുട്ടിയെ പറഞ്ഞയച്ച് എന്തിനാണ് നാമാൻ വന്നതെന്ന് അന്വേ

www.malankaralibrary.com

ഷിക്കുക മാത്രമാണ് ചെയ്തത്. അയാൾ കൊണ്ടുവന്ന സമ്മാനങ്ങൾക്കുവേണ്ടിയാണ് താൻ അയാൾക്ക് രോഗശാന്തി നൽകിയതെന്ന് ആരും ചിന്തിക്കരുതെന്ന് എലീശാ ആഗ്രഹിച്ചിരുന്നു (2 രാജാ 5:8-16). നാം ധനികരെ പുകഴ്ത്തുകയോ, ആവശ്യങ്ങൾ സാധിക്കുന്നതിനായി ഭൗതികസമ്പത്തിന്റെ ഉടമകളെ ആശ്രയിക്കുകയോ കോപാകുലരാവുകയോ ചെയ്യരുതെന്നാണ് ഈ കഥ നമ്മെ പഠിപ്പിക്കുന്നത്. നമ്മുടെ വിളിതന്നെ, മനുഷ്യർ വിലപിടിച്ചതായി കരുതുന്നവയെ നിന്ദിക്കുകയാണ്.

എന്തുകൊണ്ടാണ് നാം ആത്മീയജ്ഞാനത്തിന്റെ വഴി ഉപേക്ഷിച്ച് കൃഷിയിലും വാണിജ്യത്തിലും മറ്റും ഏർപ്പെടുന്നത്? കൃഷിയോടൊപ്പം ദൈവം നമ്മെ സഹായിക്കുന്നതിനുവേണ്ടി നമ്മുടെ ആകുലതകളെല്ലാം അവിടുത്തെ ഭരമേല്പിക്കുന്നതിലും മെച്ചമായി എന്താണുള്ളത്? മനുഷ്യപ്രയത്നത്താൽ നിലമൊരുക്കപ്പെടുകയും വിത്ത് വിതയ്ക്കപ്പെടുകയും ചെയ്യുന്നു. അപ്പോൾ ദൈവം മഴ പെയ്യിച്ച് ഭൂമിക്കുള്ളിലായിരിക്കുന്ന വിത്തിനെ നനയ്ക്കുകയും മുളയ്ക്കാൻ കഴിവുറ്റതാക്കുകയും ചെയ്യുന്നു. അവിടുന്ന് സൂര്യനെ ഉദിപ്പിച്ച് മണ്ണിനെ ചൂടുറ്റതാക്കുകയും അങ്ങനെ ചെടികളുടെ വളർച്ചയെ ത്വരിപ്പിക്കുകയും ചെയ്യുന്നു. അവിടുന്ന് അവയുടെ വളർച്ചയ്ക്കാവശ്യമായ കാറ്റ് അയയ്ക്കുന്നു. ഇളം തളിരുകൾ പൊട്ടിമുളയ്ക്കുമ്പോൾ, ധാന്യമണികൾ അന്തരീക്ഷവായുവിന്റെ ചൂടേറ്റ് ഉണങ്ങി വരണ്ടുപോകാതെ അവിടുന്ന് മന്ദമാരുതനെ അയയ്ക്കുന്നു. അവിടുന്ന് ശക്തമായ കാറ്റയച്ച് ധാന്യമണികൾക്ക് പൂർണ്ണവളർച്ചയേകുന്നു. ധാന്യം മെതിക്കുന്ന കാലത്ത് ഉഗ്രമായ ചൂടും പതിരു പാറ്റുമ്പോൾ അനുയോജ്യമായ ഇളങ്കാറ്റും അയയ്ക്കുന്നു. ഇവയിലേതെങ്കിലുമൊന്നിന് കുറവുവന്നാൽ മനുഷ്യന്റെ പ്രയത്നം മുഴുവൻ വൃഥാവിലാകുന്നു. ദൈവാനുഗ്രഹമില്ലെങ്കിൽ നമ്മുടെ അദ്ധ്വാനംകൊണ്ട് ഒന്നും നേടിയെടുക്കാനാവില്ല. ഈ ഘടകങ്ങളെല്ലാം ഉണ്ടായിരുന്നാലും കൊയ്തുകൂട്ടിയ ധാന്യമെല്ലാം നശിച്ചുപോകാൻ ഒരൊറ്റ മഴ മതി. ധാന്യപ്പുരയിൽ ശേഖരിച്ചിരിക്കുന്ന ധാന്യമണികൾ നശിപ്പിക്കാൻ ഏതാനും പുഴുക്കൾ മതി; നമ്മുടെ മുമ്പിൽ വിളമ്പിവെച്ച ഭക്ഷണം നഷ്ടപ്പെടാൻ അധികസമയം വേണ്ട. എല്ലാത്തിന്റെയും നിയന്ത്രണം ദൈവത്തിന്റെ കൈയിലാണെന്നിരിക്കെ നാം നമ്മുടെ പ്രയത്നങ്ങളിൽ ആശ്രയിക്കുന്നതുകൊണ്ടുള്ള ഫലമെന്ത്?

www.malankaralibrary.com

അസുഖം വരുമ്പോൾ ശരീരത്തിന് ആശ്വാസം കിട്ടിയെങ്കിൽ എന്ന് നാം ആഗ്രഹിക്കാറുണ്ട്. എന്നാൽ നമ്മുടെ വിളിയുമായി യോജിച്ചു പോകാത്ത ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിലും ഭേദം മരിക്കുന്ന തല്ലേ? നാം ജീവിച്ചിരിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്ന തെങ്കിൽ അസുഖം മൂലമുണ്ടാകുന്ന വേദന സഹിക്കാനുള്ള കരുത്തും നമ്മുടെ സഹനശക്തിക്ക് പ്രതിഫലവും അവിടുന്ന് നല്കും. അല്ലാത്ത പക്ഷം വേദനയെ കുറയ്ക്കാനുള്ള മാർഗ്ഗം ദൈവം കാട്ടിത്തരും; എന്തെന്നാൽ ജ്ഞാനത്തിന്റെ ഉറവിടത്തിന് ഒരിക്കലും ഔഷധ ത്തിന്റെ അഭാവം നേരിടുന്നില്ല.

ആദ്യകാല സന്ന്യാസിമാർ പാലിച്ചുപോന്ന അനുഗൃഹീതമായ ജീവിതമാർഗ്ഗത്തിലേക്ക് തിരികെപ്പോവുകയാണ് മറ്റെല്ലാറ്റിലും ഉപരിയായി നാം ചെയ്യേണ്ടത്. ആഗ്രഹിക്കുന്നവർക്ക് അത് ചെയ്യാ നാകും. യാതനകൾ നേരിടേണ്ടിവരുന്നത് തീർച്ചയായും വിഫലമല്ല; നമ്മുടെ പോരായ്മകളെ തിരുത്തുന്നതിനും പുരോഗതിയിലേക്കു നയിക്കുന്നതിനുംവേണ്ടിയാണ് ദുരിതങ്ങളുണ്ടാകുന്നതെന്ന ആശ്വാസ ത്തിനുള്ള വക അതിലുണ്ട്. ആത്മീയപാതയിലൂടെ സഞ്ചരിച്ചതിനു ശേഷം വഴിതെറ്റിപ്പോയിട്ടുള്ളവർക്കും യാതന പ്രയോജനം ചെയ്യുന്നു. അത് അവരെ ഒരിക്കൽകൂടി നല്ല വഴിയിലേക്ക് തിരിച്ചു കൊണ്ടു വരുന്നു.

പട്ടണങ്ങളിലോ ഗ്രാമങ്ങളിലോ വസിക്കുന്നത് നമുക്ക് ഒഴിവാക്കാം; അവിടെ താമസിക്കുന്നവർ വേണമെങ്കിൽ നമ്മെ വന്നു കണ്ടു കൊള്ളട്ടെ. നമുക്ക് ഏകാന്തസ്ഥലങ്ങൾ അന്വേഷിക്കാം; അങ്ങനെ ഇപ്പോൾ നമ്മെ പരിത്യജിക്കുന്നവരെ നമുക്ക് ആകർഷിക്കാം. എന്തെന്നാൽ, 'നഗരങ്ങൾ ഉപേക്ഷിച്ച് ശിലാദുർഗങ്ങളിൽ വാസമുറപ്പി ക്കുകയും പ്രാവിനെപോലെയായിരിക്കുകയും ചെയ്യുന്നവരെ' തിരു ലിഖിതം പ്രശംസിക്കുന്നുണ്ട് (യിര 48:28). സ്നാപകയോഹന്നാൻ താമസിച്ചിരുന്നത് വിജനപ്രദേശത്തായിരുന്നെങ്കിലും നഗരങ്ങളിലെ ജനങ്ങൾ മുഴുവൻ അദ്ദേഹത്തെ കാണാനെത്തിയിരുന്നു. തോൽ വസ്ത്രം അണിഞ്ഞിരുന്ന യോഹന്നാനെ കാണാൻ പട്ടുവസ്ത്രം ധരിച്ചിരുന്നവർപോലും ദ്രുതഗതിയിൽ എത്തി; തിളങ്ങുന്ന മേൽക്കൂര കളുള്ള വീടുകളിൽ കഴിഞ്ഞിരുന്നവർ അദ്ദേഹത്തോടൊപ്പം തുറസ്സായ സ്ഥലത്ത് ക്ലേശങ്ങൾ സഹിക്കാനായി എത്തി; രത്നം

www.malankaralibrary.com

പതിച്ച കിടക്കകളിൽ ഉറങ്ങിക്കൊണ്ടിരുന്നവർ മണൽപ്പുറത്ത് കിടന്നുറങ്ങാൻ താല്പര്യപ്പെട്ടു. തങ്ങളുടെ ശീലങ്ങൾക്ക് വിപരീതമായ ഇവയെല്ലാം അവർ സഹിക്കുകതന്നെ ചെയ്തു; യോഹന്നാനെ കാണാനുള്ള ആഗ്രഹത്താലും അദ്ദേഹത്തിന്റെ വിശുദ്ധിയിലുള്ള വിസ്മയത്താലും അവർ ക്ലേശങ്ങളും അസൗകര്യങ്ങളും വകവെച്ചില്ല. എന്തെന്നാൽ, വിശുദ്ധി ഏതൊരു സമ്പത്തിനേക്കാളും മഹത്തരമാണ്; ഏകാന്തജീവിതം ഏതൊരു മഹാഭാഗ്യത്തെക്കാളും കീർത്തിയാർജ്ജിക്കുന്നു. സ്വന്തം മേന്മയിൽ അഹങ്കരിച്ചിരുന്ന എത്രയോ സമ്പന്നന്മാർ അക്കാലത്തുണ്ടായിരുന്നിരിക്കണം; എന്നാൽ ഇന്ന് അവരിൽ ആരെയും ലോകം അനുസ്മരിക്കുന്നില്ല. അതേ സമയം മരുഭൂമിയിൽ ഏകാന്തവാസം നയിച്ചിരുന്ന വിനീതനായ ഈ സന്ന്യാസിയുടെ അത്ഭുതാവഹമായ ജീവിതത്തെ ഇന്നും ലോകം ആദരിക്കുന്നു. കാരണം വിശുദ്ധിയുടെ മേന്മ അനശ്വരമാണ്; അതിൽ അടങ്ങിയിരിക്കുന്ന സദ്ഗുണങ്ങൾ അതിന്റെ മൂല്യം പ്രകീർത്തിക്കുന്നു.

നമുക്ക് നമ്മുടെ കാലിക്കൂട്ടങ്ങളെയും ആട്ടിൻപറ്റങ്ങളെയും ഉപേക്ഷിച്ച് യഥാർത്ഥ ഇടയന്മാരായിത്തീരാം, നമുക്ക് അധമമായ വാണിജ്യത്തിൽനിന്ന് പിന്തിരിഞ്ഞ് 'ഏറ്റവും വിലയേറിയ മുത്ത്' കരസ്ഥമാക്കാം; (മത്താ 13:46) 'മുൾച്ചെടികളും കളകളും' മുളപ്പിക്കുന്ന ഭൂമിയിൽ പണിയെടുക്കുന്നത് നമുക്ക് അവസാനിപ്പിക്കാം (ഉത്പ 3:18). അങ്ങനെ നമുക്ക് പറുദീസായിലെ കൃഷിക്കാരും അതിന്റെ കാവൽക്കാരുമായിത്തീരാം. നമുക്ക് എല്ലാ സമ്പത്തും ഉപേക്ഷിച്ച് ഏകാന്തജീവിതത്തിലൂടെ മുന്നേറാം; അങ്ങനെ സമ്പത്ത് കൈവശം വയ്ക്കുന്നതിന്റെ പേരിൽ നമ്മെ ശകാരിക്കുന്നവരെ നമുക്ക് നിശ്ശബ്ദരാക്കാം. നമ്മെ വിമർശിക്കുന്നവരെ നിശ്ശബ്ദമാക്കാനുള്ള ഏറ്റവും എളുപ്പവഴി നാം സ്വയം നന്നാവുക എന്നതുതന്നെയാണ്. ആ മാറ്റത്തിലൂടെ നമ്മെ വിമർശിക്കുന്നവരുടെ വിമർശനത്തെ ലജ്ജിപ്പിക്കാൻ നമുക്ക് കഴിയും.

എന്റെ അഭിപ്രായത്തിൽ തീർച്ചയായും അപമാനകരവും മറ്റുള്ളവർക്ക് നമ്മെ പരിഹസിക്കാനിടംനൽകുന്നതുമായ മറ്റൊരു ദൂഷ്യം ഉണ്ട്. സന്ന്യാസജീവിതത്തിൽ പുതുതായി ചേർന്ന ഒരുവൻ തപശ്ചര്യയുടെ ബാഹ്യമായ ഘടകങ്ങളൊക്കെ മനസ്സിലാക്കി കഴിയുമ്പോൾ -എങ്ങനെ, എപ്പോഴൊക്കെയാണ് പ്രാർത്ഥിക്കേണ്ടത്; എന്താണ് ധരിക്കേണ്ടത്, എപ്പോഴാണ് ഭക്ഷിക്കേണ്ടത് തുടങ്ങിയ കാര്യങ്ങൾ -

www.malankaralibrary.com

അയാൾ താൻ അഭ്യസിച്ചിട്ടില്ലാത്ത കാര്യങ്ങളെക്കുറിച്ച് മറ്റുള്ളവരെ പഠിപ്പിക്കാനൊരുങ്ങുന്നു. അയാൾക്കുതന്നെ ബോധനം ആവശ്യ മാണെന്നിരിക്കെ, അയാൾ ഒരു സംഘം ശിഷ്യന്മാരുമായി ചുറ്റി ക്കറങ്ങുന്നു. ഒരു ആദ്ധ്യാത്മികഗുരുവായിരിക്കുക വളരെ എളുപ്പ മാണെന്നാണ് അയാളുടെ വിചാരം. മറ്റു മനുഷ്യരുടെ ആത്മാക്കളെ പരിചരിക്കുക തികച്ചും ദുഷ്കരമാണെന്ന് അയാൾ മനസ്സിലാക്കു ന്നില്ല. മനുഷ്യർ ആദ്യമായി പഴയ മാലിന്യങ്ങളിൽനിന്നു ശുദ്ധീകരി ക്കപ്പെടണം. അനന്തരം അതീവശ്രദ്ധയോടുകൂടി പരിശുദ്ധിയെപ്പറ്റി പഠിക്കണം. എന്നാൽ, ശാരീരികമായ സന്ന്യാസമുറകൾ പരിശീലി ക്കുന്നതിനപ്പുറം ഒന്നുമില്ലെന്ന് ഒരാൾ ചിന്തിക്കുന്നുവെങ്കിൽ, അയാൾ എങ്ങനെയാണ് തന്റെ ശിഷ്യന്മാരുടെ സാന്മാർഗിക സ്വഭാവത്തെ തിരുത്തുന്നത്? പഴയ ദുശ്ശീലങ്ങൾക്ക് അടിമയായിത്തീർന്നവരെ അയാൾ എങ്ങനെ നവീകരിക്കും? മനസ്സിൽ നടക്കുന്ന പോരാട്ട ങ്ങളെപ്പറ്റി യാതൊന്നും അറിയാൻപാടില്ലാത്ത അയാൾ വികാര ങ്ങളാൽ പീഡിതരായവരെ എങ്ങനെ സഹായിക്കും? അയാൾ തന്നെ മുറിവേറ്റു കിടക്കുകയും സഹായം ആവശ്യമായിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ, പോരാട്ടത്തിൽ ശിഷ്യന്മാർക്കു പറ്റിയ മുറിവുകൾ എങ്ങനെ ശുശ്രൂഷിച്ചു സുഖപ്പെടുത്തും?

ഏതു കല അഭ്യസിക്കുന്നതിനും സമയവും വളരെയധികം ഉപദേശ ങ്ങളും ആവശ്യമാണ്. ആ സ്ഥിതിക്ക് കലകളുടെ കല യാതൊന്നും പഠിക്കാതെ എങ്ങനെ സ്വായത്തമാക്കാം? അനുഭവസമ്പത്തുകൂടാതെ ആരും കൃഷിചെയ്യാൻ ഇറങ്ങാറില്ല. വൈദ്യം പഠിക്കാതെ ആരും ഒരു ഡോക്ടറായി ജോലി ചെയ്യാൻ ഒരുങ്ങാറില്ല. നല്ല കൃഷിഭൂമിയെ തരിശു നിലമാക്കുകയും കളകൾ വളർത്തുകയും ചെയ്തുവെന്നതിനാൽ ഒന്നാമനെയും രോഗം സുഖപ്പെടുത്തുന്നതിനു പകരം, രോഗിയുടെ അസുഖം വർദ്ധിപ്പിക്കുന്നതിനാൽ രണ്ടാമനെയും ആളുകൾ കുറ്റ പ്പെടുത്തും. ബോധനം ലഭിച്ചിട്ടില്ലാത്തവർ, ഏറ്റവും എളുപ്പമാണെന്ന് ധരിച്ച് അഭ്യസിക്കാൻ ധൈര്യപ്പെടുന്ന ഏക കല, ആത്മീയജീവിത മാണ്. ദുഷ്കരമായ ജോലി വളരെ എളുപ്പമാണെന്ന് ഭൂരിപക്ഷംപേരും ചിന്തിക്കുന്നു. എന്നാൽ തനിക്ക് ഇപ്പോഴും കരഗതമായിട്ടില്ല, താൻ മനസ്സിലാക്കിവരുന്നതേയുള്ളൂവെന്നാണ് പൗലോസ് പറയുന്നത് (ഫിലി 3:12). അവരാകട്ടെ, തങ്ങൾ പൂർണ്ണമായും അജ്ഞരാണെന്ന

www.malankaralibrary.com

വസ്തുതപോലും അറിയാതെ, തങ്ങൾക്ക് എല്ലാം അറിയാം എന്നാണ് അവകാശപ്പെടുന്നത്.

ഇക്കാരണങ്ങളാലാണ് സന്ന്യാസജീവിതത്തെ പലരും അപഹസിക്കുന്നതും സന്ന്യാസം പിന്തുടരുന്നവരെ പരിഹസിക്കുന്നതും. ഇന്നലെ മദ്യശാലയിൽ മദ്യം വിളമ്പിക്കൊടുത്തയാൾ, ഇന്നു ശിഷ്യന്മാരുടെ മദ്ധ്യത്തിൽ സാന്മാർഗ്ഗികാദ്ധ്യാപകനായി ചമഞ്ഞുനടക്കുന്നതു കാണുമ്പോൾ ആർക്കാണ് ചിരി വരാത്തത്? അതല്ലെങ്കിൽ, ഇന്നലെവരെ നികൃഷ്ടമായ ജീവിതം നയിച്ചിരുന്ന ഒരു മനുഷ്യൻ ഇന്നു ശിഷ്യവൃന്ദത്തെയും കൂട്ടി ചന്തസ്ഥലത്തും മറ്റും വീരവാദം മുഴക്കി ആത്മപ്രശംസയിൽ മുഴുകുമ്പോൾ ആർക്ക് ചിരിക്കാതിരിക്കാൻ കഴിയും? ആത്മീയപാതയിൽ മറ്റുള്ളവരെ നയിക്കുന്നതിന് എത്രമാത്രം വേദനാജനകമായ കഠിനാദ്ധ്വാനം ആവശ്യമാണെന്നോ ആ യത്നത്തിൽ നേരിടേണ്ടിവരുന്ന അപകടസാദ്ധ്യത എത്രമാത്രമാണെന്നോ അറിഞ്ഞിരുന്നുവെങ്കിൽ ആ പ്രയത്നം തങ്ങളുടെ കഴിവിനപ്പുറമാണെന്നു മനസ്സിലാക്കി അവർ അതിൽനിന്നു പിന്മാറുമായിരുന്നു. എന്നാൽ ഇതിനെപ്പറ്റി അജ്ഞരായിരിക്കുകയും മറ്റുള്ളവർക്കു വഴിതെളിക്കുന്നത് എത്രയോ മഹത്ത്വകരമാണെന്നു പരിഗണിക്കുകയും ചെയ്യുന്നവർ ആ നിമിഷം വന്നുചേരുമ്പോൾ അഗാധഗർത്തത്തിൽ നിപതിക്കും. അഗ്നികുണ്ഡത്തിലേക്കാണ് തങ്ങൾ എടുത്തുചാടുന്നതെന്ന് ഇവർ അറിയുന്നില്ല. അവരുടെ മുൻകാലജീവിതത്തെക്കുറിച്ചറിയാവുന്നവരുടെ പരിഹാസവും ദൈവകോപവും മാത്രമാണ് തങ്ങളുടെ മൂഢത്വം മൂലം അവർ നേടുന്നത്. തന്റെ കുട്ടികളെ തിരുത്താൻ ഏലിക്കു കഴിഞ്ഞില്ല; അതിനാൽ അയാൾക്കുമേൽ ദൈവകോപമുണ്ടായി; തന്റെ വാർദ്ധക്യമോ, മുമ്പ് ദൈവവുമായി സംവാദത്തിലേർപ്പെടാൻ കഴിഞ്ഞിരുന്നുവെന്നതോ പൗരോഹിത്യപദവിയോ ഒന്നും ഏലിയുടെ രക്ഷയ്ക്കെത്തിയില്ല (1 ശമു 2:12,29; 4:18). അങ്ങനെയെങ്കിൽ, തങ്ങളുടെ മുൻകാലപ്രവർത്തനങ്ങളിലൂടെ ദൈവവുമായി ബന്ധം പുലർത്താതിരിക്കുകയും പാപത്തിന്റെ പ്രവർത്തനമോ അത് തിരുത്തേണ്ട വിധമോ മനസ്സിലാക്കാതിരിക്കുകയും അനുഭവസമ്പത്ത് കൂടാതെ മഹത്ത്വകാംക്ഷയാൽ ആപത്കരമായ ഈ ജോലി ഏറ്റെടുക്കുകയും ചെയ്യുന്നവർ അവിടുത്തെ കോപത്തിൽനിന്ന് എങ്ങനെ രക്ഷപെടും?

www.malankaralibrary.com

'കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ നിങ്ങൾക്ക് ദുരിതം! ഒരുവനെ നിങ്ങളുടെ മതത്തിൽ ചേർക്കാൻ നിങ്ങൾ കടലും കരയും ചുറ്റി സഞ്ചരിക്കുന്നു. ചേർന്നുകഴിയുമ്പോൾ നിങ്ങൾ അവനെ നിങ്ങളുടെ ഇരട്ടി നരകസന്തതിയാക്കിത്തീർക്കുന്നു' (മത്താ 23:15) എന്ന് നമ്മുടെ കർത്താവ് പറഞ്ഞപ്പോൾ ഏകഗുരുക്കന്മാരായി അവിടുത്തെ മനസ്സിലുണ്ടായിരുന്നത് ഫരിസേയരാണ് എന്ന് ഒറ്റനോട്ടത്തിൽ തോന്നുമെങ്കിലും, ഫരിസേയരെ ശകാരിക്കുന്നതിലൂടെ, ഭാവിയിൽ അതേ തെറ്റിൽ നിപതിക്കാനിടയുള്ളവരെ മുഴുവനുമാണ് യഥാർത്ഥത്തിൽ ക്രിസ്തു ശകാരിച്ചത്; 'നിങ്ങൾക്ക് ദുരിതം...' (മത്താ 23:15) എന്ന വചനങ്ങൾ കേൾക്കുന്നതിലൂടെ അവന്റെ ശിക്ഷയെ ഭയന്ന് മാനുഷികപ്രശംസയ്ക്കുവേണ്ടിയുള്ള ദുഷിച്ച ആഗ്രഹത്തെ അവർ നിയന്ത്രിക്കുന്നതിനു വേണ്ടിയായിരുന്നു അവൻ ഇതു പറഞ്ഞത്. ഇയ്യോബിന്റെ കഥയും അവർ ഓർമ്മിക്കേണ്ടതുണ്ട്; ഒന്നുകിൽ ഇയ്യോബ് തന്റെ കുട്ടികളെ സംരക്ഷിച്ചതുപോലെ ശിഷ്യന്മാരെ സംരക്ഷിക്കുക; അല്ലാത്തപക്ഷം ആത്മീയ നേതൃത്വം നല്കുന്നുവെന്നുള്ള എല്ലാ അവകാശവാദങ്ങളും ഉപേക്ഷിക്കുക. തന്റെ പുത്രന്മാർ മാനസികമായ പാപങ്ങളിൽനിന്നും മോചിതരാകണമെന്ന് ആഗ്രഹിച്ച്, ഇയ്യോബ് പതിവായി അവർക്കുവേണ്ടി ബലി അർപ്പിച്ചിരുന്നു. 'ദൈവത്തിനെതിരെ എന്റെ പുത്രന്മാർ തങ്ങളുടെ മനസ്സിൽ ദുഷിച്ച ചിന്തകൾ സൂക്ഷിക്കുന്നു' (ഇയ്യോബ് 1:5) എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം അത് ചെയ്തിരുന്നത്. എന്നാൽ ഇവർക്കാകട്ടെ, മാനസികമായ പാപമെന്നല്ല, ശാരീരികപാപങ്ങൾ പോലും തിരിച്ചറിയാൻ കഴിയുന്നില്ല; കാരണം, വികാരങ്ങളുമായുള്ള പോരാട്ടത്തിൽ അവരുടെ മനസ്സ് പൊടിയും ചെളിയും പുരണ്ട് മലിനമായിത്തീർന്നിരിക്കുന്നു. തങ്ങളുടെതന്നെ വികാരങ്ങളിൽനിന്ന് സൗഖ്യം നേടിയിട്ടില്ലാതിരിക്കെ, വിവേചനമില്ലാതെ മറ്റുള്ളവരുടെ നേതൃത്വം ഏറ്റെടുക്കാനും അവരെ സുഖപ്പെടുത്താനും അവർക്കെങ്ങനെ സാധിക്കും? അവർ സ്വയം വിജയംവരിച്ചിട്ടില്ലാത്തതിനാൽ മറ്റുള്ളവരെ വിജയത്തിലേക്ക് നയിക്കാൻ അവർക്കെങ്ങനെ സാധിക്കും? ആദ്യമായി പോരാട്ടത്തിന്റെ ഗതി വീക്ഷിക്കുകയും അത് മനസ്സിൽ കാത്തുസൂക്ഷിക്കുകയും ചെയ്തുകൊണ്ട് നാം നമ്മുടെ തന്നെ വികാരങ്ങൾക്കെതിരെ പോരാടണം. അപ്പോൾ നമ്മുടെ വ്യക്തിപരമായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ യുദ്ധത്തെക്കുറിച്ച്

www.malankaralibrary.com

മറ്റുള്ളവരെ ഉപദേശിക്കാനും സമരതന്ത്രങ്ങളെക്കുറിച്ച് മുൻകൂട്ടി വിവരിക്കുന്നതുവഴി നിഷ്പ്രയാസം അവർക്ക് വിജയം നേടിക്കൊടുക്കാനും നമുക്കു സാധിക്കും.

കഠിനമായ വ്രതാനുഷ്ഠാനങ്ങളിലൂടെ വികാരങ്ങളെ കീഴടക്കാൻ ശ്രമിക്കുന്നവരുണ്ട്. എന്നാൽ രാത്രികാലങ്ങളിലെ ഡിംബയുദ്ധങ്ങളിൽ സംഭവിക്കാറുള്ളതുപോലെ, എങ്ങനെ വിജയം നേടാൻ സാധിച്ചു എന്നതിനെക്കുറിച്ചോ തങ്ങൾക്കെതിരെ ശത്രുക്കൾ ഒരുക്കിയ കെണികളെക്കുറിച്ചോ അവർക്ക് വ്യക്തമായ അറിവില്ല. യോശുവ ചെയ്തതും ഇതുതന്നെയാണ്. തന്റെ സൈന്യം രാത്രിയിൽ ജോർദാൻ നദി കടന്നുകൊണ്ടിരുന്നപ്പോൾ അവരോട് നദിയിൽനിന്നു കല്ലുകൾ പെറുക്കി നദീതീരത്തു കൂട്ടിവയ്ക്കുകയും അവയിൽ വെള്ളച്ചായം അടിച്ചതിനു ശേഷം എങ്ങനെയാണ് തങ്ങൾ നദി കുറുകെ കടക്കുന്നതെന്ന് എഴുതി വയ്ക്കുകയും ചെയ്യാനാണ് അദ്ദേഹം കല്പിച്ചത് (യോശുവ 4:2-9). നമ്മുടെ വികാരാധീന പ്രകൃതത്തിന്റെ അടിത്തട്ടിൽ ഒളിഞ്ഞുകിടക്കുന്ന ചിന്തകളെ പുറത്തുകൊണ്ടുവന്നു തുറന്നുകാട്ടുകയും മറ്റുള്ളവർക്കുകൂടി അവയെക്കുറിച്ച് മനസ്സിലാക്കാൻ അവസരം നല്കുകയും വേണമെന്നാണ് ഇതിനർത്ഥം. അങ്ങനെ ചെയ്യുന്നതിലൂടെ വികാരങ്ങളെ അതിജീവിച്ച ആളിനു മാത്രമല്ല, അതിജീവിക്കാൻ ആഗ്രഹിക്കുന്നവർക്കുപോലും, നിർദ്ദേശങ്ങൾ ലഭിച്ചതിനാൽ അതിവേഗം വിജയം വരിക്കാം. ഇത്തരത്തിലുള്ള അനുഭവത്തിലൂടെ ഒന്നാമൻ മറ്റുള്ളവർക്ക് ബോധനമേകുന്നു.

എന്നാൽ സ്വയം ഗുരുക്കന്മാരായി ചമയുന്നവർക്ക് വ്യക്തിപരമായ അനുഭവസമ്പത്തില്ലെന്നു മാത്രമല്ല, മറ്റുള്ളവർ പറയുന്നത് കേൾക്കാനുള്ള ക്ഷമപോലും ഉണ്ടാവില്ല. സ്വന്തം കഴിവിൽ വിശ്വസിക്കുന്ന ഇക്കൂട്ടർ മറ്റു സന്ന്യാസിമാരോട് അടിമകളോടെന്നപോലെ പെരുമാറും. ധാരാളം ശിഷ്യന്മാരുണ്ടായിരിക്കുക എന്നതിൽ അവർ അഭിമാനിക്കുന്നു. തങ്ങളുടെ എതിരാളികളുടേതിനേക്കാൾ കൂടുതൽ അനുയായികൾ തങ്ങൾക്കുണ്ടാകണമെന്ന് അവർക്ക് നിർബ്ബന്ധമുണ്ട്. ഗുരുക്കന്മാർ എന്നതിനേക്കാളധികമായി വ്യാജവൈദ്യന്മാരെപോലെയാണ് അവർ പെരുമാറുന്നത്. എത്ര കഠിനമായാലും വേണ്ടില്ല, ആജ്ഞകൾ നല്കുക മാത്രമാണ് അവരുടെ ഉദ്ദേശം. സ്വന്തം പെരുമാറ്റത്തിലൂടെ മറ്റുള്ളവർക്ക് മാതൃകകളാകാൻ അവർക്കു കഴിയില്ല.

www.malankaralibrary.com

ഇങ്ങനെ അവർ തങ്ങളുടെ ലക്ഷ്യം വ്യക്തമാക്കുന്നു. തങ്ങളുടെ ശിഷ്യന്മാരുടെ നന്മയ്ക്കുവേണ്ടിയല്ല, സ്വന്തം സുഖത്തിനുവേണ്ടി യാണ് ഇവർ ഗുരുക്കന്മാരാകുന്നത്.

അബിമെലക്കിന്റെയും ഗിദെയോനിന്റെയും കഥ ഇവർക്കൊരു പാഠമായിരിക്കേണ്ടതാണ്. വാക്കുകളല്ല പ്രവൃത്തിയാണ് ആളുകളെ ആകർഷിക്കുന്നതെന്ന് ഈ കഥ പഠിപ്പിക്കുന്നു. വലിയ ഒരു വിറകു കെട്ട് സ്വന്തം തോളിലേറ്റിക്കൊണ്ട് അബിമെലക്ക് ഇങ്ങനെ പറഞ്ഞു: 'വേഗമാകട്ടെ ഞാൻ എന്തു ചെയ്യുന്നുവോ അതു നിങ്ങളും ചെയ്യുക' (ന്യായാ 9:48). ഗിദെയോനും തന്റെ അനുയായികളോടൊപ്പം കഠിനജോലികൾ ചെയ്തിരുന്നു. ഇങ്ങനെ പറഞ്ഞുകൊണ്ട് തന്റെ മാതൃകയിലൂടെ എന്താണ് ചെയ്യേണ്ടതെന്ന് അദ്ദേഹം അവർക്ക് കാണിച്ചുകൊടുത്തു: 'ഞാൻ ചെയ്യുന്നത് ശ്രദ്ധിക്കുക, അതുപോലെ ചെയ്യുക' (ന്യായാ 7:17). അപ്പോസ്തോലൻ പറഞ്ഞതും ഇതു തന്നെയാണ്: 'എന്റെയും എന്നോടു കൂടെ ഉണ്ടായിരുന്നവരുടെയും ആവശ്യങ്ങൾ നിർവ്വഹിക്കാൻ എന്റെ ഈ കൈകൾ തന്നെയാണ് അദ്ധ്വാനിച്ചത്' (അപ്പോ 20:34). ആദ്യം പ്രവർത്തിക്കുകയും പിന്നീട് പഠിപ്പിക്കുകയുമാണ് ക്രിസ്തുവും ചെയ്തിരുന്നത്. ഇതെല്ലാം സൂചിപ്പിക്കുന്നത്, വാക്കുകളിലൂടെയല്ല, പ്രവൃത്തികളിലൂടെയാണ് നാം മറ്റുള്ളവരെ പഠിപ്പിക്കേണ്ടതെന്നാണ്.

എന്നാൽ കാപട്യക്കാരായ അദ്ധ്യാപകർ ഇത്തരം മഹാത്മാക്കളുടെ മാതൃക കണക്കിലെടുക്കാതെ അഹങ്കാരത്തോടെ മറ്റുള്ളവർക്ക് നിർദ്ദേശങ്ങൾ കൊടുക്കുന്നു. തങ്ങൾക്ക് എല്ലാം അറിയാമെന്ന് സങ്കല്പിക്കുന്ന ഇക്കൂട്ടർ, കൈയിൽ വാളുമേന്തി നടന്നതിന് പ്രവാചകനാൽ ശകാരിക്കപ്പെട്ട ഇടയന്മാരെപ്പോലെയാണ്. 'വാൾ അവന്റെ കൈ ഛേദിക്കട്ടെ;.... അവന്റെ വലത്തുകണ്ണ് തീർത്തും അന്ധമാകട്ടെ' (സഖ 11:17). സ്വന്തം വിഡ്ഢിത്തത്താൽ ശരിയായ ധർമ്മം അവഗണിക്കുകയും ധ്യാനത്തിന്റെ വിളക്ക് കെടുത്തിക്കളയുകയും ചെയ്തവരാണ് അവർ. എന്നാൽ ഇടയന്മാരെന്ന നിലയ്ക്ക് മനുഷ്യത്വമില്ലാതെ മറ്റുള്ളവരെ ഉപദ്രവിക്കാൻ അവർക്ക് മടിയില്ല. അങ്ങനെ ധ്യാനത്തിലൂടെ സത്യം മനസ്സിലാക്കാനുള്ള കഴിവ് അവർക്ക് നഷ്ടപ്പെടുന്നു. അതുവഴി അവരുടെ പ്രവൃത്തികൾ വിഫലമായിത്തീരുന്നു; എന്തെന്നാൽ സ്വന്തം വാളുകൾ അരപ്പട്ടയിലെ ഉറയിൽ സൂക്ഷി

www.malankaralibrary.com

ക്കുന്നതിനു പകരം, കൈയിലേന്തുന്നവർക്ക് ഒന്നും കാണാനോ പ്രവർത്തിക്കാനോ കഴിയുന്നില്ല. വിവേകത്തിൽ അധിഷ്ഠിതമായ കോപത്താൽ വികാരങ്ങളെ നിയന്ത്രിക്കുക എന്നതാണ് വാൾ അരപ്പട്ടയിൽ സൂക്ഷിക്കുന്നതിന്റെ അർത്ഥം; കൈയിലേന്തുക എന്നതിന് മറ്റുള്ളവരുടെ പാപപ്രവൃത്തികൾക്ക് ഉടനടി ശിക്ഷ നല്കുക എന്നും. നാഹാഷ് എന്ന അമ്മോന്യൻ -പാമ്പ് എന്നാണ് അയാളുടെ പേരിന് അർത്ഥം- വലതുകണ്ണ് ചൂഴ്ന്നെടുക്കുമെന്ന് പറഞ്ഞ് ധ്യാനാത്മകമായ ഉൾക്കാഴ്ച സ്വായത്തമായിരുന്ന ഇസ്രായേൽ ജനതയെ ഭീഷണിപ്പെടുത്തി (1 ശമു 11:2); അങ്ങനെ ചെയ്യുന്നതിലൂടെ ശരിയായ പ്രവൃത്തിയിലേക്ക് നയിക്കുന്ന ശരിയായ ധാരണ നശിപ്പി ക്കാനായിരുന്നു അയാളുടെ ഉദ്ദേശം. എന്തെന്നാൽ ചിന്തയിൽനിന്നു പ്രവൃത്തിയിലേക്ക് മുന്നേറുന്നവരെ ഈ ശരിയായ ധാരണ വലിയ പുരോഗതിയിലേക്ക് നയിക്കുമെന്ന് അയാൾ അറിഞ്ഞിരുന്നു. ആത്മീയമായ അറിവിന്റെ വ്യക്തമായ കാഴ്ചയിലൂടെ ചെയ്യപ്പെടുന്ന പ്രവൃത്തിയേ ധാർമ്മികമാവൂ.

മറ്റുള്ളവരെ നയിക്കുക എന്ന കർത്തവ്യം നിസ്വാർത്ഥരായ ആളുകളാണ് ഏറ്റെടുക്കേണ്ടത് എന്ന് അനുഭവം തെളിയിക്കുന്നു. ആന്തരികമായ മൗനത്തിലൂടെയും ധ്യാനാനുദർശനത്തിലൂടെയും മനഃശ്ശാന്തി അനുഭവിച്ചു തുടങ്ങിയിട്ടുള്ള അത്തരം മഹാത്മാക്കൾ ശാരീരികവിഷയങ്ങളിൽ താല്പര്യം കാണിക്കുകയില്ല; സ്വന്തം മനസ്സിനെ ആദ്ധ്യാത്മികതയിൽനിന്നു ലൗകികതയിലേക്ക് വലി ച്ചിഴയ്ക്കാൻ അവർ തയ്യാറാവുകയില്ല. യോത്താം ഷെക്കെമിലെ ആളുകളോട് പറഞ്ഞ പ്രസിദ്ധമായ ഉപമയിൽ ഈ കാര്യം വ്യക്ത മാക്കിയിട്ടുണ്ട്. 'ഒരിക്കൽ വൃക്ഷങ്ങൾ തങ്ങൾക്കൊരു രാജാവിനെ അഭിഷേകം ചെയ്യാൻ തീരുമാനിച്ചു. 'നീ വന്ന് ഞങ്ങളുടെ മേൽ വാഴുക' എന്ന് അവർ മുന്തിരിയോടു പറഞ്ഞു. എന്നാൽ മുന്തിരി പറഞ്ഞു: 'ദൈവത്തെയും മനുഷ്യനെയും സന്തോഷിപ്പിക്കുന്ന എന്റെ വീഞ്ഞ് ഉപേക്ഷിച്ച് വൃക്ഷങ്ങളുടെ മേൽ വാഴുവാൻ ഞാൻ വരണ മെന്നോ?' അതുപോലെ അത്തിമരം തന്റെ മാധുര്യംമൂലവും, ഒലിവു മരം തന്റെ തനതായ സദ്ഫലങ്ങൾ മൂലവും ആ അപേക്ഷ നിരസിച്ചു. സ്വന്തമായിട്ടോ തന്റെ കീഴിലുള്ള വൃക്ഷങ്ങൾക്ക് സ്വായത്തമായിരു ന്നതോ ആയ യാതൊരു സദ്ഗുണങ്ങളും ഇല്ലാതിരുന്നിട്ടും,

www.malankaralibrary.com

മുള്ളുകളാൽ നിറഞ്ഞ പാഴ്ച്ചെടി അവർ നൽകിയ അധികാരസ്ഥാനം സ്വീകരിച്ചു (ന്യായാ 9:7-15). ഈ ഉപമയിൽ, തങ്ങൾക്കൊരു രാജാവിനെ തേടിനടന്ന മരങ്ങൾ നട്ടുവളർത്തപ്പെട്ടവയായിരുന്നില്ല മറിച്ച്, കാട്ടുമരങ്ങളായിരുന്നു. അധികാരസ്ഥാനം കരസ്ഥമാക്കുന്നതിനേക്കാൾ ഫലങ്ങൾ പുറപ്പെടുവിക്കാൻ ഇഷ്ടപ്പെട്ടിരുന്ന മുന്തിരിയും അത്തിയും ഒലിവും കാട്ടുമരങ്ങളെ ഭരിക്കുവാനുള്ള അപേക്ഷ നിരസിച്ചു. ഇതുപോലെതന്നെ തങ്ങൾക്ക് സ്വന്തമായി സദ്ഗുണങ്ങളാകുന്ന ഫലം ഉണ്ടായിരിക്കുകയും അതിന്റെ ഫലം അനുഭവിക്കുകയും ചെയ്യുന്നവർ, മറ്റുള്ളവർ നിർബന്ധിച്ചാലും അധികാരം ഏറ്റെടുക്കാൻ തയ്യാറാവുകയില്ല. അന്യരുടെ സ്തുതിയെക്കാൾ അവർക്കു പ്രിയങ്കരം തങ്ങളുടെയുള്ളിലെ നന്മ കാത്തുസൂക്ഷിക്കുന്നതാണ്.

ഈ ഉപമയിലെ മരങ്ങളുടെ മേൽ നിപതിച്ച ശാപം, അതേ മട്ടിൽ പ്രവർത്തിക്കുന്ന മനുഷ്യരുടെ മേലും വന്നു ഭവിക്കുന്നു. എന്തെന്നാൽ ഇങ്ങനെ പറയപ്പെട്ടിരിക്കുന്നു: 'മുൾച്ചെടിയിൽനിന്നും തീ പുറപ്പെട്ട് കാട്ടിലുള്ള മരങ്ങളെല്ലാം നശിപ്പിക്കട്ടെ, അല്ലെങ്കിൽ മരങ്ങളിൽനിന്നും തീ പുറപ്പെട്ട് മുൾച്ചെടിയെ നശിപ്പിക്കട്ടെ'; വിവേകശൂന്യരായ ആളുകൾ ദോഷകരമായ തീരുമാനങ്ങൾ എടുക്കുമ്പോൾ അശ്രദ്ധരായ ശിഷ്യന്മാരുടെ മേൽ തങ്ങളുടെ ആധിപത്യം ഉറപ്പിക്കുന്ന പരിചയസമ്പന്നരല്ലാത്ത ഗുരുക്കന്മാർക്കും അവരുടെ ശിഷ്യന്മാർക്കും ഒരുപോലെ നാശം സംഭവിക്കുന്നു. ഗുരുവിന്റെ കഴിവില്ലായ്മ ശിഷ്യന്മാരെ നശിപ്പിക്കുന്നു. ഗുരുവിന്റെ സാമർത്ഥ്യക്കുറവ് ശിഷ്യരെ അലസരാക്കിത്തീർക്കുന്നതിനാൽ അവരുടെ അവജ്ഞ ഗുരുവിനെത്തന്നെ അപകടത്തിലാഴ്ത്തുന്നു. ശിഷ്യന്മാരുടെ തെറ്റുകൾ കണ്ടുപിടിച്ച് തിരുത്തേണ്ടത് ഗുരുവിന്റെ കർത്തവ്യമാണ്. ഗുരുവിന്റെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടത് ശിഷ്യന്മാരുടെ കർത്തവ്യവുമാണ്. ശിഷ്യന്മാർ തെറ്റുചെയ്യുന്നതും ഗുരു അവരെ തിരുത്താതിരിക്കുന്നതും ഒരേപോലെ അപകടകരമാണ്.

ആത്മനിയന്താവായിരിക്കുക എന്നത് സുഖത്തിലും സ്വാർത്ഥതയിലും കഴിഞ്ഞുകൂടാനുള്ള ഒഴികഴിവായി ആരും പരിഗണിക്കാതിരിക്കട്ടെ. എന്തെന്നാൽ, ആത്മീയസംരക്ഷണത്തെക്കാൾ വലിയൊരു കഠിനാദ്ധ്വാനം വേറെയില്ല. കുതിരകളെയും മറ്റു മൃഗങ്ങളെയും സംരക്ഷിക്കുന്ന ആൾ അവയെ നിയന്ത്രിക്കാനും നിലയ്ക്കു

www.malankaralibrary.com

നിർത്താനും ശ്രദ്ധിക്കാറുണ്ട്. അങ്ങനെ തങ്ങളുടെ ലക്ഷ്യം നേടാൻ അവർക്ക് സാധിക്കുന്നു. എന്നാൽ മനുഷ്യനെ നിയന്ത്രിക്കുന്നത് കൂടുതൽ വിഷമകരമാണ്. മനുഷ്യർ വ്യത്യസ്ത സ്വഭാവക്കാരും കൂടുതൽ കൗശലക്കാരും ആയതിനാലാണ് ഇത്. മനുഷ്യരെ നിയന്ത്രിക്കുന്ന ചുമതല ഏറ്റെടുക്കുന്ന ആൾ കഠിനപരിശ്രമത്തിന് തയ്യാറാകണം. മറ്റുള്ളവരുടെ പോരായ്മകളെ ക്ഷമിക്കുകയും അവരുടെ അജ്ഞതയിൽ അവർക്ക് അറിഞ്ഞുകൂടാത്ത കാര്യങ്ങൾ കാരുണ്യത്തോടെ പഠിപ്പിക്കുകയും വേണം.

ദേവാലയത്തിൽ ജലസംഭരണി കാളകളുടെ പുറത്ത് വച്ചിരുന്നത് അതിനാലാണ് (1 രാജാ 7:25); മെഴുകുതിരിക്കാൽ തനി തങ്കത്തിൽ തീർത്തിരിക്കുന്നതും അതുകൊണ്ടുതന്നെ (പുറ 25:31). മറ്റുള്ളവരെ പ്രകാശിപ്പിക്കേണ്ടയാൾ ദൃഢതയുള്ളവനായിരിക്കണം. ശൂന്യമോ പൊള്ളയോ ആയ യാതൊന്നും അവനിൽ ഉണ്ടാകാൻ പാടില്ല എന്നാണ് ഈ മെഴുകുതിരി കാൽകൊണ്ട് ഉദ്ദേശിക്കുന്നത്. പരിശുദ്ധിയുടെ മാതൃകയെന്ന നിലയിൽ മറ്റുള്ളവർക്ക് സേവനംചെയ്യുന്നതിൽ തടസ്സമുളവാക്കികൊണ്ട് അയാളിൽ നിലകൊള്ളുന്ന സർവ്വതും വിച്ഛേദിക്കപ്പെടണം. ജലസംഭരണി വഹിക്കുന്ന കാളകൾ സൂചിപ്പിക്കുന്നത്, ഈ ചുമതല ഏറ്റെടുക്കുന്ന വ്യക്തി തന്നെ സമീപിക്കുന്ന യാതൊന്നിനെയും തള്ളിക്കളയാതെ, തന്നാലാകുംവിധം തന്നേക്കാൾ ബലഹീനരായവരുടെ ഭാരവും അശുദ്ധിയും വഹിക്കണമെന്നാണ്. തന്നെ സമീപിക്കുന്നവരുടെ പ്രവൃത്തികളെ ശുദ്ധീകരിക്കാൻ ഒരുവൻ തയ്യാറാകുന്നുവെങ്കിൽ, ഒരു ജലസംഭരണി അതിന്റെയുള്ളിൽ കൈകൾ കഴുകുന്നവരുടെ അശുദ്ധി സ്വയം ഏറ്റെടുക്കുന്നതുപോലെ അവനും അവരുടെ അശുദ്ധിയിൽ കുറച്ചൊക്കെ പങ്കുചേരേണ്ടിവരും. എന്തെന്നാൽ, വികാരങ്ങളെക്കുറിച്ച് സംസാരിച്ച് മറ്റുള്ളവരെ അതിന്റെ കറയിൽനിന്നും മുക്തനാക്കുന്നവന് മാലിന്യമേല്ക്കാതെ രക്ഷപെടുക സാദ്ധ്യമല്ല. കാരണം ഈ സംഭാഷണം സംസാരിക്കുന്നവന്റെ മനസ്സിനെ തീർച്ചയായും മലിനമാക്കുന്നുണ്ട്. ആ പാപങ്ങൾ അവൻ വ്യക്തമായി പ്രതിഫലിപ്പിക്കുന്നില്ലെങ്കിലും അവയേക്കുറിച്ച് സംസാരിക്കുമ്പോൾ അവൻ തന്റെ മനസ്സിന്റെ ഉപരിതലത്തെ മലിനമാക്കുന്നുണ്ട്.

ശത്രുവിന്റെ കൗശലങ്ങളെക്കുറിച്ച് അറിവുണ്ടായിരിക്കുകയും തന്റെ ശിഷ്യന്മാർക്ക് അതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും

www.malankaralibrary.com

അങ്ങനെ നിഷ്പ്രയാസം വിജയം നേടാൻ അവരെ സഹായിക്കുകയും ചെയ്യുക ഒരു ആത്മീയഗുരുവിന്റെ കർത്തവ്യമാണ്. എന്നാൽ ഇത്തരം ഗുരുക്കന്മാർ വളരെ അപൂർവ്വമാണ്. പൗലോസ് തന്നെപ്പറ്റി പറയുന്നത് ശ്രദ്ധിക്കുക: 'സാത്താന്റെ കൗശലങ്ങളെക്കുറിച്ച് നാം അജ്ഞരല്ല' (2 കൊരി 2:11); എന്നാൽ ഇയ്യോബ് അത്ഭുതപരതന്ത്രനായി ഇങ്ങനെ ചോദിക്കുന്നു: 'അവന്റെ വസ്ത്രത്തിന്റെ മുഖം ആരു വെളിപ്പെടുത്തും? അവന്റെ മാർക്കവചത്തിന്റെ ഞൊറിവുകളിൽ കടക്കാൻ ആർക്കു കഴിയും? അവന്റെ മുഖകവാടം ആരു തുറക്കും? (ഇയ്യോബ് 41:4,5). ഇയ്യോബ് ഉദ്ദേശിക്കുന്നത് ഇതാണ്, സാത്താന് പ്രത്യക്ഷമായ മുഖം ഇല്ലാത്തതിനാൽ വസ്ത്രങ്ങൾക്കിടയിൽ അവൻ തന്റെ കൗശലം ഒളിപ്പിക്കുന്നു. അവൻ ബാഹ്യരൂപത്തിന്റെ മോടിയിൽ ആളുകളെ ആകർഷിച്ച് നാശത്തിലേക്ക് നയിക്കുന്നു. സാത്താന്റെ തന്ത്രങ്ങളെ ക്കുറിച്ച് താൻ അജ്ഞനല്ലെന്ന് വ്യക്തമാക്കിക്കൊണ്ട്, അവന്റെ കാപട്യം നിറഞ്ഞ ശക്തിയെക്കുറിച്ച് ഇയ്യോബ് ഇങ്ങനെയും പറയു ന്നുണ്ട്: 'അവന്റെ കണ്ണുകൾ പ്രഭാതനക്ഷത്രംപോലെയാണ്, എന്നാൽ അവന്റെ ഉള്ളിലുള്ളതാകട്ടെ വിഷപ്പാമ്പുകളും' (ഇയ്യോബ് 41:10,6). പ്രഭാതനക്ഷത്രത്തിന്റെ ശോഭ അനുകരിച്ച് ആളുകളെ തന്നിലേക്ക് ആകർഷിക്കുകയും പിന്നീടവരെ തന്റെയുള്ളിലെ വിഷം ഉപയോഗിച്ച് കൊല്ലുകയുമാണ് അവൻ ചെയ്യുന്നത്.

ആത്മീയജീവിതത്തിൽ നേരിടേണ്ടിവരുന്ന കഷ്ടപ്പാടുകളെ ക്കുറിച്ചുള്ള ഈ പഴഞ്ചൊല്ല് ശ്രദ്ധിക്കുക: 'മഴു ഊരിപ്പോയാൽ വിറകു വെട്ടുകാരന്റെ ജീവൻ അപകടത്തിലാണ്' (സഭാ 10:9,10). കാഴ്ചയ്ക്ക് ഒരുപോലെയുള്ള വസ്തുക്കളിൽ ചിലതിനെ നല്ലതെന്നും മറ്റു ചില തിനെ ചീത്തയെന്നും വേർതിരിച്ചറിയുന്ന ജോലി അപകടകരംതന്നെ. എന്തെന്നാൽ അയാൾക്ക് തെറ്റുപറ്റിയാൽ അയാളെ ആശ്രയിക്കുന്ന മറ്റുള്ളവരും അപകടത്തിലാകുന്നു. എലീശായുടെ അനുയായികൾ ജോർദ്ദാൻ നദീതീരത്ത് മരംമുറിച്ചുകൊണ്ടിരുന്നപ്പോൾ ഒരുവന്റെ മഴു ഊരി നദിയിൽ വീണു. മഴു മറ്റൊരാളിൽനിന്നു കടംവാങ്ങിയ തായിരുന്നു. താൻ കുഴപ്പത്തിലായിരിക്കുന്നുവെന്നു മനസ്സിലാക്കിയ മരംവെട്ടുകാരൻ 'അയ്യോ യജമാനനേ' (2 രാജാ 6:5) എന്നു വിളിച്ചു കരഞ്ഞു. ശരിയായ ധാരണയില്ലാതെ മറ്റുള്ളവർ പറഞ്ഞുകേട്ട കാര്യങ്ങൾ പഠിപ്പിക്കാൻ തുടങ്ങുന്നവരുടെ അവസ്ഥയും ഇതുതന്നെ.

www.malankaralibrary.com

വ്യക്തിപരമായ അനുഭവത്തിൽനിന്നും ഉളവാകുന്ന അറിവിൽ സംസാരിക്കാനാവാത്ത അവർക്ക് തങ്ങളുടെ കർത്തവ്യം പൂർത്തിയാക്കാൻ സാധിക്കുന്നില്ല. പാതിവഴി എത്തുമ്പോൾതന്നെ തങ്ങൾ പറയുന്നത് തെറ്റായിപ്പോയി എന്ന് അവർക്ക് ബോദ്ധ്യമാകും. അപ്പോൾ കടം വാങ്ങിയ അറിവ് തങ്ങൾക്കു പ്രയോജനപ്പെടുന്നില്ല, അത് തങ്ങളെ കുഴപ്പത്തിലാക്കി എന്ന് തിരിച്ചറിയുന്ന അവർ തങ്ങളുടെ അജ്ഞത അംഗീകരിക്കും.

ബൈബിൾ കഥയിൽ എലീശാ നദിയിലേക്ക് ഒരു കമ്പ് എറിഞ്ഞ് തന്റെ ശിഷ്യന് നഷ്ടമായ മഴു വെള്ളത്തിനു മുകളിൽ എത്തിച്ചു (2 രാജാ 6:6); ഇതിന് അർത്ഥം തന്റെ മനസ്സിന്റെ അടിത്തട്ടിൽ മറഞ്ഞു കിടക്കുന്നു എന്ന് ശിഷ്യൻ വിശ്വസിച്ചിരുന്ന ഒരു ചിന്തയെ അദ്ദേഹം തന്റെ ശിഷ്യന്മാർക്കു മുമ്പിൽ പ്രകടമാക്കി എന്നാണ്. പശ്ചാത്താപത്തെയാണ് ജോർദ്ദാൻ നദി പ്രതിനിധീകരിക്കുന്നത്; എന്തെന്നാൽ സ്നാപകയോഹന്നാൻ അനുതാപത്തിന്റെ ജ്ഞാനസ്നാനം നല്കിയത് ജോർദ്ദാനിലായിരുന്നല്ലോ. ഒരുവൻ പശ്ചാത്താപത്തെക്കുറിച്ച് ശരിയായി സംസാരിക്കുന്നില്ലെങ്കിൽ, അതിനെ നിന്ദിക്കുവാനാണ് അയാൾ തന്റെ ശ്രോതാക്കളെ പ്രേരിപ്പിക്കുന്നത്, എന്തെന്നാൽ അതിൽ നിഗൂഢമായിരിക്കുന്ന ശക്തിയുമായി പൊരുത്തപ്പെടാൻ അവർക്ക് സാധിക്കുന്നില്ല. അതുവഴി മഴു ജോർദ്ദാൻ നദിയിൽ പതിക്കുവാൻ അയാൾ അനുവദിക്കുന്നു. എന്നാൽ അപ്പോൾ കുരിശിന്റെ പ്രതീകമായ ഒരു വടി മഴുവിനെ അഗാധത്തിൽനിന്ന് ഉപരിതലത്തേക്ക് കൊണ്ടുവരുന്നു. കുരിശിനു മുമ്പ് പശ്ചാത്താപത്തിന്റെ പൂർണ്ണ അർത്ഥം മറഞ്ഞുകിടക്കുകയും വിവേചനംകൂടാതെ അതേക്കുറിച്ച് സംസാരിക്കാൻ ശ്രമിക്കുന്നവർ വിമർശനം ഏൽക്കുകയുമാണ് ചെയ്തിരുന്നത്. എന്നാൽ ക്രൂശിക്കലിനുശേഷം പശ്ചാത്താപത്തിന്റെ ആന്തരാർത്ഥം എല്ലാവർക്കും വ്യക്തമാകുന്നു; എന്തെന്നാൽ കുരിശുമരത്തിലൂടെ യഥാസമയത്താണ് അത് വെളിപ്പെടുത്തപ്പെട്ടത്.

പ്രാരംഭകരുടെ ആത്മീയ നേതൃത്വം ഏറ്റെടുക്കുന്നവരെ നൈരാശ്യരാക്കുന്നതിനുവേണ്ടിയല്ല ഞാൻ ഇത്രയും പറഞ്ഞത്; മറിച്ച് തങ്ങൾ ഏറ്റെടുത്തിരിക്കുന്ന മഹത്തായ കർത്തവ്യത്തിന് ആവശ്യമായ മാനസികാവസ്ഥ നേടാനും വേണ്ടത്ര തയ്യാറെടുപ്പ് കൂടാതെ

www.malankaralibrary.com

അത് സ്വീകരിക്കാതിരിക്കാൻ അവരെ പ്രേരിപ്പിക്കുന്നതിനും വേണ്ടിയാണ്. അപകടസ്ഥിതി മനസ്സിലാക്കാതെ, അവർ തങ്ങൾക്ക് ലഭിക്കാനിരിക്കുന്ന സുഖസന്തോഷങ്ങളിൽ -ചൊല്പടിക്കു നിൽക്കുന്ന ശിഷ്യന്മാർ, മറ്റുള്ളവരിൽനിന്നുള്ള പ്രശംസ തുടങ്ങിയവയിൽ- മനസ്സ് വയ്ക്കരുത്. സമാധാനം പുനഃസ്ഥാപിക്കപ്പെടുന്നതുവരെ, യുദ്ധത്തിനാവശ്യമായ ആയുധങ്ങൾ കാർഷികോപകരണങ്ങളാക്കി മാറ്ററുത്. ഒരാൾ വികാരങ്ങളെ മുഴുവൻ അമർച്ചചെയ്തു കഴിയുമ്പോൾ അയാൾക്ക് യുദ്ധഭീഷണി ഉണ്ടാകുന്നില്ല, ആത്മരക്ഷയ്ക്കുവേണ്ടി ആയുധങ്ങൾ ഉപയോഗിക്കേണ്ടിയും വരുന്നില്ല; അപ്പോൾ മറ്റുള്ളവരുടെ രക്ഷയ്ക്കായി അവ ഉപയോഗിക്കാൻ സാധിക്കും. എന്നാൽ വികാരങ്ങളാൽ ഉപദ്രവിക്കപ്പെടുകയും ശാരീരികാഭിലാഷങ്ങൾക്ക് എതിരെ പൊരുതുകയും ചെയ്തുകൊണ്ടിരിക്കുന്നിടത്തോളം കാലം നമുക്ക് എല്ലായ്പ്പോഴും ആയുധങ്ങൾ ആവശ്യമാണ്; അല്ലാത്തപക്ഷം ശത്രുക്കൾ യുദ്ധംകൂടാതെ തന്നെ നമ്മെ എളുപ്പത്തിൽ കീഴടക്കും.

വിശുദ്ധി നേടുവാനായി വിജയപൂർവ്വകമായ പോരാട്ടത്തിൽ ഏർപ്പെടുകയും, എന്നാൽ തങ്ങൾ  വിജയം നേടിക്കഴിഞ്ഞുവെന്ന് അഗാധമായ എളിമയാൽ ചിന്തിക്കാതിരിക്കുകയും ചെയ്യുന്നവരെ ധൈര്യപ്പെടുത്തുവാനായി തിരുലിഖിതം ഇങ്ങനെ പറയുന്നു: 'നിങ്ങളുടെ വാളുകൾ കലപ്പകളും, കുന്തങ്ങൾ അരിവാളുകളുമാക്കി മാറ്റുവിൻ' (യെശ 2:4). ഇതിനർത്ഥം പരാജിതരായ ശത്രുക്കളെയോർത്ത് അനാവശ്യമായി ഉത്കണ്ഠാകുലരാകുന്നത് അവസാനിപ്പിക്കണമെന്നും മറ്റുള്ളവരെ പോരാട്ടത്തിൽനിന്നും ഇപ്പോഴും ദുഷ്ടതയ്ക്കുനേരെ വെറുപ്പു പുലർത്തുന്നവരുടെ തലത്തിലേക്ക് തിരികെ കൊണ്ടുവന്നുകൊണ്ട്, അവരുടെ നന്മയ്ക്കായി തങ്ങളുടെ ആത്മശക്തിയെ ഉത്തേജിപ്പിക്കണമെന്നുമാണ്. എന്നാൽ വിശുദ്ധി നേടിയിട്ടില്ലാത്ത ചിലർ അനുഭവസമ്പത്തോ വിവേകമോ കൂടാതെ തങ്ങൾക്ക് അസാദ്ധ്യമായ കർത്തവ്യങ്ങൾ ഏറ്റെടുക്കുന്നതിനെക്കുറിച്ച് വിശുദ്ധഗ്രന്ഥം ഇങ്ങനെയാണ് പറയുന്നത്: 'നിങ്ങളുടെ കലപ്പകളെ വാളുകളും അരിവാളുകളെ കുന്തങ്ങളുമാക്കി മാറ്റുക' (യോവേ 3:10). കാരണം യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന രാജ്യത്ത് കൃഷികൊണ്ട് എന്തു പ്രയോജനം? വിളവ് കൊയ്യുന്നത് ശത്രുവാണെങ്കിൽ അദ്ധ്വാനിക്കുന്നവന്

www.malankaralibrary.com

എന്തു പ്രയോജനം? ഇക്കാരണത്താലാകാം മറ്റു പല രാജ്യങ്ങളുമായും യുദ്ധത്തിൽ ഏർപ്പെട്ട് മരുഭൂമിയിൽ കഴിഞ്ഞിരുന്ന ഇസ്രായേൽ ജനത കൃഷിചെയ്യുന്നതിൽനിന്നു വിലക്കപ്പെട്ടിരുന്നത്. യോദ്ധാക്കളെന്ന നിലയിലുള്ള അവരുടെ പ്രയാണത്തെ അതു തടസ്സപ്പെടുത്തുമായിരുന്നു. എന്നാൽ ശത്രുക്കളുമായി സമാധാനം സ്ഥാപിച്ചു കഴിഞ്ഞപ്പോൾ അവർക്ക് കൃഷിചെയ്യാനുള്ള അനുവാദം ലഭിച്ചു; വാഗ്ദത്തഭൂമിയിൽ പ്രവേശിക്കുന്നതുവരെ കൃഷി ചെയ്യരുതെന്ന നിർദ്ദേശമാണ് അവർക്ക് ലഭിച്ചിരുന്നത്. ഇതിനർത്ഥം കൃഷിക്ക് മുമ്പ് പ്രവേശനം സാദ്ധ്യമാക്കണം എന്നത്രേ. ഒരുവൻ പൂർണ്ണതയും സ്ഥൈര്യവും നേടിയിട്ടില്ലാത്തിടത്തോളം കാലം, മറ്റുള്ളവരിൽ നട്ടുവളർത്താൻ അയാൾ ആഗ്രഹിക്കുന്ന സദ്ഗുണങ്ങൾ വേരുപിടിക്കുകയില്ല.

മറ്റേതു മേഖലയേക്കാളുമധികം ആത്മീയജീവിതത്തിലാണ് ഓരോ ഘട്ടത്തിലും ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായി പാലിക്കപ്പെടേണ്ടത്. വിരുന്നുസൽക്കാരത്തിന് എത്തുന്ന അതിഥികൾക്ക് ആദ്യമാദ്യം വിളമ്പുന്ന വിഭവങ്ങൾ ഇഷ്ടപ്പെട്ടുവെന്നു വരില്ല. പിന്നീടുള്ള കൂടുതൽ ആസ്വാദ്യമായ വിഭവങ്ങളായിരിക്കാം അവർക്ക് ഇഷ്ടം. എന്നാൽ സദ്യയുടെ നിയമങ്ങൾ പാലിക്കാൻ അവർ ബാദ്ധ്യസ്ഥരാണ്. ഇതുപോലെതന്നെ, ലെയായുടെ വിരൂപമായ കണ്ണുകൾ ഇഷ്ടപ്പെടാതിരുന്ന യാക്കോബ് സുന്ദരിയായ റാഹേലിനെയാണ് പ്രേമിച്ചത്. എന്നാൽ ലെയായെ കിട്ടുന്നതിനായി യാക്കോബിന് ആദ്യം ഏഴു വർഷം പണിയെടുക്കേണ്ടിവന്നു (ഉല്പ 29:15-28). ഒരു യഥാർത്ഥ സന്ന്യാസിയായിത്തീരുന്നതിനുവേണ്ടി ഒരുവൻ കഠിനാദ്ധ്വാനം ചെയ്യേണ്ടതുണ്ട്; അത് അന്ത്യത്തിൽനിന്നു തുടക്കത്തിലേക്കായിരിക്കരുത്, പ്രത്യുത, തുടക്കം തൊട്ട് ക്രമേണ പൂർണ്ണതയിലേക്കു നീങ്ങുന്നതിലൂടെയായിരിക്കണം. അങ്ങനെ താൻ ആഗ്രഹിക്കുന്നത് നേടുവാനും തന്റെ ശിഷ്യന്മാരെ വിശുദ്ധിയിലേക്ക് നയിക്കാനും അയാൾക്ക് സാധിക്കും.

എന്നാൽ അധികം ആളുകളും ചെറുതോ വലുതോ ആയ ആത്മീയപുരോഗതി നേടുന്നതിനു പകരം, ആചാര്യപദവിയുടെ പിന്നാലെ പരക്കംപായുകയാണ്. എത്രമാത്രം അപകടകരമാണിതെന്ന് അവർ അറിയുന്നില്ല. ആചാര്യപദവി സ്വീകരിക്കണമെന്ന് ആരെങ്കിലും അപേക്ഷിച്ചാലുടനെ അവർ അതിനു തയ്യാറാകുന്നു; ഭക്ഷണം,

www.malankaralibrary.com

വസ്ത്രം എന്നിവയെക്കുറിച്ച് സേവകരുമായി കരാറിൽ ഏർപ്പെടുന്നതു പോലെ, അവർ തെരുവീഥികളിലൂടെപ്പോലും അലഞ്ഞുനടന്ന് പലവിധ വാഗ്ദാനങ്ങളിലൂടെ മുമ്പിൽ കാണുന്നവരെയെല്ലാം വശപ്പെടുത്താൻ ശ്രമിക്കുന്നു. ഇത്തരക്കാരായ ആത്മീയാചാര്യന്മാർ പൊതുവേദികളിൽ പ്രത്യക്ഷപ്പെടാൻ വലിയ താല്പര്യമുള്ളവരാണ്. അനേകം ശിഷ്യന്മാരും പരിചാരകരുമായി അവർ തങ്ങളുടെ ആത്മീയപദവി പ്രദർശിപ്പിക്കുന്നു. തങ്ങളുടെ ശിഷ്യന്മാരുടെ സേവനം ലഭിക്കുന്നതിനായി അവരെ സന്തോഷിപ്പിക്കുകയും ചെയ്യുന്നു. കുതിരകളുടെ കടിഞ്ഞാൺ അയച്ചുവിട്ട് ഇഷ്ടമനുസരിച്ച് സഞ്ചരിക്കാൻ അവയെ അനുവദിക്കുന്ന തേരാളിയെപ്പോലെയാണ് ഇക്കൂട്ടർ. അവരുടെ അനുയായികൾ അമിതസ്വാതന്ത്ര്യമനുഭവിച്ച് ഇഷ്ടാനുസരണം കാര്യങ്ങൾ നടത്തുന്നു; അവരുടെ മാർഗ്ഗത്തിലെ ഓരോ പ്രതിബന്ധങ്ങളിലും തട്ടി അവർ നിലംപതിക്കുന്നു. എന്തെന്നാൽ, അവരുടെ ക്രമരഹിതമായ ആവേശത്തെ നിയന്ത്രിക്കാൻ ആരുമില്ല.

മറ്റുള്ളവരെ സന്തോഷിപ്പിക്കാൻ ശ്രമിക്കുന്ന ഇത്തരം ഗുരുക്കന്മാരെ വിമർശിച്ചുകൊണ്ട് എസെക്കിയേൽ പറഞ്ഞിട്ടുള്ളവ അവർ ശ്രദ്ധിക്കേണ്ടതാണ്. ഓരോരുത്തരുടെയും ഇംഗിതത്തിനനുസരിച്ച് പ്രവർത്തിക്കുന്നതിലൂടെ അവർ തങ്ങൾക്കായി ശിക്ഷാവിധി സംഭരിച്ചുവയ്ക്കുന്നു. 'ഏതൊരാളിന്റെ കുപ്പായത്തിന്റെ കൈയിലും തുണിക്കഷണങ്ങൾ തയ്ച്ചുപിടിപ്പിക്കുന്നവരും ഏതു പ്രായത്തിലുള്ള ആളുകൾക്കും മൂടുപടം തയ്യാറാക്കുന്നവരുമായ സ്ത്രീകൾക്ക് ഹാ കഷ്ടം... നിങ്ങൾ ഒരുപിടി യവത്തിനും ഒരു കഷണം അപ്പത്തിനുംവേണ്ടി ആത്മാവിനെ കൊലപ്പെടുത്തുകയാണ്' (എസെ 13:18,19). യോഗ്യരല്ലാത്ത ആത്മീയഗുരുക്കന്മാർ ഇവരെപ്പോലെയാണ്, തങ്ങളുടെ ശിഷ്യന്മാരുടെ സംഭാവനകൾ സ്വീകരിക്കുകയും തുണിക്കഷണങ്ങൾ ചേർത്തു തുന്നുന്ന കുപ്പായം അണിയുകയുമാണ് ഇവർ ചെയ്യുന്നത്. തങ്ങളുടെ തലയിൽ മൂടുപടമിടാൻ മറ്റുള്ളവരെ അനുവദിക്കുന്ന ഇക്കൂട്ടർ സ്വയം അപമാനിതരാകുന്നു, എന്തെന്നാൽ ശിരസ്സു മറയ്ക്കാതെയാണല്ലോ പുരുഷന്മാർ പ്രാർത്ഥിക്കേണ്ടത് (1 കൊരി 11:4); അവർ സ്ത്രീകളുടെ നിലയിലേക്ക് സ്വയം താഴ്ത്തിക്കൊണ്ട് മൃതിയടയരുതാത്ത ആത്മാക്കളെ നശിപ്പിക്കുന്നു.

ഇതിനു പകരം അവർ യഥാർത്ഥ ഗുരുവായ ക്രിസ്തുവിനെയാണ് അനുകരിക്കേണ്ടത്. സാധിക്കുന്നിടത്തോളം മറ്റുള്ളവരുടെ നിർദ്ദേശ

www.malankaralibrary.com

ങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനവർ തയ്യാറാകരുത്. എന്തെന്നാൽ ക്രിസ്തു തന്റെ ശിഷ്യന്മാരോടിങ്ങനെ പറഞ്ഞിരിക്കുന്നു: 'റബ്ബീ എന്ന് നിങ്ങൾ വിളിക്കപ്പെടരുത്' (മത്താ 23:8). പത്രോസിനെയും യോഹന്നാനെയും മറ്റ് അപ്പോസ്തോലന്മാരെയും ഇത്തരം പ്രവൃത്തികൾ ഉപേക്ഷിക്കാനും അങ്ങനെയൊരു സ്ഥാനത്തിന് തങ്ങൾ അർഹരല്ലെന്ന് കരുതുവാനും അവൻ ഉപദേശിച്ചുവെങ്കിൽ, ഒരുവന് താൻ അവരെക്കാൾ ഉന്നതനാണെന്ന് വിചാരിക്കുവാനും വിലക്കപ്പെട്ട അധികാരം അവകാശപ്പെടാനും സാധിക്കുന്നത് എങ്ങനെ? 'റബ്ബീ എന്ന് വിളിക്കപ്പെടരുത്' എന്നതിലൂടെ അവൻ അർത്ഥമാക്കുന്നത് ഈ പദവി പരിത്യജിക്കാൻ തയ്യാറാകുന്നിടത്തോളം കാലം ആ അധികാരം ഏറ്റെടുക്കുവാൻ നാം സ്വതന്ത്രരല്ല എന്നാണ്.

എന്നാൽ സ്വന്തം തീരുമാനപ്രകാരം അല്ലാതെ ശിഷ്യന്മാരെ സ്വീകരിക്കുകയും ആത്മീയഗുരുപദവി ഏറ്റെടുക്കേണ്ടിവരുകയും ചെയ്താൽ ഒരാൾ എന്തുചെയ്യണം? ആദ്യമായി, അയാൾ സ്വയം പരിശോധനയ്ക്ക് വിധേയമാക്കുകയാണ് ചെയ്യേണ്ടത്. വാക്കുകളേക്കാൾ ഉപരി പ്രവൃത്തികളിലൂടെ മറ്റുള്ളവരെ പഠിപ്പിക്കാനും സ്വന്തം ജീവിതവിശുദ്ധിയിലൂടെ അവർക്കു മാതൃകകളാകാനും തനിക്ക് കഴിയുമോ എന്ന് അയാൾ മനസ്സിലാക്കണം. തന്നെ അനുകരിക്കുന്നതുവഴി മറ്റുള്ളവർ പാപത്തിന്റെ മ്ലേച്ഛതയിലൂടെ പരിശുദ്ധിയുടെ മനോഹാരിതയ്ക്ക് മങ്ങലേല്പിക്കുന്നില്ലായെന്ന് അയാൾ ഉറപ്പാക്കണം. തന്റെ മോചനത്തിനുവേണ്ടി ശ്രമിക്കുന്നതുപോലെ തന്നെ, തന്റെ ശിഷ്യന്മാരുടെ മോചനത്തിനുവേണ്ടിയും അയാൾ കഠിനപ്രയത്നം ചെയ്യേണ്ടിയിരിക്കുന്നു. ഒരിക്കൽ മറ്റുള്ളവരുടെ ഉത്തരവാദിത്തം ഏറ്റെടുത്തു കഴിഞ്ഞാൽ പിന്നെ അയാൾ തന്റെ കാര്യത്തിലെന്നപോലെതന്നെ മറ്റുള്ളവരുടെ കാര്യത്തിലും ദൈവത്തിന് കണക്കുകൊടുക്കേണ്ടിവരും. ഇക്കാരണത്താലാണ് വിശുദ്ധർ തങ്ങളുടേതിന് തുല്യമായ പരിശുദ്ധി ആർജ്ജിച്ചിരുന്ന പിൻഗാമികളെ അവശേഷിപ്പിക്കുവാനും ആദ്യത്തേതിലും മെച്ചമായ ഒരവസ്ഥയിലേക്ക് അവർക്ക് പരിവർത്തനം വരുത്തുവാനും ശ്രമിച്ചത്. ഇത്തരത്തിൽ വിശുദ്ധ പൗലോസ്, ഒളിച്ചോടിപ്പോയ അടിമയായ ഒനോസിമോസിനെ ഒരു രക്തസാക്ഷിയാക്കി മാറ്റി (ഫിലേമോ 10-19); വയൽ ഉഴുതുകൊണ്ടിരുന്ന എലീശായെ ഏലിയാ ഒരു പ്രവാചക

www.malankaralibrary.com

നാക്കിമാറ്റി (1 രാജാ 19:19); മറ്റുള്ളവരെക്കാൾ പ്രായം കുറഞ്ഞവ നായിരുന്നുവെങ്കിലും യോശുവായ്ക്ക് മോശ പ്രത്യേക സമ്മാനങ്ങൾ നല്കി (ആവ 31:7,8); ഏലി ശമുവേലിനെ തന്നെക്കാൾ വലിയവനാക്കി (1 ശമു 3:19,20). മേൽപ്പറഞ്ഞ ഉദാഹരണങ്ങളിലെല്ലാം, ശിഷ്യന്മാരുടെ പുരോഗതിയുടെ യഥാർത്ഥ കാരണം അവരുടെ പ്രയത്നത്തേ ക്കാളധികം അവരുടെയുള്ളിൽ ഒളിഞ്ഞിരിക്കുന്ന ആത്മീയതീക്ഷ്ണ തയെ ആളിക്കത്തിക്കാൻ പ്രാപ്തിയുണ്ടായിരുന്ന ആചാര്യന്മാരുടെ പ്രയത്നമായിരുന്നു. അങ്ങനെ ദൈവഹിതം മറ്റുള്ളവരെ അറിയി ക്കുന്നതു വഴി അവർ ദൈവത്തിന്റെ വക്താക്കളായി മാറി; എന്തെ ന്നാൽ, ദൈവം ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്: 'അധമമായത് പറയാതെ ഉത്തമമായത് സംസാരിച്ചാൽ നീ എന്റെ നാവുപോലെ യാകും' (യിര 15:19).

ഒരു ഗുരുവിന്റെ മനോഭാവം എന്തായിരിക്കണമെന്നും തന്റെ ശിഷ്യന്മാരിൽ എന്തുതരത്തിലുള്ള മാറ്റമാണ് അയാൾ ഉളവാക്കേണ്ട തെന്നും ദൈവം എസക്കിയേലിന് കാട്ടിക്കൊടുത്തിട്ടുണ്ട്. അവിടുന്നു പറയുന്നു: 'മനുഷ്യപുത്രാ, നീ ഒരു ഇഷ്ടികയെടുത്ത് മുമ്പിൽവച്ച് അതി ന്മേൽ ജറുസലേം നഗരത്തിന്റെ ചിത്രം വരയ്ക്കുക' (എസെ 4:1). തന്റെ ശിഷ്യനെ കളിമണ്ണിൽനിന്നു ദേവാലയത്തിലേക്ക് ഉയർത്താൻ ഒരു ഗുരുവിന് സാധിക്കണമെന്നാണ് ഇതിന്റെ അർത്ഥം. 'അത് നിന്റെ മുമ്പിൽ വയ്ക്കുക' എന്ന വചനത്തിനും പ്രത്യേക അർത്ഥമുണ്ട്. എന്തെന്നാൽ, ഒരു ശിഷ്യൻ എല്ലായ്പ്പോഴും തന്റെ ഗുരുവിന്റെ മുമ്പിൽ ആയിരിക്കുകയാണെങ്കിൽ അവന് അതിവേഗം പുരോഗതി കൈവരി ക്കാൻ സാധിക്കും. ഉത്തമമായ മാതൃകയുടെ തുടർച്ചയായ സ്വാധീനം, മറ്റ് ആത്മാക്കൾ പൂർണ്ണമായും ദുഃശ്ശാഠ്യക്കാരും നിർവ്വികാരരും ആകാത്തിടത്തോളം കാലം അതിന്റെ മുദ്ര അവരുടെ മേൽ പതി പ്പിക്കും. ഗഹസിയും യൂദാസും മോഷണത്തിൽനിന്നും വിശ്വാസ വഞ്ചനയിലേക്ക് നിപതിക്കാനുള്ള കാരണം അവർ തങ്ങളുടെ ഗുരുക്ക ന്മാരുടെ ദൃഷ്ടിയിൽനിന്നു അകന്നുമാറിയെന്നതാണ്; തങ്ങളുടെ ഗുരുക്കന്മാരുടെ നിയന്ത്രണത്തിൻ കീഴിൽ കഴിഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും അവർ പാപത്തിലകപ്പെടുമായിരുന്നില്ല.

ശിഷ്യന്മാരുടെ അവഗണന ഗുരുവിനെ അപായപ്പെടുത്തുമെന്നും ദൈവം അരുളിച്ചെയ്തിട്ടുണ്ട്: 'നിനക്കും ആ ഇഷ്ടികയ്ക്കും ഇടയിൽ

www.malankaralibrary.com

ഒരു വറചട്ടി വെയ്ക്കുക; അത് നിങ്ങൾക്ക് ഇടയിലൊരു മതിലായി ത്തീരും' (എസെ 4:3). താൻ കളിമണ്ണിൽനിന്നും നഗരമാക്കി പടുത്തു യർത്തിയ, അലസനായ ഒരു ശിഷ്യൻ അനുഭവിക്കേണ്ടിവരുന്ന ശിക്ഷ ഒഴിവാക്കാൻ ആഗ്രഹിക്കുന്ന ഗുരു അവനെ കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തണം; ഗുരുവിന്റെ മുന്നറിയിപ്പ് പാപത്തിൽനിന്നു നിഷ്കളങ്കനെ വേർതിരിക്കുന്ന ഒരു മതിലായിത്തീരും. ദൈവം എസക്കിയേലിനോട് പറഞ്ഞത് ശ്രദ്ധിക്കുക: 'മനുഷ്യപുത്രാ, ഇസ്രായേൽ ഭവനത്തിന്റെ കാവൽക്കാരനായി ഞാൻ നിന്നെ നിയമിച്ചുകഴിഞ്ഞു. അവരിലൊരാളുടെ ജീവന് ഭീഷണിയാകുന്ന വാൾ നീ കണ്ടിട്ടും അതേക്കുറിച്ച് അയാൾക്ക് മുന്നറിയിപ്പ് നല്കാ തിരിക്കുകയും അയാൾ മരിക്കുകയും ചെയ്താൽ അയാളുടെ രക്ത ത്തിന് ഞാൻ നിന്നെ ഉത്തരവാദിയാക്കും' (എസെ 3:17,18).

ഇസ്രായേൽജനതയോട് ഇപ്രകാരം സംസാരിക്കുന്നതിലൂടെ മോശ ഇത്തരമൊരു മതിൽ നിർമ്മിക്കുകയായിരുന്നു: 'നിങ്ങളുടെ മുൻപിൽവച്ച് അവർ നശിപ്പിക്കപ്പെട്ടതിനുശേഷം അവരെ പിന്തുടരാ തിരിക്കാൻ നിങ്ങൾ നിങ്ങളെത്തന്നെ ശ്രദ്ധിക്കുക' (ആവ 12:30). സ്വന്തം മനസ്സിനെ ശ്രദ്ധയോടെ നിരീക്ഷിക്കാത്ത ഒരുവന്, വികാര നിയന്ത്രണം നേടിയതിനുശേഷവും മുമ്പുണ്ടായിരുന്ന സങ്കല്പങ്ങൾ പുറമേനിന്നു ഇളം തളിരുകൾപോലെ തന്റെയുള്ളിൽ മുളച്ചുവരുന്ന തായി കാണാം. ഈ സങ്കല്പങ്ങളെ വേണ്ട സമയത്ത് തടയാൻ കഴിഞ്ഞില്ലെങ്കിൽ വീണ്ടും വികാരങ്ങൾ അയാളെ കീഴടക്കും. ഒരിക്കൽ അവയുടെ മേൽ വിജയം നേടിയതാണെങ്കിൽകൂടി വീണ്ടും അവയ്ക്കെതിരെ അയാൾ പോരാടേണ്ടിയും വരും. ഒരിക്കൽ വളർത്തു പശുക്കളെപ്പോലെ മെരുക്കപ്പെട്ട വികാരങ്ങൾ, നമ്മുടെ ഭാഗത്തു നിന്നുള്ള അലസതയാൽ വീണ്ടും വന്യമൃഗങ്ങളെപ്പോലെ അക്രമാ സക്തരായിത്തീരും. ഇതൊഴിവാക്കാനാണ് വിശുദ്ധഗ്രന്ഥം ഇങ്ങനെ പറയുന്നത്: 'നിങ്ങളുടെ മുമ്പിൽവച്ച് അവ നശിപ്പിക്കപ്പെട്ടതിനുശേഷം അവയെ പിന്തുടരാതിരിക്കാൻ ശ്രമിക്കുക;' അതായത്, ഇത്തരം സങ്കല്പങ്ങളിൽ സുഖം കണ്ടെത്തുവാനും അങ്ങനെ ഒരിക്കൽ നമ്മിലുണ്ടായിരുന്ന തിന്മയിലേക്ക് വീണ്ടും അധഃപതിക്കുവാനും നാം നമ്മുടെ ആത്മാവിനെ അനുവദിക്കരുത്.

ഇതു മനസ്സിലാക്കിയിട്ടാണ് യാക്കോബ് ശെഖേമിലുണ്ടായിരുന്ന വിചിത്രമായ ദേവവിഗ്രഹങ്ങൾ ഒളിച്ചുവയ്ക്കുകയും 'ഇന്നുവരേയ്ക്കും

www.malankaralibrary.com

അവയെ നശിപ്പിക്കുകയും' ചെയ്തത് (ഉല്പ 35:4); എന്തെന്നാൽ, അത്തരം രൂപങ്ങൾ കാണുകയും അവയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നത് ലജ്ജാകരമായ സങ്കല്പങ്ങളുടെ രൂപീകരണത്തിന് കാരണമാവുകയും അവ മനസ്സിന് ദോഷം ചെയ്യുകയും ചെയ്യുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. വികാരങ്ങൾക്ക് എതിരെയുള്ള നമ്മുടെ പോരാട്ടം, അവയെ ഒളിച്ചുവയ്ക്കുകയും നശിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു; കുറച്ചു നാളത്തേയ്ക്കല്ല, ഇന്നേദിനംവരെ അവയെ നശിപ്പിക്കണം. ഈ ദിവസം എന്നതുകൊണ്ട് എല്ലാക്കാലവും എന്നാണ് അർത്ഥമാക്കുന്നത്. ശെഖേം എന്നതിന് അർത്ഥം ചുമലി ലേറ്റുകയെന്നാണ്. ഇതു വികാരങ്ങൾക്കെതിരെയുള്ള പോരാട്ടം ഏറ്റെടുക്കുന്നതിനെ സൂചിപ്പിക്കുന്നു. ശെഖേമിലേക്ക് അയയ്ക്കപ്പെട്ട ജോസഫ് അവിടെവച്ച് വികാരങ്ങൾക്ക് എതിരെ ഉഗ്രമായ പോരാട്ടം നടത്തിയിട്ടുണ്ട് (ഉല്പ 37:12-28). ശെഖേമിനെ വാളും വില്ലും ഉപയോഗിച്ച് താൻ കീഴ്പ്പെടുത്തിയെന്ന് യാക്കോബ് പറയുന്നു (ഉല്പ 34:26); കഠിനശ്രമത്തിനുശേഷം വികാരങ്ങളെ കീഴ്പ്പെടുത്തി യെന്നും അവയെ ശെഖെമിലെ മണ്ണിനടിയിൽ കുഴിച്ചിട്ടെന്നുമാണ് സൂചന.

ദേവന്മാരെ ശെഖെമിൽ ഒളിച്ചുവയ്ക്കുന്നതും ഒരു ബിംബം രഹസ്യമായ സ്ഥലത്ത് സൂക്ഷിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ആദ്യത്തേത് പ്രശംസിക്കപ്പെടുമ്പോൾ രണ്ടാമത്തേത് വിമർശിക്ക പ്പെടുന്നു. വിശുദ്ധഗ്രന്ഥം പറയുന്നത് ശ്രദ്ധിക്കുക: 'ഒരു ബിംബം രഹസ്യസ്ഥലത്തു കൊണ്ടുപോയി വെയ്ക്കുന്നവൻ ശപിക്കപ്പെട്ട വനാകുന്നു' (ആവ 27:15). ഭൂമിയ്ക്കടിയിൽ ഒളിച്ചുവയ്ക്കുന്നതും രഹസ്യസ്ഥലത്ത് പ്രതിഷ്ഠിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഭൂമിയ്ക്കടിയിൽ ഒളിച്ചുവയ്ക്കപ്പെട്ടത് ഇന്ദ്രിയഗോചരമല്ലാത്തതിനാൽ ഓർമ്മയിൽനിന്നുപോലും മായ്ക്കപ്പെടുമ്പോൾ, രഹസ്യസ്ഥലത്ത് സൂക്ഷിക്കപ്പെടുന്നത് മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടുന്നില്ലെങ്കിലും അത് വെച്ച ആളിന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. അതിന്റെ പ്രതിരൂപം രഹസ്യമായി മനസ്സിൽ വഹിച്ചുകൊണ്ടു നടക്കുന്നതിനാൽ അതിനെക്കുറിച്ചുള്ള ഓർമ്മയും പുതുതാണ്. മനസ്സിൽ ഉരുവാകുന്ന ലജ്ജാകരമായ ഓരോ ചിന്തയും ഒരു രഹസ്യവിഗ്രഹം തന്നെയാണ്. ഇത്തരം ചിന്തകൾ മറ്റുള്ളവർക്ക് വെളിപ്പെടുത്തുന്നത് അപമാന കരമാണെങ്കിൽ, അവയെ രഹസ്യസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നതും

www.malankaralibrary.com

ആപത്കരമാണ്. ഒരിക്കൽ നമ്മുടെ മുമ്പിൽനിന്നും മായ്ച്ചുകളഞ്ഞ സങ്കല്പങ്ങളെ വീണ്ടും അന്വേഷിക്കുന്നത് ഇതിലും ആപത്കരമാണ്. എന്തെന്നാൽ, നമ്മുടെ മനസ്സിന് സ്വാഭാവികമായി പുറത്താക്കപ്പെട്ട വികാരങ്ങളുടെ നേർക്ക് ഒരു ചായ്വുണ്ട്. വൈകാരികാസക്തികൾ അവയിലേക്ക് നമ്മെ ആകർഷിക്കുന്നു.

ഇതിൽനിന്നു നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് നന്മയെന്നത് വളരെ ശ്രദ്ധാപൂർവ്വം നേടേണ്ടതാണെന്നും അല്പമെങ്കിലും അവഗണിക്കപ്പെട്ടാൽ അത് തിന്മയായിത്തീരുമെന്നുമാണ്. അതെക്കുറിച്ച് വിശുദ്ധഗ്രന്ഥം ഇങ്ങനെയാണ് പറയുന്നത്: 'നിങ്ങൾ സ്വന്തമാക്കാൻ പോകുന്ന ദേശം തദ്ദേശവാസികളുടെ മനോവ്യാപാരങ്ങൾ നിമിത്തം മാറ്റത്തിന് വിധേയമാണ്' (എസ്ര 9:11). നന്മ സ്വായത്തമാക്കിയ ഒരാൾ തിന്മയിലേക്ക് തിരിയുമ്പോൾ, 'മാറ്റത്തിന് വിധേയമായ ദേശംപോലെ' അവനിലെ സദ്ഗുണങ്ങളും മാറ്റത്തിന് വിധേയമാകുന്നു. അപകടകരമായ സങ്കല്പങ്ങൾ നമ്മുടെ മുമ്പിൽ പ്രത്യക്ഷമാകുമ്പോൾതന്നെ മനസ്സിലേക്കുള്ള അവയുടെ പ്രവേശനം നാം തടയണം. 'ഈജിപ്തിലേക്കു കടക്കാൻ' നാം അവയെ അനുവദിക്കരുത്; എന്തെന്നാൽ അവിടെവച്ച് അസ്സീറിയക്കാർ അവയെ തടവിലാക്കും (യിര 42:19; 43:2,3). മനസ്സ് അശുദ്ധചിന്തകളുടെ ഇരുട്ടിലേക്ക് -അതിനെയാണ് ഈജിപ്തെന്നു പറഞ്ഞിരിക്കുന്നത്- പതിച്ചു കഴിഞ്ഞാൽ അതിന്റെ ഹിതത്തിന് വിപരീതമായി വികാരങ്ങൾ ബലംപ്രയോഗിച്ച് അതിനെ അടിമപ്പെടുത്തും.

ഇതിനാലാണ്, നിയമദാതാവ് സുഖലോലുപതയുടെ പ്രവേശനം തടയണമെന്ന പ്രതികാത്മകാർത്ഥത്തിൽ നമ്മുടെ കാൽപ്പത്തിയുടെ നീക്കം നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന വിഷപ്പാമ്പിന്റെ തല എപ്പോഴും നാം ശ്രദ്ധിച്ചുകൊള്ളണം എന്ന് കല്പിച്ചത് (ഉല്പ 3:15). നമ്മെ വിഷം ഏല്പിച്ചുകൊല്ലുകയാണ് പാമ്പിന്റെ ലക്ഷ്യം; നമ്മുടെ ലക്ഷ്യമാകട്ടെ, ലൗകികസുഖങ്ങളുടെ പ്രകോപനത്തെ തകർക്കുക എന്നതും; എന്തെന്നാൽ അത്തരം പ്രകോപനങ്ങൾ ഇല്ലായ്മ ചെയ്യപ്പെടുന്നതോടെ വിഷയസുഖങ്ങൾക്ക് നമ്മെ കീഴ്പ്പെടുത്താനാവില്ല. കുറുക്കന്മാരുടെ തലകൾ എതിർദിശയിലേക്കു തിരിക്കാനും അവയുടെ വാലുകൾ കൂട്ടിക്കെട്ടി പന്തം കൊളുത്താനും കഴിഞ്ഞിരുന്നില്ലെങ്കിൽ, സാംസണ് ഒരിക്കലും ഫിലിസ്തീൻകാരുടെ വിളകൾ നശിപ്പിക്കാനാ

www.malankaralibrary.com

കുമായിരുന്നില്ല (ന്യായ 15:4). ഇതിന്റെ അർത്ഥം, വഞ്ചന നിറഞ്ഞ ചിന്തകളെ ആരംഭത്തിൽത്തന്നെ തിരിച്ചറിയാൻ നമുക്ക് കഴിയണമെന്നാണ്; തങ്ങളുടെ അന്തിമലക്ഷ്യം നേടിയെടുക്കാൻ അവർ ആരംഭത്തിൽ ആകർഷണീയമായ രീതിയിൽ പ്രത്യക്ഷപ്പെടും. ഈ ചിന്തകളുടെ ആരംഭത്തിലെ പ്രവർത്തനങ്ങളും അന്ത്യഫലങ്ങളും തമ്മിൽ താരതമ്യപ്പെടുത്തുന്നതിലൂടെ അവയുടെ ദുഷ്ടത വെളിപ്പെടുത്താൻ നമുക്ക് സാധിക്കും. വാലുകൾ കൂട്ടിക്കെട്ടി പന്തംകൊളുത്തി എന്നു പറഞ്ഞിരിക്കുന്നത് ഈ അർത്ഥത്തിലാണ്. ഇതിലൂടെ വസ്തുക്കളുടെ യഥാസ്ഥിതി വെളിപ്പെടുത്താൻ സാധിക്കുന്നു.

രണ്ട് ഉദാഹരണങ്ങളിലൂടെ നമുക്കിത് വ്യക്തമാക്കാം. ചാരിത്ര്യശുദ്ധിയില്ലായ്മയുടെ തുടക്കം അവനവനെക്കുറിച്ചുള്ള മിഥ്യാഭിമാനത്തിലാണ്. ആരംഭത്തിൽ അത് നമുക്ക് ആകർഷകമായിത്തോന്നാം; എന്നാൽ ഇവിടെ ആരംഭിക്കുന്ന പാത നീളുന്നത് പാതാളത്തിലേക്കാണ്. മിഥ്യാഭിമാനത്തിന്റെ സ്വാധീനം നിമിത്തം ഒരാൾ പൗരോഹിത്യമോ സന്ന്യാസമോ സ്വീകരിച്ചേക്കാം; നിരവധിയാളുകൾ അയാളുടെ സഹായം തേടിയെത്തുന്നതോടെ അയാളുടെ മിഥ്യാഭിമാനം വർദ്ധിക്കുന്നു. തന്റെ വാക്കിലും പ്രവൃത്തിയിലും അയാൾ അഭിമാനം കൊള്ളുന്നു. തൽഫലമായി ആന്തരികമായ ജാഗ്രത നഷ്ടപ്പെടുന്നു; അയാളെപ്പോലെതന്നെ ആത്മീയജീവിതം നയിക്കുന്ന ഏതെങ്കിലുമൊരു സ്ത്രീയെ പരിചയപ്പെടാൻ അയാൾക്ക് പ്രേരണയുണ്ടാകുന്നു. അവരുമായി ശാരീരികബന്ധത്തിൽ ഏർപ്പെടാൻ അത് ഇടയാക്കുന്നു. ഇത് അവന്റെ മനഃസാക്ഷിയെ ദൈവവുമായുള്ള ഗാഢബന്ധത്തിൽനിന്ന് അകറ്റുകയും അതിനെ അപമാനത്തിലാഴ്ത്തുകയും ചെയ്യുന്നു. സാംസണെപ്പോലെ ‘വാലുകൾ കൂട്ടിക്കെട്ടുന്നതിനായി’, അയാളുടെ ചിന്ത എങ്ങനെ ആരംഭിച്ചുവെന്നും അത് അവനെ എവിടെകൊണ്ടെത്തിച്ചുവെന്നും നമുക്ക് നോക്കാം. വ്യർത്ഥാഭിമാനംമൂലം വ്യഭിചാരമാകുന്ന ലജ്ജാകരകൃത്യത്തിലേക്ക് നിപതിച്ചതിലൂടെ അയാൾക്ക് ലഭിച്ച ശിക്ഷയെക്കുറിച്ച് നമുക്ക് ചിന്തിക്കാം. അപ്പോൾ ആരംഭവും അവസാനവും തമ്മിൽ എത്ര വലിയ വ്യത്യാസമാണുള്ളതെന്നും അവ എങ്ങനെയാണ് പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നതെന്നും വ്യക്തമായി മനസ്സിലാക്കാൻ നമുക്ക് സാധിക്കും.

www.malankaralibrary.com

അമിതഭോജനം ചാരിത്ര്യശുദ്ധിയില്ലായ്മയിലേക്ക് നയിക്കാമെന്ന താണ് രണ്ടാമത്തെ ഉദാഹരണം; ചാരിത്ര്യശുദ്ധിയില്ലായ്മ നിരാശയി ലേക്കും നയിക്കുന്നു. വ്യഭിചാരത്തിൽ നിപതിച്ച ഒരുവൻ തനിക്കു പറ്റിയ തെറ്റു മനസ്സിലാകുന്നതോടെ കഠിനനിരാശയ്ക്ക് അടിപ്പെടുന്നു. അതിനാൽ ആത്മീയജീവിതം നയിക്കുമ്പോൾ നാം യാതൊരു കാരണ വശാലും രുചികരമായ ഭക്ഷണത്തിലോ ശാരീരികസുഖത്തിലോ ഏർപ്പെടരുത്. അവയുടെ അവസാനം എന്താണെന്ന് നാം ചിന്തി ക്കണം. അവ നമ്മെ നിരാശയിലെത്തിക്കും എന്നു മനസ്സിലാക്കാൻ കഴിഞ്ഞാൽ –'വാൽ കൂട്ടിക്കെട്ടാൻ' നമുക്കു കഴിഞ്ഞുവെന്ന് അർത്ഥം – ഫിലിസ്തീൻകാരുടെ വിളകൾ നശിപ്പിക്കാനും നമുക്ക് കഴിയുന്നു.

വികാരങ്ങൾക്ക് എതിരെയുള്ള പോരാട്ടത്തിന് ഇത്തരം അറിവും അനുഭവസമ്പത്തും ആവശ്യമാണ്. തന്റെ കീഴിലുള്ളവരെ 'ദൈവ വിളിയാകുന്ന സമ്മാനത്തിലേക്ക്' (ഫിലി 3:14) നയിക്കാൻ എത്രമാത്രം അറിവ് ആവശ്യമാണെന്ന് ആത്മീയനേതൃത്വം ഏറ്റെടുക്കുന്നവർ മനസ്സിലാക്കണം. ആത്മീയപോരാട്ടത്തെക്കുറിച്ച് അയാൾ അവർക്ക് പറഞ്ഞുകൊടുക്കുകയും വേണം. നിഴൽയുദ്ധത്തിലൂടെ വിജയം വരി ക്കുന്നതായി അയാൾ സങ്കല്പിക്കരുത്. മറിച്ച് ശത്രുവിന് മാരകമായ മുറിവ് ഏല്പിക്കുന്ന യഥാർത്ഥ പോരാട്ടത്തിലൂടെയാണ് വിജയം നേടേണ്ടത്. ഏതൊരു കായികമത്സരത്തെക്കാളും കഠിനമാണത്. നിലത്തേക്ക് വലിച്ചെറിയപ്പെട്ടാലും ഒരു കായികതാരത്തിന് ചാടി യെഴുന്നേല്ക്കാൻ കഴിയും; എന്നാൽ ആത്മീയപോരാട്ടത്തിലാകട്ടെ, ആളുകളുടെ ആത്മാവാണ് വലിച്ചെറിയപ്പെടുന്നത് അപ്പോൾ വീണ്ടും ഒരിക്കൽകൂടി എഴുന്നേല്ക്കുക എന്നത് വളരെ പ്രയാസകരമാണ്.

വികാരങ്ങൾക്കെതിരെ പൊരുതിക്കൊണ്ടിരിക്കുകയും കൈകളിൽ രക്തക്കറ പുരണ്ടിരിക്കുകയും ചെയ്യുന്ന ഒരുവൻ ആത്മാക്കളെ സഹായിക്കുവാനായി (ആദ്ധ്യാത്മിക നേതൃത്വത്തിലൂടെ) ദേവാലയം നിർമ്മിക്കാനൊരുങ്ങുമ്പോൾ ഈ വാക്കുകൾ ശ്രദ്ധിക്കണം: 'നിന്റെ ദേഹത്ത് രക്തം പുരണ്ടിരിക്കുന്നതിനാൽ നീ എനിക്കുവേണ്ടി ദേവാലയം നിർമ്മിക്കരുത്' (1 ദിന 22:8). ദൈവത്തിനായി ആലയം നിർമ്മിക്കുന്നവൻ സമാധാനത്തിലായിരിക്കണം. മോശ കൂടാരം നിർമ്മിച്ചത് പാളയത്തിനു പുറത്താണ് (പുറ 33:7). ഇതിന്റെ അർത്ഥം, ആത്മീയഗുരു എല്ലായ്പ്പോഴും കലാപങ്ങളിൽനിന്നും സംഘർഷ ങ്ങളിൽനിന്നും അകന്നുമാറി, സമാധാനത്തിലായിരിക്കണമെന്നാണ്.

www.malankaralibrary.com

എന്നാൽ ഇത്തരം ശ്രേഷ്ഠന്മാരായ ഗുരുക്കന്മാരുണ്ടായതു കൊണ്ടു മാത്രം എല്ലാമാകുന്നില്ല; ശവശരീരങ്ങൾപോലെയോ ശില്പിയുടെ കൈയിലെ അസംസ്കൃതവസ്തുപോലെയോ തങ്ങളെത്തന്നെയും തങ്ങളുടെ ഹിതത്തെയും പൂർണ്ണമായും ഇല്ലായ്മ ചെയ്ത ശിഷ്യന്മാർകൂടി ഉണ്ടാകണം. ശാരീരികമായ യാതൊരു എതിർപ്പും കൂടാതെ ശരീരത്തിനുള്ളിലെ ആത്മാവ് സ്വന്തം ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കുന്നതുപോലെയും ശില്പി അസംസ്കൃതവസ്തുവിന്മേൽ തന്റെ കരവിരുത് പ്രകടമാക്കുമ്പോൾ അത് എതിർപ്പു കാണിക്കാത്തതുപോലെയും ഗുരു തങ്ങളെ വിശുദ്ധിയിലേക്ക് നയിക്കുമ്പോൾ ശിഷ്യന്മാർ ഗുരുവിനോട് അനുസരണമുള്ളവരായിരിക്കണം. ശിഷ്യന്മാരുടെ ഭാഗത്തുനിന്നു യാതൊരു എതിർപ്പും ഉണ്ടാകരുത്. ഏതു രീതിയിലാണ് ഗുരു തങ്ങളെ ആത്മീയതയിലേക്ക് നയിക്കുന്നത് എന്നതിനെക്കുറിച്ച് അമിത ജിജ്ഞാസ പുലർത്തുകയും അനാവശ്യമായ ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്ന ശിഷ്യന്മാർ തങ്ങളുടെ തന്നെ പുരോഗതിക്ക് തടസ്സം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്.

ഈവക വിഷയങ്ങളിൽ പരിചയമില്ലാത്ത ആളുകൾക്ക് ശരിയെന്നു തോന്നുന്ന പലതും വാസ്തവത്തിൽ ശരിയായിക്കൊള്ളണമെന്നില്ല. വിദഗ്ദ്ധനായ പണിക്കാരൻ കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കുമ്പോൾ, വൈദഗ്ദ്ധ്യമില്ലാത്ത ഒരുവൻ ഊഹാപോഹങ്ങളിൽ കുടുങ്ങിപ്പോകുന്നു; ഊഹാപോഹങ്ങൾ മിക്കപ്പോഴും തെറ്റായിരിക്കുകയും ചെയ്യും. ഉദാഹരണത്തിന്, കാറ്റിന്റെ ദിശയോട് ചേർന്ന് സഞ്ചരിക്കുന്ന കപ്പലിന്റെ കപ്പിത്താൻ യാത്രക്കാർക്കു നൽകുന്ന നിർദ്ദേശം ശരിയല്ലെന്ന് അവർക്ക് ഒറ്റനോട്ടത്തിൽ തോന്നിയേക്കാം. കാറ്റിന്റെ സമ്മർദ്ദം അധികമായിട്ടുള്ളതും വെള്ളത്തിൽനിന്ന് ഉയർന്നുനിൽക്കുന്നതുമായ വശത്തുനിന്നു മറുവശത്തേക്ക്, അതായത് വെള്ളത്തിലേക്ക് താഴ്ന്നുകൊണ്ടിരിക്കുന്ന വശത്തേക്ക് പോകാനായിരിക്കും കപ്പിത്താന്റെ നിർദ്ദേശം. ഈ നിർദ്ദേശം അബദ്ധമാണെന്ന് പെട്ടെന്ന് തോന്നാമെങ്കിലും, യാത്രക്കാർ  തങ്ങളുടെ തോന്നലുകളേക്കാളുപരിയായി തങ്ങളെ നയിക്കുന്ന കപ്പിത്താനെ വിശ്വസിക്കുന്നു; ആവശ്യത്തിന്റെ പേരിൽ അവർ തങ്ങളുടെ സുരക്ഷ അയാളുടെ വൈദഗ്ദ്ധ്യത്തിൽ സമർപ്പിക്കുന്നു. ഇതുതന്നെയാണ് തങ്ങളുടെ ആത്മീയപുരോഗതിയും സുരക്ഷയും ഗുരുവിന്റെ കൈയിൽ

www.malankaralibrary.com

സമർപ്പിച്ചിരിക്കുന്ന ശിഷ്യന്മാരും ചെയ്യേണ്ടത്; തങ്ങളുടെ അഭിപ്രായ ങ്ങൾക്കല്ല, മറിച്ച് ഗുരുവിന്റെ തീരുമാനങ്ങൾക്കാണ് അവർ മുൻതൂക്കം കൊടുക്കേണ്ടത്.

ലൗകികജീവിതം ഉപേക്ഷിക്കുന്നവർ യാതൊന്നും തങ്ങൾക്കു വേണ്ടി ബാക്കിവയ്ക്കരുത്. അവർ അനനിയാസിന്റെ കഥ ഓർമ്മി ക്കണം; തനിക്കുവേണ്ടി മറ്റാരും അറിയാതെ സ്വത്തിൽ കുറച്ചുഭാഗം മാറ്റിവെച്ച അനനിയാസ് മോഷണത്തിന്റെ പേരിൽ ദൈവത്താൽ വിധിക്കപ്പെട്ട കഥയാണത് (അപ്പോ. പ്രവ. 5:1-10). തങ്ങളെ മാത്രമല്ല തങ്ങൾക്ക് സ്വന്തമായുള്ളതെല്ലാം അവർ ഉപേക്ഷിക്കണം. തങ്ങൾക്കു വേണ്ടി എന്തു കരുതിവയ്ക്കുന്നുവോ അത് മനസ്സിനെ എപ്പോഴും ആകർഷിക്കുമെന്നും ഉന്നതകാര്യങ്ങളെക്കുറിച്ചുള്ള ചിന്തയിൽനിന്ന് അകറ്റുമെന്നും ആത്മീയജീവിതത്തിൽനിന്നു വഴിതെറ്റിക്കുമെന്നും അവർ മനസ്സിലാക്കണം. പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ട നമ്മുടെ പൂർവ്വികരുടെ കഥയും നമുക്ക് ഓർമ്മിക്കാം; ഏതു തരത്തിലുള്ള ജീവിതരീതിയായാലും, ഓരോ മനുഷ്യനെയും സത്യത്തിലേക്ക് നയിക്കാനുതകുന്ന മാതൃകകൾ നമുക്കിവിടെ കണ്ടെത്താനാകും. എലീശ സ്വയം ഗുരുവിന് സമർപ്പിച്ചപ്പോൾ എങ്ങനെയാണ് ലൗകിക ജീവിതം ഉപേക്ഷിച്ചത്? പന്ത്രണ്ടു ജോടി കാളകളെ പൂട്ടി നിലം ഉഴുതു കൊണ്ടിരുന്ന എലീശ അവയെ കൊന്നു; അവയുടെ കലപ്പ കത്തിച്ച് മാംസം പൊരിച്ചു (1 രാജാ 19:19,21). ആത്മീയമായ അറിവു നേടാൻ അദ്ദേഹത്തിന് എത്രയധികം താല്പര്യമുണ്ടായിരുന്നുവെന്ന് ഈ സംഭവം വ്യക്തമാക്കുന്നു. 'കാളകളുടെ കലപ്പ വിറ്റ് ആ പണം വീതം വെച്ചതിനുശേഷം ഞാൻ വരാം' എന്നല്ല അദ്ദേഹം പറഞ്ഞത്; വിറ്റു കിട്ടുന്ന പണത്തെക്കുറിച്ച് അദ്ദേഹം ചിന്തിച്ചതേയില്ല. തന്റെ ഗുരു വിന്റെയൊപ്പം പോകുവാനുള്ള ഗാഢമായ താല്പര്യത്താൽ അദ്ദേഹം എല്ലാ ഭൗതികവസ്തുക്കളെയും വെറുക്കുകയും അവയിൽനിന്ന് മോചനം പ്രാപിക്കാൻ ആഗ്രഹിക്കുകയും ചെയ്തു. അല്ലാത്തപക്ഷം അവ അദ്ദേഹത്തിന്റെ തീരുമാനം വ്യതിചലിപ്പിക്കാൻ കാരണ മായേക്കാം. കാലവിളംബം മനസ്സുമാറാൻ കാരണമായിത്തീരും എന്ന് അദ്ദേഹം അറിഞ്ഞിരുന്നു. ദൈവത്താൽ സ്ഥാപിതമായ ജീവിതപരി പൂർണ്ണതയെക്കുറിച്ച് ധനികനായ മനുഷ്യനോട് സംസാരിച്ചപ്പോൾ എന്തുകൊണ്ടാണ് സർവ്വസ്വത്തുക്കളും വിറ്റ് പണം പാവങ്ങൾക്കു

www.malankaralibrary.com

വിതരണംചെയ്യണമെന്നും സ്വന്തം ആവശ്യത്തിനായി യാതൊന്നും സൂക്ഷിക്കാതിരിക്കണമെന്നും കർത്താവ് അവനോട് ആജ്ഞാപിച്ചത് (മത്താ 19:21)? തനിക്കായി സൂക്ഷിച്ച് വയ്ക്കുന്നവ എല്ലാവിധ അശ്രദ്ധയ്ക്കും കാരണമാകും എന്ന് അവിടുന്ന് അറിഞ്ഞിരുന്നതു കൊണ്ടല്ലേ ഇത്? തീവ്രമായ പ്രാർത്ഥനയിലൂടെ സ്വയം ശുദ്ധീകരിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ശരീരത്തിലെ രോമങ്ങൾ മുഴുവനും വടിച്ചുകളയണമെന്ന് നിർദ്ദേശിക്കുന്നതിലൂടെ തന്റേതായ എല്ലാം ഉപേക്ഷിക്കണമെന്നാണ് മോശ അർത്ഥമാക്കിയത് എന്ന് ഞാൻ ചിന്തിക്കുന്നു (സംഖ്യ 8:7).

സന്ന്യാസജീവിതം സ്വീകരിക്കുന്നവർ രണ്ടാമതായി തങ്ങളുടെ സുഹൃത്തുക്കളെയും ബന്ധുക്കളെയും മാത്രമല്ല അവരെക്കുറിച്ചുള്ള ഓർമ്മകൾ പോലും ഉപേക്ഷിക്കണം. പേടകം ഒരു വണ്ടിയിലാക്കിയപ്പോൾ ആ വണ്ടി വലിച്ചിരുന്ന പശുക്കൾ അവയുടെ സ്വാഭാവികമായ പ്രകൃതി മറക്കുന്നതിന് അത് ഇടയാക്കി. ഈ പശുക്കളുടെ കിടാങ്ങൾ ദൂരെ പശുത്തൊഴുത്തിലായിരുന്നു; അവർ വലിക്കുന്ന വണ്ടിയെ നയിക്കാൻ ആരുമുണ്ടായിരുന്നില്ലതാനും. എന്നിട്ടും ഇടംവലം തിരിയാതെ പശുക്കൾ തങ്ങളുടെ ലക്ഷ്യസ്ഥാനത്തേക്കുതന്നെ നടന്നു (1 ശമു 6:12). തങ്ങളുടെ കിടാങ്ങളിൽനിന്നു വേർപെട്ട ദുഃഖമുണ്ടായിരുന്നിട്ടും ആ പശുക്കൾ കരഞ്ഞില്ല; പേടകത്തിന്റെ ഭാരം അവയെ വിഷമിപ്പിച്ചിരുന്നെങ്കിലും അവ വിശ്രമിക്കാതെ നേർവഴിക്ക് ചരിച്ചു. അത്രമാത്രം ആദരവായിരുന്നു അവയ്ക്ക് ആ പേടകത്തോടുണ്ടായിരുന്നത്. പശുക്കൾക്ക് ഇങ്ങനെ പെരുമാറാമെങ്കിൽ എന്തുകൊണ്ട് ആത്മീയപേടകം പേറുന്ന മനുഷ്യർക്ക് ഇത്തരത്തിൽ പെരുമാറിക്കൂടാ? മൃഗങ്ങൾ ആവശ്യത്തിന്റെ പ്രേരണയാൽ ചെയ്യുന്ന കാര്യം സ്വന്തം തീരുമാനത്തിന്റെ പിൻബലത്തോടെ ചെയ്യാൻ മനുഷ്യർക്ക് കഴിയുന്നില്ലെങ്കിൽ, ദൈവത്തിന്റെ പ്രതിരൂപമായ മനുഷ്യൻ മൃഗങ്ങളെക്കാൾ ചെറുതാകുകയല്ലേ ചെയ്യുന്നത്?

ബന്ധുക്കളുമായുള്ള മമത ഉപേക്ഷിക്കാതെതന്നെ പൂർണ്ണത നേടാൻ ശ്രമിച്ചതിനാലാവാം ജോസഫിന് മരുഭൂമിയിലൂടെ അലഞ്ഞു നടക്കേണ്ടി വന്നത് (ഉല്പ 37:15,16). എന്തിനാണ് അലഞ്ഞു നടക്കുന്നതെന്ന ചോദ്യത്തിന് ജോസഫ് ഇങ്ങനെ മറുപടി പറഞ്ഞു: 'ഞാൻ എന്റെ സഹോദരന്മാരെ അന്വേഷിച്ച് നടക്കുകയാണ്; നിങ്ങൾക്ക്

www.malankaralibrary.com

അറിയാമെങ്കിൽ പറയൂ എവിടെയാണ് അവർ ആട്ടിൻപറ്റങ്ങളെ തീറ്റുന്നത്'? താനൊരു ഇടയൻ ആയതിനാലല്ല, മറിച്ച് തന്റെ സഹോദരരോടുള്ള ഗാഢബന്ധത്താലാണ് താൻ മരുഭൂമിയിലൂടെ അലഞ്ഞു നടക്കുന്നത് എന്നാണ് ജോസഫ് പറഞ്ഞതിന്റെ അർത്ഥം. ഒരു ഇടയന്റെ കർത്തവ്യത്തെക്കുറിച്ചുള്ള യഥാർത്ഥ അറിവ് അവന് ഉണ്ടായിരുന്നെങ്കിൽ, ആട്ടിൻപറ്റത്തെ 'തീറ്റുക' എന്നല്ല 'പാലിക്കുക' എന്നായിരുന്നു അവൻ പറയേണ്ടിയിരുന്നത്. ജോസഫിന് കിട്ടിയ മറുപടി ഇതായിരുന്നു: 'അവർ ദൂരേയ്ക്ക് പോയിരിക്കുന്നു; നമുക്ക് ദോഥാനിലേക്ക് പോകാമെന്ന് അവർ പറയുന്നത് ഞാൻ കേട്ടു' (ഉല്പ 37:17). ദോഥാൻ എന്ന പദത്തിന് അർത്ഥം 'ആവശ്യമായ നിർമമത' എന്നാണ്. ഒരുവൻ അലഞ്ഞുതിരിയുന്നത് ബന്ധുക്കളുമായുള്ള ഗാഢബന്ധം മൂലമാണെന്നും മമതയിൽനിന്നു മോചനം നേടാതെ ഒരാൾക്കും പൂർണ്ണത കൈവരിക്കാനാവില്ലെന്നുമാണ് ആ മനുഷ്യന്റെ മറുപടി നമ്മെ പഠിപ്പിക്കുന്നത്. ഹാരാൻ മാത്രം ഉപേക്ഷിച്ചാൽ പോരാ (ഉല്പ 29:4) ഈ പേരിനർത്ഥം 'ഗുഹകൾ' എന്നാണ്, അതിനാൽ ഇത് സൂചിപ്പിക്കുന്നത് ഇന്ദ്രിയങ്ങളെയാണ്. അതുപോലെതന്നെ, എളിമയുടെ പ്രവൃത്തികൾ അഥവാ ഹെബ്രോൻ താഴ്വരയും, പൂർണ്ണത കൈവരിക്കാനാഗ്രഹിക്കുന്നവർ അലഞ്ഞു നടക്കുന്ന മരുഭൂമിയും ഉപേക്ഷിക്കുന്നതുകൊണ്ടു മാത്രം പ്രയോജനമില്ല (ഉല്പ 37:14). ദോഥാനിൽ -അതായത് ആവശ്യമായ നിർമമത- എത്തിച്ചേരുന്നതുവരെ നമ്മുടെ പ്രയത്നങ്ങളിൽനിന്ന് നമുക്ക് ഒന്നും നേടാനാവില്ല. ബന്ധുക്കളോടുള്ള ബന്ധം ഇപ്പോഴും നമ്മെ വശീകരിക്കുന്നുവെങ്കിൽ നമുക്ക് പൂർണ്ണത നേടാനാവില്ല. എല്ലാ ബന്ധങ്ങളും ഉപേക്ഷിക്കാനാണ് കർത്താവു നമ്മോട് ആജ്ഞാപിച്ചത്. തന്നെ ബന്ധുക്കളുടെയിടയിൽ തിരഞ്ഞതിന് കർത്താവ് ദൈവമാതാവായ മറിയത്തെ ശകാരിക്കുകയും ചെയ്തു (ലൂക്കോ 2:49); മാത്രമല്ല, തന്നെക്കാളധികം പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവൻ തനിക്ക് യോഗ്യനല്ല എന്നും അവിടുന്ന് അരുളിച്ചെയ്തു (മത്താ 10:37).

ഈ രണ്ടു സദ്ഗുണങ്ങളും നേടിക്കഴിഞ്ഞവരും അടുത്ത കാലത്ത് ലോകത്തിന്റെ അസ്വസ്ഥതകളിൽനിന്ന് മോചനം പ്രാപിച്ചവരും ആന്തരികമൗനം സ്വായത്തമാക്കാൻ പരിശീലിക്കണം. അല്ലെങ്കിൽ

www.malankaralibrary.com

കൂടെക്കൂടെ പുറത്തുപോകുന്നതു വഴി, ഇന്ദ്രിയങ്ങളിലൂടെ ഏല്പിക്കപ്പെട്ട മുറിവ് അവർ വീണ്ടും തുറക്കും. തന്റെ പഴയ സങ്കല്പങ്ങളിലേക്ക് പുതിയ ബിംബങ്ങൾ കൂട്ടിച്ചേർക്കപ്പെടാതിരിക്കാൻ അയാൾ പരിശ്രമിക്കണം. ലോകജീവിതം ഉപേക്ഷിച്ച് ഏകാഗ്രത പരിശീലിക്കുന്ന ഒരുവന് അത് ക്ലേശകരമായി തോന്നുന്നു. എന്തെന്നാൽ അവരുടെയുള്ളിലുള്ള മാലിന്യങ്ങളെല്ലാം കുത്തിയിളക്കാൻ ഇപ്പോൾ ഓർമ്മശക്തിക്ക് സാധിക്കുന്നു. അവർ പലവിധ കാര്യങ്ങളിൽ വ്യാപൃതരായിരുന്നതിനാൽ മുമ്പ് അവയ്ക്ക് ഇത് സാദ്ധ്യമായിരുന്നില്ല. ഏകാഗ്രത പരിശീലിക്കുക വിഷമമമാണെങ്കിലും കാലക്രമേണ അത് അശുദ്ധചിന്തകളിൽനിന്നു മനസ്സിനെ സംരക്ഷിക്കും. എല്ലാത്തരത്തിലുമുള്ള മാലിന്യങ്ങളിൽനിന്നും ആത്മാവിനെ ശുദ്ധീകരിക്കാൻ ആഗ്രഹിക്കുന്നവർ അതിനെ ദുഷിപ്പിക്കാനിടയുള്ള എന്തിനെയും ഒഴിവാക്കണം. തങ്ങളുടെ മനസ്സിനെ അഗാധമായ ശാന്തതയിലെത്തിക്കാനും ചപലമായ സ്വഭാവമുള്ളവരുമായി സമ്പർക്കത്തിലേർപ്പെടുന്നത് ഒഴിവാക്കാനും അവർ എപ്പോഴും ശ്രദ്ധിക്കണം. ജ്ഞാനത്തിന്റെ മാതാവായ ഏകാന്തതയെ അവർ ആശ്ലേഷിക്കണം.

പുറംലോകത്തിന്റെ അസ്വസ്ഥതകളുമായി ഇടപഴകുന്നതിലൂടെ, ഒരിക്കൽ തങ്ങൾ രക്ഷപെട്ടെന്നു കരുതിയ കെണികളിൽ വീണ്ടും അവർ ചെന്നു വീഴും. ഒരുവൻ പരിശുദ്ധിയെ ലക്ഷ്യം വയ്ക്കുമ്പോൾ, താൻ പുച്ഛിച്ചു തള്ളുകയും ഓടിയകലുകയും ചെയ്ത കാര്യങ്ങളിൽ വീണ്ടും മുഴുകുന്നത് പ്രയോജനരഹിതമാണ്. മറന്നുപോയ പാപങ്ങളെക്കുറിച്ച് ഓർമ്മിക്കുകയും ദോഷകരമായ ചിന്തകളിൽ മുഴുകുകയും ചെയ്യുന്നതിലൂടെ അവർക്ക് കഠിനപ്രയത്നത്തിലൂടെ നേടിയെടുത്ത ഏകാഗ്രത നഷ്ടപ്പെടുന്നു. ഏറെക്കാലമായി ഉണ്ടായിരുന്ന രോഗത്തിൽനിന്നും പതുക്കെ സുഖംപ്രാപിച്ചുവരുന്ന ഒരാളെപ്പോലെയാണ് പാപത്തിൽനിന്ന് അടുത്തകാലത്ത് മോചനം നേടിയ മനസ്സ്; ഈ അവസ്ഥയിൽ ഒരു ചെറിയ കാര്യം മതി പഴയ രോഗാവസ്ഥയിലേക്ക് അധഃപതിക്കാൻ. എന്തെന്നാൽ അത് പൂർണ്ണസൗഖ്യം നേടിയിട്ടില്ല. സന്ന്യാസജീവിതത്തിലേക്ക് പുതിയതായി പ്രവേശിച്ച ഒരാളെ അവന്റെ മനസ്സിന്റെ ദൗർബ്ബല്യം മൂലം വികാരങ്ങൾക്ക് എളുപ്പം കീഴടക്കാൻ കഴിയും. അതിനാലാണ് സംഹാരദൂതനിൽനിന്നും രക്ഷ നേടാൻ ആഗ്രഹിക്കുന്നവർ വീടിനുള്ളിൽ അടച്ചുപൂട്ടിയിരുന്നു

www.malankaralibrary.com

കൊള്ളാൻ മോശ ആജ്ഞാപിച്ചത്: 'നിങ്ങളിൽ ഒരാൾപോലും തന്റെ വീടിന്റെ വാതിൽ തുറന്ന് പുറത്തിറങ്ങരുത്, അല്ലാത്തപക്ഷം സംഹാരദൂതൻ അവനെ ആക്രമിക്കും' (പുറ 12:22,23). ഇതേ ഉപദേശമാണ് യിരമ്യായും നല്കുന്നത്: 'പുറത്ത് വയലിലേക്ക് പോകരുത്, വഴിയിലൂടെ നടക്കരുത്, എന്തെന്നാൽ ശത്രുവിന്റെ വാൾ... ഇരുവശങ്ങളിലുമുണ്ട്' (യിര 6:25).

പരിചയസമ്പന്നനും ധീരനുമായ ഒരാൾക്ക് ശത്രുവിനെ നേരിടാനാകും; എന്നാൽ അതിനു കഴിയാത്തവർ ഏകാഗ്രതയും ശാന്തതയും വഴി അപകടം ഒഴിവാക്കുകയാണ് വേണ്ടത്. നൂനിന്റെ പുത്രനായ ജോഷ്വ ഇതാണ് ചെയ്തത്; എന്തെന്നാൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'അവന്റെ ഭൃത്യനായ ജോഷ്വ എന്ന യുവാവ് കൂടാരത്തിനു പുറത്തിറങ്ങിയില്ല' (പുറ 33:11). വേണ്ടത്ര പരിചയം നേടാതെ യുദ്ധരംഗത്തെത്തി പോരാടുന്നവർ സ്വന്തം ബന്ധുക്കളുടെയോ സുഹൃത്തുക്കളുടെയോ കൈയാൽ തന്നെ കൊല്ലപ്പെടുമെന്ന് ആബേലിന്റെ കഥയിൽനിന്നും അദ്ദേഹം അറിഞ്ഞിരുന്നു (ഉല്പ 4:8). ദീനയുടെ കഥയും ഇതേ പാഠമാണ് നൽകുന്നത് (ഉല്പ 34:1). തന്റെ കഴിവിനപ്പുറമുള്ള കാര്യങ്ങൾ ചെയ്യാൻ പറ്റുമെന്ന് ചിന്തിക്കുന്നത് ഒരു പെൺകുട്ടിയുടെ മനസ്സിന്റെ അപക്വമായ രീതിയാണ്. അയൽപക്കത്ത് നടക്കുന്നത് എന്താണെന്ന് അറിയാനായി അവയുടെ ആകർഷണത്തെ ചെറുത്തുനില്ക്കാൻ തനിക്ക് കരുത്തുണ്ട് എന്ന ഭാവേന ദീന അങ്ങോട്ട് ഓടിച്ചെന്നില്ലായിരുന്നെങ്കിൽ അവളുടെ അപക്വമായ ആത്മാവിന്റെ തീരുമാനം ഇന്ദ്രിയസംബന്ധമായ കാര്യങ്ങളാൽ വശീകരിക്കപ്പെടുമായിരുന്നില്ല. എന്തെന്നാൽ മനസ്സിന്റെ ആന്തരിക ശക്തിയായ, നിയമപ്രകാരമുള്ള ഭർത്താവിനെ അവൾ അന്നോളം അറിഞ്ഞിരുന്നില്ല. തനിക്കെല്ലാം അറിയാമെന്ന തോന്നൽ മനുഷ്യന്റെ ഉള്ളിൽനിന്നു പറിച്ചുകളയുന്നതിനായി ദൈവം മോശയോട് ഇങ്ങനെ പറഞ്ഞു: 'ഇസ്രായേൽ മക്കളിൽ ആദരവ് എന്ന ഭാവം ജനിപ്പിക്കുക' (ലേവ്യ 15:31). എന്തെന്നാൽ വിവേകരഹിതമായി ഒരുവന്റെ കഴിവിനതീതമായ ദൗത്യം ഏറ്റെടുക്കുന്നത് ആദരവിന്റെ അരൂപിക്കെതിരാണ്.

വേണ്ടത്ര പരിശീലനം കിട്ടുന്നതിനുമുമ്പ് നഗരജീവിതത്തിന്റെ കോലാഹലങ്ങളും ശബ്ദങ്ങളുമൊന്നും നമ്മുടെ മനസ്സിനെ അലട്ടാനിട

www.malankaralibrary.com

വരരുത്. എല്ലായ്പ്പോഴും നഗരത്തിന്റെ പടിവാതിൽക്കൽ ഇരിക്കുകയും എന്നാൽ അതിന്റെ പ്രവർത്തനങ്ങളെ ഉപേക്ഷിക്കുകയും ചെയ്ത ലോത്തിനെപ്പോലെ പെരുമാറുന്നതിൽ അർത്ഥമില്ല (ഉല്പ 19:1). മറിച്ച് നഗരത്തെ പൂർണ്ണമായി ഉപേക്ഷിക്കുകയും അതേക്കുറിച്ച് സംസാരിക്കുന്നതുപോലും ഒഴിവാക്കുകയും ചെയ്ത മോശയെപ്പോലെയായിരിക്കണം നാം. എന്തെന്നാൽ 'ഞാൻ നഗരത്തെ ഉപേക്ഷിച്ച് എന്റെ കൈകൾ ഉയർത്തിപ്പിടിക്കുമ്പോൾ എല്ലാ ശബ്ദങ്ങളും അവസാനിക്കുന്നു' (പുറ 9:29) എന്ന് അദ്ദേഹം പറയുന്നു.

ലൗകികജീവിതം ഉപേക്ഷിക്കുക മാത്രമല്ല, അതേക്കുറിച്ച് മറക്കുകകൂടി ചെയ്യുമ്പോഴാണ് നാം യഥാർത്ഥ ശാന്തത നേടുന്നത്. നമ്മുടെ മനസ്സിൽ പതിഞ്ഞിട്ടുള്ള ഓരോ ചിന്തയെയും നിരീക്ഷിക്കാനും അവയ്ക്കെതിരെ പോരാടി അവയെ ഒഴിവാക്കാനും ഇത് ആത്മാവിനെ സഹായിക്കുന്നു. പുതിയ ചിന്തകൾ ഉള്ളിലേക്ക് കടന്നുവരുന്നിടത്തോളം കാലം, നമ്മുടെ മനസ്സ് അവയിൽ മുഴുകുന്നതിനാൽ പഴയവയെ കണ്ടെത്താനോ പറിച്ചെറിയാനോ നമുക്ക് സാധിക്കുന്നില്ല. തന്മൂലം വികാരങ്ങളെ തുടച്ചുമാറ്റാനുള്ള നമ്മുടെ ശ്രമം അത്യധികം ക്ലേശകരമായിത്തീരുന്നു. കാലക്രമേണ വളർന്നുവരുവാൻ അനുവദിക്കപ്പെടുന്നതിനാൽ വികാരങ്ങൾ പ്രബലമാവുകയും ആത്മാവിന്റെ വിവേകത്തെ ഒന്നിനു പുറകെ മറ്റൊന്നായി ഭാവനകളിലൂടെ, വെള്ളപ്പൊക്കത്തിൽ നദിയിലുയരുന്ന വെള്ളം പോലെ മുക്കിത്താഴ്ത്തുകയും ചെയ്യുന്നു.

നദീതീരത്ത് എവിടെയെങ്കിലും നമുക്ക് എന്തെങ്കിലുമൊരു പരിശോധന നടത്താനുണ്ടെന്നിരിക്കട്ടെ; ആ ഭാഗത്തെ വെള്ളം മാത്രം കോരിക്കളയുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്ന് നമുക്കറിയാം. എന്തെന്നാൽ മുകളിൽനിന്ന് വെള്ളം അങ്ങോട്ട് ഒഴുകിക്കൊണ്ടിരിക്കും. എന്നാൽ മുകളിൽനിന്നുള്ള ഒഴുക്ക് തടഞ്ഞാൽ വെള്ളം നമ്മെ ശല്യപ്പെടുത്തുകയില്ല. നമ്മുടെ ആഗ്രഹം പൂർത്തിയാക്കാൻ നമുക്ക് സാധിക്കുകയും ചെയ്യും. ഇതുപോലെതന്നെ ഇന്ദ്രിയങ്ങൾ പുതിയ പുതിയ അനുഭവങ്ങളുമായി നമ്മെ ശല്യപ്പെടുത്താതിരുന്നാൽ മനസ്സിൽനിന്നു വികാരങ്ങളെ തുടച്ചുമാറ്റാൻ എളുപ്പമായിരിക്കും. എന്നാൽ ഓരോ നിമിഷവും പുതിയ പുതിയ സങ്കല്പങ്ങൾ ഇന്ദ്രിയങ്ങളിലൂടെ നമ്മിലേക്ക് കടന്നുവന്നുകൊണ്ടിരുന്നാൽ

www.malankaralibrary.com

നമുക്ക് നമ്മുടെ മനസ്സിനെ ഈ ജലപ്രളയത്തിൽനിന്ന് ഒരിക്കലും മോചിപ്പിക്കാനാവില്ല.

തുടർച്ചയായി ആളുകളുമായി സമ്പർക്കത്തിൽ ഏർപ്പെടുമ്പോൾ, സജീവമാകാൻ അവസരമില്ലാത്തതിനാൽ വികാരങ്ങൾ നമ്മെ ഉപദ്രവിക്കുന്നില്ല, എന്നാൽ അവ നമ്മുടെയുള്ളിൽ കുടൂതൽ കൂടുതൽ കരുത്താർജ്ജിച്ചുകൊണ്ടിരിക്കുന്നു. എല്ലായ്പ്പോഴും ചവിട്ടി മെതിക്കപ്പെടുന്ന മണ്ണിൽ കളകൾ മുളച്ചാലും അവ വളർന്നു വലുതാകുന്നില്ല; എന്നാൽ മണ്ണിനടിയിലേക്ക് വേരുകൾ പടർത്തി അവ കരുത്തു നേടുന്നുണ്ട്; അവസരം കിട്ടിയാലുടൻ ആ കളകൾ വളർന്ന് വലുതാകുകയും ചെയ്യും. ഇതേപോലെ എല്ലായ്പ്പോഴും ആളുകളുമായി നാം സമ്പർക്കത്തിലേർപ്പെടുമ്പോൾ, തൽക്കാലം അവസരം കിട്ടാത്തതിനാൽ നമ്മെ ശല്യപ്പെടുത്തുന്നില്ലെങ്കിലും വികാരങ്ങൾ നമ്മുടെയുള്ളിൽ തഴച്ചുവളരുന്നുണ്ട്; നാം ഏകാന്തജീവിതത്തിലേക്ക് മടങ്ങുമ്പോൾ അവ ശക്തമായി നമ്മെ ആക്രമിക്കുന്നു. മുളയിലേ നുള്ളിക്കളയാത്തതിനാൽ അവയുടെ ആക്രമണത്തെ ചെറുത്തു നിൽക്കുന്നത് വിഷമകരവും അപകടകരവുമായിരിക്കും.

ഇസ്രായേൽജനതയോട് 'ബാബിലോണിൽനിന്നുള്ള വിത്ത് നശിപ്പിക്കാൻ' പ്രവാചകൻ ആവശ്യപ്പെട്ടത് ഇക്കാരണത്താലാണ് (യിര 50:16; [27:16]); മനസ്സിലേക്കു കടക്കുന്നതിനു മുമ്പുതന്നെ ഇന്ദ്രിയാനുഭവങ്ങളെ തുടച്ചുമാറ്റണമെന്നാണ് ഇതിലൂടെ അദ്ദേഹം സൂചിപ്പിച്ചത്. നമ്മുടെ മനസ്സിന്റെ മണ്ണിൽ മുളയ്ക്കാനും, കൂടെക്കൂടെ അവയെക്കുറിച്ച് ആലോചിക്കുന്നതിലൂടെ അവയ്ക്കു വെള്ളം നല്കാനും നാം അവസരമുണ്ടാക്കിയാൽ തിന്മയുടെ വിളവെടുപ്പ് തീർച്ചയായും ഉണ്ടാകും. വികാരങ്ങളെ വളരാൻ അനുവദിക്കാതെ അവയുടെ ശൈശവത്തിൽത്തന്നെ നശിപ്പിക്കുവാൻ കഴിയുന്നവരെ സങ്കീർത്തനം പ്രശംസിക്കുന്നു: 'നിങ്ങളുടെ ശിശുക്കളെ പാറയിലടിച്ചു കൊല്ലുന്നവൻ അനുഗൃഹീതനാണ്' (സങ്കീ 137:9). ഇയ്യോബ് പറയുന്നതും ഇതേ കാര്യമാണ്, ഈർപ്പമുള്ള സ്ഥലത്താണ് കളകൾ വളരുന്നത്, വെള്ളം കിട്ടാതെ വരുമ്പോൾ അവ നശിച്ചുപോകുന്നു (ഇയ്യോബ് 8:11); 'ഉറുമ്പുസിംഹം ഭക്ഷണം കിട്ടാതെ നശിച്ചുപോകുന്നു' (ഇയ്യോബ് 4:11) എന്നു പറഞ്ഞിരിക്കുന്നതും ഇതേ അർത്ഥത്തിൽതന്നെയാണ്. വികാരങ്ങൾ എങ്ങനെയാണ് നമ്മെ

www.malankaralibrary.com

കെണിയിലകപ്പെടുത്തുന്നത് എന്ന് കാണിക്കാൻ ഏറ്റവും കരുത്ത നായ സിംഹത്തെയും ഏറ്റവും നിസ്സാരജീവിയായ ഉറുമ്പിനെയും ചേർത്ത് 'ഉറുമ്പുസിംഹം' എന്ന പദമാണ് അദ്ദേഹം ഉപയോഗിച്ചിരിക്കുന്നത്. എന്തെന്നാൽ, വികാരങ്ങൾ അഥവാ പ്രകോപനങ്ങൾ നിസ്സാര സങ്കല്പങ്ങളിലാണ് ആരംഭിക്കുന്നന്നത്, അവ ഉറുമ്പിനെപ്പോലെ നമ്മുടെ ശ്രദ്ധയിൽപ്പെടാതെ നുഴഞ്ഞുകയറുകയും എന്നാൽ പിന്നീട് സിംഹത്തെപ്പോലെ അപകടകാരിയായിത്തീരുകയും ചെയ്യും. തങ്ങളുടെ അവ്യക്തമായ സാന്നിദ്ധ്യത്തിലൂടെ വഞ്ചിക്കാനാകും എന്ന പ്രതീക്ഷയാൽ ഉറുമ്പിനെപ്പോലെ സമീപിക്കുന്ന വികാരങ്ങളെ തുടക്കത്തിൽത്തന്നെ നശിപ്പിക്കാൻ ആത്മീയജീവിതം നയിക്കുന്ന ഓരോ ആളും പ്രത്യേകം ശ്രദ്ധിക്കണം. സിംഹത്തിന്റെ കരുത്താർജ്ജിക്കാൻ അനുവദിച്ചാൽ പിന്നീട് അവയെ നേരിടാനും അവ ആവശ്യപ്പെടുന്ന ഭക്ഷണം നിരസിക്കുവാനും സാദ്ധ്യമല്ലാതെ വരും.

പല തവണ നാം ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ വികാരങ്ങളുടെ ആഹാരം ഇന്ദ്രിയാനുഭവങ്ങളാണ്. ആത്മാവിനെ സങ്കല്പങ്ങളുടെ പരമ്പരയിലൂടെ അഥവാ മായാരൂപങ്ങളിലൂടെ ഉപദ്രവിക്കുന്നതു വഴി അവ വികാരങ്ങളെ പോഷിപ്പിക്കുന്നു. ഇതിനാലാണ് കൂടാരത്തിലെ അൾത്താരയിൽ മോശ ഓടുകൊണ്ടു തീർത്ത മറയുണ്ടാക്കി വച്ചത് (പുറ 27:4). നമ്മുടെ മനസ്സ് അൾത്താരപോലെ പരിശുദ്ധമായിരിക്കണമെങ്കിൽ നമ്മളും ഇങ്ങനെതന്നെ ചെയ്യണം. ഓടിൽ തീർത്ത മറ അശുദ്ധമായതെന്തിനെയും അൾത്താരയിൽ പ്രവേശിക്കുന്നതിൽ നിന്നു തടയുന്നതുപോലെ അശുദ്ധവികാരങ്ങൾ നമ്മുടെ ഉള്ളിൽ കടക്കുന്നതിനെ തടയാൻവേണ്ടി ഭയാനകമായ വിധിയെ പ്രതിഫലിപ്പിക്കുന്ന ഒരു മാനസിക ഉപരോധം ഇന്ദ്രിയങ്ങൾക്കെതിരെ നാം ഏർപ്പെടുത്തണം. ജനാലയിൽനിന്നു താഴെ വീണപ്പോഴാണ് അഹസിയായ്ക്ക് പരുക്കു പറ്റിയത് (2 രാജാ 1:2). ജനാലയിൽനിന്നു വീഴുക എന്നതിന് അർത്ഥം വിഷയസുഖങ്ങൾക്കു കീഴടങ്ങുക എന്നാണ്; എന്തെന്നാൽ, പ്രലോഭിക്കപ്പെട്ടപ്പോൾ അന്ത്യവിധിയേക്കുറിച്ച് നാം ഗൗരപൂർവ്വം ചിന്തിച്ചില്ല. ഇതിലും ഗുരുതരമായ മറ്റൊരു രോഗമുണ്ടോ? ശരീരത്തിന്മേൽ ഏതെങ്കിലുമൊരു വികാരം ആധിപത്യം സ്ഥാപിക്കുമ്പോൾ പ്രകൃതിവിരുദ്ധമായ അവസ്ഥയാണ് ഉണ്ടാകുന്നത്. അത് രോഗത്തിലേക്കു നയിക്കുന്നു. എന്നാൽ വികാര

www.malankaralibrary.com

ങ്ങൾക്കു കീഴ്പ്പെടുന്ന ആത്മാവിനു വിവേകം നഷ്ടപ്പെടുകയും അങ്ങനെ അത് രോഗബാധിതമായി തീരുകയും ചെയ്യുന്നു.

'അപരിചിതയായ ഒരു സ്ത്രീയെ കാണുമ്പോൾ നിങ്ങളുടെ നാവ് ദുഷിച്ച വാക്കുകൾ പറയുന്നു' (സുഭാ 23:33) എന്ന് പറഞ്ഞപ്പോൾ തന്റെ വാക്കുകളുടെ അർത്ഥം മനസ്സിലാക്കാൻ കഴിയുന്നവരുടെ യെല്ലാം കണ്ണുകൾക്ക് മറ തീർക്കുകയാണ് സോളമൻ ചെയ്തത്. 'ദുഷിച്ച വാക്കുകൾ' എന്നതുകൊണ്ട് സോളമൻ ഉദ്ദേശിക്കുന്നത്, പാപം ചെയ്തതിനുശേഷം ശിക്ഷ നേരിടേണ്ടിവരുമ്പോൾ നാം പറയുന്ന മറുപടിയെയാണ്: എന്നാൽ കാര്യങ്ങളെ ശരിയായ രീതിയിൽ വിലയിരുത്താൻ കഴിയുകയാണെങ്കിൽ ഈ അവസ്ഥ നമുക്ക് നേരിടേണ്ടിവരില്ല. സോളമൻ തുടരുന്നു: 'കടലിനു നടുവിൽ കിടക്കുന്ന ഒരുവനെപ്പോലെയാകുക, കൊടുങ്കാറ്റിൽ പെട്ട നാവികനെ പ്പോലെയും' (സുഭാ 23:34). പ്രലോഭനത്തിന്റെ സമയത്തു തന്നെ പ്രലോഭിപ്പിക്കുന്ന വസ്തുവിൽനിന്നു രക്ഷപ്പെടാൻ ശ്രമിക്കുന്ന ഒരാൾ കൊടുങ്കാറ്റിൽനിന്നു രക്ഷപ്പെടാൻ ശ്രമിക്കുന്ന നാവികനെപ്പോലെ അവസാനശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുകയാണ് ചെയ്യു ന്നത്. അപ്പോൾ വളരെയെളുപ്പം അയാൾ തന്നെ ആക്രമിക്കുന്ന വരിൽനിന്നു രക്ഷപ്പെടുന്നു, അവർ ഏല്പിക്കുന്ന മുറിവുകളെക്കുറിച്ച് അയാൾ ശ്രദ്ധിക്കുന്നതേയില്ല. അയാൾക്ക് ഇങ്ങനെ പറയാൻ സാധിക്കുന്നു: 'അവർ എന്നെ പ്രഹരിച്ചു; പക്ഷേ, എനിക്കു വേദ നിച്ചില്ല. അവർ എന്നെ പരിഹസിച്ചു, ഞാൻ അത് ശ്രദ്ധിച്ചതേയില്ല' (സുഭാ 23:35). 'എന്നെ വിഡ്ഢിയാക്കാൻ കഴിഞ്ഞു എന്ന വിശ്വാസ ത്തോടെയാണ് അവർ എന്നെ തല്ലിയത്; എന്നാൽ ഞാൻ ആ പരിക്കുകൾ തെല്ലും കാര്യമാക്കിയില്ല. കുട്ടികൾ അയയ്ക്കുന്ന കളിയ മ്പുകൾപോലെയാണ് എനിക്കവ തോന്നിയത്. അവരുടെ കൗശല ങ്ങളാകട്ടെ, ശ്രദ്ധിക്കാൻ പോലും എനിക്ക് തോന്നിയില്ല'. തന്റെ ശത്രു ക്കളെക്കുറിച്ച് ഇതേ അഭിപ്രായമാണ് ദാവീദും പറഞ്ഞിട്ടുള്ളത്: 'പിശാച് എന്നിൽനിന്ന് അകന്നുപോയി, എന്നാൽ ഞാനത് ശ്രദ്ധിച്ച തേയില്ല' (സങ്കീ 101:4). ദാവീദ് അർത്ഥമാക്കുന്നത്, അവർ തന്നെ സമീപിച്ചപ്പോഴും തന്നിൽനിന്ന് അകന്നുപോയപ്പോഴും ഒരേമട്ടിൽ നിർവ്വികാരനായിരിക്കുവാൻ തനിക്കു കഴിഞ്ഞുവെന്നാണ്.

ഇന്ദ്രിയങ്ങളിലൂടെ ഭൗതികവസ്തുക്കളുമായി നാം അടുക്കുന്നു എന്നും ഈ അടുപ്പത്തിന്റെ ഫലമായി നാം വഞ്ചിക്കപ്പെടുന്നുവെന്നു

www.malankaralibrary.com

മുള്ള സത്യം നമ്മിൽ മിക്കവരും മനസ്സിലാക്കുന്നില്ല. ഇന്ദ്രിയാനുഭവങ്ങളിൽ മുഴുകുമ്പോൾ അതിലൂടെ സംഭവിക്കാവുന്ന അപകടത്തെക്കുറിച്ച് നാം ചിന്തിക്കുന്നില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ വിവേചിച്ചറിയാൻ നാം അഭ്യസിച്ചിട്ടില്ലാത്തതിനാൽ, വഞ്ചിതരാകുമ്പോൾ നമുക്കായി ഒരുക്കിയിരിക്കുന്ന കെണികളെ നാം എങ്ങനെ തിരിച്ചറിയും? ഇന്ദ്രിയങ്ങൾ വസ്തുക്കൾക്കെതിരെ എങ്ങനെ പോരാടുന്നുവെന്ന് സോദോമിലെ ജനങ്ങൾക്കെതിരെ പോരാടിയ അസ്സീറിയാക്കാരുടെ കഥ നമ്മെ കാണിക്കുന്നു (ഉല്പ 14:1,2). അസ്സീറിയാക്കാരുടെ നാലു രാജാക്കന്മാരും സോദോമിനു ചുറ്റുമുള്ള പ്രദേശങ്ങളിലെ അഞ്ചു രാജാക്കന്മാരും കൂടി ഉടമ്പടിയും സമാധാനക്കരാറും ഉണ്ടാക്കാൻ ചാവുകടൽത്തീരത്ത് എത്തിച്ചേർന്ന കഥ തിരുലിഖിതം വ്യക്തമാക്കുന്നു. പന്ത്രണ്ടു വർഷത്തേക്കായിരുന്നു അഞ്ചു രാജാക്കന്മാർക്കും അടിമത്തം വിധിക്കപ്പെട്ടത്. പതിമ്മൂന്നാം വർഷം അവർ എതിർക്കാൻ ആരംഭിച്ചു, പതിനാലാം വർഷത്തിൽ നടന്ന യുദ്ധത്തിൽ നാലു രാജാക്കന്മാർ മറ്റു അഞ്ചു രാജാക്കന്മാരെയും തോല്പിച്ച് തടവുകാരാക്കി.

നമ്മുടെ ഇന്ദ്രിയങ്ങൾ വസ്തുക്കൾക്കെതിരെ നടത്തുന്ന പോരാട്ടത്തെക്കുറിച്ചാണ് ഈ കഥ നമ്മെ പഠിപ്പിക്കുന്നത്. അഞ്ചു രാജാക്കന്മാർ അഞ്ച് ഇന്ദ്രിയങ്ങളെ സൂചിപ്പിക്കുന്നു; നാലു രാജാക്കന്മാർ ഇന്ദ്രിയങ്ങളിലൂടെ തിരിച്ചറിയപ്പെടുന്നവരെയും. നാം എല്ലാവരും ജനിക്കുന്നതു മുതൽ പന്ത്രണ്ടാമത്തെ വയസ്സുവരെ നമ്മുടെ ഇന്ദ്രിയങ്ങളെ ഇന്ദ്രിയാനുഭവങ്ങളുടെ നിയന്ത്രണത്തിൽ കഴിയാനനുവദിക്കുന്നു; എന്തെന്നാൽ നമ്മുടെ വിവേചനശക്തി ആ കാലഘട്ടത്തിൽ വേണ്ടവിധം ശുദ്ധീകരിക്കപ്പെടുന്നില്ല. ഇന്ദ്രിയങ്ങളിലൂടെ അറിയാൻ കഴിയുന്ന വസ്തുക്കളാണ് അത്രയുംകാലം ഇന്ദ്രിയങ്ങളുടെ യജമാനന്മാരായിരിക്കുന്നത്; നമ്മുടെ കാഴ്ചശക്തിയെ നിയന്ത്രിക്കുന്നത് കാണപ്പെടുന്ന വസ്തുക്കളാണ്. കേൾവിശക്തിയെ നിയന്ത്രിക്കുന്നത് ശബ്ദങ്ങളാണ്, സ്വാദ് അറിയാനുള്ള കഴിവിനെ നിയന്ത്രിക്കുന്നത് രുചികളാണ്, മണത്തറിയാനുള്ള കഴിവിനെ നിയന്ത്രിക്കുന്നത് ഗന്ധങ്ങളാണ്, സ്പർശനശേഷിയെ നിയന്ത്രിക്കുന്നതാകട്ടെ ഭൗതിക വസ്തുക്കളും. നാം ശിശുക്കളായതിനാൽ നമുക്കവയെ തിരിച്ചറിയാനാകുന്നില്ല. അതുകൊണ്ട് നാം അവയെ എതിർക്കുന്നുമില്ല. എന്നാൽ നമ്മുടെ വിവേചനശക്തി വികസിക്കുന്നതോടെ ഇത്തരമൊരു

www.malankaralibrary.com

അവസ്ഥയുടെ ദൂഷ്യം നമുക്ക് മനസ്സിലാകുന്നു. ഈ അടിമത്തത്തെ എതിർത്ത് അതിൽനിന്നു രക്ഷപ്പെടാൻ നാം ശ്രമിക്കുന്നു. ഈ തീരുമാനത്തിൽ ഉറച്ചുനിൽക്കാൻ കഴിഞ്ഞെങ്കിൽ നമുക്ക് എന്നന്നേയ്ക്കുമായി ക്രൂരരായ ഈ യജമാനന്മാരിൽനിന്ന് മോചനം നേടാം. തീരുമാനത്തിൽ ഉറച്ചുനിൽക്കാൻ കഴിഞ്ഞില്ലെങ്കിൽ വീണ്ടും നമ്മുടെ ഇന്ദ്രിയങ്ങൾ അടിമത്തത്തിലാകും; ഒരിക്കൽകൂടി, ഇന്ദ്രിയാനുഭവങ്ങളിലൂടെ തിരിച്ചറിയപ്പെടുന്ന വസ്തുക്കളുടെ അടിമകളായിത്തീരുന്ന നമ്മുടെ ഇന്ദ്രിയങ്ങൾക്ക് എല്ലാ പ്രതീക്ഷയും നഷ്ടപ്പെടുന്നു. ഇതിനാലാണ് നാലു രാജാക്കന്മാരാൽ തോല്പിക്കപ്പെട്ട അഞ്ചുപേരും കുഴികളിൽ വീണത് (ഉല്പ 14:10); ഇന്ദ്രിയാനുഭവങ്ങളിൽ മുഴുകുന്ന ആളുകൾ, കുഴികളിൽ വീണുപോകുന്നതുപോലെ ഇന്ദ്രിയസംബന്ധമായ കാര്യങ്ങളിൽ നിപതിക്കുന്നു. ഭൗമികമായവയിൽ ആഗ്രഹം വയ്ക്കുകയും മനസ്സിന്റെ കാര്യങ്ങളേക്കാളധികമായി ഭൗമികമായവയോട് മമത പുലർത്തുകയും ചെയ്യുന്ന അവർ ദൃശ്യവസ്തുക്കളെക്കുറിച്ച് മാത്രമാണ് ചിന്തിക്കുന്നത്.

യജമാനനെയും സ്വന്തം ഭാര്യയെയും കുട്ടികളെയും സ്നേഹിക്കുന്ന ഒരു അടിമ തനിക്ക് സ്വാതന്ത്ര്യം വേണ്ട അടിമത്തം മതി എന്നു പറഞ്ഞേക്കാം; ബന്ധങ്ങളുടെ ബന്ധനത്തിൽ കഴിയുന്ന ഒരാൾ എക്കാലവും ഒരു അടിമയായിരിക്കും. ഉളികൊണ്ട് തന്റെ കാതു കുത്തിതുളയ്ക്കാൻ അയാൾ സമ്മതിക്കും (പുറ 21:6). സ്വാതന്ത്ര്യമരുളുന്ന സ്വരം ശ്രവിക്കാൻ അവന് സാധിക്കുകയില്ല. ചുറ്റുമുള്ള വസ്തുക്കളിലുള്ള മമതമൂലം അയാൾ എന്നെന്നേക്കും അടിമത്തം അനുഭവിക്കേണ്ടിവരും. മറ്റൊരാളുമായി മൽപിടുത്തത്തിൽ ഏർപ്പെട്ടിരുന്ന ഒരുവന്റെ ലിംഗത്തിൽ പിടികൂടിയ സ്ത്രീയുടെ കൈ മുറിച്ചുകളയണമെന്ന് നിയമം അനുശാസിക്കുവാനുള്ള കാരണവും ഇതുതന്നെ (ആവ 25:11). ഭൗതികസുഖങ്ങളാണോ സ്വർഗ്ഗീയാനുഗ്രഹങ്ങളാണോ തിരഞ്ഞെടുക്കേണ്ടത് എന്നതിനെക്കുറിച്ച് ആദ്യം അവൾ സംശയിച്ചുവെങ്കിലും പിന്നീട് ഭൗതികസുഖത്തിന് ഉതകുന്നവതന്നെ അവൾ തിരഞ്ഞെടുത്തു. മാറ്റത്തിനു വിധേയമായവ എന്നാണ് ഇവയുടെ അർത്ഥം.

ലൗകികസുഖങ്ങൾ ഉപേക്ഷിക്കുകയും എന്നാൽ അതേസമയം തന്നെ അവയെക്കുറിച്ച് ചിന്തിക്കുകയും അവയാൽ ആകർഷിക്ക

www.malankaralibrary.com

പ്പെടുകയും ചെയ്യുന്നതുകൊണ്ട് നമുക്ക് ഒന്നും നേടാനാവില്ല. ഉപേക്ഷിച്ചുപോന്നവയെ വീണ്ടും വീണ്ടും തിരിഞ്ഞുനോക്കിയ ലോത്തിന്റെ ഭാര്യയെപ്പോലെ അവയോട് നമുക്കുള്ള ആസക്തി വെളിപ്പെടുത്തുകയാണ് നാം ചെയ്യുന്നത്. തിരിഞ്ഞു നോക്കിയ ലോത്തിന്റെ ഭാര്യ ഒരു ഉപ്പുതൂണായിത്തീർന്നു. അനുസരണയില്ലാത്ത വർക്ക് ഒരു മാതൃകയായി അവൾ ഇന്നും അങ്ങനെതന്നെ നിൽക്കുന്നു (ഉല്പ 19:26). എല്ലാം ഉപേക്ഷിക്കുക എന്ന ഉറച്ച തീരുമാനത്തിൽ നിന്നും നമ്മെ പിന്നോട്ട് വലിക്കുന്ന ശീലങ്ങളുടെ പ്രതീകമാണ് അവൾ.

ദേവാലയത്തിൽ പ്രവേശിക്കുന്ന ഒരാളും പ്രാർത്ഥനയ്ക്കുശേഷം താൻ പ്രവേശിച്ച വാതിലിലൂടെ ഇറങ്ങിപ്പോകരുതെന്നും എതിർദിശയിലുള്ള വാതിലിലൂടെ മാത്രമേ പുറത്തേക്കു പോകാവൂ എന്നുമുള്ള കല്പനയുടെ അർത്ഥം നിങ്ങൾക്ക് അറിയാമോ? പരിശുദ്ധിയിലേക്കു നയിക്കുന്ന പാതയിൽനിന്നും തിരിഞ്ഞു നടക്കാൻ സംശയങ്ങളെ നാം അനുവദിക്കരുതെന്നാണ് അതിന്റെ അർത്ഥം. എന്നാൽ പിന്നിലുപേക്ഷിച്ചുപോന്നതിനെക്കുറിച്ച് വീണ്ടും വീണ്ടും ചിന്തിക്കുന്നതിലൂടെ നാം വിശുദ്ധിയിൽനിന്നുമകന്ന് പാപങ്ങളിലേക്ക് മടങ്ങിപ്പോകുന്നു. നമ്മുടെയുള്ളിലെ നന്മയിലേക്ക് സഞ്ചരിക്കുന്നതിനു പകരം പഴയ ശീലങ്ങളിലേക്ക് വീണുപോകുന്നത് ഭയങ്കരമാണ്. പഴയ ശീലങ്ങൾ നമ്മുടെ 'രണ്ടാം ഭാവമായി' മാറുന്നു; ഇതു മാറ്റിയെടുക്കുക വിഷമമാണ്. പരിശ്രമത്തിന്റെ ഫലമായി ചെറിയ മാറ്റം ഉണ്ടാകാമെങ്കിലും വീണ്ടും അത് നിങ്ങളുടെമേൽ ആധിപത്യം ഉറപ്പിക്കുന്നു. ദീർഘകാലത്തെ പ്രയത്നത്തിലൂടെ പഴയ ശീലങ്ങൾ ഉപേക്ഷിക്കുകയും ലൗകികജീവിതം ഉപേക്ഷിക്കുന്നതിലൂടെ നാം ആദ്യം സ്വായത്തമാക്കിയ നന്മയിലേക്ക് തിരിച്ചെത്തുകയും ചെയ്താൽ മാത്രമേ നമുക്ക് മോചനം സാദ്ധ്യമാകുകയുള്ളൂ.

പഴയ ശീലങ്ങൾക്കു കീഴടങ്ങുകയും യഥാർത്ഥ സത്യത്തിന്റെ അംശംപോലുമില്ലാത്ത ഭൗതികവസ്തുക്കളിൽ താല്പര്യം കാണിക്കുകയും ചെയ്യുന്ന ആത്മാവ് ലാബാന്റെ വിഗ്രഹങ്ങൾക്കു മേൽ കയറിയിരുന്ന റാഹേലിനെപ്പോലെയാണ്; തന്നെ യാഥാർത്ഥ്യത്തിലേക്കു നയിക്കുന്ന വാക്കുകൾ ശ്രദ്ധിക്കാതെ അത് റാഹേലിനെപ്പോലെ ഇങ്ങനെ പറയുന്നു: 'ഈ സമയത്ത് എനിക്ക് അങ്ങയുടെ

www.malankaralibrary.com

മുമ്പിൽ എഴുന്നേറ്റു നിൽക്കാനാവില്ല' (ഉല്പ 31:35). ഭൗതികവസ്തുക്കളിൽ മുഴുകുന്ന ആത്മാവ് യഥാർത്ഥത്തിൽ വിഗ്രഹങ്ങൾക്കു മേൽ ഇരിക്കുകയാണ്. അതിൽത്തന്നെ സത്തയില്ലെങ്കിലും മനുഷ്യന്റെ കരവേല ഈ വിഗ്രഹങ്ങൾക്ക് സത്ത പ്രദാനം ചെയ്യുന്നു. സമ്പത്ത്, പ്രശസ്തി തുടങ്ങി അർത്ഥശൂന്യമായവയൊക്കെ മനുഷ്യരുടെ വിശ്വാസത്തിൽ പ്രധാനപ്പെട്ടവയായിത്തീരുന്നു. അവ യാഥാർത്ഥ്യമാണെന്നു തോന്നിച്ചേക്കാമെങ്കിലും അങ്ങനെയല്ല, അവ മാറ്റത്തിനു വിധേയമാണ്; അവയെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടാണ് അവയ്ക്ക് മഹത്ത്വം നല്കുന്നത്. ശരീരത്തിന് നിസ്സാരമായ ആവശ്യങ്ങൾ മാത്രമാണുള്ളത്. എന്നാൽ നമ്മുടെ ഭാവനയാണ് അവയെ ആഡംബരങ്ങളിലേക്ക് നയിക്കുന്നത്; വിവിധ രുചികളിലുള്ള ഭക്ഷണവസ്തുക്കൾ നാം കഴിക്കുന്നു; വിലയേറിയ വസ്ത്രങ്ങൾ നാം ധരിക്കുന്നു; ആരെങ്കിലും നമ്മെ കുറ്റപ്പെടുത്തിയാൽ ഔചിത്യത്തിന്റെ പേരിലാണ് ഇങ്ങനെയൊക്കെ ചെയ്യുന്നതെന്ന് നാം അവകാശപ്പെടുന്നു. യഥാർത്ഥമല്ലാത്തവയ്ക്കുവേണ്ടിയല്ലേ നാം ഇങ്ങനെയൊക്കെ കാട്ടിക്കൂട്ടുന്നത്?

'ബിംബങ്ങൾക്കുമേൽ ഇരിക്കുന്ന' ആത്മാവിനെക്കുറിച്ചാണ് നാം സംസാരിച്ചുകൊണ്ടിരുന്നത്. ലൗകികവസ്തുക്കളിൽ താല്പര്യമുള്ള ആത്മാവ് സത്യത്തെയല്ല സേവിക്കുന്നത്; വസ്തുക്കളുടെ യാഥാർത്ഥ്യത്തെ അത് മലിനമാക്കുന്നു. ആർത്തവമാലിന്യത്താലെന്നപോലെ അത് അശുദ്ധമാണ്. ശരിയായത് പ്രവർത്തിക്കുന്നതിൽ വീഴ്ച സംഭവിക്കുക, സുഖത്തിൽ താല്പര്യം കാണിക്കുക എന്നിവയെ സൂചിപ്പിക്കുവാനായി തിരുലിഖിതം 'ഇരിക്കുക' എന്ന പദം ഉപയോഗിക്കുന്നു. 'ദാരിദ്ര്യത്താലും ചങ്ങലയാലും ബന്ധിതരായി ഇരുളിലും മരണത്തിന്റെ നിഴലിലുമിരിക്കുന്നവർ' എന്ന പ്രയോഗം ശരിയായത് ചെയ്യുന്നതിലൂടെ വീഴ്ചയെ സൂചിപ്പിക്കുന്നു (യശ 9:2; സങ്കീ 107:10); എന്തെന്നാൽ ചങ്ങലയും ഇരുട്ടും പ്രവൃത്തിയിൽനിന്നു നമ്മെ തടയുന്നു. ഈജിപ്തിലേക്ക് തിരിഞ്ഞുനോക്കി ഇങ്ങനെ പറഞ്ഞവർ സുഖമാഗ്രഹിക്കുന്നവരാണ്: 'ഇറച്ചി നിറച്ച കുടങ്ങൾക്കരുകിലിരുന്ന് ആവശ്യാനുസരണം ഭക്ഷിച്ച കാര്യം ഞങ്ങൾ ഓർമ്മിച്ചു' (പുറ 16:3); സുഖങ്ങളിലുള്ള താല്പര്യവും ഭോജനപ്രിയവും വച്ചുപുലർത്തുന്നവർ യഥാർത്ഥത്തിൽ ഇറച്ചി നിറച്ച കുടങ്ങൾക്കരികിലിരിക്കുന്നു. ഭോജന

www.malankaralibrary.com

പ്രിയം സുഖത്തിലുള്ള താല്പര്യത്തെയും മറ്റു വികാരങ്ങളെയും ക്ഷണിച്ചുവരുത്തുന്നു. മറ്റെല്ലാ വികാരങ്ങളും തഴച്ചുവളരുന്നത് ഈ ഒരു വേരിൽനിന്നുമാണ്. മറ്റു വികാരങ്ങൾ, ക്രമേണ മാതൃവൃക്ഷ ത്തിനു ചുറ്റുമായി പടർന്നു പന്തലിച്ചു വളരുന്ന ശാഖകളെന്നപോലെ ആകാശം മുട്ടിനിൽക്കത്തക്കവണ്ണം തിന്മയുടെ ശാഖകളെ വളർത്തി വലുതാക്കുന്നു.

അത്യാഗ്രഹം, കോപം, നിരാശ എന്നിവ ഭോജനപ്രിയത്തിന്റെ അനന്തരഫലങ്ങളാണ്. ഭോജനപ്രിയന് അവന്റെ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്താൻ -അത് ഒരിക്കലും സാദ്ധ്യമല്ലെങ്കിൽപ്പോലും- കൂടുതൽ പണം ആവശ്യമായിവരുന്നു. അതു നേടിയെടുക്കുന്നതിനെ തടയുന്നവർക്കെതിരെ അയാൾക്ക് കോപമുണ്ടാകുന്നു. ആഗ്രഹി ക്കുന്നത് സാധിക്കാതെവരുമ്പോൾ കോപത്തിൽനിന്ന് നിരാശയും ഉളവാകുന്നു. 'നെഞ്ചും വയറും നിലത്തിഴച്ചുകൊണ്ട്' സഞ്ചരിക്കുന്ന പാമ്പിനെപ്പോലെയാണ് അയാൾ (ഉല്പ 3:14). സുഖജീവിതത്തി നാവശ്യമായ പണം ലഭിക്കുമ്പോൾ അയാൾ വയറിന്റെ മേലാണ് സഞ്ചരിക്കുന്നത്; അതു കിട്ടാതെ വരുമ്പോൾ, കോപത്തിന്റെ ഇരിപ്പിടമായ നെഞ്ചാണ് അയാളുടെ സഞ്ചാരപഥം. സുഖജീവിതം ആഗ്രഹിക്കുന്നവർക്ക് അതു കിട്ടാതെ വരുമ്പോൾ കോപവും നിരാശയുമുണ്ടാകും. ഇതിനാലാണ് പുരോഹിതന്മാർ നെഞ്ച് മറയ്ക്കുന്ന പ്രത്യേക മേൽവസ്ത്രം ധരിക്കണമെന്ന് മോശ നിർദ്ദേ ശിച്ചത്, കോപത്തെ വിവേകംകൊണ്ട് നിയന്ത്രിക്കണമെന്നാണ് ഇതിന്റെ സൂചന; ഈ മേൽവസ്ത്രത്തിന് 'ന്യായവിധിയുടെ മേൽവസ്ത്രം' എന്നാണു പേര് (പുറ 28:15). പുരോഹിതൻ പരി പൂർണ്ണനല്ലാത്തതിനാൽ കോപമെന്ന വികാരത്തെ വിവേകം ഉപയോഗിച്ച് എല്ലായ്പ്പോഴും നിയന്ത്രിക്കണം. കോപത്തിൽനിന്നു മുക്തി നേടി പരിപൂർണ്ണതയാർജ്ജിച്ച മോശയാകട്ടെ, ഒരിക്കലും ഈ മേൽവസ്ത്രം ധരിച്ചിരുന്നില്ല; എന്നുമാത്രമല്ല ആലങ്കാരികമായി പറഞ്ഞാൽ സ്വന്തം നെഞ്ചെന്നപോലെ അദ്ദേഹം അവ എടുത്തുമാറ്റി. വിശുദ്ധഗ്രന്ഥം ഇങ്ങനെ പറയുന്നു: 'മോശ നെഞ്ചെടുത്ത് ദൈവത്തിന് ബലിയായി സമർപ്പിച്ചു' (ലേവ്യ 8:29). എന്നാൽ കോപത്തെ പൂർണ്ണ മായി ഒഴിവാക്കാനോ വിവേകത്തിൽ അതിനെ നിയന്ത്രിക്കാനോ കഴിയാതെ കഠിനപരിശ്രമംകൊണ്ട് മാത്രം അതിന്മേൽ വിജയം

www.malankaralibrary.com

വരിക്കുന്നവരുമുണ്ട്. 'സ്വന്തം കൈകൊണ്ട്' നെഞ്ചെടുത്ത് മാറ്റുന്ന വരെന്നാണ് അവരെപ്പറ്റി പറയപ്പെട്ടിരിക്കുന്നത്, കഠിനാദ്ധ്വാനത്തെ യാണ് കൈകൾ സൂചിപ്പിക്കുന്നത്. സുഖജീവിതം നയിക്കുന്നവരെ ക്കുറിച്ച് 'വയറിന്മേൽ സഞ്ചരിക്കുന്നവ'രെന്നു പറയുന്നതും സത്യം തന്നെ; വയറാണല്ലോ എല്ലാ സുഖഭോഗചിന്തകളുടെയും കാരണം. ആദ്യം വയറുനിറയ്ക്കാനും അതു കഴിഞ്ഞാൽ മറ്റു സുഖങ്ങൾ തേടി പ്പോകാനുമാണ് മനുഷ്യരുടെ താല്പര്യം. എന്നാൽ വയറു നിറയാ തിരുന്നാൽ അവയ്ക്ക് ശമനം ഉണ്ടാകുന്നു.

പരിപൂർണ്ണത നേടിയവനും പുരോഗതിയിലേക്ക് നടന്നടുത്തു കൊണ്ടിരിക്കുന്നവനും തമ്മിലുള്ള വ്യത്യാസം സൂചിപ്പിക്കുന്ന മറ്റൊരു ഉദാഹരണം പറയാം. ഭക്ഷണസുഖം പൂർണ്ണമായും ഉപേക്ഷിച്ച മോശ 'വയറും പാദങ്ങളും വെള്ളം ഉപയോഗിച്ചു കഴുകി' (ലേവ്യ 8:21). വയറ് സുഖങ്ങളെയും പാദം ഒരുവന്റെ പുരോഗതിയെയും സൂചിപ്പിക്കുന്നു. പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരാൾ വയറിന്റെ ഉൾഭാഗം കഴുകുന്നു വെങ്കിലും വയറ് പൂർണ്ണമായി കഴുകുന്നില്ല; ഈ ഭാഗത്ത് പറഞ്ഞിരി ക്കുന്നത് 'അവർ കഴുകണം' എന്നല്ല മറിച്ച് 'അവൻ കഴുകി' എന്നാണ്. ആദ്യത്തേത് ബോധപൂർവ്വമായ വൃത്തിയാക്കലിനെയും രണ്ടാമത്തേത് കല്പന അനുസരിക്കുന്നതിനെയും സൂചിപ്പിക്കുന്നു. പരിപൂർണ്ണനായ ഒരാൾ സ്വന്തം ഇച്ഛാനുസരണമാണ് സദ്പ്രവൃത്തികൾ ചെയ്യുന്നത്. എന്നാൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ആളാകട്ടെ, തന്റെ മേലധി കാരിയുടെ കല്പന അനുസരിക്കുന്നു. നെഞ്ച് എടുത്തുമാറ്റാൻ അയാൾക്കു കഴിഞ്ഞേക്കാം. എന്നാൽ വയറ് എടുത്തുമാറ്റുന്നതിനു പകരം അത് കഴുകുക മാത്രമാണ് അയാൾ ചെയ്യുന്നത്. വിവേക ശാലിയായ ഒരാൾക്ക് കോപത്തെ നിശ്ശേഷം ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞാലും ഭക്ഷണം പൂർണ്ണമായി ഉപേക്ഷിക്കാനാവില്ല. എന്തെ ന്നാൽ മിതമായ തോതിൽ ഭക്ഷണം ഉപയോഗിക്കാൻ കഠിന താപസനെപ്പോലും പ്രകൃതം നിർബ്ബന്ധിക്കുന്നു.

ആത്മാവ്, മനസ്സിന്റെ യഥാർത്ഥവും ദൃഢവുമായ നിയന്ത്രണ ത്തിന് വിധേയമാകാതെ സുഖഭോഗങ്ങളാൽ കലുഷിതമാകുമ്പോൾ വയറിന് പ്രാധാന്യം ലഭിക്കുന്നു. ശരീരത്തിന് ആവശ്യമുള്ളത് കിട്ടിയാലും ആഗ്രഹങ്ങൾ അവസാനിക്കുന്നില്ല. വയറ് വീർത്തു വരുന്നതിനനുസരിച്ച് കാലുകൾ ശോഷിക്കുന്നു (സംഖ്യ 5:22),

www.malankaralibrary.com

സ്വാദിഷ്ഠമായ ഭക്ഷണപദാർത്ഥങ്ങൾ കഴിക്കുന്തോറും നന്മ തിരിച്ചറിയാനുള്ള കഴിവ് നഷ്ടപ്പെട്ട് മനസ്സിന്റെ ആത്മീയപ്രയത്നം ശോഷിക്കുന്നു. ഈ ആത്മീയപ്രയത്നത്തെയാണ് കാലുകൾ ശോഷിക്കുന്നു എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

സുഖജീവിതം ആഗ്രഹിക്കുന്ന ഒരുവൻ വിഷയാസക്തിയിൽ മുഴുകിക്കഴിയുന്നു. എന്നാൽ ഒരുവൻ ആത്മീയജീവിതം നയിക്കാൻ ഒരുങ്ങുമ്പോൾതന്നെ മികച്ച ഭക്ഷണങ്ങളെല്ലാം ഉപേക്ഷിച്ച് വയറ് കുറയ്ക്കാൻ തയ്യാറാകണം. തന്റെ ആവശ്യത്തിൽ കവിഞ്ഞതെല്ലാം ഉപേക്ഷിക്കുന്നതുവഴി പുരോഗതി നേടിക്കൊണ്ടിരിക്കുന്ന ആൾ വയറിന്റെ ഉൾഭാഗം കഴുകുകയും, പൂർണ്ണതയിൽ എത്തിക്കഴിഞ്ഞവൻ വയറ് പൂർണ്ണമായും കഴുകുകയും ചെയ്യുന്നു. എന്നാൽ വിഷയസുഖങ്ങളിൽ തല്പരനായിക്കഴിയുന്ന ഒരാളെക്കുറിച്ച് നെഞ്ചിന്മേലും വയറിന്മേലും 'സഞ്ചരിക്കുന്നവൻ' എന്ന പദമാണ് തിരുലിഖിതത്തിലും ഉപയോഗിച്ചിരിക്കുന്നത് (ഉല്പ 3:14). ഏകാഗ്രതയും ശാന്തതയുമുള്ളവരുടെയല്ല മറിച്ച്, പ്രക്ഷുബ്ധരും അസ്വസ്ഥരുമായവരുടെ സ്വഭാവ വിശേഷമാണ് സുഖലോലുപത.

കോപത്തെക്കാളും നിരാശയെക്കാളും അധികം അമിതഭക്ഷണവുമായി ബന്ധമുള്ളത് കാമാസക്തിക്കാണ്. ശരീരഘടനയിൽതന്നെ ഇതു വ്യക്തമാണല്ലോ. വിശന്നിരിക്കുന്നവന് കാമാസക്തി കുറയുകയും വയറു നിറയുന്നതനുസരിച്ച് അത് വർദ്ധിക്കുകയും ചെയ്യുന്നു.

വികാരങ്ങളെ പരിപോഷിപ്പിക്കുന്നതിനോടൊപ്പംതന്നെ അമിതഭക്ഷണം എല്ലാ നന്മയെയും നശിപ്പിക്കുന്നു. അമിതഭക്ഷണത്തിന് പരമപ്രാധാന്യം കിട്ടുന്നതോടെ അത് ആത്മനിയന്ത്രണം, മിതത്വം, ധൈര്യം തുടങ്ങിയ സദ്ഗുണങ്ങൾ ഇല്ലായ്മ ചെയ്യുന്നു. യിരമ്യ പറയുന്നത് ശ്രദ്ധിക്കുക: 'ബാബിലോണിയക്കാരുടെ പ്രധാന പാചകക്കാരൻ ജറുസലേമിനു ചുറ്റുമുള്ള മതിൽ ഇടിച്ചുതകർത്തു' (2 രാജാ 25:9,10; യിരെ 52:14) ഇവിടെ പ്രധാന പാചകക്കാരൻ ഭോജനപ്രിയമാകുന്ന വികാരത്തെ സൂചിപ്പിക്കുന്നു. വിവിധ മാർഗ്ഗങ്ങളിലൂടെ വയറിനെ തൃപ്തിപ്പെടുത്താനാണ് പ്രധാന പാചകക്കാരനും അമിതഭക്ഷണക്കാരനും ഒരുപോലെ ശ്രമിക്കുന്നത്. നന്മകളുടെ കോട്ടയെ സ്വാദിഷ്ഠമായ ഭക്ഷണങ്ങൾ തകർത്തുകളയുന്നു. സോസുകൾ, മസാലക്കൂട്ടുകൾ എന്നിവ സദ്ഗുണങ്ങളുടെ ബലിഷ്ഠമായ കോട്ടയെ

www.malankaralibrary.com

തകർക്കുന്ന യന്ത്രങ്ങളാണ്. സുഖലോലുപത നന്മകളെ നശിപ്പിക്കുമ്പോൾ മിതമായ ഭക്ഷണമാകട്ടെ ദുർഗുണങ്ങളെയാണ് നശിപ്പിക്കുന്നത്. പാചകകലയിലൂടെ വിഷയസുഖം വർദ്ധിപ്പിച്ച് ബാബിലോണിയാക്കാരുടെ പ്രധാന പാചകക്കാരൻ ജറുസലേം മതിൽ തകർത്തതുപോലെ, (ജറുസലേമിന്റെ അർത്ഥം സമാധാനം അനുഭവിക്കുന്ന ആത്മാവ് എന്നാണ്) സ്വപ്നത്തിൽ, ഇസ്രായേൽ ജനതയുടെ ബാർലികൊണ്ട് ഉണ്ടാക്കിയ റൊട്ടി കുന്നിൻചെരുവിലൂടെ ഉരുണ്ടു വന്ന് മിദിയാൻകാരുടെ കൂടാരം തകർത്തുകളഞ്ഞു (ന്യായാ 7:13); സ്ഥിരമായി പാലിച്ചുപോരുന്ന മിതമായ ഭക്ഷണത്തിന് കാലക്രമേണ കാമാസക്തിയെ ഇല്ലാതാക്കാൻ കഴിയും. മിദിയാൻകാർ ചാരിത്ര ഭംഗത്തിന്റെ പ്രതീകമാണ്, അവരാണ് ഇസ്രായേലിലെ ചെറുപ്പക്കാരെ വഴിതെറ്റിച്ചത് (സംഖ്യ 31:9). മിദിയാൻകാർക്ക് കൂടാരങ്ങളേ ഉണ്ടായിരുന്നുള്ളൂ. ജറുസലേമിനാകട്ടെ ഉറപ്പുള്ള മതിലും. നന്മയുൾക്കൊള്ളുന്ന എല്ലാ വസ്തുക്കളും സുദൃഢങ്ങളാണ്, എന്നാൽ തിന്മയുൾക്കൊള്ളുന്നവയാകട്ടെ, കൂടാരങ്ങൾപോലെ പുറംമോടികളും ഭാവനകളുമാണ്.

അങ്ങനെയുള്ള തിന്മയിൽനിന്നും രക്ഷനേടുന്നതിനുവേണ്ടിയാണ് വിശുദ്ധന്മാർ നഗരങ്ങൾ ഉപേക്ഷിക്കുകയും ആളുകളുമായുള്ള കൂടിക്കാഴ്ച ഒഴിവാക്കുകയും ചെയ്തത്. എന്തെന്നാൽ ആളുകളെ കാണുകയും അവരുമായി ഇടപഴകുകയും ചെയ്യുന്നത് പകർച്ചവ്യാധികളെക്കാളധികമായി തങ്ങളെയും ബാധിക്കുമെന്ന് ആ മഹാന്മാർക്ക് അറിയാമായിരുന്നു. അതിനാലാണ് തങ്ങളുടെ തോട്ടങ്ങൾ ആടുകൾക്ക് മേച്ചിൽപുറങ്ങളാകാൻ വിട്ടുകൊടുത്തിട്ട് യാതൊരു ലാഭേച്ഛയുമില്ലാതെ അവർ ദൂരസ്ഥലങ്ങളിലേക്ക് പോയത്. ഏലിയ യൂദയാ ഉപേക്ഷിച്ച് കർമ്മേൽ മലയുടെ മുകളിലേക്ക് പോയതും ഇക്കാരണത്താൽതന്നെ (1 രാജാ 18:19). ആ വിജനപ്രദേശത്ത് വന്യമൃഗങ്ങൾ ധാരാളമുണ്ടായിരുന്നു. അവിടെ ഭക്ഷണവസ്തുക്കൾ ഉണ്ടായിരുന്നില്ല. അതിനാൽ കായ്കനികൾ ഭക്ഷിച്ചാണ് അദ്ദേഹം അവിടെ കഴിഞ്ഞുകൂടിയത്. തന്റെ ഗുരുവിന്റെ മാതൃക പിന്തുടർന്ന് എലീശയും ഏകാന്തവാസം തിരഞ്ഞെടുത്തു (2 രാജാ 2:25). യോഹന്നാനും ജോർദ്ദാനു സമീപത്തുള്ള വിജനപ്രദേശത്ത് വെട്ടുക്കിളികളും കാട്ടുതേനും കഴിച്ചാണ് ജീവിച്ചിരുന്നത് (മർക്കോ 1:6); സ്വാദിഷ്ഠ

www.malankaralibrary.com

മായ ഭക്ഷണങ്ങൾക്കു പകരം ഏത് നിസ്സാര വസ്തുവും കഴിച്ച് വിശപ്പടക്കാമെന്ന് അദ്ദേഹം നമുക്ക് കാട്ടിത്തന്നു. സുഖലോലുപതയുടെ പേരിൽ അദ്ദേഹം നമ്മെ ശകാരിക്കുകയും ചെയ്തു. അന്നന്നേക്കുള്ള മന്നാ മാത്രമേ ഓരോ ആളും ശേഖരിക്കാൻ പാടുള്ളൂ എന്ന ആജ്ഞയിലൂടെ എക്കാലവും പാലിക്കേണ്ട ഒരു നിയമമാണ് മോശ നല്കിയത് (പുറ 16:16,17). നാളത്തേക്കുവേണ്ടി ഒന്നും കരുതിവയ്ക്കരുതെന്നും അതതു ദിവസത്തേക്ക് ആവശ്യമുള്ളതു മാത്രമേ നാം ആഗ്രഹിക്കാവൂ എന്നുമാണ് അദ്ദേഹം ഉപദേശിച്ചത്. എന്തു കിട്ടുന്നുവോ അത് കഴിക്കുകയും ദൈവം തങ്ങൾക്ക് ആഹാരം തന്നു കൊള്ളുമെന്ന് വിശ്വസിക്കുകയും ചെയ്യാൻ ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യർ ബാദ്ധ്യസ്ഥരാണെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. ഭാവിയിലേക്കുവേണ്ടി കരുതിവയ്ക്കുന്നതിലൂടെ ദൈവത്തിന്റെ വരദാനങ്ങളിലുള്ള വിശ്വാസക്കുറവും മാനവകുലത്തിന്മേലുള്ള അനുഗ്രഹവർഷം അവിടുന്ന് അവസാനിപ്പിക്കുമോ എന്നുള്ള ഭയവുമാണ് പ്രകടമാകുന്നത്.

ഇക്കാരണത്താലാണ് വിശുദ്ധർ ജനവാസപ്രദേശങ്ങൾ ഉപേക്ഷിച്ച് 'ചെമ്മരിയാടുകളുടെയും കോലാടുകളുടെയും തോലു ധരിച്ച് നിസ്സഹായരും വേദനിക്കുന്നവരും പീഡിതരും ആയി വനത്തിലും മലകളിലും ഗുഹകളിലും മാളങ്ങളിലുമായി അലഞ്ഞുനടന്നത്. അവരെ സ്വന്തമാക്കാനുള്ള യോഗ്യത ലോകത്തിനില്ലായിരുന്നു' (എബ്രാ 11:37,38). സുഖജീവിതം നയിക്കുന്ന ആളുകളുടെ കൗശലങ്ങളും നഗരങ്ങളുടെ അസ്വാഭാവികമായ രീതികളും തങ്ങളുടെ സ്വഭാവത്തെ മാറ്റിമറിക്കുന്നത് അവർ ഇഷ്ടപ്പെട്ടില്ല. പരിഷ്കൃത മനുഷ്യരെക്കാൾ നിരുപദ്രവകാരികളാണ് വന്യമൃഗങ്ങളെന്ന് അവർ വിശ്വസിച്ചു. അതിനാൽ അവയോടൊപ്പം വസിക്കാനാണ് അവർ ഇഷ്ടപ്പെട്ടത്. ചതിയന്മാരായ മനുഷ്യരെ അവർ ഒഴിവാക്കുകയും മൃഗങ്ങളെ സുഹൃത്തുക്കളായി സ്വീകരിക്കുകയും ചെയ്തു. മൃഗങ്ങൾ നമ്മെ പാപം ചെയ്യാൻ പഠിപ്പിക്കുന്നില്ല, പകരം വിശുദ്ധിയെ ആദരിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് മനുഷ്യർ ദാനിയേലിനെ കൊല്ലാൻ ശ്രമിച്ചപ്പോൾ സിംഹങ്ങൾ അദ്ദേഹത്തെ രക്ഷിച്ചത്. മനുഷ്യരുടെ വഞ്ചനയാൽ നീതിരഹിതമായി വിധിക്കപ്പെട്ടപ്പോൾ അവ അവനെ സംരക്ഷിച്ചു (ദാനി 6:16-23); മനുഷ്യരുടെ നീതിനിർവ്വഹണം

www.malankaralibrary.com

വഴിതെറ്റിയപ്പോൾ മൃഗങ്ങൾ അദ്ദേഹത്തിന്റെ നിരപരാധിത്വത്തെ പിന്താങ്ങി. ദാനിയേലിന്റെ വിശുദ്ധി മനുഷ്യരെ അസൂയാലുക്കളും കോപിഷ്ഠരുമാക്കിയപ്പോൾ വന്യമൃഗങ്ങളിൽ അത് ഭയഭക്തി ബഹുമാനങ്ങളാണ് ഉളവാക്കിയത്.

ആത്മീയപുരോഗതി നേടാൻ ആഗ്രഹിക്കുന്ന നാം പുണ്യവാളന്മാരുടെ വിശുദ്ധി നേടാൻ ശ്രമിക്കണം. നമുക്ക് ശാരീരികാവശ്യങ്ങളുടെ അടിമത്തത്തിൽനിന്ന് അകന്ന് സ്വാതന്ത്ര്യത്തെ പിന്തുടരാം. വിജനതയിൽ സ്വതന്ത്രമായി വിഹരിക്കുന്നതിനുവേണ്ടിയാണ് സ്രഷ്ടാവ് കാട്ടുകഴുതയെ സൃഷ്ടിച്ചത്. തന്നെ മേയിക്കുന്നവന്റെ ശകാരം അത് കൂട്ടാക്കുന്നില്ല. പട്ടണങ്ങളിലെ ആൾക്കൂട്ടത്തെ അത് പുച്ഛിക്കുന്നു (ഇയ്യോബ് 39:5-7). എന്നാൽ നാം അതിന്റെ പുറത്ത് ചുമട് ഏറ്റുകയും വികാരങ്ങളുടെയും പാപത്തിന്റെയും നുകം അതിന്റെ കഴുത്തിൽ വയ്ക്കുകയും ചെയ്യുന്നു. പ്രകൃത്യാ അവയുടെ യജമാനന്മാരല്ലെങ്കിൽപ്പോലും, വളരെക്കാലത്തെ പരിശീലനത്തിന്റെ ഫലമായി അവയെ നിയന്ത്രണാധീനമാക്കിയവരുടെ എതിർപ്പിനെ വകവയ്ക്കാതെ നമുക്കിപ്പോൾ അവനെ ബന്ധത്തിൽനിന്നും മോചിപ്പിക്കാം. കേവലം അധരങ്ങൾകൊണ്ടു മാത്രമല്ല, പിന്നെയോ സത്യസന്ധമായി, 'കർത്താവിന് അവനെക്കൊണ്ട് ആവശ്യമുണ്ട്' (മർക്കോ 11:3) എന്ന് നാം പറയുന്നതു കേൾക്കുമ്പോൾ അവർ ഉടൻതന്നെ അവനെ മോചിപ്പിക്കും. അപ്പോസ്തോലന്മാരുടെ കുപ്പായങ്ങളാൽ അലംകൃതനായി അവൻ ദിവ്യമായ ലോഗൊസിന്റെ (ദിവ്യവചനത്തിന്റെ) വാഹകനായിത്തീരും. പ്രകൃത്യായുള്ള അവന്റെ മേച്ചിൽപ്പുറത്തെത്തുമ്പോൾ, 'ഓരോ പച്ചപ്പും തിരയാൻ' അവനു കഴിയും. (ഇയ്യോബ് 39:8); പോഷണവും സന്തോഷവും നേടിയെടുത്തുകൊണ്ട്, വിശുദ്ധവചനത്തിന്റെ സമ്പത്ത് അനുഭവിക്കുകയും ജീവിതപരിപൂർണ്ണത സ്വായത്തമാക്കുകയും ചെയ്യുക എന്നാണ് ഇതിന്റെ അർത്ഥം. മരുപ്രദേശത്തെ ഉപ്പുഭൂമിയിൽ വസിക്കുവാനായി ദൈവത്താൽ സൃഷ്ടിക്കപ്പെട്ട കാട്ടുകഴുത എന്തുകൊണ്ടാണ് ഓരോ പച്ചപ്പും തിരഞ്ഞുനടക്കുന്നത്? അത്തരം പ്രദേശം ചെടികളുടെ വളർച്ചയ്ക്ക് അനുയോജ്യമല്ലല്ലോ. ഇതിനുള്ള മറുപടി ഇതാണ്: എവിടെയാണോ വികാരങ്ങളുടെ ഈർപ്പം വറ്റി ഒരു മരുഭൂമി രൂപം കൊള്ളുന്നത്, അവിടെ തിരുലിഖിതത്തിൽ ഉൾക്കൊള്ളുന്ന ആന്തരിക സത്യം കണ്ടെത്താനാകും.

www.malankaralibrary.com

നമുക്ക് ലൗകികവസ്തുക്കൾ ഉപേക്ഷിച്ച് ആത്മാവിന് നന്മ ചെയ്യുന്നതെന്താണോ അതിലേക്ക് നമ്മെത്തന്നെ ഉയർത്താം. നിസ്സാര വസ്തുക്കളിൽ ഭ്രമിച്ച് എത്രനാൾ നാം കഴിയും? കളിക്കോപ്പുകൾ എത്ര കാലത്തേക്ക് നമുക്ക് ആവശ്യമുണ്ട്? പ്രായപൂർത്തിയായ ഒരാളുടെ പക്വത നാം എന്നു നേടും? നാം ചെറിയ കുട്ടികളെക്കാൾ ദുർബ്ബ ലരാണ്. നമുക്ക് വലിയ കാര്യങ്ങളിലേക്ക് വളരാൻ കഴിയുന്നുമില്ല. കുട്ടികൾ വളരുന്നതോടെ നിസ്സാര കളിപ്പാട്ടങ്ങൾ ഉപേക്ഷിക്കുന്നു. പ്രായപൂർത്തിയെത്തുമ്പോൾ കളിപ്പാട്ടങ്ങളല്ല മറിച്ച്, ഗൗരവമുള്ള വിഷയങ്ങളാണ് അവരെ ആകർഷിക്കുന്നത്. എന്നാൽ നമ്മളാകട്ടെ, തികച്ചും പരിഹാസ്യമായ രീതിയിൽ ബാലിശമായ താല്പര്യങ്ങളി ലാണ് എക്കാലവും കുടുങ്ങിക്കിടക്കുന്നത്. കൂടുതൽ ശ്രേഷ്ഠമായ വിഷയങ്ങളിൽ താല്പര്യം കാണിക്കാൻ ശ്രമിക്കാതെ നിസ്സാര വസ്തു ക്കളിൽ തല്പരരായിക്കഴിയുന്നതിലൂടെ നാം മറ്റുള്ളവരാൽ പുച്ഛിക്ക പ്പെടുന്നു. മുതിർന്ന ഒരാളെ സംബന്ധിച്ച്, കുട്ടികളെപ്പോലെ മണ്ണിൽ പടംവരച്ചു കളിക്കുന്നത് ലജ്ജാവഹമാണ്. നിത്യനന്മയെ ലക്ഷ്യം വയ്ക്കുന്ന ഒരാൾ ഭൗതികവസ്തുക്കളുടെ ആകർഷണവലയത്തിൽ കുടുങ്ങി കിടക്കുന്നത് ഇതിലും ലജ്ജാവഹമാണ്. അനുചിതമായ പെരുമാറ്റത്തിലൂടെ അവർ തങ്ങളുടെ വിളിയെത്തന്നെ അപമാനത്തി ലാഴ്ത്തുന്നു.

നമുക്ക് ചുറ്റുമുള്ള വസ്തുക്കളെക്കുറിച്ചല്ലാതെ, കൂടുതൽ ശ്രേഷ്ഠമായ യാതൊന്നിനെക്കുറിച്ചും നമുക്ക് ചിന്തിക്കാൻ കഴിയു ന്നില്ല എന്നതാണ് ഇതിനു കാരണം. ലോകജീവിതത്തിലെ നിസ്സാര വസ്തുക്കളെക്കാൾ എത്രയോ വിശിഷ്ടമാണ് ആത്മീയജീവിതത്തിലെ നന്മകളെന്നു നാം മനസ്സിലാക്കുന്നില്ല. ലൗകികവസ്തുക്കൾ പുറം മോടിയാൽ നമ്മെ മയക്കുന്നു. യഥാർത്ഥത്തിൽ ശ്രേഷ്ഠമായിട്ടുള്ള വയുടെ അസാന്നിദ്ധ്യത്താൽ ഹീനമായവ ആദരിക്കപ്പെടുന്നു. എന്നാൽ ദിവ്യമായ ലോകത്തിന്റെ യാഥാർത്ഥ്യങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ കഴിഞ്ഞാൽ നാം ഒരിക്കലും ലൗകികസുഖങ്ങളാൽ പ്രലോഭിപ്പിക്കപ്പെടില്ല.

അതിനാൽ നമുക്ക് ലൗകികവസ്തുക്കളിൽനിന്നു പിന്മാറാൻ തയ്യാറാകാം. സമ്പത്ത്, ധനം തുടങ്ങി വിവേകത്തെ ഇല്ലായ്മ ചെയ്യുന്ന എല്ലാത്തിനെയും നമുക്ക് ഉപേക്ഷിക്കാം. നമ്മുടെ മനസ്സാകുന്ന

www.malankaralibrary.com

കപ്പലിൽനിന്നു ഭാരങ്ങൾ ഒഴിവാക്കുന്നതിലൂടെ നമുക്ക് യാത്ര കൂടുതൽ സുഗമമാക്കാം. കൊടുങ്കാറ്റിൽപ്പെടുമ്പോൾ നമുക്ക് നമ്മുടെ സാധനസാമഗ്രികളിൽ ഏറിയ പങ്കും കടലിലേക്ക് വലിച്ചെറിയാം, അപ്പോൾ നമ്മുടെ നാവികനാകുന്ന മനസ്സിന് അതിന്റെ ചിന്തകളോടു കൂടെ രക്ഷപ്രാപിക്കാൻ സാധിക്കും. കടലിൽ യാത്ര ചെയ്യുന്നവർ കൊടുങ്കാറ്റിൽപെടുമ്പോൾ ആദ്യം ചെയ്യുന്നത്, തങ്ങളുടെ വില്പന ച്ചരക്കുകൾ കടലിലേക്ക് എറിയുക എന്നതാണ്. കാരണം അതിനേ ക്കാൾ വിലപ്പെട്ടതാണല്ലോ അവരുടെ ജീവൻ. എന്തുകൊണ്ട് നാം അവരുടെ പാത പിന്തുടരുന്നില്ല? ഉന്നതമായ ജീവിതം കൈവരിക്കു ന്നതിനുവേണ്ടി നമ്മുടെ ആത്മാവിനെ ആഴങ്ങളിലേക്ക് വലിച്ചിഴയ്ക്കു ന്നവയെ എന്തുകൊണ്ട് നാം അവഗണിക്കുന്നില്ല? കടലിൽ മുങ്ങിച്ചാകു മെന്ന ഭയത്തേക്കാൾ നിസ്സാരമാണോ ദൈവഭയം? ഈ ലോകജീവിത ത്തിൽനിന്നും വേർപെടാൻ ആഗ്രഹിക്കാത്തവർ തങ്ങളുടെ വസ്തു വകകളുടെ നാശം ഒരു വലിയ കാര്യമായി പരിഗണിക്കുന്നില്ല. എന്നാൽ, നിത്യജീവിതം അന്വേഷിക്കുന്നു എന്ന അവകാശവാദം ഉന്നയിക്കുന്ന നമ്മളാകട്ടെ, നിസ്സാരവസ്തുക്കളെപ്പോലും നിസ്സം ഗതാഭാവത്തോടെ നോക്കുന്നില്ല, മറിച്ച് വസ്തുവകകൾ ഇല്ലാതെ രക്ഷപെടുന്നതിലും ഉപരിയായി അവയോടൊപ്പം നശിക്കാൻ ഇഷ്ട പ്പെടുന്നു.

നമുക്കുള്ളതെല്ലാം ഉരിഞ്ഞുകളയാം, എന്തെന്നാൽ എല്ലാം ഉരിഞ്ഞുകളഞ്ഞിട്ടാണ് ശത്രു നമ്മുടെ മുമ്പിൽ നിൽക്കുന്നത്. കായികമത്സരങ്ങളിൽ പങ്കെടുക്കുന്നവർ വസ്ത്രങ്ങൾ പൂർണ്ണമായും ധരിക്കുന്നുണ്ടോ? ഒരിക്കലുമില്ല. കളിയുടെ നിയമം അനുശാസി ക്കുന്നത് നഗ്നരായി വേണം മത്സരത്തിൽ പങ്കെടുക്കാനെന്നാണ്. ചൂടു കാലമോ തണപ്പുകാലമോ ആകട്ടെ വസ്ത്രങ്ങൾ അഴിച്ചുവെച്ചിട്ടാണ് അവർ കളിക്കളത്തിലേക്ക് വരുന്നത്. വസ്ത്രങ്ങൾ അഴിച്ചുമാറ്റാൻ തയ്യാറാകാത്ത ഒരാൾക്ക് കളിയിൽ പങ്കെടുക്കാനുമാവില്ല. നമ്മളും കായികാഭ്യാസികളാണെന്ന് അവകാശപ്പെടുന്നു. ദൃശ്യരായ ഏതൊരു ശത്രുവിനെയുംകാൾ അനേകമടങ്ങ് വൈദഗ്ദ്ധ്യമുള്ള ശത്രുക്കൾ ക്കെതിരെയാണ് നാം പോരാടുന്നത്. അതിശക്തന്മാരായ അദൃശ്യ ശക്തികൾക്കെതിരെ മത്സരിക്കുമ്പോൾ വസ്ത്രങ്ങൾ അഴിച്ചുമാറ്റു ന്നതിനു പകരം നിരവധി ഭാരങ്ങൾ ചുമലിലേറ്റിക്കൊണ്ട് മത്സരത്തിൽ

www.malankaralibrary.com

പങ്കെടുക്കുന്ന നാം ശത്രുവിന്റെ വിജയസാദ്ധ്യത വർദ്ധിപ്പിക്കുകയാണ്. എല്ലാ വശത്തുനിന്നും മുറിവേല്പിക്കപ്പെടുന്നതിനാൽ, ഭൗതികവസ്തുക്കളുടെ ഭാരം പേറുന്ന ഒരാൾക്ക് എങ്ങനെയാണ് ആത്മീയദുഷ്ടതയ്ക്കെതിരെ പോരാടാൻ കഴിയുന്നത് (എഫേ 6:12)? സമ്പത്തിന്റെ ഭാരത്താൽ നിലത്തുവീണുപോയ ഒരുവൻ എങ്ങനെയാണ് അത്യാഗ്രഹത്തിന്റെ പിശാചിനെതിരെ പൊരുതുന്നത്? ലൗകികവ്യഗ്രതകളാകുന്ന ഉടയാടകൾ അണിഞ്ഞ ഒരാൾക്ക് എങ്ങനെയാണ് മറ്റ് യാതൊരു ചിന്തകളുമില്ലാത്ത പിശാചുക്കളോട് മത്സരിക്കാനാവുന്നത്? വിശുദ്ധഗ്രന്ഥം ഇങ്ങനെ പറയുന്നു: 'ആ ദിവസം നഗ്നരായവരായിരിക്കും വേഗത്തിൽ ഓടുന്നത്' (ആമോ 2:16). പണത്തെയും ഭൗതികസുഖങ്ങളെയുംകുറിച്ചുള്ള ആകുലതകളാൽ തടയപ്പെടുന്നവനല്ല, നഗ്നനായവനാണ് ഇങ്ങനെ ഓടാൻ സാധിക്കുന്നത്.

നഗ്നനായ ഒരാളെ പിടിക്കുക എളുപ്പമല്ല, ഒരുപക്ഷേ അത് സാദ്ധ്യവുമല്ല. ജോസഫ് നഗ്നനായിരുന്നുവെങ്കിൽ ഈജിപ്തുകാരിയായ സ്ത്രീക്ക് അദ്ദേഹത്തെ പിടിച്ചുനിർത്താൻ സാധിക്കുമായിരുന്നില്ല. എന്തെന്നാൽ ജോസഫിന്റെ വസ്ത്രങ്ങളിൽ പിടികൂടിയിട്ടാണ്, 'എന്നോടൊപ്പം ശയിക്കുക' എന്ന് അവൾ പറഞ്ഞത് (ഉല്പ 39:12). വിഷയസുഖങ്ങൾ നമ്മിലേക്ക് കടന്നുകൂടാനും നമ്മെ വലിച്ചിഴയ്ക്കാനും ഉപയോഗിക്കുന്ന ഭൗതികവസ്തുക്കളാണ് 'വസ്ത്രങ്ങൾ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അവ ധരിക്കുന്നവനാകട്ടെ, അവന്റെ ഹിതാനുസാരമല്ലെങ്കിൽപ്പോലും അവയാൽതന്നെ കീഴടക്കപ്പെടുകയും ചെയ്യുന്നു. തന്റെ ശരീരത്തിന് വസ്ത്രങ്ങൾ ആവശ്യമായിത്തീരുന്നതിനാലാണ് താൻ വിഷയസുഖങ്ങളിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നത് എന്നു മനസ്സിലാക്കിയ ജോസഫ്, വസ്ത്രങ്ങൾ ഊരിയെറിഞ്ഞശേഷം ഓടിപ്പോയി. താൻ വസ്ത്രങ്ങൾ ധരിച്ചിരുന്നുവെങ്കിൽ ബലപ്രയോഗംമൂലം അവളുടെ ഇച്ഛയ്ക്ക് വഴങ്ങേണ്ടിവരുമെന്ന് ജോസഫ് തിരിച്ചറിഞ്ഞതിനാലാണ് ഇങ്ങനെ ചെയ്തത്. അതിനാൽ അവിടംവിട്ട് ഓടിപ്പോയപ്പോൾ തന്റെ സദ്ഗുണങ്ങളിലൊഴികെ മറ്റെല്ലാത്തിലും അവനും പറുദീസായിലെ ആദാമിനെപ്പോലെ നഗ്നനായിത്തീർന്നു. നഗ്നനായി ജീവിക്കാനുള്ള പ്രത്യേക അവകാശം ദൈവമാണ് ആദാമിന് നല്കിയിരുന്നത്. എന്നാൽ പാപത്തിനുശേഷം അവന് വസ്ത്രം ആവശ്യമായി വന്നു. ദൈവകല്പന

www.malankaralibrary.com

ലംഘിക്കുവാൻ പ്രേരിപ്പിച്ചിരുന്ന ശത്രുക്കളെ ചെറുത്തുനിൽക്കാൻ കഴിഞ്ഞിടത്തോളം കാലം കളിക്കളത്തിലെ കായികാഭ്യാസികളെ പ്പോലെ ആദാമും നഗ്നനായിരുന്നു. എന്നാൽ ശത്രുക്കളാൽ തോല്പി ക്കപ്പെട്ടതോടെ അദ്ദേഹത്തിന് വസ്ത്രം ധരിക്കേണ്ടിവന്നു. ഇതിനാ ലാണ് സുഭാഷിതങ്ങളുടെ കർത്താവ് നമ്മുടെ പരിശീലകനായ മനസ്സിനോട് ഇങ്ങനെ പറയുന്നത്: 'അവന്റെ വസ്ത്രമെടുത്ത് മാറ്റുക, എന്തെന്നാൽ അവൻ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു' (സുഭാ 27:13). മത്സരത്തിൽ പങ്കെടുക്കാതെ കളിക്കളത്തിനു പുറത്തു നിൽക്കുന്ന ആൾ വസ്ത്രങ്ങൾ ധരിച്ചിരിക്കും. അയാളുടെ പൗരുഷവും കരുത്തു മെല്ലാം ലൗകികതാല്പര്യങ്ങളാകുന്ന വസ്ത്രങ്ങൾക്കിടയിൽ അടിച്ചമർത്തപ്പെട്ടിരിക്കുന്നു. എന്നാൽ മത്സരവേദിയിൽ പ്രവേശി ക്കുന്നതോടെ അയാളുടെ വസ്ത്രങ്ങൾ അഴിച്ചു മാറ്റപ്പെടുന്നു, എന്തെന്നാൽ നഗ്നനായി വേണം മത്സരത്തിൽ പങ്കെടുക്കാൻ.

നാം നഗ്നരായിരുന്നാൽ മാത്രം പോരാ; ദേഹമാസകലം എണ്ണ പുരട്ടുകയും ചെയ്തിരിക്കണം. വസ്ത്രങ്ങൾ അഴിച്ചുകളയുന്നത് ശത്രുവിന് നമ്മെ പിടികൂടുന്നത് അസാദ്ധ്യമാക്കിത്തീർക്കുന്നതിനാണ്. ദേഹത്ത് എണ്ണ പുരട്ടുന്നതാകട്ടെ, ഒരുപക്ഷേ അവർ നമ്മെ പിടികൂടി യാലും പിടിയിൽനിന്നു വഴുതിമാറി രക്ഷപ്പെടുന്നതിനുവേണ്ടിയാണ്. ഇക്കാരണത്താലാണ് ഒരു മൽപ്പിടിത്തക്കാരൻ തന്റെ എതിരാളിയുടെ ദേഹമാസകലം പൊടിയും മണ്ണും പുരട്ടാൻ ശ്രമിക്കുന്നത്. എണ്ണയുടെ വഴുക്കൽ മാറ്റി അവനെ പിടികൂടാൻ ഇത് ഉപകരിക്കും. മൽപ്പിടുത്ത ത്തിൽ ഉപയോഗിക്കുന്ന പൊടിയുടെ സ്ഥാനത്ത് നമ്മുടെ പോരാട്ട ത്തിൽ ലൗകികവസ്തുക്കളും, എണ്ണയുടെ സ്ഥാനത്ത് നിസ്സംഗതയു മാണ് ഉള്ളത്. കായികമൽപ്പിടിത്തത്തിൽ ശരീരത്തിൽ എണ്ണ പുരട്ടിയ ഒരാൾ എതിരാളിയുടെ പിടിയിൽനിന്നു വഴുതിമാറുകയും ദേഹത്ത് പൊടിപുരളുമ്പോൾ എതിരാളിയുടെ പിടിയിൽ പെടുകയും ചെയ്യുന്നു. ഇതുപോലെതന്നെ ലൗകികതാല്പര്യങ്ങൾ ഉപേക്ഷിക്കുന്ന ഒരുവനെ കീഴടക്കാൻ സാത്താന് കഴിയുന്നില്ല. എന്നാൽ ലൗകികാഭിലാഷ ങ്ങളുടെ പൊടിയും അഴുക്കും പുരണ്ടുകഴിയുമ്പോൾ നിസ്സംഗതമൂലം ഉളവാകുന്ന മാനസികലാഘവം അവന് നഷ്ടപ്പെടുന്നു. അപ്പോൾ പിശാ ചിന്റെ പിടിയിൽനിന്നും രക്ഷപ്പെടുക പ്രയാസമായിത്തീരുന്നു.

പൂർണ്ണത നേടിയ ആത്മാവിന്റെ ലക്ഷണമാണ് നിസ്സംഗത; ലൗകികസുഖങ്ങളെക്കുറിച്ചുള്ള ആകാംക്ഷയാകട്ടെ, തെല്ലും പൂർണ്ണത

www.malankaralibrary.com

നേടാത്ത ആത്മാവിന്റെ ലക്ഷണവും. പൂർണ്ണത നേടിയ ആത്മാവിനെ 'മുൾച്ചെടികൾക്കിടയിലെ ലില്ലിപ്പൂവ്' എന്നാണു വിശേഷിപ്പിച്ചിട്ടുള്ളത് (ഉത്ത 2:2); വിവിധങ്ങളായ താല്പര്യങ്ങളിൽപെട്ട് വിഷമിക്കുന്നവരുടെ ഇടയിൽ നിസ്സംഗതയോടെ നിൽക്കുന്ന ആത്മാവിനെയാണ് ഇത് സൂചിപ്പിക്കുന്നത്. ലൗകികതാല്പര്യങ്ങളിൽനിന്നു മോചനം നേടിയ ആത്മാവ് എന്നാണ് സുവിശേഷത്തിൽ ലില്ലിച്ചെടിയെന്ന പദത്തിന്റെ അർത്ഥം സൂചിപ്പിക്കുന്നത്. 'അവ അദ്ധ്വാനിക്കുന്നില്ല, നൂൽ നൂൽക്കുന്നില്ല... എന്നിട്ടും തന്റെ പ്രതാപത്തിന്റെ മൂർദ്ധന്യത്തിലെത്തിയ സോളമൻ പോലും അവയെപ്പോലെ വിഭൂഷിതനായിരുന്നില്ല' (മത്താ 6:28,29). അതേസമയം ശാരീരിക വിഷയങ്ങളിൽ തല്പരരായവരെക്കുറിച്ച് ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്: 'ദൈവവിശ്വാസമില്ലാത്തവന്റെ ജീവിതകാലമത്രയും ആശങ്കകളിൽ കുരുങ്ങിപ്പോകുന്നു' (ഇയ്യോബ് 15:20). ആത്മാവിനെ പൂർണ്ണതയിലെത്തിക്കാൻ ജീവിതകാലം മുഴുവൻ വിനിയോഗിച്ചാലും പര്യാപ്തമാകുന്നില്ല, എങ്കിൽപ്പോലും അതിനെക്കുറിച്ച് അല്പംപോലും ചിന്തിക്കാതെ, അധികം പരിഗണന ആവശ്യമില്ലാത്ത ശരീരത്തെക്കുറിച്ച് ചിന്തിച്ച് ജീവിതകാലം മുഴുവൻ ചെലവഴിക്കുകയും ഭാവിയിൽ ലഭിക്കാൻ പോകുന്ന അനുഗ്രഹങ്ങളെക്കുറിച്ച് ചിന്തിക്കാതിരിക്കുകയും ചെയ്യുന്നത് യഥാർത്ഥത്തിൽ വിശ്വാസരാഹിത്യം തന്നെയാണ്. ഒരുപക്ഷേ, ആത്മാവിനെക്കുറിച്ച് ചിന്തിക്കാൻ കുറച്ചു സമയം നീക്കിവച്ചിട്ടുണ്ടെങ്കിൽപ്പോലും ആ സമയത്തും നാം അശ്രദ്ധരും അലസരുമാണ്, എന്തെന്നാൽ നാം എല്ലായ്പ്പോഴും ഭൗതികവസ്തുക്കളാൽ ആകൃഷ്ടരാകുന്നു.

വിരൂപകളായ വേശ്യകളുടെ ആകർഷണവലയത്തിൽപ്പെട്ടുപോകുന്ന ആളുകളെപ്പോലെയാണ് നാം. ഇത്തരം സ്ത്രീകൾ യഥാർത്ഥത്തിൽ സുന്ദരിമാരായിരിക്കുകയില്ല. എന്നാൽ തങ്ങളുടെ വൈരൂപ്യം സൗന്ദര്യവർദ്ധകവസ്തുക്കൾകൊണ്ട് മറച്ചുവെച്ച് ഇവർ ആളുകളെ ആകർഷിക്കുന്നു. ലൗകികസുഖങ്ങളുടെ ആകർഷണത്തിൽപ്പെട്ടുകഴിഞ്ഞാൽ പിന്നെ അവയുടെ വൈരൂപ്യം തിരിച്ചറിയാൻ നമുക്കു സാധിക്കുന്നില്ല. അവയോടുള്ള നമ്മുടെ അടുപ്പമാണ് ഇതിനു കാരണം. ഇക്കാരണത്താൽ പ്രാഥമികാവശ്യങ്ങൾ പൂർത്തീകരിക്കപ്പെട്ടാലും നാം തൃപ്തരല്ല; മറിച്ച് കൂടുതൽ കൂടുതൽ സമ്പാദ്യ

www.malankaralibrary.com

ങ്ങൾക്കുവേണ്ടി നാം ആഗ്രഹിച്ചു കൊണ്ടിരിക്കും, അങ്ങനെ അത്യാഗ്രഹത്താൽ നമ്മുടെ ജീവിതം നശിക്കുകയും ചെയ്യുന്നു. ശാരീരികാവശ്യങ്ങൾ നിറവേറ്റാനുള്ള സമ്പാദ്യം മാത്രമേ നമുക്ക് ഉണ്ടായിരിക്കാവൂ എന്നും അതിലധികമുള്ളതെല്ലാം അനാവശ്യവും ധൂർത്തുമാണെന്നും നാം മനസ്സിലാക്കുന്നില്ല. ശരീരത്തിന്റെ അളവിനൊത്തും അഭിരുചിക്കനുസരിച്ചും തയ്പ്പിച്ച കുപ്പായം പ്രയോജനകരവും സുന്ദരവുമാണ്; എന്നാൽ അമിതനീളമുള്ള കുപ്പായം അഭംഗി മാത്രമല്ല അസൗകര്യംകൂടിയാണ്. ഇതുപോലെതന്നെ ആവശ്യങ്ങൾക്കപ്പുറമുള്ള സമ്പാദ്യങ്ങൾ നന്മയ്ക്ക് വിരുദ്ധവും അക്കാരണത്താൽത്തന്നെ വസ്തുക്കളുടെ യഥാർത്ഥ സത്യം മനസ്സിലാക്കിയവർക്ക് അഹിതകരവുമാണ്.

ലൗകികവിഷയങ്ങളാൽ ആകർഷിക്കപ്പെട്ടും, അവയാൽ വഞ്ചിതരായും ആത്മീയകാര്യങ്ങളിൽ യാതൊരു താല്പര്യവുമില്ലാതെ കഴിയുന്നവരെ നാം ശ്രദ്ധിക്കേണ്ടതില്ല. അത്തരക്കാരെ ആശ്രയിക്കുകയും നൈമിഷികമായ സുഖങ്ങൾക്കു പിന്നാലെ പായുന്ന അവരുടെ സ്വഭാവത്തെ പ്രശംസിക്കുകയും ചെയ്യുന്നത് സത്യസന്ധമായി വിധികല്പിക്കാൻ കഴിയാത്തവരിൽ ആശ്രയം വയ്ക്കുന്നതിന് തുല്യമാണ്. അന്ധന്മാരാണ് ഏറ്റവും നല്ല നിറമേതെന്ന് തീരുമാനിക്കാൻ കഴിയുന്നവരെന്നും, ഏറ്റവും മികച്ച സംഗീതം തിരിച്ചറിയാനാവുന്നത് ബധിരന്മാർക്കാണെന്നും വിശ്വസിക്കുന്നതുപോലെയാണ് അത്. എന്തെന്നാൽ, വിവേകത്തിന് വൈകല്യം സംഭവിച്ചവർ അന്ധന്മാർതന്നെ. ശരിയും തെറ്റും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാനുള്ള കഴിവ് അവർക്ക് ലഭിച്ചിട്ടില്ല. കാർമ്മിയുടെ മകനായ ആഖാൻ ജോഷ്വയോട് കുറ്റസമ്മതം നടത്തിയത്, മോഷണവസ്തുക്കൾ തന്റെ കൂടാരത്തിനുള്ളിൽ വെള്ളി ഏറ്റവും അടിയിലായി മണ്ണിനടിയിൽ കുഴിച്ചിട്ടിട്ടുണ്ടെന്നായിരുന്നു (യോശുവ 7:21). ഭൗതികവസ്തുക്കൾക്ക് അമിതപ്രാധാന്യം നല്കിക്കൊണ്ട് വിവേകത്തെ കുഴിച്ചുമൂടുന്നവൻ വിഡ്ഢിയാണ്. അവൻ തന്റെ ഇംഗിതങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നു, എന്തെന്നാൽ അവൻ തന്റെ മനസ്സിനെ രാജകീയ സിംഹാസനത്തിൽ നിന്നും താഴെയിറക്കി, ആരുടെമേലാണോ അത് ഭരണം നടത്തേണ്ടത്, അവരോടൊപ്പം അഥവാ, ഒന്നുകൂടി ശരിയായി പറഞ്ഞാൽ കുറ്റവാളികളോടൊപ്പം പ്രതിഷ്ഠിക്കുന്നു. എന്നാൽ അവന്റെ മനസ്സിനെ

www.malankaralibrary.com

യഥാസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും ഭൗതികവസ്തുക്കളുടെ മേൽ വിധികർത്താവായിരിക്കാൻ അനുവദിക്കുകയും ചെയ്താൽ, വഞ്ചനാത്മകമായവയെ പിന്തുടരുവാനുള്ള ഉൾപ്രേരണകളെ ശിക്ഷിച്ചുകൊണ്ട് അത് നീതിപൂർവ്വം വിധി നടത്തും.

അതിനാൽ പ്രാഥമികാവശ്യങ്ങൾ പൂർത്തീകരിക്കാൻ മാത്രം പരിശ്രമിക്കുകയും അതിനപ്പുറമുള്ള യാതൊന്നും ആഗ്രഹിക്കാതിരിക്കുകയുമാണ് നാം ചെയ്യേണ്ടത്. ജീവിതസുഖങ്ങളോടുള്ള ആഗ്രഹത്താൽ പ്രേരിതരായി നാം അല്പമെങ്കിലും ഈ പരിധിക്കപ്പുറത്തേക്ക് കടന്നാൽ, ആവശ്യങ്ങൾക്ക് അറുതിയില്ലാത്തതിനാൽ നമ്മുടെ നീക്കങ്ങളെ നിയന്ത്രിക്കാൻ നമുക്ക് സാധിക്കാതെ വരുന്നു. അനാവശ്യമായതിനെക്കുറിച്ച് ആഗ്രഹിക്കുകയും അവ നേടാനായി യത്നിക്കുകയും ചെയ്യുന്നത് എരിതീയിൽ എണ്ണ ഒഴിക്കുന്നതുപോലെയായിരിക്കും. സ്വാഭാവികമായ ആവശ്യങ്ങൾക്ക് അപ്പുറത്തേക്കു പോകുന്ന ഒരാൾ ഭൗതികവാദിയായിത്തീരുന്നു. തന്റെ റൊട്ടിയുടെ മേൽ ജാം പുരട്ടാൻ അയാൾ ആഗ്രഹിക്കുന്നു; വെള്ളം കുടിക്കുന്നതിനു പകരം അയാൾ അതിൽ വീഞ്ഞു ചേർത്തു കുടിക്കുന്നു; പിന്നീട് കൂടുതൽ ലഹരിയുളവാക്കുന്ന പാനീയങ്ങളും ഉപയോഗിക്കുന്നു. അത്യാവശ്യത്തിനു മാത്രമുള്ള വസ്ത്രങ്ങൾ ധരിക്കുന്നതിനു പകരം നിറപ്പകിട്ടും മിനുസവുമുള്ളവയും അതിനുശേഷം പട്ടുനൂലും കമ്പിളിയും ഉപയോഗിച്ച് നിർമ്മിച്ചവയും അണിയുന്നു; പിന്നീട് യുദ്ധങ്ങളുടെയും നായാട്ടിന്റെയും ചിത്രങ്ങളും അലങ്കാരപ്പണികളുമുള്ള പട്ടുവസ്ത്രങ്ങൾക്കായി ആഗ്രഹിക്കുന്നു. വിരുന്നുമേശകളിൽ മാത്രമല്ല, വളർത്തുമൃഗങ്ങൾക്കു ഭക്ഷണം കൊടുക്കാൻപോലും വെള്ളിയിലും സ്വർണ്ണത്തിലും തീർത്ത പാത്രങ്ങൾ അവൻ ഉപയോഗിക്കുന്നു. ആഡംബരഭ്രമങ്ങളെക്കുറിച്ച് ഇതിൽ കൂടുതൽ എന്തു പറയാൻ? ഇതാണ് വിഷയസുഖങ്ങളുടെ രീതി. ഏറ്റവും ഹീനമായവയെപ്പോലും അവ ആശ്ലേഷിക്കുന്നു, നിസ്സാരമായ ആഘോഷങ്ങൾപോലും ആഡംബരപൂർവ്വം കൊണ്ടാടാൻ അവ നമ്മെ പ്രേരിപ്പിക്കുന്നു.

ഇത്തരത്തിലുള്ള ജീവിതം പ്രകൃതിവിരുദ്ധമാണ്; എന്തെന്നാൽ മൃഗങ്ങൾക്കെന്നപോലെ നമുക്കും സ്വാഭാവികമായ ജീവിതശൈലിയാണ് സ്രഷ്ടാവ് വിധിച്ചിട്ടുള്ളത്. ദൈവം മനുഷ്യനോട് ഇങ്ങനെ

www.malankaralibrary.com

പറഞ്ഞിരിക്കുന്നു: 'നോക്കുക, വയലിൽ നിൽക്കുന്ന ഓരോ ചെടിയും നിങ്ങൾക്കും മൃഗങ്ങൾക്കും ഭക്ഷണമായി ഞാൻ കല്പിച്ചിട്ടുള്ളതാണ്' (ഉല്പ 1:29,30). നമ്മൾക്കും മൃഗങ്ങൾക്കും ഒരേ ഭക്ഷണമാണ് തന്നിട്ടുള്ളതെന്ന് ഇതിൽനിന്നു വ്യക്തമാണല്ലോ. എന്നാൽ കൂടുതൽ ആഡംബരം നിറഞ്ഞ ഭക്ഷണം കണ്ടെത്താൻ ശ്രമിക്കുന്നതിലൂടെ നാം മൃഗങ്ങളേക്കാളും ബുദ്ധിഹീനരായി മാറുകയല്ലേ ചെയ്യുന്നത്? ദൈവത്തിന്റെ കല്പനയിൽനിന്ന് ഒട്ടും വ്യതിചലിക്കാതെ തങ്ങൾക്ക് വിധിക്കപ്പെട്ട ഭക്ഷണമാണ് മൃഗങ്ങൾ കഴിക്കുന്നത്; എന്നാൽ വിശേഷ ബുദ്ധിയുള്ള മനുഷ്യരാകട്ടെ, ദൈവത്തിന്റെ കല്പന പൂർണ്ണമായും തള്ളിക്കളഞ്ഞിരിക്കുന്നു. മൃഗങ്ങൾ പ്രത്യേകമായി സ്വാദിഷ്ഠമായ ഭക്ഷണം ആവശ്യപ്പെടാറുണ്ടോ? പരിശീലനം സിദ്ധിച്ച പാചകക്കാരും കൃത്രിമമായ രുചികളും മൃഗങ്ങളുടെ ഭക്ഷണത്തെ കൂടുതൽ ആകർഷകമാക്കാറുണ്ടോ? വയലിലെ പുല്ലും ചെടികളും ഭക്ഷിച്ച് അരുവിയിലെ വെള്ളം കുടിച്ച് -അതും വല്ലപ്പോഴും മാത്രം- അവർ തൃപ്തരായി കഴിയുന്നില്ലേ? കൊഴുപ്പു കുറഞ്ഞ, വളരെ മിതമായ ഭക്ഷണം കഴിക്കുന്നതിലൂടെ കാമാസക്തിയെ നിയന്ത്രിക്കാനും മൃഗങ്ങൾക്കു കഴിയുന്നു. വർഷത്തിലൊരിക്കൽ ഇണചേരുന്ന സമയത്തു മാത്രമാണ് -അതും വംശവർദ്ധനവിനുവേണ്ടി മാത്രം- മൃഗങ്ങൾ കാമാസക്തിയുള്ളവരായിത്തീരുന്നത്. മറ്റൊരിക്കലും ആ ചിന്ത അവരെ അലട്ടുന്നില്ല. എന്നാൽ രുചിയേറിയ ഭക്ഷണം കഴിക്കുന്നതിനാൽ മനുഷ്യർക്ക് വിഷയാസക്തി വളരെ കൂടുതലാണ്, അവ വഴി ഉളവാകുന്ന ഉന്മത്തത മൂലം ഈ വികാരം ഒരിക്കലും ശമിക്കുന്നില്ല.

ലൗകികസമ്പാദ്യങ്ങൾ രോഗാണുക്കളെപ്പോലെ വലിയ ഉപദ്രവകാരികളും വികാരങ്ങളെ ഉത്തേജിപ്പിക്കുന്നവയുമായതിനാൽ, ആത്മീയപുരോഗതിയിൽ താല്പര്യമുണ്ടെങ്കിൽ നാം അവയെ പൂർണ്ണമായും ഉപേക്ഷിക്കണം. സ്വമനസ്സാലെ സ്വീകരിക്കുന്ന ദാരിദ്ര്യത്തിലൂടെ അത്യാഗ്രഹമെന്ന വികാരത്തെ നാം ആട്ടിപ്പായിക്കണം. ഏകാന്തത സ്വീകരിക്കുന്നതിലൂടെ, നമ്മെ സഹായിക്കാൻ സാധിക്കാത്തവരുമായുള്ള കൂട്ടുകെട്ടിൽനിന്നും അതിൽനിന്നുമുണ്ടാകുന്ന മാനസികമായ അശാന്തിയിൽനിന്നും നാം മോചനം നേടണം. അനാരോഗ്യകരമായ കാലാവസ്ഥയുള്ള പ്രദേശത്തു കഴിയുന്നവർക്ക് മിക്കപ്പോഴും അസുഖങ്ങൾ ഉണ്ടായിരിക്കുമെന്നതുപോലെ, അയോഗ്യരായ

www.malankaralibrary.com

ആളുകളോടൊപ്പം വസിക്കുന്നവർ അവരുടെ തിന്മയിലും പങ്കു ചേരുന്നു.

ലൗകികജീവിതം ഉപേക്ഷിച്ചവർക്ക് ലോകവുമായി എന്തു ബന്ധ മാണുള്ളത്? 'തന്നെ തിരഞ്ഞെടുത്ത നേതാവിനെ സന്തോഷിപ്പി ക്കാനായി യുദ്ധരംഗത്തേക്ക് പോകുന്ന പടയാളി ഒരിക്കലും ലൗകിക കാര്യങ്ങളിൽ തലയിടുന്നില്ല' (2 തിമോ 2:4). ലൗകികവിഷയ ങ്ങളിലുള്ള താല്പര്യം സൈനികപരിശീലനത്തിനു ദോഷം ചെയ്യും. വേണ്ടത്ര പരിശീലനം ലഭിച്ചിട്ടില്ലെങ്കിൽ നമുക്ക് എങ്ങനെ പരിചയ സമ്പന്നരായ സൈന്യത്തെ നേരിടാൻ സാധിക്കും? ശത്രു നിലത്തു വീണുകിടന്നാൽപോലും, നാം പൂർണ്ണമനസ്സോടെയല്ല യുദ്ധം ചെയ്യുന്നതെങ്കിൽ നമുക്ക് അയാളെ തോല്പിക്കാൻ കഴിഞ്ഞെന്നു വരില്ല; മറിച്ച് നിലത്തു കിടന്നുകൊണ്ടുതന്നെ ശത്രുവിന് നമ്മെ കീഴടക്കാൻ കഴിഞ്ഞേക്കും. യുദ്ധത്തിനുശേഷം അത്യാഗ്രഹം നിമിത്തം മൃതശരീരങ്ങൾപോലും കൊള്ളയും കവർച്ചയും നടത്താൻ ആഗ്രഹിക്കുന്നവരുടെ ദയനീയമായ അവസ്ഥ നമുക്കും നേരിടേണ്ടി വരുന്നു. യുദ്ധം കഴിഞ്ഞതിനുശേഷം പകുതി ചത്തുകിടക്കുന്നവരുടെ പക്കൽനിന്നുപോലും എന്തെങ്കിലും മോഷ്ടിക്കാൻ ശ്രമിക്കുന്ന അത്യാഗ്രഹിക്ക് ചിലപ്പോൾ അവരിൽനിന്നും അപ്രതീക്ഷിതമായി മാരകമായ തിരിച്ചടി കിട്ടിയെന്നു വരാം. അവരുടെ മഹത്ത്വപൂർണ്ണ മായ വിജയത്തെ ഇത് അപമാനത്തിലാഴ്ത്തുന്നു. ഇതുപോലെതന്നെ, ആത്മനിയന്ത്രണത്തിലൂടെയും സംയമനത്തിലൂടെയും നമുക്ക് ശത്രുവിനെ തോല്പിക്കാൻ കഴിയുമ്പോൾ, അതുമല്ലെങ്കിൽ, അവനെ പരാജയപ്പെടുത്തി എന്നു നാം ചിന്തിക്കുമ്പോൾ, അവന്റെ വസ്ത്ര ങ്ങളാൽ, അതായത് മനുഷ്യൻ വിലമതിക്കുന്ന സ്വത്ത്, അധികാരം, സുഖജീവിതം, പ്രശസ്തി എന്നിവയാൽ നാം ആകൃഷ്ടരാകും. പരാജിതനായ നമ്മുടെ ശത്രുവിന്റെ വസ്തുവകകൾ കരസ്ഥമാ ക്കാനുള്ള തീവ്രമായ ആഗ്രഹത്താൽ നാം അവനെ സമീപിക്കുന്നു, അങ്ങനെ കൊലക്കളത്തിലേക്ക് സ്വയമേവ കടന്നുചെല്ലുന്നതുവഴി നാം വധിക്കപ്പെടുന്നു. ഇക്കാരണത്താൽ തന്നെയാണ് അഞ്ചുകന്യക മാർക്ക് ദുഃഖിക്കേണ്ടിവന്നതും (മത്താ 25:1-13); തങ്ങളുടെ ശുദ്ധത യാൽ അവർ ശത്രുവിനെ നശിപ്പിച്ചുവെങ്കിലും അവയുടെ അത്യാഗ്രഹ ത്തിൽനിന്നും ഉളവായ ഹൃദയകാഠിന്യം നിമിത്തം, ശത്രു (പിശാച്)

www.malankaralibrary.com

നിസ്സഹായനായി നിലംപതിച്ച അവസരത്തിൽ അവന്റെ വാൾ തങ്ങളുടെ ശരീരത്തിൽ പതിക്കാൻ അവർ ഇടവരുത്തി.

ശത്രുവിന്റേതായ യാതൊന്നും നേടാൻ നാം ആഗ്രഹിക്കരുത്. അങ്ങനെ ചെയ്യുന്നതിലൂടെ നമ്മുടെ ജീവൻ നഷ്ടമായേക്കാം. തനിക്കുള്ളതെല്ലാം നമുക്ക് നൽകാൻ സാത്താൻ എപ്പോഴും തയ്യാറാണ്. പ്രത്യേകിച്ചും അവന്റെ ഹിതാനുസരണം നാം വർത്തിക്കുമ്പോൾ. അവൻ ക്രിസ്തുവിനോട് പറഞ്ഞത് ഓർക്കുക: 'നീ എന്റെ മുമ്പിൽ സാഷ്ടാംഗം വീണ് എന്നെ ആരാധിച്ചാൽ ഞാൻ ഇതെല്ലാം നിനക്കു നല്കാം' (മത്താ 4:9). ലൗകികസുഖങ്ങളുടെ പ്രലോഭനത്തിലൂടെ ദൈവപുത്രനെ ചതിയിൽപ്പെടുത്താനാണ് സാത്താൻ ശ്രമിച്ചത്. എന്നാൽ ദൈവപുത്രനാകട്ടെ അവയൊന്നും ആവശ്യമുണ്ടായിരുന്നില്ല. ആ നിലയ്ക്ക് വിഷയസുഖങ്ങളിൽ സ്വാഭാവികമായും തല്പരരായ മനുഷ്യരെ പ്രലോഭിപ്പിക്കാൻ സാത്താൻ ശ്രമിക്കാതിരിക്കുമോ?

ഒരിക്കൽ ശരീരത്തെ പരിശീലിപ്പിക്കാൻ പഠിച്ചുകഴിഞ്ഞാൽ പിന്നെ മനസ്സിനെയാണ് യഥാർത്ഥ ഭക്തിയിലൂടെ പരിശീലിപ്പിക്കാൻ നാം ശ്രമിക്കേണ്ടത്. 'ശാരീരികമായ തപശ്ചര്യയ്ക്ക് പരിമിതമായ പ്രയോജനമേയുള്ളൂ; എന്നാൽ യഥാർത്ഥ ഭക്തി എല്ലായ്പ്പോഴും പ്രയോജനകരമാണ്' (1 തിമോ 4:8). വികാരങ്ങളാകുന്ന ശത്രുക്കളെ തോല്പിക്കാൻ ആഗ്രഹിക്കുന്ന ആത്മാക്കൾക്ക് അത് നന്മ പ്രദാനം ചെയ്യുന്നു. കായികമത്സരങ്ങളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ പതിവായി പരിശീലനം നടത്തുകയും അതിലൂടെ ശക്തിയാർജ്ജിക്കുകയും ശരീരത്തിൽ എണ്ണപുരട്ടി ശീലിക്കുകയും വേണം. ഇതുപോലെതന്നെ വിശുദ്ധജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവർ വികാരങ്ങളെ ചെറുത്തുനിൽക്കാൻ പരിശീലിക്കണം. ഈ അവസ്ഥയിൽ, വികാരങ്ങളെ അകമ്പടി സേവിക്കുന്ന സുഖലോലുപതയാൽ അവർ നയിക്കപ്പെടുന്നു, അവരുടെ ഹിതപ്രകാരമല്ലാതെതന്നെ ശീലങ്ങൾ അവരെ പാപത്തിലേക്ക് നയിക്കുന്നു. അതിനാൽ വികാരങ്ങളെ നിയന്ത്രിക്കാൻ സാധിച്ചാൽ അത് ഉത്തമമായ പ്രവൃത്തിയാണ്. എന്നാൽ സുകൃതങ്ങളുടെ അഭ്യസനം ആരിലാണോ സ്ഥാപിതമായിട്ടുള്ളത്, അവർക്ക് തങ്ങളുടെ ശ്രദ്ധയെ മനസ്സിലേക്ക് തിരിക്കുവാൻ സാധിക്കുന്നു. നിയന്ത്രണം നഷ്ടപ്പെട്ട് വഴിതെറ്റിപോകാതിരിക്കാൻ അവർ തങ്ങളുടെ മനസ്സിന്റെമേൽ ജാഗ്രതപുലർത്തേണ്ടിയിരി

www.malankaralibrary.com

ക്കുന്നു. ആരംഭകർ തങ്ങളുടെ ശരീരത്തിന് പരിശീലനം നല്കുമ്പോൾ, പുരോഗതി നേടിയിട്ടുള്ളവർ, ലൗകികഭാവനകൾ ദൈവത്തെക്കുറിച്ചുള്ള ചിന്തയിൽനിന്നും തങ്ങളുടെ മനസ്സിനെ വ്യതിചലിപ്പിക്കാതിരിക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ ജ്ഞാനത്തിന്റെ പ്രബോധനങ്ങളുമായി ഒത്തുചേർന്നു പോകുന്നതിനുംവേണ്ടി തങ്ങളുടെ മനസ്സിന്റെ ഉൾപ്രേരണകളെ നിയന്ത്രിക്കാൻ ശ്രമിക്കുന്നു.

ആത്മീയപാത പിന്തുടരാൻ ആഗ്രഹിക്കുന്നവൻ തന്റെ എല്ലാ ആഗ്രഹങ്ങളും താൻ സ്നേഹിക്കുന്ന കർത്താവിങ്കലേക്ക് തിരിക്കണം. അപ്പോൾ അവനിലെ വികാരങ്ങളെ ഉത്തേജിപ്പിക്കുവാൻ മാനുഷിക ചിന്തയ്ക്ക് അവസരം ലഭിക്കുകയില്ല. ഒരുവനെ അടക്കി ഭരിക്കുന്ന വികാരം അവന്റെയുള്ളിൽ സജീവമായിത്തീരുമ്പോൾ, അത് അവന്റെ മനസ്സിനെ ബന്ധിക്കുന്നു. അങ്ങനെയെങ്കിൽ, വിശുദ്ധി നേടാനുള്ള തീവ്രമായ ആഗ്രഹത്തിന് നമ്മുടെ മനസ്സിനെ മറ്റുകാര്യങ്ങളിൽനിന്ന് വിമുക്തമാക്കാൻ സാധിക്കാത്തത് എന്തുകൊണ്ട്? കോപിഷ്ഠനായ ഒരാൾ തന്നെ ഉപദ്രവിച്ച ഒരുവനോട് പോരാടുന്നതായി സങ്കല്പിക്കുമ്പോൾ ഏതെങ്കിലും ബാഹ്യകാര്യങ്ങളെക്കുറിച്ച് ബോധവാനാണോ? ഭൗതികസമ്പത്താഗ്രഹിക്കുന്ന ഒരുവൻ അത് നേടിയെടുക്കാനുതകുന്ന മാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോഴും ഇതുതന്നെയല്ലേ സംഭവിക്കുന്നത്? കാമാസക്തനായ ഒരുവൻ മറ്റുള്ളവരോടൊപ്പമായിരിക്കുമ്പോൾപോലും, പലപ്പോഴും തന്റെ ചുറ്റുപാടുകളെക്കുറിച്ച് മറന്ന്, താൻ ആഗ്രഹിക്കുന്ന സ്ത്രീയേക്കുറിച്ച് മാത്രം ചിന്തിച്ചുകൊണ്ട് തന്റെ ഭാവനകളിൽ മുഴുകി നിശ്ചലനായി ഇരിക്കുന്നു. ഇത്തരം ഒരാത്മാവിനെയാകാം നിയമത്തിൽ 'അകന്നുമാറിയിരിക്കുന്നവൻ' (ലേവ്യ 15:33) എന്ന വചനംകൊണ്ട് ഉദ്ദേശിക്കുന്നത്. വിവേകം നഷ്ടപ്പെട്ട്, തന്റെമേൽ ഭരണം നടത്തുന്ന ലജ്ജാകരമായ ഭാവനകൾമൂലം ബാഹ്യമായവയെക്കുറിച്ച് യാതൊരു ബോധവുമില്ലാതെ അത് തന്നിൽത്തന്നെ ശ്രദ്ധകേന്ദ്രീകരിക്കുന്നു.

ലൗകികസുഖങ്ങളിലുള്ള താല്പര്യം ബുദ്ധിയെയും ഇന്ദ്രിയങ്ങളെയും ഇത്രമാത്രം പ്രവർത്തനരഹിതമാക്കുമെങ്കിൽ, അറിവിനോടുള്ള ആഗ്രഹം ഇന്ദ്രിയസംബന്ധമായവയെയും ഇന്ദ്രിയങ്ങളെയും ഉപേക്ഷിക്കാനും ആത്മീയതയിലേക്ക് നമ്മുടെ മനസ്സിനെ ഉയർത്താനും സഹായിക്കുകയില്ലേ? മുറിവോ പൊള്ളലോ സംഭവിച്ച

www.malankaralibrary.com

ഒരാൾ അതിന്റെ വേദനയെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കാത്തതുപോലെ, ഏതെങ്കിലും ഒരു വസ്തുവിനെക്കുറിച്ച് തീവ്രമായി ആഗ്രഹിക്കുന്ന ഒരുവൻ മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കുന്നില്ല; അത് അയാളുടെ ബുദ്ധിയെ കീഴടക്കുന്നു. വേദന കഠിനാദ്ധ്വാനത്തിൽനിന്നും ദുഃഖം സന്തോഷത്തിൽനിന്നും നിരാശ ഉല്ലാസത്തിൽനിന്നും നമ്മെ തടയുന്നു. എന്നാൽ കഠിനാദ്ധ്വാനം ചെയ്യുന്നതിലൂടെ സുഖലോലുപതയിൽനിന്നുമാണ് നാം മോചനം നേടുന്നത്. പരസ്പരവിരുദ്ധങ്ങളായ വികാരങ്ങൾക്ക് തമ്മിൽ പൊരുത്തപ്പെടാനാവില്ല, പ്രകൃത്യാതന്നെ അവയെ തമ്മിൽ വേർതിരിക്കുന്ന ശത്രുതയും എതിർപ്പുംമൂലം അവയ്ക്കിടയിലുള്ള സഹപ്രവർത്തനം അസാദ്ധ്യമാണ്.


അതിനാൽ ലൗകികസുഖങ്ങളിലുള്ള താല്പര്യം നിങ്ങളുടെ സദ്ഗുണങ്ങളുടെ പരിശുദ്ധിക്ക് കളങ്കമുണ്ടാക്കാതെ ശ്രദ്ധിക്കുക. ശരീരത്തെക്കുറിച്ചുള്ള ശ്രദ്ധ നിമിത്തം നിങ്ങളുടെ ധ്യാനത്തിന് ഇളക്കംതട്ടരുത്. അപ്പോൾ യഥാർത്ഥമായ അറിവ് അതിന്റെ പൂർണ്ണമായ പ്രഭയോടെ നിങ്ങൾക്കു ലഭിക്കും; നമ്മുടെ പോരായ്മകളോ മറ്റുള്ളവരുടെ പരിഹാസമോ ഒന്നും അതിനെ ദുഷിപ്പിക്കുകയില്ല. മനുഷ്യരാൽ പ്രശംസിക്കപ്പെടുന്നില്ലെങ്കിൽപ്പോലും ആ യഥാർത്ഥ ജ്ഞാനത്തെ മാലാഖമാരും കർത്താവായ ക്രിസ്തുവും പ്രശംസിക്കും. വിശുദ്ധർ ആഗ്രഹിക്കുന്നതും ഈ പ്രശംസ തന്നെയാണ്. മനുഷ്യരുടെ പ്രശംസയ്ക്ക് പകരം ദൈവികമായ പ്രശംസ ആഗ്രഹിച്ച ദാവീദ് ഇങ്ങനെ പറയുന്നു: 'അങ്ങയിൽനിന്നുമാണ് ഞാൻ പ്രശംസ ആഗ്രഹിക്കുന്നത്. എന്റെ ആത്മാവ് കർത്താവിനാൽ പ്രശംസിക്കപ്പെടും' (സങ്കീ 22:25; 34:2). തങ്ങളുടെയുള്ളിലെ ദുഷ്ടതയാൽ, ആളുകൾ നല്ലതിനെക്കുറിച്ച് മോശമായി സംസാരിച്ചെന്നുവരും; എന്നാൽ ദൈവത്തിന്റെ നീതിപീഠത്തിലാകട്ടെ നിഷ്പക്ഷമായ വിലയിരുത്തലും സത്യസന്ധമായ വിധിനിർണ്ണയവുമാണ് നടപ്പിലാക്കപ്പെടുന്നത്.

നമ്മുടെ നീതിപൂർവ്വകമായ പ്രവൃത്തികളിൽ സന്തോഷിക്കുന്ന സ്വർഗ്ഗീയ നീതിപീഠത്തെ നമുക്ക് ആനന്ദിപ്പിക്കാം. മനുഷ്യരുടെ അഭിപ്രായങ്ങളെക്കുറിച്ച് നാം തെല്ലും ആകുലരാകേണ്ടതില്ല. തിന്മ ചെയ്തവരെ ശിക്ഷിക്കാനോ നന്മ ചെയ്തവരെ അനുഗ്രഹിക്കാനോ

www.malankaralibrary.com

ഉള്ള കഴിവ് മനുഷ്യർക്കില്ല. അസൂയയാൽ അല്ലെങ്കിൽ ലൗകിക താല്പര്യങ്ങളാൽ വിശുദ്ധജീവിതത്തെ അപമാനിക്കാൻ ശ്രമിക്കുന്നവർ, ദൈവവും മാലാഖമാരും പ്രശംസിക്കുന്ന ജീവിതത്തെ വഞ്ചനാത്മകമായ ദൈവദൂഷണത്തിലൂടെ നിന്ദിക്കുകയാണ് ചെയ്യുന്നത്. അന്ത്യവിധിയുടെ ദിനത്തിൽ മനുഷ്യരുടെ അഭിപ്രായമനുസരിച്ചല്ല മറിച്ച്, അവനവന്റെ ജീവിതരീതിക്കനുസരിച്ചാണ് ഓരോ ആളും വിധിക്കപ്പെടുന്നത്. ധാർമ്മികമായ ജീവിതം നയിച്ച ആളിന് അനശ്വരമായ അനുഗ്രഹങ്ങൾ ലഭിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയാലും സ്നേഹത്താലും ഇത്തരം അനുഗ്രഹങ്ങൾ നമുക്ക് എല്ലാവർക്കും ലഭിക്കുമാറാകട്ടെ. പിതാവിനോടും പരിശുദ്ധാത്മാവിനോടുമൊപ്പം അവിടുത്തേക്ക് എന്നന്നേയ്ക്കും മഹത്ത്വമുണ്ടായിരിക്കട്ടെ. ആമേൻ.

www.malankaralibrary.com




**St. Diadochos**

**വിശുദ്ധ ഡയഡോക്കസ്**

www.malankaralibrary.com

# ഫോതികിയിലെ
# വിശുദ്ധ ഡയഡോക്കസ്

## ആമുഖക്കുറിപ്പ്

വടക്കൻ ഗ്രീസിലെ എപ്പിറസ് പ്രവിശ്യയിലെ ഫോതികിയിൽ ബിഷപ്പായിരുന്നു, ഏ. ഡി. 400-ൽ ജനിച്ച് ഏ. ഡി. 486-നു മുമ്പായി ഇഹലോകവാസം വെടിഞ്ഞ വിശുദ്ധ ഡയഡോക്കസ്. അദ്ദേഹം ക്രിസ്തുവിലെ ഏകസ്വഭാവവാദികൾക്കെതിരായി എഴുതുകയും കൽക്കദോനിയാ സൂനഹദോസിനെ (451) അനുകൂലിക്കുകയും ചെയ്തു. 'ആത്മീയജ്ഞാനവും വിവേചനാശക്തിയും' എന്ന രചനയിൽ, വിശുദ്ധ നിക്കോദിമോസ് പറയുംപോലെ: 'പ്രാർത്ഥനയെന്ന സദ്ഗുണത്തിന്റെ അഗാധരഹസ്യങ്ങളെക്കുറിച്ചാണ്' അദ്ദേഹം പ്രതിപാദിക്കുന്നത്. അതിമനോഹരവും ഹൃദ്യവുമായ ശൈലിയിൽ എഴുതപ്പെട്ട ഈ ലേഖനം ഓർത്തഡോക്സ് മിസ്റ്റിക് ദൈവശാസ്ത്രത്തിന്റെ ആന്തരാർത്ഥം മനസ്സിലാക്കാൻ സഹായിക്കുന്നു. ഉദാത്തതയും കൃത്യതയുമുള്ള ഡയോഡോക്കസിന്റെ ചിന്തകളുടെ യഥാർത്ഥമായ ആശയവും അർത്ഥവും അത്ര എളുപ്പം പിടികിട്ടുന്നതല്ല.

ഇവാഗ്രിയോസിന്റെ പല പദപ്രയോഗങ്ങളും വി. ഡയഡോക്കസ് സ്വീകരിച്ചിട്ടുണ്ട്. എങ്കിലും സാങ്കേതികപദങ്ങൾ പലതും അദ്ദേഹം സ്വന്തമായി എഴുതിയിട്ടുള്ളതാണ്. ഉദാഹരണത്തിന് സ്നേഹത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അഭിപ്രായങ്ങളിലും (90-92); വിശുദ്ധ കൂദാശകളെക്കുറിച്ചും ഹൃദയത്തെയും ബുദ്ധിയെയുംകുറിച്ചുമുള്ള ചർച്ചകളിലും ഇത് പ്രകടമാണ്. ജ്ഞാനസ്നാനത്തെക്കുറിച്ചുള്ള (76-78) അദ്ദേഹത്തിന്റെ പാഠം താപസനായ വിശുദ്ധ മർക്കോ

www.malankaralibrary.com

സിന്റേതുമായി സാദൃശ്യമുള്ളതാണ്. മെസാലിയൻസിന്റെ അബദ്ധ പ്രമാണങ്ങളെ വി. ഡയഡോക്കസ് പ്രത്യേകവിധം കണക്കിലെടുക്കുന്നുണ്ട്. മനുഷ്യന്റെ ശരീരവും ആത്മാവും തമ്മിലുള്ള അടിസ്ഥാനപരമായ ബന്ധത്തെക്കുറിച്ച് ഡയഡോക്കസ് അടിവരയിട്ട് പറയുന്നുണ്ട്. 'നാം ഇവയെ വേർതിരിച്ച് കാണുന്നത് മനുഷ്യന്റെ പതനത്തിനു ശേഷം സംഭവിച്ച ദുരന്തമാണ്' (24,25) എന്നാണ് അദ്ദേഹം പറയുന്നത്. നിരന്തരമായി കർത്താവായ യേശുവിനെ സ്മരിക്കുകയും അവിടുത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം ആവർത്തിച്ചു പറയുന്നുണ്ട്. (31,32,33,59,61,85,88,97).

നമ്മുടെ വിവർത്തനത്തിൽ, ഇ. ഡെസ് പ്ലെയ്സസ്, ഡയഡോക്യേ ദേ ഫോട്ടിസ്: ഒവ്റെസ് സ്പിരിത്വെല്ലെസ് (സോർസെസ് ക്രെതിയെന്നെസ് 5:2-ാം വാല്യം, അനുബന്ധത്തോടുകൂടിയ പുനഃപ്രകാശനം, പാരീസ്, 1966 എന്ന നിരൂപണപരമായ ഗ്രീക്കു ഗ്രന്ഥമാണ് നാം ഉപയോഗിച്ചിരിക്കുന്നത്.

## നിർവചനങ്ങൾ

വിശ്വാസം: ദൈവത്തെക്കുറിച്ചുള്ള നിഷ്പക്ഷമായ അറിവ്.

പ്രത്യാശ: എന്തിനെക്കുറിച്ച് പ്രതീക്ഷിക്കുന്നുവോ അതിന്റെ നേർക്ക് സ്നേഹപൂർവ്വം ബുദ്ധിയെ വ്യാപരിപ്പിക്കുക.

ക്ഷമ: അദൃശ്യനായവനെ മനസ്സിന്റെ കണ്ണുകൾകൊണ്ട് എപ്പോഴും കാണാൻ കഴിയുക.

അത്യാർത്തിയിൽനിന്നുള്ള മോചനം: സമ്പത്തുകൾ ഉണ്ടാകാൻ എത്രമാത്രം തീവ്രതയോടെ ആളുകൾ ആഗ്രഹിക്കുന്നുവോ അത്രയും തീവ്രതയോടെ സമ്പത്തുകൾ ഉണ്ടാകാതിരിക്കാനായി ആഗ്രഹിക്കുക.

അറിവ്: നിർവൃതിയിലൂടെ ദൈവത്തിൽ എത്തിച്ചേരുകയും അങ്ങനെ അവനവനെക്കുറിച്ചുള്ള ചിന്തയിൽനിന്നു മോചിതരാവുകയും ചെയ്യുക.

എളിമ: താൻ ചെയ്തുതീർത്തവയെക്കുറിച്ച് ശ്രദ്ധാപൂർവ്വം മറന്നുകളയുക.

www.malankaralibrary.com

കോപത്തിൽനിന്നുള്ള മോചനം: തന്റെ മനോനില തെറ്റരുതെന്ന് തീവ്രമായി ആഗ്രഹിക്കുക.

ശുദ്ധത: ദൈവത്തെക്കുറിച്ചുള്ള അചഞ്ചലമായ ദർശനം.

സ്നേഹം: നമ്മെ ശകാരിക്കുന്നവരോട് മമത വർദ്ധിച്ചുകൊണ്ടിരിക്കുക.

പൂർണ്ണമായ പരിണാമം: ദൈവത്തിലുള്ള ആഹ്ലാദത്തിലൂടെ മരണത്തിന്റെ അസന്തോഷകരമായ അവസ്ഥയെ സന്തോഷമായി ഉൾക്കൊള്ളാൻ കഴിയുക.

www.malankaralibrary.com

## ആത്മീയജ്ഞാനവും വിവേചനശക്തിയും
## നൂറു പാഠങ്ങൾ

1. 'വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയാൽ നിയന്ത്രിക്കപ്പെടുന്നതായിരിക്കണം എല്ലാ ആത്മീയധ്യാനവും - പ്രത്യേകിച്ചും സ്നേഹത്താൽ. വിശ്വാസവും പ്രത്യാശയും ബാഹ്യമായ സന്തോഷങ്ങളിൽ നിന്ന് അകന്നുനിൽക്കാൻ നമ്മെ പഠിപ്പിക്കുന്നു. സ്നേഹമാകട്ടെ, ദൈവത്തിന്റെ മഹത്ത്വവുമായി ആത്മാവിനെ ബന്ധിപ്പിച്ചുകൊണ്ട് അദൃശ്യമായതിനെ ബുദ്ധിയിലൂടെ തിരിച്ചറിയാൻ സഹായിക്കുന്നു.

2. ദൈവം മാത്രമാണ് പ്രകൃത്യാ നല്ലവൻ; എന്നാൽ ദൈവത്തിന്റെ സഹായത്താൽ തന്റെ ജീവിതരീതിയിൽ ശ്രദ്ധാപൂർവ്വമായ നിഷ്ക്കർഷ പുലർത്തിക്കൊണ്ട് മനുഷ്യനും നല്ലവനാകാൻ സാധിക്കും. അവന്റെ ആത്മാവ് യഥാർത്ഥമായ ആനന്ദത്തിലേക്ക് സർവ്വ ശ്രദ്ധയും കേന്ദ്രീകരിച്ച് ദൈവത്തോട് ഒന്നായിത്തീരുമ്പോൾ, അതിന്റെ സർവ്വശക്തിയോടും കൂടെ അതിനായി ആഗ്രഹിക്കുമ്പോൾ, മനുഷ്യൻ താൻ അല്ലാതിരുന്ന അവസ്ഥയിലേക്ക് രൂപാന്തരപ്പെടുന്നു. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: 'നിങ്ങളുടെ സ്വർഗ്ഗീയപിതാവിനെപ്പോലെ നിങ്ങളും നല്ലവനും കാരുണ്യവാനും ആയിരിക്കുവിൻ' (ലൂക്കോ 6:36; മത്താ 5:48).

3. തിന്മയ്ക്ക് പ്രകൃത്യാലുള്ള യാഥാർത്ഥ്യമില്ല. ഒരാളും സ്വയം തിന്മയുള്ളവനുമല്ല; എന്തെന്നാൽ നല്ലതല്ലാത്തതൊന്നും ദൈവം സൃഷ്ടിച്ചിട്ടില്ല. എന്നാൽ സ്വാഭാവികമായി ഇല്ലാത്തതിനെ ആഗ്രഹിച്ച് സങ്കല്പത്തിലൂടെ സൃഷ്ടിച്ച് എടുക്കുമ്പോൾ അത് ഉണ്ടാകുന്നു. അപ്പോൾ അവൻ ആഗ്രഹിച്ചത് ഉളവായിത്തീരുന്നു. നമ്മുടെ ശ്രദ്ധയെ തിന്മയുടെ വാസനയിൽനിന്നു പിന്തിരിപ്പിക്കുകയും ദൈവസ്മരണയിൽ കേന്ദ്രീകരിക്കുകയുമാണ് വേണ്ടത്. സ്വാഭാവികമായി നിലനിൽക്കുന്ന നന്മ, തിന്മയോടുള്ള നമ്മുടെ ആഭിമുഖ്യത്തെക്കാൾ കരുത്തുറ്റതാണ്. നന്മ സ്വയം നിലനിൽക്കുന്നു; എന്നാൽ നമ്മുടെ പ്രവൃത്തിയിലൂടെ രൂപം നല്കപ്പെടുമ്പോൾ മാത്രമാണ് തിന്മ രൂപം കൊള്ളുന്നത്.

www.malankaralibrary.com

4. എല്ലാ മനുഷ്യരും ദൈവത്തിന്റെ ഛായയിലാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്; എന്നാൽ തന്റെ സ്വാതന്ത്ര്യത്തെ സ്നേഹപൂർവ്വം ദൈവത്തിന് വിധേയമാക്കുന്നവർക്കു മാത്രമേ ദൈവത്തിന്റെ ഛായയിലായിരിക്കാൻ സാധിക്കൂ. എന്തെന്നാൽ നാം നമ്മുടേതല്ലാതായിരിക്കുമ്പോഴാണ് സ്നേഹത്താൽ നമ്മെ തന്നോട് അനുരഞ്ജിപ്പിച്ചവനെപ്പോലെയായിത്തീരുന്നത്. ജീവിതത്തിന്റെ കപടമായ തിളക്കങ്ങൾ ആത്മാവിനെ വഞ്ചിക്കാതിരിക്കുമ്പോൾ മാത്രമാണ് നമുക്ക് ഈ അവസ്ഥ നേടാൻ കഴിയുന്നത്.

5. താൻ തിരഞ്ഞെടുക്കുന്നതിലേക്ക് തന്നെത്തന്നെ തിരിച്ചുവിടുവാനുള്ള ദിവ്യരൂപമാർന്ന ആത്മാവിന്റെ കഴിവാണ് സ്വതന്ത്രമായ ഇച്ഛാശക്തി. അതിനാൽ എല്ലായ്പ്പോഴും നന്മയിലേക്കു മാത്രമാണ് നമ്മുടെ ആത്മാവ് അവധാനപൂർവ്വം നയിക്കപ്പെടുന്നതെന്നുറപ്പാക്കുക; നല്ല ചിന്തകളിലൂടെ തിന്മയെ ഇല്ലായ്മ ചെയ്യുക.

6. യഥാർത്ഥമായ അറിവ് നന്മയെയും തിന്മയെയും തമ്മിൽ തെറ്റുപറ്റാത്ത വിധം തിരിച്ചറിയാനുള്ള കഴിവാണ്. ധർമ്മത്തിന്റെ വഴിയിലൂടെ മുന്നോട്ട് നയിക്കപ്പെടുന്ന മനസ്സ്, നീതിസൂര്യനിലേക്ക് ഉയർത്തപ്പെടുകയും ആത്മീയജ്ഞാനത്തിന്റെ അതിരറ്റ പ്രകാശത്തിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു. തത്ഫലമായി സ്നേഹത്തിന്റെ പാത അന്വേഷിച്ചുകൊണ്ടുള്ള യാത്രയിൽ അതിന് കൂടുതൽ ആത്മവിശ്വാസത്തോടെ മുന്നേറാൻ കഴിയുകയും ചെയ്യും. ധർമ്മത്തെ ആക്രമിക്കുന്നവരുടെ കൈയിൽനിന്ന് ഉറച്ച മനസ്സോടെയും എന്നാൽ കോപമില്ലാതെയും അതിനെ സംരക്ഷിക്കേണ്ടത് നമ്മുടെ ചുമതലയാണ്; എന്തെന്നാൽ വിശുദ്ധി കൈവരിക്കാനുള്ള ശ്രമം മറ്റുള്ളവരെ വെറുക്കുന്നതിലൂടെയല്ല, മറിച്ച്, അവരുടെ തെറ്റുകളെക്കുറിച്ച് അവരെ ബോദ്ധ്യപ്പെടുത്തുന്നതിലൂടെയാണ് പൂർണ്ണമാകുന്നത്.

7. ആത്മീയചർച്ച നമ്മുടെ ആന്തരികമായ ദർശനസിദ്ധിയെ പൂർണ്ണമായും തൃപ്തിപ്പെടുത്തുന്നതാണ്; എന്തെന്നാൽ അത് ദൈവത്തിൽനിന്നു സ്നേഹത്തിന്റെ ഊർജ്ജത്തിലൂടെ പ്രവഹിക്കുന്നതാണ്. ഇക്കാരണത്താലാണ് ദൈവികവിഷയങ്ങളിൽ അചഞ്ചലമായി ഉറച്ചുനിൽക്കാൻ ബുദ്ധിക്കു കഴിയുന്നത്. ആന്തരികമായ ശൂന്യതയും അതിൽനിന്നുണ്ടാകുന്ന ആകുലതയുമൊന്നും അതിനെ ബാധിക്കുന്നില്ല; എന്തെന്നാൽ സ്നേഹത്തിന്റെ ഊർജ്ജം ആവശ്യപ്പെടുന്ന

www.malankaralibrary.com

അളവിൽത്തന്നെ അത് ഗാഢചിന്തയിൽ മുഴുകിയിരിക്കും. അതിനാൽ സ്നേഹത്തിൽ കരുത്താർജ്ജിച്ച വിശ്വാസത്തോടെ നമുക്ക് സംസാര ശേഷി നല്കുന്ന ബോധോദയം ലഭിക്കുന്നതുവരെ കാത്തിരിക്കുകയാണ് നാം ചെയ്യേണ്ടത്. ദൈവം തന്റെ ഉള്ളിൽ ഇല്ലാത്ത അവസ്ഥയിൽ, ദൈവത്തെക്കുറിച്ച് താത്ത്വികമായി ചിന്തിക്കുന്ന മനസ്സുപോലെ ശൂന്യമായി മറ്റൊന്നുമില്ല.

8. ഇത്തരത്തിലുള്ള ബോധോദയം ലഭിക്കാത്ത ഒരാൾ ആത്മീയ പ്രവർത്തനങ്ങളിൽ ഏർപ്പെടരുത്; പരിശുദ്ധാത്മാവിന്റെ പ്രകാശം തന്നിൽ നിറയുന്നതുവരെ ആരും സംസാരിക്കാൻ തുനിയരുത്. ശൂന്യത എവിടെയുണ്ടോ അവിടെ അജ്ഞതയുമുണ്ടാകും; പരിശുദ്ധാത്മാവിന്റെ നിറവ് എവിടെയുണ്ടോ അവിടെ മനുഷ്യജ്ഞാനത്താലുള്ള സംഭാഷണം അസാദ്ധ്യമാകുന്നു. അങ്ങനെയുള്ള നിമിഷങ്ങളിൽ ആത്മാവ് ദൈവസ്നേഹത്താൽ മതിമറക്കുകയും നാവ് നിശ്ചലമാവുകയും അവിടുത്തെ മഹത്ത്വം ആസ്വദിക്കുകയും ചെയ്യുന്നു. അതിനാൽ ദൈവത്തെക്കുറിച്ച് സംസാരിക്കാൻ തുടങ്ങുമ്പോൾ ഈ രണ്ട് അവസ്ഥകൾക്കും ഇടയിലുള്ള ഒരു മധ്യമാർഗ്ഗമാണ് നാം സ്വീകരിക്കേണ്ടത്. ഈ അനുപാതം ദൈവത്തെ സ്തുതിക്കുന്ന നമ്മുടെ വാക്കുകളിൽ ഒരു പ്രത്യേക ഐക്യം ഉളവാക്കുന്നു. നാം സംസാരിക്കുകയും പഠിപ്പിക്കുകയും ചെയ്യുമ്പോൾ നമുക്ക് ലഭിച്ച ബോധോദയത്താൽ നമ്മുടെ വിശ്വാസം കൂടുതൽ സമ്പന്നമാവുകയും ദൈവസ്നേഹത്താൽ അറിവിന്റെ ആദ്യഫലം ഭുജിക്കാൻ നമുക്ക് ഇടയാകുകയും ചെയ്യുന്നു. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: 'പണിയെടുക്കുന്ന കൃഷിക്കാരനായിരിക്കണം ആദ്യഫലം ഭക്ഷിക്കേണ്ടത്' (2 തിമോ 2:6).

9. വിവേകവും ആത്മീയജ്ഞാനവും ഒരേ പരിശുദ്ധാത്മാവിന്റെ ദാനങ്ങളാണ്; എല്ലാം കൃപയുടെ വരദാനങ്ങളാണ് എന്നാൽ ഓരോ ദാനത്തിനും അതിന്റേതു മാത്രമായ ഊർജ്ജമുണ്ട്. ഇക്കാരണത്താലാണ് ഒരാൾക്ക് വിവേകവും മറ്റൊരാൾക്ക് ആത്മീയജ്ഞാനവും ഒരേ ആത്മാവുതന്നെ നൽകുന്നു എന്ന് അപ്പോസ്തോലൻ സാക്ഷ്യപ്പെടുത്തുന്നത് (1 കൊരി 12:8). ആത്മീയജ്ഞാനം മനുഷ്യനെ ദൈവവുമായി യോജിപ്പിക്കുന്നു; അതേസമയം തനിക്ക് ലഭിച്ച അറിവ്, പുറമെ പ്രകടിപ്പിക്കാൻ അത് അയാളെ പ്രേരിപ്പിക്കുന്നില്ല. ഏകാന്തവാസി

www.malankaralibrary.com

കളിൽ, ആത്മീയജ്ഞാനം ലഭിച്ച പലരും ദൈവത്തെപ്പറ്റി സംസാരിക്കാറില്ലെന്നതു ശ്രദ്ധേയമാണ്. എന്നാൽ വിവേകവും ദൈവഭയവും ആത്മീയജ്ഞാനത്തോടൊപ്പം ലഭിക്കുന്ന ആൾ, തന്റെയുള്ളിൽ തനിക്ക് അനുഭൂതമാകുന്ന ഊർജ്ജം പുറമെ പ്രകടിപ്പിക്കാൻ നിർബ്ബന്ധിതനാകും. ആത്മീയജ്ഞാനം അതിന്റെ ആന്തരികമായ ഊർജ്ജത്താൽ മനുഷ്യനെ പ്രകാശിപ്പിക്കുമ്പോൾ, അത് പുറമെ പ്രകടിപ്പിക്കാൻ ഒരുവനെ പ്രേരിപ്പിക്കുന്നത് വിവേകമാണ്. ആത്മീയജ്ഞാനം പ്രാർത്ഥനയിലൂടെയും ഏകാഗ്രതയിലൂടെയും നിർമമതയിലൂടെയുമാണ് സ്വായത്തമാകുന്നത്; വിവേകമാകട്ടെ, വിശുദ്ധഗ്രന്ഥം വിനയപൂർവ്വം ധ്യാനിക്കുകയും സർവ്വോപരി, ദൈവകൃപ ലഭിക്കുകയും ചെയ്യുന്നതിലൂടെയും.

10. ആത്മാവിന്റെ ധാർമ്മികമായ കോപം വികാരങ്ങൾക്ക് എതിരെ ഉണരുമ്പോൾ, യുദ്ധത്തിനുള്ള സമയമായിരിക്കുന്നു എന്ന് മനസ്സിലാക്കി നിശ്ശബ്ദരായിരിക്കണം. എന്നാൽ ഈ കോലാഹലമടങ്ങി, പ്രാർത്ഥനയിലൂടെയോ ദയാപൂർവ്വമായ പ്രവൃത്തികളിലൂടെയോ മനസ്സു ശാന്തമായിക്കഴിയുമ്പോൾ ദൈവികരഹസ്യങ്ങളെക്കുറിച്ചു പ്രഘോഷിക്കാനുള്ള ആഗ്രഹം നമ്മിൽ ജനിക്കും. എന്നാൽ വിനയത്തിന്റെ പാശത്താൽ നമ്മുടെ മനസ്സിന്റെ ചിറകുകളെ നിയന്ത്രിച്ചുകൊണ്ടു വേണം നാം അതു ചെയ്യുവാൻ. എന്തെന്നാൽ താൻ ഒന്നുമല്ലെന്ന സത്യം അംഗീകരിക്കാത്ത ഒരാൾക്ക് ദൈവത്തിന്റെ മഹനീയതയെക്കുറിച്ചു സംസാരിക്കുവാൻ സാധിക്കുകയില്ല.

11. ആത്മീയചർച്ചകൾ ആത്മാവിനെ അഹന്തയിൽനിന്നു മോചിപ്പിക്കുന്നു. അവയിലൂടെ മനുഷ്യരുടെ പുകഴ്ത്തലുകൾ ആവശ്യമില്ലാത്തവിധം ആത്മാവ് പ്രകാശപൂർണ്ണമാകുന്നു. മാത്രമല്ല, ആത്മീയചർച്ചകൾ ദൈവസ്നേഹം സംക്രമിപ്പിച്ചുകൊണ്ട് അനാവശ്യസങ്കല്പങ്ങളിൽനിന്നു മനസ്സിനെ മോചിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ലൗകികവിജ്ഞാനത്തിൽനിന്ന് ഉദിക്കുന്ന ചർച്ചകൾ ആത്മപ്രശംസയ്ക്ക് കാരണമാകുന്നു. ആത്മീയമായ ധാരണയുളവാക്കാൻ കഴിയാത്തതിനാൽ അത് പ്രശംസ കിട്ടാനുള്ള ആഗ്രഹത്തിനു കാരണമാകുന്നു. കാരണം മനുഷ്യന്റെ അഹന്തയിൽനിന്നും ആത്മവഞ്ചനയിൽനിന്നും അത്രേ, അത്തരം വാദപ്രതിവാദങ്ങൾ അങ്കുരിക്കുന്നത്. അതുകൊണ്ട് എപ്പോഴാണ് ദൈവത്തെക്കുറിച്ച് സംസാരി

www.malankaralibrary.com

ക്കേണ്ടതെന്നു നമുക്ക് നല്ല നിശ്ചയമുണ്ടായിരിക്കണം. ദൈവത്തെ ക്കുറിച്ച് സംസാരിക്കാത്ത വേളകളിലും മനസ്സിനെ മൗനമായി തീവ്രമായ ദൈവസ്മരണയിൽ കാത്തുസൂക്ഷിക്കണം.

12. അവനവനെ സ്നേഹിക്കുന്ന ഒരാൾക്ക് ദൈവത്തെ സ്നേഹിക്കാൻ കഴിയില്ല; എന്നാൽ 'കവിഞ്ഞൊഴുകുന്ന സമ്പന്നത' നിറഞ്ഞ ദൈവസ്നേഹത്തിൽ ഒരാൾ സ്വയം സ്നേഹിക്കാതിരിക്കുമ്പോൾ അയാൾ യഥാർത്ഥത്തിൽ ദൈവത്തെ സ്നേഹിക്കുന്നു (എഫേ 2:7). അങ്ങനെയുള്ള ആൾ ഒരിക്കലും സ്വന്തം മഹത്ത്വം അന്വേഷിക്കുകയില്ല. മറിച്ച് ദൈവത്തിന്റെ മഹത്ത്വമാണ് അയാൾ അന്വേഷിക്കുന്നത്. സ്വയം സ്നേഹിക്കുന്നവൻ സ്വന്തം മഹത്ത്വമാണ് അന്വേഷിക്കുന്നത്. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവൻ തന്റെ സ്രഷ്ടാവിന്റെ മഹത്ത്വമായിരിക്കും അന്വേഷിക്കുന്നത്. ബോധപൂർവ്വം ദൈവസ്നേഹം അനുഭവിക്കുന്ന ആത്മാവിന്റെ സവിശേഷതയാണ്, അത് പൂർത്തിയാക്കുന്ന ഏതു കല്പനയിലും ദൈവിക മഹത്ത്വം അന്വേഷിക്കുക എന്നതും തന്റെ താഴ്ന്ന അവസ്ഥയിൽ സന്തോഷിക്കുക എന്നുള്ളതും. എന്തെന്നാൽ മഹത്ത്വം ദൈവത്തിനു യോജിച്ചതാണ്; കാരണം അവിടുന്നു പ്രതാപവാനാണ്. എന്നാൽ താഴ്മ മനുഷ്യനു യോജിച്ചതാണ്; കാരണം അത് മനുഷ്യനെ ദൈവത്തോട് ഒന്നിപ്പിക്കുന്നു. ഇത് മനസ്സിലാക്കാൻ കഴിഞ്ഞാൽ ദൈവമഹത്ത്വത്തിൽ ആഹ്ലാദിച്ച സ്നാപകയോഹന്നാനെപ്പോലെ നമ്മളും ഇടവിടാതെ ഇങ്ങനെ പറയും: 'അവൻ വളരുകയും ഞാൻ കുറയുകയും വേണം' (യോഹ 3:30).

13. വളരെ തീവ്രമായി ദൈവത്തെ സ്നേഹിക്കുന്ന ഒരാളെ എനിക്കറിയാം; എങ്കിലും താൻ ആഗ്രഹിക്കുന്ന അളവിൽ ദൈവത്തെ സ്നേഹിക്കാൻ കഴിയുന്നില്ലെന്ന സങ്കടമുണ്ട് അയാൾക്ക്. തന്റെയുള്ളിൽ എല്ലായ്പ്പോഴും ദൈവം മഹത്ത്വപ്പെടണമെന്നും താൻ സ്വയം ഒന്നുമല്ലാതായിത്തീരണം എന്നുമുള്ള ശക്തമായ അഭിലാഷമാണ് അയാളെ നയിക്കുന്നത്. താൻ എന്താണെന്നോ മറ്റുള്ളവർ തന്നെ പ്രശംസിക്കുന്നുണ്ടോയെന്നോ ഒന്നും അയാൾ ചിന്തിക്കാറില്ല. വിനയത്തിനായുള്ള തീവ്രമായ ആഗ്രഹംകൊണ്ട് അയാൾ തന്റെ പൗരോഹിത്യ പദവിയെക്കുറിച്ചുപോലും ചിന്തിക്കാതെ നിയമം അനുശാസിക്കുന്ന വിധത്തിൽ തന്റെ ദൗത്യം നിർവ്വഹിക്കുന്നു. ദൈവ

www.malankaralibrary.com

ത്തോടുള്ള സ്നേഹത്തിന്റെ പാരമ്യത്തിൽ തന്റെ പദവിയെക്കുറിച്ചുള്ള ഒരു ചിന്തപോലും അയാൾക്കില്ല. എളിമയുടെ അരൂപിയാൽ, തന്റെ ഉന്നതമായ പദവി തന്നിലുണർത്താവുന്ന അഹങ്കാരത്തെ ദൈവസ്നേഹത്തിന്റെ അഗാധതയിൽ കുഴിച്ചുമൂടുകയും ചെയ്തു. സ്വയം എളിമപ്പെടുവാനുള്ള തീവ്രമായ ആഗ്രഹത്താൽ, ഉപയോഗശൂന്യമായ ഒരു ദാസനായിട്ടും, തനിക്കു ലഭിച്ചിട്ടുള്ള പദവിക്ക് അന്യനായിട്ടുമാണ് സ്വയം കരുതുന്നത്. നമ്മളും ഇതുപോലെ തന്നെ ചെയ്യേണ്ടവരാണ്. നമ്മെ അത്യധികം സ്നേഹിക്കുന്ന കർത്താവിനോടുള്ള കവിഞ്ഞൊഴുകുന്ന സ്നേഹത്തിന്റെ സമ്പന്നതയിൽ ബഹുമാനം, മഹത്ത്വം എന്നിവയിൽനിന്നും നാം ഓടിയകലണം.

14. ബോധപൂർവ്വം തന്റെ ഹൃദയത്തിൽ ദൈവത്തെ സ്നേഹിക്കുന്നവനെ ദൈവം അറിയുന്നു (1 കൊരി 8:3); എന്തെന്നാൽ തന്റെ ആത്മാവിൽ ദൈവത്തോടുള്ള സ്നേഹം നിറയുന്നതനുസരിച്ച് ദൈവത്തിന്റെ സ്നേഹത്തിലേക്ക് അയാൾ പ്രവേശിക്കുന്നു. ആ നിമിഷം മുതൽ ആത്മീയമായ അറിവിനുവേണ്ടിയുള്ള തീവ്രമായ ആഗ്രഹം അയാൾ നഷ്ടപ്പെടുത്തുന്നില്ല. അതിന്റെ കരുത്ത് അയാളുടെ ശരീരത്തിൽ നിറയുകയും അയാൾ പൂർണമായും ദൈവസ്നേഹത്താൽ രൂപാന്തരപ്പെടുകയും ചെയ്യുന്നതുവരെ അയാളിൽ ഈ ആഗ്രഹം ഉണ്ടായിരിക്കും. ഒരേസമയം ഈ ലോകത്തിൽ ജീവിക്കുകയും ജീവിക്കാതിരിക്കുകയുമാണ് അയാൾ ചെയ്യുന്നത്. ഭൗതികശരീരത്തിൽ കഴിയുകയും അതേസമയം ഭൗതികശരീരം വിട്ടൊഴിഞ്ഞ് തന്റെ ആത്മാവിൽ ദൈവത്തിലേക്ക് സഞ്ചരിക്കാനും അയാൾക്കു കഴിയുന്നു. സദാസമയവും അയാളുടെ ഹൃദയം ദൈവസ്നേഹത്തിന്റെ അഗ്നിയിൽ ജ്വലിക്കുന്നു; തന്നോടുതന്നെയുള്ള സ്നേഹം എന്നെന്നേക്കുമായി അയാൾക്കു നഷ്ടമായിരിക്കുന്നതിനാൽ തീവ്രമായ ആഗ്രഹത്തോടെ അയാൾ ദൈവത്തോട് ഒന്നുചേരുന്നു. വി. പൗലോസ് ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'ഞങ്ങൾ ഉന്മത്തരെങ്കിൽ അതു ദൈവത്തിനുവേണ്ടിയാണ്; സമചിത്തരെങ്കിൽ അതു നിങ്ങൾക്കുവേണ്ടിയാണ്' (2 കൊരി 5:13).

15. ഒരാൾ ദൈവസ്നേഹത്തിന്റെ പൂർണ്ണത അതിന്റെ സർവ്വ സമ്പന്നതയോടുംകൂടെ അനുഭവിച്ചു തുടങ്ങുമ്പോൾ ആത്മീയമായ തിരിച്ചറിവോടെ തന്റെ അയൽക്കാരനെയും സ്നേഹിച്ചുതുടങ്ങും.

www.malankaralibrary.com

ഇങ്ങനെയുള്ള സ്നേഹത്തെക്കുറിച്ചാണ് തിരുലിഖിതങ്ങൾ പറയുന്നത്. ശരീരവുമായി ബന്ധപ്പെട്ട സ്നേഹം വളരെ എളുപ്പം നശിക്കുന്നതാണ്. കാരണം അത് ആത്മീയമായ അറിവിൽ അടിയുറച്ചതല്ല. എന്നാൽ ആത്മീയമായ തിരിച്ചറിവ് ലഭിച്ചിട്ടുള്ള ഒരുവന്, എന്തെങ്കിലും കാര്യത്തിൽ മുഷിച്ചിൽ തോന്നിയാൽപ്പോലും സ്നേഹമില്ലാതെയാകുന്നില്ല. ഒരുപക്ഷേ, അയൽക്കാരൻ അയാളെ കഠിനമായി ഉപദ്രവിക്കുകയോ അപമാനിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽകൂടി ദൈവസ്നേഹത്തിന്റെ പ്രകാശത്തിൽ അയാൾ അയൽക്കാരനുമായുള്ള സ്നേഹവും അതിൽനിന്നുള്ള സന്തോഷവും വീണ്ടെടുക്കുന്നു. ദൈവസ്നേഹത്തിന്റെ മാധുര്യം മനുഷ്യരുടെ കലഹങ്ങളുടെ കയ്പിനെ ഇല്ലായ്മചെയ്യുന്നു.

16. ആദ്യം പൂർണ്ണഹൃദയത്തോടെ ദൈവത്തെ ഭയപ്പെടാത്ത ആർക്കും ബോധപൂർവ്വം അവിടുത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല. ഭയത്തിലൂടെ ആത്മാവ് ശുദ്ധീകരിക്കപ്പെടുകയും മൃദുലമായിത്തീരുകയും സ്നേഹത്തിന്റെ പ്രവൃത്തിയാൽ ഉണർത്തപ്പെടുകയും ചെയ്യും. എന്നാൽ ലൗകികതാല്പര്യങ്ങളിൽനിന്നു മോചിതനായെങ്കിൽ മാത്രമേ ഒരുവന് പൂർണ്ണമായും ദൈവഭയം അനുഭവിക്കാൻ കഴിയുകയുള്ളൂ. എന്തെന്നാൽ ഏകാഗ്രതയുടെയും നിർമമതയുടെയും അവസ്ഥയിലെത്തിയ ബുദ്ധിയിലാണ് ദൈവഭയത്തിന്റെ അഗ്നി ജ്വലിക്കുന്നത്. അത് നിന്ദ്യമായവയിൽനിന്നും ബുദ്ധിശൂന്യതയുടെ അവസ്ഥയിൽനിന്നും മനസ്സിനെ ശുദ്ധീകരിച്ച് ദൈവിക നന്മയോടുള്ള മഹത്തായ സ്നേഹത്തിലേക്കു നയിക്കുന്നു. ശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നവരിൽ കാണപ്പെടുന്ന മിതമായ അളവിലുള്ള സ്നേഹമാണ് ഭയം ഉണ്ടെന്നതിനു തെളിവ്. എന്നാൽ പരിപൂർണ്ണ സ്നേഹത്തിന്റെ അടയാളം ശുദ്ധീകരിക്കപ്പെട്ടു കഴിഞ്ഞവരിൽ ഭയം ഇല്ല എന്നുള്ളതാണ്. എന്തെന്നാൽ, 'പൂർണ്ണമായ സ്നേഹം ഭയത്തെ ഇല്ലായ്മ ചെയ്യുന്നു' (1 യോഹ 4:18) എന്നാണല്ലോ പറയപ്പെട്ടിരിക്കുന്നത്. തങ്ങളിലുള്ള പരിശുദ്ധാത്മാവിന്റെ ഊർജ്ജത്താൽ സുകൃതം സമ്പാദിച്ച നീതിമാന്മാർക്കു മാത്രമാണ് ഭയവും സ്നേഹവും ഒരേസമയം കാണപ്പെടുന്നത്. ഇക്കാരണത്താൽ വിശുദ്ധ ഗ്രന്ഥം ഒരു സ്ഥലത്ത് ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'കർത്താവിന്റെ വിശുദ്ധരേ, അവിടുത്തെ ഭയപ്പെടുവിൻ' (സങ്കീ 34:9). മറ്റൊരിടത്ത്

www.malankaralibrary.com

ഇങ്ങനെ കാണാം: 'കർത്താവിന്റെ വിശുദ്ധരേ, അവിടുത്തെ സ്നേഹിക്കുവിൻ' (സങ്കീ 31:23). ഇതിൽനിന്നു നമുക്ക് മനസ്സിലാകുന്നത് ശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നവരും നീതിമാന്മാരുമായ ആളുകളിൽ ഒരേസമയം ദൈവഭയവും മിതമായ അളവിലുള്ള ദൈവസ്നേഹവും ഉണ്ടായിരിക്കുമെന്നാണ്; എന്നാൽ തെല്ലും ഭയമില്ലാത്തവരും പൂർണ്ണമായും ശുദ്ധീകരിക്കപ്പെട്ടവരുമായ ആളുകളിൽ കാണപ്പെടുന്നത്, പൂർണ്ണമായ സ്നേഹവും പരിശുദ്ധാത്മാവിന്റെ ഊർജ്ജത്താൽ ദൈവവുമായി സംയോജിക്കാനുള്ള നിരന്തരമായ ആഗ്രഹവും ആത്മാവിന്റെ, ദൈവത്തോടുള്ള ഐക്യവും ആയിരിക്കും. വിശുദ്ധവചനം ശ്രദ്ധിക്കുക: 'എന്റെ ആത്മാവ് അങ്ങയോട് ഒട്ടിച്ചേർന്നിരിക്കുന്നു. അങ്ങയുടെ വലംകൈ എന്നെ താങ്ങിനിർത്തുന്നു' (സങ്കീ 63:8).

17. ശരീരത്തിലെ മുറിവുകൾ ശ്രദ്ധിക്കപ്പെടാതെയും പരിചരിക്കപ്പെടാതെയുമിരുന്നാൽ ഭിഷഗ്വരൻ മരുന്നു പുരട്ടുന്നതുകൊണ്ട് പ്രയോജനമുണ്ടാകുകയില്ല; എന്നാൽ ആദ്യം അവ കഴുകി വൃത്തിയാക്കിയതിനുശേഷം മരുന്നു പുരട്ടിയാൽ വളരെ പെട്ടെന്നു ഭേദമാകുന്നു. അതുപോലെതന്നെ സ്വന്തം ആത്മാവസ്ഥയെ അവഗണിച്ചും സുഖഭോഗാസക്തിയിലൂടെ കുഷ്ഠരോഗം ബാധിച്ചും കഴിയുന്ന ആത്മാവിന് ദൈവത്തിന്റെ ഭയാനകമായ വിധിയെക്കുറിച്ച് താക്കീതു ലഭിച്ചാലും ദൈവഭയം അനുഭവിക്കാൻ കഴിയില്ല. എന്നാൽ ശ്രദ്ധാപൂർവ്വം ആത്മാവ് ശുദ്ധീകരിക്കപ്പെടാൻ തുടങ്ങുമ്പോൾ, ജീവദായക ഔഷധമായ ദൈവഭയം അനുഭവിക്കാൻ തുടങ്ങുന്നു. അത് മനഃസാക്ഷിയിൽ ഉണർത്തുന്ന കുറ്റബോധം നിർമമത നേടാൻ ആത്മാവിനെ പ്രാപ്തമാക്കുന്നു. പതുക്കെപ്പതുക്കെ ഭയം അവസാനിക്കുകയും സ്നേഹം വളരുകയും ചെയ്യുന്നു, ഏറ്റവും ഒടുവിൽ ഭയം നിശ്ശേഷം ഇല്ലാതെയായി പൂർണ്ണമായ സ്നേഹം ഉളവാകുന്നു. ദൈവിക മഹത്ത്വത്താൽ ഊർജ്ജസ്വലമായ സ്നേഹത്തിൽ ഭയം ഉണ്ടായിരിക്കുകയില്ല, പരിപൂർണ്ണമായ നിർമമത മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ആയതിനാൽ ദൈവഭയത്തിലും ക്രിസ്തുവിന്റെ പരിപൂർണ്ണനിയമത്തിന്റെ പൂർത്തീകരണമായ സ്നേഹത്തിലും നമുക്ക് നിരന്തരം സന്തോഷിക്കാം (റോമ 13:10).

18. ലൗകികവിഷയങ്ങളിൽനിന്നു മോചനം നേടാത്ത ഒരാൾക്ക് ദൈവത്തെ സ്നേഹിക്കാനോ പിശാചിനെ വെറുക്കാനോ കഴിയില്ല;

www.malankaralibrary.com

എന്തെന്നാൽ ലൗകികതാല്പര്യങ്ങൾ ഒരേസമയം ഒരു ഭാരവും മൂടുപടവുമാണ്. തന്നെ വിധിക്കുന്ന ന്യായാസനത്തെക്കുറിച്ചോ, തനിക്കു ലഭിക്കാൻ പോകുന്ന വിധിയെക്കുറിച്ചോ മനസ്സിലാക്കാൻ അയാളുടെ ബുദ്ധിക്കു കഴിയാതെ പോകുന്നു. ഇക്കാരണങ്ങൾകൊണ്ട് ലോകത്തിൽനിന്നുള്ള അയാളുടെ പിന്മാറ്റം ഫലശൂന്യമായിത്തീരുന്നു.

19. അസൂയയില്ലാത്ത ബുദ്ധിയും വിദ്വേഷമില്ലാത്ത ലക്ഷ്യബോധവും മഹത്ത്വപൂർണ്ണനായ ദൈവത്തോടുള്ള അനന്തമായ സ്നേഹവുമാണ് ശുദ്ധത നേടിയ ആത്മാവിന്റെ ഗുണവിശേഷങ്ങൾ. ആത്മാവ് ഈ ഗുണങ്ങൾ നേടിക്കഴിയുമ്പോൾ ഏതു വിധത്തിലുള്ള വിധിയായിരിക്കും തനിക്കു ലഭിക്കുന്നതെന്നും ന്യായാസനത്തിനു മുമ്പിൽ നിൽക്കുന്ന ഏറ്റവും വലിയ കുറ്റവാളി താനാണെന്നും ബുദ്ധി സൂക്ഷ്മമായി മനസ്സിലാക്കും.

20. പ്രവൃത്തിയില്ലാതെയുള്ള വിശ്വാസവും വിശ്വാസം കൂടാതെയുള്ള പ്രവൃത്തിയും ഒരേപോലെ നിന്ദ്യമാണ്; എന്തെന്നാൽ വിശ്വാസമുള്ളവൻ തന്റെ പ്രവൃത്തിയിലൂടെ അത് കർത്താവിനു സമർപ്പിക്കണം. തന്റെ പുത്രനെ, വിശ്വാസത്താൽ പ്രേരിതനായി ബലി നല്കാൻ തയ്യാറായിരുന്നില്ലെങ്കിൽ നമ്മുടെ പിതാവായ അബ്രഹാമിനെ നീതിമാനെന്നു വിളിക്കുമായിരുന്നില്ല (യാക്കോ 2:21; റോമ 4:3).

21. ദൈവത്തെ സ്നേഹിക്കുന്ന ഒരുവൻ പൂർണ്ണമായി വിശ്വസിക്കുകയും വിശ്വാസത്തിന്റെ പ്രവൃത്തികൾ ഭയഭക്തിയോടെ നിറവേറ്റുകയും ചെയ്യുന്നു. എന്നാൽ സ്നേഹം കൂടാതെ, വിശ്വസിക്കുക മാത്രം ചെയ്യുന്ന ഒരാൾക്ക് തനിക്ക് ഉണ്ടെന്നു കരുതുന്ന വിശ്വാസംപോലും ഉണ്ടായിരിക്കുകയില്ല. എന്തെന്നാൽ സ്നേഹത്തിന്റെ മഹത്ത്വത്താൽ ഊർജ്ജസ്വലനാകാതെ ഉപരിപ്ലവമായിട്ടാണ് അയാൾ വിശ്വസിക്കുന്നത്. അതിനാൽ സ്നേഹത്തിൽ അടിയുറച്ച വിശ്വാസമാണ് ഏറ്റവും പ്രധാനം.

22. ആകാംക്ഷയോടെ ഉറ്റുനോക്കുമ്പോൾ വിശ്വാസത്തിന്റെ ജലാശയം ക്ഷുഭിതമാണെന്നു തോന്നാം; എന്നാൽ ലാളിത്യത്തോടെ ധ്യാനിക്കുമ്പോൾ അതു ശാന്തമാണെന്നു നാം തിരിച്ചറിയുന്നു. വിശ്വാസത്തിന്റെ ജലാശയം ലെതെ നദിപോലെയാണ്: അത് എല്ലാ തിന്മകളും മറക്കാൻ നമ്മെ സഹായിക്കുന്നു. യുക്തിചിന്തയ്ക്ക്

www.malankaralibrary.com

അവിടെ സ്ഥാനമില്ല. ലാളിത്യം നിറഞ്ഞ മനസ്സോടെ ഈ ജലാശയം കുറുകെ കടന്ന് ദൈവഹിതത്തിന്റെ തുറമുഖത്ത് നമുക്ക് എത്തിച്ചേരാം.

23. ആദ്യം സ്വയം വിമർശിക്കാത്ത ഒരാൾക്കും യഥാർത്ഥത്തിൽ സ്നേഹിക്കാനോ വിശ്വസിക്കാനോ സാധിക്കുകയില്ല. എന്തെന്നാൽ നമ്മുടെ മനഃസാക്ഷി നമ്മെ കുറ്റപ്പെടുത്തുന്നിടത്തോളം കാലം സ്വർഗ്ഗീയ അനുഗ്രഹങ്ങളുടെ സുഗന്ധം ആസ്വദിക്കാൻ നമ്മുടെ മനസ്സിനു സാധിക്കുകയില്ല; കാരണം അത് വിഭജിക്കപ്പെട്ടതും സമ്മിശ്ര വികാരങ്ങൾക്ക് അധീനവുമായിരിക്കും. ഒരിക്കൽ വിശ്വാസത്തിന്റെ സന്തോഷം അനുഭവിക്കുന്ന മനസ്സ് ഉത്സാഹത്തോടെ വിശ്വാസത്തെ സമീപിക്കുന്നു. എന്നാൽ മനഃസാക്ഷിക്കുത്തു നിമിത്തം, വിശ്വാസത്തെക്കുറിച്ച് സ്നേഹത്തിലൂടെയുള്ള ഉൾക്കാഴ്ച ഹൃദയത്തിൽ അയാൾക്ക് അനുഭവപ്പെടുന്നില്ല. എന്നാൽ കൂടുതൽ ജാഗ്രതയോടെ നാം നമ്മെത്തന്നെ ശുദ്ധീകരിച്ചു കഴിയുമ്പോൾ ദൈവാനുഭവത്തിന്റെ നിറവിനോടൊപ്പം നാം ആഗ്രഹിക്കുന്നതെന്തും നമുക്കു ലഭിക്കും.

24. ശരീരത്തിലെ ഇന്ദ്രിയങ്ങൾ ഓരോന്നും അവയെ ആകർഷിക്കുന്ന വസ്തുവിലേക്ക് നമ്മെ പിടിച്ചടുപ്പിക്കുന്നതുപോലെ, ദൈവികമായ നന്മ ഒരിക്കൽ അനുഭവിച്ച മനസ്സ്, അദൃശ്യമായ അനുഗ്രഹങ്ങളിലേക്ക് നമ്മെ വലിച്ചടുപ്പിക്കുന്നു. ഓരോന്നും അതിനു സമാനമായ മറ്റൊന്നിലേക്കാണ് ആകർഷിക്കപ്പെടുന്നത്. ആത്മാവിന് ശരീരമില്ലാത്തതിനാൽ അത് സ്വർഗ്ഗീയമായവ ആഗ്രഹിക്കുന്നു. എന്നാൽ ശരീരമാകട്ടെ, പൊടിയായതിനാൽ ഭൗമികഭക്ഷണമാണ് അന്വേഷിക്കുന്നത്. നമ്മുടെ ഭൗതികസ്വഭാവത്തെ ശുദ്ധീകരിക്കുന്നതിലൂടെ നമുക്ക് ആത്മീയസുഖം അനുഭവിക്കാൻ കഴിയുന്നു.

25. ദൈവികമായ അറിവ് ഒരിക്കൽ നമുക്കു ലഭിച്ചുകഴിഞ്ഞാൽ, അത് നമ്മെ പഠിപ്പിക്കുന്നത് നമ്മുടെ ആത്മാവിന്റെ ബുദ്ധിപരമായ ദർശനശേഷി ഏകമാണെന്നാണ്. എന്നാൽ ആദാമിന്റെ അനുസരണക്കേടിന്റെ ഫലമായിട്ടാണ് അത് രണ്ടായി വിഭജിക്കപ്പെട്ടത്. ഈ ഏകമായ ദർശനശേഷി ആത്മാവിന്റെ ഉള്ളിൽ ഉറപ്പിച്ചത് പരിശുദ്ധാത്മാവാണ്. എന്നാൽ, അനശ്വരത നേടാനുള്ള ആഗ്രഹത്താൽ ആത്മനിയന്ത്രണത്തിലൂടെ ശാരീരികമോഹങ്ങളെയും ലൗകികസുഖങ്ങളെയും സ്വമനസ്സാലെ ഉപേക്ഷിച്ച ഒരാൾക്കു മാത്രമേ ആത്മീയ

www.malankaralibrary.com

ദർശനശേഷിയുടെ ഏകത്വം തിരിച്ചറിയാനാകൂ. അങ്ങനെയുള്ളവരിൽ മാത്രമേ നിർമമതയുടെ സ്വാതന്ത്ര്യം നേടിയ ബുദ്ധി ദൈവത്തിന്റെ അവാച്യമായ നന്മ ഗ്രഹിക്കാൻ ഉത്സാഹത്തോടെ പ്രയത്നിക്കുകയുള്ളൂ. അതിന്റെ പുരോഗതിയ്ക്കനുസരിച്ച് തന്റെ ആനന്ദത്തെ ബുദ്ധി ശരീരവുമായി പങ്കുവയ്ക്കുന്നു: സ്നേഹത്തിന്റെയും സ്തുതിയുടെയും ഗാനത്തിൽ അത് മതിമറന്ന് ആനന്ദിക്കുന്നു. 'എന്റെ ഹൃദയം അവിടുന്നിൽ ആശ്രയിക്കുന്നു, അതിനാൽ എനിക്കു സഹായം ലഭിച്ചിരിക്കുന്നു. വീണ്ടും എന്റെ ശരീരം പുഷ്പിക്കുന്നു, എന്റെ സർവ്വശേഷിയും ഉപയോഗിച്ച് ഞാൻ അവിടുത്തെ സ്തുതികൾ ആലപിക്കുന്നു' (സങ്കീ 28:7). ആത്മാവിനെയും ശരീരത്തെയും നിറയ്ക്കുന്ന ഈ സന്തോഷം കളങ്കരഹിതമായ ജീവിതത്തിന്റെ യഥാർത്ഥ അനുസ്മരണമാണ്.

26. ആത്മീയമായ ജീവിതത്തിൽ ഏർപ്പെട്ടിരിക്കുന്നവർ തങ്ങളുടെ മനസ്സിനെ വ്യാകുലതയിൽനിന്നും സ്വതന്ത്രമായി കാത്തുസൂക്ഷിക്കണം. അപ്പോൾ മനസ്സിൽകൂടി കടന്നുപോകുന്ന ചിന്തകളെ വിവേചിച്ചറിഞ്ഞ് ദൈവത്തിൽനിന്നും വരുന്ന സദ്ചിന്തകളെ ഓർമ്മയുടെ ഭണ്ഡാരത്തിൽ നിക്ഷേപിക്കാനും പിശാചിൽനിന്നും വരുന്ന ദുശ്ചിന്തകളെ തള്ളിക്കളയാനും ബുദ്ധിക്കു സാധിക്കും. കടൽ ശാന്തമായിരിക്കുമ്പോൾ മീൻപിടിത്തക്കാർക്ക് അതിന്റെ അടിത്തട്ട് കാണാൻ കഴിയുന്നു. അവിടെയുള്ള ഓരോ ജീവിയും അവരുടെ കണ്ണിൽപെടുന്നു. എന്നാൽ കടലിൽ കാറ്റും കോളും നിറയുമ്പോൾ പ്രശാന്തമായ അവസ്ഥയിൽ ദൃശ്യമായിരുന്നവയെ ഇളകിമറിയുന്ന തിരമാലകൾ മറച്ചുവയ്ക്കുന്നു. അപ്പോൾ മീൻപിടിത്തക്കാരുടെ സാമർത്ഥ്യവും കൗശലവും വ്യർത്ഥമാണെന്നു തെളിയുന്നു. ഇതുപോലെതന്നെ അനാവശ്യമായ കോപതാപങ്ങൾ ആത്മാവിനെ അലട്ടുമ്പോൾ ബുദ്ധിയുടെ ചിന്താശേഷി നിസ്സഹായമായിത്തീരുന്നു.

27. തങ്ങളുടെ എല്ലാ പോരായ്മകളെയും സൂക്ഷ്മമായി തിരിച്ചറിയാൻ വളരെക്കുറച്ച് ആളുകൾക്കേ കഴിയാറുള്ളൂ; ദൈവസ്മരണയിൽനിന്ന് ആരുടെ ബുദ്ധിയാണോ ഒരിക്കലും പറിച്ചുമാറ്റപ്പെടാത്തത് അവർക്കുമാത്രം. ആരോഗ്യം ഉള്ളപ്പോൾ നമ്മുടെ കണ്ണുകൾക്കു പറന്നുനടക്കുന്ന കൊതുകുകളെയും ചെറുപ്രാണികളെയും ഉൾപ്പെടെ എന്തിനെയും കാണാൻ കഴിയും; എന്നാൽ അവയ്ക്ക് എന്തെങ്കിലും

www.malankaralibrary.com

രോഗം ബാധിച്ചാൽ വലിയ വസ്തുക്കളെ അവ്യക്തമായി മാത്രം കാണാൻ കഴിയുന്നു. ചെറിയവയെ കാണാൻ കഴിയുന്നേയില്ല. ഇതുപോലെതന്നെ, ആത്മാവ് ജാഗ്രതയിലൂടെ ലൗകികവസ്തുക്കളിലുള്ള മമതയാകുന്ന അന്ധതയിൽനിന്നു മോചനം നേടുമ്പോൾ അതിന്റെ ചെറിയ പോരായ്മകൾപോലും തിരിച്ചറിയുകയും പശ്ചാത്താപത്തിന്റെ കണ്ണുനീർത്തുള്ളികൾ നന്ദിപൂർവ്വം പൊഴിക്കുകയും ചെയ്യുന്നു. 'നീതിമാന്മാർ അങ്ങയുടെ നാമത്തിന് നന്ദി പറയും' (സങ്കീ 140:13) എന്നാണ് എഴുതപ്പെട്ടിരിക്കുന്നത്. എന്നാൽ ആത്മാവ് ലൗകിക വിഷയങ്ങളിൽ മുഴുകുമ്പോൾ കൊലപാതകംവരെയുള്ള ഭീകരമായ തെറ്റുചെയ്താൽ പോലും അതത്ര കാര്യമാക്കുകയില്ല. അങ്ങനെ തന്റെ മറ്റു പോരായ്മകളെ തിരിച്ചറിയാൻപോലുമുള്ള ശേഷി അതിനില്ലാതാകുന്നു. പലപ്പോഴും ഈ പോരായ്മകളെ തന്റെ പുരോഗതിയുടെ അടയാളമായിട്ടാണ് അത് കാണുന്നത്. അതിനാൽ ശുഷ്ക്കാന്തിയോടെ സ്വയം ന്യായീകരിക്കുന്നതിൽ അതിന്റെ ദുർബ്ബലത ലജ്ജിക്കുന്നില്ല.

28. പരിശുദ്ധാത്മാവിനു മാത്രമാണ് നമ്മുടെ ബുദ്ധിയെ ശുദ്ധീകരിക്കാൻ കഴിയുന്നത്. പിശാചിനെക്കാൾ കരുത്തേറിയ ശക്തി വന്ന് അവനെ കീഴ്പ്പെടുത്തുന്നില്ലെങ്കിൽ അവൻ അടിമയാക്കിയതിന് ഒരിക്കലും മോചിതമാകാൻ സാധിക്കുകയില്ല (ലൂക്കോ 11:21,22). അതിനാൽ എല്ലാത്തരത്തിലും, പ്രത്യേകിച്ച് ആത്മാവിന്റെ ശാന്തിയിലൂടെ നാം സ്വയം പരിശുദ്ധാത്മാവിന്റെ ആവാസകേന്ദ്രമായി മാറണം. അങ്ങനെ ചെയ്താൽ ആത്മീയജ്ഞാനത്തിന്റെ ദീപം നമ്മുടെ ഉള്ളിൽ സദാ കത്തിജ്വലിച്ചുകൊള്ളും; ഈ ദീപം നിരന്തരം ആത്മാവിന്റെ അന്തഃരംഗത്തിൽ ജ്വലിച്ചുകൊണ്ടിരിക്കുമ്പോൾ പിശാചുക്കളുടെ അന്ധകാരപൂർണ്ണവും തിക്തവുമായ ആക്രമണങ്ങളെ ബുദ്ധി തിരിച്ചറിയുക മാത്രമല്ല, മറിച്ച്, അവയുടെ ആക്രമണം ദുർബ്ബലമായിത്തീരുകയും മഹത്ത്വപൂർണ്ണവും വിശുദ്ധവുമായ ഈ പ്രകാശത്തിൽ അവ അനാവൃതമായിത്തീരുകയും ചെയ്യുന്നു. ഇക്കാരണത്താലാണ് 'ആത്മാവിനെ നിങ്ങൾ നിർവ്വീര്യമാക്കരുത്' (1 തെസ 5:19) എന്ന് അപ്പോസ്തോലൻ പറയുന്നത്. 'ദുഷ്പ്രവൃത്തികളാലോ ദുശ്ചിന്തകളാലോ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ച് ഈ പ്രകാശത്തിന്റെ സംരക്ഷണത്തെ ഇല്ലാതാക്കരുത് എന്നാണ്

www.malankaralibrary.com

ഇതിനർത്ഥം. ആത്മാവ് നിത്യനും ജീവദായകനുമാകയാൽ നിർവ്വീര്യമാക്കപ്പെടാവുന്നതല്ല. എന്നാൽ ആത്മാവ് നിർവ്വീര്യമായിത്തീരുന്നെങ്കിൽ -അതായത്, നമ്മെ വിട്ടുപോകുന്നെങ്കിൽ- ആത്മീയപ്രകാശമില്ലാതെ ഇരുട്ടിലും നിഷ്പ്രഭയിലും അവിടുന്ന് ബുദ്ധിയെ ഉപേക്ഷിക്കും.

29. നാം പറഞ്ഞതുപോലെ ദൈവത്തിന്റെ സ്നേഹപൂർണ്ണനായ പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിക്കുന്നത്, നമ്മുടെ ആത്മാവിന്റെ ദർശനശേഷി ഏകമാണെന്നാണ്; ശരീരത്തിന്റെ ആവശ്യങ്ങൾ വ്യത്യസ്തമാകുകയാലാണ് അഞ്ച് ഇന്ദ്രിയങ്ങളും വ്യത്യസ്തമായ അനുഭവങ്ങൾ നമുക്ക് നല്കുന്നത്. എന്നാൽ ആദാമിന്റെ അനുസരണക്കേടു മൂലം നമ്മുടെ ദർശനശേഷി വിഭജിക്കപ്പെടുകയും ആത്മാവ് എങ്ങനെ പ്രവർത്തിക്കുന്നുവോ അതേ രീതിയിൽ നമ്മുടെ ആന്തരിക ദർശനം രൂപീകരിക്കപ്പെടുകയും ചെയ്യുന്നു. ആത്മാവിന്റെ ഒരു ഭാഗം മനുഷ്യനിലെ വൈകാരികതയുടേതാണ്. അതിനാൽ ജീവിതത്തിലെ നല്ല കാര്യങ്ങൾ നമ്മെ ആകർഷിക്കുന്നു. എന്നാൽ ആത്മാവിന്റെ മറുഭാഗം ബുദ്ധിയുടെ പ്രവർത്തനത്തിൽ സന്തോഷിക്കുകയും ആത്മനിയന്ത്രണത്തിലൂടെ സ്വർഗ്ഗീയസൗന്ദര്യത്തെ പിന്തുടരുകയും ചെയ്യുന്നു. അതിനാൽ ജീവിതസൗഖ്യങ്ങളിൽനിന്ന് അകന്നുമാറാൻ നമുക്ക് കഴിഞ്ഞാൽ ആത്മാവിന്റെ ഭൗതിക വിശപ്പിനെ അതിന്റെ ആത്മീയവും ബൗദ്ധികവുമായ ആഗ്രഹത്തോടെ, ഇപ്രകാരം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്ന പരിശുദ്ധാത്മാവുമായി സംയോജിപ്പിക്കാൻ ആത്മാവിനു സാധിക്കുന്നു. നമ്മുടെ ഹൃദയത്തിന്റെ ഉള്ളറകളിൽ പരിശുദ്ധാത്മാവിന്റെ പ്രകാശം നിറയുന്നതുവരെ ദൈവികനന്മ അനുഭവിക്കാനോ ഏകമായ ആന്തരികദർശനശേഷി വീണ്ടെടുക്കാനോ നമുക്ക് കഴിയില്ല.

30. വ്യത്യസ്തമായ യാഥാർത്ഥ്യങ്ങളെ സൂക്ഷ്മമായി തിരിച്ചറിയുന്നതിലാണ് ബുദ്ധിയുടെ ദർശനശേഷി അടങ്ങിയിരിക്കുന്നത്. ആരോഗ്യമുള്ള ഒരാളിന്റെ നാവിന് വ്യത്യസ്ത രുചികൾ തിരിച്ചറിയാനും നല്ല ആഹാരവും ചീത്ത ആഹാരവും ഏതൊക്കെയാണെന്നു മനസ്സിലാക്കി നല്ലതു തിരഞ്ഞെടുക്കാനും കഴിയുന്നു. ഇതുപോലെ തന്നെ, പൂർണ്ണമായ നിർമ്മമതയും പ്രവർത്തനശേഷിയുമുള്ള നമ്മുടെ ബുദ്ധിക്ക് ദൈവകൃപയുടെ സമ്പത്ത് തിരിച്ചറിയാനും പിശാചിൽനിന്നും വരുന്ന മായാദർശനങ്ങളാൽ വഴിതെറ്റിപ്പോകാതിരിക്കാനും സാധിക്കുന്നു. ശരീരം ഈ ഭൂമിയിലെ സ്വാദുള്ള ഭക്ഷണ

www.malankaralibrary.com

പദാർത്ഥങ്ങൾ രുചിക്കുകയും അവയോരോന്നും ഏതു തരത്തിൽപ്പെട്ട വയാണെന്ന് അനുഭവിച്ചറിയുകയും ചെയ്യുന്നതുപോലെ, ബുദ്ധിയും മാംസപരമായ ചിന്തകൾക്കുമേൽ വിജയം വരിക്കുമ്പോൾ, പരിശുദ്ധാ ത്മാവിന്റെ കൃപ എപ്പോഴാണ് താൻ രുചിക്കുന്നതെന്ന് നിശ്ചയമായും തിരിച്ചറിയും. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: 'കർത്താവ് എത്ര നല്ലവനാണെന്നു രുചിച്ചറിയുവിൻ' (സങ്കീ 34:8). അപ്പോൾ സ്നേഹമെന്ന ഊർജ്ജത്തിലൂടെ ഈ രുചിയുടെ ഓർമ്മ നൂതനമായി നിലനിർത്താനും നല്ലതു തിരഞ്ഞെടുക്കാനും ബുദ്ധിക്കു കഴിയുന്നു. വിശുദ്ധ പൗലോസ് ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്: 'നിങ്ങളുടെ സ്നേഹം കൂടുതൽ കൂടുതൽ വളരുകയും അറിവിലും ധാരണയിലും നിങ്ങൾ മെച്ചപ്പെടുകയും ഏറ്റവും നല്ലതു തിരഞ്ഞെടു ക്കാൻ നിങ്ങൾക്കു കഴിയുകയും ചെയ്യട്ടെ എന്നാണ് എന്റെ പ്രാർത്ഥന' (ഫിലി 1:9,10).

31. നമ്മുടെ ബുദ്ധി പരിശുദ്ധാത്മാവിന്റെ കൃപ തിരിച്ചറിയാൻ തുടങ്ങുന്നതോടെ നാം നേർത്ത മയക്കത്തിലാണ്ടുപോകുന്ന സമയ ങ്ങളിൽ പിശാചും കപടമായ മാധുര്യത്താൽ ആത്മാവിനെ അലട്ടാൻ ശ്രമിക്കുന്നു. എന്നാൽ ആ സമയത്ത് കർത്താവായ യേശുവിന്റെ മഹത്ത്വപൂർണ്ണവും പരിശുദ്ധവുമായ നാമത്തിന്റെ ഓർമ്മ തീവ്രത യോടെ നിലനിർത്താനും സാത്താന്റെ വഞ്ചനയ്ക്കെതിരെയുള്ള ആയുധമായി അവിടുത്തെ നാമം ഉപയോഗിക്കാൻ ബുദ്ധിക്ക് സാധിക്കുകയും ചെയ്താൽ, അവൻ തന്റെ കൗശലം ഉപേക്ഷി ക്കുകയും ഭാവിയിൽ നേരിട്ടും വ്യക്തിപരമായും ആത്മാവിനെ ആക്രമി ക്കുകയും ചെയ്യും. എന്നിരുന്നാലും, യേശുനാമത്തിന്റെ അനു സ്മരണം വഴി സാത്താന്റെ വഞ്ചനയെ തിരിച്ചറിയാനും കൂടുതൽ വിവേചനാശക്തിയോടെ മുന്നോട്ടു നീങ്ങാനും ബുദ്ധിക്കു സാധിക്കും.

32. യഥാർത്ഥ കൃപയുടെ അനുഭവം ഉണ്ടാകുന്നത് ഒന്നുകിൽ നാം ഉണർന്നിരിക്കുമ്പോഴാകാം അല്ലെങ്കിൽ ഉറങ്ങാൻ തുടങ്ങുമ്പോഴാ യിരിക്കാം. ദൈവത്തെക്കുറിച്ച് തീവ്രമായി സ്മരിക്കുമ്പോൾ നാം അവിടുത്തെ സ്നേഹത്തിൽ അലിഞ്ഞുചേരുന്നു. എന്നാൽ ഞാൻ സൂചിപ്പിച്ചതുപോലെ, മായാദർശനങ്ങൾ നമുക്കുണ്ടാകുന്നത് ദൈവ സ്മരണ ദുർബ്ബലമാവുകയും നാം മയക്കത്തിലേക്കു വഴുതിവീഴുകയും ചെയ്യുമ്പോഴാണ്. യഥാർത്ഥ കൃപയുടെ ഉറവിടം ദൈവമാകയാൽ

www.malankaralibrary.com

അത് നമ്മെ ബോധപൂർവ്വം സന്തോഷിപ്പിക്കുകയും ആത്മാവിന്റെ ഹർഷാവേശത്താൽ സ്നേഹത്തിലേക്ക് നമ്മെ ചലിപ്പിക്കുകയും ചെയ്യും. അതേസമയം മായാദർശനമാകട്ടെ, ചതിയുടെ കൊടുങ്കാറ്റിനാൽ ആത്മാവിനെ ഇളക്കിമറിക്കുന്നു; ദൈവസ്മരണയിലധിഷ്ഠിതമായ ബുദ്ധിയുടെ ശാരീരിക ഉറക്കത്തിന്റെ അവസരം പ്രയോജനപ്പെടുത്തി അതിന്റെ ആത്മീയഗ്രഹണശക്തിയുടെ അനുഭവം മോഷ്ടിക്കാൻ പിശാച് ശ്രമിക്കും. എന്നാൽ ആ സമയത്ത് ബുദ്ധി, ഏകാഗ്രതയോടെ കർത്താവായ യേശുവിനെ സ്മരിക്കുകയാണെങ്കിൽ വളരെ എളുപ്പത്തിൽ ശത്രുവിന്റെ വഞ്ചനാപരമായ മാധുര്യത്തെ തകർത്ത് സന്തോഷപൂർവ്വം അവനെതിരെ യുദ്ധം ചെയ്യാൻ അത് തയ്യാറാകും. യുദ്ധത്തിനായി ദൈവകൃപയെ മാത്രമായിരിക്കില്ല അത് ആയുധമായി ധരിക്കുക, പ്രത്യുത, സ്വന്തം അനുഭവത്തിൽനിന്നും നേടിയെടുത്ത ആശ്രയബോധത്തെ അത് രണ്ടാമത്തെ ആയുധമായി ഉപയോഗിക്കും.

33. ചില സമയത്ത് ദൈവസ്നേഹത്താൽ ജ്വലിക്കുന്ന ആത്മാവിന് എല്ലാ സങ്കല്പങ്ങളിൽനിന്നും സംശയങ്ങളിൽനിന്നും മോചനം നേടാനും ദൈവത്തിലേക്ക് അടുക്കാനും കഴിയുന്നു. ദൈവസ്നേഹത്തിന്റെ അഗാധതയിലേക്ക് ശരീരത്തെ കൂട്ടിക്കൊണ്ടുപോകാനും അതിനു കഴിയുന്നു. ഞാൻ മുമ്പു സൂചിപ്പിച്ചതുപോലെ, ഒരാൾ ഉണർന്നിരിക്കുമ്പോഴോ ദൈവകൃപയുടെ സ്വാധീനത്താൽ ഉറങ്ങാൻ തുടങ്ങുമ്പോഴോ ഇതു സംഭവിക്കാം. താൻ എങ്ങോട്ടാണ് നീങ്ങിക്കൊണ്ടിരിക്കുന്നതെന്നു മാത്രമേ അപ്പോൾ ആത്മാവ് അറിയുകയുള്ളൂ. ഇപ്രകാരമുള്ള അനുഭവം നമുക്കുണ്ടാകുമ്പോൾ നമ്മിലുള്ള പരിശുദ്ധാത്മാവിന്റെ ഊർജ്ജമാണ് നമ്മെ അതിനു പ്രാപ്തരാക്കുന്നതെന്ന് നമുക്ക് അനുമാനിക്കാൻ സാധിക്കും. എന്തെന്നാൽ അവാച്യമായ മാധുര്യത്തിലേക്ക് ആത്മാവ് പൂർണ്ണമായി പ്രവേശിക്കുമ്പോൾ, അഭംഗുരമായ ആനന്ദത്തിന്റെ ആധിക്യത്താൽ അതിന് മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കാൻ സാധിക്കുകയില്ല. എന്നാൽ ആ നിമിഷത്തിൽ ഏതെങ്കിലും തരത്തിലുള്ള സംശയമോ അശുദ്ധചിന്തയോ തന്നിൽ ഉള്ളതായി ബുദ്ധി ഗ്രഹിച്ചാൽ, അവിടുത്തെ പരിശുദ്ധനാമം വിളിക്കുമ്പോഴും അത് തുടർന്നുകൊണ്ടിരുന്നാൽ -ദൈവസ്നേഹത്താൽ പ്രേരിതമായല്ല, മറിച്ച്, തിന്മയെ ചെറുത്തുനില്ക്കാൻ വേണ്ടിമാത്രം-

www.malankaralibrary.com

താൻ അനുഭവിച്ച മാധുര്യാനുഭവം വെറും മായാദർശനത്തിൽനിന്നും ഉളവായതാണെന്ന് അത് തിരിച്ചറിയണം. എന്തെന്നാൽ, വഴിതെറ്റിക്കുന്നവനിൽനിന്നും വരുന്ന വഞ്ചനാപൂർണ്ണമായ സന്തോഷമാണത്. ഇപ്രകാരമുള്ള രൂപക്രമമില്ലാത്തതും താറുമാറായതുമായ സന്തോഷത്തിലൂടെ ആത്മാവിനെ തന്നോടൊപ്പം വ്യഭിചാരം ചെയ്യാൻ സാത്താൻ പ്രേരിപ്പിക്കുന്നു. തന്റെ ആത്മീയമായ അറിവിൽ ആത്മാവ് അഹങ്കാരോന്മത്തമാകുന്നതായി അവൻ കാണുമ്പോൾ, പുറമേ സുന്ദരമായ മായാദർശനങ്ങൾകൊണ്ട് അവൻ ആത്മാവിനെ മയക്കുന്നു. അങ്ങനെ ഈറനായതും ദുർബ്ബലമായതുമായ മാധുര്യത്താൽ ആത്മാവ് വശീകരിക്കപ്പെടുകയും തന്നെ വഴിതെറ്റിക്കുന്നവനുമായി താൻ നടത്തുന്ന സംഭോഗത്തിൽ ശ്രദ്ധിക്കാൻപോലും അതിനു സാധിക്കാതെ വരികയും ചെയ്യുന്നു. ഇതിൽനിന്നെല്ലാം സത്യത്തിന്റെ ആത്മാവിനെയും തെറ്റായ ആത്മാവിനെയും നമുക്കു തിരിച്ചറിയാൻ സാധിക്കും. തന്റെ ആത്മാവിന്റെ അഗാധതയിലാണ് കൃപ വസിക്കുന്നതെന്നും ദുഷ്ടാരൂപികൾ തന്റെ ഹൃദയത്തിനു പുറത്താണ് പറ്റിക്കൂടുന്നതെന്നും ആദ്യംതന്നെ ഉറപ്പോടെ തിരിച്ചറിയാത്ത ഒരാൾക്ക്, ദൈവികമായ നന്മ ബോധപൂർവ്വം ആസ്വദിക്കാനോ പിശാചിൽനിന്നുണ്ടാകുന്ന തിക്താനുഭവങ്ങളുടെ സമയത്ത് അതു തിരിച്ചറിയാനോ സാധിക്കുകയില്ല. ഈ അറിവ് നമുക്കുണ്ടാകരുതെന്നു തന്നെയാണ് പിശാച് ആഗ്രഹിക്കുന്നതും. കാരണം നമ്മുടെ മനസ്സ് ഈ വസ്തുതയെക്കുറിച്ച് ഒരിക്കൽ അവബോധമുള്ളതായിത്തീർന്നാൽ, ദൈവസ്മരണയെന്ന ആയുധം തങ്ങൾക്കു നേരെ പ്രയോഗിക്കുമെന്ന് അവറ്റകൾ ഭയപ്പെടുന്നു.

34. ആത്മാവിന്റെ സ്വാഭാവികസ്നേഹവും പരിശുദ്ധാത്മാവിൽനിന്നു ലഭിക്കുന്ന സ്നേഹവും രണ്ടും രണ്ടാണ്. ആദ്യത്തേതിന്റെ പ്രവർത്തനം നമ്മുടെ ആഗ്രഹത്തോടുള്ള നമ്മുടെ ഇച്ഛയുടെ സമ്മതഭാവത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഇക്കാരണത്താലാണ്, നമ്മുടെ നിർണ്ണായക പ്രവൃത്തിയിൽ നാം നിശ്ചയദാർഢ്യരല്ലെങ്കിൽ നമ്മുടെ ആത്മാവ് വളരെ എളുപ്പത്തിൽ വശീകരിക്കപ്പെടുകയും ദുഷ്ടരൂപിയാൽ വഴിതെറ്റിപ്പോവുകയും ചെയ്യുന്നത്. എന്നാൽ പരിശുദ്ധാത്മാവിൽനിന്നും വരുന്ന സ്നേഹം, ആത്മാവിനെ ആകമാനം ജ്വലിപ്പിക്കുകയും, അവാച്യമായും പരമമായ ലാളിത്യത്തോടുകൂടെയും അവിടുത്തെ

www.malankaralibrary.com

സ്നേഹത്തിന്റെ ആനന്ദത്തോട് പറ്റിച്ചേർന്ന് ദിവ്യമായതിനുവേണ്ടി തീവ്രമായി ആഗ്രഹിക്കാൻ അതിനെ പ്രേരിപ്പിക്കുകയും ചെയ്യുന്ന താണ്. അങ്ങനെ പരിശുദ്ധാത്മാവിന്റെ ഊർജ്ജത്താൽ ബുദ്ധി ഫലദായകമായിത്തീരുകയും സ്നേഹത്തിന്റെയും സന്തോഷ ത്തിന്റെയും സ്രോതസ്സായി പുറത്തേക്ക് ഒഴുകുകയും ചെയ്യുന്നു.

35. ഇളകിമറിയുന്ന കടലിനുമേൽ എണ്ണ ഒഴിക്കുമ്പോൾ അതു ശാന്തമാകുന്നതുപോലെ, പരിശുദ്ധാത്മാവിന്റെ കൃപയാൽ അഭി ഷേകം ചെയ്യപ്പെടുമ്പോൾ ആത്മാവ് ശാന്തമായിത്തീരുന്നു. എന്തെ ന്നാൽ 'എന്റെ ആത്മാവേ, ദൈവത്തെ അനുസരിക്കുക' (സങ്കീ 62:5) എന്ന സങ്കീർത്തകന്റെ വചനപ്രകാരം തന്റെ മേൽ നിഴൽ വീശുന്ന, ശാന്തവും അളവറ്റതുമായ ദൈവകൃപയ്ക്ക് തന്നെത്തന്നെ ആത്മാവ് കീഴ്പ്പെടുത്തുന്നു. തത്ഫലമായി പിശാചുക്കളാൽ എത്രമാത്രം പ്രകോപിപ്പിക്കപ്പെട്ടാലും ആത്മാവ് കോപത്തിൽനിന്നു വിമുക്തമായി ത്തീരുകയും അളവറ്റ ആനന്ദത്താൽ നിറയുകയും ചെയ്യും. ദൈവ ഭയത്തിലൂടെ തന്റെ ആത്മാവിനെ മാധുര്യമുള്ളതാക്കി തീർക്കാത്ത ആർക്കും ഈ അവസ്ഥയിലേക്കു കടന്നുചെല്ലാനോ അവിടെ നില കൊള്ളാനോ സാധിക്കുകയില്ല. എന്തെന്നാൽ, കർത്താവായ യേശുവിനെക്കുറിച്ചുള്ള ഭയം, ആത്മീയപാത പിന്തുടരുന്നവർക്ക് ഒരു നിശ്ചിത അളവ് ശുദ്ധത പ്രദാനം ചെയ്യുന്നു. 'ദൈവഭയം നിർമ്മല മാണ്, അത് എന്നേയ്ക്കും നിലനില്ക്കുന്നു' (സങ്കീ 9:9)

36. ധാരണാശേഷിയെക്കുറിച്ച് നാം സംസാരിക്കുമ്പോൾ ദൈവ മഹത്ത്വം മനുഷ്യർക്ക് ദൃശ്യമായിത്തീരുന്നുവെന്നാണ് നാം പറയു ന്നതെന്ന് ആരും കരുതരുത്. ആത്മാവ് നിർമ്മലമായിരിക്കുമ്പോൾ ദൈവകൃപ മനസ്സിലാക്കുകയും അവാച്യമായ രീതിയിൽ അത് ആസ്വദിക്കുകയും ചെയ്യുന്നു എന്ന് നാം ഉറപ്പിച്ചു പറയുന്നു. എന്നാൽ അദൃശ്യമായ യാഥാർത്ഥ്യം ദൃശ്യമായി അതിന് പ്രത്യക്ഷപ്പെടുന്നില്ല. എന്തെന്നാൽ, 'നാം വിശ്വാസത്താലാണ്, കാഴ്ചയാലല്ല നടക്കുന്നത്' എന്നാണ് വിശുദ്ധ പൗലോസ് പറഞ്ഞിരിക്കുന്നത് (2 കൊരി 5:7). ആത്മീയപാത പിന്തുടരുന്ന ആൾ എന്തെങ്കിലും പ്രകാശമോ, തീയോ കണ്ടാൽ യാതൊരു കാരണവശാലും ആ ദർശനം സ്വീകരിക്കരുത്; അത് ശത്രുവിന്റെ ചതിപ്രയോഗമായിരിക്കും. ഇത്തരം അനുഭവം ഉണ്ടായിട്ടുള്ള പലരും അജ്ഞതയാൽ സത്യത്തിന്റെ പാതയിൽനിന്നു

www.malankaralibrary.com

പിന്തിരിഞ്ഞിട്ടുണ്ട്. ഈ നശ്വരമായ ശരീരത്തിൽ വസിക്കുന്നിടത്തോളം കാലം 'ഞങ്ങൾ കർത്താവിൽനിന്ന് അകലെയാണെന്ന് അറിയുന്നു' (2 കൊരി 5:6), അതായത്, ദൈവത്തെയോ അവിടുത്തെ സ്വർഗ്ഗീയ മാഹാത്മ്യങ്ങളെയോ ദൃശ്യമായ രീതിയിൽ കാണുവാൻ നമുക്കു സാധിക്കുകയില്ലെന്നു സാരം.

37. ദൈവസ്നേഹത്തിലൂടെ ആത്മാവിൽ എത്തുന്ന സ്വപ്നങ്ങളാണ് അതിന്റെ ആരോഗ്യത്തിന്റെ പിഴയ്ക്കാത്ത അളവുകോൽ. ഇത്തരം സ്വപ്നങ്ങൾക്ക് രൂപമാറ്റം സംഭവിക്കുന്നില്ല. അവ നമ്മുടെ ആന്തരികബോധത്തെ ഭയപ്പെടുത്തുകയോ നമ്മെ അമിതസന്തോഷത്തിലേക്ക് ഉയർത്തുകയോ ചെയ്യുന്നില്ല. നേരെമറിച്ച് തികച്ചും സൗമ്യമായി അവ നമ്മുടെ ഉള്ളിൽ ആത്മീയാഹ്ലാദം നിറയ്ക്കുന്നു. അതിനാൽ ശരീരം ഉറക്കത്തിൽനിന്ന് ഉണർന്നുകഴിഞ്ഞാലും സ്വപ്നത്തിലൂടെ ലഭിച്ച ആനന്ദം ആത്മാവിൽ നിലനിൽക്കുന്നു. എന്നാൽ പിശാചുക്കളിൽനിന്നു പുറപ്പെടുന്ന സ്വപ്നങ്ങളാകട്ടെ, നേരെ മറിച്ചാണ്. എപ്പോഴും അവയുടെ രൂപം മാറിക്കൊണ്ടേയിരിക്കും. എന്തെന്നാൽ, അവരുടെ തിരഞ്ഞെടുക്കപ്പെട്ട ജീവിതരീതി എന്ന നിലയ്ക്ക്, അവർക്കു സ്വന്തമല്ലാത്തതും ആരുടെ നൈസർഗ്ഗികമായ കാപട്യത്താൽ ശരിയെന്നു സങ്കല്പിക്കുകയും ചെയ്യുന്ന കാര്യങ്ങൾക്ക് ഏറെ നേരം അവരെ തൃപ്തിപ്പെടുത്താനാവില്ല. അവർ കൂവിവിളിക്കുകയും ഭീഷണിപ്പെടുത്തുകയും പലപ്പോഴും പടയാളികളായി വേഷം മാറുകയും ചിലപ്പോഴൊക്കെ അവയുടെ നിലവിളിയാൽ ആത്മാവിനെ ബധിരമാക്കിത്തീർക്കുകയും ചെയ്യുന്നു. എന്നാൽ മനസ്സ് ശുദ്ധമായിരിക്കുമ്പോൾ, അവ എന്താണെന്ന് തിരിച്ചറിയുകയും ഇത്തരം സ്വപ്നത്തിൽനിന്നും ശരീരത്തെ ഉണർത്തുകയും ചെയ്യുന്നു. പിശാചിന്റെ കെണികളെ തിരിച്ചറിയാൻ കഴിഞ്ഞതിൽ ചിലപ്പോൾ അതിന് സന്തോഷം തോന്നാറുണ്ട്. സ്വപ്നത്തിനിടയ്ക്ക് മനസ്സ് അവയെ വെല്ലുവിളിക്കുകയും അങ്ങനെ അവ കൂടുതൽ കോപിഷ്ഠരായിത്തീരുകയും ചെയ്യാറുണ്ട്. ചിലപ്പോഴൊക്കെ നല്ല സ്വപ്നങ്ങൾപോലും ആത്മാവിനു സന്തോഷം നല്കുന്നതിനു പകരം മധുരമായ വേദനയും കണ്ണുനീരുമായിരിക്കും നൽകുന്നത്. എളിമയിൽ വളരെയേറെ പുരോഗതി നേടിയവർക്കു മാത്രമേ ഇത്തരത്തിലുള്ള അനുഭവങ്ങൾ ഉണ്ടാകൂ.

www.malankaralibrary.com

38. അനുഭവസ്ഥരിൽനിന്നും നാം കേട്ടിട്ടുള്ളതുപോലെ, നല്ല സ്വപ്നങ്ങളും ചീത്തസ്വപ്നങ്ങളും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് നാം വിശദീകരിച്ചു കഴിഞ്ഞു. പരിശുദ്ധി നേടാനുള്ള നമ്മുടെ ശ്രമത്തിന്റെ ഭാഗമായി സ്വപ്നത്തിൽ നമ്മുടെ മുമ്പിലെത്തുന്ന യാതൊന്നിനെയും വിശ്വസിക്കാതിരിക്കുക എന്നതാണ് ഏറ്റവും സുരക്ഷിതമായ മാർഗ്ഗം. എന്തെന്നാൽ അലഞ്ഞുതിരിയുന്ന നമ്മുടെ ചിന്തകളുടെ പ്രതിഫലനമോ പിശാചുക്കളുടെ പരിഹാസമോ ആണ് സ്വപ്നങ്ങൾ. ദൈവംതന്നെ നമുക്ക് സ്വപ്നദർശനം നൽകിയേക്കാം, എന്നാൽ നാം അവയെ നിരസിച്ചാലും സ്നേഹധനനായ നമ്മുടെ കർത്താവായ യേശു നമ്മോടു കോപിക്കുകയില്ല. കാരണം പിശാചുക്കളുടെ കാപട്യങ്ങളെ പ്രതിരോധിക്കുന്നതിനുവേണ്ടിയാണ് നാം അങ്ങനെ ചെയ്യുന്നതെന്ന് അവിടുത്തേക്ക് അറിയാം. മുകളിൽ പ്രസ്താവിച്ചിരിക്കുന്ന സ്വപ്നങ്ങൾ തമ്മിലുള്ള വ്യത്യാസം വളരെ പ്രധാനപ്പെട്ടതാണ്. ദൃഷ്ടിഗോചരമല്ലാത്ത വഞ്ചന നിമിത്തം ആത്മാവ് മലിനമായിത്തീരുന്നതിനാൽ -ഇതിൽനിന്നും ആരും ഒഴിവാക്കപ്പെടുന്നില്ല എന്ന് എനിക്കു തോന്നുന്നു- മനസ്സിന് സൂക്ഷ്മമായ വിവേചനം നഷ്ടപ്പെടുകയും ചീത്ത സ്വപ്നങ്ങളെ നല്ല സ്വപ്നങ്ങളായി തെറ്റിദ്ധരിക്കുകയും ചെയ്യാറുണ്ട്.

39. ഇതിന് ഉദാഹരണമായി ഈ കഥ കേൾക്കുക. ദീർഘകാലമായി നാട്ടിലില്ലാതിരുന്ന യജമാനൻ രാത്രികാലത്ത് തിരിച്ചെത്തി ഭൃത്യനെ വിളിച്ച് വാതിൽ തുറക്കാനാവശ്യപ്പെടുന്നു. എന്നാൽ മറ്റാരെങ്കിലും തന്നെ കബളിപ്പിക്കാനായി തന്റെ യജമാനന്റെ സ്വത്ത് വഞ്ചനാപൂർവ്വം പിടച്ചെടുക്കാൻവേണ്ടി യജമാനന്റെ സ്വരത്തിൽ സംസാരിക്കുന്നതാണെന്നു കരുതി ഭൃത്യൻ വാതിൽ തുറക്കുന്നില്ല. രാത്രി മുഴുവനും വീടിനു പുറത്ത് കഴിച്ചുകൂട്ടേണ്ടിവരുന്ന യജമാനന് ഭൃത്യനോട് ദേഷ്യം തോന്നുന്നില്ലെന്നു മാത്രമല്ല അദ്ദേഹം അവനെ പ്രശംസിക്കുകയും ചെയ്യുന്നു. എന്തെന്നാൽ താൻ ഭൃത്യനെ വിശ്വസിച്ചേല്പിച്ച സമ്പത്തിന്റെ കാര്യത്തിൽ അവനുണ്ടായിരുന്ന അതീവശ്രദ്ധ നിമിത്തമാണ് തന്റെ യജമാനന്റെ സ്വരം കേട്ടപ്പോൾ അതൊരു വഞ്ചനയാണോ എന്ന് അവൻ സംശയിച്ചത്.

40. ബുദ്ധി, ദിവ്യമായ പ്രകാശത്താൽ കരുത്താർജ്ജിക്കാൻ തുടങ്ങുകയും പൂർണ്ണമായും പ്രസന്നമായിത്തീരുകയും തന്നിലുള്ള

www.malankaralibrary.com

വെളിച്ചത്തെ സ്പഷ്ടമായി കാണുകയും ചെയ്യുമ്പോൾ നിങ്ങൾ സംശയിക്കരുത്. വികാരങ്ങൾക്കുമേൽ ആത്മാവ് നിയന്ത്രണം നേടുമ്പോഴാണ് ഇത് സംഭവിക്കുന്നത്. എന്നാൽ 'സാത്താൻപോലും പ്രകാശത്തിന്റെ ദൂതനായി വേഷം മാറാറുണ്ട്' (2 കൊരി 11:14) എന്ന വാകൃത്തിലൂടെ വി. പൗലോസ് ശ്ലീഹ നമ്മെ പഠിപ്പിക്കുന്നത്, ബുദ്ധിക്കു മുമ്പിൽ പ്രത്യക്ഷപ്പെടുന്ന പ്രകാശത്തിനോ അഗ്നിക്കോ എന്തിന്റെയെങ്കിലും രൂപമുണ്ടെങ്കിൽ ശത്രുവിന്റെ കൗശലം നിറഞ്ഞ തിന്മയുടെ ഉല്പാദനമാണ് അതെന്നാണ്. അക്കാരണത്താൽ വ്യക്തമായ രൂപമുള്ള ഏതെങ്കിലും ദർശനം കിട്ടുമെന്ന പ്രതീക്ഷയിൽ നാം ഒരിക്കലും സന്ന്യാസജീവിതത്തിൽ ഏർപ്പെടരുത്. അങ്ങനെ ചെയ്താൽ നമ്മുടെ ആത്മാവിനെ വഴിതെറ്റിക്കാൻ പിശാചിന് എളുപ്പത്തിൽ സാധിക്കും. നമ്മുടെ ഏക ലക്ഷ്യം, ദൈവത്തിന്റെ സ്നേഹം പൂർണ്ണമായും ബോധപൂർവ്വകമായും നമ്മുടെ ഹൃദയത്തിൽ തിരിച്ചറിയാൻ കഴിയുന്ന അവസ്ഥയിൽ 'പൂർണ്ണഹൃദയത്തോടെയും പൂർണ്ണമനസ്സോടെയും പൂർണ്ണ ആത്മാവോടെയും' (ലൂക്കോ 10:27) എത്തിച്ചേരുക എന്നതായിരിക്കണം. ദൈവകൃപയാൽ കരുത്താർജ്ജിച്ച മനുഷ്യൻ ഈ ലോകത്തിൽ ആയിരിക്കുമ്പോൾത്തന്നെ ഈ ലോകം വിട്ടുപോയവന്റെ അവസ്ഥയിലായിരിക്കും.

41. പ്രാരംഭ സുകൃതങ്ങളിൽ സർവ്വപ്രധാനമായത് അനുസരണമാണെന്ന് എല്ലാവർക്കുമറിയാം. അത് നമ്മുടെയുള്ളിലെ ആത്മാഭിമാനം തുടച്ചുമാറ്റി പകരം എളിമ നിറയ്ക്കുന്നു. ഇപ്രകാരം അത്, സ്വമനസ്സാലെ തന്നെ ആശ്ലേഷിക്കുന്നവർക്ക് ദൈവസ്നേഹത്തിലേക്കു നയിക്കുന്ന ഒരു കവാടമായിത്തീരുന്നു. എളിമയെ നിരസിച്ചതിനാലാണ് ആദം പാതാളത്തിന്റെ അടിത്തട്ടിലേക്കു വീണത്. എളിമയെ സ്നേഹിച്ചതുകൊണ്ടാണ് കർത്താവ്, പിതാവിനെക്കാളും അല്പംപോലും താണവനായിരുന്നില്ല എങ്കിലും, ദിവ്യമായ ലക്ഷ്യത്തോടെ കുരിശുമരണം വരെ തന്റെ പിതാവിനോട് അനുസരണയുള്ളവനായിത്തീർന്നത്. ഇപ്രകാരം തന്റെ അനുസരണംവഴിയാണ്, മാനവകുലത്തെ അനുസരണക്കേടിന്റെ ദുഷ്കൃത്യത്തിൽനിന്നും മോചിപ്പിക്കുകയും എല്ലാവരും അനുസരണത്തിൻ കീഴിൽ ജീവിക്കുന്ന നിത്യജീവന്റെ അനുഗ്രഹത്തിലേക്ക് നമ്മെ വീണ്ടും നയിക്കുകയും ചെയ്തത്. പിശാചിന്റെ ദുരഭിമാനത്തിനെതിരെ പോരാടുന്ന

www.malankaralibrary.com

ഏതൊരുവനും ഉണ്ടായിരിക്കേണ്ട ഒന്നാമത്തെ ആയുധം എളിമയായിരിക്കണം. ഇതിൽ നാം പുരോഗമിക്കുമ്പോൾ സുകൃതത്തിന്റെ പാതയിൽ അത് നമുക്ക് ഉറപ്പുള്ള വഴികാട്ടിയായിത്തീരും.

42. എല്ലാ സദ്ഗുണങ്ങൾക്കും പൊതുവായി ഉണ്ടായിരിക്കേണ്ട ഒന്നാണ് ആത്മസംയമനം. അതിനാൽ ഏത് സദ്ഗുണം നേടാൻ ആഗ്രഹിക്കുന്ന ആളും ആത്മസംയമനം നേടിയിരിക്കണം. മനുഷ്യന്റെ ശരീരത്തിലെ ഏതെങ്കിലും ഒരു ഭാഗം, അത് എത്ര ചെറുതാണെങ്കിലും, നീക്കം ചെയ്യപ്പെട്ടാൽ അവൻ വിരൂപനായിത്തീരുന്നതുപോലെ, ഏതെങ്കിലും ഒരു പുണ്യത്തെ അവഗണിക്കുന്നവൻ അറിയാതെതന്നെ ആത്മസംയമനത്തിന്റെ യോജിപ്പിനെ തകർക്കുകയാണ് ചെയ്യുന്നത്. ഇക്കാരണത്താൽ ശാരീരികമായ സുകൃതങ്ങൾ മാത്രമല്ല, മറിച്ച്, നമ്മുടെ ആന്തരികമനുഷ്യനെ ശുദ്ധീകരിക്കാൻ ശേഷിയുള്ളവയെക്കൂടി നാം പോഷിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഒരുവൻ ശരീരത്തിൽ ചാരിത്ര്യശുദ്ധി കാത്തുസൂക്ഷിക്കുകയും, അതേസമയം അനുസരണക്കേടിന്റെ പിശാചിനോടൊത്ത് അവന്റെ ആത്മാവ് വ്യഭിചരിക്കുകയും ചെയ്യുകയാണെങ്കിൽ അവന് എന്തു നേട്ടമാണുള്ളത്? അല്ലെങ്കിൽ ഭക്ഷണത്തോടുള്ള ആർത്തി നിയന്ത്രിക്കുകയും എന്നാൽ അഹങ്കാരവും ആത്മപ്രശംസയും പുലർത്തുകയും തീരെ ചെറിയ സഹനംപോലും ക്ഷമയോടെ സഹിക്കാൻ ശേഷിയില്ലാതിരിക്കുകയും ചെയ്യുന്ന ഒരുവന് എന്ത് നേട്ടമുണ്ടാകും? വിധിദിനത്തിൽ, എളിമയുടെ അരൂപിയിൽ നീതിയുടെ പ്രവൃത്തികൾ ചെയ്തവർക്ക് നീതിപൂർവ്വകമായ പ്രതിഫലം നല്കപ്പെടുമ്പോൾ, അവന് എന്തു കിരീടമാണ് പ്രതീക്ഷിക്കാനുള്ളത്?

43. ആത്മീയപാതയിൽ സഞ്ചരിക്കുന്നവർ അനിയന്ത്രിതമായ എല്ലാ ആഗ്രഹങ്ങളെയും വെറുക്കാൻ ശീലിക്കണം -ഈ വെറുപ്പ് ശീലമായിത്തീരുന്നതുവരെ- ഭക്ഷണകാര്യത്തിലെ ആത്മനിയന്ത്രണമെന്നത് ഏതെങ്കിലും ഒരു ഭക്ഷണത്തോട് വെറുപ്പ് തോന്നുകയല്ല -അങ്ങനെ ചെയ്യുന്നത് തെറ്റാണുതാനും അത് തികച്ചും പൈശാചികമാണ്. ഏതെങ്കിലുമൊരു ഭക്ഷണം മോശമായതുകൊണ്ടല്ല നാം അത് കഴിക്കാതിരിക്കുന്നത്. മറിച്ച്, അമിതമായും രുചികരമായും ഭക്ഷിക്കാതിരിക്കുന്നതിലൂടെ ശരീരത്തിൽ ലൈംഗിക വികാരമുണർത്തുന്ന ഭാഗത്തെ ഒരളവുവരെ നിയന്ത്രിക്കാനാവും എന്നതിനാലാണ്. മാത്രമല്ല

www.malankaralibrary.com

ഭക്ഷണത്തിൽ അവശേഷിക്കുന്ന പങ്ക് നമുക്ക് ദരിദ്രർക്കു നല്കുവാനും സാധിക്കും, നിഷ്കപടമായ സ്നേഹത്തിന്റെ അടയാളമാണിത്.

44. നിങ്ങളുടെ മുമ്പിൽ വിളമ്പുന്നവ, ദൈവത്തിനു കൃതജ്ഞത അർപ്പിച്ചുകൊണ്ട് ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നത് സത്യജ്ഞാനത്തിന്റെ പ്രമാണങ്ങൾക്കെതിരല്ല. എന്തെന്നാൽ, 'എല്ലാം വളരെ നല്ലതാണ്' (ഉല്പ 1:31). എന്നാൽ അധികം ആസ്വദിക്കാതെയും മിതമായും ഭക്ഷണം കഴിക്കുന്നത്, വലിയ വിവേചനത്തിന്റെയും ഗ്രഹണശേഷിയുടെയും അടയാളങ്ങളാണ്. എന്നിരുന്നാലും, ദൈവത്തിന്റെ മാധുര്യം ബോധപൂർവ്വം പൂർണ്ണമായും ആസ്വദിക്കാതെ, ഈ ജീവിതത്തിന്റെ സന്തോഷങ്ങളിൽനിന്നും ആനന്ദപൂർവ്വം നാം നമ്മെത്തന്നെ വേർപെടുത്തുകയില്ല.

45. അമിതമായി ഭക്ഷണം കഴിച്ചാൽ ശരീരം ബുദ്ധിയെ ദുർബ്ബലവും അലസവുമാക്കിത്തീർക്കുന്നു. അതുപോലെതന്നെ അമിതമായ ഉപവാസത്തിലൂടെ ആത്മാവിന്റെ ചിന്താശേഷി ദുർബ്ബലമായിത്തീരുകയും ഏകാഗ്രത നഷ്ടപ്പെടുകയും ചെയ്യുന്നു. അതിനാൽ ശാരീരികാവസ്ഥയ്ക്കനുസരിച്ച് ഭക്ഷണം ക്രമീകരിക്കുകയാണ് വേണ്ടത്; നല്ല ആരോഗ്യമുള്ളപ്പോൾ ഭക്ഷണനിയന്ത്രണവും, ദുർബ്ബലമായിരിക്കുമ്പോൾ പോഷകാഹാരവുമാണ് സ്വീകരിക്കേണ്ടത്. ആത്മീയ പാതയിൽ സഞ്ചരിക്കുന്ന ഒരുവന്റെ ശരീരത്തിന് തളർച്ചയുണ്ടാകാൻ പാടില്ല. ജോലി ചെയ്യാൻ ആവശ്യമായ ആരോഗ്യം അയാളുടെ ശരീരത്തിനുണ്ടെങ്കിൽ മാത്രമേ ആത്മാവിന്റെ ശുദ്ധീകരണം സാദ്ധ്യമാകൂ.

46. 'മറ്റു സന്ന്യാസിമാരോ അപരിചിതരോ നമ്മെ സന്ദർശിക്കുമ്പോൾ ആത്മപ്രശംസാപരമായ ചിന്തകൾ നമ്മെ തീവ്രമായി ആക്രമിക്കുന്നുണ്ട്;' മനസ്സ് ശാന്തമാക്കി അതിന്റെ സ്വാഭാവികാവസ്ഥ വീണ്ടെടുക്കുകയാണ് നാം അപ്പോൾ ചെയ്യേണ്ടത്. അങ്ങനെ തന്റെ പരിശ്രമം വിഫലമായെന്നു മനസ്സിലാക്കി തന്റെ ആക്രമണത്തെക്കുറിച്ച് ദുഃഖിച്ച് പിശാച് പിന്തിരിഞ്ഞുകൊള്ളും. സ്നേഹത്തിന്റെ നിയമം യഥായോഗ്യം പൂർത്തീകരിക്കുകയും നമ്മുടെ ദിനചര്യകളെ ശാന്തമാക്കിക്കൊണ്ട് നമ്മുടെ ആത്മനിയന്ത്രണത്തിന്റെ രഹസ്യത്തെ നിഗൂഢമായി കാത്തുസൂക്ഷിക്കുകയും ചെയ്യാൻ അപ്പോൾ നമുക്കു സാധിക്കും.

www.malankaralibrary.com

47. ഉപവാസത്തിന് അതിന്റേതായ മൂല്യമുണ്ടെങ്കിൽകൂടി, അതേ ച്ചൊല്ലി ദൈവത്തിനു മുമ്പാകെ അഹങ്കരിക്കരുത്; എന്തെന്നാൽ, ആത്മനിയന്ത്രണം നേടുന്നതിനുള്ള ഒരു ഉപകരണം മാത്രമാണ് അത്. താൻ ഉപവസിക്കുന്നു എന്നതിനെച്ചൊല്ലി ഒരു സന്ന്യാസിയും അഭിമാനിക്കരുത്. ദൈവവിശ്വാസത്തോടെ തന്റെ ലക്ഷ്യം നേടാൻ ശ്രമിക്കുക മാത്രമേ ചെയ്യാവൂ. എന്തെന്നാൽ ഒരു കലാകാരൻ തന്റെ ഉപകരണങ്ങളെ ചൊല്ലിയല്ല അഭിമാനിക്കുന്നത്; മറിച്ച് തന്റെ കലാ സൃഷ്ടിയുടെ പൂർണ്ണതയിലൂടെ വെളിപ്പെടുന്ന സ്വന്തം കഴിവിനെ ചൊല്ലിയാണ്.

48. ആവശ്യമായ അളവിൽ വെള്ളം ലഭിക്കുമ്പോൾ ഭൂമി ഈർപ്പ മുള്ളതായിത്തീരുകയും അതിൽനിന്നു നല്ല വിളവ് ലഭിക്കുകയും ചെയ്യുന്നു. എന്നാൽ അമിതമായി മഴ പെയ്താൽ വിളവ് നശിക്കുകയും പാഴ്ച്ചെടികളും മുള്ളുകളും തഴച്ചുവളരുകയും ചെയ്യും. ഇതുപോലെ തന്നെ മിതമായ തോതിൽ വീഞ്ഞുകുടിക്കുമ്പോൾ ഹൃദയത്തിന്റെ ഭൂമി ഫലഭൂയിഷ്ഠമായി, പരിശുദ്ധാത്മാവ് വിതച്ച വിത്തിൽനിന്നു ശ്രേഷ്ഠമായ വിളവ് നൽകുന്നു. എന്നാൽ അമിതമായി വീഞ്ഞു കുടിക്കുമ്പോൾ ഹൃദയത്തിൽ വിളയുന്നത് കളകളും മുൾച്ചെടികളു മായിരിക്കും.

49. അമിതമായി വീഞ്ഞു കഴിക്കുമ്പോൾ ബുദ്ധി, അതിന്റെ തിര കളിൽ നീന്തിനടക്കുന്നു. ഉറക്കത്തിൽ പിശാചിനാൽ രൂപം നല്കപ്പെട്ട ചിത്രങ്ങളെ വികാരതല്പരതയോടെ നോക്കുക മാത്രമല്ല, അതിലേക്ക് ആകൃഷ്ടരാവുകയും അവയിലെ രൂപങ്ങളെ താൻ അത്യധികം സ്നേഹിക്കുന്ന സ്ത്രീകളാണെന്ന രീതിയിൽ സ്വീകരിക്കുകയും ചെയ്യുന്നു. ലൈംഗികാവയവങ്ങൾ വീഞ്ഞിനാൽ ചൂടുപിടിക്കപ്പെടു മ്പോൾ, നമ്മുടെ വികാരങ്ങളെ വെളിപ്പെടുത്തുന്ന അശുദ്ധചിത്രങ്ങൾ മനസ്സിൽ രൂപീകൃതമാകുന്നത് തടയാൻ സാധിക്കുകയില്ല. അതിനാൽ അമിതമായ വീഞ്ഞിൽനിന്നും വരുന്ന ഉപദ്രവം ഒഴിവാക്കാൻവേണ്ടി നാം മിതത്വം പാലിക്കണം. പാപകരമായ ചിത്രങ്ങളാൽ വശീകരിക്ക പ്പെടാത്തപ്പോൾ മനസ്സ് ഭാവനയിൽനിന്നും തളർച്ചയിൽനിന്നും പൂർണ്ണമായും സ്വതന്ത്രമായിരിക്കും.

50. ലൈംഗികാവയവങ്ങളെ നിയന്ത്രിക്കാൻ ആഗ്രഹിക്കുന്നവർ 'ദഹനൗഷധം' എന്നു വിളിക്കപ്പെടുന്ന കൃത്രിമ ഔഷധമിശ്രണ

www.malankaralibrary.com

ങ്ങളെല്ലാം ഒഴിവാക്കണം. വിഭവസമൃദ്ധമായ സദ്യയ്ക്കുവേണ്ടി വയറിനെ ഒരുക്കുവാനുള്ള ഔഷധമായിട്ടാണ് ഇത്തരം പാനീയം സാധാരണ ഉപയോഗിക്കാറുള്ളത്. ഇവ ശരീരത്തിനു ഹാനികര മാണെന്നു മാത്രമല്ല, അവയുടെ വഞ്ചന നിറഞ്ഞ കൃത്രിമസ്വഭാവം, ദൈവം വസിക്കുന്ന നമ്മുടെ മനഃസാക്ഷിയെയും ബാധിക്കും. അതു കൊണ്ട് വീഞ്ഞിന്റെ കാര്യത്തിൽ മിതത്വം പാലിച്ചിട്ട് വിശപ്പുണ്ടാ ക്കുന്ന വിവിധതരത്തിലുള്ള പാനീയങ്ങൾകൊണ്ട് കളങ്കിതരായി മനഃസാക്ഷിയെ നിർവീര്യമാക്കേണ്ടതുണ്ടോ?

51. ഈ പരിശുദ്ധമായ ജീവിതവീഥിയിൽ, നമ്മുടെ കർത്താവും ഗുരുവുമായ യേശുക്രിസ്തുവിന് അവിടുത്തെ പീഢാനുഭവവേളയിൽ, പിശാചിന്റെ കല്പനപ്രകാരം അവിടുത്തെ വധിച്ചവർ നല്കിയത് വിനാഗിരിയാണ്. ഇപ്രകാരം ആത്മീയപോരാട്ടത്തിൽ അവിടുന്നു നമുക്ക് ഒരു ഉത്തമമാതൃക നല്കുകയാണ് ചെയ്തത് എന്നാണ് എനിക്ക് തോന്നുന്നത്. പാപത്തിനെതിരെ പോരാടുന്നവർ രുചി കരമായ ഭക്ഷണപാനീയങ്ങൾ ഭുജിക്കരുത്, മറിച്ച്, പോരാട്ടത്തിന്റെ തിക്തത അവർ ക്ഷമയോടെ സഹിക്കണം എന്നാണ് അവിടുന്നു പറയുന്നത്. അപമാനത്തിന്റെ നീർപ്പഞ്ഞിയോട് ഹിസോപ്പുതണ്ടും കൂടി ചേർക്കപ്പെടണം (യോഹ 19:29). അങ്ങനെ നമ്മുടെ ശുദ്ധീകരണ ത്തിന്റെ ക്രമം പൂർണ്ണമായും അവിടുത്തെ മാതൃകയ്ക്ക് അനുരൂപ മായിത്തീരട്ടെ. എന്തെന്നാൽ, ആത്മീയപോരാട്ടത്തോടു ബന്ധപ്പെട്ട താണ് അസഹ്യമായ വേദന, അത് ശുദ്ധീകരണത്തെ പരിപൂർണ്ണ മാക്കിത്തീർക്കുന്നു.

52. കുളിക്കുന്നത് അസാധാരണമാണെന്നോ പാപമാണെന്നോ ആരും പറയുകയില്ല; എന്നാൽ ആത്മനിയന്ത്രണത്തിന്റെ ഭാഗമായി കുളിക്കാതിരിക്കുന്നത് സംയമനത്തിന്റെയും നിശ്ചയദാർഢ്യ ത്തിന്റെയും തെളിവാണെന്ന് ഞാൻ പറയും. അപ്പോൾ നമ്മുടെ ശരീരം ചൂടുവെള്ളത്തിൽനിന്നും ലഭിക്കുന്ന സുഖത്താൽ ഭോഗാസക്തിക്ക് വിധേയമാവുകയുമില്ല. അങ്ങനെ ആദത്തിന്റെ നിന്ദ്യമായ നഗ്നതയെ ക്കുറിച്ചോർത്ത്, അവനെപ്പോലെ ഇലകൾ കൂട്ടിത്തുന്നി നമ്മുടെ നഗ്നത മറയ്ക്കേണ്ട ആവശ്യം നമുക്കുണ്ടാവില്ല. അടുത്തകാലത്ത് നിന്ദ്യമായ ജീവിതസുഖങ്ങൾ ഉപേക്ഷിച്ച് ശാരീരികശുദ്ധിയിലൂടെ ആത്മനിയന്ത്രണം നേടാൻ ശ്രമിക്കുന്നവരായ നാം ഇത്തരം കാര്യങ്ങൾ മനസ്സിലാക്കിയിരിക്കണം.

www.malankaralibrary.com

53. രോഗമുണ്ടായാൽ ഡോക്ടറുടെ സഹായം തേടുന്നതിൽനിന്ന് നമ്മെ യാതൊന്നും തടയുന്നില്ല. ദൈവം പ്രകൃതിയിൽ ഔഷധങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. അതിനാൽ ഔഷധകലയിൽ പ്രാവീണ്യം നേടാൻ മനുഷ്യനു സാധിക്കുന്നു. എന്നാൽ രോഗശാന്തിക്കുവേണ്ടി നാം ഡോക്ടർമാരിലല്ല, നമ്മുടെ രക്ഷകനും ഡോക്ടറുമായ യേശു ക്രിസ്തുവിലാണ് ആശ്രയിക്കേണ്ടത്. സന്ന്യാസസമൂഹങ്ങളിലോ നഗരങ്ങളിലോ താമസിക്കുന്ന സന്ന്യാസിമാരോടാണ് ഞാനിതു പറയുന്നത്. കാരണം അവരുടെ ജീവിതസാഹചര്യങ്ങൾ നിമിത്തം, എപ്പോഴും വിശ്വാസത്തിന്റെ പ്രവർത്തനത്തെ സ്നേഹംവഴി സജീവ മായി നിലനിർത്താൻ അവർക്കു സാധിക്കുന്നില്ല. എന്നു മാത്രമല്ല, പിശാചിന്റെ പ്രലോഭനത്താൽ പ്രേരിതരായി, അനേകവർഷങ്ങളായി തങ്ങൾക്ക് ഡോക്ടറിന്റെ സഹായം ആവശ്യമില്ല എന്ന് പൊങ്ങച്ചം പറഞ്ഞവരെപ്പോലെ അവർ അഹന്തയ്ക്കു വഴിപ്പെടാൻ ഇടയാവരുത്. നേരെമറിച്ച്, മരുഭൂമിയിൽ രണ്ടോ മൂന്നോ സഹോദരന്മാരോടൊപ്പം ഏകാന്തജീവിതം നയിക്കുന്ന ഒരു സന്ന്യാസി, തനിക്ക് ഏതെല്ലാം തരത്തിലുള്ള സഹനങ്ങളുണ്ടായാലും 'എല്ലാ രോഗങ്ങളും വ്യാധി കളും സുഖപ്പെടുത്താൻ കഴിയുന്ന' (മത്താ 4:23) ഏക കർത്താവിനെ വിശ്വാസപൂർവ്വം സമീപിക്കട്ടെ. എന്തെന്നാൽ, തന്റെ രോഗങ്ങളിൽ തനിക്ക് ആശ്വാസം പകരാൻ മരുഭൂമിയുംകൂടി അദ്ദേഹത്തിനുണ്ട്. ഇത്തരത്തിലുള്ള ഒരു വ്യക്തിയുടെ വിശ്വാസം എപ്പോഴും സജീവ മായിരിക്കും. അദ്ദേഹം മരുഭൂമിയിൽ സംരക്ഷിക്കപ്പെടുന്നതിനാൽ തന്റെ ക്ഷമയെന്ന ഗുണം ആരുടെയും മുമ്പിൽ പ്രദർശിപ്പിക്കാനുള്ള പ്രേരണ അദ്ദേഹത്തിനുണ്ടാവുകയില്ല. എന്തെന്നാൽ 'അഗതികൾക്ക് വസിക്കാൻ കർത്താവ് ഇടംകൊടുക്കുന്നു' (സങ്കീ 86:6).

54. രോഗികളായിത്തീരുമ്പോൾ, നാം അനാവശ്യമായി നിരാശ പ്പെടുന്നുവെങ്കിൽ നമ്മുടെ ആത്മാവ് ഇനിയും ശാരീരികസുഖങ്ങളുടെ അടിമയായി കഴിയുകയാണ്, അതുകൊണ്ടാണ് ശാരീരികമായ ആരോഗ്യം അത് ആഗ്രഹിക്കുന്നതെന്ന് നാം തിരിച്ചറിയണം. അതു പോലെതന്നെ, ജീവിതസുഖങ്ങൾ ഉപേക്ഷിക്കാൻ അത് തയ്യാറാകാ ത്തതും രോഗം നിമിത്തം അവ ആസ്വദിക്കാൻ സാധിക്കാതെ വരുമ്പോൾ അസഹനീയമായി തോന്നുന്നതുമെല്ലാം ഇതേ കാരണം കൊണ്ടു തന്നെയാണ്. എന്നാൽ, രോഗപീഡകളെ ആത്മാവ് നന്ദി

www.malankaralibrary.com

പൂർവ്വം സ്വീകരിക്കുകയാണെങ്കിൽ, അത് നിർമമതയിൽനിന്നും ഏറെ അകലെയല്ല എന്നാണ് വ്യക്തമാകുന്നത്; തത്ഫലമായി, കൂടുതൽ യഥാർത്ഥമായ ഒരു ജീവിതത്തിലേക്കുള്ള പ്രവേശനകവാടം എന്ന നിലയിൽ മരണത്തെ സന്തോഷപൂർവ്വം അത് കാത്തിരിക്കുകയും ചെയ്യും.

55. ശ്വസിക്കുന്ന വായുവിനോടുപോലും താല്പര്യമില്ലായ്മ നേടുമ്പോഴാണ് ആത്മാവ് ശരീരത്തിൽനിന്നു വേർപിരിയാൻ തയ്യാറാവുന്നത്. ഇന്ദ്രിയങ്ങൾ എല്ലാം ലൗകികവസ്തുക്കളുമായി ബന്ധപ്പെട്ടവയാകയാൽ വിശ്വാസത്തിന് വിപരീതമാണ്. എന്നാൽ വരാൻ പോകുന്ന ജീവിതത്തിലെ അനുഗ്രഹങ്ങളുമായിട്ടാണ് വിശ്വാസത്തിന് ബന്ധം. അതിനാൽ ആത്മീയജീവിതം നയിക്കുന്ന ആൾ ഭംഗിയുള്ള തണൽമരങ്ങൾ, അരുവികൾ, പൂക്കൾ നിറഞ്ഞ പുൽമേടുകൾ, സൗകര്യപ്രദമായ വീടുകൾ, സ്വന്തം വീട്ടിലേക്കുള്ള സന്ദർശനം തുടങ്ങിയവയിലൊന്നും ശ്രദ്ധപതിപ്പിക്കരുത്; തനിക്ക് എന്തെങ്കിലും അംഗീകാരം കിട്ടാൻ അയാൾ ആഗ്രഹിക്കരുത്. അടിസ്ഥാനപരമായ ആവശ്യങ്ങൾക്കപ്പുറം മറ്റൊന്നും അയാൾക്ക് ഉണ്ടായിരിക്കരുത്. ലൗകികജീവിതത്തെ ശുഷ്കവും അപരിചിതവും അനാകർഷകവുമായ പ്രദേശത്തുകൂടിയുള്ള ഒരു യാത്രയായി കാണാൻ അയാൾക്കു കഴിയണം. ഇത്തരത്തിലുള്ള പാതയിൽ നമ്മുടെ മനസ്സിന്റെ ശ്രദ്ധപതിപ്പിച്ചാൽ മാത്രമേ, നിത്യതയിലേക്കു നയിക്കുന്ന പാതയിൽക്കൂടി ചരിക്കാൻ നമുക്കു സാധിക്കൂ.

56. കാഴ്ച, രുചി തുടങ്ങിയ ഇന്ദ്രിയാനുഭവങ്ങളെല്ലാംതന്നെ ശ്രദ്ധാപൂർവ്വം വിനിയോഗിച്ചില്ലെങ്കിൽ, അവ ദൈവസ്മരണയിൽനിന്നു നമ്മെ വ്യതിചലിപ്പിക്കുന്നവയാണെന്ന് ആദ്യം നമ്മെ പഠിപ്പിച്ചത് ഹവ്വായാണ്. വിലക്കപ്പെട്ട മരത്തിൽ ആഗ്രഹത്തോടെ നോക്കുന്നതുവരെ ദൈവകല്പന ശ്രദ്ധാപൂർവ്വം പാലിക്കാൻ അവൾക്കു കഴിഞ്ഞു. ദൈവികസ്നേഹത്തിന്റെ ചിറകുകൾ അവളെ പൊതിഞ്ഞിരുന്നതിനാൽ തന്റെ നഗ്നതയെക്കുറിച്ച് അവൾ അറിഞ്ഞിരുന്നില്ല. എന്നാൽ വിലക്കപ്പെട്ട മരത്തെ അതിയായ ആഗ്രഹത്തോടേ നോക്കുകയും അതിനെ സ്പർശിക്കുകയും അതിന്റെ ഫലം ആസക്തിയോടെ രുചിക്കുകയും ചെയ്തപ്പോൾ ശാരീരികാഭിലാഷങ്ങൾ അവളെ കീഴടക്കുകയും നഗ്നയായിത്തന്നെ അവൾ തന്റെ വികാരങ്ങൾക്ക് വഴങ്ങുകയും

www.malankaralibrary.com

ചെയ്തു. തന്റെ മുമ്പിൽ പ്രത്യക്ഷമായവ അനുഭവിക്കുകയെന്നതായിരുന്നു അപ്പോൾ അവളുടെ ആഗ്രഹം; ആസ്വാദ്യകരമായ ആ പഴം നിമിത്തം ആദത്തെക്കൂടി അവൾ തന്റെ അധഃപതനത്തിലേക്കു വലിച്ചിഴച്ചു. അന്നുമുതൽക്ക് ദൈവത്തെയോ ദൈവകല്പനയെയോ ഓർമ്മിക്കുക എന്നത് മനുഷ്യമനസ്സിന് വളരെയേറെ ബുദ്ധിമുട്ടുള്ളതായിത്തീർന്നു. അതിനാൽ നിരന്തരമായ ദൈവസ്മരണയിലൂടെ നാം ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് ഉറ്റുനോക്കുകയും കാപട്യം നിറഞ്ഞ ഈ ലോകത്തിലൂടെ കാഴ്ചശക്തി നഷ്ടപ്പെട്ടവരെപ്പോലെ കടന്നുപോവുകയും ചെയ്യണം. കാണപ്പെടുന്ന വസ്തുക്കളോടുള്ള മമതയുടെ ചിറകുകൾ അറുത്തുകളയുന്നത് യഥാർത്ഥമായ ആത്മീയ ജ്ഞാനത്തിന്റെ ലക്ഷണമാണ്; അനുഭവസമ്പന്നനായ ഇയ്യോബ് ഇതേക്കുറിച്ച് പറയുന്നത് ശ്രദ്ധിക്കുക: 'എന്റെ ഹൃദയം എന്റെ കണ്ണുകളെ പിന്തുടർന്നിരുന്നെങ്കിൽ...' (ഇയ്യോബ് 31:7). ഇത്തരത്തിൽ നമ്മെത്തന്നെ കീഴ്പ്പെടുത്തുക എന്നത് വലിയ ആത്മനിയന്ത്രണത്തിന്റെ ലക്ഷണമാണ്.

57. എല്ലായ്പ്പോഴും എന്റെ ഹൃദയത്തിനുള്ളിൽ വസിക്കുന്ന ഒരുവൻ, ഈ ലോകത്തിന്റെ ആകർഷണങ്ങളിൽനിന്നും മുക്തിനേടിയവനാണ്. അവൻ പരിശുദ്ധാത്മാവിൽ ജീവിക്കുന്നതിനാൽ വിഷയാസക്തി അറിയുന്നില്ല. തന്റെ ശുദ്ധതയുടെ ഓരോ കവാടവും കാത്തുസൂക്ഷിക്കുന്ന സദ്ഗുണങ്ങളുടെ കോട്ടയ്ക്കുള്ളിൽ മാത്രമാണ് അയാൾ സഞ്ചരിക്കുന്നത്. ശാരീരികാഭിലാഷങ്ങളുടെ അമ്പുകൾ അയാളുടെ ഇന്ദ്രിയങ്ങളുടെ വാതിലിൽ തട്ടിത്തെറിച്ചുപോകുന്നു; പിശാചുക്കളുടെ ആക്രമണം അയാളെ തെല്ലും ഏശുന്നില്ല.

58. ലൗകികസുഖങ്ങളിൽ ആത്മാവിന് താല്പര്യം നഷ്ടപ്പെടുമ്പോൾ അതിനുള്ളിലേക്ക് ഏതോ ഒരസ്വാസ്ഥ്യം കടന്നുകൂടുന്നു. പഠനത്തിലോ പ്രബോധനത്തിലോ ഉള്ള താല്പര്യം, ഇനി വരാൻ പോകുന്ന ജീവിതത്തിൽ നമുക്കായി ഒരുക്കപ്പെട്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കുവേണ്ടിയുള്ള തീവ്രമായ ആഗ്രഹം എന്നിവയിൽ നിന്നൊക്കെ ഇതു നമ്മെ തടയുന്നു; താൽക്കാലികമായ ലൗകികജീവിതത്തെ നിസ്സാരമായി കരുതാൻ അതു നമ്മെ പ്രേരിപ്പിക്കുന്നു. ആത്മീയ ജ്ഞാനത്തിൽപോലും, ഒന്നുകിൽ മറ്റു പലരും അതു നമുക്കു മുമ്പേ തന്നെ നേടിക്കഴിഞ്ഞിരിക്കുന്നു എന്ന കാരണത്താൽ അല്ലെങ്കിൽ

www.malankaralibrary.com

പൂർണ്ണതയിലെത്താൻ അതിനു നമ്മെ സഹായിക്കാനാവില്ലെന്ന കാരണത്താൽ നമുക്ക് താല്പര്യം നഷ്ടപ്പെടുന്നു. നമ്മെ നിരാശപ്പെടുത്തുകയും ദുർബ്ബലരാക്കുകയും ചെയ്യുന്ന ഈ വികാരത്തെ ഒഴിവാക്കുന്നതിനായി സദാസമയവും മനസ്സിനെ ഇടുങ്ങിയ പരിധിക്കുള്ളിൽ ഒതുക്കിനിർത്തിക്കൊണ്ട് ദൈവസ്മരണ മാത്രം വച്ചുപുലർത്തണം. അങ്ങനെ ചെയ്യുന്നതിലൂടെ മാത്രമേ ബുദ്ധിക്ക് അതിന്റെ സ്വാഭാവികമായ തീവ്രത വീണ്ടെടുക്കാനും ദുർന്നടത്തം ഒഴിവാക്കാനും കഴിയുകയുള്ളൂ.

59. ബുദ്ധിയുടെ എല്ലാ വാതിലുകളും ദൈവസ്മരണയിലൂടെ അടച്ചുപൂട്ടി കഴിയുമ്പോൾ അതിനു സംതൃപ്തി നൽകുന്ന ഏതെങ്കിലും പ്രവൃത്തിക്കുവേണ്ടി ബുദ്ധി മുറവിളികൂട്ടും. അതിനു പൂർണ്ണ സംതൃപ്തി നല്കുന്ന പ്രവൃത്തിയാകട്ടെ, യേശുക്രിസ്തുവിനോടുള്ള പ്രാർത്ഥന മാത്രമാണ്. പരിശുദ്ധാത്മാവിലല്ലാതെ ഒരാൾക്കും 'കർത്താവായ യേശു' എന്നു പറയാനാവില്ല (1 കൊരി 12:3) എന്നാണ് എഴുതപ്പെട്ടിരിക്കുന്നത്. തന്റെ ഉള്ളിന്റെയുള്ളിൽ എല്ലായ്പ്പോഴും തീവ്രമായി ഈ വാക്കുകൾ ഉരുവിടുന്ന മനസ്സിന് തെറ്റായ സങ്കല്പങ്ങളുടെ ആക്രമണമുണ്ടാകില്ല. എല്ലായ്പ്പോഴും മഹത്ത്വപൂർണ്ണവും പരിശുദ്ധവുമായ ഈ നാമം ഹൃദയത്തിന്റെ അഗാധതയിൽ ധ്യാനിക്കുന്നവർക്ക് തങ്ങളുടെ ബുദ്ധിയുടെ പ്രകാശം ചിലപ്പോൾ ദൃശ്യമായിത്തീരുന്നു. എന്തെന്നാൽ, മനസ്സ് പൂർണ്ണമായും ഈ നാമത്തിൽ ശ്രദ്ധ പതിപ്പിക്കുമ്പോൾ, ആത്മാവിന്റെ ഉപരിതലത്തെ മറയ്ക്കുന്ന ചപ്പുചവറുകളെയെല്ലാം ഈ നാമം ദഹിപ്പിച്ചു കളയുമെന്ന ഉത്തമ ബോദ്ധ്യം നമുക്കുണ്ടാകും. 'നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്' (ആവ 4:24) എന്നാണല്ലോ എഴുതപ്പെട്ടിരിക്കുന്നത്. തന്റെ മഹത്ത്വത്തോട് നമ്മുടെയുള്ളിൽ നാഥനായ ക്രിസ്തു തീവ്രമായ ആഗ്രഹമുളവാക്കും. അമൂല്യമായ ഈ നാമത്തെ മനസ്സ് നിരന്തരം തീവ്രതയോടെ അനുസ്മരിക്കുമ്പോൾ, നന്മയോടുള്ള അചഞ്ചലമായ ആഗ്രഹം ഈ നാമം നമ്മിൽ നിവേശിപ്പിക്കും. തനിക്കുള്ളതെല്ലാം വിൽക്കുന്നതിലൂടെ ഒരുവന് നേടാൻ കഴിയുന്ന വിലപിടിച്ച മുത്ത് ഇതുതന്നെയാണ്; ഇതു സ്വന്തമാകുമ്പോഴാണ് ഒരുവന് അളവറ്റ ആനന്ദം അനുഭവിക്കാനാകുന്നത് (മത്താ 13:46).

60. തുടക്കത്തിലുള്ള ആനന്ദവും പൂർണ്ണതയിലെത്തുമ്പോഴുള്ള ആനന്ദവും രണ്ടും രണ്ടാണ്. ആദ്യത്തേത്, സങ്കല്പങ്ങളിൽനിന്ന്

www.malankaralibrary.com

വിമുക്തമല്ല; എന്നാൽ രണ്ടാമത്തേതിന് എളിമയുടെ കരുത്തുണ്ട്. ഈ രണ്ട് ആനന്ദങ്ങൾക്കുമിടയിൽ 'ദൈവികമായ ദുഃഖവും' (2 കൊരി 7:10) സജീവമായ കണ്ണുനീരും ഉണ്ടാകുന്നു. 'അധികം ജ്ഞാനത്തിൽ അധികം അറിവുണ്ടാകുന്നു; അറിവു വർദ്ധിപ്പിക്കുന്നവൻ ദുഃഖവും വർദ്ധിപ്പിക്കുന്നു' (പ്രഭാ 1:18). തുടക്കത്തിലുള്ള ആനന്ദത്തിലൂടെ ആത്മാവ് ആത്മീയസംഘർഷത്തിലേക്ക് ആദ്യം നയിക്കപ്പെടുന്നു; പിന്നീട് പരിശുദ്ധാത്മാവിന്റെ സത്യത്താൽ മുൻകാല പാപങ്ങളെയും ഇപ്പോഴത്തെ പ്രവൃത്തികളെയും മുൻനിർത്തി അത് ശകാരിക്കപ്പെടുകയും പരീക്ഷിക്കപ്പെടുകയും ചെയ്യുന്നു. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: 'പാപം നിമിത്തം മനുഷ്യനെ അങ്ങ് ശിക്ഷിക്കുമ്പോൾ അവനു പ്രിയങ്കരമായതിനെയെല്ലാം അവിടുന്നു കീടത്തെപ്പോലെ നശിപ്പിക്കുന്നു' (സങ്കീ 39:11). ഇങ്ങനെ ദൈവികമായ ശാസനയിലൂടെ തീക്കുണ്ഡത്തിലെന്നപോലെ ആത്മാവ് പരീക്ഷിക്കപ്പെടുകയും നിരന്തരമായ ദൈവസ്മരണയിലൂടെ സങ്കല്പങ്ങളിൽനിന്നു മോചനം നേടി ആനന്ദത്തിലെത്തിച്ചേരുകയും ചെയ്യുന്നു.

61. ആത്മാവ് കോപത്താൽ അസ്വസ്ഥമാകുകയും മദ്യപാനത്താൽ കുഴങ്ങുകയും അഗാധമായ നിരാശയിലേക്ക് താഴ്ന്നുപോകുകയും ചെയ്യുമ്പോൾ എത്ര തീവ്രമായി ശ്രമിച്ചാലും ബുദ്ധിക്ക് ദൈവസ്മരണയിൽ ഉറച്ചുനിൽക്കാനാവില്ല. വികാരാക്രമങ്ങളുടെ ഇരുട്ടിലാഴ്ന്നു കഴിഞ്ഞാൽ സ്വാഭാവികമായ ധാരണാശേഷി അതിനു നഷ്ടപ്പെടുന്നു. അങ്ങനെ നമ്മുടെ ബുദ്ധിയിൽ നിരന്തരമായ ദൈവസ്മരണ ഉണ്ടായിരിക്കണമെന്ന നമ്മുടെ ആഗ്രഹം നമ്മിൽ യാതൊരു മതിപ്പും ഉളവാക്കുകയില്ല. കാരണം അപക്വമായ വികാരങ്ങളാൽ കഠിനമായിത്തീർന്ന നമ്മുടെ മനസ്സിന്റെ ഓർമ്മശക്തി ദുർബ്ബലമായിത്തീരുന്നു. എന്നാൽ ആത്മാവ് വികാരങ്ങളിൽനിന്നു മോചിതമായാൽ താൽക്കാലികമായ മറവിയുണ്ടായാൽപോലും ബുദ്ധിക്ക് അതിന്റെ കർത്തവ്യം വീണ്ടെടുക്കാൻ കഴിയും. ഒരമ്മ, തന്റെ കുഞ്ഞിന്റെ ബാലഭാഷണത്തിനു വിപരീതമായി ഉറക്കത്തിൽപോലും അവന്റെ പിതാവിനെ വിളിക്കുന്ന ശീലം അവനിൽ വളർത്തിയെടുക്കുന്നതുവരെ തന്നോടൊപ്പം 'പിതാവ്' എന്നു ആവർത്തിക്കാൻ കുട്ടിയെ പഠിപ്പിക്കുന്നതുപോലെ അതിന്റെ ധ്യാനത്തിൽ പങ്കുചേരുവാൻ കൃപ ലഭിച്ച ആത്മാവ്

www.malankaralibrary.com

'കർത്താവായ യേശു' എന്ന് അതിനോടൊപ്പം ഉരുവിടുന്നു. ഇക്കാരണത്താലാണ് അപ്പോസ്തോലൻ ഇപ്രകാരം പറഞ്ഞിരിക്കുന്നത്: 'നമ്മുടെ ബലഹീനതകളിൽ ആത്മാവുതന്നെ നമ്മെ സഹായിക്കുന്നു; വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് നമുക്കറിഞ്ഞുകൂടാ. അതിനാൽ അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു' (റോമ 8:26). പരിപൂർണ്ണമായ പ്രാർത്ഥനയുടെ കാര്യത്തിൽ നാമെല്ലാം ശിശുക്കളായതിനാൽ നമ്മുടെ ചിന്തകളെ ഏകാഗ്രമാക്കി അവിടുത്തെ അവാച്യമായ മാധുര്യത്തിൽ സന്തോഷിക്കാനും നമ്മുടെ പിതാവായ ദൈവത്തെ സ്മരിക്കാനും സ്നേഹിക്കാനുമുള്ള അഭിവാഞ്ഛ ലഭിക്കാൻ നമുക്ക് പരിശുദ്ധാത്മാവിന്റെ സഹായം ആവശ്യമാണ്. വിശുദ്ധ പൗലോസ് പറയുന്നതുപോലെ പരിശുദ്ധാത്മാവു മുഖേനയാണ് നാം പ്രാർത്ഥിക്കുന്നതും 'അബ്ബാ പിതാവേ' (റോമ 8:15) എന്ന് നിരന്തരം വിളിക്കുന്നതും.

62. മറ്റേതു വികാരത്തെക്കാളുമധികം ആത്മാവിനെ വിഷമിപ്പിക്കുന്നത് കോപമാണെങ്കിലും ചിലപ്പോഴൊക്കെ അത് ആത്മാവിന് പ്രയോജനകരവുമാണ്. ആന്തരികമായ ശാന്തതയിലൂടെ പാപികളും ദൈവദൂഷകരുമായ ആളുകൾക്കെതിരെ നാം കോപത്തെ അയയ്ക്കുമ്പോൾ - അവരുടെ വഴികൾ നന്നാക്കാൻ അത് അവർക്ക് പ്രേരണ നല്കും, അല്ലെങ്കിൽ അവരുടെ ചെയ്തികളെക്കുറിച്ച് അല്പമെങ്കിലും ലജ്ജതോന്നാൻ അത് കാരണമാകും, നമ്മുടെ ആത്മാവ് കൂടുതൽ സൗമ്യമായിത്തീരുകയും ചെയ്യും. ഇത്തരത്തിൽ, ദൈവനീതിയും നന്മയുമായി ഒത്തുചേർന്നു പോകാനും നമുക്ക് സാധിക്കുന്നു. മാത്രമല്ല, പാപത്തിനു നേരെ കോപിക്കുന്നതിനാൽ ആത്മാവിന്റെ ദൗർബ്ബല്യത്തെ അതിജീവിക്കാനും നമുക്ക് കഴിയുന്നു. അതിനർത്ഥം കടുത്ത നിരാശയിൽപെടുമ്പോൾ ദുഷിച്ച പിശാചിനെതിരെ കോപിക്കാനും മരണത്തിന്റെ അഹന്തയെപ്പോലും പുച്ഛത്തോടെ കാണാനും നമുക്ക് സാധിക്കുന്നുവെന്നാണ്. ഇത് നമുക്ക് വ്യക്തമാക്കിത്തരുന്നതിനുവേണ്ടിയാണ് ക്രിസ്തു രണ്ടുതവണ മരണത്തിനുനേർക്ക് കോപിഷ്ഠനായതും ആത്മാവിൽ അസ്വസ്ഥനായതും (യോഹ 12:27; 13:21); വളരെ എളുപ്പത്തിൽ തന്റെ ഇച്ഛയാൽ, തെല്ലും കോപിക്കാതെ തന്നെ ലാസറിന്റെ ആത്മാവിനെ അയാളുടെ ശരീരത്തിലേക്ക്

www.malankaralibrary.com

തിരിച്ചുകൊണ്ടുവരാമായിരുന്നിട്ടും, ക്രിസ്തു കോപിക്കുകയും അസ്വസ്ഥനാവുകയുമാണ് ചെയ്തത് (യോഹ 11:33). ഇക്കാരണത്താൽ, ദൈവം നമ്മെ സൃഷ്ടിച്ചപ്പോൾതന്നെ, നമുക്ക് ഉപയോഗിക്കാവുന്ന ഒരു ആയുധമെന്ന നിലയ്ക്ക് കോപത്തെ നമ്മുടെയുള്ളിൽ ജനിപ്പിച്ചുവെന്നാണ് എനിക്കു തോന്നുന്നത്. കോപം എന്ന ആയുധം, തന്നെ പ്രലോഭിപ്പിക്കാനെത്തിയ പാമ്പിന് നേരെ ഹവ്വാ പ്രയോഗിച്ചിരുന്നുവെങ്കിൽ അവൾ വിഷയാസക്തിക്കു വിധേയയാകുമായിരുന്നില്ല. ആ നിലയ്ക്ക് തന്റെയുള്ളിലെ ഭക്തിയാൽ കോപത്തെ വേണ്ടുംവിധം ഉപയോഗിക്കുന്ന ഒരുവന്, അലസതമൂലം ഒരിക്കലും കോപിക്കാത്ത മറ്റൊരുവനെക്കാൾ കൂടുതൽ അനുയോജ്യമായ വിധിയായിരിക്കും ലഭിക്കുക എന്നാണ് ഞാൻ കരുതുന്നത്. രണ്ടാമത്തെ ആൾ തന്റെ വികാരങ്ങളെ വേണ്ടവിധം നിയന്ത്രിക്കാതെ മുമ്പോട്ടു നീങ്ങുമ്പോൾ, ആദ്യത്തെ ആൾ ചുറ്റിലുമുള്ള പിശാചുക്കളുടെ സൈന്യത്തിനിടയിലൂടെ തന്റെ ആത്മനിയന്ത്രണത്തിന്റെ നാലു കുതിരകളെ പൂട്ടിയ രഥം ദൈവഭയത്താൽ ഭംഗിയായി മുന്നോട്ടു നയിക്കുന്നു. ഈ രഥത്തെ 'ഇസ്രായേലിന്റെ രഥം' എന്നാണ് ഏലിയ പ്രവാചകൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതിനെക്കുറിച്ചു പറയുന്ന ഭാഗത്ത് വിശേഷിപ്പിച്ചിട്ടുള്ളത് (2 രാജാ 2:12); എന്തെന്നാൽ ഓരോ യഹൂദനുമുണ്ടായിരിക്കേണ്ട നാല് അടിസ്ഥാനപരമായ സദ്ഗുണങ്ങളെക്കുറിച്ച് ദൈവം വ്യക്തമായി സംസാരിച്ചത് ആദ്യം യഹൂദരോടാണ്. ഇക്കാരണത്താലാണ് ഏലിയ പ്രവാചകൻ തന്റെ സദ്ഗുണങ്ങളാകുന്ന കുതിരകളെ പൂട്ടിയ ഒരു ആഗ്നേയ രഥത്തിൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടത്.

63. ദൈവികജ്ഞാനത്തിൽ പങ്കുപറ്റുകയും ദൈവികമാധുര്യം രുചിക്കുകയും ചെയ്ത ഒരാൾ യാതൊരു കാരണവശാലും, ആരെങ്കിലും അയാളുടെ തുണിയുരിഞ്ഞെടുത്താൽപോലും, നിയമത്തിന്റെ പേരിൽ സ്വയം ന്യായീകരിക്കരുത്. എന്തെന്നാൽ ഈ ലോകത്തിന്റെ ഭരണാധികാരികളുടെ നീതിപാലനം ദൈവത്തിന്റേതിനെക്കാൾ എത്രയോ നിസ്സാരരാണ്. അതിനു തുല്യമായി മറ്റൊന്നുമില്ല. ദൈവമക്കളും ലോകത്തിന്റെ മക്കളും തമ്മിലുള്ള വ്യത്യാസം, ആദ്യത്തെ കൂട്ടരെ ദൈവീകരെന്നും രണ്ടാമത്തെ കൂട്ടരെ മാനുഷികരെന്നും നാം വിളിക്കത്തക്കവിധം, ആദ്യത്തെ കൂട്ടരെ അപേക്ഷിച്ച്

www.malankaralibrary.com

രണ്ടാമത്തെ കൂട്ടർ നീതിയുടെ കാര്യത്തിൽ അപൂർണ്ണരായിരുന്നു എന്നതല്ലാതെ മറ്റെന്താണ്? നമ്മുടെ കർത്താവായ യേശു 'നിന്ദിക്കപ്പെട്ടപ്പോൾ പകരം നിന്ദിക്കുകയോ പീഡിപ്പിക്കപ്പെട്ടപ്പോൾ പകരം ഭീഷണിപ്പെടുത്തുകയോ ചെയ്തില്ല (1 പത്രോ 2:23) എന്നാണ് എഴുതപ്പെട്ടിരിക്കുന്നത്; തന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്തപ്പോൾപോലും അവിടുന്ന് നിശ്ശബ്ദനായിരിക്കുകയും തന്നെ ഉപദ്രവിച്ചവരുടെ രക്ഷയ്ക്കായി സ്വർഗ്ഗീയ പിതാവിനോട് പ്രാർത്ഥിക്കുകയുമാണ് ചെയ്തത്. എന്നാൽ ലൗകികരായ മനുഷ്യരാകട്ടെ, എല്ലായ്പ്പോഴും കോടതിയുടെ സഹായം തേടുന്നു. അങ്ങനെ ചിലപ്പോൾ സംഭവിക്കാറുള്ളതുപോലെ കോടതിയിൽ പോകുന്നതിനു മുമ്പ് അവർക്ക് അർഹമായതിലും കൂടുതലായി എന്തെങ്കിലും ലഭിച്ചാൽ, പ്രത്യേകിച്ച്, കൈക്കൂലി ലഭിക്കുകയാണെങ്കിൽ അവർ അതിൽനിന്നും പിന്മാറുന്നു. ഇപ്രകാരം പലപ്പോഴും അവരുടെ നീതി അനീതിയായിത്തീരുകയും ചെയ്യുന്നു.

64. ആത്മീയജീവിതം നയിക്കുന്നവരായ ചിലർ, നമ്മുടെ സ്വത്തുക്കളോ ദരിദ്രർക്കു കൊടുക്കുന്നതിനായി നാം സൂക്ഷിക്കുന്ന സമ്പാദ്യമോ ആരെങ്കിലും അപഹരിച്ചാൽ -പ്രത്യേകിച്ചും അവർ ക്രിസ്ത്യാനികളാണെങ്കിൽ- അവർക്കെതിരെ നിയമപരമായി നീങ്ങണമെന്നു പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്; എന്തെന്നാൽ അങ്ങനെ ചെയ്യാത്തപക്ഷം കൂടുതൽ തിന്മകൾ ചെയ്യാൻ നാം അവരെ പ്രോത്സാഹിപ്പിക്കുകയായിരിക്കും ചെയ്യുക എന്നാണ് ഇങ്ങനെ പറയുന്നവരുടെ വാദം. എന്നാൽ സ്വന്തം സ്വത്തുക്കൾ നിലനിർത്തുന്നതിനുള്ള ന്യായീകരണം മാത്രമാണിത്. എന്തെന്നാൽ ഞാൻ പ്രാർത്ഥന അവസാനിപ്പിക്കുകയും എന്റെ ഹൃദയത്തിന്റെ വാതിലിൽ കാവൽ നിൽക്കാതിരിക്കുകയും ചെയ്തുകൊണ്ട് എന്നോടു തെറ്റുചെയ്തവർക്കെതിരെയുള്ള കേസുമായി കോടതി വരാന്തകളിലൂടെ അലയുമ്പോൾ, എന്റെ സ്വന്തം രക്ഷയെക്കാളും ക്രിസ്തുവിന്റെ കല്പനയെക്കാളും ഞാൻ പ്രാധാന്യം നൽകുന്നത് എന്റെ സ്വത്തുക്കൾക്കായിരിക്കും. എന്നാൽ അപഹരിക്കപ്പെട്ട വസ്തുക്കളുടെ നഷ്ടം സന്തോഷപൂർവ്വം സഹിക്കാൻ തയ്യാറാവാതെ 'ആരെങ്കിലും നിങ്ങളുടെ സ്വത്തുക്കൾ അപഹരിക്കുമ്പോൾ അവ വീണ്ടെടുക്കാൻ ശ്രമിക്കരുത്' (ലൂക്കോ 6:30) എന്ന ആധികാരികമായ

www.malankaralibrary.com

താക്കീത് എങ്ങനെയാണ് എനിക്ക് സ്വീകരിക്കാൻ സാധിക്കുക? കോടതിയുടെ സഹായത്തോടെ നഷ്ടപ്പെട്ടതെല്ലാം നാം വീണ്ടെടുത്താൽകൂടി കുറ്റവാളി പാപവിമുക്തനാകുന്നില്ല. മനുഷ്യരുടെ കോടതികൾക്ക് ദൈവത്തിന്റെ ശാശ്വതനീതിയെ ക്ലിപ്തപ്പെടുത്തുവാൻ സാധിക്കുകയില്ല. ഒരുവനെതിരെ ആരോപിക്കപ്പെടുന്ന കുറ്റങ്ങൾക്കനുസരിച്ചുള്ള നിയമപരമായ ശിക്ഷയാണ് സാധാരണയായി കോടതി നടപ്പാക്കുന്നത്. ആയതിനാൽ, നമ്മോടു ദ്രോഹം ചെയ്യുന്നവരുടെ അനീതി സഹിച്ച്, അവർ അപഹരിച്ചത് തിരികെ എടുക്കാതെ, മാനസാന്തരത്തിലൂടെ അവർ തങ്ങളുടെ തെറ്റിൽനിന്നും വിമുക്തരാകുവാൻവേണ്ടി പ്രാർത്ഥിക്കുകയാണ് വേണ്ടത്. ദൈവത്തിന്റെ നീതി അനുശാസിക്കുന്നത് മോഷ്ടിക്കപ്പെട്ട വസ്തുക്കളല്ല നാം തിരിച്ചെടുക്കേണ്ടത്, മറിച്ച് പശ്ചാത്താപത്തിലൂടെ മോചിതനായിത്തീരുന്ന മോഷ്ടാവിനെതന്നെയാണ് വീണ്ടെടുക്കേണ്ടത് എന്നാണ്.

65. ആത്മീയജീവിതം യാഥാർത്ഥ്യമായി കഴിഞ്ഞാൽ കർത്താവിന്റെ കല്പന അനുസരിച്ച് നമുക്കുള്ള സ്വത്തുക്കളെല്ലാം വിറ്റുകിട്ടുന്ന പണം പാവങ്ങൾക്കു വിതരണം ചെയ്യണം (മത്താ 19:21); ഏതു നിമിഷവും ഈ കല്പന നിറവേറ്റാൻ തങ്ങൾ തയ്യാറാണെന്ന് പറഞ്ഞുകൊണ്ട് അങ്ങനെ ചെയ്യാതിരിക്കുന്നത് തെറ്റാണ്. മുഴുവൻ സ്വത്തുക്കളും ഒഴിവാക്കുന്നതിലൂടെ നിർമമത നേടാനും, നിയമക്കുരുക്കുകളിൽനിന്ന് ഒഴിഞ്ഞുമാറാനും നമുക്ക് സാധിക്കുന്നു. എന്തെന്നാൽ മറ്റുള്ളവരുടെ ഉള്ളിൽ കുറ്റവാസനയുടെ തിരികൊളുത്താവുന്ന സ്വത്തുക്കളൊന്നുംതന്നെ നമ്മുടെ കൈവശമില്ലല്ലോ. മറ്റേതൊരു സുകൃതത്തെക്കാളും, നമ്മെ ഉത്സാഹഭരിതരാക്കി വാത്സല്യപൂർവ്വം പരിലാളിക്കുന്നത് എളിമയാണ്. നമ്മുടെ നഗ്നതയിൽ അവൾ തന്റെ മാറിൽ നമുക്ക് വിശ്രമം നല്കുന്നു. അമ്മ കുഞ്ഞിനെ എന്നപോലെ എളിമ നമ്മെ മാറോടുചേർത്ത് ശിശുസഹജമായ ലാളിത്യത്തോടെ നമുക്കു മടുപ്പുണ്ടാക്കുന്നവയെല്ലാം ഉരിഞ്ഞെറിയുന്നു. അങ്ങനെ ശോഭനമായ വസ്ത്രങ്ങൾ അണിയുമ്പോൾ എന്നതിനെക്കാളും നഗ്നതയിൽ, നിഷ്കളങ്കമായ ആനന്ദം അവൾ നമുക്കു നേടിത്തരുന്നു. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: 'കർത്താവ് ചെറിയവരെ സംരക്ഷിക്കുന്നു; ഞാൻ എന്നെത്തന്നെ വിനീതനാക്കി, അതിനാൽ അവിടുന്ന് എന്നെ രക്ഷിച്ചു' (സങ്കീ 116:6).

www.malankaralibrary.com

66. നമുക്ക് ഇല്ലാത്തവയിൽനിന്നല്ല, മറിച്ച്, നമുക്ക് ഉള്ളവയിൽനിന്ന് ആവശ്യക്കാർക്ക് നാം എന്തുമാത്രം സഹായം നല്കിയിട്ടുണ്ട് എന്ന് കർത്താവ് നമ്മോട് ചോദിക്കും (2 കൊരി 8:12). അങ്ങനെയെങ്കിൽ, വർഷങ്ങളോളം എനിക്കു വിതരണം ചെയ്യാനുണ്ടായിരുന്നത് ദൈവ ഭയത്താൽ ഞാൻ അല്പം കാലംകൊണ്ടു വിതരണം ചെയ്തു തീർത്തുവെങ്കിൽ ഇപ്പോൾ ഒന്നുമില്ലാത്തതിന്റെ പേരിൽ ഞാൻ എങ്ങനെയാണ് കുറ്റക്കാരനായി വിധിക്കപ്പെടുക? അല്ലെങ്കിൽ 'എന്റെ പരിമിതമായ സമ്പത്തിൽനിന്നും ലഭിച്ചിരുന്ന ദാനത്തെ ആശ്രയിച്ചു കഴിഞ്ഞിരുന്നവരെ ഇപ്പോൾ ആരാണ് സഹായിക്കുക? ഇത്തരത്തിൽ യുക്തിവാദം നടത്തുന്ന വ്യക്തി, പണത്തോടുള്ള തന്റെ ആസക്തി നിമിത്തം ദൈവത്തെ നിന്ദിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ആദ്യത്തേതു പോലെതന്നെ, ഇപ്പോഴും തന്റെ സൃഷ്ടികളുടെ ആവശ്യങ്ങൾ നിറ വേറ്റിക്കൊടുക്കുന്നതിൽ ദൈവം പരാജിതനാകുന്നില്ല. ആവശ്യ ക്കാർക്ക് ആരെങ്കിലും സഹായം എത്തിച്ചു കൊടുക്കാൻ തയ്യാറാകു ന്നതിനു മുമ്പും അവർക്ക് ഭക്ഷണത്തിന്റെയോ വസ്ത്രത്തിന്റെയോ അഭാവം ഉണ്ടായിട്ടില്ല. അതിനാൽ ഇക്കാര്യങ്ങൾ മനസ്സിലാക്കി യഥാർത്ഥ സേവനത്തിന്റെ അരൂപിയിൽ, സമ്പത്തിൽനിന്നും ഉയർന്നുവരുന്ന പൊള്ളയായ ദുരഭിമാനത്തെ നാം നിരസിക്കണം. നമ്മുടെ സ്വന്തം ആഗ്രഹങ്ങളെപോലും നാം വെറുക്കണം - അതായത് നമ്മുടെ സ്വന്തം ആത്മാവിനെത്തന്നെ (ജീവനെ) വെറുക്കുന്നതാണത് (ലൂക്കോ 14;26). അപ്പോൾ വിതരണം ചെയ്യുന്നതിലൂടെ നാം അഭിമാനം കണ്ടെത്തിയിരുന്ന സമ്പത്ത്, ഇപ്പോൾ നേടാതിരിക്കുന്നതു വഴി നമ്മുടെ അത്യന്തമായ അയോഗ്യത നമുക്ക് അനുഭവപ്പെടുവാൻ തുടങ്ങും, എന്തെന്നാൽ, യാതൊരു സദ്പ്രവൃത്തിയും പൂർത്തീകരി ക്കാൻ നമുക്ക് സാധിക്കുന്നില്ല എന്ന വസ്തുത ഇപ്പോൾ നമുക്ക് മനസ്സിലാക്കുവാൻ സാധിച്ചു. തീർച്ചയായും, നമ്മിൽ അവശേഷിച്ചിരി ക്കുന്ന നന്മനിമിത്തം, പാടുള്ളിടത്തോളം നമുക്കുള്ളവ ദാനം ചെയ്തു കൊണ്ട് ദൈവകല്പന സന്തോഷപൂർവ്വം നാം അനുസരിക്കുന്നു. എന്നാൽ നമുക്കുള്ളവ മുഴുവനും നാം ചെലവഴിച്ചു കഴിയുമ്പോൾ, വ്യക്തമായി നിർവ്വചിക്കാൻ സാധിക്കാത്ത ദുഃഖവും അപമാനവും നമുക്കുണ്ടാകുന്നു. കാരണം ദൈവത്തിന്റെ നീതിക്കു യോജിച്ച വിധത്തിൽ നാം യാതൊന്നും ചെയ്യുന്നില്ല എന്നാണ് നാം കരുതു ന്നത്. എന്നാൽ ഈ അഗാധമായ അപമാനത്തിൽ ആത്മാവ് തന്നി

www.malankaralibrary.com

ലേക്കുതന്നെ തിരിയുന്നു. അങ്ങനെ അനുദിനം ആവശ്യക്കാർക്കു ദാനം ചെയ്തിരുന്നവകൊണ്ട് ആർജ്ജിക്കുവാൻ സാധിക്കാഞ്ഞത് ഇപ്പോൾ പ്രാർത്ഥനയും ക്ഷമയും എളിമയും വഴി ആർജ്ജിക്കുവാൻ അതിനു സാധിക്കുന്നു. എന്തെന്നാൽ, ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: 'കർത്താവേ, ദരിദ്രരും അഗതികളും അങ്ങയുടെ നാമത്തെ സ്തുതിക്കും' (സങ്കീ 74:21). സുവിശേഷത്തിന്റെ മഹത്ത്വത്തിനു വേണ്ടി തനിക്കുള്ള സമ്പത്തു മുഴുവനും ആദ്യമെ ദാനം ചെയ്യാത്ത ഒരു വ്യക്തിക്കും ദൈവം തന്റെ വിശ്വാസപ്രമാണം നല്കുകയില്ല. എല്ലാം ഉപേക്ഷിച്ചവനാകട്ടെ ദിവ്യമായ ദാരിദ്ര്യത്തിൽ, ദൈവരാജ്യത്തിന്റെ സമ്പന്നതയെക്കുറിച്ചു പ്രഘോഷിക്കുവാൻ സാധിക്കുന്നു. ഇതേക്കുറിച്ച് സങ്കീർത്തനം ഇപ്രകാരമാണ് പറയുന്നത്: 'ദൈവമേ, അങ്ങയുടെ സ്നേഹത്താൽ അങ്ങ് ദരിദ്രർക്ക് ആവശ്യമായതെല്ലാം നല്കി' വീണ്ടും, 'വലിയ ശക്തിയോടെ സദ്വാർത്ത വിളംബരം ചെയ്യുന്നവർക്ക് അവിടുന്ന് ഭാഷണം നല്കുന്നു' (സങ്കീ 68:10,11).

67. ദൈവത്തിന്റെ എല്ലാ വരദാനങ്ങളും, കുറ്റമറ്റതും എല്ലാ നന്മകളുടെയും ഉറവിടവുമാണ്. എന്നാൽ നമ്മുടെ ഹൃദയത്തെ ജ്വലിപ്പിക്കുകയും അവിടുത്തെ നന്മയോടുള്ള ആഗ്രഹത്തിലേക്ക് നയിക്കുകയും ചെയ്യുന്നത് ദൈവശാസ്ത്രം (ദൈവീകരഹസ്യങ്ങളെക്കുറിച്ച് അറിയാനുള്ള കഴിവ്) ആണ്. ദൈവാനുഗ്രഹത്തിന്റെ ആദ്യഫലമായ ദൈവശാസ്ത്രം, ആത്മാവിന് ഏറ്റവും വലിയ വരങ്ങൾ നൽകുന്നു. ഒന്നാമതായി, ഈ ജീവിതത്തെക്കുറിച്ചുള്ള സർവ്വ അഭിലാഷങ്ങളെയും സന്തോഷപൂർവ്വം അവഗണിക്കാൻ അത് നമ്മെ സഹായിക്കുന്നു. കാരണം നശ്വരമായ ആഗ്രഹങ്ങൾക്കു പകരം ദൈവവചനമാകുന്ന അവാച്യമായ സമ്പത്താണ് നാം സ്വന്തമാക്കിയിരിക്കുന്നത്. അത് നമ്മുടെ മനസ്സിനെ, രൂപാന്തരീകരണ അഗ്നിയുടെ ശോഭയാൽ ആശ്ലേഷിക്കുകയും മാലാഖമാരുടെ ആരാധനയിൽ ഭാഗഭാക്കാക്കുകയും ചെയ്യുന്നു. നാം അതിന് തയ്യാറായി കഴിയുമ്പോൾ, ശോഭനമായ ഈ ദർശനത്തിനുവേണ്ടി നിഷ്കപടമായി ആഗ്രഹിക്കും. അത് നമ്മെ ലൗകികമായ താല്പര്യങ്ങളിൽനിന്നും മോചിപ്പിക്കുകയും അവാച്യമായ പ്രകാശത്തിന്റെ പ്രഭയിൽ, ദൈവികമായ സത്യത്തിൽ നമ്മുടെ മനസ്സിനെ പോഷിപ്പിക്കുകയും ചെയ്യും. ചുരുക്കിപ്പറഞ്ഞാൽ, വിശുദ്ധപ്രവാചകരുടെ സഹായത്തോടെ വിരൂപമായ ആത്മാവിനെ ദൈവത്തോട് ദൃഢമായി കൂട്ടിച്ചേർക്കുന്ന വരദാനമാണത്. അതിനാൽ

www.malankaralibrary.com

മാലാഖമാർക്കിടയിൽ എന്നപോലെ മനുഷ്യരുടെ ഇടയിലും, ദൈവ ശാസ്ത്രം -വിവാഹവിരുന്നിലേക്ക് ആനയിക്കപ്പെടുന്നവർക്കെന്ന പോലെ- ദൈവത്തിന്റെ പ്രഭാവത്തെക്കുറിച്ചു പ്രകീർത്തിക്കുന്നവർക്ക് സ്വരചേർച്ച നല്കുന്നു.

68. പലപ്പോഴും ഏകാഗ്രതയുടെയും സാരള്യത്തിന്റെയും അഭാവത്തിൽ നമ്മുടെ മനസ്സിന് പ്രാർത്ഥന വിഷമകരമായി തോന്നാം. എന്നാൽ ദൈവികധ്യാനത്തിനുള്ള അവസരം ഒരുക്കുന്നതിൽ അത് ദൈവശാസ്ത്രത്തിലേക്ക് ആകർഷിക്കപ്പെടുന്നു. എന്നാൽ തന്നെ ക്കുറിച്ചുതന്നെ കൂടുതൽ സംസാരിക്കാനും കൂടുതൽ സന്തോഷി ക്കാനും ബുദ്ധിയെ അനുവദിക്കാതിരിക്കുന്നതിനുവേണ്ടി, പ്രാർത്ഥന; സങ്കീർത്തനാലാപം; വിശുദ്ധഗ്രന്ഥപാരായണം എന്നീ കാര്യങ്ങളിൽ നാം സദാ ഏർപ്പെടണം. അതേസമയം, തങ്ങളുടെ വിശ്വാസം ലേഖനങ്ങളിലൂടെ പ്രകടമാക്കിയ ജ്ഞാനികളുടെ, ധ്യാനാവസ്ഥയി ലൂടെ നേടിയ അഭിപ്രായങ്ങളെ അവഗണിക്കരുത്. ഇപ്രകാരം സ്വന്തം ഭാഷണത്തെ കൃപയുടെ ഭാഷണത്തോട് കൂട്ടിക്കുഴയ്ക്കുന്നതിൽ നിന്നും ബുദ്ധിയെ തടയാൻ നമുക്കു സാധിക്കും. അങ്ങനെ ആത്മാഭി മാനത്താലും അമിതാഹ്ലാദത്താലും അതിഭാഷണത്താലും ബുദ്ധി വഴി തെറ്റിപ്പോവുകയില്ല. ധ്യാനസമയത്ത് നമ്മുടെ മനസ്സിനെ സങ്കല്പ ങ്ങളിൽനിന്നും ഭാവനകളിൽനിന്നും സ്വതന്ത്രമായി കാത്തുസൂക്ഷിച്ചു കൊണ്ട് നമ്മുടെ ഓരോ ചിന്തയോടുമൊപ്പം നാം കണ്ണുനീർ പൊഴിച്ചു വെന്ന് ഉറപ്പുവരുത്തണം. നിശ്ചലതയുടെ സമയത്ത് മനസ്സ് പ്രശാന്ത മായിരിക്കുമ്പോൾ, എല്ലാറ്റിനുമുപരിയായി പ്രാർത്ഥനയുടെ മാധുര്യം ആസ്വദിക്കുമ്പോൾ, നാം മുമ്പു സൂചിപ്പിച്ച തെറ്റുകളിൽനിന്നും അത് അകന്നു നില്ക്കുക മാത്രമല്ല, പ്രത്യുത, അത് കൂടുതൽ കൂടുതൽ നവീകരിക്കപ്പെടുകയും ദൈവികസത്യം നിഷ്പ്രയാസം അനുഭവി ച്ചറിയുകയും അങ്ങനെ എളിമയോടെ വിവേചനശക്തിയിൽ പുരോ ഗമിക്കുകയുംചെയ്യും. നമുക്ക് ചിന്തിക്കാവുന്നതിലപ്പുറം മഹത്തരമായ ഒരു പ്രാർത്ഥനയുണ്ട്. എന്നാൽ ദൈവകൃപയുടെ സമ്പൂർണ്ണത മുഴുവനും ബോധപൂർവ്വം അനുഭവിക്കുന്നവർക്കു മാത്രമാണ് ഈ പ്രാർത്ഥന സ്വായത്തമാകുന്നത്.

69. ആത്മീയജീവിതത്തിന്റെ തുടക്കത്തിൽ തന്റെയുള്ളിലെ വെളിച്ചത്താൽതന്നെ പ്രകാശിപ്പിക്കപ്പെടുക എന്ന അവസ്ഥ ആത്മാ

www.malankaralibrary.com

വിനുണ്ടാകാറുണ്ട്. എന്നാൽ ദൈവജ്ഞാനം നേടാനുള്ള പോരാട്ട ത്തിൽ മുന്നേറുന്നതിന് അനുസരിച്ച്, ദൈവകൃപയുടെ രഹസ്യങ്ങൾ ആത്മാവ് അറിയാതെതന്നെ അതിൽ പ്രവർത്തിക്കുന്നു. രണ്ടു രീതിയി ലാണ് ദൈവകൃപ പ്രവർത്തിക്കുന്നത്. അജ്ഞതയിൽനിന്ന് ആത്മീയ മായ അറിവിലേക്ക് നമ്മെ നയിക്കുകയും അഹന്തയിൽനിന്ന് ഈ അറിവിനെ സംരക്ഷിക്കുകയും ചെയ്യുന്നതിലൂടെ നമുക്ക് സന്തോഷ മേകുകയാണ് ഒന്നാമത്തേത്. രണ്ടാമതായി നാം ഉപേക്ഷിക്കപ്പെട്ട വരാകുന്നതിൽ ദുഃഖിക്കാനും അങ്ങനെ കൂടുതൽ വിനയത്തോടെ ദൈവമഹത്വത്തിനു വിധേയരാകാനും ഇതു കാരണമാകുന്നു. അതേ സമയം, പ്രത്യാശയാൽ നാം ഉയർത്തപ്പെടാൻ യഥാസമയം സന്തോഷ മുണ്ടാകേണ്ടതും ആവശ്യമാണ്. എന്തെന്നാൽ കടുത്ത ദുഃഖം നിരാശയിലേക്കും വിശ്വാസമില്ലായ്മയിലേക്കും നയിക്കുന്നതുപോലെ അതിയായ സന്തോഷം അഹന്തയിലേക്കു നയിക്കുന്നു. (ആരംഭകരെ ക്കുറിച്ചാണ് ഞാനിതു പറയുന്നത്) ലൗകികജീവിതം ഉപേക്ഷിക്കു ന്നതിനും ദൈവജ്ഞാനം നേടുന്നതിനും ഇടയിലായി പരീക്ഷണ ങ്ങളുടെ കാലഘട്ടമുണ്ട്. അതുപോലെതന്നെ, ദുഃഖത്തിന്റെയും സന്തോഷത്തിന്റെയും ഇടയിൽ പ്രത്യാശയുണ്ട്. സങ്കീർത്തകൻ ഇക്കാരണത്താലാണ് ഇപ്രകാരം പറയുന്നത്: 'ഞാൻ ക്ഷമയോടെ കർത്താവിനുവേണ്ടി കാത്തിരുന്നു. അവിടുന്ന് എന്റെ പ്രാർത്ഥന കേട്ടു' (സങ്കീ 40:1); വീണ്ടും ഇങ്ങനെ കാണാം; 'എന്റെ ഹൃദയ ത്തിനുള്ളിലെ എണ്ണമറ്റ വേദനകൾക്കു പകരമായി അങ്ങയുടെ അനുഗ്രഹങ്ങൾ എന്റെ ആത്മാവിനെ സന്തോഷിപ്പിച്ചു' (സങ്കീ 94:19).

70. കുളിക്കാൻവേണ്ടി ചൂടുവെള്ളം സംഭരിച്ചിരിക്കുന്ന പാത്ര ത്തിന്റെ അടപ്പ് എല്ലായ്പ്പോഴും തുറന്നിട്ടാൽ ചൂടു നഷ്ടപ്പെടുന്നതു പോലെ വിവിധ കാര്യങ്ങളെക്കുറിച്ച് പറയാനുള്ള ആഗ്രഹം ആത്മാവിനുണ്ടാകുമ്പോൾ അവ എത്ര നല്ലവയായിരുന്നാൽ ത്തന്നെയും, ഭാഷണത്തിന്റെ കവാടത്തിലൂടെ ദൈവസ്മരണ പുറ ത്തേക്കു പോവുകയാണ് ചെയ്യുന്നത്. തത്ഫലമായി, അനുയോജ്യ മായ ആശയങ്ങളുടെ അഭാവത്തിൽ മനസ്സ് തന്റെ കുഴഞ്ഞുമറിഞ്ഞ ചിന്തകളെ ആരുമായും പങ്കുവയ്ക്കാൻ തയ്യാറാകുന്നു. കാരണം സങ്കല്പങ്ങളിൽനിന്നും സ്വതന്ത്രമായി ഗ്രഹണശക്തിയിൽ അതിനെ കാത്തുസൂക്ഷിക്കാൻ പരിശുദ്ധാത്മാവ് അതിന്റെയുള്ളിലില്ല. വിലപ്പെട്ട

www.malankaralibrary.com

ആശയങ്ങൾ ആശയകുഴപ്പത്തിനും, ഭാവനയ്ക്കും അന്യമായതിനാൽ, വാചാലതയെ എപ്പോഴും ഒഴിവാക്കുന്നു. വേണ്ടസമയത്തുള്ള നിശ്ശബ്ദത, എല്ലാ അമൂല്യമായ ചിന്തകളുടെയും മാതാവാണ്.

71. ദൈവശാസ്ത്രപഠനത്തിന്റെ ആരംഭത്തിൽ കോപം, വെറുപ്പ് തുടങ്ങിയ അനേകം വികാരങ്ങൾ ആത്മാവിനെ ഉപദ്രവിക്കുന്നു എന്ന് ആത്മീയജ്ഞാനം നമ്മെ പഠിപ്പിക്കുന്നു. പിശാചുക്കൾ ഈവക വികാരങ്ങളെ ഇളക്കിവിടുന്നതുകൊണ്ടല്ല, മറിച്ച്, ആത്മാവ് പുരോഗതി നേടിക്കൊണ്ടിരിക്കുന്നതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. ആത്മാവ് ലൗകികകാര്യങ്ങളിൽ മുഴുകിയിരിക്കുമ്പോൾ, ആളുകൾ നീതിയെ കാൽക്കീഴിൽ ഞെരിക്കുന്നതു കണ്ടാലും അതിന് യാതൊരു കുലുക്കവുമില്ല. കാരണം തന്റെയുള്ളിലെ ആഗ്രഹങ്ങളിൽ മുഴുകുമ്പോൾ ദൈവനീതിയെ അതു ശ്രദ്ധിക്കുകയില്ല. എന്നാൽ ലൗകികവിഷയങ്ങളോടുള്ള അതൃപ്തിയും ദൈവത്തോട് അതിനുള്ള സ്നേഹവും അതിനുണ്ടായിരിക്കുമ്പോൾ സ്വപ്നത്തിൽപോലും നീതിക്കു വിലയില്ലാതാകുന്നതു സഹിക്കാൻ അതിനു സാധിക്കുന്നില്ല. തെറ്റുചെയ്യുന്നവർക്ക് നേരെ അത് കോപിക്കുകയും അവർ തെറ്റു തിരുത്തുന്നതുവരെ അവരെ ശകാരിക്കുകയും ചെയ്യുന്നു. അത് നീതിമാന്മാരെ സ്നേഹിക്കുകയും തെറ്റു ചെയ്യുന്നവരെ വെറുക്കുകയും ചെയ്യുന്നു. ആത്മനിയന്ത്രണത്തിലൂടെ ആത്മാവിന്റെ മൂടുപടമാകുന്ന ശരീരം സുതാര്യമായിത്തീരുമ്പോൾ നമ്മുടെ ഉൾക്കണ്ണുകൾക്ക് വഴിതെറ്റുകയില്ല. അനീതി ചെയ്യുന്നവരുടെ വിവേകശൂന്യതയിൽ ദുഃഖിക്കുന്നതാണ് അവരെ വെറുക്കുന്നതിലും നല്ലത്. അവർ വെറുപ്പ് അർഹിക്കുന്നവരാണെങ്കിൽപ്പോലും ദൈവത്തെ സ്നേഹിക്കുന്ന ആത്മാവ് വെറുപ്പിനാൽ അസ്വസ്ഥരാകാൻ പാടില്ല. എന്തെന്നാൽ ആത്മാവിൽ വെറുപ്പുണ്ടാകുമ്പോൾ ആത്മീയജ്ഞാനം ദുർബ്ബലമാകുന്നു.

72. ദൈവവചനത്താൽ സന്തോഷഭരിതവും പ്രകാശിപ്പിക്കപ്പെട്ടതുമായ ആത്മാവിന്റെ ഉടമയായ ദൈവശാസ്ത്രജ്ഞൻ വിളവെടുപ്പിന്റെ സമയത്ത് യഥാസമയം നിർമമത നേടുന്നു; എന്തെന്നാൽ ഇങ്ങനെയാണ് എഴുതപ്പെട്ടിരിക്കുന്നത്: 'ദൈവവചനം പരിശുദ്ധമാണ്; മണ്ണിൽനിന്നു ഖനനം ചെയ്തെടുത്ത് തീയിൽ ഉരുക്കിയ വെള്ളിപോലെ' (സങ്കീ 12:6)യാണത്. ആത്മീയജ്ഞാനം സ്വന്തം അനുഭവ

www.malankaralibrary.com

ത്തിലൂടെ നേടിയ തത്ത്വജ്ഞാനി വികാരങ്ങളെ ജയിച്ചവനാണ്. ദൈവശാസ്ത്രകാരന് എളിമയിലൂടെ ആത്മീയജ്ഞാനം ആസ്വദിക്കാനാവും. എന്നാൽ തത്ത്വജ്ഞാനി, കുറ്റമറ്റ വിവേകം നേടിയെടുക്കുന്നെങ്കിൽ ദൈവശാസ്ത്രത്തിന്റെ അന്തസ്സത്തയായ ധ്യാനം സ്വായത്തമാക്കും. ഈ രണ്ടു ദാനങ്ങളും, അതായത് ദൈവശാസ്ത്രവും തത്ത്വജ്ഞാനവും, ഒരേസമയം അവയുടെ പരിപൂർണ്ണതയിൽ ഒരാളിൽ ഉണ്ടായിരിക്കുകയില്ല. എന്നാൽ ദൈവശാസ്ത്രജ്ഞന് തത്ത്വജ്ഞാനിയിലും, തത്ത്വജ്ഞാനി ദൈവശാസ്ത്രജ്ഞനിലും കാണുന്ന മഹത്തായ കാര്യങ്ങളെക്കുറിച്ച് അത്ഭുതപ്പെടുന്നു. അങ്ങനെ എളിമയും വിശുദ്ധിക്കുവേണ്ടിയുള്ള ആഗ്രഹവും ഇരുവരിലും വർദ്ധിച്ചുവരാൻ അത് കാരണമാകുന്നു. ഇക്കാരണത്താലാണ് അപ്പോസ്തോലൻ ഇങ്ങനെ പറയുന്നത്: 'ഒരേ ആത്മാവുതന്നെ ഒരാൾക്ക് വിവേകത്തിന്റെ വചനവും മറ്റൊരാൾക്ക് ആത്മീയജ്ഞാനത്തിന്റെ വചനവും നല്കുന്നു' (1 കൊരി 12:8).

73. സ്വസ്ഥമായിരിക്കുന്ന അവസ്ഥയിൽ ഒരാൾ, ഉയർന്ന സ്വരത്തിൽ സങ്കീർത്തനങ്ങളാലപിക്കാനും ഉറക്കെ പ്രാർത്ഥിക്കാനും ആഗ്രഹിക്കുന്നു. എന്നാൽ അയാൾക്ക് പരിശുദ്ധാത്മാവിന്റെ ഊർജ്ജം ലഭിക്കുന്നതോടെ പൂർണ്ണമായ സന്തോഷവും ശാന്തിയും നേടുകയും ഹൃദയത്തിൽ മാത്രം പ്രാർത്ഥിക്കുകയും ചെയ്യുന്നു. ആദ്യത്തെ അവസ്ഥ വെറുമൊരു വ്യാജസന്തോഷത്താലും രണ്ടാമത്തേത് ആത്മാവിന്റെ കണ്ണുനീരിനാലും സംഭവിക്കുന്നതാണ്. രണ്ടാമത്തേത് ഏകാഗ്രതയിലേക്കാണ് നയിക്കുന്നത്. ആത്മാവിന്റെ ശീലങ്ങൾ അടങ്ങിയതിനാൽ ദൈവസ്മരണ അതിനെ ഊർജ്ജസ്വലമാക്കുകയും കണ്ണുനീരും ശാന്തിയും നിറഞ്ഞ ചിന്തകൾ മാത്രം ഉണ്ടാകാൻ ഹൃദയത്തെ പ്രാപ്തമാക്കുകയും ചെയ്യുന്നു. ഇപ്രകാരം, സന്തോഷത്തോടെ വിളവു കൊയ്യാമെന്ന പ്രതീക്ഷയിൽ, കണ്ണീരോടെ പ്രാർത്ഥനയുടെ വിത്തുകൾ നാം ഹൃദയനിലത്തു വിതയ്ക്കുന്നു (സങ്കീ 126:5). എന്നാൽ കടുത്ത നിരാശയുണ്ടാകുമ്പോൾ, നമ്മെ പൊതിഞ്ഞുനിൽക്കുന്ന മൂടൽമഞ്ഞ് സ്തുതിഗീതത്തിന്റെ ചൂടിനാൽ ഉരുകിപ്പോകുന്നതുവരെ സന്തോഷപൂർണ്ണമായ പ്രത്യാശയോടെ ഉയർന്ന സ്വരത്തിൽ കുറെ സമയത്തേക്ക് സങ്കീർത്തനങ്ങളാലപിക്കണം.

74. സ്വയം തിരിച്ചറിഞ്ഞുകഴിയുമ്പോൾ ആത്മാവിൽ ദൈവത്തോടുള്ള സ്നേഹം നിറയുന്നു. ലൗകികതാല്പര്യങ്ങൾ ഈ

www.malankaralibrary.com

സ്നേഹത്തെ ബാധിക്കാത്തപക്ഷം സമാധാനത്തിനുവേണ്ടിയുള്ള ആഗ്രഹം ആത്മാവിൽ ജനിക്കുകയും സാധിക്കുന്നിടത്തോളം സമാധാനത്തിന്റെ ദൈവത്തെ അന്വേഷിക്കുകയും ചെയ്യുന്നു. എന്നാൽ ഇന്ദ്രിയങ്ങൾമൂലമോ പ്രകൃതത്തിന്റെ അടിസ്ഥാനപരമായ ന്യൂനതമൂലമോ ശ്രദ്ധ പാളിപ്പോയാൽ സമാധാനത്തിന്റെ ഈ അവസ്ഥ നമുക്ക് നഷ്ടമാകും. ഇക്കാരണത്താലാണ് ആത്മനിയന്ത്രണത്തിലൂടെ തങ്ങൾക്ക് നേടാനാകുമെന്ന് ഗ്രീക്ക് പണ്ഡിതന്മാർ കരുതിയ അനശ്വര മായ അറിവ് നേടാൻ അവർക്കു കഴിയാതെ പോയത്. എന്തെന്നാൽ, നിത്യജ്ഞാനം സത്യത്തിന്റെ പരിപൂർണ്ണതയിൽ അവരുടെ മനസ്സിൽ പ്രവർത്തിച്ചിരുന്നില്ല. എന്നാൽ പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയ ത്തിൽ നിറയ്ക്കുന്ന സ്നേഹം സമാധാനപൂർണ്ണവും നിലനിൽക്കു ന്നതുമാണ്; അത് ദൈവത്തിനുവേണ്ടിയുള്ള ആഗ്രഹം ആത്മാ വിലാകമാനം നിറയ്ക്കുന്നു; ഈ അഗ്നിയെ ആളിക്കത്തിക്കാൻ ഹൃദയത്തിനുപുറത്തുള്ള ഒന്നിന്റെയും ആവശ്യമില്ല, പ്രത്യുത ഹൃദയ ത്തിലൂടെ അത് അതിരറ്റ സ്നേഹത്താൽ മനുഷ്യനെ ആകമാനം ആഹ്ലാദഭരിതനാക്കുന്നു. അതിനാൽ ആദ്യം സൂചിപ്പിച്ച രീതിയിലുള്ള സ്നേഹം തിരിച്ചറിഞ്ഞുകൊണ്ട് രണ്ടാമത്തെ രീതിയിലുള്ള സ്നേഹം സ്വായത്തമാക്കാൻ നാം പരിശ്രമിക്കണം. നമ്മുടെ പ്രകൃതം ആത്മ നിയന്ത്രണത്തിലാണെന്ന് സ്വാഭാവികസ്നേഹം തെളിയിച്ചാൽ ത്തന്നെയും മനസ്സിനെ നിർമമതയിലേക്കു കൊണ്ടുവരാൻ ആത്മീയ സ്നേഹത്തിനുള്ള കഴിവ് സ്വാഭാവികസ്നേഹത്തിനില്ല.

75. വടക്കൻകാറ്റു വീശുമ്പോൾ നമുക്ക് ചുറ്റുമുള്ള വായു ശുദ്ധമാണ്. കാരണം ഈ കാറ്റിന്റെ പ്രകൃതം നേർമ്മയും തെളിമയുള്ള തുമാണ്. എന്നാൽ തെക്കൻകാറ്റു വീശുമ്പോഴാകട്ടെ, ചുറ്റുമുള്ള വായുവിൽ മൂടൽമഞ്ഞും പൊടിപടലങ്ങളും നിറയുന്നതിനാൽ അത് തെളിമയില്ലാത്തതായിത്തീരുന്നു. ഇതുപോലെതന്നെ പരിശുദ്ധാത്മാ വിൽനിന്നുമുള്ള പ്രചോദനത്താൽ ശക്തിപ്രാപിക്കുന്ന ആത്മാവ് പിശാചുക്കളുടെ മൂടൽമഞ്ഞിൽനിന്നു പൂർണ്ണമോചനം നേടുന്നു. എന്നാൽ അനീതിയുടെ കാറ്റ് ശക്തിയായി വീശുമ്പോൾ ആത്മാവിൽ പാപത്തിന്റെ മേഘം നിറയുന്നു. അതിനാൽ എല്ലായ്പ്പോഴും ജീവദായ കവും വിശുദ്ധവുമായ പരിശുദ്ധാത്മാവിന്റെ കാറ്റിന് അഭിമുഖമായി നിൽക്കുവാൻ നമ്മുടെ പൂർണ്ണശക്തിയോടും കൂടെ നാം ശ്രമിക്കണം.

www.malankaralibrary.com

എസക്കിയേൽ പ്രവാചകൻ ആത്മീയജ്ഞാനത്തിന്റെ വെളിച്ചത്തിൽ വടക്കുനിന്നു വരുന്നതായി കണ്ട കാറ്റാണിത് (എസെ 1:4). അപ്പോൾ ആത്മാവിന്റെ ചിന്താശേഷി എപ്പോഴും തെളിമയാർന്നതായിരിക്കും. അങ്ങനെ കലർപ്പില്ലാത്ത വിധത്തിൽ ദിവ്യമായ പ്രകാശത്താൽ ദൈവികയാഥാർത്ഥ്യങ്ങളെക്കുറിച്ചു ധ്യാനിക്കാനും പ്രകാശപൂരിതമായ അന്തരീക്ഷത്തിൽ നിലയുറപ്പിക്കാനും അതിനു സാധിക്കും. എന്തെന്നാൽ യഥാർത്ഥ അറിവിന്റെ പ്രകാശമാകുന്നു ഇത്.

76. ദൈവാനുഗ്രഹവും പാപവും -സത്യത്തിന്റെ ആത്മാവും തെറ്റായ ആത്മാവും- ജ്ഞാനസ്നാനം ചെയ്യപ്പെട്ടവന്റെ മനസ്സിൽ ഒരേസമയം ഒളിഞ്ഞിരിക്കുന്നുവെന്നാണ് പലരും വിശ്വസിക്കുന്നത്. ഇക്കാരണത്താൽ, ഈ രണ്ട് അരൂപികളിൽ ഒന്ന് നന്മയിലേക്കും മറ്റേത് തിന്മയിലേക്കും ആത്മാവിനെ നയിക്കുന്നു എന്നാണ് ഇക്കൂട്ടർ പറയുന്നത്. എന്നാൽ തിരുലിഖിതത്തിന്റെ വെളിച്ചത്തിലും എന്റെ മനസ്സിന്റെ ഉൾക്കാഴ്ചയിലും ഞാൻ മനസ്സിലാക്കിയിരിക്കുന്നത് മറ്റൊരുതരത്തിലാണ്. വി. ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനു മുമ്പ്, ആത്മാവിനെ നന്മയിലേക്ക് നയിക്കാൻ ദൈവകൃപ പുറത്തുനിന്നു ശ്രമിക്കുമ്പോൾ പിശാച് നമ്മുടെയുള്ളിൽ ഇരുന്നുകൊണ്ട് ദിവ്യമായതിനെ സമീപിക്കുന്നതിൽനിന്നും നമ്മുടെ മനസ്സിനെ തടയാൻ ശ്രമിക്കുകയായിരുന്നു. ജ്ഞാനസ്നാനത്തിലൂടെ നാം പുതുജന്മം പ്രാപിക്കുന്ന നിമിഷം മുതൽ പിശാച് പുറത്തും ദൈവകൃപ നമ്മുടെയുള്ളിലും വസിക്കുന്നു. അങ്ങനെ ജ്ഞാനസ്നാനത്തിനു മുമ്പ് തിന്മയാണ് നമ്മുടെ ആത്മാവിനെ ഭരിച്ചിരുന്നത്. എന്നാൽ, ജ്ഞാനസ്നാനത്തിനുശേഷം സത്യമാണ് ആത്മാവിനെ ഭരിക്കുന്നത്. എന്നിരുന്നാലും, സാത്താൻ മുമ്പത്തെക്കാളും കൂടുതൽ ആത്മാവിൽ പ്രവർത്തിക്കാൻ ശ്രമിക്കുന്നുണ്ട്. അവൻ കൃപയോടൊപ്പം നമ്മുടെ ആത്മാവിൽ ഉണ്ടെന്നല്ല ഇതിനർത്ഥം; മറിച്ച്, ശരീരത്തിലെ ദ്രവത്തിലൂടെ നിസ്സാരമായ സന്തോഷങ്ങളാൽ മനസ്സിനെ മറയ്ക്കുന്നുവെന്നാണ്. ഇപ്രകാരം ചെയ്യാൻ ദൈവം സാത്താനെ അനുവദിക്കുന്നു. എന്തെന്നാൽ പ്രലോഭനങ്ങളുടെ കൊടുങ്കാറ്റിലും തീയിലുംകൂടി നടന്നുകഴിയുമ്പോഴാണ് ദൈവത്തിന്റെ ദിവ്യമായ അനുഗ്രഹങ്ങളെ ആഹ്ലാദപൂർവ്വം അനുഭവിക്കാൻ മനുഷ്യന് കഴിയുന്നത്. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: 'ഞങ്ങൾ തീയിലും വെള്ളത്തിലും

www.malankaralibrary.com

കൂടി കടന്നുപോയി; ഇപ്പോഴിതാ ആത്മാവിന് ഉന്മേഷം ലഭിക്കുന്ന സ്ഥലത്തേക്ക് അങ്ങ് ഞങ്ങളെ കൊണ്ടുവന്നിരിക്കുന്നു' (സങ്കീ 66:12).

77. ജ്ഞാനസ്നാനം ചെയ്യപ്പെടുന്നതു മുതൽ മനസ്സിന്റെ ആഴങ്ങളിൽ ദൈവകൃപ ഒളിഞ്ഞിരിക്കുന്നു എന്ന് നാം സൂചിപ്പിച്ചുവല്ലോ. എന്നാൽ അതിന്റെ സാന്നിദ്ധ്യം മനസ്സിനുപോലും ഗോപ്യമാണ്. എന്നിരുന്നാലും ദൃഢനിശ്ചയത്തോടെ ആരെങ്കിലും ദൈവത്തെ സ്നേഹിക്കാൻ തുടങ്ങുമ്പോൾ, ഗോപ്യമായ രീതിയിൽ, മനസ്സിന്റെ ഗ്രഹണശേഷിക്കനുസൃതം, കൃപാവരം തന്റെ സമ്പന്നത ആത്മാവിനു വെളിപ്പെടുത്തും. ഈ കണ്ടുപിടിത്തത്തിൽ പുരോഗമിക്കാൻ അവൻ ആഗ്രഹിക്കുന്നുവെങ്കിൽ താൻ കണ്ടെത്തിയ ജീവന്റെ നിഗൂഢമായ നിധി സ്ഥിതിചെയ്യുന്ന സ്ഥലം കരസ്ഥമാക്കുവാൻവേണ്ടി (മത്താ 13:44) താൽക്കാലികവും ലൗകികവുമായ സർവ്വതും വിട്ടുപേക്ഷിക്കാൻ അവൻ സന്നദ്ധനാകും. ഇപ്രകാരം ലൗകികമായ സമ്പത്തിൽനിന്നും തന്നെത്തന്നെ വിടുവിക്കുന്നവൻ ദൈവകൃപ നിഗൂഢമായി സ്ഥിതി ചെയ്യുന്ന സ്ഥലം കണ്ടെത്തുകയാണ് ചെയ്യുന്നത്. ആത്മാവ് പുരോഗതി നേടുന്നതനുസരിച്ച് ദൈവാനുഗ്രഹം കൂടുതൽ കൂടുതൽ മനസ്സിനു വെളിപ്പെടുന്നു. എന്നാൽ ഈ പുരോഗതിയുടെ സമയമത്രയും പിശാചുക്കൾ ആത്മാവിനെ ശല്യപ്പെടുത്താൻ ദൈവം അനുവദിക്കുന്നുണ്ട്. നന്മയെയും തിന്മയെയും തമ്മിൽ വ്യക്തമായി തിരിച്ചറിയാനും പിശാചിൽനിന്നുളവായ ചിന്തകളെ, കുറച്ചു സമയത്തേക്കെങ്കിലും സ്വീകരിക്കാൻ തോന്നിയതിലുള്ള ലജ്ജയോടെ, അതിന്റെ ശുദ്ധീകരണവേളയിൽ കൂടുതൽ എളിമ പരിശീലിക്കാനും വേണ്ടിയാണിത്.

78. നമ്മുടെ ആത്മാവിന്റെ പ്രവർത്തനത്താലാണ് നാം ദൈവത്തിന്റെ ഛായയിൽ പങ്കുചേരുന്നത്. ശരീരം ആത്മാവിന്റെ ആവാസ കേന്ദ്രമാണല്ലോ. ആദാമിന്റെ പതനത്തോടെ, ആത്മാവിന്റെ മേൽ പതിച്ചിരുന്ന മുഖച്ഛായയുടെ രൂപം മലിനമാവുക മാത്രമല്ല നമ്മുടെ ശരീരവും നാശത്തിനു കാരണമായിത്തീരുന്നു. ഇക്കാരണത്താലാണ് ദൈവത്തിന്റെ പരിശുദ്ധ വചനം, ദൈവമായിരിക്കെ, മനുഷ്യ രൂപത്തിൽ വന്നതും തന്റെ ജ്ഞാനസ്നാനത്തിലൂടെ നാം പുതുജന്മം പ്രാപിക്കാൻവേണ്ടി നമ്മുടെമേൽ രക്ഷയുടെ ജലം തളിച്ചതും. ജീവദാതാവായ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ജലത്തി

www.malankaralibrary.com

ലൂടെയാണ് നാം നവജന്മമാർന്നത്. അതിനാൽ നാം നമ്മെത്തന്നെ പൂർണ്ണമായും ദൈവകരങ്ങളിൽ സമർപ്പിക്കുകയാണെങ്കിൽ, ഇപ്പോൾ നമ്മിൽ വസിച്ചുകൊണ്ട് പാപത്തെ ഇല്ലായ്മചെയ്യുന്ന പരിശുദ്ധാത്മാവിനാൽ, നമ്മുടെ ആത്മാവും ശരീരവും ഉടൻതന്നെ ശുദ്ധീകരിക്കപ്പെടും. നമ്മുടെ ആത്മാവിൽ പതിഞ്ഞിരിക്കുന്ന രൂപം ഏകവും ലളിതവുമായതിനാൽ, ചിലർ വിചാരിക്കുന്നതുപോലെ ഒരു കാരണവശാലും രണ്ടു വ്യത്യസ്ത ശക്തികൾക്ക് നമ്മുടെ ആത്മാവിൽ ഒരുമിച്ചു വാഴുവാൻ സാധിക്കുകയില്ല. പരിശുദ്ധമായ ജ്ഞാനസ്നാനത്തിലൂടെ ദൈവകൃപ തന്റെ അനന്തമായ സ്നേഹത്താൽ ദൈവീകരായ നമ്മിൽ പതിപ്പിക്കുമ്പോൾ -ദിവ്യമായ സാദൃശ്യം സ്വായത്തമാക്കാനുള്ള ആത്മാവിന്റെ കഴിവിനെ അത് നവീകരിക്കുന്നു- പിശാചിന് അവിടെ എന്തുസ്ഥാനമാണുള്ളത്? എന്തെന്നാൽ, പ്രകാശത്തിന് അന്ധകാരവുമായി യാതൊരു ബന്ധവുമില്ലല്ലോ (2 കൊരി 6:14). ആത്മീയജീവിതം നയിക്കുന്നവരായ നാം വിശ്വസിക്കുന്നത്, ജ്ഞാനസ്നാനജലം നമ്മുടെമേൽ പതിയുന്നതോടെ, മനസ്സിന്റെ ശ്രീകോവിലിൽനിന്നും ചപലനായ പാമ്പ് ഒഴിഞ്ഞുപോകുന്നുവെന്നാണ്. എന്നാൽ ജ്ഞാനസ്നാനത്തിനുശേഷവും സദ്ചിന്തകളോടൊപ്പം ദുഷ്ചിന്തകളും ഉണ്ടാകുന്നെങ്കിൽ നാം അതിശയിക്കേണ്ടതില്ല. ജ്ഞാനസ്നാനത്തോടെ നമ്മിലെ പാപം കഴുകിക്കളയപ്പെടുന്നുവെങ്കിലും നമ്മുടെ ഇച്ഛാശക്തിയുടെ ഇരട്ടസ്വഭാവത്തെ തൽക്ഷണം സുഖപ്പെടുത്തുകയോ, നമ്മെ ആക്രമിക്കുകയും നമ്മോട് വഞ്ചനാപരമായ വാക്കുകൾ പറയുകയും ചെയ്യുന്ന പിശാചുക്കളെ തടയുകയോ ചെയ്യുന്നില്ല. കാരണം, ഇത്തരത്തിലാണ്, നീതിയുടെ ആയുധം എടുക്കാനും, മുമ്പ് നമ്മുടെ ആത്മാക്കളുടെ മാത്രം പ്രയത്നത്താൽ നമുക്ക് കാത്തുസൂക്ഷിക്കാൻ സാധിക്കാതിരുന്നത് ഇപ്പോൾ ദൈവീകശക്തിയാൽ കാത്തുസൂക്ഷിക്കാനും അതു നമ്മെ പ്രാപ്തരാക്കിത്തീർക്കുന്നത്.

79. പരിശുദ്ധമായ ജ്ഞാനസ്നാനത്തിലൂടെ പിശാച് ആത്മാവിൽ നിന്ന് ആട്ടിയോടിക്കപ്പെട്ടുവെങ്കിലും മുമ്പ് പ്രസ്താവിച്ച കാരണങ്ങളാൽ, ശരീരത്തിന്മേൽ അവന്റെ പ്രവർത്തനങ്ങൾ തുടരുന്നു. എന്നാൽ ദൈവകൃപ ആത്മാവിന്റെ അഗാധതയിൽ -ബുദ്ധിയിൽ- തന്നെയാണ് വസിക്കുന്നത്. 'രാജപുത്രിയുടെ മഹത്ത്വമത്രയും

www.malankaralibrary.com

ഉള്ളിലാണ്' (സങ്കീ 45:13) എന്നാണ് എഴുതപ്പെട്ടിരിക്കുന്നത്. അത് പിശാചുക്കൾക്ക് ദൃശ്യമല്ലതാനും. അതിനാൽ ദൈവത്തെ തീവ്രമായി സ്മരിക്കുമ്പോൾ നമ്മുടെ ഹൃദയത്തിന്റെ ആഴത്തിൽനിന്നു ദൈവികമായ ആഗ്രഹമുണ്ടാകുന്നു. പിശാചുക്കളാകട്ടെ, ഇന്ദ്രിയങ്ങളിൽ പതിയിരുന്ന് ആത്മാവിൽ അപക്വമായവരെ ശരീരത്തിന്റെ സമ്മതഭാവത്തിലൂടെ ആക്രമിക്കുന്നു. അപ്പോസ്തോലന്റെ അഭിപ്രായത്തിൽ പരിശുദ്ധാത്മാവിന്റെ നിയമങ്ങളാണ് മനസ്സിനെ എല്ലായ്പ്പോഴും സന്തോഷിപ്പിക്കുന്നത് (റോമ 7:22). എന്നാൽ ശാരീരിക അവയവങ്ങളാകട്ടെ, വഞ്ചനാപരങ്ങളായ വിഷയസുഖങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നു. ആത്മീയജ്ഞാനത്തിൽ പുരോഗമിച്ചവരുടെ ശരീരങ്ങൾക്ക്, അവരുടെ മനസ്സിന്റെ ചിന്താധാരയിലൂടെ ദൈവകൃപ അവാച്യമായ ആനന്ദം നല്കുന്നു. എന്നാൽ ആത്മീയപാതയിൽ തളർച്ചയുള്ളതായി കാണപ്പെടുന്ന ആത്മാവിനെ പിശാച് ഇന്ദ്രിയങ്ങളിലൂടെ ആക്രമിക്കുന്നു. ആത്മാവ് ആഗ്രഹിക്കാത്തതു ചെയ്യാൻ അതിനെ പ്രേരിപ്പിക്കുന്ന പിശാചുക്കൾ യഥാർത്ഥത്തിൽ കൊലപാതകികളാണ്.

80. ചില ആളുകൾ പറയുന്നത് കൃപാവരത്തിന്റെ ശക്തിയും പാപത്തിന്റെ ശക്തിയും ഒരേസമയം വിശ്വാസികളുടെ ഹൃദയങ്ങളിൽ ഉണ്ടെന്നാണ്. തങ്ങളുടെ വാദത്തെ ന്യായീകരിക്കുന്നതിനായി അവർ സുവിശേഷത്തിലെ ഈ വാക്കുകൾ ഉപയോഗിക്കുകയും ചെയ്യുന്നു. 'വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല' (യോഹ 1:5). ദൈവികമായ പ്രകാശത്തിന് പിശാചിന്റെ സാമീപ്യംകൊണ്ട് ദോഷം സംഭവിക്കുന്നില്ലെന്നും, ആത്മാവിൽ ദൈവികപ്രകാശവും പിശാചിന്റെ ഇരുട്ടും ഒരേസമയം നിലനിൽക്കുമെന്നുമാണ് അവർ വാദിക്കുന്നത്. എന്നാൽ വിശുദ്ധവചനത്തിന്റെ അർത്ഥത്തിൽനിന്നും അവർ വ്യതിചലിച്ചുപോയി എന്ന് സുവിശേഷവചനം നമുക്കു കാണിച്ചുതരുന്നുണ്ട്. യോഹന്നാൻ എന്ന ദൈവശാസ്ത്രജ്ഞൻ പറയുന്നത്, ദൈവികപ്രകാശം മനുഷ്യരൂപത്തിലെത്തി യഥാർത്ഥ പ്രകാശത്തെ സൃഷ്ടിക്കു വെളിപ്പെടുത്തുകയും വലിയ അനുകമ്പയോടെ അവിടുത്തെ വിശുദ്ധ ജ്ഞാനത്തിന്റെ പ്രകാശം നമ്മുടെയുള്ളിൽ തെളിക്കുകയും ചെയ്തു എന്നാണ്. എന്നാൽ ഈ ലോകത്തിന്റെ മനോഭാവം ഉള്ളവർക്കു 'ശരീരത്തിന്റെ

www.malankaralibrary.com

ഹിതം ദൈവഹിതത്തിനു വിരുദ്ധമായതിനാൽ' (റോമ 8:7) ദൈവ ഹിതം മനസ്സിലാക്കാൻ സാധിച്ചില്ല. യോഹന്നാൻ തുടർന്ന് ഇങ്ങനെ പറയുന്നു: 'ഈ ലോകത്തിലേക്കു വന്നവരെയെല്ലാം പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചമായിരുന്നു അവിടുന്ന്'. മനുഷ്യർക്കു മുഴുവൻ അവൻ വഴികാട്ടുന്നുവെന്നും നിത്യജീവൻ നൽകുന്നുവെന്നുമാണ് ഇതിന് അർത്ഥം. 'അവൻ ലോകത്തിലായിരുന്നു, അവനിലൂടെ ഉണ്ടായതാണ് ലോകം; എന്നാൽ ലോകം അവനെ അറിഞ്ഞില്ല. അവൻ തന്റെ ജനത്തിന്റെ അടുക്കലേക്കു വന്നു. എന്നാൽ അവർ അവനെ സ്വീകരിച്ചില്ല. അവനെ സ്വീകരിച്ചവർക്കെല്ലാം, അവന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവപുത്രന്മാരായി ത്തീരാനുള്ള ശക്തി അവൻ നൽകുകയും ചെയ്തു (യോഹ 1:9-12). പൗലോസും ഇതിനെക്കുറിച്ച് പറയുന്നുണ്ട്: 'ഇത് എനിക്ക് കിട്ടി ക്കഴിഞ്ഞെന്നോ, ഞാൻ പരിപൂർണ്ണനായെന്നോ അർത്ഥമില്ല. ഇതു സ്വന്തമാക്കാൻവേണ്ടി ഞാൻ തീവ്രമായി പരിശ്രമിക്കുകയാണ്; യേശു ക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു' (ഫിലി 3:12). അതിനാൽ, സാത്താനാണ് യഥാർത്ഥ പ്രകാശം സ്വീകരിക്കാതിരുന്നതെന്നല്ല സുവിശേഷകൻ പറയുന്നത്. ആരംഭം മുതലേ അവന് പ്രകാശം അന്യമാണ്, കാരണം അത് അവനിൽ പ്രകാശിക്കുന്നില്ല. ദൈവ പുത്രന്റെ ശക്തിയെക്കുറിച്ചും അത്ഭുതങ്ങളെക്കുറിച്ചും കേട്ടിട്ടും തങ്ങളുടെ ഹൃദയത്തിലെ അന്ധകാരം നിമിത്തം ആത്മീയജ്ഞാന ത്തിന്റെ പ്രകാശത്തെ സമീപിക്കാത്തവരെയാണ് സുവിശേഷകൻ കഠിനമായി ശാസിക്കുന്നത്.

81. ആത്മീയജ്ഞാനം നമ്മെ പഠിപ്പിക്കുന്നത് രണ്ടുതരത്തിലുള്ള തിന്മയുടെ ശക്തികളുണ്ടെന്നാണ്. ചിലത് കൂടുതൽ ദുർഗ്രാഹ്യവും മറ്റു ചിലത് ഭൗതികവുമാണ്. ഭൗതികമായ തിന്മ വിഷയസുഖങ്ങളുടെ പ്രലോഭനത്തിലൂടെ ശരീരത്തെ കീഴ്പ്പെടുത്തുമ്പോൾ, കൂടുതൽ ദുർഗ്രാഹ്യമായ ശക്തി ആത്മാവിനെയാണ് ആക്രമിക്കുന്നത്. രണ്ടു കൂട്ടർക്കും മനുഷ്യരെ ആക്രമിക്കാനുള്ള കഴിവ് തുല്യമാണെങ്കിലും രണ്ടും തമ്മിൽ മുഴുവനായും വ്യത്യാസമുണ്ട്. ഒരുവന്റെയുള്ളിൽ ദൈവകൃപ ഇല്ലാത്തപ്പോൾ തിന്മ വിഷപ്പാമ്പുകളെപ്പോലെ അവന്റെയുള്ളിൽ ഒളിഞ്ഞിരുന്ന് ദൈവത്തിനുവേണ്ടിയുള്ള തീവ്രമായ ആഗ്രഹത്തിൽനിന്നും ആത്മാവിനെ പിന്മാറ്റുന്നു. ദൈവകൃപ

www.malankaralibrary.com

മനസ്സിൽ ഒളിഞ്ഞിരിക്കുമ്പോഴാകട്ടെ, ഹൃദയത്തിന്റെ പല ഭാഗ ങ്ങളിലായി കാർമേഘങ്ങളെപ്പോലെ രൂപം മാറി അവ പാപകരമായ ആഗ്രഹങ്ങളും പകൽക്കിനാവുകളും ഉപയോഗിച്ച് മനസ്സിനെ ദൈവ സ്മരണയിൽനിന്നും ദൈവകൃപയിൽനിന്നും അകറ്റാൻ ശ്രമിക്കുന്നു. എല്ലാ വികാരങ്ങളുടെയും മാതാവായ ആത്മപ്രശംസയെ പിശാ ചുക്കൾ ആളിക്കത്തിക്കുമ്പോൾ നാം അതിൽ മതിമറക്കുന്നു. പിന്നീട് ശരീരം എത്രപെട്ടെന്ന് ഇല്ലാതാകുന്നുവെന്ന് ആലോചിക്കുമ്പോഴാണ് നമുക്ക് അതേക്കുറിച്ച് ലജ്ജ തോന്നുന്നത്. നമ്മുടെ ലജ്ജാവൃതമായ ആഗ്രഹങ്ങളെ നമ്മുടെ ഹൃദയം കാണുമ്പോൾ, നമ്മുടെ ശരീരത്തെ സാത്താൻ ആക്രമിക്കുമ്പോൾ, നാം നമ്മുടെ മരണത്തെപ്പറ്റി ആലോ ചിക്കേണ്ടതുണ്ട്. മരണത്തെക്കുറിച്ചുള്ള ഓർമ്മ മാത്രമാണ് അശുദ്ധാ ത്മാവിന്റെ നാനാതരത്തിലുള്ള സ്വാധീനം ഇല്ലാതാക്കി നമ്മെ ദൈവ സ്മരണയിലേക്ക് നയിക്കുന്നത്. എന്നിരുന്നാലും, ആത്മാവിനെ ആക്രമിക്കുന്ന പിശാചുക്കൾ, മനുഷ്യപ്രകൃതം നശ്വരമാണെന്നതി നാൽത്തന്നെ അതിന് യാതൊരു വിലയും ഇല്ല എന്ന ഉത്ക്കടമായ ചിന്ത നമ്മിൽ ഉളവാക്കുകയാണെങ്കിൽ -മരണത്തെക്കുറിച്ചുള്ള ചിന്തയിലൂടെ നാം അവയെ ആക്രമിക്കുമ്പോൾ, നമ്മോട് ഇപ്രകാരം ചെയ്യാനാണ് അവ ഇഷ്ടപ്പെടുന്നത്- തിക്തവും ഭയാനകവുമായ വിധിയുടെ കാഴ്ചപ്പാട് നഷ്ടപ്പെടുത്താതെ, സ്വർഗ്ഗരാജ്യത്തിൽ നമുക്കു ലഭിക്കുവാനിരിക്കുന്ന ബഹുമാനവും മഹത്ത്വവും നാം ഓർക്കണം. ഇപ്രകാരം നൈരാശ്യത്തിൽനിന്നും ഹൃദയത്തിന്റെ ചാപല്യത്തിൽ നിന്നും വിമോചിതരാകാൻ നമുക്കു സാധിക്കും.

82. സുവിശേഷത്തിൽ കർത്താവ് നമ്മെ പഠിപ്പിക്കുന്നത്, സാത്താൻ തിരിച്ചുവരുമ്പോൾ അവൻ വിട്ടുപോയ ഭവനം അടിച്ചു വാരി ശൂന്യമാക്കിയിട്ടിരിക്കുന്നതു കാണുമ്പോൾ -അതായത് ഫല ശൂന്യമായി കാണുമ്പോൾ- മറ്റ് ഏഴ് ആത്മാക്കളെകൂടി കൂട്ടിക്കൊണ്ടു വന്ന് അതിൽ പ്രവേശിച്ച് അവിടെ മറഞ്ഞിരിക്കുകയും അതിന്റെ അവസ്ഥ ആദ്യത്തേതിനെക്കാൾ ശോചനീയമാക്കുകയുംചെയ്യും (മത്താ 12:44,45) എന്നാണ്. ഇതിന് അർത്ഥം പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ വസിക്കുന്നിടത്തോളം കാലം സാത്താന് ആത്മാവിന്റെ ആഴങ്ങളിലേക്ക് പ്രവേശിച്ച് അവിടെ വസിക്കാനാവില്ലെന്നാണ്. പൗലോസ് പറയുന്നതും ഇതേ ആത്മീയ പ്രബോധനത്തെക്കുറിച്ചു

www.malankaralibrary.com

തന്നെയാണ്. സന്ന്യാസസമരത്തിൽ ഏർപ്പെട്ടു നിൽക്കുന്നവരുടെ കാഴ്ചപ്പാടിൽനിന്നുകൊണ്ട് അദ്ദേഹം ഇങ്ങനെ പറയുന്നു: 'എന്റെ അന്തരംഗത്തിൽ ഞാൻ ദൈവത്തിന്റെ നിയമമോർത്ത് ആഹ്ലാദിക്കുന്നു, എന്റെ അവയവങ്ങളിലാകട്ടെ, എന്റെ മനസ്സിന്റെ നിയമത്തോടു പോരാടുന്ന വേറൊരു നിയമം ഞാൻ കാണുന്നു' (റോമ 7:22,23). എന്നാൽ പൂർണ്ണത നേടിയവരുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് അദ്ദേഹം പറയുന്നത് ഇങ്ങനെയാണ്: 'ആകയാൽ, ഇപ്പോൾ യേശുക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നവർക്ക് ശിക്ഷാവിധിയില്ല. കാരണം അവർ ശരീരത്തിനനുസൃതമല്ല, മറിച്ച് ആത്മാവിനനുസൃതമാണ് ചരിക്കുന്നത്. എന്തെന്നാൽ, യേശുക്രിസ്തുവിലുള്ള ജീവാത്മാവിന്റെ നിയമം എന്നെ പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽനിന്നു സ്വതന്ത്രനാക്കിയിരിക്കുന്നു' (റോമ 8:1,2) എന്നാണ്. പരിശുദ്ധാത്മാവിൽ ഭാഗഭാക്കാകുന്ന ആത്മാവിനെ ആക്രമിക്കാൻ ഒരുങ്ങുന്ന പിശാച് നമ്മിൽ കടന്നുകൂടുന്നത് ശരീരത്തിലൂടെയാണ് എന്നു വ്യക്തമാക്കുന്നതിനായി അദ്ദേഹം ഇങ്ങനെ പറയുന്നു: 'അതിനാൽ, സത്യംകൊണ്ട് അരമുറുക്കി, നീതിയുടെ കവചം ധരിച്ച് നിങ്ങൾ ഉറച്ചു നില്ക്കുവിൻ. സമാധാനത്തിന്റെ സുവിശേഷത്തിനുള്ള ഒരുക്കമാകുന്ന പാദരക്ഷകൾ ധരിക്കുവിൻ. സർവ്വോപരി, ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തുന്നതിന് നിങ്ങളെ ശക്തരാക്കുന്ന വിശ്വാസത്തിന്റെ പരിച എടുക്കുവിൻ. രക്ഷയുടെ പടത്തൊപ്പി അണിയുകയും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുകയും ചെയ്യുവിൻ' (എഫേ 6:14-17).

അടിമത്തവും പോരാട്ടവും രണ്ടും രണ്ടാണ്. അടിമത്തം അക്രമാസക്തമായ കീഴ്പ്പെടുത്തലും പോരാട്ടം തുല്യശക്തികൾ തമ്മിലുള്ള മത്സരവുമാണ്. ക്രിസ്തുവിനെ ആത്മാവിൽ സൂക്ഷിക്കുന്നവർക്കു നേരെ സാത്താൻ തീയമ്പുകൾ അയയ്ക്കുന്നുവെന്ന് അപ്പോസ്തോലൻ പറയുന്നതിന്റെ കാരണവും ഇതുതന്നെയാണ്. എതിരാളി അകലെയായിരിക്കുമ്പോഴാണ് അയാൾക്ക് നേരെ അമ്പ് അയയ്ക്കാൻ കഴിയുന്നത്. ദൈവകാരുണ്യം നേടിയവരുടെ ഉള്ളിൽ പ്രവേശിക്കാൻ കഴിയാതെ അവരുടെ ശരീരത്തിൽ ഒളിച്ചിരുന്നുകൊണ്ട് അതിന്റെ ചായ്‌വുകളെ മനസ്സിലാക്കി അവയെ ചൂഷണം ചെയ്ത് മനച്ചായ്‌വ് ഉണ്ടാക്കി ആത്മാവിനെ പിഴപ്പിക്കാനാണ് സാത്താൻ അമ്പ് അയയ്ക്കു

www.malankaralibrary.com

ന്നത്. അതിനാൽ ശരീരത്തിന്റെ സുഖങ്ങളിൽ ആത്മാവ് ഭ്രമിക്കാതിരിക്കുന്നതിനുവേണ്ടി നാം ശരീരത്തെ ക്ഷീണിപ്പിക്കേണ്ടതുണ്ട്. ആത്മീയജീവിതം തിരഞ്ഞെടുത്തവരുടെ ബുദ്ധി ദൈവികപ്രകാശം നിറഞ്ഞതാണെന്നും ദൈവനിയമത്തിൽ അവ സന്തോഷിക്കുന്നുണ്ടെന്നും അതിൽ ആനന്ദിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നുണ്ടെന്നും അപ്പോസ്തോലൻ പറയുന്നത് നമുക്ക് വിശ്വസിക്കാം (റോമ 7:22). എന്നാൽ ശരീരമാകട്ടെ, അതിന്റെ വാസനകളാൽ തിന്മയുടെ ശക്തികൾക്ക് പ്രവേശനം നൽകുകയും അവയുടെ ദുഷ്ടതയെ സേവിച്ചുകൊണ്ട് ദുർമാർഗ്ഗത്തിൽ അകപ്പെടുകയും ചെയ്യുന്നു.

ഒരേസമയം, ദൈവത്തിന്റെയും പിശാചിന്റെയും വാസസ്ഥലമായിരിക്കാൻ മനസ്സിനു കഴിയില്ല എന്നതിന്റെ തെളിവാണ് മേല്പ്പറഞ്ഞവയെല്ലാം. ശരീരം വിഷയസുഖങ്ങളിലേക്ക് ആകർഷിക്കപ്പെട്ടാലും മനസ്സ്, ദൈവകൃപയ്ക്ക് സന്തോഷപൂർവ്വം കീഴ്വഴങ്ങി പിശാചുക്കളോട് സ്വതന്ത്രമായി പോരാടുന്നില്ലെങ്കിൽ 'ഞാൻ എന്റെ മനസ്സുകൊണ്ടു ദൈവത്തിന്റെ നിയമത്തെ സേവിക്കുന്നു; എന്റെ ശരീരംകൊണ്ടു പാപത്തിന്റെ നിയമത്തെയും' (റോമ 9:25) എന്നു പറയുവാൻ വി. പൗലോസിന് എങ്ങനെയാണ് സാധിച്ചത്? ആത്മീയ പാതയിൽ ചരിക്കുന്നവരുടെ ശരീരത്തിൽ വഞ്ചനയുടെ ദുഷ്ടാരൂപികൾ പതുങ്ങിയിരിക്കുന്നതുകൊണ്ടാണ് അദ്ദേഹത്തിന് ഇങ്ങനെ പറയുവാൻ സാധിച്ചത്; 'എന്റെ ശരീരത്തിൽ നന്മ വസിക്കുന്നില്ലെന്നു ഞാനറിയുന്നു' (റോമ 7:18) എന്നാണ് പാപത്തോട് പൊരുതുന്നവരെക്കുറിച്ച് അപ്പോസ്തോലൻ പറഞ്ഞത്. ഇവിടെ അദ്ദേഹം വ്യക്തിപരമായ ഒരഭിപ്രായമല്ല പറയുന്നന്നത്. ശരീരത്തെ സുഖങ്ങളിലേക്ക് വലിച്ചിഴച്ചുകൊണ്ടാണ് പിശാചുക്കൾ മനസ്സിനെ ആക്രമിക്കുന്നത്. പാപത്തിനെതിരെ തീക്ഷ്ണമായി പോരാടുന്നവരുടെ ശരീരത്തിൽ പോലും വസിക്കുന്നതിനായി പിശാചിന് അനുവാദം നൽകപ്പെടുന്നതിൽ ഒരു സദുദ്ദേശ്യവുമുണ്ട്; എന്തെന്നാൽ ഇപ്രകാരം മനുഷ്യന്റെ സ്വതന്ത്രമായ ഇച്ഛയെ ദൈവം പരീക്ഷണവിധേയമാക്കുന്നു. ജീവിച്ചിരിക്കുമ്പോൾത്തന്നെ തന്റെ ക്ലേശങ്ങളിലൂടെ തനിക്കുതന്നെ മരിക്കുന്ന മനുഷ്യൻ പൂർണ്ണമായും പരിശുദ്ധാത്മാവിന്റെ ആലയമായിത്തീരുന്നു. ഇത്തരത്തിലുള്ള ഒരു മനുഷ്യൻ, മരിക്കുന്നതിനു മുമ്പേ മരണത്തിൽ

www.malankaralibrary.com

നിന്നും ഉയിർത്തെഴുന്നേറ്റവനാണ്. അനുഗൃഹീത അപ്പസ്തോലനായ പൗലോസിന്റെയും, പാപത്തിനെതിരെ പോരാടിയിട്ടുള്ള മറ്റെല്ലാവരുടെയും കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചത്.

83. ഹൃദയം, നല്ലതും ചീത്തയുമായ ചിന്തകളെ ഉല്പാദിപ്പിക്കുന്നുണ്ട് (ലൂക്കോ 6:45) എന്നതു സത്യമാണ്. ഇതിന് അർത്ഥം ദുഷ്ചിന്തകളെ ഉല്പാദിപ്പിക്കാനുള്ള ഹൃദയത്തിന്റെ കഴിവ് സ്വാഭാവികമാണെന്നല്ല; മറിച്ച്, ആദ്യവഞ്ചനയുടെ ഫലമായി തിന്മയുടെ അനുസ്മരണം ഒരു ശീലമായിത്തീർന്നു എന്നാണ്. പിശാചുക്കളുടെ ആക്രമണത്താലാണ് ഹൃദയത്തിൽ ചീത്ത ചിന്തകളുണ്ടാകുന്നത്. അതിനാൽ, ഹൃദയത്തിൽനിന്നുമാണ് പാപചിന്തകൾ ഉണ്ടാകുന്നതെന്ന് തോന്നിപ്പോകും. ഇക്കാരണത്താലാണ് ചിലയാളുകൾ, പാപവും ദൈവകൃപയും ഒരേസമയം നമ്മുടെ മനസ്സിൽ വസിക്കുന്നുണ്ടെന്നു പറയുന്നത്. 'വായിലൂടെ പുറത്തേക്ക് വരുന്നവ ഹൃദയത്തിൽ നിന്നു പുറപ്പെടുന്നവയാണ്; അവ മനുഷ്യനെ ദുഷിപ്പിക്കുന്നു. എന്തെന്നാൽ ദുഷിച്ച ചിന്തകൾ, വ്യഭിചാരം തുടങ്ങിയവ ഹൃദയത്തിൽനിന്നു പുറപ്പെടുന്നവയാണ് (മത്താ 15:18,19) എന്ന ക്രിസ്തുവചനത്തെ തങ്ങളുടെ വാദത്തിന്റെ തെളിവായി അവർ ചൂണ്ടിക്കാട്ടുന്നു. എന്നാൽ തികഞ്ഞ പ്രതികരണശേഷിയുള്ള മനസ്സ് പിശാചിന്റെ പ്രേരണയാൽ, ശരീരത്തിൽ രൂപംകൊണ്ട് ഉള്ളിലേക്ക് എത്തുന്ന ചിന്തകളെ തന്റേതാക്കി മാറ്റുന്നുണ്ടെന്ന് അവർക്കറിയില്ല. ശരീരവും ആത്മാവും തമ്മിലുള്ള സംയോഗത്തിന്റെ ഫലമായി ശരീരത്തിന്റെ താല്പര്യങ്ങൾ ആത്മാവിനെ ദുർബ്ബലമാക്കുന്നുവെന്ന് നാം മനസ്സിലാക്കുന്നില്ല. വഞ്ചനയാൽ പുകഴ്ത്തപ്പെടുന്നതിൽ ശരീരം അതിയായി ആനന്ദിക്കുന്നു. ഇക്കാരണത്താലാണ് പിശാചുക്കളാൽ ആത്മാവിൽ വിതയ്ക്കപ്പെട്ട ചിന്തകൾ ഹൃദയത്തിൽനിന്നും വരുന്നവയാണെന്നു തോന്നുന്നത്. നാം അവയ്ക്ക് സമ്മതം നല്കുമ്പോൾ അവ നമ്മുടേതായിത്തീരുന്നു. ഇതാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വചനത്തിലൂടെ കർത്താവ് ഉദ്ദേശിക്കുന്നത്. അവിടുത്തെ വചനംതന്നെയും അതിനു തെളിവാണ്. പിശാചിന്റെ കൗശലത്താൽ മനസ്സിൽ ഉരുവാകുന്ന ചിന്തകൾക്ക് സമ്മതം നല്കി അവയെ ഹൃദയത്തിൽ പതിപ്പിക്കുന്നവൻ, തന്റെ മാനസികപ്രവർത്തനത്തിന്റെ ഫലമായി അവയെത്തന്നെയല്ലേ പുറത്തേക്കു വിടുന്നത്?

www.malankaralibrary.com

84. ശക്തനായ ഒരു മനുഷ്യനെ, അവനെക്കാൾ ശക്തനായ ഒരുവൻ, ആദ്യം നിരായുധനാക്കി ബന്ധിക്കാതെ, ഭവനത്തിൽനിന്നും പുറത്താക്കാൻ കഴിയുകയില്ലെന്ന് കർത്താവ് സുവിശേഷത്തിൽ പറഞ്ഞിട്ടുണ്ട് (മത്താ 12:29). എന്നാൽ ഇത്ര ലജ്ജാകരമായ വിധത്തിൽ വലിച്ചെറിയപ്പെട്ട അതിക്രമിക്ക് വീണ്ടും തിരിച്ചെത്തി തന്റെ സ്വന്തം ഭവനത്തിൽ ഇപ്പോൾ സ്വതന്ത്രമായി ജീവിക്കുന്ന യഥാർത്ഥ ഗുരുവിനോടൊപ്പം അവിടെ കഴിയാൻ സാധിക്കുമോ? തന്റെ സിംഹാസനത്തിലേക്ക് നുഴഞ്ഞുകയറാൻ ശ്രമിച്ച ധിക്കാരിയായ ഒരുവനെ ആട്ടിപ്പായിച്ചതിനുശേഷം വീണ്ടും തന്നോടൊപ്പം കൊട്ടാരം പങ്കിടാൻ ഒരു രാജാവ് അവനെ സ്വപ്നത്തിൽപോലും അനുവദിക്കുകയില്ല. നേരെമറിച്ച്, അവനെ ഉടൻതന്നെ ബന്ധനസ്ഥനാക്കി ദീർഘകാലത്തെ പീഡനത്തിനും ദയനീയമായ മരണത്തിനുമായി പടയാളികൾക്ക് ഏല്പിച്ചുകൊടുക്കും.

85. നമ്മുടെയുള്ളിൽ നല്ലതും ചീത്തയുമായ ചിന്തകൾ ഒരേ സമയം നിലനിൽക്കുന്നതിനു കാരണം ചിലർ വിചാരിക്കുന്നതുപോലെ പരിശുദ്ധാത്മാവും പിശാചും ഒന്നിച്ച് മനസ്സിൽ വസിക്കുന്നതുകൊണ്ടല്ല, മറിച്ച്, ദൈവത്തിന്റെ നന്മ പൂർണ്ണമായി അനുഭവിക്കാൻ നമുക്ക് കഴിയാത്തതിനാലാണ്. ഞാൻ ആദ്യം പറഞ്ഞതുപോലെ, ദൈവകാരുണ്യം ജ്ഞാനസ്നാനം ചെയ്യപ്പെട്ട ഒരുവനിൽ തീർച്ചയായും ഒളിഞ്ഞിരിക്കുന്നു -ആത്മാവിന്റെ താല്പര്യം എന്തിലേക്കാണെന്ന് അറിയുന്നതിനുവേണ്ടിയാണ് ഇത്. എന്നാൽ അയാൾ പൂർണ്ണമായും ദൈവത്തിലേക്ക് തിരിഞ്ഞു കഴിയുമ്പോൾ ദൈവകാരുണ്യം ഒരിക്കൽകൂടി ആത്മാവിന്റെ ഗതിയെ നിരീക്ഷിച്ചുകൊണ്ട് അയാളുടെ ഹൃദയത്തിൽ വെളിപ്പെടുകയും വാക്കുകൾക്ക് അതീതമായ വികാരമായി അനുഭവപ്പെടുകയും ചെയ്യുന്നു; അതേസമയം, പിശാചിന്റെ അമ്പുകൾ ആത്മാവിന്റെ ഏറ്റവും ഉള്ളറയുടെ സംവേദനക്ഷമതയുള്ള ഭാഗത്തെ മുറിവേല്പിക്കാനനുവദിക്കുകയും അങ്ങനെ കൂടുതൽ ഉറച്ച തീരുമാനത്തോടെയും എളിമയോടെയും ദൈവത്തെ തിരയാൻ ആത്മാവിനെ പരിശീലിപ്പിക്കുകയുമാണ് അതിന്റെ ലക്ഷ്യം. ദൈവകല്പനകൾ അനുസരിക്കുകയും കർത്താവായ യേശുക്രിസ്തുവിനെ നിരന്തരം വിളിക്കുകയും ചെയ്യുന്ന ഒരുവന്റെ ഉള്ളിൽ ദൈവകൃപയുടെ അഗ്നി പടർന്നുപിടിക്കുന്നു. അത്,

www.malankaralibrary.com

ആന്തരികാവയവങ്ങളിലേക്കുകൂടി വ്യാപിച്ച് ആത്മാവിന്റെ വയലിലുള്ള ചപ്പുചവറുകളെയെല്ലാം എരിയിച്ചുകളയുന്നു. അങ്ങനെ പിശാചുക്കൾക്ക്, ആത്മാവിനെ ആക്രമിക്കാൻ കഴിയാതെ വികാരങ്ങൾക്കു വിധേയമായ ഭാഗത്തെ മാത്രം കുത്തിനോവിച്ച് തൃപ്തിപ്പെടേണ്ടിവരുന്നു. സന്ന്യാസി എല്ലാ സ്വത്തുക്കളും ഉപേക്ഷിച്ച് മുഴുവൻ സദ്ഗുണങ്ങളും സ്വായത്തമാക്കുന്നതോടെ അയാളുടെ വ്യക്തിത്വത്തെ മുഴുവനായി ദൈവകൃപ പ്രകാശിപ്പിക്കുകയും ദൈവത്തോടുള്ള തീവ്രമായ സ്നേഹം നിറയ്ക്കുകയും ചെയ്യുന്നു. അതോടെ പിശാചിന്റെ തീയമ്പുകൾക്ക് അയാളുടെ ശരീരത്തെപ്പോലും തൊടാൻ കഴിയാതെപോകുന്നു. എന്തെന്നാൽ പരിശുദ്ധാത്മാവിന്റെ ശ്വാസത്താൽ ഹൃദയത്തിൽ വീശുന്ന സമാധാനത്തിന്റെ കാറ്റുകൾ പിശാചിന്റെ അമ്പുകളെ വായുവിൽവെച്ചുതന്നെ തെറിപ്പിച്ചുകളയുന്നു. ഇത്തരത്തിൽ പരിപൂർണ്ണത നേടിയ ഒരുവനെപ്പോലും ആക്രമിക്കാൻ ദൈവം ചിലപ്പോൾ പിശാചുക്കളെ അനുവദിക്കാറുണ്ട്. അയാളുടെ മനസ്സിൽ പ്രകാശം ഇല്ലാതാക്കാൻ അവിടുന്ന് അനുവദിക്കുകയും ചെയ്യുന്നു. ഇത് കൃപയുടെ ബന്ധനത്താൽ അയാളുടെ സ്വതന്ത്ര ഇച്ഛ പൂർണ്ണമായും നിയന്ത്രിക്കപ്പെടാതിരിക്കേണ്ടതിനാണ്. സന്ന്യാസജീവിതത്തിലൂടെ പാപത്തിൽനിന്നു മോചനം നേടുന്നതോടൊപ്പം കൂടുതൽ ആത്മീയാനുഭവങ്ങൾ ഉണ്ടാകാനും ഇതു നമ്മെ സഹായിക്കും. ദൈവത്തിന്റെ സമ്പന്നതയുമായി താരതമ്യം ചെയ്യുമ്പോൾ ഏതൊരു ശിഷ്യന്റെ പൂർണതയും തികച്ചും അപൂർണ്ണമാണ്; യാക്കോബിന്റെ കോവണിയിലൂടെ, സ്വപരിശ്രമത്തിലൂടെ കയറിച്ചെന്നാൽപോലും നമുക്ക് എത്തിച്ചേരാനാവാത്തത്ര ഔന്നത്യത്തിലുള്ള സ്നേഹത്തിലൂടെയാണ് അവിടുന്നു നമ്മെ പ്രബോധിപ്പിക്കുന്നത്.

86. പിശാച് സ്വർഗ്ഗത്തിൽനിന്ന് ഇടിമിന്നൽപോലെ താഴേക്കു പതിച്ചുവെന്നു കർത്താവുതന്നെ പറഞ്ഞിട്ടുണ്ട് (ലൂക്കോ 10:18); ഭീകരനായ പിശാച് മാലാഖമാരുടെ വാസസ്ഥലമായ സ്വർഗ്ഗത്തെ നോക്കാൻ പോലും പാടില്ലെന്നായിരുന്നു ദൈവത്തിന്റെ തീരുമാനം. ആ നിലയ്ക്ക് നീതിമാന്മാരായ ദൈവദാസന്മാരുടെ സംഘത്തിൽ അവനു സ്ഥാനമില്ലെങ്കിൽ, ദൈവത്തോടൊപ്പം മനുഷ്യമനസ്സിൽ എങ്ങനെ അവനു വസിക്കാനാവും? ദൈവം കുറച്ച് പിന്നോട്ട് മാറി

www.malankaralibrary.com

പിശാചിന് ഇടംകൊടുത്താൽ ഇതു സാദ്ധ്യമാണെന്ന് ചിലർ വാദിച്ചേക്കാം. ഈ വിശദീകരണം അപര്യാപ്തമാണ്. രണ്ടു രീതിയിലാണ് ദൈവം പിന്മാറുന്നത്. ഒന്നാമതായി നമ്മെ പഠിപ്പിക്കുന്നതിനായി ദൈവം പിന്മാറാറുണ്ട്. എന്നാൽ ഇങ്ങനെ പിന്മാറുമ്പോഴും ആത്മാവിലെ ദൈവികപ്രകാശം അണയുന്നില്ല. ഞാൻ മുമ്പു സൂചിപ്പിച്ചതുപോലെ, ഇവയത്രയും സംഭവിക്കുന്നത് മനസ്സിലുള്ള ദൈവകൃപയുടെ സാന്നിദ്ധ്യം പലപ്പോഴും നിഗൂഢമായതിനാലാണ്. വലിയ എളിമയോടും ഭയത്തോടുംകൂടെ ദൈവത്തിൽനിന്നും സഹായം തേടി പിശാചുക്കളുടെ ആക്രമണത്തെ ചെറുത്തുനില്ക്കുന്നതിൽ പുരോഗമിക്കാൻ ആത്മാവിനെ സഹായിക്കുന്നതിനുവേണ്ടിയാണ് ദൈവകൃപ തന്റെ സാന്നിദ്ധ്യത്തെ മറച്ചുവയ്ക്കുന്നത്. അങ്ങനെ ശത്രുവിന്റെ ദുഷ്ടത സാവധാനത്തിൽ അതിനു മനസ്സിലാകുന്നു. ഏതൊരമ്മയും അനുസരണക്കേടു കാട്ടുന്ന കുട്ടിയോട് ചെയ്യുന്നതും ഇതുതന്നെയാണ്; കുട്ടി വഴക്കുണ്ടാക്കുമ്പോൾ അമ്മ അതിനെ തന്റെ മടിയിൽ നിന്ന് ഇറക്കിവിടുന്നു; അപരിചിതരെയോ മൃഗങ്ങളെയോ കണ്ട് ഭയപ്പെടുന്ന കുട്ടി കരഞ്ഞുകൊണ്ട് വീണ്ടും അമ്മയുടെ മടിയിലേക്ക് ഓടിയെത്തുകയും ചെയ്യുന്നു. രണ്ടാമതായി ദൈവം പിന്മാറുന്നത്, തനിക്കു ദൈവത്തെ ആവശ്യമില്ലെന്ന് ആത്മാവിന് തോന്നുമ്പോഴാണ്; അപ്പോൾ ആത്മാവ് പിശാചുക്കളുടെ പിടിയിൽപ്പെടുന്നു. എന്നാൽ നമ്മളാരുംതന്നെ അപ്രകാരം ദൈവത്താൽ ഉപേക്ഷിക്കപ്പെട്ട കുട്ടികളല്ല –അങ്ങനെ സംഭവിക്കാതിരിക്കട്ടെ– നാമെല്ലാം ദൈവകൃപയുടെ യഥാർത്ഥ മക്കളാണെന്നാണല്ലോ നാം വിശ്വസിക്കുന്നത്. ഇടയ്ക്കിടെ മറഞ്ഞിരിക്കുകയും വീണ്ടും വെളിപ്പെടുകയും ചെയ്തുകൊണ്ട് നമ്മെ പൂർണ്ണവളർച്ചയിലേക്ക് നയിക്കുന്ന ദൈവകൃപയുടെ സന്തതികളാണ് നാം.

87. നമ്മെ പഠിപ്പിക്കുന്നതിനുവേണ്ടി ദൈവം ആത്മാവിൽനിന്നു പിന്മാറുമ്പോൾ ദുഃഖവും അപമാനവും നിരാശയുമുണ്ടാകുന്നു. അഹന്തയും ആത്മപ്രശംസയും ഒഴിവാക്കി ആത്മാവിനെ എളിമയുള്ളതാക്കി തീർക്കുന്നതിനുവേണ്ടിയാണ് ഇത്; അതിന്റെ ഫലമായി ഹൃദയത്തിൽ ദൈവഭയവും കൃതജ്ഞതയുടെ കണ്ണീരും നിശ്ശബ്ദതയുടെ സൗന്ദര്യത്തോടുള്ള അഭിലാഷവും നിറയുന്നു. എന്നാൽ ദൈവം ആത്മാവിൽനിന്നു പൂർണ്ണമായും പിന്മാറുമ്പോഴാകട്ടെ,

www.malankaralibrary.com

കടുത്ത നിരാശയും കോപവും അവിശ്വാസവും അഹന്തയു മായിരിക്കും ആത്മാവിൽ നിറയുന്നത്. ഇപ്രകാരം ദൈവത്തിന്റെ രണ്ടു തരത്തിലുള്ള പിന്മാറ്റം അനുഭവിച്ചിട്ടുള്ള നാം വീണ്ടും ശരിയായ രീതിയിൽ ദൈവത്തെ സമീപിക്കണം. ആദ്യത്തെമാതിരിയുള്ള സന്ദർഭങ്ങളിൽ ദൈവത്തോട് നന്ദി പറഞ്ഞുകൊണ്ട് നമ്മുടെ പരി രക്ഷണത്തിനായി നാം കരഞ്ഞ് അപേക്ഷിക്കണം; തിന്മയും നന്മയും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്ന സ്നേഹ ധനനായ ഒരു പിതാവിനെപ്പോലെയാണ് ദൈവം പെരുമാറുന്നതെന്നും തന്റെ സാന്നിദ്ധ്യം മറയ്ക്കുന്നതിലൂടെ അനിയന്ത്രിതമായ നമ്മുടെ സ്വഭാവത്തെ അച്ചടക്കം ശീലിപ്പിക്കുകയാണെന്നും നാം മനസ്സിലാ ക്കണം. എന്നാൽ രണ്ടാമത്തെ സന്ദർഭത്തിൽ നിരന്തരം പാപങ്ങൾ ഏറ്റുപറഞ്ഞുകൊണ്ടും ഇടതടവില്ലാതെ കണ്ണുനീർ തൂകിക്കൊണ്ടും ലോകത്തിൽ നിന്നൊഴിഞ്ഞുമാറിക്കൊണ്ടും മുമ്പത്തെപോലെ അവിടുത്തെ സാന്നിദ്ധ്യം നമ്മുടെ ഹൃദയത്തിൽ അനുഭവവേദ്യ മാക്കിത്തരാൻ അവിടുത്തോടു യാചിക്കണം. സാത്താനും ആത്മാവും തമ്മിൽ ഏറ്റുമുട്ടുമ്പോൾ -നമ്മെ പഠിപ്പിക്കുന്നതിനുവേണ്ടി ദൈവം ആത്മാവിൽനിന്നു പിന്മാറുമ്പോഴുണ്ടാകുന്ന പോരാട്ടമാണ് ഞാനു ദ്ദേശിക്കുന്നത്- ഞാൻ പറഞ്ഞതുപോലെ, ദൈവകൃപ തന്നെത്തന്നെ അല്പം മറച്ചുവയ്ക്കുന്നു. എന്നിരുന്നാലും നിഗൂഢമായ രീതിയിൽ അത് ആത്മാവിനു പിൻബലം നല്കുന്നുവെന്ന് നാം മനസ്സിലാക്കണം. അങ്ങനെ ആത്മാവു തനിച്ചാണ് തങ്ങളുടെ മേൽ വിജയം വരിച്ചതെന്ന് ശത്രുക്കൾ കരുതും.

88. മഞ്ഞുകാലത്ത് സൂര്യോദയത്തിനുശേഷം പ്രഭാതത്തിൽ ഒരാൾ കിഴക്കോട്ടു നോക്കി നിൽക്കുമ്പോൾ അയാളുടെ ശരീരത്തിന്റെ മുൻഭാഗത്ത് ഇളംവെയിലിന്റെ ചൂട് തട്ടുകയും പിൻഭാഗം തണുത്തിരി ക്കുകയും ചെയ്യുന്നു. ഇതുപോലെതന്നെ, പരിശുദ്ധാത്മാവിൽനിന്നു മുള്ള ഊർജ്ജം അനുഭവിച്ചു തുടങ്ങുന്നവർ ഭാഗികമായി മാത്രമാണ് ദൈവകൃപയാൽ ഊർജ്ജസ്വലരാകുന്നത്. അവരുടെ മനസ്സിൽ ആത്മീയചിന്തകളുളവാകുമ്പോൾ ഹൃദയത്തിനു പുറത്ത് ജഡികചിന്ത കളാണ് ഉണ്ടാകുന്നത്. കാരണം ഹൃദയത്തിൽ ജ്വലിച്ചുകൊണ്ടിരി ക്കുന്ന ദൈവകൃപയുടെ പ്രകാശത്തെക്കുറിച്ച് ഹൃദയത്തിന്റെ എല്ലാ ഭാഗങ്ങളും ഇനിയും മനസ്സിലാക്കിയിട്ടില്ല. ഇതു മനസ്സിലാക്കാത്ത

www.malankaralibrary.com

ചിലർ പറയുന്നത് രണ്ടു വ്യക്തിത്വങ്ങൾ തമ്മിലുള്ള പോരാട്ടമാണ് മനസ്സിൽ നടക്കുന്നതെന്നാണ്. എന്നാൽ മുമ്പു സൂചിപ്പിച്ചതുപോലെ സൂര്യോദയസമയത്ത് ഒരു ഭാഗത്ത് ചൂടും മറുഭാഗത്ത് തണുപ്പും സഹിക്കുന്ന മനുഷ്യനെപ്പോലെ ആത്മാവിലും സദ്ചിന്തകളും ദുശ്ചിന്തകളും ഒരേസമയത്ത് വന്നുകൂടാം. നമ്മുടെ ഇച്ഛയ്ക്കു വിപരീതമായിപ്പോലും, വിവേചനാശക്തി നേടിയിട്ടുള്ളവർക്കുപോലും ഇതു സംഭവിക്കാവുന്നതാണ്. നന്മയെക്കുറിച്ച് ചിന്തിക്കാനായി ബുദ്ധി ശ്രദ്ധിക്കുമ്പോഴും തിന്മയെക്കുറിച്ച് അത് ഓർമ്മിക്കുന്നു. ആദാമിന്റെ അനുസരണക്കേടു മുതൽ മനുഷ്യന്റെ ചിന്താശക്തി രണ്ടായി പിളർക്കപ്പെട്ടിരിക്കുന്നു എന്നതാണ് ഇതിനു കാരണം. എന്നാൽ ദൈവകല്പനകൾ അനുസരിക്കാൻ പൂർണ്ണഹൃദയത്തോടെ നാം തയ്യാറാകുമ്പോൾ നമ്മുടെ ഗ്രഹണേന്ദ്രിയങ്ങളെല്ലാം ദൈവകൃപയുടെ തേജസ്സിനെക്കുറിച്ച് പൂർണ്ണമായും മനസ്സിലാക്കുന്നു. ദൈവകൃപ തന്റെ തീനാളങ്ങളാൽ നമ്മുടെ ചിന്തകളെ എരിയിച്ചു കളയുന്നു. അവാച്യമായ സ്നേഹത്തിന്റെ സമാധാനത്താൽ നമ്മുടെ ഹൃദയം മധുരമായിത്തീരുന്നു, ലൗകിക ചിന്തകളിൽനിന്നകന്ന് ആത്മീയമായി മാത്രം ചിന്തിക്കാൻ അതു നമ്മെ പ്രാപ്തരാക്കുന്നു. പൂർണ്ണത നേടിക്കൊണ്ടിരിക്കുകയും തങ്ങളുടെ ഹൃദയത്തിൽ നിരന്തരമായി യേശുക്രിസ്തുവിനെ സ്മരിക്കുകയും ചെയ്യുന്നവരിലാണ് ദൈവകൃപയുടെ ഇത്തരത്തിലുള്ള ഫലം കാണപ്പെടുന്നത്.

89. പുനരുജ്ജീവനത്തിന്റെ ജ്ഞാനസ്നാനവേളയിൽ ദൈവകൃപ നമുക്ക് രണ്ടു വരദാനങ്ങൾ നല്കുന്നുണ്ട്. അവയിലൊന്ന് മറ്റേതിനെക്കാൾ വളരെ ഉയർന്നതാണ്. കൃപാവരം നമ്മെ നവീകരിച്ച് ജ്ഞാനസ്നാനജലം നമ്മുടെ ആത്മാവിനെ ശുദ്ധീകരിക്കുകയും പാപക്കറകൾ കഴുകിക്കളഞ്ഞ് നമ്മുടെയുള്ളിൽ ദൈവത്തിന്റെ രൂപം സ്ഥിരീകരിക്കുകയും ചെയ്യുമ്പോൾതന്നെ ഒന്നാമത്തെ വരദാനം നമുക്കു ലഭിക്കുന്നു. എന്നാൽ രണ്ടാമത്തേതിന് -ദൈവത്തോടുള്ള നമ്മുടെ സാദൃശ്യത്തിന്- നമ്മുടെ സഹകരണവുംകൂടി ആവശ്യമുണ്ട്. പൂർണ്ണമായ ബോധത്തോടെ, മനസ്സ് പരിശുദ്ധാത്മാവിനെക്കുറിച്ച് മനസ്സിലാക്കുവാൻ തുടങ്ങുമ്പോൾ നമ്മിലുള്ള ദൈവികമായ ഛായയിൽ ദൈവകൃപ, ദൈവീകസാദൃശ്യം നമ്മിൽ ചിത്രീകരിക്കാൻ തുടങ്ങുകയാണെന്നു നാം മനസ്സിലാക്കണം. ചിത്രകാരന്മാർ ഒരു മനുഷ്യന്റെ

www.malankaralibrary.com

ചിത്രം വരയ്ക്കുമ്പോൾ ആദ്യം ഏകവർണ്ണനിറത്തിലുള്ള രൂപരേഖ യുണ്ടാക്കുകയും പിന്നീട് ചിത്രകാരൻ ചിത്രരചനയ്ക്ക് ആസ്പദമായ വിഷയം അതേപടി, വ്യക്തിയുടെ പുഞ്ചിരിപോലും പകർത്തുകയും അതിന് ഒന്നിനു പിറകെ ഒന്നായി നിറം കൊടുക്കുകയുമാണല്ലോ ചെയ്യുന്നത്. ഇതുപോലെതന്നെ ദൈവകൃപ മനുഷ്യന്റെ ഉള്ളിൽ, അവൻ സൃഷ്ടിക്കപ്പെട്ടപ്പോൾ ഉണ്ടായിരുന്ന ദൈവീകസാദൃശ്യം രൂപപ്പെടുത്തുന്നു. എന്നാൽ നാം മുഴുഹൃദയത്തോടെ ദൈവീക സാദൃശ്യത്തിന്റെ സൗന്ദര്യം ആഗ്രഹിക്കുകയും ദൈവകൃപയുടെ പണിപ്പുരയിൽ എളിമയോടെ നഗ്നരായി നില്ക്കുകയും ചെയ്യുന്നതു കാണുമ്പോൾ സുകൃതങ്ങൾ ഒന്നിനു പിറകേ ഒന്നായി ആത്മാവിൽ വിരിയുകയും അതിന്റെ മനോഹാരിതയെ 'മഹത്ത്വത്തിൽനിന്നു മഹത്ത്വത്തിലേക്ക്' (2 കൊരി 3:18) ഉയർത്തുകയും ആത്മാവിൽ ദൈവീകസാദൃശ്യം ചിത്രീകരിക്കുകയും ചെയ്യും. നമ്മുടെ ആത്മീയ ദർശനശേഷിയിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് നാം എല്ലാവരും ദൈവത്തിന്റെ പ്രതിരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരാ ണെന്നാണ്; എന്നാൽ ദൈവവുമായുള്ള ഈ സാദൃശ്യം പൂർത്തീ കരിക്കണമെങ്കിൽ ദൈവകൃപയുടെ പ്രകാശം കൂടിയേ തീരൂ. ബുദ്ധി അതിന്റെ ആന്തരികദർശനശേഷിയിലൂടെ അവർണ്ണനീയമായ രീതിയിൽ അതിന്റെ മുന്നോട്ടുള്ള പുരോഗതിക്കനുസരിച്ച് ആത്മീയസ്നേഹമൊഴികെ മറ്റെല്ലാ സദ്ഗുണങ്ങളും നേടുന്നു. എന്നാൽ പരിശുദ്ധാത്മാവിന്റെ പ്രഭ പൂർണ്ണമായും വ്യക്തമായും മനസ്സിലാക്കുന്നതുവരെ ആത്മീയസ്നേഹം നേടാൻ ഒരാൾക്കു കഴിയില്ല. പരിശുദ്ധാത്മാവിന്റെ പ്രകാശം ലഭിച്ചിട്ടില്ലെങ്കിൽ മറ്റെല്ലാ സദ്ഗുണങ്ങളും നേടിയാലും മനസ്സൊരിക്കലും പരിപൂർണ്ണ സ്നേഹത്തിൽ പങ്കുപറ്റുകയില്ല. ദൈവത്തിന്റെ പ്രതിരൂപമായി ത്തീരുമ്പോൾ -സാധിക്കുന്നിടത്തോളം- ദൈവികസ്നേഹത്തിന്റെ സാദൃശ്യം അതു വഹിക്കുന്നു. രൂപരേഖയിൽ ചായങ്ങൾ ചേർത്ത് ചിത്രകാരൻ ചിത്രരചന പൂർണ്ണമാക്കുമ്പോൾ അതിന് യഥാർത്ഥ വസ്തുവുമായി തികഞ്ഞ സാദൃശ്യമുണ്ടായിരിക്കും. കൃപാവരത്താൽ ദൈവീകഛായയിൽ തങ്ങളുടെ അസ്ഥിത്വം വീണ്ടും ചിത്രീകരിക്ക പ്പെട്ടവരുടെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്. സ്നേഹത്തിന്റെ പ്രകാശത്താൽ ദൈവികസാദൃശ്യത്തിന്റെ സൗന്ദര്യത്തിലേക്ക് അതിന് രൂപമാറ്റം സംഭവിക്കുന്നു. ആത്മാവിന്

www.malankaralibrary.com

നിർമമതയെ നല്കാൻ കഴിയുന്നത് സ്നേഹത്തിനു മാത്രമാണ്. എന്തെന്നാൽ 'സ്നേഹമാണ് നിയമത്തിന്റെ പൂർത്തീകരണം' (റോമ 13:10). ഇത്തരത്തിൽ നമ്മുടെയുള്ളിലെ ആന്തരികമനുഷ്യൻ സ്നേഹാനുഭവത്താൽ നിത്യേന നവീകരിക്കപ്പെടുകയും സ്നേഹത്തിന്റെ പൂർണ്ണതയിലൂടെ പൂർണ്ണനായിത്തീരുകയും ചെയ്യുന്നു.

90. നാം വിശുദ്ധി നേടാനായി തീവ്രമായി ആഗ്രഹിക്കുമ്പോൾ പരിശുദ്ധാത്മാവ് പൂർണ്ണവും ബോധപൂർവ്വകവുമായവിധത്തിൽ ദൈവത്തിന്റെ മാധുര്യാനുഭവം നമ്മുടെ ആത്മാവിന് നൽകുന്നു. അങ്ങനെ ആത്മീയജീവിതത്തിന്റെ പ്രതിഫലം യഥാർത്ഥത്തിൽ എന്തിലാണ് അടങ്ങിയിരിക്കുന്നതെന്ന് മനസ്സ് ഗ്രഹിക്കും. പിന്നീട് പരിശുദ്ധാത്മാവ് അമൂല്യവും ജീവദായകമായ ഈ വരത്തെ മറച്ചുവയ്ക്കുന്നു. മറ്റെല്ലാ സദ്ഗുണങ്ങളും നേടിയാലും ശാശ്വതമായ ദൈവസ്നേഹം നേടിയില്ലെങ്കിൽ നാം നിസ്സാരന്മാരാണെന്ന് നമ്മെ മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ഇത്. ഈ അവസരത്തിലാണ് വെറുപ്പിന്റെ പിശാചുക്കൾ എതിരാളിയുടെ ആത്മാവിനെ കൂടുതൽ ആക്രമിക്കുന്നത്. തന്നെ സ്നേഹിക്കുന്നവരെപ്പോലും വെറുപ്പോടെ കുറ്റപ്പെടുത്താനും സ്നേഹത്തിന്റെ ചുംബനത്തെപോലും വെറുക്കാനും അത് അവനെ പ്രേരിപ്പിക്കും. ദൈവികസ്നേഹത്തെക്കുറിച്ചുള്ള ഓർമ്മകൾ കാത്തുസൂക്ഷിക്കുന്ന ആത്മാവ്, ആദ്ധ്യാത്മികതയുടെ ഔന്നത്യത്തിലെത്താൻ കഴിയാത്തതിനാൽ ഈ സ്നേഹം നഷ്ടമായതോർത്ത് ദുഃഖിക്കുന്നു. അതിനാൽ ദിവ്യമായ ഈ സ്നേഹം പൂർണ്ണമായും ബോധപൂർവ്വകമായും ആസ്വദിക്കേണ്ടതിന് നമ്മുടെ ആത്മാവിൽ നിർബ്ബന്ധപൂർവ്വം പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്. എന്തെന്നാൽ രക്തസാക്ഷിത്വം വരിക്കാൻ തയ്യാറാകുകയും പീഡനങ്ങൾ സഹിച്ചുകൊണ്ടും തങ്ങളുടെ വിശ്വാസം ഏറ്റുപറയുകയും ചെയ്യുന്ന പുണ്യവാന്മാർക്കല്ലാതെ മറ്റാർക്കും ഈ സ്നേഹത്തിന്റെ പൂർണ്ണത അനുഭവിക്കാൻ കഴിയുകയില്ല. ഈ അവസ്ഥയിലെത്തിച്ചേർന്നവർ പൂർണ്ണമായ മാറ്റത്തിന് വിധേയരാവുകയും തങ്ങളുടെ നിലനില്പിനെക്കുറിച്ചുപോലും അവർക്ക് താല്പര്യം ഇല്ലാതാവുകയും ചെയ്യുന്നു. ദൈവികസ്നേഹം അനുഭവിക്കുന്നവർക്ക് ലൗകിക വിഷയങ്ങളിൽ എങ്ങനെ താല്പര്യം ഉണ്ടാകാനാണ്? ഈ കാരണത്താലാണ് വിശുദ്ധ പൗലോസ്, പുണ്യവാന്മാർ അനുഭവിക്കാൻവിശ്വാ

www.malankaralibrary.com

സത്തെക്കാളും ഉന്നതിയിലെത്തുന്നു എന്ന് നാം അറിഞ്ഞിരിക്കണം. എന്തെന്നാൽ, മുമ്പ് താൻ വിശ്വാസപൂർവ്വം ആദരിച്ചിരുന്നവനെ, തന്റെ മഹത്തായ സ്നേഹം നിമിത്തം ഇപ്പോൾ അവൻ ബോധപൂർവ്വം തന്റെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നു. ഇതുതന്നെയാണ് അപ്പോസ്തോലൻ തന്റെ വാക്കുകളിലൂടെ പ്രകടമാക്കുന്നത്: 'സ്ഥിരമായി നിലനിൽക്കുന്നത് മൂന്ന് കാര്യങ്ങളാണ് വിശ്വാസം, പ്രത്യാശ, സ്നേഹം. എന്നാൽ ഇവയിൽ ഏറ്റവും മഹത്തരമായത് സ്നേഹംതന്നെ' (1 കൊരി 13:13). ദൈവത്തെ സ്നേഹത്തിന്റെ സമ്പന്നതയിൽ ഉൾക്കൊള്ളുന്ന ഒരാൾ തന്റെ വിശ്വാസത്തെക്കാൾ ഉയരത്തിൽ എത്തിച്ചേരുന്നത് അങ്ങനെയാണ്. എന്തെന്നാൽ അയാൾ ദിവ്യമായ ആഗ്രഹത്തിൽ നിമഗ്നനായിരിക്കുകയാണ്.

92. ആത്മീയമായ അറിവ് പരിമിതമായ അളവിൽമാത്രം നമ്മുടെ ഉള്ളിൽ ഉണ്ടായിരിക്കുമ്പോൾ, യാദൃച്ഛികമായി ആരെയെങ്കിലും നിന്ദിച്ച്, അയാളെ തന്റെ ശത്രുവാക്കിത്തീർത്താൽ നമുക്ക് കടുത്ത കുറ്റബോധമുണ്ടാകുന്നു. ക്ഷമാപണത്തിലൂടെ അയാൾക്ക് നമ്മോടുണ്ടായ വെറുപ്പ് ഇല്ലാതെയാകുന്നതുവരെ നമ്മുടെ മനസ്സാക്ഷിക്കുത്ത് നിലയ്ക്കുകയില്ല. ലൗകികനായ ഒരാളാണ് അകാരണമായി നമ്മോട് കോപിക്കുന്നതെങ്കിൽപ്പോലും നമ്മുടെ മനസ്സാക്ഷിയിൽ നമുക്കുണ്ടാകുന്ന തീവ്രമായ വേദന നമ്മിൽ ഉത്കണ്ഠയും അസ്വാസ്ഥ്യവും നിറയ്ക്കുന്നു. എന്തെന്നാൽ 'ലോകത്തിന്റെ വിജ്ഞാനത്തെക്കുറിച്ച് സംസാരിക്കുന്ന ഒരാളെയാണല്ലോ നാം തടസ്സപ്പെടുത്തിയത്' (1 കൊരി 2:6). ഇതിന്റെ ഫലമായി മനസ്സ് ധ്യാനത്തിൽനിന്നു പിന്മാറുന്നു. എന്തെന്നാൽ അകാരണമായി നമ്മോടു കോപിച്ചവനോടുള്ള സ്നേഹം ആദ്യം വീണ്ടെടുക്കാതെ സ്നേഹം ഉൾക്കൊള്ളുന്ന ആത്മീയജ്ഞാനം ദിവ്യമായ ദർശനം വിപുലമായ രീതിയിൽ ആശ്ലേഷിക്കാൻ നമ്മുടെ മനസ്സിനെ അനുവദിക്കുകയില്ല. എന്നാൽ നാം ക്ഷമാപണം നടത്തിയിട്ടും നമ്മോട് ക്ഷമിക്കാതിരിക്കുകയും കോപം പുലർത്തുകയും നമ്മിൽനിന്ന് ഒഴിഞ്ഞു മാറുകയുമാണ് ചെയ്യുന്നതെങ്കിൽ ആത്മീയജ്ഞാനം അവരോട് സഹതപിക്കാനും ഹൃദയത്തിന്റെ അടിത്തട്ടിൽ സ്നേഹത്തിന്റെ നിയമം പൂർത്തീകരിക്കാനും നമ്മെ അനുശാസിക്കുന്നു. എന്തെന്നാൽ ദൈവത്തെക്കുറിച്ചുള്ള അറിവു നേടണമെങ്കിൽ, നമ്മോട് യാതൊരു കാരണവും കൂടാതെ

www.malankaralibrary.com

വിരോധിച്ചിരിക്കുന്നവരെക്കൂടെ യാതൊരു വിദ്വേഷവും കൂടാതെ നോക്കുവാൻ നമ്മുടെ ഹൃദയത്തെ പാകപ്പെടുത്തിക്കൊണ്ടുവരണം. നമ്മെ വെറുക്കുന്നവരെപ്പോലും പൂർണ്ണമായി സ്നേഹിക്കുവാൻ നമുക്കു കഴിയണം. അങ്ങനെ ചെയ്യുന്നതിലൂടെ നമ്മുടെ മനസ്സ് ദൈവശാസ്ത്രത്തിലേക്ക് മാത്രമല്ല, വലിയ അഭിമാനത്തോടെ ദൈവ സ്നേഹത്തിലേക്കുകൂടി ആരോഹണം ചെയ്യുന്നു. അങ്ങനെ തടസ മെന്യേ രണ്ടാമത്തേതിൽനിന്ന് ഒന്നാമത്തെ തലത്തിലേക്ക് ഉയരുന്നു.

93. വിശുദ്ധി നേടാനുള്ള ശ്രമം ആരംഭിക്കുന്നവർക്ക് സുകൃത ത്തിന്റെ വഴി ദുർഘടവും തടസ്സമുള്ളതുമായിത്തോന്നാം. യഥാർത്ഥ ത്തിൽ ഈ പാത വിഷമകരമായതുകൊണ്ടല്ല, മറിച്ച് ജനനം മുതൽക്കു തന്നെ വിഷയസുഖങ്ങളുടെ വിശാലമായ പാതകളുമായി മാത്രം നാം പരിചയിച്ചിട്ടുള്ളതിനാലാണ് അങ്ങനെ തോന്നുന്നത്. എന്നാൽ ഈ പാതയിലൂടെ പകുതി ദൂരമെങ്കിലും പിന്നിട്ടവർക്ക് ആ വഴി സുഖകര മായും സുഗമമായും അനുഭവപ്പെടുന്നു. എന്തെന്നാൽ, കൃപാവര ത്തിന്റെ ഊർജ്ജത്താൽ, ഒരു ദുശ്ശീലം നശിപ്പിക്കപ്പെടുമ്പോൾ എണ്ണ മറ്റ ലൗകികസുഖങ്ങളെക്കുറിച്ചുള്ള താല്പര്യവും അതോടൊപ്പം നശിപ്പിക്കപ്പെടുന്നുണ്ട്, അതോടെ സദ്ഗുണങ്ങളുടെ വഴിയിലൂടെ ആത്മാവ് സന്തോഷകരമായി യാത്ര തുടരുകയും ചെയ്യുന്നു. നമ്മെ ആദ്യമായി രക്ഷയുടെ പാതയിലൂടെ നയിക്കുമ്പോൾ കർത്താവ് ഇങ്ങനെ പറയുന്നു: 'സ്വർഗ്ഗരാജ്യത്തിലേക്കുള്ള പാത എത്രയോ ഇടുങ്ങിയതാണ്; എത്രയോ കുറച്ചുപേർ മാത്രമാണ് ഇതിലൂടെ സഞ്ചരിക്കുന്നത്' (മത്താ 7:14); എന്നാൽ തന്റെ കല്പനകൾ അനു സരിക്കാൻ ദൃഢനിശ്ചയം ചെയ്തിട്ടുള്ളവരോട് അവൻ ഇങ്ങനെയാണ് പറയുന്നത്: 'എന്റെ നുകം വഹിക്കാൻ എളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്' (മത്താ 11:30). പോരാട്ടത്തിന്റെ ആരംഭത്തിൽ മനഃ പൂർവ്വം ശ്രമിച്ചെങ്കിൽ മാത്രമേ ഒരാൾക്ക് ദൈവകല്പനകൾ നിറ വേറ്റാൻ കഴിയൂ (മത്താ 11:12); എന്നാൽ നമ്മുടെ താല്പര്യവും കഠിനാദ്ധ്വാനവും കണ്ട് ദൈവം, അത് പൂർത്തിയാക്കാൻ വേണ്ട ഇച്ഛാശക്തിയും സന്തോഷവും നമുക്കു നൽകുന്നു. എന്തെന്നാൽ, സന്തോഷപൂർവ്വം നീതി പ്രവർത്തിക്കാൻ 'സന്നദ്ധതയുള്ള ഇച്ഛ നല്കുന്നത് കർത്താവാണ്' (സുഭാ 8:35). 'തന്റെ ലക്ഷ്യം നിറവേറ്റു ന്നതിനായി ഇച്ഛിക്കാനും പ്രവർത്തിക്കാനും നമ്മെ പ്രാപ്തരാക്കു ന്നതും ദൈവംതന്നെ'(ഫിലി 2:13)യാണ്.

www.malankaralibrary.com

94. 'മെഴുക് ഉരുക്കിയെങ്കിൽ മാത്രമേ അതിൽ ഏതെങ്കിലും മുദ്ര പതിപ്പിക്കാനാവൂ; ഇതുപോലെതന്നെ ദൈവികവിശുദ്ധിയുടെ മുദ്ര പതിയണമെങ്കിൽ കഠിനാദ്ധ്വാനത്തിലൂടെയും ദൗർബ്ബല്യങ്ങളിലൂടെയും ഒരുവൻ പരീക്ഷിക്കപ്പെടണം. ഇതിനാലാണ് ക്രിസ്തു പൗലോസിനോട് ഇങ്ങനെ പറഞ്ഞത്: 'നിനക്ക് എന്റെ കൃപ മതി; എന്തെന്നാൽ, ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായും പ്രകടമാകുന്നത്'. ഇതു കേട്ട അപ്പോസ്തോലൻ അഭിമാനത്തോടെ ഇങ്ങനെ പറയുന്നു: 'എന്തെന്നാൽ, ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിന് ഞാൻ പൂർവ്വാധികം സന്തോഷത്തോടെ എന്റെ ബലഹീനതയെക്കുറിച്ചു പ്രശംസിക്കും' (2 കൊരി 12:9). സുഭാഷിതങ്ങളിൽ ഇങ്ങനെ കാണാം: 'താൻ സ്നേഹിക്കുന്നവരെ അവിടുന്നു ശിക്ഷിക്കുന്നു; പുത്രനായി കരുതുന്നവനെ ശാസിക്കുകയും ചെയ്യുന്നു' (സുഭാ 3:12). ബലഹീനതകൾ എന്നതുകൊണ്ട് അപ്പോസ്തോലൻ ഉദ്ദേശിക്കുന്നത് കുരിശിന്റെ ശത്രുക്കളായവർ നടത്തുന്ന ആക്രമണങ്ങളെയാണ്; 'വെളിപാടുകളുടെ ആധിക്യത്താൽ അത്യധികം ആഹ്ലാദിക്കാതിരിക്കേണ്ടതിനാണ് തനിക്കും, അക്കാലത്തുണ്ടായിരുന്ന വിശുദ്ധർക്കും ഇത്തരത്തിലുള്ള ആക്രമണങ്ങൾ ഉണ്ടായിരുന്നതെന്നാണ് അപ്പസ്തോലൻതന്നെ പറയുന്നത്' (2 കൊരി 12:7). തങ്ങളുടെ എളിമയാൽ കഠിനാദ്ധ്വാനം ചെയ്യുകയും ആക്രമിക്കപ്പെടുമ്പോൾ വിശുദ്ധി നേടുന്നതിനായി കൂടുതൽ പരിശ്രമിക്കുകയുമാണ് പുണ്യവാന്മാർ ചെയ്യുന്നത്. എന്നാൽ ബലഹീനത എന്നതുകൊണ്ട്, ദുഷിച്ച ചിന്തകളെയും ശാരീരികമായ രോഗങ്ങളെയുംകൂടി നാം അർത്ഥമാക്കുന്നുണ്ട്. ആത്മീയജീവിതം തിരഞ്ഞെടുത്തിട്ടുള്ളവർ, ശാരീരികമായ കഠിന പീഡനങ്ങൾക്കും യാതനകൾക്കും വിധേയരാക്കപ്പെട്ടിരുന്ന കാലത്ത്, സാധാരണഗതിയിൽ പാപത്തിന്റെ ഫലമായി നമ്മെ ആക്രമിക്കുന്ന വികാരങ്ങളിൽനിന്ന് മോചനം നേടിയിരുന്നു. എന്നാൽ ദൈവകൃപയാൽ സഭയിൽ സമാധാനം നിലനിൽക്കുന്ന ഇക്കാലത്ത് വിശുദ്ധിക്കുവേണ്ടി തീവ്രമായി യത്നിക്കുന്നവരുടെ ശരീരം രോഗങ്ങളാലും, അവരുടെ ആത്മാക്കൾ, ദുഃശ്ചിന്തകളാലും പരീക്ഷിക്കപ്പെടേണ്ടതുണ്ട്. പ്രത്യേകിച്ച്, ആത്മീയജ്ഞാനം പൂർണ്ണമായി ആരിൽ നിറയുന്നുവോ, അവരുടെ ഉള്ളിൽനിന്ന് അഹന്തയും ആത്മപ്രശംസയും ഒഴിവാക്കി, അവരുടെ വലിയ എളിമയിലൂടെ ഹൃദയ

www.malankaralibrary.com

ങ്ങളിൽ ദൈവികസൗന്ദര്യത്തിന്റെ മുദ്ര പതിയുന്നതിനുവേണ്ടി അവരെ പരീക്ഷണങ്ങൾക്കു വിധേയരാക്കേണ്ടതുണ്ട്. സങ്കീർത്തകൻ പറയുന്നത് കേൾക്കുക: 'കർത്താവേ അങ്ങയുടെ മുഖകാന്തിയാൽ ഞങ്ങൾ മുദ്രിതരായിരിക്കുന്നു' (സങ്കീ 4:6). നാം ദൈവഹിതത്തിന് നന്ദിപൂർവ്വം കീഴടങ്ങണം; എന്തെന്നാൽ, അപ്പോൾ മാത്രമാണ് നമ്മുടെ രോഗങ്ങളും ദുഷിച്ച ചിന്തകളോടുള്ള പോരാട്ടവും രണ്ടാം രക്ത സാക്ഷിത്വമായി കരുതപ്പെടുന്നത്. പിശാച്, അഹങ്കാരികളായ ഭരണാധികാരികളിലൂടെ വിശുദ്ധ രക്തസാക്ഷികളോട് ഇങ്ങനെ പറഞ്ഞു: 'ക്രിസ്തുവിനെ നിഷേധിക്കുക, ലൗകികമായ ബഹുമതികൾ നേടാൻ ശ്രമിക്കുക', ഇത് ഇന്ന് നമ്മുടെ ഇടയിലും കേൾക്കാം. ദൈവ ദാസരോട് ഇതുതന്നെയാണ് ഇന്നും ആവശ്യപ്പെടുന്നത്. മുൻകാല ങ്ങളിൽ വിശുദ്ധജീവിതം നയിച്ചിരുന്നവരെ പിശാച് ശാരീരികമായി ഉപദ്രവിച്ചിരുന്നു. ആദരണീയരായ ആത്മീയ ഗുരുക്കന്മാരുടെ മേൽ നിഷ്ഠൂരമായ പീഡനങ്ങൾ പൈശാചികപദ്ധതികൾ അടിച്ചേല്പി ച്ചിരുന്നു. ഇന്ന് അവൻ പരിശുദ്ധിക്കു സാക്ഷ്യം നല്കുന്നവരെ ഉപദ്രവിക്കുന്നത് വിവിധ വികാരങ്ങളിലൂടെയാണ്. പ്രത്യേകിച്ച്, ദൈവ മഹത്ത്വത്തിനായി, നിശ്ചയദാർഢ്യത്തോടെ പട്ടിണിപ്പാവങ്ങളെ സഹായിക്കുന്നവരെ അപമാനിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നു. അതിനാൽ ദൈവത്തിനു മുമ്പാകെയുള്ള നമ്മുടെ ആന്തരികമായ രക്തസാക്ഷിത്വം ആത്മവിശ്വാസത്തോടെയും ക്ഷമ യോടെയും പൂർത്തീകരിക്കണം. എന്തെന്നാൽ ഇപ്രകാരം എഴുത പ്പെട്ടിരിക്കുന്നു: 'ഞാൻ ക്ഷമാപൂർവ്വം കർത്താവിനെ കാത്തിരുന്നു; അവിടുന്ന് എന്റെ നിലവിളി കേട്ടു' (സങ്കീ 40:1).

95. എളിമ നേടുക വിഷമമാണ്; കൂടുതൽ അഗാധമായ എളിമ നേടുന്നതാകട്ടെ, കൂടുതൽ വിഷമകരവും. ദൈവികമായ അറിവു നേടുന്നവർ രണ്ടു തരത്തിലാണ് എളിമ സ്വായത്തമാക്കുന്നത്. ആത്മീയപാതയിൽ ഏതാണ്ട് പകുതിവഴി സഞ്ചരിച്ച ഒരാളിൽ തന്റെ ഇച്ഛാശക്തി ശാരീരികമായ ബലഹീനതകളാലോ, തിന്മയുള്ള മനുഷ്യരാലോ ദുഷിച്ച ചിന്തകളാലോ പരീക്ഷിക്കപ്പെടുമ്പോൾ അയാൾ എളിമ നേടുന്നു. എന്നാൽ ദൈവകൃപയുടെ പ്രകാശം ഒരുവന്റെ മനസ്സിന് പൂർണ്ണമായും ലഭിക്കുമ്പോൾ അയാളുടെ ആത്മാവ് സ്വാഭാവികമായും എളിമ നേടുന്നു. ആത്മാവിനുള്ളിൽ ദൈവാനു

www.malankaralibrary.com

ഗ്രഹം നിറഞ്ഞുകഴിയുമ്പോൾ അവിടെ അഹന്തയ്ക്ക് തെല്ലും സ്ഥാനമില്ലാതെയായിത്തീരുന്നു. ദൈവകല്പനകൾ കൃത്യമായി നിറവേറ്റുമ്പോൾപോലും അങ്ങനെയുള്ള ആത്മാവ് താൻ മറ്റെല്ലാവരെയുംകാൾ താഴ്ന്നവനാണെന്ന് സ്വയം കരുതും. കാരണം അത് അവിടുത്തെ സഹിഷ്ണുതയിൽ പങ്കുചേരുന്നു. പശ്ചാത്താപവും വിഷാദവുമാണ് ആദ്യം സൂചിപ്പിച്ച എളിമയ്ക്കു കാരണമാകുന്നതെങ്കിൽ, ആനന്ദകരവും വിശുദ്ധവുമായ ആദരവാണ് രണ്ടാമത്തെ തരത്തിൽപ്പെട്ട എളിമയ്ക്കു കാരണം. ഞാൻ സൂചിപ്പിച്ചതുപോലെ ആത്മീയപാതയിൽ പകുതി ദൂരം സഞ്ചരിച്ചവർക്ക് ആദ്യത്തേത് സ്വായത്തമാകുമ്പോൾ, പൂർണ്ണതയോടടുത്തവർക്കാണ് രണ്ടാമത്തേത് ലഭിക്കുന്നത്. ആദ്യത്തേത് ഭൗതികസമ്പത്തിനാൽ ഇല്ലായ്മ ചെയ്യപ്പെടുന്നു; രണ്ടാമത്തേതാകട്ടെ, ലോകം മുഴുവനും വാഗ്ദാനം ചെയ്യപ്പെട്ടാലും നഷ്ടപ്പെടാത്തതും പാപത്തിന്റെ അമ്പുകളെ ചെറുത്തുനിൽക്കാൻ കഴിവുള്ളതുമാണ്. പൂർണ്ണമായും ആത്മീയമായതിനാൽ ഭൗതികസുഖങ്ങളിൽ അതു താൽപര്യം കാട്ടുന്നില്ല. എന്നാൽ ആദ്യത്തേതിലൂടെ കടന്നുപോയതിനുശേഷം മാത്രമേ നമുക്ക് രണ്ടാമത്തേത് നേടാനാവൂ; എന്തെന്നാൽ ദൈവകൃപയാൽ ആദ്യത്തേത്, വികാരങ്ങളുടെ ആക്രമണത്താൽ നമ്മുടെ ഇച്ഛാശക്തിയെ പരീക്ഷിക്കുകയും മൃദുലമാക്കുകയും ചെയ്തുകഴിയുമ്പോൾ മാത്രമാണ്, രണ്ടാമത്തേതിന്റെ സമ്പന്നത അനുഭവിക്കാൻ നമുക്ക് സാധിക്കുന്നത്.

96. ലൗകികസുഖങ്ങൾ ആഗ്രഹിക്കുന്നവർ ദുഷിച്ച ചിന്തകളിൽ നിന്നു പാപകൃത്യങ്ങളിലേക്കു കടക്കുന്നു. വിവേകമില്ലാത്തതിനാൽ തങ്ങളുടെ ദുഷ്ചിന്തകളെ പാപവാക്കുകളായും പാപപ്രവൃത്തികളായും അവർ മാറ്റുന്നു. നേരെമറിച്ച്, സന്ന്യാസജീവിതം നയിക്കുന്നവർ ആദ്യം പാപപ്രവൃത്തികളോടും പിന്നീട് ദുഷിച്ച വാക്കുകളോടും ദുഷ്ചിന്തകളോടും പോരാടുന്നു. ലൗകികരായ ആളുകൾ പരദൂഷണം നടത്തുകയും അനാവശ്യവും അമിതവുമായ സംഭാഷണത്തിൽ ഏർപ്പെടുകയും ആവശ്യമില്ലാതെ പൊട്ടിച്ചിരിക്കുകയും അനിയന്ത്രിതമായി കോപിക്കുകയും പൊങ്ങച്ചത്തിലും പുകഴ്ത്തലിലും ഏർപ്പെടുകയും ചെയ്യുന്നതു കാണുമ്പോൾ പിശാചുക്കൾ അവരെ ആക്രമിക്കാൻ സന്നാഹം കൂട്ടുന്നു. അവരുടെ ദുഷ്ടവ്യവസ്ഥ

www.malankaralibrary.com

കൾക്കനുസരിച്ചുള്ള കപടന്യായത്താൽ, പ്രശംസയ്ക്കുവേണ്ടിയുള്ള ആഗ്രഹത്തിലൂടെ അവർ -രാത്രിയിൽ ജനലിലൂടെ എന്നവണ്ണം- അവരുടെ ആത്മാവിലേക്ക് പ്രവേശിച്ച് അതിനെ അപഹരിക്കുന്നു. അതിനാൽ നന്മനിറഞ്ഞ ജീവിതം ആഗ്രഹിക്കുന്നവർ യാതൊരു കാരണവശാലും പ്രശംസയ്ക്കുവേണ്ടി ശ്രമിക്കരുത്; കൂടുതൽ ആളുകളുമായി ഇടപെടരുത്; കൂടെക്കൂടെ താമസസ്ഥലം വിട്ട് പുറത്തു പോകരുത്, മറ്റുള്ളവരെ (അവർ അർഹിക്കുന്നുവെങ്കിൽപോലും) ദുഷിച്ച് സംസാരിക്കുകയോ അമിതഭാഷണം നടത്തുകയോ ചെയ്യരുത്. അമിതഭാഷണം ബുദ്ധിയെ വ്യതിചലിപ്പിക്കുന്നു, ആത്മീയകാര്യങ്ങളിൽ അലസതയുണ്ടാക്കുന്നു എന്നു മാത്രമല്ല, അശ്രദ്ധയുടെ പിശാചിന് കടന്നുവരാൻ അവസരമുണ്ടാക്കുകയും ചെയ്യുന്നു. പിന്നീട് നിരാശയുടെയും കോപത്തിന്റെയും പിശാചുക്കൾക്ക് താവളമൊരുക്കുന്നു. അതിനാൽ എല്ലായ്പ്പോഴും വിശുദ്ധ കല്പനകൾ അനുസരിക്കുകയും മഹത്ത്വത്തിന്റെ കർത്താവിനെ ആഴമായി മനസ്സിലാക്കുകയും ചെയ്യുക. 'കല്പനകൾ അനുസരിക്കുന്നവർ ഒരിക്കലും തിന്മയറിയുന്നില്ല' (സ. പ്ര. 8:5) എന്നാണല്ലോ തിരുവചനം. അതായത് ചീത്തയായ ചിന്തകളും വാക്കുകളും അവരിൽനിന്നുമുണ്ടാകുന്നില്ല.

97. പിശാചുക്കളുടെ അമ്പുകൾ ഹൃദയവേദന ഉളവാക്കുമ്പോൾ, ഒരുവന് താൻ യഥാർത്ഥത്തിൽ ആക്രമിക്കപ്പെടുകയാണെന്ന് തോന്നുന്നുവെങ്കിൽ അയാളുടെ ആത്മാവ് തീർച്ചയായും അത്തരം വികാരങ്ങളെ വെറുക്കാൻ തുടങ്ങും; എന്തെന്നാൽ അയാളുടെ ആത്മാവ് ശുദ്ധീകരിക്കപ്പെടാൻ പോവുകയാണ്. എന്നാൽ പാപത്തിന്റെ നിർലജ്ജമായ ആക്രമണത്തിൽ ഒരുവന് വേദന തോന്നുന്നില്ലെങ്കിൽ നീതിയുടെ വരദാനങ്ങളിൽ സന്തോഷിക്കാനുമാവില്ല. തന്റെ ഹൃദയം പരിശുദ്ധമായി സൂക്ഷിക്കാൻ ആഗ്രഹിക്കുന്ന ഒരാൾ കർത്താവായ യേശുവിന്റെ സ്മരണയാൽ തന്റെ ഹൃദയത്തെ ജ്വലിപ്പിക്കണം, ഇതായിരിക്കണം അയാളുടെ പാഠ്യവിഷയവും നിരന്തരമായ കർത്തവ്യവും. തിന്മയിൽനിന്നു മോചനം ആഗ്രഹിക്കുന്നവർ ഒരു നിശ്ചിത സമയത്തേയ്ക്കല്ല, മറിച്ച് നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കണം; തങ്ങളെ പ്രാർത്ഥനയ്ക്കായി സമർപ്പിക്കുകയും പ്രാർത്ഥനാലയത്തിനു പുറത്തായിരിക്കുമ്പോൾപോലും മനസ്സിന് കാവൽ നിൽക്കുകയും വേണം. സ്വർണ്ണം തീയിൽ ഉരുക്കി ശുദ്ധീകരിക്കുന്നതിനിടയിൽ ഒരു

www.malankaralibrary.com

നിമിഷനേരത്തേക്കുപോലും തീ അണഞ്ഞാൽ ഉരുകിയ സ്വർണ്ണം ഉറച്ചുപോകുന്നു. അതുപോലെതന്നെ ദൈവസ്മരണ നിശ്ചിത സമയത്തേക്കു മാത്രം പരിശീലിക്കുന്നവൻ പ്രാർത്ഥനയിലൂടെ താൻ പ്രതീക്ഷിക്കുന്നത് നേടുന്നില്ല. ആത്മാർത്ഥമായും വിശുദ്ധി ആഗ്രഹിക്കുന്ന ഒരുവൻ, ദൈവസ്മരണയിലൂടെ തന്റെയുള്ളിലെ ലൗകികതാല്പര്യങ്ങളെ എരിയിച്ചുകളയുകയും തിന്മയെ ചാമ്പലാക്കുകയും ചെയ്യുന്നതിലൂടെ ആത്മാവിന് സ്വാഭാവികമായ ശോഭയും അത്ഭുതകരമായ തിളക്കവും ലഭിക്കുന്നു.

98. പിശാചുക്കളുടെ ആക്രമണത്തിൽനിന്നുള്ള മോചനമല്ല നിർമമത; എന്തെന്നാൽ അങ്ങനെയൊരു മോചനം കിട്ടണമെങ്കിൽ അപ്പോസ്തോലൻ പറയുന്നതുപോലെ: 'നാം ഈ ലോകത്തിൽനിന്നു പുറത്തു പോകണം' (1 കൊരി 5:10). നിർമമതയെന്നാൽ പിശാചുക്കളുടെ ആക്രമണത്തിൽ പരാജയപ്പെടാതിരിക്കുക എന്നതാണ്. പടച്ചട്ട അണിഞ്ഞ സൈനികർക്ക് എതിരാളികളുടെ അമ്പ് ഏൽക്കുന്നില്ല, അമ്പ് അയയ്ക്കുന്ന ശബ്ദം കേൾക്കുകയും അമ്പുകൾ പാഞ്ഞുവരുന്നത് കാണുകയും ചെയ്യുമെങ്കിലും ഇരുമ്പുപടച്ചട്ടയാൽ സൈനികർ സുരക്ഷിതരായിരിക്കുന്നതുപോലെ, നമ്മുടെ സദ്പ്രവൃത്തികൾമൂലം ദിവ്യപ്രകാശത്തിന്റെ പടച്ചട്ടയും രക്ഷയുടെ പടത്തൊപ്പിയും നമ്മെ പിശാചുക്കളുടെ ആക്രമണങ്ങളിൽനിന്നു രക്ഷിക്കുന്നു. തിന്മയിൽനിന്നു പിന്മാറുന്നതിലൂടെ മാത്രമല്ല, നന്മകൊണ്ട് തിന്മയെ നശിപ്പിക്കുന്നതിലൂടെയും നമുക്ക് പരിശുദ്ധി നേടാൻ കഴിയും.

99. ദൈവമനുഷ്യൻ എല്ലാ വികാരങ്ങളെയും കീഴടക്കിയാലും രണ്ടു പിശാചുക്കൾ തുടർന്നും അയാളെ ആക്രമിക്കുന്നു. ആദ്യത്തേത്, ദൈവത്തോടുള്ള സ്നേഹത്തിൽനിന്ന് അയാളുടെ ആത്മാവിനെ വ്യതിചലിപ്പിക്കുകയും, മറ്റൊരാത്മാവും അത്രമാത്രം ദൈവത്തിന്റെ പ്രീതി നേടരുതെന്ന് ആഗ്രഹിക്കാൻ കാരണമാവുകയും ചെയ്യുന്നു. രണ്ടാമത്തെ പിശാചാകട്ടെ, ശരീരത്തിൽ കാമാസക്തി നിറയ്ക്കുന്നു. ഒന്നാമതായി, സന്താനോല്പാദനത്തിനു കാരണമാകുന്നതിനാൽ ഇതു വളരെ സ്വാഭാവികമാണ്. അതിനാൽ വളരെ എളുപ്പത്തിൽ നാം അതിന് കീഴ്പ്പെടുന്നു. ഇതിന്റെ രണ്ടാമത്തെ കാരണം, ഇതു സംഭവിക്കാൻ ദൈവം അനുവദിക്കുന്നു എന്നതാണ്. ഒരു സന്ന്യാസി, എല്ലാ സദ്ഗുണങ്ങളിലും പുരോഗമിച്ച് പക്വത പ്രാപി

www.malankaralibrary.com

ക്കുന്നതായി കർത്താവു കാണുമ്പോൾ, ലോകത്തിലുള്ള മറ്റെല്ലാവരെ ക്കാളും താഴ്ന്നവനായി അവൻ തന്നെത്തന്നെ കരുതുന്നതിനുവേണ്ടി ചിലപ്പോൾ കാമാസക്തിയുടെ പിശാചിനാൽ മലിനപ്പെടാൻ അനു വദിക്കും. ആത്മീയമായ പക്വത നേടിക്കഴിയുമ്പോൾ മാത്രമല്ല, അതിനു മുമ്പും കാമാസക്തിയുടെ പിശാച് ഒരു സന്ന്യാസിയെ ആക്രമി ച്ചേക്കാം. മറ്റെന്തെല്ലാം സദ്ഗുണങ്ങൾ നേടിയാലും ഈ പിശാചിന്റെ ആക്രമണം ആത്മാവിനെ അധഃപതിപ്പിക്കുന്നു. ആദ്യത്തെ പിശാചി നെതിരെ എളിമയും സ്നേഹവും ഉപയോഗിച്ചും, രണ്ടാമത്തെ പിശാചി നെതിരെ ആത്മനിയന്ത്രണം, കോപത്തിൽനിന്നുള്ള മോചനം, മരണത്തെക്കുറിച്ചുള്ള തീവ്രമായ ചിന്ത എന്നീ മാർഗ്ഗങ്ങളിലൂടെയു മാണ് പോരാടേണ്ടത്; പരിശുദ്ധാത്മാവിന്റെ ഊർജ്ജം നമ്മിൽ നിറയു ന്നതുവരെ, കർത്താവിന്റെ സഹായത്താൽ ഈ വികാരങ്ങളെ നാം പൂർണ്ണമായും കീഴടക്കുന്നതുവരെ ഇതു തുടരുകയും വേണം.

100. ദൈവികജ്ഞാനം അനുഭവിക്കാൻ ഭാഗ്യം ലഭിച്ചവർ തങ്ങളുടെ അനാവശ്യമായ എല്ലാ സങ്കല്പങ്ങൾക്കും അവ മനഃപൂർവ്വമല്ലെങ്കിലും, ഉത്തരം പറയേണ്ടിവരും. 'എന്തെന്നാൽ, മനഃപൂർവ്വമല്ലാതെയുള്ള എന്റെ പിഴകളെപ്പോലും അങ്ങ് ശ്രദ്ധിച്ചിരിക്കുന്നു' എന്ന് ഇയ്യോബ് ശരിയായിത്തന്നെ പറഞ്ഞിരിക്കുന്നു (ഇയ്യോബ് 14:17). ദൈവ സ്മരണയ്ക്ക് മുടക്കം വരാതിരിക്കുകയും ദൈവകല്പനകളെ അവഗണിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം ബോധപൂർവ്വമായോ അല്ലാതെയോ നാം പാപത്തിലേക്ക് വഴുതിവീഴുകയില്ല. അതിനാൽ നമ്മുടെ സാധാരണ ജീവിതചര്യയിൽ അറിയാതെ സംഭവിക്കുന്ന വീഴ്ചകൾപോലും നാം ദൈവത്തിന്റെ മുമ്പിൽ ഏറ്റുപറയണം -മാനുഷികമായ ഈ വീഴ്ചകൾ തടയാൻ മനുഷ്യർക്കു സാദ്ധ്യമല്ല- നമ്മുടെ സ്നേഹപൂർണ്ണമായ കണ്ണുനീരാൽ ദൈവം നമ്മോടു ക്ഷമിച്ചു എന്ന് നമുക്ക് ബോദ്ധ്യമാകുന്നതുവരെ ഈ ഏറ്റുപറച്ചിൽ തുടരണം. 'നാം നമ്മുടെ പാപങ്ങൾ ഏറ്റുപറയുമ്പോൾ വിശ്വസ്തനും നീതിമാനുമായ ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും നമ്മെ അനീതിയിൽനിന്നു ശുദ്ധീകരിക്കുകയും ചെയ്യുന്നു' (1 യോഹ 1:9). കുമ്പസാരവേളയിൽ പൂർണ്ണമായ ജാഗ്രത പുലർത്തേണ്ടതുണ്ട്, അങ്ങനെ, ദൈവത്തോട് നാം നടത്തിയ കുമ്പസാരം കഷ്ടിച്ച് തൃപ്തി കരമായി എന്ന വിശ്വാസത്താൽ നമ്മുടെ മനഃസാക്ഷി വഞ്ചിക്ക

www.malankaralibrary.com

പ്പെടാതിരിക്കട്ടെ. നാം യാതൊരു തെറ്റും ചെയ്തതായിട്ട് നമുക്കു തോന്നുന്നില്ലെങ്കിലും ദൈവത്തിന്റെ വിധി നമ്മുടെ മനഃസാക്ഷിയെക്കാളും കൂടുതൽ കഠിനമായിരിക്കും. ഇതുതന്നെയാണ് വി. പൗലോസ് തന്റെ ജ്ഞാനത്താൽ നമ്മെ പഠിപ്പിക്കുന്നതും, അദ്ദേഹം പറയുന്നതു ശ്രദ്ധിക്കുക: 'ഞാൻ എന്നെ വിധിക്കുന്നില്ല. ഞാൻ ഏതെങ്കിലും തരത്തിൽ കുറ്റക്കാരനാണെന്ന് എനിക്കു ബോദ്ധ്യമില്ല. എന്നാൽ അതുകൊണ്ടു മാത്രം ഞാൻ നീതീകരിക്കപ്പെട്ടുവെന്ന് അർത്ഥമില്ല. എന്നെ വിധിക്കുന്നവൻ കർത്താവാണ്' (1 കൊരി 4:3,4).

അറിയാതെ ചെയ്തുപോകുന്ന പാപങ്ങളെക്കുറിച്ച് നാം കുമ്പസാരിക്കുന്നില്ലെങ്കിൽ മരണവേളയിൽ നമ്മുടെ ഉള്ളിൽ ഭയമുണ്ടാകുന്നു. കർത്താവിനെ സ്നേഹിക്കുന്ന നാം ആ സമയത്ത് ഭയമുണ്ടാകാതിരിക്കാൻവേണ്ടി പ്രാർത്ഥിക്കണം. ആ സമയത്ത് ഭയമുണ്ടായാൽ, അനന്തരലോകത്തിലെ ഭരണാധികാരികളുടെ മുമ്പിലേക്ക് സ്വതന്ത്രമായി കടന്നുചെല്ലാൻ നമുക്ക് കഴിയില്ല. നമ്മുടെ ആത്മാവിൽ നമുക്കനുഭവപ്പെടുന്ന ഭയത്തിനു കാരണം, അതിന്റെ ദുഷ്ടതയാണെന്ന് അവരുടെ വക്കീൽ നമുക്കെതിരെ വാദിക്കും. എന്നാൽ മരണവേളയിൽ, ദൈവസ്നേഹത്തിൽ ആനന്ദിക്കുന്ന ആത്മാവ് സമാധാനദൂതരായ മാലാഖമാരോടൊപ്പം അന്ധകാരശക്തികൾക്കു മീതെ ഉയർത്തപ്പെടും. 'നിയമത്തിന്റെ പൂർത്തീകരണമായ' (റോമ 13:10) സ്നേഹം, നിരന്തരം തന്റെയുള്ളിൽ പൂർത്തീകരിക്കപ്പെടുന്നതിനാൽ അതിന് ആത്മീയസ്നേഹത്തിന്റെ ചിറകുകൾ ലഭിക്കുന്നു. ക്രിസ്തുവിന്റെ പുനരാഗമനവേളയിൽ, ലൗകികജീവിതത്തിൽനിന്നു സന്തോഷപൂർവ്വം, ആത്മവിശ്വാസത്തോടെ പിരിഞ്ഞുപോയവരെ ഈ ആത്മവിശ്വാസം 'പിടികൂടുകയും' പുണ്യവാന്മാരോടൊപ്പം അവർക്കു സ്ഥാനം നല്കുകയും ചെയ്യും (1 തെസ 4:17). എന്നാൽ മരണസമയത്ത് ഒരു നിമിഷനേരത്തേക്കെങ്കിലും ഭയം അനുഭപ്പെടുന്നവർക്കാകട്ടെ, മറ്റു മനുഷ്യർക്കൊപ്പം അഗ്നിപരീക്ഷണത്തെ നേരിടേണ്ടിവരുന്നു (1 പത്രോ 1:7). നമ്മുടെ ദൈവവും രാജാവുമായ യേശുക്രിസ്തുവിൽനിന്ന് അവരവരുടെ പ്രവൃത്തിക്കനുസരിച്ചുള്ള വിധിയാണ് ലഭിക്കുക. എന്തെന്നാൽ, നീതിയുടെ രാജാവായ അവിടുന്ന് തന്നെ സ്നേഹിക്കുന്നവർക്ക് തന്റെ രാജ്യത്തിന്റെ അനുഗ്രഹങ്ങൾ എക്കാലവും വർഷിച്ചുകൊണ്ടിരിക്കുന്നു. ആമേൻ.

www.malankaralibrary.com



**St. John**

**വിശുദ്ധ യോഹന്നാൻ**

www.malankaralibrary.com

# കാർപതോസിലെ വിശുദ്ധ യോഹന്നാൻ

## ആമുഖക്കുറിപ്പ്

കാർപതോസിലെ വിശുദ്ധ യോഹന്നാനെക്കുറിച്ച് തനിക്ക് കാര്യമായിട്ടൊന്നും അറിയില്ലെന്നാണ് വിശുദ്ധ നിക്കോദിമോസ് പറയുന്നത്: 'അദ്ദേഹം പ്രവർത്തനനിരതനായിരുന്നതും സന്ന്യാസ സമരത്തിൽ ഏർപ്പെട്ടിരുന്നതും ഏതു കാലത്താണെന്ന് തീർച്ചയില്ല'. ഇന്ന് നമുക്ക് അദ്ദേഹത്തെക്കുറിച്ച് അല്പംകൂടി ചില വിവരങ്ങൾ അറിയാമെന്നു മാത്രം. ക്രിറ്റിനും റോഡ്സിനുമിടയിലുള്ള സ്പൊറാഡസ് ദ്വീപസമുച്ചയത്തിലെ കാർപതോസ് ദ്വീപിലാണ് യോഹന്നാൻ ജീവിച്ചിരുന്നതെന്ന് കരുതപ്പെടുന്നു. അവിടെ സെനൊബിയത്തിൽ (ആശ്രമം) സന്ന്യാസജീവിതം നയിക്കുകയും പിന്നീട് ആ ദ്വീപിലെ ബിഷപ്പായി ജോലി ചെയ്യുകയും ചെയ്തിരുന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത്. ആറാം എക്യുമെനിക്കൽ കൗൺസിലിന്റെ (680-1) നടപടികളിൽ ഒപ്പുവച്ച 'കർപത്തിയോൻ' ദ്വീപിലെ ബിഷപ്പ് ജോൺ ഒരുപക്ഷേ ഇദ്ദേഹംതന്നെ ആയിരുന്നിരിക്കാം. പക്ഷേ ഇതൊരു അഭ്യൂഹം മാത്രമാണ്. ഇന്ത്യയിലെ സന്ന്യാസിമാർക്കായി എഴുതപ്പെട്ടതാണ് ഈ രണ്ടു ലേഖനങ്ങൾ. ഈ സന്ന്യാസിമാർ എത്യോപ്യയിലായിരുന്നിരിക്കാം ജീവിച്ചിരുന്നത്. സന്ന്യാസജീവിതം ഉപേക്ഷിക്കാൻ പ്രലോഭിതരായിരുന്നവർക്കു ധൈര്യം പകരുക എന്ന പ്രധാന ലക്ഷ്യത്തോടെ രചിക്കപ്പെട്ടവയാണ് ഈ ലേഖനങ്ങൾ.

www.malankaralibrary.com

## തനിക്ക് എഴുതിയ ഇന്ത്യയിലെ സന്ന്യാസിമാർക്ക് പ്രോത്സാഹനം നല്കുന്നതിനുവേണ്ടി: നൂറ് പാഠങ്ങൾ

ഒരു ഭൗമിക രാജാവിനെ സഹായാഭ്യർത്ഥനയുമായി സമീപിക്കുമ്പോൾ ആളുകൾ എന്തെങ്കിലുമൊരു ചെറിയ ഉപഹാരം -ചിലപ്പോൾ ഒരുകുല പൂക്കളാകാം- കാഴ്ചവയ്ക്കാറുണ്ട്; രാജാവ് അവരുടെ അഭ്യർത്ഥന നിരസിക്കുന്നില്ലെന്നു മാത്രമല്ല അവർക്ക് ധാരാളം സമ്മാനങ്ങൾകൂടി നല്കുകയും ചെയ്യുന്നു. ഇതുപോലെ ഞാൻ നിങ്ങൾ ആവശ്യപ്പെട്ടതുപോലെ വിവിധ സ്ഥലങ്ങളിൽനിന്നായി നൂറ് ആദ്ധ്യാത്മിക ലേഖനങ്ങൾ സംഭരിച്ചിരിക്കുന്നു. 'സ്വർഗ്ഗത്തിലെ പൗരന്മാരായ' നിങ്ങൾക്ക് ഞാൻ നല്കുന്ന കാഴ്ചയാണിത്' (ഫിലി 3:20). ഈ കാഴ്ച സ്വീകരിച്ചിട്ട് പകരം നിങ്ങളുടെ പ്രാർത്ഥനയുടെ സമ്മാനം എനിക്കു നല്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

1. സകലതിന്റെയും രാജാവായ ദൈവം എന്നേയ്ക്കും വാഴുന്നു. അവിടുത്തെ സാമ്രാജ്യത്തിന് തുടക്കമോ ഒടുക്കമോ ഇല്ല. അവിടുത്തെ ഭൃത്യന്മാരായിത്തീരുകയും അവിടുത്തേക്കുവേണ്ടി വിശുദ്ധി നേടാൻ ശ്രമിക്കുകയും ചെയ്യുന്നവർക്ക്, ഭൂമിയിലെ ഏതൊരു രാജാവു നല്കുന്നതിനെക്കാളും വിലയേറിയ സമ്മാനങ്ങളാണ് അവിടുന്നു നല്കുന്നത്. ലൗകികജീവിതത്തിലെ നേട്ടങ്ങൾ എത്ര വലുതാണെങ്കിലും ശരി, നാം മരിക്കുന്നതോടെ അവയെല്ലാം അവസാനിക്കുന്നു; എന്നാൽ ദൈവം യോഗ്യരെന്നു കരുതുന്നവർക്ക് നല്കുന്ന ബഹുമതികളാകട്ടെ, അനശ്വരങ്ങളും എക്കാലത്തേക്കും നിലനിൽക്കുന്നതുമാണ്.

2. തന്റെ ഒരു സങ്കീർത്തനത്തിൽ, സൃഷ്ടികൾ മുഴുവനും ദൈവത്തിന് അർപ്പിക്കുന്ന സ്തുതിയെക്കുറിച്ച് ദാവീദ് വിവരിക്കുന്നുണ്ട് (സങ്കീ 104). മാലാഖമാർ, മറ്റ് അദൃശ്യശക്തികൾ തുടങ്ങിയവരെ മാത്രമല്ല, ഭൂമിയിലേക്കിറങ്ങി വന്നുകൊണ്ട് വന്യമൃഗങ്ങൾ, കന്നുകാലികൾ, പക്ഷികൾ, ഇഴജന്തുക്കൾ തുടങ്ങിയവയെയും ഇതിലുൾപ്പെടുത്തുന്നു. എല്ലാ ജീവജാലങ്ങളും തങ്ങളുടെ സ്രഷ്ടാവിനെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നുവെന്ന് അദ്ദേഹം കരുതുന്നു;

www.malankaralibrary.com

തന്നാൽ സൃഷ്ടിക്കപ്പെട്ടവയെല്ലാം തന്നെ സ്തുതിക്കണമെന്നത് ദൈവ നിശ്ചയമാണ്. ആ നിലയ്ക്ക് ഓഫിറിലെ സ്വർണ്ണത്തിനു തുല്യനായ (1 രാജാ 10:11) സന്ന്യാസിക്ക് എങ്ങനെയാണ് ദൈവത്തിന്റെ സ്തുതി പാടുമ്പോൾ മടിയനും, ഉദാസീനനുമായിരിക്കാൻ സാധിക്കുക?

3. മുൾപ്പടർപ്പ് തീ പിടിച്ചിട്ടും കത്തിനശിച്ചില്ല എന്നു പറയുന്നതു പോലെ (പുറ 3:2) നിർമമത എന്ന വരം നേടിയവർ, ശാരീരികമോ മാനസികമോ ആയ താൽപര്യങ്ങൾ അവ എത്രമാത്രം ശക്തിമത്തും തപ്തവുമാണെങ്കിലും ശരി, അതിന്റെ തീയിൽ വെന്തു നശിക്കുന്നില്ല. എന്തെന്നാൽ കർത്താവിന്റെ സ്വരം പ്രകൃതിസഹജമായ താല്പര്യ ങ്ങളുടെ തീനാളങ്ങളെ അണയ്ക്കുന്നു (സങ്കീ 29:7). ദൈവത്തിന്റെ ഹിതവും അവിടുത്തെ വചനവും, പ്രകൃതി കൂട്ടിച്ചേർത്തതിനെ വേർപിരിക്കുന്നു.

4. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ മനുഷ്യാവസ്ഥയെ സൂചിപ്പിക്കുന്നു. ചിലപ്പോൾ അവൻ ശരിയായത് ചെയ്യുന്നു, ചിലപ്പോൾ പാപം ചെയ്യുകയും പിന്നീട് പശ്ചാത്താപത്തിലൂടെ വിശുദ്ധമായ ജീവിത ത്തിലേക്ക് തിരികെ വരികയും ചെയ്യുന്നു. പാപം ചെയ്യുന്നവരുടെ മനസ്സ് നിങ്ങളിൽ ചിലർ വിചാരിക്കുന്നതുപോലെ നശിക്കുന്നില്ല; ചന്ദ്രൻ നശിക്കുന്നില്ല. അതിന്റെ പ്രകാശം കുറയുന്നതേയുള്ളൂ. എന്നാൽ ചന്ദ്രൻ വൃദ്ധി-ക്ഷയത്തിനുശേഷം ഒരിക്കൽകൂടി പൂർണ്ണ ശോഭ പ്രാപിക്കുന്നതുപോലെ പശ്ചാത്താപത്തിലൂടെ ഒരുവൻ തനിക്കു നഷ്ടമായ ശോഭ വീണ്ടെടുക്കുന്നു. ഒരുവൻ ക്രിസ്തുവിൽ വിശ്വസിക്കുന്നുവെങ്കിൽ മരിച്ചാലും ജീവിക്കും (യോഹ 11:25). 'കർത്താവായ ഞാൻ, പറയുന്നതുപോലെതന്നെ പ്രവർത്തിക്കും' (എസ 17:24) എന്ന് അവൻ അറിയും.

5. ഒരുപറ്റം ദുഷ്ചിന്തകൾ നിങ്ങളുടെ മനസ്സിലേക്ക് കയറി വരുമ്പോൾ നിങ്ങൾ അവയ്ക്ക് കീഴടങ്ങുകയാണെങ്കിൽ, അതിന് അർത്ഥം ആ സമയത്ത് നിങ്ങൾ ദൈവകൃപയിൽനിന്ന് അകന്നു പോയിരിക്കുന്നുവെന്നാണ്. അവിടുത്തെ നീതിപൂർവ്വകമായ വിധിയാൽ അവിടുന്നു നിങ്ങളെ വിധിക്കു കൈവിട്ടിരിക്കുന്നു. നിങ്ങളുടെ ഭാഗത്തുനിന്നുള്ള അവഗണനമൂലം ഒരു നിമിഷനേര ത്തേക്കുപോലും ദൈവകൃപ നഷ്ടപ്പെടാനിടയാക്കരുത്. നിങ്ങൾക്ക് വീഴ്ചയെ അവഗണിക്കാൻ കഴിഞ്ഞാൽ, വികാരപരമായ ചിന്തകൾ

www.malankaralibrary.com

നിങ്ങൾക്കു മുമ്പിൽ നിരത്തുന്ന തടസ്സങ്ങളെ മറികടക്കാനും തന്റെ കാപട്യത്താൽ, ശത്രു നിരന്തരം നിങ്ങളോടു നിർദ്ദേശിക്കുന്ന അശുദ്ധമായ പ്രകോപനങ്ങളെ അതിജീവിക്കാനും കഴിഞ്ഞാൽ, നിങ്ങൾക്കു ലഭിച്ച സ്വർഗ്ഗീയമായ അനുഗ്രഹത്തെ വിസ്മരിക്കരുത്. അപ്പോസ്തോലൻ പറയുന്നതുപോലെ 'ഞാനല്ല, എന്നോടൊപ്പമുള്ള ദൈവകൃപയാണ്' (1 കൊരി 15:10) ഈ വിജയം നേടിയത്. എന്റെ മേൽ ചാടിവീണ അശുദ്ധമായ വിചാരങ്ങളിൽനിന്നും എന്നെ ഉയർത്തി അതിന്മേൽ വിജയം വരിച്ചത് ദൈവകൃപയാണ്. 'ദുഷ്ടനിൽനിന്നും എന്നെ രക്ഷിച്ചത്' ദൈവകൃപയാണ് (സങ്കീ 18:48) അതായത് പിശാചിൽനിന്നും എന്റെയുള്ളിലുള്ള 'പഴയ മനുഷ്യനിൽ' നിന്നും (റോമ 6:6) എന്നെ മോചിപ്പിച്ചത് ദൈവകൃപയാണ്. ആത്മാവിന്റെ ചിറകുകളാൽ ഞാൻ ഉയർത്തപ്പെടുകയും എന്റെ ശരീരത്തിന്റെ ഭാരത്തിൽനിന്നു മോചിപ്പിക്കപ്പെടുകയും ചെയ്തതോടെ, മനുഷ്യന്റെ മനസ്സിനെ വിഷയസുഖങ്ങളിലൂടെ ആക്രമിച്ചു കീഴടക്കുന്ന ഇര പിടിയൻ പിശാചുക്കളെ മറികടക്കാൻ എനിക്കു കഴിഞ്ഞു. ഈജിപ്തിൽനിന്ന്, ആത്മാവിനെ നശിപ്പിക്കുന്ന നാട്ടിൽനിന്ന്, എന്നെ മോചിപ്പിച്ചത് ദൈവമാണ്; എനിക്കുവേണ്ടി പോരാടിയതും തന്റെ അദൃശ്യമായ കരത്താൽ അമലേക്കിനെ ഓടിച്ച് അകറ്റിയതും ദൈവ മാണ് (പുറ 17:8-16); അതിനാൽ മറ്റ് അശുദ്ധവികാരങ്ങളെയും ആട്ടിപ്പായിക്കുമെന്ന പ്രതീക്ഷ അവിടുന്ന് എനിക്കു നല്കുന്നു. നമ്മുടെ 'ദൈവമായ അവിടുന്ന് ജ്ഞാനവും ശക്തിയും' (ദാനി 2:23) നമുക്കു നല്കും; ചിലർക്ക് ജ്ഞാനമുണ്ടെങ്കിലും ശത്രുക്കളെ തുരത്താനുള്ള ആത്മാവിന്റെ ശക്തി കിട്ടിയിട്ടില്ല. നിങ്ങളുടെ ശത്രു ക്കൾക്കു മുകളിൽ അവിടുന്ന് നിങ്ങളുടെ തല ഉയർത്തിപ്പിടിക്കും' (സങ്കീ 27:6). നിങ്ങൾക്ക് 'പ്രാവിന്റെ ചിറകുകൾ നല്കുകയും' 'പറന്ന് അകലാനും ദൈവത്തോടൊപ്പം വിശ്രമിക്കാനും' (സങ്കീ 55:6) അവസരം ഒരുക്കുകയും ചെയ്യുന്നു. നിങ്ങളുടെ കൈകളെ ദൈവം 'ഓട്ടുവില്ലു' പോലെ കരുത്തുറ്റതാക്കുന്നു (സങ്കീ 18:34); ശത്രുവിനെ തോല്പിക്കാനുള്ള ശക്തിയും സഹനശേഷിയും നല്കി, നിങ്ങൾക്കെതിരെ ഉയരുന്നവരെ നിങ്ങളുടെ കാൽക്കീഴിൽ അടിച്ച മർത്തുന്നു (സങ്കീ 18:39). അതിനാൽ നിങ്ങൾക്കു ലഭിക്കുന്ന ശുദ്ധ തയ്ക്ക് ദൈവത്തോട് നന്ദിപറയുക. നിങ്ങളുടെ ശരീരരക്തങ്ങളുടെ ആസക്തികൾക്ക് വഴങ്ങാതെയും നിങ്ങളെ ശല്യപ്പെടുത്തുകയും മലിന

www.malankaralibrary.com

പ്പെടുത്തുകയും ചെയ്യുന്ന അശുദ്ധാത്മാക്കൾക്ക് കീഴടങ്ങാതെയുമിരിക്കുന്നതിനുവേണ്ടി, തന്റെ വലംകൈകൊണ്ടാണ് അവിടുന്ന് നിങ്ങളെ കാത്തുരക്ഷിച്ചത്. അമലേക്കിനെ തോല്പിച്ചതിനുശേഷം മോശ പണിതതുപോലെയുള്ള ഒരു അൾത്താര അവിടുത്തേക്കുവേണ്ടി പണിതുയർത്തുക (പുറ 17:15). 'അതിനാൽ കർത്താവേ, ഞാൻ അങ്ങേയ്ക്കു നന്ദി പറയുന്നു, അങ്ങയുടെ നാമത്തെ ഞാൻ സ്തുതിക്കുന്നു' (സങ്കീ 18:49); അങ്ങയുടെ മഹനീയകൃത്യങ്ങളെ ഞാൻ വാഴ്ത്തുന്നു. എന്തെന്നാൽ, 'എന്റെ ജീവിതത്തെ അങ്ങ് നാശത്തിൽനിന്നു രക്ഷിച്ചിരിക്കുന്നു' (സങ്കീ 103:4); സാത്താന്റെ വെറും പുറംമോടിയും മോഹം ജനിപ്പിക്കുന്നതുമായ വലയിൽനിന്നും കെണിയിൽനിന്നും അങ്ങ് എന്നെ സംരക്ഷിച്ചിരിക്കുന്നു.

6. പിശാചുക്കൾ തങ്ങളുടെ ദുഷ്ടതയാൽ നമ്മിൽ ദുഷിച്ച വികാരങ്ങളെ പുനരുജ്ജീവിപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, ലോഗൊസിന്റെ (ദൈവവചനം) സന്ദർശനത്തോടൊപ്പം നമ്മുടെ കണ്ണുനീരുംകൂടിയാകുമ്പോൾ ദൈവം നമ്മുടെ വികാരങ്ങളെ, അവ എത്രമാത്രം രൂഢമൂലമാണെങ്കിലും അവയുടെ തീവ്രത കുറച്ച് അവയെ ഇല്ലായ്മ ചെയ്യുന്നു. ആത്മാവിന്റെയും ശരീരത്തിന്റെയും നാശകരവും പാപകരവുമായ വാസനകളെ ദൈവം പടിപടിയായി കുറയ്ക്കുകയും അങ്ങനെ നാം നമ്മുടെ ഉദാസീനതയിൽ കഴിയാതെ നിരന്തരമായ പ്രാർത്ഥനയിലൂടെയും അവിരതവും നിർലജ്ജവുമായ പ്രത്യാശയിലൂടെയും കർത്താവിനോട് ചേർന്നിരിക്കാനുള്ള വരം നമുക്ക് നല്കുകയും ചെയ്യുന്നു.

7. 'തിന്മയെ സംബന്ധിച്ചിടത്തോളം പൈതങ്ങളായ' (1 കൊരി 14:20; മത്താ 21:16) വിശ്വാസികളുടെ അധരങ്ങളിൽനിന്ന് എന്തുകൊണ്ടാണ് കർത്താവ് സ്തുതി സ്വീകരിക്കുന്നത്? കാരണം നിഷ്ഠൂരവാഴ്ച നടത്തുന്ന 'ശത്രുവിനെയും പ്രതികാരദാഹിയെയും' (സങ്കീ 8:2) ഇത്തരം സ്തുതിയിലൂടെ അവിടുന്ന് നശിപ്പിക്കുന്നു; സാത്താൻ വിശുദ്ധിയുടെ ശത്രുവും തിന്മയ്ക്കുവേണ്ടി പ്രതികാരം ചെയ്യാൻ ആഗ്രഹിക്കുന്നവനുമാണ്. ക്രിസ്തുവിനെ ഹൃദയലാളിത്യത്തോടെ സ്തുതിക്കുന്നതിലൂടെ ഈ ശത്രുവിന്റെ ഗൂഢാലോചനകളെ നാം തകിടം മറിക്കുകയും തകർക്കുകയും ചെയ്യുന്നു; എന്തെന്നാൽ 'അങ്ങയുടെ മഹത്ത്വത്തിന്റെ പൂർണ്ണതയിൽ അങ്ങ് ശത്രുവിനെ തകർത്തിരിക്കുന്നു' (പുറ 15:7).

www.malankaralibrary.com

8. പാപത്താൽ വികൃതമാക്കപ്പെട്ടതിനെ, ഗർഭച്ഛിദ്രം എന്ന് ആരെങ്കിലും ആലങ്കാരികമായി പറഞ്ഞാൽ അതിന്റെ അർത്ഥം, അവന്റ ശരീരത്തിന്റെ പകുതി ഈ ജീവിതത്തിൽവച്ചും ബാക്കി പകുതി വരാൻപോകുന്ന ജീവിതത്തിൽവച്ചും അഴുകിപ്പോകും എന്നാണ് (സംഖ്യ 12:12). എന്തെന്നാൽ, നാമോരോരുത്തരും സ്വന്തം പ്രവൃത്തിയുടെ ഫലം അനുഭവിക്കേണ്ടവരാണ്.

9. ഒരു സന്ന്യാസി ഉപവാസം, വികാരങ്ങളിൽനിന്നുമുള്ള വിടുതൽ എന്നിവ ശീലിക്കുകയും എല്ലായ്പ്പോഴും തീവ്രമായ ഏകാഗ്രത പുലർത്തുകയും വേണം.

10. നമ്മുടെ ആത്മാവിനോടുള്ള ശത്രുതയാൽ, പൊള്ളവാക്കുകളാൽ നമ്മെ പ്രശംസിക്കുന്നതിന് പിശാചുക്കൾ ചിലപ്പോൾ മറ്റുള്ളവരെ പ്രേരിപ്പിക്കും. നമുക്കു ലഭിച്ച ഈ പ്രശംസ നിമിത്തം നാം അശ്രദ്ധരായി മാറുന്നതിനായിട്ടാണിത്. അതിന്റെ ഫലമായി നാം ഗർവ്വിഷ്ഠരും അഹന്തയുള്ളവരുമായിത്തീർന്നാൽ നമ്മുടെ ശത്രുക്കൾക്ക് എളുപ്പത്തിൽ നമ്മെ തടവിലാക്കാൻ സാധിക്കും.

11. സ്തുതിവചനങ്ങളല്ല കടുത്ത വിമർശനമാണ് നിങ്ങൾ സ്വീകരിക്കേണ്ടത്; എന്തെന്നാൽ മുഖസ്തുതിക്കാരൻ 'ശപിക്കുന്നവനിൽനിന്നു വ്യത്യസ്തനല്ല' (സുഭാ 27:14).

12. നിങ്ങൾ ഉപവാസത്തിന്റെ നിയമം പാലിക്കാൻ ശ്രമിക്കുകയും എന്നാൽ അനാരോഗ്യംമൂലം അതിനു കഴിയാതിരിക്കുകയും ചെയ്താൽ ഹൃദയമനസ്താപത്തോടെ, എല്ലാ ജീവജാലങ്ങളെയും കുറിച്ച് കരുതലുള്ളവനും എല്ലാവരുടെയും വിധികർത്താവുമായ ദൈവത്തിന് നന്ദിപറയുക. നിങ്ങൾ എല്ലായ്പ്പോഴും കർത്താവിന്റെ മുമ്പിൽ എളിമയോടെ വ്യാപരിച്ചാൽ നിങ്ങൾ ആരോടും ഗർവ്വു കാണിക്കുകയില്ല.

13. ശത്രുവിനെതിരെയുള്ള നമ്മുടെ അജയ്യമായ ആയുധം പ്രാർത്ഥനയാണെന്ന് അവനറിയാം. അതിനാൽ പ്രാർത്ഥനയിൽ നിന്നും നമ്മെ അകറ്റാനാണ് അവൻ ശ്രമിക്കുന്നത്. ലൗകികമായ വിഷയങ്ങളെക്കുറിച്ചു പഠിക്കാനുള്ള ആഗ്രഹം അവൻ നമ്മിൽ നിവേശിപ്പിക്കുകയും പ്രാർത്ഥനയുടെ സമയം, നാം മുമ്പേ ഉപേക്ഷിച്ചു കളഞ്ഞ കാര്യങ്ങളെക്കുറിച്ചു പഠിക്കാനായി വിനിയോഗിക്കാൻ അവൻ

www.malankaralibrary.com

നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അവന്റെ ഇത്തരത്തിലുള്ള നിർദ്ദേശങ്ങളെ നമുക്ക് ചെറുത്തു നില്ക്കാം. അല്ലെങ്കിൽ നാം നമ്മുടെ സ്വന്തം വയൽ നോക്കാതെ അവിടെയും ഇവിടെയും അലഞ്ഞു തിരിഞ്ഞാൽ അത്തിപ്പഴത്തിനും മുന്തിരിക്കും പകരം മുള്ളുകളും മുൾച്ചെടികളുമായിരിക്കും കൊയ്തെടുക്കുക. എന്തെന്നാൽ 'ലൗകിക വിജ്ഞാനം ദൈവദൃഷ്ടിയിൽ ഭോഷത്തമാണ്' (1 കൊരി 3:19).

14. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'എല്ലാ ജനതകൾക്കുംവേണ്ടി യുള്ള മഹത്തായ സന്തോഷത്തിന്റെ സദ്‌വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു' (ലൂക്കോ 2:10) -ഈ സന്തോഷവാർത്ത ഏതാനും കുറച്ചുപേർക്കു മാത്രമുള്ളതല്ല. വീണ്ടും ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'ഭൂമി മുഴുവൻ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യട്ടെ' (സങ്കീ 66:4)- കുറച്ചുപേർ മാത്രമല്ല അങ്ങനെ ചെയ്യേണ്ടത്. സ്തുതി പാടുന്നത് ദുഃഖത്തിന്റെയല്ല, മറിച്ച്, ആഹ്ലാദത്തിന്റെ ലക്ഷണമാണ്. അതിനാൽ ഒട്ടും നിരാശരാകാതെ ഈ ജീവിതത്തിലൂടെ, ബോധപൂർവ്വമായ ആനന്ദത്തോടെ കടന്നുപോവുക. എന്നാൽ നമ്മുടെ സന്തോഷത്തെ ദൈവഭയത്തിലൂടെ നിയന്ത്രിക്കുകയും വേണം. അതിനായി ഈ വാക്കുകൾ ഓർമ്മിക്കുക: 'വിറയലോടെ ദൈവത്തിൽ സന്തോഷിക്കുക' (സങ്കീ 2:11). മഗ്ദലനമറിയവും അവളോടൊപ്പമുണ്ടായിരുന്ന സ്ത്രീകളും ക്രിസ്തുവിനെ അടക്കിയ കല്ലറയിൽനിന്നു ഭയത്തോടെയും സന്തോഷത്തോടെയുമാണ് ഓടിപ്പോയത് (മത്താ 28:8). ഒരു ദിവസം നമ്മളും നമ്മുടെ ആത്മീയ ശവകുടീരത്തിൽനിന്നു ഭീതിയോടെയും സന്തോഷത്തോടെയും ഇറങ്ങി വന്നേക്കാം. ഭയംകൂടാതെയാണ് നാം അങ്ങനെ ചെയ്യുന്നതെങ്കിൽ ഞാൻ അത്ഭുതസ്തബ്ധനാകണം, എന്തെന്നാൽ പാപവിമുക്തരായിട്ട് ആരുംതന്നെയില്ല. മോശയോ അപ്പോസ്തോലനായ പത്രോസോ പോലും പാപവിമുക്തരായിരുന്നില്ല. എന്നാൽ മോശ, പത്രോസ് തുടങ്ങിയവരുടെ മരണവേളയിൽ ദൈവസ്നേഹം വിജയിക്കുകയും ഭയത്തെ ആട്ടിയോടിക്കുകയും ചെയ്തു (1 യോഹ 4:18).

15. വികാരങ്ങളിലൂടെ ചരിക്കുന്നെങ്കിലും തനിക്ക് നിർവ്വികാരത എന്ന ദാനം ലഭിക്കുമെന്ന് എളിമയോടും അതേസമയം പൂർണ്ണ ഹൃദയത്തോടുംകൂടെ വിശ്വസിക്കുന്നവന് അത് ലഭിക്കുക തന്നെ ചെയ്യും എന്ന് തിരുലിഖിതം സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്തെന്നാൽ

www.malankaralibrary.com

ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: 'ഇന്ന് നീ എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും' (ലൂക്കോ 23:43), 'നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തിൽ പോവുക' (ലൂക്കോ 7:50). അനുഗൃഹീതമായ നിർവ്വികാരതയാണ് സമാധാനം. ഇതേ ആശയം തന്നെ വെളിപ്പെടുത്തുന്ന മറ്റു പല ഭാഗങ്ങളും വിശുദ്ധ ബൈബിളിൽ നമുക്കു കാണുവാൻ സാധിക്കും. ഉദാഹരണത്തിന്: 'വിതയ്ക്കേണ്ട കാലമാകുമ്പോൾ മുന്തിരി പാകമാകും' (ആമോ 9:13) എന്നും 'നിന്റെ വിശ്വാസംപോലെ നിനക്കു ഭവിക്കട്ടെ' (മത്താ 9:29) എന്നും വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നു.

16. നാം വികാരങ്ങളെ തീവ്രമായി എതിർക്കുമ്പോൾ അപമാനകരമായ ചിന്തകളിലൂടെ പിശാചുക്കൾ നമ്മെ രൂക്ഷമായി ആക്രമിക്കുന്നു. അത്തരം അവസരങ്ങളിൽ നാം ദൈവത്തിൽ ഉറച്ചു വിശ്വസിക്കുകയും അവിടുന്നു നമുക്കു വാഗ്ദാനം ചെയ്ത അനശ്വരമായ അനുഗ്രഹങ്ങളിൽ പ്രതീക്ഷയർപ്പിക്കുകയുമാണ് വേണ്ടത്. തങ്ങളുടെ അസൂയയാൽ നമ്മെ ഇത്തരം വാഗ്ദത്തമായ അനുഗ്രഹങ്ങളിൽനിന്ന് അകറ്റാനും അവ ഇല്ലാതാക്കാനുമായിരിക്കും ശത്രുക്കൾ ശ്രമിക്കുന്നത്. നമ്മുടെ ശത്രുക്കൾ നമ്മോട് അസൂയാലുക്കളാണ് എന്നതുതന്നെ ഈ അനുഗ്രഹങ്ങളുടെ മഹത്ത്വത്തെ സൂചിപ്പിക്കുന്നു. അശുദ്ധ ചിന്തകൾ നമ്മുടെ നേരെ തുടരെത്തുടരെ തൊടുത്തുവിട്ടുകൊണ്ട്, അവരുടെ നിരന്തരവും അസഹനീയവുമായ ആക്രമണത്താൽ നാം നിരാശരായിത്തീരും എന്നു പ്രതീക്ഷിച്ച്, തങ്ങളിൽത്തന്നെ സംതൃപ്തിയടയാനാണ് അവറ്റകൾ ശ്രമിക്കുന്നത്.

17. സദ്ഗുണങ്ങൾ ശീലിക്കുന്നതാണ് ആത്മീയജ്ഞാനത്തിന്റെ ഏറ്റവും സത്യസന്ധമായ അവസ്ഥയെന്ന് ചിലർ കരുതുന്നു. അങ്ങനെയാണെങ്കിൽ നമ്മുടെ ഓരോ പ്രവൃത്തിയിലൂടെയും നമ്മിലുള്ള ആത്മീയജ്ഞാനവും വിശ്വാസവും പ്രകടമാക്കാൻ നമുക്കു കഴിയണം. ജ്ഞാനത്തിൽമാത്രം അന്ധമായി വിശ്വസിക്കുന്നവർ ഈ വാക്കുകൾ ശ്രദ്ധിക്കുക: 'ദൈവത്തെ അറിയാമെന്ന് അവർ അവകാശപ്പെടുന്നു. എന്നാൽ തങ്ങളുടെ പ്രവൃത്തികളിലൂടെ അവർ ദൈവത്തെ നിഷേധിക്കുന്നു' (തീത്തോ 1:16).

18. വലിയ തിരുനാളുകളിലും വിശുദ്ധ കുർബ്ബാനയിലും -പ്രത്യേകിച്ച് വി. കുർബ്ബാന സ്വീകരിക്കുവാൻ നാം ആഗ്രഹിക്കു

www.malankaralibrary.com

മ്പോൾ- ആണ് പിശാചുക്കൾ കൂടുതലായി അശുദ്ധമായ ഭാവന കളാലും ബീജസ്രാവത്താലും സന്ന്യാസിയെ മലിനപ്പെടുത്താൻ ശ്രമിക്കുന്നത്. എന്നാൽ ധൈര്യപൂർവ്വം ഉറച്ച മനസ്സോടെ അവയെ ചെറുത്തുനില്ക്കാൻ ശീലിച്ചവരെ തോല്പിക്കാൻ അവയ്ക്കു സാധിക്കുകയില്ല. നിവർന്നുനിന്നുകൊണ്ട് കൂനന്മാർക്ക് നമ്മുടെമേൽ വിജയോത്സവം നടത്താൻ സധിക്കുകയില്ലല്ലോ.

19. വ്യത്യസ്തങ്ങളായ പ്രലോഭനങ്ങളിലൂടെ നിങ്ങളുടെ ആത്മാവിന് ആഘാതമേല്പിച്ചുകൊണ്ട് നിങ്ങളുടെ ആന്തരികമായ ദൃഢനിശ്ചയത്തെ രഹസ്യമായി നശിപ്പിക്കാൻ പിശാചുക്കൾ ശ്രമിക്കുന്നു. എന്നാൽ ഈ ഞെരുക്കങ്ങളിലൂടെ നിങ്ങൾക്കായി ഒരു ഹാരം നിർമ്മിക്കപ്പെടുകയാണ് ചെയ്യുന്നത്; എന്തെന്നാൽ, 'നമ്മുടെ ദൗർബ്ബല്യത്തിലാണ് ക്രിസ്തുവിന്റെ ശക്തി നമ്മിൽ പൂർണ്ണമാകുന്നത്' (2 കൊരി 12:9). നമ്മുടെ അവസ്ഥ ഏറ്റവും സങ്കടകരമാകുമ്പോഴാണല്ലോ ആത്മാവിന്റെ കൃപ നമ്മിൽ പുഷ്പിക്കുന്നത്. 'നീതിമാന്മാർക്കുവേണ്ടി അന്ധകാരത്തിൽ ദീപം പ്രകാശിച്ചു' (സങ്കീ 112:4); നമ്മുടെ ആത്മവിശ്വാസം നിലനിർത്തിക്കൊണ്ട് അങ്ങേയറ്റംവരെ പ്രത്യാശയിൽ സന്തോഷിക്കുകയാണ് നാം ചെയ്യേണ്ടത്' (എബ്രാ 3:6).

20. ചപലമായ സംഭാഷണവും പരിഹാസവുംപോലെ സദ്ഗുണത്തെ ഇല്ലായ്മ ചെയ്യുന്ന മറ്റൊന്നുമില്ല. നേരെമറിച്ച് ദൈവഭയം, ശ്രദ്ധ, സ്ഥിരമായ തിരുലിഖിതധ്യാനം, പ്രാർത്ഥനയിലൂടെയുള്ള ആയുധം ധരിക്കൽ, ജാഗരണത്തിലൂടെ കൈവരിക്കുന്ന ആത്മീയപുരോഗതി എന്നിവപോലെ, ദുരിതത്തിലാഴുന്ന ആത്മാവിനെ നവീകരിക്കുന്ന മാർഗ്ഗവും വേറെയില്ല.

21. മനുഷ്യരിൽനിന്നോ പിശാചുക്കളിൽനിന്നോ ഉണ്ടാകുന്ന സകല വിഷമങ്ങളെയും സ്ഥൈര്യത്തോടെ സഹിക്കുക ആത്മാവിന് വളരെയേറെ ആവശ്യമാണ്. അത് ആത്മാവിനു വളരെയധികം ഗുണം ചെയ്യും. നമ്മുടെ സഹനങ്ങളെല്ലാം നാം അർഹിക്കുന്നതിലും ഒട്ടും അധികമല്ല എന്നു നാം മനസ്സിലാക്കണം. അതിനാൽ നാം മറ്റാരെയുമല്ല, നമ്മെത്തന്നെയാണ് കുറ്റപ്പെടുത്തേണ്ടത്. സ്വന്തം ദുരിതങ്ങളുടെ പേരിൽ അന്യരെ കുറ്റപ്പെടുത്തുന്നവൻ ശരിയായി വിധിക്കാൻ കഴിവില്ലാത്തവനാണ്.

www.malankaralibrary.com

22. ചില സമയത്ത് ദുരിതങ്ങളും പ്രലോഭനങ്ങളും വർദ്ധിക്കുകയും, അവ താങ്ങാൻ കഴിവില്ലാതെ ആളുകൾ സത്യത്തിന്റെ പാതയിൽനിന്നു വ്യതിചലിക്കുകയും ചെയ്യാറുണ്ട്. എന്തെന്നാൽ, അയാളുടെ വിവേകവും കഴിവുമെല്ലാം മേല്പ്പറഞ്ഞ സാഹചര്യങ്ങളാൽ നഷ്ടമാകുന്നു. നമുക്ക് ആത്മവിശ്വാസമുണ്ടാകുന്നത് തടയാനാണ് ഇങ്ങനെ സംഭവിക്കുന്നത്. 'എന്റെ സ്വന്തം കൈ എന്നെ രക്ഷിച്ചു എന്ന് ഇസ്രായേൽ പൊങ്ങച്ചം പറയാതിരിക്കട്ടെ' (ന്യായാ 7:2). എന്നാൽ സാത്താൻ ദൈവകല്പനയാൽ നമ്മെ വിട്ടുപോകുന്നതോടെ നമുക്ക് വീണ്ടും പഴയ മാനസികാവസ്ഥയിൽ എത്താൻ കഴിയുന്നു. നമ്മെ പാപം ചെയ്യാൻ പ്രേരിപ്പിക്കുന്ന സാത്താൻ എല്ലാ വിഷയങ്ങളിലും വികാരതല്പരതയോടെ ഇടപെടാൻ നമ്മെ നിർബ്ബന്ധിക്കുന്നു. നമ്മുടെ ബുദ്ധിയെ മൂടൽമഞ്ഞുകൊണ്ട് മറയ്ക്കുകയും ശരീരത്തിന് ഭാരമേറ്റുകയും ചെയ്യുന്നു. അങ്ങനെ സാത്താൻ, ഒരു നവജാതശിശുവിനെപ്പോലെ നിഷ്കളങ്കമായ നമ്മുടെ ആന്തരികവ്യക്തിത്വത്തെ നാനാവിധ പാപങ്ങളെ അനുഭവിക്കുന്നതും തീരുമാനങ്ങളെടുക്കാനുള്ള ശേഷിക്കുറവിലൂടെയും സംശയത്തിലൂടെയും വിഷംപുരണ്ടതും വികൃതവുമാക്കിത്തീർക്കുകയും ചെയ്യുന്നു.

23. ഒരാൾ ആന്തരികമായി വളരുകയും വിശുദ്ധി നേടുകയും ചെയ്യുന്നതിനനുസരിച്ച് അയാൾ വലിയവനും വിസ്മയനീയനുമായിത്തീരുന്നു. എന്നാൽ ആന, എലിയെ പേടിക്കുന്നതുപോലെ അയാൾ പാപത്തെ പേടിക്കുന്നു; മറ്റുള്ളവരോട് വിശുദ്ധിയെപ്പറ്റി പ്രസംഗിക്കുന്ന താൻ പാപത്താൽ 'പുറന്തള്ളപ്പെട്ടവനായേക്കുമെന്ന് അയാൾ ഭയപ്പെടുന്നു' (1 കൊരി 9:27).

24. ലോകാവസാനത്തിൽ മാത്രമല്ല പിശാച് 'അത്യുന്നതനെതിരെ സംസാരിക്കുന്നത്' (ദാനി 7:25). ഇപ്പോൾതന്നെ നമ്മുടെ ചിന്തകളിലൂടെ പ്രവർത്തിച്ചുകൊണ്ട് ചിലപ്പോഴൊക്കെ സ്വർഗ്ഗത്തിനു നേരെ തിരിഞ്ഞ്, അത്യുന്നതനെതിരായും അവിടുത്തെ സർവ്വസൃഷ്ടജാലങ്ങൾക്കും ക്രിസ്തുവിന്റെ ദിവ്യരഹസ്യങ്ങൾക്കുമെതിരായും ഉഗ്രമായ ഭീഷണികളും ദൂഷണങ്ങളും അവൻ തൊടുത്തുവിടുന്നുണ്ട്. എന്നാൽ ആത്മീയജ്ഞാനത്തിന്റെ പാറമേൽ കയറിപ്പറ്റുന്നതോടെ നാം ഇതിനെ ഭയപ്പെടുകയോ പ്രതികാരദാഹിയുടെ ഗർവ്വിനെക്കുറിച്ച് വിസ്മയിക്കു

www.malankaralibrary.com

കയോ ഇല്ല. വിശ്വാസത്തിലും പ്രാർത്ഥനയിലും നാം കൂടുതൽ തീവ്രത നേടി വളരുന്നതോടെ ഉന്നതത്തിൽനിന്നും നമുക്കു സഹായം ലഭിക്കുകയും നാം ശത്രുവിനെ ചെറുത്തുനില്ക്കുകയും ചെയ്യും.

25. ആത്മാവ് ശരീരത്തെ വിട്ടുപോകുന്ന സമയത്ത്, അതിനെ ദുഷിപ്പിക്കാനായി, അതിന്റെ പാപങ്ങളെക്കുറിച്ച് ഭയപ്പെടുത്തുന്ന രീതിയിൽ കുറ്റാരോപണം നടത്തിക്കൊണ്ട് ശത്രു അതിനു നേരെ ദൂഷണവുമായി പാഞ്ഞടുക്കുന്നു. എന്നാൽ മുൻകാലങ്ങളിൽ പാപം ചെയ്തിട്ടുണ്ടെങ്കിൽകൂടി, ദൈവസ്നേഹം ആസ്വദിക്കുകയും അവിടുന്നിൽ വിശ്വസിക്കുകയും ചെയ്യുന്ന ആത്മാവ് ശത്രുവിന്റെ ആക്രമണത്തിലും ഭീഷണിയിലും ഭയപ്പെടുന്നില്ല. കർത്താവിൽനിന്നു ശക്തി നേടുകയും സന്തോഷത്തിന്റെ ചിറകുകൾ മുളയ്ക്കുകയും തന്നെ നയിക്കുന്ന വിശുദ്ധ മാലാഖമാരിൽനിന്ന് ധൈര്യം ആർജ്ജിക്കുകയും വിശ്വാസത്തിന്റെ വെളിച്ചത്താൽ വലയം ചെയ്യപ്പെടുകയും ചെയ്യുന്ന ആത്മാവ് സാത്താനോട് ധൈര്യപൂർവ്വം ഇങ്ങനെ പറയുന്നു: 'ദൈവത്തിന്റെ ശത്രുവേ, സ്വർഗ്ഗത്തിൽനിന്നു പുറത്താക്കപ്പെട്ടവനേ, ദുഷ്ടനായ അടിമയേ, നിന്നോട് എനിക്ക് എന്തു ബന്ധമാണുള്ളത്? നിനക്ക് എന്റെമേൽ അധികാരമില്ല; ദൈവപുത്രനായ ക്രിസ്തുവിനാണ് എന്റെയും മറ്റെല്ലാ വസ്തുക്കളുടെയും മേൽ അധികാരമുള്ളത്. അവിടുത്തേയ്ക്കെതിരായാണ് ഞാൻ പാപം ചെയ്തത്. എന്നാൽ എന്റെ നേർക്കുള്ള അവിടുത്തെ സ്നേഹത്തിന്റെ ഉറപ്പുള്ള പരിചയാകുന്ന കുരിശുമായി യുദ്ധസമയത്ത് ഞാൻ അവിടുത്തെ മുമ്പിൽ നില്ക്കും. അതിനാൽ വിനാശകനേ, എന്നിൽനിന്നും അകന്നു പോവുക. ക്രിസ്തുവിന്റെ ദാസരുടെ അടുക്കൽ നിനക്ക് ഒന്നും ചെയ്യാനില്ല. ആത്മാവ് ഭയലേശമെന്യേ ഇപ്രകാരം പറയുമ്പോൾ ക്രിസ്തുവിന്റെ നാമത്തിനു മുമ്പിൽ നില്ക്കാനാവാതെ പിശാച് അലറിക്കൊണ്ട് പിന്തിരിഞ്ഞോടും. അപ്പോൾ ആത്മാവ് പിശാചിന്റെ മേൽ ചാടിവീഴുകയും പരുന്ത് കാക്കയെ എന്നപോലെ അതിനെ ആക്രമിക്കുകയും ചെയ്യും. അതിനുശേഷം ആനന്ദത്തോടെ അതിന്റെ ആന്തരികാവസ്ഥയ്ക്കനുസൃതമായി അതിനുവേണ്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്ന സ്ഥലത്തേക്ക് മാലാഖമാരാൽ അത് സംവഹിക്കപ്പെടും.

26. റിമോറ എന്നു പേരുള്ള ഒരു ചെറിയ കടൽമത്സ്യമുണ്ട്. കപ്പലിന്റെ അടിത്തട്ടിൽ ഈ മത്സ്യം പറ്റിപ്പിടിച്ചിരുന്നാൽ ഏതു വലിയ

www.malankaralibrary.com

കപ്പലും നിന്നുപോകും. ഇതുപോലെതന്നെ ആത്മീയജീവിതത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരാളിനെ തടഞ്ഞുനിർത്താൻ ഒരു ചെറിയ പ്രലോഭനത്തിനുപോലും കഴിയും. മഹാനായ അപ്പോസ്തോലന്റെ വാക്കുകൾ ഓർമ്മിക്കുക: 'ഒന്നിൽ കൂടുതൽ തവണ അങ്ങോട്ടു വരാൻ പൗലോസായ ഞാൻ ആഗ്രഹിച്ചതാണ്; എന്നാൽ സാത്താൻ എന്നെ തടഞ്ഞുനിർത്തി' (1 തെസ 2:18). ഇത്തരം തടസ്സങ്ങളൊന്നും നിങ്ങളെ അസ്വസ്ഥരാക്കിത്തീർക്കരുത്; ചെറുത്തുനിൽക്കുക, സഹിഷ്ണുത പുലർത്തുക, നിങ്ങൾക്ക് ദൈവകൃപ ലഭിക്കും.

27. ആത്മീയപാതയിൽ ഏറെ പുരോഗമിച്ചുകഴിഞ്ഞ ഒരുവൻ അലസതമൂലം പിന്നോട്ടു പോവുകയാണെങ്കിൽ 'കിഴക്കിന്റെ സന്താനങ്ങളായ' തിന്മയുടെ ശക്തികൾ, 'അമലേക്യരും മിദിയാൻകാരും' അയാളെ ആക്രമിക്കും. അവരുടെ 'ഒട്ടകങ്ങൾ എണ്ണമറ്റവയാണ്' (ന്യായാ 7:12). മിദിയാൻകാർ ചാരിത്ര്യഭംഗത്തിന്റെ ശക്തികളുടെ പ്രതീകമാണ്, അവരുടെ എണ്ണമറ്റ ഒട്ടകങ്ങൾ അശുദ്ധമായ വികാരങ്ങളും. ഈ ശത്രുസൈന്യങ്ങൾ 'ഭൂമിയുടെ എല്ലാ വിളവുകളെയും നശിപ്പിക്കുന്നു'. അതായത്, എല്ലാ നല്ല പ്രവൃത്തിയെയും അവസ്ഥയെയും (ന്യായാ 6:4). അങ്ങനെ ഇസ്രായേൽ -അതായത് നാം ആരെക്കുറിച്ചാണോ സംസാരിക്കുന്നത് അയാൾ- പരമദാരിദ്ര്യത്തിലേക്കും നിരാശയിലേക്കും നിപതിക്കും. അപ്പോൾ കർത്താവിനെ വിളിക്കാൻ അയാൾ നിർബ്ബന്ധിതനാകും. തന്റെ ഗാഢമായ വിശ്വാസവും എളിമയും മൂലം അയാൾക്ക്, ഗിദേയോനു കിട്ടിയതുപോലെ, സ്വർഗ്ഗത്തിൽനിന്നു സഹായം ലഭിക്കുന്നു. 'എന്റെ ഗോത്രമാണ് മനാസ്സെ വംശത്തിൽ ഏറ്റവും ദുർബ്ബലമായത്' എന്നാണ് ഗിദെയോൻ പറഞ്ഞത് (ന്യായാ 6:15). ഒരു വലിയ സൈന്യത്തെ നേരിടാൻ, ദുർബ്ബലമായ തന്റെ വംശത്തിനു കഴിയില്ലെന്നാണ് അയാൾ പറഞ്ഞത്, എന്നാൽ എല്ലാവരുടെയും പ്രതീക്ഷയ്ക്കു വിപരീതമായി കേവലം മുന്നൂറു പടയാളികൾ മാത്രമുള്ള ഗിദയോന്റെ ചെറിയ സൈന്യം ശക്തന്മാരായ ശത്രുക്കളെ തോല്പിച്ചു. എന്തെന്നാൽ ദൈവകാരുണ്യം അയാളോടൊപ്പം പോരാടിക്കൊണ്ടിരുന്നു.

28. നിങ്ങളുടെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി ദൈവം തന്റെ ദൂതന്മാരെ അയച്ച് നിങ്ങളെ സംരക്ഷിക്കുന്നില്ലെങ്കിൽ

www.malankaralibrary.com

നിങ്ങൾക്ക് 'അണലിയുടെയും മൂർഖന്റെയും പുറത്തുകൂടി നടക്കുവാൻ' (സങ്കീ 91:13) സാധിക്കുകയില്ല. ആ ദൂതന്മാർ തങ്ങളുടെ കൈകൾകൊണ്ട് നിങ്ങളെ താങ്ങുകയും അശുദ്ധിയുടെ ചാലിൽ നിന്നും ഉയർത്തുകയും ചെയ്യും.

29. കുറച്ചു സമയത്തെ ചെറുത്തുനില്പിനുശേഷം ഒരുവൻ ശത്രുക്കളാൽ തോല്പിക്കപ്പെടുന്നുവെന്നിരിക്കട്ടെ; അയാൾ നിരാശപ്പെടാൻ പാടില്ല. അയാൾ ധൈര്യമവലംബിക്കട്ടെ. യെശയ്യായുടെ വാക്കുകളിൽനിന്ന് അയാൾക്ക് പ്രചോദനം ഉൾക്കൊള്ളാവുന്നതാണ്: 'നിങ്ങൾക്ക് എത്ര കരുത്തുണ്ടെങ്കിലും, ദുഷ്ടന്മാരായ പിശാചുക്കളേ, നിങ്ങൾ തോല്പിക്കപ്പെടും; വീണ്ടും ശക്തി സംഭരിച്ച് ആക്രമണം നടത്തിയാൽ വീണ്ടും നിങ്ങൾ പരാജയപ്പെടും. നിങ്ങളുടെ ഏതു ഗൂഢാലോചനയെയും കർത്താവ് പരാജയപ്പെടുത്തും: 'എന്തെന്നാൽ ദൈവം ഞങ്ങളോടൊപ്പമുണ്ട്' (യശ 8:9,10). 'താഴ്ത്തപ്പെട്ടവരെയെല്ലാം ഉയർത്തുകയാണ് ദൈവം ചെയ്യുന്നത്' (സങ്കീ 145:14). ഒപ്പം, നാം പശ്ചാത്തപിക്കുമ്പോൾ നമ്മുടെ ശത്രുക്കൾക്ക് ദുഃഖവും നിരാശയും ഉണ്ടാക്കുകയും ചെയ്യുന്നു.

30. പ്രലോഭനങ്ങളിലൂടെ നിങ്ങൾ പരീക്ഷിക്കപ്പെടുമ്പോൾ നിങ്ങൾക്ക് നിരാശയുണ്ടാകാം. എന്നാൽ യാതനയുടെയും കഷ്ടപ്പാടിന്റെയും നിലമുഴുത് വിഷമിക്കുന്നവർക്ക് തീർച്ചയായും പിൽക്കാലത്ത് ആനന്ദവും സമാധാനത്തിന്റെ കണ്ണീരും വിശുദ്ധ ചിന്തകളുടെ സ്വസ്ഥതയും അനുഭവിക്കാൻ ഇടയാകും.

31. ഇസഹാക്ക് ഏസാവിനെയാണ് അനുഗ്രഹിക്കാൻ ആഗ്രഹിച്ചത്. ഏസാവാകട്ടെ, തന്റെ പിതാവിന്റെ അനുഗ്രഹം സ്വീകരിക്കാൻ തീക്ഷ്ണമതിയുമായിരുന്നു. എന്നാൽ ഇരുവരുടെയും ലക്ഷ്യം സഫലമായില്ല (ഉല്പ 27). എന്തെന്നാൽ, ദൈവം തന്റെ കാരുണ്യത്താൽ, അനുഗ്രഹിക്കുകയും ആത്മാവിനാൽ അഭിഷേകം ചെയ്യുകയും ചെയ്യുന്നത് നാം ഇച്ഛിക്കുന്നവരെ ആയിരിക്കണമെന്നില്ല, സൃഷ്ടിക്കപ്പെടുന്നതിനു മുമ്പുതന്നെ അവിടുന്നു മുൻകൂട്ടി നിശ്ചയിച്ചവരെ ആയിരിക്കും. ആയതിനാൽ ദുർബ്ബലനും അപ്രധാനനും എന്ന് നാം കരുതിയിരുന്ന ഏതെങ്കിലും സഹോദരൻ വിശുദ്ധിയിൽ അഭിവൃദ്ധിപ്പെടുന്നതു കാണുമ്പോൾ നാം അസംതൃപ്തരും അസൂയാലുക്കളുമായി തീരാൻ പാടില്ല. കർത്താവ് എന്താണ് പറഞ്ഞിരിക്കുന്നതെന്നു

www.malankaralibrary.com

നിങ്ങൾക്കറിയാം. 'ഇവനു സ്ഥലംകൊടുക്കുക; അവൻ ഉന്നത സ്ഥലത്തിരിക്കട്ടെ' (ലൂക്കോ 14:9). രഹസ്യമായ ജ്ഞാനത്തോടെ വിധിനിർണ്ണയം നടത്തുന്ന ഈ ന്യായാധിപനെക്കുറിച്ച് ഞാൻ ആശ്ചര്യഭരിതനാകുന്നു. എന്തെന്നാൽ, നമ്മുടെ സഹോദരരിൽ ഏറ്റവും എളിയവനെ ദൈവം നമുക്കുമേൽ ഉയർത്തിയിരിക്കുന്നു. വ്രതാനുഷ്ഠാനത്തിലും പ്രായത്തിലും നമുക്കു കിട്ടേണ്ട മുൻഗണന കണക്കിലെടുക്കാതെ ദൈവം നമ്മെ ഏറ്റവും അവസാനത്തവരാക്കുന്നു. എന്തെന്നാൽ, 'ദൈവം ഓരോരുത്തർക്കും നല്കിയിരിക്കുന്നതനുസരിച്ച് ഓരോരുത്തരും തങ്ങളുടെ ജീവിതം ക്രമപ്പെടുത്തട്ടെ'; (1 കൊരി 7:17) നാം ആത്മാവിലാണ് ജീവിക്കുന്നതെങ്കിൽ നമുക്ക് ആത്മാവിൽ വ്യാപരിക്കാം' (ഗലാ 5:25).

32. നിങ്ങൾക്ക് താഴെയുള്ളവർ ഇങ്ങനെ അപേക്ഷിക്കുമ്പോൾ അതിനോട് യോജിക്കരുത്: 'ഇത്തരമൊരു സദ്പ്രവൃത്തിയെക്കുറിച്ച് തീരുമാനമെടുക്കാൻ എനിക്കു സമയം തരിക; അതിനുശേഷം ഞാൻ അത് ചെയ്തുകൊള്ളാം', ഇങ്ങനെ സംസാരിക്കുന്ന ഒരാൾ അനുസരണത്തിന്റെ വാഗ്ദാനത്തെ നിഷേധിച്ചുകൊണ്ട് സ്വന്തം ഹിതത്തിനാണ് പ്രാധാന്യം കൊടുക്കുന്നത്.

33. ശരീരത്തെയും മനസ്സിനെയും ബാധിച്ചിട്ടുള്ള വികാരങ്ങൾ, അവ എത്രമേൽ തീവ്രമായിരുന്നാലും. നിങ്ങൾ കാണുവാൻ പോകുന്നതുപോലെ സമയം കടന്നുപോകുന്നതനുസരിച്ച് ദൈവകല്പനയാൽ നശിപ്പിക്കപ്പെടാവുന്നവയാണ്. എന്തെന്നാൽ ക്രിസ്തുവിന്റെ കാരുണ്യം ഒരിക്കലും പരാജയപ്പെടുന്നില്ല: 'കർത്താവിന്റെ കാരുണ്യം അവനെ ഭയപ്പെടുന്നവരിൽ അനാദികാലം മുതൽ അന്ത്യകാലംവരെ നിലനിൽക്കുന്നു' (സങ്കീ 103:17); ഈ കാലത്തും വരുംകാലത്തും അത് അവരോടൊപ്പമുണ്ടാകും.

34. രാജാവിന്റെ ഖജനാവിൽ നിറയെ സ്വർണ്ണമുണ്ടായിരിക്കും; അതുപോലെ യഥാർത്ഥ സന്ന്യാസിയുടെ മനസ്സിൽ നിറയെ ആത്മീയ ജ്ഞാനവും.

35. ചില അവസരങ്ങളിൽ, മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ഗുരു അപമാനം സഹിക്കുകയും പ്രലോഭനങ്ങളെ നേരിടുകയും ചെയ്യാറുണ്ട്. അപ്പോസ്തോലൻ പറയുന്നു: 'ഞങ്ങൾ നിന്ദിതരും

www.malankaralibrary.com

ബലഹീനരുമായതിനാൽ, ഞങ്ങളുടെ ശരീരത്തിലെ മുള്ളിനാൽ ഞങ്ങൾ അപമാനം സഹിക്കേണ്ടവരാണ്. എന്നാൽ നിങ്ങൾ ആദരിക്കപ്പെടുകയും ക്രിസ്തുവിൽ ശക്തരായിത്തീരുകയും ചെയ്തു' (1 കൊരി 4:10; 2 കൊരി 12:7).

36. വികാരാധീനമായ ചിന്തകളാണ് നമ്മുടെ ശരീരത്തിന്റെ ദുഷിക്കലിന്റെ അടിസ്ഥാനകാരണം. എന്നാൽ പാപം ചെയ്തതിനുശേഷം പശ്ചാത്താപത്തിലൂടെ നാം ജാഗരൂകതയിലേക്കു തിരിച്ചുവരികയാണെങ്കിൽ ദുഷിച്ച വികാരങ്ങളെ ആത്മാവിൽനിന്നു പുറന്തള്ളാൻ നമുക്കു കഴിയുന്നു. 'ദുഃഖം ഉള്ളിൽ നിറയുന്നത് നല്ലതാണ്' അപ്പോൾ നിങ്ങളെ പാപം ചെയ്യാൻ പ്രേരിപ്പിച്ച ദുഷ്ടവും അശുദ്ധവുമായ ചിന്തകൾ 'നിങ്ങളിൽനിന്ന് എടുത്തുമാറ്റപ്പെടുന്നു' (1 കൊരി 5:2). ദുഃഖം ദുഷിച്ച അരൂപിയെ ആട്ടിയോടിക്കുന്നു.

37. നിങ്ങളിൽ ആരെങ്കിലും വിശുദ്ധി പ്രാപിക്കാനുള്ള തന്റെ അയോഗ്യതയെയും കഴിവില്ലായ്മയെയുംകുറിച്ച് വിഷമിക്കുന്നുണ്ടെങ്കിൽ അയാൾക്കുള്ള ഞങ്ങളുടെ സന്ദേശം ഇതാണ്: 'അയാൾ നിർവ്വികാരത നേടുന്നുവെങ്കിൽ, വരുംകാല ജീവിതത്തിലല്ല, ഇപ്പോൾ, ഇവിടെവച്ചുതന്നെ 'വലിയ ശക്തിയോടും മഹത്ത്വത്തോടുംകൂടെ' (മത്താ 24:30) തന്റെ അടുക്കലേക്കു വരുന്ന ഈശോയെ അയാൾക്കു ദർശിക്കുവാൻ സാധിക്കും. സാറായുടെ ഉദരംപോലെ അയാളുടെ ആത്മാവും വന്ധ്യതയിൽത്തന്നെ വാർദ്ധക്യത്തിലെത്തിയെങ്കിൽ പോലും അപ്രതീക്ഷിതമായി വിശുദ്ധനായ ഒരു ശിശുവിനെ വഹിക്കാനുള്ള ശേഷി അതിനിപ്പോഴും ഉണ്ട്. അതിനാൽ അവളെപ്പോലെ അയാൾക്കും ഇങ്ങനെ പറയുവാൻ കഴിയും: 'ദൈവം എന്നെ ചിരിപ്പിച്ചു' (ഉല്പ 21:6) - അതായത്, വികാരധീനനായി അനേക വർഷങ്ങൾ ദുഃഖത്തിൽ കഴിച്ചുകൂട്ടിയ എനിക്ക് ദൈവം മഹത്തായ സന്തോഷം നൽകിയിരിക്കുന്നു. ദൈവം തന്റെ സ്നേഹാർദ്രത എന്റെ മേൽ ചൊരിഞ്ഞിരിക്കുന്നു. അങ്ങനെ എന്റെ യൗവ്വനം കഴുകന്റേതുപോലെ നവീകരിക്കപ്പെട്ടിരിക്കുന്നു' (സങ്കീ 103:5). മുമ്പ് ഞാൻ പാപത്താലും ലജ്ജാകരമായ വികാരങ്ങളാലും ദുർബ്ബലനായിത്തീർന്നിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ, ഞാൻ യൗവ്വനത്തിന്റെ ഊർജ്ജസ്വലതയാൽ നവജന്മമാർന്നിരിക്കുന്നു. ലൗകികവസ്തുക്കൾക്കുവേണ്ടിയുള്ള ആഗ്രഹവും അതിനടുത്ത പ്രവൃത്തികളും

www.malankaralibrary.com

എന്നെ പരുക്കനും കർക്കശനുമാക്കിത്തീർത്തിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ, ഞാൻ ശാന്തനായിത്തീർന്നിരിക്കുന്നു. ദൈവം തന്റെ അനുകമ്പയാൽ എന്റെ മനസ്സിനെ സുഖപ്പെടുത്തി. അതിനാൽ എന്റെ സ്വാഭാവികമായ ലാളിത്യം എനിക്കു തിരികെ കിട്ടി. തത്ഫലമായി ഇപ്പോൾ എനിക്ക് ഈ ലോകത്തിലെ കാര്യങ്ങൾ വ്യക്തമായി കാണാൻ കഴിയുന്നു. എന്റെ ശരീരവും സിറിയാക്കാരനായ നാമാന്റേതുപോലെ ശിശുവിന്റെ ശരീരംപോലെയായിത്തീർന്നു. എന്തെന്നാൽ, ഞാൻ ആത്മീയജ്ഞാനത്തിന്റെ ജോർദ്ദാനിൽ മുങ്ങിക്കുളിച്ചു (2 രാജാ 5:14). ഇപ്പോൾ ഞാൻ എന്നിൽത്തന്നെ ഒന്നായിരിക്കുന്നു. സർപ്പത്തിന്റെ കൗശലത്തിൽനിന്നും, പ്രകൃതിവിരുദ്ധമായി എന്നിലേക്കു വന്ന എണ്ണമറ്റതും വ്യത്യസ്തങ്ങളുമായ ദുശ്ചിന്തകളിൽ നിന്നും ദൈവകൃപയാൽ ഞാൻ മോചിതനായിത്തീർന്നിരിക്കുന്നു.

38. ദൈവം നിന്നോട് ഇങ്ങനെ പറയുന്നുവെന്നു സങ്കല്പിക്കുക: 'നിന്റെ മനസ്സിന് പരിപൂർണ്ണതയും സമാധാനവും നേടാനാവുമെന്ന് നീ പ്രതീക്ഷിച്ചിരുന്ന ഏതെങ്കിലും വരദാനങ്ങൾ അല്പസമയത്തേക്ക് ഞാൻ നിന്നിൽനിന്നും പിൻവലിച്ചിട്ടുണ്ടാവാം. അതിനു പകരമായി ഞാൻ നിനക്ക് മറ്റെന്തെങ്കിലും വരദാനങ്ങൾ നൽകിയിട്ടുമുണ്ട്. എന്നാൽ പകരം കിട്ടിയതിനെക്കുറിച്ച് ചിന്തിക്കാതെ നഷ്ടപ്പെട്ടതിനെക്കുറിച്ചു മാത്രമാണ് നീ ചിന്തിക്കുന്നത്; അതിനാൽ നീ വേദനിക്കുകയും ദുഃഖിക്കുകയും നിരാശപ്പെടുകയും ചെയ്യുന്നു. എന്നിരുന്നാലും നിനക്കു ഞാൻ വരുത്തിയ ദുഃഖത്തിൽ ഞാൻ സന്തോഷിക്കുന്നു. നിന്നെ ഞാൻ വിഷണ്ണനാക്കിയത് നിന്റെ നന്മയ്ക്കുവേണ്ടിയാണ്. നിന്നെ നശിപ്പിക്കുകയല്ല, രക്ഷിക്കുകയാണ് എന്റെ ലക്ഷ്യം; എന്തെന്നാൽ നിന്നെ ഞാൻ എന്റെ പുത്രനായി കരുതുന്നു.

39. മത്സ്യം വർജ്ജിക്കാൻ നിങ്ങൾ തീരുമാനിച്ചിട്ടുണ്ടെന്നു സങ്കല്പിക്കുക; തീർച്ചയായും അതു ഭക്ഷിക്കുവാനുള്ള തീവ്രമായ ആഗ്രഹം ശത്രു നിങ്ങളിൽ നിവേശിപ്പിക്കുന്നതായി നിങ്ങൾ കാണും. വിലക്കപ്പെട്ട വസ്തുക്കൾക്കുവേണ്ടിയുള്ള അനിയന്ത്രിതമായ ആഗ്രഹം നിങ്ങളിൽ നിറയുകയും ചെയ്യും. അതിനാൽ ആദത്തിന്റെ വീഴ്ച നമുക്കെല്ലാവർക്കും സംഭവിക്കുന്ന വീഴ്ചയുടെ പ്രതിരൂപമായിരുന്നെന്നു നിങ്ങൾക്കു കാണുവാൻ സാധിക്കും. ഒരു പ്രത്യേക വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കരുതെന്ന കല്പനയാണ് ആദത്തിനു

www.malankaralibrary.com

ലഭിച്ചിരുന്നത്. എന്നാൽ വിലക്കപ്പെട്ട കനിക്കുവേണ്ടിയുള്ള തന്റെ ആഗ്രഹത്തെ എതിർത്തു നിൽക്കാൻ അവനു സാധിച്ചില്ല.

40. ഒരുവനെ ആത്മീയജ്ഞാനത്തിലൂടെയും മറ്റൊരുവനെ കാപട്യമില്ലായ്മയിലൂടെയും ലാളിത്യത്തിലൂടെയുമാണ് ദൈവം രക്ഷിക്കുന്നത്. 'ലാളിത്യമുള്ളവരെ ദൈവം നിരസിക്കുകയില്ല' എന്ന് നിങ്ങൾ മനസ്സിലാക്കണം (ഇയ്യോബ് 8:20).

41. തീവ്രമായി പ്രാർത്ഥിക്കുന്നവരെ ദുർഘടവും ഭയങ്കരവുമായ പ്രലോഭനങ്ങൾ ആക്രമിക്കുന്നു.

42. നിർവ്വികാരത ധരിക്കാൻ നിങ്ങൾ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അലസരാകാതെ സർവ്വശക്തിയോടുംകൂടി അതു നേടിയെടുക്കാൻ പരിശ്രമിക്കണം. എന്തെന്നാൽ, 'ഞങ്ങൾ നെടുവീർപ്പിടുകയും സ്വർഗ്ഗീയ വസതി ധരിക്കുവാൻ വെമ്പൽകൊള്ളുകയുമാണ്... മൃത്യുവശഗമായതു ജീവനാൽ ഗ്രസിക്കപ്പെടേണ്ടതിനാണിത്' (2 കൊരി 5:2-4). ഈ യുഗത്തിനുശേഷം നശിച്ചുപോകുന്ന ശരീരത്തിന്റെ കാര്യത്തിൽ മാത്രമല്ല മറിച്ച്, വരാൻപോകുന്നതിന്റെ മുന്നാസ്വാദനം ആത്മീയമായി ഇപ്പോൾ, ഇവിടെവച്ചുതന്നെ അനുഭവിക്കാനുള്ള ആഗ്രഹമാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. എന്തെന്നാൽ, 'മരണത്തെ വിജയം ഗ്രസിച്ചിരിക്കുന്നു' (1 കൊരി 15:54). സ്വർഗ്ഗത്തിൽനിന്നുമുള്ള ശക്തി നമ്മുടെ മേൽ അയയ്ക്കപ്പെടുമ്പോൾ നമ്മെ പിന്തുടർന്ന് എത്തുന്ന ഈജിപ്തുകാരെല്ലാം ജലത്തിൽ മുങ്ങിത്താഴും.

43. വിശുദ്ധപൗലോസിന്റെ വചനങ്ങൾ മറക്കാതിരിക്കുക: 'മറ്റുള്ളവരോട് പ്രസംഗിച്ച ഞാൻ തന്നെയും തിരസ്കരിക്കപ്പെടുമോ എന്നു എനിക്കു ഭയമുണ്ട്' (1 കൊരി 9:27). 'നില്ക്കുന്നു എന്നു വിചാരിക്കുന്നവൻ വീഴാതെ സൂക്ഷിച്ചുകൊള്ളട്ടെ' (1 കൊരി 10:12); ആത്മീയ ജീവിതം നയിക്കുന്ന നിങ്ങൾ... നിങ്ങളിലേക്കു നോക്കുക. ഒരുപക്ഷേ, നിങ്ങളും പ്രലോഭിതരായേക്കാം (ഗലാ 6:1). വളരെയധികം ദൈവകൃപ ലഭിച്ചിട്ടും സോളമൻ ദുഷ്ടതയിലേക്ക് പിൻതിരിഞ്ഞുവെന്ന് ഓർമ്മിക്കുക (1 രാജാ 11:1-8); എങ്ങനെയാണ് വിശുദ്ധ പത്രോസ് അപ്രതീക്ഷിതമായി തന്റെ നാഥനെ തള്ളിപ്പറഞ്ഞതെന്നും ഓർമ്മിക്കുക. നിങ്ങളുടെ ആത്മീയജ്ഞാനത്താൽ നിങ്ങൾക്ക് അമിതമായ

www.malankaralibrary.com

ആത്മവിശ്വാസമുണ്ടാകാതിരിക്കാനാണ് ഇതൊക്കെ ഓർമ്മിക്കേണ്ടത്; നിങ്ങളുടെ സന്തുഷ്ടമായ ജീവിതരീതിയും വർഷങ്ങളായുള്ള വ്രത നിഷ്ഠയും നിങ്ങളെ അഹങ്കാരികളാക്കിയേക്കാം. എന്റെ സഹോദരാ, ഒരിക്കലും അഹങ്കാരമുണ്ടാകരുത്; മോശയെപ്പോലെ സുദീർഘകാലം ജീവിക്കുന്നുവെങ്കിൽകൂടി അവസാനനിമിഷംവരെ നിങ്ങൾക്കു ഭയമുണ്ടായിരിക്കട്ടെ. ഇപ്രകാരം പ്രാർത്ഥിക്കുക. 'കർത്താവേ, എന്റെ വാർദ്ധക്യത്തിൽ എന്നെ ഉപേക്ഷിക്കരുതേ; എന്റെ ശക്തി ക്ഷയിക്കു മ്പോൾ എന്നെ തള്ളിക്കളയരുതേ; എന്റെ രക്ഷകനായ ദൈവമേ, ഞാൻ എല്ലായ്പ്പോഴും അങ്ങയെ പാടി സ്തുതിക്കും' (സങ്കീ 71:6,9).

44. മത്തായിയോട് പറഞ്ഞ വചനംതന്നെ കർത്താവ് നിങ്ങളോടും പറയുന്നു: 'എന്നെ അനുഗമിക്കുക' (മത്താ 9:9). തീവ്രമായ സ്നേഹ ത്തോടെ നിങ്ങൾ കർത്താവിനെ പിന്തുടരുമ്പോൾ, വഴിക്കുവെച്ച് നിങ്ങളുടെ കാൽ വികാരങ്ങളുടെ കല്ലിൽ തട്ടി അപ്രതീക്ഷിതമായി പാപത്തിലേക്കു വീണുപോയെന്നുവരാം; അല്ലെങ്കിൽ നിങ്ങൾ മനഃപൂർവ്വമല്ലാതെ ചെളിയിൽ തെന്നിവീണുവെന്നുംവരാം; ഇങ്ങനെ ഓരോ തവണ വീഴുകയും പരുക്കുപറ്റുകയും ചെയ്തതിനുശേഷവും വീണ്ടും എഴുന്നേറ്റ് മുമ്പത്തേതുപോലെതന്നെ തീവ്രമായ ആഗ്രഹ ത്തോടെ അവിടുന്നിൽ എത്തിച്ചേരുന്നതുവരെ നിങ്ങളുടെ കർത്താ വിനെ അനുഗമിക്കണം. 'അങ്ങനെ ഞാൻ അവിടുത്തെ മന്ദിരത്തിൽ അങ്ങയുടെ മുമ്പിൽ എത്തിയിരിക്കുന്നു –എന്റെ ചിന്തകളുടെ മന്ദിര ത്തിൽ– ഞാൻ അങ്ങയുടെ ശക്തിയും മഹത്ത്വവും ദർശിക്കുന്നു', എന്തെന്നാൽ അവ എന്റെ രക്ഷയായിരിക്കുന്നു. 'അങ്ങയുടെ നാമ ത്തിൽ ഞാൻ എന്റെ കരങ്ങളുയർത്തും' അവിടുന്ന് എന്റെ സ്വരം ശ്രവിക്കുകയും ചെയ്യും. അങ്ങനെ 'ഞാൻ മജ്ജയും മേദസ്സും കൊണ്ടെന്നപോലെ സംതൃപ്തിയടയുകയും എന്റെ അധരം അങ്ങേക്ക് ആനന്ദഗാനം ആലപിക്കുകയും ചെയ്യും (സങ്കീ 63:2,4,5). ദൈവം യെശയ്യാ വഴി എന്നോടു പറയുന്നു: 'എന്റെ ദാസനെന്നു വിളിക്ക പ്പെടുന്നത് നിസ്സാര കാര്യമല്ല' (യെശ 49:6).

45. 'തന്നോടു ചോദിക്കുന്നവർക്ക് പിതാവ് നല്ല വസ്തുക്കൾ കൊടുക്കുമെന്ന്' ഒരിടത്തു പറഞ്ഞിരിക്കുന്നു (മത്താ 7:11); മറ്റൊരിടത്തു പറഞ്ഞിരിക്കുന്നത്, 'തന്നോട് ചോദിക്കുന്നവർക്ക് അവിടുന്ന് പരിശുദ്ധാത്മാവിനെ നൽകും' എന്നാണ് (ലൂക്കോ 11:13).

www.malankaralibrary.com

ഇതിൽനിന്ന് മനസ്സിലാകുന്നത്; ഉറച്ച വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നവർക്ക്, പാപമോചനം മാത്രമല്ല, സ്വർഗ്ഗീയാനുഗ്രഹവും ലഭിക്കുമെന്നാണ്. 'നല്ല വസ്തുക്കൾ ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത് നീതിമാന്മാർക്കല്ല, മറിച്ച് പാപികൾക്കാണ്'. എന്തെന്നാൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'മക്കൾക്കു നല്ല ദാനങ്ങൾ നല്കാൻ ദുഷ്ടരായ നിങ്ങൾക്ക് അറിയാമെങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നൽകുകയില്ല (ലൂക്കോ 11:13). നിരന്തരമായും നിസ്സംശയമായും അപേക്ഷിച്ചുകൊണ്ടിരിക്കുക, വിശുദ്ധി നേടാനുള്ള നിങ്ങളുടെ ശ്രമങ്ങൾ എത്രയോ ദുർബ്ബലമായിക്കൊള്ളട്ടെ; നിങ്ങളുടെ കഴിവ് എത്രയോ പരിമിതമായിക്കൊള്ളട്ടെ; നിങ്ങൾ അർഹിക്കുന്നതിലും എത്രയോ അധികം അനുഗ്രഹങ്ങൾ നിങ്ങൾക്കു ലഭിക്കും.

46. ഉറുമ്പിന് ചിറകു മുളയ്ക്കുമെന്നും പുഴു ചിത്രശലഭമായി മാറുമെന്നും, ദുർജ്ഞേയവും അപ്രതീക്ഷിതവുമായ ഒരുപാടു കാര്യങ്ങൾ പ്രകൃതിയിൽ സംഭവിക്കുന്നുണ്ടെന്നും അറിയാമെങ്കിൽ, തന്നിലെ നിരാശയുടെയും അവിശ്വാസത്തിന്റെയും രോഗത്തെ കുടഞ്ഞുകളഞ്ഞ്, തനിക്കും ചിറകുകൾ ലഭിക്കുമെന്നും ഒരു മരം പോലെ, ആത്മീയജ്ഞാനത്തിന്റെ പുതിയ തളിരുകൾ തന്റെയുള്ളിലും മുളയ്ക്കുമെന്നും എന്തുകൊണ്ട് ഒരാൾക്കു വിശ്വസിച്ചുകൂടാ? 'ഉണങ്ങിയ മരത്തിനെ തളിർപ്പിക്കുന്നതും ഞാനാണ്; ഉണങ്ങിയ അസ്ഥികൾക്ക് ജീവൻ നല്കുന്നതും ഞാനാണ്' എന്ന് കർത്താവ് പറഞ്ഞിരിക്കുന്നു (എസ 17:24; 37:1-14).

47. നമ്മുടെ ശാരീരികാവശ്യങ്ങളെക്കുറിച്ച് അമിതമായ ഉത്കണ്ഠ പുലർത്തരുത്. പൂർണ്ണമനസ്സോടെ നമുക്ക് ദൈവത്തിൽ ആശ്രയിക്കാം. 'നിങ്ങളെത്തന്നെ കർത്താവിന് നല്കുക, അവിടുന്നു സർവ്വവും നിങ്ങൾക്കു നല്കും' എന്നാണ് വിശുദ്ധ പിതാക്കന്മാരിൽ ഒരാൾ പറഞ്ഞിട്ടുള്ളത്. പത്രോസ് ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'നിങ്ങൾ സമചിത്തരും സംയമനമുള്ളവരായിരിക്കുവിൻ... നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏല്പിക്കുവിൻ. അവിടുന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്' (1 പത്രോ 4:7; 5:7). എന്നിട്ടും നിങ്ങൾക്ക് വേണ്ടതെല്ലാം യഥാർത്ഥത്തിൽ അവിടുന്നു തരുമെന്ന കാര്യത്തിൽ സംശയം തീരുന്നില്ലെങ്കിൽ എട്ടുകാലിയെക്കുറിച്ച് ചിന്തിക്കുക.

www.malankaralibrary.com

അതിനെ മനുഷ്യനോടു താരതമ്യപ്പെടുത്തുക. ഏറ്റവും ദുർബ്ബലമായ ജീവിയാണ് എട്ടുകാലി. അതിന് സ്വത്തുക്കളില്ല, അത് കടലിൻ മീതെ യാത്രചെയ്യുകയോ നിയമവ്യവഹാരത്തിൽ ഏർപ്പെടുകയോ ദേഷ്യ പ്പെടുകയോ പണം സമ്പാദിക്കുകയോ ചെയ്യുന്നില്ല. അത് തികഞ്ഞ ശാന്തതയുള്ള, ആത്മനിയന്ത്രണവും ഏകാഗ്രതയുമുള്ള ജീവിയാണ്. അത് മറ്റുള്ളവരുടെ കാര്യങ്ങളിൽ ഇടപെടാതെ സ്വന്തം കാര്യം നോക്കുക മാത്രമാണ് ചെയ്യുന്നത്; തികച്ചും സൗമ്യമായി അത് തന്റെ ജോലി ചെയ്യുന്നു. അലസന്മാരോട് എട്ടുകാലി ഇങ്ങനെ പറയുന്നു: 'ജോലി ചെയ്യാൻ മടിയുള്ള ഒരുവന് ആഹാരം ലഭിക്കുകയില്ല' (2 തെസ 3:10). മൗനത്തിന്റെ പേരിൽ ഗ്രീക്കുകാർ പ്രശംസിക്കുന്ന പൈതഗോറസ് എന്ന തത്വചിന്തകനെക്കാൾ മൗനിയാണ് എട്ടുകാലി. എല്ലാവരോടും സംസാരിച്ചിരുന്നില്ലെങ്കിൽകൂടി, തന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കളോട് പൈതഗോറസ് രഹസ്യമായി സംസാരിച്ചിരുന്നു. ചിലപ്പോഴൊക്കെ കാളകളെയും കഴുകന്മാരെയും കുറിച്ച് അബദ്ധപ്രസ്താവനകളും നടത്തിയിരുന്നു. വീഞ്ഞിനു പകരം വെള്ളമാണ് പൈതഗോറസ് കുടിച്ചിരുന്നത്. എന്നാൽ പൈത ഗോറസിനെക്കാൾ മഹത്വമുണ്ട് എട്ടുകാലിക്ക്. അത് ഒരൊറ്റ വാക്കുപോലും സംസാരിക്കുന്നില്ല; വീഞ്ഞുമാത്രമല്ല വെള്ളംപോലും അതു കുടിക്കുന്നില്ല. അങ്ങനെ ശാന്തതയോടും എളിമയോടും കൂടെ ജീവിക്കുകയും, വീടുവിട്ട് പുറത്ത് അലഞ്ഞുനടക്കാതിരിക്കുകയും, എല്ലായ്പ്പോഴും ജോലി ചെയ്യുകയും ചെയ്യുന്ന എട്ടുകാലിയെക്കാൾ വിനീതമായി മറ്റൊന്നുമില്ല. 'ദൈവം ഉന്നതങ്ങളിൽ വസിക്കുന്നു വെങ്കിലും അവിടുന്ന് താഴെയുള്ളവയെ കാണുന്നു' (സങ്കീ 113:5,6). ദൈവം എട്ടുകാലിയോടും കാരുണ്യം കാണിക്കുന്നു; ദിവസംതോറും അതിന് ആഹാരം എത്തിക്കുന്നു. ചെറിയ പ്രാണികൾ അങ്ങനെയാണ് എട്ടുകാലിയുടെ വലയിൽപ്പെടുന്നത്.

48. അത്യാർത്തിയുള്ള ഒരുവൻ ഈ പറഞ്ഞതിനെ എതിർത്തേക്കാം: 'ഞാൻ ഒരുപാട് ഭക്ഷണം കഴിക്കുന്നു, അതിലേക്ക് എനിക്ക് ഒരുപാട് പണം ആവശ്യമുള്ളതിനാലാണ് ഞാൻ വിവിധ കാര്യങ്ങളിൽ ഏർപ്പെടുന്നത്'. എന്നാൽ അറ്റ്ലാന്റിക് സമുദ്രത്തിലെ ഭീമൻ തിമിംഗലങ്ങളെക്കുറിച്ച് അയാൾ ഓർമ്മിക്കണം. ഒരു നഗര ത്തിലെ ആളുകൾ കഴിക്കുന്നതിനെക്കാൾ അധികം മീനുകളെയാണ്

www.malankaralibrary.com

ദിവസവും ഈ തിമിംഗലങ്ങൾ വിഴുങ്ങുന്നത്; എന്നിട്ടും അവയൊരിക്കലും പട്ടിണികിടക്കേണ്ടി വരുന്നില്ല. ദൈവം അവയ്ക്ക് വേണ്ടിടത്തോളം ആഹാരം നല്കുന്നു: 'യഥാസമയം ഭക്ഷണം ലഭിക്കാൻ അവ അങ്ങയെ നോക്കിയിരിക്കുന്നു' (സങ്കീ 104:27). കൂടുതൽ കഴിക്കുന്നവർക്കും കുറച്ചു കഴിക്കുന്നവർക്കും ആഹാരം നല്കുന്നത് ദൈവമാണ്. അതിനാൽ നിങ്ങളുടെ കൂട്ടത്തിൽ അത്യാർത്തിയുള്ളവർ, ലൗകികതാല്പര്യങ്ങളിൽനിന്നും ആകുലതകളിൽനിന്നും പിന്മാറി ദൈവത്തിൽ പൂർണ്ണമായും വിശ്വാസം അർപ്പിക്കണം. 'അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക' (യോഹ 20:27).

49. ദൈവത്തെ പ്രസാദിപ്പിക്കാനും അവിടുത്തെ സൗഹൃദത്തിന്റെ കൃപ ആസ്വദിക്കാനും നാം യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ഈ ലോകജീവിതവുമായി ബന്ധപ്പെട്ട യാതൊന്നിനാലും ഞെരുക്കപ്പെടാത്തതും. നാം എത്രമാത്രം ലൗകിക വിജ്ഞാനം ആർജ്ജിച്ചവരാണെങ്കിലും, തഴക്കം, സങ്കല്പം, തർക്കം, ഒഴികഴിവ് എന്നിവയുടെയൊന്നും ആവരണവുമില്ലാത്ത ഒരു മനസ്സ് നാം അവിടുത്തേക്ക് സമർപ്പിക്കണം. ആത്മവിശ്വാസത്തോടെ സഗർവ്വം തന്നെ സമീപിക്കുന്നവരിൽനിന്നും കർത്താവ് മുഖംതിരിക്കുന്നു. വിഫലമായ ആത്മവിശ്വാസം വച്ചുപുലർത്തുന്നവരെയാണ് ദുരഭിമാനികളെന്നും പൊങ്ങച്ചക്കാരെന്നും നാം വിളിക്കുന്നത്.

50. നമ്മുടെ ഉള്ളിൽ അടിയുറച്ചുകഴിഞ്ഞ പാപത്തെ നമുക്ക് എങ്ങനെ മറികടക്കാനാകും? നാം അതിനായി ബലം പ്രയോഗിക്കണം. ഒരുവന്, കഠിനാദ്ധ്വാനത്തിലൂടെ ബലം പ്രയോഗിച്ചെങ്കിൽ മാത്രമേ വിനാശത്തിൽനിന്നു രക്ഷപെടാനും തന്റെ ചിന്തകളെ വിശുദ്ധിയിലേക്ക് ഉയർത്താനും സാധിക്കുകയുള്ളൂ. ബലത്തെ ബലം പ്രയോഗിച്ച് ചെറുത്തുനിൽക്കുന്നതിൽനിന്നും നാം വിലക്കപ്പെട്ടിട്ടില്ല. തപശ്ചര്യയിൽ നാം ബലം പ്രയോഗിക്കുകയാണെങ്കിൽ, അത് എത്രമാത്രം നിസ്സാരമായിരുന്നാലും ശരി, നമുക്ക് 'ജറുസലേമിൽ ആയിരുന്നുകൊണ്ട്' ഉന്നതങ്ങളിൽനിന്നും നമ്മുടെ മേൽ ഇറങ്ങിവരുന്ന ശക്തിക്കുവേണ്ടി കാത്തിരിക്കുവാൻ സാധിക്കും (ലൂക്കോ 24:49). മറ്റൊരുതരത്തിൽ പറഞ്ഞാൽ, നിരന്തരമായ പ്രാർത്ഥനയിലും സദ്ഗുണങ്ങളിലും ഉറച്ചുനിൽക്കാൻ നമുക്കു കഴിഞ്ഞാൽ അത്യധികം ശക്തി നമ്മുടെ മേൽ വരും. മനുഷ്യരാൽ വിവരിക്കാൻ കഴിയുന്ന

www.malankaralibrary.com

തിലും എത്രയോ വലിയ ശക്തിയാണിത്. അതിന്റെ മഹാശക്തിയിൽ നമ്മുടെ സ്വഭാവത്തിലെ പോരായ്മകളും പിശാചുക്കളുടെ വിദ്വേഷവുമെല്ലാം മാഞ്ഞുപോവുകയും, നമ്മുടെ ശരീരത്തിലെയും ആത്മാവിലെയും പാപകരമായ താല്പര്യങ്ങൾ ഇല്ലായ്മ ചെയ്യപ്പെടുകയും ചെയ്യുന്നു. 'കൊടുങ്കാറ്റിന്റേതുപോലെയുള്ള ഒരു വലിയ ശബ്ദം അപ്പോൾ ആകാശത്തിൽനിന്നുണ്ടായി' (അപ്പോ 2:2); സ്വർഗ്ഗത്തിൽ നിന്നുമുള്ള ഈ ശക്തിയാണ് നമ്മെ പാപം ചെയ്യാൻ പ്രേരിപ്പിക്കുന്ന തിന്മയെ ആട്ടിയോടിക്കുന്നത്.

51. ശത്രു ഒരു സിംഹത്തെപ്പോലെ തന്റെ ഗുഹയിൽ പതിയിരിക്കുന്നു. അശുദ്ധവും ദൈവദൂഷണപരവുമായ ചിന്തകളുടെ രൂപത്തിൽ അവൻ നമ്മുടെ വഴിയിൽ കെണികളും കുടുക്കുകളും ഒരുക്കുന്നു. എന്നാൽ നാം ജാഗ്രത പുലർത്തുകയാണെങ്കിൽ, അതിനെക്കാൾ ഭീകരമായ കെണികൾ നമുക്ക് അവനുവേണ്ടി ഒരുക്കാൻ കഴിയും. പ്രാർത്ഥന, സങ്കീർത്തനാലാപം, ജാഗരണം, എളിമ, മറ്റുള്ളവർക്കുവേണ്ടി സേവനം ചെയ്യൽ, സഹാനുഭൂതി, ദൈവത്തോട് ഉള്ള കൃതജ്ഞത, തിരുലിഖിതങ്ങളുടെ ശ്രദ്ധാപൂർവ്വമുള്ള ശ്രവണം ഇവയെല്ലാമാണ് ശത്രുവിനെ കുരുക്കാനുള്ള തന്ത്രവും ഗൂഢഗർത്തവും കുടുക്കും ചാട്ടയും കെണിയും.

52. തന്റെ വാർദ്ധക്യദശയിൽ ദാവീദ്, തന്നെ തിരഞ്ഞെടുത്ത ദൈവത്തിനു കൃതജ്ഞതയർപ്പിച്ചു. ദൈവാനുഗ്രഹത്തിന്റെ അന്തിമഫലത്തെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു: 'അങ്ങയുടെ ദാസൻ ഇപ്പോഴവന്റെ ഹൃദയം കണ്ടെത്തിയിരിക്കുന്നു. അതിനാൽ ഈ പ്രാർത്ഥന അങ്ങേയ്ക്കായി സമർപ്പിക്കുന്നു' (2 ശമു 7:27). പ്രാർത്ഥനയ്ക്കായി ഏറെ സമയവും അദ്ധ്വാനവും വേണ്ടിവരുമെന്നും അങ്ങനെ വളരെയധികം പോരാട്ടങ്ങളിലൂടെ കടന്നുപോകുന്ന നമ്മുടെ മനസ്സ് ശാന്തമായിത്തീരുമെന്നും അതുവഴി ഹൃദയത്തിനുള്ളിൽ ക്രിസ്തു വസിക്കുന്ന സ്വർഗ്ഗം കണ്ടെത്താമെന്നുമാണ് ദാവീദ് നമ്മെ പഠിപ്പിക്കുന്നത്. അപ്പോസ്തോലൻ ചോദിക്കുന്നു: 'യേശുക്രിസ്തു നിങ്ങളിലുണ്ടെന്ന് നിങ്ങൾക്ക് ബോദ്ധ്യമായിട്ടില്ലേ?' (2 കൊരി 13:5).

53. ക്രിസ്തു നമ്മുടെ 'ജ്ഞാനവും നീതിയും വിശുദ്ധീകരണവും മോചനവും' (1 കൊരി 1:30) ആണെങ്കിൽ അവൻ നമ്മുടെ വിശ്രമവുമാണെന്ന് തീർച്ചയാണ്. അവൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

www.malankaralibrary.com

'അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്ക് വിശ്രമം നൽകാം' (മത്താ 11:28). അവൻ പറയുന്നത് 'സാബത്ത്' അല്ലെങ്കിൽ 'വിശ്രമം' മനുഷ്യർക്കു വേണ്ടിയുള്ളതാണെന്നാണ് (മർക്കോ 2:27); ക്രിസ്തുവിൽ മാത്രമാണ് മനുഷ്യരാശിക്ക് വിശ്രമം കണ്ടെത്താൻ സാധിക്കുന്നത്.

54. 'ദുരന്തത്തിന്റെ പാനപാത്രവും ക്രോധത്തിന്റെ ചഷകവും' (യശ 51:17) ഉള്ളതുപോലെ ദൗർബ്ബല്യത്തിന്റെ പാനപാത്രവുമുണ്ട്; അത് യഥാസമയത്ത് ദൈവം നമ്മുടെ കൈയിൽനിന്നും എടുത്ത് ശത്രുവിന്റെ കൈയിൽ കൊടുക്കുന്നു. അങ്ങനെ നാമല്ല, മറിച്ച്, പിശാചുക്കൾ ദുർബ്ബലന്മാരായി നിലംപതിക്കുന്നു.

55. ബാഹ്യമായി മനുഷ്യർ വിവിധ തൊഴിലുകളിലാണ് ഏർപ്പെട്ടിരിക്കുന്നത്. പണം പലിശയ്ക്കു കൊടുക്കുന്നവർ, നെയ്ത്തുകാർ, പക്ഷിവേട്ടക്കാർ, പട്ടാളക്കാർ, കെട്ടിടംപണിക്കാർ ഇങ്ങനെ എത്രയോ തൊഴിലുകളിൽ ആളുകൾ ഏർപ്പെടുന്നു. ഇതുപോലെതന്നെ വിവിധ തരത്തിലുള്ള ചിന്തകളാണ് നമ്മുടെ ഉള്ളിലുള്ളത്; ഈ ചിന്തകളെ ചൂതുകളിക്കാർ, വിഷംകൊടുപ്പുകാർ, കടൽകൊള്ളക്കാർ, നായാട്ടുകാർ, പാപികൾ, കൊലപാതകികൾ എന്നിങ്ങനെയൊക്കെ തരംതിരിക്കാം. ഇത്തരം ചിന്തകളെ പ്രാർത്ഥനയിൽ നിഗ്രഹിക്കുമ്പോൾ ദൈവമനുഷ്യൻ ഉടൻതന്നെ അവയ്ക്കെതിരെ വാതിലടയ്ക്കണം- ദൂഷകർക്കെതിരെയാണ് അവൻ ഇപ്രകാരം ചെയ്യേണ്ടത്. അല്ലാത്തപക്ഷം, അവർ അവന്റെ ആന്തരിക ആലയത്തെ മലിനപ്പെടുത്തുകയും ദുഷിപ്പിക്കുകയും ചെയ്യും.

56. കുരിശിൽവച്ച് കർത്താവിനോടു നിലവിളിച്ച കള്ളനെപോലെ (ലൂക്കോ 23:42) വാക്കുകളിലൂടെ മാത്രമല്ല, ചിന്തകളിലൂടെപോലും നമുക്ക് രക്ഷപ്രദാനം ചെയ്യുവാൻ ദൈവത്തെ പ്രേരിപ്പിക്കാൻ സാധിക്കും. രക്തസ്രാവക്കാരി സ്ത്രീ 'അവന്റെ വസ്ത്രത്തിന്റെ വിളുമ്പിലെങ്കിലും ഒന്നു സ്പർശിച്ചാൽ മാത്രം മതി, എനിക്ക് സൗഖ്യം കിട്ടും' (മത്താ 9:21) എന്ന് ഉള്ളിൽ വിചാരിച്ചതേയുള്ളൂ. റബേക്കായെക്കുറിച്ച് ദൈവത്തോട് മാനസികമായി സംസാരിച്ച അബ്രാഹത്തിന്റെ ഭൃത്യനാണ് മറ്റൊരു ഉദാഹരണം (ഉല്പ 24:12-28).

57. നാം പശ്ചാത്തപിക്കുമ്പോൾ പാപഭാരത്തെക്കുറിച്ചും അതിന്റെ ദുർഗ്ഗന്ധത്തെക്കുറിച്ചും അതു നമ്മിലുളവാക്കുന്ന ഭ്രാന്തിനെക്കുറിച്ചും

www.malankaralibrary.com

നാം ബോധവാന്മാരാകുകയും ആ പാപംതന്നെ നമ്മെ ദൈവത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. എന്നാൽ പശ്ചാത്തപിക്കാൻ തയ്യാറായില്ലെങ്കിൽ ആ പാപം നമ്മെ ദൈവത്തിലേക്ക് നയിക്കുകയില്ല. അപ്പോൾ പാപം, നമുക്ക് പൊട്ടിച്ചു മാറ്റാൻ സാധിക്കാത്ത വിധത്തിൽ നമ്മെ ചങ്ങലയാൽ ബന്ധിക്കുകയും തീവ്രവും നിഷ്ഠൂരവുമായ നാശത്തിലേക്ക് നമ്മെ നയിക്കുന്ന ആഗ്രഹങ്ങൾ നമ്മിൽ നിവേശിപ്പിക്കുകയും ചെയ്യും.

58. ജസെബെലിന്റെ ദുർമന്ത്രവാദത്തിനെതിരെ സ്വയം സംരക്ഷിച്ചുകൊള്ളുക (2 രാജാ 9:22). അവളുടെ ഏറ്റവും ശക്തിയേറിയ മന്ത്രവാദം അയഥാർത്ഥമായ ചിന്തകളും പൊങ്ങച്ചവും നമ്മുടെയുള്ളിൽ ജനിപ്പിക്കുകയെന്നതാണ്. നിങ്ങൾ നികൃഷ്ടനും നിന്ദിതനുമാണെന്ന ബോധ്യത്തോടെ കർത്താവിന്റെ മുമ്പിൽ താണുവീണ് അവിടുത്തെ സഹായം അപേക്ഷിക്കുകയും എല്ലാ ദാനങ്ങളും സ്വർഗ്ഗത്തിൽനിന്നാണ് ലഭിക്കുന്നതെന്ന് തിരിച്ചറിയുകയും ചെയ്താൽ ദൈവകൃപകൊണ്ട് അത്തരം ചിന്തകളെ മറികടക്കാൻ നിങ്ങൾക്കു കഴിയും. എന്തെന്നാൽ, ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: 'സ്വർഗ്ഗത്തിൽനിന്നു നല്കപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല' (യോഹ 3:27).

59. മറ്റു കാളകളെ കുത്തിയിരുന്ന ഒരു കാളയെക്കുറിച്ച് പഴയനിയമത്തിൽ പറയുന്നുണ്ട്: 'മറ്റുള്ളവർ ആ കാളയുടെ ഉടമസ്ഥനോട് പരാതിപറഞ്ഞിട്ടും അയാൾ അതിനെ കൊന്നുകളഞ്ഞില്ലെങ്കിൽ അയാൾ വിലകൊടുക്കേണ്ടിവരും' (പുറ 21:36). ഇതു നിങ്ങളുടെ ചിന്തകൾക്കും വികാരങ്ങൾക്കും ബാധകമാണ്. ചിലപ്പോൾ ഭക്ഷണസമയത്ത് പെട്ടെന്ന് നിങ്ങൾക്ക് അഹങ്കാരമുണ്ടാവുകയും, അസമയത്ത് എന്തെങ്കിലും പറയാൻ തോന്നുകയും ചെയ്യും. അപ്പോൾ നിങ്ങളുടെ ഉള്ളിലെ മാലാഖയ്ക്കടുത്ത ചിന്തകൾ ആ വിചാരത്തെ എതിർക്കുകയും അതിനെ തടയാൻ നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുന്നു. എന്നാൽ മൗനിയായിരിക്കുന്നതിലൂടെ ഈ വിചാരത്തെ നശിപ്പിച്ചുകളയാതെ വ്യാമോഹത്താൽ ഗർവിഷ്ഠനായിത്തീരുന്നെങ്കിൽ, നിങ്ങൾ അതിന്റെ ഫലം അനുഭവിക്കേണ്ടിവരും. ഒരുപക്ഷേ, കടുത്ത പാപം ചെയ്യാൻ നിങ്ങൾ പ്രലോഭിപ്പിക്കപ്പെട്ടേക്കാം. കടുത്ത ശരീരവേദനയോ സഹോദരന്മാരുമായി കലഹമോ, വരും

www.malankaralibrary.com

കാലങ്ങളിൽ ദുരിതമോ ഉണ്ടായേക്കാം. നമ്മുടെ രോഗം നിറഞ്ഞ, അച്ചടക്കമില്ലാത്ത നാവുകൊണ്ട് നാം ഉച്ചരിക്കുന്ന അശ്രദ്ധമായ ഓരോ വാക്കിനും നാം കണക്കു കൊടുക്കേണ്ടിവരും. അതിനാൽ ജാഗ്രതയോടെ നമുക്ക് നമ്മുടെ നാവിനെ നിയന്ത്രിക്കാം.

60. സന്തോഷം, കോപം, പ്രശംസയ്ക്കുവേണ്ടിയുള്ള ആഗ്രഹം തുടങ്ങിയ വികാരങ്ങൾക്ക് അടിമപ്പെടുന്നവരെക്കുറിച്ച് സങ്കീർത്തനം പറയുന്നത്: 'പകൽസമയത്ത് സൂര്യനും രാത്രികാലത്ത് ചന്ദ്രനും അവരെ ദഹിപ്പിക്കുന്നുവെന്നാണ്' (സങ്കീ 121:6). അതിനാൽ ശത്രുവിന്റെ പ്രഹരമേല്പിക്കുന്ന ചൂടിൽനിന്നും രക്ഷപെടുവാൻ ദൈവകൃപയുടെ, കുളിർമയേകുന്നതും ഉന്മേഷദായകവുമായ മേഘത്തിൻ കീഴിൽ നിങ്ങൾക്ക് അഭയം ലഭിക്കുവാൻവേണ്ടി പ്രാർത്ഥിക്കുവിൻ.

61. ഒരുവൻ സന്ന്യാസജീവിതത്തിൽ ഏറെനാൾ പിന്നിട്ടവനാണെങ്കിലും അവൻ മദ്യസൽക്കാരപ്രിയനോ ഒച്ചപ്പാടിൽ ആനന്ദിക്കുന്നവനോ, അശുദ്ധമായ കഥകൾ പറയുന്നവനോ ആണെങ്കിൽ നിങ്ങൾ അവനുമായി അടുത്ത സുഹൃദ്ബന്ധം സ്ഥാപിക്കരുത്. അയാളിലെ തിന്മ നിങ്ങളെ അശുദ്ധനാക്കാൻ അനുവദിക്കരുത്; ഹൃദയത്തിൽ ശുചിത്വമില്ലാത്തവരുടെ സ്വാധീനത്തിൽപ്പെടരുത്.

62. ആദ്യം പത്രോസിന് താക്കോൽ നൽകപ്പെട്ടു. എന്നാൽ അതിനുശേഷം ക്രിസ്തുവിനെ നിഷേധിച്ചുകൊണ്ട് അദ്ദേഹം പാപത്തിലേക്കു വഴുതിവീണു; ആ വീഴ്ചയാൽ അദ്ദേഹത്തിന്റെ അഹങ്കാരം അടങ്ങി. ആത്മീയജ്ഞാനത്തിന്റെ താക്കോൽ കിട്ടിയതിനു ശേഷവും നാനാതരം ദുഷിച്ച ചിന്തകളിലേക്ക് നിങ്ങൾ വഴുതിവീഴാൻ ഇടയായാൽ അത്ഭുതപ്പെടാനില്ല. നമ്മുടെ കർത്താവിനെ മഹത്ത്വപ്പെടുത്തുക. അവിടുന്നു മാത്രമാണ് ജ്ഞാനി, ദൈവത്തെക്കുറിച്ചുള്ള അറിവിൽ നാം പ്രാവീണ്യം നേടി എന്ന വിചാരത്താൽ നമുക്കുണ്ടാകാവുന്ന ദുരഹങ്കാരം നിയന്ത്രിക്കാനും തടയാനുംവേണ്ടിയാണ് ഇത്തരം മാർഗ്ഗങ്ങൾ കർത്താവ് ഉപയോഗിക്കുന്നത്. പ്രലോഭനങ്ങളും പരീക്ഷണങ്ങളുമാണ് മനുഷ്യന്റെ അഹന്തയെ നിയന്ത്രിക്കാൻ ദൈവം തന്റെ പരിപാലനയാൽ ഉപയോഗിക്കുന്ന കടിഞ്ഞാണുകൾ.

63. ഇയ്യോബിന്റെ സമ്പത്തു നഷ്ടപ്പെടുത്തിയതുപോലെ ദൈവം നമ്മിൽനിന്ന് ചിലപ്പോഴൊക്കെ തന്റെ അനുഗ്രഹങ്ങൾ തിരിച്ചെടു

www.malankaralibrary.com

ക്കാറുണ്ട്: 'തന്നതും തിരിച്ചെടുത്തതും ദൈവംതന്നെ' (ഇയ്യോബ് 1:21). ഇതുപോലെതന്നെ, നമുക്ക് നല്കപ്പെടുന്ന ദുരിതാനുഭവങ്ങളും അവിടുന്ന് തിരിച്ചെടുക്കാറുണ്ട് എന്നതു സത്യമാണ്. 'അനുഗ്രഹ ങ്ങളും ദുരിതങ്ങളും ദൈവത്തിൽനിന്നാണ് വരുന്നത്' (സുഭാ 11:14); കഷ്ടതയനുഭവിക്കാൻ ഇടയാക്കുന്ന ദൈവംതന്നെ നമുക്ക് അനശ്വര മായ സന്തോഷവും മഹത്ത്വവും നല്കുന്നു. ദൈവം ഇങ്ങനെ പറയുന്നു: 'നിങ്ങളെ വേദനിപ്പിക്കാനും നശിപ്പിക്കാനുമായി പ്രവർത്തി ച്ചതുപോലെതന്നെ നിങ്ങളെ പുനർനിർമ്മിക്കുന്നതും ഞാനാണ്. ഞാൻ നിങ്ങളെ തകർക്കുകയില്ല; ഞാൻ നിങ്ങളെ വേരറുത്തുകളയു കയില്ല, മറിച്ച് വളരാൻ അനുവദിക്കും' (യിര 31:28; 24:6). 'ഇത് എന്റെ നിർഭാഗ്യമാണ്' എന്ന് ഒരിക്കലും പറയരുത്, എന്തെന്നാൽ നമുക്ക് ദുരിതം നല്കിയ ദൈവത്തിന് അപ്രതീക്ഷിതമായി നമുക്കു സൗഭാഗ്യം നല്കാനും കഴിയും.

64. ഒരുവൻ ദൃഢനിശ്ചയത്തോടെ ആത്മനിയന്ത്രണം, പ്രാർത്ഥന, അല്ലെങ്കിൽ മറ്റേതെങ്കിലും വിശുദ്ധ മാർഗ്ഗങ്ങളുപയോഗിച്ച് പിശാചു ക്കളെ തീവ്രമായി ആക്രമിച്ചാൽ, അവ അയാളെ തീവ്രമായി മുറി വേല്പിച്ച് അയാളോട് പകരം വീട്ടും. അങ്ങനെ ഒടുവിൽ അയാൾ നിരാശപ്പെടുകയും തനിക്ക് ആത്മീയവിനാശം സംഭവിച്ചുവെന്നു കരുതുകയും ചെയ്യും. അയാളിങ്ങനെ പറഞ്ഞേക്കാം: 'ഈ മരണ കരമായ ശരീരത്തിൽനിന്ന് എന്നെ ആരാണ് രക്ഷിക്കുക? എന്തെ ന്നാൽ എന്റെ ഹിതത്തിനു വിപരീതമായി എനിക്ക് എതിരാളിയുടെ നിയമത്തിന് കീഴടങ്ങേണ്ടിവന്നിരിക്കുന്നു' (റോമ 7:23,24).

65. പിശാചുക്കൾ ഇങ്ങനെ പറയുന്നുണ്ട്: 'നമുക്ക് എണീറ്റ് പ്രത്യാശയിലും ഏകാഗ്രതയിലും ജീവിക്കുന്ന ആളുകളെ ആക്ര മിക്കാം. പോയി നമുക്കവരെ ആത്മീയമായി വഞ്ചിക്കുന്ന വാക്കു കളിലൂടെ സത്യത്തിൽനിന്നു വഴിതെറ്റിച്ച് നമ്മുടെ പക്ഷത്താക്കാം' (ന്യായ 18:27; യശ 7:6). അങ്ങനെ ഏകാഗ്രതയുടെ ജീവിതം തിര ഞ്ഞെടുത്ത നമുക്കെതിരെ പ്രലോഭനങ്ങളുടെ വാളിനു മൂർച്ചകൂട്ടി അവ അവസാന നിമിഷംവരെ നമ്മെ ആക്രമിച്ചുകൊണ്ടിരിക്കുന്നു. നമുക്ക് ദൈവത്തോടുള്ള ഭക്തിയും സ്നേഹവും എത്രമാത്രം തീവ്ര മാണോ അത്രയും തീവ്രമായിരിക്കും പിശാചുക്കളുടെ ആക്രമണവും. നമ്മെ പാപം ചെയ്യാൻ പ്രേരിപ്പിക്കുകയും അസഹനീയമായ യുദ്ധം

www.malankaralibrary.com

നമ്മുടെ മേൽ അഴിച്ചുവിടുകയും ക്രിസ്തുവിലുള്ള വിശ്വാസം, പ്രാർത്ഥന, പ്രത്യാശ എന്നിവയെല്ലാം നമ്മിൽനിന്നും അപഹരിക്കാൻ ശ്രമിക്കുകയും ചെയ്യും. എന്നാൽ 'അവിടുന്ന് നമ്മോട് കാരുണ്യം കാട്ടുന്നതുവരെ' അവിടുന്നിലുള്ള വിശ്വാസത്തിന് ഭംഗം വരുത്താതിരിക്കാൻ ശ്രമിക്കണം (സങ്കീ 123:2); നമ്മെ ആക്രമിക്കാനെത്തുന്നവരെ ദൈവം ആട്ടിപ്പായിച്ചുകൊള്ളും. നമ്മിൽനിന്നും അകന്നുമാറാൻ ദൈവം നമ്മുടെ പ്രലോഭകരോട് ആവശ്യപ്പെടുകയും ക്ഷമയും അടിയുറച്ച നിർവ്വികാരതയുംവഴി നമുക്ക് നവജീവൻ ലഭിക്കുകയും ചെയ്യുന്നതുവരെ ദൈവത്തിലുള്ള നമ്മുടെ ആശ്രയബോധം നാം നഷ്ടപ്പെടുത്തരുത്. 'മനുഷ്യജീവിതം പരീക്ഷണത്തിന്റെ കാലമാണ്' (ഇയ്യോബ് 7:1). എല്ലാം നിരീക്ഷിക്കുന്ന ദൈവം, കുറച്ചുസമയത്തേക്ക് ശത്രുക്കൾ നമ്മെ ചവിട്ടിമെതിക്കാൻ അനുവദിച്ചേക്കാം, എന്നാൽ ധീരതയും മഹത്ത്വവുമുള്ള ആത്മാവ് ദുരിതാനുഭവങ്ങളിൽ നിരാശപ്പെടുന്നില്ല.

66. മനുഷ്യനെ അവന്റെ ഇച്ഛയ്ക്കു വിപരീതമായി, അവന്റെ നന്മനിറഞ്ഞ പ്രകൃതത്തിൽനിന്നും മാറ്റി പാപാവസ്ഥയിലേക്ക് വലിച്ചിഴയ്ക്കുന്ന പിശാചിന്റെ ശക്തി ഇത്രമാത്രം വലുതാണെങ്കിൽ, അയാളെ സ്വാഭാവികമായ നന്മയിലേക്ക് യഥാസമയം തിരിച്ചുകൊണ്ടുവരുന്നതിന് ദൈവത്താൽ നിയോഗിക്കപ്പെട്ട മാലാഖയുടെ ശക്തി എത്രയോ വലുതായിരിക്കും! വടക്കൻ മഞ്ഞുകാറ്റ് വെള്ളത്തെ പാറപോലെ ഉറച്ച മഞ്ഞുകട്ടയാക്കി മാറ്റുമെങ്കിൽ, ചൂടേറിയ തെക്കൻ കാറ്റിന് എന്തുതന്നെ ചെയ്തുകൂടാ? കഠിനമായ തണുപ്പ് എല്ലാത്തിനെയും കീഴടക്കുമെങ്കിൽ -'ദൈവം അയയ്ക്കുന്ന തണുപ്പിനെ ആർക്കാണു ചെറുത്തുനിൽക്കാൻ കഴിയുന്നത്'? (സങ്കീ 147:17). ഇതുതന്നെയല്ലേ കൊടുംചൂടിന്റെ കാര്യത്തിലും സംഭവിക്കുന്നത്? ആർക്കാണ് എരിയുന്ന ചൂട് സഹിക്കാൻ കഴിയുന്നത്? (സുഭാ 43:3). അതിനാൽ നമ്മുടെ മനസ്സിലെ തണുത്തിരുണ്ട കൽക്കരിയത്രയും ദൈവികമായ അഗ്നിയിൽ ജ്വലിച്ച് വെളിച്ചവും ചൂടും നൽകും എന്ന് നമുക്ക് ഉറപ്പായി വിശ്വസിക്കാം.

67. നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന ജോസഫ് നേടിയ നിർവ്വികാരതയെക്കുറിച്ച് നാം ആലോചിക്കേണ്ടതുണ്ട്. ഈജിപ്തിൽനിന്നു പിരിഞ്ഞുപോകുന്ന നമ്മുടെ മനസ്സ് വികാരങ്ങളുടെ ഭാരവും അപമാനകരമായ അടിമത്തവും പിന്നിൽ

www.malankaralibrary.com

ഉപേക്ഷിക്കുകയും അതിനു മനസ്സിലാവാത്ത ഒരു ഭാഷ കേൾക്കുകയും ചെയ്യുന്നു (സങ്കീ 81:5,6). അശുദ്ധവും സത്യസന്ധമായ ധാരണയെ നശിപ്പിക്കുന്നതുമായ പിശാചുക്കളുടെ ഭാഷയല്ല മറിച്ച്, ഭൗതികതയിൽനിന്ന് ആത്മീയതയിലേക്ക് നയിക്കുകയും വെളിച്ചം പരത്തുകയും ചെയ്യുന്ന മാലാഖമാരുടെ ഭാഷയാണ് ഇപ്പോൾ അത് കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നത്.

68. തുടർച്ചയായ അസുഖംമൂലം ഉപവസിക്കാൻ കഴിയാതിരുന്ന ചില സന്ന്യാസിമാർ ഒരിക്കൽ എന്നോടു ചോദിച്ചു: 'ഉപവാസമില്ലാതെ എങ്ങനെയാണ് ഞങ്ങളുടെ ഉള്ളിലെ സാത്താനെയും വികാരങ്ങളെയും ആട്ടിയോടിക്കാൻ കഴിയുന്നത്'? അവരോട് നമുക്ക് പറയാനുള്ളത് ഇതാണ്. തിന്മയെയും, തിന്മ ചെയ്യാൻ പ്രേരിപ്പിക്കുന്ന പിശാചിനെയും നശിപ്പിക്കാനും ഉന്മൂലനം ചെയ്യാനും സാധിക്കുന്നത് ഭക്ഷണസാധനങ്ങളുടെ വർജ്ജനംകൊണ്ടു മാത്രമല്ല, മറിച്ച് പൂർണ്ണ ഹൃദയത്തോടെ ദൈവത്തെ വിളിച്ചപേക്ഷിക്കുന്നതിലൂടെയുമാണ്. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: 'തങ്ങളുടെ കഷ്ടതയിൽ അവർ കർത്താവിനെ വിളിച്ചപേക്ഷിച്ചു. അവിടുന്ന് അവരെ മോചിപ്പിക്കുകയും ചെയ്തു' (സങ്കീ 107:6). വീണ്ടും, 'പാതാളത്തിന്റെ അടിത്തട്ടിൽനിന്ന് ഞാൻ അങ്ങയെ വിളിച്ചപേക്ഷിച്ചു. അവിടുന്ന് എന്റെ സ്വരം ശ്രവിച്ചു... അങ്ങ് എന്റെ ജീവനെ പാതാളത്തിൽനിന്നു പൊക്കിയെടുത്തു (യോനാ 2:2,6). ആയതിനാൽ 'ദുഷ്ടത കടന്നു പോകുന്നതുവരെ' - അതായത്, പാപം എന്നെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നിടത്തോളം കാലം 'അത്യുന്നതനായ ദൈവത്തോടു ഞാൻ നിലവിളിച്ചപേക്ഷിക്കും' (സങ്കീ 57:1-2). എന്റെ മേൽ ഈ മഹത്തായ അനുഗ്രഹം വർഷിക്കാൻ ഞാൻ അവിടുത്തോട് അപേക്ഷിക്കും: അവിടുത്തെ ശക്തിയാൽ പാപത്തിന്റെ പ്രകോപനത്തെ നശിപ്പിക്കാനും തീവ്രവികാരം നിറഞ്ഞ എന്റെ മനസ്സിന്റെ ഭാവനകളെ നീക്കം ചെയ്ത് അതിനെ മോചിപ്പിക്കാനുംവേണ്ടി ഞാൻ അവിടുത്തോട് അപേക്ഷിക്കും. അതുകൊണ്ട് ആത്മനിയന്ത്രണമാകുന്ന ദാനം നിങ്ങൾക്ക് ലഭിച്ചിട്ടില്ലെങ്കിൽ പ്രത്യാശനിറഞ്ഞ പ്രാർത്ഥനയോടെ കർത്താവിനോടു യാചിച്ചാൽ അവിടുന്ന് നിങ്ങളെ ശ്രവിക്കാൻ സന്നദ്ധനാണെന്ന് അറിഞ്ഞുകൊള്ളുക. തപഃശ്ചര്യയിൽ ഉറച്ചു നിൽക്കാൻ കഴിയാത്തതിൽ നിരാശപ്പെടരുത്. പ്രാർത്ഥനയും ക്ഷമാ

www.malankaralibrary.com

പൂർവ്വമായ കൃതജ്ഞതയും വഴി ശത്രുവിൽനിന്നു മോചിതനാകാൻ പരിശ്രമിക്കുക. ദൗർബ്ബല്യത്തിന്റെ ചിന്തയും നിരാശയുംമൂലം ഉപവാസത്തിന്റെ നഗരം വിട്ടുപോകാൻ പ്രേരണയുണ്ടായാൽ, മറ്റൊരു നഗരത്തിൽ, അതായത് പ്രാർത്ഥനയുടെയും കൃതജ്ഞതയുടെയും നഗരത്തിൽ അഭയം തേടുക (മത്താ 10:23).

69. ഫറവോ ഇങ്ങനെ പ്രാർത്ഥിച്ചു: 'ദൈവം എന്നിൽനിന്നു മരണത്തെ എടുത്തുമാറ്റട്ടെ' (പുറ 10:17). ദൈവം ആ പ്രാർത്ഥന കേട്ടു. അതുപോലെതന്നെ തങ്ങളെ നരകത്തിലേക്ക് വലിച്ചെറിയരുതേയെന്ന് പിശാചുക്കൾ പ്രാർത്ഥിച്ചപ്പോൾ ദൈവം അവരുടെ പ്രാർത്ഥനയും കേട്ടു (ലൂക്കോ 8:31). ആ നിലയ്ക്ക്, തന്നെ ആത്മീയ മരണത്തിൽ നിന്നു രക്ഷിക്കണമെന്ന് പ്രാർത്ഥിക്കുന്ന ഒരു ക്രൈസ്തവനെ അവിടുന്ന് എത്രയധികമായി കേൾക്കുകയില്ലേ?

70. ദൈവകാരുണ്യത്തിൽ വെളിച്ചം ലഭിച്ച ഒരുവന് ചിലപ്പോൾ ആ കാരുണ്യം നഷ്ടപ്പെട്ടേക്കാം. അങ്ങനെ സംഭവിക്കുമ്പോൾ അയാൾ അസ്വസ്ഥനാവുകയും പരാതിപറയുകയും ചെയ്യുന്നു. നിരന്തരമായ പ്രാർത്ഥനയിലൂടെ ദൈവകാരുണ്യവും രക്ഷാവാഗ്ദാനവും തിരിച്ചു നേടുന്നതിനുപകരം അയാൾ അക്ഷമനായി പിൻവാങ്ങുന്നു. കൊട്ടാരത്തിൽനിന്ന് ധനം കിട്ടിയെങ്കിലും രാജാവിനൊപ്പം വിരുന്നുമേശ പങ്കിടാൻ ക്ഷണിക്കപ്പെടാത്തതിനാൽ നിരാശനാകുന്ന യാചകനെപ്പോലെയാണ് അയാൾ.

71. 'കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ' (യോഹ 20:29). ദൈവകാരുണ്യം തങ്ങളിൽനിന്ന് തിരിച്ചെടുക്കപ്പെടുകയും യാതൊരു ആശ്വാസവുമില്ലാതെ പരീക്ഷണങ്ങളും ഘോരാന്ധകാരവും അനുഭവിക്കേണ്ടിവരികയും ചെയ്യുമ്പോഴും നിരാശപ്പെടാത്തവർ ഭാഗ്യവാന്മാർ; അദൃശ്യനായ ദൈവത്തെ തങ്ങൾക്ക് കാണാൻ കഴിയുമെന്ന ഉറച്ച വിശ്വാസത്തോടെ സധൈര്യം അവർ അതു സഹിക്കുന്നു.

72. ദൈവകാരുണ്യത്താൽ, നിരവധി പരീക്ഷണങ്ങൾക്കും ദുഃഖത്തിനുംശേഷം യഥാസമയം സ്വർഗ്ഗത്തിൽനിന്നു ലഭിക്കുന്ന എളിമ, വിശുദ്ധിയിൽനിന്നു വ്യതിചലിച്ചവർക്കുണ്ടാകുന്ന ആത്മനിന്ദയെക്കാൾ എത്രയോ ശക്തവും വലുതുമാണ്. പാപത്തിൽനിന്നു പൂർണ്ണ

www.malankaralibrary.com

മോചനം നേടി യഥാർത്ഥത്തിൽ പരിപൂർണ്ണരായിത്തീർന്നവർക്കാണ് ഈ പരമോന്നതമായ എളിമ ലഭിക്കുന്നത്.

73. 'അപ്പോൾ സാത്താൻ അവനെ വിട്ടുപോയി, മാലാഖമാർ വന്ന് അവനെ ശുശ്രൂഷിക്കുകയും ചെയ്തു' (മത്താ 4:11). ക്രിസ്തു പരീക്ഷിക്കപ്പെട്ട സമയത്ത് മാലാഖമാർ അവനോടൊപ്പം ഉണ്ടായിരുന്നു എന്നു പറയുന്നില്ല. അതുപോലെതന്നെ പരീക്ഷണത്തിന്റെ സമയത്ത് ദൈവത്തിന്റെ മാലാഖമാർ അല്പസമയത്തേക്ക് നമ്മിൽനിന്നും മാറിനിന്നെന്നുവരാം. എന്നാൽ പ്രലോഭകർ നമ്മെ വിട്ടുപോയിക്കഴിയുമ്പോൾ മാലാഖമാർ എത്തി നമുക്ക് പിന്തുണയും പ്രോത്സാഹനവും സഹിഷ്ണുതയും ദീർഘക്ഷമയും സന്തോഷവും എന്നുവേണ്ടാ, നമ്മുടെ ക്ഷീണിതമായ ആത്മാവിനെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും രക്ഷിക്കുകയും ചെയ്യുന്നവയെല്ലാം നല്കുന്നു. നഥാനയേലിനോട് കർത്താവ് ഇങ്ങനെ അരുൾചെയ്തു: 'ദൈവദൂതന്മാർ കയറിപ്പോകുന്നതും മനുഷ്യപുത്രന്റെ മേൽ ഇറങ്ങി വരുന്നതും നിങ്ങൾ കാണും' (യോഹ 1:51). മറ്റു വാക്കിൽ പറഞ്ഞാൽ, മാലാഖമാരുടെ പരിചരണവും സഹായവും മനുഷ്യരാശിക്ക് വേണ്ടുവോളം ലഭിക്കും.

74. പ്രധാന പുരോഹിതന്റെ വലതുവശത്ത് നിന്നിരുന്ന സാത്താൻ അദ്ദേഹത്തിന്റെ നല്ല ചിന്തകളെയും വാക്കുകളെയും പ്രവൃത്തികളെയും എതിർത്തിരുന്നത് ഓർമ്മിക്കുക (സഖ 3:1). അപ്പോൾ നിങ്ങൾക്കു സംഭവിക്കുന്നവയെക്കുറിച്ച് നിങ്ങൾക്ക് അത്ഭുതം തോന്നുകയില്ല.

75. ദുർബ്ബലനായിരിക്കുക എന്നതിന്റെ അർത്ഥം എന്താണെന്ന് ഒരു സന്ന്യാസി മനസ്സിലാക്കിയിരിക്കണം: 'ദൈവമേ എന്നിൽ കരുണയുണ്ടാകണമേ, എന്തെന്നാൽ ഞാൻ ദുർബ്ബലനാണ്' (സങ്കീ 6:2) എന്ന വാക്കുകൾ അയാൾ ഓർമ്മിക്കണം. ദൈവത്തെ ധിക്കരിക്കുക എന്നതിന്റെ അർത്ഥമെന്താണെന്ന് അയാൾ അറിഞ്ഞിരിക്കണം; എന്തെന്നാൽ ഈ രോഗം നിമിത്തമാണ് പിശാചും അവന്റെ ദൂതന്മാരും വിപത്തിലകപ്പെട്ടത്.

76. തീയിൽ പഴുപ്പിച്ച ഇരുമ്പിൽ തൊടുക അസാദ്ധ്യമാണ്, ഇതുപോലെ നിരന്തരമായ പ്രാർത്ഥന ശത്രുക്കൾക്കെതിരെയുള്ള യുദ്ധ

www.malankaralibrary.com

ത്തിൽ മനസ്സിനെ കൂടുതൽ ബലവത്താക്കുന്നു. ഇക്കാരണത്താലാണ് പിശാചുക്കൾ തങ്ങളുടെ സർവ്വശക്തിയുമുപയോഗിച്ച് നമ്മെ പ്രാർത്ഥനയിൽ അലസരും അശ്രദ്ധരുമാക്കിത്തീർക്കാൻ ശ്രമിക്കുന്നത്. കാരണം തങ്ങൾക്കെതിരെയുള്ള മനസ്സിന്റെ അദൃശ്യ ആയുധമാണ് പ്രാർത്ഥനയെന്ന് അവർക്കറിയാം.

77. ദാവീദ് അമാലേക്യരോട് യുദ്ധംചെയ്യുന്നതിനായി സിക്‌ലാഗു നഗരത്തിൽനിന്നു യാത്ര പുറപ്പെട്ടപ്പോൾ, അദ്ദേഹത്തോട് ഒപ്പമുണ്ടായിരുന്ന കുറച്ചുപേർ ക്ഷീണിച്ചവശരായിരുന്നതിനാൽ ബസോർ അരുവിയുടെ തീരത്ത് തങ്ങി. അവർ യുദ്ധത്തിൽ പങ്കെടുത്തതുമില്ല (1 ശമു 30:10). യുദ്ധം വിജയിച്ച് തിരിച്ചുവരുന്ന വഴിക്ക്, അരുവിയുടെ തീരത്ത് തങ്ങിയിരുന്നവർക്ക് യാതൊന്നും കൊടുക്കേണ്ടതില്ലെന്ന് തന്റെ ഒപ്പമുള്ളവർ പറയുന്നത് ദാവീദ് കേട്ടു. അവരാകട്ടെ, ലജ്ജാഭരിതരായി മൗനം ഭജിക്കുന്നത് ദാവീദു കണ്ടു. അവരും യുദ്ധത്തിനു വരാൻ ആഗ്രഹിച്ചിരുന്നവരാണെന്ന് മനസ്സിലാക്കി, തന്റെ ദയയാൽ അവരുടെ പക്ഷംപിടിച്ച് അദ്ദേഹം പറഞ്ഞു. ഭാണ്ഡം സൂക്ഷിക്കാൻ വേണ്ടിയാണ് അവർ അരുവിക്കരയിൽ നിന്നതെന്ന്. അങ്ങനെ അദ്ദേഹം തന്റെകൂടെ സുധീരം യുദ്ധം ചെയ്തവർക്കു നൽകിയ അതേ ഓഹരിതന്നെ അവർക്കും നൽകി. ഇതുപോലെതന്നെയാണ്, ആദ്യം ആത്മീയതയിൽ ഉത്സാഹം പുലർത്തുകയും പിന്നീട് അലസനായിത്തീരുകയും ചെയ്യുന്ന ഒരു സഹോദരനോട് നിങ്ങളും പെരുമാറേണ്ടത്. ആ സഹോദരന്റെ രക്ഷയെ സംബന്ധിച്ച കാര്യത്തിൽ, ഭാണ്ഡം എന്നത് വിശ്വാസം, അനുതാപം, എളിമ, കണ്ണുനീർ, ക്ഷമ, പ്രത്യാശ, സഹാനുഭൂതി മുതലായവയാണ്. അലസനായിരുന്നിട്ടുപോലും അയാൾ ഈ ഭാണ്ഡം സൂക്ഷിക്കുകയാണെങ്കിൽ ക്രിസ്തുവിന്റെ ആഗമനത്തിൽ തനിക്ക് നിത്യമായ പ്രതിഫലം ലഭിക്കുമെന്ന് അയാൾക്ക് പ്രതീക്ഷിക്കാനാവും.

78. സുകൃതാഭ്യസനം, ധ്യാനം തുടങ്ങിയവയിലൂടെ ദൈവത്തിനായി തങ്ങളെത്തന്നെ പൂർണ്ണമായും സമർപ്പിച്ചവർക്കാണ് ലേവ്യരെന്നും പുരോഹിതന്മാരെന്നുമുള്ള പേര് നാം നല്കുന്നത്. എന്നാൽ വികാരങ്ങളെ വേട്ടയാടാൻ കഴിയാത്തവരെ 'ലേവ്യരുടെ കന്നുകാലികൾ' എന്നു വിളിക്കുന്നു (സംഖ്യ 3:41). അവർക്ക് വിശുദ്ധി നേടാൻ ആത്മാർത്ഥമായ ആഗ്രഹമുണ്ട്. എന്നാൽ അതിനായുള്ള

www.malankaralibrary.com

പരിശ്രമത്തിൽ അവർ തുടരെത്തുടരെ പരാജയപ്പെടുന്നു. കാരണം പാപം നിമിത്തം അതിനുള്ള ശേഷി അവർക്ക് നഷ്ടപ്പെടുന്നു. എങ്കിലും വേണ്ടസമയത്ത് ദൈവം അവർക്ക് തന്റെ സ്നേഹത്താൽ നിർവികാര തയുടെ വരം നല്കും എന്നു നമുക്കു പ്രതീക്ഷിക്കാനാവും. എന്തെന്നാൽ, 'അഗതികളുടെ ആഗ്രഹം ദൈവം കേട്ടിരിക്കുന്നു' (സങ്കീ 10:17).

79. ദൃശ്യമായും അദൃശ്യമായും ശത്രു നമ്മുടെ മേൽ ഏല്പിക്കുന്ന പീഡനത്തെക്കുറിച്ച് നാം ബോധവാന്മാരാണ്. എന്നാൽ സുകൃതങ്ങൾ പരിശീലിക്കുന്നതിലൂടെ, തെറ്റുകളിൽ പശ്ചാത്തപിക്കുന്നതിലൂടെ, പീഡാനുഭവത്തിലൂടെ, ക്ലേശങ്ങളിലുള്ള സ്ഥിരതയിലൂടെ, നിരന്തര മായ പ്രാർത്ഥനയിലൂടെ ഒക്കെ നാം ശത്രുവിന്റെ ഹൃദയത്തെ മുറി വേല്പിക്കുന്നുവെന്നും അവനെ നിരാശനാക്കുന്നുവെന്നും പലപ്പോഴും നാം അറിയാറില്ല. നാം അലസരായിത്തീരാതിരിക്കുന്നതിനുവേണ്ടി ദൈവം ഇതെല്ലാം നമ്മിൽനിന്നു മറച്ചുവയ്ക്കുന്നു. എങ്കിലും 'നമ്മെ വേദനിപ്പിക്കുന്നവർക്ക് വേദന നല്കുന്നത് ന്യായമെന്ന് ദൈവം കരുതുന്നു' (2 തെസ 1:6) എന്ന് ഉറപ്പാക്കിക്കൊള്ളുക.

80. മുറിച്ചിട്ട മരത്തിന്റെ പ്രായംചെന്ന തടിയിൽ 'ജലത്തിന്റെ ഗന്ധത്താൽ തൈച്ചെടിയിലെന്നതുപോലെ തളിരുകളുണ്ടാകുന്നു' വെങ്കിൽ (ഇയ്യോബ് 14:9) നാം പാപത്തിൽ നിപതിച്ചവരാണെങ്കിലും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഉണർന്നെഴുന്നേറ്റ്, പ്രകൃത്യാ, നമുക്ക് സ്വന്തമായ അനശ്വരതയുടെ പുഷ്പം വിരിയിച്ചുകൊണ്ട് ഒരു തൈച്ചെടിപോലെ ഫലം പുറപ്പെടുവിക്കാൻ നമുക്കു സാധിക്കും.

81. പാപങ്ങളുടെയും പ്രലോഭനങ്ങളുടെയും ആധിക്യത്താൽ ചില പ്പോഴൊക്കെ നമ്മുടെ ആത്മാവ് നിരാശപ്പെട്ടേക്കാം. 'ഞങ്ങളുടെ പ്രതീക്ഷ നഷ്ടമായിരിക്കുന്നു. ഞങ്ങൾ നശിച്ചിരിക്കുന്നു' (എസ 37:11) എന്ന് പറയുകയും ചെയ്തേക്കാം. എന്നാൽ നമ്മുടെ രക്ഷയെക്കുറിച്ച് ആശവെടിയാത്ത ദൈവം നമ്മോട് ഇങ്ങനെ പറയുന്നു: 'നിങ്ങൾ ജീവിക്കും, ഞാനാണ് കർത്താവെന്നു നിങ്ങൾ അറിയുകയും ചെയ്യും' (എസ 37:6). വിശുദ്ധമായ പ്രവൃത്തികളിലൂടെ തനിക്ക് ക്രിസ്തുവിനു ജന്മംനൽകാൻ എങ്ങനെയാണു സാധിക്കുന്നത് എന്നു സംശയിക്കുന്ന ആത്മാവിനോട് ഇങ്ങനെ പറയപ്പെട്ടിരിക്കുന്നു: 'പരിശുദ്ധാത്മാവ് നിന്റെ മേൽ വരും' (ലൂക്കോ 1:35). പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം എവിടെയുണ്ടോ അവിടെ പ്രകൃതിനിയമങ്ങൾക്ക് സ്ഥാനമില്ല. നാം

www.malankaralibrary.com

ആരാധിക്കുന്ന പരിശുദ്ധാത്മാവ് സർവ്വശക്തനായതിനാൽ സ്വാഭാവികമായി നമ്മിലില്ലാത്തതിനെ അവൻ സൃഷ്ടിക്കുന്നു. മുമ്പ് പരാജയപ്പെട്ട മനസ്സിനെ ഇപ്പോൾ അവൻ വിജയിപ്പിക്കുന്നു. എന്തെന്നാൽ അനുകമ്പയോടെ നമ്മിലേക്കു വരുന്ന സഹായകൻ, 'മുകളിൽ നിന്നു വരുന്നവൻ എല്ലാവർക്കും ഉപരിയാണ്' (യോഹ 3:31); എല്ലാ സ്വാഭാവികവാസനകൾക്കും പൈശാചിക വികാരങ്ങൾക്കും മുകളിൽ അവൻ നമ്മെ ഉയർത്തുന്നു.

82. നിങ്ങളുടെ മനസ്സിൽ പ്രകാശിക്കുന്ന വിളക്കിനെ അക്ഷതം സംരക്ഷിക്കുവാൻ പരിശ്രമിക്കുക. നിങ്ങൾ എന്തെങ്കിലും കാണുമ്പോൾ വികാരങ്ങൾക്കാണ് മുൻതൂക്കമെങ്കിൽ ദൈവം നിങ്ങളെ ഇരുട്ടിൽ ഉപേക്ഷിച്ചിരിക്കുന്നുവെന്ന് അർത്ഥം. നിങ്ങളെ നയിക്കാൻ ഉപയോഗിച്ചിരുന്ന കടിഞ്ഞാൺ അവിടുന്ന് ഉപേക്ഷിച്ചിരിക്കുന്നു. നിങ്ങളുടെ കണ്ണിലെ പ്രകാശം പൊലിയുകയും ചെയ്തിരിക്കുന്നു (സങ്കീ 38:10). എന്നാൽ ഇങ്ങനെ സംഭവിച്ചെങ്കിൽകൂടി നിരാശപ്പെടരുത്; പകരം ദാവീദിന്റെ വാക്കുകളാൽ ദൈവത്തോട് പ്രാർത്ഥിക്കുക. 'എന്റെ ഇരുട്ടിലേക്ക് അങ്ങയുടെ വെളിച്ചത്തെയും സത്യത്തെയും അയച്ചുതരിക. എന്തെന്നാൽ അങ്ങാണല്ലോ, എന്റെ രക്ഷയും എന്റെ ദൈവവും' (സങ്കീ 43:3,5); അങ്ങ് അങ്ങയുടെ ചൈതന്യത്തെ അയയ്ക്കുമ്പോൾ അവ സൃഷ്ടിക്കപ്പെടുന്നു. അങ്ങനെ ഭൂമുഖം നവീകരിക്കപ്പെടുന്നു' (സങ്കീ 104:30)

83. ഒരിക്കലും തൃപ്തിപ്പെടാത്ത വിശപ്പോടെ രാപകലില്ലാതെ പ്രാർത്ഥനയും സങ്കീർത്തനങ്ങളും തന്റെ ഭക്ഷണപാനീയങ്ങളാക്കി മാറ്റുകയും ദൈവമഹത്ത്വത്തെക്കുറിച്ചുള്ള തിരുലിഖിത വായനയിലൂടെ തന്നെത്തന്നെ ശക്തിപ്പെടുത്തുകയും ചെയ്യുന്നവൻ ഭാഗ്യവാനാണ്. ഇത്തരം സംസർഗ്ഗം വരുംകാലത്തിലെ വലിയ സന്തോഷത്തിലേക്ക് ആത്മാവിനെ നയിക്കും.

84. വീഴ്ച സംഭവിക്കാതിരിക്കാനായി നിങ്ങൾക്ക് കഴിയാവുന്നതെല്ലാം ചെയ്യുക; എന്തെന്നാൽ കരുത്തനായ കായികാഭ്യാസി വീഴാൻ പാടില്ല. എന്നാൽ നിങ്ങൾ വീണുപോകുന്നുവെങ്കിൽ ഉടൻതന്നെ ചാടിയെണീറ്റ് മത്സരം തുടരുക. ദൈവകാരുണ്യം നഷ്ടമാകുന്നതു മൂലം ഒരായിരം തവണ വീണാലും ഓരോ തവണയും വീണ്ടും എഴുന്നേല്ക്കുക, നിങ്ങളുടെ മരണംവരെ ഈ പ്രവൃത്തി തുടരുക.

www.malankaralibrary.com

എന്തെന്നാൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'നീതിമാനായ ഒരാൾ തുടർച്ചയായി തന്റെ ജീവിതത്തിൽ ഏഴു പ്രാവശ്യം വീണാലും അയാൾ വീണ്ടും എഴുന്നേൽക്കുന്നു' (സുഭാ 24:16). കണ്ണീരിലൂടെയും പ്രാർത്ഥനയിലൂടെയും വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ, എത്ര തവണ വീണാലും സന്ന്യാസവസ്ത്രമാകുന്ന ആയുധത്താൽ നിങ്ങൾ നീതിമാനായി കരുതപ്പെടും. നിങ്ങൾ ഒരു സന്ന്യാസിയായിരിക്കുന്നിടത്തോളം കാലം ശത്രുവിന്റെ പ്രഹരത്തെ അഭിമുഖീകരിക്കുന്ന ധീരനായ പട്ടാളക്കാരനെപ്പോലെയായിരിക്കണം; പ്രഹരമേറ്റിട്ടും കീഴടങ്ങുകയോ പിന്തിരിഞ്ഞോടുകയോ ചെയ്യാത്തതിൽ ദൈവം നിങ്ങളെ പ്രശംസിക്കും. എന്നാൽ ഒരു ഭീരുവിനെപ്പോലെ സന്ന്യാസജീവിതം ഉപേക്ഷിച്ച് നിങ്ങൾ ഓടിപ്പോയാൽ ശത്രു നിങ്ങളെ പിന്തുടർന്നു പ്രഹരിക്കും; ദൈവവുമായുള്ള ബന്ധം നിങ്ങൾക്ക് നഷ്ടമാവുകയും ചെയ്യും.

85. പാപം ചെയ്യുന്നതിലും ഗൗരവമേറിയതാണ് പ്രത്യാശ നഷ്ടപ്പെടുകയെന്നത്. ഒറ്റുകാരനായ യൂദാസ് ആത്മീയപോരാട്ടത്തിൽ പരിചയമില്ലാത്ത ഒരു പരാജയമനഃസ്ഥിതിക്കാരനായിരുന്നു. അങ്ങനെ ശത്രുവിന്റെ ആക്രമണത്താൽ അയാൾ നിരാശയിലേക്ക് പതിക്കുകയും തൂങ്ങിച്ചാകുകയും ചെയ്തു. എന്നാൽ പത്രോസ് ഉറച്ച പാറയായിരുന്നു. വലിയൊരു പതനമുണ്ടായെങ്കിലും, ആത്മീയപോരാട്ടത്തിലുള്ള പരിചയസമ്പന്നതമൂലം അദ്ദേഹം നിരാശനായില്ല; മറിച്ച് പശ്ചാത്താപപൂരിതവും എളിമപ്പെട്ടതുമായ ഹൃദയത്തിന്റെ കണ്ണുനീരിനാൽ അദ്ദേഹം തന്നെത്തന്നെ വീണ്ടെടുത്തു. പശ്ചാത്താപവും എളിമയും നിറഞ്ഞ കണ്ണുനീർ ദർശിക്കുന്ന മാത്രയിൽ നമ്മുടെ ശത്രു അഗ്നിജ്വാലയാൽ കണ്ണു നീറുംപോലെ ആവലാതിപ്പെട്ടുകൊണ്ട് ഓടിയകന്നു.

86. മൂന്നു കാര്യങ്ങളോടാണ് ഒരു സന്ന്യാസി സന്ധിയില്ലാത്ത സമരം ചെയ്യേണ്ടത് -അമിതമായ ആർത്തി, വിഫലമായ ആത്മവിശ്വാസം, വിഗ്രഹാരാധന തന്നെയായ ദ്രവ്യാസക്തി (കൊലോ 3:5).

87. ഒരിക്കൽ ഇസ്രായേലിൽ സങ്കീർത്തനങ്ങളും ദാവീദിന്റെ സംഗീതവും ഉപയോഗിച്ച് ഗുഹാവാസികളെയും മറ്റ് അപരിഷ്കൃത വർഗ്ഗക്കാരെയും കീഴടക്കിയ ഒരു രാജാവുണ്ടായിരുന്നു. നിങ്ങളുടെ ഇന്ദ്രിയങ്ങളിലും അവയവങ്ങളിലും നുഴഞ്ഞുകയറി നിങ്ങളെ പീഡിപ്പി

www.malankaralibrary.com

ക്കുകയും ശാരീരികാസക്തി ഉണർത്തുകയുംചെയ്യുന്ന പിശാചുക്കൾ ഇത്തരം ഗുഹാവാസികളായ അപരിഷ്കൃതരാണ്. അവർ നിമിത്ത മാണ് ഏതെങ്കിലും വസ്തുക്കളെ കാണുമ്പോൾ നിങ്ങളുടെ കണ്ണു കളിൽ അത്യാർത്തി നിറയുന്നത്. അതുപോലെതന്നെ, നിങ്ങൾ എന്തിനെക്കുറിച്ചെങ്കിലും കേൾക്കുകയും എന്തെങ്കിലും സുഗന്ധം ആസ്വദിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ വികാരാധീനരാകുന്നതും അശ്ലീല സംഭാഷണത്തിൽ ഏർപ്പെടുവാൻ നിങ്ങളെ പ്രേരിപ്പിക്കു ന്നതും, ബാബിലോൺ നഗരം എന്നപോലെ നിങ്ങൾക്ക് അകമേയും പുറമേയും ഉണ്ടാകുന്ന തകരാറുകൾക്കെല്ലാം കാരണവും അവർ തന്നെയാണ്. അതിനാൽ ഉറച്ച വിശ്വാസത്തോടെ സങ്കീർത്തന ങ്ങളാലും ഗാനങ്ങളാലും ആത്മീയഗീതങ്ങളാലും (എഫേ 5:19) നിങ്ങളുടെ ഉള്ളിൽ തിന്മ പ്രവർത്തിക്കുന്ന ഗുഹാവാസികളെ നിങ്ങളും നശിപ്പിക്കണം.

88. ഒരാളിലൂടെ മറ്റൊരാൾ രക്ഷിക്കപ്പെടണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. അതുപോലെതന്നെ ഒരാളിലൂടെ മറ്റൊരാളെ നശിപ്പിക്കാൻ സാത്താനും ശ്രമിക്കുന്നു. അതിനാൽ ശ്രദ്ധയില്ലാത്ത വരും ശല്യക്കാരും നാവിനെ നിയന്ത്രിക്കാത്തവരുമായ ആളുകളുമായി കൂട്ടുകൂടരുത്; എന്തെന്നാൽ അവരോടൊപ്പം നിങ്ങളും ശിക്ഷിക്ക പ്പെടും. ഒരു നല്ല മനുഷ്യനോട് ചങ്ങാത്തം പുലർത്തുന്നവനുപോലും രക്ഷപ്പെടുക അത്ര എളുപ്പമല്ല. അതിനാൽ, നിങ്ങൾ സ്വയം ജാഗരൂകത പുലർത്തുന്നില്ലെങ്കിൽ, ദുഷിച്ച സ്വഭാവമുള്ളവരുമായി സഹവർ ത്തിച്ചാൽ അവരുടെ കുഷ്ഠം നിങ്ങളെയും പിടികൂടുകയും അങ്ങനെ നിങ്ങൾ നശിച്ചുപോവുകയും ചെയ്യും. ഒരുവൻ കരുതലില്ലാതെ ഒരു വിഷപ്പാമ്പിനെ സമീപിക്കുന്നുവെങ്കിൽ എങ്ങനെയാണ് അവന് അനുകമ്പ പ്രതീക്ഷിക്കുവാൻ സാധിക്കുക? അതിനാൽ സ്വന്തം നാവിനെ നിയന്ത്രിക്കാൻ സാധിക്കാത്തവരും ശണ്ഠകൂടുന്നവരും ആന്തരികവും ബാഹ്യവുമായി ക്ഷോഭിക്കുകയും ചെയ്യുന്നവരിൽ നിന്നും നിങ്ങൾ അകന്നു നില്ക്കണം.

89. ജ്ഞാനിയെന്നും ബുദ്ധിശാലിയെന്നും ദൈവത്തിന്റെ സ്നേഹിതനെന്നും നിങ്ങൾ വിളിക്കപ്പെടാൻ ആഗ്രഹിക്കുന്നെങ്കിൽ, എപ്രകാരമാണോ അവിടുന്നിൽനിന്നും നിങ്ങൾ നിങ്ങളുടെ ആത്മാ വിനെ സ്വീകരിച്ചത് അതേ അവസ്ഥയിൽ; അതായത്, ശുദ്ധമായും

www.malankaralibrary.com

നിഷ്ക്കളങ്കമായും കളങ്കമറ്റതായും അതിനെ കർത്താവിനു സമർപ്പിക്കുക. അപ്പോൾ നിങ്ങൾ സ്വർഗ്ഗത്തിൽ കിരീടം ധരിപ്പിക്കപ്പെടുകയും മാലാഖമാർ നിങ്ങളെ അനുഗൃഹീതരെന്നു വിളിക്കുകയും ചെയ്യും.

90. മുമ്പ് വളരെയേറെ അപരാധങ്ങൾ ചെയ്തവനായിരുന്നെങ്കിലും ഒരൊറ്റ നല്ല വാക്കാണ് കള്ളനെ ശുദ്ധനും വിശുദ്ധനുമാക്കിത്തീർത്ത് പറുദീസായിലേക്ക് കൊണ്ടുപോയത് (ലൂക്കോ 23:42,43). തെറ്റായി ഉപദേശിക്കപ്പെട്ട ഒരൊറ്റ വാക്കാണ് മോശയ്ക്ക് വാഗ്ദത്തഭൂമിയിലേക്ക് പ്രവേശനം നിഷേധിച്ചത് (സംഖ്യ 20:12). അതിനാൽ വായാടിത്തം തീരെ ചെറിയ ഒരു രോഗമാണെന്നു നാം വിചാരിക്കരുത്. പരദൂഷണവും നുണയും പറയുന്നവർ തങ്ങൾക്ക് സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം നിഷേധിക്കുന്നു. അമിതഭാഷണം ചെയ്യുന്നവൻ ഈ ലോക ജീവിതത്തിൽ വിജയിച്ചേക്കാം. എന്നാൽ പരലോകത്തിൽ അവൻ വിജയിക്കില്ല. അത്തരക്കാരൻ അവിടെ കാലിടറി വീഴും; 'തിന്മ അവനെ വേട്ടയാടി നശിപ്പിക്കും' (സങ്കീ 140:11). 'നാവിനു തെറ്റുപറ്റുന്നതിനെക്കാൾ നല്ലതാണ് കാൽതെറ്റി വീഴുന്നത് (സുഭാ 20:18) എന്നു ശരിയായിത്തന്നെ പറയപ്പെട്ടിരിക്കുന്നു. 'ഓരോരുത്തരും കേൾക്കുന്നതിൽ സന്നദ്ധതയുള്ളവരും സംസാരിക്കുന്നതിൽ തിടുക്കം കൂട്ടാത്തവരുമായിരിക്കണം' (യാക്കോ 1:19) എന്ന യാക്കോബുശ്ലീഹായുടെ വാക്കുകൾ നാം വിശ്വസിക്കണം.

91. ഇന്ദ്രിയങ്ങൾ നമ്മുടെ മുമ്പിലെത്തിക്കുന്ന വ്യർത്ഥവും ശൂന്യവുമായ വസ്തുക്കളാൽ വഞ്ചിതരാകാതിരിക്കണമെങ്കിൽ യശയ്യാപ്രവാചകന്റെ വാക്കുകൾ ശ്രദ്ധിക്കുക: 'എന്റെ ജനങ്ങളേ, വരിക, നിങ്ങളുടെ ഉള്ളിലുള്ള മുറിയിലേക്ക് പ്രവേശിക്കുക'. നിങ്ങളുടെ ഹൃദയത്തിന്റെ ശ്രീകോവിൽ ഇന്ദ്രിയലോകത്തുനിന്നും ഉത്ഭവിക്കുന്ന ധാരണകൾക്കു പ്രവേശനം നിഷേധിക്കുന്നതും സങ്കല്പവിമുക്തവുമായ വാസസ്ഥലമാണ്. അത് നിർവ്വികാരതയാൽ പ്രകാശിക്കുന്നതും ദൈവകൃപയാൽ നിഴൽ വീശുന്നതുമാണ്. 'വാതിലടയ്ക്കുക' ദൃശ്യമായ ഒന്നിനെയും അതിനുള്ളിൽ പ്രവേശിപ്പിക്കരുത്; ഒരു മനുഷ്യന്റെ ജീവിതകാലമെന്നത് നിമിഷങ്ങൾ മാത്രമാണ്; അതിനാൽ 'ദൈവത്തിന്റെ കോപം മായുന്നതുവരെ' (യശ 26:20); അല്ലെങ്കിൽ സങ്കീർത്തനത്തിൽ പറയുന്നതുപോലെ, 'ദുരിതം നീങ്ങുന്നതുവരെ' (സങ്കീ 57:1) കുറച്ചു നിമിഷത്തേക്കു നിങ്ങൾ ഒളിഞ്ഞിരിക്കുക. ദൈവത്തിന്റെ ക്രോധത്തിനും

www.malankaralibrary.com

ഈ ദുരിതത്തിനും കാരണം പിശാചുക്കളും വികാരങ്ങളും പാപങ്ങളുമാകാം. അതുകൊണ്ടാണ് യെശയ്യ ദൈവത്തോട് ഇപ്രകാരം പറയുന്നത്: 'ഇതാ അങ്ങ് ഞങ്ങളോട് കോപിച്ചിരിക്കുന്നു, കാരണം, ഞങ്ങൾ പാപംചെയ്തു' (യെശ 64:5). പ്രാർത്ഥനാവേളയിൽ നിരന്തരം തന്റെ ഹൃദയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും തന്റെ ആന്തരിക ആലയത്തിലായിരിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നതു വഴിയാണ് ഒരുവന് ഈ കോപത്തിൽനിന്നും രക്ഷപെടുവാൻ സാധിക്കുന്നത്. 'നിങ്ങളുടെ ആന്തരികവ്യക്തിത്വത്തിലേക്ക് ജ്ഞാനത്തെ സ്വീകരിക്കുക' (ഇയ്യോബ് 28:18): 'രാജാവിന്റെ പുത്രിയുടെ മഹത്ത്വം മുഴുവനും ഉള്ളിലാണ്' (സങ്കീ 45:13) എന്ന് എഴുതപ്പെട്ടിരിക്കുന്നു. അതിനാൽ ദൈവത്തിന്റെ വിശുദ്ധഭവനത്തിലെത്തുന്നതുവരെ, 'അങ്ങയുടെ അവകാശമായ മലമുകളിൽ, അങ്ങയുടെ ആവാസസ്ഥാനത്ത് അങ്ങ് ഒരുക്കിയ, അങ്ങയുടെ കൈകൾ തയ്യാറാക്കിയ അഭയകേന്ദ്രത്തിൽ' ചെന്നുചേരുന്നതുവരെ (പുറ 15:17) നമുക്ക് നിരന്തരം പോരാടാം.

92. യഥാർത്ഥത്തിൽ ഈ ലോകം ഉപേക്ഷിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ദൈവത്തോടുള്ള തീവ്രസ്നേഹത്താൽ തനിക്കുവേണ്ടി യാതൊന്നും മാറ്റിവയ്ക്കാതെ എല്ലാം ഉപേക്ഷിച്ച എലീശാ പ്രവാചകനെ നിങ്ങൾ അനുകരിക്കണം (1 രാജാ 19:21). നിങ്ങൾക്കുള്ളതെല്ലാം ആവശ്യക്കാർക്കു നൽകുകയും ക്രിസ്തുവിന്റെ കുരിശ് എടുത്തുകൊണ്ട് ഈ ലോകത്തിന് സ്വമനസ്സാ മരിക്കുന്നതിന് ഉത്സുകരാവുകയും ചെയ്യുവിൻ; അതിനു പകരമായി നിത്യരാജ്യം നിങ്ങൾക്കു ലഭിക്കും.

93. നിങ്ങളുടെയുള്ളിലെ അമോര്യൻ 'ഓക്കുമരംപോലെ ഉറപ്പുള്ളവനാകയാൽ' അവന്റെ ഫലങ്ങളെ -അതായത് നിങ്ങളിലെ പാപപ്രവൃത്തികളെ- 'മുകളിൽനിന്നു ഉണക്കിക്കളയണ'മെന്നും, 'അവന്റെ വേരുകളെ അടിയിൽനിന്ന്' -നിങ്ങളിലെ അശുദ്ധചിന്തകളെയാണ് ഉദ്ദേശിക്കുന്നത്- നശിപ്പിക്കണമെന്നും നിങ്ങൾ ദൈവത്തോട് തീവ്രമായി പ്രാർത്ഥിക്കണം. 'അമോര്യനെ നിങ്ങളുടെ മുമ്പാകെ നശിപ്പിക്കണ'മെന്ന് ദൈവത്തോട് അപേക്ഷിക്കുക (ആമോ 2:9).

94. ആന്തരികമൗനം നേടാൻ കഴിയാത്തവർ നമ്മുടെ ആന്തരിക മൗനത്തെ പരിഹസിക്കുന്നതിൽ അത്ഭുതപ്പെടേണ്ട. യാതൊരു വിദ്വേഷവും കൂടാതെ സങ്കീർത്തനവചനം അവർക്കുനേരെ പ്രയോഗി

www.malankaralibrary.com

ക്കുക; ദൈവത്തോടുള്ള നിങ്ങളുടെ അനുസരണം തീവ്രമാക്കി ക്കൊണ്ട് അവരെ ചെറുത്തുനിൽക്കുകയും 'എന്റെ ആത്മാവേ, ദൈവത്തെ അനുസരിക്കുക' (സങ്കീ 62:5) എന്ന വചനം ആവർത്തി ക്കുകയും ചെയ്യുക. 'എന്റെ സ്നേഹത്തിനു പകരമായി അവർ കുറ്റാരോപണം നടത്തുന്നു. എന്നാൽ അവരുടെയും എന്റെയും രോഗശാന്തിക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു' (സങ്കീ 109:4).

95. കാറ്റുവീശാത്തപ്പോൾ കടലിൽ തിരമാലകളില്ല; പിശാചുക്കൾ നമ്മുടെയുള്ളിൽ ഇല്ലാത്തപ്പോൾ, വികാരങ്ങൾ നമ്മുടെ ആത്മാ വിനെയോ ശരീരത്തെയോ ശല്യപ്പെടുത്തുന്നില്ല.

96. പ്രാർത്ഥനയുടെയും കൃപയുടെയും ഊഷ്മളത നിങ്ങൾ എല്ലായ്പ്പോഴും അനുഭവിക്കുന്നുണ്ടെങ്കിൽ ഈ വാക്കുകൾ നിങ്ങൾക്കും ബാധകമാണ്: 'നിങ്ങൾ പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കുവിൻ' (റോമ 13:12). 'നിങ്ങളുടെ വസ്ത്രങ്ങൾ ചൂടുള്ളവയാണ്' (ഇയ്യോബ് 37:17). എന്നാൽ നിങ്ങളുടെ ശത്രുക്കളാകട്ടെ, നരകത്തിലെ അന്ധകാരത്തോടൊപ്പം 'അപമാനം ധരിച്ചിരിക്കുന്നു' (സങ്കീ 109:29).

97. നിങ്ങളുടെ പാപത്തെക്കുറിച്ച് ഓർമ്മിക്കുമ്പോൾ നെഞ്ച ത്തടിക്കാൻ അമാന്തിക്കരുത്. എന്തെന്നാൽ നെഞ്ചത്തടിക്കുന്ന തിലൂടെ നിങ്ങളുടെ കഠിനഹൃദയത്തെ കുഴിച്ച് അതിനുള്ളിലെ ചുങ്കക്കാരന്റെ സ്വർണ്ണഖനി കണ്ടെത്താൻ നിങ്ങൾക്കു കഴിയുന്നു (ലൂക്കോ 18:13); ഒളിച്ചുവയ്ക്കപ്പെട്ട ഈ സ്വർണ്ണഖനി നിങ്ങൾക്കു മഹത്തായ സന്തോഷം നൽകും.

98. നിങ്ങൾ പരിശുദ്ധാത്മാവിന്റെ വചനങ്ങളെക്കുറിച്ചു ധ്യാനിക്കു മ്പോൾ നിങ്ങളുടെ പ്രാർത്ഥനയുടെ അഗ്നി ഉന്നതത്തിലേക്ക് ഉയർന്ന് നിങ്ങളുടെ ആത്മാവിന്റെ അൾത്താരയിൽ ജ്വലിക്കട്ടെ.

99. 'നിങ്ങളുടെ പാദങ്ങൾ സമാധാനത്തിന്റെ സുവിശേഷത്താൽ പൊതിയപ്പെടണമെന്ന്' നിങ്ങൾ ഓരോ നിമിഷവും ആഗ്രഹിക്കുന്നു ണ്ടെങ്കിൽ (എഫേ 6:15), നിങ്ങൾ സ്വന്തം ഭവനമെന്നതുപോലെ നിങ്ങളുടെ അയൽക്കാരന്റെ ഭവനവും പണിതുയർത്തും. എന്നാൽ നിങ്ങൾ അലസനാണെങ്കിൽ പിശാചുക്കൾ അദൃശ്യമായി നിങ്ങളുടെ മുഖത്ത് തുപ്പും; അങ്ങനെ നിയമം പറയുന്നതുപോലെ ചെരുപ്പുകൾ

www.malankaralibrary.com

അഴിച്ചുമാറ്റപ്പെട്ട മനുഷ്യൻ' (ആവ 25:9,10) എന്ന് നിങ്ങൾ അറിയപ്പെടുകയും ചെയ്യും.

100. 'ദൈവം സ്നേഹമാണ്' എന്ന് വിശുദ്ധ യോഹന്നാൻ പറയുന്നുവെങ്കിൽ, 'സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു' (1 യോഹ 4:16). എന്നാൽ തന്റെ അയൽക്കാരനെ വെറുക്കുന്നവൻ തന്റെ വിദ്വേഷം നിമിത്തം സ്നേഹത്തിൽനിന്നു വേർതിരിക്കപ്പെട്ടവനാണ്. സഹോദരനെ വെറുക്കുന്നവൻ ദൈവത്തിൽനിന്നു അകറ്റപ്പെട്ടവനാണ്, എന്തെന്നാൽ, 'ദൈവം സ്നേഹമാണ്; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു'. എക്കാലവും അവിടുത്തേക്ക് ശക്തിയും മഹത്ത്വവും ഉണ്ടായിരിക്കട്ടെ. ആമേൻ.

www.malankaralibrary.com

# ഇന്ത്യയിൽനിന്നുള്ള മേല്പറഞ്ഞ സന്ന്യാസിമാരുടെ അപേക്ഷയനുസരിച്ച് നല്കപ്പെട്ട ആത്മീയോപദേശം

## നൂറു പാഠങ്ങൾക്കുള്ള അനുബന്ധം

ഭാര്യയും കുട്ടികളുമായി ബാഹ്യലോകത്തിൽ സന്തുഷ്ടജീവിതം നയിക്കുന്ന ഒരുവൻ സന്ന്യാസിയെക്കാൾ ഭാഗ്യശാലിയാണെന്നോ അയാൾക്ക് കൂടുതൽ നന്മ ചെയ്യാൻ കഴിയുമെന്നോ കൂടുതൽ ദാന ധർമ്മം ചെയ്യാൻ കഴിയുമെന്നോ അയാൾ ഒരിക്കലും പിശാചിനാൽ പരീക്ഷിക്കപ്പെടുന്നില്ലെന്നോ നിങ്ങൾ ചിന്തിക്കരുത്. നിങ്ങളെക്കാൾ ദൈവത്തിനു തൃപ്തി അയാളോടായിരിക്കുമെന്ന് കരുതരുത്; നിങ്ങൾ നിർഭാഗ്യവാനാണെന്നു കരുതി നിങ്ങളെത്തന്നെ ഉപദ്രവിക്കരുത്. നിങ്ങൾ സന്ന്യാസജീവിതത്തിൽ സ്ഥിരതയുള്ളവനായതിനാൽ തെറ്റുകൾക്ക് അതീതനാണെന്ന് ഞാൻ പറയുന്നില്ല; എന്നാൽ നിങ്ങളൊരു വലിയ പാപിയാണെങ്കിൽകൂടി നിങ്ങളുടെ ആത്മാവിലെ പശ്ചാത്താപവും നിങ്ങൾക്കു സഹിക്കേണ്ടി വരുന്ന ഞെരുക്കവും ലൗകികജീവിതം നയിക്കുന്നവരുടെ സദ്ഗുണങ്ങളെക്കാൾ ദൈവ ദൃഷ്ടിയിൽ കൂടുതൽ അമൂല്യമാണ്. നിങ്ങളുടെ തീവ്രമായ വിഷാദം, ഖിന്നത, കണ്ണുനീർ, തീവ്രദുഃഖത്താലുള്ള നെടുവീർപ്പ്, മാനസിക പീഡ, സംശയങ്ങൾ, ആത്മദണ്ഡനം, മനസ്സിന്റെയും ഹൃദയ ത്തിന്റെയും ദുഃഖവും വിലാപവും, പശ്ചാത്താപം, ദുർബ്ബലത, മൂകത, സ്വയം താഴ്ത്തൽ തുടങ്ങിയവയും ഇതുപോലെ, പരീക്ഷണങ്ങളും ഞെരുക്കങ്ങളുമാകുന്ന മൂശയിൽ ശുദ്ധി ചെയ്തെടുക്കുന്ന ഇരുമ്പെന്ന പോലെയുള്ള നിങ്ങളുടെ മറ്റ് അനുഭവങ്ങളും ലോകത്തിൽ ജീവിക്കുന്ന ഒരു വ്യക്തിയുടെ സത്പ്രവൃത്തികളെക്കാളും ദൈവത്തിന് കൂടുതൽ സ്വീകാര്യവും അമൂല്യവുമാണ്.

കർത്താവിന്റെ മുമ്പാകെ യാചകരായി ചെന്നിട്ട് ഞങ്ങൾ എന്തു നേടി? അവിടുത്തെ ഭവനത്തിൽ നമ്മുടെ സമയം മുഴുവൻ ചെല വഴിച്ചിട്ട് എന്തുകിട്ടി'? (മലാ 3:14) എന്നു ചോദിച്ചവരെപ്പോലെ നാം ദൈവകോപത്തിന് ഇരയായിത്തീരാതിരിക്കാൻ ശ്രദ്ധിക്കുക. പ്രത്യക്ഷ

www.malankaralibrary.com

മായി യജമാനന്റെ വീട്ടിൽ ജോലി ചെയ്യുന്ന ഏതൊരു അടിമയ്ക്കും ഇടയ്ക്കൊക്കെ ഉഗ്രമായ ശകാരവും ശിക്ഷയും കിട്ടാറുണ്ട്. എന്നാൽ പുറത്ത് ജോലിചെയ്യുന്ന അടിമയ്ക്ക്, അയാൾ വീട്ടിലല്ലാത്തതിനാൽ അയാളുടെ തെറ്റുകൾ യജമാനന്റെ ശ്രദ്ധയിൽപെടാത്തതിനാൽ അത്ര എളുപ്പമൊന്നും ശകാരം കിട്ടാറില്ല. എല്ലായ്പ്പോഴും പ്രാർത്ഥിക്കുകയും സങ്കീർത്തനങ്ങളാലപിക്കുകയും ചെയ്തുകൊണ്ട് ആത്മാവിലും ശരീരത്തിലും ക്ലേശം സഹിച്ചിട്ട് എന്താണു നാം നേടിയത്? അതേ സമയം പ്രാർത്ഥിക്കുകയോ ജാഗരണം നടത്തുകയോ ചെയ്യാത്ത ആളുകൾ ജീവിതകാലമത്രയും സന്തോഷവും സുഖവും അനുഭവിക്കുന്നില്ലേ? 'നോക്കൂ, മറ്റുള്ളവരുടെ ഭവനങ്ങൾ പൂർത്തിയാക്കപ്പെട്ടിരിക്കുന്നു, അവരെയാണ് അനുഗൃഹീതരെന്നു വിളിക്കേണ്ടത് -ഇതൊക്കെയാണ് അവരുടെ പരാതികൾ. പ്രവാചകൻ ഇങ്ങനെ പറയുന്നു: 'ദൈവത്തിന്റെ ദാസന്മാരും അറിവുള്ളവരുമാണ് ഇങ്ങനെയൊക്കെ സംസാരിക്കുന്നത്' (മലാ 3:15,16). സന്ന്യാസിമാർ അവരുടെ യജമാനൻ നല്കുന്ന വേദനയും ദുഃഖവും ക്ഷമയോടെ സഹിക്കുകയും പ്രലോഭനങ്ങളെയും പരീക്ഷണങ്ങളെയും ശാന്തരായി നേരിടുകയും ചെയ്യുന്ന സ്ഥിതി ഇന്ന് അസാധാരണമായിരിക്കുന്നു എന്നു നാം വിചാരിക്കരുത്. എന്തെന്നാൽ അവിടുന്ന് സുവിശേഷത്തിൽ ഇപ്രകാരം പറയുന്നത് അവർ കേട്ടു: 'സത്യമായും ഞാൻ നിങ്ങളോട് പറയുന്നു, എന്റെ അടുത്തു നിൽക്കുന്നവരായ നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും, എന്നാൽ ലോകം സന്തോഷിക്കുകയായിരിക്കും ചെയ്യുക. അല്പസമയം കഴിഞ്ഞ് സഹായകനിലൂടെ ഞാൻ നിങ്ങളെ സന്ദർശിക്കുകയും നിങ്ങളുടെ നിരാശയെ ആട്ടിയോടിക്കുകയും ചെയ്യും. സ്വർഗ്ഗീയജീവിതത്തെക്കുറിച്ചുള്ള ചിന്തയും സമാധാനവും ആനന്ദാശ്രുക്കളും നല്കി -ഇവയൊക്കെ നിങ്ങൾക്ക് നിഷേധിക്കപ്പെട്ടത് അല്പനേരത്തെ പരീക്ഷണവേളയിൽ ആയിരുന്നുവെന്ന് അറിയുക- ഞാൻ നിങ്ങളെ നവീകരിക്കും. അമ്മ, കരയുന്ന കുഞ്ഞിനെന്നതുപോലെ ഞാൻ നിങ്ങൾക്ക് എന്റെ കൃപയുടെ സ്തന്യം നല്കും. യുദ്ധത്തിൽ നിങ്ങൾ തളരുമ്പോൾ ഞാൻ നിങ്ങൾക്ക് ഉന്നതങ്ങളിൽനിന്നു ശക്തി പകരും, നിങ്ങൾ ചവർപ്പ് അനുഭവിക്കുമ്പോൾ ഞാൻ നിങ്ങൾക്ക് മധുരം നല്കും, നിങ്ങളുടെയുള്ളിൽ മറഞ്ഞിരിക്കുന്ന ജറുസലേമിനെക്കുറിച്ച് യിരമ്യ തന്റെ വിലാപങ്ങളിൽ പറയുന്നതുപോലെ ഞാൻ നിങ്ങളെ കടാക്ഷിക്കും,

www.malankaralibrary.com

എന്റെ രഹസ്യമായ സന്ദർശനത്തിൽ നിങ്ങളുടെ ഹൃദയങ്ങൾ ആനന്ദിക്കും; നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും, ആ സന്തോഷം ആർക്കും നിങ്ങളിൽനിന്ന് അപഹരിക്കാനാവില്ല' (യോഹ 16:20-22).

അതിനാൽ കുടുംബജീവിതം നയിക്കുന്നവർ നമ്മെക്കാൾ ഭാഗ്യശാലികളാണെന്ന് വിചാരിക്കത്തക്കവിധം നാം അന്ധരോ ഹ്രസ്വദൃഷ്ടികളോ ആകാതിരിക്കട്ടെ; മറിച്ച് യഥാർത്ഥ സന്താനങ്ങളും ജാരസന്താനങ്ങളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കി സന്ന്യാസജീവിതത്തിന്റെ ഭാഗമായ വേദനയും ദുരിതങ്ങളും നമുക്കു രണ്ടു കൈയുംനീട്ടി സ്വീകരിക്കാം, എന്തെന്നാൽ അവ നിത്യജീവിതത്തിലേക്കും കർത്താവിന്റെ അനശ്വരമായ മഹത്ത്വത്തിന്റെ കിരീടത്തിലേക്കുമാണ് നമ്മെ നയിക്കുന്നത്. നീതിമാന്മാരെന്ന് സ്വയം ഭാവിക്കാതെ പാപികളായി കരുതി എല്ലാ പരീക്ഷണങ്ങളെയും നമുക്കു നേരിടാം. പാപികളുടെ കൂടാരങ്ങളിൽ വാഴുന്നതിനെക്കാളും, ലൗകികരുമായി, അവർ നീതിയുടെ പ്രവൃത്തികൾ ചെയ്യുന്നവരാണെങ്കിൽപോലും, ബന്ധപ്പെടുന്നതിനെക്കാളും നല്ലത് ദൈവത്തിന്റെ ആലയത്തിലെ വാതിൽ കാവൽക്കാരനായി (സങ്കീ 84:10) സ്വയം കരുതുന്നതാണ് - അതായത് ക്രിസ്തുവിനെ നിരന്തരം ശുശ്രൂഷിക്കുന്ന സന്ന്യാസിയായിത്തീരുന്നതാണ്.

ആയതിനാൽ സന്ന്യാസി, നിങ്ങളോടുള്ള അതിരറ്റ സ്നേഹം കൊണ്ട് നിങ്ങളെ വേദനിപ്പിക്കുകയും പലതരത്തിലും പീഡിപ്പിക്കുകയും ചെയ്യുന്ന നിങ്ങളുടെ സ്വർഗ്ഗീയപിതാവിന്റെ വാക്കുകൾ കേൾക്കുക: 'ദയാർദ്രനായ സന്ന്യാസി, നിങ്ങൾ ഇക്കാര്യങ്ങൾ അറിഞ്ഞിരിക്കണം. എന്റെ പ്രവാചകൻ വഴി ഞാൻ അരുൾചെയ്തതുപോലെ ഞാൻ നിങ്ങളെ ശിക്ഷിക്കുന്നവനായിരിക്കും' (ഹോശയ്യ 5:2) എന്ന് അവിടുന്ന് നിങ്ങൾക്ക് താക്കീതു നല്കുന്നു. ഞാൻ നിങ്ങളെ വേദനകളാൽ പരീക്ഷിച്ചുകൊണ്ട് ഈജിപ്തിലേക്കുള്ള വഴിയിൽവച്ച് കണ്ടുമുട്ടും. ഞാൻ നിങ്ങളുടെ തിന്മകളെ എന്റെ പരിപാലനയുടെ മുള്ളുകളാൽ തടയും, നിങ്ങളെ അപ്രതീക്ഷിതമായ നിർഭാഗ്യങ്ങളിലൂടെ കുത്തിനോവിക്കും, വിഡ്ഢിത്തം നിറഞ്ഞ നിങ്ങളുടെ ഹൃദയത്തിന്റെ ആഗ്രഹങ്ങൾ പൂർത്തീകരിക്കാൻ നിങ്ങൾക്കു കഴിയില്ല. എന്റെ കാരുണ്യത്തിന്റെ കവാടങ്ങളാൽ നിങ്ങളുടെ വികാരങ്ങളുടെ

www.malankaralibrary.com

കടലിനെ ഞാൻ തടയും (ഇയ്യോബ് 38:8); ഒരു വന്യമൃഗത്തെപോലെ, കുറ്റബോധത്തിന്റെയും ശിക്ഷയുടെയും, നിങ്ങൾക്ക് അജ്ഞാതമായിരുന്ന വസ്തുക്കളെ നിരീക്ഷിച്ചാലെന്നവണ്ണം പശ്ചാത്താപത്തിന്റെയും ചിന്തകൾകൊണ്ട് ഞാൻ നിങ്ങളെ വിഴുങ്ങിക്കളയും. ഈ ഞെരുക്കങ്ങളെല്ലാം ദൈവത്തിന്റെ വരദാനങ്ങളാണ്, ഞാൻ നിങ്ങൾക്ക് ഇരയെ പിടിക്കുന്ന ഒരു വന്യമൃഗം മാത്രമല്ല, മറിച്ച്, നിങ്ങളെ അനുതാപത്തിന്റെയും ഹൃദയദുഃഖത്തിന്റെയും ചിന്തകൾ കൊണ്ടു പ്രഹരിക്കുന്ന ചമ്മട്ടിയുംകൂടിയാണ്. നിങ്ങളുടെ ആത്മാവിൽ നിന്നോ ശരീരത്തിൽനിന്നോ വേദന വിട്ടുമാറുകയില്ല; മറിച്ച് ദൈവം നല്കുന്ന പീഡനങ്ങളുടെ ചവർപ്പും മധുരവും നിറഞ്ഞ അനുഭവം എപ്പോഴും അവയ്ക്കുണ്ടായിരിക്കും'.

എന്നാൽ സന്ന്യാസജീവിതത്തിലൂടെ നമുക്ക് നേരിടേണ്ടിവരുന്ന പീഡനങ്ങൾ, വേദന, അനിശ്ചിതാവസ്ഥ, അപമാനം, ഭയം, നിരാശ തുടങ്ങിയവയെല്ലാം ആത്യന്തികമായി അവാച്യമായ ആനന്ദത്തിലേക്കും അനിർവചനീയമായ മഹത്ത്വത്തിലേക്കും നമ്മെ നയിക്കുന്നു. അവിടുന്ന് അരുൾചെയ്യുന്നു: 'ഈ കാരണത്താലാണ് ഞാൻ നിങ്ങളെ വേദനിപ്പിച്ചത്, ആത്മീയജ്ഞാനത്തിന്റെ മന്നാ നല്കി പോഷിപ്പിക്കുന്നതിനുവേണ്ടി; നിങ്ങളെ അനുഗ്രഹിക്കുന്നതിനും ഉന്നതരാജ്യത്തിലേക്ക് നിങ്ങളെ നയിക്കുന്നതിനുംവേണ്ടിയാണ് ഞാൻ നിങ്ങളെ വിശപ്പറിയുവാൻ വിട്ടത്. ആ സമയമെത്തുമ്പോൾ, നിസ്സാര സന്ന്യാസിമാരേ, നിങ്ങൾ കെട്ടഴിച്ചുവിട്ട പശുക്കിടാങ്ങളെപ്പോലെ തുള്ളിച്ചാടും (മലാ 4:2). എന്തെന്നാൽ ശാരീരികാഭിലാഷങ്ങളിൽനിന്നും ശത്രുവിന്റെ പ്രലോഭനങ്ങളിൽനിന്നും നിങ്ങൾ മോചിതരായിത്തീരും, ഇപ്പോൾ നിങ്ങളെ ചവിട്ടി നടക്കുന്ന പിശാചുക്കളുടെമേൽ നിങ്ങളപ്പോൾ ചവിട്ടിനടക്കും: 'നിങ്ങളുടെ പാദങ്ങൾക്കു കീഴിൽ അവർ വെറും ചാരമായി അമരും' (മലാ 4:3). നിങ്ങൾ അഹങ്കാരമോ പൊങ്ങച്ചമോ ഇല്ലാതെ എളിമയുള്ളവരും 'ഉപയോഗശൂന്യരുമായ ദാസന്മാർ' (ലൂക്കോ 17:10) എന്നു സ്വയം കരുതി കുറ്റബോധവും പശ്ചാത്താപവുമുള്ളവരായി ദൈവഭയത്തോടെ ജീവിച്ചാൽ, നിങ്ങളുടെ പാപം കുടുംബജീവിതം നയിക്കുന്നവരുടെ നന്മയെക്കാൾ മഹത്ത്വമുള്ളതും നിങ്ങളിലെ അഴുക്ക് അവരുടെ ശുദ്ധതയെക്കാൾ മതിപ്പുളവാക്കുന്നതുമായിരിക്കും.

www.malankaralibrary.com

എന്താണ് നിങ്ങളെ നിരാശപ്പെടുത്തുന്നത്? വൃത്തിയാക്കിയാൽ പോകാത്തതായി യാതൊരു കറയുമില്ല. ഒരുവന്റെ കൈകളിൽ ടാർ പുരണ്ടാൽ അയാളത് അല്പം എണ്ണ പുരട്ടി തുടച്ചു വൃത്തിയാക്കുന്നു; അങ്ങനെയെങ്കിൽ ദൈവകാരുണ്യത്തിന്റെ എണ്ണ പുരട്ടിയാൽ നിങ്ങൾ എത്രയോ അധികം നിർമ്മലരായിത്തീരും. നിങ്ങൾ നിഷ്പ്രയാസം വസ്ത്രങ്ങൾ അലക്കി വെളുപ്പിക്കാറുണ്ട്; ഓരോ ദിവസവും നിങ്ങളുടെമേൽ പ്രലോഭനങ്ങളുടെ അഴുക്കു പുരണ്ടാലും കർത്താവ് നിഷ്പ്രയാസം നിങ്ങളെ കഴുകി വെടിപ്പുള്ളവരാക്കുന്നു. 'ഞാൻ പാപംചെയ്തിരിക്കുന്നു' എന്ന് നിങ്ങൾ ദൈവത്തോട് പറയുമ്പോൾ ഇതായിരിക്കും അവിടുത്തെ മറുപടി: 'നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു; അവയെ തുടച്ചുമാറ്റുന്നത് ഞാനാണ്, ഞാൻ അവയെക്കുറിച്ച് ഓർമ്മിക്കുകയില്ല' (മത്താ 9:2; യശ 43:25). 'കിഴക്ക്, പടിഞ്ഞാറു നിന്ന് എത്രമാത്രം അകലെയാണോ അതുപോലെ ഞാൻ നിങ്ങളുടെ പാപങ്ങളെ നിങ്ങളിൽനിന്ന് അകറ്റിയിരിക്കുന്നു. ഒരു പിതാവ് തന്റെ പുത്രന്മാരോട് ദയ കാട്ടുന്നതുപോലെ ഞാൻ നിങ്ങളോട് ദയ കാട്ടും' (സങ്കീ 103:12,13). പ്രാർത്ഥിക്കാനും സങ്കീർത്തനങ്ങൾ ആലപിക്കാനും നിങ്ങളെ വിളിച്ച ദൈവത്തെ ധിക്കരിക്കാതെ, ജീവിതകാലം മുഴുവൻ പരിശുദ്ധവും ആത്മാർത്ഥവുമായ ബന്ധത്തിലൂടെ ആദരവോടും എന്നാൽ അവിടുത്തെ സാന്നിദ്ധ്യത്തിൽ ലജ്ജയോടുംകൂടി, കൃതജ്ഞത നിറഞ്ഞ മനസ്സോടെ അവിടുത്തോടു ചേർന്നു നിൽക്കുക.

തന്റെ ഇച്ഛയാൽ നിങ്ങളെ ശുദ്ധീകരിക്കുന്നത് ദൈവമാണ്. ദൈവം ശുദ്ധീകരിക്കാൻ തിരഞ്ഞെടുത്തതിനെ അശുദ്ധമെന്ന് വിധിക്കാനോ വിളിക്കാനോ മഹാനായ അപ്പോസ്തോലൻ പത്രോസിനുപോലും കഴിയില്ല. എന്തെന്നാൽ അദ്ദേഹത്തോട് ഇപ്രകാരം പറയപ്പെട്ടു: 'ദൈവം ശുദ്ധീകരിച്ചതിനെ അശുദ്ധമെന്ന് വിളിക്കരുത്' (അപ്പോ 10:15). തന്റെ സ്നേഹത്താൽ ദൈവം നമ്മെ മോചിപ്പിച്ചില്ലേ? ആ നിലയ്ക്ക് ആർക്കാണ് നമ്മെ കുറ്റപ്പെടുത്താൻ കഴിയുക? (റോമ 8:33,34). നാം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷിക്കുമ്പോൾ നമ്മുടെ മനഃസാക്ഷിക്ക് ശുദ്ധത കൈവരിക്കാൻ പ്രയാസമില്ല. അപ്പോൾ പ്രവാചകന്മാരിൽനിന്നും മറ്റു വിശുദ്ധരിൽനിന്നും നാം വ്യത്യസ്തരല്ലാതായിത്തീരുന്നു. എന്തെന്നാൽ നാം ദൈവത്തിന്റെ

www.malankaralibrary.com

ക്രോധം സഹിക്കണമെന്നല്ല ദൈവനിശ്ചയം, മറിച്ച്, നമുക്കുവേണ്ടി മരണംവരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി നാം രക്ഷിക്കപ്പെടണമെന്നാണ്. അതിനാൽ സുകൃതസമ്പാദനത്തിൽ നാം ദത്തശ്രദ്ധരായിരുന്നാലും നമ്മുടെ സ്വഭാവവൈകല്യം നിമിത്തം നാം ചിലപ്പോൾ ഉറങ്ങിപ്പോയാലും നാം ക്രിസ്തുവിനോടുകൂടി ജീവിക്കും. തീവ്രദുഃഖത്തിന്റെ കണ്ണുനീരോടും നിരന്തരമായ വിലാപത്തോടുംകൂടെ അവിടുത്തെ നോക്കുമ്പോൾ അവിടുത്തെത്തന്നെയാണ് നാം ശ്വസിക്കുന്നത്. ആയതിനാൽ നമുക്ക് വിശ്വാസത്തിന്റെ കവചവും രക്ഷയുടെ പ്രത്യാശയാകുന്ന പടത്തൊപ്പിയും ധരിക്കാം. അപ്പോൾ നിരുത്സാഹത്തിന്റെയും നൈരാശ്യത്തിന്റെയും അസ്ത്രങ്ങൾ നമ്മെ മുറിവേല്പിക്കാനുള്ള വിടവ് കണ്ടെത്തുകയില്ല (1 തെസ 5:8-10).

'ലൗകികജീവിതം നയിക്കുന്നവർക്ക് പ്രലോഭനങ്ങൾ ഉണ്ടാവുന്നില്ല എന്നതിൽ എനിക്ക് അമർഷമുണ്ട്' എന്ന് നിങ്ങൾ പറഞ്ഞേക്കാം. എന്നാൽ ഒന്നു മനസ്സിലാക്കുക; സ്വയം പ്രലോഭിപ്പിക്കപ്പെടുകയും ലൗകികമായ ഇടപാടുകളാൽ നിരന്തരം വലിച്ചഴയ്ക്കപ്പെടുകയും ചെയ്യുന്നവരെ പ്രലോഭിപ്പിക്കേണ്ട ആവശ്യം സാത്താനില്ല. ദൈവത്തെക്കുറിച്ച് ശ്രദ്ധിക്കാതെ ലൗകികതയിൽ മുഴുകി കൂർക്കംവലിച്ചുറങ്ങുന്നവർക്കല്ല, മറിച്ച്, പ്രലോഭനങ്ങളിലൂടെ പരീക്ഷിക്കപ്പെടുന്നവർക്കാണ് സമ്മാനങ്ങളും കിരീടങ്ങളും ലഭിക്കുന്നതെന്നും നിങ്ങൾ അറിഞ്ഞിരിക്കണം. എന്നാൽ, ഞാൻ പല കാര്യങ്ങളാൽ അതികഠിനമായി പ്രലോഭിപ്പിക്കപ്പെട്ടതിനാൽ 'എന്റെ അരക്കെട്ട് ജ്വരംകൊണ്ടു പൊള്ളുന്നു' (സങ്കീ 38:7), ഞാൻ ദുരിതത്തിലകപ്പെട്ടു, എന്റെ ശരീരത്തിനു തീരെ സൗഖ്യമില്ല, 'എന്റെ അസ്ഥികൾക്ക് പ്രതിവിധിയില്ല' (സുഭാ 3:8) എന്നൊക്കെ നിങ്ങൾ പറഞ്ഞേക്കാം. വാസ്തവത്തിൽ രോഗികളുടെ മഹാനായ ഭിഷഗ്വരൻ നമ്മുടെ സമീപത്തു നില്പുണ്ട്. നമ്മുടെ രോഗങ്ങളെല്ലാം വഹിച്ചുകൊണ്ട് തന്റെ മുറിവുകളാൽ അവിടുന്നു നമ്മെ സുഖപ്പെടുത്തുകയും സുഖപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു (യെശ 53:5). അവിടുന്ന് ഇവിടെ നമ്മുടെ സമീപത്തുണ്ട്. ഇപ്പോൾപോലും രക്ഷയുടെ മരുന്ന് അവിടുന്ന് നമുക്ക് ഉപദേശിച്ചുതന്നുകൊണ്ടിരിക്കുന്നു. എന്തെന്നാൽ അവിടുന്ന് ഇപ്രകാരം അരുൾചെയ്യുന്നു: 'എന്റെ അസാന്നിദ്ധ്യംകൊണ്ട് ഞാൻ നിങ്ങളെ പീഡിപ്പിച്ചു, എന്നാൽ ഞാൻ നിങ്ങളെ സുഖപ്പെടുത്തും.

www.malankaralibrary.com

അതിനാൽ ഭയപ്പെടേണ്ട; എന്തെന്നാൽ എന്റെ തീവ്രമായ ക്രോധം അവസാനിക്കുമ്പോൾ ഞാൻ വീണ്ടും നിങ്ങളെ സുഖപ്പെടുത്തും. ഒരു സ്ത്രീ തന്റെ ഉദരത്തിന്റെ സന്തതിയെ മറക്കുകയില്ല, അവൾ മറന്നാൽപോലും ഞാൻ നിങ്ങളെ മറക്കുകയില്ല' (ആവ 32:39; യെശ 7:4, 49:15). 'ഒരു പക്ഷി സ്നേഹത്തോടെ തന്റെ കുഞ്ഞുങ്ങൾക്കുവേണ്ടി ജീവിക്കുകയും ഇടയ്ക്കിടയ്ക്ക് അടുത്തെത്തി അവരെ വിളിക്കുകയും ഭക്ഷണം കൊടുക്കുകയും ചെയ്യുന്നുണ്ടെങ്കിൽ, എന്റെ സൃഷ്ടികളോട് അതിലും എത്രയോ കൂടുതൽ അനുകമ്പയായിരിക്കും എനിക്കുണ്ടായിരിക്കുക! നിങ്ങൾക്ക് മറവിയുണ്ടാകുമ്പോൾ, ഇതിലും എത്രയധികം വാത്സല്യത്തോടെയായിരിക്കും ഞാൻ നിങ്ങളെ സന്ദർശിച്ച് നിങ്ങളുടെ മനസ്സിനോട് സംസാരിക്കുകയും കിളിക്കുഞ്ഞിനെപ്പോലെ വായ്പൊളിക്കുന്ന നിങ്ങളുടെ യുക്തിയെ പോഷിപ്പിക്കുകയും ചെയ്യുക! നിങ്ങളെക്കാളും ശക്തനായവനെക്കുറിച്ചുള്ള ഭയമാണ് ഭക്ഷണമെന്ന നിലയിൽ ഞാൻ നിങ്ങൾക്കു നല്കുന്നത്; സ്വർഗ്ഗത്തിനുവേണ്ടിയുള്ള തീവ്രമായ ആഗ്രഹവും നെടുവീർപ്പും ഞാൻ നിങ്ങൾക്കു നല്കുന്നു, അവ നിങ്ങളെ ആശ്വസിപ്പിക്കും; പശ്ചാത്താപവും ഗാനവും അഗാധമായ അറിവും ദിവ്യരഹസ്യങ്ങളും ഞാൻ നിങ്ങൾക്കു നല്കുന്നു. നിങ്ങളുടെ കർത്താവും പിതാവുമായ ഞാൻ ഇക്കാര്യത്തിൽ വ്യാജമാണ് പറയുന്നതെങ്കിൽ എന്നെ കുറ്റക്കാരനായി വിധിച്ചുകൊള്ളുക, ഞാനത് സ്വീകരിച്ചുകൊള്ളാം'. എപ്പോഴും ഇത്തരത്തിലാണ് കർത്താവ് ആന്തരികമായി നമ്മോട് സംസാരിക്കുന്നത്.

ഈ കത്ത് വളരെ നീണ്ടുപോയി എന്ന് എനിക്കറിയാം. എന്നാൽ നിങ്ങൾ ആവശ്യപ്പെട്ടതിനാലാണ് അങ്ങനെ സംഭവിച്ചത്. ഉദാസീനത മൂലം വീണുപോകാൻ സാദ്ധ്യതയുള്ളവരെ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയാണ് ഞാൻ ഇത്രമാത്രം സുദീർഘമായി എഴുതിയത്. കാരണം, ഇന്ത്യയിൽ നിങ്ങളുടെ കൂട്ടത്തിലുള്ള ചില സഹോദരന്മാർ തങ്ങൾ പ്രതീക്ഷിച്ചിരുന്നതിലും വളരെയധികമായി കഠിനമായ പ്രലോഭനങ്ങളാൽ പീഡിപ്പിക്കപ്പെടുന്നുണ്ടെന്ന് നിങ്ങൾ എനിക്ക് എഴുതിയിരുന്നുവല്ലോ. സന്ന്യാസജീവിതം ഒരു മനുഷ്യനെ പൂർണ്ണമായും വീർപ്പുമുട്ടിക്കുകയും എണ്ണമറ്റ അപകടങ്ങളിലേക്ക് അവനെ വലിച്ചിഴയ്ക്കുകയും ചെയ്യുന്നു എന്നു പറഞ്ഞുകൊണ്ട് അവർ

www.malankaralibrary.com

സന്ന്യാസജീവിതം ഉപേക്ഷിക്കുകപോലും ചെയ്തു. കുടുംബജീവിതം നയിക്കുന്നവർ തങ്ങളെക്കാൾ ഭാഗ്യശാലികളാണെന്നു കരുതി സന്ന്യാസവസ്ത്രം ധരിച്ച ദിവസത്തെ ശപിക്കുന്നവരുമുണ്ട് എന്നു നിങ്ങൾ എന്നോട് പറഞ്ഞുവല്ലോ. അതിനാലാണ്, ലളിതമായ ഭാഷയിൽ ഈ സുദീർഘമായ കത്ത് എഴുതിയത്. നിരക്ഷരനായ ഒരാൾക്കുപോലും ഇതു മനസ്സിലാകും. ഇക്കാര്യങ്ങളെല്ലാം ഞാൻ നിങ്ങൾക്ക് എഴുതിയതിന്റെ ഉദ്ദേശ്യം, സന്ന്യാസികൾ ലൗകികമായ യാതൊന്നിനെയും തങ്ങളുടെ സന്ന്യാസവിളിയെക്കാൾ ശ്രേഷ്ഠമായി കരുതരുതെന്ന് കാണിച്ചുതരാനാണ്. ദൈവത്തെ നിരന്തരം സേവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന സന്ന്യാസികൾ കിരീടധാരികളായ രാജാക്കന്മാരെക്കാളും ഉന്നതരും പ്രതാപശാലികളുമാണ്. ഇക്കാര്യങ്ങളെല്ലാം എഴുതിക്കൊണ്ട്, നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെ നിരന്തരം ഓർക്കണമേയെന്ന് ഞാൻ സ്നേഹപൂർവ്വം യാചിക്കുന്നു. അങ്ങനെ എന്റെ ദുർബ്ബലാവസ്ഥയിൽ, ഈ ജീവിതത്തിൽ വിശുദ്ധി ധരിക്കുവാനുള്ള കൃപാവരം കർത്താവ് എനിക്കു നല്കട്ടെ. കാരുണ്യത്തിന്റെ പിതാവും സകല അനുഗ്രഹങ്ങളുടെയും ദൈവവുമായവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ ഉറപ്പുള്ള പ്രത്യാശയും നിത്യമായ അനുഗ്രഹങ്ങളും നിങ്ങൾക്കു നല്കട്ടെ. അവിടുത്തേക്ക് എന്നേയ്ക്കും മഹത്ത്വവും ആധിപത്യവും ഉണ്ടായിരിക്കട്ടെ. ആമേൻ.

www.malankaralibrary.com

# ലഘുനിഘണ്ടു

**AGE:** കാലം, യുഗം, പ്രപഞ്ചസംബന്ധിയായ (വിശ്വസംബന്ധിയായ) കാലത്തിന്റെ സമഷ്ടിയായ ഭാവം. അതു മാലാഖമാരുടെ വൃന്ദങ്ങളെ ഉൾക്കൊള്ളുന്നു. ദൈവം സൃഷ്ടിച്ച എല്ലാ നൂറ്റാണ്ടുകളുടെയും പൂർത്തീകരണവും മൂലസൂത്രവുമെന്ന നിലയിൽ ദൈവത്തിന്റെ ഒരു ഗുണവിശേഷവുമാണത്. പ്രധാനമായി രണ്ടു വിധത്തിൽ ഈ പദം ഉപയോഗിക്കുന്നു.

(i) 'വർത്തമാനകാലം', വരുവാനുള്ള കാലം (യുഗം), പുതിയ യുഗം (കാലം) എന്നിവ തമ്മിൽ മിക്കപ്പോഴും വ്യവച്ഛേദിച്ചു കാണാറുണ്ട്. ആദ്യത്തേത് സമയത്തെപ്പറ്റിയുള്ള ഇന്നത്തെ ധാരണയോടു ബന്ധപ്പെട്ടിരിക്കുന്നു. രണ്ടാമത്തേത് കാലം ദൈവത്തിൽ എങ്ങനെ നിലനിൽക്കുന്നുവെന്നതിനെ കുറിക്കുന്നു. അതായത് നിത്യതയെപ്പറ്റിയുള്ള ധാരണ. അവസാനമില്ലാത്ത സമയം എന്ന അർത്ഥത്തിലല്ല. പിന്നെയോ സമയം മുഴുവൻ ഒരേകാലത്ത്, ഒരേവേളയിൽ, ഏകദാ സന്നിഹിതമാണെന്ന അർത്ഥത്തിൽ. നമുക്ക് സമയത്തെപ്പറ്റി ഇന്നുള്ള ധാരണ ദൈവത്തിൽനിന്നു വേർതിരിക്കപ്പെട്ട ഒന്നായിട്ടാണ്: വീഴ്ചയുടെ ഫലമായി നമുക്കു ദർശനത്തിലും ആത്മീയവീക്ഷണത്തിലും അനുഭവപ്പെട്ട നഷ്ടത്തിന്റെ ഫലമാണത്. ഈ അർത്ഥത്തിൽ അത് ഏതാണ്ടൊരു മിഥ്യയാണെന്നു പറയാം. യഥാർത്ഥത്തിൽ സമയം ദൈവത്തിൽനിന്നു വേറിട്ടൊരു ഘടകമല്ല; ദൈവത്തിൽനിന്നു മുറിച്ചുമാറ്റാനും നിവൃത്തിയില്ല. അതായത് 'വർത്തമാനകാല'ത്തെ 'വരുവാനുള്ള കാല'ത്തിൽനിന്നു മാറ്റി നിർത്താനാവില്ല. ഇക്കാരണത്താൽ 'വരുവാനുള്ള കാല'വും അതിന്റെ യാഥാർത്ഥ്യങ്ങളും ഇല്ലാത്ത കാര്യമായിട്ടോ ഭാവിയിൽ നിലവിൽവരുന്ന കാര്യമായിട്ടോ അല്ല, കൃപയാൽ നമുക്ക് ഇവിടെ, ഇപ്പോൾത്തന്നെ അനുഭവവേദ്യമാക്കാവുന്ന യാഥാർത്ഥ്യങ്ങളായി കാണാൻ സാധിക്കുന്നു. ഇക്കാര്യം സൂചിപ്പിക്കുന്നതിന്, ഈ യാഥാർത്ഥ്യങ്ങളെ കുറിക്കുന്നതിനുപയോഗിക്കുന്ന ഗ്രീക്ക് പദപ്രയോഗം 'ഒരുക്കപ്പെട്ടിരിക്കുന്ന അനുഗ്രഹങ്ങൾ' എന്നു വിവർത്തനം ചെയ്യാവുന്നതാണ്.

www.malankaralibrary.com

(ii) ചില പാഠങ്ങൾ, പ്രത്യേകിച്ച് സെന്റ് മാക്സിമോസ് ദ കൺഫെസ്സറുടെ എഴുത്തുകളിൽ കാണാവുന്നത്, aeon (അനന്തകാലം, യുഗം, കല്പം) എന്ന പദം ബന്ധപ്പെട്ട അർത്ഥത്തിൽ ഉപയോഗിക്കുന്നതാണ്. അതായത് ഒരു മദ്ധ്യവർത്തിയുടെ തലത്തിൽ. പൂർണ്ണ അർത്ഥത്തിൽ നിത്യതയ്ക്കും വർത്തമാനകാല അനുഭവത്തിൽ നാം അറിയുന്ന സമയത്തിനും ഇടയ്ക്കുള്ള ഒരു മദ്ധ്യതല വർത്തി ഈ അർത്ഥത്തിൽ age (കാലം)നു പകരം aeon (കല്പം) എന്നാണ് നാം സാധാരണ ഉപയോഗിക്കുന്നത്. ആ നിലയ്ക്ക് മൂന്നു തലങ്ങൾ കാണാം.

a. നിത്യത അനന്തത (Totum simul) ആദിയും അന്തവും ഇല്ലാത്തവനും, സമ്പൂർണ്ണമായ അർത്ഥത്തിൽ യാവനൊരുവൻ മാത്രം അനന്തമായി നിലനിൽക്കുന്നവനുമായ ദൈവത്തിനു മാത്രം അറിയാവുന്ന യാഥാർത്ഥ്യത്തിന്റെയും മുഴുവൻ സമയത്തിന്റെയും ഒരേ സമയത്തുള്ള സാന്നിദ്ധ്യമാണതു സൂചിപ്പിക്കുന്നത്.

b. Aeon (യുഗം, കല്പം) totum simul മാലാഖമാർക്കും, വരുവാനുള്ള ലോകത്തെപ്പറ്റിയുള്ള അനുഭവം സ്വായത്തമായ ചില മനുഷ്യവ്യക്തികൾക്കും അറിവുള്ള സമയധാരണ, അവസാനമില്ലെങ്കിലും, ഈ മാലാഖമാരും മനുഷ്യവ്യക്തികളും – സൃഷ്ടിക്കപ്പെട്ടവരെന്ന നിലയ്ക്ക് സ്വയം ജനിച്ചവരല്ല, തന്മൂലം ദൈവം നിത്യനാണെന്നു പറയുന്ന അർത്ഥത്തിൽ ഇവർ നിത്യവ്യക്തികളല്ല.

c. വർത്തമാനകാലത്ത് നാം അറിയുന്ന അർത്ഥത്തിൽ താല്ക്കാലികമായ പിന്തുടർച്ച മാറി മാറി വരുന്ന കാല ധാരണ.

**APPETITIVE ASPECT OF THE SOUL:** ആത്മാവിന്റെ അധികാര തൃഷ്ണ. പ്ലേറ്റോ ആവിഷ്കരിച്ച മൂന്നിന വിഭജനം അനുസരിച്ച് ആത്മാവിന്റെ അധികാരങ്ങളിൽ, അഥവാ മൂന്നു ഭാവങ്ങളിൽ, ഒരെണ്ണം (പ്ലേറ്റോയുടെ റിപ്പബ്ലിക് നാലാം പുസ്തകം p. 434 D മുതൽ 441 C വരെ കാണുക). ഗ്രീക്ക് ക്രിസ്ത്യൻ പിതാക്കന്മാർ പൊതുവേ അംഗീകരിച്ചിട്ടുള്ളതാണിത്. മറ്റു രണ്ടെണ്ണം: ഒന്ന്, ബുദ്ധിയുടെ ഭാവം അഥവാ അധികാരം, രണ്ട്, രോഷപ്രകടനഭാവം അഥവാ അധികാരം. ഇതു മിക്കപ്പോഴും രോഷമായോ കോപമായോ പ്രത്യക്ഷപ്പെട്ടേക്കാം. സാമാന്യമായി പറഞ്ഞാൽ, ഉൽക്കടമായ വികാരങ്ങൾക്കു പ്രേരകമാകാവുന്ന ശക്തിയെന്ന് അതിനെ നിർവചിക്കാം. അധികാരത്തിന്റെ മൂന്നു ഭാവ

www.malankaralibrary.com

ങ്ങളും രചനാത്മകമായി – അതായത് പ്രകൃത്യനുസരണമായി, ദൈവം സൃഷ്ടിച്ച വിധത്തിൽ ഉപയോഗിക്കാം. അല്ലെങ്കിൽ നിഷേധാത്മക മായി–പ്രകൃതിവിരുദ്ധമായ രീതിയിൽ, പാപത്തിലേക്കു നയിക്കുംവിധം– (q.v.) ഉപയോഗിക്കാം. ഉദാഹരണത്തിന് കോപിക്കാനുള്ള ശക്തി പൈശാചികാക്രമണങ്ങളെ ചെറുക്കുന്നതിനു രചനാത്മകമായോ, അല്ലാത്തപക്ഷം ദൈവോന്മുഖമായ ആഗ്രഹം ശക്തിപ്പെടുത്തുന്നതി നായോ ഉപയോഗിക്കാം. അല്ലെങ്കിൽ നിയന്ത്രിക്കാത്ത സമയങ്ങളിൽ ഭോഗാസക്തവും വിധ്വംസകവുമായ ചിന്തയിലേക്കും നടപടികളി ലേക്കും അതു നയിക്കാവുന്നതാണ്.

തൃഷ്ണാപരവും പ്രകോപനപരവുമായ ഭാവങ്ങളെ, പ്രത്യേകിച്ച് ആദ്യത്തേതിനെ ആത്മാവിന്റെ സൂക്ഷ്മസംവേദനക്ഷമതയുള്ള ഭാവ മായി ചൂണ്ടിക്കാണിക്കാറുണ്ട്. അതായത് തീക്ഷ്ണവികാരങ്ങൾക്കു വിധേയമാകാവുന്ന ഭാവം (q.v.), രചനാത്മകമായ ആദ്ധ്യാത്മിക സ്വാധീനം രൂപാന്തരപ്പെടുത്താത്ത സന്ദർഭങ്ങളിൽ അത് നിഷേധാത്മ കവും സ്വയം വിനാശകവുമായ ശക്തികളുടെ പ്രവർത്തനസ്വാധീന ത്തിനു വിധേയമായിരിക്കും. ബുദ്ധിപരമായ ഭാവം, വികാരങ്ങൾക്കു വിധേയമാണെങ്കിലും, സാധാരണഗതിയിൽ, ആത്മാവിന്റെ സംവേദന ക്ഷമതയുള്ള ഭാഗമായി പരിഗണിക്കപ്പെടുന്നില്ല.

**ASSENT:** സമ്മതം; പ്രലോഭനം (Temptation) നോക്കുക.

**ATTENTIVENESS:** ദത്താവധാനത; ജാഗരൂകത; Watchfulness നോക്കുക

**COMPUNCTION:** പശ്ചാത്താപം. നമ്മുടെ വിവർത്തനത്തിൽ പല പ്പോഴും ഈ പദം 'ആഴമേറിയ അനുതാപം' എന്ന അർത്ഥത്തിൽ ഉപ യോഗിച്ചു കാണും. മനഃസാക്ഷിക്കുത്തുള്ള ഒരു മനുഷ്യന്റെ അവസ്ഥ; സ്വന്തം പാപബഹുത്വത്തെപ്പറ്റിയും ദൈവം വച്ചുനീട്ടുന്ന പാപക്ഷമയെ പ്പറ്റിയും -രണ്ടിനെപ്പറ്റിയും ബോധവാനാകുന്ന അവസ്ഥ; ആത്മാർത്ഥ മായ അനുതാപത്തിൽനിന്ന് ഉദ്ഭവിക്കുന്ന ദുഃഖം, ആർദ്രത, ആനന്ദം എന്നീ വികാരങ്ങളുടെ സമ്മിശ്രാവസ്ഥ (q.v.).

**CONCEPTUAL IMAGE:** ചിന്ത (Thought) നോക്കുക.

**CONTEMPLATION:** ധ്യാനം. ധിഷണയുടെ ദർശനം അഥവാ അവ ബോധം. ഇതിലൂടെയാണ് ഒരുവൻ ആത്മീയജ്ഞാനം പ്രാപിക്കുന്നത്.

www.malankaralibrary.com

(q.v.) സദ്ഗുണങ്ങളുടെ ആചരണത്തിൽനിന്ന് ഇത് വ്യത്യസ്തമാണ്. സന്ന്യാസജീവിതത്തിന്റെ ബാഹ്യഭാവങ്ങളെയാണ് -കല്പനകളുടെ ശുദ്ധീകരണവും ആചരണവുമാണ് ഇത് വ്യക്തമാക്കുന്നത്. ധ്യാനത്തിന്റെ അനുപേക്ഷണീയമായ ഒരു മുൻവ്യവസ്ഥയാണിത്. വ്യക്തിപരമായ ആത്മികവളർച്ചയുടെ തലത്തെ ആശ്രയിച്ച് ധ്യാനത്തിനു രണ്ടു പ്രധാന ഘട്ടങ്ങളുണ്ട്. അത് ഒന്നുകിൽ സൃഷ്ടിക്കപ്പെട്ട ജീവികളുടെ ആന്തരസംജ്ഞയോ (തത്വങ്ങളോ) ആവാം; അല്ലെങ്കിൽ, കുറെക്കൂടി ഉയർന്ന ഘട്ടത്തിൽ ദൈവത്തിന്റെതന്നെ സത്തയാവാം.

**COUPLING:** പ്രലോഭനം (Temptation) കാണുക

**DELUSION:** illusion കാണുക വ്യാമോഹം

**DESIRE**, Desiring power of the soul: ആഗ്രഹിക്കാൻ ആത്മാവിനുള്ള കഴിവ്. Appetitive aspect of the soul കാണുക

**DISCRIMINATION:** വിവേചനം. ഒരുവന്റെ മനസ്സിലേക്കു കടന്നുവരുന്ന ചിന്തകളെ വിവേചിക്കാനും അവയെ വ്യക്തമായി, കൃത്യമായി വിലയിരുത്താനും തദനുസരണം കൈകാര്യം ചെയ്യാനും ഒക്കെയുള്ള ആത്മീയവരദാനം. ഈ വരദാനത്തിലൂടെ ദൈവികവും പൈശാചികവുമായ ചിന്തകളെ തിരിച്ചറിയാൻ സാധിക്കുന്നു. ഇതിനെ ആത്മാവിന്റെ കണ്ണുകളെന്നോ ആത്മാവിന്റെ വിളക്കെന്നോ വിളിക്കാം. ഈ വിളക്കിന്റെ സഹായത്തോടെ, മനുഷ്യന് വഴി തെറ്റിപ്പോകാതെ, ആത്മീയ പാതയിൽ നേരെ പോകാൻ സാധിക്കുന്നു. അങ്ങനെ ഗുണദോഷ വിവേചനം (ഔചിത്യം) എന്ന ആശയംകൂടി ഇതിൽ ഉൾക്കൊള്ളുന്നു.

**DISPASSION:** ഇവിടെ വിവർത്തനം ചെയ്തിട്ടുള്ള പാഠങ്ങളുടെ എഴുത്തുകാരുടെ കൂട്ടത്തിൽ ചിലർ passion (ശക്തമായ വികാരം)നെ തിന്മയായും പാപത്തിന്റെ ഫലമായും കാണുന്നു. അവരെ സംബന്ധിച്ചിടത്തോളം dispassion passion ഇല്ലായ്മയാണ് - passion-നെ പറിച്ചെറിയലാണ്. അതേസമയം, സന്യാസിയായ വിശുദ്ധ യശയ്യായെപ്പോലെയുള്ളവർ passion (ശക്തമായ വികാരം) മൗലികമായി നന്മയായി കാണുന്നു. അവരെ സംബന്ധിച്ചിടത്തോളം dispassion എന്നത് പാപപ്രവൃത്തിയോ പാപചിന്തയോ കൂടാതെ passion അതിന്റെ മൗലികമായ പരിശുദ്ധിയിൽ കാണുന്നു. അങ്ങനെ dispassion എന്നതു പുനഃസംയോജനത്തിന്റെയും ആത്മീയസ്വാതന്ത്ര്യത്തിന്റെയും അവസ്ഥ

www.malankaralibrary.com

യാണ്. ആ പദം ലത്തീനിലേക്കു വിവർത്തനം ചെയ്തപ്പോൾ കാസ്സിയൻ 'ഹൃദയശുദ്ധി' എന്ന പദമാണ് ഉപയോഗിച്ചത്. ഈ അവസ്ഥയിൽ നിഷ്പക്ഷതയും നിർവികാരതയും ഉൾപ്പെടുന്നു, പക്ഷേ അനാസ്ഥയോ താല്പര്യമില്ലായ്മയോ അതിലില്ല. Dispassionate ആയിട്ടുള്ള മനുഷ്യൻ സ്വന്തം കാര്യത്തിനുവേണ്ടി കഷ്ടത അനുഭവിക്കുന്നില്ലെങ്കിലും അയാൾ സമസൃഷ്ടങ്ങൾക്കുവേണ്ടി കഷ്ടത അനുഭവിക്കുന്നുണ്ട്. ദുഷ്ടാത്മാക്കളുടെ ആക്രമണം അയാൾക്ക് ഉണ്ടാകുന്നില്ലെന്നല്ല, അയാൾ അവയ്ക്കു വഴങ്ങുന്നില്ല. അതു രചനാത്മകമാണ്; നിഷേധാത്മകമല്ല. ഇവാഗ്രിയോസ് അതിനെ സ്നേഹത്തിന്റെ ഗുണോൽക്കർഷവുമായി (അഗാപ്പെ) ബന്ധപ്പെടുത്തുന്നു. ഡയാഡൊക്കോസ് dispassion-ന്റെ അഗ്നി എന്നു പറയുന്നു: തർജ്ജമ. ഖണ്ഡിക 17 (ലേഖനം: ആത്മികജ്ഞാനവും വിവേചനവും - ലേഖകൻ, 'ഫോട്ടിക്കിയിലെ ഡയാഡൊക്കോസ്; ഇംഗ്ലീഷ് ഗ്രന്ഥം. വാല്യം 1, പേജ് 258). Dispassion ദൈവത്തിന്റെ വരദാനങ്ങളിൽപെട്ടതാണ്.

**ECSTASY:** ഹർഷോന്മാദം. തന്നിൽനിന്നും സൃഷ്ടിക്കപ്പെട്ട സകലതിൽനിന്നും പുറത്തുപോയി ദൈവത്തിൽ എത്തിച്ചേരുകയെന്നർത്ഥം. ലൈംഗികപ്രേമത്തിന്റെയോ (eros) ഗാഢമായ അഭിവാഞ്ഛയുടെയോ സ്വാധീനത്തിലാണ് ഈ യാത്ര. മനുഷ്യന് സ്വന്തം പ്രയത്നംകൊണ്ട് ഹർഷോന്മാദമുണ്ടാകുന്നില്ല. ദൈവസ്നേഹത്തിന്റെ ശക്തി മനുഷ്യനെ ആകർഷിക്കുകയാണ്. യുക്തിപൂർവ്വമുള്ള ചർച്ചയുടെ പരിധിയിൽനിന്നെല്ലാം കടന്നുപോകുന്ന ആശയമാണ് ഹർഷോന്മാദം. ചിലപ്പോൾ മയക്കമോ മോഹനിദ്രയോ ഇതോടൊന്നിച്ചുണ്ടാകാം. സാധാരണ ബോധാവസ്ഥ ചിലപ്പോൾ നഷ്ടപ്പെടാം. എന്നാൽ, മാനസികവും ശാരീരികവുമായ ഇടപെടൽ അതിന് അനുപേക്ഷണീയമല്ല. ചിലപ്പോൾ എക്സ്റ്റസി എന്ന പദം ചീത്തഅർത്ഥത്തിലും ഉപയോഗിക്കാറുണ്ട്. വശീകരിച്ചു മതിഭ്രമമുണ്ടാക്കുക, ആത്മനിയന്ത്രണം നഷ്ടപ്പെട്ട അവസ്ഥ എന്നീ അർത്ഥങ്ങളിൽ.

**FAITH:** ക്രിസ്തുമത സത്യങ്ങളിലുള്ള വ്യക്തിഗതമോ താത്വികമോ ആയ വിശ്വാസം മാത്രമല്ല, മറിച്ച് എല്ലാവരെയും ഉൾക്കൊള്ളുന്നതും ദൈവസ്നേഹത്തിലും ദൈവത്തിലുമുള്ള സമ്പൂർണ വിശ്വാസത്തിലും അധിഷ്ഠിതമായ വിശ്വാസം എന്നാണർത്ഥം. അതു മനുഷ്യന്റെ സമസ്ത ജീവിതത്തിന്റെയും പരിവർത്തനം ഉൾക്കൊള്ളുന്നു.

www.malankaralibrary.com

വിശ്വാസം ദൈവത്തിൽനിന്നുള്ള ഒരു വരദാനമാണ്. ക്രിസ്തുവിൽ ദൈവത്തിന്റെ സമസ്ത theanthropic പ്രവർത്തനത്തിലേക്കും നാം അതു വഴി എടുക്കപ്പെടുന്നു. മാത്രമല്ല, മനുഷ്യൻ രക്ഷപ്രാപിക്കുന്ന തിനു മുഖാന്തരമായ ക്രിസ്തുവിൽ മനുഷ്യന്റെ പ്രവർത്തനവും ഈ വിശ്വാസത്തിലൂടെയാണ് നടക്കുന്നത്.

**FALLEN NATURE:** അക്ഷരാർത്ഥത്തിൽ, 'പഴയ മനുഷ്യൻ'. Flesh രണ്ടാമത്തെ അർത്ഥം കാണുക.

**FANTASY: ഭ്രമാത്മകത** രൂപങ്ങൾ സൃഷ്ടിക്കുന്നതിനുള്ള മനസ്സിന്റെ കഴിവ്. ഹെസികാസ്റ്റ് പദാവലിയിൽ പരമപ്രധാനമായ പദങ്ങളിൽ ഒന്നാ ണിത്. ആത്മികപാതയിലൂടെ ഒരുവൻ പുരോഗമിക്കാൻ തുടങ്ങുന്ന തോടെ ബാഹ്യലോകവുമായി ബന്ധമില്ലാത്ത രൂപങ്ങളുടെ ചിത്രങ്ങൾ 'ദർശിക്കാനാ'രംഭിക്കുന്നു. വിശദീകരിക്കാനാവാത്ത രീതിയിൽ ഒരു വന്റെ ഉള്ളിൽനിന്നു തന്നെയാണ് അതു പുറത്തുവരുന്നത്. ഒരുവന്റെ ബോധസത്ത ആഴംതേടി തുടങ്ങുന്നുവെന്നതിന്റെ ഒരു സൂചനയാണത്. പുറത്തുനിന്നുള്ള സ്പർശനശക്തികളും സാധാരണചിന്തകളും ഒരളവിൽ നിശ്ശബ്ദമായി കഴിഞ്ഞു. ഉപബോധമനസ്സിൽ ഒളിഞ്ഞിരി പ്പുള്ള ഉൾപ്രേരണകളും ഭയങ്ങളും പ്രത്യാശകളും ശക്തമായ വികാര ങ്ങളും ഉപരിതലം ഭേദിച്ചു പുറത്തുവരാൻ തുടങ്ങുന്നു. ആത്മീയ ജീവിതത്തിന്റെ ലക്ഷ്യങ്ങളിലൊന്ന്, ബോധസത്തയുടെ സാധാരണ തലത്തെയും ഉപബോധതലത്തെയും കവച്ചുവയ്ക്കുന്ന തരത്തിലുള്ള ഒരു ആത്മീയജ്ഞാനം നേടിയെടുക്കുകയാണ്; സ്വീകർത്താവ്, ആത്മീയതയുടെ പുരോഗമിച്ച ഘട്ടത്തിലെത്തിയ തലത്തിൽ പ്രത്യേ കിച്ചും, പ്രതിച്ഛായകൾ സ്വർഗീയമായ മൂലരൂപങ്ങളുടെ ഭാവനാത്മക മായ പ്രക്ഷേപണികളാകാനാണു സാധ്യത. ഈ ഘട്ടത്തിൽ വിശുദ്ധ കലയുടെയും വിഗ്രഹങ്ങളുടെയും പ്രതിച്ഛായകൾക്കു രൂപം നൽകുന്ന വിധത്തിൽ അതിനെ സർഗാത്മകമായി ഉപയോഗിക്കാൻ കഴിയും. പക്ഷേ മിക്കപ്പോഴും അവ മധ്യനിലയിലോ അതിലും താഴെയോ ഉള്ള ഗോളാർദ്ധത്തിൽനിന്നായിരിക്കും. ആത്മീയമായോ സർഗാത്മകമായോ യാതൊന്നും അവയ്ക്കുണ്ടായിരിക്കുകയില്ല. അതുകൊണ്ട് അവ ശരിയായ അർത്ഥത്തിലുള്ള ഭാവനാലോകത്തോടല്ല, ഒരു ഭ്രമാത്മക ലോകത്തോടാണു ബന്ധപ്പെട്ടിരിക്കുന്നത്. ഇക്കാരണത്തിലാണ് ഹെസിക്കാസ്റ്റിക് ഗുരുക്കന്മാർ മൊത്തത്തിൽ അവയുടെ നേർക്കു നിഷേധാത്മകമായ മനോഭാവം പുലർത്തുന്നത്. അവർ ഇത്തരം അനു

www.malankaralibrary.com

ഭവങ്ങളിൽ അന്തർഭവിച്ചിട്ടുള്ള ഗുരുതരാപകടങ്ങളെ ഊന്നിപ്പറയുന്നു. ഇത്തരം പ്രതിച്ഛായകളുടെ ഉത്പാദനംതന്നെ പൈശാചികമോ അതി ദുഷ്ടമോ ആയ പ്രവർത്തനത്തിന്റെ ഭവിഷ്യത്ഫലമാണെന്നും അവർ ഉറപ്പിക്കുന്നു. ആരംഭഘട്ടത്തിൽ, ആത്മികവിവേചനം കൈവന്നിട്ടില്ലാത്തവരെ അവർ ശാസിക്കുന്നത് പ്രലോഭനങ്ങളിൽ കുടുങ്ങരുതെന്നും ഈ വിധത്തിലുള്ള വ്യാമോഹചിത്രങ്ങൾ അവരെ അടിമകളാക്കാൻ അനുവദിക്കരുതെന്നുമാണ്. അവയുടെ ക്ഷുബ്ധതയും ആരവവും മനസ്സിന്റെ സമനില തെറ്റിച്ചേക്കാം. അവയെപ്പറ്റി യാതൊന്നും ശ്രദ്ധിക്കാതെ, പ്രാർത്ഥനയിലും ഈശ്വരസ്തുതിയിലും തുടർന്ന് വ്യാപൃതരാകാനും യേശുക്രിസ്തുവിന്റെ നാമത്താൽ അവരെ ചിതറിക്കാനുമാണ് അവരുടെ ഉപദേശം.

**FLESH :** ശരീരം അഥവാ മാംസം. ഇതിനു പല അർത്ഥതലങ്ങളുണ്ട്. (i) ദൈവികമെന്നതിൽനിന്നു വ്യത്യസ്തമായ മാനുഷികം. ഈ വാചകത്തിലെപ്പോലെ: 'വചനം ജഡമായിത്തീർന്നു' (യോഹ. 1:14). (ii) ആദ്യമേ സൃഷ്ടിക്കപ്പെട്ട നിലയിൽ ദൈവവുമൊത്തു സംസർഗത്തിൽ കഴിഞ്ഞ മനുഷ്യപ്രകൃതിയിൽനിന്നു ഭിന്നമായി പതനം ഭവിച്ചതും പാപമയവുമായ മനുഷ്യസ്വഭാവം. ദൈവത്തിൽനിന്നു വിഭിന്നനും അവനെതിരായി മത്സരം മുഴക്കുന്നവനുമായ മനുഷ്യൻ. (iii) ആത്മാവിൽനിന്നു വേർപെട്ട ശരീരം. ആദ്യത്തെ അർത്ഥത്തിലാണ് ഏറ്റവും കൂടുതലായി ഉപയോഗിക്കുന്നത്. ഈ അർത്ഥത്തിലാണ് ഈ പദം ഉപയോഗിക്കുന്നതെങ്കിൽ, ആത്മാവിനെ ശരീരത്തിൽനിന്നു വേർപെടുത്തി കാണേണ്ടതു പ്രധാനം. ഗലാത്യർ 5:19–21–ൽ വിശുദ്ധ പൗലോസ് ജഡത്തിന്റെ പ്രവൃത്തികൾ എണ്ണിപ്പറയുമ്പോൾ, seditions, heresy (ദ്വന്ദ്വപക്ഷം), envy (അസൂയ) തുടങ്ങിയവ ചൂണ്ടിക്കാണിക്കുന്നു. അതായത് ശരീരത്തോടു പ്രത്യേക ബന്ധമൊന്നുമില്ലാത്ത കാര്യങ്ങൾ (ii)–ാമത്തെ അർത്ഥത്തിൽ, 'ജഡം' എന്നത് മനുഷ്യന്റെ പതനാവസ്ഥ സംബന്ധിച്ചിടത്തോളം, മൊത്തത്തിൽ ആത്മാവും ശരീരവും ചേർന്ന ഘടനയെയാണു സൂചിപ്പിക്കുന്നത്. അതുപോലെ, 'ആത്മാവ്' എന്നത് മനുഷ്യൻ വീണ്ടെടുക്കപ്പെട്ട അവസ്ഥ സംബന്ധിച്ചിടത്തോളം, മൊത്തത്തിൽ ആത്മാവും ശരീരവും ചേർന്ന ഘടനയെ സൂചിപ്പിക്കുന്നു. ശരീരവും ആത്മാവും ആത്മീയമായിത്തീരാൻ കഴിയുന്നതുപോലെതന്നെ, ആത്മാവും ശരീരവും ജഡികവും അഥവാ വിഷയാസക്തവും ആയിത്തീരാം. പദത്തിന്റെ രണ്ടാമത്തെ അർത്ഥപ്രകാരം താപസ

www.malankaralibrary.com

വൃത്തിയിൽ ജഡത്തിനെതിരായ സമരം ഉൾപ്പെടുന്നു. പക്ഷേ, ശരീരത്തിനെതിരായ സമരമല്ല.

**GUARD OF THE HEART, OF THE INTELLECT:** ജാഗരൂകത (watchfulness) കാണുക.

**HEART:** ഹൃദയമെന്ന അവയവത്തെയല്ല ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. മറിച്ച്, ദൈവത്തിന്റെ പ്രതിരൂപമായ മനുഷ്യനിലെ ആത്മീയതയുടെ കേന്ദ്രം, അയാളുടെ യഥാർത്ഥ വ്യക്തിത്വം, ആന്തരികമായ അൾത്താര – ത്യാഗത്തിലൂടെയും മരണത്തിലൂടെയും മാത്രമേ ഇവിടേക്കു പ്രവേശനമുള്ളൂ. അവിടെയാണ് ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള നിഗൂഢമായ ഐക്യത്തിന്റെ പൂർത്തീകരണം. സങ്കീർത്തനക്കാരൻ പറയുന്നു: 'ഞാൻ എന്റെ പൂർണ ഹൃദയത്തോടെ വിളിച്ചു. അതായത് 'ശരീരംകൊണ്ടും ആത്മാവുകൊണ്ടു ജീവചൈതന്യംകൊണ്ടും' (ജോൺ ക്ലൈമക്കോസ്, The Ladder of Divine Ascent, Step. 28 –ആർക്കി മാൻഡ്രൈറ്റ് ലാസറസ്, തർജ്ജമ ചെയ്തത് (ലണ്ടൻ 1959) പേജ് 257–8. അങ്ങനെ 'ഹൃദയം' എന്നതിന് സർവാശ്ലേഷകമായ സാംഗത്യം ഉള്ളതാണ്. 'ഹൃദയത്തിന്റെ പ്രാർത്ഥന' എന്നാൽ വികാരങ്ങളുടെയും സ്നേഹബന്ധങ്ങളുടെയും മാത്രമല്ല, ശരീരം ഉൾപ്പെടെ സമസ്തവ്യക്തിത്വത്തിന്റെയും പ്രാർത്ഥനയാണ്

**ILLUSION:** മായ, വ്യാമോഹം. നമ്മുടെ വിവർത്തനത്തിൽ ചിലപ്പോൾ മിഥ്യാബോധം എന്നും പരിഭാഷപ്പെടുത്താറുണ്ട്; അക്ഷരാർത്ഥത്തിൽ, വഴിതെറ്റി ഉഴലുകയാണത്. നേർപാതയിൽനിന്നു വ്യതിചലിച്ച്. അങ്ങനെ തെറ്റിലായി. ചതി എന്നും അർത്ഥം വന്നു. ഒരു മരീചികയെ സത്യമെന്നു തെറ്റിദ്ധരിച്ച അവസ്ഥ. അക്ഷരാർത്ഥത്തിൽ പാപം എന്നതിന്റെ അർത്ഥത്തെ ലക്ഷ്യം തെറ്റിയ അവസ്ഥയുമായി താരതമ്യം ചെയ്യുക.

**INCENSIVE POWER:** ആത്മാവിന്റെ അവസ്ഥ. കാണുക: Appetitive aspect of the soul.

**INNER ESSENCES OR PRINCIPLES:** ലോഗോസ് കാണുക.

**INTELLECT:** ധിഷണ. മനുഷ്യനിലെ ഏറ്റവും ഉയർന്ന കഴിവ് (ശേഷി). ശുദ്ധീകരിക്കപ്പെട്ടതാണെങ്കിൽ അതിലൂടെ അവൻ ദൈവത്തെ അറിയുന്നു; അഥവാ, പ്രത്യക്ഷ ജ്ഞാനത്തിലൂടെയോ ആത്മീയ ദർശ

www.malankaralibrary.com

നത്തിലൂടെയോ സൃഷ്ടവസ്തുക്കളുടെ ആന്തരിക സത്തകളും തത്വങ്ങളും അവൻ മനസ്സിലാക്കുന്നു. യുക്തിവിചാരത്തിൽനിന്ന് (dianoia) തികച്ചും വ്യത്യസ്തമായ രീതിയിലാണ് ഇതിന്റെ പ്രവർത്തനം. കേവല തത്വങ്ങൾ ആവിഷ്കരിച്ച് യുക്തിവിചാരങ്ങളിലൂടെ ഒരു നിഗമനത്തിലെത്തിച്ചേരുന്ന രീതിയല്ല ധിഷണയുടേത്. പക്ഷേ ദൈവിക സത്യങ്ങൾ ഉടനടിയുള്ള അനുഭവത്തിലൂടെയോ സഹജാവബോധത്തിലൂടെയോ പ്രത്യഭിജ്ഞാനത്തിലൂടെയോ (simple cognition – സിറിയക്കാരനായ ഐസക് പുണ്യവാളൻ ഉപയോഗിച്ച പദം) അതു മനസ്സിലാക്കുന്നു. ധിഷണ ആത്മാവിന്റെ അഗാധതലത്തിൽ വസിക്കുന്നു. ഹൃദയത്തിന്റെ ഏറ്റവും ആഴമേറിയ ഭാവത്തെ അത് ഉൾക്കൊള്ളുന്നു (സെന്റ് ഡയഡോക്കോസ്, ഖണ്ഡിക 79, 88: നമ്മുടെ തർജ്ജമ വോളിയം 1, പേജ് 280, 287). ധിഷണ ധ്യാനത്തിനുള്ള അവയവമാണ് 'ഹൃദയത്തിന്റെ ദൃഷ്ടി' (Makarian Homilies).

**INTELLECTION:** കേവല തത്വമോ ദൃശ്യചിത്രമോ അല്ല. ആത്മീയ യാഥാർത്ഥ്യങ്ങളെ പ്രത്യക്ഷമായ രീതിയിൽ ഉൾക്കൊള്ളുന്ന ധിഷണയുടെ പ്രവർത്തനമോ ധർമ്മമോ ആണ്.

**INTELLIGENT:** ലോജിക്കോസ് (logikos) എന്ന ഗ്രീക്ക് പദം ലോഗോസ് എന്ന പദവുമായി ഉറ്റബന്ധമുള്ളതാണ്. തന്മൂലം, ദൈവികമായ ധിഷണയെ പരിഭാഷപ്പെടുത്തുമ്പോൾ, 'ലോജിക്കൽ' ആകയാൽ, യുക്തിക്കു ചേർന്നത് എന്ന രീതിയിൽ വിവർത്തനം ചെയ്യുന്നതു തീർത്തും അപര്യാപ്തമാണ്. അതു ധിഷണയോടു ബന്ധപ്പെട്ടതാണ്. ആത്മീയവിജ്ഞാനം പ്രാപിച്ചിട്ടുള്ള ആളെയാണതു വിശേഷിപ്പിക്കുന്നത്. അതുകൊണ്ട് ആത്മാവുമായി ബന്ധപ്പെടുത്തി പറയുമ്പോൾ, logikos എന്ന പദത്തിന് deiform അഥവാ ധിഷണയോടു ബന്ധപ്പെട്ടത് എന്ന അർത്ഥം കല്പിക്കാം. ബുദ്ധിശക്തിതന്നെ ധിഷണയുടെ ഭരണപരമായ വശമാണ്, അല്ലെങ്കിൽ അതിന്റെ പ്രവർത്തനക്ഷമമായ കഴിവ്.

**INTENSE LONGING:** Eros എന്ന പദം ഇവിടത്തെ പാഠങ്ങളിൽ ഉപയോഗിക്കുമ്പോൾ, പ്ലേറ്റോണിക് ചിന്തയിൽ അതിനുള്ള അർത്ഥവും ഭാവാർത്ഥവും അധികപങ്കും ഉൾക്കൊള്ളുന്നു. ദൈവവുമായുള്ള ഐക്യത്തിലേക്കു മനുഷ്യനെ നിർബന്ധിച്ച് ഹേമിക്കുന്ന ഉൽക്കടമായ അഭിലാഷവും അഭിവാഞ്ഛയും ആകാംക്ഷയുമാണത് സൂചിപ്പിക്കുന്നത്. അതിവിശിഷ്ടമായ സംയോജകസ്നേഹമെന്ന നിലയിൽ

www.malankaralibrary.com

അതു അഗാപ്പിയിൽനിന്നു വ്യത്യസ്തമല്ല. എന്നാൽ അഗാപ്പിയുമായി താരതമ്യപ്പെടുത്തുമ്പോൾ അതു വളരെ കൂടിയ തോതിൽ തീക്ഷ്ണ തയും ഹർഷോന്മാദവും പ്രകടിപ്പിക്കുന്നുണ്ടുതാനും.

**INTIMATE COMMUNION:** അക്ഷരാർത്ഥത്തിൽ, തുറന്നു സംസാരിക്കൽ, സംഭാഷണസ്വാതന്ത്ര്യം. അങ്ങനെ പതനത്തിനു മുമ്പ് ആദമിന് ദൈവത്തെ സമീപിക്കുന്നതിനുണ്ടായിരുന്ന സ്വാതന്ത്ര്യം. പിൽക്കാലത്ത് പുണ്യവാളന്മാർ കൃപമുഖാന്തരം ഈ സ്വാതന്ത്ര്യം തിരിച്ചെടുക്കുകയുണ്ടായി. ദൈവത്തിന്റെ കാരുണ്യത്തിലുള്ള ആത്മ വിശ്വാസവും സ്നേഹത്തിലൂന്നിയ പ്രത്യാശയുമാണ് ഇവിടെ അഭി വ്യഞ്ജിപ്പിക്കുന്നത്.

**JESUS PRAYER:** യേശുവിന്റെ പേർ ചൊല്ലിയുള്ള പ്രാർത്ഥന. ഇതിനു പല രൂപഭേദങ്ങളുണ്ടെങ്കിലും, സാധാരണയായി 'കർത്താവായ യേശു ക്രിസ്തുവേ, ദൈവപുത്രാ, എന്നോടു കരുണയുണ്ടാകണേ', ഈ പദ ങ്ങളാണ് ഉപയോഗിക്കുന്നത്. ഇതൊരു സാങ്കേതികപദമോ ഒരു ക്രിസ്തീയ മന്ത്രമോ ഒന്നുമല്ല. യേശുക്രിസ്തു എന്ന വ്യക്തിയെ സംബോധന ചെയ്തുള്ള പ്രാർത്ഥന മാത്രം. ദൈവപുത്രനും രക്ഷ കനും എന്ന നിലയിൽ അവനിൽ നമുക്കുള്ള ജീവിക്കുന്ന വിശ്വാസം ഊന്നിപ്പറഞ്ഞുകൊണ്ടുള്ള ഒരു പ്രാർത്ഥനയാണിത്.

**LOGOS:** വിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെ വ്യക്തി. ദൈവത്തിന്റെ ധിഷണയും വിവേകവും ഈശ്വരാനുഗ്രഹവും. അവനിലൂടെയാണ് സകലതും സൃഷ്ടിക്കപ്പെട്ടത്. അഭിന്നവും പൂർണ്ണവുമായ പ്രാപഞ്ചിക തത്വമെന്ന നിലയിൽ ലോഗോസ് അവനിൽത്തന്നെ പല മടങ്ങായ ലോഗോയി (ആന്തരികതത്വങ്ങളോ ആന്തരികസത്തകളോ ആയ ദൈവ ചിന്തകളാണ് ലോഗോയി). ആയി അടങ്ങിയിരിക്കുന്നു. ഇതനുസരിച്ച് എല്ലാ കാര്യങ്ങളും അതതിനു നിർണ്ണയിച്ചിട്ടുള്ള സമയത്തും സ്ഥലത്തും രൂപങ്ങളിലും നിലവിൽവരുന്നു. ഓരോ ഒറ്റക്കാര്യവും അതിന്റെ വികസനത്തിനാവശ്യമായ തത്വം അതിൽത്തന്നെ ഉൾക്കൊള്ളുന്നു. ലോഗോസിൽ പ്രധാനമായി അടങ്ങിയിട്ടുള്ളതും സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തിൽ പ്രത്യക്ഷപ്പെടുന്ന രൂപങ്ങളിലുള്ളതു മായ ഈ ലോഗോയികളാണ് ധ്യാനത്തിന്റെ പ്രാരംഭത്തിലോ താണ ഘട്ടങ്ങളിലോ വെളിപ്പെടുന്നത്

www.malankaralibrary.com

**MIND –** യുക്തി കാണുക.

**NOETIC:** ധിഷണയോടു ബന്ധപ്പെട്ടതോ സ്വഭാവജന്യമോ (സവി ശേഷമായതോ) ആയത്. Intellection കൂടി കാണുക.

**PASSION:** യവനഭാഷയിൽ, ഈ പദം ഒരു വ്യക്തിക്കോ വസ്തുവിനോ സംഭവിക്കുന്ന കാര്യങ്ങളെ അക്ഷരാർത്ഥത്തിൽ സൂചിപ്പിക്കുന്നു – അതായത്, സഹനശീലമായ (നിഷ്ക്രിയമായ) ഒരനുഭവം. തന്മൂലം, ഒരു അഭിലാഷമോ കോപം, ആഗ്രഹം, അസൂയ ഇങ്ങനെയുള്ള വികാരാവേശങ്ങളിൽ ഏതെങ്കിലുമോ അക്രമാസക്തമായി ആത്മാവിനെ കീഴടക്കുന്ന അനുഭവം. പല യവനപിതാക്കന്മാരും വികാരങ്ങളെ നൈസർഗികമായി തിന്മയായോ ആത്മാവിനു പിടിപെട്ട 'രോഗ'മായോ കാണുന്നു. ദൈവം വികാരങ്ങളുടെ സ്രഷ്ടാവല്ലെന്നും. അവ അസ്വാഭാവികമായ എന്തോ ആണെന്നും മനുഷ്യന്റെ സാക്ഷാത്തായ വ്യക്തിസത്തയ്ക്ക് അന്യമാണെന്നും വിശുദ്ധനായ ജോൺ ക്ലൈമക്കോസ് ഊന്നിപ്പറയുന്നു. (The Ladder of Divine Ascent, Step. 26, ആർച്ചിമാൻഡ്രൈറ്റ് ലാസറസ് തർജ്ജമ ചെയ്തത്, പേജ് 211). എന്നാൽ മറ്റു യവനപിതാക്കന്മാർ വികാരങ്ങളെ ദൈവം ആദ്യമായി മനുഷ്യനിൽ പ്രതിഷ്ഠിച്ച പ്രചോദനങ്ങളായി കാണുന്നു. അങ്ങനെ അടിസ്ഥാനപരമായി അവ നല്ലതാണ്. ഇപ്പോൾ പാപം അവയെ വളച്ചൊടിച്ചു വികൃതമാക്കിയെന്നു മാത്രം. (സന്യാസിയായ വിശുദ്ധ യശയ്യ നോക്കുക. ഖണ്ഡിക 1 നമ്മുടെ വിവർത്തനം വാല്യം 1, p. 22). ഇപ്പറഞ്ഞ രണ്ടാമത്തെ അഭിപ്രായപ്രകാരം വികാരങ്ങളെ പാടേ ഉപേക്ഷിക്കുകയല്ല. അവയെ പഠിപ്പിച്ചെടുക്കണം. അവയെ അടിച്ചമർത്തുകയല്ല അവയ്ക്കു തേജോരൂപം നൽകി, അവയെ രൂപാന്തരപ്പെടുത്തണം. നിഷേധാത്മകമായല്ല രചനാത്മകമായിത്തന്നെ അവയെ ഉപയോഗിക്കണം (Dispassion കാണുക).

**PRACTICE OF THE VIRTUES:** Contemplation കാണുക

**PREPOSSESSION:** Temptation കാണുക

**PROVOCATION:** Temptation കാണുക

**REASON, MIND:** സങ്കല്പങ്ങളെക്കുറിച്ച് സവിസ്തരം സംസാരിക്കാൻ കഴിയുന്ന, മനുഷ്യനിലെ യുക്തിഭദ്രതയുടെ കഴിവ്. ആത്മീയ ജ്ഞാനം വഴിയോ വെളിപാടുവഴിയോ നിഗമനങ്ങളിലെത്തുകയോ

www.malankaralibrary.com

സിദ്ധാന്തങ്ങൾ ആവിഷ്കരിക്കുകയോ ആണ് ഇതിന്റെ ധർമ്മം. യുക്തിയുടെ ജ്ഞാനം വളരെ താണതലത്തിലുള്ള ആത്മീയ ജ്ഞാനമേ ആകുന്നുള്ളൂ. സൃഷ്ടിക്കപ്പെട്ട ജീവികളുടെ ആന്തരിക സത്തയുടെയോ തത്വങ്ങളുടെയോ അവബോധമോ പ്രത്യക്ഷജ്ഞാനമോ ഇവിടെ വേണമെന്നില്ല. ദൈവികസത്യം അത്രതന്നെ വേണമെന്നുമില്ല. ധിഷണയുടെ ധർമ്മമായ ഇങ്ങനെയുള്ള അവബോധമോ പ്രത്യക്ഷജ്ഞാനമോ യുക്തിയുടെ ചക്രവാളത്തിനു വെളിയിലാണ്.

**REBUTTAL:** പ്രകോപനമുണ്ടാകുന്ന നിമിഷത്തിൽത്തന്നെ പിശാചിനെയോ പൈശാചിക ചിന്തയെയോ അടിച്ചു തുരത്തുക. അല്ലെങ്കിൽ, പൊതുവായ അർത്ഥത്തിൽ, തിന്മചിന്തകൾക്കു കടിഞ്ഞാണിടുക.

**REMEMBRANCE OF GOD:** ദൈവത്തെ മനസ്സിലേക്കു വിളിച്ചു വരുത്തുക മാത്രമല്ല, ശ്രദ്ധ ദൈവത്തിൽ കേന്ദ്രീകരിച്ചു, പൂർവസ്മരണകളെ ക്ഷണിച്ചു വരുത്തി, സ്മൃതിധ്യാനത്തിൽ മുഴുകുക. അങ്ങനെ ഇതു ഭോഗാസക്തികൾക്കും നിർവ്വികാരതയ്ക്കും എതിരായ അവസ്ഥാവിശേഷം.

**REPENTANCE:** ഗ്രീക്കിൽ ഇത് പ്രാഥമികമായി മനസ്സിന്റെ മാറ്റമോ ധിഷണയുടെ മാറ്റമോ ആണ്. സങ്കടമോ മനസ്താപമോ പശ്ചാത്താപമോ മാത്രമല്ല; കൂടുതൽ രചനാത്മകമായും മൗലികമായും അതു മനഃപരിവർത്തനമാണ്. നമ്മുടെ ജീവിതം മുഴുവൻ ദൈവാഭിമുഖമായി തിരിക്കുക.

**SENSUAL PLEASURE:** സന്ദർഭാനുസരണം യവനപദത്തിനു ഭോഗേച്ഛ (ഇന്ദ്രിയവിഷയകമായ സുഖം) - ഇതാണ് കൂടുതൽ തവണയും അർത്ഥം. അല്ലെങ്കിൽ ആത്മികമായ ആനന്ദം (സന്തോഷം) എന്ന് അർത്ഥം നൽകാം.

**SIN:** യവനപദത്തിന്റെ പ്രാഥമികമായ അർത്ഥം പരാജയം, തോൽവി എന്നെല്ലാമാണ്. നിഷ്കൃഷ്ടമായ അർത്ഥത്തിൽ, ലക്ഷ്യത്തിൽ ചെന്നു തറയ്ക്കുന്നതിൽ പരാജയപ്പെടുക, ലക്ഷ്യസ്ഥാനം തെറ്റിപ്പോവുക, വഴി തെറ്റി അലയുക, ആത്യന്തികമായി സൃഷ്ടിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം കൈവരിക്കുന്നതിൽ പരാജയപ്പെടുക എന്നെല്ലാം അർത്ഥം പറയാം. അങ്ങനെ അതു illusion-നോട് അടുത്തു ബന്ധപ്പെട്ടതാണ്. ഇപ്പറഞ്ഞ അർത്ഥങ്ങളെല്ലാം sin-ന്റെ തർജ്ജമ വായിക്കുമ്പോൾ നാം ഓർത്തിരിക്കണം.

www.malankaralibrary.com

**SORROW:** അധികപങ്കും ദൈവികമായ ദുഃഖത്തോടൊപ്പം ഉപയോഗിക്കുന്നു. പശ്ചാത്താപം ആത്മാവിൽ ഉളവാക്കുന്ന പ്രത്യാശയ്ക്കു വളംവച്ചുകൊടുക്കുന്ന സങ്കടമാണിത്.

**SPIRITUAL KNOWLEDGE:** ധിഷണയുടെ വിജ്ഞാനം, യുക്തിചിന്തയിൽനിന്നുണ്ടാകുന്ന ജ്ഞാനത്തിൽനിന്നു വിഭിന്നമാണിത്. ദൈവത്തിൽനിന്നുള്ള പ്രചോദനംവഴി ലഭിക്കുന്ന ജ്ഞാനമാണിത്; ആ വിധത്തിൽ അതു ധ്യാനചിന്തയോടും ആത്മീയ അവബോധത്തോടും അടുത്ത ബന്ധം പുലർത്തുന്നു.

**STILLNESS:** ഈ പദത്തിൽനിന്നാണ് ഹെസിക്കാസം, ഹെസിക്കാസ്റ്റ് എന്നീ പദങ്ങളുടെ ഉത്ഭവം. ഫിലോകാലിയയിൽ പ്രാതിനിധ്യ സ്വഭാവമുള്ള മുഴുവൻ ആത്മികപാരമ്പര്യത്തെയും സൂചിപ്പിക്കുന്നതാണ് ഈ പദങ്ങൾ. അതോടൊപ്പം, അതു ചിത്രീകരിക്കുന്ന ആത്മികപാത പിന്തുടരുന്ന വ്യക്തിയും ഇതിൽ വരും (ഒന്നാം വാല്യത്തിന്റെ ആമുഖം കാണുക, പേജ് 14-16). ആന്തരികമായ പ്രശാന്തതയുടെയോ മാനസികമായ ശാന്തിയുടെയും ഏകാഗ്രതയുടെയുമോ ഒരവസ്ഥ. ശുദ്ധമായ പ്രാർത്ഥനയും ഹൃദയത്തിന്റെ കാവലും ധിഷണയും ചേർന്നുള്ള സംയോജനത്തിൽനിന്നാണ് അതിന്റെ ഉദയം; ഈ പ്രാർത്ഥനവഴി അത് ആഴം കൈവരിക്കുന്നു. കേവലമായ നിശ്ശബ്ദതയല്ല. ദൈവത്തെ ശ്രദ്ധാപൂർവ്വം കേട്ടിരിക്കാനുള്ള ഒരു മനോഭാവവും ദൈവത്തിനു ഹൃദയവും മനസ്സും തുറന്നുവയ്ക്കുന്നതിനുള്ള മനോഭാവവും.

**TEMPERAMENT:** പ്രാഥമികമായി, മൃഗശരീരങ്ങളിലെ മൂലപദാർത്ഥങ്ങളുടെയും ദ്രാവകങ്ങളുടെയും ഗുണങ്ങളുടെയും സമതുല്യമായ ഇടകലർത്തൽ - ചിലപ്പോൾ മനുഷ്യന്റെ ആത്മ-ശരീരഘടനയും ഉൾപ്പെടുംവിധം ഇതു വ്യാപിക്കുന്നു. ഈ അർത്ഥത്തിൽ ഇത് മാനസികമോ ശാരീരികമോ ആയ അസന്തുലിതാവസ്ഥയ്ക്ക് എതിരായ അവസ്ഥയാണ്.

**TEMPTATION:** നമ്മുടെ വിവർത്തനത്തിൽ ഇത് പരീക്ഷയെന്നോ പരീക്ഷണമെന്നോ ഉപയോഗിച്ചിട്ടുണ്ട്. സന്ദർഭാനുസരണം പദം പല കാര്യങ്ങൾ സൂചിപ്പിക്കുന്നു. (i) ദൈവം മനുഷ്യന് അയയ്ക്കുന്ന പരീക്ഷയോ പരീക്ഷണമോ - ആത്മീയ പാതയിലുള്ള മനുഷ്യന്റെ പുരോഗതിയെ സഹായിക്കാനാണിത്. (ii) മനുഷ്യനെ പാപത്തിലേക്ക് ആകർഷിക്കുന്നതിനു സാത്താൻ നൽകുന്ന നിർദ്ദേശം.

www.malankaralibrary.com

ഈ അർത്ഥത്തിൽ യവനായ പിതാക്കന്മാർ, പ്രലോഭനത്തിന്റെ പ്രക്രിയ വിശദീകരിക്കാൻ സാങ്കേതിക പദങ്ങളുടെ ഒരു പരമ്പര ഉപയോഗിക്കാറുണ്ട്. പ്രത്യേകിച്ച് സന്യാസിയായ മർക്കോസിന്റെ 'ആത്മിക നിയമം സംബന്ധിച്ച്' എന്ന ഭാഗം കാണുക. ഖണ്ഡിക 138–41 വാല്യം 1. പേജ് 62–63 ഡമസ്കോസിലെ ജോൺ: സദ്ഗുണങ്ങളും ദുർഗുണങ്ങളും. ജോൺ ക്ലൈമക്കോസ് Ladder സ്റ്റെപ്പ് 15 വിവർത്തനം ആർച്ചിമാൻഡ്രൈറ്റ് ലാസറസ് പേജ് 157–58; മാക്സിമോസ്, സ്നേഹത്തെപ്പറ്റി ഖണ്ഡിക 83–84, വാല്യം II, പേജ് 62–63. ഈ പിതാക്കന്മാർ കാണിച്ചിട്ടുള്ള അടിസ്ഥാനപരമായ വ്യതിരിക്തത സൈത്താനികമായ പ്രകോപനങ്ങളും മനുഷ്യന്റെ സമ്മതവും സംബന്ധിച്ചുള്ളതാണ്. ആദ്യത്തേത് മനുഷ്യന്റെ നിയന്ത്രണത്തിനു വെളിയിലാണ്. രണ്ടാമത്തേതിന് മനുഷ്യൻ ധാർമ്മികമായി ഉത്തരവാദിയാണ്. വിശദമായി നോക്കുമ്പോൾ, പ്രധാനമായി ഉപയോഗിച്ചിട്ടുള്ള പദപ്രയോഗങ്ങൾ താഴെ പറയുന്നതുപോലെയാണ്.

**(I) PROVOCATION:** പ്രകോപനം. തിന്മയിലേക്കുള്ള പ്രാരംഭ പ്രേരണ. സന്യാസിയായ മാർക്ക് ഇതിനെ 'ഹൃദയത്തിലെ പ്രതിച്ഛായാ-വിമുക്തമായ ഉത്തേജനം' എന്നാണു നിർവചിക്കുന്നത്. പ്രകോപനത്തോടൊന്നിച്ച് പ്രതിച്ഛായയൊന്നുമില്ലെങ്കിൽ മനുഷ്യൻ കുറ്റകൃത്യങ്ങളിലൊന്നും ഉൾപ്പെടണമെന്നില്ല. പിശാചിൽനിന്നു പുറപ്പെടുന്ന ഇത്തരം പ്രകോപനങ്ങൾ മനുഷ്യന്റെ സ്വതന്ത്രഇച്ഛാശക്തിയിൽനിന്നു സ്വതന്ത്രമായിത്തന്നെ വെളിയിൽനിന്നു മനുഷ്യനെ ആക്രമിക്കുന്നു. ആ നിലയ്ക്ക് മനുഷ്യൻ ധാർമ്മികമായി അവയ്ക്കു ഉത്തരവാദിയല്ല. ഈ പ്രകോപനങ്ങളിൽ മനുഷ്യൻ വീണുപോകുന്നുവെന്നത് പതനത്തിന്റെ ഭവിഷ്യത്തായി പറഞ്ഞുകൂടാ. പറുദീസയിൽപോലും പിശാചിന്റെ പ്രകോപനങ്ങളെ ആദമിനെ ആക്രമിച്ചിരുന്നതായി മാർക്ക് ചൂണ്ടിക്കാട്ടുന്നു. പ്രകോപനങ്ങൾ ആക്രമിക്കുന്നതിൽനിന്ന് മനുഷ്യനു തടയാനാവില്ല. നിതാന്തജാഗ്രത പുലർത്തുക മാത്രമാണ് അവനു കഴിയുന്നത് – അങ്ങനെ ഓരോ പ്രകോപനവും ബോധതലത്തിലെത്തുമ്പോൾതന്നെ അതു നിരാകരിക്കുക. അതായത് തന്റെ മനസ്സിലോ ധിഷണയിലോ ഒരു ചിന്തയായി ആദ്യം പ്രത്യക്ഷപ്പെടുമ്പോൾതന്നെ നിരാകരിക്കുക എന്ന് അർത്ഥം. അവൻ പ്രകോപനത്തെ നിരാകരിക്കുന്ന പക്ഷം, ഭവിഷ്യത്ത് വിച്ഛേദിക്കപ്പെടുന്നു. പ്രലോഭനത്തിന്റെ പ്രക്രിയ സമാപിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

**(ii) ധിഷണയുടെ ക്ഷണികമായ ശല്യം:** ശാരീരിക വികാര ത്തിന്റെ പ്രവർത്തനമോ ഏതെങ്കിലും ചലനമോ കൂടാതെ സംഭവി ക്കുന്നതാണിത്. (മാർക്ക് സന്യാസിയായ നിക്കൊളാസിനെഴുതിയ കത്ത് കാണുക. വിവർത്തനം വാല്യം I, പേജ് 153) മുകളിൽ ഒന്നാം ഘട്ടത്തിൽ (i) വിവരിച്ച പ്രകോപനത്തിന്റെ ആദ്യപ്രത്യക്ഷതയെ കവ ച്ചുവയ്ക്കുന്നതാണിത്. തന്റെ ജീവിതത്തിൽ ആത്മീയ വളർച്ചയുടെ ഒരു പ്രത്യേക ബിന്ദുവിൽ, 'ക്ഷണികശല്യങ്ങളിൽ'നിന്നു പൂർണ വിമുക്തി സാധ്യമാണ്. അതേ സമയം പൈശാചിക പ്രകോപനങ്ങ ളിൽനിന്ന് ആർക്കും പൂർണമായി സ്വതന്ത്രനാവുക സാധ്യമല്ല.

**(iii) Communion, Coupling:** സംസർഗം. പൈശാചിക പ്രകോ പനത്തിനു മുഴുവനായി വഴങ്ങാതെ, ഒരു മനുഷ്യൻ അതിനെ മനസ്സി ലിട്ടു താലോലിക്കാൻ ആരംഭിച്ചെന്നിരിക്കും. അതുമായി സംഭാഷി ക്കാനും സ്വന്തം മനസ്സിലിട്ടു വിനോദരൂപേണ ആലോചന നടത്താനും തുടങ്ങിയെന്നിരിക്കാം. അതേസമയം അതേപ്പറ്റി തീരുമാനമെടുക്കാൻ വൈമനസ്യം കാണിക്കുകയും ചെയ്യാം. 'സംസർഗം' എന്നോ coupling എന്നോ ഈ ഘട്ടത്തിനു പേരു നൽകാം. പ്രകോപനം ഇപ്പോൾ പ്രതിച്ഛായാവിമുക്തമല്ല. അത് 'ലോജിസ്മോസ്' അഥവാ ചിന്ത ആയി തീർന്നിരിക്കുന്നു. ഇങ്ങനെ സംഭവിച്ചതിനു മനുഷ്യൻ ധാർമ്മികമായി ഉത്തരവാദിയാണ്.

**(iv) Assent:** സമ്മതം. സംസർഗം കടന്നുള്ള ഒരു പടിയാണിത്. പിശാചിന്റെ സൂചനകൾ മനസ്സിലിട്ടു താലോലിക്കുക മാത്രമല്ല, മനു ഷ്യൻ അതിനെപ്പറ്റി തീരുമാനമെടുക്കാൻ തീരുമാനിക്കുന്നു. അവന്റെ ധാർമ്മിക ഉത്തരവാദിത്വത്തെപ്പറ്റി ശിക്ഷാർഹമായ അപരാധത്തെപ്പറ്റി, ഇനി സംശയിക്കാനില്ല. ബാഹ്യമായി പാപം ചെയ്യുന്നതിൽനിന്നു പരിതസ്ഥിതികൾ തടയുന്നെങ്കിൽതന്നെ, അവന്റെ ഹൃദയത്തിലെ ഉദ്ദേശ്യംവച്ച് ദൈവം അവനെ വിധിക്കുന്നു.

**(v) Prepossession:** ഓർമ്മയിലുള്ള മുൻപാപങ്ങളുടെ ഇച്ഛാപൂർണ മല്ലാത്ത സാന്നിദ്ധ്യമെന്നാണ് മാർക്ക് ഇതിനെ നിർവചിക്കുന്നത്. ചില പ്രത്യേക പ്രലോഭനങ്ങൾക്ക് വഴങ്ങാൻ മനസ്സ് ചായിക്കുന്നതിന് പാപ ങ്ങളുടെ ആവർത്തനം ഇടയാക്കുന്നിടത്താണ് ഈ ചിന്തയോ മുൻവിധിയോ ഉറവെടുക്കുക. തത്വത്തിൽ തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം ഇപ്പോഴും മനുഷ്യനുണ്ട്. പൈശാചിക പ്രലോഭനം നിരാ

www.malankaralibrary.com

കരിക്കാനും അവനു കഴിയും. പക്ഷേ പ്രയോഗത്തിൽ, ശീലപരിചയ ത്തിന്റെ ഹേമം എതിർത്തുനില്പ് ദുഷ്കരമാക്കുന്നു.

(vi) **Passion (q.v.):** വികാരം. മനുഷ്യൻ തന്റെ മനസ്സിലെ ചിന്തയ്ക്ക് എതിരായി കഠിനമായി പോരാടാത്തപക്ഷം, അതൊരു ദുഷിച്ച അഭി നിവേശമായി വികസിക്കുന്നതാണ്.

**THEOLOGY:** ദൈവശാസ്ത്രം. ദൈവശാസ്ത്രപഠനത്തിലൂടെ ദൈവ ത്തെപ്പറ്റിയും മതസിദ്ധാന്തങ്ങളെപ്പറ്റിയും ലഭിക്കുന്നതിനെക്കാൾ വളരെ കൂടുതൽ കാര്യങ്ങൾ ഈ പാഠങ്ങളിൽനിന്നു ലഭിക്കുന്നതാണ്. ദൈവിക ലോകത്തിലെ യാഥാർത്ഥ്യങ്ങളെപ്പറ്റിയുള്ള അവബോധം അതിൽ സജീവമായും ബോധപൂർണമായും പങ്കെടുക്കുന്നതിനെ അതു സൂചിപ്പിക്കുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ആത്മീയജ്ഞാന ത്തിന്റെ സാക്ഷാൽക്കാരം. തന്മൂലം പൂർണ അർത്ഥത്തിൽ ദൈവ ശാസ്ത്രജ്ഞൻ ആവുക എന്നു പറഞ്ഞാൽ stillness, dispassoin എന്നീ അവസ്ഥകൾ ആർജ്ജിച്ചു കഴിഞ്ഞുവെന്നർത്ഥം. കേവലവും ഏകാഗ്ര വുമായ പ്രാർത്ഥനയുടെ കൂടെപ്പിറപ്പാണത്. വളരെ ചുരുക്കം വ്യക്തി കൾക്കു മാത്രം ലഭിക്കുന്ന വരദാനങ്ങൾ ഇതിനു വേണ്ടിവരും.

**THOUGHT:** (i) ഉപയോഗത്തിൽ അധികപങ്കും സാധാരണ അർത്ഥ ത്തിലുള്ള ചിന്തയല്ല; പിശാചുക്കൾ ഉണർത്തിവിടുന്ന ചിന്തയാണ്. അതുകൊണ്ട് വിവർത്തനങ്ങളിൽ മിക്കവാറുംതന്നെ 'ദുഷ്ട'മെന്നോ 'പൈശാചിക'മെന്നോ വിശേഷിപ്പിച്ചിരിക്കും. (ii) സങ്കല്പങ്ങളെയോ ആശയങ്ങളെയോ ആധാരമാക്കിയുള്ള പ്രതിച്ഛായ. പ്രത്യയഭാവ നയ്ക്കും ഫാന്റസിക്കും മധ്യവർത്തിയാണത്. nouma-യുടെ ഈ അർത്ഥം സെന്റ് മാക്സിമോസിന്റെ പാഠങ്ങളിൽ ധാരാളം കാണാം. 'Conceptual image' സങ്കല്പാധിഷ്ഠിതമായ പ്രതിച്ഛായ എന്ന പദ മാണു സാധാരണയായി അവിടെ ഉപയോഗിച്ചിട്ടുള്ളത്.

**WATCHFULNESS:** ജാഗരൂകത. മദ്യത്തിന് അടിമയായി മയങ്ങി ക്കിടക്കുന്ന അവസ്ഥയ്ക്കു വിപരീതം. അങ്ങനെ ആത്മീയ സുബുദ്ധി, അവധാനത, സൂക്ഷ്മാവധാനത, ജാഗ്രത. ദത്താവധാനമായ അവ സ്ഥയെ ആണതു സൂചിപ്പിക്കുന്നത്. ഉള്ളിലേക്കു വരുന്ന ചിന്തകളെയും ഫാന്റസികളെയും നാം ഉറങ്ങാതിരുന്നു ജാഗ്രതയോടെ ശ്രദ്ധിക്കുന്ന അവസ്ഥ. ഹൃദയത്തിന്മേലും ധിഷണയുടെമേലും കാവൽ

www.malankaralibrary.com

പുലർത്തുന്ന അവസ്ഥ. ഹെസിക്കിയോസിൽ, Watchfulness and Holiness ഖണ്ഡിക 1-6 (വിവർത്തനം വാല്യം I, പേജ് 162-63). ജാഗരൂകതയ്ക്ക് വളരെ വ്യാപകമായ നിർവചനമാണ് നൽകിയിട്ടുള്ളത്. സദ്ഗുണങ്ങളുടെ ആചരണത്തിന്റെ ഒരറ്റം മുതൽ അണിയണിയായി കിട്ടുന്ന അവസ്ഥ. ഹൃദയശുദ്ധിയും Stillness-ഉം ഗാഢമായി ബന്ധപ്പെട്ടുകിടക്കുന്നു. ഫിലോകാലിയയുടെ യവന നാമധേയംതന്നെ 'നിപ്തിക് ഫാദേഴ്സിന്റെ ഫിലോകാലിയ' എന്നാണ്. അതായത് ജാഗരൂകത എന്ന സദ്ഗുണം ആചരിക്കുകയും വീണ്ടും വീണ്ടും മനസ്സിലുറപ്പിച്ച് സുസ്ഥിരമാക്കുകയും ചെയ്ത പിതാക്കന്മാർ എന്നർത്ഥം. നിക്കോദിമോസ് പിതാവ് ഈ അവസ്ഥയ്ക്കു നൽകിയ സ്ഥാനം എത്ര മാത്രം മുഖ്യവും കേന്ദ്രീകൃതവുമാണെന്നു വ്യക്തമാകുന്നു.

**WRATH**, Wrathfulness: Appetitive aspect of the soul കാണുക.

www.malankaralibrary.com